# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 1, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 157- നമ്പർ 1

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 1, തിങ്കൾ

സ്പീക്കർ
**ശ്രീ. ജി. കാർത്തികേയൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. എൻ. ശക്തൻ**

സെക്രട്ടറി
**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ.വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | കുമാരി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# പതിമൂന്നാം കേരള നിയമസഭ

## അംഗങ്ങൾ

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി (കണ്ണൂർ)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
4. ശ്രീ. പി. ബി. അബ്ദുൾ റസാക് (മഞ്ചേശ്വരം)
5. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി (താനൂർ)
6. ശ്രീ. എം. പി. അബ്ദു സമദ് സമദാനി (കോട്ടയ്ക്കൽ)
7. ശ്രീ. കെ. അച്ചുതൻ (ചിറ്റൂർ)
8. ശ്രീ. വി. എസ്. അച്ചുതാനന്ദൻ (മലമ്പുഴ)
9. ശ്രീ. റ്റി. എ. അഹമ്മദ് കബീർ (മങ്കട)
10. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
11. ശ്രീ. കെ. അജിത് (വൈക്കം - എസ്.സി)
12. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
13. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്.സി)
14. ശ്രീ. അനൂപ് ജേക്കബ് (പിറവം)
15. ശ്രീ. അൻവർ സാദത്ത് (ആലുവ)
16. ശ്രീ. എ. എം. ആരിഫ് (അരൂർ)
17. ശ്രീ. എ. എ. അസീസ് (ഇരവിപുരം)
18. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
19. ശ്രീ. ബാബു എം. പാലിശ്ശേരി (കുന്നംകുളം)
20. ശ്രീ. എം. എ. ബേബി (കുണ്ടറ)
21. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻ ബത്തേരി - എസ്.ടി)
22. ശ്രീ. കോടിയേരി ബാലകൃഷ്ണൻ (തലശ്ശേരി)
23. ശ്രീ. സി. എൻ. ബാലകൃഷ്ണൻ (വടക്കാഞ്ചേരി)
24. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്.സി)
25. ശ്രീ. വി. റ്റി. ബൽറാം (തൃത്താല)
26. ശ്രീ. പി. കെ. ബഷീർ (ഏറനാട്)
27. ശ്രീ. ബെന്നി ബെഹനാൻ (തൃക്കാക്കര)
28. ശ്രീമതി ഇ.എസ്. ബിജിമോൾ (പീരുമേട്)
29. ശ്രീ. എം. ചന്ദ്രൻ (ആലത്തൂർ)
30. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)

31. ശ്രീ. വി. ചെന്താമരാക്ഷൻ (നെന്മാറ)
32. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)
33. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)
34. ശ്രീ. സി. ദിവാകരൻ (കരുനാഗപ്പള്ളി)
35. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ (കൊച്ചി)
36. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)
37. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)
38. ശ്രീമതി ഗീതാ ഗോപി (നാട്ടിക -എസ്.സി.)
39. ശ്രീ. എ. റ്റി. ജോർജ് (പാറശ്ശാല)
40. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)
41. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി.)
42. ശ്രീ. പി. കെ. ഗുരുദാസൻ (കൊല്ലം)
43. ശ്രീ. എം. ഹംസ (ഒറ്റപ്പാലം)
44. ശ്രീ. ഹൈബി ഈഡൻ (എറണാകുളം)
45. ശ്രീമതി ജമീലാ പ്രകാശം (കോവളം)
46. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)
47. ഡോ. കെ. ടി. ജലീൽ (തവനൂർ)
48. ശ്രീ. കെ. കെ. ജയചന്ദ്രൻ (ഉടുമ്പൻചോല)
49. ശ്രീമതി പി. കെ. ജയലക്ഷ്മി (മാനന്തവാടി - എസ്.ടി)
50. ശ്രീ. ജി.എസ്. ജയലാൽ (ചാത്തന്നൂർ)
51. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)
52. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)
53. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)
54. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)
55. ശ്രീ. ജോസ് തെറ്റയിൽ (അങ്കമാലി)
56. ശ്രീ. ജോസഫ് വാഴക്കൻ (മൂവാറ്റുപുഴ)
57. ശ്രീ. വർക്കല കഹാർ (വർക്കല)
58. ശ്രീ. എളമരം കരീം (ബേപ്പൂർ)
59. ശ്രീ. ജി. കാർത്തികേയൻ (അരുവിക്കര)
60. ശ്രീ. കെ. എൻ. എ. ഖാദർ (വള്ളിക്കുന്ന്)
61. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)
62. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ (വാമനപുരം)
63. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വേങ്ങര)

64. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ (പേരാമ്പ്ര)
65. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
66. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
67. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ - എസ്.സി)
68. ശ്രീ. റ്റി. യു. കുരുവിള (കോതമംഗലം)
69. ശ്രീമതി കെ. കെ. ലതിക (കുറ്റ്യാടി)
70. ശ്രീ. ലൂഡി ലൂയിസ് (നോമിനേറ്റഡ് അംഗം)
71. ശ്രീ. പി. എ. മാധവൻ (മണലൂർ)
72. ശ്രീ. സി. മമ്മൂട്ടി (തിരൂർ)
73. ശ്രീ. കെ. എം. മാണി (പാലാ)
74. ശ്രീ. മാത്യു റ്റി. തോമസ് (തിരുവല്ല)
75. ശ്രീ. സി. പി. മുഹമ്മദ് (പട്ടാമ്പി)
76. ശ്രീ. കെ. പി. മോഹനൻ (കൂത്തുപറമ്പ്)
77. ശ്രീ. സി. മോയിൻകുട്ടി (തിരുവമ്പാടി)
78. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)
79. ശ്രീ. ആര്യാടൻ മുഹമ്മദ് (നിലമ്പൂർ)
80. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി (കൊണ്ടോട്ടി)
81. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)
82. ശ്രീ. കെ. മുരളീധരൻ (വട്ടിയൂർക്കാവ്)
83. ശ്രീ. സി. കെ. നാണു (വടകര)
84. ശ്രീ. കെ. കെ. നാരായണൻ (ധർമ്മടം)
85. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ് )
86. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)
87. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)
88. ശ്രീ. അടൂർ പ്രകാശ് (കോന്നി)
89. ശ്രീ. ടി. എൻ. പ്രതാപൻ (കൊടുങ്ങല്ലൂർ)
90. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്.സി.)
91. ശ്രീ. കെ. രാധാകൃഷ്ണൻ (ചേലക്കര - എസ്.സി.)
92. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)
93. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)
94. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം - എസ്.സി.)
95. ശ്രീ. ആർ. രാജേഷ് (മാവേലിക്കര – എസ്.സി.)
96. ശ്രീ. റ്റി. വി. രാജേഷ് (കല്യാശ്ശേരി)

97. ശ്രീ. കെ. രാജു (പുനലൂർ)
98. ശ്രീ. രാജു എബ്രഹാം (റാന്നി)
99. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ (തൃശ്ശൂർ)
100. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)
101. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)
102. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)
103. ശ്രീ. പാലോട് രവി (നെടുമങ്ങാട്)
104. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)
105. ശ്രീ. സി. കെ. സദാശിവൻ (കായംകുളം)
106. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട് - എസ്.സി.)
107. ശ്രീ. സാജു പോൾ (പെരുമ്പാവൂർ)
108. ശ്രീ. എൻ. ശക്തൻ (കാട്ടാക്കട)
109. ശ്രീമതി കെ. എസ്. സലീഖ (ഷൊർണ്ണൂർ)
110. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)
111. ശ്രീ. വി. ശശി (ചിറയിൻകീഴ് - എസ്.സി.)
112. ശ്രീ. എ. കെ. ശശീന്ദ്രൻ (ഏലത്തൂർ)
113. ശ്രീ. വി. ഡി. സതീശൻ (പറവൂർ)
114. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ - എസ്.സി.)
115. ശ്രീ. ആർ. സെൽവരാജ് (നെയ്യാറ്റിൻകര)
116. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)
117. ശ്രീ. കെ. എം. ഷാജി (അഴീക്കോട്)
118. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)
119. ശ്രീ. ഷിബു ബേബി ജോൺ (ചവറ)
120. ശ്രീ. കെ. ശിവദാസൻ നായർ (ആറന്മുള)
121. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)
122. ശ്രീ. വി. ശിവൻകുട്ടി (നേമം)
123. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)
124. ശ്രീ. എം. വി. ശ്രേയാംസ് കുമാർ (കൽപ്പറ്റ)
125. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)
126. ശ്രീ. വി. എസ്. സുനിൽ കുമാർ (കയ്പമംഗലം)
127. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)
128. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)
129. ശ്രീ. പി. തിലോത്തമൻ (ചേർത്തല)

130. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)
131. ശ്രീ. തോമസ് ചാണ്ടി (കുട്ടനാട്)
132. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)
133. ശ്രീ. തോമസ് ഉണ്ണിയാടൻ (ഇരിങ്ങാലക്കുട)
134. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)
135. ശ്രീ. എം. ഉമ്മർ (മഞ്ചേരി)
136. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ (കൊടുവള്ളി)
137. ശ്രീ. എം. എ. വാഹിദ് (കഴക്കൂട്ടം)
138. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം - എസ്.സി.)
139. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട്)
140. ശ്രീ. എം. പി. വിൻസെന്റ് (ഒല്ലൂർ)
141. ശ്രീ. പി. സി. വിഷ്ണുനാഥ് (ചെങ്ങന്നൂർ)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

ശ്രീ. ഉമ്മൻ ചാണ്ടി, മുഖ്യമന്ത്രി

പൊതുഭരണം
അഖിലേന്ത്യാ സർവ്വീസുകൾ
അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്
ശാസ്ത്രം, സാങ്കേതികശാസ്ത്രം,
സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ട്സ്
പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്
തെരഞ്ഞെടുപ്പ്
ഇന്റഗ്രേഷൻ
സൈനികക്ഷേമം
ദുരിതാശ്വാസം
സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി
അന്തർ സംസ്ഥാന നദീജലം
മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

ശ്രീ. പി. കെ. അബ്ദു റബ്ബ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി

കോളേജ് വിദ്യാഭ്യാസം
പൊതുവിദ്യാഭ്യാസം
സാങ്കേതിക വിദ്യാഭ്യാസം
സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്
മെഡിക്കൽ സർവ്വകലാശാലകൾ ഒഴികെ)
പ്രവേശന പരീക്ഷകൾ
സാക്ഷരതാ പ്രവർത്തനം
എൻ.സി.സി.

ശ്രീ. അടൂർ പ്രകാശ്, റവന്യൂവും കയറും വകുപ്പുമന്ത്രി

ലാന്റ് റവന്യൂ
ലാന്റ് റിഫോംസ്
സർവ്വേയും ലാന്റ് റിക്കോർഡ്സും
ലീഗൽ മെട്രോളജി
കയർ

ശ്രീ. എ. പി. അനിൽ കുമാർ, പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമം
വിനോദസഞ്ചാരം

ശ്രീ. അനൂപ് ജേക്കബ്, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും

രജിസ്ട്രേഷനും വകുപ്പുമന്ത്രി

ഭക്ഷ്യം

സിവിൽ സപ്ലൈസ്

ഉപഭോക്തൃ സംരക്ഷണം

രജിസ്ട്രേഷൻ

ശ്രീ. ആര്യാടൻ മുഹമ്മദ്, ഊർജ്ജ വകുപ്പുമന്ത്രി

വിദ്യുച്ഛക്തി

റെയിൽവേ

കമ്പിത്തപാൽ

മലിനീകരണ നിയന്ത്രണം

ശ്രീ. കെ. ബാബു, മൽസ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി

എക്സൈസ്

തുറമുഖം

ഹാർബർ എഞ്ചിനീയറിംഗ്

മൽസ്യബന്ധനം

ഫിഷറീസ് സർവ്വകലാശാല

എയർപോർട്ട്സ്

കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ

ശ്രീ. സി. എൻ. ബാലകൃഷ്ണൻ, സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി

സഹകരണം

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, പൊതുമരാമത്ത് വകുപ്പുമന്ത്രി

പൊതുമരാമത്ത്

കുമാരി പി. കെ. ജയലക്ഷ്മി, പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

പട്ടികവർഗ്ഗക്ഷേമം

യുവജനകാര്യം

കാഴ്ചബംഗ്ലാവുകളും മൃഗശാലകളും

ശ്രീ. കെ. സി. ജോസഫ്, ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

ഗ്രാമവികസനം

ആസൂത്രണവും സാമ്പത്തിക കാര്യവും
ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ
സാംസ്കാരികം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്
നോർക്ക

<u>ശ്രീ. പി. ജെ. ജോസഫ്, ജലവിഭവ വകുപ്പുമന്ത്രി</u>

ജലസേചനം
കമാൻഡ് ഏരിയാ ഡെവലപ്മെന്റ് അതോറിറ്റി
ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്
ശുദ്ധജലവിതരണവും ശുചീകരണവും
ഇൻലാന്റ് നാവിഗേഷൻ (ജലപാത നിർമ്മാണം)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി</u>

വ്യവസായം (വ്യവസായ സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെ)
വാണിജ്യം
മൈനിംഗ് ആന്റ് ജിയോളജി
കൈത്തറിയും ടെക്സ്റ്റൈലും
ഇൻഫർമേഷൻ ടെക്നോളജി
വഖഫും ഹജ്ജ് തീർത്ഥാടനവും

<u>ശ്രീ. കെ. എം. മാണി, ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി</u>

ധനകാര്യം
നാഷണൽ സേവിംഗ്സ്
സ്റ്റോർസ് പർച്ചേസ്
വാണിജ്യ നികുതികൾ
കാർഷികാദായ നികുതി
ട്രഷറീസ്
ലോട്ടറീസ്
ലോക്കൽ ഫണ്ട് ആഡിറ്റ്
കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്
സ്റ്റേറ്റ് ഇൻഷ്വറൻസ്
സ്റ്റാമ്പ്സ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടീസ്
കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ
നിയമം

ഭവനനിർമ്മാണം

<u>ശ്രീ. മഞ്ഞളാംകുഴി അലി, നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി</u>

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

ന്യൂനപക്ഷക്ഷേമം

<u>ശ്രീ. കെ. പി. മോഹനൻ, കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി</u>

കൃഷി

സോയിൽ കൺസർവേഷൻ

സോയിൽ സർവ്വേ

വെയർ ഹൗസിംഗ് കോർപ്പറേഷൻ

കാർഷിക സർവ്വകലാശാല

മൃഗസംരക്ഷണം

വെറ്ററിനറി സർവ്വകലാശാല

അച്ചടിയും സ്റ്റേഷനറിയും

<u>ഡോ. എം. കെ. മുനീർ, പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി</u>

പഞ്ചായത്ത്

സാമൂഹ്യനീതി

കില

<u>ശ്രീ. രമേശ് ചെന്നിത്തല, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി</u>

ആഭ്യന്തരം

അഗ്നിശമനം

വിജിലൻസ്

ജയിലുകൾ

<u>ശ്രീ. ഷിബു ബേബി ജോൺ, തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി</u>

തൊഴിൽ

തൊഴിലും പരിശീലനവും

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്

ലേബർ കോർട്ട്സ്

<u>ശ്രീ. വി. എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി</u>

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

മെഡിക്കൽ സർവ്വകലാശാല

ഇൻഡിജിനസ് മെഡിസിൻ

ഡ്രഗ്സ് കൺട്രോൾ

ഹോമിയോപ്പതി

പ്രകൃതി ചികിൽസ

ദേവസ്വം

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി</u>

വനം

വന്യജീവി സംരക്ഷണം

പരിസ്ഥിതി

സ്പോർട്സ്

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 1

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 66

**II ചരമോപചാരം** ... 388

**III ചെയർമാന്മാരുടെ പാനൽ** ... 391

**IV അടിയന്തരപ്രമേയം**

ബാർ കോഴക്കേസ്—

(അവതരണാനുമതി നിഷേധിച്ചു) ... 391

**V ശ്രദ്ധ ക്ഷണിക്കൽ**

1. മരുന്നുകളുടെ വിലക്കയറ്റവും ദൗർലഭ്യവും—

(ശ്രീ. ബെന്നി ബെഹനാൻ) ... 419

2. തൊഴിലുറപ്പ് പദ്ധതിയിലെ പ്രശ്നങ്ങൾ—

(ശ്രീ. എം. ചന്ദ്രൻ) ... 424

**VI സബ്മിഷൻ**

1. ഗ്രീൻ ചാനൽ സംവിധാനം—

(ശ്രീ. എൻ. ഷംസുദ്ദീൻ) ... 431

2. വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കൽ—

(ശ്രീമതി കെ. എസ്. സലീഖ) ... 433

3. റെയിൽവേ അണ്ടർ ബ്രിഡ്ജ് അപ്രോച്ച് റോഡിന്റെ നിർമ്മാണം—

(ശ്രീ. ബി. ഡി. ദേവസ്സി) ... 435

4. ഇരട്ടച്ചിറ കോവിലകം പുരാവസ്തു വകുപ്പ് ഏറ്റെടുക്കൽ—

(ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ) ... 436

*പേജ്*

5. പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ—

(ശ്രീ. വി. പി. സജീന്ദ്രൻ) ...437

6. സബ്കോടതിക്ക് സ്ഥലം അനുവദിക്കൽ—

(ശ്രീ. സി. ദിവാകരൻ) ... 440

7. വിദ്യാർത്ഥിയെ പീഡിപ്പിച്ച സംഭവം—

(ശ്രീ. ഇ. കെ. വിജയൻ) ... 441

8. പഠന സമയം പുനഃക്രമീകരിക്കൽ—

(ശ്രീ. കെ. എൻ. എ. ഖാദർ) ... 443

9. മിനി സിവിൽ സ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് ഭരണാനുമതി—

(ഡോ. എൻ. ജയരാജ്) ... 445

10. തോട്ടപ്പള്ളി പൊഴിമുഖത്തെ ആരോഗ്യ പ്രശ്നങ്ങൾ—

(ശ്രീ. ജി. സുധാകരൻ) ... 446

**VII മേശപ്പുറത്തുവച്ച കടലാസ്സുകൾ** ... 447

**VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

പക്ഷിപ്പനി നിയന്ത്രണവും നിവാരണവും—

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ... 451

**IX നിയമനിർമ്മാണകാര്യം** ... 455

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും—

(1) 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ ... 457

പേജ്

**X അറിയിപ്പ്**

ഭേദഗതികളും നിരാകരണ പ്രമേയങ്ങളും
നൽകുന്നതിനുള്ള സമയം ... 723

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(2) 2014-ലെ കേരള പഞ്ചായത്ത് രാജ്
(രണ്ടാം ഭേദഗതി) ബിൽ ... 724

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

*2014 ഡിസംബർ 1, തിങ്കൾ*

വാല്യം 157] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം 2014 ഡിസംബർ മാസം 1-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ ദേശീയഗാനാലാപനത്തോടെ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## I. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ............. ഓർഡർ........ ചോദ്യം നമ്പർ *1..... (ബഹളം).............

(പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. കെ. ബാലൻ ............(ബഹളം)..... അങ്ങ് ചോദ്യം ചോദിക്കു .......... ............ (ബഹളം)...............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. അത് ചോദ്യോത്തരവേള നിർത്തിവച്ചുകൊണ്ടാണോ എടുക്കുന്നതെന്ന് അറിയണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, സഭയ്ക്കൊരു നടപടിക്രമമുണ്ട്. അടിയന്തരപ്രമേയമെടുക്കുന്നത് സീറോ അവറിലാണ്.

ക്വസ്റ്റ്യൻ അവറിൽ അടിയന്തരപ്രമേയം എടുക്കാറില്ലെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. അടിയന്തരപ്രമേയത്തിന് നോട്ടീസ് കിട്ടിയിട്ടുണ്ട്.അത് സീറോ അവറിലെടുക്കും.

**മദ്യനിരോധനത്തെ തുടർന്നുള്ള കരുതൽ നടപടികൾ**

1 (*1) ശ്രീ. എ. കെ. ബാലൻ :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾ അടച്ചുപൂട്ടിയതിന്റെ മറവിൽ മറ്റ് ലഹരി വസ്തുക്കളുടെ വ്യാപനം ഭയാനകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുമ്പൊരിക്കലുമില്ലാത്തവിധം വ്യാപകമായിരിക്കുന്ന കഞ്ചാവിന്റെയും മരുന്ന് രൂപത്തിലുള്ള മറ്റ് ലഹരി വസ്തുക്കളുടെയും തക്യതിയായുള്ള വിൽപ്പന തടയാൻ തയ്യാറാകുമോ ;

(സി) വ്യാജമദ്യ നിർമ്മാണവും വിൽപ്പനയും തടയാനുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ ; വ്യാജമദ്യനിർമ്മാണത്തിനായി അന്യസംസ്ഥാനങ്ങളിൽനിന്ന് സ്പിരിറ്റ് ഒഴുകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മദ്യമുള്ള കാലത്തേക്കാൾ മദ്യമില്ലാത്ത കാലം വൻവിപത്താകാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ഇല്ല.

(ബി) കഞ്ചാവിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും വ്യാപനം തടയുന്നതിന് കർശനമായ നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

(സി) ലഭ്യമായ സംവിധാനങ്ങൾ ഉപയോഗിച്ച് ഫലപ്രദമായ നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിച്ചുവരുന്നു. ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കഞ്ചാവിന്റെയും മരുന്ന് രൂപത്തിലുള്ള മറ്റ് ലഹരി വസ്തുക്കളുടെയും വിൽപ്പന തടയുന്നതിന് റെയ്ഡുകളും വാഹന പരിശോധനയും കർശനമാക്കുകയും രഹസ്യാന്വേഷണ വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കുകയും കേസുകൾ കണ്ടെടുക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബഹളം)..... കഞ്ചാവിന്റെയും മറ്റ് നിരോധിത ലഹരി വസ്തുക്കളുടെയും കടത്ത്, വിൽപ്പന എന്നിവ തടയുന്നതിന് സംസ്ഥാന അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ വാഹന പരിശോധനയും പട്രോളിങ്ങും നടത്തിവരുന്നു.

ചെക്ക്പോസ്റ്റുകളിലൂടെ കടന്നുപോകുന്ന എല്ലാ വാഹനങ്ങളും കർശന പരിശോധനയ്ക്ക് വിധേയമാക്കി വരുന്നുണ്ട്. കൂടാതെ റെയിൽവേ സ്റ്റേഷൻ, പാർസൽ സർവ്വീസ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിരന്തരം നിരീക്ഷണം നടത്തിവരുന്നതും അന്യസംസ്ഥാന തൊഴിലാളികൾ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതും കടത്തിക്കൊണ്ട് വരുന്നതും തടയുന്നതിനുംവേണ്ടി ഇവർ താമസിക്കുന്ന സ്ഥലങ്ങളിലും ജോലി ചെയ്യുന്ന പ്രദേശങ്ങളിലും അന്വേഷണങ്ങളും രഹസ്യ നിരീക്ഷണങ്ങളും നടത്തിവരുന്നു. സമൂഹത്തിൽ പ്രത്യേകിച്ച് സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് സന്നദ്ധ സംഘടനകൾ വഴിയും, സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, കേരളത്തിലെ പ്രധാനപ്പെട്ട ഒരു വ്യവസായ തൊഴിൽ മേഖലയാണ് മദ്യരംഗം. ഏതാണ്ട് ഒരു ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുകയും വിറ്റുവരവിലൂടെ ഗവൺമെന്റിന് 9,300 കോടിയോളം രൂപയുടെ വരുമാനമുണ്ടാക്കിത്തരുകയും ചെയ്യുന്ന ഒരു മേഖലയാണിത്. ഈ മേഖല ഇന്ന് വലിയൊരു പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം, ഈ ഗവൺമെന്റിന് ഈ രംഗവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു നയമില്ല എന്നുള്ളതാണ്. ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് മദ്യനിരോധനമാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും എക്സൈസ് വകുപ്പുമന്ത്രിയും മദ്യവർജ്ജനമാണ് പറയുന്നത്. ബാറുടമകളുടെ പണവും വോട്ടും വേണ്ടായെന്ന് ശ്രീ. വി. എം. സുധീരൻ പറയുന്നു. വോട്ടും പണവും വേണമെന്ന് മുഖ്യമന്ത്രി പറയുന്നു. ഇതിന്റെ നയം എന്താണ്? ഗവൺമെന്റിന് ഇതിന് എന്ത് നയമാണുള്ളത്? അഴിമതിയുടെ കൂടാരമാണ് എക്സൈസ് വകുപ്പെന്നാണ് ശ്രീ. വി. എം. സുധീരൻ കെ.പി.സി.സി.പ്രസിഡന്റാകുന്നതിനുമുമ്പ് പറഞ്ഞത്. ഞങ്ങൾ പറഞ്ഞതല്ല. അദ്ദേഹം പ്രസിഡന്റായതിനുശേഷം ............(ബഹളം).........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എ. കെ. ബാലൻ, അടിയന്തരപ്രമേയം വേറെ വരുന്നുണ്ട്. ഇത് ചോദ്യോത്തരസമയമാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അദ്ദേഹം കെ.പി.സി.സി. പ്രസിഡന്റ് ആയതിനുശേഷം 418 ബാറുകൾ അടച്ചുപൂട്ടി. അതിനുപുറമേ 312 ബാറുകൾകൂടി ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഇടപെട്ട് അടച്ചുപൂട്ടി.

ഇതിന്റെ ഭാഗമായിട്ടാണ് കേരളത്തിലെ അഴിമതിയുടെ ഏറ്റവും വൃത്തികെട്ട രൂപം ജനങ്ങൾ അറിയാൻ ഇടവന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ചോദ്യം വന്നില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അഴിമതി സംബന്ധിച്ച് ക്യാബിനറ്റ് റാങ്കുള്ള ശ്രീ. പി. സി. ജോർജ് 120 കോടി രൂപയുടെ അഴിമതി ആരോപണമാണെന്നാണ് പറഞ്ഞത്. അവസാനം വന്നത് ബിജു രമേശിന്റെ അഞ്ചുകോടി രൂപയുടെ ആരോപണവുമായി ബന്ധപ്പെട്ട് ഇപ്പോൾ ഒരു വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്. ഏതെങ്കിലും രൂപത്തിലുള്ള അന്വേഷണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; അതിന്റെ ഭാഗമായി എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്രയും ഭീകരമായ തട്ടിപ്പിന് നേതൃത്വം കൊടുത്ത ആളുകളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ സാധിക്കാത്ത സാഹചര്യം ഗവൺമെന്റിനുണ്ടായത് എന്തുകൊണ്ടാണ് ?

<u>ശ്രീ. കെ. ബാബു</u>: സർ, ബഹുമാനപ്പെട്ട എ. കെ. ബാലൻ ചോദിച്ച ചോദ്യത്തിൽ എന്നോടുള്ള ഒരു ചോദ്യവും കേട്ടില്ല. അതേസമയം അദ്ദേഹം ഈ നയമാണ് വരുമാനനഷ്ടമുണ്ടാക്കിയതെന്ന് പറഞ്ഞു. എന്നാൽ ഈ നയത്തിന്റെ അടിസ്ഥാനത്തിൽ ഒരു ശതമാനത്തിന്റെ സാമ്പത്തിക നഷ്ടംപോലും ഉണ്ടാകുന്നില്ല. അതുകൊണ്ട് ഈ കാര്യത്തിൽ സംസ്ഥാനത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുമെന്നുള്ള ആശങ്ക അങ്ങേയ്ക്ക് വേണ്ട. അതുമാത്രമല്ല, അദ്ദേഹം ഒരു നയമുണ്ടോയെന്ന് ചോദിച്ചു. ഞങ്ങളുടെ നയം വളരെ വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ആ നയത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, മദ്യവർജ്ജനവും മദ്യനിരോധനവും നടക്കാൻ പോകുന്നില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരവിൽത്തന്നെ പറഞ്ഞല്ലോ. ഓരോ ദിവസം കഴിയുന്തോറും ഈ രംഗത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് കേരള ഗവൺമെന്റ് വരുമാനമുണ്ടാക്കുമെന്ന് പറഞ്ഞല്ലോ. അപ്പോൾ എത്ര പൊള്ളയായിട്ടുള്ള വാഗ്ദാനമാണ് ഇവർ കേരളത്തിലെ ജനതയ്ക്ക് നൽകിയതെന്നുള്ളതിന്റെ ഏറ്റവും നല്ല തെളിവാണ് ഇത്. കേരളത്തിൽ മദ്യനിരോധനം നടപ്പിലാക്കാൻ സാധിക്കുകയില്ല. കഴിഞ്ഞ 26-ാം തീയതി പാലക്കാട് എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഞങ്ങളൊരു യോഗം വിളിച്ചുചേർത്തു. സമ്പൂർണ്ണ മദ്യനിരോധനമുള്ള ഒരു മേഖലയാണ് അട്ടപ്പാടി. ഈ അട്ടപ്പാടി മേഖലയിൽമാത്രം കഴിഞ്ഞ ഒക്ടോബറിൽ 44.8 ലിറ്റർ ഐ.എം.എഫ്. 8500 ലിറ്റർ വാറ്റ്, 320 ഗ്രാം കഞ്ചാവ് എന്നിവ പിടിച്ചു. ഇവിടെ മദ്യനിരോധനം വരാൻപോകുന്നുവെന്ന് മനസ്സിലാക്കി തമിഴ്നാട് ബോർഡറിൽ ആനക്കെട്ടിയിൽ തമിഴ്നാടിന്റെ നിരവധി ഷാപ്പുകൾ തുടങ്ങി.

ഇവിടെ മദ്യനിരോധനം നടപ്പാക്കിയാലും മദ്യവർജ്ജനം നടപ്പാക്കിയാലും അതിന്റെ ഗുണം അനുഭവിക്കാൻ പോകുന്നത് തമിഴ്നാടും കർണ്ണാടകവും പോണ്ടിച്ചേരിയുമാണ്. ഈയൊരു സാഹചര്യത്തിൽ ഞങ്ങളുടെ നയം മദ്യവർജ്ജനമാണെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് പറയാൻ പറ്റുമോ, ഇത്ര വർഷത്തിനുള്ളിൽ ഞങ്ങൾ പരിപൂർണ്ണമായി മദ്യം നിരോധിക്കും, മദ്യം നിരോധിക്കുന്നതോടുകൂടി അതിൽ കള്ളുഷാപ്പുകളുംപെടുമെന്ന് പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് പറ്റുമോ; എത്ര വർഷംകൊണ്ട് നിങ്ങൾ മദ്യം നിരോധിക്കും എന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. ബാബു</u>: സർ, മദ്യവർജ്ജനം ഘട്ടംഘട്ടമായി നടപ്പിലാക്കുകയെന്നതാണ് ഗവൺമെന്റിന്റെ നയം. ആ ഘട്ടംഘട്ടമെന്നുള്ളത് പത്തുവർഷമായി നിശ്ചയിച്ചുകൊണ്ടുള്ള ഒരു നിലപാട് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിരിക്കുകയാണ്. ആ നിലപാടിനെ കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും പൊതുവേ സ്വാഗതം ചെയ്തതാണ്. പക്ഷേ ശ്രീ. എ. കെ. ബാലൻ ആ നയത്തെക്കുറിച്ച് ആക്ഷേപം പറഞ്ഞു എങ്കിലും ആ നയം പുറപ്പെടുവിച്ച ഉടനെതന്നെ അദ്ദേഹത്തിന്റെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി അതിനെ സ്വാഗതം ചെയ്തു. ഈ നയത്തെ എതിർത്ത രാഷ്ട്രീയ പാർട്ടികളോ പൊതുസമൂഹമോ ഇല്ല. പൊതുവേ ഈ നയം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, മദ്യവർജ്ജനത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ കള്ളുഷാപ്പുകളും അടച്ചുപൂട്ടുമോ?

<u>ശ്രീ. കെ. ബാബു</u>: സർ, കള്ളുഷാപ്പുകളെ സംരക്ഷിക്കുമെന്ന് ഞങ്ങൾ പ്രഖ്യാപിച്ച നയത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പരമ്പരാഗത വ്യവസായമെന്ന നിലയിൽ പൂർണ്ണമായും കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതാണ് ഈ ഗവൺമെന്റിന്റെ നയം. ഡ്രൈഡേ ആയ ഞായറാഴ്ച കള്ളുഷാപ്പുകൾക്ക് ബാധകമല്ല. ................ (ബഹളം)....... ശ്രീ. എ. കെ. ബാലൻ, കള്ള് നിരോധിക്കണമെന്നാണോ നിങ്ങളുടെ അഭിപ്രായം.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : സർ, ഈ ഗവൺമെന്റിന്റെ നയം മദ്യവർജ്ജനമോ മദ്യ നിരോധനമോ അല്ല. മദ്യ ബ്ലാക്ക്മെയിലിംഗാണ് നടന്നുകൊണ്ടിരിക്കുന്നത്. അധികാരത്തിന്റെ അകത്തളങ്ങളിൽ കേൾക്കുന്ന വർത്തമാനം ഓരോരുത്തരും വാങ്ങിയ പണത്തിന്റെ കണക്ക്, ചോദിച്ച രൂപ, കൊടുത്ത തുക, അതിന്റെ ബാലൻസ് എന്നതിനെ സംബന്ധിച്ചൊക്കെയാണ്. മദ്യത്തിന്റെ ബ്ലാക്ക്മെയിലിംഗാണ് നടക്കുന്നത്. ഇവിടെ വ്യാജമദ്യലോബിയും

കഞ്ചാവ് മാഫിയയും അരിഷ്ടലോബിയും അരങ്ങുതകർക്കുകയാണ്. ഇത് കിട്ടാത്ത ഒരു സ്ഥലവുമില്ല. ഏത് പെട്ടിക്കടയിലും മദ്യം ലഭിക്കും. മദ്യലോബിക്ക് ഈ ഗവൺമെന്റ് അവസരം ഒരുക്കികൊടുക്കുകയാണ്. ടൂറിസം മേഖലയിൽ പുതിയ സാഹചര്യം എന്ത് ചലനമാണ് സൃഷ്ടിച്ചിരിക്കുന്നത്, മുഖ്യമന്ത്രിയുടെ ഓഫീസ് തന്നെ ഈ കാര്യത്തിൽ ആശങ്ക പ്രകടിപ്പിച്ചില്ലേ? ഈ നയം ഒരു രൂപയുടെ വരുമാനനഷ്ടം ഗവൺമെന്റിന് വരുത്തിയിട്ടില്ല എന്നതിന്റെ അർത്ഥം ഇവിടെ മദ്യം യഥേഷ്ടം ലഭ്യമാണെന്നാണ് വ്യക്തമാക്കുന്നത്. കൂട്ടത്തിൽ കഞ്ചാവ് ലോബിയും അരിഷ്ടലോപിയും വന്നു. ഇതിനെയൊക്ക നിയന്ത്രിക്കുവാൻ എന്ത് നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. കെ. ബാബു: സർ, മദ്യത്തിൽ നിന്നുള്ള വരുമാനം കുറഞ്ഞില്ല എന്നു പറഞ്ഞാൽ മദ്യം സുലഭമായി ലഭ്യമാണ് എന്നല്ല അതിന്റെ അർത്ഥം. മദ്യത്തിന്റെ ലഭ്യത കുറച്ചു. അതേ സമയം വരുമാനം കുറയാതിരിക്കാൻ ടാക്സ് വർദ്ധിപ്പിച്ചു. അതുകൊണ്ട് വരുമാനം കുറഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് സ്വീകരിച്ച നയത്തിന്റെ ഭാഗമായി 2010-11-ൽ ഞങ്ങൾ വരുന്ന സമയത്ത് 16 ശതമാനമാണ് മദ്യവർദ്ധനവിന്റെ തോത് ഉണ്ടായിരുന്നത്. 2011-12-ൽ ഒരു ശതമാനമായി മാറി. 2012-13 -ൽ ഒരു ശതമാനം, 2014 ഒക്ടോബർ മാസം വരെ 6 ശതമാനമാണ്. മദ്യ വില്പനയിലും മദ്യത്തിന്റെ ഉപയോഗത്തിലും കുറവ് വന്നിട്ടുണ്ട്. അതേ സമയം മദ്യത്തിന്റെ വില വർദ്ധിപ്പിച്ചു, ടാക്സ് വർദ്ധിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് വരുമാന നഷ്ടം ഉണ്ടായിട്ടില്ല. അതേസമയത്ത് മദ്യത്തിന്റെ വില്പന കുറഞ്ഞുവന്നിട്ടുണ്ട്.

എൻഫോഴ്സ്മെന്റിനെ സംബന്ധിച്ച് വളരെ വിശദമായ കണക്ക് എന്റെ കൈവശമുണ്ട്. എൻഫോഴ്സ്മെന്റ് വളരെ കർശനമായി നടക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 1,22,008 റെയ്ഡുകൾ സംസ്ഥാനത്ത് നടന്നിട്ടുണ്ട്. 12 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 11,517 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വിശദമായ കണക്ക് എന്റെ കൈവശമുണ്ട്. ആവശ്യമാണെങ്കിൽ മേശപ്പുറത്തു വയ്ക്കാവുന്നതാണ്. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച നയത്തെ സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഈ മേഖലയിലുള്ള സ്റ്റേറ്റ് ഹോൾഡേഴ്സിനെ സംബന്ധിച്ച് ടൂറിസം മേഖലയെ ഇത് പ്രതികൂലമായി ബാധിക്കുന്നു എന്നുള്ള നിവേദനം എക്സൈസ് മന്ത്രിയെന്നുള്ള നിലയിൽ എനിക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും നൽകിയിട്ടുണ്ട്. അപ്പുറത്തുള്ളവർക്കും നിവേദനം ലഭിച്ചിട്ടുണ്ട്. കേരള ട്രാവൽ മാർട്ട്, ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ ഇവരെല്ലാവരും ടൂറിസം മേഖലയെ ഇത് ബാധിക്കുന്നു എന്നുള്ള ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ധാരാളം

ദോഷങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന് പത്രങ്ങളിലൂടെ ലേഖനങ്ങളും വാർത്തകളും വന്നിട്ടുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഒരു മാറ്റവും വരുത്താൻ ഉദ്ദേശിക്കുന്നില്ല. ലക്ഷ്യം പത്തുവർഷംകൊണ്ട് മദ്യനിരോധനം നടപ്പാക്കുക എന്നുള്ളതുതന്നെയാണ്. എന്നാൽ അടിസ്ഥാന നയങ്ങളിൽ മാറ്റം വരുത്താതെ വിട്ടുവീഴ്ചയില്ലാതെയും, അതേസമയം ടൂറിസം മേഖലയെ പ്രതികൂലമായി ബാധിക്കുന്ന എന്നുള്ള വിഷയം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : സർ, മദ്യനിരോധനമാണ് ഈ സർക്കാരിന്റെ നയമെന്ന് പറഞ്ഞ് മന്ത്രിമാർ പരസ്പരം ഇമേജ് വർദ്ധിപ്പിക്കാൻ വേണ്ടി ഓരോ പ്രസ്താവനകൾ ഇറക്കി കുറച്ച് ബാറുകൾ പൂട്ടിയിടുകയും കുറച്ച് ബാറുകൾ തുറന്നിടുകയും ബിവറേജസ് കോർപ്പറേഷനുകളിലെ ക്യൂ വലിയ തോതിൽ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിലൂടെ എന്ത് നേട്ടമാണ് ഈ സംസ്ഥാനത്തിന് ഉണ്ടായിട്ടുള്ളത്; ഫലപ്രദമായ ഇടപെടൽ നടത്താതെ മദ്യവർജ്ജനം നടപ്പാക്കാതെ തൊഴിൽ ഇടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കാതെ പൊടുന്നനെ ഇങ്ങനെയൊരു കാര്യം ചെയ്തതുകൊണ്ട് സമൂഹത്തിൽ എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. ഗവൺമെന്റിന്റെ ആത്മാർത്ഥമായ ഒരു പ്രവർത്തനമാണ് ഇതെന്ന് കാണാൻ സാധിക്കുന്നില്ല. ഏറ്റവും ഒടുവിലത്തെ ഉദാഹരണം, ഒരു കോടി രൂപ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൈക്കൂലി വാങ്ങിയെന്നുവരെ പറയുന്നത് പത്രമാധ്യമങ്ങളിലൂടെയും ടി.വി.യി.ലൂടെയും ജനങ്ങൾ കാണുകയാണ്. ഇതൊക്കെ അങ്ങേയറ്റം ഗൗരവമുള്ള കാര്യങ്ങളല്ലേ; ഈ മേഖലയിൽ നടക്കുന്നത്അങ്ങേയറ്റം അഴിമതിയാണ്. വെറുതെ ആളുകളുടെ ഇമേജ് വർദ്ധിപ്പിക്കാൻവേണ്ടി യാതൊരു ഫലപ്രദമായ ഇടപെടലുമില്ലാതെയും എക്സൈസ് വകുപ്പിൽ ആവശ്യമായിട്ടുള്ള ആൾക്കാരെ പോസ്റ്റ് ചെയ്യാതെയും അവർക്കാവശ്യമായ സംവിധാനം കൊടുക്കാതെയും എന്തിനാണ് ഇങ്ങനെ വികലമായ ഒരു നയം കൊണ്ടുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. ബാബു</u>: സർ, വളരെ സാമൂഹ്യപ്രതിബദ്ധതയോടുകൂടിയാണ് ഗവൺമെന്റ് ഈ നയം നടപ്പാക്കിയിട്ടുള്ളത്. സമൂഹത്തിൽ എല്ലാ തലങ്ങളിലുമുള്ളവർ ഇതിനെ സ്വാഗതം ചെയ്തിട്ടുണ്ട്. കേസ്സുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. റോഡപകടങ്ങളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. കുടുംബഭദ്രത കൂടുതൽ ശക്തമായി. അങ്ങനെ എല്ലാ നിലയിലും ഇത് വളരെ നല്ല ഗുണഫലങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്.

<u>ശ്രീ. പി. റ്റി. എ. റഹീം</u>: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചത് സാമൂഹ്യ

പ്രതിബദ്ധതയുള്ള ഒരു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നാണ്. ഏതാണ്ട് ഒരു വർഷത്തിനുമുമ്പ് സുപ്രീംകോടതി നാഷണൽ ഹൈവേകളിലെ ബിവറേജസ് ഔട്ട് ലെറ്റുകൾ പൂട്ടണമെന്ന് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവൺമെന്റ് സാധിക്കില്ല എന്നുള്ള ഒരു നിലപാടാണ് സ്വീകരിച്ചത്. വീണ്ടും ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയും ഇതേ കാര്യം തന്നെ പറഞ്ഞിട്ടുണ്ട്. ബിവറേജസ് ഔട്ട്ലെറ്റുകൾ 5 ശതമാനം പൂട്ടും എന്നുള്ള ഗവൺമെന്റിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്-ന്റെ ഓരങ്ങളിലുള്ളതല്ല പൂട്ടിയിട്ടുള്ളത്. വേറെ ചിലതാണ് പൂട്ടിയിട്ടുള്ളത്. യഥാർത്ഥത്തിൽ ബാറുകളെക്കാൾ പ്രശ്നം നാഷണൽ ഹൈവേകളിലുള്ള ബിവറേജസ് ഔട്ട്ലെറ്റുകളുടെ ഓരത്ത് ഉണ്ടാകുന്ന വലിയ ക്യൂവും അവിടെ നിന്ന് കിട്ടുന്ന മദ്യലഭ്യതയും തന്നെയാണ്. ബിവറേജസ് ഔട്ട്ലെറ്റുകൾ അഞ്ചു ശതമാനം പൂട്ടിയതിൽ നാഷണൽ ഹൈവേയുടെ ഓരങ്ങളിലുള്ളവ ഉൾപ്പെടാതെ പോയത് എന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. കെ. ബാബു : സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കേന്ദ്ര ഗവൺമെന്റിന് 2013 മാർച്ച് മാസം 11-ാം തീയതി കേരള ഗവൺമെന്റ് ഒരു കത്തയച്ചിരുന്നു. ആ കത്തിൽ പറഞ്ഞിരിക്കുന്നത്, However, since prevention is always better than cure, it is requested to issue instructions to remove liquor shops along National Highways and ensure that no legislative issue to liquor vendors along National Highways. Corrective actions may be taken on the cases where licenses has already been given for liquor vendors along National Highways. ഈ കത്ത് നിലനിൽക്കുമ്പോൾ ഇത് മാറ്റുന്നതിനുവേണ്ടി നിയമസഭയിൽതന്നെ ഈ പ്രശ്നം വന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹൈവേയിൽ നിന്ന് മാറി കുറച്ചുകൂടി ആൾസഞ്ചാരം ഇല്ലാത്ത സ്ഥലങ്ങൾ കണ്ടെത്താൻ എല്ലാ ജില്ലാ കളക്ടർമാർക്കും എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഇതുസംബന്ധിച്ച് ബിവറേജസ് കോർപ്പറേഷന്റെ വെബ്സൈറ്റിൽ പരസ്യവും ചെയ്തിരുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം മറ്റു സംസ്ഥാനങ്ങളിൽ ഇല്ലാത്ത തരത്തിൽ ദൂരപരിധി നിയമവുമുണ്ട്. ആ ദൂരപരിധി നിയമംകൊണ്ട് പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ടാണ് സ്ഥലം കണ്ടെത്താൻ ആവശ്യപ്പെട്ടത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ബിവറേജസ് ഔട്ട് ലെറ്റുകളിലൊരണ്ണംപോലും തുടങ്ങിയിട്ടുമില്ല, ഇനി തുടങ്ങാൻ ഉദ്ദേശിക്കുന്നുമില്ല. രണ്ടാമത്തെ കാര്യം, 10 ശതമാനം അടച്ചുപൂട്ടണമെന്ന് തീരുമാനിച്ചു. ഇവിടെ നാഷണൽ ഹൈവേയിലെ ഔട്ട് ലെറ്റിനെക്കുറിച്ചാണല്ലോ ചർച്ച നടക്കുന്നത്. .........(ബഹളം)............ ഞാൻ പറയാം. ഈ ഗവൺമെന്റ് ഒന്നും തുടങ്ങിയിട്ടില്ല. ഞങ്ങൾ പ്രഖ്യാപിച്ച നയത്തിന്റെ

അടിസ്ഥാനത്തിൽ 10 ശതമാനം ബിവറേജസ് ഔട്ട് ലെറ്റുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചു. ബഹുമാനപ്പെട്ട ശ്രീ. പി.ടി.എ. റഹീം സൂചിപ്പിച്ചതു പോലെയല്ല, അങ്ങനെ അടച്ചുപൂട്ടിയപ്പോൾ പതിനഞ്ച് എണ്ണം നാഷണൽ ഹൈവേയിലും പതിനഞ്ച് എണ്ണം സ്റ്റേറ്റ് ഹൈവേയിലുമുള്ളതാണ്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം അടച്ചുപൂട്ടില്ല എന്നുള്ള നയം ഗവൺമെന്റിനില്ല. കേരള ഹൈക്കോടതിയിൽ കൊല്ലത്തുള്ള ഒരു കേസ്സിന്റെ അടിസ്ഥാനത്തിൽ ഒരു നിർദ്ദേശം വന്നു. ആ നിർദ്ദേശം അടച്ചുപൂട്ടാനല്ല, മറിച്ച് മൂന്നാഴ്ചയ്ക്കുള്ളിൽ ഗവൺമെന്റ് കൗണ്ടർ ഫയൽ ചെയ്യണമെന്ന് ആവശ്യപ്പെട്ടു. മൂന്നാഴ്ചയ്ക്കുള്ളിൽ ഗവൺമെന്റ് കൗണ്ടർ ഫയൽ ചെയ്യും. ഗവൺമെന്റ് ഫയൽ ചെയ്യാൻ പോകുന്ന കൗണ്ടറിൽ ഇതിന്റെ അപ്പീലല്ല ഗവൺമെന്റ് കൊടുക്കാൻ ഉദ്ദേശിക്കുന്നത്. ഒരു ഫേസ് മാനറിൽ നാഷണൽ ഹൈവേയിലും സ്റ്റേറ്റ് ഹൈവേയിലുമുള്ള ബിവറേജസ് ഔട്ട് ലെറ്റുകൾ ഘട്ടംഘട്ടമായി അടച്ചുപൂട്ടുന്നതിന് സമ്മതിച്ചുകൊണ്ടുള്ള അഫിഡവിറ്റാണ് ഗവൺമെന്റ് കൊടുക്കാൻ പോകുന്നത്. ഈ കാര്യത്തിൽ ഒരു ആശങ്കയുടെയും ആവശ്യമില്ല. ദേശീയപാതയിൽ 61 ബിവറേജസ് ഔട്ട് ലെറ്റുകളുണ്ട്. സ്റ്റേറ്റ് ഹൈവേകളിൽ 54 എണ്ണമുണ്ട്. അങ്ങനെ 115 എണ്ണം ഒരുമിച്ച് അടച്ചുപൂട്ടണമെന്ന് ആരെങ്കിലും പറയുമെന്ന് എനിക്ക് തോന്നുന്നില്ല. അടച്ചുപൂട്ടാനല്ല, കൗണ്ടർഫയൽ ചെയ്യാനാണ് കോടതി പറഞ്ഞിട്ടുള്ളത്. ഘട്ടംഘട്ടമായി അടച്ചുപൂട്ടുന്ന നിലപാടാണ് ഗവൺമെന്റിനുള്ളത്.

ശ്രീ. ബെന്നി ബെഹനാൻ: സർ, മദ്യ നയത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ചെറുപ്പക്കാരുടെ ഇടയിൽ മദ്യാസക്തി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ തുടങ്ങുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനമെടുത്തുവെന്ന് പറഞ്ഞു. എത്ര ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്; സ്കൂൾ പാഠ്യപദ്ധതിയിൽ മദ്യ വിരുദ്ധപാഠങ്ങൾ ഉൾപ്പെടുത്താൻ കഴിയുമോ; കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം ബിവറേജസ് കോർപ്പറേഷന്റെ പണം സ്കൂളുകളിൽ ഇത്തരം ക്ലബ്ബുകൾ തുടങ്ങുന്നതിനും അതിനോടനുബന്ധമായ പ്രവർത്തനങ്ങൾക്കുംവേണ്ടി മാറ്റിവയ്ക്കാൻ തയ്യാറാകുമോ; അങ്ങനെ തുക മാറ്റിവച്ചിട്ടുണ്ടെങ്കിൽ എത്രയാണെന്ന് അറിയിക്കുമോ?

ശ്രീ. കെ. ബാബു: സർ, ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിക്കുന്ന നടപടിക്രമങ്ങൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 1298 സ്കൂളുകളിലും 165 കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ വർഷം സംസ്ഥാനത്തെ എല്ലാ കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് വിദ്യാഭ്യാസ വകുപ്പിന് എക്സൈസ് വകുപ്പ്

കത്ത് നൽകിയിരുന്നു. അടുത്ത വർഷത്തെ പാഠ്യപദ്ധതിയിൽ ഇതുൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് പ്രാരംഭമായി ബിവറേജസ് കോർപ്പറേഷന്റെ ചെലവിൽ 10 ലക്ഷം രൂപ മുടക്കി അദ്ധ്യാപകർക്കുവേണ്ടി ഒരു കൈപുസ്തകം തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. പാഠ്യപദ്ധതിയിൽ ഇതുൾപ്പെടുത്തി കോളേജുകളിലും സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കണമെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ഈ ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് ഗവൺമെന്റ് സഹായം നൽകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചോദിച്ച എത്ര രൂപ ചെലവാക്കി എന്നുള്ള ചോദ്യത്തിന് ഇപ്പോൾ മറുപടി പറയാൻ കഴിയില്ല. അതിന് പ്രത്യേക ചോദ്യം വേണം. ഏതായാലും കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി കേരളത്തിലെ ഡീ-അഡിക്ഷൻ സെന്ററുകൾക്ക് ഒരുകോടിയോളം രൂപ കൊടുത്തിട്ടുണ്ട്. ഈ വർഷം ബിവറേജസ് കോർപ്പറേഷന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി കേരളത്തിലെ അന്ധരായ ആളുകൾക്ക് ഉപയോഗിക്കത്തക്കവിധത്തിലുള്ള കമ്പ്യൂട്ടറുകളും വൈറ്റ്കെയ്നും വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, നടക്കാത്ത ഒരു മദ്യനിരോധനത്തിന്റെ ഖ്യാതി നേടുന്നതിനുവേണ്ടി ഭരണകക്ഷിനേതാക്കളും മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും ഇവിടെ മത്സരിച്ചുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ സി.ആന്റ്എ.ജി.-യുടെ റിപ്പോർട്ടനുസരിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയാണ് 418 ബാറുകൾ അടച്ചുപൂട്ടാൻ നിർദ്ദേശം നൽകിയത്. ഏതോ ഭരണകക്ഷി നേതാവിന്റെ ആജ്ഞാനുസരണമാണ് 418 ബാറുകൾ പൂട്ടാൻ പോകുന്നതെന്ന് പ്രചരിപ്പിക്കുകയും മുഖ്യമന്ത്രി അതിനെ മറികടക്കാൻവേണ്ടി 312 ബാറുകൾ കൂടി പൂട്ടണമെന്ന് തീരുമാനിക്കുകയും ചെയ്തു. അതല്ലാതെ ഇതൊരു മുന്നൊരുക്കത്തിന്റെ ഭാഗമായിട്ടോ യഥാർത്ഥത്തിൽ സമൂഹത്തിന്റെ താത്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടിയോ നടപ്പിലാക്കിയതല്ല. 418 ബാറുകൾ അടച്ചുപൂട്ടാൻ നിർദ്ദേശം നൽകിയ സുപ്രീംകോടതി വിധി മറികടന്നുകൊണ്ട് ആ ബാറുകൾ തുറക്കാൻവേണ്ടിയാണ് ബാറുടമകളിൽനിന്നും പണം പിരിച്ചെടുത്തത്. സുപ്രീംകോടതിനിർദ്ദേശത്തെ മറികടന്ന് ബാറുകൾക്ക് വീണ്ടും ലൈസൻസ് കൊടുക്കുന്നതിനുവേണ്ടിയാണ് ഗവൺമെൻറ് ശ്രമം നടത്തിയത്. എന്റെ ചോദ്യം, ഇപ്പോൾ ഫോർ സ്റ്റാർ ബാറുകൾക്ക് ലൈസൻസ് കൊടുക്കണമെന്ന് ഹൈക്കോടതി വിധി പ്രസ്താവിച്ചിരിക്കുന്ന സാഹചര്യത്തിൽ ഹൈക്കോടതി വിധി നടപ്പിലാക്കുമോ, അതോ നിരാകരിക്കുമോ, എന്താണ് ഗവൺമെന്റിന്റെ സമീപനം എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

<u>ശ്രീ. കെ. ബാബു</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ നടക്കാത്ത

മദ്യനയമല്ല ഗവൺമെന്റ് പ്രഖ്യാപിച്ചത്. അതുകൊണ്ടാണല്ലോ അങ്ങയുടെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി അതിനെ സ്വാഗതം ചെയ്തത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ബാർ ഹോട്ടലുകളെ സംബന്ധിച്ച കേസുണ്ട്. ആ കേസിൽ ഫോർ സ്റ്റാർ ഹോട്ടലുകൾക്കും ഫൈവ് സ്റ്റാർ ഹോട്ടലുകൾക്കും ലൈസൻസ് കൊടുക്കണമെന്ന് സിംഗിൾ ബെഞ്ച് വിധിയുണ്ടായി. കേസിന്റെ ഡീറ്റെയിൽസിലേയ്ക്ക് ഞാൻ പോകുന്നില്ല. 1552/2012 നമ്പരിലുള്ള ഈ കേസിനെതിരായി 25-ാം തീയതി ഗവൺമെന്റ് അപ്പീൽ കൊടുക്കുകയും 3-ാം തീയതിയിലേയ്ക്ക് കേസ് പോസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 418 ബാർ ഹോട്ടലുകൾ പൂട്ടണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടില്ല. അങ്ങ് തെറ്റിദ്ധരിച്ചിരിക്കുകയാണ്. സുപ്രീം കോടതി പറഞ്ഞത് ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുക്കുന്നില്ലെങ്കിൽ നിലവാരമില്ലാത്ത 418 ഹോട്ടലുകളുടെ കാര്യം പരിശോധിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. അല്ലാതെ പൂട്ടാൻ പറഞ്ഞിട്ടില്ല. 418 ഹോട്ടലുകൾ പൂട്ടാൻ സുപ്രീം കോടതി പറഞ്ഞിട്ടില്ല.

<u>ശ്രീ. എം. ചന്ദ്രൻ</u>: സി. ആന്റ് എ.ജി. പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. കെ. ബാബു</u>: സർ, സി. ആന്റ് എ.ജി. ബാറുകൾ അടച്ചുപൂട്ടാൻ പറഞ്ഞിട്ടില്ല, റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചു എന്നുള്ളത് ശരിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ എക്സൈസ് കമ്മീഷണർ സി. ആന്റ് എ.ജി.-ക്ക് കൊടുത്ത റിപ്പോർട്ടിൽ 418 ഹോട്ടലുകൾ നിലവാരമില്ലാത്തതാണെന്ന് ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ സുപ്രീം കോടതിയിൽ കേസ് വന്നപ്പോൾ ഫോർ സ്റ്റാർ ഹോട്ടലുടമകൾ വാദിച്ചപ്പോഴാണ് ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് സർക്കാർ ലൈസൻസ് നിഷേധിക്കുന്നുവെങ്കിൽ നിലവാരമില്ലാത്ത 418 ഹോട്ടലുകളുടെ കാര്യം പരിശോധിക്കണമെന്ന് സുപ്രീം കോടതി ചൂണ്ടിക്കാണിച്ചത്. അല്ലാതെ അടച്ചുപൂട്ടാൻ പറഞ്ഞിട്ടില്ല.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, വ്യാജ മദ്യം ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉൽപ്പാദനം, വിപണനം, ഉപഭോഗം എന്നിവ തടയാൻ സർക്കാർ ഉദ്യോഗസ്ഥർ മാത്രം വിചാരിച്ചാൽ കഴിയില്ല. രാഷ്ട്രീയ പാർട്ടികൾ, മത-സാംസ്കാരിക-വിദ്യാഭ്യാസ മേഖലകളിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകൾ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഈ ദൗത്യം നിർവ്വഹിക്കാൻ ഓരോ ജനകീയ സമിതിക്ക് രൂപം നൽകുകയും അതുപോലെ എക്സൈസ് ഉദ്യോഗസ്ഥർ അവരോടൊപ്പം ചേർന്ന് പ്രവർത്തിക്കുകയും ചെയ്തെങ്കിൽ മാത്രമേ പൂർണ്ണമായും ആ ദൗത്യം നിർവ്വഹിക്കുവാനും ലക്ഷ്യം നിറവേറ്റാനും കഴിയുകയുള്ളൂ. ഈ ചോദ്യത്തിൽ പ്രധാനമായും ഉന്നയിക്കപ്പെട്ട

കാര്യമാണ് ഞാൻ പറയുന്നത്. അതിന് ജനങ്ങളുടെയും രാഷ്ട്രീയ കക്ഷികളുടെയുമൊക്കെ പങ്കാളിത്തം ഇതിൽ ഉറപ്പുവരുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഗവൺമെന്റ് ഒരു നയം പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചു. പക്ഷേ അതുകൊണ്ട് ആ നയം വിജയിക്കാൻ പോകുന്നില്ല. അത് വിജയിക്കണമെങ്കിൽ ജനങ്ങളുടെ പങ്കാളിത്തമുണ്ടാകണം. വിപുലമായ പ്രചരണ പരിപാടിയും ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങളുമാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. ഗവൺമെന്റ് ആവിഷ്ക്കരിച്ച 'പുനർജ്ജനി' പദ്ധതിയനുസരിച്ച് എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് ഈ നയം വിജയിപ്പിക്കാനും ഇതിന്റെ ഗുണം നാട്ടിൽ ഉണ്ടാകത്തക്കവിധത്തിലുമുള്ള നടപടികൾക്കാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. സി. ദിവാകരൻ: സർ, മദ്യ നയത്തെക്കുറിച്ച് കഴിഞ്ഞ കുറച്ച് നാളുകളായി കേരളത്തിന്റെ പൊതുസമൂഹവും കേരളത്തിലെ രാഷ്ട്രീയ കേന്ദ്രങ്ങളുമെല്ലാം ഒരുപാട് വിവാദങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുമെന്നാണ് എന്റെ വിശ്വാസം. യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ ഘട്ടം ഘട്ടമായി മദ്യ നിരോധനം നടപ്പിലാക്കും എന്ന ഒരു പ്രഖ്യാപിത നയമുണ്ട്. ഇപ്പോൾ യു.ഡി.എഫ്.-ന്റെ നാലുഘട്ടം കഴിഞ്ഞിരിക്കുകയാണ്. നാലുവർഷമായി ഇതുവരെ മദ്യനിരോധനത്തെ സംബന്ധിച്ച് ഒരു നടപടിയുമെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല എന്നുമാത്രമല്ല മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ സർക്കാരിന്റെ ഉന്നത ഉദ്യോഗസ്ഥർ, ഗവൺമെന്റ് സെക്രട്ടറിമാർ, എക്സൈസ് വകുപ്പ് സെക്രട്ടറി ഉൾപ്പെടെ കോവളം ഹോട്ടലിൽ മദ്യസദ്യ നടത്തുകയും, പോലീസ് റെയ്ഡ് നടത്തി പിടിക്കുകയും ചെയ്തു. നിങ്ങൾ ഏത് മദ്യവർജ്ജനത്തെക്കുറിച്ചാണ് പറയുന്നത്. ആദ്യം നിങ്ങൾ സെക്രട്ടേറിയറ്റിൽ ഇരിക്കുന്ന നിങ്ങളുടെ മന്ത്രിമാരുടെ സെക്രട്ടറിമാരെ മദ്യവർജ്ജനം പഠിപ്പിക്കുക. ഇതിൽ നിങ്ങൾക്ക് ഒരു ചിന്താക്കുഴപ്പം വന്നപ്പോൾ നിങ്ങൾ ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷനെ നിയമിച്ചു. ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് എവിടെപ്പോയി; എന്തുകൊണ്ടാണ് ആ റിപ്പോർട്ട് നടപ്പിലാക്കാത്തത്; റിപ്പോർട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. ബാബു: സർ, ഇവിടെ പല കമ്മീഷനുകളും ഉണ്ടായിട്ടുണ്ട്. ആ കമ്മീഷൻ റിപ്പോർട്ടുകളൊന്നും ഒരു ഗവൺമെന്റും നടപ്പാക്കിയിട്ടില്ല. ജസ്റ്റീസ് ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് ഉണ്ട്. പ്രസ്തുത റിപ്പോർട്ട് അന്നത്തെ ഗവൺമെന്റ്

നടപ്പാക്കിയിട്ടുണ്ടോ? ജസ്റ്റീസ് ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്. ....(തടസ്സം)... ഇക്കാര്യത്തിൽ ഗവൺമെന്റിന് ആ കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായും അംഗീകരിക്കാൻ സാധിക്കില്ല. അത് എന്താണെന്നുവച്ചാൽ, ത്രീ സ്റ്റാർ ഹോട്ടലുകൾ അടച്ചുപൂട്ടുകയല്ല, നിലവാരമില്ലാത്ത ഹോട്ടലുകൾക്ക് അപ്ഗ്രേഡ് ചെയ്യാൻ സമയം കൊടുക്കണമെന്നാണ് നോട്ടീസ് കൊടുത്തിരിക്കുന്നത്. അത് ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. അതുതന്നെയാണ് പ്രശ്നം. ഇതാണ് കമ്മീഷൻ റിപ്പോർട്ടിലെ കാതലായൊരു ശിപാർശ. സമയംകൊടുത്തുകൊണ്ട് അപ്ഗ്രേഡ് ചെയ്യണം എന്നത് ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. അതാണ് ഞാൻ പറഞ്ഞത്, ആ റിപ്പോർട്ട് പൂർണ്ണമായി ഗവൺമെന്റ് അംഗീകരിക്കുന്നില്ലായെന്ന്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഞങ്ങളുടെ നയം, ഞങ്ങളുടെ പ്രകടന പത്രിക ഇതാണ്. വീര്യം കൂടിയ വിദേശമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും ഘട്ടംഘട്ടമായി നിർത്തലാക്കണമെന്നാണ്. അതിന്റെ ഭാഗമായി 10 ശതമാനം ബിവറേജ് ഔട്ട് ലെറ്റുകൾ വെട്ടിക്കുറച്ചു. അതുപോലെതന്നെ ത്രീ സ്റ്റാർ, ഫോർ സ്റ്റാർ ഹോട്ടലുകളിൽ ലൈസൻസ് കൊടുക്കില്ലെന്നും പുതിയ ഔട്ട് ലെറ്റുകൾ ഇനി തുടങ്ങില്ലെന്നും തീരുമാനിച്ചു. അത് ആ നയത്തിന്റെ ഭാഗമാണ്. മറ്റൊന്ന്, പഞ്ചായത്ത് രാജ് നഗരപാലികാ നിയമത്തിൽ മദ്യശാലകൾ അനുവദിക്കുന്നത് സംബന്ധിച്ച്; ജനങ്ങൾക്ക് അധികാരം നൽകുന്ന വകുപ്പുകൾ പുനഃസ്ഥാപിക്കുന്നതിന് പ്രായോഗിക-സാങ്കേതിക പ്രശ്നങ്ങൾ പഠിച്ചശേഷം തീരുമാനമുണ്ടാക്കുന്നതാണ്. ഞങ്ങൾ അത് നടപ്പാക്കിയല്ലോ? ഞങ്ങൾ പഞ്ചായത്ത്-മുനിസിപ്പാലിറ്റികൾക്ക് അധികാരം കൊടുത്തു, അവിടെ മദ്യശാല വേണമെന്നുള്ളതിനെ സംബന്ധിച്ച് ജസ്റ്റീസ് ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഞങ്ങൾ പൂർണ്ണമായും നടപ്പിലാക്കും. പ്രസ്തുത റിപ്പോർട്ട് അനുസരിച്ച് പറഞ്ഞിട്ടുള്ളത് 'വീര്യം കൂടിയ മദ്യത്തിന്റെ ഉപയോഗം കുറയ്ക്കണം' എന്നാണ്. അതിന്റെ രണ്ടാം ഭാഗം 18-ൽ പറഞ്ഞിരിക്കുന്നത് 'വീര്യം കുറഞ്ഞ മദ്യങ്ങളായ കള്ളും ബിയറും വിപണിയിൽ വിൽക്കുന്നതിനോട് കമ്മിറ്റിക്ക് യാതൊരു അഭിപ്രായവ്യത്യാസവുമില്ല. മാത്രമല്ല കമ്മിറ്റി ഇതിനെ പ്രോത്സാഹിപ്പിക്കാനും ശിപാർശ ചെയ്യുന്നു. വീര്യം കുറഞ്ഞ ഇത്തരം മദ്യങ്ങളിലേക്ക് കൂടുതൽ ആളുകളെ തിരിച്ചുവിടാൻ വേണ്ടിയാണ് ഇത് പ്രോത്സാഹിപ്പിക്കണമെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നത്. ബഹുമാനപ്പെട്ട അംഗം ചോദിച്ച ചോദ്യത്തിനാണ് ഞാൻ മറുപടി പറഞ്ഞത്. വേറൊരു കമ്മീഷനിലെ റിപ്പോർട്ടാണ് ഞാൻ ഇവിടെ വായിച്ചത്. ബഹുമാനപ്പെട്ട അംഗം ഞങ്ങളുടെ നയത്തിന്റെ പ്രകടനപ്പത്രികയെക്കുറിച്ച് പറഞ്ഞു. ആ പ്രകടനപ്പത്രികയിലുള്ള ഓരോ കാര്യങ്ങളാണ് ഞാൻ ഇവിടെ വിശദീകരിച്ചത്. ഞങ്ങളുടെ നയം ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ ഊന്നി നിന്നുകൊണ്ടുള്ളതാണ്. വീര്യം കൂടിയ മദ്യം

ഘട്ടംഘട്ടമായി ഇല്ലാതാക്കുക, വീര്യം കുറഞ്ഞ മദ്യം സംബന്ധിച്ച് ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഇത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ഗവൺമെന്റ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള മദ്യനിരോധനം സംബന്ധിച്ച തീരുമാനങ്ങളെ സാമാന്യജനം അംഗീകരിച്ചിട്ടുണ്ടെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഇപ്പോൾ ഗവൺമെന്റിന്റെ പുതിയ തീരുമാനമനുസരിച്ച് 'ഡ്രൈ ഡേ' പ്രഖ്യാപിച്ചിരിക്കുകയാണ്. മദ്യനിരോധനം സംബന്ധിച്ച് ജനങ്ങളുടെ അഭിപ്രായം എന്താണെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ അഭിപ്രായം എന്താണെങ്കിലും ഗവൺമെന്റ് പ്രഖ്യാപിച്ച ഡ്രൈ ഡേയിലൂടെ മദ്യാസക്തിയിലാകുന്ന ജനങ്ങളെ മോചിപ്പിക്കാൻ സർക്കാരിന് കഴിയുന്നുണ്ടോ; ഞായറാഴ്ചയാണ് ഡ്രൈ ഡേ എങ്കിൽ ശനിയാഴ്ച ദിവസത്തെ വരുമാനം എത്രയാണെന്നും, സാധാരണ ദിവങ്ങളങ്ങിൽനിന്നും എത്ര ശതമാനം വർദ്ധനവുണ്ടെന്നും ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; അങ്ങ് വായിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മദ്യനിരോധനം പോലെതന്നെ വീര്യം കുറഞ്ഞ മദ്യം കൊടുത്തുകൊണ്ട് മദ്യാസക്തിയിൽനിന്ന് ജനങ്ങളെ മോചിപ്പിക്കുക എന്ന കമ്മീഷൻ വിദഗ്ദ്ധരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വൈൻ, ബിയർ പാർലറുകൾ സംബന്ധിച്ച് ഗവൺമെന്റിന്റെ തീരുമാനമെന്താണെന്ന് സഭയെ അറിയിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട അംഗം ഡ്രൈ ഡേ ആചരിക്കുന്നതിനെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. ഗവൺമെന്റ് ഞായറാഴ്ച ദിവസം ഡ്രൈ ഡേ പ്രഖ്യാപിച്ചു. അതുസംബന്ധിച്ച് സർക്കാർ വിലയിരുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ശനിയാഴ്ചകളിൽ ശരാശരി ബിവറേജ് ഔട്ട്‍ലെറ്റുകളിലെ വിൽപ്പന 40 ശതമാനം കൂടുതലാണ്. അതായത് ശരാശരി 34 കോടി രൂപയാണ് ബിവറേജ് ഔട്ട്‍ലെറ്റുകളിലെ ശനിയാഴ്ച ദിവസത്തെ വിൽപ്പന. ഞായറാഴ്ച ഡ്രൈ ഡേ ആചരിക്കുന്നതിനാൽ, ശനിയാഴ്ച ദിവസം ആളുകൾ ധാരാളം മദ്യം വാങ്ങുന്നുണ്ട് എന്നാണ് സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ബിയർ, വൈൻ പാർലറുകളുടെ കാര്യം സൂചിപ്പിക്കുകയുണ്ടായി. 10 കൊല്ലംകൊണ്ട് ഘട്ടംഘട്ടമായി പ്രഖ്യാപിച്ച മദ്യനയം നടപ്പിലാക്കുക എന്നുള്ളതാണ് സർക്കാരിന്റെ തീരുമാനം. അതുപോലെ ടൂറിസം മേഖലയിൽ അവസരങ്ങൾ നഷ്ടപ്പെടുന്നു എന്നുള്ള ആക്ഷേപങ്ങളും ഉയർന്നുവന്നിട്ടുണ്ട്. കേരളത്തിലെ ടൂറിസം വളരെയധികം ശക്തിപ്പെട്ടുവരികയായിരുന്നു, ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ അടിസ്ഥാന നയങ്ങളിൽനിന്നും മാറ്റം വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. അതേസമയം ഇതിന്റെ പ്രായോഗിക പ്രശ്നങ്ങൾ ബന്ധപ്പെട്ട

എല്ലാവരുമായി ചർച്ച ചെയ്ത് വിലയിരുത്തിക്കൊണ്ട് തുടർനടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്യും.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഒരു നിസ്സാര ചോദ്യമാണ്. ഈ മന്ത്രിസഭയുടെ ഭാഗമാണ് ഒരു മന്ത്രി ഒരു മദ്യ വ്യവസായി പറയുകയാണ് 'താൻ എന്റെ കയ്യിൽനിന്നും ഒരു കോടി രൂപ വാങ്ങിച്ചു.'

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, അടിയന്തരപ്രമേയത്തിന് സമയം വേറെ അനുവദിച്ചിട്ടുണ്ട്. ഇത് ചോദ്യോത്തരവേളയാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഉണ്ട്. ഞാൻ ചോദ്യം നേർക്കുനേരെയാണ് ചോദിക്കുന്നത്. അങ്ങനെ ചോദിച്ചാൽ ഇത് വാങ്ങിച്ചത് ശരിയല്ലായെങ്കിൽ ഈ ഗവൺമെന്റിന് അയാളെ അകത്താക്കി കേസ്സെടുക്കാൻ നിയമമെന്തെങ്കിലുമുണ്ടോ, അങ്ങനെ ചെയ്യാമോ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. കെ. ബാബു: സർ, അദ്ദേഹത്തിന്റെ ചോദ്യം ദുസ്സൂചനയുള്ളതാണ്. നിയമസഭാ നടപടിക്രമമനുസരിച്ച് ദുസ്സൂചനയുള്ള ചോദ്യങ്ങളൊന്നും പാടില്ലാ എന്നുള്ളതാണ്. ഏതായാലും ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അനുവദിച്ച സ്ഥിതിക്ക് ഞാൻ മറുപടി പറയാം. ബഹുമാനപ്പെട്ട അംഗം ഇക്കാര്യത്തിൽ ആരുടെ പേരിലാണോ ആരോപണമുന്നയിച്ചത് അടിസ്ഥാനരഹിതമായ ആരോപണമാണ് എന്നുള്ളതിന്റെ പേരിൽ അദ്ദേഹം നോട്ടീസ് അയച്ചിട്ടുണ്ട്. അതിന്റെ നടപടിക്രമമനുസരിച്ച് കാര്യങ്ങൾ മുന്നോട്ടുപോകും. അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് ഈ മന്ത്രിസഭയിലെ ഏതെങ്കിലും മന്ത്രിയെ കരിവാരിത്തേക്കാൻ ശ്രമിച്ചാൽ ഞങ്ങൾ അതിനെ ഒറ്റക്കെട്ടായി നേരിടും. അതിൽ ഒരു സംശയവും വേണ്ട.

മി. ഡെപ്യൂട്ടി സ്പീക്കർ: ആദ്യത്തെ ചോദ്യത്തിന് തന്നെ 40 മിനിട്ടെടുത്തു. മെമ്പർമാർക്ക് ആറ് ഉപചോദ്യം ചോദിക്കാൻ മാത്രമേ അവസരമുണ്ടായുള്ളൂ. ബഹുമാനപ്പെട്ട അംഗങ്ങളും ബഹുമാനപ്പെട്ട മന്ത്രിയും ചോദ്യങ്ങൾ ചുരുക്കി ചോദിക്കുകയും മറുപടി കുറച്ചുപറയുകയും ചെയ്താൽ കൂടുതൽ അംഗങ്ങൾക്ക് ചോദ്യം ചോദിക്കാനുള്ള അവസരമുണ്ടാകുന്നതാണ്. ഇനിയും വളരെക്കൂടുതൽ അംഗങ്ങൾ പ്രസ്തുത വിഷയം സംബന്ധിച്ച് ചോദ്യം ആവശ്യപ്പെട്ടിട്ടുണ്ട്. സമയപരിധികാരണം തരാൻ കഴിയുന്നില്ല. എല്ലാവരും ക്ഷമിക്കുക.

**മദ്യനിരോധനം**

2 (*2) ശ്രീ. ജെയിംസ് മാത്യു :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. ബി. സത്യൻ :

ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനയത്തിന്റെ ഭാഗമായുള്ള നടപടികൾ ഇതിനകം അവലോകനം ചെയ്തിട്ടുണ്ടോ ;

(ബി) ഈ നയം വഴി സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം എത്രത്തോളം സാധ്യമാണ് ;

(സി) സമ്പൂർണ്ണ മദ്യനിരോധനമാണോ മദ്യവർജ്ജനമാണോ പ്രായോഗികമായിട്ടുള്ളതെന്ന് സർക്കാർ വിദഗ്ദ്ധമായി പഠിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധമായി വിശദമാക്കാമോ ;

(ഡി) ബാറുകൾ അടച്ചുപൂട്ടിയതുകൊണ്ട് എല്ലാതരം മദ്യത്തിന്റെയും ലഭ്യത കുറഞ്ഞിട്ടുണ്ടോ; ആവശ്യക്കാർക്കെല്ലാം മദ്യം ലഭിക്കാനുള്ള വ്യാജ സംവിധാനങ്ങൾ സംസ്ഥാനത്തെങ്ങും തുറന്ന് കിടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) മദ്യ ഉല്പാദന കേന്ദ്രങ്ങൾ ഏതെങ്കിലും അടച്ചുപൂട്ടിക്കൊണ്ട് മദ്യലഭ്യത കുറയ്ക്കാൻ ഉദ്ദേശ്യമുണ്ടോ ; മദ്യ ഉല്പാദനം നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

(എ) ഉണ്ട്.

(ബി) മദ്യവർജ്ജനം വഴി ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) മദ്യത്തിന്റെ ഉത്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ഡി) ബാറുകൾ അടച്ചുപൂട്ടിയതുകൊണ്ട് വിദേശമദ്യം, ബിയർ തുടങ്ങിയ മദ്യത്തിന്റെ ലഭ്യത കുറഞ്ഞിട്ടുണ്ട്. ആവശ്യക്കാർക്കെല്ലാം മദ്യം ലഭിക്കാനുള്ള വ്യാജ സംവിധാനങ്ങൾ സംസ്ഥാനത്തെങ്ങും തുറന്ന് കിടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സംസ്ഥാനത്തെ മദ്യ ഉല്പാദന കേന്ദ്രങ്ങൾ ഒന്നുംതന്നെ ഇപ്പോൾ അടച്ചുപൂട്ടിയിട്ടില്ല. എന്നാൽ മദ്യ ഉല്പാദന സ്ഥാപനങ്ങളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷകളൊന്നും സർക്കാർ അനുവദിച്ചു നൽകിയിട്ടില്ല.

ശ്രീ. ജെയിംസ് മാത്യു: സർ, ആദ്യ ചോദ്യം, സമാനമായ വിഷയത്തെ അടിസ്ഥാനപ്പെടുത്തിയായിരുന്നതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ആ ചോദ്യങ്ങൾക്ക് മറുപടി നൽകിയപ്പോൾത്തന്നെ ഈ സഭയിലിരിക്കുന്ന എല്ലാവർക്കും വ്യക്തമായത് 418-ഉം 312-ഉം ബാറുകൾ പൂട്ടുന്നതിനുമുമ്പും പൂട്ടിയതിനുശേഷവും ബന്ധപ്പെട്ട വകുപ്പിനും ഈ ഗവൺമെന്റിനും തികഞ്ഞ അവ്യക്തതയാണുള്ളത് എന്നാണ്. ഇവിടെ ഘട്ടംഘട്ടമായി മദ്യവർജ്ജനം നടപ്പാക്കി പൂർണ്ണ മദ്യനിരോധന മെന്നതാണ് ഗവൺമെന്റിന്റെ നയമായി മന്ത്രി തന്നെ വ്യക്തമാക്കിയത്. അത്തരമൊരു സമീപനത്തിന് കേരളത്തിലെ ജനങ്ങളുടെ പിന്തുണ ലഭിക്കുന്നതിനായി ഈ സഭയിലുള്ള വിവിധ രാഷ്ട്രീയ കക്ഷികളുടെ നേതൃത്വവുമായോ ഈ ഗവൺമെന്റിന് നേതൃത്വം നൽകുന്ന ഐക്യജനാധിപത്യ മുന്നണിയിലോ കോൺഗ്രസ് പാർട്ടിയിലോ ബന്ധപ്പെട്ട വകുപ്പുമായോ ചർച്ച ചെയ്ത് അഭിപ്രായ രൂപീകരണം നടത്തുന്നത് സംബന്ധിച്ച് ഗൗരവപൂർവ്വം ഒരു പരിശോധന നടത്തിയിട്ടുണ്ടോ; ഇത്രയും ബാറുകൾ അടച്ചുപൂട്ടി ഘട്ടംഘട്ടമായി മദ്യവർജ്ജനവും നിരോധനവും നടപ്പാക്കുമ്പോൾ അതിന്റെ പാർശ്വഫലത്തെക്കുറിച്ചുകൂടി ഗൗരവപൂർവം പരിശോധിക്കാനും ആവശ്യമായ നിർദ്ദേശം വയ്ക്കാനും ഗവൺമെന്റിന് ബാധ്യതയില്ലേ; ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി കണ്ടെത്തിയ നിഗമനങ്ങളുടെ അടിസ്ഥാനത്തിലാണോ 418 ബാറുകൾ ആദ്യം പൂട്ടാനും 312 ബാറുകൾ രണ്ടാമത് പൂട്ടാനും തീരുമാനിച്ചത് എങ്കിൽ രണ്ട് ഘട്ടത്തിലും നടത്തിയ പൂട്ടൽ നടപടിക്ക് ആധാരമായി സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് ഈ സഭയിൽ വ്യക്തമാക്കാമോ?

ശ്രീ. കെ. ബാബു: സർ, യു.ഡി.എഫ്.-ൽ അഭിപ്രായ ഐക്യമില്ല എന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയല്ല. യു.ഡി.എഫ്.-ലെ നേതാക്കളെല്ലാവരും ഒറ്റക്കെട്ടായാണ് ഈ നയം തീരുമാനിച്ചത്. ഒറ്റക്കെട്ടായി മാധ്യമങ്ങളിലൂടെ ജനങ്ങളെ അഭിസംബോധന ചെയ്തിട്ടുമുണ്ട്. ബഹുമാനപ്പെട്ട ജെയിംസ് മാത്യു സൂചിപ്പിച്ചതുപോലെ ഒരു നയം തീരുമാനിക്കുന്നത് ഒരു വകുപ്പല്ല, ഭരിക്കുന്ന കക്ഷികളാണ്. യു.ഡി.എഫ്.-ലെ നേതാക്കൾ ഒറ്റക്കെട്ടായാണ് ഈ നയം പ്രഖ്യാപിച്ചത്. അക്കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു അഭിപ്രായവ്യത്യാസവുമില്ല. ആരെല്ലാം വ്യത്യസ്തമായ സമീപനം പുലർത്തിയാലും 10 വർഷംകൊണ്ട് മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കുക എന്ന ലക്ഷ്യമാണുള്ളത്. വ്യത്യസ്തമായ സമീപനമുണ്ടെങ്കിലും ലക്ഷ്യം ഒന്നാണ്. എന്തുകൊണ്ട് ഈ നയം

തീരുമാനിച്ചുവെന്നുചോദിച്ചാൽ, കേരളീയ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയിൽനിന്ന് ഉടലെടുക്കുന്ന ഗുരുതരമായ ആരോഗ്യ-സാമൂഹ്യ-പ്രശ്നങ്ങൾ സർക്കാർ വളരെ ഗൗരവത്തോടെ ചർച്ച ചെയ്തു. കേരളത്തിൽ മദ്യത്തിന്റെയും ലഹരിയുടെയും ഉപയോഗം വർദ്ധിച്ചുവരുന്നതിനെതിരായ ശക്തമായ നിലപാടിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ഈ നയം നടപ്പാക്കാൻ തീരുമാനിച്ചത്. ആ നയം തീരുമാനിച്ചപ്പോൾ ഞങ്ങൾ ഒറ്റക്കെട്ടായിരുന്നു. ഞാൻ വളരെയധികം ബഹുമാനത്തോടെ പറയട്ടെ; നിങ്ങളുടെ പാർട്ടി സെക്രട്ടറി അന്നുതന്നെ ഈ നയം സ്വാഗതം ചെയ്തിരുന്നു. നിങ്ങളുടെ പാർട്ടി സ്വാഗതം ചെയ്തതുകൊണ്ട് പിന്നെ ചർച്ച ചെയ്യേണ്ട കാര്യമില്ലല്ലോ, ഞങ്ങൾ അത് ചർച്ച ചെയ്യുമായിരുന്നു. നിങ്ങളുൾപ്പെടെ എല്ലാ പാർട്ടികളും സ്വാഗതം ചെയ്യുകയും നിലപാട് വ്യക്തമാക്കുകയും ചെയ്ത സാഹചര്യത്തിൽ ആ നയം എല്ലാവരും അംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ മുന്നോട്ടുപോവുകയാണ്.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ബഹുമാനപ്പെട്ട മന്ത്രി സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി സ്വാഗതം ചെയ്ത് പറഞ്ഞ സ്റ്റേറ്റ്മെന്റിന്റെ മുഴുവൻ ഭാഗവും വായിച്ചിരുന്നെങ്കിൽ മന്ത്രി ഇങ്ങനെ പറയില്ലായിരുന്നു. ഞാൻ പറയാൻ ആഗ്രഹിക്കുന്നതും അതുതന്നെയാണ്. രാജ്യത്ത് സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കിയ സംസ്ഥാനങ്ങളുടെ അനുഭവം ഈ ഗവൺമെന്റ് പഠിച്ചിട്ടുണ്ടോ; മദ്യവർജ്ജനത്തെ ഞങ്ങൾ അനുകൂലിക്കുകയാണ്. സമ്പൂർണ്ണമായി മദ്യനിരോധനം നടപ്പാക്കുക പ്രായോഗികമല്ല. അതിന്റെ ഭാഗമായുണ്ടാകുന്ന ഭവിഷ്യത്ത് പരിശോധിക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ; 418 ഉം 312 ഉം ബാറുകൾ അടച്ചുപൂട്ടുന്നതിനുമുമ്പായി സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കിയ സംസ്ഥാനങ്ങളിലുണ്ടായ അനുഭവത്തെ അടിസ്ഥാനപ്പെടുത്തി എന്ത് മുൻകരുതൽ നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചു എന്നതു വ്യക്തമാക്കാമോ?

<u>ശ്രീ. കെ. ബാബു</u>: സർ, ഞാൻ അങ്ങയുടെ പാർട്ടി സെക്രട്ടറിയെ മോശമാക്കാനല്ല അങ്ങനെ പറഞ്ഞത്. ദയവായി അങ്ങനെ തെറ്റിദ്ധരിക്കരുത്. അദ്ദേഹം ഗവൺമെന്റിന്റെ നയത്തെ സ്വാഗതം ചെയ്തു എന്ന നല്ല അർത്ഥത്തിലാണ് പറഞ്ഞത്. കേരളത്തിൽ മദ്യത്തിന്റെ ഉപയോഗം വളരെ alarming സ്റ്റേജിലായിരുന്നു. ഇവിടെ ഇത്രയും ചോദ്യങ്ങൾ ചോദിച്ചെങ്കിലും ലഹരിമരുന്നുകളെക്കുറിച്ച് ആരും ചോദിച്ചില്ല. കേരളത്തിൽ ഇപ്പോഴുള്ള പ്രശ്നം അതാണ്. എല്ലാവരും മദ്യത്തെക്കുറിച്ച് മാത്രമാണ് സംസാരിക്കുന്നത്. പക്ഷേ കേരളത്തിൽ ലഹരിമരുന്നിന്റെ ഉപയോഗവും വർദ്ധിച്ചുവരികയാണ്. അത് വളരെ അലാമിങ്ങായിട്ടുള്ള സിറ്റുവേഷനാണ്. അതുകൊണ്ടാണ് പെട്ടെന്ന് ഇങ്ങനെയൊരു നയം നടപ്പാക്കാൻ തീരുമാനിച്ചത്. കേരളം എല്ലാ കാര്യങ്ങളിലും ഇന്ത്യക്ക്

മാതൃകയാണ്. അതുകൊണ്ട് മദ്യനയത്തിന്റെ കാര്യത്തിലും കേരളം ഇന്ത്യക്ക് മാതൃകയായി പ്രവർത്തിക്കാൻ തീരുമാനിച്ചു. പല നയങ്ങളും തീരുമാനങ്ങളും കേരളത്തിൽ നിന്നാണ് ഉണ്ടാകാറുള്ളത്. സബ്ജക്ട് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ തന്നെ എത്രയോ നിർദ്ദേശങ്ങൾ മദ്യത്തിനെതിരെ വയ്ക്കാറുണ്ട്. അദ്ദേഹം പറഞ്ഞതനുസരിച്ചാണ് ഒരു വില്ലേജിൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കി പഠിക്കാൻ തീരുമാനിച്ചത്. ഇതിന്റെ ദൂഷ്യവശങ്ങൾ വളരെയധികം വിലയിരുത്തി. നമ്മുടെ നാട്ടിൽ 13 വയസുള്ള കുട്ടികൾ വരെ മദ്യവും മയക്കമരുന്നും ഉപയോഗിക്കുന്നവരായി മാറിക്കഴിഞ്ഞു. അതുകൊണ്ടാണ് ഈ നയം ആവിഷ്കരിച്ചത്. ഒരു നയം നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രായോഗികമായ പ്രശ്നങ്ങൾ ഉയർന്നുവന്നു. അതാണ് ടൂറിസം മേഖലയെ ബാധിക്കുന്നതായ ആക്ഷേപം. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് അയച്ച എന്നുപറഞ്ഞത് അവരുടെ നിവേദനമാണ്. ആ സാഹചര്യമാണ് ഞങ്ങൾ വിലയിരുത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, സാധാരണ എല്ലാ വർഷവും മാർച്ച് 31 -ന് മുമ്പാണ് മദ്യനയം പ്രഖ്യാപിക്കാറുള്ളത്. അസാധാരണമായ സാഹചര്യത്തിൽ മദ്യനയം മൂന്ന് മാസംകൂടി നീട്ടുകയും പിന്നെ പ്രഖ്യാപിക്കുകയുമാണ് ചെയ്യുന്നത്. ഇവിടെ സാധാരണ നയവുമല്ല അസാധാരണ നയവുമല്ല സ്വീകരിച്ചത്. മദ്യനയം പ്രഖ്യാപിക്കാതെ ഏപ്രിൽ മാസം 2-ാം തീയതി ഗവൺമെന്റ് 418 ബാറുകൾ അടച്ചുപൂട്ടുകയെന്ന പുതിയൊരു നയം ഏകപക്ഷീയമായി നടപ്പിലാക്കിയതിന്റെ ഫലമായി എന്തെങ്കിലും നേട്ടം ഗവൺമെന്റിനുണ്ടായിട്ടുണ്ടോ; മദ്യത്തിൽ നിന്ന് വരുമാനം വേണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മദ്യനിരോധനമെന്ന് കെ.പി.സി.സി. പ്രസിഡന്റും പറയുമ്പോൾ ഈ ഗവൺമെന്റിന് ഒരു മദ്യനയമുണ്ടോ ഉണ്ടെങ്കിൽ ആരാണ് ആ മദ്യനയം ആവിഷ്കരിച്ചിട്ടുള്ളത് ?

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. കെ. ഗുരുദാസൻ, ചോദ്യം വളരെ നീണ്ടുപോകുന്നു.

ശ്രീ. പി.കെ. ഗുരുദാസൻ: സർ, ഇത്തരം നയം സ്വീകരിക്കുന്ന ഗവൺമെന്റ് നപുംസക ഗവൺമെന്റാണോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. കെ. ബാബു: സർ, ശ്രീ. പി. കെ. ഗുരുദാസൻ ചോദിച്ച ഭാഷയിൽ ഞാൻ മറുപടി പറഞ്ഞാൽ അത് പാർലമെന്ററി ആകില്ല. അങ്ങയോടുള്ള ബഹുമാനവും ആദരവും ഉള്ളതുകൊണ്ട് ആ വാക്കുകൾക്ക് മറുപടി പറയുന്നില്ല. 418 ഹോട്ടലുകൾ അടച്ചുപൂട്ടണമെന്ന് കോടതി പറഞ്ഞതായി അങ്ങയുടെ പാർലമെന്ററി പാർട്ടിയിലെ അംഗമായ ശ്രീ. എം. ചന്ദ്രനാണ് അത് പറഞ്ഞത്. കോടതി അങ്ങനെ പറഞ്ഞിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. സി. ആന്റ് എ. ജി.

യും സുപ്രീം കോടതിയും പറഞ്ഞുവെന്ന് ശ്രീ. എം. ചന്ദ്രനാണ് പറഞ്ഞത്. ശ്രീ. പി. കെ. ഗുരുദാസൻ, ശ്രീ. എം. ചന്ദ്രനുമായി ആശയമവിനിമയം നടത്തുന്നത് നന്നായിരിക്കും. അദ്ദേഹത്തിനാണ് കൺഫ്യൂഷൻ, എനിക്ക് കൺഫ്യൂഷനില്ല. വരുമാനത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 100 ശതമാനം ശരിയാണ്. മദ്യവിൽപ്പന വർദ്ധിപ്പിച്ചുകൊണ്ട് വരുമാനം കൂട്ടാൻ ഉദ്ദേശിക്കുന്നില്ല, മദ്യവിൽപ്പന കുറച്ചിട്ടുണ്ട്. ആ സമയം മദ്യഉപയോഗം കുറയ്ക്കാൻവേണ്ടി ക്രമാതീതമായി ടാക്സ് വർദ്ധിപ്പിച്ചു. അല്ലാതെ മദ്യഉൽപ്പാദനവും വിൽപ്പനയും ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടില്ല.

ശ്രീ. ബി. സത്യൻ: സർ, മദ്യനിരോധനം പോലെ തന്നെ നിരോധിക്കേണ്ടതാണ് അഴിമതിപരമായ കാര്യങ്ങളും. അഴിമതി നിരോധന നിയമം നിലനിൽക്കുന്ന രാജ്യമാണ് നമ്മുടേത്. പൊതുപ്രവർത്തക അഴിമതി നിരോധന നിയമ പ്രകാരം ഒരു വ്യക്തി, രാജ്യം ഭരിക്കുന്ന എം.എൽ.എ.യോ മന്ത്രിയോ ആയാലും കൈക്കൂലി വാങ്ങിയെന്ന് പരസ്യമായി പറഞ്ഞാൽ കൈക്കൂലി കൊടുത്ത ആളിന്റേയും വാങ്ങിയ ആളിന്റേയും പേരിൽ കേസ് എടുക്കാൻ നിയമമുണ്ടോ; ...........(ബഹളം) .................ഇവിടെ ധനകാര്യവകുപ്പുമന്ത്രിക്ക്..... പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നു. പരസ്യമായി പ്രഖ്യാപിച്ച...... (മൈക്ക് ഓഫ്) .........

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ചോദ്യം അനുവദിച്ചിട്ടില്ല. ചോദ്യത്തിന് ഉത്തരം പറയേണ്ട. ശ്രീ. സി. കെ. സദാശിവൻ ചോദ്യം ചോദിക്കൂ. ശ്രീ. ബി. സത്യൻ, ഇത് ചോദ്യോത്തരവേളയാണ്. ചോദ്യോത്തരവേള ഇങ്ങനെ നിർവ്വഹിച്ചാൽ എന്തുചെയ്യും? ...... (ബഹളം)........ അടിയന്തരപ്രമേയം വരികയല്ലേ. അപ്പോൾ ഈ വിഷയം ഇഷ്ടംപോലെ സംസാരിക്കാമല്ലോ. ......(ബഹളം)........ഇത് ചോദ്യോത്തര സമയമാണ്. അഴിമതി ആരോപണം ഉന്നയിക്കാനുള്ള സമയമല്ല. അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. ആ സമയത്ത് നിങ്ങൾക്ക് എന്തും പറയാം. മിനിസ്റ്റർ മറുപടി പറയുന്നുണ്ടോ?

ശ്രീ. കെ. ബാബു: സർ, ഇല്ല മറുപടി പറയുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ മറുപടി പറയുന്നില്ലെന്നാണ് പറയുന്നത്........ (ബഹളം) ........ ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയണം.

ശ്രീ. കെ. ബാബു: ചട്ടം അനുസരിച്ച് ചോദ്യോത്തരവേളയിൽ ദുഃസൂചന പാടില്ലെന്ന് ഞാൻ നേരത്തെ പറഞ്ഞതാണ്. ...... (ബഹളം) ........ മറുപടി പറയേണ്ടെന്ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ആദ്യം പറഞ്ഞു. ഇപ്പോൾ മറുപടി പറയാൻ അദ്ദേഹം പറഞ്ഞു. ...... (ബഹളം) ........

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, തർക്കത്തിലേയ്ക്ക് പോകണ്ട. ചോദ്യത്തിൽ ഒതുങ്ങിനിന്ന് ചോദിക്കണം. റൂൾസിൽ വളരെ വ്യക്തമായി പറയുന്നുണ്ട് ....... (ബഹളം) ........ ശ്രീ. എ. കെ. ബാലൻ, ചെയർ പറയുന്നത് കേൾക്കണം. ചോദ്യോത്തര സമയത്ത് അഴിമതി ആരോപണം ഉന്നയിക്കാൻ പാടില്ലെന്ന് റൂൾസിൽ പറയുന്നുണ്ട്. സ്പീക്കർക്ക് നിഷേധിക്കാൻ അധികാരമില്ലെന്നു പറയുന്നത് എന്തുകൊണ്ടാണ്? ബഹുമാനപ്പെട്ട മിനിസ്റ്റർ, ..... (ബഹളം) ........ ശ്രീ. ബി. സത്യൻ ചോദ്യം ചോദിക്കൂ.

ശ്രീ. ബി. സത്യൻ: സർ, നിയമവാഴ്ച നിലനിൽക്കുന്നതും അഴിമതി നിരോധന നിയമം ശക്തമായി നടപ്പിലാക്കുന്നതുമായ രാജ്യമാണ് നമ്മുടേത്. പൊതുപ്രവർത്തക അഴിമതി നിരോധന നിയമപ്രകാരം ഒരു വ്യക്തി കൈക്കൂലി കൊടുത്തുവെന്നും മറ്റൊരാൾ അത് വാങ്ങിയെന്നും പറഞ്ഞാൽ വ്യവസ്ഥ പ്രകാരം നിലവിൽ സർക്കാരിന് നേരിട്ട് അന്വേഷിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കാം. ധനകാര്യ വകുപ്പുമന്ത്രി ഒരു കോടി രൂപ കൈക്കൂലി വാങ്ങിയെന്ന് പരസ്യമായി പ്രഖ്യാപിച്ച .......... (മൈക്ക് ഓഫ്) .........

ശ്രീ. കെ. ബാബു: സർ, ഇവിടെ ചോദിച്ച ചോദ്യവുമായി ബന്ധമില്ലെങ്കിലും ഞാൻ മറുപടി പറയാം. നമ്മുടെ സംസ്ഥാനത്ത് അഴിമതി നിരോധന നിയമമുണ്ട്. ആ നിയമമനുസരിച്ച് subject to correction, ഞാൻ മനസ്സിലാക്കുന്നു. ഒരാൾ ഒരു പദവി ദുർവിനിയോഗം ചെയ്ത് മറ്റൊരാൾക്ക് എന്തെങ്കിലും സഹായം ചെയ്തുകൊടുക്കുന്നതിന്റെ പേരിൽ എന്തെങ്കിലും നേട്ടമുണ്ടായാൽ അത് അഴിമതിയാണ്. ഇവിടെ പദവി ദുർവിനിയോഗം ചെയ്ത് എന്തെങ്കിലം സൗകര്യങ്ങൾ ബാർ ഹോട്ടലുകാർക്ക് ചെയ്തുകൊടുത്തിട്ടുണ്ടോ? ........... (ബഹളം) ............ചെയ്തിട്ടില്ല. അഴിമതി നിരോധന നിയമത്തിൽ പറയുന്നതനുസരിച്ച് പദവി ദുർവിനിയോഗം ചെയ്ത് മറ്റൊരാൾക്ക് നേട്ടമുണ്ടാക്കിക്കൊടുത്തിട്ടില്ലെന്ന് മാത്രമല്ല, ബാർ ഹോട്ടലുകൾ അടച്ചുപൂട്ടുകയാണ് ഗവൺമെന്റ് ചെയ്തത്. അതുകൊണ്ട് അടിസ്ഥാന രഹിതമായ ആരോപണം ഉന്നയിക്കുന്നത് ശരിയല്ല.

ശ്രീ. സി. കെ. സദാശിവൻ: സർ, മദ്യം വിഷമാണ്, ഉണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത് എന്ന് ശ്രീനാരായണ ഗുരുസ്വാമിയും മദ്യപൻ വ്യഭിചാരിയേക്കാളും പിടിച്ചുപറിക്കാരനേക്കാളും ഹീനനാണെന്ന് മഹാത്മാ ഗാന്ധിയും പറഞ്ഞിട്ടുണ്ട്. ശ്രീ. എ. കെ. ആന്റണി മദ്യനിരോധനം നടപ്പിലാക്കുകയും പടിപടിയായി പൂർണ്ണമായും മദ്യനിരോധനം നടപ്പിലാക്കുമെന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് പ്രഖ്യാപിക്കുകയും ചെയ്തതാണ്. പക്ഷേ, അതും പൊളിഞ്ഞത് കേരളം കണ്ടതാണ്. എന്ത് ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഗവൺമെന്റ് സമ്പൂർണ്ണ

മദ്യ നിരോധന നയം പ്രഖ്യാപിച്ചിരിക്കുന്നത്; മദ്യവർജ്ജനത്തിന് മുന്തിയ പരിഗണന നൽകിക്കൊണ്ട് ഈ നയം പുനഃപരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ബാബു: സർ, ശ്രീനാരായണ ഗുരുദേവനേയും മഹാത്മാ ഗാന്ധിയേയും ശ്രീ. എ. കെ. ആന്റണിയേയും ഉദ്ധരിച്ചുകൊണ്ടാണ് ശ്രീ. സി. കെ. സദാശിവൻ ചോദ്യം ചോദിച്ചത്. അവർ പറഞ്ഞതനുസരിച്ചുള്ള നയമാണ് ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്നത്. അത് പുനഃപരിശോധിക്കണമെന്നാണ് അങ്ങ് പറയുന്നത്. അതിനുള്ള മറുപടി ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. സണ്ണി ജോസഫ്: സർ, മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കുമ്പോൾ ആ മേഖലയിൽ തൊഴിൽ നഷ്ടപ്പെടുന്നവർക്കുള്ള പുനരധിവാസ നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; മറ്റൊരു കാര്യം വ്യാജമദ്യം പ്രചരിപ്പിക്കാനും കൂടുതലായി വ്യാപിപ്പിക്കാനും, അയൽ സംസ്ഥാനങ്ങളിൽ, പ്രത്യേകിച്ചും അതിർത്തി പ്രദേശങ്ങളിൽ നിന്നും മദ്യം കൊണ്ടുവരാനുമുള്ള നീക്കവും ഉണ്ടായിട്ടുണ്ട്. ഇത് തടയുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ബാബു: സർ, ശ്രീ. സണ്ണി ജോസഫ് ചോദിച്ചത് രണ്ട് കാര്യങ്ങളാണ്. ഒന്ന് അടച്ചുപൂട്ടിയ ബാറിലെ തൊഴിലാളികളുടെ പ്രശ്നമാണ്. മദ്യ വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് എന്നിവയുടെ ഔദ്യോഗിക കണക്കനുസരിച്ച് അടച്ചുപൂട്ടിയ ബാറിലെ തൊഴിലാളികളുടെ എണ്ണം 7110 ആണ്. ആ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ രൂപീകരിച്ച് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇവർക്ക് ഓണക്കാലത്ത് 5000 രൂപ സഹായം നൽകിയിരുന്നു. ക്രിസ്തുമസ്, പുതുവത്സരം പ്രമാണിച്ച് 10000 രൂപ സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ആത്മഹത്യ ചെയ്ത 10 തൊഴിലാളികളുടെ കുടുംബത്തിന് 2 ലക്ഷം രൂപ വീതം നൽകാനും തീരുമാനിച്ചിട്ടുണ്ട്. അതും ഉടൻ നടപ്പാക്കുന്നതാണ്. അതിർത്തിയിലെ പരിശോധന കർശനമാക്കാൻ എക്സൈസ്, പോലീസ്, ഫോറസ്റ്റ് വകുപ്പുകൾ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ എക്സൈസ് വകുപ്പിൽ ഫോഴ്സിന്റെ പരിമിതിയുണ്ടെങ്കിലും വീഴ്ചയില്ലാതെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## വർഗ്ഗീയ സംഘടനകളുടെ പ്രവർത്തനം

3 (*3) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വർഗ്ഗീയ സംഘടനകൾ അസ്വാസ്ഥ്യം സൃഷ്ടിക്കാൻ ശ്രമിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കുന്നതിന് ബോധപൂർവ്വമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ;

(സി) വർഗ്ഗീയ സംഘടനകളോട് പോലീസ് വിധേയത്വം കാണിച്ചു വരുന്നതും അവരുടെ ക്രൂരകൃത്യങ്ങൾ തടയാൻ തയ്യാറാകാതിരിക്കുന്നതും വൻ ദുരന്തത്തിനിടയാക്കുമെന്ന ആക്ഷേപം ശ്രദ്ധിക്കുമോ;

(ഡി) വർഗ്ഗീയ സംഘടനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നുണ്ടോ; സർക്കാർ സംവിധാനങ്ങൾ ഇവർക്ക് സഹായങ്ങൾ നൽകിവരുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഉണ്ട്.

(ബി) വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കുന്നതിന് ബോധപൂർവ്വമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വർഗ്ഗീയ സംഘടനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചു വരുന്നതും കൂടാതെ വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പ്രത്യേക നിരീക്ഷണവും, പട്രോളിംഗ് നടത്തിയും സാമുദായിക സംഘർഷം ഉണ്ടാകാൻ സാധ്യതയുള്ള സംഭവങ്ങളിൽ അടിയന്തരമായി ഇടപെട്ട് ആയത് തുടക്കത്തിൽതന്നെ ഇല്ലാതാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നുണ്ട്.

(സി) വർഗ്ഗീയ സംഘടനകളോട് പോലീസ് വിധേയത്വം കാണിക്കുന്നു എന്നുള്ള ആക്ഷേപം ശരിയല്ല.

(ഡി) പോലീസ് ഇന്റലിജൻസിന്റെ സഹായത്തോടെ വർഗ്ഗീയ സംഘടനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുവരുന്നുണ്ട്. സർക്കാർ സംവിധാനങ്ങൾ

വർഗ്ഗീയസംഘടനകൾക്ക് സഹായങ്ങൾ നൽകുന്നില്ല.

**ജസ്റ്റീസ് ശിവരാജൻ കമ്മീഷൻ**

4 (*4) ഡോ. കെ. ടി. ജലീൽ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഓഫീസ്, പേഴ്സണൽ സ്റ്റാഫ്, മുൻ ആഭ്യന്തര മന്ത്രി, മുൻകേന്ദ്ര മന്ത്രി എന്നിവർക്കെതിരെ ഉയർന്നിട്ടുള്ള ആരോപണങ്ങൾ കൂടി അന്വേഷണ വിഷയങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തി, ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആരോപണവിധേയർ തൽഅധികാരസ്ഥാനങ്ങളിൽ തുടരുന്നത് തെളിവുകൾ നശിപ്പിക്കപ്പെടാൻ ഇതിടയാക്കുമെന്ന കാര്യം വിജിലൻസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജുഡീഷ്യൽ അന്വഷണം നടത്തുന്ന കമ്മീഷൻ, അന്വേഷണ വിഷയങ്ങൾ പുതുക്കുന്നതിനായി കണ്ടെത്തിയ വസ്തുതകൾ ആരോപണ വിധേയരായിട്ടുള്ളവർ ഔദ്യോഗിക സ്ഥാനങ്ങൾ ദുരുപയോഗം ചെയ്തുവെന്ന് പ്രഥമദൃഷ്ട്യാ ശരിവെക്കുന്നുണ്ടോ ;

(ഡി) സർക്കാർ നൽകിയ ടേംസ് ഓഫ് റഫറൻസിൽ മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ ഓഫീസും ഏതെങ്കിലും മന്ത്രിമാരും ഓഫീസുകളും ഉൾപ്പെട്ടുത്തിയിട്ടുണ്ടായിരുന്നുവോ; ഇവകൂടി പുതുതായി ഉൾപ്പെടുത്തുന്നത് ഏത് ഘട്ടത്തിലാണെന്നും സാഹചര്യം എന്താണെന്നും അറിയിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ജസ്റ്റീസ് ശിവരാജൻ കമ്മീഷൻ ടേംസ് ഓഫ് റഫറൻസിലെ ഒന്നാമത്തെ ഇനം സംബന്ധിച്ച് വ്യക്തത വരുത്തുകയല്ലാതെ ഏതെങ്കിലും ഒരു പുതിയ വിഷയം അന്വേഷണ കമ്മീഷൻ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) ജസ്റ്റീസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ അന്വേഷണ വിഷയങ്ങൾ പുതുക്കിയിട്ടില്ല.

(ഡി) ജസ്റ്റീസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും

സംബന്ധിച്ച് കേരള നിയമസഭയിലും പുറത്തും ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ അരോപണങ്ങളും ഉൾപ്പെടുത്തിയിരുന്നു. ടേംസ് ഓഫ് റഫറൻസിൽ പുതിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

### ബാർ കോഴ ഇടപാട്

5 (*5) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴ ഇടപാട് അന്വേഷിക്കാൻ പോലീസ് ഉന്നതതലത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ ; ധനകാര്യ മന്ത്രി കെ.എം. മാണിക്ക് ബാറുടമകൾ ഒരു കോടി രൂപ നൽകിയതായുള്ള ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ബിജു രമേശിന്റെ വെളിപ്പെടുത്തലിനെ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; ആരോപണ വിധേയനായ മന്ത്രിയിൽ നിന്ന് അന്വേഷണ സംഘം മൊഴി എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ബാർ കോഴ ഇടപാടിൽ ആരോപണ വിധേയരായിട്ടുള്ള മറ്റുള്ളവർ ആരൊക്കെയാണ് ; ആരോപണത്തിന്റെ ഉള്ളടക്കത്തിൽ കുറ്റകൃത്യം അടങ്ങിയിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ ; നയപരമായ തീരുമാനം കൈക്കൊള്ളേണ്ട പ്രശ്നത്തിൽ വകുപ്പ് മന്ത്രിയും മുഖ്യമന്ത്രിയും അറിയാതെ ഇത്തരമൊരു ഇടപാട് നടക്കുകയില്ലെന്ന ആക്ഷേപത്തെക്കുറിച്ച് സർക്കാർ നിലപാട് വ്യക്തമാക്കാമോ ;

(സി) അടച്ചുപൂട്ടിയ ഓരോ ബാറിന്റെയും ഉടമകളിൽനിന്നും മന്ത്രിമാർ ഉൾപ്പെടെയുള്ളവർക്ക് നൽകാൻ പിരിച്ചെടുത്തതായി ആരോപിക്കപ്പെട്ട തുക എത്രയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) അന്വേഷണ ഉദ്യോഗസ്ഥന്മാർ അന്വേഷണം നേരിടുന്നവരുടെ ഭരണ നിർവ്വഹണത്തിൻ കീഴിലുള്ളവരായതിനാൽ, ഉന്നതതലത്തിലുള്ള പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കാനും, അവരുടെ അന്വേഷണം ശരിയായ ദിശയിൽ ഉറപ്പാക്കാനും സർക്കാർ തയ്യാറാകുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ബാർ കോഴ ഇടപാട് അന്വേഷിക്കുവാൻ വിജിലൻസ് ആന്റ്

ആന്റി കറപ്ഷൻ ബ്യൂറോയുടെ ദക്ഷിണമേഖലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്. ധനകാര്യ മന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ ഉള്ള ആരോപണത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ദക്ഷിണമേഖലാ ഓഫീസിൽ 4-11-2014 തീയതിയിൽ 14/2014 എസ്.ആർ.റ്റി. നമ്പരായി ഒരു സത്വരാന്വേഷണം ആരംഭിച്ചിട്ടുണ്ട്. അന്വേഷണ സംഘം ആരോപണവിധേയനായ മന്ത്രിയിൽ നിന്നും മൊഴിയെടുത്തിട്ടുണ്ട്. അന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി) മറ്റുള്ളവർക്കെതിരെ ആരോപണം ഉന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സത്വരാന്വേഷണം പുരോഗമിക്കുന്നു.

(ഡി) വിജിലൻസ് ഉദ്യോഗസ്ഥൻമാർക്ക് കേസ് അന്വേഷണം/വിജിലൻസ് അന്വേഷണം/സത്വരാന്വേഷണം എന്നിവ നടത്തുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. വിജിലൻസ് സത്യസന്ധമായും കാര്യക്ഷമമായും ആണ് അന്വേഷണം നടത്തുന്നത്. വിജിലൻസ് അതിന്റെ നിയമപരമായ കടമ നിറേവറ്റുന്നതിൽ മറ്റു പരിഗണനകൾക്കൊന്നും യാതൊരു സ്ഥാനവുമില്ല.

**ഇന്നൊവേഷൻ കൗൺസിലിന്റെ ഘടനയും പ്രവർത്തനവും**

6 (*6) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകരിച്ച ഇന്നൊവേഷൻ കൗൺസിലിന്റെ ഘടന വ്യക്തമാക്കുമോ ;

(ബി) 2013-ൽ രൂപീകൃതമായ കൗൺസിൽ ഇതേവരെ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) കേന്ദ്ര ഇന്നൊവേഷൻ കൗൺസിലിന്റെ ഘടനയുമായി സംസ്ഥാന ഇന്നൊവേഷൻ കൗൺസിലിന് സാമ്യമുണ്ടോ എന്നും സംസ്ഥാന കൗൺസിൽ ഇതഃപര്യന്തം ഏതൊക്കെ വിഷയങ്ങൾ പരിഗണിച്ച് തീരുമാനത്തിലെത്തിയിട്ടുണ്ട് എന്നത് സംബന്ധിച്ചുമുള്ള വിശദവിവരം നല്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) സ.ഉ. (ആർറ്റി.) നമ്പർ 272/13/പ്ലാനിംഗ് തീയതി 8-7-2013 പ്രകാരം ശ്രീ. കെ. ജോസ് സിറിയക് ഐ.എ.എസ്., ചീഫ് സെക്രട്ടറി (റിട്ടയേർഡ്) ചെയർമാനായി കേരള സ്റ്റേറ്റ് ഇന്നൊവേഷൻ കൗൺസിൽ രൂപീകരിച്ചു. തുടർന്ന് സ.ഉ. (എംഎസ്.) നമ്പർ 37/2014/ പ്ളാനിംഗ് തീയതി 14-8-2014 പ്രകാരം 19 അംഗങ്ങളെ കൂടി കൗൺസിലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുകയുണ്ടായി. പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 14-8-2014-ലെ സർക്കാർ ഉത്തരവിലൂടെ 19 അംഗങ്ങളെ നാമനിർദ്ദേശം ചെയ്തതിനുശേഷം കൗൺസിലിന്റെ ആദ്യ മീറ്റിംഗ് 1-10-2014-ൽ ചേരുകയുണ്ടായി.

(സി) ഇന്നൊവേഷൻ മേഖലയുമായി ബന്ധമുള്ള പ്രധാന വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരേയും പ്രത്യേക മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ച അനുദ്യോഗ സ്ഥൻമാരേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു മുഴുവൻ സമയ ചെയർമാന്റെ അദ്ധ്യക്ഷതയിലാണ് കേന്ദ്ര ഇന്നൊവേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുള്ളത്. അതേ മാതൃകയിലാണ് സംസ്ഥാന ഇന്നൊവേഷൻ കൗൺസിലും രൂപീകരിച്ചിട്ടുള്ളത്.

കൗൺസിലിന്റെ 1-10-2014-ലെ യോഗത്തിന്റെ മിനിറ്റ്സ് അനുബന്ധമായി വയ്ക്കുന്നു.*

**നീര ഉല്പാദനത്തിനും വിതരണത്തിനും അനുമതി**

7 (*7) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉല്പാദിപ്പിക്കുന്നതിനും വിതരണം നടത്തുന്നതിനും എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ;

(ബി) നീരയുടെ ഉല്പാദനത്തിനും വിതരണത്തിനും വേണ്ടി ബന്ധപ്പെട്ട നിയമങ്ങളിൽ മാറ്റം വരുത്താൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) നീരയുടെ ഉല്പാദനവും വിതരണവും നിരീക്ഷിക്കാനും നിയന്ത്രിക്കാനും ഭരണതലത്തിൽ സംവിധാനം ഒരുക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു:)

(എ) 23-9-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 160/2013/നി.വ. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിന്, കള്ളുഷാപ്പുകൾ വില്പന നടക്കാത്തതിനാൽ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ, ഒന്നിൽ കൂടുതൽ യൂണിറ്റുകൾക്കും മറ്റ് ജില്ലകളിൽ ഓരോ യൂണിറ്റുകൾക്കും നീര ഉല്പാദിപ്പിക്കുവാൻ ആദ്യഘട്ടത്തിൽ എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സംസ്ഥാന ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷികസർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെലവപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് ലൈസൻസ് നൽകി സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിൽ സംസ്ഥാനത്താകെ 63 നാളികേര ഉല്പാദക ഫെഡറേഷനുകളുടെ യൂണിറ്റുകൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്.

(ബി) നീരയുടെ ഉൽപ്പാദനവും വിതരണവും നിയമവിധേയമാക്കുന്നതിന്റെ ഭാഗമായി 14-2-2014-ലെ ജി.ഒ.(പി) 27/2014/ നി.വ. പ്രകാരം "ദി കേരള സ്വീറ്റ് റ്റോഡി (നീര) റൂൾസ് 2014" പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ടി റൂൾസ് പ്രകാരമാണ് സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും അനുമതി നൽകിയിട്ടുള്ളത്.

(സി) നീരയുടെ ഉല്പാദനവും വിതരണവും നിരീക്ഷിക്കുന്നതിന്റേയും നിയന്ത്രിക്കുന്നതിന്റേയും ഭാഗമായി "ദി കേരള സ്വീറ്റ് റ്റോഡി (നീര) റൂൾസ് 2014" പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. കൂടാതെ കൃഷി-എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച്, കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും 13-5-2014-ലെ ജി.ഒ. (എംഎസ്.) 66/2014/നി.വ. പ്രകാരം നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. തെങ്ങുകൃഷി കൂടുതൽ ആദായകരമായി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും നീരയെ ഒരു ആരോഗ്യ പാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

**വാഹനാപകടങ്ങളെക്കുറിച്ചുള്ള ഇടക്കാല റിപ്പോർട്ട്**

8 (*8) ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷന്റെ ഇടക്കാല റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ;

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ) :

(എ) ലഭിച്ചിട്ടുണ്ട്.

(ബി) 1. എൻ.എച്ച് - 17 - എൻ.എച്ച് - 47 എന്നീ റോഡുകൾ കമ്മീഷൻ പരിശോധിച്ച് 219 അപകടമേഖലകൾ കണ്ടെത്തുകയും, അപകടം ഒഴിവാക്കാൻ വേണ്ടിയുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ജില്ലകളിലെ റോഡ് സുരക്ഷാ കൗൺസിൽ ഇത് സംബന്ധിച്ച് ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കുവാൻ പരിശോധനാ റിപ്പോർട്ടുകൾ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് അപ്പപ്പോൾതന്നെ അയച്ചുകൊടുത്തിട്ടുമുണ്ട്. ഇനിയും ബാക്കിയുള്ള എൻ.എച്ച്. റോഡുകളും, സംസ്ഥാന റോഡുകളും, ജില്ലാ റോഡുകളും പരിശോധിക്കാനുണ്ട്. അവ പരിശോധിച്ചശേഷം അന്തിമ റിപ്പോർട്ടിൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതാണ്.

2. എൻ.എച്ച്-17, എൻ.എച്ച്-47 റോഡുകളിലെ വാഹനങ്ങളുടെ തിരക്ക് ഒരു പരിധിവരെയെങ്കിലും ഒഴിവാക്കുന്നതിനുവേണ്ടി "റോൾ ഓൺ - റോൾ ഓഫ് സംവിധാനം കേരളത്തിലും നടപ്പാക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. ഈ ശിപാർശയിന്മേൽ ജസ്റ്റീസ് ചന്ദ്രശേഖരദാസ് കമ്മീഷൻ തന്നെ റെയിൽവേ അധികാരികളുമായി പ്രാരംഭ ചർച്ചകൾ നടത്തിക്കഴിഞ്ഞു.

3. നാഷണൽ ഹൈവേ ഒഴികെയുള്ള നഗരങ്ങളിലെ റോഡുകളിൽ തിരക്കേറിയ സ്ഥലങ്ങളിൽ കാൽനടയാത്രക്കാർക്കുവേണ്ടി മേൽപ്പാലങ്ങൾ നിർമ്മിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്.

4. ബി.ഒ.ടി. സമ്പ്രദായത്തിൽ പ്രധാന നഗരങ്ങളിൽ പാർക്കിംഗ്

സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സ്വകാര്യവ്യക്തികൾക്ക് അനുവാദം നൽകുക.

5. ആർ.ഡി.ഒ. ആഫീസുകളിലെ അമിതമായ തിരക്ക് ഒഴിവാക്കാനും സമയബന്ധിതമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാനും വേണ്ടി വാഹനങ്ങൾ പരിശോധിച്ച് ഫിറ്റനസ് സർഫിക്കറ്റുകൾ നൽകുന്നതിന് കർശന നിയന്ത്രണങ്ങൾക്ക് വിധേയമായി സ്വകാര്യ സംരംഭകർക്ക് ലൈസൻസ് നൽകുക.

ഇവയാണ് ഇടക്കാല റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും.

(സി) കമ്മീഷൻ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിലെ ശിപാർശകൾ പഠിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ്

9 (*9) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് വർദ്ധിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ ദൂരീകരിയ്ക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കേന്ദ്ര-തമിഴ്നാട് സർക്കാരുകളുമായി സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്നു വിശദമാക്കാമോ ;

(സി) സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ നിലപാടുകൾ തമിഴ് നാട് സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 7-5-2014-ലെ വിധിന്യായ പ്രകാരം മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർത്താൻ തമിഴ്നാടിന് അനുമതി ലഭിച്ച സാഹചര്യത്തിൽ; കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി സാദ്ധ്യമായ എല്ലാനടപടികളും സ്വീകരിക്കണ മെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. ഇടുക്കി ജില്ലയിലെ മുല്ലപ്പെരിയാറിലും പരിസരത്തും ദുരന്തലഘൂകരണം, തയ്യാറെടുപ്പ് എന്നിവ ലക്ഷ്യമാക്കി മുല്ലപ്പെരിയാറിന് താഴെ ഇടുക്കി ഡാം വരെ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളാകമാനം ഉൾപ്പെടുത്തിക്കൊണ്ടും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ

നേതൃത്വത്തിൽ, വിവിധ സേവനദാതാക്കളുടെ സഹകരണത്തോടെ മുല്ലപ്പെരിയാർ ക്രൈസ്സിസ്സ് മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കിവരുന്നു. ജില്ലാ കളക്ടർ നേതൃത്വം നൽകുന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ആവശ്യമായ സുരക്ഷാ പ്രവർത്തനങ്ങൾ നടത്തുവാൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 136 അടിയിൽ എത്തിയപ്പോൾ തന്നെ വില്ലേജ് തലത്തിലും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തയ്യാറാക്കുകയുണ്ടായി.

മുല്ലപ്പെരിയാർ മേഖലയിലെ ഒരു ഷെൽട്ടർ ഒരു മാതൃകാ റസ്ക്യൂ ഷെൽട്ടറായി വികസിപ്പിക്കുന്നതിന് ജില്ലാ ഭരണകൂടം നടപടി സ്വീകരിച്ചുവരുന്നു. മേഖലയിൽ തടസ്സമില്ലാതെ വൈദ്യുതി വിതരണം ഉറപ്പാക്കാനും 24 മണിക്കൂറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പാക്കാനും കെ.എസ്.ഇ.ബി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അണക്കെട്ട് പ്രദേശത്തുള്ള ദുരന്ത സാഹചര്യങ്ങൾ വിശകലനം ചെയ്ത് ആവശ്യമായ സാമൂഹിക സാങ്കേതിക സുരക്ഷാനിർദ്ദേശങ്ങൾ നൽകുന്നതിനും നടത്തുന്നതിനും ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുകയും ചെയ്തു. സംസ്ഥാന ദുരന്ത പ്രതികരണ സേന (SDRF) യുടെ രണ്ട് ടീമുകളെ ഈ മേഖലയിലേക്ക് നിയോഗിക്കുയും ഏതടിയന്തരഘട്ടം നേരിടുവാനും അവരെ സജ്ജരാക്കുകയും ചെയ്തു. ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തുമ്പോൾ ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ കാര്യകാരണസഹിതം അറിയിച്ചിട്ടും മേൽനോട്ട സമിതിയിൽ നിന്നോ, തമിഴ്നാട് സർക്കാരിൽ നിന്നോ അനുകൂല നിലപാടുകൾ ഉണ്ടാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. നിജസ്ഥിതികൾ അറിയിച്ചുകൊണ്ട് കേന്ദ്രജല കമ്മീഷൻ ചെയർമാനും കേന്ദ്രജലവിഭവ സെക്രട്ടറിക്കും കത്തുകൾ നൽകിയിട്ടുണ്ട്. ജലനിരപ്പ് ക്രമീകരിക്കുന്നതിന് തമിഴ്നാടിന് നൽകാൻ കഴിയുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ വ്യക്തമാക്കിക്കൊണ്ട് അവ പരിഗണിക്കുന്നതിനായി 15-11-2014-ൽ കേരളം ബഹു. സുപ്രീംകോടതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) മുല്ലപ്പെരിയാർ വിഷയത്തിൽ കേരള നിയമസഭ 9-6-2014-ൽ ഉപക്ഷേപം പാസ്സാക്കിയ വിവരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തുമ്പോൾ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ വിശദീകരിച്ചുകൊണ്ടും; പ്രശ്നപരിഹാരത്തിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ടും മേൽനോട്ട സമിതിയിലെ കേരള പ്രതിനിധി; മേൽനോട്ട സമിതി ചെയർമാനും തമിഴ്നാട് പ്രതിനിധിയ്ക്കും 31-10-2014, 14-11-2014, 16-11-2014, 18-11-2014 തീയ്യതികളിൽ കത്തുകൾ നൽകി. കേരളത്തിലെ ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളാണ് കേരളം മേൽനോട്ട സമിതിയുടെ പരിഗണനക്കായി സമർപ്പിച്ചിരുന്നത്. ഡാമിലെ

ജലനിരപ്പ് 139.50 അടിയിലേക്ക് ഉയർന്നപ്പോൾ കേരളത്തിന്റെ ആശങ്കകൾ അറിയിച്ചും ഇക്കാര്യത്തിൽ അടിയന്തരമായി സ്വീകരിക്കേണ്ടുന്ന നടപടികൾ സംബന്ധിച്ച ക്രിയാത്മക നിർദ്ദേശങ്ങൾ അറിയിച്ചുകൊണ്ടും ബഹു. മുഖ്യമന്ത്രിയും തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നു. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 142 അടിയിലേയ്ക്ക് ഉയരാൻ ഇടയായാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ കാര്യകാരണസഹിതം അറിയിച്ചിട്ടും മേൽനോട്ട സമിതിയിൽ നിന്നോ, തമിഴ്നാട് സർക്കാരിൽ നിന്നോ അനുകൂല നിലപാടുകൾ ഉണ്ടാകാത്ത സാഹചര്യത്തിൽ ; നിജസ്ഥിതികൾ അറിയിച്ചുകൊണ്ട് കേന്ദ്രജലകമ്മീഷൻ ചെയർമാനും കേന്ദ്രജല വിഭവ സെക്രട്ടറിക്കും കത്തുകൾ നൽകിയിട്ടുണ്ട്.

(സി) സുപ്രീം കോടതിയുടെ 7-5-2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തുന്നതിന് തമിഴ്നാടിന് അനുവാദം ലഭിച്ചിട്ടുണ്ട്. ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തുന്ന കാര്യത്തിൽ മേൽനോട്ടം വഹിക്കുന്നതിനായി ഒരു മൂന്നംഗ മേൽനോട്ട സമിതിയെ നിയോഗിക്കാനും ബഹു. കോടതി ഉത്തരവായിരുന്നു. അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിലുള്ള ആശങ്ക ദൂരീകരിക്കുന്നതിനുകൂടിയാണ് മേൽനോട്ട സമിതിയെ നിയോഗിച്ചിട്ടുള്ളത്.

കേരളത്തിലെ ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ അറിയിച്ചുകൊണ്ടും മേൽനോട്ട സമിതിയുടെ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ടും കാര്യകാരണസഹിതം സംസ്ഥാന പ്രതിനിധിയും, കേരള സർക്കാരിനുവേണ്ടി ചീഫ് സെക്രട്ടറി പ്രത്യേകമായും കത്തുകളും നിവേദനവും നൽകിയെങ്കിലും, കേരളത്തിന്റെ ആവശ്യങ്ങളൊന്നും യഥാസമയം പരിഗണിക്കപ്പെട്ടില്ല. ഡാമിലെ ജലനിരപ്പ് 139.50 അടിയിലേക്ക് ഉയർന്നപ്പോൾ കേരളത്തിന്റെ ആശങ്കകൾ അറിയിച്ചും ഇക്കാര്യത്തിൽ അടിയന്തരമായി സ്വീകരിക്കേണ്ടുന്ന നടപടികൾ സംബന്ധിച്ച ക്രിയാത്മക നിർദ്ദേശങ്ങൾ അറിയിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രിയും തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നു. ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തിയാൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ചും തമിഴ്നാടിന് നൽകിയ കത്തുകളിൽ വിശദീകരിച്ചിരുന്നു. എന്നാൽ കേരളത്തിന്റെ ആവശ്യങ്ങൾക്ക് ഒരു പരിഗണനയും നൽകാതെ, സുപ്രീംകോടതി വിധിയുടെ മാത്രം അടിസ്ഥാനത്തിൽ ജലനിരപ്പ് 142 അടിയായി ഉയർത്തുന്നതിനുള്ള നടപടികൾ തമിഴ്നാട് സ്വീകരിച്ചു. ഇതുമൂലം കേരളത്തിലെ ജനങ്ങൾക്കും പ്രത്യേകിച്ച് പെരിയാർ തീരദേശവാസികൾക്കും കടുത്ത ആശങ്കയും മാനസിക പ്രയാസവും നേരിടുകയുണ്ടായി. കൂടാതെ സംസ്ഥാനത്തെ വനസമ്പത്തിനും, വന്യജീവികൾക്കും, ജൈവവൈവിദ്ധ്യത്തിനും ഹാനി സംഭവിക്കുകയുമുണ്ടായി.

## മാവോയിസ്റ്റ് ഭീഷണി നേരിടാൻ കർമ്മപദ്ധതി

10 (*10) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി നേരിടാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി പ്രത്യേക പോലീസ് സേന രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത ഭീഷണിയെ നേരിടാൻ ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) കണ്ണൂർ റേഞ്ച് ഡി.ഐ.ജി. തലവനായി കേരള ആന്റി ടെറർ സ്ക്വാഡ് എന്ന പോലീസ് സേന മാവോയിസ്റ്റ് ആക്രമണം ഉൾപ്പെടെയുള്ള തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. 223 Kerala anti Terror Squad സേനാംഗങ്ങളും 178 Thunderbolt Commando കളും ആന്റി നക്സൽ സേനാംഗങ്ങളായി പ്രവർത്തിച്ചുവരുന്നു. ആന്റി നക്സൽ സേനയിലേക്ക് വിന്യസിക്കേണ്ട പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത പോലീസ് ഉദ്യോഗസ്ഥർക്ക് ആന്ധ്രാപ്രദേശ് പോലീസിന്റെ കീഴിലുള്ള "ഗ്രേഹൗണ്ട്സിൽ" പരിശീലനം നൽകിയിട്ടുണ്ട്. ലോക്കൽ പോലീസ്, തണ്ടർ ബോൾട്ട്, ആന്റി നക്സൽ ഫോഴ്സ്, ഫോറസ്റ്റ് ഉദ്യോഗസ്ഥർ എന്നീ വിവിധ സേനാവിഭാഗങ്ങൾ ചേർന്ന് ശക്തമായി തിരച്ചിൽ നടത്തിയും, മാവോയിസ്റ്റുകളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചും, കോളനികൾ കേന്ദ്രീകരിച്ച് മാവോയിസ്റ്റുകളുടെ പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടി ആദിവാസികളുടെ ഇടയിൽ ബോധവൽകരണം നടത്തിയും, പൊതുജനങ്ങൾക്കിടയിൽ മാവോയിസ്റ്റുകളെ തിരിച്ചറിയുന്നതിന് ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചും, ഭീഷണിയുള്ള സ്ഥലങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ പ്രത്യേക സുരക്ഷ ഏർപ്പെടുത്തിയും മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ റേഞ്ച് ഡി.ഐ.ജി. തലവനായി കേരള ആന്റി ടെറർ സക്വാഡ് എന്ന പോലീസ് സേന മാവോയിസ്റ്റ് ആക്രമണം ഉൾപ്പെടെയുള്ള തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനായി രൂപീകരിച്ചിട്ടുണ്ട്.

(സി) മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷൻ തലം മുതൽ ജില്ലാ പോലീസ് മേധാവി തലംവരെയുള്ള ഉദ്യോഗസ്ഥരെ ശരിയാംവണ്ണം തെരഞ്ഞെടുക്കുന്നതിലും ആവശ്യമായ പരിശീലനം നൽകുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈകൊണ്ടുവരുന്നത്. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്.

(ഡി) വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിന് വനജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

## പോലീസ് കംപ്ലയിന്റ് അതോറിറ്റി

11 (*11) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. എം. ഉമ്മർ :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നും, പോലീസിന്റെ പ്രവർത്തനത്തിന് ഉദ്ദേശിച്ച ഗുണപരമായ സംഭാവന നൽകാൻ പര്യാപ്തമല്ലെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ നിയമവ്യവസ്ഥയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ&ബി) കേരള പോലീസ് ആക്ടിന്റെ സെക്ഷൻ 110 പ്രകാരമാണ് പോലീസ് കംപ്ലയിന്റ് അതോറിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ഇപ്രകാരം നിലവിൽ വന്ന ഈ അതോറിറ്റികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളിൽ നിരവധി പരാതികൾ തീർപ്പാക്കാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിലെ അംഗങ്ങളായ ജില്ലാ കളക്ടറുടെയും ജില്ലാപോലീസ് മേധാവിയുടേയും ഔദ്യോഗിക ജോലിഭാരം കണക്കിലെടുത്ത് ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി, രണ്ട് അംഗങ്ങളെക്കൂടി അധികമായി നിയമിക്കുന്നതിനായി കേരള പോലീസ് ആക്ട് 2011 ഭേദഗതി വരുന്നതിനുള്ള നടപടികൾ സർക്കാൻ സ്വീകരിച്ചുവരുന്നു.

**വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി**

12 (*12) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ആർ. സെൽവരാജ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ കീഴിൽ വിഴിഞ്ഞം വിവിധോദ്ദേശ്യ അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമാക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പാരിസ്ഥിതികാനുമതി : ഏതാണ്ട് രണ്ടു വർഷത്തോളം നീണ്ടുനിന്ന വിശദമായ പാരിസ്ഥിതികാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി മൂന്നിന് പാരിസ്ഥിതികാനുമതി ലഭ്യമാക്കി.

2. മാസ്റ്റർ പ്ലാൻ : ഇടത്തരം കപ്പൽ (9000 ടി.ഇ.യു.) അടുപ്പിക്കുന്നതിനുള്ള പഴയ മാസ്റ്റർ പ്ലാൻ 18,000 ടി.ഇ.യു. അടുപ്പിക്കുവാനുതകുന്ന തരത്തിൽ പരിഷ്കരിക്കുകയും 2013 മെയ് മാസം മാസ്റ്റർ പ്ലാനും ഡീറ്റയിൽസ് പ്രോജക്ട് റിപ്പോർട്ടും പൂർത്തീകരിക്കുകയുണ്ടായി.

3. പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ടെൻഡർ : പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതി ലഭ്യമായതിനെ തുടർന്ന് തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനും വേണ്ടിയുള്ള പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെൻഡർ 2013 ഡിസംബർ മാസത്തിൽ പുറപ്പെടുവിച്ചു. Viability Gap Funding മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ഈ ടെൻഡർ സമർപ്പിക്കുവാനുള്ള അവസാന തീയതി 2014 ഡിസംബർ 30 ആണ്.

4. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് : പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (VGF) ലഭ്യമാക്കുന്നതിനുവേണ്ടി പദ്ധതി ലാൻഡ് ലോർഡ് മോഡലിൽ നിലനിർത്തികൊണ്ടുതന്നെ പദ്ധതി ഘടന പുനർ നിർണ്ണയിച്ചു. 2014 ഏപ്രിൽ മാസത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (VGF) ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് സമർപ്പിച്ചു. 2014 ഒക്ടോബർ 29-ന് കൂടിയ കേന്ദ്ര ധനമന്ത്രാലയത്തിന്റെ ഉന്നതാധികാര സമിതി വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് അനുമതിയ്ക്ക് തത്വത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്. അന്തിമ അനുമതി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

5. ധനസമാഹരണം: വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ധന സമാഹരണത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ലീഡറായിട്ടുള്ള ബാങ്ക് കൺസോർഷ്യവും I.I.F.C. (India Infrastructure Finance Company Ltd.), HUDCO എന്നീ ധനകാര്യ സ്ഥാപനങ്ങളും സാമ്പത്തിക സഹായം നൽകുവാൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയ്ക്കായി 810 കോടി രൂപ സമാഹരിക്കേണ്ടത് ബോണ്ടുകളായാണ്. ഇതിനുവേണ്ടിയുള്ള റേറ്റിംഗ് പൂർത്തിയായി കഴിഞ്ഞു. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മുഖാന്തരം ടെൻഡർ

നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനസമാഹരണ മാർഗ്ഗങ്ങൾ പുനഃക്രമീകരിക്കേണ്ടതുണ്ട്.

6. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ: റെയിൽവേ ഒഴികെ പദ്ധതിയ്ക്ക് ആവശ്യമുള്ള ഭൂമിയുടെ 90 ശതമാനം ഏറ്റെടുത്തുകഴിഞ്ഞു. ഇതിൻ പ്രകാരം പദ്ധതിയ്ക്കായി ഇതുവരെ ആകെ 206.64 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. പദ്ധതിയ്ക്കാവശ്യമായ ജലം (3.3MLD) എത്തിക്കുന്നതിനുള്ള നിർമ്മാണം 2013 ഏപ്രിൽ മാസത്തിൽ പൂർത്തീകരിച്ചു. വൈദ്യുതി ലൈനിന്റെ നിർമ്മാണം നടന്നു വരുന്നു. റെയിൽ പാതയുടെ Detailed Project Report ഉടൻ പൂർത്തീകരിക്കുന്നതാണ്.

(ബി) 2014 ജനുവരി മാസം 3-ന് പദ്ധതിയ്ക്ക് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിക്കുവേണ്ടി L & T Ramboll തയ്യാറാക്കിയ വിശദമായ പഠന റിപ്പോർട്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിക്കുകയുണ്ടായി. അതിനുശേഷം പൊതുജനങ്ങളിൽ നിന്നും പരസ്യമായി തെളിവെടുക്കുകയും, തുടർന്ന് പദ്ധതിയുടെ പാരിസ്ഥിതിക പഠന റിപ്പോർട്ടും പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പരാതികളും ഉൾപ്പെടുത്തി കേന്ദ്ര വനം പാരിസ്ഥിതിക മന്ത്രാലയത്തിന് നൽകുകയുണ്ടായി. ഇവ ടി മന്ത്രാലയത്തിന് കീഴിൽ വരുന്ന വിദഗ്ധ സമിതി വിശദമായി പരിശോധിച്ച ശേഷം വിഴിഞ്ഞം അന്താരാഷ്ട്രതുറമുഖ പദ്ധതിയ്ക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പാരിസ്ഥിതികാനുമതി 2014 ജനുവരി 3 -ാം തീയതി നല്കി.

(സി) പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതി ലഭ്യമായതിനെ തുടർന്ന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും നടത്തിപ്പിനും വേണ്ടിയുള്ള പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെൻഡർ 2013 ഡിസംബർ മാസത്തിൽ പുറപ്പെടുവിച്ചു. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡമനുസരിച്ചുള്ള ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2014 ഡിസംബർ 30 ആണ്.

(ഡി) പാരിസ്ഥിതികാനുമതി ലഭിച്ചതിനെ തുടർന്ന് സ്വകാര്യ പങ്കാളിയെ നിർണ്ണയിക്കുന്നതിനുള്ള ഫിനാൻഷ്യൽ ബിഡ് നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. 2014 ഡിസംബർ മുപ്പതിനാണ് ബിഡ് ഡ്യൂ ഡേറ്റ് ആയി തീരുമാനിച്ചിട്ടുള്ളത്. ടെൻഡർ പ്രകാരമുള്ള സമയക്രമം പാലിച്ച് പദ്ധതിയുടെ നിർമ്മാണം 2015 നവംബർ മാസത്തോടെ തുടങ്ങാനുദ്ദേശിക്കുന്നു.

(ഇ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സംസ്ഥാന സർക്കാരിന്റെ മിഷൻ 676 നവരത്ന പദ്ധതിയിൽ മറ്റ് പദ്ധതികൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

**മന്ത്രവാദങ്ങളും ആഭിചാരകർമ്മങ്ങളും നിർവ്വഹിക്കുന്നവർക്കെതിരെ നടപടി**

13 (*13) ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. എ. ബേബി :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധവിശ്വാസങ്ങളും അനാചാരങ്ങളുംമൂലം സംസ്ഥാനത്ത് പൊതു ജീവിതം ശിഥിലീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മന്ത്രവാദത്തിനിടെ പത്തനംതിട്ടയിൽ ഒരു കോളേജ് വിദ്യാർത്ഥിനി മരിക്കാനിടയായ സാഹചര്യത്തിൽ സംസ്ഥാനം ഈ നിലയിലേയ്ക്ക് അധഃപതിക്കാനിടയായ സാഹചര്യങ്ങൾ പരിശോധിക്കുകയുണ്ടായോ ; എങ്കിൽ വിശദമാക്കാമോ ;

(സി) പ്രാകൃത വിശ്വാസങ്ങളും ആഭിചാരകർമ്മങ്ങളും പ്രചരിപ്പിക്കുകയും, നിർവ്വഹിക്കുകയും ചെയ്യുന്നവരെ നിയന്ത്രിക്കാനും അത്തരക്കാർക്കെതിരെ ശിക്ഷാനടപടി കൈക്കൊള്ളാനും തയ്യാറാകുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പ മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഇത്തരത്തിലുള്ള ചിലസംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1881/14 ൽ u/s. 336, 337, 304 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 8 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, 6 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും അവർ ജുഡീഷ്യൽ കസ്റ്റഡിയിലും ആണ്.

(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാലോ പരാതികൾ ലഭിച്ചാലോ നിലവിലുള്ള നിയമപ്രകാരം കർശന നടപടികൾ കൈകൊള്ളുന്നതാണ്. ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് എന്നിവ ഉപയോഗിച്ച് ഇത്തരം അന്ധവിശ്വാസങ്ങളും മറ്റും നിയന്ത്രിക്കാൻ പോലീസിനാൽ കഴിയുന്നവിധം നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രാകൃതവിശ്വാസങ്ങളും ആഭിചാരകർമ്മങ്ങളും ചെയ്യുന്നവരെ സംബന്ധിച്ച് വിവരം ലഭിച്ചാൽ അത്തരമാളുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് നിയമാനുസൃതമായ ശിക്ഷവാങ്ങിക്കൊടുക്കുന്നതിന് പോലീസ് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. ഒരു വിഭാഗം ജനങ്ങളുടെ അജ്ഞത മുതലെടുത്തുകൊണ്ട് സമൂഹത്തിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വളർത്തി സാമ്പത്തിക ചൂഷണത്തിന് വേണ്ടി വിധേയരാക്കുകയാണെന്നാണ് മനസ്സിലാക്കുന്നത്. ജാതി മത വേർതിരിവില്ലാതെ ഇത്തരം ചൂഷണത്തെ ചെറുക്കുന്നതിന് പോലീസ് വകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന് ശക്തമായ

നടപടികൾ എടുക്കുന്നുണ്ട്.

**ബാർ കോഴ ആരോപണം**

14 (*14) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ടി. വി. രാജേഷ്
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പുമന്ത്രി കെ.എം. മാണിക്കെതിരെ ബാർ വിഷയത്തിൽ കോഴ ആരോപണം ഉയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആരെല്ലാമാണ് ഇതുമായി ബന്ധപ്പെട്ട് പരാതികൾ നൽകിയിട്ടുള്ളത്; അവരുടെ പേരുവിവരങ്ങൾ വെളിപ്പെടുത്താമോ; ആക്ഷേപങ്ങൾ ഉന്നയിച്ചവർ ഉടൻ സമ്മർദ്ദങ്ങൾക്ക് ഇരയായതായുള്ള റിപ്പോർട്ടുകൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ബി) എത്ര രൂപ കോഴ ആവശ്യപ്പെട്ടതായും എത്ര രൂപ കൊടുത്ത തായിട്ടുമാണ് ആക്ഷേപം ഉയർന്നിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട് എന്ത് അന്വേഷണമാണ് നടത്തുന്നത് ;

(സി) പ്രസ്തുത അന്വേഷണത്തെത്തുടർന്ന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ഡി) ബാർ വിഷയത്തിൽ മന്ത്രി മാണിയുടേതല്ലാതെ മറ്റേതെങ്കിലും മന്ത്രിമാരുടെയും മുഖ്യമന്ത്രിയുടെയും പേരിൽ ആക്ഷേപം ഉയർന്നിട്ടുണ്ടോ; ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഹർജികളുടെയും റിപ്പോർട്ടുകളുടെയും വെളിച്ചത്തിൽ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്താമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ധനകാര്യവകുപ്പ് മന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ ബാർ വിഷയത്തിൽ കോഴ ആരോപണം ഉയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പരാതികൾ തന്നവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

ശ്രീ. വി. എസ്. അച്ചുതാനന്ദൻ - ബഹു. പ്രതിപക്ഷ നേതാവ്.

ശ്രീ. പി. കെ. രാജു, പട്ടം, മെഡിക്കൽ കോളേജ് - സ്വകാര്യ വ്യക്തി.

ശ്രീ. മുണ്ടേല ബഷീർ, നെടുമങ്ങാട് - സ്വകാര്യ വ്യക്തി.

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിൽ പരാതിക്കാർ സമ്മർദ്ദത്തിനിരയായതായി തെളിഞ്ഞിട്ടില്ല.

(ബി) അഞ്ചു കോടി രൂപ കോഴ ആവശ്യപ്പെട്ടതായും ഒരു കോടി രൂപ കൊടുത്തിട്ടുള്ളതുമായാണ് ആക്ഷേപം. ഇതുമായി ബന്ധപ്പെട്ട് ഒരു സത്വരാന്വേഷണമാണ് നടക്കുന്നത്.

(സി) പ്രസ്തുത വിഷയത്തിൽ ആരോപണം ഉന്നയിച്ചവരും, ആരോപണ വിധേയരായവരുമായ 26 പേരെ ചോദ്യം ചെയ്ത് മൊഴികൾ രേഖപ്പെടുത്തി. അന്വേഷണം പുരോഗതിയിൽ ആണ്.

(ഡി) ബാർ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രി മാണിയുടെതല്ലാതെ മറ്റേതെങ്കിലും മന്ത്രിമാരുടേയും മുഖ്യമന്ത്രിയുടെയും പേരിൽ ആക്ഷേപം ഉയർന്നതായി ഇതേവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മദ്യനയം**

15 (*15) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ദാസൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തന്നാണ്ടിലേക്കുള്ള മദ്യനയം രൂപീകരിച്ചത്, സർക്കാർ തന്നെ നിയോഗിച്ചിരുന്ന ഏകാംഗ കമ്മീഷന്റെയും ടാക്സസ് കമ്മീഷണറുടെയും ശിപാർശകൾ പരിഗണിച്ചുകൊണ്ടാണോ; എങ്കിൽ ഇവരുടെ ഏതെല്ലാം ശിപാർശകൾ അംഗീകരിച്ചു; തള്ളിയവ ഏവ; വിശദമാക്കാമോ; സർക്കാർ നയമനുസരിച്ച് പ്രവർത്തിക്കാവുന്ന ബാറുകൾ ഏതെല്ലാം ഗണത്തിൽപ്പെട്ടവയാണ്; അതുവഴി എല്ലാതരം മദ്യങ്ങളും വില്ക്കാനുദ്ദേശമുണ്ടോ;

(ബി) ഹൈക്കോടതി റദ്ദു ചെയ്ത മദ്യനയത്തിലെ വ്യവസ്ഥകൾ പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) പുതുതായി നിലവിൽ വരുന്ന ഫൈവ് സ്റ്റാർ, ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകാൻ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ടോ ; നിലപാട് വിശദമാക്കാമോ; ഈ ഗണത്തിൽപ്പെട്ട എത്ര അപേക്ഷകൾ

പരിഗണനയിലുണ്ട് ;

(ഡി) സമ്പൂർണ്ണ മദ്യനിരോധനം അപ്രായോഗികമാണെന്ന കാര്യം ഇതിനകം തന്നെ ബോദ്ധ്യമായിട്ടുണ്ടോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) 2014-15 വർഷത്തേക്കുള്ള മദ്യനയം രൂപീകരിച്ചത് സർക്കാർ നിയോഗിച്ചിരുന്ന ഏകാംഗ കമ്മീഷന്റേയും അതിന്മേൽ നികുതി വകുപ്പ് സെക്രട്ടറി നൽകിയ ശിപാർശകളും ഭാഗികമായി പരിഗണിച്ചുകൊണ്ടാണ്. സർക്കാരിന്റെ പുതിയ നയം അനുസരിച്ച് ഫൈവ് സ്റ്റാർ ഗണത്തിൽപ്പെട്ട ഹോട്ടലുകളിലെ ബാറുകൾ പ്രവർത്തിക്കാവുന്നതാണ്. ഫൈവ് സ്റ്റാർ ഹോട്ടലുകൾ വഴി വിദേശ മദ്യവും, ബിയറും, വൈനും, വിദേശ നിർമ്മിത വിദേശ മദ്യവും വിൽക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ഹൈക്കോടതി റദ്ദുചെയ്ത മദ്യനയത്തിലെ വ്യവസ്ഥകൾ പുനഃസ്ഥാപിക്കുവാൻ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(സി) നിലവിലെ മദ്യനയം അനുസരിച്ച് ഫൈവ് സ്റ്റാറും അതിനു മുകളിലും പദവിയിലുള്ള ഹോട്ടലുകൾക്ക് മാത്രമെ പുതുതായി ബാർ ലൈസൻസ് നൽകാൻ വ്യവസ്ഥയുള്ളൂ. ഫൈവ്സ്റ്റാർ ഗണത്തിൽപ്പെട്ട രണ്ട് ഹോട്ടലുകളുടെ അപേക്ഷകൾ ബാർ ലൈസൻസിനായി ലഭിച്ചിട്ടുണ്ട്. ഫോർ സ്റ്റാർ ഗണത്തിൽപ്പെട്ട ഹോട്ടലുകളിൽ നിന്നും ലഭിച്ച അപേക്ഷകൾ പുതിയ അബ്കാരി നയത്തിന്റെയും അതു പ്രകാരം വിദേശ മദ്യ ചട്ടത്തിൽ വരുത്തിയ ഭേദഗതികളുടേയും അടിസ്ഥാനത്തിൽ നിരസിച്ചിട്ടുണ്ട്.

(ഡി) മദ്യത്തിന്റെ ഉത്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**ജന സൗഹൃദ പോലീസ്**

16 (*16) ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. ജി. സുധാകരൻ :

ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ സംരക്ഷകരാകേണ്ട പോലീസ് സേന ജനമർദ്ദകരും പീഡകരുമായി മാറിക്കൊണ്ടിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനങ്ങളെ മർദ്ദിക്കാനും കള്ളക്കേസുകളിൽ കുടുക്കാനും അവകാശമുള്ളവരാണ് തങ്ങളെന്ന പോലീസ് സേനയിലുള്ളവരുടേതായി ആക്ഷേപിക്കപ്പെട്ട മനോഭാവം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി സമരത്തിലേർപ്പെടുന്ന പൊതുപ്രവർത്തകരുടെ നേർക്ക് നടക്കുന്നതായി ആക്ഷേപിക്കുന്ന മർദ്ദനമുറകൾ അവസാനിപ്പിക്കാമോ ; ഇതിൽ ഗുരുതരമായി പരുക്ക്ഏൽക്കുന്നവരുടെ പേരുവിവരങ്ങൾ ശേഖരിക്കാറുണ്ടോ ;

(ഡി) ജനങ്ങളോട് മാന്യമായി സംസാരിക്കുന്നതിനും പെരുമാറുന്നതിനും പോലീസിനു പരിശീലനം നല്കാനും പോലീസ് സേനയെ ജനസൗഹൃദസേനയാക്കി മാറ്റാനും നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) അത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനസേവകരായി തന്നെയാണ് പോലീസ് സേന പ്രവർത്തിയ്ക്കുന്നത്. അക്രമം നടക്കുന്ന അവസരങ്ങളിൽ പോലീസിന് ഏറ്റവും മിനിമം ബലം പ്രയോഗിക്കേണ്ട സാഹചര്യം അപൂർവ്വമായി ഉണ്ടാകാറുണ്ട്.

(ബി) പോലീസ് സേനയിലുള്ളവർക്ക് ഇത്തരമൊരു മനോഭാവം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനങ്ങളോട് മാന്യമായി പെരുമാറുന്നതിനും നിയമപരമായി കാര്യങ്ങൾ ചെയ്യുന്നതിനും, കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും അവ പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിച്ചുവരുന്നുമുണ്ട്. മറിച്ചുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

(സി) സമരത്തിൽ ഏർപ്പെടുന്നവർ പൊതുമുതൽ നശിപ്പിക്കുകയോ, അക്രമാസക്തമാവുകയോ ചെയ്യുകയാണെങ്കിൽ അവരെ ആയതിൽനിന്നും പിന്തിരിപ്പിക്കാൻ വേണ്ടി മാത്രമേ വളരെ ചെറിയ തോതിലുള്ള ബലപ്രയോഗം നടത്താറുള്ളൂ. സമാധാനപരമായി സമരത്തിലേർപ്പെടുന്ന പൊതുപ്രവർത്തകർക്ക് നേരെ മർദ്ദനമുറകൾ സ്വീകരിക്കാറില്ല. എന്നാൽ അക്രമാസക്തമാകുംവിധം പൊതുജനങ്ങൾക്കും, പൊതുമുതലിനും നാശം സംഭവിക്കത്തക്കവിധം പ്രവർത്തിക്കുന്ന സമരക്കാരെ നിയന്ത്രിക്കുന്നതിനുവേണ്ടി മിനിമം ബലപ്രയോഗം നടത്തി പിരിച്ചുവിടുകയാണ് പോലീസ് ചെയ്തുപോരുന്നത്. സമരത്തിന്റെ പേരിൽ അക്രമം നടക്കുമ്പോൾ മാത്രമേ നിയമാനുസരണം പോലീസ് ഇടപെടാറുള്ളൂ.

ഗുരുതരമായി പരുക്ക് ഏൽക്കുന്നവരുടെ പേരു വിവരങ്ങൾ ശേഖരിക്കാറുണ്ട്.

(ഡി) പോലീസ് മാന്യമായി തന്നെയാണ് ഇടപെടുന്നത്. ജനങ്ങളോട് മാന്യമായി സംസാരിക്കുന്നതിനും പെരുമാറുന്നതിനും പോലീസിനു പരിശീലനം നൽകുന്നതിന്റെ ഭാഗമായി എസ്.ഐ. മാർക്കുള്ള പുതുക്കിയ സിലബസിൽ കമ്മ്യൂണിറ്റി പോലീസിംഗ് സോഫ്റ്റ് സ്കിൽ ഡെവലപ്പ്മെന്റ് ബിഹേവിയറൽ ചേയ്ഞ്ചസ് ഇൻ പോലീസ് വർക്ക് തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ജനമൈത്രി ട്രെയിനിംഗ് സോഫ്റ്റ് സ്കിൽ ഡെവലപ്പ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ പോലീസുകാർക്കായി ഇൻസർവ്വീസ് കോഴ്സുകളും കേരളാ പോലീസ് അക്കാഡമിയിൽ നടത്തിവരുന്നുണ്ട്. ജനങ്ങളോട് മാന്യമായി സംസാരിക്കുവാനും, പെരുമാറുവാനും പോലീസുകാർക്ക് നിർദ്ദേശം നൽകികൊണ്ട് 10-9-2014-ൽ സംസ്ഥാന പോലീസ് മേധാവി നമ്പർ 6/14 ആയി സർക്കുലർ നൽകിയിട്ടുണ്ട്. ജനങ്ങളും പോലീസും തമ്മിലുള്ള സൗഹൃദം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന പോലീസ് സേനയിൽ ജനമൈത്രീ പോലീസ്, സറ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി, വനിതാ ഹെൽപ്പ് ലൈൻ, സിറ്റിസൺ ഹെൽപ്പ് ഡെസ്ക് തുടങ്ങിയ സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു. ജനമൈത്രി സംവിധാനം പോലീസ് സേനയെ ജനസൗഹൃദ സേനയാക്കി മാറ്റുന്നതിന് വളരെയധികം സഹായിക്കുന്നുണ്ട്. മോശമായി പെരുമാറുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**നികുതി ഏകീകരണം**

17 (*17) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നുള്ള വാഹനങ്ങൾക്ക് കർണ്ണാടകയിൽ അധിക നികുതി പിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) വാഹനങ്ങൾ രജിസ്ട്രേഷൻ നടത്തുന്നതിനായി കേരളത്തിൽനിന്നും അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## സംസ്ഥാന സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം

18 (*18) ശ്രീ. കെ. എം. ഷാജി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ് സെക്രട്ടേറിയറ്റിൻെറ പ്രവർത്തനത്തെക്കുറിച്ച് അനുകൂലമായും, പ്രതികൂലമായും നടന്ന വാദപ്രതിവാദങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിലുള്ള കാഴ്ചപ്പാടും പരിഹാര നിർദ്ദേശങ്ങളും വിശദമാക്കുമോ ;

(സി) സെക്രട്ടേറിയറ്റിൽ 2014 ഒക്ടോബർ 1-ലെ കണക്ക പ്രകാരം എത്ര ജീവനക്കാരാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) കാര്യക്ഷമമായ സേവനം നടത്താൻ പ്രാപ്തമാകുംവിധം ജീവനക്കാരുടെ സമീപനത്തിൽ മാറ്റം വരുത്താൻ നടപടികൾ സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) പത്രമാധ്യമങ്ങളിൽ ഇതു സംബന്ധിച്ച് വാർത്തകൾ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സെക്രട്ടേറിയറ്റടക്കമുള്ള എല്ലാ സർക്കാർ ഓഫീസുകളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനസേവനത്തിലധിഷ്ഠിതമാക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിന്റെ ഭാഗമായി ജീവനക്കാരുടെ സേവനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എല്ലാ വിഭാഗം ജീവനക്കാർക്കും ഫലപ്രദമായും സമയബന്ധിതമായും ട്രെയിനിംഗുകൾ നൽകുകയും സെക്രട്ടേറിയറ്റിലെത്തുന്ന ജനങ്ങൾക്ക് ജീവനക്കാരുടെ സേവനം മുടക്കം കൂടാതെ ലഭിക്കുന്നതിനായി പഞ്ചിംഗ് സമ്പ്രദായം കർശനമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. IDEAS എന്ന ഇൻറർനെറ്റ് അധിഷ്ഠിത ഫയൽ ട്രാക്കിംഗ് സിസ്റ്റം സെക്രട്ടേറിയറ്റിൽ വിജയകരമായി നടപ്പിലാക്കിവരുന്നു. ഇതുവഴി പൊതുജനങ്ങൾക്ക് സെക്രട്ടേറിയറ്റിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ തൽസ്ഥിതി സെക്രട്ടേറിയറ്റിൽ വരാതെ തന്നെ അറിയാൻ കഴിയും. പരാതികളുമായി വരുന്ന പൊതുജനങ്ങളെ സഹായിക്കുന്നതിനായി സെക്രട്ടേറിയറ്റിൽ 3 സന്ദർശക സഹായക കേന്ദ്രങ്ങളും ജനങ്ങൾക്ക് ഏതുസമയവും സർക്കാരിനെ സമീപിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററും ഇ-ഓഫീസ് നടപ്പിലാക്കുക വഴി സെക്രട്ടേറിയറ്റിന്റെ

ഭരണസമ്പ്രദായം ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികളാണ്. മാത്രമല്ല, സെക്രട്ടേറിയറ്റിൽ ഓരോ ഉദ്യോഗസ്ഥതലത്തിലുമുള്ള ഫയലുകളിൽ നീക്കം ഉറപ്പാക്കാൻ സമയപരിധി നിശ്ചയിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പ്രാബല്യത്തിലുണ്ട്. ഇത്തരം ഭരണനടപടികളിലൂടെയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക വഴിയും ജീവനക്കാർക്ക് മെച്ചപ്പെട്ട സേവന വേതന സൗകര്യങ്ങൾ അനുവദിക്കുന്നതിലൂടെയും സെക്രട്ടേറിയറ്റടക്കമുള്ള സർക്കാർ ജീവനക്കാർ അവരിൽ നിക്ഷിപ്തമായ കടമ നിർവ്വഹിക്കുകയും അർപ്പണബോധത്തോടുകൂടിയും കാര്യക്ഷമമായും സർക്കാർ സേവനം നിർവ്വഹിക്കുകയും ചെയ്യുന്നുണ്ട്.

(സി) സെക്രട്ടേറിയറ്റിൽ 2014 ഒക്ടോബർ 1-ലെ കണക്കുപ്രകാരം 4795 ജീവനക്കാരാണുള്ളത്.

(ഡി) പൊതുജനങ്ങൾക്ക് കാര്യക്ഷമമായ സേവനം ഉറപ്പുവരുത്തുന്നതിനും ജീവനക്കാരുടെ സമീപനത്തിൽ കൂടുതൽ ഗുണപരമായ മാറ്റം വരുത്തുന്നതിനുമുള്ള നിരവധി ഭരണപരമായ നടപടികൾ സർക്കാർ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

**തീരദേശ കപ്പൽ ഗതാഗത പദ്ധതി**

19 (*19) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) മത്സ്യബന്ധന മേഖലയ്ക്കും തീരദേശഗതാഗതത്തിനും പുത്തൻ ഉണർവ് നൽകാൻ എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതി അനുസരിച്ച് കാർഗോയ്ക്കും യാത്രക്കാർക്കും നൽകുന്ന ഇൻസെന്റീവ് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തുറമുഖ വികസനത്തിന് എന്തെല്ലാം നടപടികൾ സീകരിച്ചിട്ടുണ്ട് ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. റോഡ് - റെയിൽ മാർഗ്ഗങ്ങളിൽ കൂടിയുള്ള ചരക്കുനീക്കം കേരളത്തിലെ ചെറുകിട

തുറമുഖങ്ങൾ വഴി തിരിച്ച് വിടുന്നതിനാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ചരക്കുഗതാഗതത്തിന്റെ 15% 2015-ഓടുകൂടിയും, 40% 2020-ഓടുകൂടിയും 50% 2030-ഓടുകൂടിയും തീരദേശ കപ്പൽ ഗതാഗതം വഴി നടത്താനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിക്കുകയും പ്രസ്തുത പദ്ധതി 9-11-2013-ൽ കൊല്ലം തുറമുഖത്ത് വച്ച് ബഹു. കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇതിനോടകം കൊല്ലം തുറമുഖത്തെ പുനർജീവിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആദ്യഘട്ടത്തിൽ കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ കൂടിയാണ് ചരക്കുഗതാഗതം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 30-10-2014-ന് അഴീക്കൽ പോർട്ടിൽ കണ്ടെയ്നർ ചരക്കുകളുടെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. ഘട്ടംഘട്ടമായി ഈ പദ്ധതി ബേപ്പൂർ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ തുറമുഖങ്ങളി ലേക്കും വ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തുടക്കത്തിൽ കണ്ടെയ്നറുകൾ കയറ്റിയ കപ്പലുകൾ, കൊല്ലം വല്ലാർപാടം റൂട്ടിൽ ചരക്ക് കയറ്റിറക്കുമതി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും, മത്സ്യബന്ധന മേഖലയെ കൂടി ഉൾപ്പെടുത്തി തീരദേശ കപ്പൽ ഗതാഗതം വിപുലപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(സി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഒരു യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഇൻസെന്റീവിന്റെ കാലാവധി ഒരു വർഷത്തേക്ക് കൂടി (15-1-2015 വരെ) ദീർഘിപ്പിച്ചിട്ടുണ്ട്.

(ഡി) തീരദേശ കപ്പൽ ഗതാഗത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

- എല്ലാ തുറമുഖങ്ങളിലും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- തുറമുഖങ്ങളിലെ ചാനലിന്റേയും, ബേസിന്റേയും ആഴം കൂട്ടുന്നതിനായി 19 കോടി രൂപ മുതൽ മുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങുന്നതിനുള്ള സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.
- കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി കൊല്ലം തുറമുഖത്തെ മൊബൈൽ ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ വാങ്ങിയിട്ടുണ്ട്.

- കണ്ടെയ്നറുകൾ നീക്കം ചെയ്യുന്നതിനും യാർഡിൽ അടുക്കിവയ്ക്കുന്നതിനുമായി ഒരു കണ്ടെയ്നർ ഹാൻഡ്ലിംഗ് ഫോർക്ക് ലിഫ്റ്റ് കൊല്ലം തുറമുഖത്ത് സ്ഥാപിച്ചിട്ടുണ്ട്.
- കപ്പലിൽ നിന്നും കണ്ടെയ്നർ ഇറക്കുന്നതിന് കണ്ടെയ്നൽ ഹാൻഡ്ലിംഗ് ക്രെയിൻ 12 കോടി രൂപ ചെലവാക്കി കൊല്ലത്ത് സ്ഥാപിച്ചിട്ടുണ്ട്.
- വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിൽ ക്രെയിനും റീച്ച് സ്റ്റാക്കറും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കപ്പൽ വാർഫിൽ അടുപ്പിക്കുന്നതിനും, വലിച്ച് മാറ്റുന്നതിനുമായി 600 എച്ച്.പി. ശേഷിയുള്ള ബൊള്ളാർഡ് പുൾ ടഗ്ഗ് കൊല്ലം പോർട്ടിൽ കമ്മീഷൻ ചെയ്തിട്ടുണ്ട്.
- 100 ടൺ കപ്പാസിറ്റിയുള്ള വേയ് ബ്രിഡ്ജിന്റെ നിർമ്മാണം കൊല്ലം തുറമുഖത്ത് പൂർത്തിയാക്കിയിട്ടുണ്ട്.
- സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.
- കൊല്ലത്തും കൊടുങ്ങല്ലൂരും രണ്ട് വീതവും, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ഒന്നു വീതവും ഗോഡൗണുകൾ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- മത്സ്യ മാംസാദികൾ പച്ചക്കറികൾ, തുടങ്ങി പെട്ടെന്ന് നശിക്കുവാൻ സാദ്ധ്യതയുള്ള ചരക്കുകൾ സംഭരിച്ച് കേടുപാടു കൂടാതെ സൂക്ഷിക്കുന്നതിനായി വിഴിഞ്ഞം, കൊല്ലം, വലിയതുറ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ ശീതീകരണ സംവിധാനത്തോടുകൂടിയ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- കൊല്ലം തുറമുഖത്തിന്റെ ആഴം 9 മീറ്റർ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

**മാവോയിസ്റ്റ് പ്രവർത്തനം**

20 (*20) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u> :

<u>ശ്രീ. പി. കെ. ബഷീർ</u> :

<u>ശ്രീ. സി. മോയിൻ കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവോവാദികൾ സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾക്കിടയിലും പിന്നോക്ക മേഖലയിലെ ജനങ്ങൾക്കിടയിലും സ്വാധീനമുണ്ടാക്കിയെടുക്കാൻ പരിശ്രമിക്കുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിക്കാനാവുമെന്നതു സംബന്ധിച്ച് വിശദപരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) സർക്കാർ പ്രഖ്യാപിക്കുന്ന വികസന പ്രവർത്തനങ്ങളുടെ ഗുണഫലം ഇവിടങ്ങളിൽ എത്തിച്ചേരാത്തതും, സിവിൽ ഭരണ സംവിധാനത്തിൽ ഉണ്ടാകുന്ന വീഴ്ചകളും മാവോവാദികൾ മുതലെടുക്കുമെന്നതിനാൽ അവ പരിഹരിക്കുന്ന കാര്യത്തിൽ അടിയന്തരശ്രദ്ധ ഉണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) സംസ്ഥാനത്തിന്റെ വടക്കൻ വനമേഖലയിൽ ആദിവാസി വിഭാഗങ്ങൾക്കിടയിലും പിന്നോക്ക മേഖലയിലെ ജനങ്ങൾക്കിടയിലും മാവോയിസ്റ്റുകൾ സ്വാധീനം ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ആദിവാസി പിന്നോക്ക മേഖലയിൽ മാവോയിസ്റ്റുകൾ സ്വാധീനമുറപ്പിക്കുന്നത് തടയുന്നതിനായി പ്രസ്തുത മേഖലയിൽ വിവിധ ക്ഷേമപദ്ധതികളും പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. മാവോവാദികളുടെ പ്രവർത്തനം അമർച്ചചെയ്യാൻ പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിലുള്ള നടപടികളാണ് മുഖ്യമായും കൈകൊണ്ടുവരുന്നത്. മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷൻ തലം മുതൽ ജില്ലാ പോലീസ് മേധാവിതലം വരെയുള്ള ഉദ്യോഗസ്ഥരെ ശരിയാംവണ്ണം തെരഞ്ഞെടുക്കുന്നതിലും ആവശ്യമായ പരിശീലനം നൽകുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഉപയോഗിക്കാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിലുണ്ട്.

(സി) സർക്കാർ പ്രഖ്യാപിക്കുന്ന വികസന പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ ആദിവാസി പിന്നോക്ക മേഖലയിൽ ശരിയാംവണ്ണം എത്തിച്ചേരാത്തത് മാവോവാദികൾ മുതലെടുക്കാൻ സാദ്ധ്യതയുള്ളതിനാൽ ആയത് ചെറുക്കുന്നതിനും വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ ശരിയാംവണ്ണം ആദിവാസി വിഭാഗങ്ങൾക്കിടയിൽ എത്തിച്ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട 14 ആദിവാസി മേഖലകളിൽ യുവാക്കളും കാര്യപ്രാപ്തിയുള്ളവരുമായ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരെ സ്പെഷ്യൽ/നോഡൽ ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്.

വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിന് ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ വനഗോത്രവർഗ്ഗ പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ഡോ.ബി.സന്ധ്യ ഐ.പി.എസിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

**ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി**

21 (*21) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി മുഖേനെ കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ നൽകുമോ ;

(സി) സംസ്ഥാനത്തെ സ്കൂൾ കോളേജ് ക്യാമ്പസുകളെ ലഹരി വിമുക്തമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതിയുമായി സഹകരിക്കുന്നത് ആരൊക്കെയാണ് ; വിശദാംശങ്ങൾ നൽകാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഉണ്ട്.

(ബി) വിദ്യാഭ്യാസ, ആഭ്യന്തര, ആരോഗ്യ വകുപ്പുകൾ സംയുക്തമായി നടപ്പാക്കുന്ന ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് എന്ന പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം ലഹരി മുക്തമായതും ആരോഗ്യവും അച്ചടക്കവും ഉള്ള ഒരു ഭാവി തലമുറയെ വാർത്തെടുക്കുക എന്നതാണ്. ഈ പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിസരങ്ങളിലും NDPS Act, COTPA, MV Act, Abkari Act, KP Act, JJ Act, POCSO Act എന്നിവയുടെ ഫലപ്രദമായ നടപ്പിലാക്കൽ.

2. സാമൂഹ്യവിരുദ്ധരുടെ അതിക്രമങ്ങളിൽനിന്നും ചൂഷണത്തിൽനിന്നും

നമ്മുടെ കുട്ടികളുടെ സംരക്ഷണം.

3. കുട്ടികളുടെ ഇടയിലുള്ള പുകയില ഉൽപ്പന്നങ്ങൾ/ലഹരി മരുന്നുകൾ/മറ്റ് നിരോധിത വസ്തുക്കൾ എന്നിവയുടെ ഉപയോഗവും വിൽപ്പനയും തടയൽ.
4. വിദ്യാലയ പരിസരങ്ങളിലെ ഗതാഗത സുരക്ഷ ഉറപ്പാക്കൽ.
5. കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നത് തടയൽ.
6. വിദ്യാലയങ്ങളിൽ സുരക്ഷിതമായ ഒരു അന്തരീക്ഷം ഉണ്ടാക്കൽ.
7. നിയമങ്ങളെ അനുസരിക്കുന്ന, സാമൂഹ്യ ഉത്തരവാദിത്തമുള്ള, സംസ്കാരമുള്ള കുട്ടികളെ വാർത്തെടുക്കൽ.
8. കുട്ടികൾക്ക് നേരെയുള്ള വിവിധയിനം ചൂഷണങ്ങളെ മനസ്സിലാക്കി അതിനെതിരെ ഫലപ്രദമായ നടപടികൾ.
9. കുട്ടികൾ ക്ലാസുകളിൽ ഹാജരാകാതെ മറ്റുകാര്യങ്ങളിൽ ഏർപ്പെടുന്നത് തടയൽ.
10. അധ്യാപകരെയും രക്ഷിതാക്കളെയും സമൂഹത്തെ മൊത്തത്തിലും കൂടുതൽ ഉത്തരവാദിത്തത്തോടെ കുട്ടികളെ വളർത്താനുള്ള മാർഗ്ഗദർശനവും പ്രോത്സാഹനവും നൽകൽ.
11. മേൽ പറഞ്ഞ കാര്യങ്ങളിൽ വിവിധ സർക്കാർ വകുപ്പുകളായ പോലീസ്, സാമൂഷ്യക്ഷേമം, വിദ്യാഭ്യാസം, വിവിധ NGO's എന്നിവയുടെ പങ്കാളിത്തം.

(സി) സംസ്ഥാനത്തെ സ്കൂൾ കോളേജ് ക്യാമ്പസുകൾ ലഹരി വിമുക്തമാക്കാൻ കർശനമായ നടപടികളാണ് പോലീസ് വകുപ്പ് ഈ പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലഹരി മാഫിയകളെ കണ്ടെത്തുന്നതിനായി വിദ്യാലയ പരിസരങ്ങളിൽ റെയിഡുകൾ നടത്തിയും, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെയും സ്കൂൾ ജാഗ്രതാ സമിതികളുടെയും സഹായത്തോടെ ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിനായി വിദ്യാലയങ്ങളിൽ പരിശോധനകൾ നടത്തിയും കുറ്റക്കാർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചും ഫലപ്രദമായ നടപടികളാണ് പോലീസ് വകുപ്പ് ഈ പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്. നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപന സംബന്ധിച്ച വിവരശേഖരണത്തിന് ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയുടെ സ്കൂൾ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, ഷാഡോ പോലീസ്, സ്കൂൾ ജാഗ്രതാ സമിതി, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ എന്നിവർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്കൂൾ, കോളേജ് ക്യാമ്പസുകളുടെ 100 മീറ്റർ ചുറ്റളവിലുള്ള സ്ഥലങ്ങളിൽ കഞ്ചാവ്, മയക്കുമരുന്ന്, പാൻമസാല, പുകയില

ഉൽപ്പന്നങ്ങൾ, അശ്ലീല മാഗസിനുകൾ/സി.ഡി.കൾ എന്നിവയുടെ വിൽപ്പന കർശനമായി നിരോധിക്കുകയും, റെയിഡുകൾ നടത്തി ഇത്തരം ഉൽപ്പന്നങ്ങൾ പിടിച്ചെടുക്കുകയും കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ലഹരിക്കെതിരെ സെമിനാറുകളും പി.ടി.എ. യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. കുട്ടികൾക്ക് ആവശ്യമെങ്കിൽ കൗൺസിലിംഗ് നൽകുക, സ്കൂൾ പരിസരങ്ങൾ ട്രാഫിക് സുരക്ഷാ പരിധിയിലാണെന്ന് ഉറപ്പ് വരുത്തുക. സ്കൂൾ പരിസരങ്ങളിൽ പോലീസ് പട്രോളിംഗ് നടത്തുക, ഇടവേളകളിലും, സ്കൂൾ വിടുന്ന സമയത്തും പോലീസ് സാന്നിദ്ധ്യം ഉറപ്പ് വരുത്തുക, കുട്ടികൾക്ക് ഏന്തെങ്കിലും പ്രശ്നങ്ങൾ നേരിടുന്നുവെങ്കിൽ ബന്ധപ്പെട്ടവരെ അറിയിക്കുക എന്നിവയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ച് രൂപീകരിക്കുന്ന സ്റ്റുഡന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ മാസത്തിലൊരിക്കൽ യോഗം ചേർന്ന് പുകയില വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഡി) ആഭ്യന്തര, ആരോഗ്യ, വിദ്യാഭ്യാസ, എക്സൈസ്, ട്രാൻസ്പോർട്ട്, ലോക്കൽ സെൽഫ് ഗവണ്മെന്റ് വകുപ്പുകൾ, പ്രിന്റ് ആന്റ് വിഷ്വൽ മീഡിയ, പി.ടി.എ., കച്ചവടക്കാർ, ഓട്ടോ, ടാക്സി ഡ്രൈവർമാർ, അതാത് റസിഡൻഷ്യൽ അസ്സോസിയേഷനുകൾ എന്നിവരാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്.

## വനങ്ങളുടെ ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള നടപടികൾ

22 (*22) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളുടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് പ്രസ്തുത കർമ്മപരിപാടികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ ;

(സി) ഇതിനായി സ്വീകരിച്ച പ്രാരംഭ നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) വനങ്ങളുടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും സംസ്ഥാന സർക്കാരും കേരള വനം വന്യജീവി വകുപ്പും പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാന ഭൂവിസ്തൃതിയുടെ 29.10 ശതമാനം വനഭൂമിയും (ദേശീയ ശരാശരി 19%) ആകെ വന വിസ്തൃതിയിൽ 28.41 ശതമാനം വന്യജീവി (സംരക്ഷണ) നിയമ പ്രകാരം സംരക്ഷിച്ചുവരുന്ന പ്രദേശങ്ങളുമാണ്. വന ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും അംഗീകരിച്ചിട്ടുള്ള കർമ്മ പരിപാടികൾ ചുവടെ ചേർക്കുന്നു:

1. പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണം, പരിപാലനം, വികസനം.
2. വനത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ.
3. വനത്തിലും വനേതര ഭൂമിയിലും വൃക്ഷാവരണം വർദ്ധിപ്പിക്കൽ.
4. വനത്തിനുള്ളിലും പുറത്തുമുള്ള വന്യജീവികളുടെ സംരക്ഷണവും പരിപാലനവും.
5. ഭൗതിക ആവശ്യങ്ങൾക്കായി വനത്തിൻമേലുള്ള ആശ്രിതത്വവും സമർദ്ദവും ലഘൂകരിക്കൽ.
6. വനത്തിലുള്ള സസ്യ ജന്തു ജനുസ്സുകളുടെ ജീൻപൂൾ സംരക്ഷണം.
7. ആദിവാസി ഗോത്ര വിഭാഗങ്ങളുടെയും പരമ്പരാഗത വനവാസികളുടെയും ജീവിത നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ.
8. കണ്ടൽക്കാടുകൾ, കാവുകൾ, തീരവനങ്ങൾ, ചതുപ്പ് നിലങ്ങൾ, സ്വകാര്യ ഉടമസ്ഥതയിലുള്ള തോട്ടങ്ങൾ, വീട്ടു പുരയിടങ്ങൾ എന്നിങ്ങനെയുള്ള വനാതിർത്തിക്ക് പുറത്തുള്ള പ്രദേശങ്ങളിൽ ജൈവവൈവിദ്ധ്യ പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.
9. വനത്തിന്റെ ജല ഗ്രാഹകശേഷി മെച്ചപ്പെടുത്തുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനുമുള്ള നടപടികൾ.
10. ജനപങ്കാളിത്ത വന പരിപാലന പ്രക്രിയയിലൂടെ വന സംരക്ഷണത്തിന് സാമൂഹിക പ്രതിരോധശേഷി നേടുന്നതിനുള്ള നടപടികൾ.

(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്മെന്റ്, കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആന്റ് പ്ലാനിംഗ് അതോറിറ്റി (CAMPA), ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി, ലോകബാങ്ക്, യുണൈറ്റഡ് നാഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP), ഗ്ലോബൽ എൻവിറോൺമെന്റ് ഫെസിലിറ്റി (GEF) എന്നീ അന്താരാഷ്ട്ര ധനസഹായ സ്ഥാപനങ്ങളിൽനിന്നും

സഹായം ലഭ്യമാക്കുന്നുണ്ട്. പരിസ്ഥിതി മേഖലയിലെ സന്നദ്ധ സംഘടനകൾ, കേരള കാർഷിക സർവകലാശാല, കേരള വെറ്ററിനറി സർവ്വകലാശാല, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജവർഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള ബയോഡൈവേഴ്സിറ്റി ബോർഡ്, നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി, പെരിയാർ പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകൾ, സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസി തുടങ്ങിയ ഏജൻസികളുടെ സഹായവും ലഭ്യമാക്കിയാണ് കർമ്മ പരിപാടികൾ നടപ്പിലാക്കിവരുന്നത്.

(സി) കർമ്മ പരിപാടികൾ നടപ്പിലാക്കിവരികയാണ്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ കർമ്മ പരിപാടികൾ നിർവ്വഹിക്കുന്നതിന് സാങ്കേതിക ഭരണാനുമതികൾ നൽകിയിട്ടുണ്ട്.

**പറമ്പിക്കുളം കരാർ സംബന്ധിച്ച് സുപ്രീംകോടതി കേസ്**

23 (*23) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം കരാറിനെക്കുറിച്ച് സുപ്രീംകോടതിയിൽ കേസ് നൽകിയത് എന്തെല്ലാം കാര്യങ്ങൾ ചൂണ്ടിക്കാണിച്ചാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കരാറിലെ വ്യവസ്ഥ പ്രകാരം കരാർ ലംഘനം നടന്നാൽ പരാതി നൽകേണ്ടത് ഏതു സംവിധാനത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(സി) കരാർ ലംഘനമുണ്ടായതിൽ ആർബിട്രേഷൻ ട്രൈബ്യൂണലിൽ പോകാതെ നേരിട്ട് സുപ്രീംകോടതിയിൽ പോയതിനു കാരണം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻചാണ്ടി</u>):

(എ) കേരളത്തിന് പി.എ.പി. കരാർ പ്രകാരം അർഹതപ്പെട്ട ജലം; പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) യിൽ നിന്ന് 2012-13 ജലവർഷത്തിൽ ലഭിച്ചിട്ടില്ല. തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ 30-1-2013-ൽ ചേർന്ന സർവ്വകക്ഷിയോഗത്തിലെ ധാരണയുടെയും ഈ വിഷയത്തിൽ ലഭിച്ച നിയമോപദേശത്തിന്റെയും വിദഗ്ദ്ധാഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ കേരളം 16-4-2013-ൽ തമിഴ്നാടിനെതിരായി ബഹു.സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (O.S.No. 2/2013) അതിനുപുറമേ ഒരു ഇടക്കാല ഹർജിയും (1/2013) ഫയൽ ചെയ്യുകയുണ്ടായി. മേൽസൂചിപ്പിച്ച അസ്സൽ അന്യായത്തിലും ഇടക്കാല ഹർജിയിലും കേരളം സമർപ്പിച്ച ആവശ്യങ്ങളുടെ

(Prayers) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* (അനുബന്ധം ഒന്ന്, (Prayers in O.S. 2/13) (അനുബന്ധം രണ്ട്) (Prayers in I.A.1/13)

(ബി) പി.എ.പി. കരാറിൽ; കരാർ ലംഘനങ്ങളുമായി (violation of agreement) ബന്ധപ്പെട്ട വിഷയങ്ങളും അതിനുള്ള പ്രതിവിധികളും വ്യക്തമായി പ്രതിപാദിച്ചിട്ടില്ല. എന്നാൽ കരാറിലെ ഖണ്ഡിക 5 (iv) (f) പ്രകാരം ഈ കരാറുമായി ബന്ധപ്പെട്ട് ഏതു സമയത്തും ഇരുകക്ഷികൾക്കുമിടയിൽ ഉയരുന്ന എല്ലാ തർക്കവും, സംശയവും, ഭിന്നതയും, ചോദ്യവും സംബന്ധിച്ച കാര്യങ്ങൾ ആർബിട്രേഷനുവേണ്ടിവിടാനുള്ള വ്യവസ്ഥകൾ ചേർത്തിട്ടുണ്ട്. (കരാറിന്റെ പ്രസക്തഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്) (അനുബന്ധം 3).

(സി) കരാർ ലംഘനവുമായി ബന്ധപ്പെട്ട് ഏത് തരത്തിലുള്ള നിയമ നടപടികളാണ് സ്വീകരിക്കേണ്ടത് എന്നത് സംബന്ധിച്ച് നിയമവിദഗ്ദ്ധരുമായി വിശദമായി ചർച്ച നടത്തിയിരുന്നു. സുപ്രീംകോടതി അഭിഭാഷകരുമായും മറ്റും നടത്തിയ പ്രാഥമിക ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശം ഈ വിഷയത്തിൽ നേരിട്ട് സുപ്രീംകോടതിയെ സമീപിക്കുന്നതിനായിരുന്നു കരാർ ലംഘനം സംബന്ധിച്ച് സുപ്രീംകോടതിയിൽ നേരിട്ട് ഹർജി സമർപ്പിക്കാവുന്നതാണെന്നുള്ള നിയമോപദേശം ലഭിച്ചതിനാലാണ് ഇക്കാര്യത്തിൽ ബഹു. സുപ്രീംകോടതിയെ സമീപിക്കാനുള്ള നടപടി സർക്കാർ സ്വീകരിച്ചത്.

**പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുകളും ആശങ്കകളും**

24 (*24) <u>ശ്രീ. സി. എഫ്.തോമസ്</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് മലയോര ജനത നേരിടുന്ന ബുദ്ധിമുട്ടുകളും ആശങ്കകളും പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പശ്ചിമഘട്ടമേഖലയിൽ താമസിക്കുന്ന ജനതയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>):

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് മലയോര ജനതയുടെ പ്രശ്നങ്ങളും ആശങ്കകളും പരിഹരിക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച സത്വര നടപടികളും സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു:

കസ്തൂരിരംഗൻ കമ്മിറ്റിയുടെ ശിപാർശകൾ അറിഞ്ഞപ്പോൾതന്നെ അതിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കണക്കിലെടുക്കാതെ അന്തിമ തീരുമാനം എടുക്കരുതെന്ന് കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചു. കൂടാതെ ആശുപത്രികൾ 'ചുവപ്പുവിഭാഗത്തി'ലായതിനാൽ, പരിസ്ഥിതിലോല മേഖലകളിലെ ചുവപ്പുവിഭാഗ വ്യവസായ നിയന്ത്രണത്തിൽനിന്ന് ആശുപത്രികളെ ഒഴിവാക്കണമെന്ന് ശിപാർശചെയ്തു.

രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചുചേർത്ത് അവരുടെ അഭിപ്രായം അറിഞ്ഞു. അതിനെത്തുടർന്ന്, റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച് അഭിപ്രായം/ശുപാർശ സമർപ്പിക്കാനായി സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് ചെയർമാൻ, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, മുൻ ഐ.എ.എസ് ഉദ്യോഗസ്ഥനായ ശ്രീ. പി. സി. സിറിയക്ക് എന്നിവരടങ്ങുന്ന വിദഗ്ധ സമിതി രൂപീകരിച്ചു.

ജനങ്ങളുടെ ആശങ്കകൾ പരിഗണിക്കുന്നതിനായും, അതാതിടങ്ങളിലെ യഥാർത്ഥ പരിസ്ഥിതിലോല പ്രദേശങ്ങൾ ജനാധിവാസമേഖലകൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ, മാനദണ്ഡങ്ങൾ പാലിക്കുന്ന വനം, കാവുകൾ, മൊട്ടക്കുന്നുകൾ, പാറക്കെട്ടുകൾ, പുൽമേടുകൾ എന്നിവ നിലനിർത്തേണ്ടവ കണ്ടെത്തി നിർണ്ണയിക്കുന്നതിനായി നേരിട്ട് പരിശോധന നടത്തി, സർക്കാരിലേക്കു ശിപാർശ നൽകുന്നതിനായി അതാത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സെക്രട്ടറിയായും വില്ലേജ് ഓഫീസർ, ഫോറസ്റ്റ് റേഞ്ച്ഓഫീസർ, കൃഷിഓഫീസർ എന്നിവർ അംഗങ്ങളായും പരിശോധനാ സമിതി രൂപീകരിച്ചു.

പരിസ്ഥിതിലോല പ്രദേശങ്ങൾ പുനർനിർണ്ണയിക്കാനും, പരാതികൾ കേൾക്കാനുമായി വിദഗ്ധ സമിതി രൂപീകരിച്ച കാര്യവും റിപ്പോർട്ട് കിട്ടിയശേഷം വിശദമായ റിപ്പോർട്ടു സമർപ്പിക്കുമെന്നും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചു.

കസ്തൂരിരംഗൻ കമ്മിറ്റിയുടെ ശിപാർശകൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെതുടർന്ന് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള ഭയാശങ്കകൾ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് സഹമന്ത്രിയെ മുഖ്യമന്ത്രി നേരിട്ടറിയിക്കുകയും ഇക്കാര്യത്തിൽ സ്പഷ്ടീകരണം നല്കുകണമെന്ന് അഭ്യർത്ഥി

ക്കുകയുമുണ്ടായി. തുടർന്ന് നടത്തിയ ശ്രമഫലമായിട്ടാണ് സംസ്ഥാന സർക്കാരു കളെക്കൂടി വിശ്വാസത്തിലെടുത്ത് പരിസ്ഥിതി ലോലപ്രദേശങ്ങൾ നിർണ്ണയിക്കാമെന്ന നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചത്.

കസ്തൂരിരംഗൻ കമ്മിറ്റി ശിപാർശകളിന്മേൽ സംസ്ഥാന സർക്കാരിന്റെ നിലപാട് പാർലമെന്റംഗങ്ങളുടെ യോഗത്തിൽ സർക്കാർ വിശദീകരിക്കുകയും ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ അകറ്റാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി ജനവാസമേഖലകളും കൃഷിയിടങ്ങളും വനവും മറ്റ് പ്രകൃതി സമ്പത്തുകളും നേരിൽകണ്ടും പഞ്ചായത്തുതല പരിശോധനാ സമിതിയുടെ ശിപാർശകൾ പരിഗണിച്ചുമാണ് 123 പരിസ്ഥിതിലോല വില്ലേജുകളുടെ കഡസ്ട്രൽ മാപ്പ് തയ്യാറാക്കിയത്. ഈ മാപ്പുകൾ ജനങ്ങൾക്ക് വെബ്സൈറ്റിലൂടെ ലഭ്യമാക്കി. ഇതിനുശേഷം ലഭിച്ച പരാതികൾ ബന്ധപ്പെട്ട പഞ്ചായത്തുതല സമിതിയുമായി ചർച്ചചെയ്ത് പരിഹരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയുമുണ്ടായി. ഈ റിപ്പോർട്ടിൽ മലയോര ജനതയുടെ കൃഷിയെയും സ്വത്തിനെയും ജീവിതത്തെയും ബാധിക്കുന്ന തരത്തിലുള്ള ഒരു നടപടിയും കൈക്കൊള്ളരുതെന്ന് സംസ്ഥാനം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചു.

സംസ്ഥാന സർക്കാർ സമർപ്പിച്ച കഡസ്ട്രൽ മാപ്പുകൾ പ്രകാരമുള്ള 123 വില്ലേജുകളെ പരിസ്ഥിതിലോല പ്രദേശങ്ങളായി 10-3-2014-ലെ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പന്റെ കരട് വിജ്ഞാപനത്തിൽ അംഗീകരിച്ചിട്ടുമുണ്ട്. സംസ്ഥാനത്ത് ഗാഡ്ഗിൽ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്ന പരിസ്ഥിതിലോല പ്രദേശം 13,108 ചതുരശ്ര കിലോമീറ്ററായിരുന്നത് 9,993.7 ചതുരശ്ര കിലോമീറ്ററായി കുറയ്ക്കാനായത് (ഇതിൽ 886.7 ചതുരശ്ര കിലോമീറ്റർ മാത്രമാണ് വനേതര പ്രദേശം) മേൽ വിവരിച്ച പ്രകാരം സംസ്ഥാന സർക്കാർ ശുഷ്കാന്തിയോടെ പ്രവർത്തിച്ചതിന്റെ ഫലമായാണ്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 25-9-2014-ലെ വിധിയിൽ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ അംഗീകരിച്ചിട്ടുമുണ്ട്. കേരള സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് പരിസ്ഥിതിലോല പ്രദേശങ്ങളെ സംബന്ധിച്ച വിജ്ഞാപനം എത്രയുംവേഗം പുറപ്പെടുവിക്കണമെന്ന് 9-10-2014-ലെ 1995/എ 2/2012/പരി. പ്രകാരം മുഖ്യമന്ത്രി, കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിച്ചു.

(ബി) ഇതുമായി ബന്ധപ്പെട്ട് പശ്ചിമഘട്ട മേഖലയിലെ കർഷക ജനതയെ സാരമായി ബാധിക്കുന്ന ഒരു നടപടിയും കൈക്കൊള്ളില്ലെന്ന് കേരള സർക്കാർ

ഉറപ്പാക്കുന്നതാണ്. ഉപജീവനത്തെയോ കൃഷിവൃത്തിയെയോ ബാധിക്കുന്നതൊന്നും പശ്ചിമഘട്ട സംരക്ഷണ നടപടികളിൽ ഉൾക്കൊള്ളുന്നില്ല.

**മത്സ്യബന്ധന നിയന്ത്രണം**

25 (*25) ശ്രീ. കെ. അജിത് :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീൻപിടുത്തം നിയന്ത്രിക്കുന്നതിന് തീരക്കടലിൽ നിശ്ചിത മേഖലയെ ബഫർ സോണായി പ്രഖ്യാപിക്കണമെന്ന് ഡോ. ബി. മീനാകുമാരി കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ ശിപാർശ മത്സ്യത്തൊഴിലാളികളെ ഏതെല്ലാം രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പുതിയ നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ ഒരു ബോട്ടിനും മത്സ്യബന്ധനത്തിന് പോകാൻ കഴിയാതെ വരുമെന്നുള്ളത് വസ്തുതയാണോ ; ആണെങ്കിൽ കടലിലെ മത്സ്യബന്ധന നിയന്ത്രണ നിർദ്ദേശം നടപ്പാക്കാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നല്കുമോ ;

(സി) സമുദ്രമേഖലയിൽ കൂടുതൽ വിദേശ നിക്ഷേപങ്ങൾ കൊണ്ടുവരണമെന്ന വിദഗ്ദ്ധ സമിതി ശിപാർശയോടുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) ഉണ്ട്. കടലിലെ 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശം ബഫർ സോണായി നിലനിർത്തുതിന് കമ്മറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഒരു പ്രദേശം ബഫർ സോണായി നിലനിർത്തുന്നത് വിദേശ ട്രോളറുകൾക്ക് ഗുണകരമാകാൻ സാധ്യതയുണ്ട്. നിലവിൽ എൽ.ഒ.പി.വ്യവസ്ഥയിൽ വിദേശ ട്രോളറുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനം കൂടുതലായി നടത്തുന്നത് കാരണം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യലഭ്യത കുറഞ്ഞുവരികയാണ്. പ്രസ്തുത പ്രദേശത്ത് കേരളത്തിലെ മത്സ്യത്തൊഴിലാളികളും മത്സ്യബന്ധനം നടത്തി വരുന്നുണ്ട്. ആയതിനാൽ ഈ ശിപാർശ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കും.

(ബി) ഡോക്ടർ മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ കേരളത്തിലെ മത്സ്യത്തൊഴിലാളികളെയും ബോട്ടുകാരെയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ശിപാർശകൾ നടപ്പിലാക്കാതിരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വിദേശ മത്സ്യബന്ധന യാനങ്ങൾ acquire ചെയ്യുന്നതിനുള്ള ശിപാർശയും കൂട്ടുപങ്കാളിത്ത വ്യവസ്ഥയിൽ സാങ്കേതികവിദ്യ കൈമാറ്റം ചെയ്യാനുള്ള ശിപാർശയും ഉൾപ്പെടെ വിദേശ നിക്ഷേപങ്ങൾ കൊണ്ടുവരണമെന്നുള്ള ശിപാർശയും കേരളത്തിലെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്നതിനാലും മറ്റ് സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളും ഉണ്ടാകാൻ സാധ്യത ഉള്ളതിനാലും അംഗീകരിക്കാൻ കഴിയുന്നതല്ല.

**കാവുകളുടെ സംരക്ഷണം**

26 (*26) ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവുകളുടെ സംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) കാവുകളിലെ കുളങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(സി) ക്ഷേത്രങ്ങളിലെ തരിശു ഭൂമിയിൽ കാവുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായുള്ള വനംവകുപ്പിന്റെ പദ്ധതി 2010 മുതൽ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ ഓരോ വർഷവും കാവുകളുടെ വിസ്തൃതിയുടേയും ആയതിലെ ജൈവവൈവിദ്ധ്യത്തിന്റെയും അടിസ്ഥാനത്തിൽ ഓരോ ജില്ലയിൽനിന്നും തെരഞ്ഞെടുക്കുന്ന 5 കാവുകൾക്ക് ചുവടെ ചേർക്കുന്ന സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായവും നല്കിവരുന്നു:

1. കാവുകളിലെ സസ്യജന്തു വൈവിദ്ധ്യം തിട്ടപ്പെടുത്തുക.
2. പരിപാലനത്തിനാവശ്യമായ സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കുക.
3. കാവുകളിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സസ്യങ്ങൾ

വച്ചു പിടിപ്പിക്കുക/സ്വാഭാവിക സസ്യവളർച്ചയ്ക്ക് ആവശ്യമായ സാഹചര്യം ഒരുക്കുക, കള നിർമ്മാർജ്ജനം ചെയ്യുക, ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക. പരിസരം ശുചിയായി സൂക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.

4. സംരക്ഷണത്തിനായി കാവിനു ചുറ്റും അനുയോജ്യമായ വേലി നിർമ്മിക്കുക.

5. കാവുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക.

(ബി) വനം വകുപ്പിന്റെ കാവു സംരക്ഷണ പദ്ധതി സർക്കാർ ഉത്തരവ് G.O. (Rt) No. 354/2013/F & WLD തീയതി 12-9-2013 മാർഗ്ഗനിർദ്ദേശ പ്രകാരമാണ് നടപ്പിലാക്കുന്നത്. ആയത് പ്രകാരം കാവിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങൾ വൃത്തിയാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതാണ്. എന്നാൽ ആയതിനുള്ള പ്രത്യേക പദ്ധതികളൊന്നും നിലവിലുള്ള സ്കീമിൽ ഇല്ല.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

**കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക പരിഷ്കാരങ്ങളോടുള്ള നിലപാട്**

27 (*27) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എളമരം കരീം :
ശ്രീ. സാജു പോൾ :
ശ്രീ. എ. എം. ആരിഫ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഊർജ്ജിതമായി നടപ്പാക്കുന്ന നവ ഉദാരവൽക്കരണ സാമ്പത്തിക പരിഷ്കാരങ്ങളോടുള്ള നിലപാട് വെളിപ്പെടുത്താമോ ;

(ബി) സാമ്പത്തിക പരിഷ്കാരങ്ങൾ സംസ്ഥാനത്തെയും ജനങ്ങളേയും ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിച്ചിരിക്കുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാന സർക്കാരിന് വിയോജിപ്പുള്ള കേന്ദ്ര സാമ്പത്തിക പരിഷ്കാര നടപടികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ; ഇക്കാര്യം മുൻ കേന്ദ്ര സർക്കാരിനേയോ ഇപ്പോഴത്തെ കേന്ദ്ര സർക്കാരിനേയോ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; സബ്സിഡികൾ വെട്ടിക്കുറക്കൽ, ഭൂമി ഏറ്റെടുക്കൽ നിയമ ഭേദഗതി, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ പരിഷ്കാര നടപടികളോടുള്ള വിയോജിപ്പ് അറിയിച്ചിട്ടുണ്ടോ ;

(ഡി) ജനങ്ങളുടെ ജീവിതഭാരം വർദ്ധിപ്പിക്കുന്ന പ്രസ്തുത പരിഷ്കാരങ്ങൾക്കെതിരെ കേന്ദ്ര സർക്കാരിൽ ശക്തമായി സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ-ഡി) കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയങ്ങളോടുള്ള സംസ്ഥാന സർക്കാരിന്റെ സമീപനം വിഷയാധിഷ്ഠിതമാണ്. കേന്ദ്ര സർക്കാരിന്റെ എല്ലാ നയങ്ങളേയും അന്ധമായി എതിർക്കുകയോ അനുകൂലിക്കുകയോ ചെയ്യുന്ന ഒരു സമീപനം ഈ സർക്കാരിനില്ല.

സംസ്ഥാനത്തിന്റെ കാർഷിക വ്യാവസായിക നയങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളപ്പോഴെല്ലാം അവ ചൂണ്ടിക്കാട്ടാനും തിരുത്തിക്കാനും സർക്കാർ ശ്രമിച്ചിട്ടുണ്ട്.

വിവിധ വിഷയങ്ങളിൻമേൽ മുൻ കേന്ദ്രസർക്കാരും ഇപ്പോഴത്തെ സർക്കാരും കൈകൊണ്ടിട്ടുള്ള സമീപനങ്ങൾക്കനുസരിച്ചാണ് സംസ്ഥാന സർക്കാർ നിലപാടുകൾ എടുത്തിട്ടുള്ളത്. സംസ്ഥാനത്തെ ബാധിക്കുന്ന റബർ ഇറക്കുമതി പാമോലിൻ ഇറക്കുമതി തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ എതിർപ്പുകൾ കാലാകാലങ്ങളിലെ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## വനവാസികളുടേയും, വനാതിർത്തിയിൽ താമസിക്കുന്നവരുടേയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ പദ്ധതി

28 (*28) ശ്രീ. ആർ . സെൽവരാജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവാസികളുടേയും വനാതിർത്തിയിൽ താമസിക്കുന്ന സമൂഹങ്ങളുടേയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി വന്യജീവിശല്യമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കർഷകരെ മാറ്റി പാർപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരും മറ്റ് സെറ്റിൽമെന്റുകളും തമ്മിലുള്ള

ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ തുടരുമോ ; വിശദമാക്കാമോ ?

വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) വനവാസികളുടേയും വനാതിർത്തിയിൽ താമസിക്കുന്ന സമൂഹങ്ങളുടേയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു:

1. കാട്ടാനകളുടേയും മറ്റു വന്യജീവികളുടേയും ആക്രമണം മൂലമുള്ള കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ വനാതിർത്തിയിൽ പ്രതിരോധ കിടങ്ങുകൾ കുഴിയ്ക്കൽ, വൈദ്യുത കമ്പിവേലികൾ സ്ഥാപിക്കൽ, കയ്യാലകളും, ആനപ്രതിരോധ മതിലുകളും നിർമ്മിക്കൽ, ജൈവവേലി വച്ചുപിടിപ്പിക്കൽ, ജീവനും സ്വത്തിനും വിളകൾക്കുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നല്കൽ, വനവാസികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ, നാട്ടിലിറങ്ങുന്ന വന്യജീവികളെ കാട്ടിലേക്ക് തിരിച്ചയയ്ക്കുന്നതിനും, വനാതിർത്തിയിലെ ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനും ദ്രുതകർമ്മസേന രൂപീകരിക്കൽ എന്നിവ.
2. വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന ആദിവാസി സെറ്റിൽമെന്റുകളിൽ പതിമൂന്നിന് അടിസ്ഥാന വികസന സൗകര്യങ്ങൾക്കായി ഓരോ ഹെക്ടർ വരെ വനഭൂമി അനുവദിക്കുന്നു.
3. വനാതിർത്തിയിൽ താമസിക്കുന്ന ആളുകളുടെ കൈവശമുള്ള വനേതര ഭൂമിയിൽനിന്നും വൃക്ഷങ്ങൾ മുറിച്ച് കടത്തിക്കൊണ്ടു പോകുന്നതിനുള്ള നടപടിക്രമം 2005-ലെ വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹനനിയമവും ബന്ധപ്പെട്ട ചട്ടങ്ങളും വഴി ലഘൂകരിച്ചു.
4. വനത്തിൽ താമസിക്കുന്ന ആദിവാസികളുടെ ഭവന നിർമ്മാണത്തിന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായും മറ്റുള്ളവർക്ക് സൗജന്യനിരക്കിലും തടി ലഭ്യമാക്കുന്നു.
5. വനവാസികളുടേയും വനാതിർത്തിയിൽ താമസിക്കുന്നവരുടേയും തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും, ജീവനോപാധി വർദ്ധിപ്പിക്കുന്നതിനും കേന്ദ്ര-സംസ്ഥാന ഫണ്ടുപയോഗിച്ച് വനവല്ക്കരണ പദ്ധതികൾ നടപ്പിലാക്കുന്നു.
6. ആദിവാസികൾ വനത്തിൽ നിന്നും ശേഖരിക്കുന്ന തടിയിതര വനവിഭവങ്ങൾ ശേഖരിച്ച് മൂല്യവർദ്ധന നടത്തി വിപണിയിലെത്തിക്കുന്നതിനും അതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനും വനശ്രീ വിപണന കേന്ദ്രങ്ങൾ നടത്തുന്നു.
7. അട്ടപ്പാടിയിലെ കുറുമ്പ വിഭാഗത്തിന്റേയും ഇടമലക്കുടിയിലെ മുതുവ

വിഭാഗത്തിന്റേയും സമഗ്ര വികസനത്തിനായി സംയോജിത ഊരുവികസന പദ്ധതി നടപ്പാക്കുന്നു.

8. വനത്തിനുള്ളിലെ 725 ആദിവാസി സെറ്റിൽമെന്റുകൾ കേന്ദ്രീകരിച്ച് സുപ്രധാന വികസന സംരംഭങ്ങൾ ഊരിന്നുണർവ് കാടിന്നുണർവ് എന്ന പേരിൽ മിഷൻ 676-ന്റെ ഭാഗമായി നടപ്പാക്കുന്നു.

9. വനാതിർത്തിയിൽ താമസിക്കുന്നവരുടെ ഭൂമി ക്രയവിക്രയം ചെയ്യുമ്പോൾ രജിസ്ട്രേഷൻ വകുപ്പിലേക്ക് വനം വകുപ്പ് എൻ.ഒ.സി. നല്കുന്നതിനുള്ള കാലതാമസം പരമാവധി ഒഴിവാക്കുന്നു.

(ബി) വന്യജിവി സംരക്ഷണ കേന്ദ്രങ്ങളിൽ താമസിക്കുന്ന ഗോത്ര വർഗ്ഗക്കാരെ മാറ്റിപ്പാർപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് വന്യജീവി സങ്കേതത്തിലെ 14 ഊരുകളിൽനിന്നും 800 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് 80 കോടി രൂപ ചെലവ് വരുന്ന സ്വയം സന്നദ്ധതാ പദ്ധതിക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഗോളൂർ, അമ്മവയൽ, കൊറ്റങ്കര, അരാകഞ്ചി എന്നീ കോളനികളിലെ 110 കുടുംബങ്ങളുടെ പുനവധിവാസം പൂർത്തിയായി. കുറിച്യാട്ട്, ഈശ്വരൻകൊല്ലി, നരിമുണ്ടകൊല്ലി എന്നീ ഊരുകളുടെ പുനരധിവാസം നടന്നുവരുന്നു. ഈ പദ്ധതിയ്ക്കായി ഇതുവരെ 1780 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരും മറ്റ് സെറ്റിൽമെന്റുകളും തമ്മിൽ നല്ല ബന്ധമാണുള്ളത്. വനസംരക്ഷണ സമിതികൾ/ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് ഗോത്രവർഗ്ഗക്കാരും, മറ്റ് സെറ്റിൽമെന്റുകളി ലുള്ളവരും തമ്മിലുള്ള പരസ്പര ബന്ധം കൂടുതൽ മെച്ചപ്പെടുത്തിവരുന്നു.

**സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി**

29 (*29) ശ്രീ. പാലോട് രവി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോട്സും, സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് വകുപ്പിന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ കായിക ക്ഷമതാപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് സമ്പൂർണ്ണ കായിക ക്ഷമതാപദ്ധതി വഴി

കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കി വരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്. കേരളത്തിലെ എല്ലാ സ്കൂളുകളിലും 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിയ്ക്കുന്ന കുട്ടികളുടെ കായികക്ഷമത പ്രത്യേക ടെസ്റ്റുകളിലൂടെ വ്യക്തമായി അളന്ന്, പരിശോധനാഫലം ശാസ്ത്രീയമായി അപഗ്രഥിച്ച് കുട്ടികളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും, അതുവഴി ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനും ലക്ഷ്യമിട്ട് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടു കൂടി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി.

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

1. അനുയോജ്യമായ കായിക പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ഹൃദയ-ശ്വസനക്ഷമതാ പരിപാടികളിൽ, പങ്കെടുക്കുന്ന 9-നും 17-നും ഇടയ്ക്കു പ്രായമുള്ള കുട്ടികളുടെയും കൗമാരക്കാരുടെയും അനുപാതം 90%-ൽ അധികമാക്കുക.
2. 9-നും 17-നും ഇടയ്ക്കു പ്രായമുള്ള 60% കുട്ടികളേയും കൗമാരക്കാരേയും ദിവസേനയുള്ള കായിക പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക.
3. കുട്ടികളുടേയും കൗമാരക്കാരുടേയും കായികക്ഷമത ശാസ്ത്രീയമായും വ്യവസ്ഥാപിതമായും വിലയിരുത്തുന്നതിനുള്ള പഠനക്രമം സ്ഥാപിക്കുക.
4. ഔദ്യോഗികമായി കായികക്ഷമത ആവശ്യമുള്ള അവസരങ്ങളിൽ അത് നേടുന്നതിന് പ്രചോദനം നൽകുക.
5. നിശ്ചിത നിലവാരത്തിന് താഴെയുള്ളവരുടെ പ്രകടനം മെച്ചപ്പെടുത്തുക.
6. ടീച്ചേഴ്സ് ഗൈഡും, ദൃശ്യ സഹായിയും വികസിപ്പിച്ചെടുക്കുക.
7. സ്കൂളുകളിലും, കോളേജുകളിലും കായിക ക്ഷമതാ ക്ലബ്ബുകൾ സ്ഥാപിയ്ക്കാനാവശ്യമായ പ്രായോഗിക നിർദ്ദേശങ്ങൾ വികസിപ്പിയ്ക്കുക.
8. സ്കൂളുകളിലും വീട്ടിലും സമൂഹത്തിലും കുട്ടികളുടെയും, യുവാക്കളുടെയും,

കായിക പ്രവർത്തനസ്വഭാവം കണ്ടെത്തുക.

9. സ്കൂളുകളിലും, കലാലയങ്ങളിലുമുള്ള വിദ്യാർത്ഥികളുടെ, ആരോഗ്യം അപകടപ്പെടുത്തും വിധമുള്ള പെരുമാറ്റ രീതികളെ അഥവാ ശീലങ്ങളെ മുൻഗണനാക്രമത്തിൽ കണ്ടറിഞ്ഞു നിയന്ത്രിക്കുക.

(സി) കളിസ്ഥലങ്ങളുടെ നിർമ്മാണവും, വികസനവും, ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി 2008-09 മുതൽ ആറ് വർഷമായി തുടർന്നുവരുന്നു. സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതിപരിശോധനാ പരിപാടിയിൽ മികച്ച വിജയം കാഴ്ചവച്ച കേരളത്തിലെ 14 ജില്ലകളിലേയും ഓരോ സ്കൂളുകൾക്കും ആൺകുട്ടികളുടെ വിഭാഗത്തിനും, പെൺകുട്ടികളുടെ വിഭാഗത്തിനും 10,000 രൂപ വീതം ക്യാഷ് അവാർഡും 100% വിജയം കൈവരിച്ച ജില്ലകളിലെ കോ-ഓർഡിനേറ്റർമാർക്ക് 5000 രൂപ വീതം ക്യാഷ് അവാർഡും, നൽകി വരുന്നു. കൂടതെ, ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടക്കുന്ന രണ്ടാംഘട്ട പരിശോധനാ പരിപാടിയിൽ 'എ' ഗ്രേഡ് കരസ്ഥമാക്കുന്ന എല്ലാ കുട്ടികൾക്കും 500 രൂപ വീതം ക്യാഷ് അവാർഡും നൽകിവരുന്നുണ്ട്.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം**

30 (*30) <u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. റ്റി. യു. കുരുവിള</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്രതുറമുഖ നിർമ്മാണം സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുറമുഖ നിർമ്മാണത്തിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ് ; ഇതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി (<u>ശ്രീ. കെ. ബാബു</u>):

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ കീഴിൽ വിഴിഞ്ഞം വിവിധോദ്ദേശ്യ അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമാക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പാരിസ്ഥിതികാനുമതി : ഏതാണ്ട് രണ്ടു വർഷത്തോളം നീണ്ടു നിന്ന

വിശദമായ പാരിസ്ഥിതികാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി മൂന്നിന് പാരിസ്ഥിതികാനുമതി ലഭ്യമാക്കി.

2. മാസ്റ്റർ പ്ലാൻ: ഇടത്തരം കപ്പൽ (9000 ടി.ഇ.യു.) അടുപ്പിക്കുന്നതിനുള്ള പഴയ മാസ്റ്റർ പ്ലാൻ 18,000 ടി.ഇ.യു അടുപ്പിക്കുവാനുതകുന്ന തരത്തിൽ പരിഷ്കരിക്കുകയും 2013 മേയ് മാസം മാസ്റ്റർ പ്ലാനും ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടും പൂർത്തീകരിക്കുകയുണ്ടായി.

3. പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ടെൻഡർ: പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതി ലഭ്യമായതിനെതുടർന്ന് തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനും വേണ്ടിയുള്ള പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെൻഡർ 2013 ഡിസംബർ മാസത്തിൽ പുറപ്പെടുവിച്ചു. Viability Gap Funding മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ഈ ടെണ്ടർ സമർപ്പിക്കുവാനുള്ള അവസാന തീയതി 2014 ഡിസംബർ 30 ആണ്.

4. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്: പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (VGF) ലഭ്യമാക്കുന്നതിനു വേണ്ടി പദ്ധതി ലാൻഡ് ലോർഡ് മോഡലിൽ നിലനിർത്തി ക്കൊണ്ടുതന്നെ പദ്ധതിഘടന പുനർ നിർണ്ണയിച്ചു. 2014 ഏപ്രിൽ മാസത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (VGF) ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് സമർപ്പിച്ചു. 2014 ഒക്ടോബർ 29-ന് കൂടിയ കേന്ദ്ര ധനമന്ത്രാലയത്തിന്റെ ഉന്നതാധികാര സമിതി വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് അനുമതിയ്ക്ക് തത്വത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്.

5. ധനസമാഹരണം: വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ധനസമാഹരണത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ലീഡറായുള്ള ബാങ്ക് കൺസോർഷ്യവും I.I.F.C (India Infrastructure Finance Company Ltd), HUDCO എന്നീ ധനകാര്യ സ്ഥാപനങ്ങളും സാമ്പത്തിക സഹായം നൽകുവാൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയ്ക്കായി 810 കോടി രൂപ സമാഹരിക്കേണ്ടതു ബോണ്ടുകളായാണ്. ഇതിനുവേണ്ടിയുള്ള റേറ്റിംഗ് പൂർത്തിയായികഴിഞ്ഞു. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മുഖാന്തിരം ടെണ്ടർ നടപടികൾ പൂർത്തികരിക്കുന്ന മുറയ്ക്ക് ധനസമാഹരണ മാർഗ്ഗങ്ങൾ പുനഃക്രമീകരിക്കേണ്ടതുണ്ട്.

6. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ: റെയിൽവേ ഒഴികെ പദ്ധതിയ്ക്ക് ആവശ്യമുള്ള ഭൂമിയുടെ 90 ശതമാനം ഏറ്റെടുത്തു കഴിഞ്ഞു. ഇതിൻ പ്രകാരം പദ്ധതിയ്ക്കായി ഇതുവരെ ആകെ 206.64 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. പദ്ധതിയ്ക്കാവശ്യമായ ജലം (3.3 MLD) എത്തിക്കുന്നതിനുള്ള നിർമ്മാണം 2013 ഏപ്രിൽ മാസത്തിൽ പൂർത്തീകരിച്ചു. വൈദ്യുതി ലൈനിന്റെ നിർമ്മാണം നടന്നുവരുന്നു. റെയിൽ പാതയുടെ Detailed Project Report ഉടൻ പൂർത്തീകരിക്കുന്നതാണ്.

(ബി) തുറമുഖ നിർമ്മാണം തുടങ്ങുന്നതിന് നിലവിൽ നിയമപരമായ തടസ്സങ്ങൾ ഒന്നുമില്ല. എന്നാൽ ഹരിത ട്രൈബ്യൂണലുകളിലും സുപ്രീം കോടതിയിലും വ്യവഹാരങ്ങൾ നിലവിലുണ്ട്. തുറമുഖ നിർമ്മാണ നടത്തിപ്പുകൾക്കായി ഒരു ഏജൻസിയെ സുതാര്യമായി തെരഞ്ഞെടുക്കുക എന്നുള്ളതാണ് അടുത്ത ഘട്ടം. അതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നവരത്നപദ്ധതികൾ

1 (1) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവരത്ന പദ്ധതികൾ എന്ന നിലയിൽ ഈ സർക്കാർ സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ; ഈ പദ്ധതികൾ ഓരോന്നിനും തുടക്കം കുറിച്ച വർഷം ഏതായിരുന്നു ; ഓരോ പദ്ധതിക്കും ആദ്യഘട്ടത്തിൽ സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതി ഏത് തീയതിയിലായിരുന്നു ; ഭൂമി ആവശ്യമായ പദ്ധതിയുടെ കാര്യത്തിൽ ഭൂമി അക്വയർ ചെയ്തു തുടങ്ങിയ വർഷം ഏതെല്ലാമായിരുന്നു ;

(ബി) ഈ പദ്ധതികൾ ഓരോന്നും പൂർണ്ണ തോതിൽ കമ്മീഷൻ ചെയ്യുമ്പോഴേയ്ക്കും പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര വീതമാണ് ; ഓരോ പദ്ധതിക്കും ഇതിനകം സംസ്ഥാന ഖജനാവിൽനിന്നും ചെലവായ തുക പിന്നിട്ട ഓരോ വർഷത്തിലും എത്ര കോടി വീതമായിരുന്നു ; ഈ പദ്ധതികൾ ഓരോന്നും ഏത് തീയതിക്കുള്ളിൽ കമ്മീഷൻ ചെയ്യാൻ സാധിക്കും ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. കൊച്ചി മെട്രോ
2. സ്മാർട്ട് സിറ്റി
3. വിഴിഞ്ഞം പോർട്ട്
4. കണ്ണൂർ എയർപോർട്ട്
5. നാഷണൽ വാട്ടർ വേയ്സ്
6. മോണോ റെയിൽ
7. സബ് അർബൻ റെയിൽവേ
8. നാഷണൽ ഹൈവേ ഡെവലപ്മെന്റ് പ്രോജക്ട്
9. യൂത്ത് എന്റർപ്രണർഷിപ്പ്

ഓരോ പദ്ധതിയേയും സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**ഇ-ഫയലിംഗ്**

2 (2) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) IDEAS വഴി ഫയലുകളുടെ നീക്കം അറിയുന്നതിന് നടപടികൾക്കായി ഫയൽ സമർപ്പിക്കുന്ന സമയത്തു തന്നെ ആയതു സെക്ഷനുകളിൽ രേഖപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇ-ഫയലിംഗ് നടപ്പായതോടെ ഫിനാൻസ് വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളിൽ ഫയലുകളുടെ നീക്കം അറിയുന്നതിന് സാമാജികർക്ക് കഴിയാതെ വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച 9067/VIP/2014/CM നമ്പർ കത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം ഓൺലൈനിലൂടെ സെക്രട്ടേറിയറ്റിൽ വരാതെതന്നെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിനുള്ള സൗകര്യം ഐഡിയാസ് വഴി ലഭ്യമാണ്. ഫയൽ സമർപ്പിക്കുന്ന സമയത്തുതന്നെ ആയത് ഐഡിയാസിൽ

രേഖപ്പെടുത്തണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഐഡിയാസ് നടപ്പിലാക്കിയിട്ടുള്ള എല്ലാ വകുപ്പുകളിലും ഈ സോഫ്റ്റ്‌വെയർ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് എല്ലാ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ഐഡിയാസ് ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കാനായി എൻ.ഐ.സി.യുടെ ടീമും പ്രവർത്തിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച കത്ത് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**സുതാര്യ കേരളം ഫോൺ ഇൻ പരിപാടി**

3 (3) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുമായി ദൂരദർശനിൽ നേരിട്ട് സംവദിക്കുന്ന സുതാര്യ കേരളം ഫോൺ ഇൻ പരിപാടി മുഖ്യമന്ത്രി വേണ്ടതില്ലെന്ന് തീരുമാനിച്ചത് എന്തുകൊണ്ടാണ് ;

(ബി) പരിപാടിയുടെ ഭാഗമായുള്ള ഓരോ എപ്പിസോഡുകളിലും ലഭിച്ച പരാതികളിൽ ഇനിയും തീർപ്പാക്കാതെ ഉള്ളത് എത്ര ;

(സി) ഇ പദ്ധതിക്ക് പബ്ലിക് റിലേഷൻസ് വകുപ്പും ദൂരദർശനും തമ്മിലുണ്ടായിരുന്ന എഗ്രിമെന്റ് കാലാവധി അവസാനിപ്പിച്ചത് എന്നാണ് ; ഇത് പുതുക്കേണ്ടതില്ലെന്ന് തീരുമാനിച്ചത് ആരാണ് ;

(ഡി) പബ്ലിക് റിലേഷൻസ് വകുപ്പും ദൂരദർശനും തയ്യാറാക്കിയ എല്ലാ എപ്പിസോഡുകളും ദൂരദർശൻ പ്രക്ഷേപണം ചെയ്തിട്ടുണ്ടോ ;

(ഇ) സുതാര്യകേരളം ജില്ലാതല സെല്ലുകളിൽ ഈ സർക്കാർ താത്ക്കാലികമായി നിയമിച്ചവർ ഓരോ ജില്ലയിലും എത്ര വീതമായിരുന്നു; അവരിപ്പോഴും തുടരുന്നുണ്ടോ; കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ വീതം; വിശദമാക്കുമോ ?

ഉത്തരം

(എ) അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല.

(ബി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം നടത്തിയ ഫോൺ ഇൻ പരിപാടിയിൽ എടുത്ത 470 പരാതികളിൽ 109 പരാതികൾ ഭാഗികമായി തീർപ്പാക്കാനുണ്ട്.

(സി) 2014 ആഗസ്റ്റ് മുതൽ 2015 ജൂലൈ വരെയാണ് ഇപ്പോഴുള്ള എഗ്രിമെന്റ്. ഇത് പുതുക്കേണ്ട എന്ന തീരുമാനിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഒരു ജില്ലയിൽ കോ-ഓർഡിനേറ്റർ, ടൈപ്പിസ്റ്റ്, മെസഞ്ചർ എന്നിങ്ങനെ മൂന്നുപേരാണ് ഉള്ളത്. 14 ജില്ലകളിലായി 42 പേരുടെ സേവനമാണ് വിനിയോഗിക്കുന്നത്. ഇവരെല്ലാം കരാറടിസ്ഥാനത്തിലാണ് നിയമിതരായിട്ടുള്ളത്. (നാലുപേർ മാറിയിട്ടുണ്ട്. മറ്റുള്ളവർ തുടരുകയാണ്.)

**ജനസമ്പർക്ക പരിപാടി**

4 (4) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ തൃശ്ശൂർ ജില്ലയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി എത്ര അപേക്ഷകൾ ലഭ്യമായി എന്ന് വിശദമാക്കാമോ ;

(ബി) പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു ;

(സി) പുതുക്കാട് മണ്ഡലത്തിൽ നിന്ന് പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ എന്താണ് ; തീരുമാനങ്ങൾ എടുത്തത് എത്രയെണ്ണത്തിലെന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) 35,113 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 519 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) താലൂക്ക് അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നതിനാൽ നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല. 277 അപേക്ഷകളിൽ പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 242 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്.

**ഐഡിയാസ് സംവിധാനം**

5 (5) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ "ഐഡിയാസ്" സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനെ കൂടുതൽ ഓഫീസുകളുമായി ബന്ധിപ്പിച്ച് പ്രാദേശിക

തലത്തിൽ ഫയൽ നീക്കം അറിയത്തക്കവിധം സജ്ജമാക്കുമോ ;

(സി) നിലവിലെ ഐഡിയാസ് സംവിധാനം എല്ലാ സർക്കാർ ഉത്തരവുകളും ലഭ്യമാകുന്ന വിധം പുനഃസംഘടിപ്പിക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം ഓൺലൈനിലൂടെ സെക്രട്ടേറിയറ്റിൽ വരാതെ തന്നെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ വകുപ്പുകളിലും ഈ സോഫ്റ്റ്‌വെയർ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് എല്ലാ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ "ഐഡിയാസ്" ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കാനായി എൻ.ഐ.സി.യുടെ ടീമും പ്രവർത്തിക്കുന്നുണ്ട്.

(ബി) "ഐഡിയാസിൽ" ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ Sics.Kerala.gov.in/ideas/home എന്ന വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് അറിയാൻ സാധിക്കുന്നതാണ്.

(സി) സർക്കാർ ഉത്തരവുകൾ ഐഡിയാസിൽ ലഭ്യമാക്കാനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. എല്ലാ ഉത്തരവുകളും ഐഡിയാസിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇ-ഫലയലിംഗ് സംവിധാനം**

6 (6) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിവരുന്ന ഇ-ഫയലിംഗ് സംവിധാനം കാര്യക്ഷമമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പും ശേഷവും ജീവനക്കാരുടെ അഭിപ്രായങ്ങൾ സ്വീകരിച്ചിട്ടുണ്ടോ ; ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇ-ഫയലിംഗ് പദ്ധതിയിൽ വരുത്തിയിട്ടുള്ളത് ;

(സി) ഇ-ഫയലിംഗ് വന്നതിനു ശേഷം ഫയൽ കണ്ടെത്തുന്നതിനും വിവരങ്ങൾ അറിയുന്നതിനും എം.എൽ.എ.മാർക്കും പി.എ.മാർക്കും പൊതുജനങ്ങൾക്കും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് IDEAS മാതൃകയിൽ ഫയൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇ-ഫയലിംഗ് വഴി ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഫയലിംഗ് സംവിധാനത്തിലെ കാര്യക്ഷമത വർദ്ധിച്ചു. എന്നാലും ഒരു ഡിപ്പാർട്ടുമെന്റിന് ഉയർന്ന കാര്യക്ഷമത കൈവരിക്കാൻ അതിന്റെ എല്ലാ സെക്ഷനുകളിലും പൂർണ്ണമായി ഇ-ഓഫീസ് നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കൂടാതെ മറ്റു 13 ഡിപ്പാർട്ടുമെന്റുകളിലും ഇ-ഓഫീസ് ഭാഗികമായി ആരംഭിച്ചിട്ടുണ്ട്. ഇ-ഫയലിംഗ് വഴി ഫിനാൻസ് ഡിപ്പാർട്ടുമെന്റിനുണ്ടായ ഏതാനും ഗുണങ്ങൾ ചുവടെ ചേർക്കുന്നു:

1. ഫയൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള സമയ ദൈർഘ്യം ശരാശരി രണ്ടാഴ്ചയിൽ നിന്നും മൂന്ന്, നാല് ദിവസമായി ചുരുങ്ങി.
2. ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മുകളിലുള്ള ഉദ്യോഗസ്ഥന് ഫയൽ നടപടി പൂർത്തിയാക്കുവാൻ സാധിക്കുന്നു.
3. ഫയലുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള സമയം പൂർണ്ണമായും ഒഴിവാക്കുവാൻ സാധിച്ചു.
4. ഫയലുകൾ സൂക്ഷിക്കുന്നതിനും തീരുമാനമായ ഫയലുകൾ അവസാനിപ്പിക്കുന്നതിനുമുള്ള പ്രക്രിയ എളുപ്പമാക്കി.
5. ഇ-ഓഫീസ് നിലവിൽ വന്നതോടെ സ്റ്റേഷനറി, പ്രിന്റർ എന്നിവയുടെ ഉപയോഗത്തിൽ വളരെയധികം കുറവുണ്ടായി.
6. ഓരോ സെക്ഷനുകളിലേയും ഫയലുകൾ ഏത് ഉദ്യോഗസ്ഥന്റെ പക്കലാണ് ഉള്ളതെന്ന് മനസ്സിലാക്കുവാൻ സാധിച്ചു.
7. ഇ-ഓഫീസിന്റെ നോട്ടീസ് ബോർഡ് മുഖേന വകുപ്പുതല എല്ലാ ജീവനക്കാരും അറിയേണ്ട കാര്യങ്ങൾ താമസം കൂടാതെ അറിയിക്കാവുന്നതാണ്.
8. ഉയർന്ന ഉദ്യോഗസ്ഥർക്ക് വി.പി.എൻ. വഴി ഇ-ഓഫീസ് ലഭ്യമാവുന്നതിനാൽ ഏത് സമയത്തും ഫയൽ പരിശോധിക്കാവുന്നതാണ്.
9. ഇ-ഓഫീസ് വന്നതിനുശേഷം പേപ്പർ രഹിത ഓഫീസ് ആയതിനാൽ ഓഫീസിലെ പൊതു ശുചിത്വം വർദ്ധിക്കുകയുണ്ടായി.

(ബി) ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ആയതിന് മുൻഗണന നൽകുകയും ചെയ്തിട്ടുണ്ട്. ഫൈനാൻസ്, എൽ.എസ്.ജി.ഡി. ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥരുടെ പ്രതികരണാനുസരണം അനേകം യോഗങ്ങൾ എൻ.ഐ.സി. ഡൽഹിയിലെ സംഘവുമായി നടന്നിട്ടുണ്ട്. അങ്ങനെ സോഫ്റ്റ്വെയറിലുള്ള പല അപാകതകൾ പിന്നീടുള്ള വെർഷനുകളിൽ നികത്തിയിട്ടുണ്ട്. വരുത്തിയ മാറ്റങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

1. ഡ്രാഫ്റ്റ് ഉണ്ടാക്കുമ്പോൾ നോട്ട് ഫയൽ കാണുവാനുള്ള സംവിധാനം.
2. ഡ്രാഫ്റ്റിലും നോട്ടിലും ഉള്ള സ്പെൽ ചെക്ക്.
3. റെസീപ്റ്റുകൾക്ക് വേണ്ടിയുള്ള പെൻഡൻസി റിപ്പോർട്ട്.
4. ഫയൽ ക്ലോസ് ചെയ്യുവാനുള്ള നടപടിക്രമം.
5. യൂസർ മാനുവൽ അഥവാ ക്വിക്ക് റഫറൻസ് ഗൈഡുകൾ പ്രാദേശിക ഭാഷയിൽ നിർമ്മിച്ചിട്ടുണ്ട്.
6. ഓഫീസർ ഡിജിറ്റൽ സൈൻ നടത്തിയ ഡ്രാഫ്റ്റിൽ ഡിജിറ്റൽ സിഗ്നേച്ചർ മുദ്രണം പതിയുന്ന സംവിധാനം.
7. ഇ-ഓഫീസിൽനിന്നും ഇ-മെയിൽ വഴി ഡെസ്പാച്ച് ചെയ്യുവാനുള്ള സംവിധാനം.
8. ഒരു പുതിയ ഫയൽ ഇൻബോക്സിൽ ലഭിക്കുമ്പോൾ ഇ-മെയിൽ/ എസ്.എം.എസ്. വഴി അലർട്ട് വരുവാനുള്ള സംവിധാനം.
9. ഉപഭോക്താക്കൾക്ക് തപാൽ/റെസീപ്റ്റ് ട്രാക്ക് ചെയ്യുവാനുള്ള സംവിധാനം.
10. ഇ-ഓഫീസിലുള്ള എഡിറ്ററിൽ പ്രാദേശിക ഭാഷയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള മാറ്റം.
11. ഡിജിറ്റൽ ഒപ്പിടുന്നതിന്റെ വേഗത കൂട്ടുവാനായി DSC CRT (സർട്ടിഫിക്കറ്റ് റെവോക്കേഷൻ ലിസ്റ്റ്) പരിശോധന റിമോർട്ട് സെർവറിൽ നിന്നും ലോക്കൽ സെർവറിലേയ്ക്ക് മാറ്റിയിരിക്കുന്നു.

അടുത്ത വെർഷനിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

1. സിറ്റിസൺ ഇന്റർഫേസ്.
2. സെക്രട്ടേറിയറ്റ് മാനുവൽ പ്രകാരം ജി.ഒ. സർക്കുലർ മെമ്മോറാണ്ടം എന്നിവ നമ്പർ ഇടുക.
3. ഒരു ഡ്രാഫ്റ്റ് അപ്രൂവ് ചെയ്യപ്പെടുമ്പോൾ നമ്പർ സ്വയം ഉണ്ടാവുകയും അപ്രൂവ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം, ഡിജിറ്റൽ സിഗ്നേച്ചർ, തീയതി എന്നിവ വരുന്നതിനായുള്ള സംവിധാനം.
4. കുറിപ്പിനുള്ള പാരഗ്രാഫ് നമ്പറിംഗ്.
5. കൂടുതൽ എം.ഐ.എസ്. റിപ്പോർട്ടുകൾ ഉണ്ടാക്കാനുള്ള

സംവിധാനം.

6. മെച്ചപ്പെടുത്തിയ എച്ച്.റ്റി.എം.എൽ. എഡിറ്റർ സംവിധാനം.

7. ഫയൽ നടപടിയുടെ വിവിധ ഘട്ടങ്ങളിൽ ഇ-മെയിലോ/ എസ്.എം.എസ്. അലർട്ടുകളോ ലഭ്യമാക്കുന്നതിനായുള്ള സംവിധാനം.

(സി & ഡി) ഉണ്ട്. പൊതുജനങ്ങൾക്ക് ഫയലുകൾ ട്രാക്ക് ചെയ്യുന്നതിന് ഇ-ഓഫീസിന്റെ സിറ്റിസൺ ഇന്റർഫേസ് ഉടൻതന്നെ പ്രവർത്തനമാരംഭിക്കുന്നതാണ്. ഫയലുകൾ സെർച്ച് ചെയ്യുവാനുള്ള സൗകര്യവും ഫയലിന്റെ പുരോഗതി അറിയുവാൻ ആവശ്യമായ വിവരങ്ങളും ഈ ഇന്റർഫേസ് നൽകുന്നു.

## പി.എസ്.സി. ഡിപ്പാർട്ടുമെന്റൽ പരീക്ഷ

7 (7) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ഇപ്പോൾ ആരംഭിച്ചിട്ടുള്ള ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങളിൽകൂടി ഡിപ്പാർട്ട്മെന്റൽ പരീക്ഷ നടത്തുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ ഒ.എം.ആർ. രീതിയിൽ മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) റവന്യൂ ഡിപ്പാർട്ട്മെന്റിലെ ജീവനക്കാർക്കായി നടത്തുന്ന മെഡിക്കൽ ജ്യൂറിസ്പ്രൂഡൻസ് എന്ന ഡിപ്പാർട്ട്മെന്റൽ പരീക്ഷ കുറെക്കൂടി ലളിതമാക്കി ഒ.എം.ആർ. രീതിയിൽ നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) മെഡിക്കൽ ജ്യൂറിസ്പ്രൂഡൻസ് ഡിപ്പാർട്ട്മെന്റൽ പരീക്ഷ എല്ലാ ആറുമാസം കൂടുംതോറും കൃത്യമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബഹുഭൂരിപക്ഷം പരീക്ഷകളും ഒ.എം.ആർ. രീതിയിലാണ് നടത്തിവരുന്നത്.

(സി) റവന്യൂവും ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർക്കായി നടത്തുന്ന മെഡിക്കൽ ജൂറിസ് പ്രൂഡൻസ് എന്ന പരീക്ഷ കേരള ക്രിമിനൽ ജൂഡീഷ്യൽ ടെസ്റ്റാണ്. അടുത്ത പരീക്ഷ മുതൽ ഇത് ഒ.എം.ആർ. രീതിയിലാവും നടത്തുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലേയ്ക്കുള്ള ഒഴിവിൽ നിയമനം

8 (8) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലേയ്ക്കുള്ള ഒഴിവിലേയ്ക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 2009-ൽ തീരുമാനമെടുത്തത് പ്രകാരം 2010-ൽ പി.എസ്.സി. പരീക്ഷ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ആയതിലുണ്ടായ കാലവിളംബത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) അനുബന്ധ റാങ്ക് ലിസ്റ്റ് സമയബന്ധിതമായി പ്രസിദ്ധീകരിക്കണമെന്ന് ബഹു. ഹൈക്കോടതിയുടെ വിധി നിലവിലുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ നാളിതുവരെ ഈ വിഷയത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഇ) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർ തസ്തികയിലേയ്ക്ക് 2010-ൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന പി.എസ്.സി. പരീക്ഷ നടത്തിയിട്ടില്ല. കെ.എസ്.ആർ.റ്റി.സി ഡ്രൈവർ-എൻ.സി.എ. (എസ്.സി./എസ്.റ്റി.) തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമന ശിപാർശയ്ക്കുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

## എം.എൽ.എ.-മാർക്ക് സർക്കാർ ഉത്തരവിന്റെ പകർപ്പ്

9 (9) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാർ ആവശ്യപ്പെടുന്ന സർക്കാർ ഉത്തരവുകൾ അവർക്ക് ഉടനടി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഉത്തരവുകൾ എം.എൽ.എ.മാരുടെ ഇ-മെയിൽ വിലാസത്തിൽ അയച്ചുകൊടുക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 6-2-2013-ലെ 2717/എ 2/2012/ പാ.കാ.വ. നമ്പർ സർക്കുലർ പ്രകാരം കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നയപരമായ പ്രശ്നങ്ങളെ ബാധിക്കുന്ന

ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട നിയമസഭാ സാമാജികർക്ക് യഥാസമയം എത്തിക്കുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളിൽ നിന്നിറങ്ങുന്ന ഉത്തരവുകൾ സർക്കാർ പോർട്ടലായ www.kerala.gov.in/go's/circulars/notifications-ൽ ഇപ്പോൾ തന്നെ ലഭ്യമാണ്.

(ബി) ഇ-മെയിൽ ആയി ഉത്തരവുകൾ അയച്ചുകൊടുക്കുന്നതിനുള്ള നിർദ്ദേശം നിലവിൽ പരിഗണനയിലില്ല. എന്നാൽ എം.എൽ.എ.മാർ ആവശ്യപ്പെടുന്നപക്ഷം പ്രസ്തുത ഉത്തരവുകൾ അവരുടെ ഇ-മെയിൽ വിലാസത്തിൽ അയയ്ക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ഭരണമികവിന് അംഗീകാരം**

10 (10) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ മികവിന് സംസ്ഥാനത്തിന് ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം രംഗങ്ങളിലാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം മേഖലകളിലാണ് കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ മികവ് കൈവരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത മികവ് മറ്റ് രംഗങ്ങളിലും നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന ഭരണത്തിന്റെ മികവിന് യു.എൻ.ഡി.പി.യുടെ പ്രശംസ ലഭിച്ചിട്ടുണ്ട്. ഇ-ഗവേണൻസിലൂടെയും വെബ്ടെലികാസ്റ്റിങ്ങിലൂടെയും, 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിലൂടെയും, സുതാര്യമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടു നടത്തിയ ജനസമ്പർക്ക പരിപാടിയെക്കുറിച്ചും യു.എൻ.ഡി.പി.യുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഗ്രൂപ്പിന്റെ ഡയറക്ടർ മതിപ്പു രേഖപ്പെടുത്തുകയും ഈ നൂതന രീതി ആഫ്രിക്കയിലേയും ഏഷ്യയിലേയും ലാറ്റിൻ അമേരിക്കയിലെയും മറ്റ് രാജ്യങ്ങൾ പഠിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ട

കയുമുണ്ടായി. ഐക്യരാഷ്ട്ര സംഘടന ആഗോളതലത്തിൽ പബ്ലിക് സർവ്വീസസിനു നൽകുന്ന ഉന്നതമായ അവാർഡ് (UN Public Service Award 2013) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് ലഭിച്ചു.

(സി&ഡി)സംസ്ഥാന ഭരണത്തിന്റെ എല്ലാ മേഖലകളിലും മുൻവർഷങ്ങളിലേക്കാൾ സമഗ്രമായ മികവ് വരുംവർഷങ്ങളിലും നേടിയെടുക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും നടന്നുവരുന്നത്. വിഷൻ 2030, എമർജിംഗ് കേരളയിലൂടെ നിക്ഷേപ സൗഹൃദ സംസ്ഥാനം, സേവനാവകാശ നിയമം തുടങ്ങിയ വിവിധ പദ്ധതികളിലൂടെയും നിയമ നിർമ്മാണത്തിലൂടെയും സംസ്ഥാന ഭരണത്തിൽ സമഗ്രമായ മികവ് നേടിയെടുക്കുന്നതിന് ശ്രമിച്ചുവരുന്നു. അതുപോലെ പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവരസാങ്കേതികവിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തിവരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കുന്നതിനും നടപടി തുടങ്ങിക്കഴിഞ്ഞു. കേരളത്തെ സമ്പൂർണ്ണ digital state ആക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## സാം പ്രിത്രോഡയുമായി നടത്തിയ ചർച്ചയിന്മേൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ

11 (11) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. സാം പ്രിത്രോഡ 2012 ജനുവരി 25-ന് മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രഖ്യാപിച്ച പത്ത് പദ്ധതികളിൽ ഓരോന്നിന്റേയും ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതിയുടെയും നിർവ്വഹണ പുരോഗതിയും ഇതിനകം ചെലവാക്കിയ തുകയും സംബന്ധിച്ചുള്ള വിവരം നൽകാമോ ;

(സി) പദ്ധതികൾ തുടർച്ചയായി അവലോകനം ചെയ്യുന്നതിന് ഏർപ്പെടുത്തിയ സംവിധാനം എന്തായിരുന്നു ; ഏറ്റവും ഒടുവിൽ അവലോകനം നടന്നത് എപ്പോഴായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പദ്ധതികൾ ഓരോന്നും എന്ന് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ ;

(ഇ) പദ്ധതികൾക്ക് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിരുന്നുവോ ;

വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) സർക്കാർ പ്രഖ്യാപിച്ച പത്തിന പദ്ധതി നിർദ്ദേശങ്ങളിൽ 'ആരോഗ്യ ഇൻഷ്വറൻസ്' ഒഴികെയുള്ള മറ്റ് പദ്ധതി നിർദ്ദേശങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്.

1. 'സർവ്വീസിൽനിന്നും വിരമിച്ചവരുടെ വൈദഗ്ധ്യം സംസ്ഥാനത്തിന് ഗുണകരമാകുംവിധം ഉപയോഗിക്കുക' എന്ന പദ്ധതിയുടെ റിപ്പോർട്ട് മന്ത്രിസഭ അംഗീകരിക്കുകയും 'കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പർട്ട്സ് ഫോർ ഡെവലപ്മെന്റ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഈ പദ്ധതി സംസ്ഥാന സർക്കാർ ഈയിടെ പ്രഖ്യാപിച്ച 'മിഷൻ 676' പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
2. ഹൈസ്പീഡ് റെയിൽ കോറിഡോറിന്റെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.
3. നോളജ് സിറ്റി (knowledge city) പദ്ധതി ടെക്നോപാർക്കിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറത്ത് സ്ഥാപിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിക്ക് നിക്ഷേപകരെ തേടി താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.
4. മറ്റ് പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൊത്തത്തിലുള്ള അവലോകനം അവസാനമായി നടന്നത് 2013 മെയ് 9-നാണ്. പദ്ധതികൾ പ്രത്യേകമായും അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാന ആസൂത്രണബോർഡ് വൈസ് ചെയർമാനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും തുടർച്ചയായി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

(സി) വിരമിച്ച ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി ഉപയോഗിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള കമ്പനി അധികം താമസിയാതെ നിലവിൽ വരുന്നതാണ്. മറ്റുള്ള പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(സി) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വികസന പദ്ധതികളിലെ തീരദേശ ജലപാത, മാലിന്യ പരിപാലനം, നൈപുണ്യ വികസനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും, ഇ.ഗവേണൻസ്, നോളജ് സിറ്റി എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി

യഥാക്രമം 1150 ലക്ഷം, 4498 ലക്ഷം, 9235 ലക്ഷം, 5442 ലക്ഷം, ഒരു ലക്ഷം എന്നിങ്ങനെ 2014-15 വാർഷിക ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

## ഡയറി വിതരണം സംബന്ധിച്ച നടപടികൾ

12 (12) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ സർക്കാർ പൊതുഭരണ വകുപ്പ്, വിവിധ വകുപ്പുകൾ, അതിന്റെ കീഴിലുള്ള മറ്റു സ്ഥാപനങ്ങൾ എന്നിവ എത്ര ഡയറികളാണ് പ്രിന്റ് ചെയ്തതെന്നും അതിന്റെ ആകെ ചെലവ് എത്രയെന്നും അതിൽ പരസ്യം ഇനത്തിൽ ലഭിച്ച തുക എത്രയെന്നും വകുപ്പ് തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഡയറികൾ വിതരണം ചെയ്യുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ ?

ഉത്തരം

(എ) 2014-ൽ സർക്കാർ പൊതുഭരണ വകുപ്പിനെ സംബന്ധിച്ച് 1,50,000 (ഒന്നര ലക്ഷം) എണ്ണം ഡയറിയാണ് അച്ചടിക്കാൻ അനുമതി നൽകിയിരുന്നത്. ആയതിന്റെ വിൽപ്പന വില കണക്കാക്കുവാനായി കണക്കാക്കിയ കോസ്റ്റ് ഷീറ്റ് പ്രകാരം മെറ്റീരിയൽ കോസ്റ്റും ലേബർ കോസ്റ്റും ഉൾപ്പെടെ 1,66,79063.97 (ഒരു കോടി അറുപത്തിയാറ് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി അറുപത്തിമൂന്ന് രൂപ തൊണ്ണൂറ്റി ഏഴ് പൈസ മാത്രം) രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടെങ്കിലും 1,18,350 എണ്ണം ഡയറികൾ മാത്രമാണ് 2014-ൽ അച്ചടിച്ചിട്ടുള്ളത് അവയിൽ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) സർക്കാർ ഡയറികൾ വിതരണം ചെയ്യുന്നതിന് 2013-ൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെട്ട സർക്കുലർ ഉള്ളടക്കം ചെയ്യുന്നു*.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

13 (13) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ (KAS) രൂപീകരണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിൽ ഏതെല്ലാം വകുപ്പുകളാണ് കെ.എ.എസിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) പുതുതായി ഏതെങ്കിലും വകുപ്പുകളെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) PSC നേരിട്ട് നിയമിക്കുന്ന ബിരുദം, ബിരുദാനന്തരബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നീ അടിസ്ഥാന യോഗ്യതയുള്ളവർക്കുകൂടി ഇതിലേക്ക് അപേക്ഷിക്കാൻ അവസരം നൽകുമോ ;

(ഇ) ഇതു എന്നത്തേക്ക് പരിപൂർണ്ണമായി നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച "ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് (16/08/2014-ലെ സ.ഉ.(എംഎസ്.) നമ്പർ 228/14/പൊ.ഭ.) പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 18 വകുപ്പുകളെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്താനാണ് പ്രസ്തുത കമ്മിറ്റി ശിപാർശ ചെയ്തിരുന്നത്. മറ്റ് വകുപ്പുകളെ കൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) മറ്റ് വകുപ്പുകളെ കൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

(ഡി & ഇ ) തീരുമാനിച്ചിട്ടില്ല.

## റദ്ദ് ചെയ്ത തസ്തികകൾ

14 (14) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ റദ്ദ് ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ റദ്ദ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ & ബി) ഈ സർക്കാരിന്റെ കാലത്തും കഴിഞ്ഞ സർക്കാരിന്റെ കാലത്തും പൊതുഭരണ വകുപ്പിൽ ഒരു തസ്തികയും റദ്ദാക്കിയിട്ടില്ല. മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

**ഫയൽ തീർപ്പാക്കൽ**

15 (15) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2014 മേയ്-ജൂൺ മാസങ്ങളിലായി നടപ്പാക്കിയ ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടിയുടെ ഭാഗമായി ഓരോ വകുപ്പിലും 3 വർഷത്തിലധികം പഴക്കം ഉള്ള എത്ര ഫയലുകൾ ഉണ്ട് എന്നും അവയിൽ എത്ര ഫയലുകൾ വീതം തീർപ്പാക്കിയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

സെക്രട്ടേറിയറ്റിൽ 3 വർഷത്തിലധികം പഴക്കമുള്ള 21915 ഫയലുകളിൽ 8260-ഉം വിവിധ സർക്കാർ വകുപ്പുകളിൽ 163360 ഫയലുകളിൽ 54071 ഫയലുകളും ജില്ലാ കളക്ടേറ്റുകളിൽ 92308 ഫയലുകളിൽ 32874 ഫയലുകളും തീർപ്പാക്കിയിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.)

**വയനാട് നിയമന തട്ടിപ്പ് കേസ്**

16 (16) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് നിയമന തട്ടിപ്പിൽ പ്രതിയായ അഭിലാഷ് പിള്ളയെ തിരിച്ച് ജോലിയിൽ പ്രവേശിപ്പിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കാനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കേസിലെ നടപടി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലായെങ്കിൽ കേസ് നടപടി പൂർത്തീകരിക്കുന്നതിൽ അലംഭാവം കാണിച്ചവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 30-9-2014-ൽ ചേർന്ന സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ശുപാർശപ്രകാരം ശ്രീ. അഭിലാഷ് പിള്ളയെ തിരികെ സർവ്വീസിൽ പ്രവേശിപ്പിയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നു. എന്നാൽ പ്രസ്തുത തീരുമാനം ഇപ്പോൾ മരവിപ്പിച്ചിട്ടുണ്ട്.

നിലവിലുള്ള വ്യവസ്ഥകൾപ്രകാരം ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ നിശ്ചിത കാലളവുകളിൽ പുനഃപരിശോധിക്കേണ്ടതും അവരെ സർവ്വീസിൽ യഥാക്രമം പുനഃപ്രവേശിപ്പിക്കേണ്ടതുമാണ്. ഒരു ഉദ്യോഗസ്ഥനെയും അനിശ്ചിതമായി സസ്പെൻഷനിൽ നിർത്തുവാൻ വ്യവസ്ഥയില്ല. ശ്രീ. അഭിലാഷ് പിള്ള 3-12-2010 മുതൽ സസ്പെൻഷനിലായിരുന്നു.

(സി) വിജിലൻസ് കേസുകളുടെ ബാഹുല്യംമൂലമാണ് പലപ്പോഴും നടപടി പൂർത്തീകരിക്കുവാൻ താമസമുണ്ടാകുന്നത്. ഇതുകൊണ്ടുമാത്രം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നത് പ്രായോഗികമാണെന്നു കരുതുന്നില്ല.

**തീരദേശ നിയന്ത്രണ വിജ്ഞാപനം**

17 (17) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ നിയന്ത്രണ വിജ്ഞാപനം നടപ്പിലാക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, ഇളവുകൾ നൽകുന്നതിനും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും എന്തെങ്കിലും ഉത്തരവുകൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇത് സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്കത്ത് അയച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) തീരദേശ നിയന്ത്രണ വിജ്ഞാപനം നടപ്പിലാക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, ഇളവുകൾ നൽകുന്നതിനും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും പ്രത്യേകിച്ച് ഉത്തരവുകളൊന്നും ഇതുവരെയും ലഭിച്ചിട്ടില്ല.

ഇക്കാര്യത്തിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 10-2-2013, 24-7-2014, 16-10-2014 തീയതിയിലെ കത്ത് മുഖാന്തിരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. തുടർന്ന് തീരദേശ പരിപാലന വിജ്ഞാപനത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പഠിച്ച് ശിപാർശ സമർപ്പിക്കുവാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച വിദഗ്ധ സമിതി കേരളം സന്ദർശിക്കുകയും സംസ്ഥാന മുഖ്യമന്ത്രി, ഇതര മന്ത്രിസഭാംഗങ്ങൾ, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുമായി തിരുവനന്തപുരത്ത് വച്ച് 22-8-2014-ൽ ചർച്ച

നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ചർച്ചയിൽ സംസ്ഥാനത്തെ ജനങ്ങളെയും വികസനത്തെയും പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകളിന്മേൽ ഇളവ് വേണമെന്നുള്ള കാര്യം വിദഗ്ധ സമിതിയെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച് 16-10-2014-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് മുഖ്യമന്ത്രി നേരിട്ട് നിവേദനവും നൽകിയിട്ടുണ്ട്. ഇതിന്മേലുള്ള തീരുമാനങ്ങളൊന്നും കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടില്ല.

**അധികാര വികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിന് നടപടി**

18 (18) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണം കൂടുതൽ ഫലപ്രദമാക്കുന്നതിനും മേൽത്തട്ടിലെ അധികാരം താഴേത്തട്ടിലേയ്ക്ക് കൈമാറുന്നതിനും കൂടുതൽ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സെക്രട്ടേറിയറ്റിൽ ഫയലുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നത് പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ കൈമാറി, സെക്രട്ടേറിയറ്റിൽനിന്നും വകുപ്പുകളുടെ ആസ്ഥാനത്തുനിന്നും ഉദ്യോഗസ്ഥരെ പുനർവിന്യസിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) ഇപ്പോൾ പരിഗണനയിലില്ല.

**ഭരണരീതി സംബന്ധിച്ച് യു.എൻ.ഡി.പി.യുടെ അഭിപ്രായങ്ങൾ**

19 (19) ശ്രീ. വർക്കല കഹാർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ നേരിൽകണ്ട് അവരുടെ പ്രയാസങ്ങൾ പരിഹരിക്കുകയും അവരിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന സംസ്ഥാനത്തെ ഭരണരീതിക്ക് ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ആയത് സംബന്ധിച്ച് യു.എൻ.ഡി.പി.യുടെ അഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഭരണരീതി പഠനവിധേയമാക്കുവാൻ യു.എൻ.ഡി.പി.

തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) ഇ-ഗവേണൻസിലൂടെയും വെബ് ടെലികാസ്റ്റിങ്ങിലൂടെയും 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററിലൂടെയും സുതാര്യമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടു നടത്തിയ ജനസമ്പർക്ക പരിപാടിയെക്കുറിച്ചും യു.എൻ.ഡി.പി.യുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഗ്രൂപ്പിന്റെ ഡയറക്ടർ മതിപ്പ് രേഖപ്പെടുത്തുകയും ഈ നൂതന രീതി ആഫ്രിക്കയിലേയും ഏഷ്യയിലേയും ലാറ്റിൻ അമേരിക്കയിലെയും മറ്റ് രാജ്യങ്ങൾ പഠിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്.

## സംസ്ഥാന സർക്കാർ സർവ്വീസിലെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച്

20 (20) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ ;

(ബി) വിവിധ വകുപ്പുകളിൽനിന്നും റദ്ദാക്കേണ്ട തസ്തികകൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇവയുടെ വകുപ്പും തസ്തികയും എണ്ണവും തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ ;

(സി) തസ്തികകൾ കുറവ് ചെയ്യുന്നതുമൂലം ചെലവിനത്തിൽ എന്തു തുക ലാഭിക്കാമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ അധിക തസ്തികകൾ കണ്ടെത്തുന്നതിനായി ജി.ഒ. (എംഎസ്.) 12/12/ ധന. തീയതി 6-1-2012 പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിന് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(ബി&സി) 'എ' പിരിവിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ 'ബാധകമല്ല'.

## സംസ്ഥാന സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാർ

21 (21) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2011 മുതൽ 31-10-2014 വരെ സംസ്ഥാന സർവ്വീസിലെ വിവിധ വകുപ്പുകളിൽനിന്നും എത്ര ജീവനക്കാർ വിരമിക്കുകയുണ്ടായി ; വകുപ്പ് തിരിച്ച് വാർഷികാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ എത്ര പേർക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകുകയുണ്ടായി ; വകുപ്പ് തിരിച്ചുള്ള വിശദാംശം നൽകാമോ ;

(സി) 1-7-2011 മുതൽ 31-10-2014 വരെ വിവിധ വകുപ്പുകളിൽ നിന്നുമായി സംസ്ഥാന സർക്കാരിൽനിന്നും വിരമിച്ചവരുടെ ആനുകൂല്യങ്ങൾ നൽകുന്നതിനായി എന്തു തുക ചെലവഴിച്ചു ; വിശദാംശം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽനിന്ന് സെക്ഷൻ ഓഫീസർമുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികകളിലും, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, പേഴ്സണൽ അസിസ്റ്റന്റ്, ഓഫീസ് സൂപ്രണ്ട്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, സ്വീപ്പർ, ഗാർഡനർ എന്നീ തസ്തികകളിൽ നിന്നും ഇക്കാലയളവിൽ വിരമിച്ചവരുടെ എണ്ണം താഴെകൊടുക്കുന്നു:

| | |
|---|---|
| 2011 | - 1 |
| 2012 | - 203 |
| 2013 | - 111 |
| 2014 | - 32 |

ഈ വകുപ്പിൽനിന്നും വിരമിച്ച മറ്റ് ജീവനക്കാരുടെ എണ്ണവും മറ്റ് വകുപ്പുകളിൽനിന്നും വിരമിച്ചവരുടെ എണ്ണവും ശേഖരിച്ചുവരുന്നു.

(ബി & സി ) വിവരം ശേഖരിച്ചുവരുന്നു.

**സേവനാവകാശ നിയമം**

22 (22) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) സേവനാവകാശ നിയമം അനുസരിച്ച് നിശ്ചിത ദിവസത്തിനുള്ളിൽ സേവനം ലഭ്യമാക്കാത്തതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇതുവരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നല്കാമോ ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 പ്രകാരം 117 വകുപ്പുകൾ/സ്ഥാപനങ്ങൾ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച് പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) നിശ്ചിത ദിവസത്തിനുള്ളിൽ സേവനം ലഭ്യമാക്കാത്തതിന്റെ പേരിൽ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചതായി ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**സേവനാവകാശ നിയമം**

23 (23) <u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത നിയമം നടപ്പാക്കിയിട്ടുള്ളത് ;

(സി) എല്ലാ വകുപ്പുകളിലും പ്രസ്തുത നിയമം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത നിയമത്തിന്റെ നടപ്പാക്കൽ സമയബന്ധിതമായി പൂർത്തിയാക്കുമോ ;

(ഇ) സേവനങ്ങൾ ഓൺലൈൻ വഴി ലഭിക്കുന്നതിനും കൂടുതൽ മേഖലകൾ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 പ്രകാരം 117

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകുപ്പുകൾ/സ്ഥാപനങ്ങൾ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച് പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(സി & ഡി) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 2012 നവംബർ 1 മുതൽ നിലവിൽ വന്നു. ടി നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 23-11-2012, 19-2-2013 എന്നീ തീയതികളിലെ 21145/ഏ.ആർ. 12(1)/12/ഉ.ഭ.പ.വ. 20-12-2012-ലെ 14944/ഏ.ആർ. 12(1)/12/ഉ.ഭ.പ.വ., 4-10-2013-ലെ 16203/ഏ.ആർ. 12(1)/13/ഉ.ഭ.പ.വ. എന്നീ സർക്കുലറുകൾ പ്രകാരം ടി നിയമം നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കും കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും സേവനങ്ങളും ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും, ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിലേയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതിപോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് 21-10-2014-ലെ സർക്കുലർ നമ്പർ. 16203/ഏ.ആർ.12(1)/13/ ഉ.ഭ.പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവന്മാർ ബന്ധപ്പെട്ട ഭരണവകുപ്പു മുഖേന ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) സേവനങ്ങൾ ഓൺലൈൻ വഴി നൽകുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമത്തിൽ വ്യവസ്ഥയില്ല.

**മുന്നോക്കസമുദായ കോർപ്പറേഷൻ**

24 (24) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക സമുദായ കോർപ്പറേഷൻ പ്രവർത്തിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) മുന്നോക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 1956-ലെ കമ്പനി നിയമത്തിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്ത് കേരള സംസ്ഥാന മുന്നോക്കസമുദായ ക്ഷേമ കോർപ്പറേഷൻ 8-11-2012 മുതൽ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു.

(ബി) കേരള സംസ്ഥാനത്തിലെ സംവരണ ആനുകൂല്യം ലഭിക്കാത്ത ജനവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് ഉതകുന്ന സഹായങ്ങൾ നൽകി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ഉദ്ദേശ്യം.

ഈ ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് 2013-14 സാമ്പത്തിക വർഷം മുതൽ വിദ്യാഭ്യാസ മേഖലയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും, വിവിധ മത്സര പരീക്ഷാപരിശീലന സഹായ പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷന്റെ ഗുണഭോക്താക്കൾക്കായി തൊഴിൽ നൈപുണ്യ വികസന പദ്ധതിയും, സ്വയം തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾ/കൂട്ടുത്തരവാദിത്വസംഘങ്ങൾ എന്നിവയ്ക്ക് പലിശ സഹായ പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മുന്നോക്ക സമുദായങ്ങളുടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ സമഗ്ര വികസനം, ക്ഷേമം എന്നിവ ലക്ഷ്യമിട്ടും വിദ്യാഭ്യാസ നിലവാരം, ജീവിത നിലവാരം എന്നിവ ഉയർത്തുന്നതിനുമായാണ് കോർപ്പറേഷൻ രൂപീകൃതമായത്. പ്രസ്തുത ജനവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ, ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ്, ടെക്നിക്കൽ കോഴ്സുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുക, മികവ് പുലർത്തുന്നവർക്കും അർഹതപ്പെട്ട

വിദ്യാർത്ഥികൾക്കും, സ്കോളർഷിപ്പുകൾ നൽകുക, ആവശ്യമെങ്കിൽ ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിദ്യാഭ്യാസ സാങ്കേതിക സ്ഥാപനങ്ങൾ തുടങ്ങുന്നതിന് സഹായിക്കുകയും മുതൽ മുടക്കുകയും ചെയ്യുക, ആരോഗ്യ ജീവിത സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സ്ഥലവും കെട്ടിടങ്ങളും വാങ്ങുകയോ ഈ ജനവിഭാഗങ്ങളുടെ താമസസ്ഥലവും അനുബന്ധ സാഹചര്യങ്ങളും നിർമ്മിക്കാനോ റിപ്പയർ ചെയ്യാനോ സഹായം നൽകുക, സ്വന്തമായി ചെറുകിട-ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം നൽകി തൊഴിലവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതുവഴി വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക, പ്രാഥമിക ദ്വിതീയ മേഖലകളിൽ മറ്റു സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായം നൽകുക എന്നീ ഉദ്ദേശങ്ങളാണ് കോർപ്പറേഷന്റെ പ്രവർത്തനപരിധിയിൽ മുഖ്യമായി ഉൾപ്പെടുത്തിയിട്ടുള്ളത്.

**പേഴ്സണൽ സ്റ്റാഫ്**

25 (25) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഗവൺമെന്റ് ചീഫ് വിപ്പിനുമായി ആകെയുള്ള പേഴ്സണൽ സ്റ്റാഫ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോരുത്തരുടെയും തസ്തിക സഹിതമുള്ള വിശദാംശങ്ങൾ വെവ്വേറെ ലഭ്യമാക്കാമോ ;

(സി) 2014 ഏപ്രിൽ 1-ന് ശേഷം പേഴ്സണൽ സ്റ്റാഫിൽ എത്ര പേരെ പുതുതായി നിയമിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ്ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിനെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) 2014 ഏപ്രിൽ 1-ന് ശേഷം പേഴ്സണൽ സ്റ്റാഫിൽ 34 പേരെ പുതുതായി നിയമിച്ചിട്ടുണ്ട്.

**പ്രതിപക്ഷനേതാവിന്റെ ഓഫീസിലെയും ഔദ്യോഗിക വസതിയിലെയും ചെലവുകൾ**

26 (26) <u>ശ്രീ. വി. ഡി. സതീശൻ</u> :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്കു ലഭ്യമാക്കുമോ ;

(ബി) ടെലിഫോൺ ബിൽ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയാണെന്ന് വിശദമാക്കുമോ ;

(സി) ഔദ്യോഗിക വസതിയിലേയ്ക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയാണെന്ന് വിശദമാക്കുമോ ;

(ഡി) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫിൽനിന്ന് ആരെയെല്ലാം ഒഴിവാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ആകെ 70,70,601 രൂപ ചെലവഴിച്ചിട്ടുണ്ട്.

1. ഫർണീച്ചർ റിപ്പയറിംഗും പോളീഷിംഗും - 1,62,736
2. കർട്ടൻ ഫിറ്റിംഗ്സ് - 1,39,806
3. അറ്റകുറ്റപ്പണികൾക്കായി സിവിൽ ഇനത്തിൽ 50,37,827 രൂപയും ഇലക്ട്രിക്കൽ ഇനത്തിൽ 17,30,232 രൂപയും ചെലവായിട്ടുണ്ട്.

(ബി) ടെലിഫോൺ ചാർജ്ജിനത്തിൽ 31-10-2014 വരെ ചെലവായ തുക ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഓഫീസ് | - 3,17,517 രൂപ |
| വസതി | - 1,50,854 രൂപ |
| മൊബൈൽ ഫോൺ | - 25,311 രൂപ |
| ആകെ | - 4,93,682 രൂപ |

അതിഥി സൽക്കാരത്തിനായി 94,962 രൂപയും, യാത്രാബത്ത ഇനത്തിൽ 3,65,259 രൂപയും ചെലവായിട്ടുണ്ട്.

(സി) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിനായി ആകെ 10,97,222 രൂപ ചെലവായിട്ടുണ്ട്

(ഡി) 24-5-2013-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 4263/13/ പൊ.ഭ.വ. പ്രകാരം പ്രസ് സെക്രട്ടറി, അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി, പി.എ. എന്നീ തസ്തികകളിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. കെ. ബാലകൃഷ്ണൻ, ശ്രീ. വി. കെ. ശശിധരൻ, ശ്രീ. എ. സുരേഷ് എന്നിവരെ 31-5-2013 തീയതി അടിസ്ഥാനമാക്കിയും ക്ലാർക്ക് തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. കെ. എസ്. സജിത്തിനെ 24-5-2013 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 4264/2013/പൊ.ഭ.വ. പ്രകാരം 30-4-2013 തീയതി അടിസ്ഥാനമാക്കിയും വിടുതൽ ചെയ്തിട്ടുണ്ട്.

**ക്യാബിനറ്റ് അജണ്ട**

27 (27) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ക്യാബിനറ്റ് പരിഗണനയ്ക്കായി അജണ്ടയിൽ ഉൾപ്പെടുത്തിവന്ന കുറിപ്പുകൾ എത്ര ; ഔട്ട് ഓഫ് അജണ്ടയിൽ പരിഗണനയ്ക്ക് വന്ന കുറിപ്പുകൾ എത്ര ; വ്യക്തമാക്കാമോ ;

(ബി) ഇവയിൽ തീരുമാനം എടുത്തത് എത്ര ; തീരുമാനം എടുക്കാതെ മാറ്റിവയ്ക്കപ്പെട്ടവ എത്ര ;

(സി) ക്യാബിനറ്റ് തീരുമാനം എടുത്ത എത്ര കേസ്സുകളിൽ അത് പിന്നീട് ക്യാൻസൽ ചെയ്തിട്ടുണ്ട് ;

(ഡി) ക്യാബിനറ്റ് തീരുമാനം ഗവൺമെന്റ് ഉത്തരവായി പുറപ്പെടുവിച്ചിട്ടില്ലാത്തവ എത്ര; അവ ഏതെല്ലാം കാര്യങ്ങളുമായി ബന്ധപ്പെട്ടതാണ് ;

(ഇ) മന്ത്രിസഭാംഗങ്ങളിൽ ഓരോരുത്തരും ഔട്ട് ഓഫ് അജണ്ടയായി ക്യാബിനറ്റിൽ കൊണ്ടുവന്ന നിർദ്ദേശങ്ങൾ എത്രവീതം ; വിശദമാക്കാമോ ?

ഉത്തരം

(എ) അജണ്ടയിൽ ഉൾപ്പെടുത്തി വന്ന കുറിപ്പുകൾ -

(26-11-2014 വരെ) - 4565

'ഔട്ട് ഓഫ് അജണ്ട'യിൽ പരിഗണനയ്ക്കുവന്ന കുറിപ്പുകൾ -

(26-11-2014 വരെ) - 1498

(ബി) മാറ്റിവച്ചത് (26-11-2014 വരെ) - 33

(സി & ഡി) ഇതു സംബന്ധിച്ച് പ്രത്യേകം പ്രത്യേകം കണക്കുകൾ ലഭ്യമല്ല. ആയത് വിവിധ വകുപ്പുകളിൽനിന്നും ശേഖരിച്ച് നൽകുന്നതാണ്.

(ഇ) വിവിധ വിഷയങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അനുവാദത്തോടെ ആണ് മന്ത്രിസഭാംഗങ്ങൾ അജണ്ടയ്ക്ക് പുറത്തുള്ള വിഷയങ്ങൾ മന്ത്രിസഭ മുമ്പാകെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത്. മന്ത്രിസഭ പരിഗണനയ്ക്ക് എടുക്കുന്ന വിഷയ ങ്ങളിലാണ് തീരുമാനമെടുക്കുന്നത്. അവ മാത്രമേ മിനിട്സിൽ ഉൾപ്പെടുത്തുകയുള്ളൂ. അതിനാൽ മന്ത്രിസഭാംഗങ്ങൾ ഓരോരുത്തരും "ഔട്ട് ഓഫ് അജണ്ട"യായി ക്യാബിനറ്റിൽ കൊണ്ടുവന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച കണക്ക് ലഭ്യമല്ല.

## വിദ്യാഭ്യാസവായ്പ സംബന്ധിച്ച പരാതി പരിഹരിക്കാൻ കമ്മിറ്റി

28 (28) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ നൽകുന്നതിൽ വിമുഖത കാണിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) വിദ്യാഭ്യാസ വായ്പയെ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് ജനപ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റി രൂപീകരിക്കുമോ ?

### ഉത്തരം

(എ & ബി) ഒറ്റപ്പെട്ട ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികൾ സംസ്ഥാനതല ബാങ്കിംഗ് സമിതി മുഖാന്തിരം ബാങ്ക് അധികാരികൾക്ക് അയച്ചുകൊടുത്ത് വേണ്ട തിരുത്തൽ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) ഇപ്പോൾ പണിഗണനയിലില്ല.

## സർക്കാർ ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ്

29 (29) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രതിവർഷം സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് ചെലവഴിക്കുന്ന ആകെ തുകയെക്കാൾ കുറഞ്ഞ ചെലവിൽ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ &ബി) സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ ഇംപേഴ്സ്മെന്റിനായി ചെലവഴിക്കുന്ന തുക ഉപയോഗിച്ച് മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

**നിയമന നിരോധനം**

30 (30) <u>ശ്രീ. മോൻസ് ജോസഫ്</u> :

<u>ശ്രീ. റ്റി. യു. കുരുവിള</u> :

<u>ശ്രീ. സി. എഫ്. തോമസ്</u> :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമനനിരോധനം ഉണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻ സർക്കാർ നിയമിച്ചതിനേക്കാൾ കൂടുതൽ പേരെ സർക്കാർ ജോലിയിൽ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻ ഗവൺമെന്റ് സൃഷ്ടിച്ചതിനേക്കാൾ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിയമന നിരോധനം നിലവിലില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2014 ഒക്ടോബർ വരെ 109048 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖാന്തിരം നിയമന ശിപാർശ നൽകിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് 5 വർഷം കൊണ്ട് ആകെ 165408 ഉദ്യോഗാർത്ഥികൾക്കാണ് നിയമന ശിപാർശ നൽകിയിട്ടുള്ളത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

**മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ.ചീഫ് വിപ്പ് എന്നിവർ ടെലിഫോൺ ഉപയോഗിച്ച**

**വകയിൽ ചെലവഴിച്ച തുക**

31 (31) <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ.ചീഫ് വിപ്പ് എന്നിവർ ടെലിഫോൺ ഉപയോഗിച്ച വകയിൽ ചെലവഴിച്ച തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ. ചീഫ് വിപ്പ് എന്നിവർ ചായ സൽക്കാരത്തിന് എത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു*.

(ബി) അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു*.

**മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ. ചീഫ് വിപ്പ് എന്നിവർ സംസ്ഥാന ഖജനാവിൽ നിന്നും ചെലവഴിച്ച തുക**

32 (32) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ അതിഥി സൽക്കാരത്തിനായി സംസ്ഥാന ഖജനാവിൽനിന്നും ചെലവഴിച്ച തുക എത്രയെന്ന് വർഷം, മന്ത്രി, തുക അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ;

(ബി) ഈ കാലയളവിൽ പ്രസ്തുത വ്യക്തികൾ ഉപയോഗിച്ച മൊബൈൽ ഫോൺ, ലാന്റ് ഫോൺ ചാർജിനത്തിൽ സർക്കാർ ഖജനാവിൽനിന്നും ചെലവായ തുക എത്രയെന്ന് വർഷം, മന്ത്രി, തുക അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) മറുപടി അനുബന്ധം '1' ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു*.

(ബി) മറുപടി അനുബന്ധം '2' ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു*.

**തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

33 (33) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം വകുപ്പുകൾ തിരിച്ച് വിശദമാക്കാമോ ;

(ബി) കെട്ടിക്കിടക്കുന്ന ഫയലുകളിൽ 3 വർഷവും അതിൽ കൂടുതലും പഴക്കമുള്ളവ എത്ര ;

(സി) 2 വർഷത്തിനും 3 വർഷത്തിനും ഇടയിൽ പഴക്കമുള്ളത് എത്ര ;

(ഡി) തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ഇ) നടപടികളുടെ ഭാഗമായി എത്ര ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(എഫ്) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി സെക്രട്ടേറിയറ്റിലെ ഫയൽ തീർപ്പാക്കുന്നതിൽ എന്തെങ്കിലും പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 1,17,137 ഫയലുകൾ തീർപ്പാകാതെയുണ്ട്. (വകുപ്പുകൾ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*)

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന സമാഹൃത പത്രികകൾ അവലോകനം ചെയ്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാവകുപ്പുകൾക്കും നൽകിവരുന്നുണ്ട്. കൂടാതെ, കെട്ടിക്കിടക്കുന്ന 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സാധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കുന്നതിനുവേണ്ടി 2014 മെയ്-ജൂൺ മാസങ്ങളിൽ പ്രത്യേക ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടിനടത്തുകയും ഫയലുകൾ തീർപ്പാക്കുകയുമുണ്ടായി. ഇതിനുപുറമേ ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി ഒരു ഫയൽ അദാലത്തുകൂടി 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ നടത്തുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുകയും വകുപ്പുകൾ അദാലത്ത് നടത്തുകയും ചെയ്തിട്ടുണ്ട്.

(ഇ) 2014 മെയ്-ജൂൺ മാസങ്ങളിൽ നടത്തിയ ഫയൽ തീർപ്പാക്കൽ

തീവ്രയത്ന പരിപാടിയുടെ ഭാഗമായി 8260 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. 2014 സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ നടത്തിയ അദാലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഉണ്ട്.

## സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലുകൾ

34 (34) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് 2014-15 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രോപ്പോസലുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രോപ്പോസലുകൾക്ക് കേന്ദ്ര സർക്കാരിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അംഗീകാരം നേടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം

35 (35) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് NCA (LC) വിഭാഗത്തിൽ കണ്ണൂർ, കാസർഗോഡ്, കൊല്ലം, ആലപ്പുഴ ജില്ലകളിൽ നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട്ചെയ്തു കിട്ടിയിട്ടുണ്ട് ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ മുതലായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനം എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ NCA(LC) വിഭാഗത്തിൽ കണ്ണൂർ, കാസർഗോഡ്, കൊല്ലം, ആലപ്പുഴ ജില്ലകളിൽ നിലവിൽ ഒരു ഒഴിവ് വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കൊല്ലം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പ്രസ്തുത തസ്തികയുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായിട്ടുണ്ട്.

(സി) തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകുന്നതാണ്.

## നടപ്പിലാക്കാത്ത പ്രഖ്യാപിത പദ്ധതികൾ

36 (36) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പ്രഖ്യാപിത പദ്ധതികളിൽ നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തവ സംബന്ധിച്ച് സമഗ്രമായ വിലയിരുത്തൽ നടത്തുമെന്ന് ഉറപ്പ് നല്കിയിട്ടുണ്ടായിരുന്നുവോ ;

(ബി) സമഗ്രമായ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; നടപ്പിലാക്കാത്ത പദ്ധതികളുടെ വകുപ്പടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ബഡ്ജറ്റിന് പുറത്ത് സർക്കാർ പ്രഖ്യാപിച്ച ആവശ്യം പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി വരുന്ന ചെലവുകൾ പദ്ധതിയടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ഡി) നടപ്പിലാക്കാത്ത പദ്ധതികളുടെ സമഗ്രമായ വിലയിരുത്തലിന് ആരെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത് ; ചുമതലയനുസരിച്ച് സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

37 (37) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഈ സർക്കാർ എത്ര തുക അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഇനത്തിൽ കഴിഞ്ഞ സർക്കാർ എത്ര തുക വിനിയോഗിച്ചു എന്ന് ജില്ല തിരിച്ച് നല്കാമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഈ സർക്കാർ ആകെ 361,65,64,590 രൂപ (മുന്നൂറ്റി അറുപത്തൊന്ന് കോടി അറുപത്തിയഞ്ച് ലക്ഷത്തി അറുപത്തിനാലായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഇതിൽ 332,38,41,800 രൂപ (മൂന്നൂറ്റി മുപ്പത്തി രണ്ടുകോടി മുപ്പത്തിയെട്ടു ലക്ഷത്തി നാൽപ്പത്തൊന്നായിരത്തി എണ്ണൂറു രൂപ) ജില്ലാ കളക്ടർമാർക്കായി അനുവദിച്ചതാണ്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-എ ആയി ഉൾപ്പെടുത്തിയിരിക്കുന്നു*.

(ബി) പ്രസ്തുത ഇനത്തിൽ കഴിഞ്ഞ സർക്കാർ ആകെ 120,24,96,038 (നൂറ്റിയിരുപത് കോടി ഇരുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി മുപ്പത്തിയെട്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഇതിൽ ജില്ലകൾക്കായി അനുവദിച്ച ആകെ തുക 98,62,96,211 (തൊണ്ണൂറ്റി എട്ടുകോടി അറുപത്തിരണ്ടു ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി ഇരുന്നൂറ്റി പതിനൊന്ന് രൂപ മാത്രം) രൂപയാണ്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-ബി ആയി ഉൾപ്പെടുത്തിയിരിക്കുന്നു*.

**മുഖ്യമന്ത്രിയുടെ കേരളത്തിന് പുറത്തുള്ള സന്ദർശനങ്ങൾ**

38 (38) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രി എത്ര തവണ ഡൽഹി സന്ദർശിച്ചിട്ടുണ്ട് ; ഇതിൽ എത്ര തവണ ഔദ്യോഗിക സന്ദർശനമായിരുന്നു ; അനൗദ്യോഗിക സന്ദർശനങ്ങൾ എത്ര ;

(ബി) പ്രസ്തുത കാലയളവിലെ മുഖ്യമന്ത്രിയുടെ വിദേശ പര്യടനങ്ങൾ എത്ര ; ഏതെല്ലാം രാജ്യങ്ങൾ ; വിശദമാക്കുമോ ?

ഉത്തരം

(എ) 47 തവണ സന്ദർശിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

45 തവണ ഔദ്യോഗിക സന്ദർശനം ആയിരുന്നു.

(ബി) 4 വിദേശ പര്യടനങ്ങൾ.

| സന്ദർശിച്ച വിദേശരാജ്യം/ തീയതി/തവണ | ഔദ്യോഗികം/സ്വകാര്യം |
|---|---|
| ദുബായ്, അബുദാബി (11-4-2013 മുതൽ 14-4-2013 വരെ) | ഔദ്യോഗികം (സ്മാർട്ട്സിറ്റി, കൊച്ചിയുടെ ഡയറക്ടർ ബോർഡ് മീറ്റിംഗ്, ഓവർസീസ് ഇന്ത്യൻ കോൺഗ്രസ് ഗ്ലോബൽ മീറ്റ് എന്നിവയിൽ പങ്കെടുക്കുന്നതിന്) |
| ബഹ്റിൻ (27-6-2013 മുതൽ 28-6-2013 വരെ) | ഔദ്യോഗികം (United Nations Service Award സ്വീകരിക്കുന്നതിന്) |
| ഷാർജ, ദുബായ് (24-1-2014 മുതൽ 26-1-2014 വരെ) | സ്വകാര്യം |
| യു.എ.ഇ (24-9-2014 മുതൽ 26-9-2014 വരെ) | സ്വകാര്യം |

**മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി**

39 (39) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി അവസാനമായി നടന്നത് എന്നാണ് ;

(ബി) പരിപാടിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(സി) പരിപാടിയുടെ തുടർന്നുള്ള നടത്തിപ്പ് സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ജനസമ്പർക്ക പരിപാടി അവസാനമായി 17-12-2013-ൽ കണ്ണൂർ ജില്ലയിൽ നടന്നു.

(ബി&സി) ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടിയിൽനിന്നും വ്യത്യസ്തമായി അക്ഷയ സെന്ററുകൾ, താലൂക്ക് ഓഫീസ്, കളക്ടറേറ്റ് എന്നിവ മുഖേന ഓൺലൈനായാണ് രണ്ടാംഘട്ടത്തിൽ പരാതികൾ സ്വീകരിച്ചത്. ഓൺലൈനായി ലഭിച്ച പരാതികളിൽ ജില്ലാതല ഓഫീസർമാർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചവയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റു അപേക്ഷകളിൽ

നടപടി പുരോഗമിക്കുന്നു. ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ ഏകദേശം 94% അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

## പ്രധാനമന്ത്രിക്ക് സമർപ്പിച്ച നിവേദനം

40 (40) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ഒക്ടോബർ 17-ന് പ്രധാനമന്ത്രിയെ സന്ദർശിച്ച മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം സമർപ്പിച്ച നിവേദനത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കൂടിക്കാഴ്ചയിൽ നിവേദനത്തിലുന്നയിച്ച എന്തെങ്കിലും ആവശ്യത്തിന്മേൽ പ്രധാനമന്ത്രി അനുകൂലമായി പ്രതികരിക്കുകയോ, ഉറപ്പ് നൽകുകയോ ഉണ്ടായിട്ടുണ്ടോ ;

(സി) ഈ ആവശ്യങ്ങൾ മുൻ പ്രധാനമന്ത്രിയോടും മുൻ കേന്ദ്ര സർക്കാരിനോടും നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നോ; ഏതെങ്കിലും കാര്യത്തിൽ അനുകൂല തീരുമാനം അക്കാലത്തുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ?

### ഉത്തരം

(എ) മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് VGF(Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്രസർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) മുൻ കേന്ദ്ര സർക്കാരിനോടും ഇതിൽ ബഹുഭൂരിപക്ഷം ആവശ്യങ്ങളും നിവേദനങ്ങളിലൂടെ ആവശ്യപ്പെടുകയും ആയതിൽ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന എല്ലാ കാര്യങ്ങളിലും മുൻ കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ സമീപനമാണ് ലഭിച്ചിരുന്നത്.

## സെക്രട്ടേറിയറ്റിലെ ഇ-ഓഫീസ് സംവിധാനം

41 (41) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയ ഇ-ഓഫീസ് സംവിധാനത്തിലെ ന്യൂനതകൾ പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത സംവിധാനത്തിൽ ഫയലുകളുടെ നീക്കങ്ങൾ ജനങ്ങൾക്ക് നേരിട്ട് മനസ്സിലാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ ;

(സി) പ്രസ്തുത സംവിധാനം ഹാക്കിംഗ് പോലുള്ള പ്രശ്നങ്ങളിൽനിന്നും പൂർണ്ണമായും സംരക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങൾ തേടുകയും അവയ്ക്ക് മുൻഗണന നൽകുകയും ചെയ്തിട്ടുണ്ട്. അവയിൽ പ്രാധാന്യമുള്ള ചിലത് ചുവടെ പറഞ്ഞിരിക്കുന്നു:

1. മലയാളം ലിപി പകർത്തുന്നതിലുള്ള ബുദ്ധിമുട്ട്.
2. കുറിപ്പുകൾ എഡിറ്റ് ചെയ്യുമ്പോൾ ഡ്രാഫ്റ്റുകൾ കാണാൻ കഴിയുന്ന സംവിധാനം.
3. ടെക്സ്റ്റ് എഡിറ്ററിലുള്ള അലൈൻമെന്റ് പ്രശ്നങ്ങൾ കൂടുതൽ ടെക്സ്റ്റ് എഡിറ്റിംഗ് സംവിധാനങ്ങൾ ഉൾപ്പെടുത്തണം.
4. എല്ലാ ഓഫീസർമാർക്കും തപാൽ ട്രാക്കിംഗ് സംവിധാനം.
5. ഓഫീസർമാർക്ക് ടെമ്പ്ലേറ്റുകൾ നിർമ്മിക്കാനുള്ള സൗകര്യം.
6. ഫയലുകൾ അയക്കുവാനായി ഓഫീസർമാരുടെ പദവി ടി.ഒ. ലിസ്റ്റിൽ ഉൾപ്പെടുത്തണം.

ഡൽഹിയിൽ നിന്നുള്ള എൻ.ഐ.സി. ടീമുമായി ഒന്നിലധികം മീറ്റിംഗുകൾ നടത്തുകയും തുടർന്ന വളരെ പ്രാധാന്യമുള്ള പ്രശ്നങ്ങൾ സോഫ്റ്റ്‌വെയറിന്റെ തുടർ വേർഷനുകളിൽ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പൊതുജനങ്ങൾക്ക് ഫയലുകൾ ട്രാക്ക് ചെയ്യുന്നതിന് ഇ-ഓഫീസിന്റെ സിറ്റിസൺ ഇൻറർഫേസ് ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഫയലുകൾ സെർച്ച് ചെയ്യുവാനുള്ള സൗകര്യവും ഫയലിന്റെ പുരോഗതി അറിയുവാൻ ആവശ്യമായ വിവരങ്ങളും ഈ ഇൻറർഫേസ് നൽകുന്നു.

(സി) സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം, എൻ.ഐ.സി.യിൽ 2-1-2014-ൽ സെക്യൂരിറ്റി ഓഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതുകൂടാതെ ഇ-ഓഫീസ് KSWAN നെറ്റ്‌വർക്കിൽ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇന്റർനെറ്റിൽ ലഭ്യമല്ല. ഓഫീസിന്റെ പുറത്ത് നിന്നോ വീടുകളിൽ നിന്നോ ഇ-ഓഫീസ്

ഉപയോഗിക്കേണ്ട ഉദ്യോഗസ്ഥർക്ക് വിർച്ച്വൽ പ്രൈവറ്റ് നെറ്റ്‌വർക്ക് (VPN) വഴി ഇന്റർനെറ്റിലൂടെ സുരക്ഷിതമായി ഉപയോഗിക്കാവുന്നതാണ്.

**കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നത്**

42 (42) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുകളിലും പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചു കൂട്ടി പുരോഗതി വിലയിരുത്താറുണ്ടോ ;

(ബി) കഴിഞ്ഞമാസം പുരോഗതി വിലയിരുത്തിയിട്ടില്ലാത്ത വകുപ്പുകൾ എത്ര ;

(സി) എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ അവലോകനം ചെയ്ത് സമാഹൃത റിപ്പോർട്ടുകൾ തയ്യാറാക്കാൻ തീരുമാനം ഉണ്ടായിരുന്നുവോ; എങ്കിൽ ഏറ്റവും ഒടുവിൽ തയ്യാറാക്കപ്പെട്ട എല്ലാ വകുപ്പുകളിലെയും കെട്ടിക്കിടക്കുന്ന ഫയലുകൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; ഏറ്റവും ഒടുവിൽ സമാഹൃത റിപ്പോർട്ട് തയ്യാറാക്കിയത് ഏത് തീയതിയിലാണ് ?

ഉത്തരം

(എ & ബി) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകമായി നീക്കിവയ്ക്കുകയും അന്നേദിവസം മേലുദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സാധ്യമായ എല്ലാ ഫയലുകളും തീപ്പാക്കേണ്ടതുമാണെന്ന നിർദ്ദേശം എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. ഇപ്രകാരം കഴിഞ്ഞ മാസം ഫയൽ അദാലത്ത് നടത്തി വിശദാംശങ്ങൾ ലഭ്യമാക്കുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ടുകൾ വകുപ്പുകളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ.

(സി) എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന പത്രിക അവലോകനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കാറുണ്ട്. ഏറ്റവും ഒടുവിൽ തയ്യാറാക്കിയ സെക്രട്ടേറിയറ്റ് വകുപ്പുകളുടെ ഒക്ടോബർ മാസത്തെ റിപ്പോർട്ടനുസരിച്ച് മൊത്തം 1,16,409 പഴയ ഫയലുകളിൽ 15,172 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. ഒരു വർഷത്തിനും രണ്ട് വർഷത്തിനും ഇടയ്ക്കുള്ള 18,761 ഫയലുകളിൽ 2145 ഫയലുകൾ തീർപ്പാക്കി. രണ്ടു വർഷത്തിനുമേൽ പഴക്കമുള്ള 14968 ഫയലുകളിൽ 1628 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകളുടെ സെപ്റ്റംബർ മാസത്തെ

റിപ്പോർട്ടനുസരിച്ച് 1,78,367 പഴയ ഫയലുകളിൽ 16,447 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. ഒരു വർഷത്തിനും രണ്ട് വർഷത്തിനും ഇടയ്ക്കുള്ള 30,392 ഫയലുകളിൽ 4,061 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. രണ്ടു വർഷത്തിനുമേൽ പഴക്കമുള്ള 27,287 ഫയലുകളിൽ 3319 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. സെക്രട്ടേറിയറ്റ് വകുപ്പുകളുടെ ഒക്ടോബർ മാസത്തെ റിപ്പോർട്ട് 22-11-2014-ലും വിവിധ സർക്കാർ വകുപ്പുകളുടെ സെപ്റ്റംബർ മാസത്തെ റിപ്പോർട്ട് 10-11-2014 ലുമാണ് ഏറ്റവും ഒടുവിൽ തയ്യാറാക്കിയത്.

## സെക്രട്ടേറിയറ്റിലെ സേവനങ്ങൾക്കുള്ള കാലവിളംബം

43 (43) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് കാലവിളംബം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) സെക്രട്ടേറിയറ്റിന്റെ നവീകരണത്തിനായി സമർപ്പിക്കപ്പെട്ട ശിപാർശകൾ നടപ്പിലാക്കിയും, സെക്രട്ടേറിയറ്റ് മാന്വൽ പരിഷ്കരിച്ചും ജീവനക്കാരുടെ മനോഗതി മാറ്റുന്നതിനാവശ്യമായ പരിശീലനം നൽകിയും പരാതി പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) സർക്കാരിൽനിന്ന് പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ കാലവിളംബം കൂടാതെ ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) എല്ലാ സർക്കാർ ജീവനക്കാർക്കും വികസനോന്മുഖമായ പരിശീലനം നൽകണമെന്നതാണ് സർക്കാർ നയം. കേരള സംസ്ഥാന പരിശീലന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനവും കാര്യക്ഷമതയും മുൻനിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലനപരിപാടികൾ നടത്തിവരുന്നുണ്ട്. പുതുതായി സർവീസിൽ പ്രവേശിക്കുന്നവർക്കുള്ള ഇൻഡക്ഷൻ ട്രെയിനിംഗും ഇതിൽ ഉൾപ്പെടും. കേരള സംസ്ഥാന ഭരണപരിഷ്കാര കമ്മിറ്റിയുടെ സെക്രട്ടേറിയറ്റ് നവീകരണത്തിനായുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിലേയ്ക്ക് ഒരു ഇൻഹൗസ് ട്രെയിനിംഗ് & ഡെവലപ്മെന്റ് സെൽ രൂപീകരിക്കുന്നത് സജീവമായി പരിഗണിച്ചുവരുന്നു. കൂടാതെ സെക്രട്ടേറിയറ്റ് മാന്വൽ കാലോചിതമായി പരിഷ്കരിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.

## കേന്ദ്രസർക്കാരിന് സമർപ്പിച്ച നിവേദനങ്ങൾ

44 (44) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ കേന്ദ്രസർക്കാർ അധികാരമേറ്റശേഷം കേരളം എന്തെല്ലാം ആവശ്യങ്ങളാണ് നിവേദനമായി കേന്ദ്രസർക്കാരിനു സമർപ്പിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത നിവേദനങ്ങളിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച് നടപ്പിലാക്കുവാൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുള്ളത്ഏതെല്ലാം ;

(സി) റെയിൽവെയുടെ കാര്യത്തിൽ കേരളത്തോടുള്ള അവഗണനയ്ക്ക് പരിഹാരം കാണുന്നതിനായി എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ശ്രമം ആരംഭിച്ചിട്ടുണ്ടോ ;

(ഡി) നിർദ്ദിഷ്ട പാലക്കാട് റെയിൽവെകോച്ച് ഫാക്ടറിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) നിർദ്ദിഷ്ട കോച്ച് ഫാക്ടറി നടപ്പിലാക്കുമെന്നതിന് കേന്ദ്രത്തിൽനിന്നും എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ ?

### ഉത്തരം

(എ) നിലവിലെ കേന്ദ്രസർക്കാർ അധികാരമേറ്റശേഷം 2014 ഒക്ടോബർ 17-ന് പ്രധാനമന്ത്രിയെ സന്ദർശിച്ച മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം ചുവടെ ചേർക്കുന്ന ആവശ്യങ്ങൾ നിവേദനമായി സമർപ്പിച്ചു:

1. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്തിമ നോട്ടിഫിക്കേഷൻ പുറത്തിറക്കുക.
2. കോസ്റ്റൽ റഗുലേഷൻ സോൺ സംബന്ധമായ ചട്ടങ്ങളിൽ ഇളവുവരുത്തുക.
3. കേരളത്തിലെ റബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കേന്ദ്ര നയങ്ങളിൽ മാറ്റം ആവശ്യപ്പെട്ടു.
4. ശബരിമലയെ ദേശീയ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുക.
5. മരുന്നുകളുടെ വില നിയന്ത്രിക്കുക.
6. പാലക്കാട്ട് റെയിൽകോച്ച് ഫാക്ടറി സ്ഥാപിക്കുക.
7. വിഴിഞ്ഞം പദ്ധതിക്കായി VGF(Viability Gap Funding) അനുവദിക്കുക.

8. ആർ.സി.സി.യെ നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുക.
9. നിലമ്പൂർ-നഞ്ചൻഗോഡ് റെയിൽപ്പാത നിർമ്മാണം.
10. ഭൂരഹിതരില്ലാത്ത കേരളം എന്ന പദ്ധതിയിലെ ഗുണഭോക്താക്കൾക്കായി ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുക.
11. ഫാക്ട്-ന്റെ പുനരുദ്ധാരണ പാക്കേജ്.
12. മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള മൂലധന നിക്ഷേപം 40%-ൽ നിന്നും 75%ആക്കി ഉയർത്തുക.
13. കേരളത്തിൽ സബർബൻ റെയിൽ സർവ്വീസ് ആരംഭിക്കുക.
14. കേന്ദ്ര ഗവൺമെന്റിന്റെ 100-Smart City പദ്ധതിയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവയെ ഉൾപ്പെടുത്തുക.
15. സൊമാലിയൻ കടൽക്കൊള്ളക്കാരുടെ പിടിയിലുള്ള നാവികരുടെ മോചനം.
16. കേരളത്തിൽ നൈപുണ്യവികസന പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ ധനസഹായം അനുവദിക്കുക.
17. Kerala University of Fisheries and Ocean Studies-ന് ഒറ്റത്തവണ സാമ്പത്തിക സഹായമായി 100 കോടി രൂപ അനുവദിക്കുക.
18. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുക.

(ബി) പ്രസ്തുത നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് VGF (Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനത്തിലൂടെ ഉന്നയിച്ച മറ്റ് ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) ഉണ്ട്.

(ഡി&ഇ) 2008-09 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പാലക്കാട് കോച്ച് ഫാക്ടറിക്കായി സംസ്ഥാന സർക്കാർ ഇതുവരെ 239 ഏക്കർ ഭൂമി റെയിൽവേയ്ക്ക് കൈമാറിക്കഴിഞ്ഞു. പദ്ധതിയുടെ പൂർത്തീകരണത്തിനായി J. V. Partner (Joint Venture)-നെ കണ്ടെത്തുവാനുള്ള നടപടികൾ ഡിസംബറിൽ ആരംഭിക്കുമെന്ന് കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി.

**വകുപ്പുമേധാവികളുടെയും കളക്ടർമാരുടെയും വാർഷികയോഗം**

45 (45) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏറ്റവും ഒടുവിൽ വിളിച്ചു ചേർത്ത വകുപ്പുമേധാവികളുടേയും കലക്ടർമാരുടേയും വാർഷിക യോഗത്തിന്റെ മിനിട്സ് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത യോഗതീരുമാനങ്ങൾ അടങ്ങിയ മിനിട്സിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) യോഗതീരുമാനങ്ങൾ അടങ്ങിയ മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

**ജീവനക്കാർക്കെതിരെയുള്ള കേസുകൾ**

46 (46) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലത്ത്, സർക്കാർ ആഫീസിൽ കൈക്കൂലി വാങ്ങാൻ ശ്രമിച്ച എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ;

(ബി) കൈക്കൂലി വാങ്ങിയ എത്ര ജീവനക്കാരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി ;

(സി) ഈ സർക്കാരിന്റെ കാലത്ത് സസ്പെൻഷനിലായ എത്ര പേരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട് ;

(ഡി) കൈക്കൂലി കേസിലും അനധികൃതമായി സ്വത്ത് സമ്പാദിച്ച കേസുകളിലുമായി എത്ര സർക്കാർ ജീവനക്കാർക്കെതിരെ അന്വേഷണം നടന്നുവരുന്നുണ്ട് ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലത്ത് സർക്കാർ ആഫീസിൽ കൈക്കൂലി വാങ്ങാൻ ശ്രമിച്ച 87 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കൈക്കൂലി വാങ്ങിയ 90 ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് സസ്പെൻഷനിലായ 61 പേരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

(ഡി) കൈക്കൂലി കേസിലും അനധികൃതമായി സ്വത്ത് സമ്പാദിച്ച

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേസുകളിലുമായി 169 സർക്കാർ ജീവനക്കാർക്കെതിരെ അന്വേഷണം നടന്നുവരുന്നുണ്ട്.

**കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമുള്ള തസ്തികകളിലേയ്ക്കുള്ള യോഗ്യത**

47 (47) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽനിന്നും ഡിഗ്രിക്ക് സബ്സിഡിയറിയായി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്ജക്റ്റ് പഠിച്ച് വിജയിച്ചവർക്ക്, പി.എസ്.സി. മുഖേനയുള്ള സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തുടങ്ങി കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമുള്ള തസ്തികകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള യോഗ്യതയായി പി.എസ്.സി അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പി.എസ്.സി.ക്ക് ഇതിനുള്ള നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിയ്ക്കുമോ ;

(സി) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) ഓരോ തസ്തികയുടെയും യോഗ്യത നിശ്ചയിച്ചിരിക്കുന്നത് ആ തസ്തിക ഉൾക്കൊള്ളുന്ന വകുപ്പിന്റെ സ്പെഷ്യൽ റൂൾ പ്രകാരമാണ്. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്സിഡിയറിയായി പഠിച്ച ഡിഗ്രി, കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമുള്ള തസ്തികകൾക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യതയായി അംഗീകരിക്കുന്ന വിഷയം അതാത് ഭരണ വകുപ്പുകൾ ഓരോ കോഴ്സുകളുടെയും സിലബസ് പരിശോധിച്ച് തീരുമാനമാകേണ്ടതാണ്. സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ അധിക യോഗ്യതയായി ഉൾപ്പെടുത്തിയ ഡി.സി.എ.ക്ക് ഉയർന്ന/ തത്തുല്യമായി, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത കോഴ്സുകളാണ് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്സിഡിയറി സബ്ജക്ടായ മറ്റ് കോഴ്സുകളുടെ സിലബസ് പരിശോധിച്ച് ആയത് ഡി.സി.എ.ക്ക് തുല്യമായി പരിഗണിക്കാവുന്നതാണെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന മുറയ്ക്ക് മാത്രമേ ആയവ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

**ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഐ.ആർ.എസ്. ഉദ്യോഗസ്ഥരുടെ വിദേശ യാത്ര**

48 (48) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വിദേശയാത്രയ്ക്കായി ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഐ.ആർ.എസ്. ഉദ്യോഗസ്ഥർ സംസ്ഥാന ഖജനാവിൽനിന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചു ; ഈയിനത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ച ഉദ്യോഗസ്ഥൻ ആരെന്നും എത്ര തുകയാണ് പ്രസ്തുത ഉദ്യോഗസ്ഥൻ ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഇവർ എന്ത് തുക റ്റി.എ./ഡി.എ. ഇനത്തിൽ നാളിതുവരെ വാങ്ങിയെന്ന് വ്യക്തമാക്കുമോ ;

(സി) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 140 അടിയ്ക്കുമേൽ ഉയർന്ന സമയത്തും ജില്ലയിലെ മുഖ്യ അധികാരിയായ ഉദ്യോഗസ്ഥൻ സ്ഥലത്തില്ലാതിരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ;

(ഡി) എങ്കിൽ പ്രസ്തുത ജില്ലാധികാരി എവിടെ ആയിരുന്നുവെന്നും പ്രസ്തുത യാത്രയ്ക്ക് സർക്കാർ അനുമതി ഉണ്ടായിരുന്നോ എന്നും ടിയാൻ പ്രസ്തുത യാത്രയ്ക്ക് വാങ്ങിയ ആനുകൂല്യങ്ങൾ എത്ര തുകയെന്നും വ്യക്തമാക്കുമോ ;

(ഇ) ഇതുമായി ബന്ധപ്പെട്ട് നാല് ജില്ലകളിലെ ജനങ്ങൾക്ക് ജീവനുപോലും ഭീഷണി നേരിടുന്ന സമയത്ത് സംസ്ഥാനത്ത് ഇല്ലാതിരുന്ന ജില്ലാധികാരിയുടെ പേരിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഖജനാവിൽ നിന്ന് തുക ചെലവഴിച്ച് ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ ആരും വിദേശയാത്ര നടത്തിയിട്ടില്ല.

ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വിദേശയാത്ര സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

ഈ സർക്കാർ അധികാരമേറ്റശേഷം 23 ഐ.പി.എസ്. ഉദ്യോഗസ്ഥർ ഔദ്യോഗിക വിദേശയാത്രകൾ നടത്തിയിട്ടുള്ളതിൽ ശ്രീ. ജേക്കബ് പുന്നൂസ്, ഐ.പി.എസ്. 1,26,784 രൂപയും ശ്രീ. കെ. എസ്. ബാലസുബ്രഹ്മണ്യൻ ഐ.പി.എസ്., 85,000 രൂപയും ശ്രീ. രാജേഷ് ദിവാൻ, ഐ.പി.എസ്. 17,000 രൂപയും സംസ്ഥാന ഖജനാവിൽനിന്ന് ചെലവഴിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ വിദേശയാത്രയ്ക്ക് സർക്കാർ ഖജനാവിൽനിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. (ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു)*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇടുക്കി ജില്ലാ കളക്ടറായ ശ്രീ. അജിത് പാട്ടീൽ ഐ.എ.എസ്. ഇടുക്കി ജില്ല ആസ്ഥാനമാക്കി യു.എൻ.ഡി.പി. നടപ്പിലാക്കുന്ന ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാന്റ് സ്കേപ്പ് പ്രോജക്ടുമായി ബന്ധപ്പെട്ട് സിഡ്നിയിൽ നടന്ന വേൾഡ് പാർക്ക് കോൺഗ്രസ്സിൽ സർക്കാർ നിർദ്ദേശിച്ചത് അനുസരിച്ച് പങ്കെടുത്തിരുന്നു.

(ഡി&ഇ) സ.ഉ.(സാധാ)/8512/2014/പൊ.ഭ.വ. തീയതി 5-11-2014 പ്രകാരം പ്രസ്തുത യാത്രയ്ക്ക് സർക്കാർ അനുമതി നൽകിയിരുന്നു. അഖിലേന്ത്യാ സർവീസ് ചട്ടം അനുശാസിക്കുന്ന എഫ്.സി.ആർ.എ. ക്ലിയറൻസും പ്രസ്തുത യാത്രയ്ക്ക് ലഭിച്ചിട്ടുണ്ട്. ടിയാൻ പ്രസ്തുത യാത്രയ്ക്ക് സർക്കാരിൽനിന്നും ആനുകൂല്യങ്ങൾ ഒന്നും വാങ്ങിയിട്ടില്ല. യാത്രയുടെ ചെലവ് വഹിച്ചത് യു.എൻ.ഡി.പി.യാണ്.

**കേന്ദ്ര സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ**

49 (49) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഐ. എ. എസ്. ,ഐ. എഫ്. എസ്., ഐ. പി. എസ്., ഐ. ആർ. എസ്. ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ട് ; കേരളത്തിന് പ്രസ്തുത തസ്തികയിൽഎത്ര അനുവദനീയ തസ്തികളാണ് ഉള്ളതെന്നും എത്ര പേരുടെ കുറവുണ്ട് എന്നും വ്യക്തമാക്കുമോ ;

(ബി) ഇവരിൽ എത്ര പേർ കേന്ദ്ര ഡെപ്യൂട്ടേഷൻ, സംസ്ഥാനത്ത് വിവിധ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഐ.എ.എസ്., ഐ.എഫ്.എസ്., ഐ.പി.എസ്., ഐ.ആർ.എസ്. തസ്തികകളിൽ നിന്നും റിട്ടയർ ചെയ്തവരിൽ എത്ര പേർ ഏതെല്ലാം തസ്തികകളിൽ സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നുവെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരിൽ (ഐ.എ.എസ്., ഐ.എഫ്.എസ്., ഐ.പി.എസ്., ഐ.ആർ.എസ്.) വിജിലൻസ് ഉൾപ്പെടെ അന്വേഷണങ്ങൾ നേരിടുന്നവർ ആരെല്ലാമെന്നും ഏതെല്ലാം വിഷയങ്ങളിന്മേലാണ് അന്വേഷണം എന്നും, വിവിധ അന്വേഷണങ്ങൾക്കു വിധേയമായി കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ;

(ഇ) ഇവരിൽ എത്രപേർ ഇപ്പോൾ അവധി, സസ്പെൻഷൻ, പോസ്റ്റിംഗ് ലഭ്യമാക്കാതെ കഴിയുന്നവർ എന്നും വ്യക്തമാക്കുമോ ;

(എഫ്) ചീഫ് സെക്രട്ടറിയുടെ പേരിൽ സംസ്ഥാനത്തെ IAS ഓഫീസർമാർ നല്കിയ പരാതികൾ എന്തെല്ലാം; മറ്റ് പൊതുജനങ്ങൾ നൽകിയ പരാതികൾ എന്തെല്ലാം; ഇതുമായി

ബന്ധപ്പെട്ട എന്തെല്ലാം അന്വേഷണങ്ങൾ നടന്നുവരുന്നു ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 94 ഐ.എ.എസ്. ഉദ്യോഗസ്ഥരും, 62 ഐ.എഫ്.എസ്. ഉദ്യോഗസ്ഥരും, 92 ഐ.പി.എസ്. ഉദ്യോഗസ്ഥരും കേഡർ/എക്സ് കേഡർ/ഡെപ്യൂട്ടേഷൻ തസ്തികകളിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

കേരളത്തിൽ കേന്ദ്ര ഡെപ്യൂട്ടേഷൻ, ലീവ് റിസർവ്, ജൂനിയർ റിസർവ് ഉൾപ്പെടെ അനുവദനീയമായ കേഡർ തസ്തികകൾ താഴെപ്പറയും പ്രകാരമാണ്:

| | | |
|---|---|---|
| ഐ.എ.എസ്. | - | 231 |
| ഐ.പി.എസ്. | - | 163 |
| ഐ.എഫ്.എസ്. | - | 102 |

ഇതിൽ ഇപ്പോൾ ഐ.എ.എസിൽ 76-ഉം ഐ.എഫ്.എസിൽ 26-ഉം ഐ.പി.എസിൽ 36-ഉം പേരുടെ കുറവുണ്ട്.

ഐ.ആർ.എസ്. സംബന്ധിച്ച വിവരം സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

(ബി) ഐ.എ.എസിൽ 44-ഉം, ഐ.എഫ്.എസിൽ 14-ഉം, ഐ.പി.എസിൽ 28 പേരും കേന്ദ്ര ഡെപ്യൂട്ടേഷനിലാണ്. ഐ.എ.എസിൽ 11-ഉം ഐ.എഫ്.എസിൽ 5-ഉം, ഐ.പി.എസിൽ 6 പേരും സംസ്ഥാന ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) ഐ.എ.എസിൽനിന്നും റിട്ടയർ ചെയ്ത ശ്രീ. ജോസ് സിറിയക്, സംസ്ഥാന ഇന്നവേഷൻ കൗൺസിൽ ചെയർമാൻ എന്ന നിലയിലും, ശ്രീ. എം. പി. മത്തായി തൊഴിൽ വകുപ്പിൽ അഡ്വൈസർ എന്ന നിലയിലും ശ്രീമതി വത്സലാകുമാരി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്ന നിലയിലും, ഐ.പി.എസിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. ജേക്കബ് പുന്നൂസ് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിൽ ഡയറക്ടർ ജനറൽ എന്ന രീതിയിലും ജോലി ചെയ്തുവരുന്നു. ഐ.എഫ്.എസിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. റ്റി. എം. മനോഹരൻ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ ചെയർമാൻ എന്ന നിലയിൽ ജോലി ചെയ്തുവരുന്നു. ഇപ്രകാരമുള്ള ഉത്തരവുകൾ വിവിധ വകുപ്പുകളാണ് ഇറക്കുന്നത് എന്നതിനാൽ അവരിൽനിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) സംസ്ഥാനത്തെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരിൽ വിജിലൻസ് അന്വേഷണം നേരിടുന്നവരുടെ വിവരം അടങ്ങുന്ന പട്ടിക അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. വിവിധ അന്വേഷണങ്ങൾക്ക് വിധേയമായി വിജിലൻസ് കോടതിയിൽ രജിസ്റ്റർ ചെയ്ത വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവരുടെ പട്ടിക

അനുബന്ധം - 2 ൽ ചേർത്തിട്ടുണ്ട്*.

(ഇ) ഇവരിൽ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനും ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥനും ഇപ്പോൾ സസ്പെൻഷനിലാണ്.

(എഫ്) ഐ.എ.എസ്. ഓഫീസർമാരിൽനിന്നോ, പൊതുജനങ്ങളിൽ നിന്നോ ചീഫ് സെക്രട്ടറിക്കെതിരായി ഒരു പരാതിയും സർക്കാരിൽ ലഭിച്ചിട്ടില്ല.

**അടൂരിൽ സബ് കോടതി**

50 (50) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂരിൽ സബ്കോടതി സ്ഥാപിക്കുന്നത് സംബന്ധിച്ച പരിഗണനാ ഉത്തരവ് പ്രകാരമുള്ള നടപടിയിന്മേലുള്ള കാലവിളംബത്തിന്റെ കാരണം വിശദമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവിലുള്ള പട്ടികകളിൽ ഏതെല്ലാം സബ്കോടതികൾ നാളിതുവരെ അനുവദിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) അടൂർ സബ്കോടതി സ്ഥാപിക്കുന്നതിന്എന്ന് അനുമതി ലഭ്യമാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) 20-9-2011 തീയതികളിലെ സ.ഉ.(സാധാ) നമ്പർ 2811/2011/ ആഭ്യന്തരം പ്രകാരം (ക്രമനമ്പർ 11) അടൂരിൽ സബ് കോടതി ആരംഭിക്കുന്നത് സംബന്ധിച്ച് പരിഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിഗണനാ ക്രമമനുസരിച്ചേ കോടതി ആരംഭിക്കുന്നതിനുള്ള അനുവാദം സാധ്യമാകൂ. ഇപ്പോൾ നിലവിലുള്ള പരിഗണനാ പട്ടികയിൽ നിന്നും 3 കോടതികൾ ആരംഭിച്ചിട്ടുണ്ട്.

1. സബ്കോടതി, ചാവക്കാട്
2. സബ് കോടതി, കരുനാഗപ്പള്ളി
3. സബ്കോടതി, കണ്ണൂർ.

**കോടതിയിൽനിന്നും കേസുകൾ പിൻവലിക്കൽ**

51 (51) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പിൻവലിക്കാൻ കോടതികളോട് ആവശ്യപ്പെടാൻ തീരുമാനിച്ച കേസുകൾ എത്ര ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേസുകൾ പിൻവലിച്ചുകിട്ടുന്നതിനായി സർക്കാരിൽ ലഭിച്ച ഹർജികളിൽ ഇപ്പോഴും തീരുമാനമെടുക്കാൻ അവശേഷിക്കുന്നവ എത്ര ;

(സി) ആർ.എസ്.എസ്., ബി.ജെ.പി., എ.ബി.വി.പി. പ്രവർത്തകർ പ്രതിയായിട്ടുള്ള എത്ര കേസുകൾ പിൻവലിക്കാൻ ഗവൺമെന്റ് കോടതികളോട് ആവശ്യപ്പെട്ടിട്ടുണ്ട് ; ഇവയിൽ കൊലപാതകശ്രമം കുറ്റമായിട്ടുള്ളവ എത്ര ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 4718 എണ്ണം.

(ബി) 888 എണ്ണം.

(സി) വിവരം ശേഖരിച്ചുവരുന്നു.

**മൊബൈൽ ഫോൺ ടവറുകൾ**

52 (52) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ഫോൺ ടവറുകളുടെ റേഡിയേഷൻ മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സ്വദേശി സയൻസ് മൂവ്മെന്റ് എന്ന സ്ഥാപനം അതിന്റെ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടിലെ കണ്ടെത്തലുകൾ വിശദമാക്കാമോ ;

(ബി) മൊബൈൽ ഫോൺ ടവറുകൾ ഉയർത്തുന്ന ഗുരുതരമായ ആരോഗ്യപ്രശ്നം സ്ഥിരമായി തടയുന്നതിന് എന്തെല്ലാം ബദൽ നിർദ്ദേശങ്ങളാണ് സർക്കാരിന് ലഭിച്ചിരിക്കുന്നത് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) മൊബൈൽ ഫോൺ ടവറുകളുടെ റേഡിയേഷൻ സംബന്ധിച്ചുള്ള പഠന പൂർത്തീകരണ റിപ്പോർട്ട് സ്വദേശി സയൻസ് മൂവ്മെന്റ് എന്ന സ്ഥാപനം സമർപ്പിച്ചിട്ടില്ല. എന്നാൽ പ്രാഥമിക കരട് റിപ്പോർട്ട് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻറ് എൻവയോൺമെന്റിന് ലഭിച്ചിട്ടുണ്ട്. മൊബൈൽ ഫോൺ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര ടെലികോം വകുപ്പിന്റെ മാനദണ്ഡങ്ങളാണ് കേരളത്തിലും പിൻതുടരുന്നത്. റേഡിയേഷൻ മൂലമുണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനായി മൊബൈൽ ഫോൺ ടവറുകൾ സ്ഥാപിക്കുമ്പോൾ പാലിക്കേണ്ട സുരക്ഷിത അകലവും റേഡിയേഷന്റെ തോതും നിജപ്പെടുത്തിയിട്ടുണ്ട്. ഇവ പരിശോധിച്ച് ഉറപ്പുവരുത്താൻ കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭാരത സർക്കാർസ്ഥാപനമായ "Telecom Enforcement Resource & Monitoring (TERM-Kerala)" എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പി.എസ്.സി. നിയമനങ്ങൾ

53 (54) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള നിയമന നിരോധനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖാന്തിരം എത്രപേർക്ക് നിയമനം നൽകി എന്ന് വിശദമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിയമന നിരോധനം നിലവിലില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2014 ഒക്ടോബർ വരെ) പി.എസ്.സി. മുഖാന്തിരം 109048 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

54 (55) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (18-5-2011 മുതൽ ഒക്ടോബർ 2014 വരെ) 109048 ഉദ്യോഗാർത്ഥികളെ പി.എസ്.സി. നിയമനത്തിന് ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (18-5-2006 മുതൽ 17-5-2011 വരെ) 165408 ഉദ്യോഗാർത്ഥികളെ പി.എസ്.സി. നിയമന ശിപാർശ ചെയ്തിട്ടുണ്ട്.

## പി.എസ്.സി. നിയമനം സംബന്ധിച്ച വിശദാംശങ്ങൾ

55 (56) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര പേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) വകുപ്പുമേധാവികൾ റിപ്പോർട്ട് ചെയ്തിട്ടും നിയമനം നൽകാത്ത ഒഴിവുകൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ നിയമനം നൽകാത്തതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) അടുത്ത വർഷം പി.എസ്.സി. മുഖേന എത്ര പേർക്ക് നിയമനം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ വർഷം ഒക്ടോബർ വരെ ആകെ 23304 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനനുസരിച്ചാണ് നിയമനം നൽകുന്നത്. അടുത്ത വർഷം പി.എസ്.സി. മുഖേന എത്ര പേർക്ക് നിയമനം നൽകാൻ കഴിയുമെന്ന് മുൻകൂട്ടി പറയാനാകില്ല.

## പി.എസ്.സി. ഓഫീസ് പ്രവർത്തനം

56 (57) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളുടേത് ഉൾപ്പെടെ കൂടുതൽ റിക്രൂട്ട്മെന്റുകളും ജീവനക്കാരുടെ വെരിഫിക്കേഷൻ ഉൾപ്പെടെ കൂടുതൽ ഉത്തരവാദിത്വങ്ങളും പി.എസ്.സി.യെ ഏൽപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ ജീവനക്കാരെ പി.എസ്.സി.-ക്ക് അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പി.എസ്.സി. ജില്ലാ ഓഫീസുകളുടെയും റീജണൽ ഓഫീസുകളുടെയും പദവി ഉയർത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) ഇതുസംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

**പി.എസ്.സി. നിയമനം**

57 (58) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സാജു പോൾ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽനിന്നും സർക്കാർ വകുപ്പുകളിൽ നിലവിലുള്ള എല്ലാ ഒഴിവുകളിലേയ്ക്കും നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) നിയമന നിരോധനം അപ്രഖ്യാപിതമായി തുടരുന്നതിനാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതുകൊണ്ട് ഫലമില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലാവധി നീട്ടപ്പെട്ട കാലയളവിൽ ഒരു നിയമനവും നടന്നിട്ടില്ലാത്ത റാങ്ക് ലിസ്റ്റുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പി.എസ്.സി.യിൽനിന്നും അഡ്വൈസ് മെമ്മോ കൈപ്പറ്റിയ ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് മാസങ്ങൾ പിന്നിട്ടിട്ടും നിയമന ഉത്തരവ് ലഭിച്ചിട്ടില്ലെന്നവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വകുപ്പുകളിൽ കീഴിലുള്ള സ്ഥാപനങ്ങളിലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) പി.എസ്.സി. വഴി നിയമനം നടത്തേണ്ട നിലവിലുള്ള എല്ലാ ഒഴിവുകളിലേയ്ക്കും പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽനിന്നും നിയമനം നൽകിവരുന്നുണ്ട്.

(ബി) നിയമന നിരോധനം നിലവിൽ ഇല്ല. ഒഴിവുകൾ എല്ലാം നികത്തുന്നതിന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**പി.എസ്.സി. ഓൺലൈൻ പരീക്ഷാ സംവിധാനം**

58 (59) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ഓൺലൈൻ പരീക്ഷാ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം പരീക്ഷകളാണ് പ്രസ്തുത സംവിധാനത്തിൽ ഇതുവരെ നടത്തിയിട്ടുള്ളത് ;

(ഡി) പി.എസ്.സി. നടത്തുന്ന എല്ലാ പരീക്ഷകൾക്കും ഈ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരീക്ഷകളുടെ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായി ഫലം പ്രസിദ്ധീകരിക്കുന്നതിനുമാണ് ഓൺലൈൻ പരീക്ഷാ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്.

(സി) രണ്ട് പരീക്ഷകൾ.

1. കെ.എസ്.ആർ.ടി.സി.യിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനു വേണ്ടിയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയി ലേയ്ക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്.
2. ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (കമ്പ്യൂട്ടർസയൻസ്) തസ്തികയിലേയ്ക്ക് പട്ടിക വർഗ്ഗ വിഭാഗത്തിനായുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്

(ഡി) അപേക്ഷകൾ കുറവുള്ള തസ്തികകളുടെ പരീക്ഷകളാണ് ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുവാൻ നിലവിൽ തീരുമാനമായിട്ടുള്ളത്.

**കേരള അഡ്മിനിസ്റ്റേറ്റീവ് സർവ്വീസ്**

59 (60) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്റ്റേറ്റീവ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) 18 വകുപ്പുകളെ മാത്രം ഇതിൽ ഉൾപ്പെടുത്താനുള്ള കാരണമെന്താണ് ; ബാക്കി വകുപ്പുകളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച 'ദികേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്''എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് [16-8-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 228/14/പൊ.ഭ.] പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 18 വകുപ്പുകളെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്താനാണ് പ്രസ്തുത കമ്മിറ്റി ശിപാർശ ചെയ്തിരുന്നത്. മറ്റ് വകുപ്പുകളെ കൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

**പുതിയ തസ്തികകൾ**

60 (61) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഇത് വരെയായി വിവിധ വകുപ്പുകളിലായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും, അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി 22-1-2014 വരെ 22058 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അവ ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ടതാണെന്ന വിവരം അനുബന്ധം-1 ആയി ചേർക്കുന്നു*. അവശേഷിക്കുന്ന കാലഘട്ടത്തിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി 18422 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**ആലപ്പുഴ ജില്ലയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റുകളുടെ വിശദാംശങ്ങൾ**

61 (62) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പി.എസ്.സി. ഷോർട്ട് ലിസ്റ്റുകളുടെയും റാങ്ക് ലിസ്റ്റുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ആലപ്പുഴ ജില്ലാ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്യപ്പെട്ട വിവിധ തസ്തികകളിലേയ്ക്കുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) എച്ച്.എസ്.എസ്.ടി. ഫിസിക്സ്, കെമിസ്ട്രി, കണക്ക് വിഭാഗങ്ങളിൽ പി.എസ്.സി. പരീക്ഷയും ഇന്റർവ്യൂവും നടത്തിയെങ്കിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഈ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) ആലപ്പുഴ ജില്ലയിൽ എൽ.ഡി.സി. തസ്തികയിൽ നിലവിൽ പി.എസ്.സി. ലിസ്റ്റിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

## ഗ്രൂപ്പ് സി തസ്തികളിലേയ്ക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രൊമോഷൻ

62 (63) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ ഗ്രൂപ്പ്-സി തസ്തികകളിലേക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 10% പ്രൊമോഷൻ സംവരണം എന്ന സർക്കാർ തീരുമാനം അനുസരിച്ച് ഏതെല്ലാം വകുപ്പുകളിലാണ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഇത് വരെ പ്രൊമോഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് വരെ പ്രൊമോഷൻ നൽകാത്ത വകുപ്പുകളിൽ പ്രൊമോഷൻ നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## 'ശൂന്യവേതനാവധി എടുത്ത സർക്കാർ ജീവനക്കാർ'

63 (64) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര സർക്കാർ ജീവനക്കാർ ശൂന്യവേതന അവധിയെടുത്ത് വിദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം കാറ്റഗറികളിലും, വകുപ്പുകളിലുംപ്പെട്ട ജീവനക്കാരാണ്

ഇത്തരത്തിൽ അവധിയെടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ?

<u>ഉത്തരം</u>

(എ & ബി) കാറ്റഗറി, വകുപ്പ് വ്യത്യാസമില്ലാതെ എല്ലാ അപേക്ഷകർക്കും അവധി നൽകിവരുന്നു. എത്ര ജീവനക്കാർ വിദേശ ജോലിക്ക് വേണ്ടി അവധി എടുത്തിട്ടുണ്ട് എന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(സി) 11-10-2013-ലെ സ.ഉ.(പി) 515/13/ധന ഖണ്ഡിക 3 പ്രകാരം, ശൂന്യവേതനാവധി മൂലമുണ്ടാകുന്ന ഒഴിവുകൾ അവധിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥർ മടങ്ങി വരുന്നതുവരെ താൽക്കാലികമായി നികത്തുവാൻ അനുമതി നൽകിയിട്ടുണ്ട്.

## സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം

64 (65) <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച "ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് [16-8-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 228/14/പൊ.ഭ.] പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 18 വകുപ്പുകളെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്താനാണ് പ്രസ്തുത കമ്മിറ്റി ശിപാർശ ചെയ്തിരുന്നത്. മറ്റ് വകുപ്പുകളെക്കൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

## സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം

65 (66) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> :

<u>ശ്രീ. എ. പ്രദീപ്കുമാർ</u> :

ശ്രീ. ആർ. രാജേഷ് :

ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ സർക്കാരിനുദ്ദേശമുണ്ടോ ; ഇതു സംബന്ധമായ പൊതുനിലപാട് വെളിപ്പെടുത്താമോ ;

(ബി) നിലവിൽ ഏതെല്ലാം മേഖലയിൽ ജോലി നോക്കുന്നവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ട് ; പെൻഷൻ പ്രായം വർദ്ധിപ്പിച്ചുകൊണ്ട് ഈ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ ഏതൊക്കെയാണ് ;

(സി) സർക്കാർ വകുപ്പുകളിലെ ഏതെല്ലാം വിഭാഗങ്ങളുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുകയുണ്ടായിട്ടുണ്ട് ;

(ഡി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലും സഹകരണ സ്ഥാപനങ്ങളിലും പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെയും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) സർക്കാർ മേഖലയിലെ ഡോക്ടർമാരുടെയും ഫാർമസി കോളേജ്, നഴ്സിംഗ് കോളേജ്, സർക്കാർ മെഡിക്കൽ കോളേജുകളിലെ നോൺ മെഡിക്കൽ അദ്ധ്യാപകരുടെയും അഗ്രിക്കൾച്ചർ ഇൻകം ടാക്സും സെയിൽ ടാക്സും അപ്പലേറ്റ് ട്രൈബ്യൂണൽ അക്കൗണ്ട്സ് മെമ്പറിന്റെയും പെൻഷൻ പ്രായം താഴെപ്പറയും പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്:

1. 30-3-2012-ലെ സ.ഉ. (കൈ) നമ്പർ 105/2012/എച്ച്. & എഫ്.ഡബ്ല്യൂ.ഡി. പ്രകാരം സർക്കാർ ദന്തൽ കോളേജുകളിലെയും മെഡിക്കൽ കോളേജുകളിലെ ദന്തൽ വിഭാഗങ്ങളിലെയും ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.
2. 7-4-2012-ലെ സ.ഉ. (കൈ) നമ്പർ 107/2012/എച്ച്. & എഫ്.ഡബ്ല്യൂ.ഡി. പ്രകാരം ആയുർവ്വേദ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

3. 9-4-2012-ലെ സ.ഉ. (കൈ) നമ്പർ 108/2012/എച്ച്. & എഫ്.ഡബ്ല്യൂ.ഡി. പ്രകാരം ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

4. 26-2-2014-ലെ സ.ഉ.(കൈ) നമ്പർ 31/2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 58 വയസ്സായി വർദ്ധിപ്പിച്ചു.

5. 27-6-2014-ലെ സ.ഉ.(കൈ) നമ്പർ 74/2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതി വിഭാഗം ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

6. 4-1-2014-ലെ സ.ഉ.(കൈ) നമ്പർ 8/2014/ആ.കു.വ. പ്രകാരം സർക്കാർ നഴ്സിംഗ് കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

7. 30-4-2014-ലെ സ.ഉ.(കൈ) നമ്പർ 131/2014/ആ.കു.വ. പ്രകാരം സർക്കാർ മെഡിക്കൽ കോളേജുകളിലെ നോൺ മെഡിക്കൽ അദ്ധ്യാപകരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു.

8. 30-5-2014-ലെ സ.ഉ.(കൈ) നമ്പർ 160/2014/ആ.കു.വ. പ്രകാരം സർക്കാർ ഫാർമസി കോളേജുകളിലെ ഫാർമസി അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു.

9. 28-7-2012-ലെ സ.ഉ.(കൈ) നമ്പർ 134/2012/റ്റി.ഡി. പ്രകാരം അഗ്രിക്കൾച്ചർ ഇൻകം ടാക്സും സെയിൽസ്ടാക്സും അപ്പലേറ്റ് ട്രൈബ്യൂണൽ അക്കൗണ്ട്സ് മെമ്പറിന്റെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു.

(സി) ആരോഗ്യ മേഖലയിലെ ഡോക്ടർമാർ, ഫാർമസി അദ്ധ്യാപകർ, നഴ്സിംഗ് അദ്ധ്യാപകർ, സർക്കാർ മെഡിക്കൽ കോളേജുകളിലെ നോൺ മെഡിക്കൽ അദ്ധ്യാപകർ, അഗ്രിക്കൾച്ചർ ഇൻകം ടാക്സും സെയിൽസ് ടാക്സും അപ്പലേറ്റ് ട്രൈബ്യൂണൽ അക്കൗണ്ട്സ് മെമ്പർ എന്നീ വിഭാഗങ്ങളുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുകയുണ്ടായി.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**ടെറിട്ടോറിയൽ ആർമിയിലെ സേവനം**

66 (67) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെറിട്ടോറിയൽ ആർമിയിൽ എംബോഡീഡ് സേവനം നടത്തിയിട്ടുള്ള ജീവനക്കാരുടെ സേവനം മിലിട്ടറി സർവ്വീസായി പരിഗണിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) ഇപ്രകാരം കാശ്മീർ പോലുള്ള സ്ഥലങ്ങളിൽ ദീർഘകാലം ടെറിട്ടോറിയൽ ആർമി സേവനം നടത്തിയിട്ടുള്ളവരുടെ സേവനം മറ്റ് സംസ്ഥാനങ്ങളിൽ മിലിറ്ററി സേവനമായി കണക്കാക്കി അവർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രത്യേക പരിഗണനകൾ നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ടെറിട്ടോറിയൽ ആർമിയിൽ എംബോഡീഡ് സേവനം നടത്തിയ ജീവനക്കാരുടെ സേവനം മിലിട്ടറി സർവ്വീസായി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) ടെറിട്ടോറിയൽ ആർമിയിൽ 15 വർഷമോ അതിലധികമോ എംബോഡീസ് സേവനം പൂർത്തിയാക്കി പെൻഷൻ ലഭിക്കുന്നവരുടെ സേവനകാലം മിലിട്ടറി സർവ്വീസായി പരിഗണിച്ച് വിമുക്തഭടന്മാരായി പരിഗണന നൽകുന്നുണ്ട്. കൂടാതെ, ഒരാൾ സംസ്ഥാന സർക്കാരിൽ ജോലിയിൽ പ്രവേശിച്ച ശേഷം സ്വമനസ്സാലെ അനുഷ്ഠിക്കുന്ന 3 വർഷത്തെ ടെറിട്ടോറിയൽ ആർമിയിലെ സേവനത്തിന് ഒരു അഡ്വാൻസ് ഇൻക്രിമെന്റും നൽകിവരുന്നുണ്ട്.

**അരൂർ പള്ളിനിർമ്മാണ അപകടം**

67 (68) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അരൂർ പള്ളി നിർമ്മാണത്തിനിടയിൽ തകർന്നു വീണതിനെ തുടർന്ന് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുമെന്ന് നിയമസഭയിൽ പറഞ്ഞിരുന്നെങ്കിലും ഒരു ലക്ഷം രൂപ മാത്രമേ അനുവദിച്ചുള്ളൂ എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രഖ്യാപിച്ച തുക അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത അപകടത്തിൽപ്പെട്ട് പരുക്കുപറ്റിയവരുടെ ചികിത്സാ ചെലവുകൾ പൂർണ്ണമായും സർക്കാർ വഹിക്കും എന്നുള്ള പ്രഖ്യാപനപ്രകാരം ചികിത്സാ ചെലവുകളുടെ ബില്ലുകൾ സമർപ്പിച്ചിട്ടും ചികിത്സാ ചെലവുകൾ ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പരിക്കേറ്റവരുടെ ചികിത്സാചെലവുകൾ പൂർണ്ണമായും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അരൂർ സെന്റ് അഗസ്റ്റിൻ പള്ളി നിർമ്മാണത്തിനിടയിൽ തകർന്ന് വീണ് മരണപ്പെട്ട 2 പേരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ജി.ഒ.(എംഎസ്.) 148/2013/റ.വ. തീയതി 23-4-2013 പ്രകാരം ഓരോ ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ബി & സി) ചികിത്സാ ബില്ലുകൾ പരിശോധിച്ച് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാഹനാപകട ധനസഹായം**

68 (69) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അജ്ഞാത വാഹനങ്ങൾ ഇടിച്ച് മരണപ്പെടുന്ന ആളുടെ കുടുംബത്തിന് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകിവരുന്നത് ; ഈ സഹായങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

അപകടമരണങ്ങൾക്ക് വിധേയമാകുന്നവരുടെ കുടുംബങ്ങൾക്ക് മുപ്പതിനായിരം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നു. ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്നു.

**ദുരിതാശ്വാസ, ചികിത്സാസഹായം നടപടിക്രമങ്ങൾ ലഘൂകരിക്കൽ നടപടി**

69 (70) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടത്തിൽപ്പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ദുരിതാശ്വാസത്തിന് സമർപ്പിക്കുന്ന അപേക്ഷയിൽ എന്തെല്ലാം രേഖകൾ സമർപ്പിക്കേണ്ടതുണ്ട് എന്നത് വിശദമാക്കുമോ ;

(ബി) മതിയായ എല്ലാ രേഖകളും സഹിതം വില്ലേജ് ഓഫീസറുടെ

റിപ്പോർട്ടിനായി എം.എൽ.എ.മാരുടെ കത്ത് സഹിതം അപേക്ഷ റവന്യൂ വകുപ്പ് ഓഫീസുകളിൽ സമർപ്പിച്ചാലും റിപ്പോർട്ട് നൽകാതിരിക്കുകയും മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് നേരിട്ട് റിപ്പോർട്ട് ആവശ്യപ്പെട്ടാൽ മാത്രമേ വില്ലേജ് ഓഫീസർ റിപ്പോർട്ട് നൽകുകയുള്ളു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ദുരിതാശ്വാസത്തിനും ചികിത്സാ സഹായത്തിനും സമർപ്പിക്കുന്ന അപേക്ഷകൾക്ക് എം.എൽ.എ.മാരുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടാൽ വില്ലേജ്, താലൂക്ക്, കലക്ടറേറ്റ് മേധാവികൾ ആയത് നൽകുന്ന തലത്തിലേയ്ക്ക് നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ദുരിതാശ്വാസ സഹായം ലഭിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അപകടത്തിൽപ്പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ, മരണ സർട്ടിഫിക്കറ്റ്, റേഷൻകാർഡ് എന്നിവയുടെ പകർപ്പുകൾ, വരുമാന സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യമില്ലാത്തതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**എൻഡോസൾഫാൻ രോഗികളുടെ ബാങ്ക് വായ്പ എഴുതിത്തള്ളാൻ നടപടി**

70 (71) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ രോഗികളുടെ പട്ടികയിൽപ്പെട്ട രോഗികളോ, അവരുടെ രക്ഷിതാക്കളോ ആയ എത്രപേർ വിവിധ ബാങ്കുകളിൽനിന്ന് വായ്പയെടുത്തിട്ടുണ്ട് ;

(ബി) ഓരോരുത്തരുടെയും പേരുവിവരങ്ങളും വായ്പകുടിശ്ശികയും സംബന്ധിച്ച് വിശദീകരിക്കുമോ ;

(സി) എൻഡോസൾഫാൻ രോഗികളുടെ ബാങ്ക് വായ്പ എഴുതി തള്ളാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ മാനദണ്ഡം വിശദമാക്കാമോ ?

ഉത്തരം

(എ&ബി) എൻഡോസൾഫാൻ ദുരിത ബാധിതരും അവരുടെ കുടുംബാംഗങ്ങളുമായി 3894 പേർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോൺ എടുത്തിട്ടുള്ളതായി ബോദ്ധ്യമായിട്ടുണ്ട്. കടബാദ്ധ്യതകൾ എഴുതി തള്ളുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ലെയിമുകൾ സ്വീകരിക്കുന്ന നടപടികൾ പൂർത്തിയാകുമ്പോൾ മാത്രമേ പേരുവിവരങ്ങളും വായ്പാകുടിശ്ശികയുടെയും വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(സി & ഡി) എൻഡോസൾഫാൻ ദുരിത ബാധിതരുടെ കടബാധ്യതകൾ എഴുതിത്തള്ളുന്നതിന് മാനദണ്ഡങ്ങൾ ബാധകമാക്കിക്കൊണ്ട് സ.ഉ.(എംഎസ്.) നമ്പർ 298/14/ആ.കു.വ. തീയതി, 10-10-2014 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

**മുഖ്യമന്ത്രിയുടെ ചികിത്സാ ദുരിതാശ്വാസ ഫണ്ടിനായുള്ള അപേക്ഷ തീർപ്പ്**

71 (72) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ചികിത്സാ ദുരിതാശ്വാസ ഫണ്ടിനായുള്ള അപേക്ഷ തീർപ്പ് സംബന്ധിച്ച വിവരങ്ങൾ യഥാസമയം ഔദ്യോഗിക വെബ്സൈറ്റിൽ നൽകാറുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിലുള്ള തടസ്സത്തിന്റെ കാരണങ്ങളെ സംബന്ധിച്ച വിശദാംശം അറിയിക്കുമോ ;

(സി) അപേക്ഷാ തീർപ്പുകൾക്ക് നിലവിൽ കാലവിളംബം നേരിടുന്നതാകയാൽ അപേക്ഷകർക്ക് ഫയൽ നടപടി ബോദ്ധ്യപ്പെടുന്നതിന് സഹായകമായി വെബ്സൈറ്റിൽ ഈ വിഭാഗത്തിന്റെ ഫയൽ തീർപ്പ് ബോദ്ധ്യപ്പെടുന്നതിന് സഹായകമായി പ്രത്യേക ക്രമീകരണം നടത്തുമോ ;

(ഡി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള അപേക്ഷകരുടെ ബാഹുല്യം നിമിത്തം ഫയൽ നടപടികൾ സംബന്ധിച്ച വിവരങ്ങളോ, അപേക്ഷ തീർപ്പ് സംബന്ധിച്ച വിവരങ്ങളോ വെബ്സൈറ്റിൽ നൽകുന്നത് ഇപ്പോൾ പ്രായോഗികമല്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായം**

72 (73) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുന്ന ചികിത്സാ സഹായം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഡി.ആർ.എഫ്. സെക്ഷനിൽ കൂടുതൽ ജീവനക്കാരെ അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(സി) മരുന്നുകളുടെയും മറ്റും വില വർദ്ധനവ് കാരണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള തുക വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലവും അതനുസരിച്ചുള്ള ഫണ്ടിന്റെ കുറവുമൂലവും ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അപേക്ഷകരുടെ ബാഹുല്യം കാരണമുണ്ടാകുന്ന കാലതാമസം പരമാവധി കുറയ്ക്കുന്നതിനായി റവന്യൂ (ഡി.ആർ.എഫ്.) വകുപ്പിൽ താത്ക്കാലിക സംവിധാനം ഒരുക്കിയിട്ടുണ്ട്.

(സി) പരമാവധി സഹായം നൽകാൻ ശ്രമിക്കുന്നുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം**

73 (74) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അമ്പലപ്പുഴ താലൂക്കിൽ ഏത് തീയതി വരെ ഉത്തരവ് ലഭിച്ചവർക്ക് ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) ഉത്തരവ് ലഭിച്ചിട്ടും ധനസഹായം ലഭിക്കാത്ത എത്രപേർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായം വിതരണം ചെയ്യുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 25-8-2014 വരെ ഉത്തരവ് ലഭിച്ചവർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(സി) ഉത്തരവ് ലഭിച്ചിട്ടും ധനസഹായം ലഭിക്കാത്ത 383 പേർ ഉണ്ട്.

(ഡി) ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യേണ്ടതാണ്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ധനസഹായ വിതരണം**

74 (75) <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിച്ചാൽ ആയത് എത്ര സമയത്തിനുള്ളിലാണ് വിതരണം ചെയ്യാറുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ധനസഹായം അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ആയത് ലഭ്യമാവാത്തതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ധനസഹായം ലഭ്യമാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു

മാസത്തിനകവും വിതരണം ചെയ്യേണ്ടതാണ്.

(ബി & സി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## മന്ത്രിമാരുടെ വിദേശയാത്രയും മറ്റ് ചെലവുകളും

75 (76) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും യാത്രാപ്പടി ഇനത്തിലും ഔദ്യോഗിക വിരുന്നുകൾക്കുമായി എത്ര തുക ചെലവഴിച്ചു എന്ന് വാർഷികാടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം മന്ത്രിമാർ വിദേശയാത്ര നടത്തുകയുണ്ടായി ; നാളിതുവരെയുള്ള വിശദാംശം ലഭ്യമാക്കാമോ ;

(സി) ഓരോരുത്തരും ഏതെല്ലാം കാര്യങ്ങൾക്കാണ് വിദേശയാത്ര നടത്തിയത്; ഓരോ യാത്രയുടെയും ചെലവ് എത്ര; പ്രസ്തുത ചെലവ് ആരാണ് വഹിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരുടെ ഓഫീസുകളിലേക്കും വസതികളിലേക്കും ഇലക്ട്രോണിക്സ് ഉപകരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി നാളിതുവരെ ചെലവാക്കിയ തുക സംബന്ധിച്ച വിശദാംശം നൽകാമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും, യാത്രാപ്പടി ഇനത്തിലും ഔദ്യോഗിക വിരുന്നുകൾക്കുമായി വാർഷികാടിസ്ഥാനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം യഥാക്രമം അനുബന്ധം -1 എ, അനുബന്ധം - 1 ബി ആയി ചേർത്തിരിക്കുന്നു.*

(ബി & സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിമാർ നടത്തിയ വിദേശയാത്ര സംബന്ധിച്ച വിശദാംശം അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ വസതികളിലേക്ക് ഇലക്ട്രോണിക്സ് ഉപകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ഓഫീസുകളിലേക്ക് നാളിതുവരെ ചെലവാക്കിയ തുക സംബന്ധിച്ച വിശദാംശം അനുബന്ധം - 3 ആയി ചേർത്തിരിക്കുന്നു.*

**പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി**

76 (77) ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ-അച്ചൻകോവിൽ-വൈപ്പാർ സംയോജന പദ്ധതിയിലെ സുപ്രീംകോടതി വിധിയിന്മേൽ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സംയോജന പദ്ധതി കേരളത്തിന് ദോഷമാകുമെന്ന നിലപാട് കേന്ദ്ര സർക്കാരിലോ ദേശീയ ജല കമ്മീഷനിലോ മറ്റേതെങ്കിലും സമിതിയിലോ ഉന്നയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രധാനമന്ത്രിയുമായുള്ള ആദ്യ സന്ദർശനത്തിൽ തന്നെ തമിഴ്നാട് മുഖ്യമന്ത്രി സംയോജന പദ്ധതിയുമായി മുന്നോട്ട് പോകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കേരള മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി നടത്തിയ ആദ്യ സന്ദർശനത്തിൽ ഈ പദ്ധതിയെപ്പറ്റി കേരളത്തിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) നദീസംയോജന പദ്ധതിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച 27-2-2012-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും, ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്നും ലഭിച്ച നിർദ്ദേശങ്ങൾകൂടി പരിഗണിച്ചും, കോടതി നിർദ്ദേശിച്ച പ്രകാരമുള്ള സ്പെഷ്യൽ കമ്മിറ്റിയിലേക്ക് കേരളത്തിന്റെ പ്രതിനിധിയായി ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ നാമനിർദ്ദേശം ചെയ്തുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. (12-3-2013-ലെ G.O. (Rt) No. 276/2013/WRD പ്രകാരം) സുപ്രീം കോടതി നിർദ്ദേശപ്രകാരമുള്ള പ്രത്യേക സമിതി രൂപീകരിച്ചുകൊണ്ട് കേന്ദ്ര സർക്കാരും ഉത്തരവ് പുറപ്പെടു വിച്ചിട്ടുണ്ട്. കോടതി നിർദ്ദേശപ്രകാരം രൂപീകൃതമായിട്ടുള്ള സമിതിക്ക്; പദ്ധതികൾ

സംബന്ധിച്ച് ശിപാർശ നൽകുവാനുള്ള അധികാരം മാത്രമേയുള്ളൂ. ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ സമ്മതമില്ലാതെ നദീസംയോജനപദ്ധതികൾ നടപ്പിലാക്കാൻ കഴിയുകയില്ല. കൂടാതെ നദീസംയോജനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ താല്പര്യങ്ങളും ആശങ്കകളും അഭിപ്രായങ്ങളും കേരളത്തിന്റെ പ്രതിനിധിക്ക് പ്രത്യേക സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും കഴിയുന്നതാണ്. സംസ്ഥാനത്തിന്റെ സമ്മതത്തോടുകൂടി മാത്രമേ നദീസംയോജന പദ്ധതികളുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ സുപ്രീംകോടതി വിധിയുടെ 27-2-2012-ലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനതലത്തിൽ തുടർനടപടികൾ ഉടൻ ആവശ്യമില്ലാ യെന്നുള്ള നിയമോപദേശവും ലഭിച്ചിരുന്നു. എന്നിരുന്നാലും പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജനപദ്ധതി കേരളത്തിന് ഗുണകരമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനെതിരെ സംസ്ഥാനം സാദ്ധ്യമായ വേദികളിലെല്ലാം എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ നിലപാട് ശരിയാണെന്ന് സ്ഥാപിക്കുന്നതിന് ഉപോൽബലകമായ വിദഗ്ദ്ധ സമിതികളുടെ പഠന റിപ്പോർട്ടുകളും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) സംയോജന പദ്ധതി കേരളത്തിന് ദോഷമാകുമെന്ന കേരളത്തിന്റെ നിലപാട്, ഈ പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കിയ ദേശീയ ജലവികസന ഏജൻസിയുടെ (NWDA) ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടേയും ഗവേണിംഗ് ബോഡിയുടേയും യോഗങ്ങളിലും; ജനറൽബോഡി യോഗങ്ങളിലും പങ്കെടുത്തിട്ടുള്ള കേരളത്തിന്റെ പ്രതിനിധികൾ ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്. 21-11-2014-ൽ നദീജലസംയോജനം ചർച്ച ചെയ്യാൻ കേന്ദ്രജലവിഭവ വകുപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗത്തിലും പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് കേരളത്തിന് സ്വീകാര്യമല്ലെന്ന് കാര്യകാരണങ്ങൾ നിരത്തി കേരള ജലവിഭവവകുപ്പ് മന്ത്രി അറിയിച്ചിട്ടുണ്ട്. പമ്പ-അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കേരളം സാധ്യമായ എല്ലാ വേദികളിലും എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ള, സാഹചര്യത്തിൽ പ്രസ്തുത പദ്ധതി, ദേശീയ ജലവികസന ഏജൻസി സംയോജന പദ്ധതികൾ സംബന്ധിച്ച് തയ്യാറാക്കിയ മുൻഗണനാലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. കേരളത്തിന്റെ സമ്മതമില്ലാതെ പ്രസ്തുത പദ്ധതി സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുകയില്ലായെന്നും ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിലുള്ള ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ചുള്ള കേരളത്തിന്റെ നിലപാട് നേരത്തേ തന്നെ അറിയിച്ചിട്ടുണ്ട്.

## കേന്ദ്രബജറ്റ് സംബന്ധിച്ച സംസ്ഥാന നിർദ്ദേശങ്ങൾ

77 (78) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ലെ കേന്ദ്ര പൊതുബജറ്റ് സംബന്ധിച്ച് സംസ്ഥാനം യഥാസമയം ശിപാർശ സമർപ്പിച്ചിരുന്നോ ;

(ബി) പ്രസ്തുത ശിപാർശ സമർപ്പിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ ചർച്ചകളും പരിശോധനകളും നടത്തിയിരുന്നോ ;

(സി) സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങളിൽ അംഗീകരിക്കപ്പെട്ടവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) 2015-16 കേന്ദ്ര പൊതുബജറ്റ് സംബന്ധിച്ച് സംസ്ഥാന നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 2014-15-ലെ കേന്ദ്ര പൊതു ബജറ്റ് സംബന്ധിച്ച് ആവശ്യമായ ചർച്ചകളുടേയും പരിശോധനകളുടേയും അടിസ്ഥാനത്തിൽ സംസ്ഥാനം യഥാസമയം സമഗ്രമായ ശിപാർശകൾ സമർപ്പിച്ചിരുന്നു. 2014-15-ലെ കേന്ദ്ര ബജറ്റിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ചുചേർത്ത സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാന ധനമന്ത്രി പങ്കെടുക്കുകയും, കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് കാർഷിക മേഖലയിലുണ്ടായ തിരിച്ചടി നേരിടുന്ന സംസ്ഥാനങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക ഫണ്ട് രൂപീകരിക്കുക, വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും വിപണി ഇടപെടലുകൾക്കായി കേന്ദ്ര സഹായം അനുവദിക്കുകയും ചെയ്യുക, സംസ്ഥാന സമ്പദ് വ്യവസ്ഥയെ പുനരുദ്ധരിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, വ്യാവസായിക വളർച്ച തുടങ്ങിയവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഒരു പ്രത്യേക മാന്ദ്യ വിരുദ്ധ പാക്കേജ് നടപ്പിലാക്കുക, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടേയും, പരമ്പരാഗത വ്യവസായങ്ങളുടെയും പുനരുദ്ധാരണത്തിനായി കേന്ദ്രസഹായം നൽകുക, പൊതു സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനം നടപ്പിലാക്കുന്ന ഇ-ഗവേണൻസ് പദ്ധതിക്ക് സാമ്പത്തിക സഹായം അനുവദിക്കുക, പാർപ്പിട സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ചെലവുകുറഞ്ഞ വായ്പാപദ്ധതികൾ ആരംഭിക്കുക, ഭവനവായ്പകളുടെ നിലവിലുള്ള പലിശ നിരക്ക്

കുറയ്ക്കുക, സംസ്ഥാനത്തെ അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പ്രത്യേക പാക്കേജ് നടപ്പിലാക്കുക തുടങ്ങിയവയാണ് സംസ്ഥാനം ആവശ്യപ്പെട്ട പദ്ധതികളിൽ പ്രധാനപ്പെട്ടവ.

സംസ്ഥാനത്തിന്റെ ആശങ്കകൾ പരിഹരിച്ചുകൊണ്ട് ജി.എസ്.റ്റി. (GST) നടപ്പിലാക്കുക, സേവന മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് നിലവിലെ സർവ്വീസ് ടാക്സുകളുടെ നിരക്കുകൾ കുറയ്ക്കുക, നിർമ്മാണ മേഖലയുടെ വളർച്ച മുൻനിർത്തി ഇറക്കുമതി ചെയ്യുന്ന തടിയുടെ കസ്റ്റംസ് തീരുവ ഒഴിവാക്കുക, വ്യാവസായിക മേഖലയിലെ നിക്ഷേപം ആകർഷിക്കുന്നതിനും വ്യാവസായിക ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനും വേണ്ടി പുതിയ വ്യവസായ യൂണിറ്റുകൾക്ക് എക്സൈസ് തീരുവയിൽ ഇളവ് അനുവദിക്കുക, തുടങ്ങിയ നികുതി നിർദ്ദേശങ്ങളും സമർപ്പിച്ചിരുന്നു.

ഇതിനുപുറമേ കേന്ദ്ര ബഡ്ജറ്റിലെ നികുതി ഘടന സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ നികുതി നിർദ്ദേശങ്ങളും കേന്ദ്ര റവന്യൂ മന്ത്രാലയത്തെ അറിയിച്ചിരുന്നു. ജി.എസ്.റ്റി. നടപ്പിലാക്കുമ്പോൾ പരിഗണിക്കേണ്ട സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങൾ, സംസ്ഥാന ആഡംബര നികുതിയുടെ പരിധിയിൽ വരുന്ന ഇനങ്ങളെ കേന്ദ്ര സേവന നികുതിയുടെ പരിധിയിൽക്കൂടി ഉൾപ്പെടുത്തിയ നടപടി പിൻവലിക്കുക, റബ്ബർ, നാളികേരം തുടങ്ങി മുഖ്യമായും സംസ്ഥാനത്തുനിന്ന് ഉൽപാദിക്കപ്പെടുന്ന ഇനങ്ങളുടെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുക, സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് നികുതി ഇളവുകൾ നൽകുക തുടങ്ങിയവയാണ് സംസ്ഥാനം സമർപ്പിച്ച നികുതി നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ.

(സി) 2014-15-ലെ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കപ്പെടുന്നതിനായി സംസ്ഥാനം മുന്നോട്ട് വച്ച ശിപാർശകൾ ഭാഗീകമായി അംഗീകരിക്കപ്പെട്ട കയുണ്ടായി. കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 462.12 കോടി രൂപയും കാർഷികോല്പന്നങ്ങളുടെ വിലസ്ഥിരതാ പദ്ധതിയ്ക്ക് വേണ്ടി 500 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയത് ഇതുസംബന്ധിച്ച് സംസ്ഥാനം സമർപ്പിച്ച ശിപാർശകൾ കൂടി കണക്കിലെടുത്താണ്. ചരക്ക് സേവന നികുതി (GST) നടപ്പിലാക്കുന്ന പ്രഖ്യാപനവും കേരളത്തിൽ IIT സ്ഥാപിക്കുമെന്ന വാഗ്ദാനവും സംസ്ഥാന ശിപാർശകൾ അംഗീകരിക്കപ്പെട്ടതിന്റെ സൂചകങ്ങളാണ്.

എറണാകുളത്ത് ഡെബ്റ്റ് റിക്കവറി ട്രിബ്യൂണൽ സ്ഥാപിക്കൽ, 'സ്കിൽ ഇന്ത്യാ പദ്ധതി' ശുചിത്വ പദ്ധതി, മാതൃ-ശിശു സംരക്ഷണം, വനിതാ വികസനം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, ഭിന്നശേഷിയുള്ളവർ, മുതിർന്ന പൗരന്മാർ തുടങ്ങിയവരുടെ ക്ഷേമം ലക്ഷ്യമാക്കി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ,

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിപുലീകരണം, കൃഷി, വിദ്യാഭ്യാസം, ഭക്ഷ്യ സുരക്ഷ തുടങ്ങിയ മേഖലകളിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ തുടങ്ങിയവയൊക്കെ സംസ്ഥാനം സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ പ്രഖ്യാപിക്കപ്പെട്ടവയല്ല എങ്കിൽപ്പോലും മേൽപദ്ധതികൾ നടപ്പിലാക്കുന്നത് പൊതുവിൽ സംസ്ഥാനത്തിനും പ്രയോജനപ്രദമാണെന്ന് വിലയിരുത്തപ്പെടുന്നു.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

**ഫ്ളക്സ് ബോർഡുകളുടെ നിയന്ത്രണം**

78 (79) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്ളക്സ് ബോർഡുകൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഈ രംഗത്തെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ താൽപര്യം കൂടി പരിഗണിച്ച് ഫ്ളക്സ് ബോർഡുകൾ ഘട്ടംഘട്ടമായി നിരോധിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഫ്ളക്സ് ബോർഡുകൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പൊതുജനാരോഗ്യ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) വർഷങ്ങളായി ഉപയോഗത്തിലിരിക്കുന്ന ഫ്ളക്സ് ബോർഡുകൾക്ക്, അതിലേർപ്പെട്ടിരിക്കുന്ന സംരംഭകരുടെയും തൊഴിലാളികളുടെയും താൽപര്യംകൂടി കണക്കിലെടുത്ത് ഉടനടി പൂർണ്ണനിരോധനം ഏർപ്പെടുത്താതെ ഘട്ടംഘട്ടമായി നിയന്ത്രണം ഏർപ്പെടുത്തി സ.ഉ.(കൈ) നമ്പർ 195/14/ത.സ്വ.ഭ.വ. തീയതി 6-11-2014 പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) ഫ്ളക്സ് ബോർഡുകൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പൊതുജനാരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടില്ല.

**കണ്ണൂരിലെ ആർ.എസ്.എസ്. പ്രവർത്തകന്റെ കൊല**

79 (80) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ ആർ.എസ്.എസ്. പ്രവർത്തകൻ കൊല ചെയ്യപ്പെട്ടത് സംബന്ധിച്ച് കേന്ദ്രമന്ത്രി സംസ്ഥാന മുഖ്യമന്ത്രിയുമായി ഫോണിൽ സംസാരിച്ചിട്ടുണ്ടോ ;

(ബി) കേന്ദ്രമന്ത്രി കൊലപാതക കേസ് സംബന്ധമായി ഉന്നയിച്ച ആവശ്യം എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ ;

(സി) കേന്ദ്രമന്ത്രി എന്തെങ്കിലും നിർദ്ദേശം നൽകുകയുണ്ടായിട്ടുണ്ടോ ;

(ഡി) കേന്ദ്രമന്ത്രിയുടെ നിർദ്ദേശത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയൊണെന്ന് വിശദമാക്കാമോ ;

(ഇ) സംസ്ഥാനത്ത് നടന്ന മറ്റേതെങ്കിലും കൊലപാതകം സംബന്ധിച്ച് കേന്ദ്രമന്ത്രി ആരായുകയുണ്ടായോയെന്ന് വിശദമാക്കാമോ ;

(എഫ്) പ്രസ്തുത സംഭവം സംബന്ധിച്ച ക്രൈംബ്രാഞ്ച് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അന്വേഷണം സി.ബി.ഐ.-ക്ക് വിട്ട സാഹചര്യം എന്തായിരുന്നു; ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് മൊത്തം എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; അതിൽ അന്വേഷണം സി.ബി.ഐ.-ക്ക് വിട്ടത് ഏതൊക്കെ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിവരങ്ങൾ ആരായുകയാണുണ്ടായത്.

(സി) ഇല്ല.

(ഡി) ഒന്നുമില്ല.

(ഇ) ഇല്ല.

(എഫ്) പ്രസ്തുത കേസ് അന്വേഷണത്തിനായി സി.ബി.ഐ.ക്ക് കൈമാറിയിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേസ് അന്വേഷണത്തിനായി സി.ബി.ഐ.ക്ക് കൈമാറിയത്. ഈ സർക്കാരിന്റെ കാലത്ത് 1258 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. അതിൽ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 484/11 (ശ്രീജിത് @ ഹാപ്പി രാജേഷ് വധം) കതിരൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 780/2014 (മനോജ് വധം) എന്നിവ സി.ബി.ഐ.ക്ക് വിട്ടു. പയ്യന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 142/14 (അബ്ദുൾ ഹക്കിം വധം) കേസ് അന്വേഷണത്തിനായി സി.ബി.ഐ.ക്ക് കൈമാറി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

## പശ്ചിമഘട്ട സംരക്ഷണം

80 (81) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് ആവശ്യമെങ്കിൽ പുതിയ കരട് വിജ്ഞാപനം പുറപ്പെടുവിക്കുമെന്ന് കേന്ദ്ര സർക്കാരിന്റെ ഹരിത ട്രൈബ്യൂണലിൽ സത്യവാങ്മൂലം സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയതിലേയ്ക്ക് സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമയം അനുവദിച്ചിട്ടുണ്ടോ ;

(സി) നിശ്ചിതസമയത്തിനകം ആവശ്യമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) കേരളത്തിന്റെ ആവശ്യം ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് അനുസരിച്ചുള്ള കരട് വിജ്ഞാപനമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. പരിസ്ഥിതിലോല പ്രദേശ നിർണ്ണയത്തിനായി കഡസ്ട്രൽ മാപ്പ് തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ ഇ.എസ്.എ., നോൺ-ഇ.എസ്.എ. മേഖലകൾ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഈ റിപ്പോർട്ട് അടിസ്ഥാനമാക്കി എത്രയുംവേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനോട് കേരള സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

## പട്ടികജാതി വിഭാഗക്കാരുടെ സംവരണ റേഷ്യോ

81 (82) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗക്കാരുടെ സംവരണ റേഷ്യോ ദേശീയാടിസ്ഥാന ത്തിലുള്ളതുപോലെ സംസ്ഥാനത്തിൽ നടപ്പിലാക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; ഇവർക്ക് കേന്ദ്രത്തിലുള്ളതുപോലെ റേഷ്യോ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## സർക്കാർ സേവനങ്ങളുടെ ഫീസ്

82 (83) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് രൂപ മുതൽ നൂറ് രൂപ വരെ ഫീസ് ഈടാക്കിവരുന്ന സർക്കാർ സേവനങ്ങൾ എന്തൊക്കെയാണെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഫീസ് ഇനത്തിൽ 2013-14 വർഷം ലഭിച്ച വരുമാനം എത്ര കോടിയായിരുന്നു ;

(സി) സർക്കാർ സേവനങ്ങളുടെ ഫീസ് നിരക്കിൽ മാറ്റം വരുത്തിയിട്ടുണ്ടോ, എങ്കിൽ പ്രസ്തുത മാറ്റം എന്ന് മുതൽ നിലവിൽ വരികയുണ്ടായിയെന്നും എത്ര ശതമാനം വർദ്ധനവ് ഏർപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) ഫീസ് നിരക്കിൽ ഏർപ്പെടുത്തിയ വർദ്ധനവിലൂടെ പ്രതിവർഷം എത്ര കോടി രൂപയുടെ വരുമാനമാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഇതുസംബന്ധിച്ച വിവരങ്ങൾ വിവിധ വകുപ്പുകളിൽനിന്നും ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. 1-10-2014 മുതൽ നിലവിൽ വരികയുണ്ടായി. [ജി.ഒ.(പി) നമ്പർ 409/2014/ധന. തീയതി 23-9-2014]. 15 മുതൽ 50% വരെ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ഡി) പ്രതിവർഷം 350 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**ചികിത്സാ ധനസഹായ വിതരണം**

83 (84) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയിൽ അപേക്ഷകർക്ക് അനുവദിച്ച ചികിത്സാ ധനസഹായം നാളിതുവരെ കൊടുത്തിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത തുക വിതരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ ;

(ബി) വിതരണം ചെയ്യാനുള്ള തുക എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) അപേക്ഷകർക്ക് അനുവദിച്ച തുക എന്ന് വിതരണം ചെയ്യുമെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) കുറച്ചുപേർക്ക് തുക ഇനിയും വിതരണം ചെയ്യാനുണ്ട്. തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജനസമ്പർക്ക പരിപാടിയിൽ അപേക്ഷകർക്ക് അനുവദിച്ച ചികിത്സാ ധനസഹായത്തിൽ വിതരണം ചെയ്യാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

(സി&ഡി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ആയതനുസരിച്ചുള്ള ഫണ്ടിന്റെ ലഭ്യതക്കുറവും കാരണം ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. അറിയിപ്പ് നൽകിയിട്ടും ഹാജരാകുകയോ ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുകയോ ചെയ്യാത്ത ഗുണഭോക്താക്കൾക്കും ധന സഹായം വിതരണം ചെയ്യാൻ ബാക്കിയുണ്ട്. കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

**കേന്ദ്രസർക്കാരിന്റെ സാമ്പത്തികസഹായം**

84 (85) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ്, റബ്ബർ വിലിയിടിവ്, കേരളത്തിലെ റെയിൽവേ വികസനം എന്നിവയുമായി ബന്ധപ്പെട്ട് എന്തെല്ലാം ആവശ്യങ്ങളാണ് പുതിയ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഷയങ്ങളിൽ എന്തെങ്കിലും അനുകൂല തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(സി) പുതിയ കേന്ദ്രസർക്കാരിൽനിന്നും എന്തെങ്കിലും പ്രത്യേക സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) കുട്ടനാട് പാക്കേജിന്റെ കാലാവധി രണ്ട് വർഷം കൂടി നീട്ടിക്കിട്ടാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണ് എന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേന്ദ്രസർക്കാരിനോട് നിവേദനങ്ങളിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്:

1. റബ്ബറിന്റെ ഇറക്കുമതി തടയുക.
2. റബ്ബർ വ്യവസായത്തെ 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തുക.
3. റബ്ബർ ഷീറ്റിന്റെയും, റബ്ബർ ഉല്പന്നങ്ങളുടേയും ഇറക്കുമതി ചുങ്കം 8 ശതമാനത്തിൽനിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുക.
4. റബ്ബർ ആക്ടിൽ ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിന്റേതുപോലെ സിന്തറ്റിക് റബ്ബറിനും കിലോയ്ക്ക് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തുക.
5. സ്വാഭാവിക റബ്ബറിന്റെ ഉപയോഗം തദ്ദേശീയമായി വർദ്ധിപ്പിക്കുക.
6. ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40% ആയി വർദ്ധിപ്പിക്കുക.
7. റബ്ബർ ഉല്പാദനം വർദ്ധിപ്പിക്കുവാൻ റബ്ബർ കർഷകരെ പ്രോത്സാഹിപ്പിക്കുക.
8. സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക.
9. റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കുക.
10. സ്വാഭാവിക റബ്ബർ പോളിസി രൂപീകരണ കമ്മിറ്റിയിൽ കൂടുതൽ കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുക.

സംസ്ഥാനത്തിലെ റെയിൽവേയുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും പണികൾ ചെയ്യുന്നതിനും ആവശ്യമായ തുകകൾ 2014-15-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന പട്ടിക പുതിയ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ 30-5-2014-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അർദ്ധ ഔദ്യോഗിക കത്തുപ്രകാരം ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രധാനമന്ത്രിക്കും, മുൻ കേന്ദ്ര റെയിൽവേ മന്ത്രിക്കും നൽകിയിരുന്നു. തുടർന്ന് 9-7-2014-ന് അവതരിപ്പിക്കപ്പെടുന്ന റയിൽവേ ബഡ്ജറ്റിൽ ടി പട്ടികയിൽ പറയുന്ന കാര്യങ്ങൾക്കൊപ്പം പരിഗണിക്കേണ്ടുന്ന റയിൽവേയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അറിയിക്കുവാൻ ബഹുമാനപ്പെട്ട എം.പി.മാരോടും റയിൽവേ ഉദ്യോഗസ്ഥരോടും സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയും തുടർന്ന് 2015-16-ലെ സമ്പൂർണ്ണ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട മറ്റു നിർദ്ദേശങ്ങൾകൂടി സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നൽകിയും അവശേഷിക്കുന്ന പദ്ധതികൾ സംസ്ഥാനം

നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണ് എന്ന് 13-11-2014-ലെ കത്തിൽ കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(സി) ഇല്ല.

**ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം പദ്ധതി**

85 (86) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി ലഹരി വിമുക്ത കേരളം, ഐശ്വര്യ കേരളം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻ വഴി ഇതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-ഡി) ലഹരി വിമുക്ത കേരളം, ഐശ്വര്യ കേരളം പദ്ധതി സാക്ഷാത്കരിക്കുന്നതിനായി ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് മത്സരം, എക്സൈസ് ഉദ്യോഗസ്ഥർക്ക്

ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നവ. ആയതിലേക്ക് നടപടി സ്വീകരിച്ചുവരുന്നു.

## വഴിയരികിൽ പ്രവർത്തിക്കുന്ന മദ്യശാലകൾ

86 (87) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വഴിയരികിൽ പ്രവർത്തിക്കുന്ന മദ്യശാലകൾ അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ പ്രവർത്തിക്കുന്ന എത്ര ബിവറേജസ് ഔട്ട് ലെറ്റുകളുണ്ട് ;

(സി) ഇവ മാറ്റി സ്ഥാപിക്കണമെന്നത് സംബന്ധിച്ച് ഹൈക്കോടതി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര ഔട്ട്ലെറ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട് ;

(ഇ) ഇനി എത്ര ഔട്ട് ലെറ്റുകൾ മാറ്റി സ്ഥാപിക്കാനുണ്ടെന്ന് അറിയിക്കുമോ ;

(എഫ്) ഇത്തരത്തിലുള്ള എല്ലാ ഔട്ട്ലെറ്റുകളും എപ്പോൾ മാറ്റുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ദേശീയ പാതയോരത്ത് 61-ഉം സംസ്ഥാന പാതയോരത്ത് 55-ഉം വിദേശ മദ്യ ചില്ലറ വില്പനശാലകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യുവാനാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഷോപ്പുകൾ മാറ്റി സ്ഥാപിച്ചിട്ടില്ല. പ്രസ്തുത ഷോപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ വിശദമാക്കി, ഷോപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ സഹിതം നിശ്ചിത സമയപരിധിക്കുള്ളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതുമാണ്.

(ഇ) സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ 115 ഷോപ്പുകൾ മാറ്റി സ്ഥാപിക്കാനുണ്ട്.

(എഫ്) കോടതി ഉത്തരവിന്മേൽ തുടർ നടപടികൾ എടുത്തുവരികയാണ്.

**പുനർജനി പദ്ധതി**

87 (88) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകളും, ബിവറേജസ് ഔട്ട്ലെറ്റുകളും അടച്ചുപൂട്ടിയതുവഴി സംസ്ഥാനത്ത് തൊഴിൽ നഷ്ടപ്പെട്ടവർ എത്രയാണെന്നതിന്റെ കണക്കുകൾ എക്സൈസ് വകുപ്പ് ശേഖരിച്ചിട്ടുണ്ടോ ; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ ;

(ബി) എത്ര പേരെ പുനരധിവസിപ്പിക്കുകയുണ്ടായിട്ടുണ്ട് ; തൊഴിൽ നഷ്ടപ്പെട്ട കാലയളവിൽ സർക്കാർ നൽകിയ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വിശദീകരിക്കുമോ ;

(സി) തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച 'പുനർജനി' പദ്ധതിക്ക് അന്തിമരൂപം ആയിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ബാറുകൾ അടച്ചുപൂട്ടിയതുമൂലം ആകെ 7110 രജിസ്റ്റേർഡ് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഓണത്തോട് അനുബന്ധിച്ച് അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലും, എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ടിലും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് സർക്കാർ 5000 രൂപ വീതം സാമ്പത്തിക സഹായം നൽകുകയുണ്ടായി.

(സി) "പുനർജനി" പദ്ധതിക്ക് അന്തിമ രൂപം ആയിട്ടില്ല. പദ്ധതി രൂപകൽപ്പന ചെയ്യുന്നതിന് എക്സൈസ് കമ്മീഷണർ ചെയർമാനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**"മദ്യവിമുക്തം കേരളം" പദ്ധതി**

88 (89) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ് :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'മദ്യവിമുക്ത കേരളം' പദ്ധതി നടപ്പാക്കിത്തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) സ്കൂൾ-കോളേജ് കാമ്പസുകളിൽ മദ്യാസക്തിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും മദ്യവിരുദ്ധ നയ പരിപാടികൾ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) സന്നദ്ധ സംഘടനകൾ, സർക്കാർ മാധ്യമങ്ങൾ എന്നിവയുടെ പങ്കാളിത്തവും സഹകരണവും പ്രസ്തുത പരിപാടിക്ക് പ്രയോജനപ്പെടുത്തുമോ ?

ഉത്തരം

(എ) എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തോടൊപ്പം വിവിധ മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മദ്യവിമുക്തമാക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കിവരുന്നു.

(ബി) മദ്യത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ച ആശയങ്ങൾ സമൂഹത്തിന്റെ നാനാതുറകളിലും എത്തിക്കുകയും, മദ്യത്തിന്റെ ലഭ്യത കുറച്ച് ഘട്ടംഘട്ടമായി 'മദ്യവിമുക്ത കേരളം' എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

(സി) മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളേയും യുവാക്കളേയും പൊതുജനങ്ങളേയും ബോധവാന്മാരാക്കാൻ എക്സൈസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾതലത്തിൽ 1298 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 165 ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. വഴിയുള്ള

ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് മത്സരം, എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയാണ് മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന പരിപാടികൾ.

(ഡി) സന്നദ്ധ സംഘടനകളുടേയും നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടുകൂടിയാണ് ഇത്തരം പ്രവർത്തനങ്ങൾ നിലവിൽ നടത്തിവരുന്നത്.

## ഡോ. കെ. വിജയകുമാർ കമ്മിറ്റി റിപ്പോർട്ട്

89 (90) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യത്തിന്റെ ഉപയോഗം സമൂഹത്തിലും സാമ്പത്തിക മേഖലയിലും ഉണ്ടാക്കുന്ന ആഘാതത്തെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട ഡോ. കെ. വിജയകുമാർ കമ്മിറ്റി, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പഠനത്തിനായി ഏതെല്ലാം പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിരുന്നത് ;

(സി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിലെ പ്രധാന കണ്ടെത്തലുകൾ വിശദമാക്കാമോ ;

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

ഡോ. കെ. വിജയകുമാർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. പഠനത്തിനായി തെരഞ്ഞെടുത്ത പഞ്ചായത്തുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

## നീര ടോഡി ബോർഡ് രൂപീകരണം

90 (91) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ടോഡി ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ബോർഡിന്റെ സാദ്ധ്യത, ഘടന എന്നിവയെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പഠനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കൃഷി-എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച്, കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും 13-5-2014 ലെ ജി.ഒ. എംഎസ്. 66/2014/നി.വ. പ്രകാരം നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. തെങ്ങുകൃഷി കൂടുതൽ ആദായകരമായി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും നീരയെ ഒരു ആരോഗ്യ പാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

(സി) കേര കർഷകരുടെ താല്പര്യം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി കൃഷിവകുപ്പിനേയും, കള്ളുചെത്തു തൊഴിലാളികളുടെ തൊഴിലിനേയും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി എക്സൈസ് വകുപ്പിനേയും ഏകോപിപ്പിച്ചുകൊണ്ടാണ് നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാനത്തെ കള്ള് വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം നിർദ്ദേശിക്കുവാനും നീരയുടെ ഉല്പാദനവും വിപണനവും സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാനുമായി എക്സൈസ് കമ്മീഷണർ അദ്ധ്യക്ഷനായി പത്തംഗ ഉന്നതതല കമ്മിറ്റിയെ സർക്കാർ നിയമിക്കുകയും കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നാളികേര നീര ബോർഡ് രൂപീകരിക്കുന്നതു സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നികുതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും തുടർന്ന് തൊഴിലാളി യൂണിയൻ പ്രതിനിധികളുമായും ഉദ്യോഗസ്ഥ അനുദ്യോഗസ്ഥരുമായും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി

നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

**ബാർ ലൈസൻസിനുള്ള മാനദണ്ഡം**

91 (92) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ബാറുകൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച് കോടതി വിധി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പുതിയ ബാറുകൾ നല്കണമെന്ന നിർദ്ദേശമാണുണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഫോർ സ്റ്റാർ ഹോട്ടലുകൾ, ഹെറിറ്റേജ് ഹോട്ടലുകൾ എന്നിവയെ മദ്യനിരോധനത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇപ്പോൾ മൊത്തം എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ബിവറേജസ് കോർപ്പറേഷൻ, സപ്ലൈകോ എന്നിവയിലൂടെ മദ്യവില്പനശാലകളുടെ ഔട്ട്ലെറ്റുകൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ടോ; ഇതിനകം എത്ര ബാറുകൾ പൂട്ടിയെന്ന് വ്യക്തമാക്കുമോ ;

(ഡി) ബാറുകൾക്ക് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കോഴ വിവാദങ്ങൾ ഉണ്ടായതായി അറിവുണ്ടോ ; ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) മദ്യവർജ്ജനം സംബന്ധിച്ച അഭിപ്രായം എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ ബാറുകൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച് കോടതി വിധികൾ ഒന്നും ഉണ്ടായിട്ടില്ല.

(ബി) ഫോർ സ്റ്റാർ ഹോട്ടലുകൾ, ഹെറിറ്റേജ് ഹോട്ടലുകൾ എന്നിവയെ മദ്യനിരോധനത്തിൽനിന്നും ഒഴിവാക്കിയിട്ടില്ല. ഇപ്പോൾ സംസ്ഥാനത്ത് 312 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) ബിവറേജസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവയുടെ മദ്യവില്പനശാലകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. 428 ബാറുകളും 39 ബിവറേജസ്/ കൺസ്യൂമർ ഫെഡ് ഔട്ട് ലെറ്റുകളും പൂട്ടിയിട്ടുണ്ട്.

(ഡി) ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് ഈ വകുപ്പിൽനിന്ന് നടപടികളൊന്നും

സ്വീകരിച്ചിട്ടില്ല.

(ഇ) മദ്യവർജ്ജനത്തിലൂടെ മദ്യനിരോധനം 10 വർഷംകൊണ്ട് നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ആയതിലേയ്ക്ക് ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയും മദ്യ വിപണനശാലകൾ ഘട്ടം ഘട്ടമായി കുറച്ചും, മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

### ബാർ ലൈസൻസിനുള്ള മാനദണ്ഡങ്ങൾ

92 (93) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാറുകൾക്ക് ലൈസൻസ് നല്കുന്നതിന് ഉണ്ടാകേണ്ടുന്ന നിലവാരം എന്താണെന്ന് ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ബാറുകൾക്ക് ലൈസൻസ് നല്കുന്നതിന് നിലവാരം എന്തായിരിക്കണമെന്ന് വെളിപ്പെടുത്താമോ; നിലവിലുള്ള ബാർ നടത്തിപ്പ് സംബന്ധമായ നിയമവ്യവസ്ഥകൾ വിശദമാക്കാമോ ;

(സി) സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ എല്ലാം പാലിച്ചു കൊണ്ടാണ് നിലവിൽ ബാറുകൾ പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ?

#### ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ മദ്യനയം അനുസരിച്ച് 5 നക്ഷത്ര പദവിയോ അതിനു മുകളിലോ നിലവാരമുള്ള ഹോട്ടലുകൾക്ക് മാത്രമാണ് പുതുതായി ബാർ ലൈസൻസ് അനുവദിക്കുന്നത്. നിലവിലുള്ള ഹോട്ടലുകളിൽ 5 നക്ഷത്ര പദവിയില്ലാത്ത ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ റദ്ദു ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ ഇതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ തൽസ്ഥിതി തുടരുന്നു.

(സി) അഞ്ച് നക്ഷത്ര പദവി ഇല്ലാത്ത ഹോട്ടലുകൾ പ്രവർത്തിപ്പിക്കേണ്ട എന്നുള്ളതാണ് സർക്കാർ നയം. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5 നക്ഷത്ര പദവിയില്ലാത്ത ബാർ ഹോട്ടലുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ ബാറുകൾ മറ്റു വ്യവസ്ഥകൾ പാലിക്കുന്നുണ്ട്.

### മദ്യ ഉപഭോഗം

93 (94) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചനക്ഷത്ര ബാറുകളല്ലാത്തവയെല്ലാം അടച്ചുപൂട്ടുക വഴി മദ്യ ഉപഭോഗത്തിൽ എത്ര ശതമാനം കുറവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) വിൽപ്പന കേന്ദ്രത്തിലൂടെയും പഞ്ചനക്ഷത്ര ഹോട്ടലുകളിലൂടെയും ബിവറേജസ് കോർപ്പറേഷൻ മുൻവർഷം എത്ര കോടി രൂപയുടെ മദ്യം വില്പന നടത്തുകയുണ്ടായി;

(സി) ഇപ്പോൾ അടച്ചുപൂട്ടാൻ തീരുമാനിച്ച ബാറുകൾ വഴി പ്രസ്തുത കാലയളവിൽ വിൽപ്പന നടത്തിയിരുന്നത് എത്ര കോടി രൂപയുടെ മദ്യമായിരുന്നു ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) ബാറുകൾ അടച്ചു പൂട്ടിയ കാലയളവിൽ മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം ബിവറേജസ് കോർപ്പറേഷന്റെ വിൽപന കേന്ദ്രത്തിലൂടെയുള്ള മദ്യ വിൽപ്പനയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വർധനവ് എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷത്തിലെ മദ്യനയം സർക്കാർ പ്രഖ്യാപിച്ചതിനെത്തുടർന്ന് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പന 2014 സെപ്റ്റംബർ, 2014 ഒക്ടോബർ മാസങ്ങളിൽ 2013-ലെ ഇതേ മാസങ്ങളിലെ വില്പനയേക്കാൾ കുറവ് രേഖപ്പെടുത്തുകയുണ്ടായി. വിശദാംശം അനുബന്ധം 'എ' ആയി ചേർക്കുന്നു.*

(ബി) ബിവറേജസ് കോർപ്പറേഷൻ വഴി 6768.64 കോടി രൂപയുടെ മദ്യ വില്പനയും, പഞ്ചനക്ഷത്ര ഹോട്ടലുകൾ വഴി 3.21 കോടി രൂപയുടെ മദ്യവില്പനയും നടന്നിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിശദാംശം 'ബി' യും 'സി' യും അനുബന്ധം ആയി ചേർക്കുന്നു.*

**ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ**

94 (95) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉപയോഗം കൊണ്ടുണ്ടാകുന്ന വിപത്തുകൾ സംബന്ധിച്ച് പ്രതിപാദിക്കുന്ന ഏറ്റവും നല്ല ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്ന സ്കൂൾ-കോളേജ് മാഗസിനുകൾക്ക് പ്രത്യേക അവാർഡ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏർപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇതിലേക്കായി ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സ്കൂൾ തലത്തിൽ 1298 ലഹരിവിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 165 ലഹരിവിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികൾക്കിടയിൽ സ്കൂൾതലങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുമായും കോളേജ് തലത്തിൽ നാഷണൽ സർവ്വീസ് സ്കീമുമായും സഹകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ലഹരി വിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 2014-15 അദ്ധ്യയന വർഷത്തിൽ 1, 3, 5, 7, 11 എന്നീ ക്ലാസ്സുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2015-16 അദ്ധ്യയന വർഷത്തിൽ 2, 4, 6, 8 എന്നീ ക്ലാസ്സുകളിലും 2016-17 അദ്ധ്യയന വർഷം 9, 10 ക്ലാസ്സുകളിലും ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മദ്യം - വൈൻ ഉല്പാദനം**

95 (96) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഡിസ്റ്റിലറികൾ ഏതെങ്കിലും അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് പ്രതിവർഷം ആവശ്യമായ മദ്യത്തിന്റെയും വൈനിന്റെയും എത്ര ശതമാനം ഉല്പാദിപ്പിക്കുന്നുണ്ട് ;

(സി) നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡിസ്റ്റിലറികൾ എത്ര; ആരുടെയെല്ലാം ഉടമസ്ഥതയിലാണവ പ്രവർത്തിക്കുന്നത്; ഇവയിൽ എത്ര

എണ്ണം ഓരോ വർഷവും അടച്ചുപൂട്ടാനുദ്ദേശിക്കുന്നു ;

(ഡി) സംസ്ഥാനത്ത് വൈൻ ഉല്പാദിപ്പിക്കാൻ ലൈസൻസുള്ളവർ ആരൊക്കെ; പ്രതിവർഷം എല്ലാം കൂടി ഉല്പാദിപ്പിക്കുന്ന വൈൻ എത്ര ; വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ വിറ്റഴിച്ച വിദേശ മദ്യത്തിന്റെ 97%-ഉം, ബിയറിന്റെ 71%-ഉം കേരളത്തിലെ ഡിസ്റ്റിലറികളിൽ നിന്നും ബ്രൂവറികളിൽ നിന്നുമാണ് വിതരണം നടത്തിയിട്ടുള്ളത്. വൈൻ പൂർണ്ണമായും സംസ്ഥാനത്തിനു പുറത്തുനിന്നുമാണ് വിതരണം നടത്തിയിട്ടുള്ളത്.

(സി) സംസ്ഥാനത്ത് നിലവിൽ 11 ഡിസ്റ്റിലറികളും 8 ബ്ലൻഡിംഗ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) സംസ്ഥാനത്ത് വ്യാവസായികാടിസ്ഥാനത്തിൽ വൈൻ ഉല്പാദിപ്പിക്കാൻ കേരള വൈനറി ചട്ടം അനുസരിച്ച് ആർക്കും ലൈസൻസ് നൽകിയിട്ടില്ല.*

## പുതിയ മദ്യനയം

96 (97) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മദ്യനയം നിലവിൽ വന്നതിനുശേഷം മദ്യ ഉപഭോഗത്തിൽ കുറവ് വന്നിട്ടുണ്ടോ ; കണക്കുകൾ വ്യക്തമാക്കാമോ ;

(ബി) വ്യാജമദ്യം തടയുന്നതിനുവേണ്ടി എന്തെല്ലാം ക്രമീകരണങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ മദ്യനയം, 2014 ആഗസ്റ്റ് മാസം അവസാനത്തോടുകൂടി പ്രഖ്യാപിച്ചതിനുശേഷം, 2014 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ വിദേശ മദ്യ വില്പനയിൽ 2013-ലെ ഇതേ മാസങ്ങളിലെ വില്പനയേക്കാൾ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പന-അളവിന്റെ അടിസ്ഥാനത്തിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(കെയ്സുകൾ ലക്ഷത്തിൽ)

| മാസം | 2014 - 15 | 2013 - 14 | വർദ്ധനവ് /കുറവ് (കെയ്സുകൾ ലക്ഷത്തിൽ) | വർദ്ധനവ്/ കുറവ് (ശതമാന ത്തിൽ) |
|---|---|---|---|---|
| സെപ്തംബർ | 17.7 | 21.15 | -3.43 | -16 |
| ഒക്ടോബർ | 17.75 | 21.13 | -3.98 | -19 |

ബിയറിന്റെ വില്പന - അളവിന്റെ അടിസ്ഥാനത്തിൽ
(കെയ്സുകൾ ലക്ഷത്തിൽ)

| മാസം | 2014 - 15 | 2013 - 14 | വർദ്ധനവ്/കുറവ് (കെയ്സുകൾ ലക്ഷത്തിൽ) | വർദ്ധനവ് /കുറവ് (ശതമാനത്തി ൽ) |
|---|---|---|---|---|
| സെപ്തംബർ | 6.89 | 8.16 | -1.27 | -16 |
| ഒക്ടോബർ | 5.51 | 8.37 | -2.86 | -34 |

(ബി) എല്ലാ എക്സൈസ് ഡിവിഷനുകളിലും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നു. എല്ലാ ജില്ലകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി സ്ട്രൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലേയ്ക്ക് സ്പിരിറ്റുൾപ്പെടെ ഉള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും കടത്തി കൊണ്ടുവരാനുള്ള സാധ്യതകൾ മുന്നിൽകണ്ട് എല്ലാ ചെക്ക് പോസ്റ്റുകളിലും പരിശോധന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും മദ്യം കടത്തുന്നത് സംബന്ധിച്ച ഇന്റലിജൻസ് വിവരങ്ങൾ ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. എക്സൈസ് ഷാഡോ സംവിധാനം ഉപയോഗിച്ച് വ്യാജമദ്യത്തിന്റെ ഉല്പാദനവും വിതരണവും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നടപടി സ്വീകരിച്ചുവരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടി പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതികളിന്മേലും നടപടി

സ്വീകരിച്ചുവരുന്നു.

ലൈസൻസ് സ്ഥാപനങ്ങൾ അടച്ചുപൂട്ടിയ സാഹചര്യത്തിൽ 'റെഡ് അലർട്ട്' പ്രഖ്യാപിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്.

**പുതിയ മദ്യനയം**

97 (98) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്വീകരിച്ച പുതിയ മദ്യനയം കാരണം സംസ്ഥാനത്ത് മദ്യാസക്തിയിലും, മദ്യ ഉപയോഗത്തിലും കുറവ് വന്നിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മദ്യനയം അട്ടിമറിക്കപ്പെടാതിരിക്കാനാവശ്യമായ മുൻകരുതൽ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനത്തിലൂടെയും എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിലൂടെയും സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മദ്യനയം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പുതിയ മദ്യനയം - വരുമാനവും പുനരധിവാസവും**

98 (99) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ മദ്യനയം നടപ്പിലാക്കുന്നതിനുമുമ്പും ശേഷവുമുള്ള വരുമാനം എത്രയാണ്; വരുമാനത്തിൽ വർദ്ധനയുണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഘട്ടംഘട്ടമായി ബാറുകൾ അടച്ചുപൂട്ടുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ സ്വീകരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2013-14 വർഷത്തിൽ എക്സൈസ് വകുപ്പിന്റെ ആകെ വരുമാനം 1933.72 കോടി രൂപയും, 2013-14 വർഷത്തിൽ ഒക്ടോബർ മാസം വരെയുള്ള വരുമാനം 1144.72 കോടിരൂപയും ആയിരുന്നു. 2014-15-ലെ മദ്യനയം നടപ്പിലാക്കിയതിനുശേഷം ഒക്ടോബർ മാസം വരെ 1019.63 കോടി രൂപയുമാണ്.

(ബി) ബാറുകൾ നിർത്തലാക്കുന്നതുമൂലം തൊഴിൽ നഷ്ടപ്പെടുന്ന

തൊഴിലാളികളെയും മദ്യാസക്തിക്കടിമപ്പെട്ടവരേയും പുനരധിവസിപ്പിക്കുന്നതിന് "പുനർജനി 2030" പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കെ.എസ്.ബി.സി. വിൽപ്പന നടത്തുന്ന മദ്യത്തിന്റെ വിൽപ്പന നികുതിയിന്മേൽ 5% സെസ് ഏർപ്പെടുത്തുന്നതിനും, പൂട്ടുന്ന ബാറുകളിലെ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളെയും മറ്റും പുനരധിവസിപ്പിക്കുന്നതിനുള്ള 2 പദ്ധതികൾക്കുംവേണ്ടി കേരളാ ആൾക്കഹോൾ എഡ്യൂക്കേഷൻ റിസർച്ച് റീഹാബിലിറ്റേഷൻ കോമ്പൻസേഷൻ ഫണ്ട് രൂപീകരിക്കുന്നതിനും, മേൽപ്പറഞ്ഞ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനും "പുനർജനി 2030" രൂപകൽപ്പന ചെയ്യുന്നതിനുമുള്ള നടപടികൾക്കായി എക്സൈസ് കമ്മീഷണർ ചെയർമാനായി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. "പുനർജനി 2030" പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

## ബാർ ലൈസൻസുള്ള ഹോട്ടലുകൾ

99 (100) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ബാർ ലൈസൻസുള്ള ഹോട്ടലുകൾ എത്ര ; ഹോട്ടലുകളുടെ സ്റ്റാർ പദവിയുടെ അടിസ്ഥാനത്തിലുള്ള കൃത്യമായ എണ്ണം നല്കാമോ ; ഇവയിൽ ഉൾപ്പെടാത്തവ എത്ര ;

(ബി) ഫൈവ് സ്റ്റാർ പദവിയിലുള്ള എത്ര ഹോട്ടലുകൾ പുതുതായി ബാർ ലൈസൻസിനായി അപേക്ഷ നൽകിയിട്ടുണ്ട് ; അല്ലാത്ത അപേക്ഷകൾ മൊത്തം എത്ര ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ ബാർ ലൈസൻസുള്ള 312 ഹോട്ടലുകളുണ്ട്.

2 സ്റ്റാർ - 16
3 സ്റ്റാർ - 222
4 സ്റ്റാർ - 33
5 സ്റ്റാർ - 21
ഹെറിറ്റേജ് - 8
ക്ലാസിഫൈഡ് - 4
സ്റ്റാർ പദവി ഇല്ലാത്തത് - 8

(ബി) അഞ്ച് നക്ഷത്ര പദവിയുള്ള 2 ഹോട്ടലുകൾ പുതുതായി ബാർ ലൈസൻസിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അല്ലാത്ത അപേക്ഷകൾ നിലവിലെ മദ്യനയ പ്രകാരം വിദേശ മദ്യ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ നിരസിച്ചിട്ടുണ്ട്.

**ബാർ ലൈസൻസുമായി ബന്ധപ്പെട്ട പരസ്യ പ്രസ്താവന**

100 (101) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ ലൈസൻസുമായി ബന്ധപ്പെട്ട് കെ.പി.സി.സി പ്രസിഡന്റ്, സംസ്ഥാന അഡ്വക്കേറ്റ് ജനറലിനെതിരെ പരസ്യപ്രസ്താവന നടത്തിയതായി പറയപ്പെടുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്താവനയിലൂടെ ഉന്നയിച്ച ആക്ഷേപം സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ; അഡ്വക്കേറ്റ് ജനറൽ ഇക്കാര്യത്തിൽ സർക്കാരിന്റെ വിശദീകരണം നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യാതൊരു ആക്ഷേപത്തിനും അടിസ്ഥാനമില്ല.

**കഴിഞ്ഞ പത്ത് വർഷത്തിലെ അബ്കാരി നയം**

101 (102) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും പുതുക്കിയ അബ്കാരി നയം പ്രാബല്യത്തിൽ വന്നത് ഏത് തീയതി മുതലായിരുന്നു ; ഓരോ വർഷവും അബ്കാരി നയം നോട്ടിഫൈ ചെയ്ത തീയതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) യു.ഡി.എഫ്. തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ അവകാശപ്പെട്ട പ്രകാരമാണോ ഈ സർക്കാർ അബ്കാരി നയം പ്രഖ്യാപിച്ചത് ; എങ്കിൽ ആദ്യ വർഷവും രണ്ടാം വർഷവും മൂന്നാം വർഷവും പ്രഖ്യാപിച്ച നയങ്ങൾ എന്തെല്ലാമായിരുന്നു ; നാലാം വർഷത്തെ നയം വർഷാരംഭത്തിൽ തന്നെ പ്രഖ്യാപിക്കാതിരുന്നത് എന്തുകൊണ്ടായിരുന്നു ; വിശദമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും പുതുക്കിയ അബ്കാരി നയം പ്രാബല്യത്തിൽ വന്നത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും എഫ്.എൽ. 1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കണ്ടുകുറയ്ക്കുന്നതിനും എല്ലാ ഞായറാഴ്ചകളും ഡ്രൈഡേ ആക്കുന്നതിനും സർക്കാർ തീരുമാനമെടുക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം 17-8-2011-ലെ ജി.ഒ.(എംഎസ്.) നമ്പർ 107/2011/നി.വ. പ്രകാരം 2011-12-ലേയും, 19-7-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ 130/2012/നി.വ. പ്രകാരം 2012-13-ലേയും, 12-2-2014-ലെ ജി.ഒ.(എംഎസ്.) നമ്പർ 22/2014/നി.വ. പ്രകാരം കള്ള്ചെത്ത് വ്യവസായ മേഖലയ്ക്ക് മാത്രമായും, 22-8-2014-ലെ ജി.ഒ.(എംഎസ്.) നമ്പർ 139/2014/നി.വ. എന്നീ ഉത്തരവുകൾ പ്രകാരം 2014-15-ലെ അബ്കാരി നയവും പ്രഖ്യാപിച്ചിട്ടുണ്ട്.

വിദേശമദ്യ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾക്കെതിരെ ബഹു. ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസുകളിൽ അബ്കാരി നയത്തിലെ 3 നക്ഷത്ര പദവിയുള്ള ഹോട്ടലുകൾക്ക് പുതുതായി ബാർ ലൈസൻസ് നൽകേണ്ടതില്ലായെന്ന തീരുമാനവും, ലൈസൻസ് അനുവദിക്കുമ്പോൾ നിലവിലുള്ള ബാർ ഹോട്ടലുകൾ തമ്മിൽ നിശ്ചിത അകലം വേണമെന്ന നിബന്ധനയും ബഹു. ഹൈക്കോടതി റദ്ദാക്കുകയുമുണ്ടായി. ടി കേസ് ബഹു. സുപ്രീം കോടതിയിൽ പരിഗണനയിലിരിക്കെ, സംസ്ഥാനത്ത് സമഗ്ര മദ്യനയം രൂപീകരിക്കുന്നതിലേയ്ക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ റിട്ട. ജഡ്ജി ശ്രീ. രാമചന്ദ്രനെ കമ്മീഷനായി നിയമിക്കുകയും ടി കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ച തീയതിക്ക് തൊട്ടടുത്ത ദിവസങ്ങളിൽത്തന്നെ രാജ്യത്തെ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റചട്ടം നിലവിൽ വന്നതിനാൽ 2013-14 വർഷത്തിലെ മദ്യനയം സാമ്പത്തിക വർഷത്തിനുമുൻപ് പ്രഖ്യാപിക്കുവാൻ സാധിക്കാതെ വരികയും 2014-15 വർഷത്തെ അബ്കാരി നയം വൈകുകയും ഉണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വയനാട് ജില്ലയിലെ അനധികൃത മദ്യനിർമ്മാണം**

102 (103) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ അതിർത്തി പ്രദേശങ്ങളിൽ അനധികൃത മദ്യ നിർമ്മാണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) ഈ വർഷത്തെ മദ്യനയം നടപ്പാക്കിയതിനുശേഷം ജില്ലയിൽ അനധികൃത മദ്യത്തിന്റെ നിർമ്മാണം, അന്തർ സംസ്ഥാന മദ്യ കടത്ത് എന്നിവ വർദ്ധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ജില്ലയിൽ അനധികൃത മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) സുൽത്താൻബത്തേരി റെയ്ഞ്ചിന്റെ വനാതിർത്തികളിലും സമീപ പ്രദേശങ്ങളിലും അനധികൃത മദ്യനിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ജില്ലയിൽ എക്സൈസ് വകുപ്പ് 60 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സുകളിൽ 8 പേരെ പ്രതിചേർത്തിട്ടുള്ളതും 120 ലിറ്റർ ചാരായം 4045 ലിറ്റർ വാഷ് എന്നിവ തൊണ്ടി മുതലായി പിടിച്ചെടുത്തിട്ടുമുണ്ട്.

(സി & ഡി) നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കർശനമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, റെയ്ഡുകൾ, രഹസ്യ വിവരശേഖരണം ഇവ നടത്തി കുറ്റകൃത്യങ്ങൾ അമർച്ചചെയ്തു വരുന്നുണ്ട്. അന്തർ സംസ്ഥാന ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കുകയും, അതിർത്തി പ്രദേശങ്ങളിൽ പട്രോളിംഗ്, പോലീസ്, വനം എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകളും നടത്തിവരുന്നുണ്ട്.

**മദ്യനയം**

103 (104) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യനയം നിലവിലുണ്ടോ ; പ്രസ്തുത മദ്യനയം രൂപീകരിച്ചത് എന്നാണെന്ന് അറിയിക്കുമോ ;

(ബി) മദ്യനയത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 12-2-22014-ലെ ജി.ഒ.(എംഎസ്.) നമ്പർ 22/2014/നി.വ. പ്രകാരം കള്ള്ചെത്ത് വ്യവസായ മേഖലയ്ക്കുള്ള 2014-15-ലെ അബ്കാരി നയവും, 22-8-2014-ലെ ജി.ഒ.(എംഎസ്.) നമ്പർ 139/2014/നി.വ. പ്രകാരം സമഗ്ര മദ്യനയവും പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പകർപ്പ് അനുബന്ധമായി ലഭ്യമാക്കുന്നു.*

**എക്സൈസ് വകുപ്പിലെ അധിക തസ്തികകൾ**

104 (105) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ നിരോധനത്തിന്റെ ഭാഗമായി വ്യാജമദ്യ വ്യാപനം നിയന്ത്രിക്കാനായി എക്സൈസ് വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) എക്സൈസ് വകുപ്പ്, ധനകാര്യ വകുപ്പിലേക്ക് നല്കിയ നിർദ്ദേശങ്ങൾ വിശദമാക്കാമോ; നിർദ്ദേശങ്ങൾ എല്ലാം ധനകാര്യ വകുപ്പ് അംഗീകരിക്കുകയുണ്ടായോയെന്നറിയിക്കുമോ ;

(സി) അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഏതെല്ലാം തസ്തികകളിൽ എത്ര പേരെ വീതം സംസ്ഥാനത്ത് പി.എസ്.സി. വഴി നിയമിക്കുകയുണ്ടായി; വിശദമാക്കാമോ;

(ഡി) എക്സൈസ് വകുപ്പിന്റെ നിർദ്ദേശം ധനകാര്യ വകുപ്പ് നിരാകരിച്ചിട്ടുണ്ടെങ്കിൽ, അതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മദ്യനിരോധനത്തിന്റെ ഭാഗമായി എക്സൈസ് വകുപ്പിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള എക്സൈസ് കമ്മീഷണറുടെ ശിപാർശ സർക്കാരിന്റെ പരിഗണനയിൽ ആണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 12 പുതിയ താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ രൂപീകരിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും, എക്സൈസ് വകുപ്പിൽ ഇന്റലിജൻസ് വിഭാഗം, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനുംവേണ്ടി ആകെ 341 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശമാണ് എക്സൈസ് വകുപ്പ് സർക്കാരിൽ സമർപ്പിച്ചത്. പ്രസ്തുത നിർദ്ദേശത്തിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

(സി) അധിക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ഡി) സർക്കാരിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ഒരു വർഷത്തേക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ലെന്ന മന്ത്രിസഭായോഗ തീരുമാനത്തിന്റെ വെളിച്ചത്തിലാണ് ധനകാര്യ വകുപ്പ് അംഗീകാരം നൽകാതിരുന്നത്.

## എക്സൈസ് വകുപ്പ് ശാക്തീകരണം

105 (106) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഇുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; എക്സൈസ് വകുപ്പിൽ ആവശ്യത്തിന് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനായി ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലൂടെ ശുദ്ധമായ മദ്യം വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് മദ്യത്തിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധനാഫലം ഉടനടി ലഭ്യമാക്കുന്നതിനും വേണ്ടി എറണാകുളം ജില്ല കേന്ദ്രീകരിച്ച് മൊബൈൽ ലാബ് ആരംഭിക്കുന്നതിന് തീരുമാനമായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ടി ലാബിന്റെ ആവശ്യത്തിനായി വാങ്ങിയ മിനി ബസിൽ ഫാബ്രിക്കേഷൻ വർക്കുകൾ നടത്തുന്നതിനും കെമിക്കൽസും ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനും ടെൻഡർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കോഴിക്കോട് ജില്ല കേന്ദ്രീകരിച്ചും മൊബൈൽ ലാബ് തുടങ്ങുന്നതിനുവേണ്ടി ഒരു മിനി ബസ് വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എക്സൈസ് വകുപ്പിലെ തെരഞ്ഞെടുത്ത 12 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി നിർമ്മിതി കേന്ദ്രം മുഖേന കണ്ടെയ്നർ

മൊഡ്യൂളുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 1,22,00,000 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സൈസ് അക്കാദമിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 1 കോടി 50 ലക്ഷം രൂപ പദ്ധതി ഇനത്തിൽ അനുവദിച്ച് ഉത്തരവാകുകയും ആയതനുസരിച്ച് എക്സൈസ് അക്കാദമിയിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തികവർഷം 48 മോട്ടോർ ബൈക്കുകൾ വാങ്ങി ഫീൽഡ് ഓഫീസുകളിലേക്ക് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 24 ലക്ഷം രൂപ ചെലവാക്കി 48 ബൈക്കുകൾ കൂടി വാങ്ങി ഫീൽഡ് യൂണിറ്റുകളിലേക്ക് നൽകുന്നതിനായി വിതരണത്തിന് തയ്യാറായിട്ടുണ്ട്.

ഫീൽഡ് യൂണിറ്റികളിലെ അസി. എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ആഫീസർ എന്നീ റാങ്കുകൾ വരെയുള്ള ഉദ്യോഗസ്ഥർക്ക് സിം കാർഡ് കണക്ഷൻ നൽകാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി 96 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ റെയിൻ കോട്ടുകൾ, ഡിജിറ്റൽ ക്യാമറകൾ, ലാത്തി, സിഗ്നൽ ലൈറ്റ് ബാറ്റൺ എന്നിവ വാങ്ങുന്നതിനും നടപടികൾ നടന്നുവരുന്നു. ഫീൽഡ് ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ഫർണിച്ചർ വാങ്ങുന്നതിന് 25 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുള്ളതും ആയത് ഉപയോഗിച്ച് സംസ്ഥാനത്തുടനീളം ആഫീസുകളിലേക്ക് ഫർണീച്ചർ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

എക്സൈസ് വകുപ്പിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച എക്സൈസ് കമ്മീഷണറുടെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

**ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവില്പന**

106 (107) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻവഴി ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും മൊത്തം എത്ര കോടി രൂപയുടെ മദ്യം വില്പന നടത്തുകയുണ്ടായിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ബി) 2014-15 സാമ്പത്തികവർഷം നാളിതുവരെ മൊത്തം എത്ര കോടി രൂപയുടെ മദ്യം വില്പന നടത്തുകയുണ്ടായി; മുൻവർഷം ഇതേ കാലയളവിൽ വില്പന നടത്തിയിരുന്ന മദ്യം എത്ര കോടി രൂപയുടേതായിരുന്നു ; വിശദമാക്കുമോ ;

(സി) 2014-15 സാമ്പത്തികവർഷം നാളിതുവരെ മദ്യവില്പനയിലൂടെ ഖജനാവിലേക്ക് ലഭിച്ച വരുമാനം എത്ര കോടി രൂപയുടേതായിരുന്നു ; മുൻവർഷം ഇതേ കാലയളവിൽ മദ്യവില്പനയിലൂടെ ഖജനാവിലേക്ക് ലഭിച്ച മൊത്തം വരുമാനം എത്ര കോടി രൂപയുടേതായിരുന്നു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻവഴി ഈ സർക്കാരിന്റെ കാലത്ത് 2011-12 വർഷത്തിൽ 7861.74 കോടി രൂപയുടെയും 2012-13 വർഷത്തിൽ 8818.18 കോടി രൂപയുടെയും 2013-14 വർഷത്തിൽ 9350.18 കോടി രൂപയുടെയും 2014-15 വർഷത്തിൽ (ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 5731.47 കോടി രൂപയുടെയും മദ്യവില്പന നടത്തിയിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം (ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 5731.47 കോടി രൂപയുടെ മദ്യവും മുൻവർഷം ഇതേ കാലയളവിൽ (2013-14 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 5378.56 കോടി രൂപയുടെ മദ്യവും വില്പന നടത്തിയിരുന്നു.

(സി) 2014-15 സാമ്പത്തിക വർഷം (ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 4648.41 കോടി രൂപയുടെയും മുൻ വർഷം ഇതേകാലയളവിൽ (2013-14 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 4386.16 കോടി രൂപയുടെയും വരുമാനം മദ്യവില്പനയിലൂടെ ഖജനാവിലേക്ക് ലഭിച്ചു.

**ബിവറേജസ് കോർപ്പറേഷനിലെ വിദേശമദ്യ വിൽപ്പനയുടെ വിശദവിവരം**

107 (108) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ വിദേശമദ്യ വില്പന ശാലകൾ ഉണ്ടായിരുന്നോ ; അവയിൽ എത്രയെണ്ണം അടച്ചു പൂട്ടുകയുണ്ടായി ;

(ബി) അടച്ചുപൂട്ടുന്നതിന് വില്പനശാലകളെ തെരഞ്ഞെടുത്ത മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു ;

(സി) ബിവറേജസ് കോർപ്പറേഷൻ ഈ വർഷം നാളിതുവരെ എത്ര കോടി രൂപയുടെ വില്പന നടത്തുകയുണ്ടായി; മുൻവർഷം ഇതേ കാലയളവിൽ

ഉണ്ടായിരുന്ന വില്പന എത്ര കോടി രൂപയുടെതായിരുന്നു ;

(ഡി) ബിവറേജസ് കോർപ്പറേഷൻ ഈ വർഷം നാളിതുവരെ നടത്തിയ വില്പനയിലൂടെ സർക്കാരിനു ലഭിച്ച വരുമാനം എത്ര കോടി രൂപയാണ് ; ഇതേ കാലയളവിൽ മുൻവർഷം ലഭിച്ചിരുന്ന വരുമാനം എത്രയായിരുന്നു ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ 338 വിദേശമദ്യ ഷോപ്പുകൾ ഉണ്ടായിരുന്നു. അവയിൽ 2014-15-ലെ വിദേശ മദ്യനയ പ്രകാരം 34 ഷോപ്പുകൾ 2014 ഒക്ടോബർ 2-ന് അടച്ചുപൂട്ടി.

(ബി) (i) പൊതുജനങ്ങളുടെ എതിർപ്പുകൾ, കോടതി ഉത്തരവ്, സാംസ്കാരിക സംഘടനകളുടെ എതിർപ്പുകൾ എന്നിവ നിലവിലുണ്ടായിരുന്ന ഷോപ്പുകൾ.

(ii) ശരാശരി വില്പന 'ബ്രേക്കീവൻ' വില്പനയിൽ താഴെയുള്ളത്.

(iii) ഷോപ്പ് പ്രവർത്തിച്ചുവന്ന കെട്ടിടത്തിന്റെ വാടക സംബന്ധിച്ച പ്രശ്നങ്ങൾ, ഉടമസ്ഥന്റെ ആവശ്യം എന്നിവ നിലനിന്നിരുന്ന ഷോപ്പുകൾ.

(iv) നിലവിൽ പ്രവർത്തിക്കുന്ന രണ്ട് ഷോപ്പുകൾ തമ്മിലുള്ള അകലം.

(v) വിവിധ കാരണങ്ങളാൽ ഈ കാലയളവിൽ അടച്ചുപോയ 7 ഷോപ്പുകൾ.

(vi) ഹൈവേ/സർവ്വീസ് റോഡുകൾ എന്നിവയുടെ അരികിലുണ്ടായിരുന്ന ഷോപ്പുകൾ.

(സി) ബിവറേജസ് കോർപ്പറേഷൻ ഈ വർഷം (2014-15 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 5731.47 കോടി രൂപയുടെ മദ്യ വില്പനയും മുൻവർഷം (2013-14 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 5378.56 കോടി രൂപയുടെ മദ്യവില്പനയും നടത്തുകയുണ്ടായി.

(ഡി) ബിവറേജസ് കോർപ്പറേഷൻ ഈ വർഷം (2014-15 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) നടത്തിയ മദ്യവില്പനയിലൂടെ 4648.41 കോടി രൂപയും മുൻ വർഷം (2013-14 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) നടത്തിയ മദ്യവില്പനയിലൂടെ 4386.16 കോടി രൂപയുടെയും വരുമാനം സർക്കാരിന് ലഭിച്ചു.

**ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവ്**

108 (109) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവ് ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും എത്ര വീതമായിരുന്നു ; വിശദമാക്കാമോ ;

(ബി) ഈ വർഷം നാനൂറിൽപ്പരം ബാറുകൾക്ക് ലൈസൻസ് നൽകാതിരുന്നതിനുശേഷം, മുൻവർഷത്തെ അപേക്ഷിച്ച് വിറ്റുവരവിൽ കുറവുണ്ടായിട്ടുണ്ടോ ;

(സി) ബിവറേജസ് കോർപ്പറേഷന്റെ ഈ വർഷത്തെ ഇതേവരെയുള്ള വിറ്റുവരവ് എത്ര ; ഇതേ കാലയളവിൽ മുൻവർഷത്തെ വിറ്റ് വരവ് എത്രയായിരുന്നു ;

(ഡി) ബിവറേജസ് കോർപ്പറേഷന്റെ ഈ വർഷം ഇന്നേവരെയുള്ള വില്പനയുടെ ഭാഗമായി സർക്കാർ ഖജനാവിലേക്ക് ലഭിച്ച തുക എത്ര; മുൻവർഷം ഇതേ കാലയളവിൽ അത് എത്രയായിരുന്നു. വിശദമാക്കാമോ;

<u>ഉത്തരം</u>

(എ) ബിവറേജസ് കോർപ്പറേഷൻവഴി ഈ സർക്കാരിന്റെ കാലത്തെ ഓരോ വർഷത്തേയും മദ്യത്തിന്റെ വിറ്റുവരവ് കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | മൊത്തം മദ്യവില്പന (തുക-കോടിയിൽ) |
|---|---|
| 2011-12 | 7861.74 |
| 2012-13 | 8818.18 |
| 2013-14 | 9350.18 |
| 2014 ഏപ്രിൽ മുതൽ ഒക്ടോബർ വരെ | 5731.47 |

(ബി) ബാറുകൾക്ക് ലൈസൻസ് നൽകാതിരുന്ന 2014 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള വിറ്റുവരവിൽ, മദ്യത്തിന്റെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ കുറവുണ്ടായിട്ടില്ല. എന്നാൽ അളവിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെയും ബിയറിന്റെയും വില്പനയിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ബിവറേജസ് കോർപ്പറേഷന്റെ ഈ വർഷത്തെ (2014 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) വിറ്റുവരവ് 5731.47 കോടി രൂപയും ഇതേ കാലയളവിൽ കഴിഞ്ഞ വർഷത്തെ (2013 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) വിറ്റുവരവ് 5378.38 കോടി രൂപയും ആണ്.

(ഡി) ബിവറേജസ് കോർപ്പറേഷൻ ഈ വർഷം (2014 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) മദ്യവില്പനയുടെ ഭാഗമായി സർക്കാർ ഖജനാവിലേക്ക് 4648.41 കോടി രൂപയും ഇതേ കാലയളവിൽ കഴിഞ്ഞ വർഷം (2013 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 4386.16 കോടി രൂപയും സർക്കാർ ഖജനാവിലേക്ക് ലഭിച്ചിട്ടുണ്ട്.

## ബാറുകളുടെ നിലവാരം

109 (110) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂട്ടിയ 418 ബാറുകളുടെ നിലവാരം പരിശോധിക്കാൻ തീരുമാനിച്ചിരുന്നോ ; നിലവാരം പരിശോധിക്കാൻ ഏർപ്പെടുത്തിയ മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു ; മാനദണ്ഡങ്ങൾക്ക് രൂപം നൽകിയത് ആരാണ് ;

(ബി) പരിശോധനയിൽ മാനദണ്ഡങ്ങൾ എല്ലാം പാലിക്കപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ട ബാറുകളുടെ എണ്ണം എത്ര ; അല്ലാത്തവയുടെ എണ്ണം എത്ര ;

(സി) പരിശോധനയ്ക്കായി ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ ;

(ഡി) അടച്ചുപൂട്ടിയ ബാറുകൾക്ക് ലൈസൻസ് പുതുക്കിക്കൊടുക്കാതിരുന്നതിന്റെ കാരണങ്ങൾ ഏതെല്ലാം; സി.ആന്റ് എ.ജി. ചൂണ്ടിക്കാട്ടിയ ന്യൂനതകൾ എന്തെല്ലാം; ഈ വിഷയത്തിൽ സുപ്രീ കോടതി നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്നും ഇവയെല്ലാം ഇപ്പോഴും പ്രസ്തുത ബാറുകളുടെ കാര്യത്തിൽ നിലനിൽക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പൂട്ടിയ 418 ബാറുകളുടെ നിലവാരം പരിശോധിക്കുന്നതിനായി ബഹു. ഹൈക്കോടതിയുടെ 14-8-2014-ലെ ഡബ്ല്യു.എ. നമ്പർ 1121/2014 തുടങ്ങിയ കേസ്സുകളിന്മേൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിച്ചിരുന്നു. കേന്ദ്ര ടൂറിസം മന്ത്രാലയം രൂപം നൽകി പുറപ്പെടുവിച്ച ടൂ സ്റ്റാർ ക്ലാസിഫിക്കേഷന്റെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പരിശോധന.

(ബി) തുടർന്നുള്ള കോടതി ഉത്തരവുകളുടെ വെളിച്ചത്തിൽ നിലവാര പരിശോധന പൂർത്തിയാക്കിയിട്ടില്ലാത്തതാണ്.

(സി) എക്സൈസ് സർക്കിൾ ഇൻസ്പെക്ടറും അതിനു മുകളിലോട്ടുള്ള എക്സൈസ് ഉദ്യോഗസ്ഥരുടെ ഓരോ സംഘത്തെയും ഉപയോഗിച്ചുള്ള സംവിധാനമാണ് പരിശോധനയ്ക്കായി ഏർപ്പെടുത്തിയത്.

(ഡി) സി ആന്റ് എ.ജി. റിപ്പോർട്ടിൽ പ്രതിപാദിച്ച ബാർ ഹോട്ടലുകൾക്കെതിരെ നടപടിയെടുക്കാത്തതിനെപ്പറ്റി ബഹു. സുപ്രീം കോടതി പരാമർശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടി ബാറുകളുടെ ലൈസൻസ് പുതുക്കി നൽകാതിരുന്നത്. സംസ്ഥാനത്തെ 418 ബാർ ഹോട്ടലുകൾക്ക് സൗകര്യങ്ങളില്ലായെന്നും ഇത്തരം ഹോട്ടലുകൾക്ക് ലൈസൻസ് 2007 വർഷത്തിൽ ക്രമീകരിച്ച

നൽകിയത് തെറ്റാണെന്ന് സി ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിരുന്നു. ഇത്തരത്തിൽ ക്രമീകരിച്ച് നൽകിയ നിലവാരമില്ലാത്ത ഹോട്ടലുകൾക്കെതിരെ സർക്കാർ നടപടിയെടുക്കുന്നതുവരെ 4 സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകാതിരിക്കരുത് എന്ന് ബഹു. സുപ്രീം കോടതി നിർദ്ദേശിച്ചിരുന്നു. ഇവയെല്ലാം ഇപ്പോഴും പ്രസ്തുത ബാറുകളുടെ കാര്യത്തിൽ നിലനിൽക്കുന്നുണ്ട്.

**വ്യാജമദ്യം**

110 (111) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യം എത്തുന്നത് തടയുന്നതിന് പുതുതായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

(ബി) അബ്കാരി നയത്തിന്റെ ഭാഗമായി ബാറുകളും ഔട്ട്ലെറ്റുകളും പൂട്ടിയതിനെ തുടർന്ന് വ്യാജമദ്യത്തിന്റെ വരവ് പതിവിലും വർദ്ധിച്ചിട്ടുള്ളതായി കരുതുന്നുണ്ടോ ; വിശദമാക്കാമോ ; ഏതെല്ലാം സ്രോതസ്സുകളിലൂടെയുള്ള വ്യാജമദ്യ വരവാണ് വർദ്ധിച്ചിട്ടുള്ളതായി കണക്കാക്കുന്നത് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വ്യാജമദ്യ വിൽപ്പന തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും രാത്രികാല വാഹന പരിശോധനയും എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സ്ട്രൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തന ക്ഷമമാക്കുകയും കേരളത്തിലേയ്ക്ക് സ്പിരിറ്റ് ഉൾപ്പെടെയുള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്ന് കടത്തിക്കൊണ്ടുവരുന്നത് മുന്നിൽകണ്ടുകൊണ്ട് ചെക്ക് പോസ്റ്റുകളിലൂടെ കടന്നുപോകുന്ന എല്ലാ വാഹനങ്ങളും കർശന പരിശോധനയ്ക്ക് വിധേയമാക്കിവരുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള പ്രത്യേക സ്ക്വാഡുകളും, എക്സൈസ് ഇന്റലിജൻസ് വിഭാഗവും ഷാഡോ സംവിധാനം ഉപയോഗിച്ച് വിവരങ്ങൾ ശേഖരിച്ച് അതിന്മേൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. പുതിയ മദ്യനയം നടപ്പാക്കുന്നതിന്റെ ഭാഗമായി 'റെഡ് അലർട്ട്' പ്രഖ്യാപിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

(ബി) ബാറുകളും ഔട്ട്ലെറ്റുകളും പൂട്ടിയതിനെത്തുടർന്ന് വ്യാജ മദ്യത്തിന്റെ വ്യാപകമായ വരവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും സ്പിരിറ്റ് ചെറിയ തോതിൽ കേരളത്തിലേയ്ക്ക് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാറുകളും ഔട്ട്ലെറ്റുകളും പൂട്ടിയതിനെ തുടർന്നുള്ള മാസങ്ങളിൽ എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ 24676 ലിറ്റർ സ്പിരിറ്റ് പിടികൂടിയിട്ടുണ്ട്.

## സർക്കാർ മദ്യനയം

111 (112) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പുതിയ മദ്യനയം പ്രഖ്യാപിച്ചതിനുശേഷം എത്ര ബാറുകളാണ് അടച്ചുപൂട്ടിയിട്ടുള്ളത് ;

(ബി) ഇവയിൽ എത്രയെണ്ണമാണ് ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം തുറന്നുപ്രവർത്തിക്കുന്നത് ;

(സി) ബിവറേജസ് കോർപ്പറേഷന്റെ എത്ര വില്പന കേന്ദ്രങ്ങളാണ് ഈ നയത്തിന്റെ ഭാഗമായി അടച്ചുപൂട്ടിയിട്ടുള്ളത് ;

(ഡി) ബാറുകൾ അടച്ചതിനെത്തുടർന്ന് ബിവറേജസ് കോർപ്പറേഷൻ വഴി മദ്യവില്പന കൂടി എന്നു പറയുന്നതു ശരിയാണോ ;

(ഇ) മദ്യനയം പ്രഖ്യാപിച്ചതിനുശേഷം സംസ്ഥാനത്ത് മദ്യവില്പനയുടെ മാസംതോറുമുള്ള കണക്ക് വ്യക്തമാക്കാമോ ;

(എഫ്) പ്രസ്തുത കണക്ക് മദ്യനയം നടപ്പിലാക്കുന്നതിന് മുമ്പുള്ളതിനേക്കാൾ കൂടുതലാണോ കുറവാണോ എന്നതിന് ഓരോ മാസത്തേയും കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 711

(ബി) 291

(സി) 34

(ഡി) ബാറുകൾ അടച്ചതിനെത്തുടർന്ന് 2014-15 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പന 2013-14 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 1%ത്തിന്റെ കുറവും ബിയറിന്റെ വിൽപ്പനയിൽ 6% ത്തിന്റെ കുറവും രേഖപ്പെടുത്തിയിട്ടുണ്ട്.

(ഇ) വിശദാംശം അനുബന്ധം - I ആയി ചേർക്കുന്നു.*

(എഫ്) വിശദാംശം അനുബന്ധം - II ആയി ചേർക്കുന്നു.*

## മദ്യത്തിൽനിന്നുള്ള വരുമാനം

112 (113) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സംസ്ഥാനത്ത് ചാരായം നിരോധിക്കുന്നതിന് മുൻപുള്ള സാമ്പത്തികവർഷം ചാരായത്തിൽ നിന്നുണ്ടായിരുന്ന വരുമാനം എത്ര കോടിയായിരുന്നു; എത്ര ചാരായ ഷോപ്പുകളായിരുന്നു സംസ്ഥാനത്ത് അടച്ചുപൂട്ടുകയുണ്ടായത് ;

(ബി) ചാരായ ഷോപ്പുകൾ എല്ലാം അടച്ചുപൂട്ടുക വഴി സംസ്ഥാനത്തെ മദ്യപാനികളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ടോ ;

(സി) ചാരായം നിർത്തിയതിനുശേഷം ഓരോ വർഷവും വിദേശമദ്യത്തിൽ നിന്നുള്ള വരുമാനവർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ;

(ഡി) 2014 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ മദ്യത്തിൽ നിന്നുള്ള വരുമാനം എത്ര കോടിയായിരുന്നു; 2013-ൽ ഇതേ കാലയളവിലെ വരുമാനം എത്രയായിരുന്നു; നികുതി, വില തുടങ്ങിയവയിലെ വർദ്ധന പരിഗണിക്കാതെയുള്ള വരുമാന വർധന എത്ര ശതമാനമായിരുന്നു ?

<u>ഉത്തരം</u>

(എ) 5614 ചാരായഷോപ്പുകളായിരുന്നു ചാരായം നിരോധിക്കുന്നതിന് മുൻപായി സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്നത്. ചാരായ ഷോപ്പുകളുടെ റെന്റൽ തുകയായി 1995-96 വർഷത്തിൽ സർക്കാരിന് ലഭിച്ചത് 250,46,84,715 രൂപയാണ്.

(ബി) ഇത് സംബന്ധിച്ച് താരതമ്യ പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി)

| 2013 | | 2014 | |
|---|---|---|---|
| April | 132.92 | April | 206.40 |
| May | 246.47 | May | 200.91 |
| June | 115.87 | June | 120.38 |
| July | 124.71 | July | 133.55 |
| August | 219.87 | August | 126.52 |
| Total | 839.84 | Total | 787.76 |

എക്സൈസ് വരുമാനത്തിൽ കുറവാണുണ്ടായിട്ടുള്ളത്.

## സമ്പൂർണ്ണ മദ്യനിരോധന നയം

113 (114) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ മദ്യനിരോധനം എന്ന നയം ഈ സർക്കാരിനുണ്ടോ; എങ്കിൽ ആ നയം നടപ്പിൽ വരുത്താൻ ലഭിച്ച സാധ്യതകൾ എല്ലാം പ്രയോജനപ്പെടുത്തുകയുണ്ടായോ; വിശദമാക്കാമോ ;

(ബി) യു.ഡി.എഫ്. ജനങ്ങൾക്ക് നല്കിയ ഉറപ്പിനനുസൃതമായിട്ടാണോ സർക്കാർ നിലപാട് സ്വീകരിച്ചിട്ടുള്ളത് ; അല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(സി) സമ്പൂർണ്ണ മദ്യനിരോധനം സംബന്ധിച്ച യു.ഡി.എഫ്. നിലപാടും സർക്കാർ നിലപാടും വ്യത്യസ്തമാണോ ; എങ്കിൽ എന്തെല്ലാം കാര്യങ്ങളിലാണെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ-സി) മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടം ഘട്ടമായ മദ്യനിരോധനമാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലു കളൊഴികെയുള്ള ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും എഫ്.എൽ. 1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കണ്ടു കുറയ്ക്കുന്നതിനും എല്ലാ ഞായറാഴ്ചകളും ഡ്രൈഡേ ആക്കുന്നതിനും സർക്കാർ തീരുമാനമെടുക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

## സമ്പൂർണ്ണ മദ്യനിരോധനവും മദ്യനയവും

114 (115) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) മദ്യവർജ്ജനം, ബോധവത്കരണം തുടങ്ങിയവയിലൂടെ സംസ്ഥാനത്ത് മദ്യ ഉപഭോഗം കുറച്ചുകൊണ്ടുവരണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ബിവറേജസ് കോർപ്പറേഷൻ എന്നിവയുടെ കീഴിൽ എത്ര മദ്യവില്പനശാലകളും ബാർ ഹോട്ടലുകളും ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട് ;

(ഡി) സംസ്ഥാനത്ത് ഒരു പുതിയ മദ്യനയം പ്രഖ്യാപിക്കുവാനുദ്ദേശിക്കുന്നുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ള ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും എഫ്.എൽ. 1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കണ്ട് കുറയ്ക്കുന്നതിനും എല്ലാ ഞായറാഴ്ചകളും ഡ്രൈഡേ ആക്കുന്നതിനും സർക്കാർ തീരുമാനമെടുക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ 41-ഉം ബിവറേജസ് കോർപ്പറേഷന്റെ 304 എഫ്.എൽ. 1 ഷോപ്പുകളും, 312 സ്വകാര്യ ബാറുകളും പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഇല്ല.

**ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ**

115 (116) <u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. ബെന്നി ബെഹനാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂൾ, കോളേജുകളിൽ എത്ര ലഹരിവിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരിവിരുദ്ധ പാഠങ്ങൾ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു ;

(ഡി) കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി സ്കീം പ്രകാരം ബിവറേജസ് കോർപ്പറേഷൻ സംസ്ഥാനത്തെ എത്ര ലഹരിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം അനുവദിച്ചു ; ആകെ എത്ര തുകയാണ് അനുവദിച്ചത് ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സ്കൂൾ - 1298

കോളേജ് - 165

(ബി) ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.-യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 2014-15 അദ്ധ്യയന വർഷത്തിൽ 1, 3, 5, 7, 11 എന്നീ ക്ലാസ്സുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2015-16 അദ്ധ്യയന വർഷത്തിൽ 2, 4, 6, 8, 12 എന്നീ ക്ലാസ്സുകളിലും 2016-17 അദ്ധയന വർഷം 9, 10 ക്ലാസ്സുകളിലും ലഹരി വിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി 3,32,97,431 (മൂന്ന് കോടി മുപ്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി നാന്നൂറ്റി മുപ്പത്തി ഒന്ന് രൂപ മാത്രം) ചെലവഴിച്ചു.

(ഡി) കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി സ്കീം പ്രകാരം ബിവറേജസ് കോർപ്പറേഷൻ സംസ്ഥാനത്തെ 11 ലഹരിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്കുമായി ആകെ 1,00,35,840 രൂപയാണ് (ഒരു കോടി മുപ്പത്തി അയ്യായിരത്തി എണ്ണൂറ്റി നാൽപ്പത് രൂപ മാത്രം) അനുവദിച്ചിട്ടുള്ളത്. അതിൽ ആദ്യ തവണയായി 40,14,336 രൂപ. (നാൽപ്പത് ലക്ഷത്തി പതിനാലായിരത്തി മുന്നൂറ്റി മുപ്പത്തിആറ് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്.

## മദ്യത്തിന്റെ വിലക്കുറവിന് കോർപ്പറേഷൻ അംഗീകാരം

116 (117) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യ കമ്പനികളുടെ എത്ര ഇനം മദ്യത്തിന്റെ വില കമ്പനികൾ കറയ്ക്കുകയുണ്ടായിട്ടുണ്ട് ;

(ബി) ഏതെല്ലാം കമ്പനികളുടെ ഏതെല്ലാം ഇനം മദ്യത്തിന്റെ എത്ര ശതമാനം വീതം കുറവ് വരുത്തുകയുണ്ടായിട്ടുണ്ട് ;

(സി) ബിവറേജസ് കോർപ്പറേഷൻ വിലകുറച്ച് ടെണ്ടർ സമർപ്പിക്കാൻ ആവശ്യപ്പെട്ടത് ഏറ്റവും ഒടുവിൽ ഏതു തീയതിയിലായിരുന്നു ; അതനുസരിച്ച് ഏതെല്ലാം കമ്പനികളുടെ വില കുറവിന് കോർപ്പറേഷൻ അംഗീകാരം നല്കുകയുണ്ടായി ; വിശദമാക്കാമോ ;

(ഡി) ടെണ്ടറിൽ ആദ്യം ക്വാട്ട് ചെയ്ത തുകയും പിന്നീട് ക്വാട്ട് ചെയ്ത കുറഞ്ഞ വിലയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

## ഉത്തരം

(എ & ബി) 2014-15 ഒക്ടോബർ 1-ാം തീയതി പ്രാബല്യത്തിൽ വന്ന റേറ്റ് കോൺട്രാക്റ്റ് പ്രകാരം 19 ഇന്ത്യൻ നിർമ്മിത വിദേശ കമ്പനികളുടെ 130 ഇനം (ബ്രാന്റ് & പാക്ക്) മദ്യത്തിന്റെ വില 2013-14-ലെ വിലയേക്കാൾ കമ്പനികൾ കുറച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ബിവറേജസ് കോർപ്പറേഷൻ വില കുറച്ച് ടെണ്ടർ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടില്ല. ബിവറേജസ് കോർപ്പറേഷൻ ക്ഷണിച്ച 2014-15-ലെ കോൺട്രാക്റ്റ് പ്രകാരം 19 കമ്പനികൾ സ്വമേധയാ വില കുറച്ച് ഓഫറുകൾ സമർപ്പിക്കുകയും, ആയത് കോർപ്പറേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ടെണ്ടറിൽ ആദ്യം ക്വാട്ട് ചെയ്യുകയും സ്വീകരിക്കുകയും ചെയ്ത തുകയാണ് ടെണ്ടർ കാലാവധി മുഴുവൻ നിലനിൽക്കുന്നത്. പിന്നീട് കുറഞ്ഞ വില ക്വാട്ട് ചെയ്യാൻ കമ്പനികളോട് ആവശ്യപ്പെടാറില്ല.

### ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഓഫീസ്

117 (118) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ താലൂക്ക് പ്രവർത്തനം ആരംഭിച്ച് ഒരു വർഷം പിന്നിട്ട സാഹചര്യത്തിൽ ചാലക്കുടി താലൂക്ക് കേന്ദ്രീകരിച്ച് എക്സൈസ് സർക്കിൾ ഓഫീസ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വനം, തോട്ടം മേഖലകൾ ഉൾപ്പെടുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സൈസ് റെയിഞ്ചാഫീസ് ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) എക്സൈസിൽ ക്രൈം ബ്രാഞ്ച് വിംഗ് രൂപീകരിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ചാലക്കുടി താലൂക്ക് കേന്ദ്രീകരിച്ച് എക്സൈസ് സർക്കിൾ ഓഫീസ് അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സൈസ് റെയ്ഞ്ചാഫീസ് ആരംഭിക്കുന്നതിനുള്ള ശിപാർശകളൊന്നും ഇപ്പോൾ നിലവിലില്ല.

(സി) എക്സൈസിൽ ക്രൈം ബ്രാഞ്ച് വിംഗ് രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**മദ്യവർജ്ജനത്തെ സംബന്ധിച്ച നിലപാട്**

118 (119) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കേരള മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ചാരായ നിരോധനം കൊണ്ടുവന്നത് മദ്യ ഉപഭോഗവും മദ്യാസക്തിയും കുറയ്ക്കുന്നതിനായിരുന്നു എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്നാണല്ലോ കരുതിയിരുന്നത്. എന്നാൽ ആയത് പ്രായോഗികമായി വന്നില്ല. എന്നാൽ കേരളത്തിൽ മദ്യാസക്തിയും ഉപഭോഗവും കൂടിയതല്ലാതെ കുറഞ്ഞിട്ടില്ല. ആയത് UDF-ന്റെ തെറ്റായ നയമാണെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഇപ്പോഴുള്ള UDF സർക്കാരിന്റെ നയം വ്യക്തമാക്കുമോ ;

(ബി) നിലവിലെ നയത്തിലൂടെ ബാർ നിരോധനമാണോ അതോ മദ്യ നിരോധനമാണോ ഉദ്ദേശിച്ചിട്ടുള്ളത് ;

(സി) മദ്യവർജ്ജനത്തെ സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ബാറുകൾ മാത്രം നിരോധിച്ചുകൊണ്ടുള്ള ഒരു മദ്യ നിരോധനമല്ല സർക്കാർ ഉദ്ദേശിക്കുന്നത്. മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യരഹിത കേരളം എന്ന

മഹത്തായ ലക്ഷ്യമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും എഫ്.എൽ. 1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കണ്ടു കുറയ്ക്കുന്നതിനും എല്ലാ ഞായറാഴ്ചകളും ഡ്രൈഡേ ആക്കുന്നതിനും സർക്കാർ തീരുമാനമെടുക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

## മദ്യാസക്തിക്കെതിരായ ബോധവൽക്കരണം

119 (120) <u>ശ്രീ. ജോസഫ് വാഴക്കൻ</u> :

<u>ശ്രീ. ഷാഫി പറമ്പിൽ</u> :

<u>ശ്രീ. വി. റ്റി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) പ്രസ്തുത പരിപാടികളുടെ സവിശേഷതകളും പ്രവർത്തനരീതിയും വിശദീകരിക്കുമോ ;

(സി) പ്രചാരണ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് മത്സരം,

എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയാണ് മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന പരിപാടികൾ.

(ബി) ലഹരി വിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിനായി മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനോടൊപ്പം വർദ്ധിച്ചുവരുന്ന മദ്യാസക്തിയും അതുപോലെ ഉണ്ടാകുന്ന സാമൂഹ്യ വിപത്തിനെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുക, മദ്യപാനംമൂലം തകർന്ന വ്യക്തികളെ അതിൽനിന്നും പിൻതിരിപ്പിക്കുക എന്നിവയാണ് ലഹരിവിരുദ്ധ ബോധവൽക്കരണത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. ജില്ലാതല ബോധവൽക്കരണ പ്രവർത്തനങ്ങൾ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലാണ് നടപ്പിലാക്കി വരുന്നത്. ഈ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപനത്തിനായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക ബോധവൽക്കരണ വിഭാഗം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(സി) ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ - കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് മത്സരം, എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയാണ് മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന പരിപാടികൾ. ഈ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളുടേയും നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണ ത്തോടുകൂടി നടത്തിവരുന്നു.

## മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിപണി വിലയ്ക്ക് ലഭ്യമാക്കുന്നതിന് നടപടി

120 (121) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികൾക്ക് ബോട്ടിൽ ഉപയോഗിക്കുന്നതിനായി ആവശ്യമുള്ള മണ്ണെണ്ണ വിപണി വിലയ്ക്ക് ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈൻ വില്പന

121 (122) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈൻ വില്പന നടത്താനുള്ള അധികാരം ഏതെല്ലാം സ്ഥാപനങ്ങൾക്കാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഏതെല്ലാം ബ്രാണ്ട്കളിലുള്ള ഏതെല്ലാം തരം വൈനുകൾ വില്പന നടത്തി വരുന്നുണ്ട് ; വൈനിന് ഏതെല്ലാം നിലയിലുള്ള എന്ത് നിരക്കിലുള്ള നികുതികൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

(സി) പ്രതിവർഷം എത്ര വൈനുകൾ വില്പന നടത്തിവരുന്നുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെയും കൺസ്യൂമർ ഫെഡിന്റെയും എഫ്.എൽ. 1 ഷോപ്പുകൾ, എഫ്.എൽ. 7, എഫ്.എൽ. 8 ലൈസൻസികൾ, ബാർ ഹോട്ടലുകൾ, ക്ലബ്ബുകൾ, വൈൻ/ബിയർ പാർലറുകൾ (എഫ്.എൽ.11) എന്നിവയ്ക്ക്, വൈൻ വില്പന നടത്താൻ അധികാരം നൽകിയിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ വില്പന നടത്തിയ വൈൻ ബ്രാൻഡുകളുടെ വിശദ വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* വൈനിന് ഏർപ്പെടുത്തിയിട്ടുള്ള നികുതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എക്സൈസ് നികുതി - Rs. 3

ബൾക്ക് ലിറ്റർ ഇറക്കുമതി ഫീസ് - Rs. 2

ബൾക്ക് ലിറ്റർ വിൽപ്പന നികുതി - 70%

സോഷ്യൽ സെക്യൂരിറ്റി സെസ്സ് - 10 %

മെഡിക്കൽ സെസ്സ് - 1 %

റീഹാബിലിറ്റേഷൻ സെസ്സ് - 5 %

(സി) വൈൻ വില്പന സംബന്ധിച്ച വിശദാംശം അനുബന്ധം (2)-ഉം (3)-ഉം ആയി ചേർത്തിരിക്കുന്നു. *

**അബ്കാരി കേസുകൾ**

122 (123) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 നവംബർ 30-ന് മുമ്പുള്ള അഞ്ച് വർഷം രജിസ്റ്റർ ചെയ്യപ്പെട്ട അബ്കാരി കേസുകളുടെ എണ്ണം, വാർഷികാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) ഇതേ കാലയളവിൽ ഓരോ വർഷവും പിടികൂടപ്പെട്ട കള്ളക്കടത്ത് സ്പിരിറ്റ് എത്രയാണ് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു ;

(സി) സ്പിരിറ്റ് കള്ളക്കടത്ത് നടത്തിയതിന്റെ പേരിൽ അറസ്റ്റ് ചെയ്യപ്പെട്ടവർ എത്ര ; അതിൽ ശിക്ഷിക്കപ്പെട്ടവർ എത്ര ;

(ഡി) മേൽപ്പറഞ്ഞ കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട അബ്കാരി കേസുകളിൽ എത്ര പേരുടെ അറസ്റ്റ് രേഖപ്പെടുത്താനുണ്ട് ; എത്ര കേസുകളിലാണ് കോടതിയിൽ കുറ്റപത്രം നല്കാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) 2014 നവംബർ 30-ന് മുമ്പുള്ള അഞ്ച് വർഷം രജിസ്റ്റർ ചെയ്യപ്പെട്ട അബ്കാരി കേസുകളുടെ എണ്ണം വാർഷികാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

2010 - 8055

2011 - 9745

2012 - 13541

2013 - 12961

2014 (25-11-2014 വരെ) - 12334

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി)

| വർഷം | പിടികൂടിയ സ്പിരിറ്റ് (ലിറ്റർ) | കേസുകളുടെ എണ്ണം |
|---|---|---|
| 2010 | 124518 | 112 |
| 2011 | 14334 | 52 |
| 2012 | 35105 | 72 |
| 2013 | 44667 | 46 |
| 2014 (25/11/2014 വരെ) | 20108 | 26 |

(സി) അറസ്റ്റ് ചെയ്യപ്പെട്ടവർ - 403
ശിക്ഷിക്കപ്പെട്ടവർ - 19

(ഡി) 514 പേരുടെ അറസ്റ്റ് രേഖപ്പെടുത്താനുണ്ട്, 2821 കേസുകളിൽ കോടതിയിൽ കുറ്റപത്രം നൽകാനുണ്ട്.

**നിർമ്മാണം പൂർത്തിയാക്കാത്ത തീരദേശ റോഡുകൾ**

123 (124) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും, നിർമ്മാണം പൂർത്തിയാക്കാത്ത ഏതെല്ലാം തീരദേശ റോഡുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും, നിർമ്മാണം പൂർത്തിയാക്കാത്ത തീരദേശ റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നടപടി സ്വീകരിക്കുന്നതാണ്.

**വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി**

124 (125) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയുടെ ടെണ്ടർ ഏറ്റവും ഒടുവിൽ വിളിച്ചത് ഏത് തീയതിയിലായിരുന്നു; എത്ര സ്ഥാപനങ്ങൾ പങ്കെടുത്തു; ക്വാളിഫൈ ചെയ്യപ്പെട്ടവർ ഏതൊക്കെ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന വി.ജി.എഫ്. സംബന്ധിച്ച് ടെണ്ടറിൽ വ്യക്തമാക്കിയിട്ടുണ്ടായിരുന്നുവോ ; കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വി.ജി.എഫ് സംബന്ധമായി അന്തിമ തീരുമാനം എടുത്തത് ഏത് തീയതിയിലാണ് ;

(സി) എണ്ണൂറ് കോടിയോളം രൂപ വി.ജി.എഫ്. ഇനത്തിൽ ലഭിക്കുന്ന രാജ്യത്തെ ആദ്യത്തെ തുറമുഖ പദ്ധതി എന്ന നില കൈവരിച്ച സാഹചര്യത്തിൽ കൂടുതൽ മത്സരം ടെണ്ടറിൽ ഉണ്ടാകുന്നതിന് വീണ്ടും ആഗോള ടെണ്ടർ വിളിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ഡി) സർക്കാർ-സ്വകാര്യ വിഹിതം സംബന്ധിച്ച് വിളിച്ച ടെണ്ടർ രേഖകളിൽ വ്യക്തതയുണ്ടായിരുന്നുവോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) ടെണ്ടർ ഏറ്റവും ഒടുവിൽ വിളിച്ചത് 2013 ഡിസംബർ മാസം 4-ാം തീയതിയാണ്. ടി ടെണ്ടറിൽ 5 പ്രമുഖ കമ്പനികൾ പങ്കെടുത്തു. ക്വാളിഫൈ ചെയ്യപ്പെട്ട 5 സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു:

- Gammon Infrastructure Projects Limited
- Consortium of Concast Infratech Ltd. & Hyundai Engineering & Construction Co. Ltd.
- Essar Ports Ltd.
- SREI - OHL Consortium
- Adani Ports & Special Economic Zone Ltd.

(ബി) കേന്ദ്ര ഗവൺമെന്റ് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെയും മോഡൽ കൺസഷൻ എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിലാണ് റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) ടെണ്ടറുകൾ വിളിച്ചിട്ടുള്ളത്. 2014 ഏപ്രിൽ മാസത്തിൽ കേന്ദ്ര സർക്കാരിന് നൽകിയ കൺസഷൻ എഗ്രിമെന്റ് ഉൾപ്പെടെയുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് അപേക്ഷയിന്മേൽ 2014 ഒക്ടോബർ 29-ാം തീയതി കൂടി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ എംപവേർഡ് കമ്മിറ്റി (EC) തത്വത്തിൽ അംഗീകാരം നൽകി.

(സി & ഡി) കേന്ദ്ര ഗവൺമെന്റ് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെയും മോഡൽ കൺസഷൻ എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിലാണ് ഇപ്പോഴത്തെ ആഗോള ടെണ്ടർ വിളിച്ചിട്ടുള്ളത്.

ആയതിനാൽ വീണ്ടും ആഗോള ടെണ്ടർ വിളിക്കേണ്ടതിന്റെ ആവശ്യകതയില്ല. ഈ മാനദണ്ഡങ്ങളിൽ സർക്കാർ - സ്വകാര്യ വിഹിതം സംബന്ധിച്ച് വ്യക്തതയുണ്ട്.

**കണ്ണൂർ വിമാനത്താവള നിർമ്മാണം**

125 (126) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെൻഡർ ക്ഷണിച്ചതെന്നാണ് ;

(ബി) സാങ്കേതിക ബിഡ്ഡിൽ എത്ര സ്ഥാപനങ്ങളാണ് യോഗ്യത നേടിയത് ; അവ ഏതെല്ലാം ;

(സി) സാങ്കേതിക ബിഡ്ഡിൽ യോഗ്യത നേടിയ കമ്പനികളുടെ ഫിനാൻഷ്യൽ ബിഡ് തുറന്നതെന്നാണ് ;

(ഡി) ഫിനാൻഷ്യൽ ബിഡ്ഡ് അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചത് ഏതു സ്ഥാപനത്തെയാണ് ;

(ഇ) എത്ര കോടി രൂപയുടെ ഏതെല്ലാം പ്രവൃത്തികളാണ് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനത്തിലെ ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ജി) തയ്യാറാക്കിയിട്ടുള്ള വർക്ക് ഷെഡ്യൂൾ അനുസരിച്ച് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഓരോന്നും എപ്പോൾ പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന്റെ EPC-1 ഘട്ടത്തിലുൾപ്പെടുന്ന റൺവേ നിർമ്മാണം, അനുബന്ധപ്രവൃത്തികൾ, റോഡുനിർമ്മാണം, ചുറ്റുമതിൽ മുതലായവയുടെ നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനായി യോഗ്യതയുള്ളവരുടെ അഭ്യർത്ഥനക്കായി ആർ.എഫ്.ക്യൂ. 2013 ജനുവരി 22-നും ടെർമിനൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് യോഗ്യരായവരുടെ RFQ-വിനായി 2014 ഫെബ്രുവരി 5 -നുമാണ് യഥാക്രമം ക്ഷണം പ്രസിദ്ധീകരിച്ചത്.

(ബി) റൺവേയുടെയും അനുബന്ധ പ്രവൃത്തികളുടെയും സാങ്കേതിക ബിഡ്ഡിൽ (ഇ.പി.സി.)-1 8 കമ്പനികൾ യോഗ്യത നേടി. അവ താഴെ പറയുന്നവയാണ്:

1. OGSE “SIBMOST” - GAYATRI
2. GMR – LIMAK
3. ITD CEMENTATION INDIA LIMITED
4. TAV ESSAR
5. EKO – UNITY
6. LARSEN & TOUBRO LTD
7. ISOLUX INGENIERIA S.A.
8. SANJOSE – GAMMON

റൺവേയുടെയും അനുബന്ധ പ്രവർത്തികളുടെയും ഫിനാൻഷ്യൽ ബിഡ് 5 നവംബർ 2013-ന് തുറന്നു.

ടെർമിനൽ നിർമ്മാണത്തിനുള്ള സാങ്കേതിക ബിഡ്ഡിൽ 3 കമ്പനികൾ യോഗ്യത നേടി.

1. LARSEN & TOUBRO LTD
2. ITD CEMENTATION INDIA LIMITED
3. SHAPORJI PALLONJI & CO. LIMITED

ടെർമിനൽ ബിൽഡിംഗിന്റെ ഫിനാൻഷ്യൽ ബിഡ് 21 ജൂൺ 2014-ന് തുറന്നു.

(സി) റൺവേയുടെയും അനുബന്ധ പ്രവൃത്തികളുടെയും ഫിനാൻഷ്യൽ ബിഡ് 5 നവംബർ 2013 തീയതിക്ക് തുറക്കുകയും പ്രവൃത്തി 694 കോടി രൂപയ്ക്ക് L & T (infra) ഡിവിഷനെ ഏൽപ്പിക്കുകയും ടെർമിനൽ നിർമ്മാണത്തിന്റെ ഫിനാൻഷ്യൽ ബിഡ് 21 ജൂൺ 2014 തീയതിക്ക് തുറക്കുകയും പ്രവൃത്തി 498,69,99,000 രൂപയ്ക്ക് എൽ.&ടി. (ബി&എഫ്) ഡിവിഷനെ ഏൽപ്പിക്കുകയും ചെയ്തു.

(ഡി) റൺവെയുടെ ഫിനാൻഷ്യൽ ബിഡ്ഡ് അംഗീകരിച്ച് എൽ & ടി (infra) കമ്പനിയെയും ടെർമിനൽ ബിൽഡിംഗിന്റെ ഫിനാൻഷ്യൽ ബിഡ് അംഗീകരിച്ച് എൽ. & ടി. (ബി & എഫ്) യെയും ഏൽപ്പിച്ചു.

(ഇ) ഒന്നാം ഘട്ടത്തിൽ 1192,69,99,000 രൂപയുടെ നിർമ്മാണ പ്രവൃത്തികളാണ് ഉൾപ്പെടുന്നത്. ഇതിൽ റൺവേ, ഏപ്രൺ, ടാക്സിട്രാക്ക്, പാരലൽ ടാക്സി (പാർട്ട്) അപ്രോച്ച് റോഡ്, ഇന്റേണൽ റോഡ്, ചുറ്റുമതിൽ, ഓപ്പറേഷണൽ വാൾ, സ്റ്റോം വാട്ടർ ഡ്രെയിൻ, കാർപാർക്ക്, റൺവെ ലൈറ്റിംഗ്, നാവിഗേഷണൽ ബിൽഡിംഗ്, അപ്രോച്ച് ലൈറ്റ്, ടെർമിനൽ ബിൽഡിംഗ്, കൺട്രോൾ ടവർ, ടെക്നിക്കൽ ബ്ലോക്ക് മുതലായവ ഉൾപ്പെടുന്നു.

(എഫ്) റൺവെയുടെയും അനുബന്ധ പ്രവൃത്തികളുടെയും ആകെ 35% പ്രവൃത്തിയും ടെർമിനൽ ബിൽഡിംഗിന്റെ പ്രവൃത്തിയിൽ മൊത്തം 15% പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ജി) റൺവെയുടെയും അനുബന്ധ പ്രവൃത്തികളുടെയും നിർമ്മാണത്തിന് 30 മാസമാണ് കാലാവധി. 2015 ഡിസംബറിൽ പരിശീലനപറക്കലും 2016 മേയ് മാസത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസ് ആരംഭിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ടെർമിനൽ ബിൽഡിംഗ് നിർമ്മാണം 22 മാസം കൊണ്ട് പൂർത്തീകരിക്കാനാണ് കരാർ വ്യവസ്ഥ. 2016 മേയ് മാസത്തിൽ ടെർമിനൽ ബിൽഡിംഗ് പ്രവൃത്തി പൂർത്തിയാവും.

**ബേപ്പൂർ തുറമുഖ വികസന പദ്ധതികൾ**

126 (127) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത തുറമുഖ വികസനത്തിനായി 2011 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ബേപ്പൂർ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസിനെ നിയമിച്ചു. അവർ തയ്യാറാക്കിയ Detailed Feasibility Report സർക്കാർ അംഗീകരിച്ചു. ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. ചാലിയം ഭാഗത്തുള്ള ഭൂമി പ്രതിരോധ വകുപ്പുമായി ബന്ധപ്പെട്ട കപ്പൽ രൂപകൽപ്പനാ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി മാറ്റിവെച്ചതിനാൽ തുറമുഖ വികസനത്തിനായി നിർദ്ദേശങ്ങൾ ലഭിച്ചില്ല. പഴയ വാർഫിനും ഫിഷിംഗ് ഹാർബറിനും ഇടയിൽ വാർഫ് നിർമ്മിക്കുന്നതിന് ലക്ഷദ്വീപ് ഭരണകൂടവുമായി

കരാർ ഒപ്പുവച്ചിട്ടുണ്ട്. പുതിയ വാർഫിന് പടിഞ്ഞാറ് വശം ഒരു വാർഫ് നിർമ്മിക്കുന്നത് സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്തുനിന്ന് കണ്ടെയ്നർ ചരക്ക് ഗതാഗതം ആരംഭിക്കുന്നതിന്റെ ഭാഗമായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കപ്പൽ ചാനലിന്റേയും ബേസിന്റേയും ആഴം 5 മീറ്റർ ആയി വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയും പുരോഗമിച്ചുവരുന്നു.

(ബി) ബേപ്പൂർ തുറമുഖ വികസനത്തിനായി 2011 ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ 10,23,45,690 രൂപ ചെലവഴിച്ചു.

## സ്വതന്ത്ര വ്യാപാര മേഖലകൾ കേരളത്തിൽ സ്ഥാപിക്കാൻ തുറമുഖ ട്രസ്റ്റിന്റെ നീക്കം

127 (128) <u>ഡോ. ടി. എം. തോമസ് ഐസക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരുവ കൂടാതെ ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യാനും കയറ്റുമതി ചെയ്യാനും കഴിയുന്ന പ്രത്യേക സാമ്പത്തിക മേഖലകൾക്ക് സമാനമായ സ്വതന്ത്ര വ്യാപാര മേഖലകൾ കേരളത്തിൽ സ്ഥാപിക്കാൻ തുറമുഖ ട്രസ്റ്റിന് നീക്കമുള്ളതായി അറിയാമോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായി താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ ; താത്പര്യം പ്രകടിപ്പിച്ച കമ്പനികൾ ഏതൊക്കെയാണ് ;

(സി) മതിയായ നികുതി നിയന്ത്രണവുമില്ലാത്ത കേരളത്തിൽ വിദേശ വ്യാപാരം വഴി സമ്പദ്ഘടനയിൽ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഇന്ത്യയ്ക്ക് സൗത്ത് ഏഷ്യൻ രാജ്യങ്ങളുമായുള്ള വ്യാപാരത്തിനായി ഒരു വിതരണ ശൃംഖല (Supply Chain Node) ആയി കൊച്ചിയിലെ International Container Transshipment Terminal-നെ മാറ്റുന്നതിലേയ്ക്കായി Willington Island-ൽ ഒരു സ്വതന്ത്ര വ്യാപാര വെയർ ഹൗസിംഗ് മേഖല (Free Trade Warehousing Zone) (FTWZ) സ്ഥാപിക്കുവാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റ് തീരുമാനിക്കുകയും പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര വാണിജ്യ മന്ത്രാലയം അംഗീകാരം നൽകിയിട്ടുമുണ്ട്. ടെണ്ടർ പ്രക്രിയയിലൂടെ കോ-ഡെവലപ്പറെ തെരഞ്ഞെടുക്കുവാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റ് തീരുമാനിക്കുകയുണ്ടായി. ഇതിലേയ്ക്കായി ടെണ്ടർ

ലഭിക്കേണ്ട അവസാന തീയതി 20-11-2014 ആയി ക്ഷണിച്ചുവെങ്കിലും അംഗീകൃത ബിഡുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. നിലവിലുള്ള ആവശ്യത്തിനനുസൃതമായി പലതരത്തിലുള്ള warehousing സൗകര്യങ്ങളും അന്താരാഷ്ട്ര വ്യാപാരത്തിനുള്ള warehousing സൗകര്യങ്ങളും കോ-ഡെവലപ്പർ ലഭ്യമാക്കേണ്ടതാണ്.

(സി) ബാധകമല്ല.

## കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിലെ തീരദേശ റോഡുകൾ

128 (129) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ 2014-ൽ എത്ര തീരദേശ റോഡുകൾക്കുള്ള എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഉണ്ടെങ്കിൽ അവയുടെ പേരുവിവരം വെളിപ്പെടുത്തുമോ ; ഇതിൽ എത്ര എണ്ണത്തിന് ഭരണാനുമതി ലഭിച്ചു ; തുകയെത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഭരണാനുമതി ലഭിക്കാത്ത റോഡുകൾക്ക് എത്രയും പെട്ടെന്ന് അനുമതി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) 2013-14 ലിസ്റ്റ് നമ്പർ 3-ൽ ഉൾപ്പെട്ട പാവിൽ ചീർപ്പ് പറപ്പാറ ട്രാൻസ്ഫോർമർ റോഡ് - 21.50 ലക്ഷം രൂപ, പുറക്കാട്ടിരി മുക്കംകടവ് റോഡ് - 35 ലക്ഷം രൂപ എന്നിവയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ആലപ്പുഴ ജില്ലയിൽ റോഡുകൾക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഫണ്ട്

129 (130) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-2014 വർഷത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആലപ്പുഴ ജില്ലയിൽ ഏതൊക്കെ റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും ഓരോ റോഡിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) തുക അനുവദിച്ച റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായോ എന്നും നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ എന്നും നിർമ്മാണം ആരംഭിച്ചവയിൽ പൂർത്തിയായവ ഏതെന്നും വ്യക്തമാക്കാമോ ?

## ഉത്തരം

(എ & ബി) 2013-14 വർഷത്തിൽ ആലപ്പുഴ ജില്ലയിൽ ഭരണാനുമതി നൽകിയ റോഡുകളുടെ വിവരവും പൂർത്തീകരണ വിവരവും അനുബന്ധമായി ചേർത്തിട്ടുണ്ട്. *

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

130 (131) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 3 വർഷം മണലൂർ നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഏതെല്ലാം റോഡുകൾ പുനർ നിർമ്മിക്കുന്നതിനാണ് അംഗീകാരം നൽകിയതെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിന് എത്ര തുക വീതം ചെലവഴിച്ചുവെന്നും ഇവയുടെ നിർവ്വഹണം ഇപ്പോൾ ഏതു ഘട്ടങ്ങളിലാണെന്നും വിശദമാക്കുമോ ;

(സി) ഫിഷറീസ് - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ മുഖേന കഴിഞ്ഞ 3 വർഷങ്ങളിലായി മണലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ നിർവ്വഹണം ഏതു ഘട്ടത്തിലാണെന്നും വിശദമാക്കുമോ ?

## ഉത്തരം

(എ - സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

കഴിഞ്ഞ 3 വർഷമായി മണലൂർ നിയോജകമണ്ഡലത്തിലെ 10 തീരദേശ റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇവയിൽ 3 പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന 7 പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇത് സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഫിഷറീസ് വകുപ്പ്

കഴിഞ്ഞ 3 വർഷങ്ങളിലായി മണലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിഴിഞ്ഞം തുറമുഖ പദ്ധതി

131 (132) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്മെന്റ്ഷിപ്പ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ റെയിൽ, റോഡ് പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും ;

(സി) വിഴിഞ്ഞം പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു:

(1) പാരിസ്ഥിതികാനുമതി

ഏതാണ്ട് രണ്ടു വർഷത്തോളം നീണ്ടു നിന്ന വിശദമായ പാരിസ്ഥിതികാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി മൂന്നിന് പാരിസ്ഥിതികാനുമതി ലഭ്യമാക്കി.

(2) മാസ്റ്റർ പ്ലാൻ

ഇടത്തരം കപ്പൽ (9000) ടി.ഇ.യു. അടുപ്പിക്കുന്നതിനുള്ള പഴയ മാസ്റ്റർ പ്ലാൻ 18,000 ടി.ഇ.യു. അടുപ്പിക്കുവാനുതകുന്ന തരത്തിൽ പരിഷ്കരിക്കുകയും 2013 മേയ് മാസം മാസ്റ്റർ പ്ലാനും ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടും പൂർത്തീകരിക്കുകയുണ്ടായി.

(3) പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ടെൻഡർ

പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതി ലഭ്യമായതിനെ തുടർന്ന് തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനും വേണ്ടിയുള്ള പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെണ്ടർ 2013 ഡിസംബർ മാസത്തിൽ പുറപ്പെടുവിച്ചു. Viability Gap Funding മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ഈ ടെണ്ടർ സമർപ്പിക്കുവാനുള്ള അവസാന തീയതി 2014 ഡിസംബർ 30 ആണ്.

(4) വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്

പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (VGF) ലഭ്യമാക്കുന്നതിനുവേണ്ടി പദ്ധതി ലാൻഡ് ലോർഡ് മോഡലിൽ

നിലനിർത്തിക്കൊണ്ട് തന്നെ പദ്ധതി ഘടന പുനർ നിർണ്ണയിച്ചു. 2014 ഏപ്രിൽ മാസത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (VGF) ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് സമർപ്പിച്ചു. 2014 ഒക്ടോബർ 29-ന് കൂടിയ കേന്ദ്ര ധനമന്ത്രാലയത്തിന്റെ ഉന്നതാധികാര സമിതി വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് അനുമതിക്ക് തത്വത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്. അന്തിമ അനുമതി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(5) <u>ധനസമാഹരണം</u>

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ധനസമാഹരണത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ലീഡറായിട്ടുള്ള ബാങ്ക് കൺസോർഷ്യവും I.I.F.C (India Infrastructure Finance Company Ltd.), HUDCO എന്നീ ധനകാര്യ സ്ഥാപനങ്ങളും സാമ്പത്തിക സഹായം നൽകുവാൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയ്ക്കായി 810 കോടി രൂപ സമാഹരിക്കേണ്ടതു ബോണ്ടുകളായാണ്. ഇതിനുവേണ്ടിയുള്ള റേറ്റിംഗ് പൂർത്തിയായികഴിഞ്ഞു. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മുഖാന്തിരം ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനസമാഹരണ മാർഗ്ഗങ്ങൾ പുനഃക്രമീകരിക്കേണ്ടതുണ്ട്.

(6) <u>അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ</u>

റെയിൽവേ ഒഴികെ പദ്ധതിക്ക് ആവശ്യമുള്ള ഭൂമിയുടെ 90 ശതമാനം ഏറ്റെടുത്തുകഴിഞ്ഞു. ഇതിൻപ്രകാരം പദ്ധതിക്കായി ഇതുവരെ ആകെ 206.64 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ജലം (3.3 MLD) എത്തിക്കുന്നതിനുള്ള നിർമ്മാണം 2013 ഏപ്രിൽ മാസത്തിൽ പൂർത്തീകരിച്ചു. വൈദ്യുതി ലൈനിന്റെ നിർമ്മാണം നടന്നുവരുന്നു. റെയിൽ പാതയുടെ Detailed Project Report ഉടൻ പൂർത്തീകരിക്കുന്നതാണ്.

(ബി) റോഡ് നിർമ്മാണം പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി കരാർ ഏറ്റെടുക്കുന്ന നിർമ്മാണ/നടത്തിപ്പ് പങ്കാളി ചെയ്യേണ്ടതാണ്.

റെയിൽ നിർമ്മാണം പദ്ധതിയുടെ കരാർ ഉറപ്പിക്കുന്ന തീയതി മുതൽ ആറു വർഷത്തിനുള്ളിൽ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (VISL), റെയിൽ വികാസ് നിഗം ലിമിറ്റഡ് (RVNL) മുഖാന്തിരം നിർമ്മിച്ച് കൈമാറുന്നതാണ്.

(സി) നിർമ്മാണ/നടത്തിപ്പ് കരാർ ഉറപ്പിക്കുന്നതു മുതൽ നാലു കൊല്ലത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. അതായത് 2019 അവസാനത്തോടെ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് കരുതുന്നു.

## കോഴിക്കോട് വെള്ളയിൽ മിനി ഫിഷിംഗ് ഹാർബർ

132 (133) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളയിൽ മിനി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ഈ ഹാർബറിന്റെ പ്രവൃത്തി പൂർത്തീകരിച്ച് എന്നു മുതൽ പ്രവർത്തനം ആരംഭിക്കണമെന്നാണ് തീരുമാനിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വെള്ളയിൽ ഫിഷറീസ് ഹാർബറിലെ വടക്കേ പുലിമുട്ട് 530 മീറ്ററിൽ 270 മീറ്ററും തെക്കേ പുലിമുട്ട് 750 മീറ്ററിൽ 509 മീറ്ററും പൂർത്തിയായി. വാർഫിന്റെ നിർമ്മാണം 20%-ഉം, ലേലപ്പുര 5%-ഉം പൂർത്തീകരിച്ചു. കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ, ഡ്രെഡ്ജിംഗും റിക്ലമേഷനും എന്നീ പ്രവൃത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ശേഷിക്കുന്ന ഘടകങ്ങൾ ഏർപ്പാടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഭരണാനുമതി പ്രകാരം ടി പദ്ധതിയുടെ പൂർത്തീകരണ കാലാവധി 4 വർഷമാണ്. അതായത് 2017 ജനുവരി വരെ. ടി കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

## അന്ധകാരനഴി വടക്കേപ്പാലം നിർമ്മാണം

133 (134) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധകാരനാഴി വടക്കേപ്പാലം നിർമ്മാണപ്രവർത്തനങ്ങൾ ഏതുഘട്ടം വരെയായി എന്നു വിശദമാക്കുമോ ; ഇതിന്റെ നിർമ്മാണം നിലച്ചിട്ട് എത്ര നാളായി എന്നും എന്തു കാരണത്താലാണ് ഇതിന്റെ നിർമ്മാണം നിലച്ചതെന്നും വ്യക്തമാക്കുമോ;

(ബി) അന്ധകാരനാഴി വടക്കേപ്പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ; ഇതിനായി എന്ത് തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) അന്ധകാരനാഴി വടക്കേപാലത്തിന്റെ നിർമ്മാണത്തിലെ തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; ഇതിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## ഉത്തരം

(എ) 3 സ്പാനുകളുള്ള അന്ധകാരനഴി വടക്കേപ്പാലത്തിന്റെ പൈൽ ഫൗണ്ടേഷനുകളുടെയും പടിഞ്ഞാറ് വശത്തുള്ള സ്പാനിന്റേയും പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കിഴക്കേ സ്പാനിന്റെ ബീമിന്റെ കമ്പി പണി പൂർത്തീകരിക്കുകയും ഡെക്ക് സ്ലാബിന്റെ ഷട്ടറിംഗ് പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.

ടി പ്രവൃത്തി 18-12-2009-ൽ കരാറിലേർപ്പെട്ട് ആരംഭിച്ചുവെങ്കിലും പ്രവൃത്തിയിൽ പുരോഗതി ഇല്ലാതിരുന്നതിനാൽ 17-10-2011-ൽ കരാർ റദ്ദ് ചെയ്യുകയും പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കുകയും ചെയ്തു. 1-7-2014-ൽ പടിഞ്ഞാറു വശത്തെ സ്പാനിന്റെ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം പൊഴി മുറിഞ്ഞു കിടന്നതിനാലുള്ള വെള്ളത്തിന്റെ തള്ളൽമൂലം കിഴക്കേ ബണ്ട് തകർന്നതിനാലും സൈറ്റിലുണ്ടായ തൊഴിൽ പ്രശ്നം മൂലവും ഈ സാമ്പത്തിക വർഷം പ്രവൃത്തിയ്ക്കായി ബഡ്ജറ്റിൽ തുക വകകൊള്ളിക്കാത്തതിനാൽ പാർട്ട് ബില്ലിന് പേയ്മെന്റ് നൽകുവാനുള്ള കാലതാമസംമൂലം കരാറുകാരനുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുമൂലവും 3 മാസത്തോളം പ്രവൃത്തി നിർത്തിവയ്ക്കേണ്ടതായി വന്നു.

(ബി) പുനർ ഏർപ്പാടാക്കിയ കരാർ ഉടമ്പടി പ്രകാരം 1-9-2013-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തിയുടെ ഭരണാനുമതി തുക 635 ലക്ഷം രൂപയാണ്. ഈ സാമ്പത്തിക വർഷം പ്രവൃത്തിക്കായി തുക വകയിരുത്തിയിട്ടില്ല. എസ്.ഡി.ജി.യിൽ കുടിശ്ശിക ബില്ലിനുള്ള തുക ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പാലം പണിയുന്നതിന് നിലവിൽ തടസ്സം ഒന്നുമില്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

### കൊയിലാണ്ടിയിൽ നടപ്പാക്കുന്ന വികസന പദ്ധതികൾ

134 (135) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം ; ചെലവഴിച്ച തുക എത്ര; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ തീരദേശ റോഡുകൾക്കായുള്ള

പുനരുദ്ധാരണ പദ്ധതി പ്രകാരം കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഏതെല്ലാം റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്; ഓരോ റോഡിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന വർഷം തിരിച്ച് വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ ഭരണകാലത്ത് കൊയിലാണ്ടി ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം ; എത്ര തുക ഭരണാനുമതി നൽകി ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിവരുന്നു എന്നത് വിശദമാക്കുമോ ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) നബാർഡ് സ്കീമുകളിൽ കൊയിലാണ്ടിയിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാം ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിന്റെ ഭാഗമായ 1515 മീറ്റർ നീളമുള്ള പ്രധാന പുലിമുട്ടിന്റെ അവസാനത്തെ 133 മീറ്റർ നിർമ്മാണവും, വാർഫ്, ലേലപ്പുര റിക്ലമേഷൻ ബണ്ട് എന്നിവയുടെ നിർമ്മാണവും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ കിണർ, വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. 6399 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി 20-6-2014-ൽ നൽകിയിട്ടുണ്ട്. തുടർന്ന് ബാക്കി പൂർത്തിയാക്കുവാനുള്ള പ്രവൃത്തികൾക്കായി സാങ്കേതികാനുമതി നൽകുകയും 29-11-2014 opening date ആയി pre-qualification Tender ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 4857.52 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1578.49 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊയിലാണ്ടി നഗരസഭയിൽ പയ്യോളി മുതൽ ഇരിങ്ങൽ വരെയുള്ള റോഡ് പുനരുദ്ധാരണത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 2011-12-ൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഒരു റോഡിനും, 2012-13-ൽ 8 റോഡുകൾക്കും, 2013 -14-ൽ 12 റോഡുകൾക്കും, 2014-15-ൽ 2 റോഡിനും ഭരണാനുമതി നൽകി. വിശദവിവരം അനുബന്ധം ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി കൊയിലാണ്ടി ഫിഷറീസ് സ്കൂളിന്റെ പുനരുദ്ധാരണത്തിനായി 135 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള സ്കൂൾ കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, സ്കൂളിനാവശ്യമായ ഫർണിച്ചറുകൾ, അടുക്കള ഉപകരണങ്ങൾ, കായിക ഉപകരണങ്ങൾ, ലാബ് ഉപകരണങ്ങൾ, ഹൈമാസ്റ്റ് ലൈറ്റ് എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൊയിലാണ്ടി RFTHS-ന്റെ സുരക്ഷാ അപര്യാപ്തത പരിഹരിക്കുന്നതിനായി കോമ്പൗണ്ട് വാളിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനും പുതിയ ഗേറ്റ് സ്ഥാപിക്കുന്നതിനും വേണ്ടി 5.70 ലക്ഷം രൂപയുടെ ഭരണാനുമതി 22-10-2011-ന് ഫിഷറീസ് ഡയറക്ടർ നൽകിയിട്ടുണ്ട്. തുടർന്ന് ടെണ്ടർ ചെയ്തപ്പോൾ 23.5% അധിക നിരക്കിൽനിന്നും 19% അധിക നിരക്കിലേക്ക് കുറയ്ക്കുവാൻ ദർഘാസുകാരൻ തയ്യാറായി. വീണ്ടുമുള്ള കൂടിയാലോചനയിൽ 15% അധിക നിരക്കിലേയ്ക്ക് കുറയ്ക്കുവാൻ ദർഘാസുകാരൻ തയ്യാറാകാത്ത സാഹചര്യത്തിൽ ടെണ്ടർ റദ്ദ് ചെയ്യുകയുണ്ടായി. SoR പരിഷ്കരിച്ചതു പ്രകാരം 8.25 ലക്ഷം രൂപയുടെ പരിഷ്കരിച്ച ഭരണാനുമതി 15-7-2013-ന് നൽകി 3 പ്രാവശ്യം ടെണ്ടർ ക്ഷണിക്കുകയും ഉണ്ടായി. നീതികരിക്കത്തക്ക ടെണ്ടറുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

1. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ കുടിവെള്ള വിതരണം - 120.00 ലക്ഷം രൂപ
   വ്യക്തിഗത ടോയ്‌ലറ്റ് (144 എണ്ണം) - 28.80 ലക്ഷം രൂപ
   വൈദ്യുതീകരണം - 24.26 ലക്ഷം രൂപ
   ഹൈമാസ്റ്റ് ലൈറ്റ് (4 എണ്ണം) - 24.00 ലക്ഷം രൂപ
2. 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 135.00 ലക്ഷം രൂപയുടെ കൊയിലാണ്ടി ഫിഷറീസ് സ്കൂൾ പുനരുദ്ധാരണം.
3. തീരദേശ സാമൂഹ്യ അടിസ്ഥാന വികസന പദ്ധതിയിലുൾപ്പെടുത്തി 20.52 ലക്ഷം രൂപയുടെ കൊയിലാണ്ടി പ്രൈമറി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിട നിർമ്മാണം.
4. സമഗ്ര തീരദേശ വികസന പദ്ധതിയിലുൾപ്പെടുത്തി 86.00 ലക്ഷം രൂപയുടെ പയ്യോളി കുടിവെള്ള പദ്ധതി, 37.00 ലക്ഷം രൂപയുടെ ചേമഞ്ചേരി കുടിവെള്ള പദ്ധതി.

5. ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം പദ്ധതിയിലുൾപ്പെടുത്തി 115.63 ലക്ഷം രൂപയുടെ പയ്യോളി മത്സ്യമാർക്കറ്റ് നിർമ്മാണം.

6. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ:

പയ്യോളി പ്രൈമറി ഹെൽത്ത് സെന്ററിന് ഐ.പി. ബ്ലോക്ക് നിർമ്മാണം - 1.23 കോടി രൂപ

പയ്യോളി ടെക്നിക്കൽ സ്കൂളിന് ഗ്രൗണ്ട് നിർമ്മാണം - 17.00 ലക്ഷം രൂപ

പയ്യോളി - ഇരിങ്ങൽ റോഡ് നിർമ്മാണം - 5.00 കോടി രൂപ

ഹൈമാസ്റ്റ് ലൈറ്റ് - ഇരിങ്ങൽ (3 എണ്ണം) - 21.00 ലക്ഷം രൂപ

(ഇ) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി കൊയിലാണ്ടിയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

പയ്യോളി പ്രൈമറി ഹെൽത്ത് സെന്ററിന് ഐ.പി. ബ്ലോക്ക് നിർമ്മാണം- 1.23 കോടി രൂപ

പയ്യോളി ടെക്നിക്കൽ സ്കൂളിന് ഗ്രൗണ്ട് നിർമ്മാണം - 17.00 ലക്ഷം രൂപ

പയ്യോളി - ഇരിങ്ങൽ റോഡ് നിർമ്മാണം - 5.00 കോടി രൂപ

ഹൈമാസ്റ്റ്ലൈറ്റ് ഇരിങ്ങൽ (3 എണ്ണം) - 21.00 ലക്ഷം രൂപ

RIDF 15-ൽ ഉൾപ്പെട്ട 929 ലക്ഷം രൂപ ഭരണാനുമതിയുള്ള കാപ്പാട് - കൊയിലാണ്ടി റോഡിന്റെ നിർമ്മാണം നടന്നുവരുന്നു.

**ടി.എം. ചിറ പാലത്തിന്റെ പുനർനിർമ്മാണം**

135 (136) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ബാധിത പ്രദേശമായ ടി.എം.ചിറയേയും, കരയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കോൺക്രീറ്റ് പാലം തകർന്നതോടെ പ്രദേശത്തെ മത്സ്യ തൊഴിലാളികൾ അടക്കമുള്ള ജനങ്ങൾ ദുരിതത്തിൽ ആഴ്ന്നിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടി.എം. ചിറ പാലത്തിന്റെ പുനർനിർമ്മാണ പ്രക്രിയയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി.എം. ചിറ ആയിരംതെങ്ങ് പാലത്തിന്റെ നിർമ്മാണത്തിനായി നബാർഡ് XIX-ൽ ഉൾപ്പെടുത്തി 260 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി നടപ്പിലാക്കുവാൻ കണ്ടൽക്കാട് ഒഴിവാക്കി അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭ്യമാക്കാത്തതിനാൽ ടി പ്രവൃത്തി ഇതുവരെയും ആരംഭിച്ചിട്ടില്ല.

**മത്സ്യഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

136 (137) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളതീരത്ത് മത്സ്യസമ്പത്ത് കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യസമ്പത്തിലുണ്ടാകുന്ന കുറവ് സംബന്ധിച്ച് പഠിക്കാൻ വിദഗ്ദ്ധ സംഘത്തെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കാനുള്ള എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ ; പ്രസ്തുത പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) കടലിലെ പാര് മത്സ്യങ്ങളുടെ വംശ വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് കൃത്രിമ പാര് പദ്ധതി നടപ്പിലാക്കിവരുന്നു. സാമൂഹ്യ മത്സ്യകൃഷി, സീറാഞ്ചിംഗ് പദ്ധതി പ്രകാരം മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഉൾനാടൻ ജലാശയങ്ങളിലും കായലുകളിലും മത്സ്യക്കുഞ്ഞുങ്ങളെയും ചെമ്മീൻ വിത്തുകളെയും നിക്ഷേപിക്കുന്നുണ്ട്. ഇതോടൊപ്പം മത്സ്യസമ്പത്ത് സംരക്ഷിക്കുവാൻ ബോധവത്ക്കരണ പരിപാടികളും നടത്താറുണ്ട്. സമുദ്ര മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിന് മത്സ്യങ്ങളുടെ പ്രജനനകാലത്ത് (ജൂൺ - ജൂലൈ മാസങ്ങളിൽ) വർഷംതോറും 47 ദിവസത്തെ ട്രോളിംഗ് നിരോധനം നടപ്പാക്കിവരുന്നു. അനധികൃത മത്സ്യബന്ധന രീതികളിലൂടെയുള്ള മത്സ്യബന്ധനം തടയുന്നതിനും അതിലൂടെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും കടൽ പട്രോളിംഗ് നടത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നു. അമിതമായ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് KMFR Act 1980 പ്രകാരം അർഹമായ മത്സ്യബന്ധന യാനങ്ങൾക്ക് മാത്രം ഫിഷറീസ് വകുപ്പിൽനിന്ന് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ നൽകിവരുന്നു.

## മാറാട് മത്സ്യഗ്രാമം പദ്ധതി

137 (138) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് മത്സ്യഗ്രാമം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽ പദ്ധതി പ്രകാരം ഏറ്റെടുക്കാൻ തീരുമാനിച്ച വികസന പ്രവൃത്തികൾ ഏതെല്ലാമാണെന്നും, ഓരോന്നിനും നിർദ്ദേശിച്ച തുക എത്രയാണെന്നും വിശദീകരിക്കാമോ ;

(സി) ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കാനാവുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലുൾപ്പെടുത്തി മാറാട് മത്സ്യഗ്രാമത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന 70.00 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റിയിൽനിന്നും സാങ്കേതികാനുമതി ലഭിക്കുകയും പദ്ധതി നിർവ്വഹണ ത്തിനായി ഫണ്ട് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുകയും ചെയ്തു. പദ്ധതി ആരംഭഘട്ടത്തിലാണ്. 7.00 ലക്ഷം രൂപയുടെ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കു ന്നതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. പദ്ധതി പുരോഗമിക്കുന്നു. മാറാട്, ബേപ്പൂർ മത്സ്യഗ്രാമങ്ങളിലായി കേരള ഇലക്ട്രിസിറ്റി ബോർഡ് മുഖേന നടപ്പിലാക്കുന്ന 25.90 ലക്ഷം രൂപയുടെ വൈദ്യുതീകരണം പദ്ധതി പുരോഗമിക്കുന്നു. മാറാട് മത്സ്യഗ്രാമം പദ്ധതിയിൽ കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് മുഖേന 59 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് 2.5 ലക്ഷം രൂപ വീതം വീട് നിർമ്മാണധനസഹായം അനുവദിക്കുകയും 57 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുകയും 2 ഗുണഭോക്താക്കൾ വീട് നിർമ്മാണത്തിന്റെ അവസാനഘട്ടം (കോൺക്രീറ്റ് റൂഫ് ഘട്ടം) പൂർത്തീകരണത്തിലുമാകുന്നു. ഈ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ആകെ 145.5 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലുൾപ്പെടുത്തി മാറാട് മത്സ്യഗ്രാമത്തിൽ 70.00 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി, 7.00 ലക്ഷം രൂപയുടെ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നിവയും മാറാട്, ബേപ്പൂർ മത്സ്യഗ്രാമങ്ങളിലായി 26 ലക്ഷം രൂപയുടെ വൈദ്യുതീകരണം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(സി) കുടിവെള്ള പദ്ധതി, വൈദ്യുതീകരണം എന്നിവ 6 മാസത്തിനകം പൂർത്തിയാകും. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത് 3 മാസത്തിനകം പൂർത്തിയാകുന്നതാണ്.

## മാരിടൈം ബോർഡ്

138 (139) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരിടൈം ബോർഡ് സ്ഥാപിക്കാൻ എന്തെല്ലാം ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) മത്സ്യമേഖല വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) തുറമുഖ വകുപ്പ്, കേരള സംസ്ഥാന മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന മാരിടൈം സൊസൈറ്റി എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണം, പ്രവർത്തനം, പരിപാലനം, പരിരക്ഷ തുടങ്ങിയ സംസ്ഥാന സർക്കാരിൽ ഇന്ത്യൻ തുറമുഖ ചട്ടങ്ങൾമൂലം നിക്ഷിപ്തമായ കർത്തവ്യങ്ങൾ, കപ്പൽ മന്ത്രാലയത്തിന്റേയും കപ്പൽ ഗതാഗത വകുപ്പിന്റേയും മറ്റും നിയമങ്ങൾ നടപ്പിലാക്കൽ, വിവിധ തരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റുകളും നൽകൽ, വാണിജ്യവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കൽ എന്നിവ വിവിധ വകുപ്പുകളേയും സ്ഥാപനങ്ങളേയും ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കൽ എന്നിവയാണ് മാരിടൈം ബോർഡ് കൊണ്ടുദ്ദേശിക്കുന്നത്. ബോർഡിന് സർക്കാർ വകുപ്പുകളേക്കാൾ കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതും അതിനാൽ കൂടുതൽ വേഗതയിൽ തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയുന്നതുമാണ്. കൂടാതെ കേന്ദ്ര ഫണ്ടുകളും ഗ്രാന്റുകളും സമയാസമയം ലഭ്യമാക്കി തുറമുഖ വികസനം ത്വരിതപ്പെടുത്തുന്നതിനും ഇത് സഹായകമാകും.

ഉപരിതല ജലഗതാഗത മേഖലയിലെ വിവിധ വകുപ്പുകളുടെ ഏകോപനമില്ലാത്തതിനാൽ പല പദ്ധതികളും പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നുണ്ട്. മാരിടൈം ബോർഡ് നിലവിൽ വന്നാൽ ഈ മേഖലയിലെ എല്ലാ പദ്ധതികളുടേയും മേൽനോട്ടം ബോർഡിനായിരിക്കും. സംസ്ഥാനത്തെ തീരദേശ സുരക്ഷയും ഗൗരവമേറിയ കാര്യമാണ്. തുറമുഖങ്ങളിലെ പ്രവർത്തനങ്ങളും തീരദേശ സുരക്ഷയും ഏകോപിപ്പിച്ച് നടപ്പിലാക്കാൻ സംസ്ഥാന മാരിടൈം ബോർഡിന് സാധ്യമാകും. ഇതിനായി ഇന്ത്യൻ നേവി, തീരദേശ സംരക്ഷണ സേന തുടങ്ങിയവയുടെ പ്രാതിനിധ്യം മാരിടൈം ബോർഡിൽ ഉറപ്പാക്കിയിട്ടുണ്ട്.

(സി & ഡി) കേരള മാരിടൈം ബോർഡിന്റെ ആർട്ടിക്കിൾ 25 പ്രകാരം നോൺ മേജർ തുറമുഖങ്ങളിലെ ചാനലും ബേസിനും ഉപയോഗിക്കുന്ന എല്ലാ മത്സ്യബന്ധന ബോട്ടുകളും ബോർഡിന്റെ നിയന്ത്രണത്തിൽ ആയിരിക്കും. എന്നാൽ മത്സ്യമേഖലയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ബോർഡിന്റെ പരിധിയിൽ വരുന്നില്ല.

**രാമപുരം വയലപ്ര പരപ്പ് ചെമ്പല്ലിക്കുന്ന് റോഡ്**

139 (140) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-XIX സ്കീമിൽ ഉൾപ്പെടുത്തി മത്സ്യബന്ധന തുറമുഖ വകുപ്പിൽ നിന്നും 245 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ രാമപുരം-വയലപ്ര-പരപ്പ്-ചെമ്പല്ലിക്കുന്ന് റോഡിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാകും ; പ്രസ്തുത റോഡിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XIX സ്കീമിൽ ഉൾപ്പെടുത്തി മത്സ്യബന്ധന തുറമുഖ വകുപ്പിൽനിന്നും 245 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ രാമപുരം - വയലപ്ര – പരപ്പ് - ചെമ്പല്ലിക്കുന്ന് റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് 17-10-2014-ൽ ഉടമ്പടിയിലേർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഉടമ്പടി പ്രകാരം ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 9 മാസമാണ്. അതനുസരിച്ച് ടി പ്രവൃത്തി 7/2015-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**മത്സ്യത്തൊഴിലാളികൾക്ക് വീട്**

140 (141) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം എത്ര മൽസ്യ തൊഴിലാളികൾക്ക് വീട് വച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 2400 വീടുകൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയിൽ ഗുണഭോക്താക്കൾ നേരിട്ട് വീടുകൾ നിർമ്മിക്കുകയാണ് ചെയ്യുന്നത്. മാതൃകാ മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 4973 ഭവനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

ഇതുകൂടാതെ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2014-15 വർഷത്തിൽ ആകെ 1800 വീടുകൾ ജില്ലകളിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. 3 പദ്ധതികളിലും കൂടി ആകെ 9173 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായത്തിനായി ആകെ 17095 അപേക്ഷകളും 13-ാം ധനകാര്യ കമ്മീഷൻ ഭവന നിർമ്മാണ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 10298 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ അപേക്ഷ സമർപ്പിച്ചിട്ടും ആനുകൂല്യം ലഭിക്കാത്ത അർഹരായ അപേക്ഷകരിൽനിന്നുമാണ് സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

**സംയോജിത മത്സ്യഗ്രാമവികസന പദ്ധതി**

141 (142) <u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. എം. എ. വാഹീദ്</u> :
<u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത മൽസ്യഗ്രാമവികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എത്ര മൽസ്യഗ്രാമങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി മൽസ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ?

## ഉത്തരം

(എ) വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 57 മത്സ്യഗ്രാമങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ 2 കോടി രൂപ അടങ്കൽ തുകയിൽ പ്രധാനമായും കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞടുത്ത 57 മത്സ്യഗ്രാമങ്ങളിലാണ് സംയോജിത മത്സ്യഗ്രാമ വികസനപദ്ധതി നടപ്പിലാക്കുന്നത്.

(ഡി) 57 മത്സ്യഗ്രാമങ്ങളിലായി കുടിവെള്ള വിതരണം വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കുടിവെള്ള വിതരണം | - | 51.25 കോടി രൂപ |
| വൈദ്യുതീകരണം | - | 27.60 ,, |
| സാനിട്ടേഷൻ | - | 11.43 ,, |
| ലൈബ്രറി സഹായം | - | 8.99 ,, |
| ജീവനോപാധി സഹായം | - | 8.96 ,, |

## കടലുണ്ടി ഫിഷറീസ് ബോട്ട് ജെട്ടി നിർമ്മാണം

142 (143) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ കടലുണ്ടി ഫിഷറീസ് ബോട്ട്ജെട്ടി നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ നിലവിലത്തെ സ്ഥിതി എന്താണ് ;

(സി) പ്രോജക്ട് നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിലെ കാലതാമസം ഈ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-ഇ) ഉണ്ട്. കടലുണ്ടി ഫിഷറീസ് ബോട്ട് ജെട്ടി നിർമ്മാണത്തിനായി 40 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 10916/ബി2/13/മതുവ തീയതി 27-7-2013 കത്ത് പ്രകാരം NFDB-ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ടി പ്രൊപ്പോസൽ നടപ്പിലാകുന്നത് river mouth-ൽ ആയതിനാൽ NFDB പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല എന്ന് അറിയിക്കുകയുണ്ടായി. ബഹു. എം.എൽ.എ.യുടെ ആസ്തി വികസനഫണ്ടിൽ നിന്നും ബോട്ട് ജെട്ടി നിർമ്മാണത്തിനാവശ്യമായ 40 ലക്ഷം രൂപ വകയിരുത്തുവാൻ തയ്യാറാണ് എന്നറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ കാര്യം പരിശോധിക്കുന്നതാണ്.

## തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ

143 (144) <u>ശ്രീ. എ. പ്രദീപ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴി വിതരണം ചെയ്യുന്ന സിവിൽ സപ്ലൈസിന്റെ ഭക്ഷ്യധാന്യങ്ങൾക്ക് സബ്സിഡി തുക അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 2010-ന് ശേഷം ഓരോ വർഷവും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കുമോ ;

(സി) തുക അനുവദിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ) അനുവദിച്ചിരുന്നു.

(ബി & സി) തീരമൈത്രി സൂപ്പർ മാർക്കറ്റുകളിലൂടെ മാവേലി ഇനത്തിലുള്ള നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോ നൽകുന്ന സബ്സിഡി ഇനത്തിൽ വിതരണം ചെയ്യുന്നതിന് 2 കോടി രൂപ 2009 വർഷത്തിൽ അനുവദിച്ചിരുന്നു. 2010-ന് ശേഷം തുകയൊന്നും അനുവദിച്ചിരുന്നില്ല. എന്നാൽ സപ്ലൈകോ/ കൺസ്യൂമർ ഫെഡ് പ്രവർത്തിക്കുന്ന പ്രദേശങ്ങൾ ഒഴികെയുള്ള പ്രദേശങ്ങളിലെ തീരമൈത്രി സൂപ്പർ മാർക്കറ്റിലൂടെ മാവേലി ഇനത്തിൽപ്പെട്ട നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനായി 1 കോടി രൂപ ന്യൂ സർവ്വീസ് നടപടിക്രമം അനുസരിച്ച് ഈ സാമ്പത്തികവർഷം വകയിരുത്തുന്നതിന് 9-10-2014 - ൽ അനുമതി നൽകിയിട്ടുണ്ട്.

## പുതിയങ്ങാടി ഫിഷിംഗ് ഹാർബർ

144 (145) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ;

(ബി) എത്ര തുക ഇതിനായി ഇതുവരെ ചെലവഴിച്ചിട്ടുണ്ട് ;

(സി) എന്തൊക്കെ പഠനങ്ങളാണ് ഇവിടെ നടത്തുവാനുള്ളത് ; വിശദാംശം നൽകാമോ ;

(ഡി) ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ ?

## ഉത്തരം

(എ) ടോപ്പോഗ്രാഫിക്കൽ സർവ്വേ, ബെഡ് സാമ്പിൾ എന്നിവ ശേഖരിച്ചിട്ടുണ്ട്. ഷോർലൈൻ സർവ്വേ നടന്നുവരുന്നു. ഹാർബറിനുവേണ്ട മാതൃകാപഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ ഏജൻസിയായ CWPRS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാതൃകാ പഠനത്തിന്റെ നടപടികൾ ടി ഏജൻസി ആരംഭിച്ചിട്ടുണ്ട്.

(ബി) പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ, മാതൃകാ പഠനം എന്നിവ നടത്തുന്നതിനായി ഇതുവരെ 3659804 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഇൻവെസ്റ്റിഗേഷൻ, മാതൃകാപഠനം എന്നിവ പൂർത്തീകരിച്ചശേഷം ഇ.ഐ.എ. പഠനം, മണ്ണിന്റെ ഉറപ്പ് പരിശോധിക്കുന്നതിനുള്ള ബോറിംഗ് എന്നിവ നടത്തേണ്ടതുണ്ട്.

(ഡി) മാതൃകാപഠനം, ഇ.ഐ.എ. പഠനം എന്നിവ പൂർത്തീകരിച്ചശേഷം ചീഫ് എഞ്ചിനീയർ പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് അനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

**മത്സ്യബന്ധന നിയന്ത്രണ മേഖല**

145 (146) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. മീനാകുമാരി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കടലിലെ മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കടലിൽ 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ 'കരുതൽമേഖല' ആയി മാറ്റുന്നത് മൂലം പരമ്പരാഗത മത്സ്യബന്ധന തൊഴിലാളികൾക്കുണ്ടാകുന്ന ആശങ്ക പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം രണ്ട് പ്രാവശ്യം കൂടുകയും യോഗത്തിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 'കരുതൽമേഖല' സംബന്ധിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളി കൾക്കുണ്ടാകുന്ന ആശങ്ക പരിഹരിക്കുന്നതിന് ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ സംസ്ഥാനത്തിന് അംഗീകരിക്കാൻ കഴിയില്ലെന്ന വസ്തുത ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് കേന്ദ്രസർക്കാരിന് അയച്ചിട്ടുണ്ട്.

## ദേവികുളങ്ങര പഞ്ചായത്തിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

146 (147) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ദേവികുളങ്ങര പഞ്ചായത്തിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കായംകുളം മണ്ഡലത്തിലെ ദേവികുളങ്ങര പഞ്ചായത്തിലെ മുട്ടത്തുമണ്ണേൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി 2014 ഡിസംബർ മാസത്തിൽ തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളി കടാശ്വാസം

147 (148) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യതൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി 4,000 രൂപ മുതൽ 15,000 രൂപ വരെ വായ്പയായി അനുവദിച്ച തുക പൂർണ്ണമായി എഴുതിതള്ളി വസ്തുവിന്റെ പ്രമാണം തിരികെ നൽകിയ വകയിൽ എത്ര കോടി രൂപ അനുവദിച്ചുവെന്നും എന്നാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ ;

(ബി) മത്സ്യ ഫെഡിൽനിന്നും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങിയ വകയിലുണ്ടായിരുന്ന കുടിശ്ശിക തുക പൂർണ്ണമായും എഴുതിതള്ളിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെത്ര കോടി രൂപ ചെലവഴിച്ചുവെന്നും അതെന്നാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) പ്രാഥമിക സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും വായ്പയെടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിന് 241.15 കോടി രൂപയും, മത്സ്യ ഫെഡ് വഴി NB CF DC, MMDFC വായ്പകൾക്കും മത്സ്യത്തൊഴിലാളികളുടെ തനത് ഫണ്ടിൽ നിന്നുള്ള വായ്പകളടക്കം

കടാശ്വാസം നൽകുന്നതിന് 12.44 കോടി രൂപയും അനുവദിച്ച്കൊണ്ട് സർക്കാർ ഉത്തരവുണ്ടായതെന്നാണ്; പ്രസ്തുത ഉത്തരവ് പ്രകാരം 100 കോടി രൂപ അനുവദിച്ചതിൽനിന്നും മത്സ്യ ഫെഡിന് എത്ര രൂപ എന്ന് അനുവദിച്ചുവെന്നും സഹകരണ വകുപ്പ് രജിസ്ട്രാർക്ക് എത്ര രൂപ എന്ന് അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ബാക്കി തുക ഗഡുക്കളായി അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപ വീതം 3 ഗഡുക്കളായി മത്സ്യഫെഡിനും, സഹകരണ രജിസ്ട്രാർക്കും അനുദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) കടാശ്വാസകമ്മീഷൻ ശിപാർശ ചെയ്ത് സർക്കാർ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം എത്ര പേർക്കാണ് കടാശ്വാസം നൽകുന്നത് ; ഇതിൽ എത്രപേർക്ക് കടാശ്വാസം നൽകിയെന്നും ഇനി എത്ര പേർക്ക് കടാശ്വാസം നൽകാനുണ്ടെന്നും, അതിന് എത്ര രൂപ വേണ്ടിവരുമെന്നും അതനുവദിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി വായ്പയായി അനുവദിച്ചതിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയായ 1182.60 ലക്ഷം രൂപ പൂർണ്ണമായി എഴുതിത്തള്ളി വസ്തുവിന്റെ പ്രമാണം അർഹരായവർക്ക് മത്സ്യഫെഡ് ജില്ലാ ഓഫീസുകൾ മുഖേന തിരികെ നൽകിയിട്ടുണ്ട്. 15-12-2009-ലെ ജി.ഒ. (എംഎസ്.) 78/09/F&PD നമ്പർ ഉത്തരവ് പ്രകാരം ടി തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. 115.03 കോടി രൂപ 12-3-2010, 23-3-2011 തീയതികളിലായാണ് അനുവദിച്ചത്.

(സി) 31-12-2007-നുമുമ്പ് മത്സ്യഫെഡ് വഴി NBCFDC/NMDFC വായ്പകൾക്കും മത്സ്യത്തൊഴിലാളികൾ പ്രാഥമിക സഹകരണ സംഘങ്ങളുടെ തനത് ഫണ്ടിൽനിന്ന് എടുത്ത വായ്പകൾക്കുമടക്കം കടാശ്വാസം നൽകുന്നതിനായുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് സ.ഉ.(പി) നമ്പർ 91/2010/മ.തു.വ പ്രകാരമാണ്. 2010-11-ൽ അനുവദിച്ച 100 കോടി രൂപയിൽ 11.786 കോടി രൂപ മത്സ്യഫെഡിനും 44.37 കോടി രൂപ സഹകരണ വകുപ്പിനും 2010-11 സാമ്പത്തികവർഷത്തിൽ അനുവദിച്ച് നൽകി. ബാക്കിയുള്ള തുകയായ 49.7 കോടി രൂപ രണ്ടാം ഗഡുവായി 2011-12 വർഷത്തിൽ സഹകരണ വകുപ്പിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) മത്സ്യഫെഡിന് 11.78 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. സഹകരണ വകുപ്പിന് 2010-11 വർഷത്തിൽ 44.37 കോടി രൂപ ആദ്യഗഡുവായും 2011-12 വർഷത്തിൽ 49.7 കോടി രൂപ രണ്ടാം ഗഡുവായും അനുവദിച്ചുനൽകി.

(ഇ) കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത് സർക്കാർ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 66,363 പേർക്കാണ് കടാശ്വാസം നൽകേണ്ടത്. ഇതിൽ മത്സ്യഫെഡ് മുഖേന 9740 ഗുണഭോക്താക്കൾക്കും സഹകരണ വകുപ്പുമുഖേന 38304 ഗുണഭോക്താക്കൾക്കും കടാശ്വാസം അനുവദിച്ച് നൽകിയിട്ടുണ്ട്. ഇനി നാഷണലൈസ്ഡ് ബാങ്ക് ഉൾപ്പെടെയുള്ള കടങ്ങളിലായി 18319 പേർക്ക് കടാശ്വാസം അനുവദിച്ച് നൽകേണ്ടതുണ്ട്.

സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് 4027 അംഗങ്ങൾക്ക് കടാശ്വാസം നൽകുന്നതിനായി 9.50 കോടി രൂപയുടെ പ്രൊപ്പോസൽ സഹകരണ വകുപ്പ് രജിസ്ട്രാർ 17-11-2014-ലും മത്സ്യഫെഡ് മുഖേന 328 മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി 83 ലക്ഷം രൂപയുടെ പ്രൊപ്പോസൽ മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ് 18-11-2014-ലും, ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലുകൾ പ്രകാരം ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**തീരദേശ നിയന്ത്രണ നിയമപ്രകാരമുള്ള നിയന്ത്രണങ്ങൾ**

148 (149) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശനിയന്ത്രണ നിയമം മത്സ്യത്തൊഴിലാളികൾക്ക് വീണ്ടും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തീരദേശ പരിപാലന അതോറിറ്റി നേരത്തെ പുറപ്പെടുവിച്ച സർക്കുലറുകളിൽ മരവിപ്പിക്കപ്പെട്ട ഏതെല്ലാം സർക്കുലറുകളാണ് പുനരുജ്ജീവിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) തീരദേശനിയന്ത്രണ നിയമം കർശനമായി നടപ്പിലാക്കുന്നതിനുവേണ്ടി പുറപ്പെടുവിച്ച സർക്കുലറുകളിലെ പ്രമുഖ നിർദ്ദേശങ്ങൾ വിശദമാക്കാമോ; അവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(ഡി) തീരദേശമേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് വീടുവയ്ക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ റിസോർട്ടുകൾക്ക് ബാധകമല്ലാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കുലറുകൾ ഒന്നുംതന്നെ മരവിപ്പിച്ചിട്ടില്ല.

(സി) തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ അന്തസത്ത, വിജ്ഞാപനത്തെ അധികരിച്ച് തീരദേശമേഖലയിലെ പ്രവർത്തനങ്ങൾക്ക് മുൻകൂർ അനുമതി വാങ്ങേണ്ടതിന്റെ ആവശ്യകത, അപേക്ഷയോടൊപ്പം നൽകേണ്ട വിശദാംശങ്ങൾ, അപേക്ഷയുടെ രൂപം, നിലവിലുള്ള നിയമങ്ങളുടേയും ബഹു. ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടേയും പരാമർശത്തിന്റെയും അടിസ്ഥാനത്തിൽ സി.ആർ.ഇസഡ്. വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പാലിക്കാത്തത് അത്യന്തം ഗൗരവതരമായി കാണുമെന്നും, അത്തരം പ്രവർത്തനങ്ങൾക്കെതിരെ 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുക എന്നീ കാര്യങ്ങളാണ് സർക്കുലറിൽ പ്രതിപാദിക്കുന്നത്. (സർക്കുലറിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.)*

(ഡി) തീരദേശ പരിപാലന മേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് വീടുവക്കുന്നതിനുള്ള നിബന്ധനകളെക്കാൾ കർക്കശമായ നിബന്ധനകളാണ് റിസോർട്ട് നിർമ്മാണത്തിന് ബാധകമായിട്ടുള്ളത്. റിസോർട്ടുകൾക്ക് ഈ നിയമങ്ങൾ ബാധകമാകാത്ത പ്രശ്നം ഉദിക്കുന്നില്ല.

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ**

149 (150) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീ. കെ. അജിത്</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനംമൂലം ഇതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചു ; ഇതിൽ 2011 മേയ് മാസത്തിനു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശേഷം ആശ്വാസം ലഭിച്ച മത്സ്യത്തൊഴിലാളികളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ ;

(സി) കടാശ്വാസ കമ്മീഷനിൽ അപേക്ഷ നൽകി കാത്തിരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ എണ്ണം വെളിപ്പെടുത്തുമോ ;

(ഡി) നിലവിലുള്ള കമ്മീഷന്റെ കാലാവധി അവസാനിക്കുന്നതെപ്പോഴാണ് ; പുതിയ കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കടബാധ്യതമൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ആശ്വാസം നൽകുന്നതിനും അത്തരം മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും ന്യായ നിർണ്ണയം നടത്തുന്നതിനും അർഹരായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന് ഉചിതമായ നടപടികൾ സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുക എന്നതാണ് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തന ലക്ഷ്യം.

(ബി) കടാശ്വാസ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ 9891 മത്സ്യത്തൊഴിലാളികളുടെ ഹഡ്കോ ഭവന വായ്പ കുടിശ്ശികയും 46804 മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി 31-12-2007 വരെ വിതരണം ചെയ്ത എൻ.സി.ഡി.സി. വായ്പ കുടിശ്ശികയും ചേർത്ത് 126,86,09,024 രൂപയുടെ ബാദ്ധ്യത സർക്കാർ പൂർണ്ണമായും ഏറ്റെടുത്ത് അവരെ ഋണമുക്തമാക്കിയിട്ടുണ്ട്. കൂടാതെ കമ്മീഷൻ കടാശ്വാസത്തിന് അർഹത കണ്ടെത്തി നാളിതുവരെ 6 ഘട്ടങ്ങളിലായി 66363 പേർക്ക് കടാശ്വാസം ശുപാർശ ചെയ്തിട്ടുമുണ്ട്. ഇതിൽ 2011 മെയ് മാസത്തിന്ശേഷം മത്സ്യഫെഡ് മുഖേന 218 മത്സ്യത്തൊഴിലാളികൾക്കും, സഹകരണ വകുപ്പ് മുഖേന 38,304 മത്സ്യ തൊഴിലാളികൾക്കും കടാശ്വാസം നൽകിയിട്ടുണ്ട്.

(സി) 31-6-2013 വരെ കടാശ്വാസത്തിനായി 1,29,606 അപേക്ഷകൾ കമ്മീഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഇപ്പോഴത്തെ കമ്മീഷൻ നിലവിൽ വന്ന ശേഷം ശുപാർശ ചെയ്ത 39460 കടങ്ങൾ ഉൾപ്പെടെ നാളിതുവരെയായി 6 ഘട്ടങ്ങളിലായി 66363 വായ്പകളിന്മേൽ കടാശ്വാസം ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) നിലവിലുള്ള കമ്മീഷന്റെ കാലാവധി 27-3-2015-ൽ അവസാനിക്കുന്നതാണ്. പുതിയ കമ്മീഷനെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

150 (151) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ വഴി 31-3-2011 വരെ എത്ര തൊഴിലാളികളുടെ കടബാധ്യത ഒഴിവാക്കിയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത എത്ര പേർക്ക് തുക അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖേന 48044 മത്സ്യത്തൊഴിലാളികളുടെ കട ബാധ്യത ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത മത്സ്യഫെഡ് മുഖേനയും സഹകരണ വകുപ്പ് മുഖേനയും 38,522 പേർക്ക് 113,93,63,816 രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

## വിദേശരാജ്യങ്ങളുടെ മത്സ്യബന്ധനം

151 (152) <u>ശ്രീമതി ജമീലാ പ്രകാശം</u> :
<u>ശ്രീ. ജോസ് തെറ്റയിൽ</u> :
<u>ശ്രീ. മാത്യു റ്റി. തോമസ്</u> :
<u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആഴക്കടലിൽ നിയമവിരുദ്ധമായി വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) വിദേശരാജ്യങ്ങളുടെ മത്സ്യബന്ധനം മൂലം മത്സ്യ സമ്പത്ത് കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിദേശ ട്രോളറുകളെ നിയന്ത്രിക്കാൻ കഴിയുന്നില്ലെങ്കിൽ അവയ്ക്കൊപ്പം മത്സ്യബന്ധനം നടത്തുന്നതിനായി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആധുനിക സംവിധാനങ്ങൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം നടപ്പാക്കാൻ തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റ് വിംഗും കോസ്റ്റ്ഗാർഡും കടലിൽ ശക്തമായ പട്രോളിംഗ് നടത്തി വിദേശ ട്രോളറുകൾ നടത്തുന്ന അനധികൃത മത്സ്യബന്ധനം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി)വിദേശ ട്രോളറുകൾക്ക് ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് LoP നല്കുന്നത് കേന്ദ്ര സർക്കാരാണ്. മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത യാനങ്ങൾ ഉപയോഗിച്ച് ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി ആഴക്കടൽ മത്സ്യബന്ധന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതി വഴി തെരഞ്ഞെടുത്ത പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഗുണനിലവാരം നിലനിറുത്തി മത്സ്യം കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനവും, യാന പരിഷ്കരണവും, മത്സ്യബന്ധന അനുബന്ധ ഉപകരണങ്ങളും സൗജന്യമായി നൽകുന്നു. ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിൽ ഉൾപ്പെടുത്തി 584 ഗുണഭോക്താക്കൾക്ക് ജി.പി.എസ്. ഇൻസുലേറ്റഡ് ബോക്സ്, ലൈഫ് ജാക്കറ്റ്, അത്യാധുനിക ചൂണ്ടകൾ, കൃത്രിമ സിഗ്നൽ ലൈറ്റ്, ഫ്ലാഗ് എന്നിവ ഉൾപ്പെടുന്ന 55,000 രൂപയുടെ ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് മൊറോട്ടോറിയം**

152 (153) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് മൊറോട്ടോറിയം പ്രഖ്യാപിച്ചിട്ടും ഇവർക്കെതിരെ ബാങ്കുകൾ ജപ്തി നടപടി സ്വീകരിച്ചുവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടാശ്വാസത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മൊറട്ടോറിയം നിലനിൽക്കെ ജപ്തി നോട്ടീസ് അയയ്ക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടാലുടൻ ബന്ധപ്പെട്ട ബാങ്കുകൾക്ക് കടാശ്വാസ

കമ്മീഷൻ ഓഫീസിൽ നിന്നും ജപ്തി നടപടികളിൽ നിന്നും പിൻവാങ്ങുന്നതിന് നിർദ്ദേശം നൽകിവരുന്നുണ്ട്.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും 31-12-2007 വരെ, മത്സ്യ ബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യ തൊഴിലാളികൾ നേടിയിട്ടുള്ള വായ്പകളിൻമേൽ തുടങ്ങിവച്ചതോ തുടർന്ന് വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് 31-12-2014 വരെ മൊറട്ടോറിയം അനുവദിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ 16-1-2014-ലെ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്.

**മത്സ്യബന്ധനത്തിനിടയിൽ കാണാതായ മത്സ്യത്തൊഴിലാളികൾ**

153 (154) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധനത്തിനിടയിൽ കാണാതായ മത്സ്യത്തൊഴിലാളികൾ എത്ര ; മരണപ്പെട്ടവർ എത്ര ;

(ബി) ഇതിൽ എത്ര പേരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുകയുണ്ടായി ; ധനസഹായം ലഭിക്കാൻ അവശേഷിക്കുന്നവർ എത്ര ;

(സി) സഹായം നല്കുന്നത് സംബന്ധിച്ച ചട്ടത്തിൽ മാറ്റം വരുത്താൻ തീരുമാനമെടുത്തിട്ടുണ്ടോ ; ഭേദഗതി ചെയ്ത പ്രകാരമുള്ള ചട്ടങ്ങൾ എന്ന് മുതൽ നിലവിൽ വരുകയുണ്ടായി ;

(ഡി) ഭേദഗതിയെ തുടർന്ന് എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുതുക്കിയ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ 49 മത്സ്യ തൊഴിലാളികളെ കാണാതായിട്ടുണ്ട്. 129 പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 16 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 4 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. 12 പേർക്ക് ധനസഹായം അനുവദിക്കാനുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകി വന്നിരുന്ന ധനസഹായം 7-12-2011 മുതൽ 2 ലക്ഷം രൂപയിൽ നിന്ന്

3 ലക്ഷം രൂപയായും 17-12-2013 മുതൽ 3 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽ മരിച്ചാൽ മൃതദേഹം കണ്ടുകിട്ടിയില്ലെങ്കിൽ 7 വർഷം കഴിഞ്ഞു മാത്രമാണ് സാമ്പത്തിക സഹായം നൽകി വന്നിരുന്നത്. എന്നാൽ 7-6-2014-ലെ 8564/ബി3/13/മതുവ. നമ്പർ സർക്കുലർ പ്രകാരം കടലിൽ മത്സ്യബന്ധനത്തിനിടെ മത്സ്യത്തൊഴിലാളി അപകടം മൂലം കാണാതാകുമ്പോൾ പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്ത കേസ് പോലീസ് അന്വേഷിച്ച് ആൾ non traceable ആണെന്ന് റിപ്പോർട്ട് നൽകുന്നപക്ഷം പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വില്ലേജ് ഓഫീസറുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും കളക്ടർ/ആർ.ഡി.ഒ. ആളെ കാണ്മാനില്ലെന്ന റിപ്പോർട്ട് നൽകുന്നത് അനുസരിച്ച് ധനസഹായം അനുവദിച്ചുവരുന്നു. ഇപ്രകാരം ധനസഹായം ലഭിക്കുന്ന കുടുബാംഗങ്ങളിൽ നിന്ന് ഒരു ഇൻഡമിനിറ്റി ബോണ്ട് എഴുതി വാങ്ങുന്നതും, ഇവർ നൽകുന്ന ബോണ്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുമ്പോൾ അപകടം മൂലം കാണാതാകുന്ന വ്യക്തി തിരികെ വരുന്നപക്ഷം നൽകിയ ധനസഹായം വസൂലാക്കുന്നതുമാണ്. കൂടാതെ കളക്ടർ/ആർ.ഡി.ഒ. നൽകുന്ന സർട്ടിഫിക്കറ്റിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടം മൂലം കടലിൽ കാണാതായ മത്സ്യത്തൊഴിലാളി കുടുംബത്തിന് ധനസഹായം ലഭിക്കുന്നതിനായി മാത്രം നൽകുന്നത് എന്ന് പ്രത്യേകം രേഖപ്പെടുത്തി നൽകേണ്ടതാണ്.

(ഡി) 7-12-2011 മുതൽ 16-12-2013 വരെ 121 കുടുംബങ്ങൾക്കായി 3.69 കോടി രൂപയും, 17-12-2013 മുതൽ നാളിതുവരെ 26 കുടുംബങ്ങൾക്കായി 130 ലക്ഷം രൂപയും ധനസഹായം നൽകിയിട്ടുണ്ട്.

## മിഷൻ 676-ൽ ഉൾപ്പെടുത്തിയ മത്സ്യത്തൊഴിലാളിക്ഷേമ പദ്ധതികളും കടാശ്വാസവും

154 (155) ശ്രീ. വർക്കല കഹാർ :
ശ്രീ. പാലോട് രവി :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി "മൽസ്യത്തൊഴിലാളി ക്ഷേമ പദ്ധതികളും കടാശ്വാസവും" എന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) മിഷൻ 676-ൽ മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ കടാശ്വാസം ഉൾപ്പെടുത്തിയിട്ടില്ല.

(ബി) (1) ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന ആം ആദ്മി ബീമയോജന പദ്ധതി.

(2) പ്രസവാനന്തര ചെലവിനായി അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മുഖാന്തിരം നൽകുന്ന ധനസഹായം, മത്സ്യത്തൊഴിലാളി സ്ത്രീകൾക്കു കൂടി ലഭ്യമാക്കുന്ന പദ്ധതി.

(3) മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ് മുഖേന നൽകി വരുന്ന വിവിധ ധനസഹായ നിരക്കുകളുടെ വർദ്ധന.

(4) നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം.

(5) മത്സ്യത്തൊഴിലാളി കോളനികളുടെ നവീകരണം.

(6) സബ്സിഡി നിരക്കിൽ ഡീസൽ എഞ്ചിൻ വിതരണം.

(7) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് എൻട്രൻസ് കോച്ചിംഗ് നൽകുന്ന "വിദ്യാതീരം" എന്ന പദ്ധതി.

(സി) ആം ആദ്മി ബീമ യോജന പദ്ധതി, പ്രസാവാനന്തര ചെലവിനായുള്ള പദ്ധതി, വിവിധ ധനസഹായങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിക്കുക എന്നീ പദ്ധതികൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുള്ള പ്രസവാനുകൂല്യമായി 14,000 രൂപ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരിശോധിച്ചുവരുന്നു.

2014-15 കാലയളവിലേക്ക് മത്സ്യത്തൊഴിലാളികൾക്ക് വെള്ള മണ്ണെണ്ണ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു. മത്സ്യഫെഡ് വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. 9 തീരദേശ ജില്ലകളിലും മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മത്സ്യത്തൊഴിലാളി കോളനി നവീകരണത്തിന്റെ ഭാഗമായി 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി തെരഞ്ഞെടുക്കപ്പെട്ട 14 കോളനികളുടെ നവീകരണത്തിനായി 772.5 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. (303 പുതിയ ഭവനങ്ങൾ നിർമ്മിക്കുന്നതിനും 233 ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിനും) രണ്ടാം ഘട്ടമായി തെരഞ്ഞെടുക്കപ്പെട്ട 54 കോളനികളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും 1282 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

സബ്സിഡി നിരക്കിൽ ഡീസൽ എഞ്ചിൻ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് മുഖേന സ്വീകരിച്ചു വരികയാണ്.

വിദ്യാതീരം പദ്ധതി പ്രകാരം തീരപ്രദേശത്ത് താമസിക്കുന്ന മത്സ്യ തൊഴിലാളികളുടെ മക്കളായ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ സൗജന്യ പരിശീലനം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) <u>ആം ആദ്മി ബീമ യോജന</u>: മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി യഥാക്രമം 8-7-2014-ലെ ജി.ഒ.(ആർടി.) നമ്പർ 561/14/മ.ഇ.വ. പ്രകാരവും 15-7-2014-ലെ ജി.ഒ (ആർടി.) നമ്പർ 594/14/മ.ഇ.വ. പ്രകാരവും നൽകിയിട്ടുണ്ട്.

<u>അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം പദ്ധതി</u>: അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസാവാനുകൂല്യമായി 14,000 രൂപ നൽകുന്ന പദ്ധതി നിലവിൽ തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ്. ടി പദ്ധതി മത്സ്യ അനുബന്ധ മേഖലയിലെ തൊഴിലാളികൾക്കും ബാധകമാക്കുന്നതിനുള്ള നടപടിയ്ക്കായി പ്രൊപ്പോസൽ തൊഴിൽ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

മത്സ്യബോർഡ് നടപ്പിലാക്കുന്ന ധനസഹായപദ്ധതികളുടെ നിലവിലുള്ള നിരക്കുകൾ വർദ്ധിപ്പിക്കുക: സർക്കാരിന്റെ 20-11-2014-ലെ സ.ഉ. (സാധാ) 1002/2014/മ.തു.വ. നമ്പർ ഉത്തരവ് പ്രകാരം താഴെ പറയുന്ന ധനസഹായ പദ്ധതികളുടെ നിലവിലുള്ള നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്:

1) പെൺകുട്ടികളുടെ വിവാഹധനസഹായം നിലവിലുള്ള 1500 രൂപയിൽ നിന്നും 10000 രൂപയായി വർദ്ധിപ്പിച്ചു.

2) മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മികകാരണങ്ങളാലുള്ള മരണത്തിനുള്ള ധനസഹായം നിലവിലുള്ള 20,000 രൂപയിൽ നിന്നും 50,000 രൂപയായി വർദ്ധിപ്പിച്ചു.

3) മത്സ്യബന്ധനത്തൊഴിലാളി/അനുബന്ധത്തൊഴിലാളിയുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം നിലവിലുള്ള നിരക്കായ 5000 രൂപയിൽ നിന്ന് 15,000 രൂപയായി വർദ്ധിപ്പിച്ചു.

നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുക: 9 തീരദേശ ജില്ലകളിലും മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യത്തൊഴിലാളി കോളനികൾ നവീകരിക്കുക: പദ്ധതി നിർവ്വഹണം അന്തിമ ഘട്ടത്തിലാണ്.

സബ്സിഡി നിരക്കിൽ ഡീസൽ എഞ്ചിൻ വിതരണം ചെയ്യുക: പദ്ധതി നടപ്പിലാക്കാനുള്ള സബ്സിഡി തുകയായ ഒരു കോടി രൂപ സർക്കാർ മത്സ്യഫെഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. 100 ഡീസൽ എഞ്ചിൻ മത്സ്യഫെഡ് ജപ്പാനിൽ നിന്നും ഇറക്കുമതി ചെയ്തിട്ടുണ്ട്. തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഡീസൽ എഞ്ചിൻ പരീക്ഷണാടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ഡീസൽ എഞ്ചിൻ വിതരണത്തിനായി എല്ലാ ജില്ലകളിലും താൽപര്യമുള്ള മത്സ്യത്തൊഴിലാളികളിൽ നിന്നും അപേക്ഷ സ്വീകരിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എൻട്രൻസ് പരിശീലനം നൽകുക: 26-9-2014-ലെ സ.ഉ. (സാധാ) 821/14/മ.തു.വ. നമ്പർ ഉത്തരവ് പ്രകാരം വിദ്യാതീരം പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായുള്ള ഫണ്ട് 2405-00-800-92-12 (NP) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

## കണ്ണൂർ വിമാനത്താവള പദ്ധതി

155 (156) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള പദ്ധതിക്കായി എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ഭൂമി KAIL-ന കൈമാറിയിട്ടുണ്ടെന്നും കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസത്തിനായി എത്ര ഭൂമി കൈമാറിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും ഏജൻസികൾക്ക് ഭൂമി ഏറ്റെടുത്തു നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഇനിയും എത്ര ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്നും ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൂന്ന ഘട്ടങ്ങളിലായി ഇതുവരെ 1890 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലുമായി ഏറ്റെടുത്ത 1278.89 ഏക്കർ ഭൂമി കിയാലിന് കൈമാറിയിട്ടുണ്ട്. കുടിയൊഴിക്കപ്പെട്ടവരുടെ പുനരധിവാസത്തിനായി 12.20 ഏക്കർ ഭൂമി കൈമാറിയിട്ടുണ്ട്.

(സി) നൽകിയിട്ടില്ല.

(ഡി) മൂന്നാം ഘട്ടത്തിൽ ഉൾപ്പെട്ട 33 ഏക്കർ ഭൂമി ഇനി ഏറ്റെടുക്കാനുണ്ട്. ഈ ഭൂമിയെ സംബന്ധിച്ചുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതു കൂടാതെ 143.51 ഏക്കർ ഭൂമി കൂടി കണ്ണൂർ എയർപോർട്ടിനുവേണ്ടി ഏറ്റെടുക്കാൻ കണ്ണൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

## കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന്റെ രണ്ടാംഘട്ട പദ്ധതി പ്രവർത്തനം

156 (157) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന്റെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏതെല്ലാമാണ് ;

(ബി) രണ്ടാംഘട്ട പദ്ധതി പ്രവർത്തനങ്ങളുടെ ഓരോന്നിന്റെയും അടങ്കൽ തുക എത്രയാണ് ;

(സി) പ്രസ്തുത പ്രവൃത്തികൾ ടെൻഡർ ചെയ്യുകയും ടെൻഡർ അംഗീകരിച്ച് വിവിധ സ്ഥാപനങ്ങൾക്ക് പ്രവൃത്തി ഏൽപ്പിച്ചു നൽകുകയും ചെയ്തതെന്നാണ് ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഓരോ പ്രവൃത്തിയും ഏറ്റെടുത്തിട്ടുള്ളത് ;

(ഇ) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എന്നാണ് ആരംഭിച്ചത് എന്നു വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത പ്രവർത്തനങ്ങൾ ഓരോന്നും പൂർത്തീകരിക്കുവാൻ നിശ്ചയിച്ചിട്ടുള്ള വർക്ക് ഷെഡ്യൂൾ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) അനുസരിച്ച് രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്:

റൺവെ - രണ്ടാംഘട്ട പദ്ധതിയിൽ റൺവെയുടെ നീളം 3050-ൽ നിന്നും 3400 മീറ്റർ ആയി വർദ്ധിപ്പിക്കും. (വർദ്ധന 350 മീറ്റർ)

ഏപ്രൺ - കൂടുതലായി 12 പാർക്കിംഗ് ബേപാരലൽ ടാക്സി - മുഴുവൻ നീളത്തിൽ.

ടെർമിനൽ ബിൽഡിംഗ് - 2500 പാസഞ്ചേഴ്സിനെ മണിക്കൂറിൽ കൈകാര്യം ചെയ്യുന്നതിനുള്ള കപ്പാസിറ്റി.

(ബി) വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) അനുസരിച്ച് രണ്ടാംഘട്ട പദ്ധതി പ്രവർത്തനങ്ങളായ എയർസൈഡിന് 152 കോടിയും സിറ്റിസൈഡിന് 1352 കോടിയും ഉൾപ്പെടെ മൊത്തം അടങ്കൽ തുക 1804 കോടി രൂപയാണ്.

(സി) രണ്ടാംഘട്ട പദ്ധതി പ്രവൃത്തികളുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ 2025 -ാം ആണ്ടിലാണ് തുടങ്ങുവാനുദ്ദേശിക്കുന്നത്.

(ഡി) ബാധകമല്ല.

(ഇ) രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ 2025-ൽ ആരംഭിച്ചു പൂർത്തിയാക്കിയശേഷം നിർമ്മാണം തുടങ്ങുന്നതാണ്.

(എഫ്) 2025-ൽ തുടങ്ങി 2028-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## കണ്ണൂർ വിമാനത്താവളം

157 (158) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളം ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ ;

(ഡി) കണ്ണൂർ വിമാനത്താവളം എന്ന് മുതൽ പ്രവർത്തനമാരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ)

1. വിമാനത്താവള നിർമ്മാണത്തിനായി ഇതിനകം 1890.74 ഏക്കർ സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു.

2. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെയും പ്രതിരോധ മന്ത്രാലയത്തിന്റെയും, ആഭ്യന്തര മന്ത്രാലയത്തിന്റെയും വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതികൾ ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്.

3. വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (DPR), മാസ്റ്റർ പ്ലാൻ, പ്രൊജക്റ്റ് ഇൻഫർമേഷൻ മെമ്മോറാണ്ടം തുടങ്ങിയവയ്ക്ക് കണ്ണൂർ വിമാനത്താവള കമ്പനിയുടെ ബോർഡ് യോഗം അംഗീകാരം നൽകിയിട്ടുണ്ട്.

4. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ എയർസൈഡ് പ്രവൃത്തികളുടെ കരാർ (EPC I കരാർ) 694 കോടി രൂപയ്ക്ക് 5 നവംബർ 2013-ന് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. അവർ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും മൊത്തം പ്രവൃത്തികളിൽ 35% പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

5. വിമാനത്താവളത്തിൽ നിന്നുള്ള ആദ്യ പരീക്ഷണപ്പറക്കൽ 2015 ഡിസംബർ മാസത്തിൽ നടത്തണമെന്ന ഉദ്ദേശ്യത്തോടെയാണ് പ്രവൃത്തി നടക്കുന്നത്. വാണിജ്യാടിസ്ഥാനത്തിൽ എയർപോർട്ട്, 2016 മേയ് മാസത്തിൽ പ്രവർത്തനം തുടങ്ങും.

6. കണ്ണൂർ വിമാനത്താവള ടെർമിനൽ ബിൽഡിംഗിന്റെ കരാർ പ്രവൃത്തി 2014 ജൂൺ 25-ന് എൽ & ഡി (ബി & എഫ്) ഡിവിഷന് 498,69,99,000 രൂപയ്ക്ക് നൽകിയിട്ടുണ്ട്. മൊത്തം പ്രവൃത്തികളിൽ 15% പൂർത്തീകരിച്ചു. 22 മാസമാണ് നിർമ്മാണ കാലാവധി. 2016 മേയ് മാസത്തിൽ പൂർത്തീകരിക്കും.

7. പദ്ധതി നടത്തിപ്പിനാവശ്യമായ തുക ഓഹരി മൂലധനമായും ബാങ്ക് വായ്പയായും സമാഹരിക്കുന്നതിനുള്ള നടപടി നടന്നുവരുന്നുണ്ട്. സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും ഓഹരി വിഹിതം പൂർണ്ണമായി സമാഹരിക്കുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. സ്വകാര്യമേഖലയിലുള്ള ഓഹരി വിതരണം നടന്നുകൊണ്ടിരിക്കുകയാണ്. ബാങ്ക് വായ്പകളുടെ കാര്യത്തിൽ 892 കോടി (കനറാ ബാങ്ക് 692 കോടി, സൗത്ത് ഇന്ത്യൻ ബാങ്ക് 125 കോടി, ഫെഡറൽ ബാങ്ക് 75 കോടി) ലഭ്യമാക്കാൻ ധാരണയായിട്ടുണ്ട്.

8. Met Department മായും AAI യുമായും കരാർ ഉടമ്പടി നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലത്തിന്റെ 19 ജൂലൈ 2013-ലെ എ.ഫ്. 1190/2011 IA - III ഉത്തരവ് പ്രകാരം പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തി തുടങ്ങുന്നതിനുള്ള അനുമതി കേരള മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും 12-12-2013-ലെ PCB/HO/KNR/ICE/02/2013 നമ്പർ അനുമതി പത്രം പ്രകാരം ലഭിച്ചിട്ടുണ്ട്.

(സി) എയർസൈഡ് പ്രവർത്തികളുടെ സാമ്പത്തിക ബിഡ് 5 നവംബർ 2013-ന് തുറക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/s LARSEN - & TURBO LTD കമ്പനിക്ക് അന്നുതന്നെ 694 കോടി രൂപക്ക് എയർസൈഡ് വർക്കുകളുടെ (EPC I) കരാർ നൽകുകയും ചെയ്തു. ടെർമിനൽ നിർമ്മാണത്തിന്റെ ഫിനാൻഷ്യൽ ബിഡ് 21 ജൂൺ 2014 തീയതിക്ക് തുറക്കുകയും പ്രവൃത്തി 498,69,99,000 രൂപയ്ക്ക് എൽ &ടി (ബി & എഫ്) ഡിവിഷനെ 25 ജൂൺ 2014-ാം തീയതിയിൽ ഏൽപ്പിക്കുകയും ചെയ്തു.

(ഡി) 2015 ഡിസംബർ മാസത്തിൽ പരീക്ഷണ പറക്കൽ നടത്തുന്നതിനുള്ള രീതിയിൽ പണികൾ പുരോഗമിക്കുന്നു. വാണിജ്യാടിസ്ഥാനത്തിൽ മേയ് 2016-ന് വിമാനത്താവള പ്രവർത്തനം ആരംഭിക്കും.

(ഇ) മിഷൻ 676-ൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള കണ്ണൂർ വിമാനത്താവള പദ്ധതി നവരത്ന പദ്ധതികളിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**ബ്ലാക്ക് മെയിൽ കേസ്**

158 (159) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ല ബ്ലാക്ക്മെയിൽ പെൺവാണിഭ കേസിൽ പ്രതി ബിന്ധ്യാസ് തോമസ്, രണ്ടു പേജുള്ള കത്തിലൂടെ ഉന്നയിച്ച ആരോപണങ്ങൾ സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ ; കത്തിലെ ആരോപണങ്ങൾ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; വിവരം വ്യക്തമാക്കമോ ;

(ബി) ആരോപണവിധേയരായ ജനപ്രതിനിധികൾ ആരൊക്കെയാണ് ; ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ടവരാണിവർ ;

(സി) ആരോപണത്തെ തുടർന്ന് ഏതെല്ലാം വകുപ്പുകൾ പ്രകാരം ആർക്കെല്ലാം എതിരെ പോലീസ് കേസ് എടുത്തിട്ടുണ്ട് ;

(ഡി) ബിന്ധ്യാ തോമസിന്റെ പരാതി മാധ്യമങ്ങൾക്ക് ലഭിച്ചതിന്റെ പേരിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ ആരൊക്കെയാണ് ?

<u>ഉത്തരം</u>

(എ) ആരോപണങ്ങളെ സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടില്ല. കത്തിലെ ആരോപണങ്ങൾ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) ഇതുമായി ബന്ധപ്പെട്ട് നാല് വനിതാ പോലീസ് ഓഫീസർമാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

1. WCPO T 2378 ശ്രീലത, 2. WCPO T 2487 ശോഭിത, 3. WCPO T 3046 ഷിനിലാൽ, 4. WCPO W 2487 വിജയലക്ഷ്മി.

**ബ്ലാക്ക് മെയിൽ കേസ്**

159 (160) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ബ്ലാക്ക്മെയിൽ പെൺവാണിഭ കേസിലെ പ്രതി ജയചന്ദ്രനെതിരെ സംസ്ഥാനത്ത് ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ എത്ര കേസുകൾ ഉണ്ടെന്ന വെളിപ്പെടുത്താമോ ;

(ബി) ഏതെല്ലാം കേസുകളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട് ;

(സി) ജയചന്ദ്രനെ, എം.എൽ.എ ഹോസ്റ്റലിൽ കൊണ്ട് പോയി തെളിവെടുക്കുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം എന്താണ് എന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) കൊച്ചി ബ്ലാക്ക് മെയിൽ കേസിലെ പ്രതി ജയചന്ദ്രനെതിരെ സംസ്ഥാനത്ത് 3 പോലീസ് സ്റ്റേഷനുകളിലായി ബ്ലാക്ക് മെയിൽ കേസ് ഉൾപ്പെടെ 3 കേസുകൾ നിലവിലുണ്ട്.

1. തിരുവനന്തപുരം തുമ്പ പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ 464/2013.
2. തിരുവനന്തപുരം വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ 1061/2014.
3. എറണാകുളം പാലാരിവട്ടം പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ 999/2014.

(ബി) പ്രസ്തുത 3 കേസുകളുടെയും അന്വേഷണം പൂർത്തിയായിട്ടില്ല.

(സി) ഇല്ല. എം.എൽ.എ. ഹോസ്റ്റലിൽ ജയചന്ദ്രൻ ഒളിവിൽ താമസിച്ചിരുന്നോ എന്നുള്ള കാര്യത്തിന് വ്യക്തമായ തെളിവുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തതിനാൽ എം.എൽ.എ. ഹോസ്റ്റലിൽ കൊണ്ടുപോയി തെളിവെടുത്തിട്ടില്ല.

**മണൽ കടത്ത് കേസ്**

160 (161) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളപട്ടണം പോലീസ് സ്റ്റേഷനിൽ മുൻ എം.പി. കെ. സുധാകരൻ പ്രതിയായി രജിസ്റ്റർ ചെയ്തിട്ടുള്ള മണൽ കടത്തുമായി ബന്ധപ്പെട്ട കേസ് പിൻവലിക്കാൻ സർക്കാർ ഉത്തരവ് നല്കിയിട്ടുണ്ടോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) മണൽ കടത്തുമായി ബന്ധപ്പെട്ട് പോലീസ് എടുത്ത കേസിലെ പ്രതികൾ ആരൊക്കെയായിരുന്നു ; സ്റ്റേഷനിൽ എത്തി പോലീസിനെ കയ്യേറ്റം ചെയ്തവർ ആരൊക്കെയായിരുന്നു ; എം.പി. ആയിരുന്ന സുധാകരനും സ്റ്റേഷനിൽ

ഡ്യൂട്ടിയിലുണ്ടായിരുന്നവരും തമ്മിൽ വാക്കേറ്റമുണ്ടായ പ്രശ്നം എന്തായിരുന്നു ;

(സി) കേസ് പിൻവലിക്കാൻ തീരുമാനിച്ചത് എന്തടിസ്ഥാനത്തിലാണ് ?

ഉത്തരം

(എ) മണൽ കടത്തുമായി ബന്ധപ്പെട്ട് മുൻ എം.പി. ശ്രീ. കെ. സുധാകരൻ പ്രതിയായി വളപട്ടണം പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി)

(1) അബ്ദുൾ സമദ് പി. വി., (2) അബ്ദുൾ ഹമീദ് പി. വി. എന്നിവരാണ് മണൽ കടത്തുമായി ബന്ധപ്പെട്ട് പോലീസ് എടുത്ത കേസ്സിലെ പ്രതികൾ. പോലീസിനെ കൈയ്യേറ്റം ചെയ്ത കേസ്സിലെ പ്രതികൾ (1) കല്ലിക്കോടൻ രാകേഷ്, (2) ഷറഫുദീൻ എന്നിവരാണ്. 31-10-2012-ന് 12 മണിക്ക് അനധികൃതമായി മണൽ കടത്തിയതിന് അറസ്റ്റ് ചെയ്ത പ്രതികളെ ബലമായി മോചിപ്പിക്കാൻ വന്ന് പോലീസ് സ്റ്റേഷനിൽ അതിക്രമം കാണിച്ചവരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ശ്രീ. കെ. സുധാകരൻ ഉൾപ്പെടെ എട്ടോളം പേരും കണ്ടാലറിയാവുന്ന നൂറോളം പേരും കുറ്റം ചെയ്യണമെന്ന ഉദ്ദേശത്തോടെ ന്യായവിരോധമായി സംഘം ചേരുകയും പോലീസ് സ്റ്റേഷന്റെ കിഴക്കുംഭാഗം ഗേറ്റിന് മുൻവശം വളപട്ടണം ഭാഗത്തേക്ക് പബ്ലിക്ക് റോഡിൽ കൂട്ടം കൂടി നിന്ന് പ്രകോപനപരമായി മുദ്രാവാക്യം വിളിക്കുകയും ചെയ്തു. പോലീസ് തടഞ്ഞപ്പോൾ തട്ടിമാറ്റി സ്റ്റേഷൻ കോമ്പൗണ്ടിൽ കയറി സബ്ഇൻസ്പെക്ടറുടെ മുറിയിലിരുന്ന് ജോലി ചെയ്യുകയായിരുന്ന സബ്ഇൻസ്പെക്ടറുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും ചെയ്തതിന് മുൻ എം.പി. ശ്രീ. കെ. സുധാകരൻ മൂന്നാം പ്രതിയായി ക്രൈം നമ്പർ 1318/2012 പ്രകാരം ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കേസ് പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചിട്ടില്ല.

**സോളാർ തട്ടിപ്പ്**

161 (162) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കേസിലെ പ്രതി സരിതാ നായർ എ.ഡി.ജി.പി., കെ. പത്മകുമാറിനെതിരെ, ഡി.ജി.പി.ക്ക് ഏഴ് പേജുള്ള പരാതി നല്കിയതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; പരാതിയുടെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(സി) പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ഏതെങ്കിലും കാര്യങ്ങൾ സോളാർ തട്ടിപ്പ് സംബന്ധിച്ച് അന്വേഷിക്കുന്ന കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ ?

<u>ഉത്തരം</u>

(എ - സി) സോളാർ കേസിലെ പ്രതി സരിതാ നായർ എ.ഡി.ജി.പി. കെ.പത്മകുമാറിനെതിരെ സംസ്ഥാന പോലീസ് മേധാവിയ്ക്ക് പരാതി നൽകിയിട്ടുണ്ട്. പ്രസ്തുത പരാതിയിൽ പറയുന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തിവരികയാണ്. അന്വേഷണാനന്തരം പരാതിയിൽ പറയുന്ന ആരോപണങ്ങളുടെ നിജസ്ഥിതി പരിശോധിച്ചതിനുശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ.

**ശ്രീ. എം. ബി. ബാലകൃഷ്ണനെ കൊലപ്പെടുത്തിയ കേസ്**

162 (163) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇക്കഴിഞ്ഞ തിരുവോണനാളിൽ ഉദുമ മാങ്ങാട് സ്വദേശി ശ്രീ. എം. ബി. ബാലകൃഷ്ണനെ കൊലപ്പെടുത്തിയ കേസിലെ പ്രതികളെ പിടികിട്ടാനുണ്ടോ ;

(ബി) എങ്കിൽ ഈ പ്രതികൾ ആരൊക്കെയാണ് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ബാലകൃഷ്ണൻ കൊലചെയ്യപ്പെടുന്ന സമയത്ത് പ്രസ്തുത പ്രതികൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെയോ പോഷക സംഘടനകളുടേയോ ഭാരവാഹികളായിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവരെ പിടികൂടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേസിലെ ആറാം പ്രതിയായ ഷിബു S/o. കുഞ്ഞി കേളു നായർ, ചെറിയ മാങ്ങാട്, മാങ്ങാട് എന്നയാളെയും ഏഴാം പ്രതിയായ അബ്ദുൾ മജീദ് @ മജീദ്, S/o. ആന്തുക്ക, വെടിക്കുന്ന് റോഡ്, ബാര വില്ലേജ് എന്നയാളെയുമാണ് അറസ്റ്റ്ചെയ്യുവാൻ ബാക്കിയുള്ളത്. ടി പ്രതികളുടെ പേരിൽ സെക്ഷൻ 111

ഐ.പി.സി. പ്രകാരമുള്ള കുറ്റമാണ് ചുമത്തിയിട്ടുള്ളത്.

(സി) അറസ്റ്റ് ചെയ്യുവാൻ ബാക്കിയുള്ള പ്രതികളിൽ 6-ാം പ്രതി യൂത്ത് കോൺഗ്രസ് (ഐ) ഉദുമ മണ്ഡലം മുൻ പ്രസിഡന്റും, 7-ാം പ്രതി ഐ.എൻ.റ്റി.യു.സി. ഉദുമ മണ്ഡലം പ്രസിഡന്റുമാണ്.

(ഡി) ഈ കേസിന്റെ തുടർന്നുള്ള അന്വേഷണത്തിനായി കാഞ്ഞങ്ങാട് ഡി.വൈ.എസ്.പി.യെ ചുമതലപ്പെടുത്തിയിട്ടുള്ളതും മേൽ പ്രതികളെ കണ്ടെത്തുന്നതിനായി ഊർജ്ജിതമായ അന്വേഷണം നടത്തിവരികയുമാണ്.

## സോഷ്യൽ മീഡിയയിൽ അഭിപ്രായം രേഖപ്പെടുത്തിയതിന്റെ പേരിലുള്ള കേസുകൾ

163 (164) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ, സർക്കാർ നയങ്ങൾ, നിലപാടുകൾ-എന്നിവയെ കുറിച്ച് ഫേസ് ബുക്കിൽ അഭിപ്രായം രേഖപ്പെടുത്തിയതിന്റെ പേരിൽ എത്ര പേർക്കെതിരെയാണ് ഇതുവരെ കേസുകൾ എടുത്തിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; എത്ര സർക്കാർ ജീവനക്കാർ കേസിൽ ഉൾപ്പെട്ടിട്ടുണ്ട് ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേര നിലവിൽ ശരിയായ വിധം നടപ്പിലാക്കുന്നുണ്ടോ; എടുത്തിട്ടുള്ള കേസുകളുടെ എണ്ണം എത്ര; ജില്ലാ സംസ്ഥാനതലത്തിൽ ഇതിന്റെ മേൽനോട്ടം വഹിക്കുന്നതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; മാവേലിക്കര മണ്ഡലത്തിൽ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി എത്ര കേസുകൾ എടുത്തിട്ടുണ്ട് ; ഈ കേസുകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർക്കെതിരെയും സർക്കാർ നയങ്ങൾ, നിലപാടുകൾ എന്നിവയ്ക്കെതിരെയും ഫേസ് ബുക്കിൽ മോശമായ അഭിപ്രായം രേഖപ്പെടുത്തിയതിന്റെ പേരിൽ 11 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 9 കേസുകളിലായി 10 പ്രതികൾക്കെതിരെയാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 2 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 2 കേസുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല. മേൽപ്പറയുന്ന 11 കേസുകളിൽ 3 കേസുകൾ സർക്കാർ ജീവനക്കാർക്കെതിരെയാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തുത

3 കേസുകളിലായി 4 ജീവനക്കാർ പ്രതികളാണ്.

(ബി) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേര നിലവിൽ കാര്യക്ഷമമായ വിധം നടപ്പിലാക്കിവരികയാണ്. ഇതു സംബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ 2895 കേസുകൾ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബ്ലേഡ് മാഫിയയെ നിയന്ത്രിക്കുന്നതിനുവേണ്ടി നടന്നുവരുന്ന ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.മാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിൽ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി 24 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കടുത്തി സി.ഐ.ഓഫീസും ഓഫീസ് ക്വാർട്ടേഴ്സിന്റെയും നിർമ്മാണം**

164 (165) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കടുത്തി സി.ഐ I ഓഫീസും ഓഫീസ് ക്വാർട്ടേഴ്സും ആരംഭിക്കുന്നതു സംബന്ധിച്ച് കെ. പി. എച്ച്. സി. സി.-യിൽ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള ഡി. പി. ആർ. C1/5219/14, കെ. പി. എച്ച്. സി. സി. 5220/14 എന്നീ നമ്പർ ഫയലുകളിൻമേൽ ആഭ്യന്തരവകുപ്പ് സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ ;

(ബി) ഈ നിർദ്ദേശം കോട്ടയം എസ്. പി. ഓഫീസിൽനിന്നും പോലീസ് ആസ്ഥാനത്തേക്ക് അയച്ചത് എന്നെന്നും ഫയൽ നമ്പർ എത്രയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കടുത്തുരുത്തി സി.ഐ. ഓഫീസും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി കെ.പി.എച്ച്.സി.സി. മാനേജിംഗ് ഡയറക്ടർ കോട്ടയം ജില്ലാ പോലീസ് മേധാവിക്ക് അയച്ചുകൊടുക്കുകയും ആയത് കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ കത്ത് നമ്പർ ജി2/14221/14 തീയതി 25-11-2014 പ്രകാരം പോലീസ് ആസ്ഥാനത്തേയ്ക്ക് അയയ്ക്കുകയും തുടർന്ന് പ്രസ്തുത എസ്റ്റിമേറ്റ് വകുപ്പുതലത്തിൽ പരിശോധിച്ചുവരികയുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പെരിങ്ങോം പോലീസ് സ്റ്റേഷൻ വിഭജനം

165 (166) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പെരിങ്ങോം പോലീസ് സ്റ്റേഷൻ വിഭജിച്ച് ചെറുപുഴ ആസ്ഥാനമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗത്തിൽ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ & ബി) പുതിയതായി ആരംഭിയ്ക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഒരു പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ പി. & എ.ആർ.ഡി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായ ശേഷം കണ്ണൂർ ജില്ലയിലെ പെരിങ്ങോം പോലീസ് സ്റ്റേഷൻ വിഭജിച്ച് ചെറുപുഴ പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## പെരിങ്ങോം പോലീസ് സ്റ്റേഷൻ അതിർത്തിയിലെ കൊലപാതകം

166 (167) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ചെറുപുഴ കാക്കേയംചാലിൽ കൊല്ലപ്പെട്ട മറിയക്കുട്ടിയുടെ കൊലപാതകം സംബന്ധിച്ച അന്വേഷണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) കൊലപാതകം കഴിഞ്ഞ് രണ്ടരവർഷം കഴിഞ്ഞിട്ടും പ്രതികളെ കണ്ടെത്താൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) കൊലപാതകത്തിന്റെ അന്വേഷണം ഉന്നതതലത്തിലുള്ള ഏജൻസിയെ ഏല്പിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) പെരുങ്ങോം പോരീസ് സ്റ്റേഷൻ പരിധിയിൽ കവർച്ചയ്ക്കിടെ മറിയക്കുട്ടി എന്ന സ്ത്രീ കൊല്ലപ്പെട്ടതിന് ക്രൈം നമ്പർ 188/2012 u/s 457, 302, 394 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവെ, ഊർജ്ജിത അന്വേഷണത്തിനായി ടി കേസ് ക്രൈം ബ്രാഞ്ച്

വിഭാഗത്തിന് കൈമാറുകയും ക്രൈം 774/CR/HHW III/2012 പ്രകാരം റീ-നമ്പർ ചെയ്ത് കോഴിക്കോട് ക്രൈംബ്രാഞ്ച് HHW III യൂണിറ്റ് DYSP-യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുന്നതും നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെക്കുറിച്ച് വ്യക്തമായ തെളിവുകൾ ലഭിക്കാത്തതിനാൽ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുവാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്.

**പട്ടാമ്പി ഫയർ സ്റ്റേഷൻ**

167 (168) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ ഒരു ഫയർസ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) താൽക്കാലികമായി ഫയർസ്റ്റേഷൻ തുടങ്ങുവാൻ പട്ടാമ്പി റ്റി.ബി. വക കെട്ടിടവും സ്ഥലവും പി.ഡബ്ല്യൂ.ഡി. അനുവദിച്ചതിനാൽ പ്രസ്തുത ഫയർസ്റ്റേഷൻ ഉടൻ ആരംഭിക്കുമോ ?

ഉത്തരം

(എ & ബി) സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കാനാണ് മുൻഗണന നല്കിവരുന്നത്.

**മാഫിയകൾക്കെതിരെ സ്വീകരിച്ച നടപടി**

168 (169) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളർന്നുവരുന്ന മണൽമാഫിയ, പാറഖനന മാഫിയ, പെൺവാണിഭ മാഫിയ, മനുഷ്യക്കടത്ത്, അന്യസംസ്ഥാനത്തുനിന്നും കുട്ടികളെ കടത്തി നിർബന്ധ തൊഴിൽ ചെയ്യിക്കൽ തുടങ്ങിയവ കൂടിവരുന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ വന്നശേഷം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഓരോ വർഷവും രജിസ്റ്റർ ചെയ്ത കേസുകളുടെ കണക്ക് ലഭ്യമാക്കുമോ ;

(സി) ഇത്തരം കേസുകളിൽ ഉൾപ്പെടെ എത്രപേരുടെ പേരിൽ ഗുണ്ടാ ആക്ട് പ്രകാരം കേസുകൾ ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ഡി) ഇത്തരം കേസുകളിൽ ഉൾപ്പെട്ട പോലീസ്, റവന്യൂ മറ്റ് വകുപ്പ് ഉദ്യോഗസ്ഥർ ആരെല്ലാം ; ഏതെല്ലാം കേസുകളിലാണ് ഇവർ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇവരെ നിയന്ത്രിക്കാനും ഇവരുടെ പ്രവൃത്തികൾമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനുമായി എന്ത് നൂതന നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ - ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ഐ.എസ്.ആർ.ഒ. ചാരക്കേസ്സ് അന്വേഷിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി**

169 (170) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എസ്.ആർ.ഒ. ചാരക്കേസ്സ് അന്വേഷിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന ബഹു. ഹൈക്കോടതി വിധിയിൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ചാരക്കേസ്സ് അന്വേഷണത്തിൽ അന്വേഷണ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട് എന്ന് ആഭ്യന്തര വകുപ്പിന് ബോധ്യപ്പെട്ടിട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ചാരക്കേസ്സിന് പിന്നിൽ നടന്ന ഗൂഢാലോചന സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് ആരെല്ലാമാണ് ആഭ്യന്തര വകുപ്പിനെ സമീപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതിൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ - സി)പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതില്ലെന്ന സർക്കാർ ഉത്തരവ് റദ്ദു ചെയ്തുകൊണ്ട് ഇക്കാര്യം വീണ്ടും പരിശോധിച്ച് മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. കോടതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നതേയുള്ളു.

(ഡി&ഇ) മുൻ എം.എൽ.എ. ശ്രീ.കെ.കെ.രാമചന്ദ്രൻ മാസ്റ്റർ ഇത് സംബന്ധിച്ച് ഒരു നിവേദനം 25-9-2013-ൽ സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത നിവേദനം പരിശോധിച്ച് അതിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**ഐ.എസ്.ആർ.ഒ. ചാരക്കേസ്സ്**

170 (171) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എസ്.ആർ.ഒ. ചാരക്കേസിൽ അന്നത്തെ അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കണമെന്ന ബഹു. ഹൈക്കോടതിയുടെ വിധിയിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ചാരക്കേസിൽ എന്തെങ്കിലും ഗൂഢാലോചന നടന്നതായി സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ & ബി) ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കേണ്ടതില്ലെന്ന സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ഇക്കാര്യം വീണ്ടും പരിശോധിച്ച് മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന കോടതി വിധി സർക്കാർ പരിശോധിച്ചുവരുന്നു.

**ഡി.ജി.പി. നിയമനം**

171 (172) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറക്ടർ ജനറൽ ഓഫ് പോലീസ് തസ്തികയിലെ നിയമനം സംബന്ധിച്ച് സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഏതെങ്കിലും നിയമനം നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) WP(C) No. 310/96 (പ്രകാശ് സിംഗ് Vs യൂണിയൻ ഓഫ് ഇന്ത്യ) എന്ന കേസിൽ ബഹു. സുപ്രീം കോടതിയുടെ 22-9-2006-ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് സംസ്ഥാന പോലീസ് ഡയറക്ടർ ജനറൽ തസ്തികയിലേക്ക് തെരെഞ്ഞെടുക്കുന്നതിനായി പ്രസ്തുത റാങ്കിലെ ഏറ്റവും മുതിർന്ന 3 ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന പാനലിൽനിന്നും ഉദ്യോഗസ്ഥരുടെ സർവ്വീസ് കാലയളവ്, സർവ്വീസ് റെക്കോർഡ്, ജോലിയിലുള്ള പരിജ്ഞാനം, പോലീസ് സേനയെ നയിക്കുവാനുള്ള കഴിവ് എന്നീ മാനദണ്ഡങ്ങൾ കണക്കിലെടുത്തുകൊണ്ട് പ്രസ്തുത പാനലിൽ ഉൾപ്പെട്ട ഒരാളെയാണ് ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആയി നിയമിക്കേണ്ടത് എന്നും അപ്രകാരം നിയമിക്കുന്നയാളെ കുറഞ്ഞത് 2 വർഷം പ്രസ്തുത തസ്തികയിൽ നിലനിർത്തണമെന്നുമാണ് ഡയറക്ടർ ജനറൽ ഓഫ് പോലീസ് തസ്തികയിലെ നിയമനം സംബന്ധിച്ചുള്ള സുപ്രീം കോടതി നിർദ്ദേശം.

(ബി) കേരള പോലീസ് ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിലവിലുള്ള സംസ്ഥാന പോലീസ് മേധാവിയെ നിയമിച്ചിട്ടുള്ളത്.

**എം.ജി. കോളേജിൽ സി.ഐ.യെ ബോംബെറിഞ്ഞ് കൊലപ്പെടുത്താൻ ശ്രമിച്ച സംഭവം**

172 (173) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. കോളേജിൽ സി.ഐ.യെ ബോംബെറിഞ്ഞ് കൊലപ്പെടുത്താൻ ശ്രമിച്ച ആർ.എസ്.എസ്. പ്രവർത്തകർക്കെതിരെയുള്ള കേസ് പിൻവലിച്ചത് ഏത് സാഹചര്യത്തിലാണ് ;

(ബി) പ്രസ്തുത സംഭവുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര പ്രതികൾ ഉണ്ടായിരുന്നു ; അവർ ആരൊക്കെ ;

(സി) പോലീസ് രജിസ്റ്റർ ചെയ്യുന്ന ക്രിമിനൽ കേസുകളിൽ ആരെങ്കിലും നിരപരാധിയായിട്ടുണ്ടെങ്കിൽ അയാളുടെ നിരപരാധിത്വം തെളിയിക്കേണ്ടത് കോടതിയിലാണോ ; എങ്കിൽ ഏത് നടപടിക്രമത്തിലൂടെ ;

(ഡി) ഇതിന് വ്യത്യസ്തമായി കേസിലെ ഒരാൾ നിരപരാധിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാവരുടെയും പേരിലുള്ള കേസ് പിൻവലിക്കാൻ സമ്മതം നൽകി മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായോ; ഒരാൾ നിരപരാധിയാണെന്ന് മുഖ്യമന്ത്രിയ്ക്ക് ബോധ്യം വന്നാൽ കേസിലെ മറ്റ് പ്രതികൾ കുറ്റക്കാരല്ലാതാവുന്നത് നിയമാനുസൃതമാണോ? എങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പ്രസ്തുത കേസിലെ 17-ാം പ്രതി ആദർശിന് സർക്കാർ ജോലി കിട്ടാതെ പോകുന്ന സാഹചര്യമുണ്ടായപ്പോൾ ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകിയാണ് ടി കേസ് പിൻവലിക്കുവാൻ സർക്കാർ സമ്മതപത്രം നൽകിയത്.

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് 100 പേരെ പ്രതികളായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിൽ 28 പ്രതികളെ തിരിച്ചറിഞ്ഞിട്ടുള്ളതും അവർക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാകുന്നു. A1. അനൂപ്, A2. ശ്രീകണ്ഠൻ, A3. വിപിൻ, A4. രാജീവ്, A5. ഓമനകുട്ടൻ, A6. ശ്രീജിത്ത്, A7. അരുൺ എസ്. നായർ, A8. അനൂപ്, A9. വിഷ്ണു, A10. അനൂപ്,

A11. ശ്രീശാന്ത്, A12. രതീഷ്കുമാർ, A13. സുമേഷ്,  A14. അനൂപ്, A15. പ്രശാന്ത്, A16. വിനീത്, A17. ആദർശ്, A18. വിജിൽഖാൻ, A19. വിനീത്,  A20. ബൈജു, A21. വിനേഷ് കുമാർ,  A22. മധു, A23. വിഷ്ണു, A24. ധനേഷ്, A25. അഭിലാഷ്, A26. നിതിൻ, A27. സുധീഷ്, A32 അനീഷ്.

(സി) പോലീസ് രജിസ്റ്റർ ചെയ്യുന്ന ക്രിമിനൽ കേസുകളിൽ കുറ്റാരോപിതനായ വ്യക്തി തന്റെ നിരപരാധിത്വം തെളിയിക്കേണ്ടത് കോടതിയിലാണ്. വ്യവസ്ഥാപിത നിയമനടപടികൾ പാലിച്ചുകൊണ്ട് വിചാരണ പൂർത്തിയാക്കിയ ശേഷമാണ് നിരപരാധിയാണോ അല്ലയോ എന്ന് തീരുമാനിക്കുന്നത്.  1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയും 1872-ലെ ഇന്ത്യൻ തെളിവ് നിയമവുമാണ് ഇതു സംബന്ധിച്ചുള്ള നടപടിക്രമങ്ങളും നിയമതത്വങ്ങളും വിവക്ഷിക്കുന്നത്.

(ഡി) സർക്കാർ ഇത്തരം സാഹചര്യങ്ങളിൽ പ്രോസിക്യൂഷൻ പിൻവലിക്കുന്നതിലേയ്ക്ക് സമ്മതപത്രം നൽകുകയും ഇക്കാര്യം കളക്ടർ മുഖേന പ്രോസിക്യൂട്ടറെ അറിയിക്കുകയുമാണ് ചെയ്യുന്നത്.  കേസിന്റെ ചാർജ്ജുള്ള പബ്ലിക് പ്രോസിക്യൂട്ടർ കാര്യങ്ങൾ സ്വതന്ത്രമായി പരിശോധിച്ച് കോടതിയുടെ അനുമതിയോടുകൂടി പ്രോസിക്യൂഷൻ പിൻവലിക്കുന്നതിന് അപേക്ഷിക്കുകയാണ് ചെയ്യുന്നത്.  വകുപ്പ് 321 പ്രകാരം ഒരു പ്രതിക്കെതിരായ കേസ്സോ, എല്ലാ പ്രതികൾക്കുമെതിരായ കേസ്സോ, ഒരാളെ വിചാരണ ചെയ്യുന്ന കുറ്റങ്ങളിൽ ഏതെങ്കിലും ഒന്നോ, എല്ലാമോ സംബന്ധിച്ചും പിൻവലിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുള്ളതാണ്. പബ്ലിക് പ്രോസിക്യൂട്ടറാണ് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച തന്റെ വിവേചനാധികാരം ഉപയോഗിച്ച് ഒരു തീരുമാനം കൈക്കൊള്ളേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതും. പ്രോസിക്യൂഷൻ പിൽവലിക്കുന്ന സന്ദർഭത്തിൽ സർക്കാരോ പ്രോസിക്യൂട്ടറോ കോടതിയോ, ഒരു പ്രതിയോ എല്ലാ പ്രതികളുമോ ആ കേസ്സിൽ അപരാധിയാണോ നിരപരാധിയാണോ എന്ന കാര്യം പരിശോധിക്കേണ്ട ആവശ്യമില്ലാത്തതാകുന്നു.  അപ്രകാരം ഒരു പരിശോധന നിയമം അനുശാസിക്കുന്നുമില്ല.

**എം.ജി. കോളേജിൽ പോലീസിന് നേരെ ബോംബെറിഞ്ഞ കേസ്**

173 (174)  <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. കോളേജിൽ പോലീസിന് നേരെ ബോംബെറിഞ്ഞ് സർക്കിൾ ഇൻസ്പെടറുടെ കാല് തകർത്ത കേസ് പിൻവലിക്കാൻ ലഭിച്ച ഹർജിയിൽ മുഖ്യമന്ത്രി ഉത്തരവിട്ടത് ഏത് തീയതിയിലാണ് ;

(ബി) അപേക്ഷയോടൊപ്പം ആരുടെയെങ്കിലും ശിപാർശ കത്ത് ഉണ്ടായിരുന്നുവോ; ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട നിയമസഭാ സാമാജികൻ ശിപാർശ ചെയ്യുകയുണ്ടായോ; എങ്കിൽ ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ഏത് സാമാജികനാണെന്ന് വെളിപ്പെടുത്താമോ ;

(സി) പിൻവലിച്ച കേസുകൾ എതെല്ലാം ക്രൈംനമ്പറുകളിൽപ്പെട്ട, ഏതെല്ലാം കുറ്റങ്ങൾ ആരോപിക്കപ്പെട്ടവയാണെന്ന് വിശദമാക്കാമോ ;

(ഡി) കേസ് പിൻവലിക്കാനുള്ള ഹർജിയിന്മേൽ പോലീസ് വകുപ്പിൽനിന്നും ലഭിച്ച അഭിപ്രായം എന്തായിരുന്നു; MLA യുടെ ശിപാർശ കത്തിന്റെയും, പോലീസ് റിപ്പോർട്ടിന്റെയും ഓരോ പകർപ്പ് സഭയുടെ മേശപ്പുറത്ത് വെയ്ക്കുമോ ?

<u>ഉത്തരം</u>

(എ) 23-12-2012-ന്.

(ബി) ഉണ്ട്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് നിയമസഭാ സാമാജികൻ ശ്രീ. പാലോട് രവി എം.എൽ.എ.യുടെ.

(സി) പേരൂർക്കട പോലീസ് സ്റ്റേഷനിലെ 476/05-ാം നമ്പർ ക്രൈം കേസാണ് പിൻവലിച്ചത്. ഐ.പി.സി. 120(B), 143, 145, 147, 148, 149, 324, 333, 307 വകുപ്പുകൾ പ്രകാരവും എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ട് VI 3-ാം വകുപ്പ്, ആംസ് ആക്ട് 27-ാം വകുപ്പ്, പി.ഡി.പി.പി. ആക്ട് 3(2)(e) വകുപ്പ് എന്നിവ പ്രകാരമാണ് കുറ്റം ചുമത്തപ്പെട്ടിട്ടുള്ളത്.

(ഡി) തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവി പ്രസ്തുത കേസ് പിൻവലിക്കുന്നതിന് ശിപാർശ ചെയ്തിട്ടില്ല. എം.എൽ.എ.യുടെ ശിപാർശ കത്തിന്റെയും പോലീസ് റിപ്പോർട്ടിന്റെയും പകർപ്പുകൾ യഥാക്രമം അനുബന്ധം-I, II* ആയി ചേർക്കുന്നു.

## സി.ബി.ഐ. അന്വേഷണം

174 (175) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് വിജ്ഞാപനം വഴി അയച്ച മൊത്തം അപേക്ഷകൾ എത്രയായിരുന്നു ;

(ബി) അവയിൽ എത്രയെണ്ണം സി.ബി.ഐ. അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി; സംസ്ഥാനത്തിന്റെ ആവശ്യം അംഗീകരിക്കാത്തവ എത്ര ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് സി.ബി.ഐ. അന്വേഷണത്തിനായി സംസ്ഥാന ഗവൺമെന്റിന് ലഭിച്ച അപേക്ഷകൾ എത്രയെന്നും അവയിൽ എത്രയെണ്ണത്തിനു വിജ്ഞാപനം ഇറക്കിയെന്നും കേന്ദ്രഗവൺമെന്റിന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവയിൽ എത്രയെണ്ണത്തിന് വിജ്ഞാപനം ഇറക്കിയെന്നും കേന്ദ്രഗവൺമെന്റിന് അയച്ചുകൊടുത്തവ ഏതെല്ലാമെന്നും അയച്ച തീയതികൾ ഏതായിരുന്നു എന്നും അറിയിക്കുമോ; അവയിൽ ഏതെല്ലാം അപേക്ഷയിന്മേൽ ഏതെല്ലാം തീയതിയിൽ കേന്ദ്രഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) സി.ബി.ഐ. അന്വേഷണ ആവശ്യങ്ങളിന്മേൽ സംസ്ഥാന സർക്കാർ തീരുമാനം കൈക്കൊള്ളുന്നത് ഏത് മാനദണ്ഡപ്രകാരമാണ്?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.ബി.ഐ. അന്വേഷണം നടത്തുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുകയും കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തതുമായ കേസുകളുടെ വിവരവും സി.ബി.ഐ. ഏറ്റെടുത്തതും നിരസിച്ചതുമായ കേസുകളുടെ വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കൂടുതൽ മെച്ചപ്പെട്ട അന്വേഷണം എന്ന ഉദ്ദേശ്യത്തോടുകൂടി ഒട്ടനവധി അപേക്ഷകളിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടാറുണ്ട്. ഒരു സ്വതന്ത്ര ഏജൻസി തുടരന്വേഷണം നടത്തേണ്ടതുണ്ട് എന്നു ബോദ്ധ്യപ്പെടുന്ന കേസ്സുകളിൽ സർക്കാരിന്റെ/കോടതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേസ് സി.ബി.ഐ.-ക്ക് കൈമാറിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സി.ബി.ഐ. ഏറ്റെടുക്കുന്ന കേസ്സുകളിൽ കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയാണ് ചെയ്യാറുള്ളത്. വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) കേസിന്റെ പ്രാധാന്യവും ബന്ധപ്പെട്ടവരുടെ അപേക്ഷയും പുതിയ വെളിപ്പെടുത്തലുകളും നിയമവശങ്ങളും പരിഗണിച്ചാണ് സി.ബി.ഐ. അന്വേഷണത്തിന് തീരുമാനം എടുത്തിട്ടുള്ളത്. ഒരു സ്വതന്ത്ര ഏജൻസി തുടരന്വേഷണം നടത്തേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടാൽ CrPC 173(8) വകുപ്പ് പ്രകാരം തുടരന്വേഷണം നടത്തുവാൻ, അത്തരം കേസുകൾ സി.ബി.ഐ.-ക്ക് വിടാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സി.ബി.ഐ. അന്വേഷണത്തിനു വിട്ട കേസുകൾ

175 (176) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് നാളിതുവരെ സി.ബി.ഐ. അന്വേഷണത്തിന് വിട്ട കൊലപാതക കേസുകളുടെ വിശദാംശങ്ങൾ നല്കാമോ ;

(ബി) ഇതിൽ ഏതെല്ലാം കേസുകൾ സി.ബി.ഐ. തെളിയിച്ചിട്ടുണ്ട് ; ഇപ്പോഴും അന്വേഷണത്തിലിരിക്കുന്ന കൊലപാതക കേസുകളുടെ എണ്ണം എത്ര ;

(സി) കൊലപാതക കേസുകൾ സി.ബി.ഐ. അന്വേഷണത്തിന് വിടുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ ;

(ഡി) ഈ സർക്കാർ മുമ്പാകെ ഏതെല്ലാം കൊലപാതക കേസുകൾ, സി.ബി.ഐ. അന്വേഷണത്തിന് വിടണം എന്ന ആവശ്യം ഉയർന്നുവന്നിരുന്നു ; ഇതിൽ സി.ബി.ഐ. അന്വേഷണത്തിന് വിട്ടത് ഏതെല്ലാം; അതിന്റെ മാനദണ്ഡം എന്തായിരുന്നു; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ശ്രീ. ടി. പി. ചന്ദ്രശേഖരൻ വധത്തിനു പിന്നിലെ ഗൂഢാലോചന ഉൾപ്പെടെ ജയകൃഷ്ണൻ മാസ്റ്റർ, ഷുക്കൂർ, കുണ്ടാർ ബാലൻ, രാമഭദ്രൻ സതാംസിങ്ങ്, ശ്രേയ, അസ്റ്റിൻ ദേവരാജ്, കതിരൂർ മനോജ്, അബ്ദുൾ ഹക്കിം എന്നിവരുടെ മരണവുമായി ബന്ധപ്പെട്ട കേസുകൾ CBI-ക്ക് കൈമാറിക്കൊണ്ട് സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതിൽ എല്ലാ കേസ്സുകളും സി.ബി.ഐ. ഏറ്റെടുത്തിട്ടില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കേസിന്റെ സ്വഭാവവും വിവിധ കോണുകളിൽ നിന്നുള്ള അഭ്യർത്ഥനയും പുതിയ വെളിപ്പെടുത്തലുകളും നിയമവശങ്ങളും പരിഗണിച്ചും സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ കണക്കിലെടുത്തുമാണ് സി.ബി.ഐ. അന്വേഷണത്തിന് കേസുകൾ വിടുന്നത്. കോടതി ഉത്തരവു പ്രകാരവും കേസ്സുകൾ സി.ബി.ഐ.ക്ക് വിടാറുണ്ട്.

(ഡി) കൂടുതൽ മെച്ചപ്പെട്ട അന്വേഷണം എന്ന ഉദ്ദേശ്യത്തോടെ ഒട്ടനവധി അപേക്ഷകളിൽ CBI അന്വേഷണം ആവശ്യപ്പെടാറുണ്ട്. സർക്കാരിൽ ലഭിച്ച അപേക്ഷകളിൽ ശ്രീ. ടി. പി. ചന്ദ്രശേഖരൻ വധത്തിനു പിന്നിലെ ഗൂഢാലോചന ഉൾപ്പെടെ ജയകൃഷ്ണൻ മാസ്റ്റർ, ഷുക്കൂർ, കുണ്ടാർ ബാലൻ, രാമഭദ്രൻ, സതാംസിങ്ങ്,

ശ്രേയ, അസ്റ്റിൻ ദേവരാജ്, കതിരൂർ മനോജ്, അബ്ദുൾ ഹക്കിം എന്നിവരുടെ മരണവുമായി ബന്ധപ്പെട്ട കേസുകൾ CBI-ക്ക് കൈമാറിക്കൊണ്ട് സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതിൽ എല്ലാ കേസ്സുകളും സി.ബി.ഐ. ഏറ്റെടുത്തിട്ടില്ല. കേസിന്റെ സ്വഭാവവും വിവിധ കോണുകളിൽ നിന്നുള്ള അഭ്യർത്ഥനയും പുതിയ വെളിപ്പെടുത്തലുകളും നിയമവശങ്ങളും പരിഗണിച്ചും സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ കണക്കിലെടുത്തുമാണ് സി.ബി.ഐ. അന്വേഷണത്തിനു കേസുകൾ വിട്ടിട്ടുള്ളത്.

## എം.ജി. കോളേജിലെ ബോംബേറ്

176 (177) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എം.ജി. കോളേജിൽ, സി.ഐ.യെ ബോംബെറിഞ്ഞ കേസ് പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതു സാഹചര്യത്തിലാണ് പ്രസ്തുത തീരുമാനമെടുത്തതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനെതിരായി പോലീസ് അസോസിയേഷൻ ഏതെങ്കിലും നിവേദനം സർക്കാരിന് നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേസ് പിൻവലിക്കാനുള്ള നടപടി നിർത്തിവെക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ഇ) ഇതു സംബന്ധിച്ച് മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടെന്നുള്ള പത്രവാർത്ത ശരിയാണോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത കേസിലെ 17-ാം പ്രതി ആദർശിന് സർക്കാർ ജോലി കിട്ടാതെ പോകുന്ന സാഹചര്യമുണ്ടായപ്പോൾ ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകിയാണ് ടി കേസ് പിൻവലിക്കുവാൻ സർക്കാർ സമ്മതപത്രം നൽകിയത്.

(സി) ഉണ്ട്.

(ഡി) പ്രസ്തുത നിവേദനം സർക്കാരിൽ ലഭിക്കുന്നതിന് മുമ്പാണ് കോടതി ഈ കേസ് പിൻവലിച്ച് ഉത്തരവായിട്ടുള്ളത്.

(ഇ) അല്ല.

## പി. മുരളിയുടെ കൊലപാതകം

177 (178) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കുമ്പളയിലെ പി. മുരളിയെ കൊലപ്പെടുത്തിയത് സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണെന്നും ആർക്കെല്ലാം എതിരെയാണ് കേസ് എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(ബി) കൊലപാതകത്തിന് പിന്നിലെ ഗൂഢാലോചനയെക്കുറിച്ച് അന്വേഷിക്കുന്നുണ്ടോ ; ഗൂഢാലോചനയിൽ ഏർപ്പെട്ടവർ ആരൊക്കെയാണ് ; അന്വേഷണത്തിന്റെ ഭാഗമായി ആരെയൊക്കെ ചോദ്യം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

### ഉത്തരം

(എ) കാസർഗോഡ് കുമ്പളയിൽ പി. മുരളി എന്നയാളിനെ കൊലപ്പെടുത്തിയത് സംബന്ധിച്ച് കുമ്പള പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 545/2014 u/s 341, 302, 506 (ii), 212 r/w 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ (1) ശരത് രാജ് @ ശരത് (2) ദിനേശ് @ ദിനു, (3) വരദരാജ് @ ഭരത്, (4) മിഥുൻകുമാർ, (5) നിതിൻ രാജ് (6) കിരൺകുമാർ, (7) മഹേഷ്, (8) അജിത് കുമാർ എന്നിവർ പ്രതികളായിട്ടുള്ളതും എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത കേസ് ഇപ്പോൾ കണ്ണൂർ മേഖലാ ഡി.ഐ.ജി.യുടെ മേൽനോട്ടത്തിൽ തുടർ അന്വേഷണം നടത്തിവരികയാണ്.

(ബി) മേൽപ്പറഞ്ഞ കേസ് സംബന്ധിച്ച് അമ്പത്താറോളം സാക്ഷികളെ ചോദ്യം ചെയ്തിട്ടുള്ളതും പ്രസ്തുത കൊലപാതകത്തിന്റെ ഗൂഢാലോചനയും മറ്റും സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. ആരെയൊക്കെ ചോദ്യം ചെയ്തിട്ടുണ്ട് എന്ന വിവരവും കേസിന്റെ മറ്റ് അന്വേഷണ വിവരങ്ങളും ഈ കേസിന്റെ തുടർ അന്വഷണത്തെ ബാധിക്കുമെന്നതിനാൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

## എസ്.സി./എസ്.റ്റി. വിഭാഗങ്ങളിൽപ്പെട്ടവർക്ക് നേരെയുള്ള അതിക്രമങ്ങൾ

178 (179) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെട്ട എത്ര പേർ അതിക്രമങ്ങളിൽ കൊല ചെയ്യപ്പെട്ടിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) എസ്.സി./എസ്.ടി.-ആദിവാസി വിഭാഗങ്ങളിൽപ്പെട്ട എത്ര സ്ത്രീകളും കുട്ടികളും അതിക്രമങ്ങൾക്ക് ഇരയായിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത അതിക്രമങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എത്ര പേരെ അറസ്റ്റു ചെയ്തു ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ഡി) എത്ര കേസ്സുകളിൽ എഫ്.ഐ.ആർ. സമർപ്പിച്ചു ; എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയായി ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഇ) എത്ര കേസ്സുകളിൽ വിധി പറഞ്ഞു ; എത്ര കേസ്സുകളിൽ പ്രതികൾക്ക് ശിക്ഷ ലഭിച്ചു ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(എഫ്) എത്ര കേസ്സുകളിൽ പ്രതിസ്ഥാനത്ത് SC-ST-ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർ ഉൾപ്പെട്ടിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ജി) എത്ര കേസ്സുകളിൽ പ്രതി സ്ഥാനത്ത് അംഗീകൃത രാഷ്ട്രീയ പാർട്ടികളിൽ പെട്ടവർ ഉൾപ്പെട്ടിട്ടുണ്ട് ; ആയതിന്റെ വിശദാംശങ്ങൾ-ക്രൈം നമ്പർ, പോലീസ് സ്റ്റേഷൻ, ഏതു പാർട്ടിയിൽപ്പെട്ടവർ, കേസ്സിന്റെ സ്വഭാവം എന്നിവ വ്യക്തമാക്കുമോ ; എത്ര കേസ്സുകളിൽ പോലീസ് ഉദ്യോഗസ്ഥർ പ്രതിസ്ഥാനത്ത് ഉൾപ്പെട്ടിട്ടുണ്ട് ; എത്ര പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.സി./എസ്.റ്റി. വിഭാഗങ്ങളിൽപ്പെട്ട 28 പേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I (എ) ആയി ചേർത്തിരിക്കുന്നു. *

(ബി) എസ്.സി./എസ്.റ്റി. ആദിവാസി വിഭാഗങ്ങളിൽപ്പെട്ട 1,433 സ്ത്രീകളും 296 കുട്ടികളും അതിക്രമങ്ങൾക്ക് ഇരയായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I (ബി)* യിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

(സി) പ്രസ്തുത അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 1,557 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1,378 പേരെ അറസ്റ്റ് ചെയ്തു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I (സി)* യിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

(ഡി) രജിസ്റ്റർ ചെയ്ത എല്ലാ കേസ്സുകളിലും എഫ്.ഐ.ആർ. സമർപ്പിച്ചു (1,657 കേസ്സുകൾ) 1,370 കേസ്സുകളിൽ അന്വേഷണം പൂർത്തിയായി. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I (ഡി)* യിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) 52 കേസ്സുകളിൽ ബഹു. കോടതി വിധി പ്രസ്താവിച്ചിട്ടുണ്ട്. 5 കേസ്സുകളിലെ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I (ഇ)* യിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

(എഫ്) 137 കേസ്സുകളിൽ പ്രതിസ്ഥാനത്ത് എസ്.സി./എസ്.റ്റി. ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർ ഉൾപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I (എഫ്)* ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

(ജി) 5 കേസ്സുകളിൽ പ്രതിസ്ഥാനത്ത് അംഗീകൃത രാഷ്ട്രീയ പാർട്ടിയിൽ പെട്ടവർ ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ ക്രൈം നമ്പർ, പോലീസ് സ്റ്റേഷൻ, ഏതു പാർട്ടിയിൽപ്പെട്ടവർ, കേസിന്റെ സ്വഭാവം എന്നിവയുൾപ്പെടെയുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം II-ൽ* ഉൾക്കൊള്ളിച്ചിരിക്കുന്നു. 4 കേസ്സുകളിൽ പോലീസ് ഉദ്യോഗസ്ഥർ പ്രതി സ്ഥാനത്ത് ഉൾപ്പെട്ടിട്ടുണ്ട് (തൃശ്ശൂർ റൂറൽ -2, കോഴിക്കോട് സിറ്റി -1, കാസർഗോഡ്- 1). 2 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട് (തൃശ്ശൂർ റൂറൽ -1, കാസർഗോഡ് -1).

## വാഹന അപകടങ്ങൾ

179 (180) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014 ജനവരി മുതൽ നവംബർ വരെ സംസ്ഥാനത്ത് എത്ര വാഹന അപകടങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട് ; ഇതിൽ കൊല്ലപ്പെട്ടവർ എത്ര ; പരിക്കേറ്റവർ എത്ര ?

<u>ഉത്തരം</u>

32,230 വാഹന അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 3,517 പേർ മരണപ്പെടുകയും, 36,398 പേർക്ക് പരിക്ക് പറ്റുകയും ചെയ്തിട്ടുണ്ട്.

## കേരള യൂണിവേഴ്സിറ്റി പ്രൊ-വൈസ്ചാൻസലറുടെ വീട് ആക്രമിച്ച കേസ്

180 (181) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ഒക്ടോബർ 18-ന് കേരള യൂണിവേഴ്സിറ്റി പ്രൊ-വൈസ്ചാൻസലറുടെ വീട് ആക്രമിച്ച യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായോ ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം, ആർക്കെല്ലാം എതിരെ കേസ് എടുക്കുകയുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) അന്നേദിവസം സർവ്വകലാശാലയുടെ പ്രധാന കവാടം ഉൾപ്പെടെ അടിച്ചു തകർത്ത് യൂണിവേഴ്സിറ്റിയ്ക്ക് വൻ നാശനഷ്ടങ്ങൾ വരുത്തിവച്ച യൂത്ത്കോൺഗ്രസ്സ് കാർക്കെതിരെ കേസ് എടുക്കുകയുണ്ടായോ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം; ആർക്കെല്ലാം എതിരെ എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1225/2014 u/s 447, 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും നാളിതുവരെയുള്ള അന്വേഷണത്തിൽ ടി കേസിലെ പ്രതികളെ തിരിച്ചിറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്തിട്ടില്ലാത്തതുമാണ്.

(ബി) 18-10-2014-ാം തീയതി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് ഇലക്ഷൻ നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സിൻഡിക്കേറ്റംഗം അഡ്വ. കൃഷ്ണകുമാർ നടത്തിവന്ന നിരാഹാര സമരത്തിന് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് കേരള സ്റ്റുഡന്റ്സ് യൂണിയൻ പ്രവർത്തകരും യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരും ഉൾപ്പെടെ നൂറോളം സമരക്കാർ കേരള യൂണിവേഴ്സിറ്റി ഓഫീസിന്റെ പ്രധാന കവാടത്തിനു സമീപം സംഘം ചേർന്ന് യൂണിവേഴ്സിറ്റി ഓഫീസിലേയ്ക്കുള്ള പൊതുജനങ്ങളുടേയും മറ്റും സുഗമമായ സഞ്ചാരത്തിന് തടസ്സം സൃഷ്ടിച്ച് മുദ്രാവാക്യങ്ങൾ വിളിച്ച് സമരക്കാർ കേരള യൂണിവേഴ്സിറ്റി രജിസ്ട്രാർ ഓഫീസിലേക്ക് തള്ളിക്കയറുന്നതിനായി പോർട്ടിക്കോയിലെ പ്രധാന വാതിൽ തല്ലിപ്പൊട്ടിച്ച് രജിസ്ട്രേഷൻ സെക്ഷനിലെ ജനലും വാതിലും നശിപ്പിച്ച് പൊതു നഷ്ടം സംഭവിപ്പിച്ചതിന് കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1257/2014 u/s 143, 147, 149, 283, 447 IPC & Sec. 3 (1) of PDPP Act പ്രകാരം അഡ്വ. കൃഷ്ണകുമാറിനെയും നൂറോളം യൂത്ത് കോൺഗ്രസ്സ് പ്രവർത്ത കരെയും പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

## ആർ.എസ്.എസ്., ബി.ജെ.പി., എ.ബി.വി.പി. പ്രവർത്തകർക്കെതിരായ കേസുകൾ

181 (182) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.എസ്.എസ്., ബി.ജെ.പി., എ.ബി.വി.പി. പ്രവർത്തകർ പ്രതിയായിട്ടുള്ള എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) എല്ലാ കേസുകളിലും കൂടി എത്ര പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട് ; വിശദാംശങ്ങൾ നല്കാമോ ;

(സി) ഇതിൽ കൊലപാതക കേസുകൾ എത്ര ; കൊലപാതക കേസുകളിൽ ഇനിയും അറസ്റ്റ് ചെയ്യപ്പെട്ടിട്ടില്ലാത്ത പ്രതികൾ എത്ര ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.എസ്.എസ്., ബി.ജെ.പി., എ.ബി.വി.പി. പ്രവർത്തകർ പ്രതിയായിട്ടുള്ള 1436 ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ 1436 ക്രിമിനൽ കേസുകളിൽനിന്നും 2310 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

ഇതിൽ 6 രാഷ്ട്രീയ കൊലപാതക കേസുകൾ ഉണ്ട്. 6 കേസുകളിലായി ആകെയുള്ള 67 പ്രതികളിൽ 66 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. അറസ്റ്റ് ചെയ്യപ്പെടാനുണ്ടായിരുന്ന ഒരു പ്രതി ആത്മഹത്യ ചെയ്തു.

**ആർ.എസ്.എസ്., ബി.ജെ.പി., എ.ബി.വി.പി. പ്രവർത്തകർ പ്രതിയായിട്ടുള്ള കൊലപാതക കേസുകൾ**

182 (183) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.എസ്.എസ്., ബി.ജെ.പി., എ.ബി.വി.പി. പ്രവർത്തകർ പ്രതിയായിട്ടുള്ള എത്ര കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ എത്ര പ്രതികൾ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട് ; ഇനിയും അറസ്റ്റ് ചെയ്യപ്പെട്ടിട്ടില്ലാത്തവർ എത്ര ; നാട് വിട്ട് പോയിട്ടുള്ള പ്രതികൾ എത്ര ;

(സി) ഇവയിൽ കൊലക്കുറ്റത്തിന് ശിക്ഷിക്കപ്പെട്ടവർ എത്രഎന്നും ജയിലുകളിൽ തടവുകാരായി കഴിയുന്നവർ എത്രഎന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.എസ്.എസ്., ബി.ജെ.പി., എ.ബി.വി.പി. പ്രവർത്തകർ പ്രതികളായിട്ടുള്ള 6 രാഷ്ട്രീയ കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ 6 രാഷ്ട്രീയ കൊലപാതക കേസുകളിൽ ആകെയുള്ള 67 പ്രതികളിൽ 66 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ കതിരൂർ പി. എസ്. ക്രൈം 250/11-ൽ അറസ്റ്റ് ചെയ്യപ്പെടാത്ത ഒരു പ്രതി ആത്മഹത്യ ചെയ്തിട്ടുണ്ട്. നാട് വിട്ടുപോയിട്ടുള്ള പ്രതികൾ ആരും തന്നെ ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രതികളെ ആരെയും ശിക്ഷിച്ചിട്ടില്ല. പ്രതികളിൽ ആരും തന്നെ ഇപ്പോൾ ജയിലിൽ കഴിയുന്നില്ല.

## സോളാർ തട്ടിപ്പ് അന്വേഷണ സംഘം തെളിവുകൾ പൂഴ്ത്തിയതായുള്ള ആക്ഷേപം

183 (184) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് അന്വേഷിച്ച പോലീസ് സംഘം പ്രസ്തുത കേസ് അട്ടിമറിച്ചതായുള്ള ആക്ഷേപങ്ങളും റിപ്പോർട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്വേഷണത്തിന്റെ ഭാഗമായി പോലീസ് പിടിച്ചെടുത്ത നിർണ്ണായകമായ തെളിവുകൾ കോടതിയിൽ ഹാജരാക്കാതെ പൂഴ്ത്തിയതായുള്ള ആക്ഷേപം പരിശോധിക്കുകയുണ്ടായോ ;

(സി) പോലീസ് കസ്റ്റഡിയിലെടുത്തതായ ലാപ് ടോപ്പുകളുടെയും മൊബൈൽ ഫോണുകളുടെയും നിജസ്ഥിതി വ്യക്തമാക്കാമോ; സോളാർ ഇടപാടുകളിലെ ഉന്നതരുടെ പങ്ക് തെളിയിക്കുന്ന നിർണ്ണായക തെളിവുകളും ദൃശ്യങ്ങളും അപ്രത്യക്ഷമായിട്ടുണ്ടെങ്കിൽ അത് എങ്ങനെയാണെന്ന് വെളിപ്പെടുത്താമോ; കോടതിയിൽ ഹാജരാക്കാതെ ഏതെങ്കിലും ഉദ്യോഗസ്ഥൻ അവ കൈവശം വെച്ച് വരുന്നതായി അറിയുമോ ; തന്റെ ദൃശ്യങ്ങൾ പുറത്തുവിട്ടതു സംബന്ധമായി പ്രതി സരിത നൽകിയ ആക്ഷേപം എന്തായിരുന്നു ;

(ഡി) കോടതിയിൽ ഹാജരാക്കാതെ പോലീസ് കസ്റ്റഡിയിൽ സൂക്ഷിച്ച ദൃശ്യങ്ങൾ വാട്സ് ആപ്പ് വഴി പ്രചരിപ്പിക്കപ്പെട്ടതായുള്ള റിപ്പോർട്ടുകളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; അന്വേഷണത്തിന്റെ ഭാഗമായി പിടിച്ചെടുക്കപ്പെട്ട ദൃശ്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ തെളിവുകളും കോടതിയിൽ സമർപ്പിക്കാൻ നിർദ്ദേശം നല്കാമോ ?

### ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സോളാർ തട്ടിപ്പ് കേസുകളുടെ തെളിവുകളെല്ലാം അന്വേഷണ സംഘം ശേഖരിച്ച് അന്വേഷണം പൂർത്തിയാക്കുകയും കുറ്റപത്രം കോടതികളിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അന്വേഷണ വേളയിൽ പോലീസ് ബന്തവസിലെടുത്ത എല്ലാ തെളിവു സാമഗ്രികളും രേഖകളും കോടതികളിൽ ഹാജരാക്കുകയും ഫോറൻസിക്

പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ടി കേസുകളിലെ ഏതെങ്കിലും തെളിവ് സാമഗ്രികൾ കോടതിയിൽ നൽകാതിരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സോളാർ കേസിലെ പ്രതിയായ ശ്രീമതി. സരിത, ടിയാളുടെ പക്കൽ നിന്നും കസ്റ്റഡിയിലെടുത്ത സാമഗ്രികളിൽ നിന്നുള്ള ദൃശ്യങ്ങൾ പുറത്തുവിട്ടു എന്ന് ആരോപിച്ചും, ടി കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് പരാതി നൽകിയിട്ടുണ്ട്.

(ഡി) സോളാർ കേസുകൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളിലെ തെളിവ് സാമഗ്രികൾ/രേഖകൾ കോടതിയിൽ ഹാജരാക്കാതെ പോലീസ് കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടില്ല. അന്വേഷണത്തിന്റെ ഭാഗമായി പിടിച്ചെടുക്കപ്പെട്ട എല്ലാ തെളിവ് സാമഗ്രികളും/രേഖകളും യഥാസമയം തന്നെ കോടതികളിൽ ഹാജരാക്കിയിട്ടുണ്ട്.

**സ്കൂൾ അദ്ധ്യാപകൻ കെ. കെ. അനീഷിന്റെ മരണം**

184 (185) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മുന്നിയൂർ സ്കൂൾ അദ്ധ്യാപകൻ കെ. കെ. അനീഷിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) അന്വേഷണ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത റിപ്പോർട്ടിൽ ഏതെല്ലാം വ്യക്തികളെയാണ് പ്രതി ചേർത്തിരിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച പാലക്കാട് ജില്ലയിലെ മലമ്പുഴ പോലീസ് സ്റ്റേഷനിൽ ക്രൈം 405/2014 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവെ അനീഷ് ജോലി ചെയ്തിരുന്ന സ്കൂളിലെ മാനേജർ, ഹെഡ്മാസ്റ്റർ തുടങ്ങിയവർ മാനസികമായി പീഢിപ്പിച്ചിരുന്നു എന്ന് ബന്ധുക്കൾ മൊഴി നൽകിയതിനാൽ 304 r/w 34 IPC ആയി സെക്ഷൻ ഭേദഗതി ചെയ്ത് ജില്ലാ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി വരികയാണ്.

(ബി) അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടില്ല.

(സി) പ്രസ്തുത കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികൾ ആരൊക്കെയാണെന്ന് സ്ഥിരീകരിച്ചിട്ടില്ല.

**ബാർ കുംഭകോണം**

185 (186) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കുംഭകോണകേസിൽ വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണ പുരോഗതി വിശദമാക്കാമോ; ഇത്തരമൊരു അഴിമതി കേസിൽ വിജിലൻസ് നിർബന്ധമായി പാലിച്ചിരിക്കേണ്ടതായ നിയമവ്യവസ്ഥകൾ വിശദമാക്കാമോ; അന്വേഷണ സംഘത്തോട് എന്തെല്ലാം കാര്യങ്ങൾ അന്വേഷണ വിധേയമാക്കാനാണ് സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്; അന്വേഷണ ഉദ്യോഗസ്ഥന്മാർ ആരൊക്കെ ;

(ബി) ബാർ ഉടമ ബിജു രമേശിന്റേതുൾപ്പടെ ബാർ അഴിമതിയുമായി ബന്ധപ്പെട്ട് ഇതിനകം പുറത്തുവന്ന വെളിപ്പെടുത്തലുകളെയും റിപ്പോർട്ടുകളെയും കുറിച്ചെല്ലാം അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; അന്വേഷണത്തിന്റെ ഭാഗമായി എഫ്.ഐ.ആർ. തയ്യാറാക്കിയത് എപ്പോഴാണ്; പകർപ്പ് സഭയുടെ മേശപ്പുറത്തു ലഭ്യമാക്കാമോ; എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച സുപ്രീംകോടതിയുടെ ഏറ്റവും ഒടുവിലത്തെ വിധിപ്രസ്താവം ഈ കേസിൽ പാലിച്ചിട്ടുണ്ടോ;

(സി) മുഖ്യമന്ത്രിയുടെയും സഹമന്ത്രിമാരുടെയും കേസിലെ പങ്കാളിത്തം സംബന്ധിച്ച ബാർ ഉടമകളിൽ നിന്നുയർന്നുവന്ന അക്ഷേപങ്ങളും അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; മുഴുവൻ ബാറുടമകളിൽ നിന്നും തെളിവ് ശേഖരിക്കുകയുണ്ടായിട്ടുണ്ടോ; എന്തെല്ലാം രേഖകൾ ജപ്തി ചെയ്തെടുക്കുകയുണ്ടായി; അന്വേഷണ ഉദ്യോഗസ്ഥന്മാർ മൊഴി രേഖപ്പെടുത്താൻ തയ്യാറായില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഡി) അന്വേഷണ ഉദ്യോഗസ്ഥന്മാർ ബാർ ഉടമകളിൽ നിന്നും മൊഴി പൂർണ്ണമായി രേഖപ്പെടുത്തുവാൻ തയ്യാറാകാതെ മുൻകൂട്ടിതയ്യാറാക്കപ്പെട്ട ചോദ്യാവലിയുടെ ഉത്തരം തേടുക മാത്രമായിരുന്നു എന്ന് ആക്ഷേപിച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) വിജിലൻസ് സംഘം നാളിതുവരെ എത്ര പേരെ ചോദ്യം ചെയ്യുകയുണ്ടായി; ആക്ഷേപം ഉന്നയിക്കപ്പെട്ടവരിലും ആക്ഷേപിക്കപ്പെട്ടവരിലും ചോദ്യം ചെയ്യപ്പെട്ടിട്ടില്ലാത്തവർ ആരൊക്കെ ;

(എഫ്) ആരോപിതനായ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണി കുറ്റവിമുക്തനാണെന്ന് മന്ത്രി സഭായോഗം വിലയിരുത്തിയിട്ടുണ്ടോ ; അന്വേഷണം ആവശ്യമില്ലെന്ന് മുഖ്യമന്ത്രി പരസ്യമായി പ്രസ്താവന നടത്തിയത് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ ;

(ജി) തെളിവുകൾ ചോദിച്ച് ആരെയും പ്രകോപിപ്പിക്കേണ്ടെന്ന് ധനകാര്യമന്ത്രി ഗവ. ചീഫ് വിപ്പിന്റെ സാന്നിദ്ധ്യത്തിൽ ജലവിഭവ വകുപ്പ് മന്ത്രിക്ക് നിർദ്ദേശം നൽകിയതായി പുറത്തുവന്നതായി പറയപ്പെടുന്ന ശബ്ദരേഖയടങ്ങുന്ന ദൃശ്യങ്ങൾ വിജിലൻസ് പരിശോധിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) വിജിലൻസിന്റെ അന്വേഷണം പൂർത്തിയായിട്ടില്ല. അന്വേഷണം അവസാനഘട്ടത്തിലാണ്. അഴിമതി ആരോപണം ഉന്നയിക്കുമ്പോൾ ആയത് പ്രഥമദൃഷ്ട്യാ സത്യമാണോയെന്ന് ഒരു പ്രാഥമിക അന്വേഷണം നടത്തി വിജിലൻസ് വകുപ്പ് പരിശോധിക്കാറുണ്ട്. ആരോപണ വിധേയനായ ആൾക്ക് കോഴ കൊടുത്തിട്ടുണ്ടോയെന്നും ആയത് പ്രസ്തുത വ്യക്തി കൈപ്പറ്റിയിട്ടുണ്ടോ എന്നുമാണ് അന്വേഷിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ദക്ഷിണ മേഖല, തിരുവനന്തപുരം ഓഫീസിലെ പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ ദക്ഷിണ മേഖല, തിരുവനന്തപുരം ഓഫീസിലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. എസ്. സുരേഷ് കുമാർ, പോലീസ് ഇൻസ്പെക്ടർമാരായ ശ്രീ. ഷൈൻ തോമസ്, ശ്രീ. ബി. ഗോപകുമാർ എന്നിവരാണ് അന്വേഷണം നടത്തുന്നത്.

(ബി) അന്വേഷണം നടത്തിയിട്ടുണ്ട്. 22 ബാർ ഉടമകളുടേയും ഈ ആരോപണവുമായി ബന്ധപ്പെട്ട പരാതിക്കാരുടേയും മൊഴികൾ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണത്തിന്റെ ഭാഗമായി പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്തിട്ടില്ല. സത്വര അന്വേഷണം പുരോഗതിയിലാണ്.

(സി) അന്വേഷണവേളയിൽ മുഖ്യമന്ത്രിയുടേയും, മറ്റ് മന്ത്രിമാരുടേയും പങ്കാളിത്തം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 22 ബാർ ഉടമകളിൽനിന്നും വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ചില പ്രധാനപ്പെട്ട ബാർ ഉടമകൾ അന്വേഷണത്തോട് നിസ്സഹകരിക്കുകയാണ്. ജപ്തി ചെയ്ത് രേഖകളൊന്നും ശേഖരിച്ചിട്ടില്ല. തയ്യാറായ എല്ലാവരിൽനിന്നും അന്വേഷണ ഉദ്യോഗസ്ഥർ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഹാജരായ ബാർ ഉടമകൾ പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടുണ്ട്. ചോദ്യാവലി നൽകിയല്ല മൊഴി രേഖപ്പെടുത്തിയത്.

(ഇ) വിജിലൻസ് സംഘം നാളിതുവരെ 26 പേരെ ചോദ്യം ചെയ്യുകയുണ്ടായി. ആക്ഷേപം ഉന്നയിച്ചവരും ആക്ഷേപിക്കപ്പെട്ടവരുമായ എല്ലാവരെയും ചോദ്യം ചെയ്യുകയുണ്ടായി.

(എഫ്) ഇക്കാര്യം സംബന്ധിച്ച് മന്ത്രിസഭായോഗത്തിൽ തീരുമാനം എടുത്തിട്ടില്ല.

(ജി) അന്വേഷണം പുരോഗതിയിൽ ആണ്. തെളിവുകൾ പരിശോധിച്ചു വരുന്നതേയുള്ളൂ.

## സായുധ മാവോയിസ്റ്റുകളുടെ സാന്നിധ്യം

186 (187) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സായുധ മാവോയിസ്റ്റുകളെ വിന്യസിപ്പിച്ചിട്ടുണ്ട് എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ &ബി) ഉണ്ട്.

(സി) സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ചില ജില്ലകളിൽ വന പ്രദേശങ്ങളിലും വനത്തിനോട് അടുത്ത പ്രദേശങ്ങളിലും മറ്റും സായുധ മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അന്വേഷണങ്ങളും പരിശോധനകളും നടത്തിവരുന്നു. വന മേഖലയിലും സമീപപ്രദേശങ്ങളിലും മാവോയിസ്റ്റുകൾ താവളമാക്കി ഉപയോഗിക്കുന്നത് തടയാൻ വനം വകുപ്പുമായി ചേർന്ന് പോലീസ് നിലവിൽ പരിശോധനകൾ നടത്തിവരുന്നു.

## പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ സൈബർ ഡോം

187 (188) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിന് ആഭ്യന്തര വകുപ്പിന് കീഴിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ സൈബർ ഡോം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(ബി) സ്വകാര്യ പങ്കാളിയെ കണ്ടെത്തിയത് ടെണ്ടർ നടപടിക്രമങ്ങളിലൂടെ ആയിരുന്നോയെന്ന് വിശദമാക്കാമോ ;

(സി) സൈബർ ഡോമിന്റെ സ്വകാര്യ പങ്കാളിയായി പ്രവർത്തിക്കുന്ന സ്ഥാപനം ഏതാണ് ;

(ഡി) സൈബർ ഡോമിനായി ഇതിനകം ചെലവായ തുക എത്രയാണ് ; സൈബർ ഡോം വഴി ഏതെല്ലാം നിലയിലുള്ള കുറ്റകൃത്യങ്ങൾ തടയുവാൻ സാധ്യമായിട്ടുണ്ട് വിശദമാക്കാമോ ?

ഉത്തരം

(എ) സൈബർ കുറ്റകൃത്യങ്ങൾ കുറയ്ക്കുകയും അത്തരം കുറ്റക്കാരെ മുൻകൂട്ടി കണ്ടെത്തി അവർക്കെതിരെ നിയമ നടപടികളും മറ്റും സ്വീകരിക്കുന്നതിനായി സൈബർ ഡോം സ്ഥാപിക്കുവാൻ സർക്കാർ ഉത്തരവ് (എംഎസ്.) 167/2014/ആഭ്യന്തരം തീയതി 22-8-2014 പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി & സി) സ്വകാര്യ പങ്കാളിത്തം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

(ഡി) പദ്ധതി പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. ആയതിനാൽ തുകയൊന്നും ചെലവായിട്ടില്ല.

**മാറാട്, കതിരൂർ കേസുകളിലെ സി.ബി.ഐ. അന്വേഷണം**

188 (189) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേസുകൾ സി.ബി.ഐ. അന്വേഷണത്തിനുവിടുന്ന തീരുമാനങ്ങൾ രാഷ്ട്രീയ പ്രേരിതമായി മാറിയിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാറാട് കൂട്ടക്കൊല സംഭവത്തിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള സർക്കാരിന്റെ ആവശ്യത്തിൻമേൽ അന്നത്തെ കേന്ദ്രഗവൺമെന്റിന്റെ നിലപാട് എന്തായിരുന്നു ;

(സി) പ്രസ്തുത കേസിനെ സി.ബി.ഐ.-ക്ക് വിടുന്നതിനെതിരായി നിലപാട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എടുത്തത് എന്തുകൊണ്ടായിരുന്നു ; ഇക്കാര്യം അന്നത്തെ കേന്ദ്രഗവൺമെന്റ് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടായിരുന്നുവോ ;

(ഡി) കതിരൂരിലെ മനോജ് എന്നയാളുടെ കൊലപാതകം, ലോക്കൽ പോലീസിന്റെ അന്വേഷണത്തിലിരിക്കെ സി.ബി.ഐ.-ക്ക് വിടാനുണ്ടായ സാഹചര്യം എന്തായിരുന്നു ;

(ഇ) ഈ കേസിൽ പോലീസ് ഒന്നാം പ്രതിയാക്കിയ വിക്രമൻ എന്നയാളെ പോലീസ് അറസ്റ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(എഫ്) സംസ്ഥാന സർക്കാർ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്തയക്കാൻ തീരുമാനിച്ചത് എപ്പോഴാണെന്ന് വിശദമാക്കാമോ ; കേന്ദ്ര സർക്കാരിനയച്ച കത്തിൽ ഇതേവരെ അറസ്റ്റ് നടന്നിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ടായിരുന്നോ ; വസ്തുതാവിരുദ്ധമായ കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചത് എന്തിനുവേണ്ടി ആയിരുന്നുവെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) സംഭവം നടന്ന് നാലു വർഷങ്ങൾ കഴിഞ്ഞശേഷം അർത്ഥവത്തായ ഒരു അന്വേഷണം സാദ്ധ്യമല്ലെന്ന കാരണത്താലാണ് മാറാട് കേസ് സി.ബി.ഐ.-ക്ക് വിടാൻ കഴിയുകയില്ലെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നത്.

(ഡി) സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ട് പരിഗണിച്ചാണ് കതിരൂർ മനോജ് വധക്കേസ് സി.ബി.ഐ.-ക്ക് കൈമാറാൻ തീരുമാനിച്ചത്.

(ഇ) കതിരൂർ മനോജ് വധക്കേസിലെ ഒന്നാം പ്രതി വിക്രമനെ പോലീസ് അറസ്റ്റു ചെയ്തിരുന്നില്ല. ടിയാൻ 11-9-2014-ന് കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ കീഴടങ്ങുകയാണ് ചെയ്തത്.

(എഫ്) സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ 7-9-2014-ന് തീരുമാനിച്ചിരുന്നെങ്കിലും വിജ്ഞാപനം പുറപ്പെടുവിച്ചശേഷം കേന്ദ്ര സർക്കാരിന് കത്തയച്ചത് 12-9-2014-നാണ്. 6-9-2014-ലെ കത്തുപ്രകാരം സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ പ്രൊഫോർമാ റിപ്പോർട്ടാണ് കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിരുന്നത്. അതിൽ ഇതുവരെ ആരെയും അറസ്റ്റു ചെയ്തിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിരുന്നത്.

## കാപ്പാ ആക്ട് പ്രകാരം പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ

189 (190) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ KAAPA ആക്ട് പ്രകാരം ആർക്കെല്ലാമാണ് നോട്ടീസ് നൽകിയിട്ടുള്ളത് ; വിശദാംശം നൽകാമോ ; അവർക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായി ബന്ധം ഉണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(ബി) KAAPA ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിലെ പ്രതികൾക്ക് ഏതെല്ലാം വകുപ്പുകൾ ഉൾപ്പെടുത്തിയാണ് എഫ്.ഐ.ആർ. നൽകിയിട്ടുള്ളത് ;

(സി) എഫ്.ഐ.ആർ.-ന് ആധാരമായിട്ടുള്ള പരാതികളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ?

### ഉത്തരം

(എ) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ വകുപ്പ് 15 (1) പ്രകാരം സഞ്ചലന നിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ 60 പേർക്ക് നോട്ടീസ് നല്കിയിട്ടുണ്ട്. രാഷ്ട്രീയ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നവർക്കെതിരെയോ, രാഷ്ട്രീയ പ്രവർത്തനത്തിൽ പങ്കെടുത്തു എന്ന കാരണത്താലോ മാത്രം ആർക്കെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. നോട്ടീസ് നൽകപ്പെട്ടവരെ സംബന്ധിച്ചും അവരിൽ രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുള്ളവരെ സംബന്ധിച്ചുമുള്ള ലഭ്യമായ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി & സി) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ഒരു കരുതൽ തടങ്കൽ നിയമമാണ്. അതുകൊണ്ട് തന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ, അറിയപ്പെടുന്ന ഗുണ്ടയോ അറിയപ്പെടുന്ന റൗഡിയോ ആയിട്ടുള്ള ആളുകളെ അവർ ചെയ്ത കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷയായല്ല മറിച്ച് സമൂഹ സുരക്ഷയ്ക്കും പബ്ലിക് ഓർഡറിനും ഭീഷണിയായ ഇത്തരക്കാരെ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിൽനിന്നും തടയുന്നതിനായാണ് കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമ പ്രകാരം കരുതൽ തടങ്കൽ/സഞ്ചലന നിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. നിയമത്തിലെ വകുപ്പ് 3 പ്രകാരമാണ് പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ എഫ്.ഐ.ആർ. നൽകിയിട്ടുള്ളത്. സ്വമേധയാ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ ആയതിനാൽ പരാതികൾ ലഭ്യമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സദാചാര പോലീസ്

190 (191) ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. ഹംസ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടെ സദാചാര പോലീസ് ആക്രമണത്തിനെതിരെ കൊച്ചി മറൈൻ ഡ്രൈവിൽ പ്രതിഷേധം പ്രകടിപ്പിക്കാനെത്തിയവരെ തടയാൻ ആക്രമണം അഴിച്ചുവിട്ട വർഗീയ സംഘടനാ പ്രവർത്തകർക്കെതിരെ പോലീസ് നിയമാനുസൃത നടപടികൾ എടുക്കുകയുണ്ടായോ ;

(ബി) അക്രമികളായ വർഗീയ വാദികളും കുറ്റവാളികളും ആഭാസ മുദ്രാവാക്യങ്ങളുമായി മണിക്കൂറുകളോളം മറൈൻഡ്രൈവ് കയ്യടക്കിയിരുന്നിട്ടും പോലീസ് കേസെടുക്കുവാനോ അറസ്റ്റു ചെയ്യുവാനോ തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ് ;

(സി) അക്രമികളുടെ ദൃശ്യങ്ങൾ പോലീസിനു ലഭ്യമായിരുന്നുവോ ; ദൃശ്യങ്ങളിൽ തെളിയുന്ന എത്രപേർക്കെതിരെ കേസെടുക്കാതിരുന്നിട്ടുണ്ട് ; മുൻകൂർ അനുമതിയോടുകൂടിയാണോ വർഗീയ സംഘടനകൾ പ്രകടനം നടത്തിയിരുന്നത് ; മുൻകൂർ അനുമതിയില്ലാതെ പ്രകടനം നടത്തിയ സംഘടനകൾക്കെതിരെ കേസെടുക്കുകയുണ്ടായോ ; എങ്കിൽ ഏതെല്ലാം സംഘടനകൾക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരം എന്ന് വ്യക്തമാക്കാമോ ;

(ഡി) സംഭവത്തിൽ സദാചാര പോലീസുകാർക്ക് അനുകൂലമായി നിയമവിരുദ്ധ നിലപാടെടുത്ത പോലീസ് ഉദ്യോഗസ്ഥരെക്കുറിച്ച് അന്വേഷിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. കൊച്ചി മറൈൻ ഡ്രൈവിൽ കിസ് ഓഫ് ലവ് പ്രവർത്തകർ നടത്തിയ ചുംബന സമരത്തിൽ പ്രതിഷേധിക്കുവാനായി എത്തിയ ശിവസേന, വി.എച്ച്.പി., ബജ്റംഗൾ, എസ്.ഡി.പി.ഐ. എന്നീ സംഘടനകളുടെ കണ്ടാലറിയാവുന്ന 200 ഓളം പ്രവർത്തകർക്കെതിരെ 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) നിയമലംഘനം നടത്തിയവർക്കെതിരെ പോലീസ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊച്ചി മറൈൻ ഡ്രൈവിൽ കിസ് ഓഫ് ലവ് പ്രവർത്തകർ നടത്തിയ ചുംബന സമരത്തെ അനുകൂലിച്ച് പ്രകടനം നടത്തിയ 19 ഓളം പ്രവർത്തകർക്കെതിരെ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം

നമ്പർ 2470 u/s 143, 147, 283, 149 IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ 19 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിനു പുറമെ കൊച്ചിൻ മറൈൻ ഡ്രൈവിൽ കിസ് ഓഫ് ലവ് പ്രവർത്തകർ നടത്തിയ ചുംബന സമരത്തിൽ പ്രതിഷേധിക്കുവാനായി എത്തിയ ശിവസേന, വി.എച്ച്.പി., ബജ്റംഗ്ദൾ എന്നീ സംഘടനകളുടെ കണ്ടാലറിയാവുന്ന 100 ഓളം പ്രവർത്തകർക്കെതിരെ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2471 u/s 143, 145, 147, 283 r/w 149 IPC പ്രകാരം ഒരു കേസും ഇതേ സംഗതിക്ക് എസ്.ഡി.പി.ഐ. എന്ന സംഘടനയുടെ കണ്ടാലറിയാവുന്ന 100 ഓളം പ്രവർത്തകർക്കെതിരെ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2479 u/s 143, 145, 147, 283 r/w 149 IPC പ്രകാരം ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി രണ്ടു കേസുകളിലും ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) നിയമലംഘനം നടത്തിയവരുടെ ദൃശ്യങ്ങൾ ലഭ്യമായിരുന്നു. നിയമലംഘനം നടത്തിയതായി വെളിവായിട്ടുള്ള എല്ലാവർക്കുമെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പ്രതിഷേധ പ്രകടനങ്ങൾ നടത്താൻ ആർക്കും അനുമതി നല്കിയിട്ടില്ല. മുൻകൂർ അനുമതി ഇല്ലാതെ പ്രകടനം നടത്തിയവർക്കെതിരെ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1. ക്രൈം നമ്പർ 2470 u/s 143, 147, 283, 149 IPC (കിസ് ഓഫ് ലവ് പ്രവർത്തകർക്കെതിരെ) ടി കേസ്സിൽ 19 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 2. ക്രൈം നമ്പർ 2471 u/s 143, 145, 147, 283 r/w 149 IPC (ശിവസേന, വി.എച്ച്.പി., ബജ്റംഗ്ദൾ എന്നീ സംഘടനകളുടെ കണ്ടാലറിയാവുന്ന 100 ഓളം പ്രവർത്തകർക്കെതിരെ) 3. ക്രൈം നമ്പർ 2479 u/s 143, 145, 147, 283 r/w 149 IPC (എസ്.ഡി.പി.ഐ. എന്ന സംഘടനയുടെ കണ്ടാലറിയാവുന്ന 100 ഓളം പ്രവർത്തകർക്കെതിരെ).

(ഡി) ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥർ നിയമവിരുദ്ധ നിലപാട് സ്വീകരിച്ചിട്ടില്ല.

**പോലീസ് സേനയിൽ വനിതാ ഡ്രൈവർമാർ**

191 (192) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളിൽ ഡ്രൈവർമാരായി വനിതകളെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തലസ്ഥാന നഗരിയിലെ വനിതകൾക്കായുള്ള പോലീസ് സെല്ലിൽ നാലു ചക്രവാഹനങ്ങളിൽ ഡ്രൈവർമാരായി പുരുഷന്മാരെ മാത്രം നിയമിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പോലീസ് വകുപ്പിൽ നാളിതുവരെ വനിതാ ഡ്രൈവർമാരെ റിക്രൂട്ട് ചെയ്തിട്ടില്ലാത്തതിനാൽ പോലീസ് വനിതാ സെല്ലിൽ നാലുചക്ര വാഹനങ്ങളിൽ വനിതകളെ ഡ്രൈവർമാരായി നിയമിക്കുവാൻ നിർവ്വാഹമില്ല.

**തീരദേശ പോലീസ് ബോട്ടിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ**

192 (193) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ പോലീസ് ബോട്ടിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ജോലിയുടെ അപകടസാദ്ധ്യത കണക്കിലെടുത്ത് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

തീരദേശ പോലീസ് ബോട്ടിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിഗണന നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പോലീസ് സേനയിലെ ക്രിമിനലുകൾ**

193 (194) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന പോലീസ് സേനയിൽ ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം എത്രയെന്നും ഇതിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

സംസ്ഥാന പോലീസ് സേനയിൽ ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള 940 പോലീസുദ്യോഗസ്ഥർ ഉണ്ട്. ഇതിൽ 176 പേർ സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരാണ്.

**കതിരൂർ കൊലപാതകം**

194 (195) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കതിരൂരിലെ മനോജ് കൊലചെയ്യപ്പെട്ട സംഭവത്തിൽ പോലീസ് ഒന്നാം പ്രതിയാക്കിയ വിക്രമൻ എന്നയാളെ അറസ്റ്റ് ചെയ്തത് ഏത് തീയതിയിൽ എവിടെവച്ച്, ഏത് സമയത്താണെന്ന് വ്യക്തമാക്കാമോ ;

(ബി) സി.ബി.ഐ. അന്വേഷണത്തിനായി കേന്ദ്ര ഗവൺമെന്റിന് കത്തയച്ച തീയതി ഏതാണ് ? പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കത്തിൽ, ഇതുവരെ അറസ്റ്റ് നടത്തിയിട്ടില്ലെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയുണ്ടായോ? ഇത്തരത്തിൽ കേന്ദ്രഗവൺമെന്റിനെ അറിയിച്ച സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കതിരൂർ മനോജ് കൊലപാതക കേസിൽ ഒന്നാം പ്രതിയായ വിക്രമൻ ബഹു. കണ്ണൂർ ജ്യൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ 11-9-2014-ന് കീഴടങ്ങുകയാണ് ചെയ്തിട്ടുള്ളത്.

(ബി) ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരിന് ആദ്യമായി കത്തയച്ചത് 12-9-2014-നാണ്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(സി) സംസ്ഥാന പോലീസ് മേധാവി 6-9-2014-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ പ്രൊഫോർമാ റിപ്പോർട്ടാണ് കേന്ദ്രസർക്കാരിന് അയച്ചു കൊടുത്തിരുന്നത്. പ്രസ്തുത പ്രൊഫോർമ റിപ്പോർട്ടിൽ ഇതുവരെ അറസ്റ്റ് നടത്തിയിട്ടില്ലെന്നാണ് രേഖപ്പെടുത്തിയിരുന്നത്.

**കതിരൂർ കൊലപാതകം**

195 (196) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ കതിരൂരിൽ കൊലചെയ്യപ്പെട്ട മനോജ് എന്നയാളുടെ പേരിൽ ഉണ്ടായിരുന്ന പോലീസ് കേസുകൾ എത്രയായിരുന്നു ; അവ ഏതെല്ലാം ;

(ബി) മനോജിനെതിരെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ഏതെല്ലാം ക്രൈം നമ്പറുകളിലായി ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസുകൾ എടുത്തിട്ടുണ്ടായിരുന്നു ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മനോജ് ഏതെല്ലാം കേസ്സുകളിൽ ശിക്ഷിക്കപ്പെടുകയുണ്ടായിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കണ്ണൂരിലെ കതിരൂരിൽ കൊലചെയ്യപ്പെട്ട മനോജ് എന്നയാളുടെ പേരിൽ 15 കേസുകൾ ഉണ്ടായിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 169/99 എന്ന ഒരു കേസിൽ മനോജ് ശിക്ഷിക്കപ്പെടുകയുണ്ടായി.

**പോലീസ് തലപ്പത്തെ അനധികൃത പ്രൊമോഷൻ**

196 (197) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസിൽ DGP, ADGP, IG, DIG തുടങ്ങിയ ഉയർന്ന തസ്തികകളിൽ സീനിയോറിറ്റി മറികടന്ന് പ്രൊമോഷനുകൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ;

(ബി) എങ്കിൽ ഇപ്രകാരം ചെയ്യുവാനുണ്ടായ സാഹചര്യം വിശദമാക്കുമോ ;

(സി) ഏതെല്ലാം നിയമങ്ങളുടേയും ചട്ടങ്ങളുടേയും അടിസ്ഥാനത്തിലാണ് ഇപ്രകാരം നടപടി സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത നടപടിയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർവ്വീസിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര പേർ പോയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഡി.ജി.പി. തസ്തികയിൽ സീനിയോറിറ്റി മറികടന്ന് പ്രൊമോഷൻ നടത്തിയിട്ടില്ല. എന്നാൽ അച്ചടക്ക നടപടിയുണ്ടായിരുന്നതിനാൽ എ.ഡി.ജി.പി. തസ്തികയിലും ഐ.ജി. തസ്തികയിലും ഡി. ഐ. ജി. തസ്തികയിലും ചില ഉദ്യോഗസ്ഥരെ മറികടന്ന് അവരുടെ ജൂനിയർ ബാച്ചിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള IPS Promotion Guidelines-ന്റെയും 1969-ലെ AIS (D & A) Rules-ന്റെയും അടിസ്ഥാനത്തിലാണ് ഇപ്രകാരം നടപടി സ്വീകരിച്ചത്.

(ഡി) പ്രസ്തുത നടപടിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർവ്വീസിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരും പോയിട്ടില്ല.

## പോലീസ് കസ്റ്റഡിയിൽ രാത്രിയിലെ ചോദ്യംചെയ്യൽ

197 (198) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് കസ്റ്റഡിമരണങ്ങളും മർദ്ദനമുറകളും വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് സി.സി. ടിവി സംവിധാനം ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ ;

(ബി) നിലവിൽ സി.സി. ടിവി സംവിധാനം ഉള്ള പോലീസ് സ്റ്റേഷനുകൾ ഏതെല്ലാമാണ് ;

(സി) പോലീസ് കസ്റ്റഡിയിലുള്ളവരെ രാത്രി സമയത്ത് ചോദ്യം ചെയ്യുന്നത് നിയമാനുസൃതമാണോ ; സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ രാത്രി സമയത്ത് ചോദ്യം ചെയ്യൽ നടന്നുവരുന്നുണ്ടോ ; വിശദമാക്കാമോ ;

(ഡി) രാത്രി സമയത്തുള്ള, കസ്റ്റഡിയിലുള്ളവരെ ചോദ്യം ചെയ്യൽ നിർത്തണമെന്ന മുംബൈ ഹൈക്കോടതിയുടെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

### ഉത്തരം

(എ & ബി) സംസ്ഥാനത്ത് പോലീസ് കസ്റ്റഡി മരണങ്ങളും മർദ്ദന മുറകളും വർദ്ധിച്ചു വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പോലീസ് സ്റ്റേഷനുകളിലെ ലോക്കപ്പിൽ കിടക്കുന്ന പ്രതികളെ നിരീക്ഷിക്കുന്നതിനായി ക്യാമറ ഉൾപ്പെടെയുള്ള ലോക്കപ്പ് മോണിറ്ററിംഗ് സംവിധാനം സംസ്ഥാനത്തെ 272 പോലീസ് സ്റ്റേഷനുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത 272 പോലീസ് സ്റ്റേഷനുകളുടെ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പോലീസ് കസ്റ്റഡിയിലുള്ളവരെ സാധാരണയായി രാത്രികാലങ്ങളിൽ ചോദ്യം ചെയ്യലിന് വിധേയമാക്കാറില്ല. എന്നാൽ അത്യാവശ്യ സമയങ്ങളിൽ കസ്റ്റഡിയിലുള്ളവരെ രാത്രി ചോദ്യം ചെയ്യുന്നതിന് നിയമ തടസ്സമില്ല

(ഡി) ഇത്തരത്തിലുള്ള വിധിപകർപ്പുകളോ നിർദ്ദേശങ്ങളോ ലഭ്യമായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അജ്ഞാത വാഹനമിടിച്ചുള്ള അപകടങ്ങൾ**

198 (199) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അജ്ഞാത വാഹനമിടിച്ചുള്ള അപകടങ്ങളിൽപ്പെടുന്നവർക്കും, ആശ്രിതർക്കും സഹായം ലഭിക്കാൻ നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) 2013, 2014 വർഷങ്ങളിൽ ഓരോ വർഷവും ഇത്തരത്തിൽ എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ;

(സി) ഇത്തരം അപകടങ്ങളിൽപ്പെടുന്നവർക്കും ആശ്രിതർക്കും സഹായം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും, നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വ്യക്തികൾ അപകടമരണത്തിന് ഇരയായാൽ അവരുടെ കുടുംബാംഗങ്ങൾക്ക് മുപ്പതിനായിരം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നു. ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ, മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്നു.

(ബി) 2013-ൽ 201 കേസ്സുകളും, 2014 നവംബർ 23 വരെ 205 കേസ്സുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കൊച്ചി ബ്ലാക്ക്മെയിൽ പെൺവാണിഭ കേസ്**

199 (200) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വെഞ്ഞാറമൂട് സ്വദേശിയായ രവീന്ദ്രന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട്, കൊച്ചി ബ്ലാക്ക്മെയിൽ പെൺവാണിഭ കേസിലെ പ്രതികൾക്കെതിരെ കേസെടുത്തിട്ടുണ്ടോ ;

(ബി) കേസന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിനകം ഏതെല്ലാം പ്രതികളെ അറസ്റ്റ് ചെയ്യുകയുണ്ടായി ; അറസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നവർ എത്ര ?

<u>ഉത്തരം</u>

(എ & ബി) ഇത് സംബന്ധിച്ച് വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 1061/2014-ൽ 5 പ്രതികളുള്ളതിൽ എല്ലാവരേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

**പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെയുള്ള കേസുകൾ**

200 (201) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പോലീസ് ഉദ്യോഗസ്ഥന്മാർ കോഴ വാങ്ങിയതോ കോഴ ആവശ്യപ്പെട്ടതോ ആയിട്ടുള്ള എത്ര ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട് ;

(ബി) എത്ര പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ നിലവിൽ വിജിലൻസോ, മറ്റ് ഏജൻസികളോ അന്വേഷണം നടത്തിവരുന്നുണ്ട്; അന്വേഷണം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണ്; അതിൽ ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർ എത്ര ; അവർ ആരൊക്കെയാണ് ;

(സി) എത്ര കേസുകളിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പോലീസ് ഉദ്യോഗസ്ഥന്മാരെ സർവീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട് ; സസ്പെന്റ് ചെയ്യപ്പെട്ട എത്ര പേരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് ഉദ്യോഗസ്ഥന്മാർ കോഴ വാങ്ങിയതോ കോഴ ആവശ്യപ്പെട്ടതോ ആയ നിരവധി ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നാൽ കൃത്യമായ കണക്ക് ലഭ്യമല്ല.

(ബി) കോഴ വാങ്ങിയതുമായി ബന്ധപ്പെട്ട് ചുവടെപറയുന്ന 26 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടന്നുവരുന്നു:

1. ശ്രീ. വർഗ്ഗീസ് കുരുവിള, സീനിയർ സിവിൽ പോലീസ് ഓഫീസർ.
2. ശ്രീ. അനൂപ് സി. നായർ, പോലീസ് സബ് ഇൻസ്പെക്ടർ.
3. ശ്രീ. ഷിബുകുമാർ വി., പോലീസ് സർക്കിൾ ഇൻസ്പെക്ടർ.
4. ശ്രീ. വേണുഗോപാൽ, കെ. ആർ., പോലീസ് സബ് ഇൻസ്പെക്ടർ.

5. ശ്രീ. നവാസ്, സിവിൽ പോലീസ് ഓഫീസർ.
6. ശ്രീ. വിക്രമൻ, പോലീസ് സബ് ഇൻസ്പെക്ടർ.
7. ശ്രീ. വിജയകുമാർ, അസിസ്റ്റന്റ് പോലീസ് സബ് ഇൻസ്പെക്ടർ.
8. ശ്രീ. പ്രതാപൻ നായർ, പി., പോലീസ് സബ് ഇൻസ്പെക്ടർ (ഗ്രേഡ്).
9. ശ്രീ. അജയൻ, വി., പോലീസ് സബ് ഇൻസ്പെക്ടർ.
10. ശ്രീ മഹേഷ്ദാസ്, കെ. വി., ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്.
11. ശ്രീ. പ്രേം ബാഷ, അസിസ്റ്റന്റ് പോലീസ് സബ് ഇൻസ്പെക്ടർ.
12. ശ്രീ. പ്രദീപ്കുമാർ, പോലീസ് സർക്കിൾ ഇൻസ്പെക്ടർ.
13. ശ്രീ. ഗോപാലകൃഷ്ണൻ, പോലീസ് സൂപ്രണ്ട്.
14. ശ്രീ. പ്രശാന്തൻ കാണി ബി.കെ., ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്.
15. ശ്രീ. ശ്യാം, കെ., പോലീസ് സബ് ഇൻസ്പെക്ടർ.
16. ശ്രീ. ബൈജു, സിവിൽ പോലീസ് ഓഫീസർ.
17. ശ്രീ. സുകേഷ് എ., സിവിൽ പോലീസ് ഓഫീസർ.
18. ശ്രീ. സതീഷ്ചന്ദ്രൻ, ഡ്യൂട്ടി ഓഫീസർ, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്.
19. ശ്രീ. ജോസഫ്, എം. എൽ., പോലീസ് സബ് ഇൻസ്പെക്ടർ.
20. ശ്രീ. വർഗ്ഗീസ് ജേക്കബ്, പോലീസ് സബ് ഇൻസ്പെക്ടർ.
21. ശ്രീ. സഞ്ജയ്, പോലീസ് സബ് ഇൻസ്പെക്ടർ.
22. ശ്രീ. ബിജോയ് പി. ആർ., പോലീസ് സബ് ഇൻസ്പെക്ടർ.
23. ശ്രീ. മോഹനൻ, അസിസ്റ്റന്റ് പോലീസ് സബ് ഇൻസ്പെക്ടർ.
24. ശ്രീ. ജോസ്, ആർ., പോലീസ് സർക്കിൾ ഇൻസ്പെക്ടർ.
25. ശ്രീ. പൊന്നയ്യൻ, പോലീസ് സബ് ഇൻസ്പെക്ടർ.

കൂടാതെ ശ്രീ. ബി. എസ്. മുഹമ്മദ് യാസീൻ, ഐ.പി.എസ്., ശ്രീ. വിജയ്, എസ്. സാഖറെ, ഐ.പി.എസ്. എന്നിവർക്കെതിരെ സി.ബി.ഐ. അന്വേഷണവും, ശ്രീ. കെ. ബി. ബാലചന്ദ്രൻ, ഐ.പി.എസ്., ശ്രീ. എസ്. സുരേന്ദ്രൻ, ഐ.പി.എസ്. എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണവും, ശ്രീ. ടോമിൻ ജെ. തച്ചങ്കരി, ഐ.പി.എസ്, ശ്രീ. രാഹുൽ ആർ. നായർ, ഐ.പി.എസ്. എന്നിവർക്കെതിരെ വിജിലൻസ് കേസുകളും നിലവിലുണ്ട്.

(സി) കോഴ വാങ്ങിയതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണത്തിലുള്ള 17 കേസുകളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്. സർവ്വീസിൽ

നിന്നും സസ്പെന്റ് ചെയ്യപ്പെട്ട 13 ഉദ്യോഗസ്ഥരിൽ 7 പേരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്.

## അച്ചടി-ദൃശ്യ-മാധ്യമങ്ങൾക്ക് നൽകുന്ന കേസുകളുടെ വിവരങ്ങൾ

201 (202) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ വിവരങ്ങൾ അച്ചടി, ദൃശ്യ-മാധ്യമങ്ങൾക്കു നൽകുന്നതിലും പ്രസ്തുത വിഷയത്തിൽ കസ്റ്റഡിയിൽ ഏറ്റെടുക്കുന്നവരെ അവയ്ക്ക് മുമ്പിൽ പ്രദർശിപ്പിക്കുന്നതിലും നിലവിലുള്ള നിയന്ത്രണ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) പോലീസ് ആക്ടിലും, മനുഷ്യാവകാശ നിബന്ധനകളിലും പ്രസ്തുത വിഷയം സംബന്ധിച്ചുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവയുടെ ലംഘനം നിരീക്ഷിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്നും, വ്യവസ്ഥാ ലംഘനത്തിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ 2013, 2014 കാലയളവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരം നല്കാമോ?

<u>ഉത്തരം</u>

(എ & ബി) കേരള പോലീസ് ആക്ടിലെ അദ്ധ്യായം 5 റൂൾ 31 (3) പ്രകാരം കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ വിവരങ്ങൾ അച്ചടി, ദൃശ്യ-മാധ്യമങ്ങൾക്കു നൽകുന്നതിലും പ്രസ്തുത വിഷയത്തിൽ കസ്റ്റഡിയിൽ ഏറ്റെടുക്കുന്നവരെ അവയ്ക്ക് മുമ്പിൽ പ്രദർശിപ്പിക്കുന്നതിനും സംസ്ഥാന പോലീസ് മേധാവിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. സംസ്ഥാന പോലീസ് മേധാവി ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചും, ജില്ലാ സ്പെഷ്യൽ ബ്രാഞ്ചും ഇവയുടെ ലംഘനം നടക്കുന്നുണ്ടോ എന്ന് നിരീക്ഷിച്ചുവരുന്നുണ്ട്. പ്രസ്തുത വ്യവസ്ഥാ ലംഘനത്തിന്റെ പേരിൽ 2013, 2014 വർഷ കാലയളവിനിടയിൽ ഒരു പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഫറൂക്ക് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറെ ഇത്തരം വ്യവസ്ഥ ലംഘിച്ചതിന്റെ പേരിൽ സസ്പെന്റ് ചെയ്ത് വകുപ്പുതല അന്വേഷണം നടത്തിവരികയാണ്.

## നാഷണൽ ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ കണക്കുകൾ

202 (203) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ നിലവിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണ് ;

(ബി) സ്ത്രീകൾക്ക് എതിരെയുള്ള കുറ്റകൃത്യങ്ങളിൽ നിലവിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണ് ;

(സി) കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കു നേരെയുള്ള കുറ്റകൃത്യങ്ങളിൽ നിലവിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണ് ;

(ഡി) കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങളിൽ നിലവിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണ് ;

(ഇ) സാമ്പത്തിക കുറ്റകൃത്യങ്ങളിൽ നിലവിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണ് ;

(എഫ്) ആത്മഹത്യയുടെ കാര്യത്തിൽ നിലവിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണ് ?

ഉത്തരം

(എ) കുറ്റകൃത്യങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 7-ാം സ്ഥാനം. കുറ്റകൃത്യങ്ങളുടെ നിരക്കിന്റെ അടിസ്ഥാനത്തിൽ 1-ാം സ്ഥാനം.

(ബി) കുറ്റകൃത്യങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 13-ാം സ്ഥാനം. കുറ്റകൃത്യങ്ങളുടെ നിരക്കിന്റെ അടിസ്ഥാനത്തിൽ 10-ാം സ്ഥാനം.

(സി) കുറ്റകൃത്യങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 7-ാം സ്ഥാനം. കുറ്റകൃത്യങ്ങളുടെ നിരക്കിന്റെ അടിസ്ഥാനത്തിൽ 9-ാം സ്ഥാനം.

(ഡി) കുറ്റകൃത്യങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 7-ാം സ്ഥാനം. കുറ്റകൃത്യങ്ങളുടെ നിരക്കിന്റെ അടിസ്ഥാനത്തിൽ 9-ാം സ്ഥാനം.

(ഇ) കുറ്റകൃത്യങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 8-ാം സ്ഥാനം. കുറ്റകൃത്യങ്ങളുടെ നിരക്കിന്റെ അടിസ്ഥാനത്തിൽ 6-ാം സ്ഥാനം.

(എഫ്) കുറ്റകൃത്യങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 7-ാം സ്ഥാനം. കുറ്റകൃത്യങ്ങളുടെ നിരക്കിന്റെ അടിസ്ഥാനത്തിൽ 5-ാം സ്ഥാനം.

## നിർഭയ പദ്ധതി

203 (204) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർഭയ പദ്ധതി സംബന്ധിച്ച് പ്രഖ്യാപനം നടത്തുകയും നയം നിലവിൽ വരികയും ചെയ്തത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ നിർഭയ സെൽ രൂപീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നയം നിലവിൽ വന്നതിനുശേഷവും നിർഭയ സെൽ രൂപീകരിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) നിർഭയയുടെ പ്രൊജക്ട് ഓഫീസർമാരെ ഡെപ്യൂട്ടേഷനിൽ നിയമിച്ചതിന് അംഗീകാരം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) നിർഭയ എന്ന പേരിൽ നിലവിൽ എത്ര പദ്ധതികൾ സംസ്ഥാനത്ത് പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) നിർഭയയുടെ ഉപദേശകയായിരുന്ന സുനിതാകൃഷ്ണൻ പദവി രാജിവെക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 8-5-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം ആഭ്യന്തര വകുപ്പിൻ കീഴിൽ എറണാകുളം ജില്ലയിലെ ഒരു പൈലറ്റ് പ്രൊജക്ടായി 'നിർഭയകേരളം സുരക്ഷിതകേരളം' പദ്ധതി ആരംഭിച്ചിട്ടുണ്ട് (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*

(ബി) ആഭ്യന്തര വകുപ്പിന് കീഴിൽ നിർഭയസെൽ രൂപീകരിച്ചിട്ടില്ല.

(സി) 'നിർഭയകേരളം സുരക്ഷിതകേരളം' പദ്ധതിയിൽ പ്രോജക്ട് ഓഫീസർമാരെ ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടില്ല.

(ഡി) സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ നിർഭയ എന്ന പേരിലും ആഭ്യന്തര വകുപ്പിന് കീഴിൽ 'നിർഭയകേരളം സുരക്ഷിതകേരളം' എന്ന പേരിലും ഉള്ള രണ്ട് പദ്ധതികളാണ് നിലവിലുള്ളത്.

(ഇ) ആഭ്യന്തരവകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള 'നിർഭയകേരളം സുരക്ഷിതകേരളം' പദ്ധതിയിൽ സുനിതാകൃഷ്ണൻ പദവി വഹിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സോളാർ കേസിലെ ജുഡീഷ്യൽ കമ്മീഷൻ

204 (205) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കുംഭകോണക്കേസിൽ സർക്കാർ നിശ്ചയിച്ച ജുഡീഷ്യൽ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമായിരുന്നെന്ന് വെളിപ്പെടുത്താമോ ;

(ബി) ആയതിന്റെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഈ ജുഡീഷ്യൽ കമ്മീഷൻ സർക്കാർ നിർദ്ദേശിച്ച കാര്യങ്ങൾക്ക് പുറമെ മറ്റ് ഏതെങ്കിലും വിഷയം അന്വേഷണ പരിധിയിൽ കൊണ്ടുവരണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

### ഉത്തരം

(എ & ബി) സോളാർ തട്ടിപ്പുകേസിൽ സർക്കാർ നിയമിച്ച ജസ്റ്റിസ് ജി.ശിവരാജൻ അന്വേഷണ കമ്മിഷന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധം - I ആയി* ചേർത്തിരിക്കുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

## അനധികൃത കരിമണൽ കടത്ത്

205 (206) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും തമിഴ്നാട് ഉൾപ്പെടെയുള്ള അന്യസംസ്ഥാനങ്ങളിലേക്ക് അനധികൃതമായി കരിമണൽ കടത്തിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം മാർഗ്ഗങ്ങൾ മുഖേനയാണ് കരിമണൽ കടത്തുന്നതെന്ന് അറിയാൻ സാധിച്ചിട്ടുണ്ടോ ; മത്സ്യബന്ധന ബോട്ടുകളിൽ കരിമണൽ കടത്തുന്നതായി അറിവ് ലഭിച്ചിട്ടുണ്ടോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് നിയമവിരുദ്ധമായി കരിമണൽ കടത്തിയത് സംബന്ധിച്ച് വിവിധ പോലീസ് സ്റ്റേഷനുകളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അവ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് രജിസ്റ്റർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്തിട്ടുള്ളത് ; പ്രസ്തുത കേസുകളിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്യുകയുണ്ടായി ; ഇപ്പോഴും അറസ്റ്റ് ചെയ്യപ്പെട്ടിട്ടില്ലാത്തവർ എത്ര ; ഏതെല്ലാം കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെടുകയുണ്ടായിട്ടുണ്ടെന്നും വിശദമാക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് അനധികൃതമായി കടത്തികൊണ്ട് പോയിട്ടുള്ളതായി കരുതുന്ന കരിമണലിന്റെ മൂല്യം കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ കണക്കു ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല. മത്സ്യബന്ധന ബോട്ടുകളിൽ കരിമണൽ കടത്തുന്നതായി അറിവ് ലഭിച്ചിട്ടില്ല.

(സി) നിയമ വിരുദ്ധമായി കരിമണൽ കടത്തിയത് സംബന്ധിച്ച് വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ബാധകമല്ല.

**ആലപ്പുഴ ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ**

206 (207) <u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കംപ്ലയന്റ് -ൽ ആലപ്പുഴ ജില്ലയിൽ 2013 മുതൽ നാളിതുവരെ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും എത്ര എണ്ണത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ;

(ബി) കായംകുളം നിയോജകമണ്ഡലത്തിൽ പ്രസ്തുത കാലയളവിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ആലപ്പുഴ ജില്ലാതല പോലീസ് കംപ്ലയിന്റ് അതോറിറ്റിയിൽ 2013 മുതൽ നാളിതുവരെ 143 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ ഒന്നും തന്നെ തീർപ്പാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കായംകുളം നിയോജകമണ്ഡലത്തിൽ പ്രസ്തുത കാലയളവിൽ 14 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്;

(സി) ടി പരാതികൾ രജിസ്റ്റർ ചെയ്ത് നമ്പർ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളതാണ്. 2013 ജനവരി മാസത്തിനുശേഷം ആലപ്പുഴ ജില്ലയിൽ പോലീസ് കംപ്ലയിന്റ് അതോറിറ്റി യോഗം കൂടിയിട്ടില്ലാത്തതിനാൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

## സോളാർ തട്ടിപ്പുകേസ്

207 (208) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സോളാർ തട്ടിപ്പുകേസിൽ പുതിയ തെളിവുകൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ; അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

ഇല്ല. സോളാർ തട്ടിപ്പ് കേസുകളുടെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

## ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട് ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെയുള്ള നടപടികൾ

208 (209) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട് (FCRA) ലംഘകരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനത്തെ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നുള്ള വിവരം ലഭ്യമാക്കാമോ ;

(ബി) എഫ്.സി.ആർ.എ. ആക്ട് ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെയുള്ള നിയമപരമായ നടപടികൾ എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

## നിയമസഭാ സാമാജികനെതിരായുള്ള ദൃശ്യങ്ങൾ - ആക്ഷേപങ്ങൾ

209 (210) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ അറിവോടെയാണ് ഒരു നിയമസഭാ സാമാജികനെതിരെ ദൃശ്യങ്ങൾ മാധ്യമങ്ങൾക്ക് നൽകിയതെന്ന് ആക്ഷേപിച്ചുകൊണ്ട് എറണാകുളം സിറ്റി പോലീസ് കമ്മീഷണർക്ക് ഒരു യുവതി പരാതി നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ ; അന്വേഷണത്തെ തുടർന്ന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) പരാതിയെ തുടർന്ന് ആർക്കെല്ലാം എതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. അന്വേഷണം പൂർത്തിയായിട്ടില്ല.

(സി) പരാതി പ്രകാരം അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. ഇതുവരേയും ആർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

**സോളാർ - അന്വേഷണപരിധിയിൽ മുഖ്യമന്ത്രിയുടെ ഓഫീസ്**

210 (211) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സോളാർ അന്വേഷണ കമ്മീഷന്റെ അന്വേഷണ പരിധിയിൽ മുഖ്യമന്ത്രിയുടെ ഓഫീസിനെ കൂടി ഉൾപ്പെടുത്താനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് കേരള നിയമസഭയിലും പുറത്തും ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ ആരോപണങ്ങളും ഉൾപ്പെടുത്തിയിരുന്നു. കമ്മീഷൻ അന്വേഷക്കേണ്ട ആരോപണങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച്, ആരോപണങ്ങൾ നിർണ്ണയിച്ച് വ്യക്തത വരുത്തി അന്വേഷണ കമ്മീഷണർ 7-11-2014-ൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് വിപുലീകരിക്കുകയോ അന്വേഷണ പരിധിയിൽ പുതിയ വിഷയങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## ക്രിമിനൽ കേസുകൾ

211 (212) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ മോഷണം, കവർച്ച, പിടിച്ചുപറി, ഭവനഭേദനം, ദേവാലയ കവർച്ച എന്നീ ഇനങ്ങളിൽ ഓരോന്നിലും എത്ര വീതം കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 19,89,096 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മോഷണം - 14480
കവർച്ച - 2800
പിടിച്ചുപറി - 2284
ഭവനഭേദനം - 10189
ദേവാലയ കവർച്ച - 3

## അഹബിന്റെ മരണം സംബന്ധിച്ച അന്വേഷണം

212 (213) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി, പൂപ്പറമ്പിൽ വീട്ടിൽ സയ്യദ് ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിം, ബാംഗ്ലൂർ സോലഡേവനഹള്ളി ആചാര്യ പോളിടെക്നിക്കിൽ പഠിച്ചുകൊണ്ടിരിക്കെ കോളേജിൽ വച്ച് മുതിർന്ന കുട്ടികളുടെ ക്രൂരമായ റാഗിംങ്ങിനും, ആക്രമണത്തിനും വിധേയനായി ചികിത്സയിലിരിക്കെ 10-3-2014-ൽ മരണമടഞ്ഞ സംഭവത്തിൽ രക്ഷിതാക്കൾ നൽകിയ പരാതിയിൻമേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) അഹബിന്റെ ദുരൂഹമരണം അന്വേഷിക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തി നിയമത്തിനു മുൻപിൽ കൊണ്ടുവരുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) മരണപ്പെട്ട അഹബ് ഇബ്രാഹിമിന്റെ പിതാവ് സയ്യദ് ഇബ്രാഹിം, ടി അഹബ് ഇബ്രാഹിം മരണപ്പെടുന്നതിനു മുമ്പ് തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ച പരാതിയിന്മേൽ ചാലക്കുടി ഇൻസ്പെക്ടർ അന്വേഷണം

നടത്തിയതിൽവെച്ച് മരണപ്പെട്ട അഹബ് ഇബ്രാഹിം പഠിച്ചിരുന്ന ബാംഗ്ലൂർ സോലഡേവനഹള്ളി ആചാര്യ എൻജിനീയറിംഗ് കോളേജിലെ സഹപാഠികളെ ഫോണിൽ വിളിച്ച് കാര്യം തിരക്കിയതിൽ, മുമ്പ് മുതിർന്ന വിദ്യാർത്ഥികളിൽ നിന്നും അഹബിന് റാഗിങ്ങിനെ തുടർന്ന് തലയ്ക്ക് പരിക്ക് പറ്റിയിരുന്നെന്നും 21-1-2014-ാം തീയതി ബാത്റൂമിൽ അബോധാവസ്ഥയിൽ കിടക്കുന്നത് കണ്ട് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തതായും, ഇന്റിമേഷൻ പ്രകാരം അവിടത്തെ പോലീസുകാർ ആശുപത്രിയിൽ വന്നുവെങ്കിലും ടി അഹബ് അബോധാവസ്ഥയിൽ ആയതിനാൽ മൊഴി രേഖപ്പെടുത്തിയിട്ടില്ല എന്നും അറിവായിട്ടുണ്ട്. വിദഗ്ദ ചികിത്സാ സൗകര്യാർത്ഥം അഹബിനെ കേരളത്തിലേയ്ക്ക് കൊണ്ടുവരികയും തുടർന്ന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ 10-3-2014-ാം തീയതി അഹബ് മരണപ്പെട്ടിട്ടുള്ളതുമാണ്. ആയതിനെ തുടർന്ന് എറണാകുളം സൗത്ത് പോലീസ് സ്റ്റേഷനിൽ ഇക്കാര്യത്തിന് ക്രൈം നമ്പർ 363/2014 u/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും സംഭവസ്ഥലം ബാംഗ്ലൂർ ആയതിനാൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേയ്ക്ക് ടി കേസ് തുടരന്വേഷണത്തിനായി അയച്ചുകൊടുത്തിട്ടുള്ളതുമാണ്. ടി കേസ് സംബന്ധിച്ച് മറ്റ് വിവരങ്ങളൊന്നും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നിന്നും ലഭ്യമായിട്ടില്ല.

**ജനമൈത്രി പോലീസ് പദ്ധതി**

213 (214) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് പദ്ധതി സംബന്ധിച്ച പരാതികൾ പരിഹരിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണ് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൻമേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

**ഉത്തരം**

(എ) അതാത് ജില്ലാ പോലീസ് മേധാവികളുടെ മേൽനോട്ടത്തിൽ പോലീസ് ഉദ്യോഗസ്ഥർ ബീറ്റ് സന്ദർശനം, ഗൃഹ സന്ദർശനം എന്നിവ നടത്തി റിപ്പോർട്ട്,

പരിഷ്കരിച്ച പ്രൊഫോർമയിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ഇതു സംബന്ധിച്ച് വിവിധ തരത്തിലുള്ള വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, പരിശീലനം എന്നിവയിലൂടെ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ, ബ്ലേഡ് മാഫിയ പ്രശ്നങ്ങൾ, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദുരുപയോഗം തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയാനുള്ള പ്രവർത്തന ങ്ങൾക്കും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും അതാത് ബീറ്റ് ഓഫീസർമാർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി, പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

(ബി & സി) Influence of Janamaithri Suraksha Project on the Communities എന്ന വിഷയത്തിൽ കൊച്ചിയിലെ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് എന്ന സ്ഥാപനവും, An Evaluation of the Community Policing Programme in Kerala എന്ന വിഷയത്തിൽ റ്റാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് എന്ന സ്ഥാപനവും പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. പഠന റിപ്പോർട്ടുകൾ www.keralapolice.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ജനമൈത്രി പോലീസ് സുരക്ഷാ പദ്ധതി സംബന്ധിച്ചുള്ള പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി സംസ്ഥാനത്തെ കൂടുതൽ പോലീസ് സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ പുതുതായി 19 പോലീസ് സ്റ്റേഷനുകളിൽ കൂടി ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിനുവേണ്ടി ഓരോ പോലീസ് സ്റ്റേഷനും ഒരു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ജനമൈത്രി പോലീസ് സുരക്ഷാ പദ്ധതി സംബന്ധിച്ചും മറ്റും ജില്ലാതല സെമിനാറുകൾ നടത്തുന്നതിനുവേണ്ടി ഓരോ ജില്ലയ്ക്കും അൻപതിനായിരം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ജനമൈത്രി കേന്ദ്രങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ തുടങ്ങുവാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനമൈത്രി ബീറ്റ് ഓഫീസർമാർക്ക് ബീറ്റ് ഓഫീസേഴ്സ് അലവൻസ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

## എഴുകോൺ പോലീസ് സ്റ്റേഷന് കെട്ടിട നിർമ്മാണം

214 (215) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എഴുകോൺ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾക്കായി ബഹു. ആഭ്യന്തര മന്ത്രി കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അധികാരിക്ക് നൽകിയ നിർദ്ദേശത്തിൽ (1024 VIP/M (Home & Vigi.) 2014 സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തി എന്നത്തേക്ക് ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങളാണ് നടത്തുന്നത് ?

<u>ഉത്തരം</u>

(എ & ബി) കെ.പി.എച്ച്.സി.സി.യുടെ കൊല്ലം ജില്ലാ പ്രോജക്ട് എഞ്ചിനീയർക്ക് എഴുകോൺ സ്ഥലം സന്ദർശിക്കുവാനും അതനുസരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുവാനും KPHCC ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 2014-2015 MoPF Scheme ൽ ഉൾപ്പെടുത്തി പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

**ക്രിമിനൽ കേസുകൾ പിൻവലിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ**

215 (216) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. വി. ശിവൻകുട്ടി</u> :
<u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് രജിസ്റ്റർ ചെയ്യുന്ന ക്രിമിനൽ കേസുകൾ പിൻവലിക്കാൻ, സർക്കാർ കോടതികളോടഭ്യർത്ഥിക്കുന്നത് സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കാമോ ;

(ബി) കേസുകൾ പിൻവലിച്ചുകിട്ടുന്നതിനുള്ള ഹർജികളിൽ തീരുമാനം കൈകൊള്ളുന്നതിനു സർക്കാർ എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അത് വിശദമാക്കാമോ ;

(സി) ഒന്നിലധികം ആളുകൾ പ്രതിയാകുന്ന ക്രിമിനൽ കേസ്സുകളിൽ ഒരാൾ നിരപരാധിയാണെന്ന് ബോധ്യപ്പെട്ടാൽ എല്ലാവരുടെയും പേരിലുള്ള കേസുകൾ പിൻവലിക്കാറുണ്ടോ ; എങ്കിൽ ഇപ്രകാരം ചെയ്യുന്നത് സർക്കാർ നിലപാടാണോ ; പ്രസ്തുത നടപടി മുഖേന നിരപരാധികളെ വെറുതെ വിട്ടുകൊണ്ട് കുറ്റവാളികളെ ശിക്ഷിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുകയും കുറ്റവാളികളെ നിയമവിരുദ്ധമായി രക്ഷപ്പെടുത്തുകയും ചെയ്യുകയാണെന്നറിയാമോ ;

(ഡി) ഈ സർക്കാർ പിൻവലിക്കാൻ തീരുമാനിച്ച ക്രിമിനൽ, വിജിലൻസ് കേസുകളുടെ കണക്കുകൾ ലഭ്യമാണോ ; എങ്കിൽ വിശദമാക്കാമോ ?

## ഉത്തരം

(എ) 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 321-ാം വകുപ്പ് പ്രകാരം.

(ബി) 27-1-2005-ലെ 20882/എൽ1/02/ആഭ്യന്തരം നമ്പർ സർക്കുലറിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും ക്രിമിനൽ നടപടി നിയമസംഹിതയിലെ 321-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരത്തിന്റെ അടിസ്ഥാനത്തിലുമാണ് സർക്കാരിൽ ലഭിക്കുന്ന ഹർജികളിന്മേൽ തീരുമാനം കൈക്കൊള്ളുന്നത്.

(സി) വകുപ്പ് 321 പ്രകാരം ഒരു പ്രതിക്കെതിരായ കേസ്സോ എല്ലാ പ്രതികൾക്കുമെതിരായ കേസ്സോ, ഒരാളെ വിചാരണ ചെയ്യുന്ന കുറ്റങ്ങളിൽ ഏതെങ്കിലും ഒന്നോ, എല്ലാമോ സംബന്ധിച്ചും പിൻവലിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുള്ളതാണ്. പബ്ലിക് പ്രോസിക്യൂട്ടറാണ് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് തന്റെ വിവേചനാധികാരമുപയോഗിച്ച് ഒരു തീരുമാനം കൈകൊള്ളേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതും. പ്രോസിക്യൂഷൻ പിൻവലിക്കുന്ന സന്ദർഭങ്ങളിൽ സർക്കാരോ പ്രോസിക്യൂട്ടറോ, കോടതിയോ, ഒരു പ്രതിയോ, എല്ലാ പ്രതികളുമോ ആ കേസ്സിൽ അപരാധിയാണോ, നിരപരാധിയാണോ എന്ന കാര്യം പരിശോധിക്കുന്നില്ല. അപ്രകാരം ഒരു പരിശോധനയ്ക്ക് നിയമം അനുശാസിക്കുന്നുമില്ല.

(ഡി) ഈ സർക്കാർ കേസ് പിൻവലിക്കാൻ സമ്മതപത്രം നൽകിയ ക്രിമിനൽ കേസുകളുടെ എണ്ണം 4718-ഉം, വിജിലൻസ് കേസുകളുടെ എണ്ണം 11-ഉം ആണ്.

## സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനം

216 (217) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ചിട്ടിക്കമ്പനികൾ, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ എന്നിവ റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നതെന്ന് സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ടോ ;

(ബി) മുത്തൂറ്റ്, മണപ്പുറം ഫിനാൻസ് പോലുള്ള സ്ഥാപനങ്ങൾ, ഇടപാടുകാരിൽനിന്ന് അമിതമായ പലിശ ഈടാക്കുന്നു എന്ന പരാതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) മോട്ടോർ വാഹനങ്ങൾക്ക് സാമ്പത്തിക വായ്പ നൽകുന്ന സ്ഥാപനങ്ങൾ കൊള്ളപ്പലിശ ഈടാക്കുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

## ഉത്തരം

(എ & ബി) ഉണ്ട്. സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ചിട്ടിക്കമ്പനികൾ, പണമിടപാട് സ്ഥാപനങ്ങൾ എന്നിവക്കെതിരെ ഓപ്പറേഷൻ കുബേരയിൽപ്പെടുത്തി നടപടി സ്വീകരിക്കുന്നതിനായി എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സാധാരണക്കാരുടെ വാഹന വായ്പ ഉൾപ്പടെയുള്ള സാമ്പത്തിക ആവശ്യങ്ങൾ ബാങ്ക് മുഖേനയോ, സഹകരണ സ്ഥാപനങ്ങൾ മുഖേനയോ അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ, നടത്തണമെന്ന് പൊതുജനങ്ങളെ ബോധവൽക്കരിച്ചുവരികയാണ്. ഇത്തരം അനധികൃത പണമിടപാട് സ്ഥാപനങ്ങളുമായോ, അമിത പലിശക്കാരുമായോ ഇടപാടുകൾ നടത്തരുതെന്നും പൊതുജനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരം സ്ഥാപനങ്ങൾക്കെതിരെപരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാറുണ്ട്.

## നിരീക്ഷണ ക്യാമറകൾ

217 (218) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ പോലീസ് വകുപ്പ് എത്ര നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട് ; ഇവയിൽ പ്രവൃത്തിക്കാത്തവ എത്ര ;

(ബി) ഈ വർഷം എത്ര നിരീക്ഷണ ക്യാമറകൾ പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്നു ; ഏതെല്ലാം തരത്തിലുള്ള സ്ഥലങ്ങളാണ് ഇതിനായി പരിഗണിക്കുന്നത് ;

(സി) ക്യാമറകളിലൂടെയുള്ള നിരീക്ഷണങ്ങളുടെ ഫലമായി സുരക്ഷാ രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായി ; കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ ഇത് ഏതെല്ലാം നിലയിൽ സഹായകരമായിട്ടുണ്ട് ;

(ഡി) ഏത് ഏജൻസി വഴിയാണ് നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത് ; ഇതിനായി ചെലവഴിച്ച തുക സംബന്ധിച്ച് വിശദമാക്കാമോ ?

## ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ 592 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അടിക്കടി കേടായവ നന്നാക്കിവരുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ക്യാമറ സ്ഥാപിച്ചതിന്റെ ഫലമായി 24 മണിക്കൂറും നഗരങ്ങളിലെ സ്ഥിതിഗതികൾ നിരീക്ഷിക്കാനും കുറ്റകൃത്യങ്ങൾ തെളിയിക്കാനും റോഡുകളിലെ ട്രാഫിക് ലംഘനങ്ങൾ കണ്ടെത്തി പിഴ ഈടാക്കാനും, വി.വി.ഐ.പി.കൾ സന്ദർശിക്കുമ്പോൾ അവരുടെ സുരക്ഷയും നിരീക്ഷണവും തുടങ്ങിയ കാര്യങ്ങൾ ഫലപ്രദമായി നടത്താനും പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചതുമൂലം പോലീസിന് സഹായകരമായിട്ടുണ്ട്.

(ഡി) കെൽട്രോൺ മുഖാന്തിരമാണ് ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്. ക്യാമറകൾ സ്ഥാപിക്കുന്നതിന് പോലീസ് വകുപ്പിൽനിന്നും 48,66,99,488 (നാൽപ്പത്തിയെട്ട് കോടി അറുപത്തിയാറ് ലക്ഷത്തിതൊണ്ണൂറ്റിയൊമ്പതി നായിരത്തി നാനൂറ്റി എൺപത്തിയെട്ട്) രൂപ ചെലവഴിച്ചിട്ടുണ്ട്.

**എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിന് മുന്നിലെ സംഘർഷം**

218 (219) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ 2014 ആഗസ്റ്റ് 18 ന് രാത്രി മുഖ്യമന്ത്രി താമസിച്ചിരുന്ന മുറിയുടെ മുന്നിൽ പോലീസ് നോക്കിനിൽക്കെ ഒരു എം.എൽ.എ.യും വസ്ത്രവ്യാപാരിയും തമ്മിൽ ഉണ്ടായ സംഘർഷത്തെ കുറിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഗസ്റ്റ് ഹൗസിൽ മുഖ്യമന്ത്രിയുടെ മുറിയ്ക്ക് മുന്നിൽ സംഘർഷത്തിൽ ഏർപ്പെട്ട ആർക്കെല്ലാം എതിരെ പോലീസ് കേസ് എടുത്തിട്ടുണ്ട് ; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തിരിക്കുന്നത് ; അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; അറിയിക്കുമോ ;

(സി) കയ്യേറ്റശ്രമം ഉൾപ്പെടെയുള്ള സംഭവം സംബന്ധിച്ച പത്രവാർത്തകൾ പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ ; അറിയിക്കുമോ ?

**ഉത്തരം**

(എ) കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ഇത് സംബന്ധിച്ചുള്ള പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## സ്വകാര്യ സ്കൂളുകളിലെ പീഡനങ്ങൾ

219 (220) പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. ആർ. രാജേഷ് :

ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്കൂളുകളിൽ പിഞ്ചുകുട്ടികൾ പീഡിപ്പിക്കപ്പെടുന്ന സംഭവങ്ങൾ അനുദിനം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം സംഭവങ്ങളിൽ കുറ്റവാളികളെ രക്ഷിക്കാൻ പോലീസും ഉന്നത ഉദ്യോഗസ്ഥരും ശ്രമിക്കുന്നതായുള്ള ആക്ഷേപങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(ബി) പീഡനത്തിനിരയായവരുടെ പരാതികൾ ഒതുക്കി തീർക്കാനുള്ള ശ്രമങ്ങൾക്ക് പോലീസ് കൂട്ടുനിൽക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നാദാപുരം പാറക്കടവിൽ ദാറുൽഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പെൺകുട്ടി ലൈംഗികമായി പീഡിപ്പിക്കപ്പെട്ട കേസിൽ യഥാർത്ഥ പ്രതിയെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ ; അന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിലാണെന്ന് വ്യക്തമാക്കുമോ ; മുനീറിനെ പ്രതിയാക്കി, യഥാർത്ഥ പ്രതിയെ രക്ഷപ്പെടുത്താൻ സ്കൂൾ മാനേജ്മെന്റും പോലീസും ശ്രമിച്ചതായുള്ള ആരോപണം സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ ;

(ഡി) പീഡനകേസിൽ യഥാർത്ഥ പ്രതിയെ രക്ഷിക്കാൻ മുനീർ എന്ന ചെറുപ്പക്കാരനെ സ്റ്റേഷനിൽ കൊണ്ടുപോയി മൂന്നാംമുറയ്ക്ക് വിധേയനാക്കിയ സംഭവം അന്വേഷിച്ചിട്ടുണ്ടോ ;

(ഇ) നിരപരാധിയെ പ്രതിയാക്കാൻ ശ്രമിക്കുകയും അതിക്രൂരമായി മർദ്ദിക്കുകയും ചെയ്ത പോലീസുകാർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വകാര്യ സ്കൂളുകളിൽ പിഞ്ചുകുട്ടികൾ പീഡിപ്പിക്കപ്പെടുന്ന സംഭവങ്ങൾ അനുദിനം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോഴിക്കോട് റൂറൽ ജില്ലയിൽ വളയം പോലീസ് സ്റ്റേഷൻ പരിധിയിൽ റിപ്പോർട്ടായ ഒരു സംഭവത്തിൽ കുറ്റവാളിയെ രക്ഷിക്കാൻ ശ്രമിച്ചതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പീഡനത്തിന് ഇരയായവരുടെ പരാതികൾ ഒതുക്കി തീർക്കാൻ പോലീസ് കൂട്ടുനിൽക്കുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പ്രസ്തുത സംഭവത്തിൽ പ്രതികളായ (1) ഷംസുദ്ദീൻ, (2) മുബഷീർ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ടി കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ ഇപ്പോൾ നാദാപുരം പോലീസ് ഇൻസ്പെക്ടർ ശ്രീ. എ. എസ്. സുരേഷ് ആണ്. ഇതു സംബന്ധിച്ച കേസ് സംസ്ഥാന പോലീസ് മേധാവിയുടെ ഡി3/134761/2014 പി.എച്ച്.ക്യൂ. തീയതി 27-11-2014 പ്രകാരം ക്രൈം ബ്രാഞ്ച് വിഭാഗത്തിന് അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്. കൂടാതെ മുനീർ എന്നയാളിനെ പ്രതിയാക്കി യഥാർത്ഥ പ്രതികളെ രക്ഷപ്പെടുത്തുവാൻ ശ്രമിച്ച എന്നാരോപിച്ചുകൊണ്ടുള്ള പരാതി നാദാപുരം ഡി.വൈ.എസ്.പി. അന്വേഷിച്ചുവരുന്നു.

(ഡി) മേൽ കേസുമായി ബന്ധപ്പെട്ട് മുനീർ എന്നയാളെ സ്റ്റേഷനിൽ വെച്ച് മൂന്നാംമുറയ്ക്ക് വിധേയനാക്കിയിട്ടില്ല. പ്രസ്തുത കേസുമായി ബന്ധപ്പെട്ട് അന്വേഷണാർത്ഥം ടിയാനെ സ്റ്റേഷനിൽ വിളിച്ചുവരുത്തി മൊഴി രേഖപ്പെടുത്തി വിട്ടയച്ചിട്ടുള്ളതാണ്.

(ഇ) നിരപരാധിയെ പ്രതിയാക്കാൻ ശ്രമിക്കുകയോ അതിക്രൂരമായി മർദ്ദിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

**കതിരൂരിൽ കൊല്ലപ്പെട്ട മനോജിന്റെ കേസ്**

220 (221) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കതിരൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ കൊല്ലപ്പെട്ട മനോജ് എത്ര കേസുകളിൽ പ്രതിയായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ഏതെല്ലാം പോലീസ് സ്റ്റേഷൻ പരിധിയിലാണെന്നും, ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സ് രജിസ്റ്റർ ചെയ്തത് എന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(സി) ഇതിൽ കോടതി നടപടി പൂർത്തിയായ കേസ്സുകളും പൂർത്തിയാക്കാത്ത കേസ്സുകളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 15 കേസുകളിൽ പ്രതിയായിട്ടുണ്ട്.

(ബി & സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജനം

221 (222) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം സ്റ്റേഷൻ രൂപവൽക്കരിക്കുമോ;

(ബി) ഏറ്റവും വലിയ സ്റ്റേഷനുകളിൽ ഒന്നാണ് പട്ടാമ്പി എന്നത് കണക്കിലെടുത്ത് അടിയന്തരമായി കൊപ്പം സ്റ്റേഷൻ യാഥാർത്ഥ്യമാക്കുമോ ?

ഉത്തരം

(എ & ബി) പുതുതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഒരു പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ പി. & എ. ആർ.ഡി.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായ ശേഷം പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## മാഞ്ഞൂർ പോലീസ് സ്റ്റേഷൻ രൂപീകരണം

222 (223) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി മണ്ഡലത്തിലെ മാഞ്ഞൂർ പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്നതു സംബന്ധിച്ചുള്ള സ്റ്റേറ്റ് പോലീസ് ചീഫ് (എസ്.പി.സി.) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) എസ്. പി. സി. റിപ്പോർട്ട് ലഭിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകുമോ ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷന് തസ്തിക സൃഷ്ടിക്കൽ ആവശ്യമാണോ ; എങ്കിൽ എത്ര തസ്തിക സൃഷ്ടിക്കണം ; വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ലഭിച്ചിട്ടില്ല. മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ആവശ്യമാണ്. താഴെപ്പറയുന്ന 41 തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്:

| | |
|---|---|
| സബ് - ഇൻസ്പെക്ടർ | 1 |
| അസിസ്റ്റന്റ് സബ് - ഇൻസ്പെക്ടർ | 2 |
| എസ്.സി.പി.ഒ. | 8 |
| സി.പി.ഒ. | 25 |
| ഡബ്ള്യൂ.സി.പി.ഒ. | 4 |
| ഡ്രൈവർ പി.സി. | 1 |

**ഒളിക്യാമറ അനാശാസ്യ തട്ടിപ്പ്**

223 (224) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിക്യാമറ അനാശാസ്യ തട്ടിപ്പ് സംഘത്തിലെ പ്രതി ജയചന്ദ്രനെ പോലീസ് അറസ്റ്റ് ചെയ്തത് ഏത് തീയതിയിൽ ഏത് സമയത്ത് ഏത് സ്ഥലത്ത് വെച്ചായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) അറസ്റ്റ് ചെയ്യുന്നതിനു മുമ്പ് പ്രതി ഒളിവിൽ കഴിഞ്ഞിരുന്ന സ്ഥലം എവിടെയായിരുന്നു ; പ്രസ്തുത സ്ഥലത്ത് നിന്നുതന്നെ അറസ്റ്റ് ചെയ്യാതിരുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ;

(സി) പ്രതിയുടെ താമസം സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥന്മാർ, താമസിച്ച സ്ഥലത്തിന്റെ അധികാര കേന്ദ്രത്തിൽ അറിയിക്കുകയുണ്ടായിട്ടുണ്ടോ ; അനുമതിയോടുകൂടി പ്രസ്തുത സ്ഥലത്ത് നിന്നുതന്നെ അറസ്റ്റ് ചെയ്യാതിരുന്നത് എന്തുകൊണ്ടാണ് ;

(ഡി) പ്രതിയെ അറസ്റ്റ് ചെയ്തതിനുശേഷം പ്രതി ഒളിവിൽ താമസിച്ച എല്ലാ സ്ഥലങ്ങളിലും കൊണ്ടുപോയി തെളിവുകൾ ശേഖരിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) ഒളിക്യാമറ അനാശാസ്യ തട്ടിപ്പ് സംഘത്തിലെ പ്രതി ജയചന്ദ്രനെ തിരുവനന്തപുരം പാറശ്ശാല ഭാഗത്തുനിന്നും 24-7-2014-ാം തീയതി കൂട്ടിക്കൊണ്ടുവന്ന് എറണാകുളം ടൗൺ നോർത്ത് സർക്കിൾ ഇൻസ്പെക്ടറുടെ

ഓഫീസിൽ എത്തിച്ച് അന്നേദിവസം വൈകി 9.40 മണിക്ക് അറസ്റ്റ് രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു.

(ബി) തിരുനന്തപുരം വഞ്ചിയൂർ കൈതമുക്കിലുള്ള ബി.ആർ.ജി.ടവേഴ്സ് എന്ന ലോഡ്ജിൽ ജയചന്ദ്രന്റെ പേരിൽ എടുത്ത 10-ാം നമ്പർ മുറിയിലാണ് ഒളിവിൽ കഴിഞ്ഞിരുന്നത്. പ്രതി കേസിൽ ഉൾപ്പട്ടിട്ടുള്ള ജയചന്ദ്രൻ തന്നെയാണോ എന്ന് ഉറപ്പ് വരുത്തുന്നതിനുവേണ്ടിയാണ് ടിയാന്റെ അറസ്റ്റ് ടിയാനെ കണ്ടെത്തിയ സ്ഥലത്തുവച്ച് രേഖപ്പെടുത്താത്തത്.

(സി) പ്രതിയെക്കുറിച്ച് തിരുവനന്തപുരം ഭാഗങ്ങളിൽ അന്വേഷണം നടത്തുകയും പാറശ്ശാല ഭാഗത്തുവച്ച് 24-7-2014-ാം തീയതി കൂട്ടിക്കൊണ്ടുവന്ന് എറണാകുളം ടൗൺ നോർത്ത് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിൽ എത്തിച്ച് അന്നേ ദിവസം വൈകി 9.40 മണിക്ക് അറസ്റ്റ് രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു.

(ഡി) ഒളിവിൽ കഴിഞ്ഞിരുന്ന സ്ഥലങ്ങളിൽ കൊണ്ടുപോയി തെളിവെടുപ്പ് നടത്തിയിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ ഓപ്പറേഷൻ കുബേര

224 (225) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി ബ്ലേഡ് മാഫിയകൾക്കെതിരെ എത്ര പരാതികൾ പോലീസിന് ലഭിച്ചിട്ടുണ്ടെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും എത്ര കേസ്സുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജില്ലയിൽ ബ്ലേഡ് മാഫിയകളുടെ ഭീഷണിയെ തുടർന്ന് എത്ര പേർ ആത്മഹത്യ ചെയ്തു ; എത്ര പേർ ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞിട്ടുണ്ട് ; ഇവരുടെ പേരും സ്ഥലവും കേസ് രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷൻ സഹിതം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജില്ലയിൽ ഓപ്പറേഷൻ കുബേരക്കു നേതൃത്വം നൽകുന്ന ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ജില്ലയിൽ ഓപ്പറേഷൻ കുബേരക്കു നേതൃത്വം നൽകുന്ന പോലീസ് ഉദ്യോഗസ്ഥരെ ഇതിനകം സ്ഥലം മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

## ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി 832 പരാതികൾ പോലീസിന് ലഭിച്ചിട്ടുണ്ട്. തുടർന്ന് ഇതു സംബന്ധിച്ച് 483 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത കേസുകളിലായി 328 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ഇതിൽ 164 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ 3 പേർ ബ്ലേഡ് മാഫിയ ഭീഷണിയെ തുടർന്ന് ആത്മഹത്യ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടായി പോലീസ് സ്റ്റേഷൻ പരിധിയിൽ വറോഡ് എന്ന സ്ഥലത്ത് ബ്ലേഡ് മാഫിയയുടെ ഭീഷണിമൂലം ഒരു കുടുംബത്തിലെ 3 പേർ ആയ (1) വിനോദ്, (2)മനോജ്, (3) മാധവി എന്നിവർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ആയതിന് ക്രൈം നമ്പർ 667/2014 u/s 174 Cr.PC altered into 306 IPC & Sec. 3, 17 of KML Act, Sec. 3, 9 of Prohibition of Charging Exorbitant Interest Act പ്രകാരം ഒരു കേസ് എജിസ്റ്റർ ചെയ്തിട്ടുള്ളതും രവിദാസ് എന്നയാളിനെ പ്രതിയാക്കി കേസ് അന്വേഷണം നടത്തി വരികയുമാണ്. ഇതിനുപുറമേ ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ ചാമി തരകൻ എന്നയാൾ മക്കൾ ബ്ലേഡ് പലിശയ്ക്ക് കടം വങ്ങിയതിലുള്ള മനോവിഷമത്താൽ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് ടി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 389/2014 u/s 306 IPC ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 4 പ്രതികളുള്ളതിൽ 2 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. മരണപ്പെട്ട ചാമി തരകനെ ബ്ലേഡ് മാഫിയ ഭീഷണിപ്പെടുത്തിയതായി അറിവായിട്ടില്ല. ജില്ലയിൽ ഇതു സംബന്ധിച്ച് ദുരൂഹ സാഹചര്യത്തിൽ ആരും മരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പാലക്കാട് ജില്ലയിൽ ഓപ്പറേഷൻ കുബേരയ്ക്ക് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥനായ ഡി.വൈ.എസ്.പി., ഡി.സി.ആർ.ബി.യ്ക്കെതിരെ പരാതി ലഭിച്ചിട്ടില്ല.

(ഡി) പാലക്കാട് ജില്ലയിൽ ഓപ്പറേഷൻ കുബേരയ്ക്ക് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിട്ടില്ല.

## രാഷ്ട്രീയ കൊലപാതകങ്ങൾ

225 (226) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സി.പി.ഐ. (എം) പ്രവർത്തകരായ എത്ര പേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട് ; ഓരോ കേസിലെയും പ്രതികളുടെ

രാഷ്ട്രീയ ബന്ധം വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് സി.പി.ഐ. (എം) പ്രവർത്തകരായ എത്രപേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട് ; പേര് വിവരം നല്കാമോ ; കൊലപാതകവുമായി ബന്ധപ്പെട്ട് ഏതെങ്കിലും അന്വേഷണം സി.ബി.ഐ.ക്ക് വിടുകയുണ്ടായിട്ടുണ്ടോ ; ഓരോ കൊലപാതക കേസിലെയും പ്രതികൾ ഏതെല്ലാം രാഷ്ട്രീയ സംഘടനകളുമായി ബന്ധപ്പെട്ടവരായിരുന്നു ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ സി.പി.ഐ. (എം) പ്രവർത്തകരായ 47 പേർ കൊലചെയ്യപ്പെട്ടിട്ടുണ്ട്. ഓരോ കേസിലെയും പ്രതികളുടെ രാഷ്ട്രീയ ബന്ധം വ്യക്തമാക്കുന്ന വിവരങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാരിന്റെ കാലത്ത് നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ സി.പി.ഐ. (എം) പ്രവർത്തകരായ 10 പേർ കൊലചെയ്യപ്പെട്ടിട്ടുണ്ട്. കൊല ചെയ്യപ്പെട്ടവരുടെ പേരു വിവരങ്ങളും പ്രതികളുടെ രാഷ്ട്രീയ സംഘടന കളുമായുള്ള ബന്ധവും അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.* ഈ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ കൊലപാതകങ്ങളിൽ സി.പി.ഐ. (എം) പ്രവർത്തകർ കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് ഒരു കേസും സി.ബി.ഐ. അന്വേഷണത്തിന് വിടുകയുണ്ടായില്ല.

## രാഷ്ട്രീയ കൊലപാതകങ്ങൾ

226 (227) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര സി.പി.ഐ.(എം) പ്രവർത്തകരും, അനുഭാവികളും കൊല്ലപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 1258 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) 20 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(സി) 10 സി.പി.ഐ.(എം) പ്രവർത്തകർ/അനുഭാവികൾ കൊല്ലപ്പെട്ടിട്ടുണ്ട്. പാലക്കാട് ജില്ലയിൽ മൂന്നും, തിരുവനന്തപുരം റൂറൽ ജില്ലയിൽ രണ്ടും, കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ സിറ്റി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓരോരുത്തർ വീതവും ആണ് കൊല്ലപ്പെട്ടിട്ടുള്ളത്.

**രാഷ്ട്രീയ പ്രവർത്തകർ കൊലചെയ്യപ്പെട്ട കേസുകൾ**

227 (228) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ രാഷ്ട്രീയ പ്രവർത്തകർ കൊലചെയ്യപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഏതെല്ലാം തീയതികളിൽ ആരെല്ലാമാണ് കൊല്ലപ്പെട്ടത് ; വ്യക്തമാക്കാമോ ;

(ബി) ഓരോ കേസ്സിന്റെയും അന്വേഷണ പുരോഗതി വ്യക്തമാക്കാമോ ;

(സി) ഇതിൽ പ്രധാന പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാത്ത കേസ്സുകൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ഡി) കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ എത്ര ;

(ഇ) ഇവയിൽ പ്രത്യേക അന്വേഷണ സംഘത്തെ ഏർപ്പെടുത്തി അന്വേഷണം നടത്തിയവ ഏതെല്ലാം ;

(എഫ്) അന്വേഷണം സി.ബി.ഐ.-യെ ഏല്പിച്ചവ ഏതെല്ലാം ; അതിന്റെ കാരണം വിശദമാക്കാമോ ;

(ജി) കൊലപാതക കേസ് സി.ബി.ഐ.ക്ക് വിടുന്ന മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) 20 രാഷ്ട്രീയ കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ 19 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റു വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ 19 രാഷ്ട്രീയ കൊലപാതക കേസുകളിൽ പ്രധാന പ്രതികളെ എല്ലാംതന്നെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്.

(ഡി) 11 കേസുകളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു.

(ഇ) മേൽപ്പറഞ്ഞ കൊലപാതക കേസുകളിൽ പയ്യോളി മനോജൻ, അനീഷ് രാജൻ, റ്റി. പി. ചന്ദ്രശേഖരൻ, മനോജ് കുമാർ എന്നീ 4 കേസുകളിലാണ് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തിയിട്ടുള്ളത്.

(എഫ്) ബി.ജെ.പി./ആർ.എസ്.എസ്. പ്രവർത്തകനായ മനോജ് കുമാർ വധക്കേസിന്റെ അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറിയിട്ടുള്ളതാണ്. സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ട് പരിഗണിച്ചാണ് പ്രസ്തുത കേസ് സി.ബി.ഐ.-ക്ക് കൈമാറാൻ തീരുമാനിച്ചത്.

(ജി) സി.ബി.ഐ. അന്വേഷണത്തിനായി പ്രത്യേക മാനദണ്ഡം ഒന്നുംതന്നെ നിശ്ചയിച്ചിട്ടില്ല. എന്നാൽ കേസിന്റെ സ്വഭാവവും, വിവിധ കോണുകളിൽ നിന്നുള്ള അഭ്യർത്ഥനകളും കൊല്ലപ്പെട്ടയാളിന്റെ ബന്ധുക്കളുടെ അപേക്ഷയും അന്വേഷണ ഉദ്യോഗസ്ഥൻ/സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ടും കോടതി നിരീക്ഷണവും പരിഗണിച്ചാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത്.

## രാത്രികാല പോസ്റ്റ്മോർട്ടം

228 (229) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള തീരുമാനം കൈകൊണ്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് നടപ്പിലാക്കാനുള്ള തടസ്സങ്ങളെന്തെന്ന് വ്യക്തമാക്കുമോ ;

(സി) രാത്രികാല പോസ്റ്റ്മോർട്ടം എന്നതൊട്ട് യാഥാർത്ഥ്യമാക്കാനാകും ;

(ഡി) ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ഏതു വകുപ്പിലാണുള്ളത് ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെയും ജീവനക്കാരുടെയും അഭാവമാണ് സർക്കാർ ആശുപത്രികളിൽ രാത്രികാല പോസ്റ്റ്മോർട്ടം നടപ്പിലാക്കാനുള്ള തടസ്സങ്ങൾ. രാത്രികാല പോസ്റ്റ്മോർട്ടം നടത്തുവാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ജീവനക്കാരുടെ ലഭ്യതയും ഉറപ്പാക്കുന്നതു

സംബന്ധിച്ച ഫയൽ ആരോഗ്യ കുടുംബ ക്ഷേമവകുപ്പ് പരിശോധിച്ചുവരുന്നു. ഇതിൽ തീരുമാനം ആകുന്ന മുറയ്ക്ക് സർക്കാർ ആശുപത്രികളിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുവാൻ കഴിയുന്നതാണ്.

**കാണാതായവർ**

229 (230) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും കാണാതായ കുട്ടികൾ, വനിതകൾ, വൃദ്ധർ എന്നിവരുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇവരിൽ ഓരോ വിഭാഗത്തിൽനിന്നും എത്രപേരെ കണ്ടെത്തിയെന്നും എത്രപേരെ കണ്ടെത്തുവാനുണ്ടെന്നുമുള്ള ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇവരിൽ കൊല്ലപ്പെട്ടവർ ആരെല്ലാമെന്നും ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ കാണാതാകുന്നവരെ കണ്ടെത്താൻ ഒരു പ്രത്യേക ഏജൻസിയെ സംസ്ഥാനത്ത് ഏർപ്പെടുത്തുന്നതിനായി എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു *

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 'ബി' യും 'സി' യും ആയി ചേർത്തിരിക്കുന്നു.*

(സി) വിശദവിവരം അനുബന്ധം ' ഡി ' ആയി ചേർത്തിരിക്കുന്നു.*

(ഡി) എല്ലാ പോലീസ് ജില്ലകളിലെയും ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.മാർ/എ.സി.പി.മാർ എന്നിവരുടെ കീഴിൽ ഡിസ്ട്രിക്ട് മിസ്സിംഗ് പേഴ്സണൽസ് ട്രേസിംഗ് യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനായി പ്രത്യേക ഏജൻസിയെ ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല.

**ഓപ്പറേഷൻ കുബേര**

230 (231) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ഓപ്പറേഷൻ കുബേര പ്രവർത്തിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഓപ്പറേഷൻ കുബേര മുഖേന എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) അനധികൃത പണമിടപാട് സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഓപ്പറേഷൻ കുബേര പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) ഉണ്ട്. അമിത പലിശ ഈടാക്കി പണമിടപാട് നടത്തുന്നവർക്കെതിരെ 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അമിത പലിശ ഈടാക്കി പണമിടപാട് നടത്തുന്നവരേയും, അതിനായി വ്യാജരേഖകൾ ചമയ്ക്കുകയും, ഗുണ്ടായിസം, ഭീഷണി മുതലായ പ്രവർത്തികൾ ചെയ്യുന്നവരേയും കർശനമായി നിയന്ത്രിക്കുക, അനധികൃത പണമിടപാട് സ്ഥാപനങ്ങൾ, അനധികൃത വാഹന വായ്പാസ്ഥാപനങ്ങൾ എന്നിവയുടെ ചൂഷണങ്ങളിൽനിന്നും പൊതുജനങ്ങളെ മുക്തരാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് 'ഓപ്പറേഷൻ കുബേര' എന്ന പേരിലുള്ള നടപടികളിലൂടെ ഉദ്ദേശിക്കുന്നത്.

(സി) ധനകാര്യ സ്ഥാപനങ്ങളേയും സാമ്പത്തിക ഇടപാടുകാരേയും നിരീക്ഷിക്കുക, നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവരുടെ സ്ഥാപനങ്ങളും വീടുകളും റെയ്ഡ് ചെയ്യുകയും നിയമ ലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങളാണ് ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) ബ്ലേഡ് മാഫിയയ്ക്കെതിരായി നടന്നുവരുന്ന ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.മാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ബ്ലേഡ് മാഫിയയ്ക്കെതിരായ ജനങ്ങളുടെ പരാതിയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി ജില്ലാ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ജില്ലാ പോലീസ് മേധാവികളേയും നോഡൽ ഓഫീസർമാരെയും ബന്ധപ്പെടേണ്ട നമ്പരും,

ഇ-മെയിൽ ഐഡിയും മാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനുപുറമേ ആഴ്ചയിൽ ഒരു ദിവസത്തിന്റെ പകുതി പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനായി മാറ്റിവയ്ക്കണമെന്നുള്ള നിർദ്ദേശവും ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്.

**ഓപ്പറേഷൻ കുബേര - ആലപ്പുഴ ജില്ല**

231 (232) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേര പ്രകാരം ആലപ്പുഴ ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത ജില്ലയിലെ അംഗീകൃത പണമിടപാട് സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ ; അംഗീകൃത പണമിടപാട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഓപ്പറേഷൻ കുബേര പ്രകാരം നടപടികൾ സ്വീകരിക്കുമ്പോൾ വൻ ഇടപാടുകാർ ഒഴിവാക്കപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ആക്ഷേപം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഓപ്പറേഷൻ കുബേര പ്രകാരം ആലപ്പുഴ ജില്ലയിൽ 203 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 95 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ, 84 പേർ കോടതി മുഖേന ജാമ്യം നേടിയിട്ടുണ്ട്. കേസുകളുടെ വിശദാംങ്ങൾ അനുബന്ധം - എ ആയി ചേർത്തിട്ടുണ്ട്.*

(ബി) അംഗീകൃത പണമിടപാട് സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം - ബി ആയി ചേർത്തിട്ടുണ്ട്.* റിസർവ് ബാങ്കിന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചും പണമിടപാട് സ്ഥാപനങ്ങളെ സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിയമങ്ങൾക്ക് അനുസരിച്ചുമാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നത്.

(സി) ഓപ്പറേഷൻ കുബേര പ്രകാരം നടപടികൾ സ്വീകരിക്കുമ്പോൾ വൻ ഇടപാടുകാരെ ഒഴിവാക്കിയിട്ടില്ല. ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഓപ്പറേഷൻ കുബേര വ്യാപകമാക്കാൻ നടപടി**

232 (233) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സാധാരണക്കാരിൽനിന്ന് മുൻകൂറായി പ്രോമിസറി നോട്ടുകളും ബ്ലാങ്ക് ചെക്കുകളും ഈടായി വാങ്ങിക്കൊണ്ട് പണം കടം കൊടുക്കുകയും പിന്നീട് ഇത്തരം ഈടിനെ ദുരുപയോഗം ചെയ്ത് വ്യാജരേഖകൾ ഉണ്ടാക്കി വസ്തുവകകൾ അപഹരിക്കുകയും ചെയ്യുന്ന ബ്ലേഡ് മാഫിയ സംഘങ്ങളെ നിയന്ത്രിക്കാൻ സർക്കാർ ആവിഷ്കരിച്ച ഓപ്പറേഷൻ കുബേര പോലുള്ള നടപടികൾ വ്യാപകമാക്കുമോ ;

(ബി) ബ്ലേഡ് മാഫിയ സംഘങ്ങൾ ചെയ്യുന്നതിന് സമാനമായി ബ്ലാങ്ക് ചെക്കുകൾ സ്വീകരിച്ച് വായ്പ നൽകുന്ന സഹകരണ സ്ഥാപനങ്ങൾ, ഈടായി വാങ്ങുന്ന ബ്ലാങ്ക് ചെക്കുകൾ ദുരുപയോഗം ചെയ്ത് സാധാരണക്കാർക്കെതിരെ കോടതികളിൽ കേസ് ഫയൽ ചെയ്തുവരുന്നത് സംബന്ധിച്ച് അന്വേഷണം നടത്തുമോ ;

(സി) ഇത് സംബന്ധിച്ച് ആഭ്യന്തര ഇന്റലിജൻസ് വിഭാഗത്തിൽ എത്ര പരാതികൾ ലഭിച്ചുവെന്നും പരാതികളിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ ;

(ഡി) ഇത്തരം പരാതികളിന്മേൽ അടിയന്തരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനധികൃതമായി അമിത പലിശയ്ക്ക് പണം കടംകൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തുവകകളും, മുദ്രപ്പത്രങ്ങളും, ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും, അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തു വകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർക്കുമെതിരെ 'ഓപ്പറേഷൻ കുബേര' യുടെ ഭാഗമായി തുടരെത്തുടരെയുള്ള റെയ്ഡുകൾ സംസ്ഥാനമൊട്ടാകെ നടത്തുകയും കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മേൽപ്പറയുന്നവയ്ക്കായി ആവിഷ്കരിച്ച ഓപ്പറേഷൻ കുബേര നടപടികൾ സംസ്ഥാനത്തൊട്ടാകെ വ്യാപകമാക്കിവരികയാണ്.

(ബി) ബ്ലാങ്ക് ചെക്കുകൾ സ്വീകരിച്ച് സഹകരണ സ്ഥാപനങ്ങൾ വായ്പ നൽകുന്നതായി ശ്രദ്ധയിൽപ്പെടുകയോ, പരാതികൾ ലഭിക്കുകയോ ചെയ്താൽ നിയമാനുസരണം അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 24-11-2014-വരെ സംസ്ഥാനത്ത് ഇന്റലിജന്റ്സ് വിഭാഗത്തിൽ ഇത്തരത്തിലുള്ള 1541 പരാതികൾ രേഖാമൂലം ലഭിച്ചു. കൂടാതെ ഹെൽപ്പ്ലൈൻ മുഖേന 1071 പരാതികളും 655 വിവരങ്ങളും ലഭിച്ചു. അവ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾക്ക് നടപടികൾക്കായി അയച്ചുകൊടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അമിത പലിശ ഈടാക്കുന്ന വ്യക്തികളുടെ വീടുകളും

പണമിടപാട് സ്ഥാപനങ്ങളും മറ്റും നിയമാനുസരണം റെയ്ഡുകൾ നടത്തിയും തെളിവുകൾ ശേഖരിച്ച് കേസ് രജിസ്റ്റർ ചെയ്തും മറ്റും നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇത്തരം പരാതികൾ അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്യുകയും അടിയന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

**ഓപ്പറേഷൻ കുബേര**

233 (234) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേര പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര പേരുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഇതിൽ, ഇന്ത്യൻ ശിക്ഷാനിയമം അനുശാസിക്കുംപ്രകാരം വഞ്ചന, വ്യാജരേഖ ചമയ്ക്കൽ, അതുപയോഗിച്ച് ഭീഷണി, വധ ഭീഷണി തുടങ്ങിയ വകുപ്പുകൾ ചേർത്ത് എത്ര പേർക്കെതിരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) മണി ലെൻഡിംഗ് ആക്ടിലെ 17, 18 വകുപ്പുകൾ മാത്രം ചേർത്ത് എത്ര പേർക്കെതിരെ കേസ്സ് ചാർജ്ജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഓപ്പറേഷൻ കുബേര പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്. ഇതിന്റെ ഒന്നാം ഘട്ടം 11-5-2014 മുതൽ 16-9-2014 വരെയും രണ്ടാം ഘട്ടം 17-9-2014 മുതൽ ഇപ്പോഴും തുടരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2854 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 2027 പേരുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ഇതിൽ ഇന്ത്യൻ ശിക്ഷാ നിയമം അനുശാസിക്കും പ്രകാരം വഞ്ചന, വ്യാജ രേഖ ചമയ്ക്കൽ, അതുപയോഗിച്ച് ഭീഷണി, വധഭീഷണി തുടങ്ങിയ വകുപ്പുകൾ ചേർത്ത് 1346 പേർക്കെതിരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്.

(ഡി) മണി ലെൻഡിംഗ് ആക്ടിലെ 17, 18 വകുപ്പുകൾ മാത്രം ചേർത്ത് 571 പേർക്കെതിരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്.

## കാസർഗോഡ് ജില്ല-ആദൂരിൽ ദളിത് യുവതിയെ പീഡിപ്പിച്ചത് സംബന്ധിച്ച്

234 (235) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ആദൂർ പോലീസ് സ്റ്റേഷനിൽ പരാതിയുമായി എത്തിയ ആദൂർ സ്വദേശിയായ ദളിത് യുവതിയെ പീഡിപ്പിച്ച സംഭവം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കേസിലെ പ്രതികൾ ആരൊക്കെയെന്നും പ്രതികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത കേസിൽ ഏതെങ്കിലും പ്രതികളെ പിടികൂടാനുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് കാസർഗോഡ് സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് പോലിസ് സ്റ്റേഷൻ ക്രൈം നമ്പർ 2/2014 u/s 376(a) (b) IPC, 3(i) (xii), 3(2) (v) of SCST PoA Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രതികളായ (1) മുഹമ്മദ് ഖനീഫ S/o ഹുസൈൻ കുട്ടി ഹാജി, (2) സുഗുണൻ (ഗ്രേഡ് എസ്.ഐ.), അദൂർ എന്നിവരെ അറസ്റ്റ് ചെയ്ത് ബഹു. കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും ബഹു. കോടതി ടിയാൻമാരെ റിമാൻഡിൽ പാർപ്പിച്ചിട്ടുള്ളതുമാണ്.

(സി) ഇല്ല. ഈ കേസ്സിൽ മറ്റ് പ്രതികൾ ആരും തന്നെയില്ല.

## ക്രിമിനൽ കേസിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ

235 (236) ശ്രീ. എം. പി. വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ക്രിമിനൽ കേസിൽ ഉൾപ്പെട്ട എത്ര ഉദ്യോഗസ്ഥർ ഉണ്ട് ;

(ബി) കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട പോലീസുകാരുടെ കുറ്റത്തിന്റെ ഗൗരവം അനുസരിച്ച് ശിക്ഷ പുനഃപരിശോധിക്കുമോ ;

(സി) ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് ശിക്ഷ ഇളവ് നൽകുമോ ?

ഉത്തരം

(എ) പോലീസ് സേനയിൽ ക്രിമിനൽ കേസിൽ ഉൾപ്പെട്ട 940 ഉദ്യോഗസ്ഥർ ഉണ്ട്.

(ബി) കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ രജിസ്റ്റർ ചെയ്യുന്ന ക്രൈം കേസുകളിലെ കോടതി ഉത്തരവിന്റെയും അവർക്കെതിരായി വകുപ്പ് തലത്തിൽ നടത്തുന്ന അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ തെളിഞ്ഞ കുറ്റത്തിന് ആനുപാതികമായ ശിക്ഷയാണ് നൽകിവരുന്നത്. സർക്കാരിന് സമർപ്പിക്കപ്പെടുന്ന പുനഃപരിശോധനാ ഹർജികൾ പരിശോധിക്കുന്ന വേളയിൽ, കുറ്റത്തിന് ആനുപാതികമായ ശിക്ഷ ലഭിച്ചിട്ടില്ല എന്ന് കണ്ടാൽ ശിക്ഷ വർദ്ധിപ്പിച്ച് നൽകാറുണ്ട്.

(സി) പോലീസ് ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന അപ്പീൽ/പുനഃപരിശോധനാ ഹർജികൾ പരിശോധിച്ച് അർഹതയുള്ള കേസുകളിൽ ശിക്ഷ ഇളവ് ചെയ്ത് നൽകാറുണ്ട്.

**ക്രമസമാധാന രംഗത്ത് ദേശീയതലത്തിൽ നേട്ടം**

236 (237) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ക്രമസമാധാന രംഗത്ത്, കേരളം ദേശീയതലത്തിൽ ഉന്നതസ്ഥാനത്ത് എത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച റിപ്പോർട്ടുകളുടെയും സർവ്വെകളുടെയും വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത നേട്ടം കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ക്രമസമാധാന രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ & ബി) ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളെക്കുറിച്ചുള്ള 'ഇന്ത്യാ ടുഡേ' വാർഷിക സർവ്വേയിൽ കഴിഞ്ഞ ഒരു വർഷത്തെ ക്രമസമാധാന പാലനത്തിന്

കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചതായി 2012 നവംബർ 14-ാം തീയതിയിലെ 'ഇന്ത്യാടുഡേ' യിൽ പ്രസിദ്ധീകരിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി & ഡി) ഓരോ സ്ഥലത്തെയും ജനസംഖ്യയും ക്രൈംറേറ്റും ദൂരപരിധിയും കണക്കാക്കി പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ തടയുവാൻ പോലീസിന് വളരെ വേഗം സാധിക്കുകയും കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ എത്രയും പെട്ടന്ന് തന്നെ നിയമനടപടികൾ സ്വീകരിക്കുവാനും സാധിക്കുന്നു. ക്രമസമാധാനനില അവലോകനം ചെയ്യാൻ എല്ലാ മാസവും സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗം ചേരാറുണ്ട്. പ്രസ്തുത യോഗത്തിൽ ക്രമസമാധാന പരിപാലനത്തിനായി സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നുണ്ട്. ജനമൈത്രി പോലീസ് സംവിധാനം, ക്ലീൻ ക്യാംപസ് സേഫ് ക്യാംപസ് പദ്ധതി, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി സീറോ ടോളറൻസ് പദ്ധതി, നിർഭയ പദ്ധതി, നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ, 'ഓപ്പറേഷൻ കുബേര', സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ പദ്ധതികളിലൂടെ സമൂഹത്തിന്റെ വിവിധ കുറ്റകൃത്യങ്ങൾ കണ്ടെത്തു ന്നതിനും തടയുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ജനങ്ങൾ ടി പദ്ധതികളുമായി കൂടുതൽ സഹകരിക്കുന്നതിനാൽ ക്രമസമാധാന രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്.

## ക്രിമിനൽ കേസിൽ കുറ്റപത്രത്തിനു ശേഷമുള്ള നടപടികൾ

237 (238) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നിലേറെ പേർ കൊലപാതക ശ്രമത്തിന് പ്രതികളായിട്ടുള്ള ക്രിമിനൽ കേസിൽ കുറ്റപത്രം കോടതിയിൽ സമർപ്പിക്കപ്പെട്ടതിനുശേഷം ഒരാളുടെ പങ്കാളിത്തം സംബന്ധിച്ച് സർക്കാരിന് സംശയമുണ്ടായാൽ നിയമാനുസൃതം സ്വീകരിക്കേണ്ടുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) കുറ്റപത്രം സമർപ്പിക്കപ്പെട്ട കേസിൽ പ്രതികളായവരിൽ ഒരാൾ നിരപരാധിത്വം അറിയിച്ച് ഹർജി തന്നാൽ ക്രിമിനൽ നടപടിക്രമമനുസരിച്ച് സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്താണെന്നറിയിക്കുമോ ;

(സി) ഈ ഘട്ടത്തിൽ ഒരാൾ നിരപരാധിയാണെന്ന് സർക്കാരിന് തീരുമാനിക്കാനാകുമോ; അപ്പോൾ അവശേഷിക്കുന്നവർ കൂട്ടുപ്രതികൾ അല്ലാതാകുമോ; കേസ് ഒന്നാകെ ഒഴിവാക്കാൻ പാടുള്ളതാണോ; ഇതു സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കാമോ ;

(ഡി) എം.ജി. കോളേജിലെ കൊലപാതകശ്രമം ഉൾപ്പെടെയുള്ള ക്രിമിനൽ കേസുകളിലെ പ്രതികളെ സംരക്ഷിക്കുന്നതായുള്ള ആക്ഷേപങ്ങൾ പരിഗണിച്ച് അത്തരം കേസുകളിൽ പുനരന്വേഷണം നടത്താൻ തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ & ബി) ഇത്തരം സാഹചര്യങ്ങളിൽ സർക്കാരിന് സ്വീകരിക്കാവുന്ന നടപടിയെ സംബന്ധിച്ച് പ്രതിപാദിച്ചിട്ടുള്ളത് 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 321 വകുപ്പിലാണ്. പ്രസ്തുത വകുപ്പനുസരിച്ച് ബന്ധപ്പെട്ട കേസിന്റെ പ്രോസിക്യൂഷൻ ചാർജ്ജുള്ള പബ്ലിക് പ്രോസിക്യൂട്ടറാണ് കോടതിയുടെ അനുമതിയോടുകൂടി പ്രോസിക്യൂഷൻ പിൻവലിക്കുന്നത്. സർക്കാർ ഇത്തരം സാഹചര്യങ്ങളിൽ പ്രോസിക്യൂഷൻ പിൻവലിക്കുന്നതിലേയ്ക്ക് സമ്മതപത്രം കൊടുക്കുക മാത്രമാണ് ചെയ്യുന്നത്. കേസ്സിന്റെ വസ്തുതകളും സാഹചര്യങ്ങളും മറ്റും പ്രോസിക്യൂട്ടർ സ്വതന്ത്രമായി പരിശോധിച്ച് കോടതിയുടെ അനുമതിയോടുകൂടി പ്രോസിക്യൂഷൻ പിൻവലിക്കുകയാണ് ചെയ്യുന്നത്. ഏതൊക്കെ കാരണത്താൽ പിൻവലിക്കാനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണെന്നോ കോടതി അതിന്റെ അനുമതി നല്കുമ്പോൾ എന്തൊക്കെ സംഗതികൾ പരിഗണിക്കണമെന്നോ ഉള്ള യാതൊരു സൂചനയും പ്രസ്തുത 321 വകുപ്പ് നൽകുന്നില്ല. ഈ വകുപ്പനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചുള്ള മുൻകൈ പബ്ലിക് പ്രോസിക്യൂട്ടർക്കാണ്. അനുമതി നൽകുക എന്നതുമാത്രമാണ് കോടതിയ്ക്ക് ചെയ്യാനുള്ളത്. കോടതി അവിടെ ഏതെങ്കിലും കാര്യത്തിൽ ജുഡീഷ്യലായി ഒരു തീരുമാനം കൈക്കൊള്ളുന്നില്ല. പബ്ലിക് പ്രോസിക്യൂട്ടർ, നിയമ വിരുദ്ധമായോ നീതി നിർവ്വഹണത്തിൽ ഇടപെടുന്നതിനുള്ള ശ്രമം നടത്തുന്നതായോ ബോധ്യപ്പെടുന്ന സാഹചര്യങ്ങളിൽ കോടതികൾ അനുമതി നൽകാറില്ല. തെളിവുകൾ വിലയിരുത്തിയല്ല കോടതികൾ ഇത്തരം സാഹചര്യങ്ങളിൽ അനുമതി നൽകുന്നത്. പ്രോസിക്യൂട്ടർ തന്റെ വിവേചനാധികാരം ശ്രദ്ധയോടും ഉചിതമായ വിധത്തിലും ക്രിമിനൽ നീതിയുടെ താൽപര്യത്തിനുവേണ്ടിയും വിനിയോഗിക്കേണ്ടതാണ് എന്നതാണ് അംഗീകൃത നിയമതത്വം. ഒരു പ്രതിക്കെതിരായ കേസ്സോ, എല്ലാ പ്രതികൾക്കുമെതിരായ കേസ്സോ, വിചാരണ ചെയ്യുന്ന കുറ്റങ്ങളിൽ ഏതെങ്കിലും ഒന്നോ എല്ലാമോ പിൻവലിക്കുന്നതിനുള്ള അധികാരം വകുപ്പ് 321 നൽകിയിട്ടുള്ളതാണ്. പബ്ലിക് പ്രോസിക്യൂട്ടറാണ് ഇത്തരം കാര്യങ്ങളെ

സംബന്ധിച്ച് തന്റെ വിവേചനാധികാരം ഉപയോഗിച്ച് ഒരു തീരുമാനം കൈക്കൊള്ളേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതും. ഒന്നിൽ കൂടുതൽ പ്രതികളുള്ള കേസിൽ ഒരാൾ മാത്രം പ്രോസിക്യൂഷൻ പിൻവലിക്കുന്നതിനുള്ള അപേക്ഷ തന്നിട്ടുള്ളൂ എന്ന കാരണത്താൽ പ്രസ്തുത പ്രതിയുടെ കേസ് മാത്രമേ പിൻവലിക്കുവാൻ പാടുള്ളൂ എന്നോ മറ്റുള്ള പ്രതികൾക്കെതിരെയുള്ള കേസ് പിൻവലിക്കുവാൻ പാടില്ലെന്നോ പ്രസ്തുത വകുപ്പിലോ ഇതു സംബന്ധിച്ച കോടതി വിധികളിലോ അനുശാസിക്കുന്നില്ല.

(സി) പ്രോസിക്യൂഷൻ പിൻവലിക്കുന്ന സന്ദർഭത്തിൽ സർക്കാരോ പ്രോസിക്യൂട്ടറോ കോടതിയോ ഒരു പ്രതിയോ എല്ലാ പ്രതികളുമോ ആ കേസ്സിൽ അപരാധിയാണോ നിരപരാധിയാണോ എന്ന കാര്യം പരിശോധിക്കുന്നില്ല. ആയതിനാൽ ഒരു കേസ് പിൻവലിക്കുന്ന സമയം പ്രതികളുടെ നിരപരാധിത്വമോ അപരാധിത്വമോ പരിഗണനയ്ക്കുവരുന്നില്ല. ഇപ്രകാരമുള്ള ഒരു പരിഗണനയോ പരിശോധനയോ ഈ ഘട്ടത്തിൽ ആവശ്യമില്ലാത്തതാകുന്നു. അപ്രകാരം ഒരു പരിശോധന നിയമം അനുശാസിക്കുന്നുമില്ല.

(ഡി) ആക്ഷേപങ്ങൾ പരിശോധിച്ച് ആവശ്യമായ തീരുമാനം സ്വീകരിക്കും.

## കാസർഗോഡ് പുല്ലൂർ - എടമുണ്ടയിലെ ഓട്ടോറിക്ഷാ ഡ്രൈവർ ആത്മഹത്യ ചെയ്ത സംഭവം

238 (239) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകീർത്തികരമായ വാർത്തയുടെ പേരിൽ കാസർഗോഡ് ജില്ലയിൽ പുല്ലൂർ-എടമുണ്ടയിലെ ഓട്ടോറിക്ഷാ ഡ്രൈവർ രഞ്ജിത്ത് ആത്മഹത്യചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അപകീർത്തികരമായ വാർത്ത നൽകിയ സായാഹ്ന പത്ര ഉടമയ്ക്കെതിരെയും ലേഖകനെതിരെയും ഗൂഢാലോചനയിൽ പങ്കാളിയായവരുടെയും പേരിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) 14-10-2014-ൽ കാസർഗോഡ് പുല്ലൂർ എടമുണ്ട എന്ന സ്ഥലത്തുള്ള ഓട്ടോ ഡ്രൈവറായ രഞ്ജിത്ത് എന്നയാൾ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടിയാന്റെ പേരിൽ അപകീർത്തികരമായ വാർത്ത

പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതു സംബന്ധിച്ച് അമ്പലത്തറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 441/2014 U/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ അന്വേഷണം പൂർത്തിയായാൽ മാത്രമെ കൂടുതൽ വിവരങ്ങൾ വെളിവാവുകയുള്ളൂ.

**കോഴിക്കോട് കുറ്റ്യാടി - നാദാപുരം പാതയിലെ ഗതാഗത പ്രശ്നങ്ങൾ**

239 (240) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുറ്റ്യാടി - നാദാപുരം സംസ്ഥാന പാതയിൽ അപകടങ്ങൾ പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കാരണങ്ങളെക്കുറിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ ; കണ്ടെത്തലുകൾ വിശദമാക്കാമോ ;

(സി) ഇത്തരം അപകടങ്ങൾ ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ഡി) ട്രാഫിക് സിഗ്നൽ ഉൾപ്പെടെയുള്ള നിയന്ത്രണ സംവിധാനങ്ങൾ പ്രസ്തുത റോഡിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധന നടത്തിയിട്ടുണ്ട്. അശ്രദ്ധമായും അമിത വേഗതയിലും വാഹനം ഓടിക്കുന്നതാണ് അപകടങ്ങൾ സംഭവിക്കുന്നതിന്റെ പ്രധാന കാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) വാഹനങ്ങളുടെ അമിത വേഗതയും മറ്റും തടയാൻ മോട്ടോർ വാഹന വകുപ്പും പോലീസും ചേർന്ന് വാഹന പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ കുറ്റ്യാടി - നാദാപുരം സംസ്ഥാന പാതയിൽ പോലീസ് കർശനമായ പട്രോളിങ്ങും, വാഹന പരിശോധനയും നടത്തിവരുന്നു. പ്രസ്തുത പാതയിലെ അപകടകരമായ സ്ഥലങ്ങളിൽ ഹംപുകളും മറ്റും സ്ഥാപിക്കാൻ പി.ഡബ്ല്യൂ.ഡി. അധികൃതർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

**കോഴിക്കോട് നഗരത്തിൽ ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണം**

240 (241) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തെന്ന് വിശദമാക്കുമോ ;

(ബി) തുടർച്ചയായി ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഇതിനു പരിഹാരം കാണുന്നതിനായി ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് നഗരത്തിൽ ക്വട്ടേഷൻ ആക്രമണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ 3 വർഷത്തിനിടയിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കോഴിക്കോട് സിറ്റിയിൽ തുടർച്ചയായി ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കേസ്സുകൾ റിപ്പോർട്ടാകുന്ന മുറയ്ക്ക് ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ, പോലീസ് പട്രോളിംഗ്, ജനമൈത്രി പോലീസ് പദ്ധതി എന്നിവയിലൂടെ പോലീസ് സാന്നിദ്ധ്യം നഗരത്തിൽ ശക്തമായി നടപ്പിലാക്കിയിട്ടുണ്ട്.

**ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട കണക്കുകൾ**

241 (242) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊള്ളപ്പലിശക്കാരെയും ബ്ലേഡ് മാഫിയകളെയും നിയന്ത്രിക്കാനായി സർക്കാർ നടപ്പാക്കിയ ഓപ്പറേഷൻ കുബേര പ്രകാരം നാളിതുവരെ സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേരെ പിടികൂടിയെന്നും എത്രപേരെ പിടികൂടുവാനുണ്ടെന്നുമുള്ള ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ടുള്ള വിവിധ റെയ്ഡുകളിൽ എത്ര തുക നാളിതുവരെ പോലീസ് പിടിച്ചെടുത്തുവെന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട വിവിധ റെയ്ഡുകളിൽ പിടിച്ചെടുക്കപ്പെട്ട രേഖകളിൽ കൊള്ളപ്പലിശക്കാരുടെ പക്കൽനിന്നും പിടിച്ചെടുത്ത ചെക്കുകളും ആധാരങ്ങളും യഥാർത്ഥ അവകാശികൾക്ക് നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓപ്പറേഷൻ കുബേരയുടെ പേരിൽ നടത്തിയ അന്വേഷണത്തിൽ കൊള്ളപ്പലിശക്കാരെ സഹായിക്കാനായി പ്രവർത്തനം നടത്തിയതായി കണ്ടെത്തിയതും, പണമിടപാട് സംബന്ധിച്ച പരാതികൾ നേരിടുന്നതുമായ പോലീസ് ഉദ്യോഗസ്ഥർ

ഉൾപ്പെടെയുള്ള മറ്റ് സർക്കാർ ഉദ്യോഗസ്ഥർ ആരെല്ലാമെന്നത് സംബന്ധിച്ച വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ; ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് കൊള്ളപ്പലിശക്കാരെയും ബ്ലേഡ് മാഫിയകളെയും നിയന്ത്രിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയ ഓപ്പറേഷൻ കുബേര പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളും തുകയും മറ്റുവിവരങ്ങളും ജില്ല തിരിച്ച് അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. *

(സി) പിടിച്ചെടുത്ത രേഖകളും മറ്റും ബന്ധപ്പെട്ട കോടതികളിൽ സമർപ്പിച്ചിട്ടുള്ളതാകുന്നു. ഇവ തിരികെ അവകാശികൾക്ക് ലഭിക്കുന്നത് കോടതിയിലുള്ള കേസുകളുടെ തീർപ്പുകൾക്ക് അനുസരിച്ചാണ്.

(ഡി) ഓപ്പറേഷൻ കുബേരയുടെ പേരിൽ നടത്തിയ അന്വേഷണത്തിൽ കൊള്ളപ്പലിശക്കാരെ സഹായിക്കുന്നതായി കണ്ടെത്തിയതും പണമിടപാട് സംബന്ധിച്ച് പരാതികൾ നേരിടുന്നതായ പോലീസ് ഉദ്യോഗസ്ഥരുടെ വിവരവും മറ്റ് സർക്കാർ ഉദ്യോഗസ്ഥരുടെ വകുപ്പ് തിരിച്ചുള്ള വിശദാംശവും ഇതോടൊപ്പം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു+. ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും കൂടാതെ വകുപ്പുതല ശിക്ഷാ നടപടികൾക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ശിപാർശ നൽകുകയും ചെയ്തുവരുന്നു.

## ലൈംഗികമായി പീഡിപ്പിക്കപ്പെടുന്ന സ്കൂൾ കുട്ടികൾ

242 (243) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചതിന് എത്ര അദ്ധ്യാപകരുടെ പേരിലാണ് കേസെടുത്തിട്ടുള്ളത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) എത്ര കുട്ടികളാണ് അദ്ധ്യാപകരുടെ പീഡനത്തിന് ഇരയായിട്ടുള്ളത് ;

(സി) കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചതിന് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ കേസ് എടുത്ത് അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്ര പോലീസ് ഉദ്യോഗസ്ഥരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത് ;

(ഇ) കുട്ടികൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ ഇല്ലാതാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 73 അദ്ധ്യാപകരുടെ പേരിൽ കേസെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം സിറ്റി | - | 4 |
| തിരുവനന്തപുരം റൂറൽ | - | 6 |
| കോട്ടയം | - | 2 |
| എറണാകുളം റൂറൽ | - | 2 |
| തൃശ്ശൂർ സിറ്റി | - | 1 |
| തൃശ്ശൂർ റൂറൽ | - | 3 |
| പാലക്കാട് | - | 6 |
| മലപ്പുറം | - | 22 |
| കോഴിക്കോട് സിറ്റി | - | 4 |
| കോഴിക്കോട് റൂറൽ | - | 7 |
| കണ്ണൂർ | - | 4 |
| കാസർഗോഡ് | - | 12 |
| ആകെ | | 73 |

(ബി) 183 കുട്ടികൾ.

(സി & ഡി) ഉണ്ട്. 5 പോലീസ് ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഇ) കുട്ടികൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനായി സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെയും, സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെയും ജനമൈത്രി പോലീസിന്റെയും ചൈൽഡ് ലൈൻ പ്രവർത്തകരുടെയും സാമൂഹ്യക്ഷേമ വകുപ്പിന്റെയും പഞ്ചായത്ത് ജനകീയ സമിതിയുടെയും സഹകരണത്തോടുകൂടി ബോധവൽക്കരണം നടത്തിയും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

## ഒറ്റപ്പാലം, ഷൊർണ്ണൂർ, ശ്രീകൃഷ്ണപുരം, മങ്കര പോലീസ് സ്റ്റേഷനുകളിലെ കേസുകൾ

243 (244) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം, ഷൊർണ്ണൂർ, ശ്രീകൃഷ്ണപുരം, മങ്കര പോലീസ് സ്റ്റേഷനുകളിൽ 1-1-2013 മുതൽ 31-10-2014 വരെ എത്ര കേസുകൾ

രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കുമോ ; ഓരോ പോലീസ് സ്റ്റേഷനിലും രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസുകൾ എടുത്തത് ; ഓരോ വകുപ്പ് പ്രകാരം എടുത്ത കേസുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(സി) മണൽകൊള്ള, കൊലപാതകം, കൊലപാതകശ്രമം, സ്ത്രീകളെ മാനഭംഗപ്പെടുത്തൽ, കവർച്ച എന്നിവയ്ക്ക് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം, ശ്രീകൃഷ്ണപുരം, മങ്കര പോലീസ് സ്റ്റേഷനുകളിൽ 1-1-2013 മുതൽ 31-10-2014 വരെയുള്ള കാലയളവിൽ റിപ്പോർട്ടായ കേസുകളുടെ വിവരവും ഈ കാലയളവിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ കുറ്റകൃത്യങ്ങൾ തിരിച്ച വിവരവും അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) ഈ കാലയളവിൽ മണൽകൊള്ള, കൊലപാതകം, കൊലപാതക ശ്രമം, സ്ത്രീകളെ മാനഭംഗപ്പെടുത്തൽ, കവർച്ച എന്നിവയ്ക്ക് രജിസ്റ്റർ ചെയ്ത വിവരം പോലീസ് സ്റ്റേഷൻ തിരിച്ച് ചുവടെ പറയുന്നു:

| | | ഒറ്റപ്പാലം | ഷൊർണ്ണൂർ | ശ്രീകൃഷ്ണപുരം | മങ്കര |
|---|---|---|---|---|---|
| മണൽകൊള്ള | | 59 | 32 | 25 | 8 |
| കൊലപാതകം | | 5 | 0 | 0 | 0 |
| കൊലപാകത ശ്രമം | | 9 | 3 | 0 | 3 |
| സ്ത്രീകളെ മാനഭംഗപ്പെടുത്തൽ | Molestation | 13 | 10 | 18 | 8 |
| | Eveteasing | 0 | 3 | 5 | 2 |
| കവർച്ച | (Dacoity Robbery) | 4 | 4 | 0 | 2 |

**സംസ്ഥാനത്ത് മാവോയിസ്റ്റ് ആക്രമണങ്ങൾ**

244 (245) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് മാവോയിസ്റ്റ് ആക്രമണങ്ങൾ നടന്നിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് വിശദവിവരം വ്യക്തമാക്കാമോ ;

(സി) കേസ്സുകളിൽ ആരൊക്കെയാണ് പ്രതികളായിട്ടുള്ളത് ; ഇവരുടെ വിശദാംശങ്ങളും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വയനാട് വെള്ളമുണ്ടയിലും കോഴിക്കോട്, ചൂരണിമലയിൽ എസ്കവേറ്റർ കത്തിച്ചതിലും എറണാകുളം നീറ്റാ ജലാറ്റിൻ ഓഫീസ് ആക്രമിച്ചതിലും വയനാട്, തിരുനെല്ലിയിൽ അഗ്രഹാരം റിസോർട്ട് ആക്രമിച്ചതിലും മാവോയിസ്റ്റ് സാന്നിദ്ധ്യം ഉള്ളതായി സംശയിക്കുന്നു.

(ബി) മേല്പറഞ്ഞ നാലു ആക്രമണങ്ങളുമായി ബന്ധപ്പെട്ട് നാലു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്:

1. 27-10-2013-നു കോഴിക്കോട്, ചൂരണമലയിൽ എസ്കവേറ്റർ കത്തിച്ചതിലേക്ക് തൊട്ടിൽപാലം പോലീസ് സ്റ്റേഷൻ ക്രൈം 460/2013 നമ്പർ പ്രകാരം കേസെടുത്തു. ഈ കേസ് നിലവിൽ ക്രൈം ബ്രാഞ്ച് ISIT വിഭാഗം അന്വേഷിച്ചുവരുന്നു.
2. 24-4-2014-നു വയനാട് വെള്ളമുണ്ടയിൽ പോലീസ് ഉദ്യോഗസ്ഥനെ ഭീഷണിപ്പെടുത്തിയതിലേക്ക് വെള്ളമുണ്ട പോലീസ് സ്റ്റേഷൻ ക്രൈം 142/14 നമ്പർ പ്രകാരം കേസെടുത്ത് അന്വേഷിച്ചുവരുന്നു.
3. 10-11-2014-നു എറണാകുളം നീറ്റാ ജലാറ്റിൻ ഓഫീസ് ആക്രമിച്ചതുമായി ബന്ധപ്പെട്ട് എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ ക്രൈം 1599/14 നമ്പർ പ്രകാരം കേസെടുത്ത് അന്വേഷിച്ചുവരുന്നു.
4. 18-11-2014-നു വയനാട്, തിരുനെല്ലിയിൽ അഗ്രഹാരം റിസോർട്ട് ആക്രമിച്ചതുമായി ബന്ധപ്പെട്ട് തിരുനെല്ലി പോലീസ് സ്റ്റേഷൻ ക്രൈം 507/2014 നമ്പർ പ്രകാരം കേസെടുത്ത് അന്വേഷിച്ചുവരുന്നു.
5. വെള്ളമുണ്ട പോലീസ് സ്റ്റേഷൻ ക്രൈം 142/2014 നമ്പർ കേസിൽ മാവോയിസ്റ്റ് പ്രവർത്തകരായ രൂപേഷും മറ്റു കണ്ടാൽ അറിയാവുന്ന നാലുപേരുമാണ് പ്രതികൾ. മറ്റു മൂന്നു കേസുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല.

## കൊലക്കേസ് പ്രതി കേന്ദ്ര ആഭ്യന്തരമന്ത്രിക്ക് തലപ്പാവ് അണിയിച്ച സംഭവം

245 (246) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് എത്തിയ കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് കൊലക്കേസിലെ ഒന്നാം പ്രതിയായ ആർ.എസ്.എസ്. പ്രവർത്തകൻ തലപ്പാവ് അണിയിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംഭവം നടന്നത് സംസ്ഥാന പോലീസ് അധികൃതരുടെ സാന്നിധ്യത്തിലായിരുന്നുവോ; അതീവ സുരക്ഷയുള്ള പത്മനാഭസ്വാമി ക്ഷേത്രത്തിൽ കൊലക്കേസ്സ് പ്രതി എങ്ങിനെയെത്തുകയുണ്ടായെന്നും, തലപ്പാവ് അണിയാൻ എങ്ങിനെ സാധിച്ചുവെന്നും പോലീസ് അന്വേഷിക്കുകയുണ്ടായോ ;

(സി) അന്വേഷണം നടത്തിയത് ആരാണ് ; അന്വേഷണത്തെ തുടർന്ന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ഡി) പ്രസ്തുത അന്വേഷണം നടത്തിയതിന് ശേഷം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) സംഭവം നടക്കുമ്പോൾ ബഹുമാനപ്പെട്ട കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ സുരക്ഷാ ഡ്യൂട്ടിക്കായി നിയോഗിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു. 27-9-2014-ാം തീയതി രാവിലെ ഏതാണ്ട് 9.15 മണിയോടെ ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ ദർശനം നടത്തിയ ബഹുമാനപ്പെട്ട കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീ. രാജ്നാഥ് സിംഗ് ക്ഷേത്രത്തിന് പുറത്ത് പാർക്ക് ചെയ്തിരുന്ന വാഹനത്തിൽ കയറാൻ തുടങ്ങുന്ന സമയം സന്തോഷ് എന്ന ബി.ജെ.പി. പ്രവർത്തകൻ ബഹുമാനപ്പെട്ട കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ സുരക്ഷാ ചുമതലയുള്ള നാഷണൽ സെക്യൂരിറ്റി ഗ്രൂപ്പ് സേനാംഗങ്ങളുടെയും മുതിർന്ന സംസ്ഥാന ബി.ജെ.പി.നേതാക്കളുടെയും സാന്നിദ്ധ്യത്തിൽ പാർട്ടി നേതാക്കന്മാരുടെ അറിവോടും സമ്മതത്തോടും കൂടിയും ബഹുമാനപ്പെട്ട കേന്ദ്ര ആഭ്യന്തര മന്ത്രിയോടൊപ്പം ഉണ്ടായിരുന്ന കേന്ദ്ര സുരക്ഷാ അധികൃതരുടെ ലെയ്സൻ ഓഫീസറുടെ അനുമതിയോടുകൂടിയും ബഹുമാനപ്പെട്ട കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ തലയിൽ തലപ്പാവ് അണിയിക്കുകയാണുണ്ടായത്. ഇത്തരത്തിൽ തലപ്പാവ് അണിയിക്കുന്നത് സംബന്ധിച്ച് ഒരു വിവരവും സംസ്ഥാന പോലീസ് അധികാരികളെയോ സ്ഥലത്തെ സുരക്ഷാ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരെയോ മുൻകൂട്ടി അറിയിക്കുകയോ മുൻകൂർ അനുവാദം വാങ്ങുകയോ ചെയ്തിരുന്നില്ല. ഇതുസംബന്ധമായി യാതൊരു അന്വേഷണവും

സംസ്ഥാന പോലീസ് നടത്തിയിട്ടില്ല.

**മൂന്നാറിൽ ടൂറിസം പോലീസിനെ നിയമിക്കുന്നതിന് നടപടി**

246 (247) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ മൂന്നാറിൽ എത്തുന്ന സഞ്ചാരികളെ സഹായിക്കുന്നതിന് ടൂറിസം പോലീസിനെ നിയമിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത് ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച നടപടിക്രമങ്ങളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മൂന്നാറിൽ എത്തുന്ന വിനോദ സഞ്ചാരികളെ സഹായിക്കുന്നതിന് ഒരു സീനിയർ സിവിൽ പോലീസ് ഓഫീസറുടെയും നാല് സിവിൽ പോലീസ് ഓാഫീസർമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ബാധകമല്ല.

**സുന്ദരിയമ്മ വധക്കേസ്**

247 (248) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുന്ദരിയമ്മ വധക്കേസിൽ, കൃത്രിമ തെളിവുകൾ സൃഷ്ടിച്ച് നിരപരാധിയെ പ്രതിയാക്കിയ പോലിസ്ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കാൻ മാറാട് പ്രത്യേക അഡീഷണൽ സെഷൻസ് ജഡ്ജി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഇന്ത്യൻ ശിക്ഷാ നിയമം 340-ാം വകുപ്പ് പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് കാരണംകാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടോ ;

(സി) വകുപ്പ് തലത്തിൽ ബന്ധപ്പെട്ടവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ബഹുമാനപ്പെട്ട അഡീഷണൽ സെഷൻസ് (മാറാട് കേസ്) കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ CrPC 340, IPC 201 പ്രകാരം നടപടി എടുക്കാതിരിക്കാൻ ഇൻസ്പെക്ടർ പ്രമോദിനം (PW 35), IPC 194 പ്രകാരം നടപടി

എടുക്കാതിരിക്കാൻ ഡിവൈ.എസ്.പി.പൃഥിരാജിനും (PW 38) കാരണം കാണിക്കൽ നോട്ടീസ് അയയ്ക്കാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ ഇരുവർക്കുമെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും വിധിയിൽ പ്രതിപാദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇതുസംബന്ധിച്ച് വിധിപ്പകർപ്പ് ലഭ്യമായാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സർക്കാർ ജീവനക്കാരെ കേസിൽ കുടുക്കൽ**

248 (249) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ വാദികളായി വരുന്ന കേസുകളിൽ അവർക്കെതിരെ എതിർകക്ഷി ക്രിമിനൽ കേസ് കൊടുത്ത് കേസ് അട്ടിമറിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം പരാതികൾ ഇന്റലിജൻസ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) സർക്കാർ ജീവനക്കാർ കക്ഷികളായി വരുന്ന കേസുകളിൽ എതിർകക്ഷി ക്രിമിനൽ കേസ് കൊടുത്ത് കേസ് അട്ടിമറിക്കുന്നത് തടയുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇന്റലിജൻസ് റിപ്പോർട്ടുകൾ രഹസ്യസ്വഭാവമുള്ളതായതിനാൽ അത് സംബന്ധിച്ച വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ല.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പോലീസുകാരുടെ പീഡനം**

249 (251) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാരിൽനിന്നും സാധാരണ ജനങ്ങൾ പീഡനങ്ങൾക്കിരയാവുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ബി) നിരപരാധികളെ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി മൃഗീയമായി പീഡിപ്പിച്ചതായുള്ള സംഭവങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ലീബ എന്ന യുവതിയായ വീട്ടമ്മയെ ചേരാനല്ലൂർ സ്റ്റേഷനിലെ വനിതാ പോലീസുകാർ അടക്കം ക്രൂരമായി മർദ്ദിച്ച് നട്ടെല്ല് തകർത്ത സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ - സി) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊച്ചി സിറ്റിയിലെ ചേരാനല്ലൂർ പോലീസ് സ്റ്റേഷൻ ക്രൈം 965/14 u/s 381 IPC കേസ്സിലെ പ്രതിയായ ലീബ രതീഷ് എന്ന സ്ത്രീയെ ചേരാനല്ലൂർ പോലീസ് കേസ്സിൽ കുടുക്കി കസ്റ്റഡിയിൽ മർദ്ദിച്ചു എന്ന ആക്ഷേപത്തെത്തുടർന്ന് ചേരാനല്ലൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1086/14 u/s 342, 323, 324, 325, 294(b), 354 r/w 34 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, ടി കേസ്സ് 16-10-2014-ലെ ഡി.2/114015/14/പി.എച്ച്.ക്യൂ. എന്ന ഉത്തരവ് പ്രകാരം അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതുമാണ്. ആരോപണവിധേയരായ എസ്.ഐ. ശ്രീ. ഇ. എസ്. സാംസൺ, ഗ്രേഡ് അസി. സബ് ഇൻസ്പെക്ടറായ ശ്രീ. കുര്യാക്കോസ്. (ഇ 7141), സിവിൽ പോലീസ് ഓഫീസറായ ശ്രീ. ശ്രീജി (10159), വനിത സിവിൽ പോലീസ് ഓഫീസർമാരായ ശ്രീമതി സുനിത (10208), ശ്രീമതി സന്ധ്യാമോൾ (9370), ശ്രീമതി സിജ്ജ (9963), ശ്രീമതി രേഖ (11859) എന്നിവരെ സർവ്വീസിൽനിന്ന് അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതും ടിയാളുകൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചുംവരുന്നു.

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി**

250 (252) <u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) പ്രസ്തുത കേഡറ്റുകൾക്ക് കാര്യക്ഷമമായ പരിശീലനം ലഭ്യമാക്കുവാനും പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിലേക്കും ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ മേഖലകളിലേക്കും വ്യാപിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ ;

(സി) പദ്ധതിയിൽ സഹകരിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(ഡി) പദ്ധതിക്കായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരമേറ്റശേഷം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിച്ച് ഇപ്പോൾ 433 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 600 ലക്ഷം രൂപ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി 2014-15 അദ്ധ്യയന വർഷത്തിലേക്ക് ആക്ടിവിറ്റി കലണ്ടർ തയ്യാറാക്കി ആഴ്ചയിൽ ബുധനാഴ്ചയും ശനിയാഴ്ചയും പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഏഴ് കമ്മ്യൂണിറ്റി പ്രോജക്ടുകൾ (എന്റെ മരം, ശുഭയാത്ര, ശുചിത്വമുറ്റം, വീട്ടിലൊരു ചങ്ങാതിക്കൂട്ടം, ലഹരിമുക്ത കേരളം, നിയമ പരിജ്ഞാനം, സമ്പൂർണ്ണ ആരോഗ്യം) കേഡറ്റുകളുടെ സർവ്വോന്മുഖമായ വികാസത്തെ മുൻനിർത്തി നടപ്പിലാക്കിവരുന്നു. ഓണം ക്യാംപ്, ക്രിസ്തുമസ് ക്യാംപ്, പ്രകൃതി പഠന ക്യാംപ്, ജില്ലാതല സമ്മർ ക്യാംപ്, സംസ്ഥാനതല സമ്മർ ക്യാംപ് തുടങ്ങിയവ സംഘടിപ്പിക്കുകയും എസ്.പി.സി. ഡേ, എസ്.പി.സി.ക്വിസ്സ്, പൊതുവിശേഷ ദിവസങ്ങൾ, റിപ്പബ്ലിക് ഡേ പരേഡ്, സ്വാതന്ത്ര്യദിന പരേഡ് എന്നിവയും ആഘോഷിച്ചുവരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് ആക്ടിവിറ്റി കലണ്ടറിൽ ഇൻഡോർ മാനുവൽ, ഔട്ട്ഡോർ മാനുവൽ പ്രകാരമുള്ള വിവിധ തരത്തിലുള്ള കായികക്ഷമതാ പരിശീലനങ്ങളും സ്വഭാവ രൂപീകരണം, നേതൃഗുണം, അച്ചടക്കം, ആത്മവിശ്വാസം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ നടത്തുകയും പരേഡ്, പി.റ്റി., യോഗ, കളരി, കരാട്ടെ എന്നിവയുടെ പരിശീലനവും ക്രോസ് കൺട്രി, റോഡ് വാക്ക് ആന്റ് റൺ എന്നിവ നടത്തുകയും ചെയ്യുന്നു.

(സി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന് 2 വർഷത്തെ പരിശീലനം കാര്യക്ഷമമായി പൂർത്തിയാക്കുന്ന 75% ഹാജരുള്ള എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകിവരുന്നു.

(ഡി) ഉണ്ട്. ചാല ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ അങ്കണത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ അനുവാദത്തോടെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് അക്കാദമിയും ഡയറക്ടറേറ്റും രൂപീകരിക്കുന്നതിനായി സ്ഥലം അനുവദിക്കുകയും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

## മാവോയിസ്റ്റ് ആക്രമണങ്ങൾ

251 (253) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റുകളുടെ പ്രവർത്തനങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് ശക്തിപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2014 ജനവരി മുതൽ സംസ്ഥാനത്ത് എത്ര മാവോയിസ്റ്റ് ആക്രമണങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആക്രമണ സംഭവങ്ങളിൽ എത്രപേരുടെ പേരിലാണ് കേസ് എടുത്തിട്ടുള്ളത് ; ആരെയെങ്കിലും ഇതിന്റെ പേരിൽ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ഡി) നീറ്റാ ജലാറ്റിൻ കമ്പനിയുടെ ഓഫീസ് ആക്രമിച്ചത് മാവോയിസ്റ്റുകളാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ചില ജില്ലകളിൽ വന പ്രദേശങ്ങളിലും വനത്തിനോട് അടുത്ത പ്രദേശങ്ങളിലും മറ്റും സമീപകാലത്തായി മാവോയിസ്റ്റ് സാന്നിദ്ധ്യം സംശയിക്കുന്നു.

(ബി) 3 അക്രമങ്ങളിൽ സാന്നിദ്ധ്യമുള്ളതായി സംശയിക്കുന്നു.

(സി) വെള്ളമുണ്ട പോലീസ് സ്റ്റേഷൻ ക്രൈം 142/2014 നമ്പർ കേസിൽ മാവോയിസ്റ്റ് പ്രവർത്തകനായ രൂപേഷും മറ്റു കണ്ടാൽ അറിയാവുന്ന നാലുപേരുമാണ് പ്രതികൾ. മറ്റു രണ്ടുകേസുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല.

(ഡി) നീറ്റാ ജലാറ്റിൻ കമ്പനിയുടെ ഓഫീസ് ആക്രമിച്ചത് മാവോയിസ്റ്റുകൾ ആണെന്ന് നിലവിൽ സ്ഥിരീകരിച്ചിട്ടില്ല. പക്ഷേ മാവോയിസ്റ്റുകളാണ് ആക്രമണത്തിന് പിന്നിലെന്ന് സംശയിക്കുന്നു. അന്വേഷണം പുരോഗമിക്കുന്നു.

## അൺലോഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട്

252 (254) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എളമരം കരീം :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺലോഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് (യു.എ.പി.എ.) എന്ത് ഉദ്ദേശത്തോടെയാണ് കൊണ്ടുവന്നതെന്ന് അറിയാമോ ; വിശദമാക്കാമോ ?

(ബി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ അതിൻെറ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധമായി, അതുമായി യാതൊരു ബന്ധവുമില്ലാത്ത കേസുകളിൽ ബാധക മാക്കുന്നതായിട്ടുള്ള പരാതി സംസ്ഥാനത്ത് വന്നിട്ടുള്ളതായി അറിയാമോ ; എങ്കിൽ സംസ്ഥാന പോലീസ് എഫ്.ഐ.ആർ. ഇട്ടത് ഏത് കേസിലാണ് ; കതിരൂരിലെ ബി.ജെ.പി പ്രവർത്തകൻ കൊലചെയ്യപ്പെട്ട സംഭവത്തിൽ പോലീസ് ഇട്ട എഫ്.ഐ.ആറിൽ യു.എ.പി.എ. ചേർത്തത് ആരുടെയെല്ലാം നിർദ്ദേശത്തെ തുടർന്നാണ് ; പ്രസ്തുത എഫ്.ഐ.ആറിൻെറ പകർപ്പ് ലഭ്യമാക്കുമോ ;

(സി) രാജ്യത്തിൻെറ പലഭാഗത്തും ന്യൂനപക്ഷങ്ങൾക്കെതിരെ ദുരുപയോഗം ചെയ്യപ്പെട്ട കരിനിയമമായി ആക്ഷേപിക്കപ്പെട്ട പ്രസ്തുത നിയമം സംസ്ഥാനത്തും ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനും, ഇപ്രകാരം തെറ്റായതെന്ന ആക്ഷേപമുള്ള നടപടികൾ തിരുത്താനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വ്യക്തികളുടെയും സംഘങ്ങളുടെയും ചില നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ കൂടുതൽ കാര്യക്ഷമമായ നടപടി സ്വീകരിക്കുകയാണ് നിയമത്തിന്റെ ലക്ഷ്യം.

(ബി) പരാതി ലഭിച്ചിട്ടുണ്ട്. യു.എ.പി.എ.-യുടെ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധമായി സംസ്ഥാന പോലീസ് ഒരു കേസിലും ഈ നിയമം ഉൾപ്പെടുത്തിയിട്ടില്ല.

കതിരൂരിലെ ബി.ജെ.പി. പ്രവർത്തകൻ കൊലചെയ്യപ്പെട്ട കേസിൽ (നമ്പർ 780/14 കതിരൂർ പി.എസ്., കണ്ണൂർ ജില്ല) യു.എ.പി.എ. ചേർത്തത് സംഭവം സംബന്ധിച്ച് ലഭിച്ച ആദ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത എഫ്.ഐ.ആറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) സംസ്ഥാന പോലീസ് പ്രസ്തുത നിയമം ദുരുപയോഗം ചെയ്തിട്ടില്ല.

## ഹോസ്ദുർഗ്ഗ് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥി അഭിലാഷിന്റെ മരണം

253 (255) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് ഗവ.ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥി അഭിലാഷ് ദുരൂഹ സാഹചര്യത്തിൽ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേസ് അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഹോസ്ദുർഗ് പരിധിയിൽപ്പെട്ട ഹോസ്ദുർഗ് കടപ്പുറത്തെ സുരേഷ് എന്ന ആളുടെ മകൻ 15 വയസ്സുള്ള അഭിലാഷ് എന്ന കുട്ടി 14-11-2014-ാം തീയതി സ്കൂൾ വിട്ട് രാത്രിവരെ വീട്ടിലെത്തിയില്ല എന്ന കാര്യത്തിന് കുട്ടിയുടെ ബന്ധു രാജേഷ് എന്നയാൾ ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിൽ എത്തി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1188/2014 u/s 57 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവേ 15-11-2014-ാം തീയതി രാവിലെ 6.45 മണിയോടെ ടി അഭിലാഷ് എന്ന കുട്ടിയുടെ മൃതദേഹം ഹോസ്ദുർഗ് കുശാൽനഗർ പോളീടെക്നിക്കിന് അടുത്തുള്ള ഉപയോഗ ശൂന്യമായ വെള്ളക്കെട്ടിൽ കാണപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസിന്റെ സെക്ഷൻ 302 r/w 34 IPC ആയി Alter ചെയ്ത് ഹോസ്ദുർഗ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നു. ടി കേസിന്റെ അന്വേഷണമധ്യേ മരണപ്പെട്ട അഭിലാഷിനെ സഹപാഠികളായ രണ്ടുകുട്ടികൾ ചേർന്ന് കൊലപ്പെടുത്തിയതാണെന്ന് വെളിവായിട്ടുള്ളതും ടിയാൻമാരെ നിയമാനുസരണം കസ്റ്റഡിയിൽ എടുത്ത് ജുവനൈൽ ജസ്റ്റിസ് ബോർഡു മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും പ്രതികളായ കുട്ടികളെ ജുവനൈൽ ഹോമിൽ പാർപ്പിച്ച് വരുന്നതുമാണ്. 25-11-2014-ന് ടി കേസ് ക്രൈംബ്രാഞ്ചിനു കൈമാറുന്നതിനു സർക്കാർ ഉത്തരവായിട്ടുണ്ട്.

**സ്ത്രീകൾക്കുനേരെ നടന്ന അതിക്രമങ്ങൾ**

254 (256) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മാസം മുതൽ 2014 നവംബർ വരെ സ്ത്രീകൾക്കു നേരെ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) കേസ്സുകളുടെ സ്വഭാവം അനുസരിച്ച് ഇനം തിരിച്ചുള്ള പട്ടികയും ജില്ല തിരിച്ചുള്ള പട്ടികയും ലഭ്യമാക്കാമോ ;

(സി) ഈ കേസുകളുമായി ബന്ധപ്പെട്ട് കുറ്റപത്രം കോടതിയിൽ നൽകിയവയെത്ര; അന്വേഷണം പൂർത്തിയാകാത്തവ എത്ര; പ്രതികളിൽ ഇതിനകം അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുള്ളവരെത്ര; വ്യക്തമാക്കാമോ ;

(ഡി) പ്രതികൾക്ക് ശിക്ഷ ലഭ്യമായ കേസ്സുകളുടെ എണ്ണം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 45,962 കേസുകൾ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) 38,715 കേസുകളിൽ കുറ്റപത്രം കോടതിയിൽ നൽകിയിട്ടുണ്ട്. 4603 കേസുകളിൽ അന്വേഷണം പൂർത്തിയായിട്ടില്ല. 4290 പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ട്.

(ഡി) 632 കേസുകളിൽ.

**മാവോയിസ്റ്റുകളെ അമർച്ച ചെയ്യുന്നതിനുള്ള നടപടികൾ**

255 (257) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റുകൾ സായുധ വിപ്ലവത്തിന് ആഹ്വാനം ചെയ്തിട്ടുള്ളതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ ആക്രമണ കേസുകളിൽ എത്ര എണ്ണത്തിലാണ് മാവോയിസ്റ്റ് സാന്നിധ്യം ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ;

(സി) സംസ്ഥാനത്തെ മാവോയിസ്റ്റുകളുടെ നിരീക്ഷണത്തിനായി എന്തൊക്കെ സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) മാവോയിസ്റ്റുകളെ അമർച്ച ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) അത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 4 ആക്രമണങ്ങളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടെന്ന് സംശയിക്കുന്നു.

(സി & ഡി) സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം നിരീക്ഷിക്കാനും അവരുടെ പ്രവർത്തനം തടയാനും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈക്കൊണ്ടുവരുന്നത്. മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾക്കായി പോലീസിനെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏകോപിപ്പിക്കുന്നതിനായി കണ്ണൂർ റേഞ്ച് ഡി.ഐ.ജി.യെ മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളുടെ മേധാവിയായി നിയമിച്ചിട്ടുണ്ട്.

വനമേഖലയിൽ മാവോയിസ്റ്റുകൾ താവളമാക്കി ഉപയോഗിക്കുന്നത് തടയാൻ വനം വകുപ്പുമായി ചേർന്ന് വിവിധ മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ട്.

**വാഹനാപകടങ്ങളിൽ മരണപ്പെട്ടവർ**

256 (258) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണക്കാലയളവിൽ നാളിതുവരെ സംസ്ഥാനത്ത് വാഹനാപകടങ്ങളിലും മറ്റ് വിധ റോഡപകടങ്ങളിലുമായി എത്ര പേർ മരണപ്പെട്ടു എന്ന് വിശദമായി വ്യക്തമാക്കാമോ ;

(ബി) ഇതിൽ ബൈക്കപകടത്തിൽപ്പെട്ട് എത്ര യുവാക്കളാണ് മരണപ്പെട്ടത് എന്ന് വ്യക്തമാക്കാമോ ;

(സി) കോഴിക്കോട് ജില്ലയിൽ എൻ.എച്ച്.-ൽ കോരപ്പുഴ പാലത്തിനും മൂരട പാലത്തിനും ഇടയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാഹനാപകടത്തിൽ എത്ര പേർ മരണപ്പെട്ടു എന്നത് വിശദമാക്കാമോ; എൻ.എച്ച്.-ലെ ഈ ഭാഗങ്ങളിൽ വാഹാനാപകടം വർദ്ധിച്ചുവരുന്നതും അപകടമരണം തുടർച്ചയായി സംഭവിക്കുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) എൻ.എച്ച്.-ൽ പ്രസ്തുത ഭാഗങ്ങളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ വിശദമാക്കാമോ ;

(ഇ) വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിന് നടത്തിവരുന്ന പരിപാടികൾ/ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 14,418 പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) 4,021 യുവാക്കളാണ് മരണപ്പെട്ടിട്ടുള്ളത്.

(സി) 134 പേർ മരണപ്പെട്ടിട്ടുണ്ട് ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) അപകട മേഖലകളിലും വളവുകളിലും മറ്റും സൈൻ ബോർഡുകൾ സ്ഥാപിക്കുകയും പ്രസ്തുത ഭാഗങ്ങളിൽ ഡ്യൂട്ടിക്കായി പോലീസ് സേനാംഗങ്ങളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സേഫ്റ്റി കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രധാനപ്പെട്ട റോഡുകളായ എൻ.എച്ച്-ലേയും എം.സി. റോഡിലേയും അപകട മേഖലകൾ കണ്ടുപിടിച്ച് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ബ്ളിങ്കർ ലൈറ്റുകളും സിഗ്നൽ ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ റഡാർ, ഇന്റർസെപ്റ്റർ സംവിധാനങ്ങളും 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹൈവേ പട്രോളിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. റോഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനും അപകടകരമായ റോഡുവക്കുകൾ മണ്ണിട്ടു നികത്തുവാനും ദേശീയ പാതയോരത്തെ കുറ്റിക്കാടുകൾ വെട്ടിത്തെളിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

അമിതവേഗതമൂലമുള്ള വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി സ്പീഡ് ക്യാറകൾ (Full Automatic Speed Violation Detection System) സ്ഥാപിച്ചിട്ടുണ്ട്. ഹെൽമറ്റ് ധരിക്കാതെയും, സീറ്റ് ബെൽറ്റ് ധരിക്കാതെയും വാഹനം ഓടിക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിച്ചുവരുന്നു. മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്തുന്നതിനായി ആൽക്കോ മീറ്റർ, ബ്രീത്ത് അനലൈസർ എന്നിവ ഉപയോഗിച്ച് പരിശോധന നടത്തിവരുന്നു.

വിവിധ വാഹനങ്ങളുടെ ഡ്രൈവർമാർക്കും പൊതുജനങ്ങൾക്കുമായി പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായും ഹൈവേ ജാഗ്രതാ സമിതികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ജനമൈത്രി പോലീസ് എന്നിവയുടെ നേതൃത്വത്തിലും ട്രാഫിക് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. മാത്രമല്ല സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ട്രാഫിക് ബോധവൽക്കരണത്തിനായി നാടകങ്ങളും സെമിനാറുകളും സംഘടിപ്പിച്ചുവരുന്നു. റോഡപകടങ്ങളിൽ ഇരയാവുന്നവർക്ക് ആദ്യത്തെ ഒരു മണിക്കൂറിനുള്ളിൽതന്നെ (ഗോൾഡൻ അവർ) പ്രഥമ ശുശ്രൂഷ നൽകുന്നതിനായി ആരോഗ്യ-ആഭ്യന്തര വകുപ്പുകൾ സംയുക്തമായി "സൈ്മൽ" (The Seemless Medical Intervention for Life Care and Emergency) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

## ബ്ലാക്ക് മെയിലിംഗ് കേസ്

257 (259) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലാക്ക്മെയിലിംഗ് പെൺവാണിഭ കേസിലെ പ്രതി ജയചന്ദ്രൻ എന്നയാളെ പോലീസ് അറസ്റ്റ് ചെയ്തത് എവിടെ നിന്ന് ; ഏത് തീയതിയിലായിരുന്നു ;

(ബി) പ്രതി ഒളിച്ച് താമസിച്ചിരുന്നത് എവിടെയുള്ള, ആരുടെ മുറിയിലായിരുന്നു ;

(സി) പ്രതിക്ക് ഒളിവിൽ കഴിയാൻ മുറി എടുത്ത് നൽകിയ ആളിനേയും, വാഹനം സംഘടിപ്പിച്ച് നൽകിയ ആളിനേയും സംബന്ധിച്ച് പോലീസിന് വിവരം ലഭിച്ചിട്ടുണ്ടായിരുന്നുവോ ; ഇവർ രണ്ട് പേരെയും പോലീസ് അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്യുകയുണ്ടായോ ; ഇവർ ആരൊക്കെയായിരുന്നു ;ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവർ ആണോ ; എങ്കിൽ ഏത് പാർട്ടി ;

(ഡി) പ്രതിയ്ക്ക് ഒളിവിൽ കഴിയാൻ സൗകര്യം ഒരുക്കിയ ആർക്കെല്ലാം എതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) ഒളിക്യാമറ അനാശാസ്യ തട്ടിപ്പ് സംഘത്തിലെ പ്രതി ജയചന്ദ്രനെ തിരുവനന്തപുരം പാറശ്ശാല ഭാഗത്തുനിന്നും 24-7-2014-ാം തീയതി കൂട്ടിക്കൊണ്ടുവന്ന് എറണാകുളം ടൗൺ നോർത്ത് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിൽ എത്തിച്ച് അന്നേ ദിവസം വൈകിട്ട് 9.40 മണിക്ക് അറസ്റ്റ് രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു.

(ബി) തിരുവനന്തപുരം വഞ്ചിയൂർ കൈതമുക്കിലുള്ള ബി.ആർ.ജി. ടവ്വേഴ്സ് എന്ന ലോഡ്ജിൽ ജയചന്ദ്രന്റെ പേരിൽ എടുത്ത 10-ാം നമ്പർ മുറിയിലാണ് ഒളിവിൽ കഴിഞ്ഞിരുന്നത്.

(സി) വിവരം ലഭിച്ചിട്ടുണ്ടായിരുന്നു. പ്രതി ജയചന്ദ്രന് സഹായം നൽകിയവരെന്ന് സംശയിക്കപ്പെട്ടവരെ ചോദ്യം ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ അറസ്റ്റ് ചെയ്തിട്ടില്ല. പ്രതി ജയചന്ദ്രൻ താമസിച്ചിരുന്ന ടി ലോഡ്ജിൽ ഉടമസ്ഥനായ അജയകുമാർ (തിരുവാതിര വീട്, അത്താണി, കൈതമുക്ക്, തിരുവനന്തപുരം) എന്നയാളും വാഹനത്തിന്റെ ഉടമസ്ഥനായ ജോഷി (കൃപഭവൻ, ചെക്കാലവിള, നെയ്യാറ്റിൻകര, തിരുവനന്തപുരം) എന്നയാളുമാണ്. ഇവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടി പ്രവർത്തകരാണോ എന്നുള്ള വിവരം അറിവായിട്ടില്ല.

(ഡി) പ്രതിയെ ഒളിവിൽ കഴിയാൻ സഹായിച്ചവർക്കെതിരെ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

## മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥർക്കും എതിരെയുള്ള അഴിമതി ആരോപണങ്ങൾ

258 (260) <u>ശ്രീ. എ. കെ. ബാലൻ</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> :
<u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥന്മാർക്കും എതിരെ കോഴ ആരോപണങ്ങളും ആക്ഷേപങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും അഴിമതി നിരോധനത്തിനായുള്ള വിജിലൻസ് സംവിധാനം കുത്തഴിഞ്ഞ നിലയിലായിരിക്കുന്നുഎന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സാഹചര്യത്തിൽ കോഴ ആരോപണങ്ങൾ സംബന്ധിച്ച് സത്യസന്ധവും നിയമാനുസൃതവുമായ അന്വേഷണം ഉറപ്പാക്കാൻ എന്ത് നിലയിലുള്ള നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഈ സർക്കാരിന്റെ കാലത്ത് ഭരണരംഗത്തുള്ളവർക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളിലും വെളിപ്പെടുത്തലുകളിലും പ്രഥമദൃഷ്ട്യാ കുറ്റം പ്രകടമായിട്ടും എഫ്.ഐ.ആർ. ഇടുന്നതിന് പോലും വിജിലൻസ് ഉദ്യോഗസ്ഥന്മാർ മനഃപൂർവ്വമായി വീഴ്ച വരുത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശരിയായ വിധത്തിൽ അന്വേഷണം നടത്താതിരിക്കുന്ന സാഹചര്യത്തിൽ ജുഡീഷ്യറിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ ; ബാർകോഴ കേസിൽ ഹൈക്കോടതി ആവശ്യപ്പെട്ട വസ്തുതകൾ യഥാസമയം കോടതിയെ അറിയിച്ചിട്ടുണ്ടോ ;

(ഡി) സ്വാഭാവിക നീതിന്യായ പ്രക്രിയയെ ദുർബലപ്പെടുത്താനുള്ള നീക്കങ്ങൾ അവസാനിപ്പിക്കാൻ തയ്യാറാകുമോ ;

(ഇ) ക്വാറി ഉടമയിൽനിന്ന് കൈക്കൂലി വാങ്ങിയെന്ന ആരോപണത്തിന് വിധേയനായ സൂപ്രണ്ട് ഓഫ് പോലീസ് രാഹുൽ. ആർ. നായർ, എ.ഡി.ജി.പി. ഐ.ജി. റാങ്കുകളിൽ പ്രവർത്തിക്കുന്ന രണ്ട് ഉന്നത ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് ഡയറക്ടർക്ക് മൊഴി നൽകിയതായ റിപ്പാർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(എഫ്) ശ്രീ. രാഹുൽ ആർ. നായർക്കെതിരെ ക്വാറി ഉടമ നൽകിയ മൊഴിയുടെയും ശ്രീ. രാഹുൽ ആർ. നായർ ഉന്നത ഉദ്യോഗസ്ഥന്മാർക്ക്എതിരെ നൽകിയ മൊഴിയുടെയും അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇത്തരത്തിൽ ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അഴിമതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കാര്യക്ഷമമായും നിയമാനുസൃതമായും ആണ് പ്രവർത്തിക്കുന്നത്.

(ബി) കോഴ സംബന്ധിച്ചുള്ള ആരോപണങ്ങൾ സത്യസന്ധമായും വസ്തുനിഷ്ഠമായും അന്വേഷിച്ച് അനന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് കേസ്സെടുക്കേണ്ട വസ്തുതകൾ

ബോധ്യപ്പെട്ടാൽ ആയതുപ്രകാരവും നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ ഉള്ള കാര്യങ്ങൾ വിജിലൻസ് നോക്കാറില്ല. ആയതു വിജിലൻസ് ഉദ്യോഗസ്ഥർ പരിഗണിക്കാറില്ല. വസ്തുതകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലാണ് വിജിലൻസ് നടപടി സ്വീകരിക്കുന്നത്. നിയമപരമായി വിജിലൻസ് അത്തരം നടപടികൾ എടുക്കുമ്പോൾ മറ്റു പരിഗണനകൾക്ക് യാതൊരു പ്രസക്തിയുമില്ല.

(സി) വിജിലൻസ് അന്വേഷണം നടത്താതിരിക്കുന്ന എന്ന രീതിയിലുള്ള പരാതിയുമായി ആർക്കും കോടതിയെ സമീപിക്കാനുള്ള അവകാശമുണ്ട്. വിജിലൻസ് തങ്ങൾക്ക് ലഭിക്കുന്ന പരാതികളിൽ നിയമപരമായ നടപടി സ്വീകരിക്കാറുണ്ട്. ബാർ കോഴ കേസ്സിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ആവശ്യപ്പെട്ട വസ്തുതകൾ യഥാസമയം കോടതിയെ അറിയിച്ചിട്ടുണ്ട്.

(ഡി) സ്വാഭാവിക നീതിന്യായ പ്രക്രിയയെ ദുർബലപ്പെടുത്തുന്ന ഒരു പ്രവൃത്തിയും നടന്നിട്ടില്ല.

(ഇ & എഫ്) മുൻ പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീ. രാഹുൽ ആർ. നായർ, തിരുവനന്തപുരം പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ.മനോജ് എബ്രഹാം ഐ.പി.എസ്, അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ ശ്രീമതി ശ്രീലേഖ, ഐ.പി.എസ്. എന്നിവരുടെ മൊഴികൾ ശ്രീ.രാഹുൽ ആർ. നായർക്കെതിരെ ഉയർന്ന ആരോപണവുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടുണ്ട്. ടി മൊഴികളുടെയും മറ്റു സാക്ഷിമൊഴികൾ, ബന്ധപ്പെട്ട രേഖകൾ എന്നിവയുടെയും അടിസ്ഥാനത്തിലാണ് അന്വേഷണ റിപ്പോർട്ട് സർക്കാരിന് നൽകിയത്. പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ശ്രീ. രാഹുൽ ആർ.നായർ, ഐ.പി.എസ്.-നെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. രാഹുൽ ആർ. നായർക്കെതിരെ വി.സി.5/14-എസ്.ഐ.യു.-I നമ്പരായി ഒരു വിജിലൻസ് കേസ് 17-11-2014-ൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു.

## കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ

259 (261) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലും പരിസരങ്ങളിലും വിവിധ കേസുകളിൽ പിടിച്ചിട്ട വാഹനങ്ങൾ നശിക്കുന്നത് ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഏതെല്ലാം ജില്ലകളിൽ വാഹനങ്ങൾ നശിക്കുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(സി) പിടിക്കപ്പെട്ട വാഹനങ്ങളിൽ നിന്ന് യന്ത്രസാമഗ്രികളും മറ്റും മോഷണം പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവ തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) അബ്കാരി കേസുമായി ബന്ധപ്പെട്ട വാഹനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പിന് നൽകിയും, പുഴ മണൽ, കുന്നിടിച്ച മണ്ണ് എന്നിവയുടെ അനധികൃത കടത്തുമായി ബന്ധപ്പെട്ട വാഹനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അതുമായി ബന്ധപ്പെട്ട വകുപ്പിന് നൽകിയും കേസ്സുകളിൽ തീർപ്പുകൽപ്പിച്ച് ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പോലീസ് കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ കേസുകൾ തീരുന്ന മുറയ്ക്ക് ഉടമസ്ഥന് നോട്ടീസ് മുഖാന്തരം അറിയിപ്പ് നൽകിയും അവകാശികൾ ഇല്ലാത്ത വാഹനങ്ങൾ ഒഴിവാക്കുന്നതിനായി കേരള പോലീസ് ആക്ട് 56-ാം വകുപ്പ് പ്രകാരം പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വാഹനങ്ങൾ നശിക്കുന്നത് ഒഴിവാക്കുന്നതിനായി മേൽപ്പറഞ്ഞ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പിടിക്കപ്പെട്ട വാഹനങ്ങളിൽനിന്ന് യന്ത്ര സാമഗ്രികളും മറ്റും മോഷണംപോയ കേസ്സുകളിൽ ക്രൈം കേസ്സ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കേസുകളിൽ പിടിച്ചിട്ട വാഹനങ്ങൾ സൂക്ഷിക്കുന്ന സ്ഥലങ്ങളിൽ മതിയായ സുരക്ഷയും ശക്തമായ പോലീസ് നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്.

**മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം**

260 (262) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> :
<u>ഡോ. എൻ. ജയരാജ്</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം വർദ്ധിച്ചുവരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) സമീപകാലത്തുണ്ടായ അക്രമ സംഭവങ്ങളിൽ മാവോയിസ്റ്റുകളുടെ പങ്ക് സ്ഥിരീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇത്തരം സംഘടനകളിൽനിന്നും നേരിടുന്ന ഭീക്ഷണികൾ തടയുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) 2013 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ചില ജില്ലകളിൽ വനപ്രദേശങ്ങളിലും വനത്തിനോട് അടുത്ത പ്രദേശങ്ങളിലും മറ്റും സായുധമാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടെന്ന് സംശയിക്കുന്നു. സുരക്ഷാകാരണങ്ങളാൽ കൂടതൽ വിവരം വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ബി) വയനാട് വെള്ളമുണ്ടയിൽ പ്രമോദ് എന്ന പോലീസ് ഉദ്യോഗസ്ഥന്റെ വീട്ടിൽ അതിക്രമിച്ചുകയറുകയും മോട്ടോർസൈക്കിൾ കത്തിക്കുകയും ചെയ്തത് മാവോയിസ്റ്റുകൾ ആണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. മറ്റ് മൂന്ന് ആക്രമണങ്ങളിൽ (27-10-2013-ന് കോഴിക്കോട് ചൂരണിമലയിൽ എസ്കവേറ്റർ കത്തിച്ചത്, 10-11-2014-ന് എറണാകുളം നീറ്റാ ജലാറ്റിൻ ഓഫീസ് ആക്രമിച്ചത്, 18-11-2014-ന് വയനാട് തിരുനെല്ലിയിൽ അഗ്രഹാരം റിസോർട്ട് ആക്രമിച്ചത്) മാവോയിസ്റ്റ് സാന്നിദ്ധ്യം ഉള്ളതായി സംശയിക്കുന്നു.

(സി) സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം നിരീക്ഷിക്കാനും അവരുടെ പ്രവർത്തനം തടയാനും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈക്കൊണ്ടുവരുന്നത്. മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾക്കായി പോലീസിനെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കണ്ണൂർ റേഞ്ച് ഡി.ഐ.ജി.യെ മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളുടെ മേധാവിയായി നിയമിച്ചിട്ടുണ്ട്.

വനമേഖലയിൽ മാവോയിസ്റ്റുകൾ താവളമാക്കി ഉപയോഗിക്കുന്നത് തടയാൻ വനം വകുപ്പുമായി ചേർന്ന് പോലീസ് വിവിധ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്.

**അബ്ദുൾഹക്കീമിന്റെ കൊലപാതകം സംബന്ധിച്ച അന്വേഷണം**

261 (263) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ പയ്യന്നൂരിൽ കത്തിക്കരിഞ്ഞ നിലയിൽ മൃതദേഹം കണ്ടെത്തിയ അബ്ദുൾഹക്കീമിന്റെ കൊലപാതകം

സംബന്ധിച്ച അന്വേഷണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) സംഭവം നടന്ന് 9 മാസം കഴിഞ്ഞിട്ടും പ്രതികളെ കണ്ടെത്താൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) പ്രസ്തുത കേസ് സി.ബി.ഐ. അന്വേഷണം നടത്തുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തിയ അബ്ദുൾഹക്കീമിന്റെ കൊലപാതകം സംബന്ധിച്ച കേസ് നിലവിൽ ക്രൈംബ്രാഞ്ച് വിഭാഗത്തിന്റെ ഐ.എസ്.ഐ.റ്റി. അന്വേഷണം നടത്തിവരുന്നു. ക്രൈംബ്രാഞ്ച് ക്രൈം നമ്പർ 98/CR/HHWIII/KKD/2014). പ്രതികളെക്കുറിച്ച് വ്യക്തമായ തെളിവുകൾ ലഭിക്കാത്തതുകൊണ്ട് അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. കേസ് അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറുന്നതിനായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

## ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ട രതീഷിന്റെ കേസ്

262 (264) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരൂഹസാഹചര്യത്തിലുള്ള രതീഷിന്റെ മരണം സംബന്ധിച്ച് ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ ക്രൈം 102/2013 നമ്പർ കേസിൽ പുനരന്വേഷണം നടത്താൻ സംസ്ഥാന പോലീസ് മേധാവി ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് അത് സംബന്ധിച്ച ഉത്തരവ് തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ചതെന്നും പുനരന്വേഷണച്ചുമതല ഏത് ഉദ്യോഗസ്ഥനാണെന്നും വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട കോടതിയിൽനിന്നും അനുവാദം നേടിയിട്ടുണ്ടോ; അന്വേഷണം ഏത് ഘട്ടത്തിലാണെന്നും എന്തൊക്കെ നടപടികൾ ഇതേവരെ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉത്തരവായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 30-11-2013-ൽ ലഭിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം (റൂറൽ) ജില്ലാ ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ 2-11-2013 തീയതിയിലെ തിരുവനന്തപുരം (റൂറൽ) ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 102/2013 എന്ന കേസിന്റെ തുടരന്വേഷണം നടത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട കോടതിയിൽനിന്നും അനുവാദം തേടിയിട്ടുണ്ട്. ടി കേസിന്റെ അന്വേഷണം തിരുവനന്തപുരം (റൂറൽ) ജില്ലാ ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് നടത്തിവരുന്നതിനാൽ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

**മന്ത്രിമാർക്കെതിരായ അഴിമതി ആക്ഷേപങ്ങൾ**

263 (265) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാർക്കെതിരായ അഴിമതി ആക്ഷേപങ്ങൾ ഉണ്ടായാൽ പ്രാഥമിക അന്വേഷണം എത്ര ദിവസത്തിനകം പൂർത്തിയാക്കണമെന്നാണ് സുപ്രീം കോടതി വിധിയിലുള്ളതെന്ന് വ്യക്തമാക്കാമോ ; ഇത് സംബന്ധമായി ഹൈക്കോടതി ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച വിധി പ്രസ്താവം എന്താണെന്നറിയാമോ ;

(ബി) നിലവിലുള്ള മന്ത്രിമാർക്കെതിരെ അഴിമതി ആരോപിച്ചു കൊണ്ട് ഈ സർക്കാരിന്റെ കാലത്ത് ലഭിച്ച പരാതികൾ എത്രയാണ് ; വെളിപ്പെടുത്തലുകൾ ഏത്രയാണ് ; ഇവയുടെ അടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മന്ത്രിമാർക്കെതിരെ അഴിമതി ആക്ഷേപങ്ങൾ ഉണ്ടായാൽ 15 ദിവസത്തിനുള്ളിൽ പ്രാഥമിക അന്വേഷണം നടത്തണമെന്നും എന്നാൽ ഒഴിച്ചുകൂടാൻ കഴിയാത്ത സാഹചര്യത്തിൽ വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തി പരമാവധി 6 ആഴ്ചയ്ക്കുള്ളിൽ അന്വേഷണം തീർപ്പാക്കണമെന്നുമാണ് Lalita Kumari & others Vs State of UP and others എന്ന കേസിലെ സുപ്രീംകോടതിയുടെ തുടർവിധിന്യായത്തിൽ നിഷ്കർഷിച്ചിരിക്കുന്നത്.

(ബി) ഈ സർക്കാരിന്റെ കാലത്ത് നിലവിലുള്ള മന്ത്രിമാർക്കെതിരെ 34 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 27 പരാതികളിൽ അന്വേഷണം നടത്തി തുടരന്വേഷണം ആവശ്യമില്ലാത്തവ എന്ന് കണ്ട് തീർപ്പാക്കി. 4 പരാതികളിൽ

സത്വരാന്വേഷണം നടന്നുവരുന്നു. 2 പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുന്നു. വി.സി.7/13/തൃശ്ശൂർ, വി.സി.18/12/തൃശ്ശൂർ എന്നിവയാണ് അന്വേഷണം നടക്കുന്നത്. ഒരു വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാൻ തിരുവനന്തപുരം വിജിലൻസ് കോടതി ഉത്തരവ് നൽകിയെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് സ്റ്റേയിൽ ആണ്.

**പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ**

264 (266) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ഇതുവരെ അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണവും ഇനിയും അറസ്റ്റ് ചെയ്യാനുള്ള പ്രതികളുടെ എണ്ണവും ലഭ്യമാക്കുമോ ;

(സി) ഈ കേസ്സുകളിൽ പുനരന്വേഷണം പൂർത്തിയാക്കിയവ എത്ര ; പൂർത്തിയാക്കാത്തവ എത്ര ; വിചാരണ പൂർത്തിയാക്കിയത് എത്ര ; ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണവും വിട്ടയച്ച പ്രതികളുടെ എണ്ണവും എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) 4362 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 321 പ്രതികളെ അറസ്റ്റ് ചെയ്യുവാനുണ്ട്.

(സി) 3122 കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. 775 കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടില്ല. 142 കേസുകളിൽ വിചാരണ പൂർത്തിയായിട്ടുണ്ട്. 70 പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. 87 പ്രതികളെ വിട്ടയയ്ക്കുകയും ചെയ്തിട്ടുണ്ട്.

**അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായ നടപടി**

265 (267) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) 2014-ൽ സംസ്ഥാനത്ത് മന്ത്രവാദത്തെത്തുടർന്ന് എത്ര പേർ കൊല്ലപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായി ജനങ്ങളെ ബോധവത്ക്കരിക്കാനുതകുന്ന എന്തെങ്കിലും പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) ഇപ്രകാരമുള്ള കൊലപാതകക്കേസ്സുകളിൽ കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാത്തതുമൂലം ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതായി പറയപ്പെടുന്ന സ്ഥിതി വിശേഷം പരിശോധിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) 2 പേർ.

(ബി) ഇല്ല.

(സി) പഞ്ചായത്ത് ജനകീയ സമിതികളുടെയും ജനമൈത്രി പോലീസിന്റെയും സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെയും നേതൃത്വത്തിലും സഹകരണത്തോടുംകൂടി ഇക്കാര്യത്തിൽ പൊതുജനങ്ങളെ ബോധവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇത്തരത്തിലുള്ള കൊലപാതക കേസുകളിൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം**

266 (268) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർ ഇപ്പോൾ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട് ; ഏതെല്ലാം കേസുകളിൽ ; വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഏതെല്ലാം മന്ത്രിമാർക്കെതിരെ എത്രവീതം വിജിലൻസ് കേസുകളോ, അന്വേഷണമോ നടക്കുന്നുണ്ടായിരുന്നു ; അവയിൽ അവശേഷിക്കുന്നവ എത്ര ;

(സി) മന്ത്രിമാർ ഉൾപ്പെട്ട എതെങ്കിലും കേസ് തള്ളിക്കളയാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് കോടതിയോട് ആവശ്യപ്പെടുകയുണ്ടായോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഇപ്പോഴത്തെ മന്ത്രിസഭയിലെ മുഖ്യമന്ത്രിയടക്കം 4 മന്ത്രിമാർ ഇപ്പോൾ സത്വരാന്വേഷണം നേരിടുന്നുണ്ട്. അന്വേഷണം നേരിടുന്ന മന്ത്രിമാർ:

1. ശ്രീ. ഉമ്മൻ ചാണ്ടി- ബഹുമാനപ്പെട്ട മുഖ്യമന്ത്രി.
2. ശ്രീ. കെ. എം. മാണി - ബഹുമാനപ്പെട്ട ധനകാര്യ നിയമ വകുപ്പുമന്ത്രി.
3. ശ്രീ. അടൂർ പ്രകാശ് - ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി.
4. ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് - ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി.

(1) ശ്രീ. കെ.കേശവദാസ് (ഹിന്ദു ഐക്യവേദി തൃശ്ശൂർ ജില്ലാ കമ്മിറ്റി സെക്രട്ടറി) സമർപ്പിച്ച സി.എം.പി. 1416/2014 എന്ന പരാതിയിൽ ബഹുമാനപ്പെട്ട തൃശ്ശൂർ വിജിലൻസ് കോടതിയുടെ 22-9-2014-ലെ ഉത്തരവിന്മേൽ നടക്കുന്ന സത്വരാന്വേഷണത്തിൽ (ക്യൂ.വി.81/2014/തൃശ്ശൂർ) താഴെപ്പറയുന്ന മന്ത്രിമാർ ഉൾപ്പെടുന്നു:

1. ശ്രീ. ഉമ്മൻ ചാണ്ടി- ബഹുമാനപ്പെട്ട മുഖ്യമന്ത്രി.
2. ശ്രീ. കെ. എം. മാണി - ബഹുമാനപ്പെട്ട ധനകാര്യ നിയമ വകുപ്പുമന്ത്രി.
3. ശ്രീ. അടൂർ പ്രകാശ് - ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി.

(2) ശ്രീ. ഗിരീഷ് ബാബു, ജി. (സ്വകാര്യ വ്യക്തി) ബഹുമാനപ്പെട്ട തൃശ്ശൂർ വിജിലൻസ് കോടതി മുമ്പാകെ സമർപ്പിച്ച സി.എം.പി. 1495/2014 എന്ന പരാതിയിൽ ബഹുമാനപ്പെട്ട കോടതിയുടെ 1-10-2014-ലെ ഉത്തരവിന്മേൽ ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് (ബഹുമാനപ്പെട്ട പൊതുമരാമത്ത് മന്ത്രി) സത്വരാന്വേഷണം (ക്യൂ.വി. 216/2014/എസ്.സി.ഇ.) നേരിടുന്നു.

(3) ബാറുകളുടെ നിരോധനം പിൻവലിക്കുന്നതിനായി ബഹുമാനപ്പെട്ട ധനകാര്യ നിയമ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്ക് ഒരു കോടി രൂപ കോഴ നല്കിയെന്ന പ്രമുഖ അബ്കാരി കോൺട്രാക്ടർ ഡോ. ബിജു രമേശിന്റെ ആരോപണത്തിന്റെ അടിസ്ഥാനത്തിലും ബാർ ഉടമകൾ മന്ത്രിമാർക്ക് കോഴ നൽകിയതും മറ്റും സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ നൽകിയ പരാതിയുടെയും അടിസ്ഥാനത്തിലും ഉത്തരവിട്ട സത്വരാന്വേഷണവും (ക്യൂ.വി. 14/2014/എസ്.ആർ.ടി.) ശ്രീ. കെ. എം.

മാണി (ധനകാര്യ നിയമ വകുപ്പുമന്ത്രി) നേരിടുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ താഴെപ്പറയുന്ന മന്ത്രിമാർ വിജിലൻസ് അന്വേഷണങ്ങൾ നേരിടുന്നുണ്ടായിരുന്നു:

1. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വി.ഇ.2/2011/എസ്.സി.കെ.)

2. ശ്രീ. സി. എൻ. ബാലകൃഷ്ണൻ (വി.ഇ.7/2009/തൃശ്ശൂർ)

3. ശ്രീ. എം. കെ. മുനീർ (വി.ഇ.26/2008/എൻ.ആർ.കെ.)

4. ശ്രീ. ആര്യാടൻ മുഹമ്മദ് (വി.ഇ.2/2011/എസ്.സി.കെ.)

ശ്രീ. അടൂർ പ്രകാശിനെതിരെയും ശ്രീ. എം. കെ. മുനീറിനെതിരെയും ശ്രീ. പി. ജെ. ജോസഫിനെതിരെയുമുള്ള വിജിലൻസ് കേസുകൾ അവശേഷിക്കുന്നു.

(സി) മന്ത്രിമാർ ഉൾപ്പെട്ട വി.സി.1/97/എസ്.സി.റ്റി. (പാമോലിൻ കേസ്) പിൻവലിക്കാൻ G.O.(Rt)145/2013/Vig തീയതി 13-9-2013 പ്രകാരം ഉത്തരവ് ആയിരുന്നു. എന്നാൽ ഇത് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

**പോലീസ് ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയ അന്വേഷണ പരിശീലനം**

267 (269) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന്റെ കുറ്റാന്വേഷണത്തിൽ മനുഷ്യത്വരഹിതമായ പെരുമാറ്റങ്ങൾ പലപ്പോഴും ഉണ്ടാകുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്വേഷണ ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയ അന്വേഷണ രീതികളെപ്പറ്റി മതിയായ അറിവില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയ അന്വേഷണ രീതികളെക്കുറിച്ച് മതിയായ പരിശീലനം നൽകാറുണ്ടോ ; ഇല്ലായെങ്കിൽ പ്രസ്തുത വിഷയം പരിഗണിക്കുമോ ;

(ഡി) കേരള പോലീസ് ആക്ട് നടപ്പാക്കുന്നതിൽ എന്തെങ്കിലും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) പ്രസ്തുത ആക്ടിൽ പ്രതിപാദിപ്പിക്കുന്ന തരത്തിലാണോ ഉദ്യോഗസ്ഥരുടെ പെരുമാറ്റമെന്ന് വിലയിരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലായെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പോലീസ് ട്രെയിനിംഗ് കോളേജിൽ പോലീസുദ്യോഗസ്ഥർക്ക് നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി ശാസ്ത്രീയമായ കുറ്റാന്വേഷണ രീതികളെപ്പറ്റി പരിശീലനം നൽകിവരുന്നുണ്ട്. കൃത്യസ്ഥലത്തുനിന്ന് ശാസ്ത്രീയമായ രീതിയിൽ തെളിവുകൾ ശേഖരിക്കുന്നതിനെക്കുറിച്ചും അവയെ കണ്ടെത്തി പ്രത്യേകം പായ്ക്ക് ചെയ്ത് സൂക്ഷിക്കുന്നതിനെക്കുറിച്ചുമുള്ള ശാസ്ത്രീയമായ വിഷയങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. കൂടാതെ ആത്മഹത്യ, കൊലപാതകം, അസ്വാഭാവിക മരണം എന്നിവയുമായി ബന്ധപ്പെട്ട കുറ്റാന്വേഷണത്തിൽ എഫ്.എസ്.എൽ., ഫിംഗർ പ്രിന്റ് ബ്യൂറോ, മെഡിക്കൽ കോളേജിലെ ഫോറൻസിക് മെഡിസിൻ വിഭാഗം എന്നിവിടങ്ങളിലെ വിദഗ്ദ്ധരെകൊണ്ട് പോലീസ് ഉദ്യോഗസ്ഥർക്കായി പി.റ്റി.സി.യിൽ പരിശീലനം നൽകിവരുന്നുണ്ട്. എസ്.ഐ.മാരുടെ പുതുക്കിയ സൈബർ സിലബസിൽ , ഫോറൻസിക്, ഫോറൻസിക് സയൻസ്, ഫോറൻസിക് മെഡിസിൻ ക്രിമിനോളജി, കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ തുടങ്ങിയവയിൽ ആധുനിക രീതിയിലുള്ള പരിശീലനം നൽകിവരുന്നു.

(ഡി & ഇ) ജി.ഒ.(ആർ. ടി.) നമ്പർ 166/11/ആഭ്യന്തരം തീയതി 18-1-2011 പ്രകാരം കേരള പോലീസ് ആക്ട് 2011-ന് മേൽ ഡ്രാഫ്റ്റ് റൂൾസ് തയ്യാറാക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ രൂപീകരിച്ചിരുന്നു. എന്നാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പ്രസ്തുത കമ്മിറ്റി ഡ്രാഫ്റ്റ് റൂൾസ് സമർപ്പിക്കാത്തതിനാൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിനുള്ള ശിപാർശ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിശോധിച്ചുവരുന്നു.

**റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ചികിത്സ**

268 (270) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിൽ മരണമടയുന്നവരിൽ ഏറെയും പേർ സമയത്ത് ആശുപത്രിയിൽ എത്തിക്കാതെ ചികിത്സ കിട്ടാത്തത് മൂലമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് ആഭ്യന്തര - ഗതാഗത വകുപ്പുകൾ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നവർക്ക് ചെലവാകുന്ന തുക ആ പരിധിയിലുള്ള സർക്കിൾ ഓഫീസിൽനിന്നും നൽകിവരുന്നു. കൂടാതെ, റോഡപകടങ്ങളിൽപ്പെടുന്നവർക്ക് യഥാസമയം സഹായം ലഭ്യമാക്കുന്നതിനായി ഹൈവേ പോലീസ്, പോലീസ് അലർട്ട് സെൽ എന്നിവ പ്രവർത്തിച്ചുവരുന്നു. മാത്രമല്ല, അപകടത്തിൽപ്പെടുന്നവരെ സഹായിക്കുന്നതിലേക്കായി സ്റ്റേഷൻ തലത്തിൽ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതിയും ജനമൈത്രി ബീറ്റും പ്രവർത്തിച്ചുവരുന്നു. അപകടത്തിൽപ്പെടുന്നവർക്ക് പ്രഥമശുശ്രൂഷ നൽകിയശേഷം ആശുപത്രിയിൽ എത്തിക്കുന്നതിന് ഹൈവേ പോലീസിനും, ഹൈവേയുടെ വശങ്ങളിലെ പോലീസ് സ്റ്റേഷനിലുള്ള ഉദ്യോഗസ്ഥർക്കും ടാക്സി ഡ്രൈവർമാർക്കും മറ്റ് സന്നദ്ധ സംഘടനകൾക്കും ഡയമണ്ട് ഹവർ ട്രോമ കെയർ എന്ന പേരിൽ പ്രത്യേക പരിശീലന ക്ലാസ്സുകളും നൽകിവരുന്നു. ഗതാഗത വകുപ്പിന് കീഴിൽ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ റോഡപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കാൻ ഒരു പരിശീലന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. റോഡപകടങ്ങളിൽ പരിക്ക് പറ്റിയവർക്ക് പ്രഥമ ശുശ്രൂഷ നൽകുക, അവരെ എത്രയും വേഗം ആശുപത്രിയിൽ എത്തിക്കുക, ആവശ്യമായ മെഡിക്കൽ കെയർ നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം.

**മുരളിയുടെ കൊലപാതകം**

269 (271) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പളയിലെ പി. മുരളിയെ കൊലപ്പെടുത്താൻ ഗൂഢാലോചന നടത്തിയവരെ സംബന്ധിച്ച് പോലീസ് അന്വേഷിച്ചിട്ടുണ്ടോ ;

(ബി) മുരളിയെ കൊലപ്പെടുത്താൻ മുൻപും ശ്രമം നടന്നിട്ടുള്ളതായി പോലീസിന് വിവരം ലഭിച്ചിട്ടുണ്ടായിരുന്നോ ; ഉണ്ടെങ്കിൽ പോലീസ് സ്വീകരിച്ച മുൻകരുതൽ നടപടികൾ എന്തെല്ലാമായിരുന്നു ;

(സി) കൊലപാതകവും ഗൂഢാലോചനയും നടത്തിയ ഏതൊക്കെ ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകർക്ക് എതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തുകയുണ്ടായി ; അന്വേഷണത്തിന്റെ ഭാഗമായി ഏതൊക്കെ ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകരെ പോലീസ് ചോദ്യം ചെയ്യുകയുണ്ടായി ; ആരുടെയൊക്കെ ഫോൺ നമ്പരുകൾ പരിശോധിക്കുകയുണ്ടായി ?

ഉത്തരം

(എ) കുമ്പളയിലെ മുരളിയെ കൊലപ്പെടുത്തിയ കേസിലെ ഗൂഢാലോചന സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിവരുന്നു.

(ബി) മുരളിയെ കൊലപ്പെടുത്തുവാൻ മുമ്പും ശ്രമം നടന്നിട്ടുള്ളതും ആയതിന് കുമ്പള പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 597/2012 u/s 143, 147, 148, 341, 323, 324, 307 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനുപുറമെ കൊല്ലപ്പെട്ട മുരളിയും ഒന്നാം പ്രതി ശരത്തും തമ്മിൽ മുമ്പ് പ്രശ്നങ്ങൾ ഉണ്ടായതിനുശേഷം മുൻകരുതൽ എന്ന നിലയിൽ ടിയാൻമാരുടെ പേരിൽ ഹിസ്റ്ററി ഷീറ്റ് ഓപ്പൺ ചെയ്ത് അവരുടെ നീക്കങ്ങളിൽ പോലീസ് രഹസ്യ നിരീക്ഷണം നടത്തിവന്നിട്ടുള്ളതാകുന്നു.

(സി) കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ ഗൂഢാലോചന വെളിവായിട്ടില്ല. കേസിന്റെ അന്വേഷണം നടന്നുവരികയാണ്. ആയതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

**കൊളത്തൂർ, മലപ്പുറം പോലീസ് സ്റ്റേഷൻ പരിധി പുനർ നിർണയം**

270 (272) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർനിർണ്ണയിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഇത് സംബന്ധിച്ച് ആഭ്യന്തരവകുപ്പിലെ ഇ 1-21566/12 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) മലപ്പുറം നഗരത്തിന്റെ 2 കി.മീ. ചുറ്റളവിലുള്ള കോഡൂർ പഞ്ചായത്തിലെ ഉമ്മത്തൂർ, പെരിങ്ങോട്ടുപുലം, മുണ്ടക്കോട്, പരുവമണ്ണ പ്രദേശങ്ങൾ മലപ്പുറം പോലീസ് സ്റ്റേഷൻ പരിധിയിലാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ സത്വരനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ബി&സി) കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർനിർണ്ണയിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കരട്

വിജ്ഞാപനത്തിൽ ചില പിശകുകൾ കണ്ടതിനാൽ ഇതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മൊബൈൽ ടാങ്ക് യൂണിറ്റ്**

271 (273) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഫയർസ്റ്റേഷനിലേയ്ക്ക് പുതുതായി വാട്ടർ ടെൻഡർ (മൊബൈൽ ടാങ്ക് യൂണിറ്റ്) അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ വാട്ടർ ടെൻഡറുകൾ ലഭ്യമാകുന്ന മുറയ്ക്ക് മലപ്പുറം ഫയർ സ്റ്റേഷനിലും നൽകുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

272 (274) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഫയർഫോഴ്സ് യൂണിറ്റിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനാവശ്യമായ നിർദ്ദേശം ലഭ്യമായിട്ടുണ്ടോ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വ്യാപകമായി കഞ്ചാവ്, ലഹരിമരുന്ന് എന്നിവയുടെ വില്പന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത മണ്ഡലത്തിൽ നിർമ്മാണമാരംഭിച്ച കമാൻഡോ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി എന്ന് ആരംഭിക്കും; ആയതിന് കാലതാമസമുണ്ടെങ്കിൽ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിൽ ഉപയോഗിക്കുന്നതിനായി ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. വാഹനങ്ങളും, ഉപകരണങ്ങളും ആവശ്യകതയ്ക്കും ലഭ്യതയ്ക്കുമനുസൃതമായി, മറ്റു സ്റ്റേഷനുകളിലെന്നപോലെ മാവേലിക്കര ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലും നൽകുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഹരി മരുന്ന് വ്യാപാരം തടയുന്നതിനായി പ്രത്യേകം സ്ക്വാഡ് രൂപീകരിച്ച് നിരീക്ഷണം നടത്തിവരുന്നു. ഇതിലേക്ക് ഈ വർഷം നൂറനാട് പോലീസ് സ്റ്റേഷനിൽ ഒരു കേസും, മാവേലിക്കര പോലീസ് സ്റ്റേഷനിൽ നാല് കേസുകളും വള്ളിക്കുന്നം പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകളും രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. തുടർന്നും റെയ്ഡുകൾ ഉൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആലപ്പുഴ ജില്ലയിൽ നൂറനാട് എന്ന സ്ഥലത്ത് പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 8.69 ഏക്കർ സ്ഥലത്ത് ഒരു കൗണ്ടർ ഇൻസർജൻസി ആന്റ് ആന്റി ടെററിസം (CIAT) സ്കൂൾ അനുവദിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**വൈപ്പിനിൽ ഫയർ സ്റ്റേഷൻ**

273 (275) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ, ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വൈപ്പിനിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എളങ്കുന്നപ്പുഴ പഞ്ചായത്തിൽ ബെൽബോയ്ക്ക് പടിഞ്ഞാറ് ഭാഗത്തുള്ള പുറമ്പോക്ക് ഭൂമിയിൽ വൈപ്പിൻ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം 13-7-2012-ൽ നടന്ന പഞ്ചായത്ത് മീറ്റിംഗിലെ VII (4)-ാം നമ്പർ തീരുമാനമായി അംഗീകരിച്ചിട്ടുണ്ട്. ആയതിനുള്ള മേൽ നടപടികൾ പഞ്ചായത്ത് കമ്മിറ്റി കൂടി അടിയന്തരമായി സ്വീകരിക്കുന്നതാണെന്നും എളങ്കുന്നപ്പുഴ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(ബി) സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കാനാണ് മുൻഗണന നൽകിവരുന്നത്.

**മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ**

274 (276) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിലെ എത്ര മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട് ; വ്യക്തമാക്കുമോ ;

(ബി) ഓരോരുത്തരുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഈ മന്ത്രിസഭയിലെ 3 മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്.

(1) ശ്രീ. അടൂർ പ്രകാശ് (ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി)

ശ്രീ. അടൂർ പ്രകാശ്, സെപ്റ്റംബർ 2004 മുതൽ മേയ് 2006 വരെ ഫുഡ് ആന്റ് സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയായിരിക്കെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് 25 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടതായ ആരോപണവുമായി ബന്ധപ്പെട്ട് വി.സി. 2/2008/എൻ.ആർ.കെ. എന്ന നമ്പരിലുള്ള വിജിലൻസ് കേസ് നിലവിലുണ്ട്. ഈ കേസിന്റെ അന്വേഷണം പുരോഗമിച്ചുവരുന്നു.

(2) ശ്രീ. പി. ജെ. ജോസഫ് (ബഹുമാനപ്പെട്ട ജലസേചന വകുപ്പ് മന്ത്രി)

ശ്രീ. പി. ജെ. ജോസഫ് 1997-ൽ റവന്യൂ വകുപ്പ് മന്ത്രി ആയിരിക്കെ ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഔദ്യോഗികസ്ഥാനം ദുരുപയോഗപ്പെടുത്തി ഗ്രീൻ ബർഗ് റിസോർട്ട് അതോറിറ്റി (കുളമാവ്, ഇടുക്കി ജില്ല) ഉടമയ്ക്ക് വനം കയ്യേറാൻ അനുമതി നല്കുക വഴി പ്രസ്തുത റിസോർട്ട് ഉടമയ്ക്ക് സാമ്പത്തിക ലാഭം ഉണ്ടാക്കി എന്ന ആരോപണവുമായി ബന്ധപ്പെട്ട് വി.സി. 5/2012/ഇ.ആർ.കെ., വി.സി. 6/2012/ഇ.ആർ.കെ. എന്നീ നമ്പറുകളിൽ രണ്ട് വിജിലൻസ് കേസുകൾ നിലവിലുണ്ട്. പ്രസ്തുത കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

(3) ഡോ. എം. കെ. മുനീർ (ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹികക്ഷേമവും വകുപ്പ് മന്ത്രി)

ഡോ. എം. കെ. മുനീർ ഇന്ത്യാവിഷൻ ചാനലിന് അനധികൃതമായി 3 കോടി രൂപ ലോൺ അനുവദിച്ചതുമായി ബന്ധപ്പെട്ട് VC1/09/SIU-I അന്വേഷണം പൂർത്തിയാക്കി. കേസിൽ തെളിവുകൾ ഒന്നും ഇല്ല എന്ന കാരണത്താൽ (mistake of facts) ആയി പരിഗണിക്കുവാൻ കോടതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. കോടതിയുടെ ഉത്തരവ് ലഭിച്ചിട്ടില്ല.

**ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസ്സിന്റെ വിശദാംശം**

275 (277) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസ്സിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കേസിൽ ആർക്കെല്ലാമെതിരെയാണ് കുറ്റപത്രം സമർപ്പിക്കാനുദ്ദേശിക്കുന്നത് ;

(സി) കുറ്റക്കാരെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) കേസിന്മേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം പൂർത്തിയാക്കി അന്വേഷണ റിപ്പോർട്ട് 3-12-2012 തീയതിയിൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ കേസിൽ

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ - മുൻ മുഖ്യമന്ത്രി
2. ശ്രീ. കെ. പി. രാജേന്ദ്രൻ - മുൻ റവന്യൂ വകുപ്പ് മന്ത്രി
3. ശ്രീ. ടി. കെ. സോമൻ - സ്വകാര്യ വ്യക്തി

4. ശ്രീ. എൻ. എ. കൃഷ്ണൻകുട്ടി - മുൻ ജില്ലാ കളക്ടർ,
ഐ.ഐ.എസ്. (റിട്ടയേർഡ്) കാസർഗോഡ്

5. ശ്രീ. എ. സുരേഷ് - മുൻ മുഖ്യമന്ത്രിയുടെ പേഴ്സണൽ അസിസ്റ്റന്റ്

എന്നിവർക്കെതിരെ പ്രോസിക്യൂഷന് വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. ഈ കേസുമായി ബന്ധപ്പെട്ട് ശ്രീ. വി. എസ്. അച്യുതാനന്ദൻ സമർപ്പിച്ച ഹർജിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി മേൽ നടപടികൾ താത്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത കേസിൽ

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ - മുൻ മുഖ്യമന്ത്രി
2. ശ്രീ. കെ. പി. രാജേന്ദ്രൻ - മുൻ റവന്യൂ വകുപ്പ് മന്ത്രി
3. ശ്രീ. ടി. കെ. സോമൻ - സ്വകാര്യ വ്യക്തി
4. ശ്രീ. എൻ. എ. കൃഷ്ണൻകുട്ടി, ഐ.എ.എസ്. (റിട്ടയേർഡ്)
- മുൻ ജില്ലാ കളക്ടർ, കാസർഗോഡ്
5. ശ്രീ. എ. സുരേഷ് - മുൻ മുഖ്യമന്ത്രിയുടെ പേഴ്സണൽ അസിസ്റ്റന്റ്

എന്നിവർക്കെതിരെയാണ് കുറ്റപത്രം സമർപ്പിക്കാൻ വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തത്.

(സി)

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ - മുൻ മുഖ്യമന്ത്രി
2. ശ്രീ. കെ. പി. രാജേന്ദ്രൻ - മുൻ റവന്യൂ വകുപ്പ് മന്ത്രി
3. ശ്രീ. ടി. കെ. സോമൻ - സ്വകാര്യ വ്യക്തി
4. ശ്രീ. എൻ. എ. കൃഷ്ണൻകുട്ടി, ഐ.എ.എസ്. (റിട്ടയേർഡ്)
- മുൻ ജില്ലാ കളക്ടർ, കാസർഗോഡ്
5. ശ്രീ. എ. സുരേഷ് - മുൻ മുഖ്യമന്ത്രിയുടെ പേഴ്സണൽ അസിസ്റ്റന്റ്

(ഡി) ഹൈക്കോടതി ഉത്തരവ് പ്രകാരം കേസിന്റെ തുടർ നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്.

**ക്വാറി കോഴ വിജിലൻസ് അന്വേഷണം**

276 (278) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയായിരുന്ന ശ്രീ. രാഹുൽ ആർ. നായർ, ക്വാറി ഉടമകളിൽ നിന്ന് 17 ലക്ഷം രൂപ കോഴ വാങ്ങിയതായുള്ള ആക്ഷേപം സംബന്ധിച്ച വിജിലൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; പ്രസ്തുത കേസിൽ

വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥൻ എഫ്.ഐ.ആർ. തയ്യാറാക്കി രജിസ്റ്റർ ചെയ്തത് എപ്പോഴായിരുന്നു ; എഫ്.ഐ.ആറിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(ബി) വിജിലൻസ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ; ശ്രീ. രാഹുൽ വിജിലൻസിന് നൽകിയ മൊഴിയിൽ, എ.ഡി.ജി.പി. ശ്രീമതി ശ്രീലേഖ, തിരുവനന്തപുരം റേഞ്ച് ഐ.ജി. മനോജ് എബ്രഹാം എന്നിവർക്ക് ക്വാറി പ്രശ്നത്തിൽ എന്തെങ്കിലും പങ്ക് ഉള്ളതായി വെളിപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രീ. രാഹുൽ ആർ. നായർക്കെതിരെ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ വി.സി. 5/14-എസ്.ഐ.യു.-I നമ്പറായി ഒരു വിജിലൻസ് കേസ് 17/11/14-ൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട എഫ്.ഐ.ആർ. 17/11/14 തീയതിയിൽ രജിസ്റ്റർ ചെയ്തു. എഫ്.ഐ.ആർ.-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) 18/11/14-ലെ സ.ഉ. (സാ) നമ്പർ 8900/2014 പൊ.ഭ.വ. ഉത്തരവ് പ്രകാരം ശ്രീ. രാഹുൽ ആർ. നായരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. കേസ് അന്വേഷണത്തിലായതിനാൽ മൊഴികൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

**ചെക്ക് തട്ടിപ്പ് കേസ്**

277 (279) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെക്ക് നല്കി തട്ടിപ്പു നടത്തിയ കേസിലെ പ്രതിക്കെതിരെ തിരുവനന്തപുരം കോടതി പുറപ്പെടുവിച്ച വാറണ്ട് പ്രകാരം പ്രതിയെ അറസ്റ്റ് ചെയ്യുന്നില്ലെന്നു കാണിച്ച് പരാതിക്കാരൻ ബഹു. മുഖ്യമന്ത്രിക്ക് നല്കിയ പരാതി 11-1-2012-ൽ 1229/12/CM എന്ന നമ്പരിൽ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് അയച്ചു നല്കിയ പ്രകാരം അന്വേഷണം നടത്തി നല്കിയ റിപ്പോർട്ടിലെ വിവരങ്ങൾ വസ്തുതകൾക്ക് നിരക്കുന്നതല്ലെന്ന് വിശദീകരിച്ച് നല്കിയ പുനർ പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതേക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; അന്വേഷണ വിവരം വെളിപ്പെടുത്തുമോ ;

(സി) വാറണ്ട് നടപ്പാക്കാതിരിക്കുന്നതിന് വ്യാജ വിവരങ്ങൾ ചേർത്ത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റിപ്പോർട്ടു നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കാനും, വാറണ്ട് നടപ്പാക്കാനും വേണ്ട നിർദ്ദേശം നല്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ വാറണ്ടിലെ പേരുകാരന്റെ ലഭ്യമായിട്ടുള്ള വിലാസങ്ങളിൽ അന്വേഷണം നടത്തിയതിൽ ടിയാൻ പ്രസ്തുത വിലാസങ്ങളിൽ താമസമില്ല എന്നും ടിയാൻ പലരിൽനിന്നും പണം കടം വാങ്ങിയശേഷം ഒളിവിൽ പോയതായി വെളിവായിട്ടുള്ളതുമാകുന്നു. വാറണ്ടിലെ പേരുകാരനെ കണ്ടെത്തുന്നതിലേക്കായി ലുക്ക്ഔട്ട് നോട്ടീസ് പുറപ്പെടുവിച്ച് ഊർജ്ജിതമായ തുടരന്വേഷണങ്ങൾ തിരുവനന്തപുരം വഞ്ചിയൂർ പോലീസ് നടത്തിവരുന്നു.

(സി) വാറണ്ട് നടപ്പിലാക്കാൻ സാധിക്കാത്തതിലേക്ക് തെറ്റായ വിവരങ്ങൾ ചേർത്ത് റിപ്പോർട്ട് നൽകിയിട്ടില്ല. എന്നാൽ ആയതിന്മേൽ ലഭിച്ച പരാതിയുടെ മറുപടിയിൽ ടിയാൻ മുൻപ് താമസിച്ചിരുന്നതായി പറയുന്ന തിരുവനന്തപുരം ഫോർട്ട് ആശുപത്രിക്ക് സമീപം 124-ാം നമ്പർ വീട്ടിൽ ടിയാന്റെ ഭാര്യയുടെ വയസ്സായ അച്ഛനും അമ്മയും താമസിച്ചു വരുന്നു എന്നതിനു പകരം പ്രതിയായ ജയകുമാറിന്റെ വയസ്സായ അച്ഛനും അമ്മയും താമസിക്കുന്നു എന്ന് പരാതി അന്വേഷിച്ചുപോയ സബ്-ഇൻസ്പെക്ടർ പിശകായി റിപ്പോർട്ട് നൽകിയതായി കാണുന്നു. അതല്ലാതെ മനഃപൂർവ്വമായി വ്യാജ വിവരങ്ങൾ ചേർത്ത് റിപ്പോർട്ട് നൽകിയതായി വെളിവായിട്ടില്ല. ടി വാറണ്ട് പ്രതിയെ കണ്ടെത്തുന്നതിലേയ്ക്കായി ഊർജ്ജിതമായ അന്വേഷണം നടത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ വഞ്ചിയൂർ എസ്.എച്ച്.ഒ.യ്ക്ക് നൽകിയിട്ടുണ്ട്.

**സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ ചൂഷണം**

278 (280) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിത പലിശ ഈടാക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ അക്രമങ്ങൾ തടയുന്നതിനും സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുന്നതിനും ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) റിസർവ് ബാങ്ക് നിർദ്ദേശിക്കുന്ന പലിശനിരക്കിനേക്കാൾ കൂടുതൽ പലിശ ഈടാക്കി ജനങ്ങളെ ദ്രോഹിക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; ഈ ഇനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ; കേസുകളുടെ പുരോഗതി എന്തായി ; വിശദമാക്കുമോ ;

(സി) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ ചൂഷണങ്ങളിൽനിന്നും അക്രമങ്ങളിൽനിന്നും സാധാരണക്കാരെ രക്ഷിക്കുവാൻ നടപ്പിലാക്കിയ ഓപ്പറേഷൻ കുബേരയിലൂടെ എത്ര പേരെ അറസ്റ്റു ചെയ്തു ; സാധാരണക്കാരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് സർക്കാർ കൈക്കൊണ്ട ബദൽ നടപടികൾ എന്തെല്ലാമാണ്;വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തു വകകളും, മുദ്രപ്പത്രങ്ങളും, ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തു വകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ തുടരെത്തുടരെയുള്ള റെയ്ഡുകൾ സംസ്ഥാനമൊട്ടാകെ നടത്തുകയും, കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. ബ്ലേഡ് മാഫിയയ്ക്കെതിരായി നടന്നുവരുന്ന ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.മാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ബ്ലേഡ് മാഫിയയ്ക്കെതിരായ ജനങ്ങളുടെ പരാതിയിന്മേൽ ഉചിതമായ നടപടി സ്വീകരിയ്ക്കുന്നതിനായി ജില്ലാ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ജില്ലാ പോലീസ് മേധാവികളെയും, നോഡൽ ഓഫീസർമാരേയും ബന്ധപ്പെടേണ്ട നമ്പരും ഇ-മെയിൽ ഐഡിയും മാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനു പുറമേ ആഴ്ചയിൽ ഒരു ദിവസത്തിന്റെ പകുതി പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനായി മാറ്റിവയ്ക്കണമെന്നുള്ള നിർദ്ദേശവും ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്.

(ബി) ഓപ്പറേഷൻ കുബേര പദ്ധതിയിലൂടെ റിസർവ് ബാങ്ക് നിർദ്ദേശിക്കുന്ന പലിശ നിരക്കിനേക്കാൾ കൂടുതൽ പലിശ ഈടാക്കി ജനങ്ങളെ ദ്രോഹിക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ 109 കേസുകൾ രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കേസുകളെല്ലാം തന്നെ ഊർജ്ജിതമായി അന്വേഷിച്ചിട്ടുള്ളതും 39 കേസുകളുടെ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും, 67 കേസുകളിൽ അന്വേഷണം നടന്നുവരികയുമാണ്. 3 കേസുകളിൽ റഫർ ചാർജ്ജ് നൽകിയിട്ടുണ്ട്.

(സി) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ ചൂഷണങ്ങളിൽനിന്നും സാധാരണക്കാരെ രക്ഷിക്കുവാൻ നടപ്പിലാക്കിയ ഓപ്പറേഷൻ കുബേരയിലൂടെ 2047 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സാധാരണക്കാരുടെ സാമ്പത്തിക ആവശ്യങ്ങൾ

ബാങ്ക് മുഖേനയോ, സഹകരണ സ്ഥാപനങ്ങൾ മുഖേനയോ, അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ നടത്തണമെന്നും പൊതുജനങ്ങളെ ബോധവൽക്കരിച്ചു വരികയാണ്. എന്നാൽ അനധികൃത പണമിടപാട് സ്ഥാപനങ്ങളുമായോ, അമിത പലിശക്കാരുമായോ ഇടപാടുകൾ നടത്തരുതെന്നും പൊതുജനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

**കുഴൽപണ ഇടപാടുമായി ബന്ധപ്പെട്ട കേസുകൾ**

279 (281) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഇതുവരെ എത്ര കുഴൽപ്പണകടത്തുകാരെ പിടികൂടുകയുണ്ടായി ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; മൊത്തം എത്ര തുക പിടികൂടുകയുണ്ടായി ;

(ബി) സംസ്ഥാനത്ത് കുഴൽപണകടത്ത് വ്യാപകമായിരിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് കുഴൽപണ ഇടപാടുമായി ബന്ധപ്പെട്ട കേസുകളിൽ എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഇതുവരെ 35 കുഴൽ പണക്കടത്തുകാരെ പിടികൂടുകയുണ്ടായി. 21 കേസ്സുകൾ രജിസ്റ്റർ ചെയ്തു. മൊത്തം 9,89,01,325 രൂപ പിടികൂടുകയുണ്ടായി.

(ബി) സംസ്ഥാനത്ത് കുഴൽപണ കടത്ത് വ്യാപകമായിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ സർക്കാരിന്റെ കാലത്ത് കുഴൽപണ ഇടപാടുമായി ബന്ധപ്പെട്ട കേസുകളിൽ ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല.

**പാമോലിൻ കേസ്**

280 (282) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമോലിൻ കേസ് സി.ബി.ഐ. അന്വേഷിക്കണമായിരുന്നെന്ന ബഹു. സുപ്രീംകോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേസ് പിൻവലിക്കാനുള്ള നടപടിയുമായി സർക്കാർ മുന്നോട്ട് പോകുമ്പോൾ പോലീസ് എന്ത് അന്വേഷണമാണ് നടത്തുകയെന്നും, ഇത്തരമൊരു കേസ് പോലീസ് വീണ്ടും വീണ്ടും അന്വേഷിക്കുന്നതുകൊണ്ട് ഗുണമില്ലെന്നും കോടതി അഭിപ്രായപ്പെട്ടിട്ടുണ്ടോ ;

(സി) കേസ് പിൻവലിക്കാനുള്ള തീരുമാനമെടുത്ത മന്ത്രിസഭായോഗത്തിൽ മുഖ്യമന്ത്രി പങ്കെടുത്തിട്ടുണ്ടെങ്കിൽ അത് ശരിയല്ലെന്നും, മുഖ്യമന്ത്രിയുടെ താത്പര്യം സംരക്ഷിക്കാനാണോ കേസ് പിൻവലിക്കുന്നതെന്നും കോടതി ആരാഞ്ഞുവോ ; എങ്കിൽ ഇത് സംബന്ധിച്ച അഭിപ്രായം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേസ് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബഹുമാനപ്പെട്ട കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ബാർകോഴ വിവാദം സംബന്ധിച്ച അന്വേഷണം**

281 (283) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴ സംബന്ധിച്ച് വിജിലൻസ് വകുപ്പിന് നേരിട്ട് ലഭിച്ച പരാതികളും പത്ര-ദൃശ്യ മാധ്യമവാർത്തകളും എത്ര ; പ്രധാനമായും ഏതൊക്കെ ;

(ബി) അന്വേഷണ സംഘം ഏതെല്ലാം പരാതികളും വെളിപ്പെടുത്തലുകളും അന്വേഷണ വിധേയമാക്കുകയുണ്ടായി ;

(സി) ആരുടെയെല്ലാം വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ ആരെയെല്ലാം ചോദ്യം ചെയ്യുകയുണ്ടായി; കോഴ വാങ്ങിയതായി ആരോപിക്കപ്പെട്ട ഏതെല്ലാം മന്ത്രിമാരെ ചോദ്യം ചെയ്യുകയുണ്ടായി ;

(ഡി) അടച്ചുപൂട്ടപ്പെട്ട എത്ര ബാറുകളുടെ ഉടമകളെ ചോദ്യം ചെയ്യുകയുണ്ടായി; കോഴ നൽകാൻ പണം നൽകിയതായി റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര ബാറുടമകളെ ചോദ്യം ചെയ്തു എന്നറിയിക്കുമോ ?

ഉത്തരം

(എ) ബാർ കോഴ സംബന്ധിച്ച് വിജിലൻസ് വകുപ്പിന് 3 പരാതികൾ കിട്ടിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പരാതികൾ തന്നവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ - ബഹു. പ്രതിപക്ഷ നേതാവ്.
2. ശ്രീ. പി. കെ. രാജു, പട്ടം മെഡിക്കൽ കോളേജ് - സ്വകാര്യ വ്യക്തി.
3. ശ്രീ. മുണ്ടേല ബഷീർ, നെടുമങ്ങാട് - സ്വകാര്യ വ്യക്തി.

(ബി) പ്രസ്തുത പരാതികൾ അന്വേഷണ വിധേയമാക്കിയിട്ടുണ്ട്.

(സി) പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പരാതിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വ്യക്തികളെ ചോദ്യം ചെയ്യുകയുണ്ടായി.

1. ധനകാര്യ മന്ത്രി ശ്രീ. കെ. എം. മാണി.
2. ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ്ജ്.

(ഡി) അന്വേഷണ സംഘം 22 ബാർ ഉടമകളെ ചോദ്യം ചെയ്യുകയുണ്ടായി. ചോദ്യം ചെയ്ത ബാർ ഉടമകൾ കോഴ നൽകാൻ പണം നൽകിയതായി പറഞ്ഞിട്ടില്ല. അപ്രകാരം പണം നൽകിയതായി വെളിവാക്കപ്പെട്ട ആരും അന്വേഷണ സംഘത്തിന് മുമ്പാകെ ഹാജരാകാൻ കൂട്ടാക്കിയിട്ടില്ല. പണം നൽകിയതായി പറയുന്നവർ ബാർ അസോസിയേഷനുള്ള കേസുകളുടെ നടത്തിപ്പിനായി ആണ് പണം നൽകിയത് എന്നാണ് അറിയിച്ചിരിക്കുന്നത്.

**വിജിലൻസ് റെയ്ഡ്**

282 (284) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എത്ര ഉന്നതോദ്യോഗസ്ഥരുടെ വീടുകളിലാണ് 2014 ഒക്ടോബർ, നവംബർ മാസങ്ങളിൽ വിജിലൻസ് റെയ്ഡ് നടത്തിയത് ; എത്ര ഉദ്യോഗസ്ഥരാണ് കണക്കിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതായി കണ്ടെത്തിയത്; ഇവരുടെ പേരിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

2014 ഒക്ടോബർ, നവംബർ മാസങ്ങളിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ച എന്ന വിഷയവുമായി ബന്ധപ്പെട്ട് ഡോക്ടർ ഷാനവാസ്, മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ എമർജിംഗ് ഇന്ത്യാ ലിമിറ്റഡ്, ശ്രീ. പി. കെ. ഷാജി,

തഹസിൽദാർ, ശ്രീ. റ്റി. ഒ. സൂരജ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് എന്നീ 3 ഉന്നത ഉദ്യോഗസ്ഥരുടെ വീടുകളിൽ റെയ്ഡ് നടത്തിയിട്ടുണ്ട്. ഇവർക്കെതിരെയുള്ള കേസുകളിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. അന്വേഷണ വിധേയമായി ശ്രീ. റ്റി. ഒ. സൂരജിനെ സർക്കാർ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

**സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം**

283 (285) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നിലവിലുണ്ട് ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട് ;

(സി) സർക്കാർ സർവ്വീസിൽ അഴിമതി, കൈക്കൂലി തുടങ്ങിയവ തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 3000-ത്തോളം സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നിലവിലുണ്ട്.

(ബി) അന്വേഷണം പൂർത്തിയായ 632 കേസുകളിൽ തിരുവനന്തപുരം, തൃശ്ശൂർ, കോട്ടയം, കോഴിക്കോട് കോടതികളിലായി ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ട്.

(സി) പൊതുജന പങ്കാളിത്തത്തോടെ അഴിമതിയ്ക്കെതിരായ പോരാട്ടം കൂടുതൽ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. വിജിലൻസ് ബ്യൂറോയുടെ സുവർണ്ണ ജൂബിലി വർഷം സമഗ്ര അഴിമതി വിരുദ്ധ ബോധവൽക്കരണ വർഷമായി ആചരിക്കുന്നു. ഇതിന്റെ ഭാഗമായി സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ, റാലികൾ മുതലായവ സംഘടിപ്പിച്ചിട്ടുണ്ട്. മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി ടോൾഫ്രീ പരാതി പരിഹാര മൊബൈൽ ഫോൺ, ലൈറ്റ്നിംഗ് സ്ക്വാഡ്, എസ്.എം.എസ്, വാട്ട്സ് ആപ്പ് തുടങ്ങിയ ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് അഴിമതിയെ സംബന്ധിച്ച പരാതികൾ നൽകാവുന്നതും ആയതിന് പരിഹാരം എത്രയും പെട്ടെന്ന് കാണാൻ ശ്രമിക്കുകയും ചെയ്തു വരുന്നു. ഇവയുടെ പരസ്യം ഇതിനായി വ്യാപകമായി നൽകിയിട്ടുണ്ട്. മിന്നൽ പരിശോധന എല്ലാ വകുപ്പുകളിലും നടത്താൻ ശ്രമിക്കുന്നു. സ്കൂൾ തലങ്ങളിൽ അഴിമതിയ്ക്കെതിരെ ബോധവൽക്കരണം നടത്താൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ജില്ലാതല വിജിലൻസ് കമ്മിറ്റികൾ നവീകരിച്ച് ഊർജ്ജിത ബോധവൽക്കരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ മറ്റ് വകുപ്പുകളിലെ വിജിലൻസ് മേധാവികളെ പങ്കെടുപ്പിച്ച് പരിശീലനം നടത്തിവരുന്നു.

## വിചാരണ തടവുകാർ

284 (286) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വിചാരണ തടവുകാർ എത്രയാണ്; ഇതിൽ മൂന്നു മാസത്തിലധികമായി തടവിൽ തുടരുന്നവർ എത്ര ; ആറ് മാസത്തിലധികമായി തടവിൽ തുടരുന്നവർ എത്ര ; ഒരു വർഷത്തിലധികമായി തടവിൽ തുടരുന്നവർ എത്ര ;

(ബി) വിചാരണ തടവുകാരിൽ, കുറ്റക്കാരെന്ന് തെളിഞ്ഞാൽ ലഭിക്കാവുന്ന ശിക്ഷയുടെ പകുതി കാലാവധി പൂർത്തിയാക്കപ്പെട്ടവർ ആരെങ്കിലും ഉണ്ടോ ; എങ്കിൽ ആരൊക്കെ ;

(സി) ഇത്തരക്കാരെ വിട്ടയക്കാൻ സുപ്രീംകോടതി ഉത്തരവിട്ടിട്ടുണ്ടോ ; എങ്കിൽ സുപ്രീംകോടതി വിധിയെ തുടർന്ന് എത്ര പേരെ വിട്ടയക്കുകയുണ്ടായി ; വിട്ടയക്കപ്പെടാൻ അർഹതയുള്ളവർ എത്ര പേരാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 4371 വിചാരണ തടവുകാരുണ്ട്. ഇവരിൽ 3 മാസത്തിൽ അധികമായി 839 പേരും ആറ് മാസത്തിലധികമായി 362 പേരും ഒരു വർഷത്തിൽ അധികമായി 103 പേരും തടവിൽ കഴിയുന്നുണ്ട്.

(ബി) കുറ്റക്കാരെന്ന് തെളിഞ്ഞാൽ ലഭിക്കാവുന്ന ശിക്ഷയുടെ പകുതി കാലാവധി പൂർത്തിയാക്കിയ വിചാരണ തടവുകാർ ആരുംതന്നെ സംസ്ഥാനത്തെ ജയിലുകളിലില്ല.

(സി) ബഹു. സുപ്രീം കോടതിയുടെ ഉത്തരവുണ്ടെങ്കിലും ഇത്തരത്തിലുള്ള വിചാരണ തടവുകാരും കേരളത്തിലെ ജയിലുകളിലില്ല.

## ജയിലുകളിലെ അനിഷ്ട സംഭവങ്ങളുടെ വിശദവിവരങ്ങൾ

285 (287) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടവുകാർക്കിടയിൽ വർഗ്ഗീയവും രാഷ്ട്രീയവുമായ ചേരിതിരിവുകൾ ഉണ്ടാക്കുന്ന ഉദ്യോഗസ്ഥ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തടവുകാർ ഉദ്യോഗസ്ഥന്മാരാൽ പീഡിപ്പിക്കപ്പെടുന്നതും പരസ്പരം ഏറ്റുമുട്ടുന്നതുമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് ജയിലുകളിലുണ്ടായ മർദ്ദനങ്ങളും അനിഷ്ട സംഭവങ്ങളും സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാണോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) വിയ്യൂർ സെൻട്രൽ ജയിലിൽ തടവുകാർക്കെതിരെ ഈയിടെയുണ്ടായ ജയിൽ വാർഡന്മാരുടെ മൂന്നാംമുറ പ്രയോഗങ്ങളും മർദ്ദനവും സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ എങ്കിൽ കുറ്റക്കാർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) ലഭ്യമാണ്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ഡി) ജയിലുദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണത്തിനും ജയിൽ അച്ചടക്കത്തിനും വിഘാതമായി തടവുകാർ പ്രവർത്തിച്ചുവെന്ന് അന്വേഷണത്തിൽ വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ തടവുകാരുടെ പേരിൽ വിയ്യൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

**ജയിൽ വാർഡൻ തസ്തിക**

286 (288) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ ജയിലുകളിലുമായി എത്ര തടവുകാർ ഉണ്ടെന്ന് വ്യക്തമാക്കാമോ ; തടവുകാർക്കായി ജോലി ചെയ്യാൻ നിശ്ചയിച്ചിട്ടുള്ള 'തടവുകാരുടെയും ജീവനക്കാരുടെയും അനുപാതം ' എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ജയിൽ വാർഡൻ തസ്തികയിലേക്ക് ഏതെല്ലാം ജില്ലകളിൽ പി.എസ്.സി. അപേക്ഷ ക്ഷണിച്ചുവെന്നും അതിൽ എത്ര ജില്ലകളിൽ പരീക്ഷ നടത്തിയെന്നും വെളിപ്പെടുത്താമോ ; പരീക്ഷ നടത്തിയ ജില്ലകളിൽ എന്നത്തേയ്ക്ക് ലിസ്റ്റ് നിലവിൽ വരും ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിലവിൽ ഓരോ ജില്ലയിലും ജയിൽ വാർഡൻ തസ്തികയിലുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ ;

(ഡി) ഈ ഒഴിവുകളിൽ ഇപ്പോൾ താത്ക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവരുടെ ജാതി തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 24-11-2014-ലെ കണക്കനുസരിച്ച് 7102 തടവുകാർ ഉണ്ട്. 24 മണിക്കൂർ ഡ്യൂട്ടി ചെയ്യുന്നതിന് 6 തടവുകാർക്ക് 1 വാർഡർ എന്ന അനുപാതമാണുള്ളത്.

(ബി) വിവിധ ജില്ലകളടങ്ങുന്ന മൂന്ന് മേഖലകളിലേക്കും വാർഡർ നിയമനത്തിന് പി.എസ്.സി. അപേക്ഷ ക്ഷണിക്കുകയും പരീക്ഷ നടത്തുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളടങ്ങുന്ന ദക്ഷിണ മേഖലയിൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നുകഴിഞ്ഞു. മധ്യ (എറണാകുളം, കോട്ടയം, ഇടുക്കി, തൃശ്ശൂർ) ഉത്തര (കോഴിക്കോട്, പാലക്കാട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്) മേഖലകളിൽ പരീക്ഷ കഴിഞ്ഞുവെങ്കിലും റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടില്ല.

(സി) അനുബന്ധം I-ൽ കാണാവുന്നതാണ്. *

(ഡി) 97 ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

## വന്യമൃഗശല്യം കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

287 (289) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വനാതിർത്തി ഭാഗങ്ങളിൽ വന്യമൃഗ ശല്യം കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി നടപ്പു സാമ്പത്തികവർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; അതിൽ എത്ര തുക ചെലവഴിച്ചു; ഇതു സംബന്ധിച്ച് ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇനിയും പൂർത്തിയാക്കാനുള്ള നടപടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) (1) കല്പറ്റ നിയോജകമണ്ഡലത്തിലെ വനാതിർത്തിയിൽ വന്യമൃഗശല്യം രൂക്ഷമായ ഭാഗങ്ങളിൽ ഏഴര കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ വേലികൾ 2013-14 സാമ്പത്തിക വർഷത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

(2) കല്പറ്റ റെയിഞ്ചിലെ കുറുക്കൻതോട് ഭാഗത്ത് 5 കി.മീ. ദൂരത്തിലും കുന്നംപുറം ഉതിരഞ്ചേരി ആല പ്രദേശങ്ങളിൽ 2 കി.മീ. ദൂരത്തിലും പാറത്തോട് മുതൽ ചെകുത്താൻ പാലം വരെയുള്ള 4.6 കി.മീ. ദൂരത്തിലും നിലവിലുള്ള സൗരോർജ്ജ കമ്പിവേലികളുടെ അറ്റകുറ്റപ്പണികൾ തീർത്ത് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(3) തരിയോട് എട്ടാംമൈൽ വനസംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ സുഗന്ധഗിരി സെക്ഷനിൽ പാറത്തോട് മുതൽ ഉതിരഞ്ചേരി വരെയുള്ള പ്രദേശങ്ങളിൽ 8 കി.മീ. ദൂരത്തിൽ നിലവിലുള്ള കമ്പിവേലിയുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(4) മേപ്പാടി റെയ്ഞ്ചിൽ പരപ്പൻപാറ ആദിവാസി കോളനി, സൺറൈസ് വാലി മുതൽ ശേഖരൻകുണ്ട് വരെയുള്ള പ്രദേശങ്ങളിൽ 3.54 കി.മീ. ദൂരത്തിൽ ജനപങ്കാളിത്തത്തോടുകൂടി സൗരോർജ്ജ കമ്പിവേലിയുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(5) കാട്ടാനശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ജനങ്ങളുടെ രാത്രികാല സഞ്ചാരം സുഗമമാക്കുന്നതിന് കല്പറ്റ റെയ്ഞ്ചിൽ 30 ഏക്കർ ഭൂദാനം കോളനി, വേങ്ങത്തോട് കോളനി, കാപ്പാംകുന്ന് കോളനി തുടങ്ങിയ പ്രദേശങ്ങളിൽ 8 സൗരോർജ്ജ തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

(6) കല്പറ്റ റെയ്ഞ്ചിലെ കാട്ടാന ശല്യം രൂക്ഷമായ പ്രദേശങ്ങളായ കറുകൻതോട്, അമ്പ, തരിയോട് എന്നിവിടങ്ങളിൽ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്.

(7) കാട്ടാന ശല്യം രൂക്ഷമായ തരിയോട് ഭാഗത്ത് ഒരു കി.മീ. ദൂരത്തിലും മേപ്പാടി റെയ്ഞ്ചിലെ വിവിധ പ്രദേശങ്ങളിലും നിലവിൽ ട്രഞ്ചുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടുതൽ പ്രദേശങ്ങളിൽ ട്രഞ്ച് NREGA പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനായി തരിയോട് ഗ്രാമപഞ്ചായത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(8) സുഗന്ധഗിരി സെക്ഷനിൽ, കാട്ടാനകൾ കൃഷിയിടത്തിലേക്കിറങ്ങുന്നത് തടയുന്നതിനായി 50 ഹെക്ടർ സ്ഥലത്ത് മുള്ളില്ലാ മുളത്തൈകൾ വച്ച് പിടിപ്പിച്ചിട്ടുണ്ട്.

(9) കാട്ടാനകൾക്ക് വനത്തിനകത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിനും ജലത്തിനായി ജനവാസ കേന്ദ്രങ്ങളിലേക്കിറങ്ങാതിരിക്കുന്നതിനുമായി കല്പറ്റ റെയ്ഞ്ചിലും മേപ്പാടി റെയ്ഞ്ചിലുമായി 5 ചെക്ക് ഡാമുകൾ നിർമ്മിച്ചിട്ടുണ്ട്.

(10) ശല്യക്കാരായ കുരങ്ങുകളെ വന്ധ്യംകരണം ചെയ്യുന്നതിനുള്ള ലാബ് ലക്കിടിയിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(ബി) (1) NABARD-RIDF-VII പദ്ധതിയിൽപ്പെടുത്തി സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനായി 66.77 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തുക ചെലവഴിച്ചിട്ടില്ല.

(2) ശല്യക്കാരായ കുരങ്ങുകളെ കൂട് വച്ച് പിടികൂടി ഉൾക്കാട്ടിൽ വിടുന്നതിനും, കുരങ്ങുകളെ വന്ധ്യംകരണം ചെയ്യുന്നതിനുള്ള ലാബ് നിർമ്മാണത്തിനുമായി 6.98 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 4.88 ലക്ഷം രൂപ ചെലവഴിച്ചു.

(3) കൃഷി സ്ഥലങ്ങളിൽ ഇറങ്ങുന്ന കാട്ടാനകളെ തുരത്തുന്നതിനായി വാച്ചർമാരെ നിയോഗിക്കാൻ 5.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 3.3 ലക്ഷം രൂപ ചെലവഴിച്ചു.

(സി) മേപ്പാടി റെയ്ഞ്ചിൽ 23 കി. മീ., കല്പറ്റ റെയ്ഞ്ചിൽ 14 കി.മീ. (ആകെ 37 കി.മീ.) സൗരോർജ്ജ വേലി നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**വനം വകുപ്പിന് കീഴിലുള്ള സൊസൈറ്റികൾ**

288 (290) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിലുള്ള സ്ഥലത്ത് സഹകരണ മേഖലയിൽ വനോൽപ്പന്നങ്ങൾ വിപണനം നടത്തുന്ന എത്ര സൊസൈറ്റികൾ പ്രവർത്തിച്ച് വരുന്നു ; അവ എവിടെയൊക്കെ ;

(ബി) ഇത്തരം സൊസൈറ്റികൾക്ക് നിശ്ചിത സ്ഥലങ്ങളിൽ പ്രവർത്തന സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(സി) ഇത്തരം സ്ഥാപനങ്ങൾ ഉപഭോക്താക്കൾക്ക് വന ഉല്പന്നങ്ങൾ വനശ്രീയെക്കാളും വിലക്കുറവിൽ വിപണനം നടത്താനാവുമെങ്കിൽ ഗവൺമെന്റ് നേരിട്ട് നടത്തുന്ന വനശ്രീകൾക്ക് അതിന് സാധിക്കാത്തതിനുള്ള കാരണം അറിയിക്കാമോ ;

(ഡി) ഇത്തരം സ്ഥാപനങ്ങൾ കൊമേഴ്സ്യൽ ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽപ്പെടുമോ ; എങ്കിൽ ഇതിലൂടെ വിപണനം നടത്തുന്ന ഉല്പന്നങ്ങളുടെ വിലവിവര പട്ടിക പ്രദർശിപ്പിക്കാത്തതിന്റെ കാരണം എന്താണ്; ഇത്തരം സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇത്തരം സ്ഥാപനങ്ങളിൽ കർശനമായും വിലവിവരപ്പട്ടിക സത്വരം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വനം വകുപ്പിന് കീഴിലുള്ള സ്ഥലങ്ങളിൽ വനോൽപ്പന്നങ്ങൾക്ക് ശേഖരണാനുമതി നൽകിയിട്ടുള്ള പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങളുടെയും ബന്ധപ്പെട്ട വനം റെയ്ഞ്ചുകളുടെയും വിവരം അനുബന്ധം 1 * ആയി ചേർക്കുന്നു.

(ബി) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ശിപാർശ ചെയ്യുന്ന പട്ടിക വർഗ്ഗ സേവന സഹകരണ സംഘങ്ങൾക്കാണ് വനം റെയ്ഞ്ചുകൾ അനുവദിച്ചു നൽകുന്നത്.

(സി) പ്രാദേശികമായി ശേഖരിക്കുന്ന തടിയിതര വനോൽപ്പന്നങ്ങൾ ഗുണനിലവാരം ഉറപ്പാക്കി മൂല്യവർദ്ധന നടത്തിയാണ് വനശ്രീ കേന്ദ്രങ്ങളിൽ വില്പന ചെയ്യുന്നത്. വനശ്രീ കേന്ദ്രങ്ങൾ നടത്തുന്നത് വന വികാസ ഏജൻസികളിലെ അംഗങ്ങളായ വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയാണ്. ഗുണ നിലവാരത്തിന്റെയും, മൂല്യവർദ്ധനയുടെയും അടിസ്ഥാനത്തിലാണ് വനശ്രീ ഉൽപ്പന്നങ്ങൾക്ക് വില നിശ്ചയിക്കുന്നത്.

(ഡി) വനശ്രീ കേന്ദ്രങ്ങൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വന വികാസ ഏജൻസികളിലെ അംഗങ്ങളായ വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയാണ് നടത്തുന്നത്. ഇത് സമൂഹത്തിന്റെ സംരംഭമായതിനാൽ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്നില്ല. സർക്കാരിന്റെ പങ്കാളിത്ത വനപരിപാലന നയത്തിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ടിട്ടുള്ള വന സംരക്ഷണ സമിതികൾ/ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ രൂപീകരണത്തിനും ശാക്തീകരണത്തിനും സർക്കാർ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. വനശ്രീ കേന്ദ്രങ്ങൾ നടത്തുന്നതിന് ഗവൺമെന്റ് പ്രത്യേക ഇളവുകൾ നൽകുന്നില്ല. ഈ കേന്ദ്രങ്ങളിൽ ഉൽപന്നങ്ങളുടെ വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) വില വിവരപ്പട്ടിക വനശ്രീ വിപണന കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കുന്നുണ്ട്.

**വനശ്രീ വിപണന കേന്ദ്രങ്ങൾ**

289 (291) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനശ്രീ വിപണന കേന്ദ്രങ്ങൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത് ; ഇവയുടെ ഘടന വിവരിക്കാമോ ; ഇവയുടെ നിയന്ത്രണം ആർക്കാണെന്നറിയിക്കുമോ ;

(ബി) ഇവയിലൂടെ വിപണനത്തിനാവശ്യമായ ഉല്പന്നങ്ങൾ സമാഹരിക്കുന്ന രീതി വിശദമാക്കുമോ ;

(സി) ഇതിൽ പൂർണ്ണമായും സുതാര്യത ഉറപ്പാക്കാൻ സത്വര നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത വിപണന കേന്ദ്രങ്ങളിലെ ഉല്പന്നങ്ങൾക്ക് ഉപഭോക്താക്കളിൽനിന്ന് ഇതേ മേഖലയിലെ മറ്റ് വിപണന സ്ഥാപനങ്ങളെക്കാൾ ഉയർന്ന വില ഈടാക്കുന്നതായ വിവരം ഗൗരവമായി പരിശോധിക്കുമോ ?

**ഉത്തരം**

(എ) സംസ്ഥാനത്ത് നിലവിൽ 37 വനശ്രീ വിപണന കേന്ദ്രങ്ങൾ 23 വന വികാസ ഏജൻസികളിൽ പ്രവർത്തിച്ചുവരുന്നു. (ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു). അതാത് വന വികാസ ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരായ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ ചുമതലയിലാണ് വനശ്രീ വിപണന കേന്ദ്രങ്ങൾ പ്രവർത്തനം നടത്തുന്നത്.

വനവാസികളിൽനിന്നും ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തി സ്റ്റാളുകൾ വഴി വിറ്റുവരുന്നു. വനവികാസ ഏജൻസികളുടെ കീഴിൽ വരുന്ന വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ നിയന്ത്രണത്തിൽ ശേഖരണം, മൂല്യവർദ്ധന, വിപണനം എന്നീ വിഭാഗങ്ങളിലായി വനശ്രീ പ്രവർത്തിക്കുന്നു.

(ബി) അതാത് വനസംരക്ഷണ സമിതി/ഇക്കോഡെവലപ്മെന്റ് കമ്മിറ്റികളിലെ ആദിവാസികൾ ശേഖരിക്കുന്ന ചെറുകിട വനോൽപ്പന്നങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ന്യായമായ വില നൽകി ആദ്യഘട്ടത്തിൽ സംഭരിക്കുന്നു. ഈ ഉൽപ്പന്നങ്ങൾ മൂല്യവർദ്ധന നടത്തി വനശ്രീ കേന്ദ്രങ്ങളിലൂടെ വില്പന നടത്തി ലഭിക്കുന്ന ലാഭത്തിന്റെ പങ്ക് ശേഖരണത്തിലേർപ്പെടുന്ന ആദിവാസികൾക്ക് നൽകുന്നു.

(സി) ശേഖരണം, മൂല്യവർദ്ധന, വിപണനം, വില നൽകൽ, ചെലവിനങ്ങൾ, വില്പന തുക വരവ് വയ്ക്കൽ ഇവ വനവികാസ ഏജൻസികളുടെ നിയന്ത്രണത്തിൽ വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി സുതാര്യമായി നടന്നുവരുന്നു. കണക്കുകൾ ഓഡിറ്റ് ചെയ്യുന്നുണ്ട്.

(ഡി) വനശ്രീ ഉൽപ്പന്നങ്ങൾക്ക് അവയുടെ പരിശുദ്ധിയുടേയും ഗുണനിലവാരത്തിന്റേയും അടിസ്ഥാനത്തിൽ ഇവയുടെ ശേഖരണം, മൂല്യവർദ്ധന, വിപണന പ്രക്രിയയിൽ ഉൾപ്പെട്ടിട്ടുള്ള വനാശ്രിത സമൂഹത്തിന്റെ കൂട്ടായ്മയെ വനസംരക്ഷണ സമിതികൾ , ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയാണ് വില നിശ്ചയിക്കുന്നത്. ഈ ഉൽപ്പന്നങ്ങൾ ഈ മേഖലയിലെ മറ്റ് വിപണന സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങളിൽനിന്നും വ്യത്യസ്തമാണ്. അതിനാൽ ഇവയുടെ വില ഗുണമേന്മയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്.

## വനഭൂമി കയ്യേറ്റം

290 (292) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളോ, സ്ഥാപനങ്ങളോ, തോട്ടമുടമകളോ ഇതിനകം എത്ര ഏക്കർ വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടു ത്തുമോ ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ വന്നതിനു ശേഷം എത്ര ഏക്കർ വനഭൂമി കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാകുമോ ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(സി) കയ്യേറിയ എത്ര ഏക്കർ വനഭൂമി ഇതിനകം തിരിച്ചു പിടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം എത്ര വനഭൂമി കയ്യേറ്റങ്ങൾ തിരിച്ചുപിടിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

## ഉത്തരം

(എ) 15358.59 ഏക്കർ വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | കയ്യേറിയ വനഭൂമി (ഏക്കർ) |
| --- | --- |
| തിരുവനന്തപുരം | 6.30 |
| കൊല്ലം | 125.77 |
| പത്തനംതിട്ട | 561.10 |
| കോട്ടയം | 49.34 |
| ഇടുക്കി | 5115.55 |
| എറണാകുളം | 311.62 |
| തൃശ്ശൂർ | 662.66 |
| വയനാട് | 3896.73 |
| കണ്ണൂർ | 9.67 |
| പാലക്കാട് | 2671.50 |
| മലപ്പുറം | 1634.63 |
| കോഴിക്കോട് | 260.35 |
| കാസർഗോഡ് | 53.37 |
| ആകെ | 15358.59 |

(ബി) ഈ സർക്കാർ വന്നതിനുശേഷം 2382.27 ഏക്കർ വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട് :

| ജില്ല | കയ്യേറിയ വനഭൂമി (ഏക്കർ) |
| --- | --- |
| തിരുവനന്തപുരം | 0.25 |
| ഇടുക്കി | 3.87 |
| തൃശ്ശൂർ | 16.30 |
| വയനാട് | 2145.72 |
| കണ്ണൂർ | 0.04 |
| പാലക്കാട് | 179.79 |
| മലപ്പുറം | 36.30 |
| ആകെ | 2382.27 |

(സി) കയ്യേറിയ 2521.08 ഏക്കർ വനഭ്രമി ഇതിനകം തിരിച്ചുപിടിച്ചിട്ടുണ്ട്:

| ജില്ല | തിരിച്ചുപിടിച്ച വനഭ്രമി (ഏക്കർ) |
|---|---|
| തിരുവനന്തപുരം | 0.63 |
| പത്തനംതിട്ട | 251.92 |
| ഇടുക്കി | 3.87 |
| തൃശ്ശൂർ | 16.30 |
| വയനാട് | 1952.48 |
| കണ്ണൂർ | 1.48 |
| പാലക്കാട് | 244.15 |
| മലപ്പുറം | 34.95 |
| കോഴിക്കോട് | 15.30 |
| ആകെ | 2521.08 |

(ഡി) ഈ സർക്കാർ വന്നതിനുശേഷം 1553.75 ഏക്കർ വനഭ്രമി കയ്യേറ്റങ്ങൾ തിരിച്ചുപിടിച്ചിട്ടുണ്ട്:

| ജില്ല | തിരിച്ചുപിടിച്ച വനഭ്രമി (ഏക്കർ) |
|---|---|
| തിരുവനന്തപുരം | 0.57 |
| ഇടുക്കി | 3.87 |
| തൃശ്ശൂർ | 16.30 |
| വയനാട് | 1474.54 |
| കണ്ണൂർ | 1.48 |
| പാലക്കാട് | 22.04 |
| മലപ്പുറം | 34.95 |
| ആകെ | 1553.75 |

## കേരളത്തിലെ പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ

291 (293) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വനമേഖലയോടു ചേർന്നുകിടക്കുന്ന പരിസ്ഥിതി പ്രാധാന്യമേറിയ പ്രദേശങ്ങളുടെ വിസ്തൃതി കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പ്രദേശങ്ങളുടെ വിസ്തൃതി എത്ര ഏക്കർ ആണെന്ന് വ്യക്തമാക്കുമോ ;

(ബി) പരിസ്ഥിതി ദുർബല പ്രദേശമായി കണക്കാക്കിയ ഈ ഭൂമി ഏതെല്ലാം ജില്ലകളിലാണെന്നും എത്ര ഏക്കർ വീതമാണെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രദേശങ്ങൾ ഏതെല്ലാം വില്ലേജുകളിൽ ആണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിൽ വനമേഖലയോടു ചേർന്ന് പരിസ്ഥിതി പ്രാധാന്യമുള്ള 14591 ഹെക്ടർ (36068 ഏക്കർ) ഭൂമി ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) പരിസ്ഥിതി ദുർബലപ്രദേശമായി വിജ്ഞാപനം ചെയ്ത ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരം (ഹെക്ടറിൽ) ചുവടെ ചേർക്കുന്നു:

| | |
|---|---|
| പാലക്കാട് | 5270.69 |
| വയനാട് | 3004.86 |
| കോഴിക്കോട് | 1544.99 |
| ഇടുക്കി | 1411.82 |
| മലപ്പുറം | 1285.09 |
| തിരുവനന്തപുരം | 885.26 |
| കാസർഗോഡ് | 662.90 |
| കണ്ണൂർ | 491.26 |
| കൊല്ലം | 273.72 |
| തൃശ്ശൂർ | 80.04 |
| ആകെ | 14910.63 |

ഇതിൽ 319 ഹെക്ടർ ഭൂമി ഇ.എഫ്.എൽ.-ൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ഉൾപ്പെടുന്ന വില്ലേജുകളുടെ പേരുകൾ അനുബന്ധമായി ചേർക്കുന്നു.*

## വനം വകുപ്പ് പാട്ടത്തിന് നൽകിയ ഭൂമി

292 (294) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ വിവിധ പദ്ധതികൾക്കായി വനംവകുപ്പ് പാട്ടത്തിന് നൽകിയ ഭൂമിയുടെ കൈമാറ്റവുമായി ബന്ധപ്പെട്ട് വനംവകുപ്പ് നിയമ ഉപദേശം തേടുകയുണ്ടായിട്ടുണ്ടോ ;

(ബി) ലഭിച്ച നിയമ ഉപദേശത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ബോർഡിന്റെ കൈവശമുണ്ടായിരുന്ന ഭൂമികളത്രയും ഇപ്പോൾ ബോർഡിന് പകരം രൂപീകരിക്കപ്പെട്ട കമ്പനിയ്ക്ക് കൈമാറ്റം നടത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഭൂമി, കമ്പനി തന്നെ തുടർന്നും ഉപയോഗിക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ ;

(ഇ) പദ്ധതി പ്രദേശത്തിലെ ഭൂമി കമ്പനി തന്നെ കൈവശം വയ്ക്കുന്നതു മൂലം വനം വകുപ്പിന് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടോ ?

### ഉത്തരം

(എ&ബി) ഈ വിഷയത്തിൽ നിയമ വകുപ്പിന്റെ ഉപദേശം തേടിയിട്ടുണ്ട്. ആയത് ഇതുവരെ ലഭിച്ചിട്ടില്ല.

(സി) വൈദ്യുതി ബോർഡിന്റെ കൈവശമുണ്ടായിരുന്ന എല്ലാ വസ്തു വകകളും 31-10-2013-ലെ ജി.ഒ.(പി)46/2013/ഊ.വ. പ്രകാരം പുറപ്പെടുവിച്ച "കേരള ഇലക്ട്രിസിറ്റി സെക്കന്റ് ട്രാൻസ്ഫർ സ്കീം (റീ വെസ്റ്റിംഗ്) 2013"ലൂടെ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്.

(ഡി & ഇ) ഇക്കാര്യത്തിലുള്ള നിയമോപദേശം ലഭിച്ചശേഷമേ തുടർ തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പുതുക്കാട് മണ്ഡലത്തിലെ ചൊക്കന കാരിക്കടവ് റോഡ് നിർമ്മാണം**

293 (295) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ചൊക്കന കാരിക്കടവ് റോഡ് നിർമ്മാണത്തിന് വനം വകുപ്പിന്റെ ക്ലിയറൻസ് ലഭിക്കണം എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനായി സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ക്ലിയറൻസ് എന്ന് നൽകാനാകും എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചൊക്കന കാരിക്കടവ് റോഡ് നിർമ്മാണത്തിന് വനം വകുപ്പിന്റെ ക്ലിയറൻസ് ലഭ്യമാക്കുന്നതിലേക്കായി യൂസർ ഏജൻസിയായ മറ്റത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയോടൊപ്പം ജി.പി.എസ്. റീഡിംഗ് ഇല്ലാതിരുന്നതിനാൽ ആയത് സമർപ്പിക്കുവാൻ യൂസർ ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുവാദം ലഭ്യമാകുന്ന മുറയ്ക്ക് ക്ലിയറൻസ് നൽകുന്നതാണ്.

**പിള്ളത്തോട് ചെക്ക് ഡാം കുടിവെള്ള പദ്ധതി**

294 (296) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതക്കാട് മണ്ഡലത്തിൽ പിള്ളത്തോട് ചെക്ക് ഡാം കുടിവെള്ള പദ്ധതി നിർമ്മിക്കണമെന്നാവശ്യപ്പെട്ടതനുസരിച്ച് വനമേഖലയിലെ സ്ഥലം വിട്ട് കിട്ടണം എന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) മലയോര മേഖലയിൽ താമസിക്കുന്ന പാവപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് കുടിവെള്ളം എത്തിക്കുക എന്ന പ്രാധാന്യം കണക്കിലാക്കി കൊടകര ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ട സ്ഥലം വിട്ട് കിട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പുതുക്കാട് മണ്ഡലത്തിൽ പിള്ളത്തോട് ചെക്ക് ഡാം കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ചാലക്കുടി വനം ഡിവിഷനിലെ പാലപ്പിള്ളി റെയ്ഞ്ചിൽ നിന്ന് 0.2 ഹെക്ടർ വനഭൂമി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് യൂസർ ഏജൻസിയായ കൊടകര ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറിൽ നിന്ന് 1980-ലെ വനസംരക്ഷണ നിയമപ്രകാരമുള്ള അപേക്ഷ ലഭ്യമായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പിള്ളത്തോട് ചെക്ക് ഡാം നിർമ്മാണത്തിനായി 0.2 ഹെക്ടർ സ്ഥലം 11-3-2014-ലെ സ.ഉ.(സാ) നമ്പർ 114/2014/വനം പ്രകാരം വിട്ടുകൊടുത്തുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

**നെല്ലിയാമ്പതി കരുണ എസ്റ്റേറ്റ്**

295 (297) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റ് പോബ്സ് ഗ്രൂപ്പിന് പോക്കുവരവ് ചെയ്തു നൽകുന്നതിന് വനം വകുപ്പ് എൻ.ഒ.സി. നൽകിയിട്ടുണ്ടോ ; ഈ എൻ.ഒ.സി. പിന്നീട് ക്യാൻസൽ ചെയ്തിട്ടുണ്ടോ ; നിലവിലെ സ്ഥിതി എന്താണെന്നറിയിക്കുമോ ;

(ബി) ഇപ്രകാരം എൻ.ഒ.സി. നൽകിയത് നിയമാനുസൃതമാണോ എന്ന് വനം വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ അന്വേഷണത്തിന്റെ കണ്ടെത്തൽ എന്തായിരുന്നുവെന്നറിയിക്കുമോ ;

(സി) കരുണാ എസ്റ്റേറ്റിന് നിയമാനുസൃതമായ പ്രമാണം ഇല്ലെന്നും അവർ കൈവശം വച്ചിരിക്കുന്നത് വനഭൂമിയാണെന്നും കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ സി.സി.എഫ്., സർക്കാരിനെ എപ്പോഴെങ്കിലും അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ റിപ്പോർട്ടിന്മേൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ സി.സി.എഫ്. സർക്കാരിനെ അറിയിച്ച വിവരം മുൻ നെന്മാറ ഡി.എഫ്.ഒ. സർക്കാരിനെ

അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് അറിയിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഒരു ഡി.എഫ്.ഒ. വനഭൂമിയാണെന്ന് സർക്കാരിനെ അറിയിച്ച ഭൂമിക്ക് മറ്റൊരു ഡി.എഫ്.ഒ. പോക്കുവരവിന് എൻ.ഒ.സി. നൽകിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) പോക്കുവരവിന് എൻ.ഒ.സി. നൽകിയ ഡി.എഫ്.ഒ.-ക്ക് എതിരെ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) നെല്ലിയാമ്പതിയിലെ കരുണാപ്ലാന്റേഷന്റെ ഉടമസ്ഥതയിലുള്ള 314.4508 ഹെ. സ്ഥലത്തിന് കരം സ്വീകരിക്കുന്നതിന് തടസ്സമില്ല എന്ന് 28-4-2014-ലെ സി2-8521/2012 നമ്പർ കത്ത് പ്രകാരം നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ചിറ്റൂർ അഡീഷണൽ തഹസിൽദാരെ അറിയിച്ചിരുന്നു. 31-5-2014-ലെ സ.ഉ. 230/14/വനം പ്രകാരം നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ തീരുമാനമെടുക്കുന്നതുവരെ ടി ഉത്തരവിൽ പരാമർശിച്ച എതിർപ്പില്ലാ രേഖ മരവിപ്പിക്കുമെന്ന് ബഹു. മുഖ്യമന്ത്രി 8-7-2014-ൽ നിയമസഭയിൽ പ്രഖ്യാപിച്ചതിന്റെ വെളിച്ചത്തിലും, ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരളയുടെ 8-7-2014-ലെ പ്രൊ. (11) 21741/2014-ലെ തുടർ നിർദ്ദേശം അനുസരിച്ചും പ്രസ്തുത എതിർപ്പില്ലാരേഖ മരവിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കരം ഒടുക്കുന്നതിനുമാത്രമുള്ള എതിർപ്പില്ലാ രേഖ പ്രകാരമുള്ള എല്ലാ നടപടികളും മരവിപ്പിക്കുന്നതിന് ചിറ്റൂർ തഹസിൽദാർക്കും 8-7-2014-ന് അറിയിപ്പ് നൽകിയിട്ടുണ്ട്. തൽസ്ഥിതി തുടരുന്നു.

(ബി) 31-5-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 230/2014/വനം പ്രകാരം സർക്കാർ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) എന്നിവർ ഉൾപ്പെട്ട മൂന്നംഗ സമിതിയെ നിയോഗിക്കുകയുണ്ടായിട്ടുണ്ട്. ഇപ്രകാരം അനുമതി നല്കിയതിൽ വനംവകുപ്പിന്റെ ഭാഗത്ത് നിന്ന് വീഴ്ചകൾ ഉണ്ടായിട്ടില്ലെന്നാണ് പ്രസ്തുത റിപ്പോർട്ടിന്റെ കണ്ടെത്തൽ.

(സി) ഉണ്ട്. ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി പ്രത്യേക സമിതി രൂപീകരിക്കേണ്ടതാണെന്ന് കാണിച്ച് കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അദ്ദേഹത്തിന്റെ 12-8-2011-ലെ ബി2.2111/2011 പ്രകാരം സർക്കാരിലേക്ക് എഴുതുകയുണ്ടായി. ഈ കത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ G.O.(Rt) No. 52/13/F&WLD Dated 30-1-2013

പ്രകാരം നെന്മാറ ഡിവിഷന്റെ പരിധിയിലുള്ള സർക്കാർ വനം സ്വകാര്യ വ്യക്തികൾ അനധികൃതമായി കൈവശം വെച്ചുവരുന്നത് സംബന്ധിച്ച് കൂടി G.O.(Rt) No. 04/13/F&WLD Dated 2-1-2013 പ്രകാരം നിയോഗിച്ച സമിതി അന്വേഷിക്കണമെന്ന് ഉത്തരവിടുകയുണ്ടായി.

(ഡി) കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിനെ അറിയിച്ച വിവരം മുൻ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സർക്കാരിനെ അറിയിച്ചിട്ടില്ല. എന്നാൽ ടി കത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12-8-2011-ലെ ബി2-2111/2011-ാം നമ്പർ കത്ത് പ്രകാരം ഒ.എ.583/76-ൽ ഉൾപ്പെട്ട പയല്ലൂർ വില്ലേജിലെ സീതാർഗുഡി എസ്റ്റേറ്റ് നിക്ഷിപ്ത വനഭൂമിയായി വി.എഫ്.സി. കണ്ടെത്തിയ സ്ഥലം ഇനം 35 പ്രകാരം അനധികൃതമായി ഉടമസ്ഥാവകാശമോ, താൽപ്പര്യമോ ഇല്ലാതെ സീതാർഗുഡി എസ്റ്റേറ്റ് കൈവശം വച്ചിരിക്കുകയായിരുന്നു എന്നും ഒ.എ. അപേക്ഷകന് ഇത് സംബന്ധിച്ച ആ സ്ഥലത്തിന്മേൽ യാതൊരു അവകാശവും ഇല്ലാത്ത സാഹചര്യത്തിൽ അവരുടെ വാദങ്ങൾ നിയമവിധേയമല്ലെന്ന് കണ്ടെത്തിയിരുന്നു. വേങ്ങനാട് കോവിലകത്തിന്റെ ഭൂമിയായിരുന്ന ഈ സ്ഥലത്തിന്റെ നിജസ്ഥിതിയെക്കുറിച്ചന്വേഷണം നടത്തിയപ്പോൾ ക്രമക്കേടുകൾ ഇതിനകത്ത് കടന്നുകൂടിയെന്നും അതിന്റെ അന്വേഷണത്തിനായി ഒരു സ്പെഷ്യൽ ടീം രൂപീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ടി കത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ G.O. (Rt) No. 52/13/F&WLD Dated 30-1-2013 പ്രകാരം പരാമർശവിധേയമായ ക്രമക്കേടുകൾ കൂടി 2-1-2013-ൽ കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അദ്ധ്യക്ഷനായ സമിതി അന്വേഷിക്കാനായി ഉത്തരവിട്ടത്.

(ഇ) നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 13-7-2011-ലെ കത്ത് പ്രകാരവും കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12-8-2011-ലെ കത്ത് പ്രകാരവുമാണ് സ്വകാര്യ വ്യക്തികൾ നെന്മാറ ഡിവിഷനിൽപ്പെട്ട സർക്കാർ വനം അനധികൃതമായി കൈവശം വെച്ചുവരുന്നത് സംബന്ധിച്ച കൂടി 2-1-2013-ൽ സർക്കാർ രൂപീകരിച്ച കമ്മിറ്റി അന്വേഷിക്കണമെന്ന് ഉത്തരവുണ്ടായത്. പ്രസ്തുത കമ്മിറ്റി 21-3-2014-ൽ ചേർന്ന യോഗത്തിൽ M/s കരുണാ പ്ലാന്റേഷന് പാട്ടത്തിന് നൽകിയിരുന്ന ഭൂമി സംബന്ധിച്ച രേഖകളും, പ്ലാന്റേഷൻ ഫയൽ ചെയ്ത കേസുകളും, അനുബന്ധ രേഖകളും, അവ സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശവും പരിശോധിക്കുകയുണ്ടായി. കൂടാതെ, സിമിതിയുടെ നിർദ്ദേശ പ്രകാരം ജില്ലാ

സർവ്വെ സൂപ്രണ്ട് സ്ഥലസന്ദർശനം നടത്തി 4-4-2014-ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഇപ്രകാരം ബന്ധപ്പെട്ട രേഖകളും സ്ഥലപരിശോധനയും നടത്തി സർവ്വെ നമ്പറുകളിലുൾപ്പെട്ട ഭൂമി വനഭൂമിയല്ലെന്ന് ഉറപ്പുവരുത്തിയതിന്റെ അടിസ്ഥാനത്തിൽ ആണ് 314.4508 ഹെ. സ്ഥലത്തിന് പോബ്സ് എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ കരം സ്വീകരിക്കുന്നതിന് വനം വകുപ്പിന് വിരോധമില്ല എന്ന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ചിറ്റൂർ അഡീഷണൽ തഹസിൽദാരെ അറിയിച്ചത്.

(എഫ്) 28-4-2014-ലെ സി2-8521/2012 നമ്പർ കത്ത് പ്രകാരം നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 314.4508 ഹെ. സ്ഥലത്തിനുള്ള കരം സ്വീകരിക്കുന്നതിന് വനം വകുപ്പിന് വിരോധമില്ല എന്ന കത്ത് മാത്രമാണ് നൽകിയിട്ടുള്ളത്. കരമൊടുക്കാൻ അനുമതി നല്കിയതിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഭാഗത്ത് നിന്നും തെറ്റുകളൊന്നും ഇല്ലെന്ന് മൂന്നംഗ കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ അതുസംബന്ധിച്ച നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**നെല്ലിയാമ്പതി കരുണാ പ്ലാന്റേഷനിലെ നിക്ഷിപ്ത വനഭൂമി**

296 (298) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി കരുണാ പ്ലാന്റേഷനിലെ നിക്ഷിപ്ത വനഭൂമിയുടെ വിസ്തീർണ്ണം എത്രയെന്ന് അന്തിമമായി തീരുമാനിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് കോടതിയുടെ ഏത് വിധിപ്രകാരമാണെന്നും, പ്രസ്തുത കോടതി വിധിയുടെ പകർപ്പ് ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത വിധിയ്ക്ക് എതിരെ വനം വകുപ്പ് അപ്പീൽ പോവുകയുണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഉണ്ടായിട്ടുണ്ടായിരുന്നു ; വനം വകുപ്പ് ഏതെല്ലാം ഘട്ടത്തിൽ ആരിൽ നിന്നെല്ലാം നിയമ ഉപദേശം തേടുകയുണ്ടായിട്ടുണ്ട് ; ലഭിച്ച നിയമ ഉപദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കോടതി വിധികളുടെ വെളിച്ചത്തിലും തുടർന്ന് നടത്തിയ സർവ്വേയുടെ വെളിച്ചത്തിലും കരുണാ എസ്റ്റേറ്റിലുണ്ടായിരുന്ന നിക്ഷിപ്ത വനഭൂമി

86.46 ഏക്കർ ആണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 16-10-1990-ലെ എം.എഫ്.എ. 574/89, 106/90 വിധിപ്രകാരമാണ്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത വിധിക്കെതിരെ അന്ന് ലഭിച്ച നിയമോപദേശത്തിന്റെ വെളിച്ചത്തിൽ അപ്പീൽ പോയതായി കാണുന്നില്ല. എന്നാൽ ടി വിധിക്കെതിരെ സർക്കാർ 2000 മാണ്ടിൽ 126/2000, 133/2000 എന്നിങ്ങനെ 2 റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തു. ടി റിവ്യൂ പെറ്റീഷനുകൾ തള്ളിയതിനെത്തുടർന്ന് ബഹു. സുപ്രീം കോടതിയിൽ എസ്.എൽ.പി. 3582/09, 3595/09 നമ്പറായി കേസ് ഫയൽ ചെയ്തുവെങ്കിലും ടി കേസ് 6-2-2009 തീയ്യതിയിൽ ഡിസ്മിസ് ചെയ്യുകയുണ്ടായി.

(ഡി) ഒ.എ. 583/76, എം.എഫ്.എ. 574/81, എം.എഫ്.എ. 574/89, എം.എഫ്.എ. 106/90, ആർ.പി. 126/2000, ആർ.പി. 133/2000, എസ്.എൽ.പി. 3592/09, എസ്.എൽ.പി. 3595/09 എന്നീ 8 കേസ്സുകൾ ഉണ്ടായിട്ടുണ്ട്. 16-10-1990-ലെ എം.എഫ്.എ. 574/89, 106/90 കേസ്സുകളിലെ വിധിയിന്മേലും 19-7-2005-ലെ എം.എഫ്.എ. 574/89-ന്മേലുള്ള ആർ.പി. 126/2000 കേസ്സിലെ വിധിയിന്മേലും അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്. പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**ഒളിക്യാമറ കേസ് അന്വേഷണം**

297 (299) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിക്യാമറ അനാശാസ്യ കേസിലെ പ്രതി ആലപ്പുഴ പറവൂർ സ്വദേശി ജയചന്ദ്രൻ ഉൾപ്പെടെയുള്ള സംഘത്തിന് വനം വകുപ്പ് അധികൃതർ സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തത് സംബന്ധിച്ച് വനം വകുപ്പ് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നിർദ്ദേശപ്രകാരം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) അന്വേഷണ റിപ്പോർട്ട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ് മുൻപാകെ ലഭിച്ചിട്ടുണ്ട്.

(ബി) മൂന്നാർ റെയ്ഞ്ചിലെ ഇടമലക്കുടി ട്രൈബൽ സെറ്റിൽമെന്റിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിനായി മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഇടമലക്കുടി പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ അനുവാദത്തോടെ ശ്രീ. ജയചന്ദ്രൻ വനം വകുപ്പ് ജീവനക്കാരോടൊപ്പം ഇടമലക്കുടി ട്രൈബൽ സെറ്റിൽമെന്റിലേക്ക് പോയിട്ടുണ്ടെന്നും എന്നാൽ ടി യാത്രയിൽ വനം വകുപ്പിന്റെ വാഹനം ദുരുപയോഗം ചെയ്തതായോ വനം വകുപ്പ് ജീവനക്കാർ തങ്ങളുടെ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുള്ളതായോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറ്റ് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) മേശപ്പുറത്ത് വയ്ക്കാവുന്നതാണ്. (അനുബന്ധമായി ചേർക്കുന്നു.)*

## നെല്ലിയാമ്പതിയിലെ മീരാ ഫ്ലോർസ് എസ്റ്റിമേറ്റിനെതിരായുള്ള സി.ബി.ഐ. അന്വേഷണ റിപ്പോർട്ട്

298 (300) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ മീരാ ഫ്ലോർസ് എസ്റ്റേറ്റിനെതിരായുള്ള സി.ബി.ഐ. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത എസ്റ്റേറ്റ് അധികൃതർ ഭൂമി പണയപ്പെടുത്തി വായ്പ എടുത്തിട്ടുണ്ടായിരുന്നുവോ; എങ്കിൽ ഏതെല്ലാം സ്ഥാപനത്തിൽനിന്ന് എന്ത് തുക വീതം ;

(സി) സി.ബി.ഐ. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ ;

(ഡി) നിയമവിരുദ്ധമായി ഭൂമി പണയപ്പെടുത്തിയ തോട്ടം ഉടമകൾ ആരൊക്കെയായിരുന്നു; ആർക്കെല്ലാം എതിരെ അന്വേഷണം നടക്കുകയുണ്ടായി ; ഏതെല്ലാം കേസുകൾ സി.ബി.ഐ.-ക്ക് വിട്ടിട്ടുണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) സി.ബി.ഐ. അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

(ഡി) ലഭ്യമായ രേഖകൾ പ്രകാരം നിയമവിരുദ്ധമായി ഭൂമി പണയപ്പെടുത്തിയതുമായി ബന്ധപ്പെട്ട് നെല്ലിയാമ്പതി റെയ്ഞ്ചിലെ മീരാ ഫ്ലോർസ്, ചെറുനെല്ലി, കാരപ്പാറ-എ, ബ്രൂക്ക് ലാന്റ് എന്നീ തോട്ടമുടമകൾക്കും, കൊല്ലങ്കോട് റെയ്ഞ്ചിലെ സ്മിതാ മൗണ്ട് എസ്റ്റേറ്റ്, ലക്ഷ്മി എസ്റ്റേറ്റ് എന്നിവയുടെ ഉടമകൾക്കുമെതിരെയും, നെല്ലിയാമ്പതി റെയ്ഞ്ചിലെ വി.കെ.ടി. പ്രൈവറ്റ് ലിമിറ്റഡ് (ചന്ദ്രമല), എ.വി.റ്റി. മണലാരു ഗ്രൂപ്പ് എന്നിവർക്കെതിരെയും പടഗിരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത യഥാക്രമം 5/12, 6/12, 7/12, 8/12, 9/12, 10/12, 418/13, 419/13 എന്നീ കേസുകൾ സി.ബി.ഐ.-ക്ക് കൈമാറിക്കൊണ്ട് സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതിൽ 5/12, 6/12, 7/12, 8/12, 9/12, 10/12 എന്നീ കേസുകൾ സി.ബി.ഐ.-ക്ക് കൈമാറിക്കൊണ്ട് കേന്ദ്ര സർക്കാരും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 418/13, 419/13 എന്നീ കേസുകൾ മുകളിൽ പരാമർശിച്ച കേസുകളോട് സമാന സ്വഭാവമുള്ളതായതിനാൽ സി.ബി.ഐ.-ക്ക് ഏറ്റെടുക്കാൻ കഴിയില്ലെന്നും കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

**മിഷൻ 676-ലെ ഊരിനുണർവ് കാടിനുണർവ് പദ്ധതി**

299 (301) <u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. പി. എ. മാധവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും കായികവും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി ആദിവാസികളുടെ ഊരുകളുടെ ഉന്നമനത്തിന് "ഊരിനുണർവ് കാടിനുണർവ്" പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) മിഷൻ 676 വഴിയുള്ള പദ്ധതികളിൽ വനം വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

(1) കൃഷി രക്ഷാ പദ്ധതി - വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനുള്ള 256 കോടി രൂപയുടെ സംസ്ഥാനതല പദ്ധതി.

(2) "ഊരിനുണർവ് കാടിനുണർവ്" - ആദിവാസി ഊരുകളുടെ ഉന്നമനത്തിനുള്ള വനസൗഹൃദ പദ്ധതി 725 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(3) ജലസമൃദ്ധി - ജലലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി 20 കോടി രൂപ ചെലവിൽ 500 തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി.

(4) ഇക്കോ കേഡറ്റ്സ് - പരിസ്ഥിതി സംരക്ഷണത്തിന്റെ സന്ദേശ വാഹകരായി വിദ്യാർത്ഥി സമൂഹത്തെ മാറ്റി എടുക്കുന്നതിന്റെ ഭാഗമായി ആയിരത്തോളം വിദ്യാർത്ഥികളെ ചേർത്ത് ഇക്കോ കേഡറ്റ്സ് എന്ന പേരിൽ ഒരു വിദ്യാർത്ഥി സേനയെ വാർത്തെടുക്കുന്ന പദ്ധതി. 25 ലക്ഷം രൂപ ചെലവ് വരും.

(5) കുരുവിക്കൊരു കൂട് - സംസ്ഥാനവ്യാപകമായി മാദ്ധ്യമ പ്രവർത്തകരുടെ സംഘടനകളും മറ്റു സന്നദ്ധ പ്രവർത്തകരുമായി സഹകരിച്ച് അങ്ങാടി കുരുവികളുടെ സംരക്ഷണത്തിനായുള്ള പദ്ധതി. 20 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(6) പ്രകൃതിമിത്ര അവാർഡ്- ഓരോ പഞ്ചായത്തിലും ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി പ്രവർത്തിക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു വ്യക്തിക്ക് പഞ്ചായത്ത് തലത്തിൽ 2000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന പ്രകൃതിമിത്ര അവാർഡ് ഏർപ്പെടുത്തുന്ന പദ്ധതി.

(7) Budding Birders – (തുടക്കക്കാരായ പക്ഷി നിരീക്ഷകർ) - വിദ്യാർത്ഥികളിൽ പക്ഷി നിരീക്ഷണത്തിനും, ചിത്രശലഭ നിരീക്ഷണത്തിനും കൗതുകം വളർത്തുന്നതിനായുള്ള 15 ലക്ഷം രൂപയുടെ പദ്ധതി.

(8) രക്ഷയ്ക്കായി ഒരു വൃക്ഷം - പൊതുജനങ്ങൾക്കായി ഏകദേശം 75 ലക്ഷത്തോളം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. 2014-15 വർഷം നടപ്പാക്കി.

(9) തൃശ്ശൂർ മൃഗശാലയുടെ ആദ്യഘട്ട ഉദ്ഘാടനം - അന്താരാഷ്ട്ര നിലവാരത്തിലുള്ള തൃശ്ശൂർ മൃഗശാലയുടെ ഉദ്ഘാടനം 2016-ൽ നടത്താനുള്ള പദ്ധതി.

(10) അരിപ്പയിലെ ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂൾ നവീന സൗകര്യങ്ങളും കൂടുതൽ സംവിധാനങ്ങളും ഏർപ്പെടുത്തി ഫോറസ്റ്റ് അക്കാഡമി ആക്കുന്ന പദ്ധതി.

(സി) മേൽ പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം 28-5-2014-ലും ഡിവിഷൻ തല ഉദ്യോഗസ്ഥരുടെ ഒരു യോഗം 7-6-2014-ലും വനം വകുപ്പാസ്ഥാനത്ത് കൂടുകയുണ്ടായി. ഈ യോഗങ്ങളുടെ തീരുമാനപ്രകാരം ടി പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു.

(ഡി) മിഷൻ 676-ൽ പ്പെട്ട പദ്ധതികളിൽ ഫോറസ്റ്റ് അക്കാദമി കേന്ദ്ര സർക്കാരിന്റെ JICA ഫണ്ടുപയോഗിച്ച് നടപ്പാക്കി വരുന്നു. മറ്റ് പദ്ധതികളിൽ കൃഷിരക്ഷാ പദ്ധതി, ഇക്കോ കേഡറ്റ്സ്, പ്രകൃതിമിത്രാ അവാർഡ്, കുരുവിക്കൊരു കൂട്, തൃശ്ശൂർ മൃഗശാല എന്നിവയ്ക്ക് ഭരണാനുമതി നൽകി. രക്ഷക്കൊരു വൃക്ഷം പദ്ധതി 2014-15-ൽ നടപ്പാക്കി. "ഊരിനുണർവ് കാടിനുണർവ്" പദ്ധതി നടപ്പാക്കാൻ 60 ലക്ഷം രൂപ വനം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചു. 200 ലക്ഷം രൂപയുടെള്ള പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പിലേക്ക് ഭരണാനുമതിയ്ക്ക് നൽകിയിട്ടുണ്ട്. ഫീൽഡ് തലത്തിൽ പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു.

**വന്യജീവി വാരാഘോഷം**

300 (302) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി വാരാഘോഷത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ബി) വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ആഘോഷപരിപാടികൾ എന്തൊക്കെയാണ് ; പ്രസ്തുത ആഘോഷത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിരുന്നുവെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ നല്കുമോ ?

<u>ഉത്തരം</u>

(എ) രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2 മുതലുള്ള ഒരാഴ്ചക്കാലം വന്യജീവി വാരമായി വർഷം തോറും ആചരിച്ചുവരുന്നുണ്ട്. വനം-വന്യജീവി സംരക്ഷണ സന്ദേശം പൊതുജനങ്ങളിൽ, പ്രത്യേകിച്ചും വിദ്യാർത്ഥികളിൽ എത്തിക്കുകയും വിവിധ പരിപാടികളിലൂടെ വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളിൽ സമൂഹത്തിന്റെ പങ്കാളിത്തവും പ്രേരണയും ഉറപ്പ

വരുത്തുകയുമാണ് വന്യജീവി വാരാഘോഷത്തിന്റെ ഉദ്ദേശലക്ഷ്യം. ഇതുവഴി ഭാവി തലമുറയ്ക്ക് മെച്ചപ്പെട്ട പാരിസ്ഥിതികബോധവും സുസ്ഥിര വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും ഉണ്ടാകണമെന്ന് ലക്ഷ്യമിടുന്നു.

(ബി) വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ജില്ലാ, സംസ്ഥാനതല മത്സരങ്ങളും സംഘടിപ്പിച്ചിരുന്നു. ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്കായി പ്രകൃതിയേയും വന്യജീവികളേയും അടിസ്ഥാനമാക്കി പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും ഹൈസ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്, ഉപന്യാസം, പ്രസംഗം, പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും പൊതുജനങ്ങൾക്കായി ഫോട്ടോഗ്രാഫി, പോസ്റ്റർ രചനാ മത്സരം എന്നീ ഇനങ്ങളിലും മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കും അനുഗമിക്കുന്ന ഒരു രക്ഷാകർത്താവിനും ഭക്ഷണവും താമസ സൗകര്യവും സ്ലീപ്പർ ക്ലാസ് യാത്രാ സൗകര്യവും നൽകുന്നു. വന്യജീവി വാരത്തിൽ പൊതുജനങ്ങൾക്കും, അടുത്ത ഒരു വർഷത്തേക്ക് മത്സര വിജയികൾക്കും പ്രവേശന ഫീസ് കൂടാതെ തന്നെ സൗജന്യമായി ദേശീയോദ്യാനങ്ങളും വന്യജീവി സങ്കേതങ്ങളും സന്ദർശിക്കാവുന്നതാണ്. വാരാഘോഷത്തിന്റെ ഭാഗമായി ഫോട്ടോ പ്രദർശനങ്ങൾ, കലാപരിപാടികൾ തുടങ്ങിയവയും സംഘടിപ്പിച്ചിരുന്നു.

(സി) 2014 വർഷത്തെ വന്യജീവി വാരാഘോഷത്തിന്റെ നടത്തിപ്പിനായി 26,75,000 രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനതല ഉദ്ഘാടന പരിപാടിയ്ക്കായും, 14 ജില്ലകളിലെ മത്സരങ്ങൾക്കും, സംസ്ഥാനതല മത്സരങ്ങൾക്കുമുള്ള സമ്മാനത്തുക വിതരണം, സർട്ടിഫിക്കറ്റുകൾ തയ്യാറാക്കൽ, സംസ്ഥാനതല സമാപന സമ്മേളനം എന്നിങ്ങനെ ഒരാഴ്ച നീണ്ടുനിന്ന വിവിധ പരിപാടികളുടെ ചെലവിനായാണ് മേൽപ്പറഞ്ഞ തുക വിനിയോഗിച്ചിട്ടുള്ളത്.

**കോങ്ങാട് മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണം**

301 (303) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ കാട്ടാനയടക്കമുള്ള വന്യമൃഗങ്ങളുടെ ആക്രമണം നിമിത്തം എന്തെല്ലാം നാശനഷ്ടങ്ങളാണ് തിട്ടപ്പെടുത്തിയിട്ടുള്ളത് ; എത്ര പേർക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച എന്തെല്ലാം നടപടികളും നഷ്ടപരിഹാരങ്ങളുമാണ് വനം വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നത് ; വിശദവിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ കാട്ടാനയടക്കമുള്ള വന്യമൃഗങ്ങളുടെ ആക്രമണം നിമിത്തം കൃഷിനാശം, ജീവഹാനി, പരിക്ക് മുതലായവ സംഭവിച്ചിട്ടുണ്ട്. കൃഷിനാശം സംബന്ധിച്ച് പരാതികൾ നൽകിയ 265 പേർക്ക് 12,56,364 രൂപ അനുവദിച്ചിട്ടുണ്ട്. ജീവഹാനി സംബന്ധിച്ച് അപേക്ഷ നല്കിയ 13 പേരുടെ ആശ്രിതർക്ക് 9,00,000 രൂപ അനുവദിച്ചിട്ടുണ്ട്. വന്യജീവി ആക്രമണത്തിൽ പരിക്കുപറ്റിയ 25 പേരുടെ അപേക്ഷകളിൽ 3,24,250 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് എലിഫന്റ് പ്രൂഫ് ട്രഞ്ച്, സോളാർ ഫെൻസിംഗ് എന്നിവ നിർമ്മിക്കുന്നനിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൃഷിനാശത്തിന് യഥാസമയം നഷ്ടപരിഹാരം നല്കിവരുന്നു.

## വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് കൃഷിയേയും കൃഷിക്കാരേയും സംരക്ഷിക്കുന്നതിന് നടപടി

302 (304) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാനയടക്കമുള്ള വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് കൃഷിയേയും കൃഷിക്കാരേയും സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; വിശദവിവരം നൽകുമോ ;

(ബി) സൗര വേലി എല്ലാ മേഖലകളിലും വ്യാപകമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) കോങ്ങാട് മണ്ഡലത്തിൽ ഇപ്രകാരം സംഭവിച്ചിട്ടുള്ള ആക്രമണങ്ങളിൽ നിന്ന് കൃഷിയേയും കൃഷിക്കാരേയും സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കണ്ണൂർ, വയനാട്, മലപ്പുറം ജില്ലകളിൽ വന്യജീവിശല്യം നേരിടുന്നതിനുള്ള പ്രത്യേക പദ്ധതികൾ 2013-14 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുകയുണ്ടായി. പ്രശ്നക്കാരായ കാട്ടാനകളെ പിടികൂടി പുനരധിവസി

പ്പിക്കുന്നതിന് വയനാട്ടിലെ മുത്തങ്ങയിലും നിലമ്പൂരിലെ നെടുങ്കയത്തും രണ്ട് ആനക്കൂടുകൾ നിർമ്മിച്ചുവരുന്നു. പിടികൂടുന്ന ആനകളെ പുനരധിവസിപ്പി ക്കുന്നതിന് ഈ പ്രവർത്തനങ്ങൾക്കായി രണ്ട് ലോറികൾ വാങ്ങി പ്രത്യേക തരത്തിലുള്ള ബോഡി നിർമ്മിച്ചുവരുന്നു. മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. 2014-16 കാലഘട്ടത്തിൽ 620 കി.മീ. വനാതിർത്തിയിൽ കല്ലുപാകിയ കിടങ്ങുകൾ, കരിങ്കൽ മതിലുകൾ, റെയിൽ പാളങ്ങളുപയോഗിച്ചുള്ള വേലികൾ, സൗരോർജ്ജ വേലികൾ, ജൈവ വേലികൾ എന്നിവ ഓരോരോ സ്ഥലത്തിനും അനുയോജ്യമായ രീതിയിൽ നിർമ്മിക്കുന്നതിന് 259 കോടി രൂപയുടെ ഒരു ബൃഹദ് പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.

2. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് വേട്ടയാടുന്നതിനുള്ള വ്യവസ്ഥകൾ പരിഷ്ക്കരിച്ചിട്ടുണ്ട്.

3. വന്യജീവി ആക്രമണം നിമിത്തം കാർഷിക വിളകൾക്ക് സംഭവിക്കുന്ന നാശനഷ്ടത്തിന് ഒരു തവണ പരമാവധി 75,000 രൂപയും ഒരു വർഷം നാലുതവണ വരെയും നഷ്ടപരിഹാരം നല്കിവരുന്നുണ്ട്.

4. വന്യജീവി ആക്രമണം നിമിത്തം മുറിവേൽക്കുന്നവരുടെ 75,000 രൂപ വരെയുള്ള ചികിത്സാ ചെലവ് തിരികെ നൽകുന്നതിനും ആദിവാസി ഗോത്ര വിഭാഗത്തിൽപ്പെട്ടവരാണെങ്കിൽ ചികിത്സാ ചെലവ് പൂർണ്ണമായി തിരിച്ചു നൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

5. വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റു മരണമടയുന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നല്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

6. വന്യജീവികളുടെ ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം 3 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

7. കണ്ണൂർ, വയനാട് ജില്ലകളിലെ പ്രശ്നബാധിത വനാതിർത്തികളിൽ ജനങ്ങളുടെ സഹകരണത്തോടെ സൗരോർജ്ജ കമ്പിവേലി നിർമ്മിക്കുന്നതിനുള്ള നടപടി (2013-14 സാമ്പത്തിക വർഷം).

8. വയനാട്, കണ്ണൂർ വനം ഡിവിഷനുകളിലെ വനാതിർത്തികളിൽ സൗരോർജ്ജ വേലിയും കരിങ്കൽ മതിലുകളും കിടങ്ങുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി (2013-14 സാമ്പത്തിക വർഷം).

9. വന്യജീവി ആക്രമണം നേരിടുന്നതിന് എട്ട് റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തനം നടത്തുന്നു.

10. കാട്ടാനശല്യം നേരിടുന്നതിന് വയനാട്, മലപ്പുറം ജില്ലകളിലേക്ക് രണ്ട് എലിഫന്റ് സ്ക്വാഡുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി. വയനാട്ടിൽ എലിഫന്റ് സ്ക്വാഡിന്റെ പ്രവർത്തനം തുടങ്ങി. പ്രത്യേക സൗകര്യങ്ങളുള്ള രണ്ട് ലോറികൾ, നാല് ക്യാംപർ ജീപ്പുകൾ, മയക്കുവെടി തോക്കുകൾ എന്നിവ എലിഫന്റ് സ്ക്വാഡിന്റെ ആവശ്യത്തിന് ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചു.

(ബി) ഫലപ്രദമാണെന്ന് കാണുന്ന ഭാഗങ്ങളിൽ സൗരോർജ്ജ വേലി നിർമ്മിക്കുന്നതാണ്. ഓരോരോ സ്ഥലങ്ങളിലും ഫലപ്രദമായ മറ്റു മാർഗ്ഗങ്ങളും (കിടങ്ങുകൾ, കരിങ്കൽ മതിലുകൾ, പഴയ റെയിൽ പാളങ്ങൾ ഉപയോഗിച്ചുള്ള വേലികൾ, ജൈവ വേലികൾ) അവലംബിച്ചുവരുന്നു.

(സി) കോങ്ങാട് നിയോജകമണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം നിമിത്തം മനുഷ്യർക്ക് ജീവഹാനിയും പരിക്കും സംഭവിച്ചതിനും കാർഷിക വിളകൾ നഷ്ടപ്പെട്ടതിനും, 24,80,614 രൂപ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഷ്ടപരിഹാരമായി നല്കിയിട്ടുണ്ട്. വന്യജീവികളുടെ ആക്രമണം തടയുന്നതിന് എലിഫന്റ് പ്രൂഫ് ട്രഞ്ച്, സോളാർ ഫെൻസിംഗ് എന്നിവ ആവശ്യമായ സ്ഥലങ്ങളിൽ മുൻഗണനാക്രമത്തിൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## കായൽ കയ്യേറി ഫ്ളാറ്റ് നിർമ്മാണം

303 (305) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എൽ.എഫ്. കമ്പനി ചിലവന്നൂരിലെ കായൽ കയ്യേറി ഫ്ലാറ്റ് നിർമ്മിച്ചതിനെ സംബന്ധിച്ച കേരള തീരദേശ പരിപാലന അതോറിറ്റിയുടെ മൂന്നംഗ ഉപസമിതിയുടെ പരിശോധനാ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(ബി) റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഡി.എൽ.എഫ്. കമ്പനി ചിലവന്നൂരിൽ ഫ്ളാറ്റ് നിർമ്മിച്ചതിനെ സംബന്ധിച്ച് മൂന്നംഗ സമിതി നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ട് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ (KCZMA) പരിഗണനയ്ക്ക് വയ്ക്കുന്നതാണ്.

**മൂന്നാറിൽ ബയോഡൈവേഴ്സിറ്റി ബൊട്ടാണിക്കൽ ഗാർഡൻ**

304 (306) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ ബയോഡൈവേഴ്സിറ്റി ബൊട്ടാണിക്കൽ ഗാർഡൻ തുടങ്ങുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് ;

(സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മൂന്നാറിൽ ദേശീയ ജൈവവൈവിദ്ധ്യ ഉദ്യാനം തുടങ്ങുന്നതിന്റെ നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) ദേശീയ ജൈവവൈവിദ്ധ്യ ഉദ്യാനവും നാട്ടറിവ് കേന്ദ്രവും സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനായി ഇടുക്കി ജില്ലാകളക്ടർ, ജൈവവൈവിദ്ധ്യ ബോർഡ് ചെയർമാൻ, ജൈവവൈവിദ്ധ്യ ബോർഡ് മെമ്പർ സെക്രട്ടറി, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഉദ്യോഗസ്ഥ സംഘം മൂന്നാറിലെ വട്ടവട, കുണ്ടള, ദേവികുളം പ്രദേശങ്ങളിൽ സന്ദർശിച്ച് തയ്യാറാക്കിയ പ്രാരംഭ റിപ്പോർട്ട് ദേശീയ ജൈവവൈവിദ്ധ്യ അതോറിറ്റിക്ക് സമർപ്പിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തു. പദ്ധതി പ്രവർത്തനങ്ങൾക്കായി ജൈവവൈവിദ്ധ്യ അതോറിറ്റിയിൽനിന്നും ഇതുവരെ ഫണ്ട് ലഭ്യമായിട്ടില്ല. ജൈവവൈവിദ്ധ്യ ബോർഡിന്റെ 2014-2015 വർഷത്തെ പ്ലാൻ ഫണ്ടിൽ 9.1 ലക്ഷം രൂപ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളൂ.

(സി) ബാധകമല്ല.

## ഇലക്ട്രോണിക് മാലിന്യ സംസ്കരണം

305 (307) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണത്തിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അത് ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഇലക്ട്രോണിക് മാലിന്യങ്ങളുടെ പുനരുപയോഗത്തിന് സംവിധാനം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇലക്ട്രോണിക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ലീൻ കേരള കമ്പനി മുഖേന സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുവാൻ, കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരമുള്ള ഹൈദരാബാദ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി, ക്ലീൻ കേരള കമ്പനി കരാറിൽ ഏർപ്പെടുകയും സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ചുതുടങ്ങുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിൽ ഇ-മാലിന്യം ശേഖരിച്ച് അന്യ സംസ്ഥാനത്തുള്ള അംഗീകൃത റീസൈക്ലർ/ഡിസ്മാന്റലർക്ക് നൽകുന്നതിന് നാല് ഇ-മാലിന്യ ശേഖരണ സെന്ററുകൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## മുല്ലപ്പെരിയാർ - പാരിസ്ഥിതിക നിയമ ലംഘന കേസ്

306 (308) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ കേസിൽ സുപ്രീംകോടതിയിൽ നൽകിയ പുനരവലോകന ഹർജിയിൽ ഏതെല്ലാം വിഷയങ്ങളാണ് ഉന്നയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) 1970-ലെ ഫോറസ്റ്റ് ആക്ടിൻെറ വയലേഷൻ റിവ്യൂ ഹർജിയിൽ വൈൽഡ് ലൈഫ് ആക്ടിൻെറ ലംഘനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ ;

(സി) പാരിസ്ഥിതിക നിയമത്തിൻെറ ലംഘനങ്ങൾ ചൂണ്ടിക്കാണിച്ച് ഇടുക്കിയിലെ ആദിവാസി മന്നൻ, ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തത് സുപ്രീംകോടതിയ്ക്ക് റഫർ ചെയ്തശേഷം അതിൻമേൽ സർക്കാർ കക്ഷി ചേരുകയോ അതിലെ വാദമുഖങ്ങൾ റിവ്യൂഹർജിയിൽ ഉന്നയിക്കുകയോ ചെയ്തിട്ടുണ്ടോ എന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) കേരളവും തമിഴ്നാട്ടും തമ്മിലുള്ള O.S. No. 3/2006-ാം കേസിന്റെ 7-5-2014-ലെ വിധി പുനഃപരിശോധിക്കുക, ഈ വിഷയവുമായി ബന്ധപ്പെട്ട് യോജിച്ച രീതിയിൽ ഉത്തരവോ, ഉത്തരവുകളോ ബഹു. സുപ്രീം കോടതി പുറപ്പെടുവിക്കുക എന്നിവയാണ് ആവശ്യങ്ങൾ.

(ബി) ഇല്ല. 2006-ലെ ബഹു. സുപ്രീം കോടതി വിധിന്യായത്തിൽ ഈ നിയമങ്ങളെല്ലാം തന്നെ പരിഗണിച്ചിട്ടുണ്ട്. 2014-ലെ വിധിന്യായത്തിലും മുൻ വിധിന്യായം പരിഗണിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പുനഃപരിശോധനാ ഹർജിയിൽ ടി കാര്യം വീണ്ടും ചൂണ്ടിക്കാണിക്കേണ്ടതില്ലായെന്ന് ബഹു. സുപ്രീം കോടതിയിലെ സർക്കാർ അഭിഭാഷകൻ അഭിപ്രായപ്പെട്ടിരുന്നു.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതിയിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത കേസുകളിൽ കേരളത്തിന്റെ വാദങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി തയ്യാറാക്കിയ "Environmental & Research Impact Assessment of increasing the water level at Periyar lake in Periyar Tiger Reserve from 136 ft to 152 ft" എന്ന പഠന റിപ്പോർട്ട് എക്സിബിറ്റ് ആയി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരുന്നു. ടി റിപ്പോർട്ടിൽ ജലനിരപ്പിന്റെ ഉയർത്തൽ വനം വന്യജീവികളുടെയും മനുഷ്യരുടെയും ആവാസ വ്യവസ്ഥയ്ക്ക് ഉണ്ടാക്കുന്ന ആഘാതങ്ങളെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചിരുന്നു. ആദിവാസി മന്നൻ വികസന സമിതി കേരള തമിഴ്നാട് സർക്കാരുകൾക്കെതിരായി ഫയൽ ചെയ്തിരുന്ന കേസ്സുകൾ ബഹു. സുപ്രീം കോടതിയിലേയ്ക്ക് മാറ്റുകയും WP-386/2001 (Mullaperiyar Environmental Protection Forum Vs Union of India & others) എന്ന കേസിനോടൊപ്പം തീർപ്പാക്കുകയും ചെയ്തു. തമിഴ്നാട് ബഹു. സുപ്രീം കോടതിയിൽ O.S. No. 3/2006 കേസ് ഫയൽ ചെയ്തപ്പോൾ വനം വന്യജീവി ആദിവാസി സംരക്ഷണം സംബന്ധിച്ച കേരളത്തിന്റെ വാദങ്ങൾക്ക് മൂർച്ചകൂട്ടുന്നതിനായി Regional Vice Chairman (South Asia) Commission on

Eco system Management IUCN, ഡോ. ധ്രുബജ്യോതി ഘോഷ് ചെയർമാനായി ഒരു നാഷണൽ എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയും വിവിധ വന്യജീവി നിയമങ്ങളെ സംബന്ധിച്ചും ജലനിരപ്പ് ഉയർത്തുന്ന പക്ഷം ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ചും പ്രതിപാദിച്ചുകൊണ്ട് "An Assessment of the Ecological Impact of water level increases at Mullaperiyar Dam" എന്ന കമ്മിറ്റി റിപ്പോർട്ട് ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ കേസ് പരിഗണിച്ച കോടതി കേരളത്തിന്റെ ഈ വാദങ്ങൾക്ക് യാതൊരുവിധത്തിലുള്ള പ്രാധാന്യവും നൽകിയില്ല. ജലനിരപ്പ് ഉയരുന്നത് വനം വന്യജീവികൾക്ക് കൂടുതൽ അനുകൂലമായിരിക്കും എന്നാണ് കോടതി നിരീക്ഷിച്ചത്.

**മുല്ലപ്പെരിയാർ - ജലനിരപ്പ് വർദ്ധനവ് മൂലമുള്ള ആവാസ- പാരിസ്ഥിതിക പ്രശ്നങ്ങൾ**

307 (309) <u>ശ്രീ. മാത്യു റ്റി. തോമസ്</u> :

<u>ശ്രീ. സി. കെ. നാണു</u> :

<u>ശ്രീമതി ജമീലാ പ്രകാശം</u> :

<u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലത്തിന്റെ ഉയരം 136 അടിയിൽ നിന്നും 142 അടിയായി ഉയർത്തിയതിനുശേഷം എത്ര ഏക്കർ വനം വെള്ളത്തിൽ മുങ്ങി നശിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം അവിടത്തെ വന്യജീവി സങ്കേതത്തിലെ ആവാസ വ്യവസ്ഥയ്ക്ക് എന്തെല്ലാം ആഘാതങ്ങളാണ് സംഭവിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(സി) ഈ സ്ഥലത്ത് ജലനിരപ്പ് വർദ്ധിച്ചതിന്റെ ഭാഗമായി എത്ര ആദിവാസി കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) വനം - വന്യജീവി സംരക്ഷണവും ആദിവാസികളുടെ ആവാസ സുരക്ഷയും സംസ്ഥാനത്തിന് അകത്തും പുറത്തും സുപ്രീംകോടതി പ്രത്യേക സംരക്ഷണം നൽകി നടപ്പിലാക്കിയ സാഹചര്യത്തിൽ , സാർവ്വദേശീയ നിയമം എന്ന നിലയ്ക്ക് ആദിവാസി ഊരുകളുടെ സംരക്ഷണം, വനം-വന്യജീവി സംരക്ഷണം എന്നീ കാര്യങ്ങളിൽ മുല്ലപ്പെരിയാർ വിഷയത്തിൽ മാത്രം സംസ്ഥാന ഗവൺമെന്റിന് കോടതിയിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലത്തിന്റെ ഉയരം 142 അടിയായി ഉയർത്തിയതിന്റെ ഫലമായി 568 ഹെക്ടർ (1402.96 ഏക്കർ) അധിക വനഭൂമി വെള്ളത്തിൽ മുങ്ങിയതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ജലനിരപ്പ് പൂർവ്വസ്ഥിതിയിൽ ആയതിനുശേഷം മാത്രമേ പെരിയാർ വന്യജീവി സങ്കേതത്തിലെ ആവാസ വ്യവസ്ഥയ്ക്ക് നേരിട്ട ആഘാതങ്ങളും നാശ നഷ്ടങ്ങളും പൂർണ്ണമായി തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും നിലവിലുള്ള സാഹചര്യത്തിൽ തിട്ടപ്പെടുത്തിയ ആഘാതങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ആദിവാസി ഗോത്ര വിഭാഗത്തിലുള്ള കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടി വന്നിട്ടില്ല.

(ഡി) തമിഴ്നാട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ O.S. No. 3/2006 കേസ് ഫയൽ ചെയ്തപ്പോൾ വനം വന്യജീവി ആദിവാസി സംരക്ഷണം സംബന്ധിച്ച കേരളത്തിന്റെ വാദങ്ങൾക്ക് മൂർച്ചകൂട്ടുന്നതിനായി Regional Vice Chairman (South Asia) Commission on Eco system Management IUCN, ഡോ. ധ്രുബജ്യോതി ഘോഷ് ചെയർമാനായി ഒരു നഷണൽ എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയും വിവിധ വന്യജീവി നിയമങ്ങളെ സംബന്ധിച്ചും ജലനിരപ്പ് ഉയർത്തുന്നപക്ഷം ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ചും പ്രതിപാദിച്ചുകൊണ്ട് "An Assessment of the Ecological Impact of water level increases at Mullaperiyar Dam" എന്ന കമ്മിറ്റി റിപ്പോർട്ട് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്യുകയും ചെയ്തു. എന്നാൽ കേസ് പരിഗണിച്ച കോടതി കേരളത്തിന്റെ ഈ വാദങ്ങൾക്ക് യാതൊരുവിധത്തിലുള്ള പ്രാധാന്യവും നൽകിയില്ല. ജലനിരപ്പ് ഉയരുന്നത് വനം വന്യജീവികൾക്ക് കൂടുതൽ അനുകൂലമായിരിക്കും എന്നാണ് കോടതി നിരീക്ഷിച്ചത്.

## മൾട്ടി സ്പോർട്സ് പ്ലേ സ്പേസ്

308 (310) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ "എലത്തൂർ മിനി സ്റ്റേഡിയ"ത്തിലേയ്ക്കായി 8-11-2012-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 253/12/S&YA പ്രകാരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിച്ച "മൾട്ടി സ്പോർട്സ് പ്ലേ സ്പെയ്സ്"-ന്റെ നിർമ്മാണത്തിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ ബന്ധപ്പെട്ടവർ അക്കാര്യം അറിയിച്ചിട്ടുണ്ടോ ;

(സി) മൾട്ടി സ്പോർട്സ് സെന്റർ എലത്തൂർ നിയോജകമണ്ഡലത്തിൽ തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

## ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ "എലത്തൂർ മിനി സ്റ്റേഡിയ"ത്തിലേയ്ക്കായി അനുവദിച്ച "മൾട്ടി സ്പോർട്സ് പ്ലേ സ്പേസ്" നിർമ്മാണത്തിന് വേണ്ടി 36 x 24 m സ്ഥലം ആവശ്യമായിട്ടുള്ളതാണ്. ഇത്രയും സ്ഥലം 'ടി' ഗ്രൗണ്ടിൽ നിന്ന് ഏറ്റെടുത്താൽ ഇപ്പോൾ നിലവിലുള്ള ഫുട്ബോൾ കളിസ്ഥലത്തിന് സ്ഥലം നഷ്ടമാകും. ഇത് കാരണമാണ് നിർമ്മാണം നിർത്തിവച്ചിരിക്കുന്നത്.

(ബി) ഇക്കാര്യത്തിൽ തടസ്സം ഉള്ളതായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് അറിയിച്ചിട്ടുണ്ട്.

(സി) മൾട്ടി സ്പോർട്സ് പ്ലേ സ്പെയ്സ് സ്ഥാപിക്കുന്നതിന് ആവശ്യമായ 36 X 24 m സ്ഥലം തെക്ക്-വടക്ക് ദിശയിൽ എലത്തൂർ നിയോജകമണ്ഡലത്തിൽ ലഭിക്കുന്നപക്ഷം മാത്രമേ മൾട്ടി പർപ്പസ് കോർട്ട് നിർമ്മിക്കുന്ന കാര്യം പരിഗണിക്കാനാകൂ.

## ദേശീയ ഗെയിംസിനുവേണ്ടിയുള്ള സ്റ്റേഡിയം നിർമ്മാണം

309 (311) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ ഉദ്ഘാടന-സമാപന ചടങ്ങുകൾ നിശ്ചയിച്ചിട്ടുള്ള കാര്യവട്ടത്തെ പുതിയ സ്റ്റേഡിയത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണ് ; നിർമ്മാണ കരാർ ഏൽപ്പിച്ചിരിക്കുന്നത് ആരെയാണ് ; നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കും ;

(സി) ദേശീയ ഗെയിംസിൽ ഹോക്കി നടത്താൻ ഉദ്ദേശിക്കുന്ന കൊല്ലം ഹോക്കി സ്റ്റേഡിയം നിർമ്മാണത്തിൽ എന്തെല്ലാം ക്രമക്കേടുകൾ നടന്നു എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ;

(ഡി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന്റെ അടങ്കൽ തുകയും കരാർ ഏൽപ്പിച്ചിരിക്കുന്നത് ആരെയെന്നതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്താമോ ;

(ഇ) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു ?

<u>ഉത്തരം</u>

(എ) കാര്യവട്ടം സ്റ്റേഡിയത്തിന്റെ നോർത്ത് പവലിയന്റെ സിവിൽ പണികൾ 100% പൂർത്തിയായിട്ടുണ്ട്. അക<u>ത്തുള്ള</u> ഇലക്ട്രിക്കൽ, എയർകണ്ടിഷനിംഗ്, ഫയർ യൂണിറ്റ് എന്നിവയുടെ പണികൾ നടന്നുവരുന്നു. പടിഞ്ഞാറ് വശ<u>ത്തുള്ള</u> പവലിയന്റെ സീറ്റിംഗ് പണികൾ തീർന്നു. അക<u>ത്തുള്ള</u> ഇലക്ട്രിക്കൽ, ടോയലറ്റ് എന്നിവയുടെ പണികൾ നടന്നുവരുന്നു, തെക്ക് വശത്തെ പവലിയന്റെ സിവിൽ പണികൾ നടന്നുകഴിഞ്ഞു. കസേരകൾ ഉറപ്പിക്കലും, പവലിയന്റെ അക<u>ത്തുള്ള</u> പണികളും നടന്നുവരുന്നു. കിഴക്ക് ഭാഗത്തെ പവലിയന്റെ മുകൾവശ<u>ത്തുള്ള</u> സീറ്റിംഗിന്റെ പണികൾ നടന്നുവരുന്നു.

നാഷണൽ ഹൈവേയിൽനിന്നും തുടങ്ങുന്ന അപ്രോച്ച് റോഡ്, മതിൽ നിർമ്മാണം എന്നിവ ഇപ്പോൾ യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ പുനരാരംഭിച്ചിട്ടുണ്ട്. കളിസ്ഥല<u>ത്തുള്ള</u> മണ്ണ് നീക്കം ചെയ്ത് നിരപ്പാക്കുന്നതിനുള്ള പണികൾ ആരംഭിച്ചിട്ടുണ്ട്. നാഷണൽ ഗെയിംസ് ഉദ്ഘാടന-സമാപന ചടങ്ങുകൾക്കായി സ്റ്റേഡിയം സജ്ജമാക്കുന്നതാണ്.

(ബി) കാര്യവട്ടത്തെ സ്റ്റേഡിയത്തിന്റെ നിർമ്മാണം ആന്വിറ്റി സ്കീം പ്രകാരം M/s. IL & FS ട്രാൻസ്പോർട്ടേഷൻ നെറ്റ് വർക്ക് ലിമിറ്റഡ് എന്ന കമ്പനിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നെറ്റ് പ്രസന്റ് വാല്യൂ (NPV) കണക്കാക്കിയിരിക്കുന്നത് 141.20 കോടി രൂപയാണ്. കരാർ പ്രകാരം കമ്പനി 2014 ഡിസംബറിൽ പണി പൂർത്തിയാക്കേണ്ടതാണ്.

(സി) ദേശീയ ഗെയിംസിന്റെ ഹോക്കി മത്സരം നടത്താൻ ഉദ്ദേശിക്കുന്ന കൊല്ലം ഹോക്കി സ്റ്റേഡിയത്തിൽ 14-10-2014-ാം തീയതി സർക്കാരിന്റെ ധനകാര്യ ടെക്നിക്കൽ എക്സാമിനേഷൻ വിഭാഗം പരിശോധന നടത്തി നൽകിയ സൈറ്റ് മെമ്മോയിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്:

1. സ്റ്റേഡിയത്തിന്റെ പവലിയൻ ബ്ലോക്കിലെ ഇരു വശങ്ങളിലുള്ള പ്രവേശന കവാടത്തിന്റെ ലിന്റലിനു മുകളിലായി ചെയ്തിട്ടുള്ള ബ്ലോക്ക് വർക്കിൽ നിലവാരം കുറഞ്ഞ ചാന്ത് ഉപയോഗിച്ചിരിക്കുന്നു.

2. സൂര്യപ്രകാശവുമായി സമ്പർക്കത്തിൽ വരുന്ന ഭിത്തികളിൽ ലോക്കലൈസ്ഡ് ക്രാക്ക് കാണുന്നു.

3. കോമ്പൗണ്ട് വാളിന്റെ പോയിന്റിംഗും ബ്രിക്ക് വർക്ക് പ്ലാസ്റ്ററിംഗും ചീഫ് ടെക്ക്നിക്കൽ എക്സാമിനറുടെ ക്ലിയറൻസ് ലഭിച്ചതിനുശേഷം മാത്രം ചെയ്യുക.

ഓരോ വർക്കിന്റെയും എഗ്രിമെന്റ് ഷെഡ്യൂൾ, എസ്റ്റിമേറ്റ് ഡീറ്റെയിൽസ്, സ്റ്റേഡിയം പ്ലാൻ, കോമ്പൗണ്ട് വാളിന്റെ സ്ട്രക്ചറൽ ക്രോസ്സ് സെക്ഷൻ എന്നിവ ടെക്നിക്കൽ എക്സാമിനർക്ക് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു.

മേൽ പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയ പ്രകാരം പ്രവേശന കവാടത്തിന്റെ ലിന്റലിനു മുകളിലുള്ള ബ്ലോക്ക് വർക്ക് പൊളിച്ചുമാറ്റി പുതിയതായി ചെയ്തിട്ടുണ്ട്. ക്രാക്കുണ്ടായ ഭാഗം വീണ്ടും പ്ലാസ്റ്ററിംഗ് നടത്തിയിട്ടുണ്ട്.

ഒപ്പം കോമ്പൗണ്ട് വാൾ നിർമ്മാണം നിർത്തിവയ്ക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശം ലഭിച്ചശേഷം കോമ്പൗണ്ട് വാൾ നിർമ്മാണം പുനരാരംഭിക്കുന്നതാണ്. കൺസൾട്ടന്റായ BSNL നോട് ഇക്കാര്യത്തിലുള്ള വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. നിലവാരം കുറഞ്ഞ നിർമ്മാണ പ്രവർത്തനം എന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ പരാമർശിച്ച പ്രവൃത്തികൾ കരാറുകാരന്റെ ചെലവിൽ നീക്കം ചെയ്ത് പുനർനിർമ്മിച്ചിട്ടുണ്ട്.

(ഡി) കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ നിർമ്മാണത്തിന്റെ അടങ്കൽ തുകയും കരാർ ഏൽപ്പിച്ചിരിക്കുന്നത് ആരെയെല്ലാം ആണ് എന്നുള്ളതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ 15-12-2014-ന് പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നതായി ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കുറവിലങ്ങാട് ദേവമാതാ കോളേജിൽ നീന്തൽക്കുളം നിർമ്മിക്കുന്നതു സംബന്ധിച്ച്

310 (312) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള സ്പോർട്സ് കൗൺസിലും കിറ്റ്കോയും ചേർന്ന് കുറവിലങ്ങാട് ദേവമാതാ കോളേജിൽ നീന്തൽക്കുളം നിർമ്മിക്കുന്നതു സംബന്ധിച്ച വിശദമായ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; എത്ര രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളത് ; ഏതു ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

കുറവിലങ്ങാട് ദേവമാതാ കോളേജിൽ നീന്തൽക്കുളം നിർമ്മിക്കുന്നതിനായുള്ള അപേക്ഷ 2012-13 സാമ്പത്തിക വർഷത്തിൽ ഈ വകുപ്പിൽ ലഭിച്ചിരുന്നു. ടി അപേക്ഷ സ്വൈമിൽ പദ്ധതിയ്ക്കായുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ടി സ്ഥാപനം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

**മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസ്**

311 (313) <u>ശ്രീ. ജോസഫ് വാഴക്കൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസ് എന്നാണ് നടത്തുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതോടനുബന്ധിച്ചുള്ള കളിസ്ഥലങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത ഗെയിംസിനായി നവീകരിക്കുന്നതും പുതുതായി നിർമ്മിക്കുന്നതുമായ സ്റ്റേഡിയങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(ഡി) ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഇ) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 35-ാമത് ദേശീയ ഗെയിംസ് 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ തീയതികളിലായാണ് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളത്.

(ബി&സി) പുതിയതായി നിർമ്മിക്കുന്നതും നവീകരിക്കുന്നതുമായ സ്റ്റേഡിയങ്ങളും മത്സരയിനങ്ങളും നിർമ്മാണ പുരോഗതിയും വിശദമാക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട് *.

(ഡി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട ഭൂരിഭാഗം നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളും ഇതിനകം പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനായ മുഖ്യമന്ത്രിയുടെയും വർക്കിംഗ് ചെയർമാനായ കായിക വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നിർമ്മാണപുരോഗതി കൃത്യമായി വിലയിരുത്തുകയും അടിയന്തരമായി പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഉദ്ദേശിച്ച സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് കാലതാമസം ഏതെങ്കിലും ഘട്ടത്തിൽ ഉണ്ടാകുമെന്ന് കരുതുന്ന പദ്ധതികൾ പ്രത്യേകമായി കണ്ടെത്തി ആ പ്രവൃത്തികളെ മിഷൻ മോഡ് പദ്ധതികളായി പ്രഖ്യാപിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റികളും, ജനപ്രതിനിധികളും ബന്ധപ്പെട്ട മറ്റു വകുപ്പുകളും പ്രവർത്തനം ഏകോപിപ്പിച്ച് നിർമ്മാണത്തിൽ നേരിടുന്ന തടസ്സങ്ങൾ നീക്കുന്നതിന് മേൽനോട്ടം നൽകിവരുന്നു.

(ഇ) മിഷൻ 676-ൽ ദേശീയ ഗെയിംസിന്റെ വേദികളാകുന്ന താഴെപ്പറയുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട് :

(i) കോഴിക്കോട് മെഡിക്കൽ കോളേജ് ഫുട്ബോൾ ഗ്രൗണ്ടിൽ സിന്തറ്റിക് അത് ലറ്റിക് ട്രാക്ക് (നിർമ്മാണം പൂർത്തിയായി).

(ii) കേരളത്തിലെ ഏറ്റവും വലിയ കളിസ്ഥലമുള്ള ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട് കണ്ണൂർ (പ്രധാന പണികൾ പൂർത്തിയായി).

(iii) അന്താരാഷ്ട്ര നിലവാരമുള്ള സ്ക്വാഷ് കോർട്ട്, പാളയം, തിരുവനന്തപുരം (നിർമ്മാണം പൂർത്തിയായി).

(iv) കേരളത്തിലെ ആദ്യ ആസ്ട്രോ ടർഫ് ഹോക്കി സ്റ്റേഡിയം, കൊല്ലം (നിർമ്മാണം പുരോഗമിക്കുന്നു).

(v) കേരളത്തിലെ ആദ്യ ട്രാപ് ആന്റ് സ്കീറ്റ് ഷൂട്ടിംഗ് റേഞ്ച്, രാമവർമ്മപുരം, തൃശ്ശൂർ (നിർമ്മാണം പുരോഗമിക്കുന്നു).

(vi) സർക്കാർ മേഖലയിലെ ആദ്യ സിന്തറ്റിക് ടെന്നീസ് അക്കാഡമി, കുമാരപുരം, തിരുവനന്തപുരം (നിർമ്മാണം പുരോഗമിക്കുന്നു).

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(vii) അന്താരാഷ്ട്ര നിലവാരമുള്ള ആദ്യഷൂട്ടിംഗ് റേഞ്ച്, വട്ടിയൂർക്കാവ് (നിർമ്മാണം പുരോഗമിക്കുന്നു).

(viii) അന്തർദ്ദേശീയ നിലവാരമുള്ള കേരളത്തിലെ ഏറ്റവും വലിയ ഫുട്ബോൾ & ക്രിക്കറ്റ് സ്റ്റേഡിയമായ കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയം (നിർമ്മാണം പുരോഗമിക്കുന്നു).

ദേശീയ ഗെയിംസിന്റെ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനും, പുതിയ കായിക സംസ്കാരം സൃഷ്ടിക്കുന്നതിനുമായി 7000 കേന്ദ്രങ്ങളിലായി ഒരു കോടി ജനങ്ങൾ പങ്കെടുക്കുന്ന കൂട്ടയോട്ടം സംഘടിപ്പിക്കുന്നതും മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസ്**

312 (314) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 35-ാം ദേശീയ ഗെയിംസിനുള്ള തയ്യാറെടുപ്പുകൾ ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഗെയിംസിന്റെ കാര്യക്ഷമമായ നടത്തിപ്പിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) ദേശീയ ഗെയിംസിനായുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ നടക്കുന്ന 35-ാമത് ദേശീയ ഗെയിംസിനായുള്ള തയ്യാറെടുപ്പുകൾ അന്തിമഘട്ടത്തിലാണ്. ദേശീയ ഗെയിംസിന്റെ മത്സരങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള സ്റ്റേഡിയങ്ങളിലെ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഭൂരിഭാഗവും പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്റ്റേഡിയങ്ങൾ 2014 ഡിസംബറോടെ സജ്ജമാകും. ദേശീയ ഗെയിംസിനുവേണ്ടി സജ്ജമാക്കുന്ന താല്ക്കാലിക നിർമ്മിതികളും ഗെയിംസ് തീയതിക്ക് വളരെ മുമ്പായി പൂർത്തിയാക്കുന്നതാണ്. പണി പൂർത്തിയായ സ്റ്റേഡിയങ്ങളിൽ കളി നടത്തുന്നതിന്

വേണ്ടിവരുന്ന മാർക്കിങ്ങ്, മറ്റ് ടെക്നിക്കൽ ആവശ്യങ്ങൾ/സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഏകദേശം 5000 കായിക താരങ്ങൾക്കും ഒഫിഷ്യൽസിനും താമസ സൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരത്ത് മേനംകുളത്ത് 30 ഏക്കർ സ്ഥലത്ത് 3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഗെയിംസ് വില്ലേജിന്റെ പണി ദ്രുതഗതിയിൽ പൂർത്തിയായിവരുന്നു. ഇതോടനുബന്ധിച്ചുള്ള കെട്ടിടനിർമ്മാണം പൂർത്തിയായി. അനുബന്ധപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

35-ാമത് ദേശീയ ഗെയിംസ് നടത്തിപ്പിനായി ബഹു. മുഖ്യമന്ത്രി ചെയർമാനായി നാഷണൽ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയും കൂടാതെ ഫലപ്രദമായ നടത്തിപ്പിനായി 27 അംഗങ്ങൾ അടങ്ങിയ എക്സിക്യൂട്ടീവ് കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് ബഹു. മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാ/പ്രാദേശിക കമ്മിറ്റികളും ഇതിനുപുറമേ പ്രത്യേക ചുമതലകൾ നൽകിക്കൊണ്ട് 22 സംസ്ഥാനതല സബ് കമ്മിറ്റികളും രൂപീകരിച്ച് ഗെയിംസ് മികച്ച രീതിയിൽ നടത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) ദേശീയ ഗെയിംസിനായി 16 സ്റ്റേഡിയങ്ങളിൽ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയുള്ള പുനഃരുദ്ധാരണവും, 9 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 10 താൽകാലിക നിർമ്മിതികളുമാണ് സജ്ജമാകുന്നത്. ഇതിൽ ഭൂരിഭാഗം നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്റ്റേഡിയങ്ങൾ 2014 ഡിസംബർ 30-ഓടെ സജ്ജമാകും. വിവിധ സ്റ്റേഡിയങ്ങളിലേയും താല്ക്കാലിക നിർമ്മിതികളിലേയും നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## മൂന്നാറിലെ തിയേറ്റർ നിർമ്മാണം

313 (315) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ തീയേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായി;

(ബി) എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ - സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭൂമി നല്കുന്ന പ്രദേശങ്ങളിൽ തീയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി.യുടെ പരിഗണനയിലുണ്ട്. എന്നാൽ മൂന്നാറിൽ തിയേറ്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതി ഇപ്പോൾ പരിഗണനയിൽ ഇല്ല.

**സിനിമാരംഗം പരിഷ്കരിക്കുന്നതിന് ഉന്നതതല സമിതി**

314 (316) ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിനിമാരംഗം പരിഷ്കരിക്കുന്നതിന് ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത സമിതിയുടെ പരിഗണനയിലുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) അവാർഡ് നിർണ്ണയം, ചലച്ചിത്രമേള ഉൾപ്പെടെയുള്ളവയുടെ പരിഷ്കരണം എന്നിവ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പരിഗണനയ്ക്കായി ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. ഫിലിം സബ്സിഡി തുകയും ചട്ടങ്ങളും പരിഷ്കരിക്കുന്നതിനും അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന്റെ നടത്തിപ്പ്, ഫിലിം അവാർഡ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, ജെ.സി. ഡാനിയേൽ അവാർഡ് തുക വർദ്ധിപ്പിക്കൽ, സിനിമാറ്റോഗ്രാഫി നിയമ പരിഷ്കരണം എന്നിവ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചെയർമാൻ ആയും ശ്രീ. ഷാജി എൻ. കരുൺ, ശ്രീ. പന്തളം സുധാകരൻ, ശ്രീ. ജി. സുരേഷ് കുമാർ എന്നിവർ അംഗങ്ങളായും ശ്രീമതി റാണി ജോർജ്ജ് മെമ്പർ സെക്രട്ടറിയായും ഒരു ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ നടത്തിപ്പ്, ജെ. സി. ഡാനിയേൽ പുരസ്കാരം, ആയുഷ്കാല സംഭാവനയ്ക്കുള്ള ആഗോളപുരസ്കാരം, സംസ്ഥാന ചലച്ചിത്ര അവാർഡുകളെ സംബന്ധിച്ച സമിതിയുടെ നിരീക്ഷണ ശിപാർശകൾ, സിനിമാ സബ്സിഡി സംബന്ധിച്ച നിർദ്ദേശങ്ങൾ, ചലച്ചിത്ര അക്കാഡമി, ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ, നിലവിലുള്ള സിനിമാ റെഗുലേഷൻ ആക്ട് ഉടച്ചുവാർത്ത് പുതിയ നിയമം കൊണ്ടുവരുന്നതിന് വേണ്ട നിർദ്ദേശങ്ങൾ, സംസ്ഥാനത്ത് ഒരു ചലച്ചിത്ര ആർക്കൈവ് സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ, ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിക്കുന്നതിനുള്ള പൊതു നിർദ്ദേശങ്ങൾ, ചലച്ചിത്രമേളയ്ക്ക് തിയേറ്റർ സമുച്ചയം തുടങ്ങിയ മറ്റു നിർദ്ദേശങ്ങളാണ് സമിതിയുടെ പരിഗണനയിലുള്ളത്.

(സി) അവാർഡ് നിർണ്ണയം, ചലച്ചിത്രമേളയുടെ പരിഷ്കരണം എന്നിവ സംബന്ധിച്ച സമിതിയുടെ ശിപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) സമിതിയുടെ ശിപാർശകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി. ചേർത്തല എ.റ്റി.ഒ.യ്ക്കെതിരെയുള്ള പരാതി

315 (317) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി. ചേർത്തല ഡിപ്പോയിലെ എ.റ്റി.ഒ.യ്ക്കെതിരെ ചേർത്തല സ്വദേശിനിയായ ഒരു സ്ത്രീ നൽകിയ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സ്ഥിരമായി തങ്ങൾ യാത്ര ചെയ്യുന്ന ഒരു ട്രിപ്പിന് പുതുതായി നൽകിയ ബസ്സിൽ യാത്ര ചെയ്യുന്നതിന് സ്ത്രീയാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് മേൽ പറഞ്ഞ പരാതിക്കാർ ചേർത്തല എ.റ്റി.ഒ.യെ വിളിച്ചപ്പോൾ അദ്ദേഹം അവരോട് മോശമായി പെരുമാറിയെന്നും അതിനെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പരാതി അന്വേഷണത്തിനായി കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പ്രസ്തുത പരാതി കൊല്ലം മേഖലാ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അധികാരിക്ക് അന്വേഷണത്തിനായി അയച്ചിരിക്കയാണ്. അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## ലോ ഫ്ളോർ ബസ് സർവ്വീസ്

316 (318) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൊച്ചി, തിരുവനന്തപുരം നഗരങ്ങളിൽ യാത്രാക്ലേശം പരിഹരിക്കാൻ ഏർപ്പെടുത്തിയ ലോ ഫ്ലോർ ബസ് കോഴിക്കോട് ജില്ലയിലും നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ ;

(ബി) ജില്ലയിൽ ലോ ഫ്ലോർ ബസ് ആരംഭിക്കുമ്പോൾ എലത്തൂരിൽനിന്ന് കോഴിക്കോട് എയർപോർട്ടിലേയ്ക്കും സർവ്വകലാശാലയിലേയ്ക്കും ബാലുശ്ശേരി-കോഴിക്കോട് റൂട്ടിലേയ്ക്കും സർവ്വീസ് നടത്താനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) ജൻറം ഒന്നാംഘട്ട പദ്ധതി പ്രകാരം ലഭിച്ച ലോ ഫ്ളോർ ബസ്സുകൾ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ സർവ്വീസ് നടത്തുന്നതിനായാണ് ലഭ്യമാക്കിയിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം പ്രസ്തുത ബസുകൾ തിരുവനന്തപുരം, എറണാകുളം ജില്ലകൾക്കുള്ളിൽ സർവ്വീസ് നടത്താൻ മാത്രമാണ് നിർദ്ദേശിച്ചിരിക്കുന്നത്. പ്രസ്തുത ലോ ഫ്ളോർ ബസ്സുകൾ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(ബി) ജൻറം രണ്ടാം ഘട്ടപദ്ധതി പ്രകാരം 400 ബസ്സുകൾ ലഭ്യമാക്കുമ്പോൾ കോഴിക്കോട് ജില്ലക്കും ബസ്സുകൾ അനുവദിക്കുന്നുണ്ട്. ഈ ബസ്സുകൾ ലഭ്യമാക്കുമ്പോൾ എലത്തൂരിൽനിന്ന് കോഴിക്കോട് എയർപോർട്ടിലേക്കും സർവ്വകലാശാലയിലേക്കും ബാലുശ്ശേരി-കോഴിക്കോട് റൂട്ടിലേക്കും സർവ്വീസ് നടത്തുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## കെ.എസ്.ആർ.ടി.സി.യിലെ പാസഞ്ചർ ഇതര വാഹനങ്ങൾ

317 (319) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ എത്ര പാസഞ്ചർ ഇതര വാഹനങ്ങളുണ്ട് ; അവ എവിടെയൊക്കെ ;

(ബി) ഇവയ്ക്ക് 1-1-2014 മുതൽ ഉപയോഗിച്ചിട്ടുള്ള ഇന്ധനത്തിന്റെ പ്രതിമാസ കണക്ക് കെ.എസ്.ആർ.ടി.സി. ഭവനിലേതുൾപ്പെടെ വ്യക്തമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി.യിൽ പാസഞ്ചർ ഇതര വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് ശമ്പളത്തിന് പുറമേ എന്തൊക്കെ അധിക ആനുകൂല്യങ്ങളാണ് നൽകി വരുന്നത് ; വിശദമാക്കുമോ ;

(ഡി) ഈ വാഹന ഡ്രൈവർമാരെ നിയമിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണ് ;

(ഇ) ഡ്യൂട്ടി സമയത്തിന്റെ കാര്യത്തിൽ നിലവിലുള്ള മാനദണ്ഡമെന്താണ് ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.യിൽ വാൻ, ലോറി, ടാങ്കർ ട്രക്ക്, സ്റ്റാഫ് കാറുകൾ എന്നീ വിഭാഗത്തിൽ 178 പാസഞ്ചർ ഇതര വാഹനങ്ങൾ ഉണ്ട്. ഡിപ്പോ തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 1-1-2014 മുതൽ 31-10-2014 വരെ 3,85,885 ലിറ്റർ ഇന്ധനം ഉപയോഗിച്ചിട്ടുണ്ട്. മാസം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| Month | Total HSD used |
|---|---|
| Jan-14 | 40056 |
| Feb-14 | 33959 |
| Mar-14 | 34624 |
| Apr-14 | 30960 |
| May-14 | 35676 |
| Jun-14 | 38378 |
| Jul-14 | 39142 |
| Aug-14 | 38177 |
| Sep-14 | 46244 |
| Oct-14 | 48669 |
| TOTAL | 385885 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പാസഞ്ചർ ഇതര വാഹനങ്ങളിൽ ടാങ്കർ ട്രക്ക് എന്നിവ ഓടിക്കുന്ന ഡ്രൈവർമാർക്ക് നിലവിലുള്ള അധികബത്തകൾ ചുവടെ ചേർക്കുന്നു: സ്പെഷ്യൽ അലവൻസ് - 100 രൂപ, കിലോ മീറ്റർ അലവൻസ് - 27 പൈസ/കി.മീ. നൈറ്റ് അലവൻസ് ആദ്യത്തെ നാലു മണിക്കൂറിന് 25 രൂപയും അടുത്ത നാലു മണിക്കൂറിന് 60 രൂപയും 16 മണിക്കൂർ കഴിഞ്ഞ് അധികമായി വരുന്ന ഓരോ മണിക്കൂറിനും 43.75 രൂപ.

(ഡി) മോട്ടോർ വാഹന നിയമത്തിലെ റൂൾ 8 അനുസരിച്ച് കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർമാർക്ക് നിർദ്ദേശിച്ചിരിക്കുന്ന യോഗ്യതയ്ക്ക് പുറമേ റൂൾ 9 അനുസരിച്ച് അപകട സാദ്ധ്യതയുള്ള സാധനങ്ങൾ വഹിക്കുന്ന ടാങ്കർ ട്രക്ക് ഓടിക്കുന്നതിനുള്ള യോഗ്യതകൾ ഉണ്ടായിരിക്കണം. 45 വയസ്സിനു താഴെ പ്രായമുള്ളവരായിക്കേണ്ടതും 240 ഡ്യൂട്ടി തികഞ്ഞ സ്ഥിരം കെ.എസ്.ആർ.ടി.സി. ജീവനക്കാരനായിരിക്കേണ്ടതുമാണ്. അപകട സാധ്യതയുള്ള സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ ഓടിക്കുന്നതിന് സർക്കാർ അംഗീകാരമുള്ള പരിശീലന സ്ഥാപനത്തിൽനിന്നും 3 ദിവസത്തെ പരിശീലനം വിജയകരമായി പൂർത്തീകരിച്ചു എന്നതിന്റെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം.

(ഇ) എട്ടു മണിക്കൂർ ഡ്യൂട്ടിക്കിടയിൽ 6 1/2 മണിക്കൂർ സ്റ്റിയറിംഗ് ഡ്യൂട്ടി എന്നതാണ്. സ്റ്റാഫ് കാർ ഓടിക്കുന്ന ഡ്രൈവർമാർക്ക് ഒരു കലണ്ടർ ദിനത്തിൽ രണ്ട് ഡ്യൂട്ടി മാത്രമേ ലഭിക്കുകയുള്ളൂ.

**കെ.എസ്.ആർ.ടി.സി. പുറത്തിറക്കിയ പുതിയ ബസുകൾ**

318 (320) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബസുകളാണ് കെ.എസ്.ആർ.ടി.സി. പുറത്തിറക്കിയത് ; വർഷം തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഏതെല്ലാം ഡിപ്പോകൾക്കാണ് പുതുതായി ബസുകൾ നൽകിയത് ; ഡിപ്പോ, ബസുകളുടെ എണ്ണം, തീയതി എന്നിവ തിരിച്ച കണക്കുകൾ നൽകാമോ ;

(സി) കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിലേക്ക് ഈ കാലയളവിൽ മറ്റ് ഡിപ്പോകളിൽനിന്നും എത്ര പഴയ ബസുകൾ നൽകിയെന്ന് ഡിപ്പോ, എണ്ണം, കാലപ്പഴക്കം എന്നിവ തിരിച്ച കണക്കുകൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 108 JnNURM ബസുകൾ ഉൾപ്പെട 1153 ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്:

| | | | |
|---|---|---|---|
| 2011 | (JnNURM - 71 ഉൾപ്പെടെ ) | - | 186 |
| 2012 | (JnNURM -29 ഉൾപ്പെടെ) | - | 570 |
| 2013 | (JnNURM-8 ഉൾപ്പെടെ) | - | 364 |
| 2014-ൽ | | - | 33 |
| | ആകെ | | 1153 |

(ബി) ഡിപ്പോ തിരിച്ചുള്ള എണ്ണം അനുബന്ധം I* ആയി ചേർത്തിട്ടുണ്ട്.

(സി) അനുബന്ധം II* ആയി ചേർത്തിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. വകുപ്പ് വാഹനങ്ങളിൽ കർട്ടൻ ഉപയോഗിച്ചുള്ള യാത്ര

319 (321) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.അർ.ടി.സി. ഭവനിലെ പാസഞ്ചർ ഇതര വാഹനങ്ങളിൽ സുപ്രീം കോടതി വിധി മറികടന്ന് ഗ്ലാസ്സുകൾ മറയ്ക്കുന്നതിന് കർട്ടൻ ഉപയോഗിക്കാൻ പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ പൊതുജനങ്ങളെ നിയമത്തിന് വിധേയരാക്കുകയും പ്രസ്തുത വിഭാഗക്കാർ സ്വമേധയാ ഇളവെടുക്കുകയും ചെയ്യുന്നത് നീതിയുക്തമാണോ ;

(സി) ഇല്ലെങ്കിൽ ഇത്തരം നിയമലംഘനം അവസാനിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ഭവനിലെ പാസഞ്ചർ ഇതര വാഹനങ്ങളിൽ സുപ്രീം കോടതി വിധി മറികടന്ന് ഗ്ലാസുകൾ മറയ്ക്കുന്നതിന് കർട്ടൻ ഉപയോഗിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ**

320 (322) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ വ്യക്തമാക്കിക്കൊണ്ട് സത്യവാങ്മൂലം സമർപ്പിക്കാൻ കേരള ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ; വ്യക്തമാക്കുമോ ;

(ബി) അതിൻപ്രകാരം സർക്കാർ കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചുവോ, എങ്കിൽ പ്രസ്തുത സത്യവാങ്മൂലത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) W.P.(c) No. 2644/2014 എന്ന കേസിൽ കോർപ്പറേഷന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച അഡീഷണൽ സത്യവാങ്മൂലത്തിന്റെ പകർപ്പ് അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) W.P.(c) No. 3893/2014 നമ്പർ കേസിൽ സർക്കാർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. പകർപ്പ് അനുബന്ധം II* ആയി ഉള്ളടക്കം ചെയ്യുന്നു.

**കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്**

321 (323) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നല്കുമോ ;

(ബി) പാക്കേജിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

(സി) സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കെ.എസ്.ആർ.ടി.സി.യെ കരകയറ്റാൻ എന്തെല്ലാം നടപടികളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) പുനരുദ്ധാരണ പാക്കേജിന് കെ.എസ്.ആർ.ടി.സി. രൂപം നൽകിയിട്ടുണ്ട്. കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറി ലാഭത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികളാണ് പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികളിൻ പ്രകാരം നടപടികൾ സ്വീകരിച്ചു വരികയാണ്.

(സി) കോർപ്പറേഷന്റെ പെൻഷൻ ബാധ്യതയ്ക്ക് പരിഹാരം കാണുക, കോർപ്പറേഷന്റെ വിപണി മൂല്യം വർദ്ധിപ്പിക്കുന്നതിനായി ആസ്തിമൂല്യം നിർണ്ണയം നടത്തുക, കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുമെടുത്തിട്ടുള്ള വായ്പകൾ മറ്റു പൊതുമേഖലാ ബാങ്കുകളിലേക്ക് കൂടിയ തിരിച്ചടവ് കാലയളവും കുറഞ്ഞ പലിശ നിരക്കുമുള്ള വായ്പകളാക്കി മാറ്റുക, സർക്കാരിന് നൽകാനുള്ള വായ്പ കുടിശ്ശിക മൂലധന നിക്ഷേപമാക്കി മാറ്റുക, വരുമാനം കുറഞ്ഞ ബസ് സർവ്വീസുകൾ ലാഭകരമാക്കത്തക്ക രീതിയിൽ പുനഃക്രമീകരിക്കുക, സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തുക തുടങ്ങിയവയാണ് പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പദ്ധതികൾ. കൂടാതെ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, കൊറിയർ പാഴ്സൽ സർവ്വീസ് മുതലായവയും ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) കോർപ്പറേഷന്റെ ആസ്തി മൂല്യം നിർണ്ണയിക്കുന്നതിനായി M/s Varma & Varma എന്ന സ്ഥാപനത്തെ നിയോഗിക്കുകയും പ്രസ്തുത സ്ഥാപനം മൂല്യനിർണ്ണയ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കെ.റ്റി.ഡി.എഫ്.സി. യിൽ നിന്നുള്ള വായ്പാ ബാദ്ധ്യത പൊതുമേഖലാ ബാങ്കുകളിലേക്ക് മാറ്റുന്നതിനായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് വായ്പ ലഭ്യമാക്കുന്നതിനായി M/s SBI CAPITAL MARKETS LTD എന്ന സ്ഥാപനത്തെ നിയോഗിച്ചുകഴിഞ്ഞു. 1090.75 കോടി രൂപയുടെ സർക്കാർ വായ്പ, മൂലധന നിക്ഷേപമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്. സോഷ്യൽ സെക്യൂരിറ്റി ഫണ്ട് രൂപീകരിക്കുന്നതിനായി 15 കിലോ മീറ്ററിന് മുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാരിൽനിന്നും നിശ്ചിത സ്ലാബിൽ തുക ഈടാക്കുന്നതിന് കെ.എസ്.ആർ.ടി.സി.യ്ക്ക് അനുമതി നൽകി സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസ് പ്രകാരം എല്ലാ യാത്രക്കാർക്കും

അപകട ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനായുള്ള പദ്ധതി പരിഗണനയിലാണ്. കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1031 സർവ്വീസുകൾ ലാഭകരമായി പുനഃക്രമീകരിച്ച കഴിഞ്ഞു. ഇതുകൂടാതെ, പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്ന പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, കൊറിയർ പാഴ്സൽ എന്നിവയ്ക്ക് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള ലേലം/ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം

322 (324) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം എത്രയാണെന്ന് അറിയിക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ഒരു ദിവസത്തെ ശരാശരി ചെലവ് എത്ര രൂപയാണെന്ന് വിശദമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി. നിലവിൽ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) 2014 ഒക്ടോബർ മാസത്തെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. യുടെ ശരാശരി പ്രതിദിന വരുമാനം 4.91 കോടി രൂപയാണ്.

(ബി) 2012-13-ലെ വാർഷിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ ഒരു ദിവസത്തെ ശരാശരി ചെലവ് 5.85 കോടി രൂപയാണ്.

(സി) 2012-13-ലെ വാർഷിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. നഷ്ടം 519.26 കോടി രൂപയാണ്.

## കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ നടപടി

323 (325) <u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; അവ വിശദമാക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കാമോ ;

(ഡി) എന്തെല്ലാം പരിഷ്കാരങ്ങളാണ് പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിൽ വരുന്നതെന്ന വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറി ലാഭത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഒരു പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പുനരുദ്ധാരണ പാക്കേജിൻ പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കുക വഴി പ്രതിമാസ വരവ് ചെലവ് അന്തരം 78 കോടിയായി കുറയ്ക്കാൻ സാധിച്ചു. ടിക്കറ്റിതര വരുമാന വർദ്ധനവ് ഉദ്ദേശിച്ച് വിവിധ ഡിപ്പോകളിൽ ആധുനിക ബസ് സ്റ്റാൻഡും വാണിജ്യ സമുച്ചയവും നിർമ്മിച്ച് വരുന്നു. ആയതിലേക്ക് വേണ്ടിവരുന്ന മുതൽമുടക്ക് വാണിജ്യ സ്ഥാപനം നടത്താൻ ഉദ്ദേശിക്കുന്നവരിൽനിന്നും മൽസരാടിസ്ഥാനത്തിൽ പലിശരഹിത നിക്ഷേപം സ്വീകരിച്ചിട്ടാണ് സ്വരൂപിക്കുന്നത്.

(ബി&സി) കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറി ലാഭത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഒരു പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

കോർപ്പറേഷന്റെ പെൻഷൻ ബാധ്യതയ്ക്ക് പരിഹാരം കണ്ടെത്തുക; കോർപ്പറേഷന്റെ വിപണി മൂല്യം വർദ്ധിപ്പിക്കുന്നതിനായി ആസ്തി മൂല്യ നിർണ്ണയം നടത്തുക, കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുമെടുത്തിട്ടുള്ള വായ്പകൾ മറ്റു പൊതുമേഖലാ ബാങ്കുകളിലേക്ക് കൂടിയ തിരിച്ചടവ് കാലയളവും കുറഞ്ഞ പലിശ നിരക്കുമുള്ള വായ്പകളായി മാറ്റുക, സർക്കാരിന് നൽകാനുള്ള വായ്പാകുടിശ്ശിക മൂലധന നിക്ഷേപമാക്കി മാറ്റുക, വരുമാനം കുറഞ്ഞ ബസ് സർവ്വീസുകൾ ലാഭകരമാക്കത്തക്ക രീതിയിൽ പുനഃക്രമീകരിക്കുക, സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തുക തുടങ്ങിയവയാണ് പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ.

(ഡി) പുനരുദ്ധാരണ പാക്കേജ് പൂർണ്ണമായും നടപ്പിലാക്കുമ്പോൾ കെ.റ്റി.ഡി.എഫ്.സി.-ക്ക് നൽകാനുള്ള പ്രതിമാസ വായ്പാ തിരിച്ചടവ് 43 കോടി രൂപയിൽ നിന്നും 15-20 കോടി രൂപയായി കുറയുകയും കോർപ്പറേഷനിലെ പണമൊഴുക്ക് (fund flow) വർദ്ധിക്കുകയും ചെയ്യും. ആസ്തി മൂല്യം നിർണ്ണയിക്കുക വഴി കോർപ്പറേഷന്റെ വിപണി മൂല്യം വർദ്ധിക്കുന്നതാണ്. സോഷ്യൽ സെക്യൂരിറ്റി സെസ്സ് ഏർപ്പെടുത്തുക വഴി യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ സാധിക്കുകയും പെൻഷൻ വിതരണത്തിനായി കുറച്ച് തുക സ്വരൂപിക്കാൻ കഴിയുകയും ചെയ്യുന്നതാണ്. വരുമാനം കുറഞ്ഞ സർവ്വീസുകൾ നിർത്തലാക്കി ലാഭകരമായി പുനഃക്രമീകരിക്കുക വഴി കോർപ്പറേഷന് അധിക വരുമാനം കണ്ടെത്താൻ കഴിയും. ടിക്കറ്റിതര വരുമാന വർദ്ധനവ് ഉദ്ദേശിച്ച് വിവിധ ഡിപ്പോകളിൽ നിർമ്മിക്കുന്ന ആധുനിക വാണിജ്യ സമുച്ചയങ്ങൾക്ക് ഒപ്പം മെച്ചപ്പെട്ട ഓഫീസ്, ബസ് സ്റ്റേഷൻ, യാത്രക്കാരുടെ വിശ്രമാദി സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ വിശ്രമ സങ്കേതങ്ങൾ**

324 (326) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യാത്രക്കാർക്ക് വിശ്രമ സൗകര്യത്തിനായി വിശ്രമ സങ്കേതങ്ങൾ കെ.എസ്.ആർ.ടി.സി.യുടെ നിയന്ത്രണത്തിൽ നിർമ്മിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് ;

(ബി) ഇതിന്റെ നിർമ്മാണത്തിനു വേണ്ട തുക ഗവൺമെന്റ് ആണോ വഹിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) യാത്രക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) ഗവൺമെന്റ് ചെലവിലെ വിശ്രമ സങ്കേതങ്ങൾ യാത്രക്കാർക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്താനാവശ്യമായ അടിയന്തര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. കാസർഗോഡ്, നിലമ്പൂർ, പയ്യന്നൂർ, കൽപ്പറ്റ, തൃശ്ശൂർ, കായംകുളം, തിരുവനന്തപുരം സിറ്റി, സുൽത്താൻ ബത്തേരി, താമരശ്ശേരി, തലശ്ശേരി, ചിറ്റൂർ, പൊന്നാനി, മണ്ണാർക്കാട്, വടക്കാഞ്ചേരി, ചേർത്തല, വിഴിഞ്ഞം, പാറശ്ശാല, മാള, ചാത്തന്നൂർ, വികാസ്ഭവൻ, കിളിമാനൂർ, ചടയമംഗലം, കാട്ടാക്കട, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, പാപ്പനംകോട്, പേരൂർക്കട, അടൂർ, വെള്ളനാട്,

ഇരിഞ്ഞാലക്കുട, ചാലക്കുടി, കോതമംഗലം, കൂത്താട്ടുകുളം, കുളത്തുപ്പുഴ എന്നീ ഡിപ്പോകളിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) ഇതിനുവേണ്ടി വന്ന തുക സർക്കാർ വാർഷിക പദ്ധതി ഇനത്തിൽ ലഭ്യമാക്കിയതാണ്.

(സി) പരാതി ലഭിച്ചിട്ടില്ല.

(ഡി) വിശ്രമ സങ്കേതങ്ങൾ യാത്രക്കാർക്ക് പൂർണ്ണമായും പ്രയോജന പ്പെടുത്തുന്നതിനുള്ള നിർദ്ദേശം യൂണിറ്റാഫീസർമാർക്ക് നൽകിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. മാനേജ്മെന്റ് സംവിധാനത്തിലെ പ്രൊഫഷണലിസം**

325 (327) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് മാനേജ്മെൻറ് സംവിധാനത്തിൽ പ്രൊഫഷണലിസം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിൻെറ ഭാഗമായി ഒരു കഴിവും പ്രകടിപ്പിക്കാതിരുന്നിട്ടും സീനിയോറിറ്റിയുടെ മാത്രം അടിസ്ഥാനത്തിൽ ഉന്നതസ്ഥാനങ്ങളിൽ എത്തി സ്ഥാപനത്തിന് ബാദ്ധ്യതയായി തുടരുന്നവരുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) നിലവിൽ സ്ഥാപനത്തിന് വൻ നഷ്ടം വരുത്തിവയ്ക്കുന്ന പലിശച്ചെലവും മറ്റ് ധൂർത്തുകളും അനഭിലഷണീയ ട്രേഡ് യൂണിയൻ പ്രവർത്തനവും നിയന്ത്രിക്കാനും, മാനേജ്മെൻറും തൊഴിലാളികളും തമ്മിലെ ബന്ധം സുതാര്യമാക്കാനും ആവശ്യമായ നടപടി ഇതോടൊപ്പം സ്വീകരിക്കുമോ ?

ഉത്തരം

(എ) മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിവും, പ്രാഗത്ഭ്യവും തെളിയിച്ച ഒരു ഉദ്യോഗസ്ഥനെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറായി നിയമിച്ചത്. സാമ്പത്തിക മാനേജ്മെന്റ് പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി

ICWA യോഗ്യതയും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രവർത്തി പരിചയമുള്ള ഒരാളെ സാമ്പത്തിക വിഭാഗത്തിന്റെ തലവനായി നിയോഗിച്ചിട്ടുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി.യിലെ എക്സിക്യൂട്ടീവ് ഡയറക്ടർമാർക്കുള്ള യോഗ്യതകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 26-8-2014-ൽ ചേർന്ന 380-ാമത് ഭരണസമിതി യോഗത്തിലെ അജണ്ട ഇനം 69/2014-ന്റെ തീരുമാന പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ ഒരു എക്സിക്യൂട്ടീവ് ഡയറക്ടർ മാത്രമേ നിലവിലുള്ളൂ എന്നും മറ്റ് നാല് എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികകളും ഒഴിഞ്ഞു കിടക്കുകയാണെന്നും ചെയർമാൻ അറിയിച്ചതിനെ തുടർന്ന്, നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്ക് നിയോഗിക്കുന്നതിന് സമർത്ഥരായവർ ഇല്ലാത്തതിനാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എക്സിക്യൂട്ടീവ് ഡയക്ടർമാരെ നിയോഗിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും സർക്കാർ, പൊതുജനങ്ങൾ ജീവനക്കാർ എന്നിവരുമായി നിരന്തരം നടത്തേണ്ട സംവേദത്തിന് സഹായകരമാകുന്നതിനുവേണ്ടി നിലവിൽ ഒഴിഞ്ഞു കിടക്കുന്ന ഇൻഡസ്ട്രിയൽ റിലേഷൻസ് മാനേജർ തസ്തിക കൂടി ഇപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കേണ്ടത് അനിവാര്യമാണെന്നും ഭരണസമിതി തീരുമാനിച്ചു. ഇപ്രകാരം കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന നാല് എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്കും ഒരു ഇൻഡസ്ട്രിയൽ റിലേഷൻസ് മാനേജർ തസ്തികയിലേക്കും ഡെപ്യൂട്ടേഷൻ മുഖാന്തരം യോഗ്യതയും, പ്രാഗത്ഭ്യവും കഴിവുമുള്ളവരെ നിയോഗിക്കുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി. ചീഫ് എക്സിക്യൂട്ടീവിന്റെയും, സാമ്പത്തിക വിഭാഗം മേധാവിയുടേയും ഒഴികെയുള്ള എല്ലാ നിയമനങ്ങളിലും ജീവനക്കാരെ തെരഞ്ഞെടുക്കുന്നത് പി.എസ്.സി.യോ, പി.എസ്.സി.യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായോ ആണ്. ഓഫീസർ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടാൻ യോഗ്യരെ കണ്ടെത്താൻ അതാതു മേഖലകളിൽ കഴിവും പ്രാഗത്ഭ്യവും തെളിയിച്ചതിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്രതിനിധി ഉൾപ്പെടുന്ന ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയാണ്. ഈ കമ്മിറ്റിയുടെ ശിപാർശ പ്രകാരമാണ് ടി തസ്തികകളിൽ നിയമനം നടക്കുന്നത്. അതുകൊണ്ടുതന്നെ ഇപ്പോൾ നിലവിലുള്ള ഓഫീസർമാർ കെ.എസ്.ആർ.ടി.സി.-ക്ക് ഒരു ബാധ്യതയായി കരുതുന്നില്ല.

(സി) കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറി ലാഭത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തി

തയ്യാറാക്കിയ ഒരു പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പുനരുദ്ധാരണ പാക്കേജിലെ ഒരു പ്രധാന ഇനം പലിശ നിരക്ക് കൂടിയ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പ, മറ്റു ബാങ്കുകളിലെ പലിശനിരക്ക് കുറവും കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പയാക്കി മാറ്റുകയെന്നതാണ്. ഇത്തരത്തിൽ വായ്പകൾ പൂർണ്ണമായും മറ്റ് ബാങ്കുകളിലേക്ക് മാറ്റുമ്പോൾ പ്രതിമാസം പലിശയിനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന ചെലവ് വൻതോതിൽ കുറയ്ക്കാൻ സാധിക്കും. അനഭിലഷണീയ ട്രേഡ് യൂണിയൻ പ്രവർത്തനം കോർപ്പറേഷനിൽ നിലവിലില്ല. അംഗീകൃത തൊഴിലാളി സംഘടനകളും മാനേജ്മെന്റും തമ്മിൽ ചേരുന്ന അവലോകന യോഗങ്ങളിൽ എല്ലാ നയപരമായ വിഷയങ്ങളും, തർക്ക വിഷയങ്ങളും ചർച്ച ചെയ്യുകയും സുതാര്യമായി നടപടികൾ കൈക്കൊണ്ടുവരുന്നതുമാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ വസ്തുവകകളെ സംബന്ധിച്ച മൂല്യനിർണ്ണയം**

326 (328) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ വസ്തുവകകളെ സംബന്ധിച്ച മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) M/s. വർമ്മ & വർമ്മ എന്ന സ്ഥാപനത്തെ മൂല്യനിർണയം നടത്തുന്നതിന് നിയോഗിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനത്തെ നിയോഗിക്കുവാനുള്ള സാഹചര്യം എന്തെല്ലാമായിരുന്നു ;

(ഡി) ഇതിനുവേണ്ടി കെ.എസ്.ആർ.ടി.സി.ക്കുണ്ടായ സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി കോർപ്പറേഷന്റെ ആസ്തി വകകളുടെ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. കോർപ്പറേഷന്റെ ആസ്തി മൂല്യം നിർണ്ണയിക്കുന്നതിനായി M/s Varma & Varma എന്ന സ്ഥാപനത്തെ നിയോഗിക്കുകയും പ്രസ്തുത സ്ഥാപനം മൂല്യനിർണ്ണയ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിയോഗിച്ചിട്ടുണ്ട്.

(സി) കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറി ലാഭത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തി ഒരു പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പാക്കേജിലെ ഒരു പ്രധാന ഇനം കോർപ്പറേഷന്റെ വിപണി മൂല്യം വർദ്ധിപ്പിക്കുന്നതിനായി ആസ്തി വകകളുടെ മൂല്യ നിർണ്ണയം നടത്തുക എന്നതായിരുന്നു. ഇതിൻ പ്രകാരമാണ് M/s Varma & Varma എന്ന സ്ഥാപനത്തെ മൂല്യനിർണ്ണയം നടത്തുന്നതിനായി നിയോഗിച്ചത്.

(ഡി) ആകെ ബാദ്ധ്യത - 29 ലക്ഷം രൂപ .

**കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ ആനുകൂല്യങ്ങൾ**

327 (329) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ ആനുകൂല്യങ്ങൾ ഏതു മാസം വരെ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇപ്പോൾ എത്ര മാസത്തെ കുടിശ്ശികയാണ് ഇവർക്ക് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പെൻഷൻ കുടിശ്ശിക പൂർണ്ണമായും നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കോടതിവിധി നിലവിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കുടിശ്ശിക എന്നത്തേക്ക് കൊടുത്തു തീർക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ & ബി) കെ.എസ്.ആർ.ടി.സി.യിൽ സെപ്റ്റംബർ 2014-ലെ പെൻഷൻ തുക ഭാഗികമായി വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത മാസം മിനിമം പെൻഷൻ തുകയുള്ള പെൻഷൻകാർക്ക് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. ഒക്ടോബർ 2014 മുതലുള്ള പെൻഷൻ തുക പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.

(സി) ഉണ്ട്. കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 22-4-2011-ൽ ബഹു. കേരളാ ഹൈക്കോടതി W.P.(c) No. 4141/2014 നമ്പർ കേസിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) കോർപ്പറേഷൻ നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് നേരിടുന്നത്. പ്രതിമാസ വരുമാനത്തിൽനിന്നും പെൻഷൻ കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ

328 (330) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ നിന്നും 31-8-2014-നകം റിട്ടയർ ചെയ്തിട്ടുള്ളവരിൽ ഇപ്പോഴും പെൻഷന് അർഹതയുള്ളവർ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) അടുത്ത അഞ്ച് വർഷത്തിനകം ഓരോ വർഷവും റിട്ടയർ ചെയ്യുന്നവർ എത്ര വീതമാണ് ;

(സി) കെ.എസ്.ആർ.ടി.സി.യിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളവരിൽ പെൻഷന് അർഹതയുള്ളവർക്ക് അത് നൽകുന്നതിന് അടുത്ത അഞ്ച് വർഷത്തിൽ ഓരോ വർഷവും എത്ര തുക വീതം വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ?

(ഡി) നിലവിൽ കുടിശ്ശികയായിട്ടുള്ള പെൻഷൻ നൽകുന്നതിന് എത്ര തുക ആവശ്യമാണ് ;

(ഇ) പ്രതിമാസം ശരാശരി എത്ര തുക പെൻഷൻ നൽകുന്നതിനാവശ്യമായിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) സെപ്റ്റംബർ 2014-ലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ 36,928 പെൻഷൻകാരുണ്ട്.

(ബി) നിലവിലെ പെൻഷൻ പദ്ധതിയനുസരിച്ച് അടുത്ത 5 വർഷത്തിനകം റിട്ടയർ ചെയ്യുന്നവരുടെ കണക്ക് താഴെ പറയും പ്രകാരമാണ്:

11/2014 to 12/2014 - 140

1/2015 to 12/2015 - 1339

1/2016 to 12/2016 - 1078

1/2017 to 12/2017 - 1190

1/2018 to 12/2018 - 1115

1/2019 to 12/2019 - 1046

(സി) ഇപ്പോഴത്തെ കണക്കനുസരിച്ച് വർഷം തോറും പുതിയതായി പെൻഷൻ പറ്റുന്നവർക്ക് പെൻഷൻ നൽകുന്നതിലേയ്ക്ക് പ്രതിമാസം 1 1/2 കോടി രൂപ അധികം വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) നിലവിൽ കോർപ്പറേഷൻ സെപ്റ്റംബർ 2014-ലെ പെൻഷൻ തുക ഭാഗികമായി മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. പ്രസ്തുത മാസം മിനിമം പെൻഷൻ തുകയുള്ള പെൻഷൻകാർക്ക് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. ഒക്ടോബർ 2014 മുതലുള്ള പെൻഷൻ തുക വിതരണം ചെയ്തിട്ടില്ല. ടി പെൻഷൻ കുടിശ്ശിക തീർക്കുന്നതിനായി 87 കോടി രൂപ ആവശ്യമാണ്.

(ഇ) 2014 സെപ്റ്റംബർ മാസത്തെ കണക്കനുസരിച്ച് പ്രതിമാസം ശരാശരി 40.16 കോടി രൂപ പെൻഷൻ വിതരണത്തിനായി ആവശ്യമാണ്.

**ഇന്ധന വിലനിലവാരത്തിനനുസരിച്ചുള്ള ചാർജ്ജ് ക്രമീകരണം**

329 (331) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ധന വില കുറഞ്ഞ സാഹചര്യത്തിൽ ബസ്, ഓട്ടോ, ടാക്സി നിരക്കുകൾ കുറയ്ക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇന്ധന വിലനിലവാരത്തിനനുസരിച്ച് ചാർജ്ജുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

**ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് ജീവനക്കാർക്കുള്ള അവധി**

330 (332) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് പ്രത്യേക അലവൻസ് ലഭ്യമാക്കാത്തതിന്റെ കാരണം എന്താണ് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച അവധി ദിനമായി അനുവദിക്കാത്തതിന്റെ കാരണം എന്താണ് ? വിശദമാക്കുമോ ?

ഉത്തരം

(എ) ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് വീക്ക്‌ലി ഓഫും അവധി ദിനങ്ങളിൽ ജോലി ചെയ്യുന്നതിന് കോമ്പൻസേറ്ററി ഓഫും നൽകുന്നുണ്ട്. അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് പ്രത്യേക അലവൻസ് നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(ബി) ബോട്ടു സർവ്വീസ് എല്ലാ ദിവസവും മുടക്കം കൂടാതെ നടത്തേണ്ടതുണ്ട്. ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം 20 കാഷ്വൽ ലീവും 22 കോമ്പൻസേറ്ററി ഓഫും (എൻ.എച്ച്.) നൽകുന്നുണ്ട്. ഇപ്രകാരമുള്ള ലീവുകൾ കൂടി കണക്കിലെടുത്താണ് ഒരു ബോട്ടിന് 3 സെറ്റ് ജീവനക്കാരെ (15 ജീവനക്കാർ) അനുവദിച്ചിട്ടുള്ളത്. രണ്ടാം ശനിയാഴ്ച അവധി ദിനമായി അനുവദിക്കുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസിലെ വിധി വന്നശേഷമേ തീരുമാനം സാദ്ധ്യമാകൂ.

**ടാങ്കർ ലോറി അപകടങ്ങൾ**

331 (333) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടാങ്കർ ലോറി അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി ഫയർഫോഴ്സിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) കണ്ണൂർ ജില്ലയിൽ അടിക്കടി ഉണ്ടാകുന്ന ടാങ്കർ ലോറി അപകടങ്ങൾ കണക്കിലെടുത്ത് ആധുനിക ഉപകരണങ്ങളോടുകൂടിയ ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് കേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരിയിൽ 2014 ജനുവരി 14-ാം തീയതി ടാങ്കർ ലോറി അപകടം ഉണ്ടായപ്പോൾ പ്രശംസനീയമായ പ്രവർത്തനം നടത്തിയ ഫയർ ഫോഴ്സ് ജീവനക്കാർക്ക് പാരിതോഷികം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) 1. പാചക വാതകം കൊണ്ടു പോകുന്ന എൽ.പി.ജി. ബുള്ളറ്റ് ടാങ്കറുകളുടെ അപകട ഭീഷണി ഒഴിവാക്കുന്നതിനായി കർശന പരിശോധന നടത്തുവാൻ നിർദ്ദേശിച്ചുകൊണ്ട് ട്രാൻസ്പോർട്ട് കമ്മീഷണർ 12-11-2013-ലെ 25/13-ാം നമ്പർ സർക്കുലർ പ്രകാരം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 336 എ ഭേദഗതി ചെയ്ത് എൽ.പി.ജി. വലിയ അളവിൽ കൊണ്ടുപോകുന്ന ഗുഡ്സ് വാഹനങ്ങളുടെ ഗതാഗതത്തിന് രാവിലെ 8 മണി മുതൽ 11 മണിവരെയും വൈകുന്നേരം 4 മണി മുതൽ 6 മണിവരെയും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റോഡ് സുരക്ഷ, വാഹനങ്ങളുടെ ഗതാഗതം എന്നിവ പരിഗണിച്ചുകൊണ്ട് പ്രാദേശികമായി ഇത്തരം

വാഹനങ്ങളുടെ ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള അധികാരം ബന്ധപ്പെട്ട റീജിയണൽ ട്രാൻപോർട്ട് അതോറിറ്റിക്ക് നല്കിയിട്ടുണ്ട്.

3. പാചക വാതകം വഹിച്ചുകൊണ്ടുപോകുന്ന വാഹനങ്ങളുടെ ഗതാഗതം നിരന്തരം പരിശോധിക്കുകയാണെങ്കിൽ അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാം എന്ന് മനസ്സിലാക്കി ഇത്തരം വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിക്കുന്നതിനായി വിവിധ ഓയിൽ കമ്പനികളുമായി സർക്കാർ ചർച്ച നടത്തുകയും ഇക്കാര്യത്തിൽ ഓയിൽ കമ്പനികൾ തീരുമാനം അറിയിക്കാമെന്ന് പറഞ്ഞിരുന്നതുമാണ്. എന്നാൽ ഇതുവരെ മറുപടി ലഭിച്ചിട്ടില്ല. എങ്കിലും സർക്കാർ നടപടികളുമായി മുന്നോട്ടുപോകുകയാണ് .

4. ടാങ്കർ ലോറികളുടെ തെറ്റായ ഡിസൈൻ അപകടകാരണങ്ങളിൽ ഒന്നാണെന്ന് മനസ്സിലാക്കി ഇക്കാര്യം പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ഓർഗനൈസേഷന് ട്രാൻസ്പോർട്ട് കമ്മീഷണർ കത്തയയ്ക്കുകയുണ്ടായി. പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ എൽ.പി.ജി./പ്രൊപ്പൈയ്ൻ തുടങ്ങി ജ്വലന സ്വഭാവമുള്ള വാതകങ്ങൾ വഹിച്ചുകൊണ്ടുപോകുന്ന ടാങ്കർ ലോറികളിൽ Internal Excess Flow Check Valve ഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി സംഘടന അറിയിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനം 2014 ഡിസംബറോടുകൂടി നടപ്പിൽ വരുത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് സംഘടന അറിയിച്ചിട്ടുണ്ട്.

5. ടാങ്കർ ലോറികളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ പ്രാരംഭദിശയിലാണ്.

(ബി) ഉണ്ട്. ടാങ്കർ ലോറി ദുരന്തം ഉണ്ടാകുമ്പോൾ രക്ഷാ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി മൾട്ടി ഗ്യാസ് ഡിറ്റക്ടർ ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ ഈ സാമ്പത്തികവർഷം വാങ്ങുന്നതിനായി ടെണ്ടർ നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നയപരമായ തീരുമാനമൊന്നും തന്നെ സർക്കാർ എടുത്തിട്ടില്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരിയിൽ 2014 ജനവരി മാസം 14-ാം തീയതി ഉണ്ടായ ടാങ്കർ ലോറി അപകടത്തിൽ മികച്ച രീതിയിൽ രക്ഷാപ്രവർത്തനം നടത്തിയ 4 ഓഫീസർമാർക്കും 171 ജീവനക്കാർക്കും സത്സേവന പത്രവും ക്യാഷ് അവാർഡും അനുവദിയ്ക്കുന്നതിനുള്ള ശിപാർശ ആഭ്യന്തരവകുപ്പിൽ ലഭിച്ചിട്ടുണ്ട്.

ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് മീറ്റിങ്ങിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പിന്റെ തീരുമാനപ്രകാരം സർക്കാർ തലത്തിൽ തുടർനടപടി സ്വീകരിച്ചും വരുന്നു.

## കാസർഗോഡ് ജില്ലയിൽ സർവ്വീസ് നടത്തുന്ന ബസുകൾ

332 (334) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ സർവ്വീസ് നടത്തുന്ന എത്ര ബസുകളാണ് കാലാവധി കഴിഞ്ഞിട്ടും ഓടിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; ഇതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ കാലാവധി കഴിഞ്ഞ (15 വർഷം) ബസുകളൊന്നും സർവ്വീസ് നടത്തുന്നില്ല.

## ഹെൽമറ്റ് ധരിക്കുന്നതിൽ ഇളവ്

333 (335) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുചക്രവാഹന യാത്രക്കാരിൽ ഹെൽമറ്റ് ധരിക്കുന്നതിൽനിന്നും ആരെയൊക്കെയാണ് ഒഴിവാക്കിയിട്ടുള്ളത് ;

(ബി) ഹെൽമറ്റ് ധരിക്കുന്നതുമൂലം ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നവർക്ക് ഇളവ് അനുവദിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ മാനുഷിക പരിഗണന നല്കി അത്തരക്കാർക്ക് ഇളവ് നൽകുന്നത് പരിഗണിക്കുമോ ?

ഉത്തരം

(എ) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 129-ാം വകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരം ടർബൻ ധരിച്ച് ഇരുചക്ര വാഹനമോടിക്കുന്ന സിഖ് മത വിശ്വാസികളേയും, കേരള മോട്ടോർ വാഹന ചട്ടം 347 (എ) പ്രകാരം ഇരുചക്രവാഹനത്തിന്റെ പുറകിലിരുന്നു യാത്ര ചെയ്യുന്ന ആളെയും ഹെൽമറ്റ് ധരിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ഹെൽമറ്റ് ധരിക്കുന്നതിൽ ഇളവ്

334 (336) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗതാഗത നിയമപ്രകാരം ഇരുചക്ര വാഹനത്തിൽ പുറകിലിരുന്നു യാത്ര ചെയ്യുന്നവരും ഹെൽമറ്റ് ധരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ പിൻസീറ്റ് യാത്രക്കാർക്ക് ഹെൽമറ്റ് ധരിക്കുന്നതിൽനിന്നും ഇളവു നൽകിയത് എന്തുകൊണ്ടാണെന്നും, ആരാണ് ഇളവു നൽകിയതെന്നും വ്യക്തമാക്കുമോ ;

(സി) ഇതേ മാനദണ്ഡപ്രകാരം ആരോഗ്യകാരണങ്ങളാൽ ഹെൽമറ്റ് ധരിക്കാൻ ആവാത്തവർക്കുകൂടി നിബന്ധനയിൽ ഇളവു നൽകുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1988-ലെ മോട്ടോർവാഹന നിയമത്തിലെ 129-ാം വകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരം ടർബൻ ധരിച്ച സിക്കുമത വിശ്വാസികളെ ഇരുചക്രവാഹനം ഓടിക്കുമ്പോഴോ പുറകിലിരുന്ന് യാത്ര ചെയ്യുമ്പോഴോ ഹെൽമറ്റ് ധരിക്കണമെന്ന വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ 1989-ലെ കേരള മോട്ടോർവാഹന ചട്ടങ്ങളിലെ ചട്ടം 347 (എ) പ്രകാരം കേരളത്തിൽ ഇരുചക്രവാഹനത്തിന്റെ പുറകിലിരുന്ന് യാത്ര ചെയ്യുന്ന ആളിന് ഹെൽമെറ്റ് ധരിക്കണമെന്ന വ്യവസ്ഥയിൽനിന്നും സംസ്ഥാന സർക്കാർ ഇളവ് നൽകിയിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യവും പ്രായോഗികവശവും കണക്കിലെടുത്താണ് ഇത്തരം ഒരു ഇളവ് നൽകിയിട്ടുള്ളത്.

(സി) പുറകിലിരുന്ന് യാത്ര ചെയ്യുന്നവർക്ക് അനുവദിച്ചിട്ടുള്ള ഇളവ് ഇരുചക്രവാഹനം ഓടിക്കുന്നവർക്ക് ബാധകമാക്കാൻ ഉദ്ദേശിക്കുന്നില്ല.

**കുറ്റ്യാടി ചുരത്തിലുണ്ടാകുന്ന വാഹനാപകടങ്ങൾ തടയുന്നതിന് നടപടി**

335 (337) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി ചുരത്തിൽ കെ.എസ്.ആർ.ടി.സി. ബസുകൾ പതിവായി അപകടത്തിൽപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ അപകടങ്ങൾ പതിവാകുന്നതിന്റെ കാരണം, വാഹനങ്ങളുടെ കാലപ്പഴക്കവും റോഡിന്റെ അശാസ്ത്രീയമായ നിർമ്മാണവുമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയവ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

ഉത്തരം

(എ) പതിവായി അപകടം സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, 18-9-2014, 13-10-2014, 22-10-2014 തീയതികളിൽ RAK 99, RRC 379, RRC 613 എന്നീ വാഹനങ്ങൾ അപകടത്തിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ഇല്ല.

**സൂപ്പർ ക്ലാസ്സ് ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ്**

336 (338) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂപ്പർ ക്ലാസ്സ് ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് കാലാവധി നീട്ടി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ കാലാവധി നീട്ടിക്കൊടുത്ത അത്തരം റൂട്ടുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ ; എത്ര കാലയളവിലേക്കാണ് വീണ്ടും പെർമിറ്റ് നീട്ടികൊടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**വാഹനങ്ങളുടെ അന്യസംസ്ഥാന രജിസ്ട്രേഷൻ**

337 (339) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ രജിസ്റ്റർ ചെയ്യേണ്ട വാഹനങ്ങൾ റോഡ് നികുതി ഇളവുകൾ നേടുന്നതിനായി അന്യസംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സാഹചര്യം ഒഴിവാക്കുന്നതിനായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇത്തരം വാഹനങ്ങൾ പിടിച്ചെടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സാഹചര്യം ഒഴിവാക്കുന്നതിനായി കേരളത്തിലോടുന്നതും അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ വാഹനങ്ങൾ പരിശോധി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ക്കുന്നതിനും, ഇത്തരം വാഹനങ്ങൾ നികുതി വെട്ടിപ്പ് നടത്തുക എന്നുള്ള ഉദ്ദേശത്തോടുകൂടി വ്യാജ മേൽവിലാസത്തിൽ ആണ് അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്നത് ബോദ്ധ്യപ്പെടുകയാണെങ്കിൽ 1976-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട് പ്രകാരവും, ഇന്ത്യൻ പീനൽ കോഡിലെ 471-ാം വകുപ്പ് പ്രകാരവും നടപടി സ്വീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ അലവൻസ്**

338 (340) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് യൂണിഫോം അലവൻസായി എത്ര രൂപയാണ് നൽകുന്നത് ;

(ബി) ഇതര വകുപ്പുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് താരതമ്യേന കുറവാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വിഭാഗത്തിൽ സ്റ്റേ സർവ്വീസിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വിശ്രമിക്കുന്നതിനോ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനോ ഉള്ള സൗകര്യങ്ങൾ ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രതിവർഷം 1,600 രൂപയാണ് നല്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പേ റിവിഷൻ കമ്മീഷനാണ് യൂണിഫോം അലവൻസ് നിശ്ചയിച്ചിരിക്കുന്നത്.

(സി) സ്റ്റേ സർവ്വീസിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിലവിൽ സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസിലെ ടോയ്‌ലെറ്റ് സൗകര്യവും എല്ലാ ബോട്ടുകളിലും ലഭ്യമായ ടോയ്‌ലെറ്റും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനായി ലഭ്യമാണ്. വിശ്രമത്തിനായി ബോട്ടിൽ ലഭ്യമായ സ്ഥലവും അവർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 53, 250 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[9.30 AM]

## II ചരമോപചാരം

### എം. വി. രാഘവൻ, പി.പി.വി. മൂസ, എം.കെ. ദിവാകരൻ, എ. ചാൾസ് എന്നിവരുടെ നിര്യാണം

മി. ഡെപ്യൂട്ടി സ്പീക്കർ: മുൻ മന്ത്രി എം. വി. രാഘവൻ, കേരള നിയമ സഭാംഗങ്ങളായിരുന്ന പി. പി. വി. മൂസ, എം. കെ. ദിവാകരൻ, മുൻ ലോക്സഭാംഗം എ. ചാൾസ് എന്നിവർ അടുത്ത കാലത്ത് നിര്യാതരായി.

### എം. വി. രാഘവൻ

മുൻ മന്ത്രി എം. വി. രാഘവൻ 2014 നവംബർ 9-ന് അന്തരിച്ചു.

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി മേലേത്ത് ശങ്കരൻ നമ്പ്യാരുടെയും തമ്പായി അമ്മയുടെയും മകനായി 1933 മേയ് 5-ന് എം. വി. രാഘവൻ ജനിച്ചു. 14-ാം വയസ്സിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി രാഷ്ട്രീയ പ്രവർത്തനത്തിൽ സജീവമായി. 1970-ൽ മാടായി നിയോജക മണ്ഡലത്തിൽനിന്നും നാലാം കേരള നിയമസഭയിലേയ്ക്കും 1977-ൽ തളിപറമ്പ് നിയോജക മണ്ഡലത്തിൽനിന്നും അഞ്ചാം കേരള നിയമസഭയിലേയ്ക്കും 1980-ൽ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ നിന്നും ആറാം കേരള നിയമസഭയിലേയ്ക്കും 1982-ൽ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും ഏഴാം കേരള നിയമസഭയിലേയ്ക്കും സി.പി.ഐ. (എം.) പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു.

1987-ൽ അഴീക്കോട് നിയോജകമണ്ഡലത്തിൽനിന്നും എട്ടാം കേരള നിയമസഭയിലേയ്ക്കും 1991-ൽ കഴക്കൂട്ടം നിയോജകമണ്ഡലത്തിൽനിന്നും ഒൻപതാം കേരള നിയമസഭയിലേയ്ക്കും, 2001-ൽ തിരുവനന്തപുരം വെസ്റ്റ് നിയോജക മണ്ഡലത്തിൽനിന്നും പതിനൊന്നാം കേരള നിയമസഭയിലേയ്ക്കും, സി.എം.പി.-യെ പ്രതിനിധീകരിച്ച് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1991-ൽ കെ. കരുണാകരൻ മന്ത്രിസഭയിലും, 1995-ലും 2001-ലും എ. കെ. ആന്റണി മന്ത്രിസഭയിലും, 2004-ൽ ഉമ്മൻ ചാണ്ടി മന്ത്രിസഭയിലും സഹകരണം, തുറമുഖം എന്നീ വകുപ്പുകളുടെ ചുമതല വഹിച്ചിട്ടുണ്ട്. രാജ്യത്ത് ആദ്യമായി സഹകരണ മേഖലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതുൾപ്പെടെ സഹകരണ മേഖലയ്ക്ക് കരുത്തുപകരുന്ന പല പദ്ധതികളും

ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ വിജയിച്ച എം.വി. രാഘവൻ, ബേപ്പൂർ, അഴീക്കൽ തുറമുഖ പദ്ധതികൾക്കും തുടക്കം കുറിച്ചു. സാധാരണക്കാരന്റെ ജീവിത പ്രശ്നങ്ങൾ നിയമസഭയിൽ ഉന്നയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി സജീവ നിർദ്ദേശങ്ങൾ നൽകുന്നതിലും പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്ന എം. വി. രാഘവൻ നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയിലും വിവിധ വിഷയനിർണ്ണയ സമിതികളിലും അംഗമായിരുന്നു. ഏത് പ്രതിസന്ധിയേയും ഇച്ഛാശക്തിയോടെ മറികടന്നിരുന്ന എം. വി. രാഘവൻ കർഷകരുടെയും തൊഴിലാളികളുടെയും ശബ്ദമായി സഭയ്ക്കകത്തും പുറത്തും നിരന്തര പോരാട്ടം നടത്തി. സംഘടനാ രംഗത്തും വിദ്യാർത്ഥി-യുവജന പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിലും കർമ്മശേഷിയുള്ള ഒരു യുവതലമുറയെ വളർത്തിയെടുക്കുന്നതിലും സവിശേഷമായ നേതൃപാടവം കാട്ടി.

1986-ൽ സി.എം.പി. രൂപീകരിച്ചതുമുതൽ പാർട്ടിയുടെ ജനറൽ സെക്രട്ടറിയായിരുന്ന അദ്ദേഹം സി.പി.എം. കണ്ണൂർ ജില്ലാ സെക്രട്ടറി, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം, പരിയാരം സഹകരണ മെഡിക്കൽ കോളേജ് ചെയർമാൻ എന്നീ നിലകളിലും എ.കെ.ജി. മെമ്മോറിയൽ സഹകരണ ഹോസ്പിറ്റൽ, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്, പാപ്പിനിശ്ശേരി വിഷ ചികിത്സ സൊസൈറ്റി, പറശ്ശിനിക്കടവ് ആയുർവേദ മെഡിക്കൽ കോളേജ് എന്നിവയുടെ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

എം. വി. രാഘവന്റെ നിര്യാണത്തോടെ അടിസ്ഥാന വർഗ്ഗത്തിനുവേണ്ടി സമരമുഖങ്ങളിൽ ഉറച്ച നിലപാടുകളുമായി നിന്ന നേതാവിനെയും സഹകരണ പ്രസ്ഥാനത്തെ ജനകീയമാക്കുന്നതിന് അക്ഷീണം യത്നിച്ച സംഘാടകനെയും ദീർഘദർശിയായ ഭരണാധികാരിയേയും മികച്ച സാമാജികനേയും ആണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

## പി.പി.വി. മൂസ

മുൻ നിയമസഭാംഗം പി.പി.വി. മൂസ 2014 ഒക്ടോബർ 2-ന് അന്തരിച്ചു.

കണ്ണൂർ ജില്ലയിൽ ഇബ്രാഹിം ഹാജിയുടെയും കദീശുവിന്റെയും മകനായി 1937-ൽ പി.പി.വി. മൂസ ജനിച്ചു. എം.എസ്.എഫ്.-ന്റെ പ്രവർത്തകനായാണ് അദ്ദേഹം പൊതുപ്രവർത്തനരംഗത്ത് സജീവമായത്.

1977-ൽ എടക്കാട് നിയോജകമണ്ഡലത്തിൽനിന്നും അഞ്ചാം കേരള നിയമസഭയിലേയ്ക്ക് മുസ്ലീംലീഗ് പ്രതിനിധിയായും 1980-ൽ എടക്കാട് നിയോജക

മണ്ഡലത്തിൽനിന്നും ആറാം കേരള നിയമസഭയിലേയ്ക്ക് ആൾ ഇൻഡ്യാ മുസ്ലീംലീഗ് പ്രതിനിധിയായും പി.പി.വി. മൂസ തെരഞ്ഞെടുക്കപ്പെട്ടു. എസ്റ്റിമേറ്റ്സ് കമ്മിറ്റി, ഹർജികൾ സംബന്ധിച്ച സമിതി എന്നീ നിയമസഭാ സമിതികളിൽ അംഗമായിരുന്നു.

മുസ്ലീംലീഗ് ദേശീയ കൗൺസിൽ അംഗം, സംസ്ഥാന പ്രവർത്തക സമിതി അംഗം, കണ്ണൂർ ജില്ലാ ജോയിന്റ് സെക്രട്ടറി, ഖാദി ബോർഡ് അംഗം, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ഡയറക്ടർ ബോർഡ് അംഗം, മാനന്തവാടി സർവ്വീസ് സഹകരണ സംഘം ഡയറക്ടർ, സ്വതന്ത്ര കർഷകസംഘം സംസ്ഥാന വൈസ് പ്രസിഡന്റ്, സ്വതന്ത്ര തൊഴിലാളി യൂണിയൻ സംസ്ഥാന ട്രഷറർ, മാനന്തവാടി ബി.ഡി.സി. ചെയർമാൻ, വയനാട് മുസ്ലീം ഓർഫനേജ് വൈസ് പ്രസിഡന്റ് തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്.

പി.പി.വി. മൂസയുടെ നിര്യാണത്തോടെ മികച്ച ഒരു പൊതുപ്രവർത്ത കനെയും സംഘാടകനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

**എം. കെ. ദിവാകരൻ**

മുൻ നിയമസഭാംഗം എം.കെ. ദിവാകരൻ 2014 നവംബർ 23-ന് അന്തരിച്ചു.

പത്തനംതിട്ട ജില്ലയിൽ എം. കൃഷ്ണന്റെയും കൊച്ചുപെണ്ണമ്മയുടെയും മകനായി 1927 ജൂൺ 21-ന് എം. കെ. ദിവാകരൻ ജനിച്ചു.

കമ്മ്യൂണിസ്റ്റ് പാർട്ടിയിലൂടെ രാഷ്ട്രീയത്തിൽ പ്രവേശിച്ച അദ്ദേഹം കോഴഞ്ചേരിയിൽ ഹൈസ്കൂൾ അദ്ധ്യാപകനായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. 1967-ൽ റാന്നി നിയോജകമണ്ഡലത്തിൽനിന്നും മൂന്നാം കേരള നിയമസഭയിലേയ്ക്ക് സി.പി.ഐ. പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട എം. കെ. ദിവാകരൻ, സി.പി.ഐ. കൊല്ലം ജില്ലാ കമ്മിറ്റി അംഗം, കൊല്ലം ജില്ലാ കർഷകസംഘം സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

എം. കെ. ദിവാകരന്റെ നിര്യാണത്തോടെ സംശുദ്ധ രാഷ്ട്രീയം കൈമുതലാക്കിയ ലളിത ജീവിതത്തിനുദാഹരണമായ ഒരു പൊതുപ്രവർത്ത കനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

**എ. ചാൾസ്**

മുൻ ലോക്സഭാംഗം എ. ചാൾസ് 2014 ഒക്ടോബർ 26-ന് അന്തരിച്ചു.

തിരുവനന്തപുരം ജില്ലയിൽ കാഞ്ഞിരംകുളത്ത് അബ്രഹാമിന്റെയും ഡാളിയുടെയും മകനായി 1930 നവംബർ 14-ന് എ. ചാൾസ് ജനിച്ചു.

1984-ൽ തിരുവനന്തപുരം മണ്ഡലത്തിൽനിന്നും എട്ടാം ലോക്സഭയിലേയ്ക്ക് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് പ്രതിനിധിയായി എ. ചാൾസ് തെരഞ്ഞെടുക്കപ്പെട്ടു. 1989-ൽ ഒൻപതാം ലോക്സഭയിലേയ്ക്കും 1991-ൽ പത്താം ലോക്സഭയിലേയ്ക്കും അതേ മണ്ഡലത്തിൽനിന്നും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം മണ്ഡലത്തെ സംബന്ധിച്ച വിഷയങ്ങൾ സഭയുടെ മുന്നിൽ കൊണ്ടുവരുന്നതിന് പ്രത്യേക ശ്രദ്ധപതിപ്പിച്ചിരുന്നു. ലോക്സഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി, ഹിന്ദി ഭാഷാ സമിതി ഉപരിതല ഗതാഗതം സംബന്ധിച്ച കൺസൾട്ടേറ്റീവ് കമ്മിറ്റി, അംഗങ്ങളുടെ ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ച സമിതി തുടങ്ങിയവയിൽ അദ്ദേഹം അംഗമായിരുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഡെപ്യൂട്ടി സെക്രട്ടറിയായിരിക്കെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായി നിയമിതനായ എ. ചാൾസ്, എ.ഐ.സി.സി. അംഗം, കെ.പി.സി.സി. എക്സിക്യൂട്ടീവ് അംഗം, സി.എസ്.ഐ. സിനഡ് ഭരണസമിതി അംഗം, സി.എസ്.ഐ. ദക്ഷിണ കേരള മഹായിടവക ഓണററി സെക്രട്ടറി, കാട്ടാക്കട ക്രിസ്ത്യൻ കോളേജ് സ്ഥാപകാംഗം, സി.എം.എസ്. ട്രസ്റ്റി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

എ. ചാൾസിന്റെ നിര്യാണത്തോടെ സൗമ്യനായ ഒരു പൊതുപ്രവർത്തകനെയും മികച്ച ഒരു സംഘാടകനെയുമാണ് നഷ്ടമായിരിക്കുന്നത്.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

## III ചെയർമാൻമാരുടെ പാനൽ

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ സി. പി. മുഹമ്മദ്, ശ്രീ എൻ. ഷംസുദ്ദീൻ, ശ്രീമതി ജമീലാ പ്രകാശം എന്നീ അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളന കാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## IV അടിയന്തരപ്രമേയം

ബാർകോഴ കേസ്

മി. ഡെപ്യൂട്ടി സ്പീക്കർ: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി സംസ്ഥാനത്തെ അടച്ചിട്ട ബാറുകൾ തുറക്കുന്നതുമായി

ബന്ധപ്പെട്ട് ഒരു കോടി രൂപ ബാർ ഉടമസ്ഥരിൽനിന്നും കോഴ വാങ്ങിയെന്ന ബാർ ഉടമസ്ഥ സംഘം പ്രസിഡന്റ് നടത്തിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കാൻ ഒരുമാസമായിട്ടും സന്നദ്ധമാകാത്ത സർക്കാർ നിലപാടിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഇ. ചന്ദ്രശേഖരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബാറുകളുടെ നിരോധനം പിൻവലിക്കുന്നതിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്ക് ഒരു കോടി രൂപ കോഴ നൽകിയതായുള്ള ഡോ. ബിജു രമേശിന്റെ വെളിപ്പെടുത്തലിനെത്തുടർന്ന് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ വിജിലൻസ് ഡയറക്ടർക്ക് 1-11-2014-ന് നൽകിയ 535/എൽ.ഒ./2014-ാം നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഉടൻതന്നെ അന്വേഷണത്തിന് ഉത്തരവിടുകയും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, ദക്ഷിണമേഖല, തിരുവനന്തപുരം ക്യൂ.വി.14/2014/എസ്.ആർ.ടി. ആയി പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിലുള്ള അന്വേഷണ സംഘം സത്വര അന്വേഷണം നടത്തിവരുന്നു. അന്വേഷണ സംഘം മുപ്പതോളം സാക്ഷികളിൽനിന്ന് മൊഴിയെടുത്തിട്ടുണ്ട്. നിലവിലുള്ള നിയമ വ്യവസ്ഥകൾക്കും സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിട്ടാണ് അന്വേഷണം നടത്തുന്നത്. ഈ അന്വേഷണത്തിന്റെ പുരോഗതി ബഹുമാനപ്പെട്ട ഹൈക്കോടതി പരിശോധിച്ചിട്ടുള്ളതും അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണ പുരോഗതിയുടെ നിഗമനം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നൽകിയിട്ടുള്ളതുമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു മന്ത്രി കൈക്കൂലി വാങ്ങിയെന്ന് കൈക്കൂലി കൊടുത്ത കാര്യം അറിയുന്ന ഒരു സംഘടനയുടെ പ്രസിഡന്റ് വെളിപ്പെടുത്തുന്നത്. സാധാരണഗതിയിൽ ബിസിനസ് രംഗത്ത് പ്രവർത്തിക്കുന്ന ഒരാൾ ഉന്നതനായ ധനകാര്യ മന്ത്രിയെ പ്പോലുള്ള ഒരാളെക്കുറിച്ച് തെറ്റായിട്ടുള്ള ഒരു പരാമർശം നടത്താനിടയില്ല. അതുകൊണ്ട് ഈ ആരോപണം വളരെയധികം ഗൗരവമുള്ളതാണ്. 2014 വർഷത്തിൽ ലൈസൻസ് പുതുക്കാത്ത 418 ബാറുകൾ തുറക്കാൻ മന്ത്രി ശ്രീ. കെ. എം. മാണി 5 കോടി രൂപ കോഴ ചോദിച്ചുവെന്നും ഇതിൽ ഒരു കോടി രൂപ കൈമാറിയെന്നും ബാക്കി തുകയ്ക്കായി സമ്മർദ്ദമുണ്ടായി എന്നുമാണ് ഡോ. ബിജു രമേശ് വെളിപ്പെടുത്തിയത്. 2014 നവംബർ മാസം

ഒന്നാം തീയതി ഇക്കാര്യം എല്ലാ ദൃശ്യ-അച്ചടി മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തു. ഈ വെളിപ്പെടുത്തലുകളെ ഗവൺമെന്റ് ചീഫ് വിപ്പ് സ്ഥിരീകരിക്കുകയും ചെയ്തു. അടച്ചിട്ട ബാറുകൾ തുറന്നുകിട്ടാൻ 20 കോടി രൂപ സമാഹരിച്ചിട്ടുണ്ടെന്നും, ധനകാര്യ വകുപ്പുമന്ത്രി, എക്സൈസ് വകുപ്പുമന്ത്രി, മുഖ്യമന്ത്രി, ഒരു കോൺഗ്രസ് നേതാവ് എന്നിവർക്കെല്ലാം വിഹിതം നൽകിയിട്ടുണ്ടെന്നുമുള്ള ബാർ ഉടമകളുടെ യോഗത്തിൽ നടന്ന ചർച്ച ഒളിക്യാമറയിൽ പകർത്തി മാതൃഭൂമി ചാനൽ സംപ്രേഷണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ശ്രീ. കെ. എം. മാണിക്കെതിരെയുള്ള ആരോപണം ആദ്യമായി ഏഷ്യാനെറ്റ് ചാനലിലാണ് പുറത്തുവന്നത്. പിന്നീട് മനോരമ വിഷൻ, പീപ്പിൾസ് ടി.വി. തുടങ്ങിയ ചാനലുകളെല്ലാം ഡോ. ബിജു രമേശിന്റെ വെളിപ്പെടുത്തൽ സംപ്രേഷണം ചെയ്തു. ഈ വെളിപ്പെടുത്തൽ വന്ന് ഒരു മാസം കഴിഞ്ഞിട്ടും ഒരു കേസുപോലും രജിസ്റ്റർ ചെയ്യാൻ ഇവർ തയ്യാറായില്ല. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറയുന്നതും, നേരത്തെ ചോദിച്ച ചോദ്യത്തിന് ഉത്തരമായി എഴുതി നൽകിയിട്ടുള്ളതും അന്വേഷണം നടക്കുന്നുണ്ട് എന്നാണ്. ഇവിടെ നിയമവാഴ്ചയുള്ള ഒരു സംസ്ഥാനമാണ്. നിയമവാഴ്ചയുള്ള സംസ്ഥാനമാണെങ്കിൽ സുപ്രീംകോടതിയുടെ വിധിയനുസരിച്ചല്ലേ ഇതിന്റെ അന്വേഷണം നടത്തേണ്ടത്; വിജിലൻസ് മാന്വൽ അനുസരിച്ചല്ലേ നടപടികൾ സ്വീകരിക്കേണ്ടത്? ഇവിടെ ഉന്നയിക്കപ്പെട്ടിരിക്കുന്ന പ്രശ്നം ഒരു cognizable offence ആണ്. അതിന്റെ അടിസ്ഥാനത്തിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടല്ലേ സാധാരണഗതിയിൽ അന്വേഷിക്കേണ്ടത് ? മന്ത്രിക്ക് മൂന്നു ഘട്ടങ്ങളിലായി ഒരു കോടി രൂപ കൊടുത്തുവെന്ന ആക്ഷേപമാണ് ഇവിടെ ഉയർന്നുവന്നിരിക്കുന്നത്. 15 ലക്ഷം രൂപ, 35 ലക്ഷം രൂപ, 50 ലക്ഷം രൂപ എന്നിങ്ങനെ മൂന്നു ഘട്ടങ്ങളിലായിട്ടാണ് പണം കൊടുത്തത്. ഘട്ടംഘട്ടമായിട്ടാണ് മദ്യനിരോധനം. അതുപോലെ പണംവാങ്ങലും ഘട്ടംഘട്ടമായിട്ടാണ് നടന്നത്. ആദ്യം കൊടുത്തത് 15 ലക്ഷം രൂപയാണ്. ബാർ ഉടമസ്ഥ സംഘത്തിന്റെ ജനറൽ സെക്രട്ടറി ധനേഷ്, രാജ്കുമാർ, കൃഷ്ണദാസ് എന്നിവർ ചേർന്ന് മന്ത്രിയുടെ പാലായിലുള്ള വീട്ടിൽ പോയിട്ടാണ് ഈ തുക കൊടുക്കുന്നത്. മൊബൈൽ ഫോണുള്ളവരാണ് ഈ മൂന്നുപേരും. ഇവരുടെ മൊബൈൽ ഫോൺ പാലായിൽ ശ്രീ. കെ. എം. മാണിയുടെ വീടിനടുത്തുള്ള ടവറിന്റെ കീഴിൽ ഉണ്ടായിരുന്നോ എന്ന് പരിശോധിക്കണം. പിന്നീട് 35 ലക്ഷം രൂപ ഏപ്രിൽ മാസം രണ്ടാം തീയതി രാവിലെ 6.30-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ പോയിട്ടാണ് കൊടുക്കുന്നത്. ഈ 35 ലക്ഷം രൂപ കൊണ്ടുപോയി കൊടുത്ത കാറിന്റെ നമ്പർ ഞാൻ പറയാം. അത് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി എഴുതിയെടുക്കണം. കെ.എൽ. 01 ബി 7878 എന്ന നമ്പരുള്ള കാറിൽ പോയിട്ടാണ് ആ പണം കൊടുത്തത്. കാർ ഓടിച്ചിരുന്ന ഡ്രൈവർ വിജയകുമാർ അമ്പിളി എന്നയാളാണ്. ഇത് ഡോ. ബിജു രമേശിന്റെ കാറാണ്. കാറിൽ പോയത്

വേറെ രണ്ട് കോൺട്രാക്ടർമാരാണ്. ഇവർ പോയിട്ടാണ് ഈ പണം കൈമാറുന്നത്. പ്രസ്തുത ദിവസം ഈ പറയുന്ന വ്യക്തികളുടെ മൊബൈൽ ഫോൺ അവിടത്തെ ടവറിന്റെ കീഴിൽ ഉണ്ടായിരുന്നോ എന്ന് പരിശോധിക്കുമോ; ഈ പറയുന്നത് ശരിയാണോയെന്ന് വെരിഫൈ ചെയ്യുകൂടെ? ബാക്കി 50 ലക്ഷം രൂപ അനിമോനും വേറെ രണ്ടുപേരും ചേർന്ന് പാലായിലെ വീട്ടിൽ കൊണ്ടുപോയി കൊടുക്കുന്നു. ഇങ്ങനെ ഒരു കോടി രൂപ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് കൊടുത്തു എന്ന ആക്ഷേപമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഈ ആക്ഷേപ മുന്നയിച്ചിട്ടുള്ള വ്യക്തി പറയുന്നു; ഇത് തെളിയിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഞാൻ ആത്മഹത്യ ചെയ്യുമെന്ന്. പിന്നീട് നുണ പരിശോധനയ്ക്ക് വിധേയനാകാൻ തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു. ആരോപണ വിധേയനായ മന്ത്രി അതിന് തയ്യാറുണ്ടോയെന്ന് അദ്ദേഹം വെല്ലുവിളിച്ചു. ആരോപണമുന്നയിച്ച ഡോ. ബിജു രമേശിന് ബഹുമാനപ്പെട്ട മന്ത്രി ഒരു വക്കീൽ നോട്ടീസ് അയച്ചു. ആ വക്കീൽ നോട്ടീസിന് ഡോ. ബിജു രമേശിന്റെ അഭിഭാഷകൻ മറുപടി കൊടുത്തുകഴിഞ്ഞു. അതിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത് "The allegation in your notice, (ശ്രീ. കെ. എം. മാണിയുടെ വക്കീൽ അയച്ച നോട്ടീസ്) that my client had made a statement in visual and print media that a Minister had demanded 5 crores from the Bar Hotel Owners' Association is something which is absolutely true. My client even now reiterates that the Minister in the Kerala Legislative Assembly had demanded 5 crores from Bar Hotel Owners' Association and Rs. 1 crore had already been paid by the Association" എന്ന് ശ്രീ. കെ. എം. മാണിയുടെ അഭിഭാഷകന് ഡോ. ബിജു രമേശിന്റെ അഭിഭാഷകൻ മറുപടി കൊടുത്തിരിക്കുകയാണ്. എന്നിട്ട് ബഹുമാനപ്പെട്ട അഭ്യന്തര വകുപ്പുമന്ത്രി പറയുന്നത് തെളിവൊന്നും കിട്ടിയിട്ടില്ലെന്നാണ്. ഏത് തരത്തിലുള്ള അന്വേഷണമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്? 418 ബാറുകൾ പൂട്ടിയിട്ടു. 752 ബാറുകൾ സംസ്ഥാനത്തുണ്ട്. ഞാൻ ഗൗരവതരമായ കാര്യം ഇവിടെ ഉന്നയിക്കുകയാണ്. മലയാള മനോരമ നിങ്ങളുടെ പത്രമാണല്ലോ, ശ്രീ. ഉമ്മൻ ചാണ്ടിയുടെ പത്രമാണല്ലോ. അല്ലേ, അല്ല എന്നാൽ പോട്ടെ, ഞങ്ങളുടെ പത്രവുമല്ല. ആ മലയാള മനോരമയിൽ 29-3-2014-ന് ഒരു വാർത്ത വന്നിട്ടുണ്ട്. ഈ സംഭവ വികാസവുമായി ഇതിന് ബന്ധമുണ്ട്. 'ബാർ ലൈസൻസ് പുതുക്കൽ അനിശ്ചിതത്വത്തിൽ' ജി. വിനോദ് എന്ന മലയാള മനോരമയുടെ ലേഖകനാണ് അത് എഴുതിയത്. മന്ത്രിസഭയിലെ അഭിപ്രായ ഭിന്നതയെത്തുടർന്ന് സംസ്ഥാനത്തെ 752 ബാറുകളുടെ ലൈസൻസ് പുതുക്കൽ അനിശ്ചിതത്വത്തിലാണ്. നാല് നിബന്ധനകളോടെ താത്കാലികമായി ബാർ ലൈസൻസ് പുതുക്കി നൽകാമെന്ന എക്സൈസ് വകുപ്പുമന്ത്രിയുടെ ശിപാർശ കഴിഞ്ഞ മന്ത്രിസഭായോഗം അംഗീകരിച്ചില്ല. ഇവിടെ നിന്നാണ് അഴിമതിക്ക് തുടക്കം കുറിക്കുന്നത്. മന്ത്രിസഭയിൽ

ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി മുഖ്യമന്ത്രിയുടെ അനുമതിയോടുകൂടി നോട്ട് വയ്ക്കുന്നു, 'ഒരു എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്ന് ഉദ്യോഗസ്ഥൻമാർ പരിശോധിച്ച് ബാർ തുറന്ന് കൊടുക്കാം.' അഡ്വക്കേറ്റ് ജനറലിന്റെയും നിയമ വകുപ്പ് സെക്രട്ടറിയുടെയും ശിപാർശയോടുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രി ക്യാബിനറ്റ് നോട്ട് വച്ചത്. ഇത് ക്യാബിനറ്റിന് മുന്നിൽ വന്നപ്പോൾ, നിയമ വകുപ്പുമന്ത്രി പറയുന്നു, ഈ ഫയൽ ഞാൻ കണ്ടിട്ടില്ലെന്ന്. വ്യക്തമായി കാര്യങ്ങൾ അറിയണം. ചില മന്ത്രിമാർ യോഗത്തിൽ ഇങ്ങനെ പറഞ്ഞുവെന്ന് മലയാള മനോരമയിൽ പറയുന്നുണ്ട്. ക്യാബിനറ്റ് യോഗത്തിൽ നടന്ന കാര്യം മലയാള മനോരമ റിപ്പോർട്ട് ചെയ്തു. ബാർ ഉടമകളെ സമ്മർദ്ദത്തിലാക്കി തെരഞ്ഞെടുപ്പ് ഫണ്ടിന്റെ തോത് വർദ്ധിപ്പിക്കാനാണോ ഈ തടസ്സവാദം ഉന്നയിച്ചത് എന്ന് ചോദിച്ചിരിക്കുന്നത് മലയാള മനോരമയാണ്. 26-ാം തീയതിക്ക് ശേഷമാണ് ഈ സംഭവവികാസങ്ങൾ നടക്കുന്നത്. തൊട്ടടുത്ത മന്ത്രിസഭായോഗം നടക്കുന്നത് 2-ാം തീയതിയാണ്. ആ 2-ാം തീയതി രാവിലെ ആറര മണിക്കാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ വീട്ടിൽ പോയി ഒരു ഗഡു കൊടുക്കുന്നത്. ഇതുസംബന്ധിച്ചുള്ള വ്യക്തമായ തെളിവ് പുറത്തുവന്നു. ക്യാബിനറ്റ് യോഗത്തിന്റെ മിനിട്ട്സ്, അവിടെ ഹാജരാക്കിയ നോട്ട് ഇവ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണം. ഇത് പരിശോധിക്കണം. എന്തുകൊണ്ട് ക്യാബിനറ്റ് യോഗം ആ ഫയൽ മാറ്റിവച്ചു? ഇങ്ങനെ മന്ത്രിമാരുടെ എതിർപ്പ് കൊണ്ടാണോ ക്യാബിനറ്റ് യോഗം തീരുമാനമെടുക്കാതെ മാറ്റിവച്ചത്? ആ ക്യാബിനറ്റ് യോഗം തീരുമാനം മാറ്റിവച്ചതിനെത്തുടർന്നാണ് ഇത്തരം സംഭവ വികാസങ്ങളുണ്ടായത്. 732 ബാർ ഉടമസ്ഥരിൽനിന്ന് അസോസിയേഷൻ രണ്ട് ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ ഫണ്ട് പിരിച്ചെടുത്തിട്ടുണ്ട്. ഇതുവഴി പിരിച്ചെടുത്തിട്ടുള്ള 20 കോടി രൂപ പലഘട്ടങ്ങളിലായി മന്ത്രിമാർക്കും യു.ഡി.എഫ്. നേതാക്കൾക്കും കൊടുത്തതായി അവരുടെ അസോസിയേഷൻ യോഗത്തിൽ നടന്ന ചർച്ച ഒളിക്യാമറയിൽ പകർത്തി മാതൃഭൂമി ചാനൽ സംപ്രേഷണം ചെയ്തിട്ടുണ്ട്. മാധ്യമങ്ങളിൽ വന്നിട്ടുള്ള വാർത്തയും സംഭവ വികാസങ്ങളും തമ്മിലുള്ള ബന്ധം വളരെ ഗൗരവമായ കാര്യമാണ്. നേരത്തെ 335 ബാറുകൾക്ക് ലൈസൻസ് പുതുക്കിക്കൊടുത്തു. യഥാർത്ഥത്തിൽ 335 എണ്ണത്തിന് പുതുക്കിക്കൊടുത്തതിൽ തന്നെ വലിയ അഴിമതി നടന്നിട്ടുണ്ട്. അഴിമതി നടന്നിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് അന്വേഷണം വേണമെന്നും ഏപ്രിൽ മാസം മൂന്നാം തീയതി കോട്ടയത്ത് ഒരു പത്രസമ്മേളനം നടത്തി ഞാൻ ആവശ്യപ്പെട്ടിരുന്നു. ആ പത്രസമ്മേളനവും ഇപ്പോൾ ഉയർന്നു വന്നിരിക്കുന്ന ആക്ഷേപവും തമ്മിൽ ബന്ധമുണ്ട്. അന്നുമുതൽ ഇതുസംബന്ധിച്ചുള്ള പണം വാങ്ങലും ഇടപാടും യു.ഡി.എഫ്. കേന്ദ്രങ്ങളിലും മന്ത്രിസഭയിലും മന്ത്രിമാരുമായി ബന്ധപ്പെട്ട് നടക്കുന്നുവെന്ന വസ്തുതയാണ് ഇപ്പോൾ പുറത്തു വന്നിട്ടുള്ളത്. ഡോ. ബിജു രമേശിന്റെ വെളിപ്പെടുത്തൽ പുറത്തുവന്നപ്പോൾ

ഗവൺമെന്റ് ചീഫ് വിപ്പിന്റെ ഒരു വെളിപ്പെടുത്തൽ വന്നു. കൈരളി ടി.വി.യിലാണ് വേറെ രണ്ടാൾക്കും പണം കൊടുത്തിട്ടുണ്ടെന്ന കാര്യം അദ്ദേഹം വെളിപ്പെടുത്തിയത്. ആരാണ് ആ വേറെ രണ്ടാളുകൾ, അത് പരിശോധിക്കണ്ടേ? വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ശ്രീ. പി. സി. ജോർജിന്റെ മൊഴി എടുത്തിട്ടുണ്ടോ? ഇതുസംബന്ധിച്ചുള്ള ആളിന്റെ മൊഴി എടുത്തിട്ടുണ്ടോ, ബഹുമാനപ്പെട്ട മന്ത്രി എനിക്ക് നൽകിയിട്ടുള്ള ഉത്തരത്തിൽ പറയുന്നത്, ആരോപണ വിധേയനായ ആളിൽനിന്ന് മൊഴി എടുത്തിട്ടുണ്ടെന്നാണ്. ആരാണ് മൊഴി എടുത്തത്? ധനകാര്യ വകുപ്പുമന്ത്രിയിൽനിന്ന് മൊഴി എടുത്തത് ഒരു ഡി.വൈ.എസ്.പി.യാണ്. ഇതെല്ലാം ഇലക്ട്രോണിക് മീഡിയയിൽ വന്നിട്ടുള്ള കാര്യമല്ലേ? ഇലക്ട്രോണിക് മീഡിയയിൽ തത്സമയം വന്നിട്ടുള്ള ഈ കാര്യം സംബന്ധിച്ച് ആവശ്യമായ തെളിവുകൾ പുറത്തുവന്നിട്ടും എന്തുകൊണ്ടാണ് ഒരു കേസ് രജിസ്റ്റർ ചെയ്യാത്തത്? കോഴ കൈപ്പറ്റിയവരെപ്പറ്റി, കോഴ കൊടുത്ത സാഹചര്യം, സ്ഥലം, തീയതി എല്ലാം വിശ്വസനീയമായ നിലയിൽ വെളിപ്പെടുത്തൽ വന്നിട്ടും വിജിലൻസ് ഡയറക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും മാസം ഒന്ന് കഴിഞ്ഞിട്ടും ഒരു കേസ് എന്താണ് രജിസ്റ്റർ ചെയ്യാത്തത്? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് കൊടുത്ത കത്തിന്റെ അടിസ്ഥാനത്തിൽ ഒരു ക്വിക്ക് വെരിഫിക്കേഷൻ പ്രഖ്യാപിച്ചുവെന്നാണ് മന്ത്രി പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ 12 മിനിട്ടായി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇക്കാര്യം മാത്രമേ പറയുകയുള്ളൂ. ക്വിക്ക് വെരിഫിക്കേഷന് 45 ദിവസം കൊടുത്തിട്ടുണ്ടെന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന കണ്ടു. വിജിലൻസ് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി നിയമവാഴ്ചയുടെ സംരക്ഷകനാണ്. 45 ദിവസം ഇങ്ങനെയൊരു അന്വേഷണത്തിന് കൊടുക്കാമെന്ന് ഏത് നിയമത്തിലാണുള്ളത്. വിജിലൻസ് മാന്വലിൽ നേരത്തെ ഉണ്ടായിരുന്നത് 92 ദിവസം. അതിൻപ്രകാരമാണോ 45 ദിവസം അനുവദിച്ചത്. ഇങ്ങനെയുള്ള ഒരു അന്വേഷണത്തിന് 45 ദിവസത്തിന്റെ ആവശ്യമില്ലെന്ന് 2013 നവംബർ 12-ാം തീയതിയിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി പുറപ്പെടുവിച്ചത് നമ്മുടെ ഇന്നത്തെ ബഹുമാനപ്പെട്ട ഗവർണർ, സുപ്രീം കോടതി ചീഫ് ജസ്റ്റീസായിരുന്ന ആ ബെഞ്ചിന്റെ വിധിയാണ്. ലളിത കുമാരി v/s. ഗവൺമെന്റ് ഓഫ് യു. പി. ആന്റ് അദേഴ്സ് എന്ന കേസിന്റെ വിധിയിൽ പറഞ്ഞത് ഏഴ് ദിവസത്തിനകം പ്രാഥമിക അന്വേഷണം പൂർത്തീകരിക്കണമെന്നാണ്. സി.ബി.ഐ. അപ്പീൽ കൊടുത്തപ്പോൾ ഭേദഗതി ചെയ്തു പരമാവധി 15 ദിവസമെന്നാണ് ചീഫ് ജസ്റ്റീസ് ശ്രീ. പി. സദാശിവം കോടതി വിധിയിലൂടെ

വ്യക്തമാക്കിയത്. ഈ നിയമ വ്യവസ്ഥയെ അട്ടിമറിക്കാൻ മന്ത്രിക്ക് അധികാരമുണ്ടോ? ഈ നിയമവ്യവസ്ഥയെ അട്ടിമറിച്ചുകൊണ്ട് 45 ദിവസം അന്വേഷണത്തിനുവേണ്ടി കൊടുത്തത് നിയമവിരുദ്ധമാണ്. നിയമവിരുദ്ധമായി പ്രവർത്തിക്കാൻ മന്ത്രിക്ക് അവകാശമുണ്ടോ? ഇലക്ട്രോണിക് മാധ്യമങ്ങളിൽ നടത്തുന്ന വെളിപ്പെടുത്തലുകൾ ഇന്ത്യൻ തെളിവ് നിയമമനുസരിച്ച് കോടതിയിൽ തെളിവായി സ്വീകരിക്കുമെന്ന് എവിഡൻസ് ആക്ടിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടില്ലേ? എവിഡൻസ് ആക്ട് അനുസരിച്ച് കോടതിയിൽ തെളിവായി സ്വീകരിക്കുന്ന കാര്യം എന്തുകൊണ്ട് ഇവിടെ തെളിവായി സ്വീകരിക്കുന്നില്ല. ഇന്ത്യൻ എവിഡൻസ് ആക്ട് 65(B) അനുസരിച്ച് പറഞ്ഞിരിക്കുന്നത്; "Notwithstanding anything contained in this Act, any information contained in an electronic record which is printed on a paper, stored, recorded or copied in optical or magnetic media produced by a computer shall be deemed to be also a document,...." എന്നാണ്. ഇതുണ്ടായിട്ടും ഈ നാട്ടിലെ ഇലക്ട്രോണിക് മീഡിയ മുഴുവൻ റിപ്പോർട്ട് ചെയ്ത കാര്യത്തിന്റെ അടിസ്ഥാനത്തിൽ എന്തുകൊണ്ട് കേസ് രജിസ്റ്റർ ചെയ്തില്ല? പ്രധാന സാക്ഷിയായ ഡോ. ബിജു രമേശ് മുഖ്യമന്ത്രിയെ നേരിട്ടുകണ്ടുവെന്ന വെളിപ്പെടുത്തൽ വന്നിട്ടുണ്ട്. പണം ആവശ്യപ്പെട്ട കാര്യം മുഖ്യമന്ത്രിയോട് പറയുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ പേരിൽ എന്തു നടപടിയാണ് സ്വീകരിച്ചത്. ബിജു രമേശ് മുഖ്യമന്ത്രിയെക്കണ്ട കാര്യം മുഖ്യമന്ത്രി നിഷേധിച്ചിരിക്കുകയാണ്. മുഖ്യമന്ത്രി നിഷേധിച്ച കാര്യം ശരിയാണോ എന്ന് വിജിലൻസ് പരിശോധി ച്ചിട്ടുണ്ടോ? അവിടത്തെ സി.സി.ടി.വി. ക്യാമറ പരിശോധിച്ചാൽ ഇത് ശരിയാണോയെന്ന് മനസ്സിലാവില്ലേ? ബാറുടമകളുടെ യോഗത്തിൽ ഉയർന്നുവന്ന കോഴ ആരോപണം, ഡോ. ബിജു രമേശിന്റെ വെളിപ്പെടുത്തൽ ശരിവയ്ക്കു ന്നതായിട്ടും ആ യോഗത്തിന്റെ ദൃശ്യങ്ങൾ ഒളിക്യാമറയിലുണ്ടെന്നറിവ് കിട്ടിയിട്ടും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അവ കസ്റ്റഡിയിലെടുത്തോ? യഥാർത്ഥത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ കൈകെട്ടി ഒരു കണ്ണാടിക്കൂട്ടിൽ പ്രതിഷ്ഠിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ഇവിടെ ആക്ഷൻ നടക്കാത്തത്. ഡോ. ബിജു രമേശിന്റെയും മറ്റ് ബന്ധപ്പെട്ടവരുടെയും വെളിപ്പെടുത്തലുകളിൽനിന്ന് കോഴ തെളിയിക്കുന്ന ഫോൺ സംഭാഷണവും, ദൃശ്യങ്ങളും ഉണ്ടെന്ന് ചാനലുകളിൽനിന്ന് അറിവ് കിട്ടിയിട്ടും അപ്രകാരമുള്ള വിലപ്പെട്ട തെളിവുകൾ കോടതിയിൽ തെളിവായി സ്വീകരിക്കുമെന്ന് അറിയാമായിരുന്നിട്ടും അവയൊന്നും ഇതുവരെ കണ്ടെത്താൻ നടപടിയെടുത്തിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്, 16 മിനിട്ടായി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ഇതിന്റെ നിയമ പ്രശ്നങ്ങൾ മാത്രമേ പറയുന്നുള്ളൂ. ഇത്ര സമയമെന്ന് റൂൾസിൽ പറയുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അടിയന്തരപ്രമേയത്തിന് ഒരു പരിധിയില്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അടിയന്തരപ്രമേയം ഈ സഭയെ ബോധ്യപ്പെടുത്താനാണ്. ഇത് ഒരു മന്ത്രിക്കെതിരായി ഉന്നയിച്ചിട്ടുള്ള പ്രശ്നമാണ്. നിയമവാഴ്ചയുടെ പ്രശ്നമാണ്, കറപ്ഷന്റെ പ്രശ്നമാണ്, അതുകൊണ്ട് ഇത് അവതരിപ്പിക്കേണ്ടതായിട്ടുണ്ട്. ഡോ. ബിജു രമേശ്, ശ്രീ. പി. സി. ജോർജ് എന്നിവരുടെ ഫോൺ സംഭാഷണങ്ങൾ പരിശോധിച്ചിട്ടുണ്ടോ? ദൃശ്യമാധ്യമങ്ങൾ ഇതെല്ലാം വെളിപ്പെടുത്തിയിട്ടും അവരെ ചോദ്യം ചെയ്യാൻ തയ്യാറായിട്ടുണ്ടോ, മൊഴിയെടുക്കാൻ തയ്യാറായിട്ടുണ്ടോ? 30 പേർ ആരൊക്കെയാണ്? ഈ സംഭാഷണങ്ങൾ ശരിയാണോ എന്നുറപ്പ് വരുത്താൻ പരിശോധന നടത്തിയിട്ടുണ്ടോ? ഇത്തരം കേസുകളിൽ കോഴ കൊടുക്കുന്നവർ പിന്നീട് കൂറുമാറുമെന്നതിനാൽ മുന്നറിയിപ്പ് കൂടാതെ അവരുടെ മൊഴികൾ എത്രയുംപെട്ടെന്ന് വീഡിയോ റെക്കോർഡ് ചെയ്ത് വൈകാതെ കോടതിയിൽ ഹാജരാക്കേണ്ടതല്ലേ; അങ്ങനെയൊരു മൊഴി എടുക്കാൻ എന്തുകൊണ്ട് വിജിലൻസ് തയ്യാറായില്ല. കോഴ നൽകാൻ പണം പിരിച്ചെടുത്ത വിവരം ബാർ ഉടമകളുടെ അസോസിയേഷന്റെ രജിസ്റ്ററിലുണ്ട്. ആ രജിസ്റ്റർ കസ്റ്റഡിയിലെടുത്തിട്ടുണ്ടോ? ബന്ധപ്പെട്ടവരെ അതിന്റെ അടിസ്ഥാനത്തിൽ ചോദ്യം ചെയ്തിട്ടുണ്ടോ? ബന്ധപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ട് പരിശോധിച്ചിട്ടുണ്ടോ? ഡോ. ബിജു രമേശ് പറഞ്ഞത് തെറ്റാണെങ്കിൽ, പറയുന്ന കാര്യങ്ങൾ തെറ്റാണെന്ന് സ്ഥാപിക്കാൻ ഇവരുടെ ബാങ്ക് അക്കൗണ്ട് പരിശോധിച്ചിട്ടുണ്ടോ? എന്തടിസ്ഥാനത്തിലാണ് അന്വേഷണം നീട്ടിക്കൊണ്ടു പോകുന്നത്. കോഴ കൊടുത്തത് തെളിയിക്കാൻ പ്രാപ്തരായ സാക്ഷികളുടെ പേരുവിവരം മനസ്സിലാക്കിയിട്ടും അവരെ ചോദ്യം ചെയ്ത് മൊഴിയെടുക്കാൻ കാലതാമസം വരുത്തി കുറ്റവാളികൾക്ക് അവരെ സ്വാധീനിക്കാൻ അവസരമുണ്ടാക്കിക്കൊടുത്തു. കുറ്റവാളികൾക്ക് രക്ഷപ്പെടാൻ അവസരമുണ്ടാക്കിക്കൊടുക്കുന്നതെന്തുകൊണ്ടാണ്? ഇവിടെ ഒരു കേസ് രജിസ്റ്റർ ചെയ്താൽ ഈ ഗവൺമെന്റ് തകരും. അത്രയും ശക്തനായ ഒരാളാണ് ആരോപണ വിധേയനായുള്ളത്. ശ്രീ. കെ. എം. മാണിക്കെതിരെ നിയമാനുസൃതമായ ഒരു കേസ് ഈ ഗവൺമെന്റ് എടുത്താൽ അന്ന് ഈ ഗവൺമെന്റ് നിലംപൊത്തും. സ്വന്തം ക്യാബിനറ്റിൽപ്പെട്ട മന്ത്രിയെ രക്ഷിക്കാൻ സ്വജനപക്ഷപാതം കാണിക്കുകയാണ് മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും. ഈ കേസ് ശരിയായ നിലയിൽ അന്വേഷണം നടത്തിയാൽ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു, മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി എന്നിവർക്കുകൂടി പങ്കുള്ള ഒരു കുംഭകോണമാണ് ബാർ കുംഭകോണമെന്ന് തെളിയിക്കപ്പെടും.

[10.00 AM]

മി. ഡെപ്യൂട്ടി സ്പീക്കർ: 18 മിനിട്ട് കഴിഞ്ഞു, ദയവ് ചെയ്ത് ചുരുക്കണം. അടിയന്തരപ്രമേയം അവതരിപ്പിക്കാൻ 18 മിനിറ്റ് അനുവദിച്ചിട്ടും ബഹള മെന്തിനാണ്? ബഹളം വച്ചാൽ സമയം കിട്ടുമോ? അത് ശരിയല്ല. 19 മിനിട്ടായി. ദയവു ചെയ്ത് ചുരുക്കണം. ഈ സഭയ്ക്ക് ഒരു കീഴ്‌വഴക്കമില്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെ കാര്യങ്ങൾ ശാന്തമായി പറഞ്ഞുകൊണ്ടിരിക്കുകയല്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: എങ്കിലും സമയം ഒരു പ്രശ്നമല്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞങ്ങൾ ഇരിക്കാൻ തയ്യാറാണ്. എന്റെ ആവശ്യം അടിയന്തരപ്രമേയം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നുള്ളതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്........പ്ലീസ്........ ദയവു ചെയ്ത് ചുരുക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെ വന്നിട്ടുള്ള പ്രശ്നങ്ങളെല്ലാം നോക്കുമ്പോൾ പ്രഥമദൃഷ്ട്യാ മന്ത്രി കുറ്റം ചെയ്തിരിക്കുന്നു; അഴിമതി കാണിച്ചിരിക്കുന്നു എന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്. ഈ കേസ് രജിസ്റ്റർ ചെയ്യപ്പെട്ടാൽ മുഖ്യമന്ത്രിയുൾപ്പെടെയുള്ളവർ പ്രതിക്കൂട്ടിലാവും. ആരെയാണ് അന്വേഷണം ഏൽപ്പിച്ചിരിക്കുന്നത്? റിട്ടയർ ചെയ്യാൻ രണ്ടുമാസം മാത്രമുള്ള ഒരു എസ്.പി.യെ. ഇങ്ങനെയുള്ള ഒരു കേസ് അദ്ദേഹത്തെ ആരെങ്കിലും ഏൽപ്പിക്കുമോ? ശ്രീ. കെ. എം. മാണിയെപ്പോലുള്ള ഉന്നതനായ ഒരു നേതാവിനെതിരെയുള്ള; ഒരു ആജാനുബാഹുവിന്റെ കേസ് അന്വേഷിക്കാൻ ഒരു ശിശുവിനെ നിശ്ചയിക്കാൻ പാടുണ്ടോ? എസ്.പി. എന്താണ് ചെയ്തത്? ഒരു ഡിവൈ.എസ്.പി.യെ ഈ കേസ് ഏൽപ്പിച്ചു. യഥാർത്ഥത്തിൽ ഇത്തരത്തിലുള്ള ആരോപണങ്ങൾ വന്നിട്ടും, ചാനലുകളിലെല്ലാം ഇതുസംബന്ധിച്ച് വാർത്തകൾ വന്നിട്ടും വിജിലൻസ് ആന്റ് ആൻറികറപ്ഷൻ ബ്യൂറോവിന്റെ ഡയറക്ടർ ഇതിനനുസരിച്ച് ആക്ട് ചെയ്തോ? ക്രിമിനൽ നടപടി നിയമത്തിന്റെ 36-ാം വകുപ്പനുസരിച്ച്......

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ 20 മിനിട്ട് കഴിഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ വകുപ്പുകളാണ് പറയുന്നത്. മന്ത്രിയെ ബോധ്യപ്പെടുത്തണ്ടേ? ക്രിമിനൽ നടപടി നിയമത്തിന്റെ 36-ാം വകുപ്പനുസരിച്ച് ഇങ്ങനെയൊരു അന്വേഷണത്തെക്കുറിച്ച് ആക്ഷേപം വന്നാൽ വിജിലൻസ് ഡയറക്ടർ ഇടപെടണം. അങ്ങനെ ഒരു ഇടപെടൽ ഇതുവരെ നടന്നിട്ടില്ല. അഴിമതി നിരോധന നിയമത്തിലെ 7(13)(1)ഡി വകുപ്പ് പ്രകാരം ക്രൈം രജിസ്റ്റർ ചെയ്ത് 15 ദിവസത്തിനുള്ളിൽ കോടതിയിൽ എഫ്.ഐ.ആർ. സമർപ്പി

ക്കേണ്ടതാണ്. പ്രിലിമിനറി എൻക്വയറി എന്നുപറഞ്ഞുകൊണ്ട് നീട്ടിക്കൊണ്ടുപോയി ആരോപണവിധേയരായ ആളുകളെ സഹായിക്കുകയാണ് ചെയ്തിട്ടുള്ളത്. ആരോപണം ഉന്നയിച്ച വ്യക്തി ആരോപണത്തിൽ ഉറച്ചുനിൽക്കുന്നു. ചെറിയ കുറ്റം ചെയ്തയാളുകൾക്കെതിരെ ഇവിടെ നടപടിയെടുത്തില്ലേ? കഴക്കൂട്ടത്ത് ഒരു സർക്കിൾ ഇൻസ്പെക്ടർക്കെതിരെ ഒരു ലക്ഷം രൂപ കൈക്കൂലി ചോദിച്ചുവെന്ന് ഒരു ഫോൺ മെസേജ് കിട്ടിയപ്പോൾ അയാളെ പിടിച്ച് ജയിലിലാക്കി. നെടുമങ്ങാട് ഒരു എ.എസ്.ഐ. 5000 രൂപ കൈക്കൂലി വാങ്ങിയപ്പോൾ അയാളെ ജയിലിലാക്കി. ഐ.പി.എസ്.കാരനായ രാഹുൽ ആർ. നായർ 17 ലക്ഷം രൂപ കൈക്കൂലി വാങ്ങി, അയാളെ സസ്പെന്റ് ചെയ്തു. ടി.ഒ. സൂരജ് അവിഹിതമായി സ്വത്ത് സമ്പാദിച്ചു. അയാളെ സസ്പെന്റ് ചെയ്തില്ലേ? ഒരു മന്ത്രി ഒരു കോടി രൂപ വാങ്ങിയാൽ നടപടി വേണ്ടേ? ഇവിടെ സിവിൽ സർവ്വീസ് അഴിമതിയിൽ മുങ്ങിയിരിക്കുന്നു; മന്ത്രിസഭ അഴിമതിയിൽ മുങ്ങിയിരിക്കുന്നു. ഈ മന്ത്രിസഭയിൽ രണ്ട് അഴിമതിക്കാരുണ്ടെന്നാണ് യു.ഡി.എഫ്.-ന്റെ പരിണതപ്രജ്ഞനായ നേതാവ് ആർ. ബാലകൃഷ്ണപിള്ള പറഞ്ഞിരിക്കുന്നത്. ആരാണ് ആ മന്ത്രിമാരെന്ന് മുഖ്യമന്ത്രി ചോദിച്ചോ? ടി. ഒ. സൂരജ് വെറും കൊക്കാണ്, രണ്ടു കാട്ടുപോത്തുകൾ ഇവിടെയുണ്ടെന്ന് പറഞ്ഞത് ഈ സഭയിൽ അംഗമായ ശ്രീ. കെ. ബി. ഗണേഷ് കുമാറാണ്. ആരാണ് ആ കാട്ടുപോത്തുകൾ? നമ്മൾക്ക് കേൾക്കണ്ടേ? കേൾക്കണമെങ്കിൽ ഈ പ്രമേയം ഇവിടെ ചർച്ച ചെയ്യണം. അടിയന്തര പ്രമേയം ചർച്ചയ്ക്കെടുത്താൽ ശ്രീ. കെ. ബി. ഗണേഷ് കുമാറിന് ആ കാട്ടുപോത്തിനെ ഇവിടെ അവതരിപ്പിക്കേണ്ടിവരും.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്.... യെസ്... പ്ലീസ്....പ്ലീസ്.....

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ......ഒരു മിനിട്ട് തന്നാൽ മതി. ഈ ഗുരുതരമായ അഴിമതി കേസുകൾ തെളിയിക്കുന്നതിനുള്ള വ്യക്തമായ രേഖകൾ എന്റെ കൈവശമുണ്ട്. മന്ത്രി കോഴ വാങ്ങുന്നതിന്റെ തെളിവ്, അതിന്റെ സംഭാഷണം ഇതുസംബന്ധിച്ച് എല്ലാ വിവരങ്ങളും റെക്കോർഡ് ചെയ്തിട്ടുള്ള ഒരു സി.ഡി. എന്റെ കൈവശമുണ്ട്. ഈ തെളിവ് സഹിതമുള്ള സി.ഡി. ഹാജരാക്കാൻ ഞാൻ തയ്യാറാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഇത് കസ്റ്റഡിയിലെടുക്കണം; ഇത് പരിശോധിക്കണം. ഈ തെളിവുകളുടെ അടിസ്ഥാനത്തിൽ ശ്രീ. കെ. എം. മാണിയെ ഇന്നുതന്നെ മന്ത്രിസഭയിൽനിന്ന് പുറത്താക്കണം. അദ്ദേഹം മന്ത്രിസ്ഥാനം രാജിവയ്ക്കണം. രാജിവയ്ക്കാൻ അദ്ദേഹം തയ്യാറാകുന്നില്ലെങ്കിൽ മുഖ്യമന്ത്രി ആ മന്ത്രിയെ പിടിച്ച് പുറത്താക്കണം. അതിന് മുഖ്യമന്ത്രിക്ക് ധൈര്യമുണ്ടോ? ഈ നാടിനെ കുംഭകോണങ്ങളുടെ നാടാക്കി മാറ്റാനാണോ ശ്രീ. ഉമ്മൻ ചാണ്ടി ഉദ്ദേശിക്കുന്നത്? എന്തെല്ലാം തരത്തിലുള്ള കുംഭകോണങ്ങൾ - പാമോയിൽ, ടൈറ്റാനിയം, പ്ലസ്ടു, ഭൂമി കുംഭകോണം, സോളാർ കുംഭകോണം. ഇങ്ങനെ കുംഭകോണങ്ങളുടെ കുംഭകോണം നടന്നിരിക്കുന്ന ഈ ഭരണത്തിന്

നേതൃത്വം നൽകുന്ന ശ്രീ. ഉമ്മൻ ചാണ്ടിയാണ് ശ്രീ. കെ. എം. മാണിയെ സംരക്ഷിക്കുന്നത്. ഞങ്ങൾ ഇക്കാര്യത്തിൽ ഒറ്റക്കെട്ടാണെന്ന് നേരത്തെ ശ്രീ. കെ. ബാബു പറഞ്ഞു. പൈസ വാങ്ങുന്ന കാര്യത്തിൽ ഒറ്റക്കെട്ടാണല്ലോ? ഇട്ട് വാങ്ങുന്ന കാര്യത്തിൽ മാത്രമാണ് നിങ്ങൾക്കാകെ ഐക്യമുള്ളത്. ബാക്കി ഏതെങ്കിലും കാര്യത്തിൽ നിങ്ങൾക്ക് തമ്മിൽ ഐക്യമുണ്ടോ? നിങ്ങൾ - ഐക്യജനാധിപത്യ മുന്നണി - ലക്ഷങ്ങൾ, കോടികൾ വാങ്ങുന്നു, അത് വീതിച്ചെടുക്കുന്നു. ഈ അഴിമതിക്കുവേണ്ടിയാണ് നിങ്ങളുടെ ഒരു ഐക്യജനാധിപത്യമുന്നണി. കേരളത്തിലെ ജനങ്ങൾക്ക് ഇത് മടുത്തുകഴിഞ്ഞു. അതുകൊണ്ട് ഈ അഴിമതിക്കാരനായ മന്ത്രിയെ പിടിച്ച് പുറത്താക്കണം, നിയമസഭ ഈ പ്രശ്നം ചർച്ച ചെയ്യണം. ഇത് ചർച്ച ചെയ്യാതെ പിന്നെ എന്താണ് ചർച്ച ചെയ്യാൻ പോകുന്നത്? വകുപ്പുതിരിച്ച് ചർച്ച നടത്തി പാസ്സാക്കേണ്ട രണ്ടു ബില്ലുകളാണ് ഇന്നത്തെ കാര്യപരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിയമസഭയിലെ ബഹളത്തിനിടയിൽ ഈ രണ്ട് ബില്ലുകൾ പാസ്സാക്കാനാണോ ഉദ്ദേശിക്കുന്നത്? ആ ബില്ലിന്റെ ചർച്ചയിൽ ഞങ്ങൾ പങ്കെടുക്കുകതന്നെ ചെയ്യും. നിങ്ങളെ അങ്ങനെ വെറുതെ വിടാൻ പോകുന്നില്ല. ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം. ഈ ബില്ലുകൾ വേറെ ദിവസമെടുക്കാം. അതുകൊണ്ട് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്ത്, അഴിമതി സംബന്ധിച്ച കാര്യങ്ങളിൽ ഗവൺമെന്റിന് പറയാനുള്ളത് പറയട്ടെ, ഇപ്പുറത്ത് പറയാനുള്ളത് കേൾക്കാം. ഈ സംസ്ഥാനത്തെ ഒരു മന്ത്രിക്കെതിരായി ആദ്യമായിട്ടാണ് ഇങ്ങനെ ഒരു കേസ് പരസ്യമായി ഉന്നയിക്കുന്നത്. മാതൃകാപരമായി നടപടി സ്വീകരിക്കാൻ തയ്യാറാകണം. അതിന് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ബഹുമാനപ്പെട്ട ചെയറിനോട് ആവശ്യപ്പെടുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, അങ്ങ് ഇവിടെ പറഞ്ഞ ആ സി.ഡി. സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ പാടില്ല. അങ്ങനെ വയ്ക്കണമെന്നുണ്ടെങ്കിൽ ആദ്യം അത് ചെയറിനു തരണം, ചെയർ അത് പരിശോധിക്കണം. നിയമത്തിൽ അതാണ് പറയുന്നത്. ചെയർ പരിശോധിച്ചാൽ മാത്രമേ അത് മേശപ്പുറത്ത് വയ്ക്കാൻ അങ്ങയെ അനുവദിക്കാൻ പാടുള്ളൂ.... (.........ബഹളം.....).

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഇതിനകത്ത് ഒരു കോടി രൂപ സംബന്ധിച്ച എല്ലാ വിശദാംശങ്ങളുമുണ്ട്. നിയമസഭാ സാമാജികൻ എന്നുള്ള നിലയിൽ ഇത് മേശപ്പുറത്ത് വയ്ക്കേണ്ടത് എന്റെ കടമയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ചെയർ പറയുന്നത് ശ്രദ്ധിക്കണം. അങ്ങ് നിയമം നന്നായി അറിയുന്നയാളാണ്. Rules of Procedure

and Conduct of Business in the Kerala Legislative Assembly-യിലെ 6 (എ) യിൽ വളരെ വ്യക്തമായി പറയുന്നു, ഇത്തരത്തിലുള്ളത് ആദ്യം ചെയറിന് നൽകണം, ചെയർ പരിശോധിക്കണം, ചെയർ അനുവദിച്ചാൽ മാത്രമേ അത് മേശപ്പുറത്ത് വയ്ക്കാവൂ എന്നുപറയുന്നു. അതിനാൽ ഇപ്പോൾ അങ്ങേയ്ക്ക് മേശപ്പുറത്ത് വയ്ക്കാൻ സാധ്യമല്ല.

ശ്രീ. സി. ദിവാകരൻ : തെളിവാണ് ഇവിടെ ഹാജരാക്കിയിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിന് വഴികൾ വേറെയുണ്ട്. നിയമസഭയിൽ നടപടിക്രമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള കാര്യങ്ങൾ മാത്രമേ സാധ്യമാകുകയുള്ളൂ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഇവിടെയൊരു പുകമറ സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. ഇവിടെ അദ്ദേഹം പ്രധാനമായും ഉന്നയിച്ചത് വിജിലൻസ് അന്വേഷണത്തിന്റെ sanctity സംബന്ധിച്ചാണ്. പ്രതിപക്ഷ നേതാവിന്റെ പരാതി വിജിലൻസ് വകുപ്പിന് ലഭിച്ച അന്നുതന്നെ ക്വിക്ക് വെരിഫിക്കേഷന് വേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചത്. ക്വിക്ക് വെരിഫിക്കേഷന് 45 ദിവസം വേണമെന്ന് ഞാൻ പറഞ്ഞുവെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞത്. അക്കാര്യം ശരിയാണ്. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് അന്നത്തെ വിജിലൻസ് ഡയറക്ടർ 5-9-2008-ൽ പുറപ്പെടുവിച്ച No. T1540/2008 സർക്കുലർ പ്രകാരം ......(7) Quick verification should be definitely be completed within 45 days or within which such time limit as may be prescribed by the Court or Government. ആ സർക്കുലറിന്റെ അടിസ്ഥാന ത്തിലാണ് ഞാൻ ഇത് പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. അന്ന് അത് ശരിയായിരുന്നു. സർക്കുലറെല്ലാം എന്റെ കാലത്ത് പുറപ്പെടുവിച്ചതായാലും അതിനുശേഷം 2013-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി Registration of FIR is mandatory u/s 154 of the Code, if the information discloses commission of a cognizable offence and no preliminary inquiry is permissible in such situation forthwith and not later than one week എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അത് പിന്നീട് 15 ദിവസമാക്കി മാറ്റിക്കൊടുത്തു. 2013-ലെ സുപ്രീംകോടതി വിധിയോടുകൂടി എൻെറ കാലത്താണെങ്കിൽപോലും അതിന് പ്രസക്തിയില്ല. അതുകൊണ്ട് അങ്ങ് ഇപ്പോൾ നടപ്പാക്കേണ്ടത് സുപ്രീംകോടതി വിധിയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് കാര്യങ്ങൾ മുഴുവൻ മനസ്സിലാക്കാതെയാണ് സംസാരിക്കുന്നത്. 2013-ൽ ഇന്നത്തെ കേരള ഗവർണർ ശ്രീ. പി. സദാശിവം ഉൾപ്പെടെയുള്ള ഭരണഘടനാ ബെഞ്ച് 7 ദിവസം എന്നാണ് ആദ്യം പറഞ്ഞത്. അതിനുശേഷം സി.ബി.ഐ. വീണ്ടും അഫിഡവിറ്റ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ വന്ന വിധിയെപ്പറ്റി അങ്ങേയ്ക്ക് അറിയാത്തതു കൊണ്ടാണ് ഇതുപറയുന്നത്. "We modify VIII of paragraph 111 of the judgment dated 12th November 2013 in the following manner: While ensuring and protecting the right of the accused and a complainant, a preliminary enquiry should be made time bound within any case it should not be exceeded 15 days generally and in exceptional cases by giving adequate reasons 6 weeks time is provided. The fact of such delay and the cause of it must be reflected in the general diary entry." 2013 നവംബർ 13-ാം തീയതി Constitutional Bench Lalithakumari Vs. Government of UP എന്ന കേസ്സിൽ എടുത്ത വിധിക്ക് സി.ബി.ഐ. കൊടുത്ത റിട്ട് അപ്പീലിന് ശേഷമാണ് ഈ വിധിയുണ്ടായത്. അങ്ങനെ വരുമ്പോൾപോലും ഈ കേസ്സിൽ മുപ്പത് ദിവസം ആയിട്ടില്ല. അതനുസരിച്ച് പ്രാഥമിക അന്വേഷണത്തിന് 42 ദിവസം വരെ എടുക്കാം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇക്കാര്യം അറിയാതെയാണ് പറയുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങ് പറയുന്നതുപോലെ അസാധാരണമായ സാഹചര്യം ഇവിടെ എന്താണ് ഉണ്ടായത്?

ശ്രീ. രമേശ് ചെന്നിത്തല: ഈ മൊഴിക്കകത്ത് പറയുന്ന ആളുകൾ അവധിക്ക് അപേക്ഷകൾ കൊടുക്കുകയാണ്. അവർ ഹാജരാകാതെയിരിക്കുകയാണ്. സ്വാഭാവികമായും അവർ ഹാജരാകേണ്ട സമയം നീട്ടിക്കൊടുക്കാൻ ബാധ്യസ്ഥനാണ്. ആ സാഹചര്യമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. അങ്ങ് വസ്തുത അറിയാതെയാണ് കാര്യങ്ങൾ പറയുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങ് ക്വിക്ക് വെരിഫിക്കേഷന് ഉത്തരവിട്ടതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. ഒരു കേസ് രജിസ്റ്റർ ചെയ്തിരുന്നുവെങ്കിൽ വിജിലൻസിന് summon അയച്ച് വിളിക്കാമായിരുന്നു. ഇപ്പോൾ വിജിലൻസിന് summon ചെയ്യാനുള്ള അധികാരമില്ല. അതുകൊണ്ട് സാക്ഷികൾ മാറി മാറി വന്നിങ്ങനെ നീട്ടിക്കൊണ്ടുപോവുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രി ആയിരുന്ന കാലത്ത് ആരെങ്കിലും ആരോപണം ഉന്നയിച്ചാൽ അയാളുടെ പേരിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ? അങ്ങയുടെ കാലത്ത് വിജിലൻസ് അങ്ങനെ ചെയ്തിട്ടുണ്ടോ? ഒരു പ്രിലിമിനറി അന്വേഷണം നടത്തുകയെന്നുള്ളത് ഗവൺമെന്റിന്റെ ചുമതലയാണ്. പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ കത്ത് തന്ന

ദിവസംതന്നെ ഈ മന്ത്രിസഭയിലെ ഒരു മന്ത്രിക്കെതിരെ ക്വിക്ക് വെരിഫിക്കേഷനുള്ള നടപടി സ്വീകരിച്ചു. മാത്രമല്ല സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ചുതന്നെയാണ് കേരള ഗവൺമെന്റും ഗവൺമെന്റിനോടൊപ്പം പ്രവർത്തിക്കുന്ന വിജിലൻസും പ്രവർത്തിച്ചിട്ടുള്ളത്. ഞങ്ങൾ നിയമ വ്യവസ്ഥയെ അട്ടിമറിച്ചിട്ടില്ല. നിയമങ്ങൾക്കും തത്വങ്ങൾക്കും അനുസരിച്ചുതന്നെയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. അങ്ങയുടെ കാലത്ത് വിജിലൻസിന് 45 ദിവസം വരെ എടുക്കാം ഇപ്പോൾ എടുക്കാൻ പാടില്ലായെന്ന് പറയുന്നത് എവിടത്തെ ന്യായമാണ്? ഞാൻ ഈ കേസ്സിൻെറ മെരിറ്റിലേയ്ക്ക് ഒരു ഘട്ടത്തിലും കടന്നില്ല, ഞാൻ ആരെയും കുറ്റവിമുക്തനാക്കിയിട്ടുമില്ല. ഈ കേസ് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുകയാണ്. വിജിലൻസ് സ്വതന്ത്രമായി പ്രവർത്തിക്കുകയാണ്. കേരളത്തിലെ ഗവൺമെന്റ് വിജിലൻസിനെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് വിജിലൻസ് ഒരു കൂട്ടിലെ തത്തയല്ല. അങ്ങ് തന്നെ ഈ വിജിലൻസ് വകുപ്പിനെ പ്രകീർത്തിച്ചില്ലേ; സൂരജിന്റെയും രാഹുലിന്റെയും ഉൾപ്പെടെയുള്ള നിരവധി കേസ്സുകൾ സംബന്ധിച്ച് അങ്ങ് പറഞ്ഞല്ലോ. കേരളത്തിൽ വിജിലൻസ് സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഏജൻസിയാണ്. പക്ഷേ, ഒരു ആരോപണം വന്നയുടൻ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷിക്കാൻ കഴിയില്ല. അങ്ങയുടെ കാലത്തും അതുണ്ടായിട്ടില്ല. അതിനാണ് ക്വിക്ക് വെരിഫിക്കേഷൻ, കോൺഫിഡൻഷ്യൽ വെരിഫിക്കേഷൻ നടത്തുന്നത്. നിരവധി രീതിയിൽ വിജിലൻസ് കേസ് അന്വേഷിക്കാറുണ്ട്. ശ്രീ. പി. സി. ജോർജിന്റെ മൊഴി എടുത്തിട്ടുണ്ടോയെന്ന് അങ്ങ് ചോദിച്ചു. ശ്രീ. പി. സി. ജോർജിന്റെയും ശ്രീ. കെ. എം. മാണി സാറിന്റെയും ഉൾപ്പെടെ മുപ്പതോളം ആളുകളുടെ മൊഴികൾ എടുത്തിട്ടുണ്ട്. ഈ കേസ് ഒരു പ്രോസസിംഗിലാണ്. ആ പ്രോസസ് പൂർത്തിയാക്കി interim report ഹൈക്കോടതിയിൽ സമർപ്പിക്കുകയുണ്ടായി. ഇനി രണ്ടാം തീയതി കോടതിയിൽ സമർപ്പിക്കേണ്ടതായിട്ടുണ്ട്. വിജിലൻസ് അത് സമർപ്പിക്കും. ഈ കേസ്സിനകത്ത് ആരെയും രക്ഷിക്കാൻ ഗവൺമെന്റോ വിജിലൻസോ ആഗ്രഹിക്കുന്നില്ല. തെറ്റ് ചെയ്തിട്ടുള്ളവർ ആരാണെങ്കിലും അവരുടെ പേരിൽ നടപടി സ്വീകരിക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. അതേ സമയം തെറ്റ് ചെയ്യാത്ത ആളുകളുടെ പേരിൽ അഴിമതിയുടെ പുകമറയുണ്ടാക്കി അവരെ അപകീർത്തിപ്പെടുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അത് ഒരു കാരണവശാലും അനുവദിക്കുകയുമില്ല.

ശ്രീ. സി. ദിവാകരൻ: പ്രതിപക്ഷം പുകമറ സൃഷ്ടിക്കുന്നുവെന്നാണ് മന്ത്രിയുടെ സ്റ്റേറ്റ്മെന്റിൽ പറയുന്നത്. അതിനുള്ള ഏറ്റവും നല്ല തെളിവാണ് ഇവിടെയിരിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. സി. ദിവാകരൻ ഈ തെളിവ് കൊടുക്കേണ്ടത് അന്വേഷണ ഏജൻസിയുടെ മുമ്പിലാണ്, നിയമസഭയിലല്ല. ഈ തെളിവ് അന്വേഷണ ഏജൻസിയുടെ മുമ്പിൽ കൊടുത്താൽ അതും അന്വേഷിക്കും.

ഈ കേസ്സിനകത്ത് ഗവൺമെന്റ് ആരെയും രക്ഷിക്കാൻ ശ്രമിക്കുന്നില്ല. തെളിവുകളുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് പ്രവർത്തിക്കുന്നത്. സ്വതന്ത്ര മായിട്ടാണ് വിജിലൻസ് പ്രവർത്തിക്കുന്നത്. ഈ ഗവൺമെന്റിന്റെ മന്ത്രിക്കെതിരെ ഒരു ആരോപണം ഉണ്ടായപ്പോൾ ക്വിക്ക് വെരിഫിക്കേഷൻ നടത്തി നടപടികൾ സ്വീകരിക്കുകയാണ് ചെയ്തത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, അങ്ങയുടെ കാലത്ത് ഇങ്ങനെയൊരു എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് മിനിസ്റ്റർ ഇവിടെ ചോദിച്ചു. എന്റെ കാലത്ത് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്നത്തെ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ ശശിക്കെതിരായി ടി.വി.യിൽ ഒരു വാർത്ത ആരോപണവുമായി ബന്ധപ്പെട്ട് വന്നതിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. അതുകൊണ്ട് നിങ്ങളുടെ കാലത്ത് ചെയ്തിട്ടുണ്ടോയെന്ന് ചോദിക്കുമ്പോൾ ഞങ്ങളുടെ കാലത്ത് ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ ഇത് പറയുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഒരു ആരോപണം ഉണ്ടായാൽ അതിന്റെ അടിസ്ഥാനത്തിൽ മാത്രം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കേസന്വേഷിക്കാൻ കഴിയില്ല. പ്രാഥമികമായ ഒരു അന്വേഷണം നടത്തിയതിനുശേഷമായിരിക്കും നിയമ നടപടികളിലേയ്ക്ക് പോകേണ്ടത്. അത് കേരളത്തിൽ സർവ്വസാധാരണമായ കാര്യമാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, സി.സി.ടി.വി. ക്യാമറകൾ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ; മൊബൈൽ ലൊക്കേഷൻ പരിശോധിച്ചിട്ടുണ്ടോ; തുടങ്ങി അന്വേഷണ ഏജൻസിയുടെ പ്രവർത്തനത്തെക്കുറിച്ച് വളരെ കൃത്യമായ ചോദ്യങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ചത്. ഇവിടെ പ്രത്യേക സാഹചര്യമുണ്ട് എന്നുപറഞ്ഞുകൊണ്ട് എളുപ്പത്തിൽ ശേഖരിക്കാവുന്ന തെളിവുകൾപോലും ശേഖരിക്കാതെ നീട്ടിനീട്ടി കൊണ്ടുപോവു കയാണ്. അതിന് എന്താണ് അങ്ങ് മറുപടി പറയാത്തത്?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അന്വേഷണ ഏജൻസികളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഗവൺമെന്റ് ഇടപെടാറില്ല. ഏത് രീതിയിൽ അവർ അന്വേഷിക്കണമെന്ന് ഞങ്ങൾ പറയാറില്ല. ഏത് രീതിയിൽ പോലീസ് അന്വേഷിക്കണമെന്നോ വിജിലൻസ് അന്വേഷിക്കണമെന്നോ മന്ത്രിയോ ഗവൺമെന്റോ നേരിട്ട് ഇടപെട്ട് ഒരിക്കലും പറയാറില്ല. അത് അന്വേഷണ ഏജൻസിക്കുള്ള സ്വാതന്ത്ര്യമാണ്. ഏത് രീതിയിൽ നിഷ്പക്ഷമായി അന്വേഷിക്കണമെന്ന് അവർ തീരുമാനിക്കട്ടെ. അത് തീരുമാനിക്കേണ്ടത് മന്ത്രിയോ ഗവൺമെന്റോ അല്ല.

ഇത് കോടതിയിൽ കൊടുക്കേണ്ട കാര്യമാണ്. ഈ സഭയിലെ അംഗമായ ശ്രീ. വി. എസ്. സുനിൽ കുമാർ ഹൈക്കോടതിയിൽ പെറ്റീഷൻ കൊടുത്തിട്ടുണ്ട്. Lalithakumari Vs. Government of UP എന്ന കേസ്സിന് അടിസ്ഥാനമാക്കിയാണ് കൊടുത്തിട്ടുള്ളത്. കോടതിയിൽ ഞങ്ങൾ interim report സമർപ്പിച്ചിരിക്കുകയാണ്. രണ്ടാം തീയതി ഫൈനൽ റിപ്പോർട്ട് കൊടുക്കണം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇതിനകത്ത് യാതൊരു slackness-ഉം കാണിച്ചിട്ടില്ല. ആവശ്യമില്ലാതെ ഡിലെ വരുത്തിയിട്ടുമില്ല. നിയമ പ്രകാരം ചട്ടങ്ങൾക്കനുസരിച്ച് കോടതിവിധിയുടെ അടിസ്ഥാനത്തിൽ നിയമപരമായി മാത്രമെ വിജിലൻസ് മുന്നോട്ട് പോയിട്ടുള്ളൂ. ഒരു ആക്ഷേപവും വിജിലൻസിന് എതിരായി ആർക്കും ഉന്നയിക്കാൻ കഴിയില്ല. വിജിലൻസ് ഡയറക്ടർ വിൻസെന്റ് എം. പോളിന്റെ നേരിട്ടുള്ള നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം നടക്കുന്നത്. അങ്ങ് വിജിലൻസ് വകുപ്പിന്റെ മന്ത്രി ആയിരുന്ന സമയത്ത് വിജിലൻസ് ഡയറക്ടറാണോ നേരിട്ട് ആളുകളെ ചോദ്യം ചെയ്യുന്നത്. അതിനൊരു സംവിധാനമുണ്ടാകും. കേസ് അന്വേഷിക്കുന്നതിന് ഒരു എസ്.പി., ഡിവൈ.എസ്.പി., സി.ഐ, എസ്.ഐ. തുടങ്ങിയവരടങ്ങുന്ന ഒരു ടീമിനെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യും. പക്ഷെ ഡയറക്ടറുടെ നേരിട്ടുള്ള നിരീക്ഷണത്തിലാണ് കേസ്സുകൾ അന്വേഷിക്കുന്നത്. അതുകൊണ്ട് ഈ കേസ്സിനെ സംബന്ധിച്ചിടത്തോളം ഒരു വിധത്തിലുമുള്ള നീതിനിഷേധവും ഇവിടെ ഉണ്ടായിട്ടില്ല. നിയമപരമായി തന്നെയാണ് മുന്നോട്ട് പോകുന്നത്. സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ നിലനിൽക്കുന്ന വിജിലൻസ് മാന്വലിന്റെയും സർക്കുലറിന്റെയും അടിസ്ഥാനത്തിൽ നിയമപരമായി സത്യസന്ധമായ ഒരന്വേഷണം ഇവിടെ നടക്കുകയാണ്. അതുകൊണ്ട് ഈ അന്വേഷണത്തെ ആർക്കും തെറ്റ് പറയാൻ കഴിയില്ല. അന്വേഷണം ശരിയായ ദിശയിലാണ് മുന്നോട്ടുപോകുന്നത്. അന്വേഷണം അന്തിമ ഘട്ടത്തിലാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പിൽ വിജിലൻസ് റിപ്പോർട്ട് സമർപ്പിക്കും. കുറ്റക്കാരെ രക്ഷപ്പെടുത്താൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണനോട് നന്ദി പറയുന്നു. ഈ ഗവൺമെന്റ് എടുത്ത നിരവധി നടപടികളെയും വിജിലൻസ് എടുത്ത നടപടിയെയും അദ്ദേഹം അഭിനന്ദിച്ചു. എത്ര ഉന്നതന്മാരാണെങ്കിലും അഴിമതി ചെയ്താൽ അവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരികതന്നെ ചെയ്യുമെന്നുള്ളത് ഈ ഗവൺമെന്റിന്റെ പ്രതിജ്ഞാബദ്ധമായ നടപടിയാണ്. അതുകൊണ്ട് ഗവൺമെന്റിന്റെയും വിജിലൻസിന്റെയും ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യാൻ പാടില്ല. നിയമപരമായി തന്നെയാണ് മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റ് അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പിൽ ഉടൻതന്നെ റിപ്പോർട്ട് സമർപ്പിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് നിയമസഭ നിർത്തിവച്ച് ഇത് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ ഈ ആരോപണങ്ങളെ നിഷേധിക്കുകയാണ്. ഞാനോ എന്റെ പാർട്ടിയോ ആരോടെങ്കിലും രൂപ ചോദിക്കുകയോ വാങ്ങുകയോ ചെയ്തിട്ടില്ല. അത് എവിടെയും തെളിയിക്കാൻ ഞങ്ങൾ തയ്യാറാണ്. തെളിയിക്കുക എന്നുപറയുന്നത് ആരോപണം ഉന്നയിക്കുന്നവരുടെ onus ആണ്. അവരുടെയുംകൂടി ഭാരമാണ് അത് തെളിയിക്കുക എന്നുള്ളത്. ഞങ്ങളെ സംബന്ധിച്ച് അങ്ങനെയൊരു പാരമ്പര്യമില്ല. കൈക്കൂലിയുടെ കാര്യങ്ങളൊക്കെപ്പറഞ്ഞാൽ, പഴയ നിയമസഭയുടെ ചരിത്രമൊക്കെയെടുത്ത് വായിച്ചാൽ, ആവശ്യമെങ്കിൽ നമുക്ക് ഗവേഷണം നടത്താവുന്നതാണ്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. 26-3-2014-ൽ മദ്യനയത്തെ സംബന്ധിച്ച് ബാർ ലൈസൻസ് പുതുക്കുന്ന നിർദ്ദേശങ്ങൾ വന്നപ്പോൾ ആ നിയമം പഠിച്ചില്ലായെന്നുപറഞ്ഞ് ഞാൻ മാറ്റിവയ്പ്പിച്ചു. അതിൽ എന്തോ ദുരുദ്ദേശ്യമുണ്ടെന്നുള്ള സൂചനയാണ് വന്നത്. മദ്യനയത്തെപ്പറ്റിയുള്ള ഈ വിഷയം മന്ത്രിസഭയിൽ വന്നപ്പോൾ ഒരു ഏകാംഗ കമ്മീഷൻ റിപ്പോർട്ടും സുപ്രീം കോടതിവിധിയും ഫോറിൻ ലിക്വർ റൂളിലെ ചില വ്യവസ്ഥകൾ റദ്ദ് ചെയ്തുകൊണ്ടുള്ള വിധിയും വന്നിരുന്നു. ഇതിനകത്ത് ഒരു നിയമപ്രശ്നം അന്തർലീനമായിരുന്നു. നിയമപ്രശ്നമുള്ള ഏതെങ്കിലും ഒരു ഫയൽ ക്യാബിനറ്റിൽ വരുന്നതിനുമുമ്പ് അത് നിയമവകുപ്പും നിയമമന്ത്രിയും കണ്ടിട്ടേ വരാവൂ എന്ന് ചട്ടമുണ്ട്. അങ്ങനെയിരിക്കെ ഈ വിഷയം വന്നപ്പോൾ ഇത് നിയമവകുപ്പ് കണ്ടിട്ടില്ല, പരിശോധിച്ചിട്ട് വരട്ടെയെന്ന് മന്ത്രിസഭ തീരുമാനമെടുത്തു. മന്ത്രിസഭയുടെ കൂട്ടായ തീരുമാനമാണ്. അത് യുക്തവും ശരിയുമായിരുന്നു. ...........(ബഹളം).......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.......ബഹുമാനപ്പെട്ട മാണി സാർ പറയുന്നത് കേൾക്കണം.

ശ്രീ. സി. ദിവാകരൻ: ലീഗൽ സെക്ഷൻ കണ്ടിട്ടാണ് ഫയൽ അയയ്ക്കുന്നത്.

ശ്രീ. കെ. എം. മാണി: ഇത് ന്യായമാണോ? I am on my legs. ഞാൻ ഇരുന്നതിനുശേഷം സംസാരിക്കൂ. അല്ലെങ്കിൽ എന്റെ അനുവാദം ചോദിച്ചിട്ട് സംസാരിക്കൂ. അല്ലാതെ ഇങ്ങനെ ഒബ്സ്ട്രക്ട് ചെയ്യുന്നത് ശരിയാണോ? ......(ബഹളം)....... ഞാൻ പറയുന്നത് ബഹുമാനപ്പെട്ട അംഗങ്ങൾ കേൾക്കൂ. 28-3-2014-ൽ ലാ ഡിപ്പാർട്ടുമെന്റിന്റേയും എന്റേയും അഭിപ്രായം രേഖപ്പെടുത്തി എക്സൈസ് വകുപ്പിന് ഫയൽ തിരിച്ചുനൽകി. 2-4-2014-ൽ മന്ത്രിസഭാ യോഗത്തിൽ വീണ്ടും ഇത് പരിഗണനയ്ക്കുവന്നു. തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിബന്ധനകൾക്കും ക്യാബിനറ്റ് നിശ്ചയിച്ച നിബന്ധനകൾക്കും വിധേയമായി നിലവാരമുള്ള 312 ബാറുകൾക്ക് ലൈസൻസ് കൊടുക്കാൻ തീരുമാനിച്ചു. ബാക്കി 418 ബാറുകൾ ഏകാംഗ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സൈസ് കമ്മീഷണർ

പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കാമെന്നമാണ് നിശ്ചയിച്ചത്. 2-4-2014-ൽ ക്യാബിനറ്റ് ലൈസൻസ് പുതുക്കുന്നതിന് അനുമതി കൊടുക്കാതിരുന്നതിന് കാരണം, ഏകാംഗ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്യാബിനറ്റ് പരിശോധന നടത്താതിരുന്നതുകൊണ്ടാണ്. 2-4-2014-ലെ തീരുമാനം മന്ത്രിസഭയുടെ കൂട്ടായ തീരുമാനമാണ്.

ബഹുമാനപ്പെട്ട കോടിയേരി ഇവിടെ ഒളിക്യാമറയുടെ കാര്യം പറഞ്ഞു. നല്ല കാര്യം, ആ ഒളിക്യാമറയുംകൂടി ഒന്ന് പ്ലേ ചെയ്യണ്ടേ; ഇവിടെ കാസറ്റ് കൊണ്ടുവന്നല്ലോ. ഒളിക്യാമറയിൽ പറഞ്ഞിരിക്കുന്നത് ഈ ഗവൺമെന്റിനെ അട്ടിമറിക്കണോ വേണ്ടയോ; ഒരാൾ പറഞ്ഞു വേണ്ട, ഒടിച്ചാൽ മതി. വേറൊരാൾ പറഞ്ഞു, വളച്ചാൽ മതി. അപ്പോൾ ഒളിക്യാമറയും പോയി. മാണിയ്ക്കിട്ട് ഒന്നടിച്ച്, അടിച്ചപ്പോൾ അത് ആദ്യത്തെ അടിയായി. ഇതൊക്കെ അറിയാൻ ഈ മദ്യ മുതലാളിമാരുമായി ഗൂഢാലോചന നടത്തുന്നത് ശരിയാണോ മിസ്റ്റർ കോടിയേരി ? .......... ഈ മദ്യമുതലാളിമാരുമായി ..... (ബഹളം) .......

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്......യെസ്.......പ്ലീസ്......

ശ്രീ. കെ. എം. മാണി: ഞാൻ കോടിയേരി എന്ന് പറഞ്ഞില്ല. (ബഹളം)

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽനിന്നും എഴുന്നേറ്റ് ഡയസ്സിനുമുന്നിൽ വന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.......പ്ലീസ്..... ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കുന്നത് പൂർത്തിയാക്കട്ടെ. ......(ബഹളം).......

ശ്രീ. മാത്യു റ്റി. തോമസ്: മാണി സാറിന് ധൈര്യമുണ്ടെങ്കിൽ ആ സി.ഡി. മേശപ്പുറത്ത് വയ്ക്കാൻ പറയൂ.

ശ്രീ. കെ. എം. മാണി: വെറുതെ ഒച്ചയുണ്ടാക്കിയിട്ട് കാര്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ പൂർത്തിയാക്കട്ടെ. ........ (ബഹളം) ......

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരിച്ചുപോയി ബഹളം വച്ചുകൊണ്ടിരുന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ: മാണിസാർ പൂർത്തിയാക്കിയാൽ മതി.

ശ്രീ. കെ. എം. മാണി: സർ, ഞാൻ പറയുന്നത്, നിങ്ങൾ കേൾക്കൂ..... ഒരു വാക്ക് പറയട്ടെ......... കേൾക്കൂ...... ....... നാളെ ആരെങ്കിലും പാളയം കവലയിൽനിന്ന് വിളിച്ചുപറയുകയാണ്, കോടിയേരി ഒരു കോടി രൂപ വാങ്ങിച്ചു

എന്നുപറഞ്ഞാൽ രാജിവയ്ക്കാൻ തയ്യാറാണോ കോടിയേരി...... കോടിയേരി തയ്യാറാണോ? ........(ബഹളം) ........... ആരെങ്കിലും വിളിച്ചുപറയുന്നത് കേൾക്കാൻ....... നാണമില്ലാത്തവർ. ......(ബഹളം) ......

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ നടത്തണോ? .......... (ബഹളം)........ ബഹുമാനപ്പെട്ട മന്ത്രിമാരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഇവിടെ സഖാവ് കോടിയേരി ബാലകൃഷ്ണൻ ...........(തടസ്സം) ........ ബാറിന്റെ ................ (തടസ്സം) ....... ഇവരെയൊന്നും നിയന്ത്രിക്കാൻ ഡെപ്യൂട്ടി സ്പീക്കർക്ക് കഴിയുന്നില്ലെങ്കിൽ ഞാൻ സംസാരിക്കുന്നില്ല. .............(തടസ്സം) ..........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നിങ്ങളുടെ ഭാഗത്തുള്ളവരോട് ഇരിക്കാൻ പറഞ്ഞാൽ ഇപ്പുറത്തുള്ളവരെയുമിരുത്താം. അവരെല്ലാം എഴുന്നേറ്റ് നില്ക്കുമ്പോൾ ഇവരോട് മാത്രം എങ്ങനെയാണ് ഇരിക്കാൻ പറയുന്നത്? .............(ബഹളം) .......... നിങ്ങളെല്ലാവരും ഇരുന്നാൽ അവരെയും ഇരുത്താം. പ്ലീസ്...... പ്ലീസ്......... എല്ലാവരും ഇരിക്കുക ............ പ്ലീസ്..........

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച വളരെ സുവ്യക്തമായ ആക്ഷേപങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയ്ക്കോ കുറ്റാരോപണ വിധേയനായ ശ്രീ. കെ. എം. മാണിക്കോ വ്യക്തത വരത്തക്ക വിധത്തിൽ സത്യസന്ധമായ നിലയിൽ കാര്യങ്ങൾ പറയാൻ കഴിഞ്ഞിട്ടില്ലെന്ന് ഞാൻ ഖേദപൂർവ്വം അറിയിക്കട്ടെ. ഈ കോഴക്കേസിൽ, കോഴ കൊടുത്തത് സംബന്ധിച്ച് വ്യക്തമായ തെളിവുകൾ ഹാജരാക്കിക്കൊണ്ടാണ് തങ്ങളിൽനിന്നും പണം വാങ്ങിയശേഷം തങ്ങളോട് നീതി ചെയ്തിട്ടില്ലായെന്ന് ഡോ. ബിജുരമേശ് പറഞ്ഞത്. അതെല്ലാം തെരഞ്ഞെടുപ്പു ഫണ്ടാണെന്ന് ദുർവ്യാഖ്യാനം നടത്തി അഴിമതിക്കാരെ രക്ഷിക്കാനാണ് ഈ ഗവൺമെന്റ് ശ്രമിച്ചിട്ടുള്ളതെന്നാണ് ഇതിനകം പുറത്തുവന്ന വാർത്തകളിൽ നിന്നെല്ലാം വ്യക്തമായത്. ഈ മന്ത്രിസഭയിലെ അംഗങ്ങളിൽ ബഹുമാനപ്പെട്ട കെ. എം. മാണിയെപ്പറ്റി മാത്രമല്ല ആക്ഷേപം വന്നിട്ടുള്ളത്. വിജിലൻസിന്റെ അന്വേഷണമായാലും ഹൈക്കോടതിയുടെ അന്വേഷണമായാലും സുപ്രീംകോടതിയുടെ അന്വേഷണമായാലും സരിത എസ്. നായർ ഇലക്ട്രിസിറ്റി നൽകാമെന്നു പറഞ്ഞുകൊണ്ട് കോടികൾ വാങ്ങിയ അഴിമതിയായാലും ഭൂമിയിടപാടിൽ സലിംരാജിനെ സംബന്ധിച്ച് വന്നിട്ടുള്ള അഴിമതിയായാലും പ്ലസ് ടു അഴിമതിയായാലും പാമോലിൻ അഴിമതിയായാലും ടൈറ്റാനിയം

അഴിമതിയായാലും അതെല്ലാംതന്നെ ഗവൺമെന്റിന്റെ ഉത്തരവാദപ്പെട്ട ആളുകളുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള അതിമോശമായ അഴിമതിക്കേസുകളാണ്. ഇതെല്ലാം തേച്ചുമാച്ച് കളയുന്നതിനുവേണ്ടി മാസങ്ങളോളം സമയമെടുക്കുകയാണ്. എന്റെ സ്നേഹിതൻ മി. മാണിയെ സംബന്ധിച്ചുള്ള അഴിമതി അന്വേഷണവും ആദ്യം 7 ദിവസമായിരുന്നു. പിന്നെയതിനുള്ള ദിവസങ്ങൾക്ക് കണക്കില്ല. ഇതല്ലേ ആഭ്യന്തര വകുപ്പുമന്ത്രിയുടെ മറുപടിയിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്? നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിലാണ് ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്നതെന്നാണ് എന്റെ സ്നേഹിതൻ മി. രമേശ് ചെന്നിത്തല ഇതുസംബന്ധിച്ച് വിശദീകരിച്ചത്. അങ്ങനെ നിഷ്പക്ഷവും നീതിപൂർവ്വവുമായിട്ടുള്ള നിലയിലാണെങ്കിൽ ഇതുസംബന്ധിച്ച് വ്യക്തമായ തെളിവുകളാണ് (കാസറ്റിൽ/സി.ഡി.യിൽ രേഖപ്പെടുത്തത്തക്ക തരത്തിലുള്ള തെളിവുകൾ) സഖാവ് കോടിയേരി ബാലകൃഷ്ണൻ ഇവിടെ വച്ചത്. കാസറ്റിനെക്കുറിച്ചുള്ള കാര്യങ്ങളിൽ പോലും നിങ്ങൾക്ക് വ്യക്തമായി ഉത്തരം തരാൻ കഴിയുന്നില്ല. ഇങ്ങനെ, ഉയർന്നുവന്നിട്ടുള്ള അഴിമതികൾ ഓരോന്നും തേച്ചുമാച്ചുകളഞ്ഞ് രക്ഷപ്പെടാനുള്ള അത്യന്തം ഹീനമായ ശ്രമമാണ് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു ഗവൺമെന്റിന്റെ കൊള്ളരുതായ്മയെപ്പറ്റിയും കൊടിയ അഴിമതിയെ സംബന്ധിച്ചും തെളിവുകൾ സഹിതം പറയാൻ കഴിയുന്ന കാര്യങ്ങൾ ഓരോന്നും പല പ്രാവശ്യമായി ഗവൺമെന്റിന്റെയും ജനങ്ങളുടെയും മുമ്പിൽ ഞങ്ങൾ തുറന്നുകാട്ടിയിട്ടുണ്ട്. അതുകൊണ്ട് മി. മാണിക്ക് മന്ത്രിസഭയിൽ തുടരാൻ അവകാശമില്ല. സത്യസന്ധമായിട്ടാണെങ്കിൽ, 'ഈ ആക്ഷേപത്തെപ്പറ്റി ഞാൻ കോടതിയിൽ ചോദ്യം ചെയ്യുന്നതാണ്, ഇപ്പോൾ ഞാൻ രാജിവച്ച് പുറത്തുപോകുകയാണ് എന്നുപറയാനുള്ള ധൈര്യം അദ്ദേഹത്തിനുണ്ടോയെന്നാണ് ഞങ്ങൾക്ക് അറിയേണ്ടത്. അങ്ങനെ ഓരോ അഴിമതിക്കാരും കോടതിയുടെ മുമ്പിൽ വരികയും കോടതി അതുസംബന്ധിച്ച് അവസാന തീരുമാനമെടുക്കുകയും ചെയ്യട്ടെ. അതിനുള്ള സൗകര്യങ്ങളുണ്ടാക്കാതെ വിതണ്ഡവാദം പറഞ്ഞ് ഞാനൊന്നും അറിഞ്ഞിട്ടില്ലായെന്നുമാത്രം കൈമലർത്തിയാൽ വളരെ വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഉന്നയിച്ചിട്ടുള്ള ഈ ആക്ഷേപങ്ങളിൽനിന്ന് ആർക്കാണ് പിന്നോട്ടുപോകാൻ കഴിയുക? എല്ലാ അഴിമതിയാരോപണങ്ങളും ചെന്നുനിൽക്കുന്നത് ബഹുമാനപ്പെട്ട മുഖ്യന്ത്രിയിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച് ഒന്നും പറയാനില്ലേ; അദ്ദേഹം എഴുന്നേറ്റ് ഇതിനെക്കുറിച്ച് അദ്ദേഹത്തിന് സംസാരിക്കാനുണ്ട് എന്നുപറയാൻ ഇതുവരെ ധൈര്യം കാണിക്കാത്തത് എന്തുകൊണ്ടാണെന്നാണ് ഞാൻ ചോദിക്കുന്നത്. ഈ ഗവൺമെന്റിലെ പലർക്കും പണം കൊടുത്തിട്ടുള്ളതിനെക്കുറിച്ച് വ്യക്തമായ തെളിവുകളോടെ പറയാൻ കഴിയുമെന്ന് ഈ സഭയുടെ ചീഫ് വിപ്പായ ശ്രീ. പി. സി. ജോർജ് തന്നെ പറഞ്ഞിട്ടുണ്ട്. ശ്രീ. കെ. എം. മാണിക്കെതിരായ ഈ അഴിമതിയാരോപണത്തിന്റെ പിന്നിലുള്ളത് മുഖ്യമന്ത്രിയാണെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. കണിശമായ വ്യക്തതയോടുകൂടിയുള്ള വസ്തുത അദ്ദേഹത്തിന്

കിട്ടാതെ അദ്ദേഹംകൂടി അംഗീകരിക്കുന്ന ഈ ഗവൺമെന്റിന്റെ മുഖ്യമന്ത്രിയെ സംബന്ധിച്ച് അദ്ദേഹം ഇങ്ങനെ പറയുമോ? മുഖ്യമന്ത്രി അറിഞ്ഞിട്ടാണ് ശ്രീ. കെ. എം. മാണിയുടെ പേരിൽ ഈ ആക്ഷേപം ഉന്നയിച്ചിരിക്കുന്നതെന്ന് അദ്ദേഹം പലതവണ പറഞ്ഞത് ഞാൻതന്നെ പത്രങ്ങൾവഴി വായിച്ചിട്ടുള്ളതാണ്. ഈ ഗവൺമെന്റിന്റെ തലവൻ എന്നുള്ള നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സഭയോട് ഇതുസംബന്ധിച്ച വസ്തുതകൾ തെളിച്ചുപറയാൻ തയ്യാറായിട്ടില്ല. വിലക്കയറ്റംകൊണ്ടും പലതരത്തിലുള്ള തൊഴിൽ നിഷേധംകൊണ്ടും പക്ഷിപ്പനി കൊണ്ടുമെല്ലാം വിഷമതയനുഭിക്കുന്ന കേരളത്തിലെ ജനങ്ങളെ അതിനെല്ലാം വിട്ടുകൊടുത്തിട്ട് അഴിമതിയാരോപണങ്ങളിൽനിന്ന് രക്ഷപ്പെടാൻ മാത്രമുള്ള നിലപാട് സ്വീകരിച്ചിരിക്കുന്ന ഈ ഗവൺമെന്റിന്റെ അഴിമതി സംരക്ഷണ സമീപനത്തെ ശക്തമായി എതിർത്തുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി. )

ശ്രീ. സി. ദിവാകരൻ: സർ, അടിയന്തരപ്രമേയത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ചിട്ടുള്ള അതീവ ഗുരുതരമായ രണ്ടുമൂന്ന് പ്രശ്നങ്ങൾക്ക് ഇപ്പോഴും ശ്രീ. കെ. എം. മാണി മറുപടി പറഞ്ഞിട്ടില്ല. അങ്ങയെപ്പോലെ പരിണിതപ്രജ്ഞനും സീനിയർമോസ്റ്റുമായ ഒരു മന്ത്രി ഈ സഭയിൽ കാണിച്ചതെല്ലാം വളരെ നിർഭാഗ്യകരമായിപ്പോയി. ഇങ്ങനെയൊരു പ്രകോപനത്തിന്റെ കാര്യമില്ല. കേരള സമൂഹത്തിന്റെ മുമ്പിലുള്ള കാര്യങ്ങളാണ് ഞങ്ങൾ ഈ സഭയിൽ അവതരിപ്പിച്ചത്. അതിന് ആത്മനിഷ്ഠാപരമായി പ്രകോപിതനായിട്ട് കാര്യമില്ല. ഇവിടെ ഉന്നയിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി വിജിലൻസിനു വിട്ടിരിക്കുകയാണ്. വിജിലൻസ് താങ്കളിൽനിന്ന് തെളിവെടുത്തു, 30 സാക്ഷികളെ വിസ്തരിച്ചു. ഇനിയും കേസ് നീണ്ടുപോകുന്നു. ഈ കേസിൽ താങ്കൾ പ്രതിയാണെന്നാണ് ജനങ്ങളും ഞങ്ങളും വിശ്വസിക്കുന്നത്. അതിനുള്ള പ്രകടമായ തെളിവ്, ബിജുരമേശ് തന്നെ നിങ്ങളെ വന്ന് കണ്ടുവെന്നും മുഖ്യന്ത്രിയെ കണ്ടുവെന്നും പറയുന്നു, അതാവർത്തിക്കപ്പെടുന്നു. തുകകളെക്കുറിച്ച് പറയുന്നു. ശ്രീ. പി. സി. ജോർജ് 20 കോടിയാണെന്ന് പറയുന്നു. ഞങ്ങൾ 20 കോടിയെന്നോ 5 കോടിയെന്നോ പറഞ്ഞില്ല. ഇതെല്ലാം താങ്കൾക്കെതിരായി സമൂർത്തമായ തെളിവുകൾ വച്ചുകൊണ്ട് പരസ്യമായി പ്രഖ്യാപിച്ചിരിക്കുകയാണ്. അങ്ങ് നിയമവിദഗ്ദ്ധനാണല്ലോ; അങ്ങ് കാണാതെ ഒരു നോട്ട് വന്നുവെന്നും അതുകൊണ്ട് അത് നിയമവകുപ്പ് കാണണമെന്നും പറഞ്ഞു, അങ്ങനെയാണോ നടപടിക്രമം? ക്യാബിനറ്റിൽ വയ്ക്കുന്ന ഫയൽ എങ്ങനെയാണ് പ്രോസസ്സ് ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട

മുഖ്യമന്ത്രിക്കറിയാവുന്നതാണ്. നിയമ വകുപ്പും ബന്ധപ്പെട്ട എല്ലാ ഡിപ്പാർട്ടുമെന്റുകളും കണ്ടിട്ടല്ലേ ഫയൽ വരുന്നത്; അപ്പോൾ താങ്കൾ പറഞ്ഞത് ശരിയാണോ; ശരിയല്ലായെന്നല്ലേ തെളിയുന്നത്? സുപ്രീം കോടതി വിധി അങ്ങനെയല്ലെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു. അവസാനം അങ്ങ് വായിച്ചത്, അസാധാരണമായ സിറ്റുവേഷനിലാണെങ്കിൽ റിലാക്സ് ചെയ്യാമെന്നാണ്. അസാധാരണമായ സിറ്റുവേഷൻ എന്താണെന്ന് ജനങ്ങൾക്ക് ബോധ്യപ്പെട്ടിട്ടില്ല. അഴിമതിയിൽ കൊടുക്കുന്നവനും വാങ്ങുന്നവനും കുറ്റവാളിയാണ്. അഴിമതി കൊടുത്തു എന്നുപറയുന്ന ആൾ ജീവിച്ചിരിക്കുകയും നുണപരിശോധനയ്ക്ക് വിധേയനാകാമെന്ന് പറയുകയും നിങ്ങളെ വെല്ലുവിളിക്കുകയും ചെയ്തിരിക്കുന്നു. ഇതിൽക്കൂടുതൽ എന്ത് തെളിവാണ് വേണ്ടത്. അയാളെ അറസ്റ്റ് ചെയ്ത് നുണപരിശോധന നടത്തുന്നതോടൊപ്പം വാങ്ങിയ ആളിന്റെയും നുണപരിശോധന നടത്തണം. ഒരു ദിവസം രാവിലെ ഒരു അബ്കാരി നേതാവ് വന്ന് കേരളത്തിലെ വലിയ പാരമ്പര്യമുള്ള ഒരു മന്ത്രി എന്റെ കൈയിൽനിന്ന് ഒരുകോടി രൂപ വാങ്ങിയെന്നും അതിന് തെളിവുണ്ട് എന്നും ഇത്രകോടി പിരിച്ചു, ഇത്ര ചോദിച്ചു, ഇത്ര കൊടുത്തു, കാർ നമ്പർ ഇന്നതാണ് എന്നും വെറുതെ പറയുവാൻ ഇതെന്താ വെള്ളരിക്കാപട്ടണമാണോ? ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, കാർ നമ്പർ നോട്ട് ചെയ്ത് അതിന്റെ ഉടമസ്ഥനെ കണ്ടുപിടിച്ച് ആ കാർ കസ്റ്റഡിയിലെടുക്കുകയല്ലേ ചെയ്യേണ്ടത്? അങ്ങനെയുള്ള നടപടിക്രമങ്ങളൊന്നും ഇവിടെ നടക്കുന്നില്ല. നിയമസഭയിൽ വന്നാൽ ഞങ്ങൾ മാണിസാറിനെ പൂമാലയിട്ട് സ്വീകരിക്കണമെന്നാണോ പറയുന്നത്. അബ്കാരിക്കാരിൽനിന്ന് കോഴവാങ്ങിയതിന് ഞങ്ങളാണോ നിങ്ങൾക്കെതിരെ ആരോപണം കൊണ്ടുവന്നത്? ആരോപണം കൊണ്ടുവന്നത് അബ്കാരിക്കാരാണ്. അവർ അത് പത്രങ്ങളിലൂടെ ആവർത്തിക്കുകയും ദൃശ്യമാധ്യമങ്ങളിൽ പറയുകയും ചെയ്യുന്നു. അതുസംബന്ധിച്ച് ഇപ്പോൾ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നു. അതാണ് ഞങ്ങൾ പറയുന്നത്. ...... (തടസ്സം) .........

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്..... പ്ലീസ്...... പ്ലീസ്.... 4 മിനിട്ടായി. ...... (ബഹളം) ..... പ്ലീസ് കൺക്ലൂഡ്.

ശ്രീ. സി. ദിവാകരൻ: സർ, അവരോട് ഇരിക്കാൻ പറയണം. ........ (തടസ്സം) ......... നിങ്ങൾ അധികം ബഹളം വയ്ക്കണ്ട. എനിക്ക് നിങ്ങളെ എല്ലാവരെയും അറിയാം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്... ശ്രീ. തോമസ് ഉണ്ണിയാടൻ പ്ലീസ്... നിങ്ങൾ പരസ്പരം സംസാരിക്കരുത്. ശ്രീ. സി. ദിവാകരൻ, പ്ലീസ് കൺക്ലൂഡ്.

ശ്രീ. സി. ദിവാകരൻ: സർ, നിങ്ങൾ വ്യക്തിപരമായി പറയുന്ന ഒരു കാര്യത്തിനും ഞാൻ മറുപടി പറയാൻ ഉദ്ദേശിക്കുന്നില്ല. ....... (ബഹളം)..... വൈസ് ചാൻസലറുടെ കൈയിൽനിന്നും വാങ്ങിയ പണമെവിടെ...... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. ദിവാകരൻ, ചെയറിനെ നോക്കി സംസാരിക്കൂ. ..... (ബഹളം).....

ശ്രീ. സി. ദിവാകരൻ: സർ, അടിയന്തരപ്രമേയത്തിൽ ഉന്നയിക്കപ്പെട്ട ഒരു വിഷയത്തിന്മേൽ നിയമസഭയിലെ നടപടിക്രമമനുസരിച്ചാണ് ഞാൻ സംസാരിക്കുന്നത്. ..... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: അഞ്ച് മിനിട്ട് കഴിഞ്ഞു.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. അവർ സംസാരിക്കാൻ അനുവദിക്കുന്നില്ല. ബഹുമാനപ്പെട്ട ചെയർ പ്രതിപക്ഷ അംഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹളം രണ്ടുഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട് ..... പ്ലീസ് കൺക്ലൂഡ്.

ശ്രീ. സി. ദിവാകരൻ: സർ, ഇവിടെ ഉന്നയിക്കപ്പെട്ട പ്രധാനപ്പെട്ട ആക്ഷേപങ്ങൾക്കൊന്നും മറുപടിയില്ല. മാണിസാറിന്റെ വീട്ടിൽ വന്നു എന്ന് അവർ പറയുന്നു, വന്ന തീയതിയും കാർ നമ്പറും പറയുന്നു, തന്ന തുക പറയുന്നു, പറയുന്ന ആൾ ജീവിച്ചിരിക്കുന്നു. ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ചോദിക്കട്ടെ; അയാളെ എന്തുകൊണ്ടാണ് നുണപരിശോധനയ്ക്ക് വിധേയനാക്കാത്തത്?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, അത് അന്വേഷണ ഉദ്യോഗസ്ഥർ ചെയ്യേണ്ട കാര്യങ്ങളാണ്. നിങ്ങൾ പറഞ്ഞ കാര്യങ്ങളെല്ലാം അന്വേഷണത്തിന്റെ ഒരു പ്രോസ്സസാണ്. അത് നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ മന്ത്രിക്ക് എന്ത് കാര്യമാണുള്ളത്?

ശ്രീ. സി. ദിവാകരൻ: സർ, സഭയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച നടപടിക്രമങ്ങളെല്ലാം വിജിലൻസ് ഡിപ്പാർട്ടുമെന്റ് നടത്തുമെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. 30 സാക്ഷികൾ ഉള്ള ഈ കേസിൽ വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുമ്പോൾ, പണം നൽകിയ ആൾ നുണപരിശോധന വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ, സഭയിൽ ഇത് ഉന്നയിക്കപ്പെട്ടപ്പോൾ ആരോപണവിധേയനായ മന്ത്രി ആ സ്ഥാനത്ത് ഇരിക്കാമോ? ഇദ്ദേഹം ഒരു ചെറിയ ഭരണാധികാരിയല്ല, ഖജനാവിന്റെ സൂക്ഷിപ്പുകാരനായ മന്ത്രിയാണ്.

ആത്മാഭിമാനമുണ്ടെങ്കിൽ, ജനാധിപത്യത്തിൽ വിശ്വാസമുള്ള മന്ത്രിയാണെങ്കിൽ രാജിവച്ച് ഈ വെല്ലുവിളിയെ നേരിടാൻ അദ്ദേഹത്തോട് നിങ്ങൾ പറയണം. നിങ്ങളുടെ നേതാവ് ഒരു കാശും വാങ്ങിയിട്ടില്ല എന്നും അഗ്നിപരീക്ഷ കഴിഞ്ഞുവരാൻ തയ്യാറാണെന്നും പറയാൻ നിങ്ങളിൽ ആർക്കെങ്കിലും ധൈര്യമുണ്ടോ? ശ്രീ. പി. സി. ജോർജ് മന്ത്രിയാകുന്നതിൽ ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമൊന്നുമില്ല. ശ്രീ. കെ. എം. മാണിയുടെ രാഷ്ട്രീയ ജീവിത ചരിത്രത്തിലെ കളങ്കമാണിത്. അദ്ദേഹം കളങ്കരഹിതനാണെങ്കിൽ അന്വേഷണത്തിന് വിധേയനാവണം. തല്ക്കാലം മന്ത്രിസഭയിൽനിന്ന് രാജിവച്ച് പുറത്തുപോകണം. പുറത്തുപോകാൻ സന്നദ്ധനല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തെ ഡ്രോപ്പ് ചെയ്ത് ഇനിയുള്ള ദിവസങ്ങളിൽ അഴിമതി കുറയ്ക്കാൻവേണ്ടി ശ്രമിക്കണം. മാതൃകാപരമായി ആദ്യം അത് ചെയ്യേണ്ടത് ഭരണകർത്താക്കളാണ്. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്ന് തീരുമാനിച്ചത് നഗ്നമായ ജനാധിപത്യവിരുദ്ധ സമീപനമാണ്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു. റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ പ്രതിപക്ഷത്തെ നാണമില്ലാത്തവർ എന്നൊരു വാക്ക് ഉപയോഗിച്ചത് രേഖയിൽ കിടപ്പുണ്ട്. കൈക്കൂലി വാങ്ങിയ ആൾക്കില്ലാത്ത നാണമെന്തിനാണ് ഈ ആരോപണം ഉന്നയിക്കുന്നവർക്ക് ഉണ്ടാകേണ്ടത്? കൈക്കൂലി വാങ്ങിയ ഒരാൾ നാണമില്ലാതെ ധനകാര്യ വകുപ്പുമന്ത്രിയായി ഇരിക്കുകയാണ്. ആ മന്ത്രിയെ സംരക്ഷിക്കാൻ നാണമില്ലാത്ത കുറെയേറെ ഭരണകക്ഷി എം.എൽ.എ.മാർ ഇവിടെ ശബ്ദമുണ്ടാക്കുമ്പോൾ ഞങ്ങൾക്ക് നാണമില്ലേ എന്ന് ചോദിക്കാൻ ഈ മന്ത്രിക്ക് നാണമില്ലേ? 2011 മുതൽ ധനകാര്യ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന വമ്പിച്ച കൊള്ളയുടെ ചെറിയൊരംശം മാത്രമാണ് ഇപ്പോൾ ബാർ കോഴയായി പുറത്തുവന്നുകൊണ്ടിരിക്കുന്നത്. എല്ലാ കാര്യത്തിലും അതിവേഗത അവകാശപ്പെടുന്ന ഒരു ഗവൺമെന്റാണല്ലോ ഇത്. വളരെ കൃത്യമായി തെളിവുകൾ സഹിതം ഒരു മന്ത്രിക്കെതിരെ ആരോപണം ഉന്നയിച്ചിട്ട് ഒരു മാസമായിട്ടും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാത്ത അതിവേഗതയാണ് ഈ സർക്കാരിന്റേത്. നിയമ വകുപ്പുമന്ത്രി കാണാതിരുന്നതുകൊണ്ടാണ് മന്ത്രിസഭയിൽവന്ന ഫയൽ ഒന്നുകൂടി പോയിട്ട് വരണമെന്ന് പറഞ്ഞത്, അല്ലാതെ കൈക്കൂലി വാങ്ങാൻവേണ്ടി അല്ലായിരുന്നു എന്നാണ് ഇപ്പോൾ പറയുന്നത്. കേരളത്തിലെ മുഖ്യമന്ത്രി മന്ത്രിസഭയിൽ വയ്ക്കാൻ ഉത്തരവിട്ട ഒരു ഫയലാണ് മന്ത്രിസഭയിൽ വന്നത്. അത് നിയമ വകുപ്പുമന്ത്രി കാണേണ്ടിയിരുന്ന ഒരു ഫയലാണോ അല്ലയോ എന്ന് തീരുമാനിക്കാനുള്ള വിവേചനബുദ്ധി കേരളത്തിലെ മുഖ്യമന്ത്രിക്കില്ലേ?

മുഖ്യമന്ത്രി മന്ത്രിസഭയിൽ വയ്ക്കാൻ ഉത്തരവിട്ട ഒരു ഫയൽ ചർച്ച ചെയ്യുമ്പോൾ ഇത് ഞാൻ പ്രത്യേകം കണ്ടിട്ട് വന്നാൽ മതി എന്നുപറഞ്ഞ് ധനകാര്യ വകുപ്പുമന്ത്രി അത് മാറ്റി വച്ചു. അങ്ങനെ ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച വികാരമെന്താണെന്നുള്ളതാണ് ഡോ. ബിജു രമേശിന്റെ വെളിപ്പെടുത്തലിലൂടെ പുറത്തുവന്നു കൊണ്ടിരിക്കുന്നത്. ഇപ്പോൾ നടക്കുന്ന അന്വേഷണമെന്താണ്? ധനകാര്യ വകുപ്പുമന്ത്രിയെപ്പറ്റി ആർക്കും ഒരു സംശയവുമില്ലെന്നാണ് മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത്. യു.ഡി.എഫ്. ഉന്നതതലയോഗം ചേർന്ന് ധനകാര്യ വകുപ്പുമന്ത്രിയുടെ പിന്നിൽ പാറപോലെ ഉറച്ച് നിൽക്കാൻ തീരുമാനിച്ചു. ആഭ്യന്തര വകുപ്പുമന്ത്രിയും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ഒരു സംശയവുമില്ലാത്ത മുഖ്യമന്ത്രിയും പാറപോലെ ഈ XXXXX * മുൻപിൽ അടിയുറച്ചുനിൽക്കുമെന്ന് തീരുമാനമെടുത്ത യോഗത്തിൽ പങ്കെടുത്ത ആഭ്യന്തര വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ നടക്കുന്ന അന്വേഷണം വെറും പ്രഹസനമായിപ്പോകും എന്ന കാര്യത്തിൽ എന്താണ് സംശയം? കേരള കോൺഗ്രസ്സ് യോഗത്തിനുശേഷം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ സഹപ്രവർത്തകനായ ജലസേചന വകുപ്പുമന്ത്രി പത്രസമ്മേളനം നടത്തിക്കൊണ്ടിരുന്നപ്പോൾ, 'അധികം പ്രകോപിപ്പിക്കരുത്, പ്രകോപിപ്പിച്ചാൽ ബാറുടമകൾ കൂടുതൽ തെളിവുകൾ കൊണ്ടുവരും' എന്ന് അദ്ദേഹത്തിന്റെ ചെവിയിൽ ഓതിക്കൊടുത്ത ധനകാര്യ വകുപ്പുമന്ത്രി എന്തൊക്കെയാണ് മറയ്ക്കാൻ ശ്രമിക്കുന്നതെന്ന് ഇതിനോടകം വ്യക്തമായിക്കഴിഞ്ഞിരിക്കുകയാണ്. ഇന്ന് എല്ലാ വകുപ്പുകളിലും അഴിമതിയാണ്. എല്ലാ വകുപ്പുകളെയും ഉപയോഗിച്ച് അതാത് മന്ത്രിമാർ അഴിമതി നടത്തുമ്പോൾ എല്ലാ വകുപ്പുകളിലെയും അഴിമതിയുടെ പങ്ക് പറ്റുന്ന ഒരു സർവ്വവ്യാപ അഴിമതി മന്ത്രിയായി ധനകാര്യ വകുപ്പുമന്ത്രി മാറിയിരിക്കുന്ന സ്ഥിതിയാണുള്ളത്. 2014 ഏപ്രിൽ മാസം ഒന്നാംതീയതി മുതൽ നടപ്പാക്കേണ്ട മദ്യനയമാണ് ഇപ്പോഴും ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ആദ്യം 418 ബാറുകൾ പൂട്ടുന്നു, അതിനുശേഷം ഫൈവ് സ്റ്റാർ ബാറുകൾക്ക് മാത്രം അനുമതി, പിന്നീട് കോടതി ഇടപെടൽ. ഏപ്രിൽ മാസം ഒന്നാം തീയതി നടപ്പിലാക്കേണ്ട നയത്തെപ്പറ്റി ഡിസംബർ മാസം ആയിട്ടും ഈ ഗവൺമെന്റിന് തീരുമാനമെടുക്കാൻ സാധിച്ചിട്ടില്ല. ഗവൺമെന്റിന്റെ നയം വളരെ വ്യക്തമാണ്, ബാർ തുറക്കണമെങ്കിൽ കോഴ വേണം. 'കോഴ ഇല്ലെങ്കിൽ ബാർ ഇല്ല' എന്ന വളരെ ലളിതമായ മദ്യനയമാണ് ഈ ഗവൺമെന്റിന്റേത്. കോഴിയെ കൊല്ലാനും കോഴ വാങ്ങിക്കാനും മാത്രമാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്. വേറെ ഒരു കാര്യത്തിലും ഈ സർക്കാരിന് ഒന്നും ചെയ്യാൻ സാധിക്കുന്നില്ലായെന്ന ഒരവസ്ഥയിൽ എത്തി നിൽക്കുകയാണ്. ബഹുമാനപ്പെട്ട ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് ആദ്യംമുതൽ ചോദിക്കുന്ന ചോദ്യമാണ് - "1 കോടിരൂപ മാണി സാറിന് നൽകി എന്നത് അവിടെ നിൽക്കട്ടെ, 2 കോടിരൂപ ബാറുടമകൾ കേസിനുവേണ്ടി ചെലവാക്കിയതും കഴിഞ്ഞ് ബാക്കി

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 6808/ഇ.ബി. / 2014/നി.സെ/3-12-2014) സഭാരേഖകളിൽനിന്നും നീക്കംചെയ്തു.

12 കോടി രൂപ എവിടെപ്പോയി; ഏത് മന്ത്രിയാണ് അത് വാങ്ങിയത്; ഇക്കാര്യങ്ങളെപ്പറ്റി അന്വേഷിക്കണം." ഇത് പറഞ്ഞത് ഞാനല്ലല്ലോ; ഞങ്ങളിലാരെങ്കിലുമല്ലല്ലോ; ബഹുമാനപ്പെട്ട ചീഫ് വിപ്പല്ലേ? രണ്ടുമന്ത്രിമാർകൂടി ഈ കോഴയിൽ പങ്കാളികളായിട്ടുണ്ട് എന്നുപറയുമ്പോൾ ഒരു മന്ത്രിയുടെ കാര്യം ബഹുമാനപ്പെട്ട ചീഫ് വിപ്പ് സമ്മതിച്ചിരിക്കുന്നു. രണ്ടുമന്ത്രിമാർകൂടി ഉണ്ട് എന്നത് മാത്രമാണ് അദ്ദേഹത്തിന്റെ കേസ്.

മി. ഡെപ്യൂട്ടി സ്പീക്കർ : 5 മിനിറ്റ് ആയി. പ്ലീസ് കൺക്ലൂഡ്.... പ്ലീസ്... പ്ലീസ്.... കേസിൽ.

ശ്രീ. മാത്യൂ റ്റി. തോമസ്: ആദ്യമായിട്ടാണ് കേരളത്തിൽ ഇങ്ങനെയൊരു അഴിമതിക്കേസ് ഉണ്ടാകുന്നത്. കേരള രാഷ്ട്രീയം കേട്ടിട്ടും കണ്ടിട്ടുമില്ലാത്ത ഒരു അഴിമതി ആരോപണമാണ് ഒരു മന്ത്രി നേരിട്ട് കോഴ വാങ്ങിക്കുക എന്നത്. അതിനെ സംബന്ധിച്ചുള്ള ചർച്ചയാണ് നടക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.... പ്ലീസ്... പ്ലീസ്.... കേസിൽ.......

ശ്രീ. മാത്യൂ റ്റി. തോമസ് : സർ, അവിഹിതമായി സ്വത്ത് സമ്പാദിച്ച കേസിൽ ശ്രീ. ടി. ഒ. സൂരജ് പറഞ്ഞത്, 'എന്നോട് അധികം കളിച്ചാൽ കുറെ മഹാന്മാരുടെ പേര് കൂടി ഞാൻ ഇവിടെ പറയും' എന്നാണ്. സുപ്രീം കോടതി വിധി ലംഘിച്ച കാര്യം ഇവിടെ സൂചിപ്പിച്ചു. 7 ദിവസമെന്നുള്ളത് 15 ദിവസമായി. 15 ദിവസത്തിനകം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാത്ത ഒരു അസാധാരണമായ എന്ത് സാഹചര്യമാണ് ഇവിടെയുള്ളത്? എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്താൽ സർക്കാർ താഴെവീഴും എന്നതുമാത്രമാണ് ഇവിടെയുള്ള അസാധാരണത്വം. ആരോപണങ്ങൾക്ക് തെളിവില്ല എന്നുപറഞ്ഞു. ഡോ. ബിജു രമേശിന്റെ വക്കാലത്തിന് നൽകിയ മറുപടി നോട്ടീസ് തെളിവായി നൽകാൻ തയ്യാറാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: 6 മിനിറ്റ് ആയില്ലേ. ഇനിയും സമയം വേണോ? പ്ലീസ് കൺക്ലൂഡ്.... പ്ലീസ് .

ശ്രീ. മാത്യൂ റ്റി. തോമസ് : സർ, തെളിവായി ഇവിടെ സി.ഡി. എടുത്ത് കാണിക്കുമ്പോൾ, ഈ അഴിമതിയിൽ ധനകാര്യ വകുപ്പുമന്ത്രിക്ക് പങ്കില്ലായെങ്കിൽ, 'ആ സി.ഡി. മേശപ്പുറത്ത് വയ്ക്കൂ' എന്ന് വെല്ലുവിളിക്കാനുള്ള ആർജ്ജവം എന്തുകൊണ്ടാണ് അങ്ങേയ്ക്ക് ഇല്ലാതെ പോയത്? സി.ഡി. സഭയുടെ മേശപ്പുറത്ത് വച്ചാൽ അത് അയാഥാർത്ഥ്യമാണെന്ന് തെളിയിക്കാമെന്ന് അങ്ങേയ്ക്ക് ശ്രീ. കോടിയേരി ബാലകൃഷ്ണനെ വെല്ലുവിളിക്കാമോ? നിങ്ങൾ എന്തോ ഭയപ്പെടുന്നു. നിയമത്തിനുമുൻപിൽ എല്ലാവരും തുല്യരാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: 7 മിനിറ്റ് ആയി. പ്ലീസ് കൺക്ലൂഡ്.... പ്ലീസ് ....

ശ്രീ. മാത്യു റ്റി. തോമസ് : സർ, കുറ്റം ചെയ്തുവെന്ന് വളരെ വ്യക്തമായി തെളിയിക്കപ്പെട്ടപ്പോൾ കുറ്റം ചെയ്ത ആൾക്കെതിരെ എഫ്.ഐ.ആർ. എടുക്കാൻ കേരളത്തിലെ നിയമസംവിധാനം എന്തിന് മടിച്ചുനിൽക്കുന്നു? അതാണ് പ്രശ്നം. ഇവിടെ നടക്കുന്ന ഒരു കൊടിയ അഴിമതി വ്യക്തമായ തെളിവുകളോടെ പുറത്തുവരുമ്പോൾ, അഴിമതിവിരുദ്ധ രാഷ്ട്രീയം ആഗ്രഹിക്കുന്ന എല്ലാവരും ആഗ്രഹിക്കുന്നത് ആരോപിതനായ വ്യക്തിക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണം, ശ്രീ. കെ. എം. മാണി രാജി വെയ്ക്കണം എന്നാണ്. കേസ് നടക്കുമ്പോൾ മന്ത്രി രാജി വെയ്ക്കണം, രാജി വെച്ചില്ലെങ്കിൽ പുറത്ത് നിർത്താനുള്ള ആർജ്ജവം യു.ഡി.എഫ്. ഗവൺമെന്റ് കാണിക്കണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. തോമസ് ചാണ്ടി: സർ, കേരളത്തിന്റെ മുഖ്യമന്ത്രിയോടാണ് എനിക്ക് ചോദ്യങ്ങൾ ചോദിക്കാനുള്ളത്. കുറേ ദിവസങ്ങളായി ഇവിടത്തെ ചാനലുകളിലൂടെയും പത്രങ്ങളിലൂടെയും ആരോപണ പ്രത്യാരോപണങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഏറ്റവും അവസാനം ഇപ്പോൾ നിയമസഭയെ പ്രക്ഷുബ്ധമാക്കിക്കൊണ്ട് അത് സഭയിലും വന്നുകഴിഞ്ഞു. ഇതെല്ലാം ഈ ഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികലമായ മദ്യനയത്തിന്റെ മറ്റൊരുവശം മാത്രമാണ്. ഞാൻ ടൂറിസം മേഖലയിലും പ്രവർത്തിക്കുന്ന ഒരാളാണ്. ഹൗസ് ബോട്ടായാലും, ട്രാവൽ ഏജൻസി ആയാലും കഴിഞ്ഞ കുറേ വർഷങ്ങളായി ടൂറിസത്തിന്റെ വികസനം എത്ര സ്പീഡിലായിരുന്നു നടന്നിരുന്നത്? ഇങ്ങനെയാണ് പോകുന്നതെങ്കിൽ 2015 അവസാനിക്കുമ്പോൾ ടൂറിസത്തിന്റെ മാപ്പിൽനിന്നും കേരളത്തെ വെട്ടിക്കളയേണ്ടിവരും. ഒരു ഹോട്ടലിൽ നൂറ് രൂപ വരുമാനമുണ്ടെങ്കിൽ 20 രൂപ ഗവൺമെന്റിനുള്ളതാണ്. ബാക്കിയുള്ളതിൽനിന്നാണ് സാധനങ്ങൾ വാങ്ങുന്നതും ശമ്പളം നൽകുന്നതും. 20 രൂപയാണ് ലക്ഷ്വറി ടാക്സ്. അപ്പോൾ ലക്ഷ്വറി ടാക്സിൽനിന്നുള്ള ഒരു വർഷത്തെ വരുമാനം എത്ര കോടി രൂപയാണ്? ടൂറിസത്തിന്റെ വരുമാനം എന്നുപറയുന്നത് മദ്യത്തിൽനിന്നും മാത്രം ലഭിക്കുന്നതല്ല. ടൂറിസത്തിന്റെ 5 ശതമാനം മാത്രം വരുമാനമുള്ള ഒരു പാർട്ടാണ് മദ്യം. ഒരു ഹാൾ ബുക്ക് ചെയ്തുകഴിഞ്ഞാൽ അല്ലെങ്കിൽ ഒരു ഹോട്ടൽ മുറിയിൽ താമസിച്ചാൽ അതിന്റെ 20 ശതമാനം ഗവൺമെന്റിന് നൽകിയേ പറ്റൂ. കൃത്യമായി ഒന്നാം

തീയതി ടാക്സ് അടച്ചില്ലെങ്കിൽ നോട്ടീസ് വരും. ആ തരത്തിൽ ടൂറിസം മേഖല വളർന്നുനിൽക്കുന്ന സാഹചര്യത്തിലാണ് വികലമായ ഈ മദ്യനയം കൊണ്ടുവന്നിരിക്കുന്നത്. ഒരു നിലപാടെടുത്താൽ അതിൽ ഉറച്ചുനിൽക്കുന്ന തന്റേടമുള്ള മന്ത്രിയാണ് കേരളത്തിലെ മുഖ്യമന്ത്രിയെന്നാണ് കരുതിയിരുന്നത്. എന്നാൽ ആദ്യം എടുത്ത നിലപാടിൽനിന്നും അങ്ങ് പെട്ടെന്ന് മാറി. നിലവാരമുള്ള ബാറുകൾ തുറക്കണം അല്ലാത്തത് പൂട്ടണം, പിന്നീട് ഘട്ടം ഘട്ടമായി എല്ലാ ബാറുകളും പൂട്ടണമെന്നാണ് അങ്ങ് ആദ്യമെടുത്ത നിലപാട്. പിന്നീട് അതിൽനിന്ന് മാറി. 12 ശതമാനം പലിശയ്ക്ക് കോടിക്കണക്കിന് രൂപ ബാങ്കിൽനിന്നും വായ്പയെടുത്ത് ഈ രംഗത്ത് മുടക്കിയിരിക്കുന്ന ആളുകളുണ്ട്. നിങ്ങളുടെ വികലമായ മദ്യനയം മാറ്റിയില്ലെങ്കിൽ ഈ സംസ്ഥാനത്ത് ലക്ഷോപലക്ഷം ആളുകൾ വഴിയാധാരമാകും. ഈ ഗവൺമെന്റിന്റെ വികലമായ മദ്യനയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ടവരും സഭയിൽനിന്നും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

[11.00 AM]

ശ്രീ. വി. ശിവൻകുട്ടി : .................... (മൈക്ക് ഓഫ്)

മി. ഡെപ്യൂട്ടി സ്പീക്കർ: ഡയസിനുമുന്നിൽ നിന്നും ചോദ്യം ചോദിച്ചാൽ മറുപടി പറയാൻ സാധിക്കില്ല. സീറ്റിൽനിന്ന് ചോദിച്ചാൽ മറുപടി പറയാം. അടിയന്തരപ്രമേയത്തിന് അവതരണാനുമതി ചോദിച്ചു, അത് നിഷേധിച്ചതിനെ തുടർന്ന് വാക്കൗട്ട് പ്രസംഗവും നടത്തി. അടുത്ത ഘട്ടത്തിലേയ്ക്കും പ്രവേശിച്ചു. സീറ്റിനടുത്തുനിൽക്കുന്ന ശ്രീ. എ. കെ. ബാലൻ പറയൂ എന്താണ് വിഷയം.

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് കൊണ്ടുവന്ന അടിയന്തരപ്രമേയത്തിന് മറുപടിപറയുന്ന വേളയിൽ മദ്യലോബിയുമായി ഗൂഢാലോചന നടത്തിയിട്ടാണ് ഈ പ്രമേയം ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് കൊണ്ടുവന്നത് എന്ന അർത്ഥത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പരാമർശിച്ചു. അത് റിക്കോർഡിൽ നിന്ന് മാറ്റണ്ടേ ?

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ പരിശോധിച്ച് ഇന്ന് തന്നെ അതിന് മറുപടി പറയാം. ആവശ്യമുണ്ടെങ്കിൽ അത് രേഖയിൽനിന്നും നീക്കം ചെയ്യാം. .....

(ബഹളം)....... സഭ നടത്തണ്ടേ? ചെയർ മറുപടി പറയട്ടെ. പ്രൊസീഡിംഗ്സിന്റെ കോപ്പിയെടുക്കാനയച്ചിട്ടുണ്ട്. അത് പരിശോധിച്ച് രേഖയിൽനിന്നും നീക്കേണ്ട ആവശ്യമുണ്ടെങ്കിൽ ഇപ്പോൾ തന്നെ അത് നീക്കാം. ......(ബഹളം).......

ശ്രീ. തോമസ് ഉണ്ണിയാടൻ: ബഹുമാന്യനായ മാത്യു റ്റി. തോമസ് പ്രസംഗിച്ച സമയത്ത് ബഹുമാന്യനായ മാണിസാറിനെക്കുറിച്ച് xxxxxxx* എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. അത് രേഖയിലുണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് ചെയർ പരിശോധിക്കാം.

## V. ശ്രദ്ധ ക്ഷണിക്കൽ

### 1. മരുന്നുകളുടെ വിലക്കയറ്റവും ദൗർലഭ്യവും

ശ്രീ. ബെന്നി ബെഹനാൻ: മരുന്നുകളുടെ വിലനിയന്ത്രണം നീക്കിയതുമൂലം മരുന്നുകൾക്ക് അനുഭവപ്പെടുന്ന വിലക്കയറ്റവും ദൗർലഭ്യവും പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു വേണ്ടിയാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ ഉന്നയിക്കുന്നത്. അടുത്ത കാലങ്ങളിൽ കേന്ദ്രഗവൺമെന്റെടുത്ത ചില തീരുമാനങ്ങളുടെ ഫലമായിട്ടാണ് മരുന്നുകളുടെ വിലവർദ്ധിക്കുന്നതും ദൗർലഭ്യമുണ്ടാകുന്നതും. കഴിഞ്ഞ സെപ്തംബർ 22-ാം തീയതി ഔഷധ വിലനിയന്ത്രണത്തിനുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ ഔഷധ വിലനിയന്ത്രണ അധികാരം കേന്ദ്രസർക്കാർ പരിമിതപ്പെടുത്തി. 2013-ലെ ഔഷധ വിലനിയന്ത്രണ ഉത്തരവ് പ്രകാരം പ്രത്യേക സാഹചര്യങ്ങളിൽ, പൊതുതാൽപ്പര്യമനുസരിച്ച് അവശ്യമരുന്നുകളുടെ പട്ടികയ്ക്ക് പുറത്തുള്ള മരുന്നുകളുടെ വില നിയന്ത്രിക്കാൻ സർക്കാരിനുണ്ടായിരുന്ന അധികാരമാണ് കേന്ദ്രഗവൺമെന്റ് റദ്ദാക്കിയത്. 1970-ൽ പേറ്റന്റ് നിയമത്തോടൊപ്പം ഔഷധവില കുറയ്ക്കുന്നതിന് വിലനിയന്ത്രണം പങ്കുവച്ചു. അവശ്യമരുന്നുകളുടെ പട്ടികയ്ക്ക് പുറത്തുള്ള മരുന്നുകളുടെ വില നിയന്ത്രിക്കാനുള്ള അധികാരം നാഷണൽ ഡ്രഗ്സ് പ്രൈസിംഗ് അതോറിറ്റിക്ക് നൽകിക്കൊണ്ട് ഔഷധവില നിയന്ത്രണ നിയമത്തിലെ 19, 3 ഡി എന്നീ വകുപ്പുകളനുസരിച്ചാണ് പ്രമേഹം, എയ്ഡ്സ്, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾക്കുള്ള 108 ഇനം മരുന്നുകളുടെ വിലനിയന്ത്രണത്തിന്

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 6808/ഇ.ബി. / 2014/നി.സെ/3-12-2014) സഭാരേഖകളിൽനിന്നും നീക്കംചെയ്തു.

വിധേയമാക്കിയത്. ഇതിനെതിരെ ബഹുരാഷ്ട്ര കമ്പനികൾ രംഗത്തെത്തി. ഔഷധ നിർമ്മാണത്തിലെ 19-ാം വകുപ്പ് റദ്ദ് ചെയ്യതോടോപ്പം ക്ഷയരോഗമുൾപ്പടെയുള്ള രോഗങ്ങൾക്കുള്ള മരുന്നുകളുടെ വില വർദ്ധിച്ചിരിക്കുകയാണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിൽ വളർന്ന ഏറ്റവും വലിയ വ്യവസായമേഖലയാണ് ഔഷധ വ്യവസായ മേഖല. സ്വാതന്ത്ര്യ ലബ്ധിയുടെ കാലഘട്ടത്തിൽ 10 കോടിയുടെ മരുന്നാണ് ഇന്ത്യാ ഗവൺമെന്റ് ഉല്പാദിപ്പിച്ചിരുന്നത്. ഇന്ന് 1,41,000 കോടി രൂപയുടെ മരുന്നുല്പാദന മേഖലയായി ഇന്ത്യയുടെ ഔഷധനിർമ്മാണ മേഖല വളർന്നു. അതിൽ 60,000 കോടി രൂപയുടെ മരുന്നു മാത്രമേ ആഭ്യന്തരമാർക്കറ്റ് ഉപയോഗിക്കുന്നുള്ളൂ. ബാക്കി 40,000 കോടി രൂപയുടെ മരുന്ന് നമ്മൾ വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നു. WHO യും UNICEF-ഉം Medicines Sans Frontiers പോലെയുള്ള സംഘടനകളും വികസിത രാജ്യങ്ങളുമാണ് ഇന്ത്യയുടെ മരുന്ന് വാങ്ങുന്നത്. 1999-ൽ സമാധാനത്തിനുള്ള നോബൽ സമ്മാനം നേടിയ Medicins Sans Frontieres എന്ന സംഘടന വികസിതരാജ്യങ്ങളുടെ ഫാർമസിയെന്നാണ് ഇന്ത്യയെക്കുറിച്ച് പറഞ്ഞത്. എല്ലാ രംഗത്തും ഇന്ത്യക്ക് വിലകുറച്ച് മരുന്ന് ലഭ്യമാക്കാൻ കഴിഞ്ഞു. ഇന്ത്യാ ഗവൺമെന്റ് നടപ്പാക്കിയ വിലനിയന്ത്രണങ്ങളുടെയും പേറ്റന്റ് നിയമത്തിന്റേയും സഹായത്താലാണ് ഇന്ത്യയിൽ വിലകുറച്ച് മരുന്ന് വിൽക്കാൻ കഴിഞ്ഞത്. പേറ്റന്റ് നിയമത്തിൽ പ്രോസസ്സ് പേറ്റന്റ് എന്നുപറയുന്ന വകുപ്പ് ഉൾപ്പെടുത്തി. അതുപോലെ തന്നെ നിർബന്ധിത ലൈസൻസ് ഉണ്ടായിരുന്നു. ശ്രീ. പി. എച്ച്. കുര്യൻ പേറ്റന്റ് കൺട്രോളർ ആയിരുന്ന സമയത്താണ് നിർബന്ധിത പേറ്റന്റ് ഉണ്ടാക്കാൻ സാധിച്ചത്. അതനുസരിച്ച് മരുന്നുകളുടെ വില വളരെ കുറയ്ക്കാൻ കഴിഞ്ഞു. ജർമ്മൻ കമ്പനിയായ Bare-ൽ നിന്നും മരുന്നുകൾ ഇന്ത്യൻ കമ്പനിയായ നാറ്റ്കോ പോലെയുള്ള ഔഷധ നിർമ്മാണ കമ്പനികൾക്ക് ഉണ്ടാക്കാൻ കഴിഞ്ഞു. കാൻസർ ചികിൽസയ്ക്ക് Bare കമ്പനിയുടെ Nex Warm ഉപയോഗിക്കുമ്പോൾ ഒരു മാസം 2,80,000 രൂപയും ഒരു വർഷം 33,65,000 രൂപയുമാണ് ചെലവ് വരുന്നതെങ്കിൽ നിർബന്ധിത ലൈസൻസിംഗ് ഉപയോഗിച്ച് ഇന്ത്യൻ കമ്പനിയായ NATCO ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾക്ക് ഒരു മാസം 8,800 രൂപയും 30,000 രൂപയും മാത്രമേ ചെലവാക്കുന്നുള്ളൂ. ഇന്ന് എയ്ഡ്സ് ദിനമാണ്. എയ്ഡ്സ് ദിനം ഇന്ന് ലോകവ്യാപകമായി ആചരിക്കുകയാണ്. ഇന്ത്യയിൽ നിർമ്മിച്ച മരുന്നുകളാണ് ലോകവ്യാപകമായി എയ്ഡ്സ് രോഗികൾക്ക് ഏറ്റവും സൗജന്യമായ നിരക്കിൽ ലഭിച്ചുകൊണ്ടിരുന്നത്. ഒരു വർഷം ബഹുരാഷ്ട്ര കമ്പനികളുടെ മരുന്നുകൾക്ക് 10,000 മുതൽ 15,000 ഡോളർ വരെ എയ്ഡ്സ് രോഗികൾക്ക് ചെലവാക്കേണ്ടിവന്നപ്പോൾ ഇന്ത്യൻ കമ്പനി ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾക്ക് 125 കോടി ഡോളർ മുതൽ 325 ഡോളർ വരെയാണ് നമുക്ക് ചെലവാക്കേണ്ടി വന്നത്. ഈ സന്ദർഭത്തിലാണ് അമേരിക്ക സന്ദർശനം

നടത്തി ഇന്ത്യയുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ധാരണകൾ ഉണ്ടാക്കി ചില തീരുമാനങ്ങളെടുത്തത്. അമേരിക്കൻ സന്ദർശനത്തിൽ ഒരു ഉഭയകക്ഷി സമിതി രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. അവിടെയാണ് ഇതിന്റെ അപകടം വരാൻ പോകുന്നത്. ഒബാമ-മോഡി കൂടിക്കാഴ്ചയ്ക്കുശേഷം ഇന്ത്യൻ യു.എസ്. വ്യാപാര സഹകരണം മെച്ചപ്പെടുത്തേണ്ട ഭാഗമായി ഉഭയകക്ഷി സമിതി രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഔഷധ നിർമ്മാണ നിയമത്തിലെ 19-ാം വകുപ്പും നിർബന്ധിത ലൈസൻസ് പ്രകാരം വിലകുറച്ച് മരുന്നുൽപ്പാദിപ്പിക്കുന്നതിനുവേണ്ടി നമ്മൾ എഴുതിച്ചേർത്ത 3 (ഡി) വകുപ്പിന്റെയും അടിസ്ഥാനത്തിലാണ് ഇന്ത്യയിൽ ഔഷധ നിർമ്മാണ രംഗത്ത് വില കുറച്ച് മരുന്നുണ്ടാക്കാനും പ്രോസസ്സ് പേറ്റന്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കി പാവപ്പെട്ട ആളുകളെ സഹായിക്കാൻ കഴിയുന്ന തലത്തിൽ മരുന്നുൽപ്പാദന പ്രക്രിയ മുന്നോട്ടുകൊണ്ടുപോകാനും കഴിഞ്ഞത്. പക്ഷേ അമേരിക്കൻ സന്ദർശനത്തിലൂടെ ഇന്ത്യയുടെ പ്രധാനമന്ത്രി ഉണ്ടാക്കാനാഗ്രഹിക്കുന്ന ഈ ഉഭയകക്ഷി സമിതി നേരത്തേ സൂചിപ്പിച്ചതുപോലെ 19-ാം വകുപ്പും 3 (ഡി) വകുപ്പും റദ്ദ് ചെയ്യണമെന്ന് അമേരിക്ക നിർബന്ധി ക്കുമ്പോൾ അതിന് ഇന്ത്യ വഴങ്ങിക്കൊടുക്കുന്ന സാഹചര്യമാണ് ഇവിടെ മരുന്നുൽപ്പാദന രംഗത്ത് പ്രതിസന്ധി ഉണ്ടാകുന്നതും മരുന്നുകളുടെ വില വർദ്ധിക്കുന്നതിനും കാരണമാകുന്നത്. ഒരു ഭാഗത്ത് കാൻസർ ഉൾപ്പെടെയുള്ള അവശ്യമരുന്നുകളുടെയും മറ്റ് മരുന്നുകളുടെയും വില വർദ്ധിപ്പിക്കുമ്പോൾ ഇവിടെ നമ്മുടെ ഗവൺമെന്റും കേരളാ മുഖ്യമന്ത്രിയും എടുത്ത തീരുമാനം കാൻസർ രോഗികൾക്ക് മരുന്ന് സൗജന്യമാക്കി കൊടുക്കുക എന്നുള്ളതാണ്. നമ്മുടെ രാജ്യത്ത് മരുന്നുകളുടെ വില കുറയാൻ കാരണം ഇതിനുമുമ്പ് വന്ന കോൺഗ്രസ്സ് ഗവൺമെന്റുകളും ശ്രീമതി ഇന്ദിരാഗാന്ധി അടക്കമുള്ള കോൺഗ്രസ്സിന്റെ പ്രധാനമന്ത്രിമാരും കൈക്കൊണ്ടിരുന്ന ചില തീരുമാനങ്ങളും അവർ എടുത്ത ധീരമായ നടപടികളും മൂലമാണ്. ഇന്ത്യൻ പാർലമെന്റിൽ ബഹുമാനപ്പെട്ട ഇന്ദിരാഗാന്ധിയുടെ പ്രസിദ്ധമായ ഒരു വാചകമുണ്ട്. "മെച്ചപ്പെട്ട ഒരു ലോകമുണ്ടാക്കാൻ ഔഷധങ്ങളുടെ കണ്ടുപിടിത്തങ്ങൾ പേറ്റന്റ് വിമുക്തമായിരിക്കണം." ജീവിതത്തിന്റെയും മരണത്തിന്റെയും പേരിൽ ലാഭമുണ്ടാക്കാൻ ആരെയും അനുവദിക്കരുതെന്ന് 1970 കാലഘട്ടത്തിൽ ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ഇന്ത്യൻ പാർലമെന്റിൽ നടത്തിയ പ്രഖ്യാപനത്തോടനുബന്ധിച്ചാണ് പേറ്റന്റ് നിയമത്തിൽ മാറ്റങ്ങൾ വരുത്തിയതും നിർബന്ധിത ലൈസൻസും 3 (ഡി) വകുപ്പും, 19-ാം വകുപ്പും ഉൾപ്പെടുത്തിയതും. പക്ഷേ നിർഭാഗ്യം എന്നുപറയട്ടെ, ഇന്ന് അധികാരത്തിൽ ഇരിക്കുന്ന കേന്ദ്ര ഗവൺമെന്റ് ഇതൊന്നുമറിയാതെ ഇത്തരം തീരുമാനങ്ങൾ മാറ്റി, ഇവിടത്തെ കാൻസർ, കിഡ്നി, എയ്ഡ്സ് രോഗികൾക്ക് ലഭിക്കുന്ന മരുന്നുകളുടെ വില ഭീമമായി വർദ്ധിപ്പിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ

ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്തണം. ഇത് പറയാൻ അർഹതയുള്ളതും കേന്ദ്രഗവൺമെന്റിന്റെ തെറ്റായ തീരുമാനങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കാൻ ആർജ്ജവവുമുള്ളതും സംസ്ഥാന ഗവൺമെന്റിനും സംസ്ഥാന മുഖ്യമന്ത്രിക്കുമാണ്. കാരണം സംസ്ഥാന ഗവൺമെന്റാണ് ഇവിടെ സൗജന്യമായി കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് മരുന്നുകൾ കൊടുക്കാൻ തീരുമാനമെടുത്തിരിക്കുന്നത്. ആതുര സേവനരംഗത്ത് ഈ ഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്ന സമീപനമാണ് പാവപ്പെട്ട രോഗികൾക്ക് ഒരു സാന്ത്വനമായി മാറിയിരിക്കുന്നത്. അതുകൊണ്ട് ഇന്ന് രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടിൽ നിന്നും അവരെ രക്ഷിക്കുന്നതിനും സംസ്ഥാനത്തും ഇന്ത്യയിലും മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനും പഴയതുപോലെ പേറ്റന്റ് നിയമത്തിന്റെയടിസ്ഥാനത്തിൽ ലൈസൻസിംഗ് അതോറിറ്റിയുടെ അവകാശങ്ങൾ ഹനിക്കപ്പെടാതിരിക്കുന്നതിനും വേണ്ടിയുള്ള തീരുമാനങ്ങൾ എടുക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ മുമ്പാകെ സമ്മർദ്ദം ചെലുത്തണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി. പി. മുഹമ്മദ്)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ശ്രീ. ബെന്നി ബെഹനാൻ ഇവിടെ ഉന്നയിച്ച പ്രശ്നം നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. ഇന്ന് ഇന്ത്യയിലെ ജനങ്ങളുടെ ഏറ്റവും വലിയ പ്രശ്നം ആരോഗ്യ പ്രശ്നമാണ്. നല്ല ചികിത്സയുണ്ട്. എന്നാൽ നല്ല ചികിൽസയും മരുന്നും എല്ലാവർക്കും ലഭിക്കുന്നില്ല. ആരോഗ്യ സേവനരംഗത്തെ ചെലവ് അമിതമായി വർദ്ധിക്കുകയാണ്. അത് മനസ്സിലാക്കിക്കൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് ജനറിക് മെഡിസിൻസ് സൗജന്യമായി കൊടുക്കുന്നതും കാൻസർ ചികിത്സയ്ക്കുള്ള മരുന്നുകൾ കേരളത്തിലെ മെഡിക്കൽ കോളേജുകൾ, ആർ.സി.സി., മലബാർ കാൻസർ സെന്റർ, എറണാകുളം ജില്ലാ ആശുപത്രി എന്നിവിടങ്ങളിലും മറ്റ് എട്ട് ആശുപത്രികേന്ദ്രങ്ങളിലും സൗജന്യമായി കൊടുക്കാൻ തീരുമാനിച്ചതും. നമ്മുടെ രാജ്യത്ത് മരുന്നിന്റെ വില കൂടുന്നതിനെക്കുറിച്ചാണ് ശ്രീ. ബെന്നി ബെഹനാൻ ഉന്നയിച്ച പ്രധാനപ്പെട്ട പ്രശ്നം. രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ച് ഉറപ്പിക്കുന്നതും നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരാണ്. ഇത് ചെയ്യുന്നത് കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് വകുപ്പിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (NPPA) വഴിയാണ്. കേന്ദ്ര നിയമമായ Essential Commodities Act-ന്റെ കീഴിലുള്ള Drugs Price Control Order (DPCO) എന്ന നിയമം വഴിയാണ് NPPA വിലനിയന്ത്രണം നടപ്പിലാക്കുന്നത്. ആ നിയമമനുസരിച്ച് 1995-ൽ 74 ഇനം മരുന്നുകളുടെ വില നിയന്ത്രിച്ചു. മരുന്നുകളുടെ വില ഗണ്യമായി വർദ്ധിച്ച സാഹചര്യത്തിൽ കേരളം ഉൾപ്പെടെ പല

സംസ്ഥാനങ്ങളും കേന്ദ്രഗവൺമെന്റിനോട് ഇതിൽ ഇടപെടണമെന്നും കുറേക്കൂടി ശക്തമായ നിയന്ത്രണങ്ങൾ വേണമെന്നും ആവശ്യപ്പെട്ടു. അതിന്റെയടിസ്ഥാനത്തിൽ കേരളത്തിന്റെ ആവശ്യം കൂടി പരിഗണിച്ചുകൊണ്ട് 2013-ൽ 348 ഇനം മരുന്നുകൾക്ക് വില നിയന്ത്രണം ഏർപ്പെടുത്തി. വളരെ ആശ്വാസകരമായ ഒരു സമീപനമാണ് ഉണ്ടായിരുന്നത്. എന്നാൽ Drugs Price Control Order-ൽ ഖണ്ഡിക 19 പ്രകാരം വില നിശ്ചയിച്ച മരുന്നുകളുടെ കാര്യത്തിൽ ചില പ്രത്യേക സാഹചര്യത്തിൽ കേന്ദ്രഗവൺമെന്റിന് വില കൂട്ടാനും വ്യവസ്ഥകളുണ്ട്. അതുവഴി നമുക്ക് വീണ്ടും ബുദ്ധിമുട്ടുകൾ ഉണ്ടാകുമോ എന്ന ചില സംശയങ്ങളുണ്ട്. 348 മരുന്നുകൾക്ക് പുറമെ 108 മരുന്നുകൾ കൂടി വിലനിയന്ത്രണത്തിന് വിധേയമാക്കാൻ കേന്ദ്രഗവൺമെന്റ് തീരുമാനിക്കുകയും അതനുസരിച്ച് 29-5-2014-ൽ അതിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശമുണ്ടാകുകയും ചെയ്തു. ഇവിടെ ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞ ഒരു പ്രത്യേക സാഹചര്യം എന്നുപറയുന്നത്, 108 ഇനം മരുന്നുകൾക്കുള്ള നിയന്ത്രണം 22-9-2014-ൽ പിൻവലിച്ചുകൊണ്ട് ഒരു ഉത്തരവുണ്ടായി എന്നുള്ളതാണ്. അതാണ് ഒരു ആശങ്കയുളവാക്കിയത്. 348 ഇനം മരുന്നുകളുടെ വിലനിയന്ത്രണത്തിൽ ഒരു മാറ്റവുമില്ല, അത് നിയന്ത്രണവിധേയമാണ്. പക്ഷേ നമുക്ക് ഏറ്റവും കൂടുതൽ ആവശ്യമുള്ള പ്രമേഹം, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾക്കുവേണ്ടിയുള്ള 108 മരുന്നുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണമാണ് പിൻവലിച്ചത്. ഇക്കാര്യം കഴിഞ്ഞ പ്രാവശ്യം ഞാനും ആരോഗ്യ വകുപ്പുമന്ത്രിയും പ്രധാനമന്ത്രിയെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. വില നിയന്ത്രണം പിൻവലിക്കില്ല എന്നാണ് അദ്ദേഹം ഞങ്ങൾക്ക് തന്ന വ്യക്തമായ ഉറപ്പ്. ഒരുവിധത്തിലും മരുന്നുകളുടെ വില കൂടുന്ന ഒരു സാഹചര്യത്തിന് കേന്ദ്ര ഗവൺമെന്റ് കൂട്ടുനിൽക്കില്ല. 108 മരുന്നുകളുടെ വിലനിയന്ത്രണം പിൻവലിച്ച കാര്യം അദ്ദേഹത്തിന് രേഖാമൂലം കൊടുത്തിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് അത് പരിശോധിക്കും. അതിന്മേൽ ഒരു അനുകൂലമായ തീരുമാനമെടുക്കും എന്നുള്ള വിശ്വാസം തന്നെയാണുള്ളത്. ബഹുമാനപ്പെട്ട അംഗം ബെന്നി ബെഹനാൻ ഇവിടെപ്രകടിപ്പിച്ച വികാരം സംസ്ഥാന ഗവൺമെന്റ് പൂർണ്ണമായി ഉൾക്കൊള്ളുന്നു. വില നിയന്ത്രണ നയം തുടരണം എന്ന് കേന്ദ്രഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തും എന്നുപറയാനും ആഗ്രഹിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: അങ്ങ് ഇവിടെ വിശദീകരിച്ചതുപോലെ 348 അവശ്യമരുന്നുകൾക്കുപുറമെ 108 ജീവൻരക്ഷാ മരുന്നുകളുടെയും വില നിയന്ത്രിക്കുന്നതിനുള്ള ഒരധികാരമാണ് 19-ാം വകുപ്പിലൂടെ നമുക്ക് ലഭിച്ചിരിക്കുന്നത്. അതനുസരിച്ചാണ് ഇവിടെ മരുന്നുകളുടെ വില കുറഞ്ഞിട്ടുള്ളത്. അതിന്റെ 3(ഡി) വകുപ്പ് എഴുതിച്ചേർത്തുകൊണ്ടാണ് വിലനിയന്ത്രണവും പേറ്റന്റ് നിയമത്തിന്റെ സമർദ്ദത്തിന് അതീതമായി നിന്നുകൊണ്ട് വില നിയന്ത്രിക്കുന്നതിനും നിർബന്ധിത ലൈസൻസ് അടക്കമുള്ള തീരുമാനങ്ങളും കൈക്കൊള്ളാൻ നമുക്ക് കഴിഞ്ഞത്. ഇത്

രണ്ടും മാറ്റമെന്നതാണ് പ്രധാനമന്ത്രിയുടെ സന്ദർശനത്തിലൂടെ വ്യക്തമാക്കുന്നത്. അങ്ങ് സൂചിപ്പിച്ചതുപോലെ, സെപ്റ്റംബർ 22-ാം തീയതി വില നിയന്ത്രണത്തിനുള്ള അധികാരം റദ്ദുചെയ്തിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ പല കമ്പനികളും വില കൂട്ടാൻ പോകുന്നു. അങ്ങ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെക്കണ്ട് നിവേദനം നൽകിയെന്നു പറഞ്ഞു. ഡൽഹിയിൽ പോകുമ്പോൾ മുല്ലപ്പെരിയാർ വിഷയം, റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ, തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന ഏറ്റവും ഗൗരവകരമായ മരുന്നുകളുടെ വില വർദ്ധനവ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റ് എടുത്തിരിക്കുന്ന തീരുമാനം പിൻവലിക്കണമെന്നത് സർവ്വകക്ഷിയോഗത്തിൽ ഒരു അജൻഡയായി അവതരിപ്പിക്കാൻ തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 348 മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനുള്ള ഉത്തരവിറക്കിയത് കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിന്റെ കാലത്താണ്. 108 മരുന്നുകളുടെ വിലനിയന്ത്രണ ഉത്തരവ് നിലനിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഈ പേറ്റന്റ് നിയമവുമായി ബന്ധപ്പെട്ട കമ്പൽസറി ലൈസൻസ് സ്കീം നിർത്തലാക്കുന്നതിനെതിരെയും നിവേദനം നൽകിയിട്ടുണ്ട്. അതിനോടകം അനുകൂലമായ തീരുമാനം ഉണ്ടായില്ലെങ്കിൽ വീണ്ടും പ്രധാനമന്ത്രിയെ കാണുമ്പോൾ, നിശ്ചയമായും ഈ പ്രശ്നവും ഉന്നയിക്കുന്നതായിരിക്കും.

## (2) തൊഴിലുറപ്പ് പദ്ധതിയിലെ പ്രശ്നങ്ങൾ

ശ്രീ. എം. ചന്ദ്രൻ: വളരെയേറെ ഗൗരവമേറിയതും നമ്മുടെ സംസ്ഥാനത്തെ പാവങ്ങളിൽ പാവങ്ങളായ തൊഴിലാളികളുടെ ജീവിതത്തെ ബാധിക്കുന്നതുമായ ഒരു പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. വർഷങ്ങളായി ഇൻഡ്യാ രാജ്യത്തെ പാവപ്പെട്ട തൊഴിലാളികൾ ജീവിക്കാൻവേണ്ടി നടത്തിയ സമര പോരാട്ടങ്ങളുടെ ഭാഗമായാണ് ചരിത്രത്തിലാദ്യമായി തൊഴിൽ കൊടുക്കുമെന്ന ഉറപ്പ് നൽകിക്കൊണ്ട് ഒരു നിയമം ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയത്. 2005-ൽ ഇടതുപക്ഷ പിന്തുണയോടുകൂടി കേന്ദ്രത്തിൽ അധികാരത്തിലിരുന്ന യു.പി.എ. ഗവൺമെന്റാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയത്. ഇതൊരു മാതൃകാപരമായ നിയമം തന്നെയാണ്. ഇൻഡ്യയിലെ ഗ്രാമീണ മേഖലയിലുള്ള അവിദഗ്ദ്ധ തൊഴിലാളികൾക്ക് അവർ തൊഴിൽ ചെയ്യാൻ തയ്യാറാണെങ്കിൽ ഓരോ കുടുംബത്തിനും ഒരു സാമ്പത്തികവർഷം ചുരുങ്ങിയത് 100 ദിവസമെങ്കിലും

തൊഴിൽ കൊടുക്കണമെന്നാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അങ്ങനെ തൊഴിൽ കൊടുക്കുകയാണെങ്കിൽ, തൊഴിൽ ചെയ്യുന്ന ഓരോ വ്യക്തിക്കും ഓരോ ദിവസത്തെ അധ്വാനത്തിന് നിശ്ചിത നിരക്കിൽ കൂലി ലഭിക്കാൻ അവകാശമുണ്ട്. അത്തരത്തിൽ അവർക്ക് ലഭിക്കേണ്ട കൂലി 14 ദിവസത്തിനകം കൊടുത്തുതീർക്കണമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ നിയമ വ്യവസ്ഥകൾക്കനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതിൽ നമ്മുടെ സംസ്ഥാനത്ത് വളരെ ഗൗരവതരമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നതെന്ന് ഇതിനെ സംബന്ധിച്ച് പരിശോധിച്ച സി. ആന്റ് എ.ജി. തന്നെ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, ഈ പദ്ധതി നടത്തിപ്പിൽ നമ്മുടെ സംസ്ഥാനത്ത് വൻതോതിലുള്ള അഴിമതിയും പണാപഹരണവും നടത്തിയിട്ടുള്ളതായും സി. ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്ത ഓരോ തൊഴിലാളിക്കും 14 ദിവസത്തിനകം തൊഴിൽ നൽകാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അവർക്ക് തൊഴിലില്ലായ്മാ വേതനത്തിന് അർഹതയുണ്ട്. അങ്ങനെയുള്ള സന്ദർഭത്തിൽ 2013-14-ൽ നമ്മുടെ സംസ്ഥാനത്ത് 29,25,662 കുടുംബങ്ങളാണ് തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ 10,33,949 പേർക്ക് മാത്രമാണ് ഈ സർക്കാർ തൊഴിൽ കൊടുത്തിട്ടുള്ളത്. ഈ സംസ്ഥാനത്ത് 100 ദിവസം തൊഴിൽ നൽകിയിട്ടുള്ളത് 2,72,843 പേർക്ക് മാത്രമാണ്. 29 ലക്ഷം പേർ രജിസ്റ്റർ ചെയ്തതിൽ രണ്ട് ലക്ഷത്തിലധികം തൊഴിലാളികൾക്ക് മാത്രമാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തതനുസരിച്ച് ഇതുവരെ തൊഴിൽ കൊടുത്തിട്ടുള്ളത്. ഇതിൽത്തന്നെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിയമ വ്യവസ്ഥയനുസരിച്ച് അതാത് സംസ്ഥാനത്തെ കർഷകത്തൊഴിലാളികളുടെ മിനിമം കൂലി ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് കർഷകത്തൊഴിലാളികളുടെ മിനിമം കൂലി 320 രൂപയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഒരു ദിവസം നൽകുന്നത് 180 രൂപയാണ്. മിനിമം കൂലിയുടെ പകുതിപോലും ലഭിക്കുന്നില്ല. അതിനുള്ള ഉത്തരവാദിത്തം അത് നടപ്പിലാക്കുന്ന ഗവൺമെന്റിനും ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. പതിനാല് ദിവസത്തിൽ കൂടുതൽ വേതനക്കുടിശ്ശിക വന്നാൽ ആയതിന് പലിശ നൽകണമെന്നാണ് ഈ നിയമത്തിലെ വ്യവസ്ഥ. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ 47 കോടി രൂപയോളംരൂപ വേതന കുടിശ്ശിക നൽകാനുണ്ട് ഇത്രയും തുക കുടിശ്ശിക നൽകാനുള്ളവർക്ക് ഒരു രൂപപോലും പലിശ കൊടുത്തതായി ഇന്നുവരെ അറിയാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല, തൊഴിലുറപ്പിന്റെ ഫണ്ട് സർക്കാർ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. 788.65 കോടി രൂപ ചെലവഴിക്കാതെ

കിടക്കുമ്പോഴാണ് 47 കോടിയോളം രൂപ തൊഴിലാളികൾക്ക് വേതനക്കുടിശ്ശിക വരുത്തിയിട്ടുള്ളത് വളരെ നാണക്കേടുണ്ടാക്കുന്ന സംഭവം കൂടിയാണ്. യു.പി.എ. സർക്കാർ തന്നെ അതിന്റെ അവസാന കാലഘട്ടത്തിൽ തൊഴിലുറപ്പ് പദ്ധതിക്കായി നീക്കിവെക്കുന്ന വിഹിതത്തിൽ പടിപടിയായി വെട്ടിക്കുറവ് വരുത്തിയിരുന്നു. നിയമപ്രകാരം ആഴ്ചക്കണക്കിന് വേതനം നൽകണമെന്ന വ്യവസ്ഥ സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കാറ്റിൽപ്പറത്തിയിരിക്കുകയാണ്. തോന്നുമ്പോഴാണ് വേതനം കൊടുക്കുന്നത്. ഈ വർഷം തൊഴിൽ നൽകുന്നതിലും കടുത്ത അനാസ്ഥയാണ് കാണിച്ചിട്ടുള്ളത്. ഫലപ്രദമായി ഈ പദ്ധതി നടപ്പിലാകുന്നില്ല. ഈ വർഷം ഇതുവരെ 100 ദിവസം തൊഴിൽ ലഭിച്ചത് 887 പേർക്ക് മാത്രമാണ്. ഇതിനുപുറമെയാണ് ഇപ്പോൾ അധികാരത്തിൽ വന്ന ശ്രീ. നരേന്ദ്ര മോദി സർക്കാർ രാജ്യത്തെ 6597 ബ്ലോക്കുകളുള്ളതിൽ 2500 ബ്ലോക്കുകളിൽ മാത്രം പദ്ധതി തയ്യാറാക്കി സമർപ്പിക്കാൻ ഉത്തരവ് നൽകിയിട്ടുള്ളത്. അതനുസരിച്ച് കേരളത്തിൽ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളെ പൂർണ്ണമായും ഈ പദ്ധതിയിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. മറ്റ് 11 ജില്ലകളിൽ 50 ബ്ലോക്കുകളിലാണ് ഈ പദ്ധതി ഉൾപ്പെടുന്നത്. ഇടുക്കി, വയനാട്, പാലക്കാട് ജില്ലകൾ മാത്രമാണ് പൂർണ്ണമായും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുന്നത്. പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റ് ഉൾപ്പെടുത്താത്ത ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് മന്ത്രി ഇതുവരെ വ്യക്തമാക്കിയിട്ടില്ല. നിരവധി വർഷമായി സംസ്ഥാന വ്യാപകമായി തുടർന്നുവരുന്ന പദ്ധതി ഇല്ലാതാകുന്ന 102 ബ്ലോക്കുകളിൽ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും, അത്തരത്തിൽ മുന്നോട്ടുകൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കാതെ വന്നാൽ ഈ സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന മഹാഭൂരിപക്ഷം കുടുംബങ്ങളുടെ ജീവിതം വളരെ ദുസ്സഹമാകുമെന്നുള്ള കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം, ചുരുക്കേണ്ടതാണ്.

ശ്രീ. എം. ചന്ദ്രൻ: തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 27 ലക്ഷം കുടുംബങ്ങൾ ഇപ്പോൾ ആശങ്കയിലാണ്. കേന്ദ്ര സർക്കാരിന്റെ ആദ്യത്തെ ബഡ്ജറ്റിൽ 33,500 കോടി രൂപ മാത്രമാണ് തൊഴിലുറപ്പ് പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത്. കേന്ദ്ര വിഹിതത്തിൽ ഭീമമായ വെട്ടിക്കുറവാണ് ഈ ബഡ്ജറ്റിൽ പുതിയ ഗവൺമെന്റ് വരുത്തിയിട്ടുള്ളത്.

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം, എട്ട് മിനിട്ടായി പ്ലീസ് കൺക്ലൂഡ്.

ശ്രീ. എം. ചന്ദ്രൻ: ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. വസ്തുത പറഞ്ഞെന്നു മാത്രമേയുള്ളൂ. കേന്ദ്ര സർക്കാർ കൂലിയുടെ അനുപാതത്തിലും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. നിലവിൽ 60 ശതമാനം കൂലിയും ബാക്കി 40 ശതമാനം മറ്റു സാധനസാമഗ്രികളും അതിന്റെ നടത്തിപ്പുചെലവുമാണ് നിശ്ചയിച്ചിട്ടുള്ളത്. ഇപ്പോൾ ആ വ്യവസ്ഥ മാറ്റി 51 ശതമാനം കൂലിയും 49 ശതമാനം മറ്റു സാധനസാമഗ്രികളുമായി മാറ്റിയാൽ ഇതിന്റെ കോൺട്രാക്ടർമാരായിരിക്കും ലാഭം കൊണ്ടുപോകുക, അവരുടെ കീഴിലായിരിക്കും തൊഴിലുറപ്പ് പദ്ധതി നടക്കാൻ പോകുന്നത്. അതുകൊണ്ട് തൊഴിലാളികളുടെ തൊഴിൽ ദിനത്തിൽ വമ്പിച്ച തോതിൽ വെട്ടിക്കുറവ് വരുത്തുമെന്ന് മാത്രമല്ല ഇത് മറ്റൊരു സ്ഥിതിവിശേഷം കൂടി വരുത്തും. കഴിഞ്ഞവർഷം അട്ടപ്പാടിയിൽ 80 നവജാത ശിശുക്കൾ മരിച്ചു. ഈ വർഷം ഇതുവരെ 21 ശിശുക്കൾ മരിച്ചു. അവിടെ 200 ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ നൽകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചതായി പത്രങ്ങളിലൊക്കെ വാർത്ത വന്നതാണ്. 100 ദിവസം പോലും തൊഴിൽ കൊടുക്കാൻ കഴിയാത്ത സർക്കാർ എങ്ങനെയാണ് അട്ടപ്പാടിയിൽ 200 ദിവസം തൊഴിൽ കൊടുക്കാൻ പദ്ധതി ആവിഷ്കരിക്കുക. ക്ഷീരകർഷക മേഖലയിലും പരമ്പരാഗത മേഖലയിലും ഇത് നടപ്പിലാക്കണമെന്ന് മുമ്പ് തീരുമാനിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തിരുന്നതാണ്. പക്ഷെ തൊഴിലുറപ്പ് പദ്ധതി തന്നെ അവതാളത്തിലായ ഈ സ്ഥിതിവിശേഷം പെട്ടെന്ന് പരിഹരിക്കുന്നതിന് അങ്ങ് ഇടപെട്ട് എന്തെങ്കിലും നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ചന്ദ്രൻ ഇവിടെ ഉന്നയിച്ച കാര്യങ്ങൾ വസ്തുതാപരമല്ല, യാഥാർത്ഥ്യങ്ങളുമായി നിരക്കുന്നതുമല്ല. തൊഴിലുറപ്പ് പദ്ധതി 50 ബ്ലോക്കുകളിൽമാത്രം പരിമിതപ്പെടുത്താനുള്ള നിർദ്ദേശം ഇതുവരെ ലഭിച്ചിട്ടില്ല. അങ്ങനെയുള്ള നിർദ്ദേശങ്ങളോട് ഗവൺമെന്റിന് യോജിപ്പുമില്ല. കേന്ദ്രഗവൺമെന്റ് സർക്കുലറിൽ പറയുന്നത്, For the year 2015-16, as a part of the Labour Budget Exercise it has been decided that there should be a greater focus on the backward blocks while conducting the Labor Budget Exercise. For this purpose an Intensive Participatory Planning Exercise has been prescribed to be conducted in 2500 backward blocks in India.

കേരളത്തിലെ 22 ബ്ലോക്കുകളിൽ തീവ്രമായ പ്രവർത്തനം വേണമെന്നല്ലാതെ മറ്റുള്ളവയെ ഒഴിവാക്കിയിട്ടില്ല. അങ്ങനെയുള്ള നിർദ്ദേശം ഇതുവരെ ഗവൺമെന്റിന് ലഭിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതി പൂർണ്ണമായും ഒരു കേന്ദ്ര പദ്ധതിയാണ്. ഇതിന്റെ വേതനം നൽകുന്നത് കേന്ദ്ര ഗവൺമെന്റാണ്. കാലാകാലങ്ങളിൽ അവർ നൽകുന്ന മാനദണ്ഡങ്ങളുടെ മാറ്റം അനുസരിച്ചുപോകാൻ മാത്രമേ നമുക്ക് സാധിക്കുകയുള്ളൂ. ഇവിടെ തൊഴിലുറപ്പുപദ്ധതിയിൽ ഇന്നു പറയുന്നത് 2500 ബ്ലോക്കുകളിൽ ലേബർ ബഡ്ജറ്റിന് ഊന്നൽ കൊടുത്തുകൊണ്ട് ഊർജ്ജിത പങ്കാളിത്ത ആസൂത്രണം (Intensive Participatory Planning Exercise) നടത്തുന്നതിന് നിർദ്ദേശം കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 22 ബ്ലോക്കുകളാണ് ഉദ്ദേശിക്കപ്പെട്ടത്. കേരള ഗവൺമെന്റ് പരിശോധിച്ചപ്പോൾ ഈ പറയുന്ന മാനദണ്ഡപ്രകാരം 22 ബ്ലോക്കുകൾ മാത്രമല്ല കേരളത്തിലെ 50 ബ്ലോക്കുകളെങ്കിലും ഉൾപ്പെടുത്താൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 50 ബ്ലോക്കുകളുടെ ലിസ്റ്റ് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് കൊടുത്തിട്ടുണ്ട്. ഈ ബ്ലോക്കുകളിൽ ഊർജ്ജിത പങ്കാളിത്ത ആസൂത്രണത്തിലൂടെ 2015-16-ലെ ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 102 ബ്ലോക്കുകളിൽ 2008-ൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡപ്രകാരം നടപടി സ്വീകരിച്ചുവരികയാണ്. 102 ബ്ലോക്കുകളിൽ ലേബർ ബഡ്ജറ്റ് തയ്യാറാക്കേണ്ടതില്ലായെന്ന നിർദ്ദേശം ലഭിച്ചിട്ടില്ല. കേരളത്തിലെ 152 ബ്ലോക്കുകളിലും നടപടികളുമായി മുമ്പോട്ടുപോകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയല്ല.

കേരളത്തിൽ വീഴ്ചയുണ്ടായിയെന്ന് പറഞ്ഞു. അതിൽ മനസ്സിലാക്കേണ്ടുന്ന ഒരുകാര്യം, 2010-11-ൽ അങ്ങയുടെ പാർട്ടിയുടെ ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ കൊടുത്ത വേതനം 492 ലക്ഷം രൂപയായിരുന്നു. കഴിഞ്ഞകൊല്ലം ഞങ്ങൾ 865 ലക്ഷം രൂപ കൊടുത്തു. 2011-12 വർഷത്തിൽ വേതനം കൊടുത്തത് 701 കോടി രൂപയായിരുന്നു. 2012-13 വർഷത്തിൽ ഞങ്ങൾ കൊടുത്തത് 1701 കോടി രൂപയാണ്. ഘട്ടംഘട്ടമായി ഊർജ്ജിതപ്പെടുത്തിയതല്ലാതെ ഇതിൽ യാതൊരു തരത്തിലും വീഴ്ച സംഭവിച്ചിട്ടില്ല. പക്ഷേ തൊഴിൽ നൽകുന്നതിനെ സംബന്ധിച്ചുള്ള ചില മാനദണ്ഡങ്ങളുണ്ട്. ഈ വർഷം 8 മാസംകൊണ്ട് ചെലവഴിച്ചത് 760 കോടി രൂപയാണ്. എവിടെയാണ് വീഴ്ച പറ്റിയത്; ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തുകളാണ്. അത് തയ്യാറായിക്കഴിഞ്ഞാൽ നടപടി സ്വീകരിക്കുന്നുണ്ട്. അതിൽ ഒരു വീഴ്ചയും സംഭവിച്ചിട്ടില്ല.

കൂലികൊടുക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സംസ്ഥാനങ്ങളുടെ മിനിമം വേജസാണ് കൂലിയായി നിശ്ചയിക്കേണ്ടത്. 2006-07-ൽ കൂലി 125 രൂപ. 2010-11-ൽ 150 രൂപ, 2012-13-ൽ 164 രൂപ, 2013-14-ൽ 180 രൂപ എന്നിങ്ങനെയായിരുന്നു. ഇപ്പോൾ കൊടുക്കുന്നത് 212 രൂപയാണ്. അതുമാത്രം പോര, കേരളത്തിന്റെ മിനിമം വേതനം കേന്ദ്ര നിയമമനുസരിച്ച് നൽകാൻ ബാധ്യസ്ഥരാണ്. അക്കാര്യം ഉന്നയിച്ചിട്ടുണ്ട്. ഇവിടെ പറഞ്ഞിരിക്കുന്നതിൽ വലിയ പ്രയാസമുള്ളത്, കേന്ദ്രഗവൺമെന്റിന്റെ പുതിയ മാനദണ്ഡ പ്രകാരം അളവ് തിട്ടപ്പെടുത്താൻ കഴിയാത്തതും പ്രകടമല്ലാത്തതുമായ പ്രവൃത്തികൾ അതായത്പുല്ല്, കള എന്നിവ നീക്കം ചെയ്യൽ, നേരിട്ടുള്ള കാർഷിക പ്രവൃത്തികൾ മുതലായവ ഇപ്പോൾ ഏറ്റെടുക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് ജോലിനൽകുന്ന കാര്യത്തിൽ നമുക്ക് കുറവുകൾ സംഭവിക്കുന്നുണ്ട്. ഇക്കാര്യം കണക്കിലെടുത്തുകൊണ്ട് വീണ്ടും ഞാൻ കഴിഞ്ഞ രണ്ടാഴ്ച മുൻപ് കേന്ദ്രമന്ത്രിയെ കണ്ടു. നേരത്തെ പറഞ്ഞതുപോലെത്തന്നെ കന്നുകാലി വളർത്തൽ, തൊണ്ട് സംഭരണം, ഖാദി ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങൾ എന്നിവയുംകൂടി എം.ജി.എൻ.ആർ.ഇ.ജി.എസ്.-ന്റെ ആനുകൂല്യം നൽകുന്ന കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ചർച്ച ചെയ്യുന്നതിനുവേണ്ടി ദക്ഷിണേന്ത്യയിലെ മന്ത്രിമാരുടെ യോഗം വിളിക്കാമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ആ യോഗം 2015 ജനുവരി മാസത്തിൽ വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ ആവശ്യം വളരെ വ്യക്തമാണ്, തൊഴിൽ കൊടുക്കുമ്പോൾ കാർഷിക മേഖലയ്ക്ക് ആവശ്യമായ പരിഗണന ലഭിക്കണം. കാരണം ആവർത്തന സ്വഭാവമുള്ള ജോലി കൊടുക്കാൻ സാധിച്ചില്ലെങ്കിൽ ഇവിടെ എത്ര ശ്രമിച്ചാലും ജോലി ഉണ്ടാകാൻ സാധിക്കുകയില്ല.

അങ്ങ് അട്ടപ്പാടിയെസംബന്ധിച്ച് പറഞ്ഞു. അട്ടപ്പാടിയിൽ ജോലി കൊടുക്കുന്നത് 100 ദിവസമാണ്. അതിനുപുറമേ സംസ്ഥാന ഗവൺമെന്റ് പണം ചെലവഴിച്ചുകൊണ്ട് 100 ദിവസംകൂടി ജോലി കൊടുക്കാൻ തീരുമാനിച്ചതിന്റെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 200 ദിവസം ജോലി കണ്ടെത്താൻ സാധിക്കണം. അതിനുവേണ്ടുന്ന ജോലി കണ്ടെത്താൻ ഇപ്പോഴത്തെ കേന്ദ്രനിയമ പ്രകാരം പ്രയാസങ്ങളുണ്ട്. കേന്ദ്ര നിയമത്തിൽ മാറ്റം വരുത്തിക്കഴിഞ്ഞാൽ 200 ദിവസം അവിടെ ജോലി കൊടുക്കാൻ സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ഇപ്പോൾ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (EFMS) പ്രകാരം ഓരോ തൊഴിലാളിക്കുമുള്ള കൂലി അവരുടെ അക്കൗണ്ടിലേയ്ക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് യാതൊരു താമസവുമില്ലാതെ എല്ലാ തൊഴിലാളികൾക്കും വേതനം ഇ.എഫ്.എം.എസ്. വഴി അവരുടെ അക്കൗണ്ടിലേയ്ക്ക് കൊടുക്കുന്നുണ്ട്. പക്ഷേ, ഏതാണ്ട് 100 കോടിയോളം രൂപയുടെ കുടിശ്ശിക കേന്ദ്രം തരാനുണ്ട് എന്നതാണ് ഇപ്പോഴുള്ള പ്രശ്നം. അത് കേന്ദ്രം തരാതെ കൊടുക്കാൻ നിവൃത്തിയില്ല. അത് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രം തന്നു കഴിഞ്ഞാൽ ഒരു താമസവും ഉണ്ടാകാതെ ആ ദിവസംതന്നെ ഫണ്ട് ട്രാൻസ്ഫർ ചെയ്തു കൊടുക്കും.

ബഹുമാനപ്പെട്ട അംഗം ചില അഴിമതിക്കാര്യങ്ങൾ പറഞ്ഞു. അഴിമതിക്കാര്യം ഗൗരവമാണ്, അത് പരിശോധിക്കും. പക്ഷേ പലപ്പോഴും കാണുന്ന കാര്യം, ചില രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തൊഴിലാളിയെക്കൊണ്ട് ബുക്കിൽ ഒപ്പിട്ടുവിച്ചശേഷം അവരെ ജാഥയ്ക്കും സമരത്തിനും കൊണ്ടുപോകുന്നു. അവരെക്കൊണ്ട് ജോലി ചെയ്യിക്കുകയല്ല ചെയ്യുന്നത്. നമ്മൾ സ്വയം നിയന്ത്രിക്കണം. ലേബർ ബഡ്ജറ്റിൽ ഉൾപ്പെട്ടിരിക്കുന്ന തൊഴിലാളികൾ രജിസ്റ്ററിൽ ഒപ്പിട്ടു കഴിഞ്ഞാൽ അവരോട് ജോലി ചെയ്യാൻ പറയണം. ജാഥയ്ക്ക് കൊണ്ടുപോകുകയല്ല വേണ്ടത്. ഇത്തരത്തിലുള്ള വീഴ്ചകൾ പരിശോധിക്കുകയും ആ വീഴ്ചകൾ നിയന്ത്രിക്കുകയും ചെയ്യും. അങ്ങ് പറഞ്ഞതുപോലുള്ള പ്രശ്നങ്ങളില്ല. ഇന്നത്തെ നിലയ്ക്ക് കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതി ചുരുക്കിയിട്ടില്ല. പക്ഷേ അവരുടെ സമീപനം കാണുമ്പോൾ ചുരുക്കാനുള്ള സാധ്യതകൾ തള്ളിക്കളയാനുമാവില്ല.

<u>മി. ചെയർമാൻ:</u> Any question?

<u>ശ്രീ. എം. ചന്ദ്രൻ:</u> സർ, അങ്ങ് ഇവിടെ പറഞ്ഞു തൊഴിലുറപ്പ് പദ്ധതി കാർഷിക മേഖലയിലും പരമ്പരാഗത മേഖലയിലും വ്യാപിപ്പിക്കുവാൻ പോകുകയാണ് എന്ന്. കേന്ദ്ര സർക്കാർ പുതുതായി ഒരു മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് കാർഷിക വൃത്തിയിൽ ഏർപ്പെട്ടവർ, സ്ത്രീകൾ, കുടുംബനാഥകളായവർ, വൈദ്യുതി, വെള്ളം, കക്കൂസ് എന്നിവ ഒന്നും ഇല്ലാത്തവർ, ബാങ്കിംഗ് സൗകര്യമില്ലാത്തവർ ഇവർക്കുവേണ്ടി പരിമിതപ്പെടുത്തുമെന്നാണ് കേന്ദ്ര ഗവൺമെന്റ് പുതിയ മാനദണ്ഡത്തിൽ നിശ്ചയിച്ചിട്ടുള്ളത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്നാണ് ഞാൻ വിചാരിക്കുന്നത്. അത്തരത്തിലൊരു പരിതസ്ഥിതിയിലാണ് ഈ തൊഴിലുറപ്പ് പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതെങ്കിൽ പല കേന്ദ്ര പദ്ധതികളെയുംപോലെ ഇവിടെ അത് നടപ്പിലാക്കാൻ പറ്റാത്ത സ്ഥിതിവിശേഷം വരും. പുതിയ മാനദണ്ഡപ്രകാരം കാർഷിക മേഖലയെക്കൂടി ഉൾപ്പെടുത്തി വിപുലീകരിക്കണമെന്ന് നമ്മൾ

ആവശ്യപ്പെടുമ്പോൾ ചുരുക്കാൻ വേണ്ടിയിട്ടുള്ള ശ്രമമാണ് കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിനെ ശക്തമായി ചെറുത്ത് പരാജയപ്പെടുത്തുന്നതിനു വേണ്ടിയുള്ള എന്തെങ്കിലും സമീപനം അങ്ങ് സ്വീകരിക്കുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): കേന്ദ്ര ഗവൺമെന്റിന്റെ മാറിയ നിർദ്ദേശങ്ങൾ അനുസരിച്ച് നമുക്ക് ജോലി കണ്ടെത്തുവാൻ പ്രയാസമുണ്ടായിട്ടുണ്ട്. എത്ര വിചാരിച്ചാലും ജോലി കണ്ടെത്തുവാൻ സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ ഈ കാര്യം ഇവിടെ ചേരാൻ പോകുന്ന ദക്ഷിണേന്ത്യയിലെ മന്ത്രിമാരുടെ യോഗം ചർച്ചചെയ്യും. ആ യോഗത്തിൽ കേരളത്തിന്റെ ആവശ്യം ഉന്നയിക്കും. ഒരു തരത്തിലും യു.പി.എ. ഗവൺമെന്റ് ആരംഭിച്ച എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി ഡൈല്യൂട്ട് ചെയ്യാൻ സമ്മതിക്കുകയില്ല. അതിനോട് കേരളം യോജിക്കുകയില്ല എന്ന് അറിയിക്കുവാൻ ആഗ്രഹിക്കുന്നു.

## VI സബ്മിഷൻ

### (1) ഗ്രീൻ ചാനൽ സംവിധാനം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ അട്ടപ്പാടി ബ്ലോക്കിൽ ആദിവാസി സമൂഹങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് അനുമതിയും ഫണ്ടും ലഭിക്കുന്നതിന് ഒരു സ്പീഡ് ട്രാക്ക് അതായത് ഒരു ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 2013-ൽ അട്ടപ്പാടിയിൽ ആദിവാസികൾക്കിടയിൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായപ്പോൾ ഒരുപാട് പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചു. ഉദ്യോഗസ്ഥ തലത്തിലുള്ള വീഴ്ചകൾ കാരണം ഇതിനകം ലഭിക്കേണ്ട ഫലം അതിന് വന്നിട്ടില്ല. ശ്രദ്ധിക്കേണ്ട കാര്യം, ഏകദേശം ഒരു സമയത്ത് 400-ഓളം ആദിവാസി ഗർഭിണികൾ അട്ടപ്പാടി മേഖലയിൽ ഉണ്ടെങ്കിൽ ഡോക്ടർമാർ, നഴ്സുമാർ, ജെ.പി.എച്ച്.എൻ.മാർ, ആശാ പ്രവർത്തകർ, എസ്.റ്റി. പ്രമോട്ടർമാർ, അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ തുടങ്ങി 600-ൽപ്പരം ജീവനക്കാർ ഇവരെ പരിചരിക്കുവാൻ ഉണ്ട്. അതിൻെറ അടിസ്ഥാനത്തിൽ ഒന്നര സർക്കാർ ജീവനക്കാരന്റെ സേവനം ഇവർക്ക് ലഭ്യമാണെന്നിരിക്കെ ഇപ്പോഴും ശിശു മരണങ്ങളും, ആരോഗ്യപ്രശ്നങ്ങളും തുടരുന്നതിൽ ഉദ്യോഗസ്ഥതലത്തിലെ വീഴ്ച വളരെ പ്രധാനമാണ്. ഈ പ്രവർത്തനങ്ങളിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണം. നിരന്തരമായ യോഗങ്ങളും, അവലോകനങ്ങളും

നടത്തിയിട്ട് സർക്കാർ പ്രഖ്യാപിച്ച ചില പദ്ധതികൾ ഇപ്പോഴും ചുവപ്പ് നാടയിൽ കുടുങ്ങിക്കിടക്കുകയാണ്. അതിൽ പതിനൊന്ന് പദ്ധതികൾ ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ചുരുക്കിപ്പറയാം; കോട്ടത്തറ ട്രൈബൽ മിഷൻ ഹോസ്പിറ്റൽ 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചുവെങ്കിലും അതിന്റെ നടപടികൾ ഒന്നുമായിട്ടില്ല, സെൻട്രൽ ഓക്സിജൻ സപ്ലൈ സംവിധാനം നടപ്പിലാക്കണം. നിലവിലുള്ള 12 കെ.വി. ജനറേറ്റർ 64 കെ.വി. ജനറേറ്റർ ആക്കണം. ആദിവാസി ഊരുകളിലെ സാനിറ്റേഷൻ പദ്ധതി എവിടേയുമെത്തിയിട്ടില്ല, 44 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന അട്ടപ്പാടി കുടിവെള്ള പദ്ധതി പ്രാവർത്തികമാക്കാൻ അടിയന്തരമായി ഇടപെടണം. അട്ടപ്പാടിയിൽ പ്രഖ്യാപിച്ച മൈനർ ഇറിഗേഷൻ പദ്ധതികളുടെ നിർമ്മാണം ആരംഭിക്കണം. മുടങ്ങിപ്പോയ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി എല്ലാ ഊരിലും ഉടൻ പുനരാരംഭിക്കണം. ഇൻഡ്യയിൽ ആദ്യമായി വേവിച്ച ഭക്ഷണം വിതരണം ചെയ്യാനായി ആരംഭിച്ച കമ്യൂണിറ്റി കിച്ചൺ പദ്ധതി താറുമാറായി കിടക്കുകയാണ്. കാർഷിക പദ്ധതികൾ കാര്യക്ഷമമാക്കണം. ആശുപത്രികളിലെ ഡോക്ടർമാർ, ആരോഗ്യപ്രവർത്തകർ, മറ്റ് ജീവനക്കാർ എന്നിവർക്കായി സ്റ്റാഫ് ക്വാർട്ടേഴ്സും, എൻ.ജി.ഒ. ക്വാർട്ടേഴ്സും നിർമ്മിക്കണം. താമസസൗകര്യമില്ലാത്തതിനാൽ അവിടെ നിയമിക്കുന്ന പല ഉദ്യോഗസ്ഥരും നിൽക്കാത്ത സ്ഥിതിവിശേഷം ഉണ്ട്. നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ കല്ല്, മെറ്റൽ, മണൽ എന്നിവ അട്ടപ്പാടിയിൽ നിന്നും ശേഖരിക്കുന്നതിനുള്ള വിലക്ക് നീക്കണം. അട്ടപ്പാടിയിലെ നിർമ്മാണത്തിനു വേണ്ടിയുള്ളതെങ്കിലും അവിടെ നിന്നും എടുക്കാൻ അനുവദിക്കണം. ഇപ്പോൾ ഒരുലോഡ് മെറ്റലോ, മണലോ കണ്ടാൽ ചാർജ്ജ് ചെയ്യുന്ന സ്ഥിതിവിശേഷം ആണുള്ളത്. ആദിവാസികൾക്കായി പ്രഖ്യാപിച്ച 2000 വീടുകളുടെ നിർമ്മാണം ഉടൻ ആരംഭിക്കണം. ഈ പ്രവർത്തനങ്ങൾക്കൊക്കെ കേരളത്തിൽ എല്ലായിടത്തും നടത്തുന്നതുപോലെ എ.എസ്., ടി.എസ്., ടെണ്ടർ എന്നിവയ്ക്കൊക്കെ കാത്തുനിൽക്കാതെ ഈ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി ഒരു സ്പീഡ് ട്രാക്ക് ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്തണം. കേരളത്തിൽ അങ്ങനെ പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്, പല കെട്ടിടങ്ങളും പണി കഴിപ്പിച്ചിട്ടുണ്ട്. അതുപോലെ ഒരു സംവിധാനം അട്ടപ്പാടി പാക്കേജിനും നൽകണം, വളരെയേറെ ശ്രദ്ധ ഇക്കാര്യത്തിൽ ചെലുത്തിയിട്ടുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഇടപെട്ടുകൊണ്ട് ഞാൻ ഈ പറഞ്ഞ പതിനൊന്ന് പദ്ധതികൾ അടിയന്തരമായി നടപ്പിലാക്കിയില്ലെങ്കിൽ ഇനിയും ആരോഗ്യപ്രശ്നങ്ങൾ ഗുരുതരമാകും. ആയതിനാൽ മുഖ്യമന്ത്രി ഈ വിഷയത്തിൽ ഇടപെടണമെന്ന് സവിനയം അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച പ്രശ്നം, നമ്മൾ ഏറ്റവും കൂടുതൽ പ്രയോറിറ്റി കൊടുക്കുന്ന അട്ടപ്പാടിയിലെ പ്രശ്നങ്ങളാണ്. പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടും അവിടെ വളരെയേറെ പോരായ്മകൾ ഉണ്ട് എന്നതാണ് എം.എൽ.എ. പറഞ്ഞതിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. അട്ടപ്പാടി ഐ.ടി.ഡി.പി.-ക്ക് ഈ സാമ്പത്തിക വർഷം 80 കോടി രൂപ അനുവദിച്ചിരുന്നു. ഗർഭിണികളുടെയും, ശിശുക്കളുടെയും ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി വകുപ്പ് നടപ്പിലാക്കിവരുന്ന ജനനി ജന്മ രക്ഷാ പദ്ധതി പ്രകാരം അട്ടപ്പാടിയിൽ 580 ഗുണഭോക്താക്കൾക്ക് മാസം 1000 രൂപാ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനും പ്രത്യേകമായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതൊക്കെയായിട്ടും ശരിക്ക് ഒരു കോ-ഓർഡിനേഷൻ വന്നിട്ടില്ല എന്ന് എം.എൽ.എ.യും മറ്റും ചൂണ്ടിക്കാണിച്ച സാഹചര്യത്തിൽ 9-11-2014-ൽ ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായിട്ടും, സൈലന്റ് വാലി നാഷണൽ പാർക്ക് വൈൽഡ് ലൈഫ് വാർഡനെ അട്ടപ്പാടി ബ്ലോക്കിലെ സ്പെഷ്യൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്. നോഡൽ ഓഫീസറുടെ സേവനം ശരിയായ ദിശയിൽ പുരോഗമിക്കുന്ന സാഹചര്യത്തിൽ ഈ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം ഉണ്ടാകും എന്നാണ് മനസ്സിലാക്കുന്നത്. ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെപ്പറഞ്ഞ കാര്യങ്ങൾ ഓരോന്നും പ്രത്യേകമായി റിപ്പോർട്ട് ചെയ്യാനായി നോഡൽ ഓഫീസർക്ക് നിർദ്ദേശം കൊടുക്കും എന്ന് ഞാൻ ഈ അവസരത്തിൽ പറയുന്നു.

## (2) വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കൽ

ശ്രീമതി കെ. എസ്. സലീഖ: സർ, കേരളത്തിൽ ഏകദേശം 4,80,000-ത്തോളം ആദിവാസികളുണ്ട്. അതിൽ 80 ശതമാനം ആളുകളും ഭൂമി ഇല്ലാത്തവരാണ്. 18 ശതമാനം വനവാസികളുമാണ്. പാലക്കാട്, കണ്ണൂർ, വയനാട്, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിലൊക്കെ ഇത്തരമൊരു സാഹചര്യത്തിൽ ആദിവാസികൾ ജീവിക്കുന്നുണ്ട്. പാലക്കാട് ജില്ലയെ സംബന്ധിച്ച് മണ്ണാർക്കാട് എം.എൽ.എ. ഇവിടെ സൂചിപ്പിച്ചു, അട്ടപ്പാടിയിലെ അഗളി, ഷോളയൂർ, പുതൂര് പഞ്ചായത്തുകളിൽ മാത്രം 192 ഊരുകളുണ്ട്. ഈ ഊരുകളിൽ താമസിക്കുന്ന ആളുകളുടെ ഇടയിൽനിന്ന് 2013-ൽ 63 കുട്ടികളും 40 ഗർഭസ്ഥശിശുക്കളും മരിച്ചു എന്ന് വന്നിട്ടുള്ള വാർത്ത ഒട്ടും ശുഭകരമായിരുന്നില്ല. അത് 2014-ലും തുടർന്നു എന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. 21 കുട്ടികളും 22 ഗർഭസ്ഥശിശുക്കളും മരിക്കാനിടയായി എന്ന സാഹചര്യം നമ്മുടെ മുന്നിലുണ്ട്. ആദിവാസി സംരക്ഷണത്തിനുവേണ്ടി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നിരവധി കോടി

രൂപ ചെലവഴിച്ചു എന്ന് കേൾക്കുമ്പോഴും യഥാർത്ഥത്തിൽ അതിന്റെ ഫലം ആദിവാസികൾക്ക് ലഭ്യമാകുന്നില്ല എന്നതാണ് കേരളത്തെ സംബന്ധിച്ച റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കുറച്ചുകാലം കഴിയുമ്പോൾ അവരുടെ എണ്ണം എത്ര കണ്ട് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകും എന്നത് ആശങ്കയായി നിൽക്കുകയാണ്. ഇപ്പോൾ അവിടെയുള്ളവർ രോഗികൾ, ഭക്ഷണവും ചികിത്സയും ലഭിക്കാതെ നിൽക്കുന്ന സ്ത്രീകൾ, കുട്ടികൾ, ഗർഭിണികൾക്ക് പോഷകാഹാരത്തിന്റെ കുറവ് മൂലം പല രോഗങ്ങളുടേയും ഇരകളായി അവർ മാറിയിരിക്കുകയാണ്. 1-7-2014-ൽ ഞാൻ ചോദിച്ച ഒരു ചോദ്യത്തിന് മറുപടി കിട്ടിയതനുസരിച്ച് എൻ.ആർ.എച്ച്.എം.-ന്റെ പാക്കേജിനെ കുറിച്ച് വളരെ ഭീതിദമായ റിപ്പോർട്ടാണ് വന്നത്. നമ്മുടെ സംസ്ഥാനത്ത് ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, പ്രായമായവർക്കും ഉള്ളതാണ് കമ്മ്യൂണിറ്റി കിച്ചൺ സംവിധാനം. കുട്ടികൾക്കു വേണ്ടിയുള്ള പോഷകാഹാര പരിപാടിയുണ്ട്, ആദിവാസികളുടെ പീഡനം ഇല്ലായ്മ ചെയ്യുന്നതിനുള്ള സംവിധാനമുണ്ട്. അവർക്ക് നിയമപരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമുണ്ട്. എന്നാൽ ഇതിന്റെ ഗുണങ്ങൾ ഒന്നും ആദിവാസി മേഖലകളിൽ ഉള്ള ആളുകൾക്ക് ഇന്നത്തെ സാഹചര്യത്തിൽ ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അതിനാൽ കുറച്ചുകാലം കഴിയുമ്പോൾ കേരളത്തിലെ ആദിവാസി സമൂഹത്തിന്റെ ജനസംഖ്യ ഏത് രൂപത്തിലായിരിക്കും എന്ന കാര്യത്തിൽ ആശങ്കയുണ്ട്. ആദിവാസി ജനതയുമായി ബന്ധപ്പെട്ട് 2014 നവംബർ 21-ാം തീയതി ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഭാഗത്തുനിന്ന് വന്ന ഉത്തരവ് 2014 ഡിസംബർ 6-ാം തീയതി ആകുമ്പോൾ ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നാണ്. എനിക്ക് പറയാനുള്ളത്, സമയബന്ധിതമായി ഈ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ആഭ്യന്തരം, ധനകാര്യം, നിയമം, തദ്ദേശം, ആരോഗ്യം, പട്ടികജാതി-പട്ടികവർഗ്ഗം എന്നീ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടക്കണമെങ്കിൽ നിസ്വാർത്ഥമായ സേവനം നടത്തുന്ന ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ പൂർണ്ണമായി കേരളത്തിൽ നിയോഗിക്കുകയും മൂന്ന് മാസം കൂടുമ്പോൾ ആ കാര്യങ്ങൾ അവലോകനം നടത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ നേതൃത്വപരമായ ചുമതലയേറ്റെടുത്ത് കാര്യങ്ങൾ മുന്നോട്ട് പോകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നുമാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി കെ. എസ്. സലീഖ സബ്മിഷനിലൂടെ ഉന്നയിച്ച പ്രശ്നം ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ചതിന്റെ ഒരു തുടർച്ചയാണ്. ആദിവാസികളുടെ പ്രശ്നങ്ങളിൽ വളരെ കൂടുതൽ ശ്രദ്ധ ചെലുത്തിയിട്ടും വേണ്ടവിധത്തിൽ ഫീൽഡിൽ അതിന്റെ പ്രയോജനം കാണുന്നില്ല എന്നാണ് ഈ രണ്ട് സബ്മിഷനുകളിൽനിന്നും മനസ്സിലാക്കുന്നത്. ഈ കാര്യത്തിൽ ജനപ്രതിനിധികൾ പ്രത്യേകം താൽപ്പര്യം കാട്ടുന്നതിൽ വളരെയേറെ

സന്തോഷമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം, ആദിവാസികളായ സ്ത്രീകളും കുട്ടികളും വൃദ്ധരും നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് പോഷകാഹാരക്കുറവ്. നമ്മൾ റേഷൻ സാധനങ്ങളൊക്കെ എത്തിച്ചിട്ടും അവർ ശരിക്കും ഭക്ഷണം കഴിക്കുന്ന ഒരു സാഹചര്യം ഇല്ലാതെ വന്നപ്പോഴാണ് 'കമ്മ്യൂണിറ്റി കിച്ചൻ' എന്ന ആശയം വന്നത്. അത് വളരെ നല്ല അഭിപ്രായം സൃഷ്ടിച്ചിരുന്നു. പക്ഷേ കമ്മ്യൂണിറ്റി കിച്ചന്റെ കാര്യത്തിലും ചില പോരായ്മകൾ വന്നിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മൾ ആവശ്യത്തിന് ഫണ്ട് അതിലേയ്ക്ക് നീക്കിവയ്ക്കുന്നുണ്ട്. പക്ഷേ ആ ഫണ്ട് യഥാസമയത്ത് പ്രയോജനകരമായി വിനിയോഗിക്കണം. അതാണ് നമ്മുടെ ഒരു ചലഞ്ച്. നടപ്പുവർഷം 729.87 കോടി രൂപയാണ് ടോട്ടലായിട്ട് ആദിവാസി പട്ടികജാതി വകുപ്പിന്റെ പ്ലാൻ എക്സ്പെൻഡിച്ചറായിട്ട് നീക്കിവച്ചിരുന്നത്. 84 പദ്ധതികളും അതിനുവേണ്ടി തയ്യാറാക്കിയിരുന്നു. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുമായി സഹകരിച്ചുകൊണ്ടാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ നിർദ്ദേശം, ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കുന്നതിന് എല്ലാ മന്ത്രിമാരുമായി ആലോചിച്ച് അതിനൊരു പ്രത്യേക സ്കീമുണ്ടാക്കുമെന്ന് പറയുവാൻ ആഗ്രഹിക്കുന്നു.

### (3) റെയിൽവെ അണ്ടർ ബ്രിഡ്ജ് അപ്രോച്ച് റോഡിൻെറ നിർമ്മാണം

ശ്രീ. ബി.ഡി. ദേവസ്സി : സർ, ചാലക്കുടി റെയിൽവെ അണ്ടർ ബ്രിഡ്ജിന്റെ റെയിൽവെയുടെ ഭാഗത്തുനിന്നുള്ള നിർമ്മാണം പൂർത്തീകരിച്ചിട്ട് രണ്ട് വർഷത്തോളമായി. വ്യവസ്ഥ അനുസരിച്ച് ഇതിന്റെ അപ്രോച്ച് റോഡിന്റേയും ഡ്രെയിനേജിന്റെയും നിർമ്മാണം പൊതുമരാമത്ത് വകുപ്പാണ് ചെയ്യേണ്ടത്. പാലം പൂർത്തീകരിച്ച് രണ്ട് വർഷത്തോളമായിട്ടും അപ്രോച്ച് റോഡിന്റെ നിർമ്മാണം ഇനിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച് സതേൺ റെയിൽവെ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതാണ്. പൊതുമരാമത്ത് വകുപ്പ് അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി സമർപ്പിച്ച എസ്റ്റിമേറ്റിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പ് ഈ പ്രവൃത്തിയുടെ അനുമതിക്കായി ഫയൽ ധനകാര്യ വകുപ്പിന് മൂന്ന് പ്രാവശ്യം സമർപ്പിച്ചുവെങ്കിലും അനുമതി നിഷേധിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ബഡ്ജറ്റിൽ ആവശ്യമായ തുക നീക്കിവച്ചിട്ടില്ല എന്ന കാരണത്താലാണ് അനുമതി നിഷേധിക്കുന്നത്. ഇപ്പോൾ എ.എസ്. കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ്. എന്നാൽ ഫണ്ടില്ലാത്തതുകാരണം എ.എസ്. കമ്മിറ്റിയിൽനിന്നും അടുത്തെങ്ങും ഇതിന് അനുമതി കിട്ടാൻ സാധ്യതയില്ലാത്ത സാഹചര്യമാണ്. ഈ അപ്രോച്ച് റോഡ് നിർമ്മിക്കാത്തതു കാരണം അവിടെ നിരവധി അപകടങ്ങൾക്ക് സാധ്യതയുണ്ട്. ധാരാളം കാൽനടക്കാരും വിദ്യാർത്ഥികളും യാത്രചെയ്യുന്ന ഒരു സ്ഥലമാണ്.

അപ്രോച്ച് അണ്ടർപ്പാസ്സിലെ വെള്ളക്കെട്ടുമൂലം അപകടങ്ങൾക്കും വളരെയേറെ സാധ്യതയുണ്ട്. അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ ഭാഗമായി അവിടെ ശക്തമായ ബഹുജന പ്രക്ഷോഭം ഉയർന്നുവന്നിരിക്കുകയാണ്. ചാലക്കുടിയുടെ വികസനത്തിന് പ്രധാന പങ്ക് വഹിക്കുന്നതും യാത്രക്കാർക്ക് ഏറെ സൗകര്യമുള്ളതുമായ ചാലക്കുടി റെയിൽവെ അണ്ടർബ്രിഡ്ജ് അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി നൽകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ചാലക്കുടി റെയിൽവെ അണ്ടർ ബ്രിഡ്ജിന്റെ അപ്രോച്ച് റോഡും ഡ്രെയിനേജ് നിർമ്മാണവും പി.ഡബ്ല്യൂ.ഡി. വകുപ്പാണ് നിർവ്വഹിക്കേണ്ടത്. ഭരണാനുമതി നൽകുന്ന കാര്യം ഇപ്പോൾ എ.എസ്. കമ്മിറ്റിയുടെ പരിഗണനയിലാണ്. അപ്രോച്ച് റോഡിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയതിനു ശേഷമേ റോഡ് പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. പുതിയ ലാന്റ് അക്വിസിഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയ സ്ഥിതിക്ക് അതിലേക്കുള്ള ചട്ടങ്ങൾ സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിക്കേണ്ടതുണ്ട്. പുതിയ നിയമം അനുസരിച്ച് വേണം റോഡിനുവേണ്ടിയുള്ള സ്ഥലം അക്വയർ ചെയ്യുവാൻ. എ.എസ്. കമ്മിറ്റി ഈ വിഷയം പരിഗണിച്ച് തീരുമാനം എടുക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

### (4) ഇരട്ടച്ചിറ കോവിലകം പുരാവസ്തു വകുപ്പ് ഏറ്റെടുക്കൽ

ശ്രീ തേറമ്പിൽ രാമകൃഷ്ണൻ : തൃശ്ശൂർ നഗരത്തിന്റെ ഹൃദയ ഭാഗത്തുള്ള ഇരട്ടച്ചിറ കോവിലകം ചരിത്രം ഉറങ്ങുന്ന ഒരു പൈതൃകമാണ്. ഏതാണ്ട് 400-ഓളം കൊല്ലം പഴക്കമുള്ളതും ശക്തൻ തമ്പുരാൻ താമസിച്ചുവെന്ന് പറയപ്പെടുന്ന കൊട്ടാരം ഏതോ ഒരു കാലഘട്ടത്തിൽ ആരോഗ്യ വകുപ്പിന്റെ ആഫീസിനായി ഒരു പോർഷൻ കൊടുത്തു. പിന്നീട് അവർ സ്വന്തം സ്ഥലത്തേയ്ക്ക് പോയി. ഇപ്പോൾ ഇതിനോടനുബന്ധിച്ച് മെഡിക്കൽ കോർപ്പറേഷൻ വലിയൊരു ഷെഡുണ്ടാക്കി അവിടെ മരുന്നുകൾ സംഭരിക്കുകയാണ്. ഈ കെട്ടിടത്തിന്റെ ഭൂരിഭാഗം സ്ഥലവും അവർ ഉപയോഗിക്കുന്നില്ല. അത് നാശപ്പെട്ടുകൊണ്ടിരിക്കുകയും ജീർണ്ണാവസ്ഥയിലുമാണ്. സാംസ്കാരിക വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ ഈ കാര്യം പെടുത്തുകയും അദ്ദേഹം വന്നു പരിശോധിച്ചു കാര്യങ്ങളൊക്കെ ബോധ്യപ്പെട്ടിട്ടുമുണ്ട്. ഉദ്യോഗസ്ഥൻമാരും സ്ഥലത്ത് വന്ന് പരിശോധിച്ചു. അതുകൊണ്ട് കഴിയുന്നതുംവേഗം പുരാവസ്തു വകുപ്പ് അത് ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുവേണ്ട ഒരു തീരുമാനമെടുക്കണം. ആരോഗ്യ വകുപ്പ് മന്ത്രിയുടെയും ബന്ധപ്പെട്ട ആളുകളുടെയും ഒരു യോഗം വിളിച്ചുകൂട്ടി ഒരു തീരുമാനം എടുക്കാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ബഹുമാനപ്പെട്ട ശ്രീ തേറമ്പിൽ രാമകൃഷ്ണൻ അവകാശപ്പെട്ട പ്രകാരം തൃശ്ശൂരിലെ ഇരട്ടച്ചിറ കോവിലകം ഞാനും ആർക്കിയോളജിക്കൽ വകുപ്പ് ഡയറക്ടറും ശ്രീ. തേറമ്പിൽ രാമകൃഷ്ണനുംകൂടി സന്ദർശിച്ചിരുന്നു. പെരുമ്പടപ്പ് ദ്യശ്യരൂപത്തിന്റെ തൃശ്ശൂരിലുള്ള ആദ്യകാല ആസ്ഥാന മന്ദിരമായിരുന്നു ഇരട്ടച്ചിറ കോവിലകം. പെരുംമ്പടപ്പ് മഹാരാജാവ് ആദ്യകാലത്ത് അറിയപ്പെട്ടിരുന്നത് പെരുമ്പടപ്പ് ഗംഗാധര തൃക്കോവിൽ അധികാരികൾ എന്നായിരുന്നു. പെരുമ്പടപ്പ് രാജാവിന്റെ കുട്ട് അധികാരികൾ എന്ന നിലയ്ക്ക് കേരളത്തിലെ പ്രമുഖ ക്ഷേത്രങ്ങളുടെ അധികാരമുണ്ടായിരുന്നു. ഇരട്ടച്ചിറ കോവിലകം രണ്ട് നിലകളുള്ള ഒരു കൊട്ടാര മന്ദിരമാണ്. 1700 കാലഘട്ടങ്ങളിൽ നിർമ്മിച്ച ഈ കോവിലകം ബംഗ്ലാവ് മാതൃകയിലാണ്. ആദ്യകാലത്ത് ഇവിടെ തറയിൽ പാകിയിരുന്നത് വിലയേറിയ ഇറ്റാലിയൻ ടൈൽസായിരുന്നു. പിന്നീട് അത് പൊളിച്ചുമാറ്റി സിറാമിക് ടൈൽസ് പാകിയിരിക്കുകയാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ അവിടെ ഇപ്പോൾ ജില്ലാ ഡ്രഗ് വെയർഹൗസിംഗ് കോർപ്പറേഷൻ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഒന്നാം നില ഉപയോഗിക്കുന്നില്ല. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയുമായി ആലോചിച്ചശേഷം ഒന്നാം നില ഏറ്റെടുക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്. അത് ഏറ്റെടുത്ത് അവിടെ പ്രത്യേകമായി സംരക്ഷിക്കാനും അതിനുപുറമെ ഈ കോവിലകം ഒന്നായിതന്നെ സംരക്ഷക സ്മാരകമാക്കുന്നതിനാവശ്യമായ കാര്യങ്ങൾ കളക്ടറോട് ചോദിച്ചിട്ടുണ്ട്. അദ്ദേഹം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹവും ആരോഗ്യ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ആളുകളുടെ യോഗം വിളിച്ചുകൂട്ടി നടപടി എടുക്കുന്നതാണ്.

12.00 Noon

### (5) പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളുടെയും കളക്ടറേറ്റുകളുടെയും താലൂക്ക് ഓഫീസുകളുടെയും പരിസരത്ത് വിവിധ കേസ്സുകളിൽ പോലീസ് പിടിച്ചെടുത്ത വാഹനങ്ങളും അതിലെ ഉപയോഗപ്രദമായ സാധനങ്ങളും ആർക്കും ഉപയോഗിക്കാൻ പറ്റാത്ത രീതിയിൽ നശിച്ച് പോകുന്നതിന് പരിഹാരം കാണണമെന്നതാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. പോലീസ് പിടിച്ചെടുക്കുന്ന ഇത്തരം വാഹനങ്ങളും അതിലെ സാധനങ്ങളും ആർക്കും പ്രയോജനമില്ലാതെ ഇപ്പോൾ നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമൂലം സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട കോടിക്കണക്കിന് രൂപയാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. സംസ്ഥാന ഖജനാവിലേയ്ക്ക്

ലഭിക്കേണ്ട കോടിക്കണക്കിന് രൂപയുടെ സാധനങ്ങൾ തുരുമ്പെടുത്ത് ചിതലരിച്ച് നശിച്ചുകൊണ്ടിരിക്കുകയാണ്. പിടിച്ചെടുക്കുന്ന വാഹനങ്ങൾ കേസ്സുകൾ തീരുന്ന മുറയ്ക്കാണ് ഇപ്പോൾ വാഹനമുടമയ്ക്ക് വിട്ടുനൽകുന്നത്. മിക്ക കേസ്സുകളും സുപ്രീം കോടതിവരെ പോകുന്നതുകൊണ്ട് 10 വർഷക്കാലംവരെ കേസ് നീണ്ടുപോകുകയാണ്. ഈ കാലയളവിനുള്ളിൽ വാഹനങ്ങൾ പൂർണ്ണമായി നശിച്ച് ആക്രി വസ്തുവായി മാറുകയാണ്. കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് ഇതുമൂലമുണ്ടാകുന്നത്. വാഹനത്തോടൊപ്പം വാഹനത്തിലുള്ള മണൽ, തടി തുടങ്ങിയ ഡിമാന്റുള്ള സാധനങ്ങളും നശിക്കുകയാണ് ചെയ്യുന്നത്. പാസ്സില്ലാതെ പിടിക്കുന്ന മണൽ കൊണ്ടുപോകുന്ന വാഹനങ്ങൾ വരെ നശിച്ചുകൊണ്ടിരിക്കുകയാണ്. കെട്ടിടങ്ങൾ പണിയാൻ മണലില്ലാത്ത സാഹചര്യമാണ് ഇന്നുള്ളത്. പക്ഷേ ആ മണൽ ഇന്ന് നശിച്ച് വാഹനത്തോടൊപ്പം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ പിടിച്ചെടുക്കുന്ന വാഹനങ്ങൾ നിശ്ചിത ദിവസങ്ങൾക്കുള്ളിൽ, ഒരു മാസം അല്ലെങ്കിൽ 15 ദിവസത്തിനുള്ളിൽ വിട്ടുകൊടുക്കാൻ കഴിയുന്ന രീതിയിൽ ചട്ടങ്ങളിലും നിയമങ്ങളിലും ഭേദഗതി വരുത്തിയാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. ഇപ്പോഴത്തെ നിയമമനുസരിച്ച് കേസ് തീരുന്ന മുറയ്ക്കാണ് വാഹനങ്ങൾ വിട്ടുകൊടുക്കുന്നത്. അതുകൊണ്ട് നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്നും ഓരോ വർഷങ്ങളിലും കോടിക്കണക്കിന് രൂപ നഷ്ടം വരുന്നത് പരിഹരിക്കണമെന്നും ആവശ്യപ്പെടുകയാണ്. പോലീസ് സ്റ്റേഷന്റെ സൈഡുകളിൽ വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നതുമൂലം വളരെയേറെ ബുദ്ധിമുട്ടുകളും ട്രാഫിക് തടസ്സവുമുണ്ടാകുന്നുണ്ട്. ഇതെല്ലാം പരിഹരിക്കണമെങ്കിൽ നിയമം മാറ്റിയേ മതിയാകൂ. അങ്ങ് ഇടപെട്ട് ഇതിനൊരു പരിഹാരമുണ്ടാക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, ശ്രീ. വി. പി. സജീന്ദ്രൻ ഇവിടെ പറഞ്ഞ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. പാമ്പുകളുടെ ഒരു വിഹാര കേന്ദ്രമാണ് പോലീസ് സ്റ്റേഷനുകളിൽ കൂട്ടിയിട്ടിരിക്കുന്ന ഈ വാഹനങ്ങൾ. ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ വിധിയുമുണ്ട്. നിയമനിർമ്മാണം നടത്തിയിട്ടാണെങ്കിലും ഇതിനൊരു പരിഹാരമുണ്ടാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: സർ, ബഹുമാനപ്പെട്ട അംഗം വി. പി. സജീന്ദ്രൻ പറഞ്ഞത് നൂറ് ശതമാനം ശരിയാണ്. സംസ്ഥാനത്ത് വിവിധ കുറ്റകൃത്യങ്ങളിലും അബ്കാരി കേസുകളിലും Protection of River Banks & Regulation of Removal of Sands Act, Essential Commodities Act എന്നിവ പ്രകാരം പിടിച്ചെടുക്കുന്ന വാഹനങ്ങൾ, ഏറ്റെടുക്കാൻ

ആളില്ലാതെ ഉപേക്ഷിച്ച നിലയിൽ കാണപ്പെടുന്ന വാഹനങ്ങൾ എന്നിവ കേസ് തീർപ്പാകുന്നതുവരെയും ചിലപ്പോൾ അതിനുശേഷവും വിവിധ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ സൂക്ഷിക്കുന്നതുകൊണ്ട് ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകളുണ്ടാക്കുന്നുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി 2-12-2008-ൽ പുറപ്പെടുവിച്ച മോട്ടോർ ആക്സിഡന്റ്സ് ക്ലെയിം നമ്പർ 1458/2008-ലെ അപ്പീലിന്മേലുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും റോഡരികിലും സൂക്ഷിച്ചുവരുന്ന വാഹനങ്ങൾ കാലതാമസമില്ലാതെ ഡിസ്പോസ് ചെയ്യാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ 5-1-2009-ൽ 89584/ജി3/2008/ഹോം ആയി സർക്കുലർ പുറപ്പെടുവിച്ചു. ഈ സർക്കുലർ പുറപ്പെടുവിച്ചതിനുശേഷം 27-11-2014 വരെ സംസ്ഥാനത്ത് പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും റോഡരികിലും സൂക്ഷിച്ചുവരുന്ന വിവിധ തരത്തിലുള്ള 10662 വാഹനങ്ങൾ ലേലം ചെയ്ത് ലഭിച്ച 6,23,33,771 രൂപ സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുകയുണ്ടായി. സർക്കുലറിലെ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജി.ഒ.(എം.എസ്.)223/12/ഫിൻ ഉത്തരവുപ്രകാരം, നിലവിൽവന്ന ചീഫ് സെക്രട്ടറി ചെയർമാനായും സംസ്ഥാന പോലീസ് മേധാവിയുൾപ്പെടെയുള്ള വിവിധ വകുപ്പ് മേധാവികൾ അംഗങ്ങളുമായുള്ള കമ്മിറ്റി യോഗം ചേർന്ന് പുരോഗതി വിലയിരുത്തിവരികയാണ്. 25-11-2014-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് പോലീസിന്റെ അധീനതയിൽ 32,718 വാഹനങ്ങളാണുള്ളത്. മണൽക്കടത്തിന് പിടികൂടിയ വാഹനങ്ങളും മറ്റ് ക്രൈം കേസ്സുകളുമായി ബന്ധപ്പെട്ട വാഹനങ്ങളും കോടതികളിൽ കേസ്സുകളുടെ നടപടിക്രമം പൂർത്തിയാകാത്തതിനാൽ സൂക്ഷിച്ചുവരുന്ന വാഹനങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ട്. ക്രൈം കേസ്സുകളുമായി ബന്ധപ്പെട്ട വാഹനങ്ങൾ കോടതി കേസ് തീർപ്പാകുന്ന മുറയ്ക്ക് മാത്രമേ ഡിസ്പോസ് ചെയ്യാൻ കഴിയുകയുള്ളൂ. Protection of River Banks & Regulation of Removal of Sands Act പ്രകാരമുള്ള വാഹനങ്ങൾ സബ്ഡിവിഷണൽ മജിസ്ട്രേറ്റിനോ റവന്യൂ ഡിവിഷണൽ ഓഫീസർക്കോ കൈമാറണമെന്നാണ് നിലവിലെ നിയമം. അങ്ങനെയുള്ള വാഹനങ്ങളുടെ കാര്യത്തിൽ സബ്ഡിവിഷണൽ മജിസ്ട്രേട്ട് ആർ.ഡി.ഒ., ജില്ലാ കളക്ടർ തുടങ്ങിയവരിൽനിന്ന് വ്യക്തമായ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് പോലീസ് നടപടി സ്വീകരിക്കുന്നതാണ്. ഇതിന് ഹൈക്കോടതിയിൽ രണ്ട് കേസുകൾ ഫയൽ ചെയ്തിരുന്നു. മലപ്പുറം തിരൂരങ്ങാടി സ്വദേശിയായ മൊയ്തീൻകുട്ടി WP(C) No. 13127/13 ആയും കണ്ണൂർ ജില്ലയിലെ എസ്. ഗോപാലകൃഷ്ണ ഷേണായി എന്നയാൾ WP(C) No. 26277/14 ആയും രണ്ട് റിട്ട് പെറ്റീഷനുകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്നു. അവരുടെ റിട്ട് പെറ്റീഷനിൽ പോലീസ് സ്റ്റേഷനുമുന്നിൽ വാഹനങ്ങൾ കൂട്ടിയിട്ട് ജനങ്ങൾക്ക് മാർഗ്ഗതടസ്സമുണ്ടാക്കുന്നതും ഗതാഗത തടസ്സമുണ്ടാക്കുന്നതും ശരിയല്ല, അത് റിമൂവ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് കോടതി സംസ്ഥാന പോലീസ് മേധാവിക്ക്

നിർദ്ദേശം നൽകിയിരുന്നു. 25-11-2014-ലെ കണക്കനുസരിച്ച് വിവിധ കേസ്സുകളിൽ പെട്ടവയൊഴികെ, 6590 വാഹനങ്ങൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിരുന്നതിൽ ഒട്ടുമിക്ക ജില്ലകളിലും വരുന്ന വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു. ലേലത്തുക കൂടുതലായതു കൊണ്ട് പലരും ലേലമെടുക്കാൻ മുന്നോട്ടുവന്നില്ല. അതുകൊണ്ട് വില പുനർനിർണ്ണയ നടപടികൾ നടന്നുവരികയാണ്. പോലീസ് സ്റ്റേഷനുമുന്നിൽ റോഡിൽ വാഹനങ്ങൾ സൂക്ഷിച്ചുവരുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് എത്രയും പെട്ടെന്ന് അവ ഡിസ്പോസ് ചെയ്യുന്നതിന് പോലീസ് വകുപ്പിന് വ്യക്തമായ നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. കോടതിയുടെ പരിഗണനയിലുള്ള കേസുകളിൽപ്പെട്ട വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിന് കോടതി ഉത്തരവിന്റെ ആവശ്യമുണ്ട്. ഇതിനുള്ള കാലതാമസം ഇക്കാര്യത്തെ ബാധിക്കുന്നുണ്ട്. വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം ഗവൺമെന്റിന്റെ സത്വരമായ പരിഗണനയിലാണ്.

### (6) സബ്കോടതിക്ക് സ്ഥലം അനുവദിക്കൽ

ശ്രീ. സി. ദിവാകരൻ: കരുനാഗപ്പള്ളിയിൽ സർക്കാർ അനുവദിച്ചിട്ടുള്ള താലൂക്ക് സബ്കോടതി പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. കാരണം ആ കോടതി ഫങ്ഷൻ ചെയ്യുന്നത് വാടകക്കെട്ടിടത്തിന്റെ രണ്ടാമത്തെ നിലയിലാണ്. അവിടെ അഭിഭാഷകർ, കക്ഷികൾ, ജീവനക്കാർ, സ്ത്രീ ജീവനക്കാർ എന്നിവർക്കൊന്നും അവരുടെ ഡ്യൂട്ടി നിർവ്വഹിക്കാനുള്ള യാതൊരു സ്ഥലസൗകര്യവുമില്ല. ഞാൻ അതിന് ബന്ധപ്പെട്ട മന്ത്രിയെ സമീപിച്ചപ്പോൾ കോടതിക്ക് സ്ഥലമുണ്ടെങ്കിൽ മന്ദിരനിർമ്മാണത്തിനുള്ള ഫണ്ട് അനുവദിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. കരുനാഗപ്പള്ളി താലൂക്കിൽ സ്ഥലം കിട്ടാൻ ഒരു നിവർത്തിയുമില്ല. അവിടെ കെ.ഐ.പി.-യുടെ പ്രോജക്ട് വൈൻഡ് അപ് ചെയ്തിരിക്കുകയാണ്. യാതൊരു പ്രവർത്തനവുമില്ല. ഒന്നരയേക്കർ സ്ഥലമുണ്ട്. കെട്ടിടങ്ങളുണ്ട്. കെട്ടിടങ്ങളെല്ലാം ജീർണ്ണിച്ചുകിടക്കു കയാണ്. ഒട്ടേറെ വർഷങ്ങളായി ഈ സ്ഥലം ഉപയോഗശൂന്യമായി കിടക്കുകയാണ്. ആ സ്ഥലത്തുനിന്ന് കോടതിയുടെ മന്ദിരം നിർമ്മിക്കാൻ മിനിമം പത്തുസെന്റ് സ്ഥലമെങ്കിലും ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി അനുവദിച്ച് തരാനുള്ള കാരുണ്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഇതിനൊരു വിശദമായ മറുപടി ആവശ്യമില്ല. ആ ഏരിയ ഏതുഭാഗത്താണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു റിക്വസ്റ്റ് തന്നാൽ അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആ സ്ഥലം തരുന്നതിന് ഗവൺമെന്റിന് യാതൊരു എതിർപ്പുമില്ല.

## (7) വിദ്യാർത്ഥിനിയെ പീഡിപ്പിച്ച സംഭവം

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, നാദാപുരം മണ്ഡലത്തിലെ പാറക്കടവിലെ ദാറുൽഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ നാലര വയസ്സ് തികയാത്ത പിഞ്ചു കുഞ്ഞിനെ ലൈംഗികമായി പീഡിപ്പിച്ച സംഭവുമായി ബന്ധപ്പെട്ടതാണ് ഈ സബ്മിഷൻ. പീഡനക്കേസ് വന്നപ്പോൾ നാദാപുരം ഡിവൈ.എസ്.പി. രണ്ടു ദിവസം ലീവിലായിരുന്നു. തുടർന്ന് താമരശ്ശേരി ഡിവൈ.എസ്.പി. ആയിരുന്ന ശ്രീ. ജെയ്സൺ ആയിരുന്നു അന്വേഷിച്ചത്. യഥാർത്ഥ പ്രതികളെ രക്ഷിക്കാൻ ശ്രമം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടക്കുന്നുവെന്ന് ശക്തമായ സംശയമുണ്ടായ സാഹചര്യത്തിൽ അവിടെ വലിയ ജനകീയ പ്രക്ഷോഭം ഉയർന്നു. ഞാനും ശ്രീമതി കെ. കെ. ലതികയും മറ്റു ജനപ്രതിനിധികളുമൊക്കെ അതുമായി ബന്ധപ്പെട്ട് ഇടപെടുന്ന സാഹചര്യമുണ്ടായി. തുടർന്ന് അന്വേഷണം നാദാപുരം ഡിവൈ.എസ്.പി.-യുടെയും സി.ഐ.യുടെയും നേതൃത്വത്തിൽ തൃപ്തികരമായി പോകുന്നു എന്ന അഭിപ്രായമാണ് കുട്ടികളുടെ രക്ഷിതാക്കൾക്ക് ഉണ്ടായിട്ടുള്ളത്. കുട്ടിയുടെ മൊഴി, വകുപ്പ് 164 പ്രകാരം പയ്യോളി കോടതിയിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് രണ്ടു മുതിർന്ന വിദ്യാർത്ഥികൾ റിമാൻഡിലുമാണ്. ഈ വിദ്യാലയത്തിന്റെ കോമ്പൗണ്ടിനോടൊപ്പമുള്ള ഹോസ്റ്റലിലുള്ള വിദ്യാർത്ഥികളാണ് ഇവർ. തുടർന്ന് മാനേജ്മെന്റിന്റെ പ്രതിനിധി, നാലര വയസ്സുമാത്രം പ്രായമുള്ള ഈ കുട്ടിയെ അപമാനപ്പെടുത്തുന്ന തരത്തിൽ മനുഷ്യമനസ്സിനെ വേദനിപ്പിക്കുന്ന തരത്തിലുള്ള ആരോപണമുന്നയിച്ച വാർത്തയും പ്രചരിപ്പിച്ചു. അതുകാരണം ഒട്ടേറെ ജനകീയ സമരങ്ങളും ഇതിന്റെ പിന്നാലെ അവിടെ അരങ്ങേറി. ബാലാവകാശ കമ്മീഷനും മനുഷ്യാവകാശ കമ്മീഷനുമുൾപ്പെടെ ഈ വിഷയത്തിൽ ഇടപെട്ട് സ്കൂളിന്റെ സൗകര്യം മനസ്സിലാക്കുവാനും കേസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മനസ്സിലാക്കുവാനും വന്നെങ്കിലും തുടർനടപടികളൊന്നും നടന്നിട്ടില്ല. ഇന്നലെ ഇതുമായി ബന്ധപ്പെട്ട് ഒരു ആക്ഷൻ കമ്മിറ്റി അവിടെ രൂപീകരിച്ചിട്ടുണ്ട്. അതിലുയർന്നുവന്ന ആവശ്യം ഈ കേസിന് വീട്ടുകാരുടെ താല്പര്യപ്രകാരം ഒരു സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കണമെന്നുള്ളതാണ്. ഈ ആവശ്യമുന്നയിച്ചു കൊണ്ടുള്ള വീട്ടുകാരുടെയും ആക്ഷൻ കമ്മിറ്റിയുടെയും കത്ത് ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകുന്നതാണ്. ആയതിനാൽ പിഞ്ചുകുഞ്ഞിനെ പീഡിപ്പിച്ചവർക്ക് മാതൃകാപരമായി ശിക്ഷ നൽകാൻ വേണ്ട അന്വേഷണം നടത്തി എത്രയുംവേഗം കുറ്റപത്രം കോടതിയിൽ നൽകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. അതോടൊപ്പം നമ്മുടെ സംസ്ഥാനത്ത് ഇത്തരം ഒട്ടേറെ കേസ്സുകൾ നടക്കുമ്പോൾ ഇതിന് മാതൃകാപരമായ ശിക്ഷ ലഭിക്കുമെന്ന ഉറപ്പ് വരാത്ത സാഹചര്യത്തിൽ നമ്മുടെ പിഞ്ചുകുഞ്ഞുങ്ങളുടെ ഭാവി വളരെ ആശങ്കയിലാകുന്ന സാഹചര്യമാണുള്ളത്. ഇത്തരം കേസ്സുകളിൽ ബാഹ്യ

ഇടപെടലുകളുണ്ടാകില്ലെന്ന് ഉറപ്പ് നൽകാൻ ബഹുമാനപ്പെട്ട മന്ത്രി സത്വരം ശ്രദ്ധിക്കണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, നാദാപുരം വളയം പോലീസ് സ്റ്റേഷൻ പരിധിയിലെ പാറക്കടവ് ദാറുൽഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ എൽ.കെ.ജി. വിഭാഗത്തിൽ പഠിക്കുന്ന നാലര വയസ്സുള്ള ബാലികയെ 30-10-2014-ൽ സ്കൂളിൽവച്ച് ആരോ ലൈംഗികമായി പീഡിപ്പിച്ചു എന്ന് 10-11-2014-ൽ വളയം എസ്.ഐ.-ക്ക് വിവരം ലഭിച്ചു. ഈ വിവരത്തിന്റെ അടിസ്ഥാനത്തിൽ എസ്.ഐ.-യുടെ നേതൃത്വത്തിൽ വനിതാ പോലീസുൾപ്പെടെയുള്ള പോലീസ് സംഘം പെൺകുട്ടിയുടെ വീട്ടിലെത്തി സംഭവത്തെക്കുറിച്ച് കുട്ടിയുടെ മാതാവിൽനിന്ന് മൊഴി രേഖപ്പെടുത്തി. സ്കൂളിലെ അഗതിമന്ദിരത്തിലെ അന്തേവാസികളായ രണ്ട് പേർ ചേർന്ന് ബാലികയെ ലൈംഗികമായി പീഡിപ്പിച്ചു എന്ന മൊഴി ലഭിച്ചതിന്റെ അടിസ്ഥാനത്തിലും വൈദ്യപരിശോധനയിൽ പീഡനം നടന്നതായി വെളിവായതിനാലും വളയം പോലീസ് സ്റ്റേഷനിൽ ഇൻഡ്യൻ ശിക്ഷാ നിയമം 376 -Protection of Children from sexual offences Act-ലെ IV വകുപ്പുപ്രകാരം ക്രൈം 512/2014-ാം നമ്പറായി കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് നാദാപുരം പോലീസ് സർക്കിൾ ഇൻസ്പെക്ടർ നടത്തിയ വിശദമായ അന്വേഷണത്തിൽ 30-10-2014-ാം തീയതി ഉച്ചയ്ക്ക് 12.20-നും 1.15-നും ഇടയിലുള്ള സമയത്ത് ദാറുൽഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ബാത്ത്റൂമിൽ കൊണ്ടുപോയി ബാലികയെ പ്രസ്തുത സ്ഥാപനത്തിലെ അഗതിമന്ദിരത്തിൽ മതപഠനം നടത്തുന്ന ഷംസുദ്ദീൻ -19 (സൺ ഓഫ് സിറാജ്) മുബഷീർ-20 (സൺ ഓഫ് മുത്തലീഫ് സഖാഫി) എന്നിവർ ചേർന്ന് ലൈംഗികമായി പീഡനം നടത്തിയെന്ന് വെളിവാകുകയും പീഡനത്തിനിരയായ കുട്ടി ഇവരെ തിരിച്ചറിയുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായ രണ്ടുപേരേയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി ഇവരെ റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ കേസ് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഇ. കെ. വിജയൻ പറഞ്ഞതനുസരിച്ച് സ്പെഷ്യൽ പ്രോസിക്യൂട്ടറെ വയ്ക്കുന്നതിന് ഗവൺമെന്റിന് പൂർണ്ണ സമ്മതമാണ്. അതിനുവേണ്ടി ഈ കേസ്സിലെ യഥാർത്ഥ കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ക്രൈം ബ്രാഞ്ചിന് വിട്ടതും അതിന്റെ അടിസ്ഥാനത്തിൽതന്നെയാണ്. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഗവൺമെൻറ് ഇക്കാര്യം വളരെ ഗൗരവത്തോടുകൂടിത്തന്നെ കണ്ടുകൊണ്ട് നിയമപരമായ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

## (8) പഠനസമയം പുനഃക്രമീകരിക്കൽ

<u>ശ്രീ. കെ. എൻ. എ. ഖാദർ :</u> സർ, ഈ സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇപ്പോഴത്തെ പഠനസമയം രാവിലെ 9 മണിമുതൽ വൈകുന്നേരം 4.45 വരെയാണ്. ഇതിനുമുമ്പ് ആറു ദിവസത്തെ പഠനം ഒരാഴ്ചയിൽ നടന്നു വന്നപ്പോൾ അത് അഞ്ച് ദിവസമാക്കി ചുരുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ സഭ മുമ്പാകെ ഒരു സബ്മിഷൻ അവതരിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മുൻകൈ എടുത്ത് അത് അഞ്ച് ദിവസമായി ചുരുക്കുകയും ലബ്ബാകമ്മീഷന്റെ ശിപാർശ നടപ്പിലാക്കുകയും ചെയ്തു. അങ്ങനെ അഞ്ച് ദിവസമായി ചുരുക്കിയിട്ടും പിന്നീട് പീരീഡ് സമയം അഡ്ജസ്റ്റ് ചെയ്യാനാണെന്നുപറഞ്ഞ് രാവിലെ 9 മുതൽ വൈകുന്നേരം 4.45 വരെയാണ് ഇപ്പോൾ പഠനം നടത്തുന്നത്. ഹയർ സെക്കന്ററി വിഭാഗത്തിലെ കുട്ടികൾ പഠനരംഗത്ത് വളരെയേറെ സമ്മർദ്ദങ്ങൾ അനുഭവിക്കുന്നവരാണ്. തിരുവനന്തപുരം പോലുള്ള നഗരങ്ങളിൽ രാവിലെ ഇറങ്ങി നിന്നാൽ കുട്ടികളെ സ്കൂട്ടറിന്റെ പുറകിൽ കയറ്റി നാലുമണി മുതൽ അഞ്ചുമണിവരെ മാത്തമാറ്റിക്സിന്റെ ട്യൂഷൻ, അഞ്ചുമുതൽ ആറുവരെ ബയോളജി ട്യൂഷൻ, ആറുമുതൽ ഏഴ് വരെ ഇംഗ്ലീഷ് ട്യൂഷൻ. ഇങ്ങനെ പുലർച്ചെ ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നേറ്റ് കുട്ടികളെയുംകൊണ്ട് ട്യൂഷന് പോകുകയാണ്. അതുകഴിഞ്ഞ് എട്ടുമണിക്ക് സ്കൂളിൽ പോയതിനുശേഷം വൈകിട്ട് നാലേമുക്കാലിന് സ്കൂൾ വിട്ടാൽ അവർ മടങ്ങിവരുന്നത് ആറ് മണിക്കോ ഏഴുമണിക്കോ ആണ്. അങ്ങനെവന്നാൽ ഉടനെ എൻട്രൻസ് കോച്ചിംഗ് സെന്ററിലേക്ക് പോകണം. അങ്ങനെ രാപ്പകൽ, അതിരാവിലെ ബ്രാഹ്മമുഹൂർത്തം മുതൽ രാത്രി പത്തുമണിവരെ കഠിനമായി അദ്ധ്വാനിക്കേണ്ട ഒരു ഭാരം ഹയർ സെക്കന്ററി വിഭാഗം വിദ്യാർത്ഥികൾക്കുമാത്രം ഗവൺമെന്റ് വച്ചുകൊടുത്തിരിക്കുകയാണ്. അത് അശാസ്ത്രീയമായ ഒരു നടപടിയാണ്. അതിന്റെ ഒരാവശ്യമുണ്ടെന്നെനിക്ക് തോന്നുന്നില്ല. കുട്ടികൾ മാനസികമായി വളരെ പിരിമുറുക്കത്തിലും ബുദ്ധിമുട്ടിലുമാണ്. ഞാൻ ഇതിനെക്കുറിച്ച് നേരിട്ട് അന്വേഷിച്ചിട്ടുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ടിട്ടുണ്ട്, അദ്ധ്യാപകരുമായി സംസാരിച്ചിട്ടുണ്ട്. വളരെ വേദനാജനകമാണ്. എഞ്ചിനീയറിംഗ് കോളേജിലോ മെഡിക്കൽ കോളേജിലോ ഐ.എ.എസ്. കോച്ചിംഗ് സെന്ററുകളിലോ ഉന്നതവിദ്യാഭ്യാസ സ്ഥപനങ്ങളിലോ എവിടെയും 4.45 വരെ എന്ന സമയമില്ല. അതുകൊണ്ട് എന്തു ബുദ്ധിമുട്ട് വന്നാലും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഗവൺമെന്റും ഈ വിഷയത്തിൽ ഒരു പരിശോധന നടത്തി പഠനസമയം കാലത്ത് 9.30 മുതൽ വൈകുന്നേരം 4 മണിവരെയാക്കണം. അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാതെ കുട്ടികളെ പഠനം, പഠനം എന്നുപറഞ്ഞ് സമ്മർദ്ദത്തിലാക്കുന്ന ഈ രീതി ഒട്ടും ശരിയായ നടപടിയല്ല. വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കുന്ന കുട്ടികളുടെ മാനസികമായ

പിരിമുറുക്കം താങ്ങാവുന്നതിൽ കൂടുതലാണ്. വീട്ടുകാർക്കും ബുദ്ധിമുട്ടാണ്. ഇവർക്കുമാത്രമായി എന്താണ് ഇത്രയും പഠിക്കാനുള്ളതെന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. അവർ അതിനെക്കാൾ ഉയർന്ന പാഠങ്ങൾ പഠിക്കാനുള്ള കോഴ്സുകൾക്ക് ചേരുമ്പോൾ ഇല്ലാത്ത ഒരു പഠിത്തം എന്തിനാണ്. വിദ്യാഭ്യാസ മേഖലയിൽ ഒരു വഴിത്തിരിവാണ് ഹയർസെക്കന്ററി ഘട്ടം. ആ കുട്ടികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ സഭ മുമ്പാകെ ഉന്നയിക്കുന്നത്. തീർച്ചയായും അതിനൊരു ഭേദഗതി വരുത്തി ഹയർസെക്കണ്ടറി പഠന സമയം 9.30 മുതൽ 4 മണിവരെയാക്കി നിജപ്പെടുത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, കേരളത്തിലെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് ശിപാർശ സമർപ്പിക്കുന്നതിന് നിയോഗിക്കപ്പെട്ട പ്രൊഫ. പി. ഒ. ജെ. ലബ്ബ ചെയർമാനായ കമ്മിറ്റിയുടെ ശിപാർശകളിലെ പ്രധാനപ്പെട്ട ഒരു ശിപാർശ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആഴ്ചയിൽ നിലവിലുള്ള, ആറ് പ്രവർത്തി ദിനങ്ങളിൽ ശനിയാഴ്ച ഒഴിവാക്കി അഞ്ച് ദിവസമായി കുറയ്ക്കുക എന്നതായിരുന്നു. ഈ ശിപാർശ സർക്കാർ പരിഗണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള അദ്ധ്യയന സമയങ്ങളിൽ കുറവുവരാതെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രവർത്തി ദിവസങ്ങൾ ആഴ്ചയിൽ അഞ്ചായി നിജപ്പെടുത്തുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തു. ഹയർ സെക്കണ്ടറി സ്കൂളുകളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.15 വരെയുള്ള സമയക്രമത്തിൽ ആഴ്ചയിൽ ആറ് പ്രവർത്തി ദിനങ്ങളിലായി 47 പീരിയഡുകളാണ് അദ്ധ്യയനത്തിനായി നിജപ്പെടുത്തിയിരുന്നത്. ഇതുപ്രകാരം വെള്ളിയാഴ്ച ഒഴികെയുള്ള അഞ്ച് പ്രവർത്തിദിനങ്ങളിൽ ആകെ 1675 മിനിട്ടും (5x335) വെള്ളിയാഴ്ച 295 മിനിട്ടുമടക്കം ആകെ 1970 മിനിട്ട് അദ്ധ്യയനത്തിന് ലഭ്യമായിരുന്നു. ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രവർത്തിദിനം, സർക്കാരിന് യാതൊരുവിധ അധിക സാമ്പത്തിക ബാധ്യതയുമുണ്ടാകാൻ പാടില്ലെന്ന വ്യവസ്ഥയ്ക്കുവിധേയമായി ശനിയാഴ്ച നഷ്ടപ്പെടുന്ന സമയം മറ്റുദിവസങ്ങളിൽ, അതായത് തിങ്കൾ മുതൽ വെള്ളിവരെയുള്ള ദിവസങ്ങളിൽ ക്രമീകരിച്ച് 1-7-2014 മുതൽ ശനിയാഴ്ച ഒഴിവാക്കി ആഴ്ചയിൽ അഞ്ച് പ്രവർത്തി ദിവസമാക്കി 24-6-2014-ലെ ജി.ഒ. (എം.എസ്.) നമ്പർ 117/2014 പൊതുവിദ്യാഭ്യാസ പ്രകാരം അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതുപ്രകാരം തിങ്കൾ മുതൽ വ്യാഴം വരെയുള്ള പ്രവർത്തിദിനങ്ങളിൽ 10 പീരിയഡുകളിലായി ആകെ 1620 മിനിട്ടും വെള്ളിയാഴ്ച 7 പീരിയഡുകളിലായി 350 മിനിട്ടുമടക്കം ആഴ്ചയിൽ ആകെ 1970 മിനിട്ടുതന്നെ അദ്ധ്യയനത്തിന് ലഭിക്കുന്നുണ്ട്. ശനിയാഴ്ച നഷ്ടപ്പെടുന്ന അദ്ധ്യയന സമയം മറ്റ് ദിവസങ്ങളിൽ ക്രമീകരിക്കുന്നതിനായി തിങ്കൾ മുതൽ വെള്ളിവരെയുള്ള

അഞ്ചുദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 4.30 വരെയുള്ള സമയഘടനയിലാണ് ക്ലാസുകളുടെ സമയദൈർഘ്യം പുനഃക്രമീകരിച്ചത്. പ്രസ്തുത സമയഘടനയിൽ പീരിയഡുകൾക്കിടയിലുള്ള ഇടവേളകളും ഉച്ചഭക്ഷണത്തിനായുള്ള ഇടവേളയും അപര്യാപ്തമാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രവർത്തിസമയങ്ങളിൽ ഇടവേളകൾ 10 മിനിട്ടായും ഉച്ചഭക്ഷണ ഇടവേള തിങ്കൾ മുതൽ വ്യാഴം വരെ 40 മിനിട്ടായും വെള്ളിയാഴ്ച 95 മിനിട്ടായും വർദ്ധിപ്പിച്ച് 16-9-2014-ലെ ജി.ഒ. (എം.എസ്.) നമ്പർ 189/2014 പൊതുവിദ്യാഭ്യാസ പ്രകാരം പുനഃക്രമീകരിച്ച് ഉത്തരവായി. പ്രസ്തുത ഉത്തരവുപ്രകാരം രാവിലെ 9 മണി മുതൽ വൈകുന്നേരം 4.45 വരെയാണ് ക്ലാസ് സമയം ക്രമീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ ഹയർ സെക്കണ്ടറി ടൈംടേബിൾ രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയാക്കി പുനഃക്രമീകരിക്കുന്നപക്ഷം ദിവസം 75 മിനിട്ടുവീതം ആഴ്ചയിൽ 6 മണിക്കൂർ 15 മിനിട്ട് അദ്ധ്യയന സമയത്തിൽ കുറവുവരും. തൽഫലമായി അഞ്ചുദിവസത്തെ ടൈംടേബിൾ പ്രകാരം പാഠ്യഭാഗങ്ങൾ പഠിപ്പിച്ചുതീർക്കാൻ കഴിയാതെ വരും. മാത്രമല്ല പീരിയഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതിനാൽ തസ്തികകളുടെ എണ്ണത്തിലും മാറ്റം വരും. അദ്ധ്യയന ദിവസം ആഴ്ചയിൽ അഞ്ച് ആക്കിയത് സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ട്. പുതിയ സമയക്രമം സംബന്ധിച്ച് കാര്യമായ പരാതികളൊന്നും ലഭിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ സമയക്രമം പുനഃപരിശോധിക്കേണ്ടതുണ്ടെന്ന് ഇപ്പോൾ സർക്കാർ കരുതുന്നില്ല.

### (9) മിനി സിവിൽസ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് ഭരണാനുമതി

ഡോ. എൻ. ജയരാജ്: സർ, പൊൻകുന്നത്തും സമീപപ്രദേശങ്ങളിലുമുള്ള സർക്കാർ ഓഫീസുകൾ ഒരു സമുച്ചയത്തിലാക്കുക എന്നുള്ള ആശയത്തോടു കൂടിയാണ് മൂന്നുവർഷങ്ങൾക്കുമുമ്പ് പൊൻകുന്നം മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. അതിന്റെ ഒന്നാംഘട്ടം പൂർത്തീകരിക്കുകയും പിന്നീട് രണ്ടാംഘട്ടത്തിന് 4 കോടി 93 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തു. ഇത് രണ്ടുപ്രാവശ്യം ടെണ്ടർ ചെയ്തതാണ്. രണ്ട് പ്രാവശ്യവും സിംഗിൾ ടെണ്ടർ ആണെന്നുള്ള കാരണം പറഞ്ഞ് വീണ്ടും അത് സബ്മിറ്റ് ചെയ്യുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലം ഏതാണ്ട് പതിനൊന്നോളം വരുന്ന സർക്കാർ ഓഫീസുകൾ വാടകക്കെട്ടിടത്തിലാണ് കഴിഞ്ഞ രണ്ടുമൂന്നുവർഷക്കാലമായി പ്രവർത്തിക്കുന്നത്. അമിതമായ വാടക കൊടുക്കുന്നതുമൂലം ഗവൺമെന്റിന് നഷ്ടമുണ്ടാകുന്നതിനോടൊപ്പംതന്നെ കെട്ടിട നിർമ്മാണത്തിന്റെ ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യംകൂടി നിലവിലുണ്ട്.

ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരുടെ അനാസ്ഥയാണ് യഥാർത്ഥത്തിൽ രണ്ടാംഘട്ട പ്രവർത്തനങ്ങൾ വൈകുവാനുണ്ടായ ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ടുതന്നെ അതിന് ഉത്തരവാദപ്പെട്ട ആളുകളോട് വിശദീകരണം ആവശ്യപ്പെടുകയും ഭരണാനുമതി ലഭിച്ച 4 കോടി 93 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പൊൻകുന്നം മിനി സിവിൽ സ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിന് 493 ലക്ഷം രൂപയുടെ ഭരണാനുമതി 30-9-2013-ന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിക്ക് സാങ്കേതികാനുമതി നൽകി 28-2-2014- ൽ ടെണ്ടർ ചെയ്തു. ആദ്യം ലഭിച്ച ടെണ്ടർ സിംഗിൾ ടെണ്ടറായതിനാൽ 5-5-2014-ൽ വീണ്ടും ടെണ്ടർ ചെയ്തുവെങ്കിലും രണ്ടാമതും സിംഗിൾ ടെണ്ടറാണ് ലഭിച്ചത്. ഇതിൽ 59 ശതമാനം അധികം നിരക്കാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. ഇത് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരത്തിന് യഥാസമയം സമർപ്പിക്കുന്നതിന് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. അതോടൊപ്പം ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുന്നതും കെട്ടിട നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതുമാണ്.

## (10) തോട്ടപ്പള്ളി പൊഴിമുഖത്തെ ആരോഗ്യപ്രശ്നങ്ങൾ

ശ്രീ. ജി. സുധാകരൻ: സർ, പുറക്കാട് പഞ്ചായത്തിൽ നാഷണൽ ഹൈവേയുടെ പടിഞ്ഞാറുവശമുള്ള തോട്ടപ്പള്ളി പൊഴിമുഖത്തിലെ മലിനീകരണ പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. ആഴിയും അഴിയും യോജിക്കുന്ന ഇവിടെ അതിമനോഹരമായ ഒരു ടൂറിസ്റ്റ് കേന്ദ്രമായി വളർത്തുന്നതിനുള്ള പദ്ധതി കേന്ദ്ര-സംസ്ഥാന ടൂറിസം വകുപ്പുകൾ ചേർന്ന് അനുവദിച്ചിരിക്കുകയാണ്. അവിടെ ഒരു മനോഹരമായ ബീച്ച് സംഘടിപ്പിക്കുക, ഹൗസ് ബോട്ട് ടെർമിനൽ, ചിൽഡ്രൻസ് പാർക്ക്, പെഡൽ ബോട്ട് എന്നിവ കേന്ദ്ര ഗവൺമെന്റിന്റെ ടൂറിസം സബ്സിഡിയോടുകൂടി അനുവദിച്ചിട്ടുണ്ട്. ഈ വിനോദ സഞ്ചാര പദ്ധതികളെ അട്ടിമറിക്കാനായി അവിടെനിന്ന് മണൽ കള്ളക്കടത്ത് നടത്തുകയും ചെമ്മീൻതോട് അനധികൃതമായി ഉണക്കുന്നതിനും സാമൂഹ്യ വിരുദ്ധശക്തികൾ ദീർഘകാലമായി ഇവിടം ഉപയോഗിച്ചുവരികയാണ്. ടൂറിസം പ്രോജക്ട് അനുവദിച്ച ഈ സ്ഥലത്ത് നടത്തുന്ന തെറ്റായ നടപടിയെ ഇല്ലായ്മചെയ്യാൻ ജില്ലാ ഭരണകൂടം

യാതൊന്നും ചെയ്യാത്തതുകൊണ്ട് അവിടെ ജനങ്ങൾക്ക് വളരെയേറെ പ്രയാസമാണ്. ജലവിഭവ വകുപ്പിന്റെ അധീനതയിലാണ് ഈ സ്ഥലം. അതുകൊണ്ട് അനധികൃതമായ മണൽവാരലും ചെമ്മീൻതോട് ഉണക്കലും അടിയന്തരമായി തടയുന്നതിനും മഹത്തായ ഒരു ടൂറിസം പ്രോജക്ട് അവിടെ ഉയർന്നുവരുന്നതിനുമാവശ്യമായ പശ്ചാത്തല സൗകര്യവുമൊരുക്കാനും ജലവിഭവ വകുപ്പ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, തോട്ടപ്പള്ളി പൊഴിമുഖത്ത് മറ്റ് സ്ഥലങ്ങളിൽനിന്നും ചെമ്മീൻതോട് കൊണ്ടുവന്ന് ഉണക്കുന്നതും മറ്റുള്ള പരിസര മലിനീകരണങ്ങൾ തടയുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും റവന്യൂ ഉദ്യോഗസ്ഥർക്കും മലിനീകരണ നിയന്ത്രണ ബോർഡ്, ജില്ലാ എൻവയോൺമെന്റ് എഞ്ചിനീയർ എന്നിവർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃത മണൽവാരൽ തടയുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. ടി സ്ക്വാഡ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ അനധികൃത മണൽവാരൽ നിയന്ത്രണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നതും നിരവധി വാഹനങ്ങൾ കസ്റ്റഡിയിലെടുത്ത് നടപടി സ്വീകരിച്ചിട്ടുള്ളതുമാണെന്ന് ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ കയ്യേറ്റത്തെ സംബന്ധിച്ച് റവന്യൂ അധികാരികളോട് സർവ്വേ ചെയ്ത് അതിർത്തി നിർണ്ണയിച്ചുനൽകാൻ ഉടൻ ആവശ്യപ്പെടുന്നതാണ്. അതിർത്തി നിർണ്ണയിച്ചുനൽകിയശേഷം ഈ സ്ഥലം സംരക്ഷിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുന്നതാണ്. മണൽവാരൽ തടയുന്നതിനുവേണ്ടി പോലീസ്, റവന്യൂ അധികാരികളുടെ സഹായമാവശ്യപ്പെടുന്നതാണ്. ഇതിന്റെ അതിർത്തി സർവ്വേ ചെയ്ത് നിർണ്ണയിച്ചുകിട്ടിയാൽ ജലവിഭവ വകുപ്പ് ഇത് സംരക്ഷിക്കുന്നതിനുള്ള കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

# VII മേശപ്പുറത്തുവച്ച കടലാസുകൾ

## 1. ലിസ്റ്റ് 1 പ്രകാരം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, കാര്യവിവരപ്പട്ടികയിലെ ഇനം 3(1) ലിസ്റ്റ് 1-ലെ ക്രമനമ്പർ 1 പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. 2014 -ലെ കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഓർഡിനൻസ് (2014-ലെ 17-ാം നമ്പർ ഓർഡിനൻസ്)
2. 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി)ഓർഡിനൻസ് (2014-ലെ 18-ാം നമ്പർ ഓർഡിനൻസ്)
   [ചട്ടം 75(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് സഹിതം]

3. 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ്
(2014-ലെ 19-ാം നമ്പർ ഓർഡിനൻസ്)

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കാര്യവിവരപ്പട്ടികയിലെ ഇനം 3(1) ലിസ്റ്റ് 1-ലെ ക്രമനമ്പർ 2 പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. 2014 -ലെ കേരള ഭൂനികുതി (ഭേദഗതി) ഓർഡിനൻസ്
(2014-ലെ 22-ാം നമ്പർ ഓർഡിനൻസ്)

2. 2014 -ലെ കേരള പ്ലാന്റേഷൻ ടാക്സ് (ഭേദഗതി) ഓർഡിനൻസ്
(2014-ലെ 23-ാം നമ്പർ ഓർഡിനൻസ്)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കാര്യവിവരപ്പട്ടികയിലെ ഇനം 3(1) ലിസ്റ്റ് 1-ലെ ക്രമനമ്പർ 3 പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. 2014 -ലെ കേരള മത്സ്യവിത്ത് ഓർഡിനൻസ്
(2014-ലെ 13-ാം നമ്പർ ഓർഡിനൻസ്)

2. 2014 -ലെ കേരള മാരിടൈം ബോർഡ് ഓർഡിനൻസ്
(2014-ലെ 28-ാം നമ്പർ ഓർഡിനൻസ്)

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കാര്യവിവരപ്പട്ടികയിലെ ഇനം 3(1) ലിസ്റ്റ് 1-ലെ ക്രമനമ്പർ 4 പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

2014 -ലെ കേരള ടോൾ (ഭേദഗതി) ഓർഡിനൻസ്
(2014-ലെ 26-ാം നമ്പർ ഓർഡിനൻസ്)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം 3(1) ലിസ്റ്റ് 1-ലെ ക്രമനമ്പർ 5 പ്രകാരമുള്ള കടലാസുകൾ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. 2014 -ലെ കേരള മൂല്യവർദ്ധിത നികുതി (ഭേദഗതി) ഓർഡിനൻസ്
(2014-ലെ 21-ാം നമ്പർ ഓർഡിനൻസ്)

2. 2014--ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ്
(2014-ലെ 21-ാം നമ്പർ ഓർഡിനൻസ്)

3. 2014 -ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസ്
(2014-ലെ 29-ാം നമ്പർ ഓർഡിനൻസ്)

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, കാര്യവിവരപ്പട്ടികയിലെ ഇനം 3(1) ലിസ്റ്റ് 1-ലെ ക്രമനമ്പർ 6 പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. 2014 -ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ്
(2014-ലെ 16-ാം നമ്പർ ഓർഡിനൻസ്)

2. 2014 -ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ്
(2014-ലെ 27-ാം നമ്പർ ഓർഡിനൻസ്)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം 3(1) ലിസ്റ്റ് 1-ലെ ക്രമനമ്പർ 7 പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

2014 -ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്
(2014-ലെ 12-ാം നമ്പർ ഓർഡിനൻസ്)

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം 3(1) ലിസ്റ്റ് 1-ലെ ക്രമനമ്പർ 8 പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

2014 -ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ്
(2014-ലെ 15-ാം നമ്പർ ഓർഡിനൻസ്)
[ചട്ടം 75 (2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് സഹിതം]

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം 3(1) ലിസ്റ്റ് 1-ലെ ക്രമനമ്പർ 9 പ്രകാരമുള്ള കടലാസുകൾ തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കു വേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ഓർഡിനൻസ്
(2014-ലെ 20-ാം നമ്പർ ഓർഡിനൻസ്)

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം 3(1) ലിസ്റ്റ് 1-ലെ ക്രമനമ്പർ 10 പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

2014 -ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ്
(2014-ലെ 14-ാം നമ്പർ ഓർഡിനൻസ്)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, കാര്യവിവരപ്പട്ടികയിലെ ഇനം 3(1) ലിസ്റ്റ് 1-ലെ ക്രമനമ്പർ 11 പ്രകാരമുള്ള കടലാസുകൾ വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. 2014 -ലെ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (പാസ്സഞ്ചർ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ്, ഇംപ്രൂവ്ഡ് പാസ്സഞ്ചർ അമിനിറ്റീസ്, എംപ്ലോയീസ് സോഷ്യൽ സെക്യൂരിറ്റി ആന്റ് സെസ്സ് ഓൺ പാസ്സഞ്ചർ ടിക്കറ്റ് ) ഓർഡിനൻസ്
(2014-ലെ 25-ാം നമ്പർ ഓർഡിനൻസ്)

2. 2014-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ഓർഡിനൻസ്
(2014-ലെ 25-ാം നമ്പർ ഓർഡിനൻസ്)

(അദ്ധ്യക്ഷവേദിയിൽ മി.ഡെപ്യൂട്ടി സ്പീക്കർ)

**ചട്ടം 47 (2) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1226, രണ്ടാം സമ്മേളനത്തിലെ 66, 1507, അഞ്ചാം സമ്മേളനത്തിലെ 42, 1593, ആറാം സമ്മേളനത്തിലെ 110, 1793, ഏഴാം സമ്മേളനത്തിലെ 42, 51, 3569, 3570, എട്ടാം സമ്മേളനത്തിലെ 61, 1706, ഒൻപതാം സമ്മേളനത്തിലെ 1652, 3282, 4825,6067, 6070, പത്താം സമ്മേളനത്തിലെ 40, 65, 1926, 3521, 4955, 5002, പതിനൊന്നാം സമ്മേളനത്തിലെ 42, 44, 54, 76, 1708, 2819, 3361, 6233, 6236, 7629 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 141, 2029, പതിനൊന്നാം സമ്മേളനത്തിലെ 93, 1719, 1720, 1725, 1729, 1734, 1735,1738,

1739, 1745, 6242, 6244, 7644, 7663 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2550, അഞ്ചാം സമ്മേളനത്തിലെ 7907, ഏഴാം സമ്മേളനത്തിലെ 245, 261, പത്താം സമ്മേളനത്തിലെ 253, 2050, 2155, പതിനൊന്നാം സമ്മേളനത്തിലെ 158, 160, 162, 171, 216, 223, 266, 1803, 1814, 1831, 1865, 3473, 3475, 3546, 3551, 5069, 5085, 5089, 5094, 5146, 6309, 6357, 7741 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, താഴെ പറയുന്ന കടലാസുകൾ വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 300, 1947, 1954, 5222 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും

മി. ഡെപ്യൂട്ടി സ്പീക്കർ: സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ള പക്ഷിപ്പനി സംബന്ധിച്ചും അത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചും ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിക്ക് ചട്ടം 300 പ്രകാരമുള്ള പ്രസ്താവന നടത്തുന്നതാണ്.

## VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### പക്ഷിപ്പനി നിയന്ത്രണവും നിവാരണവും

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കുട്ടനാട് പ്രദേശങ്ങളിൽ താറാവുകൾ ചത്തൊടുങ്ങുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ആരോഗ്യം, മൃഗസംരക്ഷണം, ആഭ്യന്തരം, പഞ്ചായത്ത്, വനം, റവന്യൂ തുടങ്ങിയ വകുപ്പുമന്ത്രിമാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമടങ്ങുന്നവരുടെയും ഒരു യോഗം

വിളിച്ചു ചേർക്കുകയും അന്നുതന്നെ ആലപ്പുഴ ജില്ലയിൽ ആഭ്യന്തരം, ആരോഗ്യം, മൃഗസംരക്ഷണം എന്നീ വകുപ്പുമന്ത്രിമാരും പത്തനംതിട്ട ജില്ലയിൽ റവന്യൂ വകുപ്പുമന്ത്രിയും കോട്ടയം ജില്ലയിൽ വനം വകുപ്പുമന്ത്രിയും ഉടൻ യോഗം വിളിച്ചുചേർക്കുകയും താറാവുകൾ ചത്തതുമായി ബന്ധപ്പെട്ട തുടർനടപടികളിലേയ്ക്ക് കടക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

പക്ഷിപ്പനി മാരകമായ ഒരു വൈറൽ രോഗമായാണ് കാണുന്നത്. സാധാരണയായി കോഴി, വാങ്കോഴി, കാട, താറാവ്, വാത്ത, ഗിനിക്കോഴി എന്നീ പക്ഷികളെയാണ് രോഗം ബാധിക്കുന്നത്. ദേശാടനപക്ഷികളാണ് ഈ രോഗത്തിന്റെ പ്രധാന വാഹകരായി പ്രവർത്തിക്കുന്നത്. മാരകമായ ഈ രോഗം വളരെവേഗം പടർന്നുപിടിക്കുകയും പക്ഷികൾ കൂട്ടത്തോടെ ചത്തൊടുങ്ങുകയും ചെയ്യും. ഈ വൈറസ് മനുഷ്യരിലേയ്ക്ക് പകരുന്നതിനും സാധ്യതയുണ്ട്. ഈ രോഗം ഒരു രാജ്യത്തുനിന്നോ/പ്രദേശത്തുനിന്നോ മറ്റു രാജ്യങ്ങളിലേയ്ക്ക് പടരുന്നതിന് ദേശാടനപക്ഷികൾ മുഖ്യമായ പങ്ക് വഹിക്കുന്നു. ഇത്തരം പക്ഷികളിൽനിന്നുള്ള വൈറസ് നാടൻ പക്ഷികളിലേയ്ക്ക് പകരുകയും ഇത് രോഗമായി മാറുകയും ചെയ്യുന്നു.

രോഗാണുബാധയുള്ള പക്ഷികളുടെ സ്രവങ്ങളിൽ കൂടി വൈറസ് പുറത്തുവരുന്നു. ഇവ വായുവിലൂടെയും തീറ്റ, വെള്ളം, പക്ഷികളുടെ ഇറച്ചി, മുട്ട ഇവ കൊണ്ടുപോകുന്ന വാഹനങ്ങൾ എന്നിവയിലൂടെയും പകരാം. ഇവയുമായുള്ള സമ്പർക്കവും വൈറസ്സുകൾ ഉൾക്കൊള്ളുന്ന സൂക്ഷ്മ കണികകൾ ശ്വസിക്കുന്നതിലൂടെയുമാണ് രോഗാണുക്കൾ ശരീരത്തിൽ പ്രവേശിക്കുന്നത്.

പക്ഷികളെ വളർത്തുന്ന കർഷകർ, പക്ഷികളുടെ ഇറച്ചി, മുട്ട, പക്ഷി വളം തുടങ്ങിയവ കൈകാര്യം ചെയ്യുന്ന ഫാമുകളിലേയും കച്ചവട കേന്ദ്രങ്ങളിലേയും ജീവനക്കാർ, പക്ഷിപനി ബാധിച്ച പക്ഷികളെ കൊല്ലുവാൻ നിയോഗിക്കപ്പെട്ടവർ, പക്ഷികളുമായി ഇടപെടുന്ന വെറ്ററിനറി ജീവനക്കാർ തുടങ്ങിയവർക്കാണ് പനി പകരുവാൻ സാധ്യതയുള്ളത്.

പക്ഷികളെ കൊല്ലുവാനായി നിയോഗിച്ചിട്ടുള്ള കള്ളിംഗ് ടീം അംഗങ്ങൾക്ക് രോഗപ്രതിരോധ ഗുളികകൾ വിതരണം ചെയ്യുന്നുണ്ട്. കള്ളിംഗ് ടീം അംഗങ്ങളെ സഹായിക്കുവാനായി ടീം സഹകരിപ്പിക്കുന്ന വ്യക്തികളെയും ടീം അംഗങ്ങളായി കണക്കാക്കി അവർക്കും ഗുളികകൾ വിതരണം ചെയ്യും. പ്രശ്നബാധിത പ്രദേശത്തെ ആരോഗ്യവകുപ്പിന്റെ എല്ലാ പബ്ലിക് ഹെൽത്ത് സെന്ററുകളിലും പക്ഷിപ്പനി പ്രതിരോധ കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. രോഗചികിത്സയ്ക്കായി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലാ ജനറൽ ആശുപത്രികളിലും കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിലും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

NCDC-യുടെ (National Centre for Disease Control) ഡൽഹിയിൽനിന്ന് എത്തിച്ചേർന്ന വിദഗ്ദ്ധസംഘം രോഗബാധിത പ്രദേശങ്ങൾ സന്ദർശിക്കുന്നുണ്ട്. ആരോഗ്യവകുപ്പ് ഇതുവരെ സംസ്ഥാനത്തൊട്ടാകെ 88,128 വീടുകൾ സന്ദർശിച്ച് 3,31,143 പേരെ പരിശോധനയ്ക്ക് വിധേയരാക്കി. ഇതിൽ ആർക്കും H5N1 രോഗലക്ഷണങ്ങൾ കണ്ടില്ല. സംസ്ഥാനത്താകെ 680 പേർക്ക് ലഘുവായ പനിയുടെ ലക്ഷണങ്ങൾ കണ്ടുവെങ്കിലും ആർക്കുംതന്നെ H5N1 (പക്ഷിപ്പനി) രോഗലക്ഷണം കാണുകയോ, സംശയിക്കുകയോ ചെയ്യുന്നില്ല. ചികിത്സയ്ക്കാവശ്യമായ ഒസൽട്ടാമിവിർ ഗുളികകൾ ലഭ്യാക്കിയിട്ടുണ്ട്. (75 Mg-4160 എണ്ണം, 30 Mg-30820 എണ്ണം, 225 കുപ്പി സിറപ്പ്) സംസ്ഥാനത്ത് നടത്തുന്ന ഗൃഹസന്ദർശനം, പരിശോധന, സാമ്പിൾ ശേഖരണം തുടങ്ങിയവ സംബന്ധിച്ച വിശദാംശം അനുബന്ധം I*ആയി ചേർത്തിട്ടുണ്ട്.

കള്ളിംഗ് ടീമിന്റെ പ്രവർത്തനം സുഗമമാക്കുവാൻ പോലീസിനെ കൂടി നിയോഗിച്ചിട്ടുണ്ട്. കത്തിച്ചുകളയുവാൻ വിട്ടുപോയതോ അല്ലാതെ ഏതെങ്കിലും അപാകതകൾ സംഭവിച്ചതോ എന്ന് കണ്ടെത്തി പരിഹരിക്കുവാൻ ഒരു ബാക്ക് അപ്പ് ടീമിനെ കൂടി അയയ്ക്കുന്നുണ്ട്. ഈ ടീം കള്ളിംഗ് ടീമിന്റെ പുറകെ സന്ദർശനം നടത്തും. വെള്ളത്തിലോ, എവിടെയെങ്കിലുമോ ഒറ്റപ്പെട്ട് ചത്തുകിടക്കുന്ന താറാവുകളെ തിരഞ്ഞുപിടിച്ച് കണ്ടെത്തി കത്തിച്ച് നശിപ്പിക്കുന്നതിന് ഒരു പ്രത്യേക ടീമിനെ 'സർവ്വയലൻസ് ടീം' എന്ന പേരിൽ നിയോഗിച്ചിട്ടുണ്ട്.

രോഗവ്യാപനത്തിന്റെ തുടക്കത്തിൽ താറാവുകൾ കൂട്ടത്തോടെ മരണപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്, തിരുവല്ല പക്ഷിരോഗ നിർണ്ണയ ലബോറട്ടറി എന്നിവിടങ്ങളിൽ നടത്തിയ പ്രാഥമിക പരിശോധനകളിൽ രോഗം പക്ഷിപ്പനിയാണെന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരീകരണത്തിനായി ക്ലിനിക്കൽ സാമ്പിളുകൾ പ്രത്യേക ദൂതൻ മുഖേന ബാംഗ്ലൂരിലെ സതേൺ റീജിയണൽ ഡിസീസ് ഡയഗണസ്റ്റിക് ലാബിലേയ്ക്കും ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈ സെക്യൂരിറ്റി അനിമൽ ഡിസീസ് ലാബിലേയ്ക്കും വിമാനമാർഗ്ഗം 22-11-2014-ന് അയച്ചിരുന്നു. തുടർന്ന് എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്കും ജാഗ്രതാ നിർദ്ദേശവും കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ അതീവജാഗ്രതാ നിർദ്ദേശവും 21-11-2014-ൽ തന്നെ നൽകിയിരുന്നു. ഇതിനുപരിയായി കേന്ദ്രസർക്കാരിലെ ബന്ധപ്പെട്ട അധികാരികളെ വിവരം ധരിപ്പിക്കുകയും ചെയ്തു. അടിയന്തര സാഹചര്യം വിലയിരുത്തുന്നതിനായി സാങ്കേതിക ഉദ്യോഗസ്ഥന്മാരുടെ യോഗം 21-ാം തീയതിയും 22-ാം തീയതിയും ചേർന്നിരുന്നു. അടിയന്തര സാഹചര്യങ്ങളിൽ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചുള്ള ഭാരത സർക്കാരിന്റെ വിശദമായ ആക്ഷൻ പ്ലാൻ എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്കും നൽകി. അതീവ ജാഗ്രതാ നിർദ്ദേശമുള്ള കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ താലൂക്ക് തലത്തിൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) ഉണ്ടാക്കുവാനും പക്ഷികളെ കടത്തുന്നത് തടയുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകി. ജില്ലകളിൽ അണുനാശിനികളുടെയും കുമ്മായത്തിന്റെയും ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചു. സംസ്ഥാനത്ത് ഇപ്പോൾ ലഭ്യമായിരുന്ന പേഴ്സണൽ പ്രൊട്ടക്ഷൻ കിറ്റുകൾ (പി.പി.ഇ.) അതീവ ജാഗ്രതാ ജില്ലകളായ കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നിവിടങ്ങളിൽ എത്തിച്ചു. അടിയന്തര ആവശ്യത്തിനായി ആവശ്യമായ പി.പി.ഇ. കിറ്റുകൾ 10,000 എണ്ണം നേരിട്ട് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 10,000 എണ്ണം കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായത് 27-11-2014 മുതൽ വിമാനമാർഗ്ഗം എത്തിച്ചു. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ ആസ്ഥാനങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം 22-11-2014-ൽ ആരംഭിച്ചു. ഭോപ്പാൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈ സെക്യൂരിറ്റി അനിമൽ ഡിസീസ് ലാബിൽനിന്നും പക്ഷികളിലെ രോഗം അതീവ മാരകമായ എച്ച്5 ഏവിയൻ ഇൻഫ്ലുവൻസാണെന്ന് സ്ഥിരീകരിച്ച റിപ്പോർട്ട് 24-11-2014-ന് 3 മണിക്ക് ലഭിച്ചു.

27-11-2014-ൽ, രോഗകാരണം മാരകമായ H5N1 ഇനത്തിൽപ്പെട്ട വൈറസാണെന്ന് ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈ സെക്യൂരിറ്റി അനിമൽ ഡിസീഡ് ലാബിൽനിന്നും റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് 28-11-2014-ന് രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സ്ഥിതിഗതികൾ അവലോകനം ചെയ്തു. അടിയന്തര സാഹചര്യം നേരിടുന്നതിനും കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുമായി 2 കോടി രൂപ അനുവദിച്ചു. രോഗനിയന്ത്രണ നടപടികളുടെ ഭാഗമായി രോഗബാധ സ്ഥിരീകരിച്ച ആലപ്പുഴ ജില്ലയിലെ പുറക്കാട്, തലവടി, ചെന്നിത്തല കോട്ടയം ജില്ലയിലെ അയ്മനം, കുമരകം, പത്തനംതിട്ട ജില്ലയിലെ പെരിങ്ങര എന്നിവിടങ്ങളിലെ ഒരു കിലോമീറ്റർ ചുറ്റളവിലെ എല്ലാ പക്ഷികളേയും കൊന്ന് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് റാപ്പിഡ് റസ്പോൺസ് ടീം (ആർ.ആർ.ടി.) യുദ്ധകാലാടിസ്ഥാനത്തിൽ 26-11-2014 മുതൽതന്നെ നടപടി സ്വീകരിച്ചു. 10 കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥലത്ത് അതീവ ജാഗ്രത പുലർത്തുകയും നിരീക്ഷണം ശക്തമാക്കുകയും ചെയ്തു. ഈ സ്ഥലത്തെ പക്ഷി, മുട്ട, മാംസം, വളം എന്നിവയുടെ കടത്തും വ്യാപാരവും നിരോധിച്ചു. രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി കൊല്ലപ്പെടുന്ന പക്ഷികളുടെ ഉടമസ്ഥർക്ക് സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരമായി 2 മാസത്തിലധികം പ്രായമായ പക്ഷികൾക്ക് 200 രൂപയും 2 മാസത്തിൽ താഴെയുള്ള പക്ഷികൾക്ക്

100 രൂപയും വീതം 28-11-2014 മുതൽ വിതരണം ചെയ്തുതുടങ്ങി. ഇതുവരെ ആകെ 84,29,200 രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തു. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ മൃഗസംരക്ഷണം, റവന്യൂ, ആരോഗ്യം, തദ്ദേശസ്വയംഭരണം, മോട്ടോർ വാഹനം, പോലീസ്, വനം എന്നീ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് രോഗനിയന്ത്രണ പ്രവർത്തനങ്ങൾ മുന്നേറുന്നത്. ആർ.ആർ.ടി.-കൾക്കും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും ആവശ്യമായ പ്രതിരോധ മരുന്നും ആരോഗ്യ പരിശോധനയും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ കാര്യക്ഷമമായി നടന്നുവരുന്നു. താറാവുകളെ സംസ്കരിക്കുന്നതിനാവശ്യമായ സാധനസാമഗ്രികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാണ് ലഭ്യമാക്കുന്നത്. ആകെ മൂന്ന് ജില്ലകളിലായി ഇതുവരെ 2,06,175 പക്ഷികളെ കൊന്ന് സംസ്കരിച്ചു. കൂടാതെ 6985 മുട്ടകളും, 3320 കിലോഗ്രാം തീറ്റയും നശിപ്പിച്ചു. പുതുതായി പക്ഷികളിൽ രോഗലക്ഷണങ്ങൾ കാണപ്പെടുന്ന സ്ഥലങ്ങളിൽനിന്നും സാമ്പിളുകൾ പരിശോധിച്ച് ബാംഗ്ലൂരിലേയും ഭോപ്പാലിലേയും ലബോറട്ടറികളിലേയ്ക്ക് അയച്ചുവരുന്നു.

രോഗപ്രതിരോധ പ്രവർത്തനങ്ങളുടെയും സംസ്ഥാനത്ത് ഇത്തരം ദുരന്തം ഇനിയും ഉണ്ടാകാതെ നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെയും ഭാഗമായി സർക്കാർ ചുവടെ സൂചിപ്പിക്കുന്ന നടപടികൾ കൂടി സ്വീകരിച്ചിട്ടുണ്ട്.

പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന ചെലവ് വഹിക്കുവാൻ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും തനത് ഫണ്ടിൽനിന്നും ഒരു ലക്ഷം രൂപ ചെലവഴിക്കുവാൻ അനുമതി നൽകി. തനത് ഫണ്ട് ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മറ്റ് ഫണ്ടുകളിൽനിന്നും തുക വകമാറ്റി ചെലവഴിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

കള്ളിംഗ് നടപടികൾ ആരംഭിക്കുന്നതിനുമുമ്പ് രോഗംമൂലം മരണപ്പെട്ട താറാവുകൾക്കും കള്ളിംഗ്മൂലം നശിപ്പിക്കപ്പെടുന്ന താറാവുകൾക്കും സർക്കാർ നിശ്ചയിച്ച തോതിലുള്ള നഷ്ടപരിഹാരം നൽകുവാൻ തീരുമാനിച്ചു.

രോഗബാധിത പ്രദേശങ്ങളിലെ ഹാച്ചറികളിലുള്ള മുട്ടകളും മുട്ടക്കുഞ്ഞുങ്ങളെയും നശിപ്പിക്കുവാനും അവയ്ക്ക് 5 രൂപ നിരക്കിൽ നഷ്ടപരിഹാരം നൽകുവാനും തീരുമാനിച്ചു.

രോഗബാധിത പ്രദേശത്തെ ആരോഗ്യ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആശാ വർക്കേഴ്സിന് 500 രൂപ ഒറ്റത്തവണ ഓണറേറിയം ആയി നൽകുന്നതിന് തീരുമാനിച്ചു. രോഗപ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന് ചെലവായിട്ടുള്ള തുക അധികമായി അനുവദിച്ചു നൽകുന്നതിന് തീരുമാനിച്ചു. പക്ഷിപ്പനിയെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും

രോഗബാധിത പ്രദേശത്ത് ശുചീകരണ പ്രവർത്തനം ആരംഭിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. രോഗം വെള്ളത്തിലൂടെ പകരുന്നത് തടയുന്നതിന്റെ ഭാഗമായി വെള്ളം രോഗാണുവിമുക്തമാക്കുന്നതിന് വിദഗ്ദ്ധരുമായി ചേർന്ന് ആക്ഷൻ പ്ലാൻ തയ്യാറാക്കുവാൻ തീരുമാനിച്ചു. താറാവ് വളർത്തലിന്റെ ആധുനിക സങ്കേതങ്ങൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതി ലേയ്ക്കായി കേരളാ വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡക്ക് റിസർച്ച് സ്ഥാപിക്കുന്നതിന് കേന്ദ്ര സഹായം തേടുവാൻ തീരുമാനിച്ചു. വൈറസ് മൂലമുള്ള പകർച്ചവ്യാധികൾ പരിശോധിച്ച് സ്ഥിരീകരിക്കുവാൻ ഇപ്പോൾ ആലപ്പുഴയിൽ സ്ഥാപിച്ചിരിക്കുന്ന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ശക്തിപ്പെടുത്തുന്നതിന് തീരുമാനിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ പാലോട് പ്രവർത്തിക്കുന്ന ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് BSL 3+ നിലവാരത്തിലേക്കുയർത്തി ജന്തുരോഗ നിർണ്ണയ ലബോറട്ടറി സ്ഥാപിക്കുന്നതിന് കേന്ദ്രസഹായം തേടുവാൻ തീരുമാനിച്ചു.

സർക്കാർ മേഖലയിലെ താറാവ് ഫാമുകൾക്ക് നിശ്ചിത ഗുണമേന്മാ മാർഗ്ഗരേഖകൾ നിശ്ചയിക്കുന്നതിനും സ്വകാര്യ മേഖലയിൽ ആരംഭിക്കുന്ന താറാവ് ഫാമുകൾക്ക് ഗുണമേന്മാ മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് ഏർപ്പെടുത്തുവാനും തീരുമാനിച്ചു.

ഡോ. ടി. എം. തോമസ് ഐസക്: സർ, രണ്ട് ആക്ഷേപങ്ങളുണ്ട്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, പോയിന്റ് ഓഫ് ഓർഡർ ...... Rule 300:- A statement may be made by a Minister on a matter of public importance with the consent of the Speaker, but no questions shall be asked at the time the statement is made.

## IX നിയമനിർമ്മാണകാര്യം

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ ഒരു കാര്യം വ്യക്തമാക്കാം. സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത രണ്ട് ബില്ലുകളാണ് ഇന്ന് സഭയിൽ എടുക്കുന്നത്. ആദ്യത്തെ ബില്ലിൽ 7 പേരും രണ്ടാമത്തെ ബില്ലിൽ 9 പേരും സംസാരിക്കുന്നുണ്ട്. അംഗങ്ങളുടെ പ്രസംഗവും ബഹുമാനപ്പെട്ട മന്ത്രിമാരുടെ സംസാരവും കൂടിയാകുമ്പോൾ കുറഞ്ഞത് മൂന്നര മണിക്കൂർ വേണ്ടിവരും. ആദ്യത്തെ ബില്ലിൽ 1061 അമെന്റ്മെന്റുകളുണ്ട്. സഭ പിരിയാൻ ഇന്ന് വളരെ വൈകും. അതുകൊണ്ട്

സംസാരിക്കുന്ന ഓരോ അംഗവും 10 മിനിട്ട് സംസാരിച്ചാൽപോലും മൂന്നര മണിക്കൂറിൽ കൂടുതലെടുക്കും. ഇക്കാര്യത്തിൽ ചെയർ നിയന്ത്രിക്കുന്നില്ല. സംസാരിക്കുന്ന അംഗങ്ങൾ സ്വയം നിയന്ത്രിച്ചാൽ സഭ നേരത്തെ പിരിയാൻ കഴിയും. അതുകൊണ്ട് സ്വയം നിയന്ത്രിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇതൊരു നിയമനിർമ്മാണമാണ്. ഇത് കുറച്ചുകൂടി വിശദമായി ആലോചിച്ച് കൂടുതൽ സമയമെടുത്ത് ചർച്ച ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ, ഈ നിയമസഭയിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത രണ്ടും മൂന്നും ബില്ലുകൾ സാധാരണ എടുക്കുന്നതാണ്. നിയമസഭയിൽ എല്ലാ പ്രാവശ്യവും ഇങ്ങനെ തന്നെയാണ്. ഒരു ബില്ല് മാത്രമായി സഭയിൽ എടുക്കാറില്ല. രണ്ട് ബില്ലുകൾ എല്ലാ പ്രാവശ്യവും എടുക്കാറുണ്ട്. സംസാരിക്കുന്ന അംഗങ്ങൾ സ്വയം സമയം നിയന്ത്രിക്കണമെന്നാണ് ചെയർ പറഞ്ഞത്.

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

### 1. 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സബ്ജക്ട് കമ്മിറ്റി 2014 ജൂലൈ മാസം 1, 7 എന്നീ തീയതികളിൽ യോഗം ചേർന്നു. അംഗങ്ങൾ ഈ ബില്ലിന്മേൽ വിശദമായ ചർച്ച നടത്തുകയും ഇരുപത്തിരണ്ടിൽപ്പരം ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു. ആ ഭേദഗതികൾ അംഗീകരിച്ച് അതിനനുസൃതമായ മാറ്റവും വരുത്തിക്കൊണ്ടാണ് സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച പ്രകാരമുള്ള ഈ ബിൽ സഭയിൽ ചർച്ച ചെയ്യുന്നതിനായി അവതരിപ്പിച്ചിട്ടുള്ളത്. കേരള സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽനിന്ന് 10 ശതമാനം കോളേജുകൾക്കെങ്കിലും സ്വയംഭരണം നൽകണമെന്ന് സംസ്ഥാനങ്ങൾക്കും സർവ്വകലാശാലകൾക്കും യു.ജി.സി. നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എൻ. ആർ. മാധവമേനോൻ അദ്ധ്യക്ഷനായ ഒരു സമിതിയെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിക്കുകയുണ്ടായി. ഉന്നത നിലവാരം

പുലർത്തുന്ന കോളേജുകൾക്ക് അക്കാദമിക സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ അധ്യയന വർഷം മുതൽ യു.ജി.സി.-യുടേയും യൂണിവേഴ്സിറ്റിയുടേയും മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹത നേടിയ കോളേജുകൾക്ക് അക്കാദമിക സ്വയംഭരണാവകാശം നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ട് സർവ്വകലാശാലകളുടെ ആക്ടുകളിലും ബന്ധപ്പെട്ട മറ്റ് നിയമങ്ങളിലും ഒരു ചാപ്റ്റർ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ളതാണ് ഈ ബിൽ. അക്കാദമിക സ്വയംഭരണം നൽകുന്ന പദ്ധതിക്ക് സംസ്ഥാനത്തിനും സർവ്വകലാശാലയ്ക്കും യു.ജി.സി. പ്രോത്സാഹനം നൽകിയതിന്റെ ഫലമായി 21 സംസ്ഥാനങ്ങളിലെ 84 സർവ്വകലാശാലകൾക്ക് കീഴിലുള്ള 441 കോളേജുകൾ സ്വയംഭരണ പദവി നേടി മികച്ച അക്കാദമിക പ്രവർത്തനങ്ങളുമായി രാജ്യത്ത് മുന്നിട്ടുനിൽക്കുകയാണ്. അക്കാദമിക സ്വയംഭരണം നൽകുന്നതിന് 10 മാനദണ്ഡങ്ങൾ യു.ജി.സി. നിഷ്കർഷിക്കുന്നത് കൂടാതെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായ ഒരു വിദഗ്ദ്ധ സമിതിക്കും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. മാത്രമല്ല ഇത്തരം സ്വയംഭരണ കോളേജുകൾക്ക് അതാത് സർവ്വകലാശാലകളുടെ ആക്ടിനും സ്റ്റാറ്റ്യൂട്ടിനും സർവ്വകലാശാലകൾ പുറപ്പെടുവിക്കുന്ന വിവിധ നിയമങ്ങൾക്കും വിധേയമായി മാത്രമേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ എന്ന പ്രത്യേകത ഇവിടെ നിലനിർത്തിയിരിക്കുന്നു എന്നതും ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്. സ്വയംഭരണ കോളേജുകൾക്ക് അക്കാദമികമായ കാര്യങ്ങളിൽ മാത്രമാണ് സ്വയംഭരണം നൽകുന്നത് എന്നതിനാൽ ഒരു വിധത്തിലും ഈ നിയമം ഇവർക്ക് സർവ്വകലാശാല നിയമത്തിൽനിന്നോ സർക്കാർ നിയമത്തിൽനിന്നോ വേറിട്ട് പ്രവർത്തിക്കാൻ അനുമതി നൽകുന്നില്ല. ഈ ബിൽ സഭയിൽ ചർച്ച ചെയ്ത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ: I move that - "This House resolves to disapprove The University Laws (Third Amendment) Ordinance, 2014 (Ordinance No. 18 of 2014)". യു.ജി.സി. നിർദ്ദേശമനുസരിച്ച് സംസ്ഥാനത്തെ 10 ശതമാനം കോളേജുകൾക്കെങ്കിലും അക്കാദമിക സ്വയംഭരണം നൽകേണ്ടതിന്റെ ആവശ്യകത പരിഹരിക്കാനാണ് ഈ ഭേദഗതി കൊണ്ടുവരുന്നതെന്ന് പറയുകയുണ്ടായി. 7-ാം പഞ്ചവത്സര പദ്ധതിക്കാലം മുതൽ പുറത്തിറക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ കോളേജുകൾക്ക് അക്കാദമിക സ്വയംഭരണം നൽകുന്നതിനെപ്പറ്റിയുള്ള ചില ആശയങ്ങൾ പറഞ്ഞിട്ടുണ്ട്. 11-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 2007-ൽ പുറത്തിറക്കിയിട്ടുള്ള ഒരു മാർഗ്ഗനിർദ്ദേശരേഖയെ ആസ്പദമാക്കിയാണ് എൻ.ആർ. മാധവമേനോൻ കമ്മീഷനെ നിയോഗിക്കലും അക്കാദമിക സ്വയംഭരണം കൊടുക്കാനുള്ള തീരുമാനങ്ങളിലേയ്ക്കും വരുന്നത്. ഇത് വളരെ മാൻഡേറ്ററിയായി ചെയ്തുകൊള്ളണം, അല്ലെങ്കിൽ അപകടമുണ്ടാകും എന്ന

നിലയിലുള്ളതല്ല, യു.ജി.സി.-യുടെ നിർദ്ദേശം മാത്രമാണ്. ഇവിടെ അക്കാദമിക സ്വയംഭരണം കോളേജുകൾക്ക് കൊടുക്കുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങൾ സംബന്ധിച്ച് ആവശ്യമായ സമയമെടുത്ത് സമഗ്രമായ പഠനം നടത്തി, സഭയിലൂൾപ്പെടെ ആവശ്യമായ ആശയവിനിമയം നടത്തി കൈകാര്യം ചെയ്യേണ്ട വിഷയമാണ്. യഥാർത്ഥത്തിൽ വളരെ ധൃതി പിടിച്ചാണ് ഗവൺമെന്റ് ഓട്ടോണമി എന്ന ആശയം നടപ്പിലാക്കാൻ ശ്രമിക്കുന്നത്. അക്കാദമിക് ഓട്ടോണമി എന്നത് വളരെ മഹത്തായ ഒരാശയമാണ്. ആ ആശയത്തോട് ആർക്കും വിയോജിപ്പില്ല. അതൊരു പുതിയ ആശയവുമല്ല. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട പല കമ്മീഷനുകളും ഈ ആശയം അവതരിപ്പിച്ചിട്ടുണ്ട്. 1965-ൽ പ്രൊഫസർ എസ്.കെ. സിദ്ധാർത്ഥ ചെയർമാനായിട്ടുള്ള കമ്മീഷൻ ഈ ആശയം മുന്നോട്ടുവയ്ക്കുന്നുണ്ട്. സ്കൂൾ വിദ്യാഭ്യാസം മുതൽ സർവ്വകലാശാല വിദ്യാഭ്യാസംവരെ സമഗ്രമായി പഠിച്ച 1966-ലെ കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ ഇതിനെക്കുറിച്ചുള്ള അഭിപ്രായ പ്രകടനങ്ങളുണ്ട്. 1986-ലെ ദേശീയ വിദ്യാഭ്യാസ പദ്ധതിയിലും 1987-ൽ ഡോ. കെ. ഗോപാലൻ അദ്ധ്യക്ഷനായിട്ടുള്ള വിദഗ്ദ്ധ സമിതിയിലും 2005-ലെ പ്രൊഫസർ കാന്തി വിശ്വാസ് കമ്മിറ്റി റിപ്പോർട്ടിലും 2011-ൽ പ്രൊഫ. എ. എൻ. പി. ഉമ്മർകുട്ടി കമ്മിറ്റി റിപ്പോർട്ടിലും ഇതുസംബന്ധിച്ച് പറയുന്നുണ്ട്. സർവ്വകലാശാല വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരേണ്ട പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ട് പറഞ്ഞ സമയത്തൊക്കെ അക്കാദമിക് ഓട്ടോണമി എന്ന ആശയം അവർ അവതരിപ്പിക്കുന്നുണ്ട്. അതിൽ ഏറ്റവും നന്നായി കാര്യങ്ങൾ അവതരിപ്പിച്ചത് 1966-ലെ കോത്താരി കമ്മീഷൻ റിപ്പോർട്ടിലാണ്. ഇന്ത്യയിൽ ഉടനടി കോളേജുകൾക്കെല്ലാം അക്കാദമിക് ഓട്ടോണമി കൊടുക്കുക എന്നല്ല കോത്താരി കമ്മീഷൻ പറഞ്ഞിരിക്കുന്നത്. അതിന് പ്രത്യേക സാഹചര്യം വിഭാവന ചെയ്യുന്നുണ്ട്. ചൂഷണവിമുക്തവും സമത്വാധിഷ്ഠിതവുമായ ഒരു ഐഡിയൽ സൊസൈറ്റിയിൽ പരീക്ഷണാർത്ഥം താല്ക്കാലികമായി മാത്രം നൽകാൻ കഴിയുന്ന സങ്കൽപ്പമാണ് ഓട്ടോണമി എന്നാണ് കോത്താരി കമ്മീഷന്റെ ശിപാർശയിൽ പറഞ്ഞത്. ചൂഷണവിമുക്തവും സമത്വാധിഷ്ഠിതവുമായ സാമൂഹ്യാന്തരീക്ഷമാണോ ഇവിടെയുള്ളത്? സർവ്വകലാശാലകളുടെയും കോളേജുകളുടെയും അക്കാദമിക കാര്യങ്ങൾക്ക് നേതൃത്വം കൊടുക്കാൻ നിയോഗിക്കപ്പെട്ട ആൾക്കാർ ഇങ്ങനെ ചൂഷണവിമുക്തമായ സമത്വാധിഷ്ഠിതമായ ആശയം എന്ന കാഴ്ചപ്പാട് വയ്ക്കുന്നവരോ അല്ലെങ്കിൽ എല്ലാ തലത്തിലുമുള്ള മറ്റ് താല്പര്യങ്ങളിൽനിന്ന് മുക്തിനേടി പ്രപഞ്ചത്തിന്റെ നന്മ ലക്ഷ്യംവച്ച് ഋഷിതുല്യമായ മാനസികാവസ്ഥയിലുള്ളവരോ ആയ ആളുകളുടെ കൈയിൽ ഏൽപ്പിക്കേണ്ടതാണ് ഈ ഓട്ടോണമി.

[അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ]

നിലവിൽ കേരളത്തിൽ സർവ്വകലാശാലകളുടെയും കോളേജുകളുടെയും വിദ്യാഭ്യാസ അന്തരീക്ഷവും അതിന് ചുക്കാൻ പിടിക്കുന്ന മാനേജ്മെന്റുകളും ഉദ്യോഗസ്ഥരും അദ്ധ്യാപകരും ഈ നിലയിൽ അക്കാദമിക കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള മനോഭാവമോ പ്രാപ്തിയോ ധൈഷണിക ഔന്നത്യമോ ഉള്ളവരാണോ; അത്തരത്തിലുള്ള ആളുകളുടെ കയ്യിലേയ്ക്കാണ് ഓട്ടോണമി കൊടുക്കുന്നതെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. ഓട്ടോണമി എന്ന ആശയത്തിന്റെ കുഴപ്പമല്ല. ഓട്ടോണമി കൊടുക്കാൻ പറ്റുന്നകാലം ഉണ്ടാകട്ടെയെന്ന് ആഗ്രഹിക്കുന്നവരാണ് നമ്മൾ. ഈ ഗവൺമെന്റ് ഇതുവരെ വിദ്യാഭ്യാസ മേഖല കൈകാര്യം ചെയ്ത രീതികൾ വച്ചുകൊണ്ട് വിദ്യാഭ്യാസ കച്ചവടത്തേയും സ്ഥാപിത താൽപ്പര്യക്കാരായ വിദ്യാഭ്യാസ മാനേജ്മെന്റുകളുടെ ഇംഗിതത്തേയും തൃപ്തിപ്പെടുത്താനും അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുമാണ് ഇപ്പോൾ കൊണ്ടുവരുന്ന ഓട്ടോണമി കൊണ്ട് ഉപയോഗപ്പെടുക എന്ന അഭിപ്രായമാണ് എനിക്കുള്ളത്. എൻ. ആർ. മാധവമേനോൻ കമ്മീഷനെ സംബന്ധിച്ച് പറഞ്ഞല്ലോ. എൻ.ആർ. മാധവമേനോൻ പോലും ഇതിന്റെ എല്ലാ വശങ്ങളും ആഴത്തിൽ അപഗ്രഥിച്ച് പഠിക്കുകയോ, ഓട്ടോണമി കൊടുക്കുമ്പോൾ ഉയർന്നുവരാനുള്ള സങ്കീർണ്ണമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനുള്ള നിർദ്ദേശങ്ങൾ മുമ്പോട്ടുവയ്ക്കുകയോ ചെയ്തിട്ടില്ല. യു.ജി.സി.യുടെ മാർഗ്ഗനിർദ്ദേശം ഏതാണ്ട് അന്ധമായി പകർത്തുകയാണ് എൻ.ആർ. മാധവമേനോൻ കമ്മീഷൻ ചെയ്തത്. അദ്ദേഹം മാതൃകയായി സ്റ്റെല്ല മേരി കോളേജിന്റെ അനുഭവങ്ങൾ അവതരിപ്പിക്കുന്നുണ്ട്. ഇന്ത്യയിൽ 36000-ത്തോളം കോളേജുകളുണ്ട്. അതിൽ ഒരു ശതമാനത്തിൽതാഴെ മാത്രമാണ് നമ്മുടെ രാജ്യത്ത് ഇതുവരെ ഓട്ടോണമി പരീക്ഷിച്ചിട്ടുള്ളത്. അതിൽ പലതും പരാജയമാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. സി. ജോസഫ്</u>): സർ, ഇന്ത്യയിൽ ഓട്ടോണമി ചർച്ച ചെയ്യപ്പെടുകയാണ്. എന്നാൽ നമ്മൾ മടിച്ചുനിൽക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ ഓട്ടോണമിയും കഴിഞ്ഞ് ഡീംഡ് യൂണിവേഴ്സിറ്റിയായി. മദ്രാസ് ക്രിസ്ത്യൻ കോളേജ് ഡീംഡ് യൂണിവേഴ്സിറ്റിയാണ്. ഇവിടെ ഒന്നും ചെയ്യാതെ മടിച്ചുനിൽക്കുന്നതുകാരണം പിന്നോക്കം പോകുന്നത് കാണണ്ടേ?

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, ഞാൻ ഓട്ടോണമി എന്ന ആശയത്തെ എതിർത്തുകൊണ്ടല്ല സംസാരിച്ചത്. ഇതുകൊണ്ട് നമ്മൾ അധഃപതനത്തിലേയ്ക്ക് പോവുകയാണ്. ആരുടെ കയ്യിലേയ്ക്കാണ് അക്കാദമിക് ഓട്ടോണമി കൊടുക്കാൻ പോകുന്നത്?

ശ്രീ. റ്റി. വി. രാജേഷ്: സർ, മലബാർ ക്രിസ്റ്റ്യൻ കോളേജിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. മലബാർ ക്രിസ്റ്റ്യൻ കോളേജിൽ ഓട്ടോണമി കൊടുത്തതുകൊണ്ടുള്ള അപകടത്തെ സംബന്ധിച്ച് പ്രശസ്ത എക്കണോമിസ്റ്റും അവിടത്തെ അദ്ധ്യാപകനുമായിട്ടുള്ള ശ്രീ. സി. റ്റി. കുര്യന്റെ ഇന്റർവ്യൂ ഇതിനിടെ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ വന്നിട്ടുണ്ട്. അവിടെ രാവിലെ റഗുലർ കോഴ്സും ഉച്ചയ്ക്കുശേഷം സ്വാശ്രയ കോഴ്സുമാണ് നടക്കുന്നതെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. മാത്രമല്ല, ഏറ്റവും കൂടുതൽ പണം ചെലവാക്കുന്നത് സ്വകാര്യ സെക്യൂരിറ്റിക്ക് വേണ്ടിയാണ്. ഇതാണ് ഓട്ടോണമിയുടെ അപകടമെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, അത് ഓട്ടോണമി എന്ന ഉദാത്ത സങ്കൽപ്പത്തിന്റെ അപകടമല്ല, അത് പ്രാവർത്തികമാക്കാൻ ആരുടെ കയ്യിലാണോ അധികാരം കൊടുക്കുന്നത് അവരുടെ നിലവാരമില്ലായ്മ അല്ലെങ്കിൽ നിലവിലെ അന്തരീക്ഷം അതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. നമ്മുടെ സംസ്ഥാനത്ത്, രണ്ട് ഗവൺമെന്റ് കോളേജിനും പതിനൊന്ന് എയ്ഡഡ് കോളേജിനുമാണ് ഓട്ടോണമി കൊടുക്കാൻ ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്. ഭാവിയിൽ സ്വാശ്രയ കോളേജുകൾക്കും കൊടുക്കും; കൊടുക്കില്ലെന്ന് എവിടെയും പറഞ്ഞിട്ടില്ല. ഇപ്പോൾ തന്നെ നമ്മുടെ അനുഭവങ്ങൾ എന്താണ്; ഗവൺമെന്റിന്റെ പൊതുവായ നിയന്ത്രണവും സർവ്വകലാശാലകളുടെ നിയന്ത്രണവും ഉണ്ടായിട്ടുപോലും എന്തെല്ലാം അധാർമ്മിക മായതും അന്യായമായതുമായ കാര്യങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ചില മാനേജ്മെന്റുകൾ അവരുടെ കുട്ടികളെ പരീക്ഷയിൽ പാസ്സാക്കുന്നതിന് നടത്തിയ ശ്രമങ്ങളും ഇടപെടലുകളും കൊണ്ട് സർവ്വകലാശാലകളിൽ ഉണ്ടായിട്ടുള്ള കുഴപ്പങ്ങളുമെല്ലാം നമ്മുടെ മുമ്പിലുണ്ട്. ഇവിടെ ഓട്ടോണമിയുടെ ഭാഗമായി പല എയ്ഡഡ് കോളേജുകളേയും ശിപാർശ ചെയ്തു. എയ്ഡഡ് കോളേജുകൾ പലതും ഇവിടത്തെ ജാതി-മത-സാമുദായിക ശക്തികളുടെ നിയന്ത്രണത്തിൽ ഉള്ളതാണ്. ഏതെങ്കിലും ഒരു ജാതിയിലോ മതത്തിലോ പെട്ടുപോയതുകൊണ്ടല്ല പറയുന്നത്. ജാതി-മത-സാമുദായിക സംഘടനകളുടെ മന്ദബുദ്ധികളായ നേതൃത്വം പല സ്ഥലത്തും ഇത്തരം സ്ഥാപനങ്ങളുടെ ചുക്കാൻ പിടിക്കുകയാണ്. അതിന്റെ ഭാഗമായി എന്തെല്ലാം വികൃതമായ വിദ്യാഭ്യാസ സംബന്ധമായ കാര്യങ്ങൾ പറയുന്നു. പുതിയ കോഴ്സുകൾ രൂപകൽപ്പന ചെയ്യാനും സിലബസ് നിശ്ചയിക്കാ നുമുള്ള അവകാശം അക്കാദമിക് ഓട്ടോണമിയുടെ ഭാഗമായി കൊടുക്കുകയാണ്. അതിനെ നിയന്ത്രിക്കുന്നതിന് സർവ്വകലാശാലയുടെ ഒരു പ്രതിനിധിയാണ് ഉണ്ടാവുക. മഹാഭൂരിപക്ഷം അക്കാദമിക സമിതികളിലും മാനേജ്മെന്റിന്റെ ആളുകളാണ് ഉണ്ടാവുക. അന്ധവിശ്വാസങ്ങളും അസംബന്ധങ്ങളും അശാസ്ത്രീയ

സങ്കൽപ്പങ്ങളും പ്രചരിപ്പിക്കുന്ന സമുദായ മാനേജ്മെന്റുകൾക്ക് ശാസ്ത്രവിഷയവുമായി ബന്ധപ്പെട്ട സിലബസ് നിശ്ചയിക്കുന്നതിനുള്ള അധികാരം നൽകിയാൽ എന്തായിരിക്കും സ്ഥിതി? ശാസ്ത്രമായിരിക്കുമോ അവർ പഠിപ്പിക്കുന്നത്. അതിനെ വികൃതവും വികലവുമായിട്ടല്ലേ അവതരിപ്പിക്കുന്നത്. അതുണ്ടാക്കുന്ന ആപത്ത് എന്തായിരിക്കും.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, അങ്ങ് സംസാരിച്ചുകൊണ്ടിരിക്കുന്നത് ഓട്ടോണമി എന്ന സങ്കൽപ്പത്തിന് എതിരല്ലെന്നും എന്നാൽ ഓട്ടോണമിയുടെ പേരിൽ നടക്കുന്ന കച്ചവട താൽപ്പര്യങ്ങളുടെ കൈകളിലേയ്ക്ക് ഈ സ്ഥാപനങ്ങളെല്ലാം കൈമാറ്റം ചെയ്യപ്പെടുമെന്നുമാണ് അങ്ങ് പറഞ്ഞത്. അക്കാദമിക് ഓട്ടോണമിയല്ല, പകരം ഫിനാൻഷ്യൽ ഓട്ടോണമി, സിലബസ് ഓട്ടോണമി തുടങ്ങിയ നിലയിലേയ്ക്ക് കാര്യങ്ങൾ പോവുകയാണ്. അങ്ങനെ സംഭവിക്കുമ്പോൾ സ്ഥാപനങ്ങൾ നടത്തുന്ന മാനേജ്മെന്റുകളുടെ ഇച്ഛയ്ക്കും അഭീഷ്ടത്തിനും അനുസരിച്ച് വിദ്യാർത്ഥികളെ വിജയിപ്പിക്കാനുള്ള ബാദ്ധ്യതകൂടി അവരുടെ കയ്യിൽ വരികയാണ്. ഇത് ചില സ്വാശ്രയ സ്ഥാപനങ്ങൾ ഇന്ന് പരീക്ഷിച്ച് തുടങ്ങിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ഒരു സ്വാശ്രയ കോളേജിൽ തുടർച്ചയായ കൂട്ടകോപ്പിയടിക്ക് സാക്ഷ്യം വഹിക്കേണ്ടിവന്ന അതേ കോളേജിലെ 24 അദ്ധ്യാപകർ മനംനൊന്ത് രാജിവച്ച വാർത്ത കഴിഞ്ഞ ദിവസം വരികയുണ്ടായി. ഇൻവിജിലേറ്റേഴ്സിനെയെങ്കിലും പുറത്തുനിന്നും കൊണ്ടുവരണമെന്ന ആവശ്യം അംഗീകരിക്കാത്ത മാനേജ്മെന്റ് തുടർച്ചയായി കോപ്പിയടിക്ക് അവസരം കൊടുക്കുകയാണ്. ഈ നിലയിൽ ഓട്ടോണമിയുടെ പേരിൽ കോളേജുകൾ ലക്കും ലഗാനുമില്ലാതെ ഉത്തരവാദിത്വരഹിതമായി ആരംഭിച്ചാൽ സംഭവിക്കാനിടയുള്ള വിദ്യാഭ്യാസ നിലവാരത്തിന്റെ തകർച്ച അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

മി. ചെയർമാൻ: ശ്രീ. എ. പ്രദീപ്കുമാർ, 11 മിനിട്ടായി.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഇടയ്ക്ക് രണ്ട് പേർ സംസാരിച്ചതുകൊണ്ടാണ്. തീർച്ചയായും ആ വിഷയം തന്നെയാണ് വിശദീകരിച്ചുവരുന്നത്. സിലബസ്സിന്റെ കാര്യത്തിലും അദ്ധ്യാപന രീതിയിലും അവരുടെ താൽപ്പര്യമനുസരിച്ചായിരിക്കും ശൈലി രൂപപ്പെടുത്തുക. പരീക്ഷാ നടത്തിപ്പ്, മൂല്യ നിർണ്ണയം, റിസൾട്ട് പ്രഖ്യാപനം, ബിരുദദാനം തുടങ്ങിയ എല്ലാ കാര്യങ്ങളും അവരുടെ അധികാരത്തിൽ വരികയാണ്. ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞതുപോലെ കൂട്ടകോപ്പിയടിക്ക് അരങ്ങൊരുക്കിക്കൊടുക്കുന്ന ഒരു മാനേജ്മെന്റിന്റെ കയ്യിൽ നിങ്ങൾ ഓട്ടോണമി കൊടുത്താൽ സംഭവിക്കുന്നത് എന്താണ്; കുട്ടികളെ പഠിപ്പിച്ചും അവരുടെ മികവ് തെളിയിച്ചുമല്ലാതെ അവർക്ക് മികച്ച റിസൾട്ട് കാണിക്കണം. അടുത്ത വർഷം കൂടുതൽ അഡ്മിഷൻ കിട്ടണമെങ്കിൽ മികച്ച റിസൾട്ട് കാണിക്കണം. എല്ലാവരും മികച്ച റിസൾട്ട് ഉണ്ടെന്ന് കാണിക്കാൻ സ്വാഭാവികമായും റിസൾട്ട് ഉണ്ടാക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, എല്ലാ കോളേജുകളേയും അങ്ങനെ അടച്ച് കുറ്റപ്പെടുത്തുന്നത് ശരിയാണോയെന്ന് ആലോചിക്കണം. ഈ വർഷം ഗവൺമെന്റ് ഓട്ടോണമി കൊടുത്ത 8 കോളേജുകൾ കേരളത്തിലുണ്ട്. ഗവൺമെന്റ് കോളേജ് വേറെ. അതുംകൂടി ചേർത്താൽ 10 ആകും. ഏതെങ്കിലും ഒരു കോളേജിനെക്കുറിച്ച് ഒരു പരാതി പറയാനുണ്ടോ; എല്ലാ കോളേജുകളും അർഹിക്കുന്നതാണെന്ന് സമൂഹം അംഗീകരിച്ചിരിക്കുന്നു. ഏതെങ്കിലും ഒരു കോളേജ് ഉന്നത നിലവാരം പുലർത്തുന്നില്ല അല്ലെങ്കിൽ അതിന്റെ വിശ്വാസ്യതയും സുതാര്യതയും കാത്തുസൂക്ഷിക്കുന്നില്ല എന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ? ലോകം മുഴുവൻ മാറുകയാണ്. ഇന്ത്യയിൽ 500-ൽ അധികം ഒട്ടോണമസ് കോളേജുകളുണ്ട്. കേരളത്തിൽ മാത്രമാണ് ഒറ്റ ഓട്ടോണമസ് കോളേജുപോലും ഇല്ലാതിരുന്നത്. വെസ്റ്റ് ബംഗാളിലും ഓട്ടോണമസ് കോളേജുണ്ട്. നമുക്ക് ഇങ്ങനെ ഒറ്റപ്പെട്ട് നിൽക്കാൻ കഴിയുമോ?

1.00 PM

ശ്രീ. എ. പ്രദീപ്കുമാർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഓട്ടോണമസ് എന്നുപറയുന്നത് വളരെ ഉദാത്തമായ ആശയമാണെന്ന് ഞാൻ നേരത്തെ പറഞ്ഞു. നമ്മൾ അതിലേയ്ക്ക് പോകണം, പോകണ്ടെന്നല്ല പറയുന്നത്. ഇന്ന് നമ്മുടെ കോളേജുകളുടെ നിലവാരം, അത് നടത്തുന്ന ആളുകൾ, അതിന്റെ മാനേജ്മെന്റ്, അദ്ധ്യാപകരുടെ ഇന്റലക്ച്വൽ നിലവാരം ഇക്കാര്യങ്ങൾ വച്ചുകൊണ്ട് അവരുടെ കയ്യിൽ ഓട്ടോണമി കൊടുക്കുമ്പോഴുണ്ടാകുന്ന അപകടത്തെക്കുറിച്ചാണ് പറഞ്ഞത്. ഓരോ കോളേജിന്റെയും പെർഫോമൻസ് വിവരം എന്റെ കയ്യിലില്ല. പൊതുവായി കേരളത്തിലെ വിദ്യാലയ അന്തരീക്ഷങ്ങളുടെ സ്ഥിതി വച്ചാണ് ഞാൻ സംസാരിക്കുന്നത്. യഥാർത്ഥത്തിൽ അക്കാദമിക് ഓട്ടോണമിക്ക് ശിപാർശ ചെയ്ത കോളേജുകളുടെ പെർഫോമൻസ് സംബന്ധിച്ച റിപ്പോർട്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കയ്യിലുണ്ടോ; എന്തെങ്കിലും കുറ്റം പറയാൻ കഴിയുമോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നോട് ചോദിച്ചല്ലോ. ഈ കോളേജുകളുടെ അക്കാദമിക് എക്സലൻസ് റിപ്പോർട്ട് ശിപാർശ ചെയ്യുന്ന സമയത്ത് സഭയുടെ മുമ്പാകെ കൊണ്ടുവരാവുന്നതല്ലേ; അത്തരത്തിലുള്ള റിപ്പോർട്ടുണ്ടോ? ഞങ്ങൾ മനസ്സിലാക്കുന്നത് ഓരോ താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ അതങ്ങ് നിശ്ചയിച്ചുവെന്നാണ്. മാത്രമല്ല, അധികാരം ഇവരുടെ കയ്യിൽ കൊടുത്താൽ ഉണ്ടാകുന്ന സാഹചര്യത്തെക്കുറിച്ചാണ് പറയുന്നത്. ഗവൺമെന്റ് കോളേജുകൾക്ക് അക്കാദമിക ഓട്ടോണമി കൊടുത്താൽ ഇന്നത്തെ സാഹചര്യത്തിൽ അവിടെ വളരെ പെർഫെക്ടായി കൈകാര്യം ചെയ്യാൻ കഴിയുന്ന ആളുകളാണോ ഉള്ളത്? ഈ സെമസ്റ്ററൈസേഷന്റെ ഭാഗമായിത്തന്നെ എന്തെല്ലാം പ്രശ്നങ്ങളുണ്ടായിട്ടുണ്ട്.

സത്യത്തിൽ സെമസ്റ്ററൈസേഷൻ എന്നുപറയുന്നത് അത്ര തെറ്റായ രീതിയൊന്നുമല്ല. അതിന്റെ ഭാഗമായി സംഭവിച്ചതെന്താണ്; അവിടെ ഇന്റേണൽ അസെസ്മെന്റിന്റെ ഭാഗമായി കുട്ടികൾക്ക് മാർക്ക് കൊടുക്കുന്നതിൽ വിവേചനം കാണിക്കുന്നു, പലരും പീഡനത്തിനിരയാകുന്നു. അദ്ധ്യാപകർ പെൺകുട്ടികളോടുപോലും മോശമായ നിലയിൽ പെരുമാറിയിട്ടുള്ള ചില അനുഭവങ്ങളും പരാതികളുമുണ്ടായിട്ടുണ്ട്. അദ്ധ്യാപകനെന്നുള്ള സങ്കൽപ്പത്തിനപ്പുറം ഒരു അദ്ധ്യാപകനിൽനിന്ന് പ്രതീക്ഷിക്കാത്ത പലതും നമ്മളിന്ന് അനുഭവിക്കേണ്ടിവരുന്നില്ലേ? സെമസ്റ്ററൈസേഷന്റെ ഭാഗമായി അറ്റെൻഡൻസ്, സെമിനാർ, ടെസ്റ്റ് പേപ്പർ എന്നിങ്ങനെയുള്ള വിവിധ കാറ്റഗറികളുണ്ട്. അതിൽ അറ്റെൻഡൻസ് മാത്രമാണ് ഒബ്ജക്ടീവായി വിലയിരുത്താൻ സാധിക്കുന്നത്. ബാക്കിയുള്ളവയിൽ അദ്ധ്യാപകന്റെ ആത്മനിഷ്ഠയും സബ്ജക്ടീവുമായ വിലയിരുത്തലുകളാണ് വരുന്നത്. അതിൽ സ്വാധീനങ്ങളും ചായ്‌വുകളും പക്ഷപാതിത്വങ്ങളുമുണ്ടാകാം. ഇതിന്റെ ഭാഗമായി ധാരാളം ദുരന്തങ്ങളിപ്പോൾ വിദ്യാഭ്യാസ മേഖലയിൽ നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്നുണ്ട്. അതിലൊക്കെ അതീതമായി ഋഷിതുല്യമായ ഒരു മാനസികാവസ്ഥയിലേയ്ക്ക് വികസിച്ച ഒരു അദ്ധ്യാപക സമൂഹവും അക്കാഡമിഷൻമാരുമുള്ള ഒരവസ്ഥ വന്നാൽ തീർച്ചയായും സർവ്വകലാശാലകൾക്ക് സ്വയംഭരണാധികാരം നൽകാവുന്നതാണ്. പക്ഷെ ആ സാഹചര്യമല്ല ഇപ്പോൾ നിലവിലുള്ളത്.

<u>മി. ചെയർമാൻ:</u> ബില്ലിന്റെ ചർച്ചയിൽ സമയപരിധിയില്ല, എങ്കിൽപ്പോലും 16 മിനിട്ടായി. അങ്ങയെകൂടാതെ ഇനി 6 പേരുകൂടി സംസാരിക്കാനുണ്ട്. കൂടാതെ മറ്റൊരു ബില്ലുകൂടിയുണ്ട്.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, ഞാൻ അവസാനിപ്പിക്കാം. ഞാൻ അവതരിപ്പിക്കുന്ന ആശയമെന്താണെന്നുവച്ചാൽ ഇന്ന് അക്കാദമിക സ്വയംഭരണാധികാരം നൽകുന്നതിന് പക്വമായ ഒരു സമൂഹമല്ല നമ്മുടേത്. അങ്ങനെയുള്ള ഒരു അക്കാഡമിക് അന്തരീക്ഷമല്ല നമ്മുടെ കേരളത്തിലുള്ളത്. ഇവിടത്തെ വിദ്യാഭ്യാസ മേഖലയിലാണ് ഏറ്റവുമധികം നിക്ഷിപ്ത താൽപ്പര്യങ്ങൾ വിളയാടുന്നത്. അതുകൊണ്ടാണ് പറഞ്ഞത്. കുറച്ച് വർഷങ്ങൾക്കുമുമ്പ്, നമ്മുടെ വിദ്യാഭ്യാസ കച്ചവടവും സ്വാശ്രയ കോളേജുകളുമൊക്കെ ചർച്ചചെയ്തുകൊണ്ടിരുന്ന കാലത്ത് മലയാള മനോരമ ദിനപത്രത്തിന്റെ 'ശ്രീ' എന്ന പ്രസിദ്ധീകരണത്തിൽ ഇൻഡ്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസായിയുടെ ഇന്റർവ്യൂ പ്രസിദ്ധീകരിച്ചിരുന്നു. ഫിനോലക്സ് വയർ ഉൽപ്പാദിപ്പിക്കുന്ന കമ്പനിയുടെ ഉടമയായ ആ വ്യവസായി ഇന്റർവ്യൂവിൽ വ്യാവസായിക രംഗത്ത് അദ്ദേഹത്തിനുണ്ടായ വളർച്ചയും കുതിപ്പുമൊക്കെ ഭംഗിയായി പറഞ്ഞിരുന്നു. വ്യാവസായിക രംഗത്ത് ഇത്രയും വലിയ സാമ്പത്തിക പുരോഗതിയും മുന്നേറ്റവുമൊക്കെ ഉണ്ടാക്കിയ ആളായ അദ്ദേഹത്തോട് കേരളത്തിൽ ഏതെങ്കിലും രംഗത്ത് മുതൽമുടക്കാനും വ്യവസായ

സംരംഭങ്ങൾ ആരംഭിക്കാനും ഉദ്ദേശിക്കുന്നുണ്ടോയെന്ന ലേഖകന്റെ ചോദ്യത്തിന് കേരളത്തിലേയ്ക്കില്ലായെന്നും കേരളത്തിന് അതിനുപറ്റിയ അന്തരീക്ഷമില്ലാ എന്നുമാണ് അദ്ദേഹം മറുപടി പറഞ്ഞത്. മലയാള മനോരമ ലേഖകൻ സ്നേഹത്തോടെ വീണ്ടും ചോദ്യമുന്നയിക്കുകയും കേരളം അദ്ദേഹം ഉദ്ദേശിക്കുന്നതു പോലെയല്ലായെന്ന് പറയുകയും ചെയ്തപ്പോൾ അദ്ദേഹം മറുപടിയായി പറഞ്ഞത് "കേരളത്തിൽ ഏതെങ്കിലും മേഖലയിൽ മുതൽമുടക്കാനുദ്ദേശിക്കുന്നുണ്ടെങ്കിൽ അത് വിദ്യാഭ്യാസ മേഖലയിലാണ്" എന്നാണ്, കാരണം, കേരളത്തിന്റെ ഏറ്റവും ലാഭകരമായ ബിസിനസ് വിദ്യാഭ്യാസമാണ് എന്ന് അദ്ദേഹം പറയുന്നു. അതിനർത്ഥം ലാഭകരമായ ഒരു ബിസിനസ്സായി അവർ വിദ്യാഭ്യാസ മേഖലയെ കാണുന്നു എന്നാണ്. യഥാർത്ഥത്തിൽ കേരളത്തിൽ പണിമുടക്കുകളും സമരവും നടക്കുന്നതു കൊണ്ടാണ് നിക്ഷേപകരും വ്യവസായികളും മുന്നോട്ട് വരാത്തതെന്നാണ് നമ്മൾ പറയുന്നത്. എന്നാൽ കേരളത്തിലെ ഏറ്റവും സമരമുഖരിതമായ മേഖലയായ വിദ്യാഭ്യാസ മേഖലയിൽ മുതൽമുടക്കാൻ ആളുകൾ സന്നദ്ധമായി വരുന്നത് ഇവിടെ ഏറ്റവും കൂടുതൽ ലാഭം കൊയ്യാമെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ്. ആ നിലയിലേയ്ക്ക് നമ്മുടെ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ അധഃപതിപ്പിച്ചതിന്റെ മുഖ്യ ഉത്തരവാദിത്വം യു.ഡി.എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ കാലങ്ങളിലുള്ളതും ഇപ്പോഴുള്ളതുമായ നയങ്ങൾക്കായിരുന്നില്ലേ; അതിന്റെയൊരു പശ്ചാത്തലത്തിൽക്കൂടിയല്ലേ നമുക്ക് അക്കാദമിക സ്വയംഭരണാധികാരമെന്ന ഈ മഹത്തായ ആശയം ചർച്ച ചെയ്യാൻപോലും പറ്റാത്ത ഒരു സാഹചര്യം നമ്മുടെ വിദ്യാഭ്യാസ മേഖലയിലുണ്ടായത്? അക്കാദമിക സ്വയംഭരണാധികാരമെന്ന ആശയം നിരാകരിക്കണമെന്നല്ല ഞാൻ പറയുന്നത്, നമുക്ക് അത് ഇന്നല്ലെങ്കിൽ നാളെ ഭാവിയിൽ വരണം. പക്ഷെ, ആദ്യമായി നമ്മുടെ വിദ്യാഭ്യാസ മേഖലയെ സ്വയംഭരണാധികാരംപോലുള്ള ഒരു മഹത്തായ ആശയം സ്വീകരിക്കാവുന്ന ഒരു നിലയിലേയ്ക്ക് വികസിപ്പിക്കണം. അതിന് ഇന്ന് നടക്കുന്ന അന്യായങ്ങൾക്കും അധാർമ്മികതകൾക്കും വിദ്യാഭ്യാസ മേഖലയിലുള്ള അനഭിലഷണീയമായ പ്രവണതകൾക്കും ആദ്യം വിരാമമിടണം. മെരിറ്റ് ആകണം എല്ലാത്തിന്റെയും അടിസ്ഥാനം. അദ്ധ്യാപക നിയമനത്തിലും മെരിറ്റുണ്ടാകണം. നിങ്ങൾ അനുവദിച്ച, എയ്ഡഡ് കോളേജുകളുണ്ടല്ലോ, അതിലേതിലെങ്കിലും ഒന്നിൽ മെരിറ്റ് അടിസ്ഥാനത്തിലാണോ അദ്ധ്യാപകരെ നിയമിച്ചത്; പി.എസ്.സി. വഴിയുള്ള റിക്രൂട്ട്മെന്റാണോ നടത്തിയിട്ടുള്ളത്? മാനേജ്മെന്റിന്റെ ഇഷ്ടമനുസരിച്ചാണ് അവിടെ നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ഏറ്റവും മികച്ച അദ്ധ്യാപകരല്ല അവിടെ വന്നിരിക്കുന്നതെന്നതുതന്നെയാണ് അത്തരം കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതിലുള്ള ഒന്നാമത്തെ അയോഗ്യതയായി ചൂണ്ടിക്കാണിക്കാനുള്ളത്. ഈ പറഞ്ഞ ഏതെങ്കിലും കോളേജിന് എന്തെങ്കിലുമൊരു ന്യൂനത പറയാനുണ്ടാകുമോയെന്ന്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചല്ലോ; മറ്റ്

ന്യൂനതകൾ അന്വേഷിച്ചാൽ കണ്ടെത്താൻ സാധിക്കും, പക്ഷെ ഇപ്പോൾ ഇവിടെനിന്ന് പറയാവുന്ന ഒരു പ്രധാനപ്പെട്ട ന്യൂനത എന്നുപറയുന്നത് അവിടത്തെ ഒരു അദ്ധ്യാപകനെപ്പോലും യോഗ്യതയുടെ അല്ലെങ്കിൽ മെരിറ്റ് അടിസ്ഥാനത്തിൽ അല്ല നിയമിച്ചിട്ടുള്ളത് എന്നുള്ളതാണ്. ഈ ഒരു അന്തരീക്ഷത്തിൽ അക്കാദമിക സ്വയംഭരണാധികാരം ഇന്ന് കേരളത്തിലെ സർവ്വകലാശാലകൾക്ക് നൽകുന്നത് സാഹസികമാണ്. അതിന് സഹായകരമായിട്ടുള്ള ഒരു ഭേദഗതി സർവകലാശാല നിയമത്തിൽ കൊണ്ടുവരാൻ പാടില്ലായെന്ന അഭ്യർത്ഥനയാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ടുള്ളത്. ഞാൻ കൂടുതൽ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ചില സ്ഥലങ്ങളിൽ സർവ്വകലാശാലകൾക്ക് സ്വയംഭരണാധികാരം നൽകിയതിന്റെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. ഇത് വളരെ വിശാലമായ ഒരു കാഴ്ചപ്പാടാണ്. അക്കാഡമിക് കൗൺസിൽ, സിൻഡിക്കേറ്റ്, സെനറ്റ് തുടങ്ങിയ ബോഡികളിലെല്ലാം നമ്മുടെ സമൂഹത്തിന്റെയൊരു പരിച്ഛേദമാണ് അവിടെ നിയന്ത്രിക്കുന്നത്. സർവ്വകലാശാലകളുടെ കാര്യങ്ങൾ നിശ്ചയിക്കുന്നതിൽ ട്രേഡ് യൂണിയനുകളുടെയും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രതിനിധികളുണ്ട്. വളരെ ഉദാത്തമായ സങ്കൽപ്പമാണ്. അതിനകത്തുപ്പോലും ചിലപ്പോൾ ന്യൂനതകൾ സംഭവിക്കുന്നു. എങ്കിൽപ്പോലും സ്വയംഭരണാധികാരമുള്ള സർവകലാശാലകളിലെ അക്കാദമിക് കാര്യങ്ങളിൽ എന്തെങ്കിലും അരുതായ്മ നടന്നാൽ അതിനെ തടയാൻ പലവിധ സംവിധാനങ്ങളുണ്ട്. അങ്ങനെയുള്ള സംവിധാനങ്ങളെന്തെങ്കിലും ഈ കോളേജ് ആട്ടോണമിയെന്ന കൺസെപ്റ്റിലുണ്ടോ; സർവ്വകലാശാലയുടെ ഒരു പ്രതിനിധിയെ നിയമിക്കുമെന്നല്ലാതെ മാനേജ്മെന്റിന്റെ ആളായിരിക്കുമല്ലോ ഭൂരിപക്ഷം ആളുകളും? മറ്റ് സർവ്വകലാശാലകളിലുള്ളതുപോലെ എന്തെങ്കിലും അരുതായ്മകൾ നടക്കുമ്പോൾ പ്രതിരോധിക്കാനുള്ള ഒരു സംവിധാനം ഇതിനകത്തില്ലല്ലോ; യഥാർത്ഥത്തിൽ എന്തും പ്രവർത്തിക്കാനുള്ള അധികാരം ഈ മാനേജ്മെന്റുകൾക്കുണ്ട്. ഗവൺമെന്റ് കോളേജുകളിൽത്തന്നെ ഒരു പ്രിൻസിപ്പാളും അതിന്റെ കൂടെനിൽക്കുന്ന ആളുകളും ശ്രേഷ്ഠരാണെന്ന് നിങ്ങൾ പറയുന്നു. അതായത് ഗവൺമെന്റ് കോളേജുകളുടെ അക്കാദമിക് സമിതിയുടെ ചെയർമാനായി ശ്രേഷ്ഠ വ്യക്തിത്വങ്ങളെ നിയമിക്കുമെന്ന് പറയുന്നു. അത് പലപ്പോഴും ഗവൺമെന്റുകളുടെ രാഷ്ട്രീയ താൽപ്പര്യത്തിനനുസരിച്ച് ആരെങ്കിലുമാകും നിയമിക്കുന്നത്.

<u>മി. ചെയർമാൻ</u>: ശ്രീ. എ. പ്രദീപ്കുമാർ.. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> ശ്രേഷ്ഠവ്യക്തിത്വങ്ങളെ നിയോഗിക്കേണ്ട യൂണിവേഴ്സിറ്റികളിൽ നമ്മൾ ആളുകളെ നിയമിച്ചതിന്റെ ദുരന്തം അനുഭവിച്ചു കൊണ്ടിരിക്കുകയല്ലേ; അവിടെപ്പോലും നമുക്ക് അത്തരമൊരു ഘട്ടത്തിൽ ഇടപെടാൻ സാധിക്കുന്നില്ല. ഞാനൊരൊറ്റ വിഷയംകൂടി ഇവിടെ ഉന്നയിക്കുകയാണ്.

സ്വയംഭരണാധികാരം നൽകിയ നമ്മുടെ സർവ്വകലാശാലകളെയും അവിടത്തെ വൈസ്ചാൻസലർമാരെയുംക്കുറിച്ചുള്ള വിവാദങ്ങളും അയോഗ്യതകളുമെല്ലാം നമ്മൾ കഴിഞ്ഞ സഭയിലും വിശദമായി ചർച്ച ചെയ്തതാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇപ്പോൾ കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്വയംഭരണാധികാരമുള്ള സർവകലാശാലയാണ്. വൈസ് ചാൻസലറെ ഗവൺമെന്റിന്റെ താൽപ്പര്യംകൂടി മാനിച്ച് നിയമിച്ചതാണ്. അതിന്റെ സിസ്റ്റമൊക്കെ നമുക്കെല്ലാവർക്കുമറിയാം. ഗവൺമെന്റ് പറയുന്നിടത്തുപോലും പലപ്പോഴും അദ്ദേഹത്തെ കിട്ടാറില്ല. അവിടെയിപ്പോൾ ഏറ്റവും രൂക്ഷമായിരിക്കുന്ന ഒരു പ്രശ്നം, അവിടത്തെ വിദ്യാർത്ഥികൾ നടത്തുന്ന സമരത്തിനാധാരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വൈസ്ചാൻസലറും സിൻഡിക്കേറ്റ് അംഗങ്ങളും ചേർന്ന് ചർച്ച ചെയ്ത് അംഗീകരിച്ച ഒരു തീരുമാനംപോലും അവിടെ നടപ്പിലാക്കാൻ നമുക്കാകുന്നില്ല. അവിടത്തെ പ്രൊ-വൈസ്ചാൻസലറായ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രിക്കുപോലും അക്കാര്യത്തിൽ ഇടപെട്ട് ആ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നില്ല. അവിടെ എത്ര ന്യായമായ കാര്യങ്ങളാണ് ആ സമരമുഖത്ത് കുട്ടികൾ.....

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയുടെ തീരുമാനങ്ങൾ നടപ്പിലാക്കാൻ സമ്മതിക്കാത്തത് അവിടത്തെ എസ്.എഫ്.ഐ. പ്രവർത്തകരാണ്. ആ തീരുമാനം നടപ്പിലാക്കുന്നതിനെ അവർ അനുകൂലിക്കുന്നില്ല. അതുകൊണ്ടാണ് അവിടെ നിരാഹാര സമരം നടക്കുന്നത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, അത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് പറഞ്ഞത്. അവിടെ എസ്.എഫ്.ഐ. മാത്രമല്ല അവിടത്തെ ഡിപ്പാർട്ട്മെന്റ് സ്റ്റുഡൻസ് യൂണിയൻ ഒന്നായി ആ സമരരംഗത്ത് വരാനിടയായ സാഹചര്യം അങ്ങേയ്ക്ക് അറിയാവുന്നതാണ്. അവിടെ സർവ്വകലാശാലയുടേതായ സ്വാശ്രയ കോഴ്സുകൾ ധാരാളമുണ്ട്. കായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഒരു കോഴ്സാണ് അതിലൊന്ന്. ആ കോഴ്സിന് പഠിക്കുന്ന അവിടത്തെ റഗുലർ സ്റ്റുഡൻസിന് അതായത് ഉയർന്ന മെറിറ്റിൽ അഡ്മിഷൻ ലഭിച്ച് പഠിക്കുന്ന കുട്ടികളുടെ ഹോസ്റ്റലിൽ അഡ്മിഷൻ നൽകുന്നതിന് യൂണിവേഴ്സിറ്റി ഇറക്കിയ ഉത്തരവിനെ തുടർന്നുണ്ടായിട്ടുള്ള വിവാദമാണ് സമരത്തിലെത്തിയത്. അവിടെ സ്വാശ്രയ കോഴ്സുകൾ ആരംഭിച്ചിട്ട് 12 വർഷമായി. ഈ 12 വർഷത്തിനകം ഏതാണ്ട് 97 കോടി രൂപയോളം ഫീസിനത്തിൽ ഈ സ്വാശ്രയ വിദ്യാർത്ഥികളിൽനിന്ന് സമാഹരിച്ചിട്ടുണ്ട്. ഈ

സ്വാശ്രയ കോഴ്സുകൾ ആരംഭിക്കുന്ന സമയത്തുതന്നെ അവർക്ക് പ്രത്യേകമായി ക്യാമ്പസ്, ക്ലാസ്സുമുറികൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, ഹോസ്റ്റലുകൾ ഒക്കെ ഉണ്ടാക്കണമെന്നായിരുന്നു പറഞ്ഞിരുന്നത്. എന്നാൽ ഇത്രയധികം പണം സമാഹരിച്ചിട്ടും ഇതുവരെ അവർക്ക് ഇങ്ങനെയുള്ള ഒരു സൗകര്യവും ഒരുക്കിക്കൊടുക്കാൻ തയ്യാറായില്ല. പെൺകുട്ടികളുടെ ഹോസ്റ്റലിലാണ് താല്ക്കാലികമായി അവരെ നേരത്തെ പാർപ്പിച്ചുകൊണ്ടിരുന്നത്. ഇപ്പോഴും അതിങ്ങനെ തുടർന്നു കൊണ്ടിരിക്കുന്നു. ഒരുവർഷംകൊണ്ട് ഹോസ്റ്റൽ പണി തുടരുകയാണ്. ഈ സമരത്തിന്റെ ഭാഗമായി കുട്ടികൾ ഉന്നയിക്കുന്നത്, പെൺകുട്ടികളുടെ ഹോസ്റ്റലിൽ 600 കുട്ടികൾ താമസിക്കാവുന്നിടത്ത് ഇപ്പോൾ ആയിരത്തിലധികം കുട്ടികൾ തിങ്ങിനിറഞ്ഞ് താമസിക്കുകയാണ്. ആൺകുട്ടികളുടെ ഹോസ്റ്റലിൽ ഏതാണ്ട് മുന്നൂറോളം കുട്ടികൾ താമസിക്കേണ്ടിടത്ത് അതിന്റെ മൂന്നിരട്ടി കുട്ടികൾ താമസിക്കുകയാണ്. അവിടേയ്ക്കാണ് ഇവർക്കും അഡ്മിഷൻ കൊടുക്കുന്നത്. അതുകൊണ്ട് അവിടെ സമരം ചെയ്യുന്ന കുട്ടികൾ അന്യായമായി ഒന്നും ആവശ്യപ്പെടുന്നില്ല.

<u>മി. ചെയർമാൻ :</u> ധാരാളം സമയം എടുക്കുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ</u> : സർ, ഞാൻ ഈ പറയുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വീകരിച്ചാൽ ഒരുപക്ഷേ ആ പ്രശ്നം പരിഹരിക്കാൻ കഴിയും. അതുകൊണ്ടാണ് ഞാൻ ഇതിവിടെ പറയുന്നത്.

<u>മി. ചെയർമാൻ</u>: ഈ 170 ബില്ലിന്റെ ചർച്ചയും ഇതും തമ്മിൽ യാതൊരു ബന്ധവുമില്ല.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഞാൻ ഇതുവരെ ബില്ലിന്റെ വിഷയവുമായി ബന്ധപ്പെട്ടാണ് സംസാരിച്ചത്. കൂട്ടത്തിൽ ഇത് പറയാതിരിക്കുന്നത് അനുചിത മാണെന്നുതോന്നിയതുകൊണ്ട് പറയുന്നതാണ്. ആ യൂണിവേഴ്സിറ്റിക്കകത്ത് അടച്ചുപൂട്ടിയ ഹോസ്റ്റലുകളുണ്ട്. അതായത് വെറുതെ കിടക്കുന്ന ഹോസ്റ്റലുകൾ. ഫോറിൻ സ്റ്റുഡൻസിന്റെയും കായിക വിദ്യാർത്ഥികൾക്കുവേണ്ടിയുമൊക്കെയുള്ള പഴയ ഹോസ്റ്റലുകളുണ്ട്. ഇതിലേതെങ്കിലുമൊന്നിനകത്ത് അവർക്ക് അഡ്മിഷൻ കൊടുക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ അവരെ മറ്റൊരു ഹോസ്റ്റലിലേക്ക് താമസിപ്പിക്കാമെന്ന് ധാരണയായതാണ്. സമരമുഖത്തുള്ള കുട്ടികൾ ഉന്നയിച്ച ആവശ്യം ശരിയാണെന്നുള്ളതുകൊണ്ടാണ് അങ്ങനെയൊരു ധാരണയുണ്ടായത്. ഒറ്റ പ്രശ്നത്തിനാണ് ഇപ്പോൾ അവിടെ തർക്കം നടക്കുന്നത്. അതായത് റഗുലർ സ്റ്റുഡൻസ് താമസിക്കുന്ന ഹോസ്റ്റലിൽതന്നെ സ്വാശ്രയ മേഖലയിലെ കുട്ടികൾക്ക് ഭക്ഷണം കൊടുക്കണമെന്ന നിർദ്ദേശം ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പങ്കെടുത്ത മീറ്റിംഗിൽ വച്ചു. അവിടെ യൂണിവേഴ്സിറ്റി ഭക്ഷണം ഉണ്ടാക്കുന്നില്ല. റഗുലർ സ്റ്റുഡൻസ് താമസിക്കുന്ന ഹോസ്റ്റലിൽ ഡിവൈഡിംഗ് ബേസിസിൽ പണം പരസ്പരം ഷെയർ ചെയ്ത് അവർ സ്വന്തമായി അവിടെ ഭക്ഷണമുണ്ടാക്കുകയാണ്. അങ്ങനെ ഭക്ഷണമുണ്ടാക്കി കഴിക്കുന്ന കുട്ടികൾ സ്വാശ്രയ കോളേജുകളിൽ വലിയ ഫീസ് കൊടുത്ത് പഠിക്കുന്ന കുട്ടികൾക്ക് ഭക്ഷണം വച്ചുവിളമ്പിക്കൊടുക്കണമെന്ന് പറയുന്നതിൽ എന്ത് ന്യായമാണുള്ളത്; അതുപോലെ ഗസ്റ്റ്ഹൗസിലുള്ള ഹോസ്റ്റലിലേക്ക് ഇവരെ മാറ്റാമെന്നത് ആ യോഗത്തിന്റെ തീരുമാനമാണ്. അവിടെതന്നെ ഇതേ രീതിയിൽ പണം പരസ്പരം ഷെയർ ചെയ്തുകൊണ്ട് അവർക്ക് ഭക്ഷണം തയ്യാറാക്കി കൊടുത്തുകൂടെ. മാത്രവുമല്ല, ഇപ്പോൾ യൂണിവേഴ്സിറ്റിയുമായി റേറ്റ് കോൺട്രാക്ട് ബേസിസിൽ ഭക്ഷണം സപ്ലൈ ചെയ്യുന്ന ധാരാളം കോൺട്രാക്ടേഴ്സുണ്ട്. അവരിലാരെങ്കിലുമായി നെഗോഷ്യേറ്റ് ചെയ്ത് ഈ സ്റ്റുഡൻസിന് മറ്റ് ഹോസ്റ്റലിൽ കിട്ടുന്ന അതേ റേറ്റിൽ ഭക്ഷണം കൊടുക്കണം. കൊടുക്കാൻ തയ്യാറാണെന്ന് അവർ പറഞ്ഞിട്ടുമുണ്ട്. ആ ഒരൊറ്റ തീരുമാനം നടപ്പാക്കിയാൽ അവിടത്തെ പ്രശ്നം പരിഹരിക്കാൻ സാധിക്കും. ബാക്കിയൊക്കെ നമുക്ക് സാവകാശം ചെയ്യേണ്ട ചില കാര്യങ്ങളാണ്. ചിലതൊക്കെ നയപരമായി വിയോജിപ്പുള്ള കാര്യങ്ങളുണ്ട്. പക്ഷെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സമരത്തിന് പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനത്തോടൊപ്പം സ്വാശ്രയ വിദ്യാർത്ഥികൾക്ക് ഈ കുട്ടികൾ പരസ്പരം ഷെയർ ചെയ്ത് ഭക്ഷണമുണ്ടാക്കി കഴിക്കുന്നതിനകത്തുനിന്നും വച്ചുവിളമ്പികൊടുക്കണമെന്ന് പറയുന്നതിനുപകരം ഗസ്റ്റ് ഹൗസ് ഹോസ്റ്റലിൽ താമസിപ്പിക്കുന്ന അവർക്ക് അവിടെ ഷെയറിംഗ് ബേസിസിൽ ഭക്ഷണം കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. ഒന്നുകിൽ അവർതന്നെ അത് ചെയ്യുകയോ അല്ലെങ്കിൽ യൂണിവേഴ്സിറ്റിയുടെ റേറ്റ് കോൺട്രാക്ടർമാരിലാരെങ്കിലും ഇതേ റേറ്റിൽ ഭക്ഷണം സപ്ലൈ ചെയ്യാൻ പറയുകയോ ചെയ്യണം. അതിന് ആളുകൾ സന്നദ്ധമാണെന്നുമാത്രമല്ല, ഞങ്ങൾ വേണമെങ്കിൽ ഇടപെട്ട് അത് ഏർപ്പാട് ചെയ്തുതരാം. എന്തിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും പങ്കെടുത്ത യോഗത്തിലെ തീരുമാനംപോലും നടപ്പാക്കാൻ തയ്യാറാകാതെ വൈസ് ചാൻസലറും സിൻഡിക്കേറ്റിലെ ചില ആളുകളും വാശിപിടിച്ച് അവിടത്തെ അക്കാഡമിക് അന്തരീക്ഷം ഇങ്ങനെ വഷളാക്കിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെ വാശിപിടിക്കുന്നത് എന്തിനാണ്. അതിനകത്ത് എസ്.എഫ്.ഐ.യുടെ നിലപാടല്ല. ഇതിനകത്ത് ഈ കായിക വിദ്യാർത്ഥികളുമായി ബന്ധമുള്ള ചില ആളുകളുടെയിടയിലുള്ള ചെറിയൊരു രാഷ്ട്രീയമുണ്ട്. എസ്.എഫ്.ഐ.ക്കാർ ആ സമരത്തിൽ ഉന്നയിച്ച ചില ന്യായമായ ആവശ്യം ശരിയായ നിലയിൽ

പരിഹരിച്ചാൽ അതിൽ എന്തോ രാഷ്ട്രീയ നേട്ടമുണ്ടാക്കിക്കളയുമെന്നുള്ളതുകൊണ്ട് ഒരു മുടന്തൻ ന്യായംപറഞ്ഞ് ഈ അന്തരീക്ഷം നിലനിറുത്തുകയാണ്, അല്ലെങ്കിൽ ഇത് പരിഹരിക്കാതിരിക്കുകയാണ്. അതുകൊണ്ട് അങ്ങെങ്കിലും ഇത്തരം സങ്കുചിത നിലപാടിൽനിന്ന് മാറി അതിനതീതമായി എന്തെങ്കിലും ചെയ്യുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇത് ഈ ബില്ലിന്റെ ഭാഗമല്ലെങ്കിൽപ്പോലും ഞാൻ പറഞ്ഞത് അങ്ങ് ഇതിൽ ഇടപെടണമെന്നുള്ളതുകൊണ്ടാണ്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): ഈ വൈസ് ചാൻസലർമാരേയും പി.വി.സി.ക്കാരേയുമൊക്കെ ഒരു പരിധിയിൽക്കൂടുതൽ രാഷ്ട്രീയക്കാർ വിമർശിക്കുന്നത് ശരിയാണോ; പട്ടികജാതിക്കാരൻ പി.വി.സി.യായി കേരള യൂണിവേഴ്സിറ്റിയിൽ വന്നതാണ്. അദ്ദേഹത്തിനെ അവിടെ ഇരുത്തുകയില്ല. അദ്ദേഹത്തിനെതിരെ ആരോപണവുമായി ചാടിയിരിക്കുകയാണ്. ഇങ്ങനെ അനാവശ്യമായ ആരോപണങ്ങളുമായി വൈസ് ചാൻസലർമാർക്കും പി.വി.സി.മാർക്കുമെതിരെയുള്ള വർഗ്ഗീയമായ നീക്കം നടക്കുകയാണ്. 75 വർഷങ്ങൾക്കുശേഷം ആദ്യമായിട്ടൊരു പട്ടികജാതിക്കാരൻ പി.വി.സി.യായി കേരള യൂണിവേഴ്സിറ്റിയിൽ വന്നതാണ്. അദ്ദേഹത്തെ അവിടെ ഇരുത്തത്തില്ല. വേറെ കുഴപ്പമൊന്നുമില്ല. ഇത്രയും അക്കാഡമിക്കായി യോഗ്യനായ ഒരു വ്യക്തി വേറെയില്ല. അദ്ദേഹം ഒരു പട്ടികജാതിക്കാരനായി എന്നുള്ളതാണ് ഏക തെറ്റ്. ഇതിനൊക്കെ എതിരെ സംസാരിക്കാനുള്ള ആർജ്ജവം നിങ്ങളെപ്പോലെയുള്ള കമ്മ്യൂണിസ്റ്റുകാരെങ്കിലും കാണിക്കണ്ടെ?

ശ്രീ. എ. എം. ആരിഫ് : ബഹുമാനപ്പെട്ട പ്രദീപ്കുമാർ, അങ്ങ് ചീഫ് വിപ്പ് പറഞ്ഞൊരു അഭിപ്രായം കേട്ടല്ലോ; കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം കുട നന്നാക്കലുകാരും ചെരുപ്പുകുത്തികളുമെല്ലാംകൂടി നയിക്കുകയാണ് എന്ന് ചിഫ് വിപ്പ് ഈ അടുത്ത കാലത്ത് പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : ചീഫ് വിപ്പ് പറഞ്ഞത് മഹത്തായൊരു കാര്യമാണ്. 75 വർഷത്തിനുശേഷമാണ് പട്ടികജാതി വിഭാഗത്തിൽനിന്നുള്ള ഒരു പ്രൊ-വൈസ് ചാൻസലർ വരുന്നത്. അദ്ദേഹത്തിനെതിരായ നിലപാടും ആസൂത്രണങ്ങളും നടത്തുന്നത് കെ.പി.സി.സി.യുടെ ഒരു സെക്രട്ടറിയുടെ നേതൃത്വത്തിലാണെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. ജോർജ് : കേരള കോൺഗ്രസ്സുകാരനാണെങ്കിലും കാണിക്കുന്നത് മര്യാദകേടാണെങ്കിൽ അത് മര്യാദകേടാണെന്നു പറയണ്ടേ; ഉന്നത വിദ്യാഭ്യാസ മേഖല സംശുദ്ധമായ നിലയിലേയ്ക്ക് കൊണ്ടുവരുന്നതിനു പകരം ശക്തമായി പ്രതികരിക്കുന്ന നല്ല ഉദ്യോഗസ്ഥന്മാരെ വർഗ്ഗീയതയുടെ പേരിൽ

അപമാനിക്കുന്നത് ശരിയാണോ? അതിനകത്ത് രാഷ്ട്രീയം പറയുകയല്ല വേണ്ടത്. കോൺഗ്രസ്സുകാരനായാലും കമ്മ്യൂണിസ്റ്റുകാരനായാലും തെറ്റുകാണിച്ചാൽ അത് തെറ്റാണെന്ന് പറയണ്ടേ; നമ്മുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള നടപടിയിൽ സഹകരിക്കാനുള്ള മനഃസാക്ഷി എല്ലാവരും കാണിക്കണം.

ശ്രീ. എ. പ്രദീപ്കുമാർ : സർ, ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഇടയ്ക്ക് സഭയിലും മറ്റുചിലപ്പോൾ ചാനലുകളിലുമൊക്കെ ഇങ്ങനെ വികാരം കൊള്ളും. പക്ഷെ അത്തരത്തിലുള്ള അന്യായങ്ങൾക്കെതിരെ പറയുമ്പോൾ ആ നിലപാടിൽ ഉറച്ചുനിൽക്കണം. സർവ്വ കൊള്ളരുതായ്മകൾക്കും നേതൃത്വം കൊടുക്കുന്ന കൂടാരത്തിൽനിന്ന് ഒഴിഞ്ഞുമാറണം. അതാണ് ചെയ്യേണ്ടത്.

കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ ഇപ്പോഴുള്ള വിദ്യാർത്ഥി സമരം പരിഹരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയുമൊക്കെ ഇടപെട്ട് സിൻഡിക്കേറ്റ് അംഗങ്ങളും വൈസ് ചാൻസലറുമൊക്കെയായി ആറേഴ് പ്രാവശ്യം ചർച്ച നടന്നു. ഒടുവിൽ നടന്ന ചർച്ചയിലെടുത്ത തീരുമാനങ്ങൾപോലും നടപ്പിലാക്കാത്തതിനെക്കുറിച്ചാണ് ഞാനിവിടെ പറഞ്ഞത്. അവിടത്തെ സമരക്കാർ സഹകരിക്കാത്തതുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞു. ഞാൻ ഈ പറയുന്ന കാര്യങ്ങൾ അപ്രായോഗികമാണെന്ന് ആർക്കും പറയാൻ കഴിയില്ല. ഈ കാര്യങ്ങൾ മാത്രം നടപ്പായാൽ ആ സമരം അവസാനിക്കും. ആ ക്യാമ്പസിലെ മുഴുവൻ സ്വാശ്രയ സ്ഥാപനങ്ങളിലേയും വിദ്യാർത്ഥികൾക്കുവേണ്ടി പുതിയ ഹോസ്റ്റലുകൾ നിർമ്മിക്കുക. കഴിഞ്ഞ 12 വർഷക്കാലംകൊണ്ട് 97 കോടി രൂപയാണ് സ്വാശ്രയ കോഴ്സുകളിൽനിന്നുള്ള വരുമാനം. ഈ തുക ഉപയോഗിച്ച് ഹോസ്റ്റൽ നിർമ്മിക്കാം. അത് ഒറ്റയടിക്ക് ഇപ്പോൾ കഴിയുന്നതല്ല. അത് നിർമ്മിച്ചിട്ടുമാത്രം സമരം അവസാനിപ്പിക്കാനും കഴിയില്ല. അത് നമ്മുടെ പരിഗണനയിൽ വരണം, അതിനുള്ള നടപടികൾ സ്വീകരിക്കണം. ഗവൺമെന്റ് കൊടുത്ത 17 കോടി രൂപയും യു.ജി.സി.യുടെ 6 കോടിരൂപയും ആ സർവ്വകലാശാലയിൽ നിങ്ങൾ നിയോഗിച്ച വൈസ് ചാൻസലറും സിൻഡിക്കേറ്റ് അംഗങ്ങളുംകൂടി അവരുടെ കൊള്ളരുതായ്മകൊണ്ട് ഇതുവരെ വിനിയോഗിക്കാതെ കിടക്കുകയായിരുന്നു. എന്നിട്ടാണ് കുട്ടികൾ കഷ്ടപ്പെട്ടത്. ഇത് യുദ്ധകാല അടിസ്ഥാനത്തിൽ ചെയ്യേണ്ടതാണ്. ഒഴിഞ്ഞുകിടക്കുന്ന ഗസ്റ്റ് ഹൗസ് ഹോസ്റ്റലിൽ ഈ പറഞ്ഞ കായിക വിദ്യാർത്ഥികളുടെ താമസത്തിന് സൗകര്യമുണ്ടാക്കുക. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗത്തിൽ ആലോചിച്ചതും എന്നാൽ വൈസ് ചാൻസലർ നടപ്പിലാക്കാത്തതുമായ കാര്യമാണ്. മറ്റൊന്ന്, ഈ കുട്ടികൾ പരസ്പരം പണം ഷെയർ ചെയ്ത് ഭക്ഷണം അവർതന്നെ ഉണ്ടാക്കി കഴിക്കുകയാണ് ചെയ്യുന്നത്. അല്ലാതെ യൂണിവേഴ്സിറ്റി ഉണ്ടാക്കികൊടുക്കുകയല്ല.

അതുകൊണ്ട് സ്വാശ്രയ വിദ്യാർത്ഥികൾക്ക് ഇവർ ഭക്ഷണം വച്ചുവിളമ്പികൊടുക്കണമെന്നുപറയുന്നത് ശരിയല്ല. സർവ്വകലാശാലയുമായി റേറ്റ് കോൺട്രാക്റ്റ് നിലവിലുള്ള ഏതെങ്കിലും കോൺട്രാക്ടറുമായി നെഗോസിയേഷൻ നടത്തി കുറഞ്ഞ നിരക്കിൽ ഈ കുട്ടികൾക്ക് ഭക്ഷണമൊരുക്കണം. സമരം ചെയ്യുന്ന കുട്ടികൾ പറയുന്നത് ഭക്ഷണം കൊടുക്കണ്ടെയെന്നല്ല, അവർക്ക് ഭക്ഷണം കൊടുക്കണമെന്നാണ് പറയുന്നത്. ഹോസ്റ്റൽ നിരക്കിന് തുല്യമായ രീതിയിൽ ഭക്ഷണമെത്തിക്കാൻ റേറ്റ് കോൺട്രാക്ടിലുള്ള ആൾക്കാർ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. ഞങ്ങളും വേണമെങ്കിൽ അതിനകത്ത് സഹായിക്കാം. ഇതിനുവേണ്ടി നിലവിൽ ഗസ്റ്റ് ഹൗസിലുള്ള ഒരു മെസ് ഹാൾ ഉപയോഗപ്പെടുത്തണം. ഇത്രയും കാര്യങ്ങൾ മാത്രമേയുള്ളു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കോഴിക്കോട് സർവ്വകലാശാല ഹോസ്റ്റലിൽ നടക്കുന്ന സമരം അതിവേഗം ഒത്തുതീർപ്പാക്കണമെന്ന അഭിപ്രായം തന്നെയാണ് ഞങ്ങൾക്കെല്ലാവർക്കുമുള്ളത്. പക്ഷെ നിലവിലുള്ള ഹോസ്റ്റലിൽ വേറാരെയും പ്രവേശിപ്പിക്കാൻ പാടില്ലെന്ന നിലപാട് സമരം നടത്തുന്ന വിദ്യാർത്ഥികൾ സ്വീകരിച്ചിട്ടുള്ളത് ശരിയാണോ അല്ലയോ എന്ന് ബഹുമാനപ്പെട്ട മെമ്പർ പറയണം. നിലവിലുള്ള ഹോസ്റ്റലിൽ തന്നെ അമ്പതിലേറെ വേക്കൻസി ഇപ്പോഴുണ്ട്. 2010-ലും 2012-ലും കോഴ്സ് കഴിഞ്ഞ ധാരാളം ആളുകൾ ഹോസ്റ്റലിൽ നിന്ന് ഒഴിഞ്ഞുപോകാതെ ഇപ്പോഴും താമസിക്കുന്നുണ്ട്. കോഴ്സ് കഴിഞ്ഞവരെ അവിടെ നിന്നും പറഞ്ഞയച്ചാൽ 120 വേക്കൻസിയുണ്ടാകും. ആ വേക്കൻസിയിൽ വേറെയാരെയും താമസിപ്പിക്കാൻ പാടില്ല എന്നുപറയുന്നത് ന്യായമാണോ എന്നാണ് പരിശോധിക്കേണ്ടത്. ഹോസ്റ്റലിൽ കൂടുതൽ സൗകര്യമുണ്ടാക്കുന്നതിനുള്ള നടപടി അടുത്തിടെ സിൻഡിക്കേറ്റ് എടുത്തിട്ടുണ്ട്. ആ ഹോസ്റ്റലിനെക്കുറിച്ച് പല ആക്ഷേപങ്ങളുണ്ട്. ആ ഹോസ്റ്റലിൽ പുതിയ ആൾക്കാർ വരുന്നതിനോട് എന്തുകൊണ്ടാണ് വിയോജിപ്പ് പറയുന്നത്. ഹോസ്റ്റലിൽ ആരെ അക്കോമഡേറ്റ് ചെയ്യണം, പഠനം കഴിഞ്ഞവരെ ആര് പുറത്താക്കണം എന്ന കാര്യങ്ങളൊക്കെ വിദ്യാർത്ഥികൾ തീരുമാനിക്കേണ്ടതാണോ അതോ യൂണിവേഴ്സിറ്റി അധികൃതർ തീരുമാനിക്കേണ്ടതാണോ എന്ന വിഷയംകൂടി ബഹുമാനപ്പെട്ട മെമ്പർ പരിശോധിക്കുന്നത് നല്ലതാണ്. യഥാർത്ഥത്തിൽ അവിടെ വേക്കൻസിയുണ്ട്, ആ വേക്കൻസിയിൽ ഹോസ്റ്റലില്ലാത്ത കുട്ടികളെ താമസിപ്പിക്കാൻ പാടില്ലെന്ന് പറയുന്നത് ശരിയല്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, സഭയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലാണ് അദ്ദേഹം സംസാരിച്ചത്. കോഴിക്കോട് സർവ്വകലാശാലയുടെ റെഗുലർ ഹോസ്റ്റലാണ് അത്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഒരു കെട്ടിടമാണ്. ആ

ഹോസ്റ്റലിൽ സ്വാശ്രയ കോളേജിലെ വിദ്യാർത്ഥികളെ കൊണ്ടുവന്ന് നിറയ്ക്കണോ എന്നതാണ് അടിസ്ഥാനപരമായ ചോദ്യം. സ്വാശ്രയം എന്ന വാക്കിന് ഒരു അർത്ഥമുണ്ട്. സെൽഫ് ഫിനാൻസിംഗാണ്. സെൽഫ് ഫിനാൻസിംഗിന് ആവശ്യമായ പണം കുട്ടികളിൽനിന്ന് സമാഹരിച്ച് ഡെപ്പോസിറ്റ് ചെയ്ത 97 കോടി രൂപയുണ്ട്. ആ 97 കോടി രൂപ ഉപയോഗിച്ച് അവർക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിന് പകരം റെഗുലർ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലിൽ തന്നെ അവരെ കുത്തിത്തിരുകുന്നത് എന്തിന്റെ പേരിലാണ് എന്നതാണ് ഉന്നയിക്കുന്ന ഒരു പ്രശ്നം. അവിടെ ഒഴിവില്ലെന്നു മാത്രമല്ല 271 റെഗുലർ വിദ്യാർത്ഥികൾ ക്യൂവിൽ കാത്തു നിൽക്കുകയാണ്. അവിടെ ഒഴിവുവന്നാൽ തന്നെ ആദ്യം കൊടുക്കേണ്ടത് റെഗുലർ വിദ്യാർത്ഥികൾക്കാണ്. ഒരു മുറിയിൽ എട്ടും പത്തും കുട്ടികൾ താമസിക്കുന്നതിനാലും സ്വാശ്രയ കോളേജിനാവശ്യമായ ഫണ്ട് സർവ്വകലാശാലയിലുള്ള സാഹചര്യത്തിലും എന്തിന്റെ പേരിലാണ് ഈ കുട്ടികളെ അവിടെ ബലം പ്രയോഗിച്ച് താമസിപ്പിക്കാൻ ശ്രമിക്കുന്നത്. അത് ഒട്ടും ആശാസ്യമായ കാര്യമല്ല. സർവ്വകലാശാലയിലെ പ്ലാൻ ഫണ്ടുപയോഗിച്ച് നിർമ്മിച്ച എല്ലാ കെട്ടിടങ്ങളെയും ഇങ്ങനെ ദുരുപയോഗിക്കുന്നു. ഫലത്തിൽ റെഗുലർ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള അക്കാദമിക് സൗകര്യങ്ങൾ സെൽഫ് ഫിനാൻസിംഗ് കുട്ടികൾ കവരുന്നു എന്നതാണ് അടിസ്ഥാനപരമായ പ്രശ്നം. അതാണ് ആ സമരത്തിന്റെ കാതലായ കാര്യം. ഇത് ഇന്ത്യയിലാകെയുള്ള യൂണിവേഴ്സിറ്റിയിലെ കുട്ടികളുടെ പിന്തുണ ആർജ്ജിച്ചുകൊണ്ടിരിക്കുകയാണ്. ഡിപ്പാർട്ടുമെന്റൽ സ്റ്റുഡൻസ് യൂണിയന്റെ നേതൃത്വത്തിൽ നടക്കുന്ന സമരം രാഷ്ട്രീയ സമരമല്ല. ഗവേഷണ വിദ്യാർത്ഥികളുടെ ഗവേഷണ കാലാവധി തീർന്നിട്ടുണ്ടെങ്കിൽ അവരെ പുറത്താക്കേണ്ട നടപടി സ്വീകരിക്കേണ്ടത് സർവ്വകലാശാലാ അധികൃതരാണ്. ഗവേഷക വിദ്യാർത്ഥികളുടെ കാലാവധിയെ സംബന്ധിച്ച് ആവശ്യമായ പരിശോധന നടത്താൻ സർവ്വകലാശാല തയ്യാറാവുകയാണ് വേണ്ടത്. അതിനുപകരം സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ് അദ്ദേഹം ചെയ്തതെന്ന് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, സ്വാശ്രയ വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി തന്നെ നടത്തുന്ന കോഴ്സ് പഠിക്കുന്നവരാണ്. കായിക വിദ്യാർത്ഥികളാണെങ്കിലും, അല്ലാത്ത വിദ്യാർത്ഥികളാണെങ്കിലും. പെൺകുട്ടികളുടെ ഹോസ്റ്റലിൽ സ്വാശ്രയ കോഴ്സിനു പഠിക്കുന്ന കുട്ടികളും അല്ലാത്ത കുട്ടികളും സുഗമമായി താമസിക്കുന്നു, ഭക്ഷണവും കഴിക്കുന്നു, അവിടെ ഒരു പ്രശ്നവുമില്ല. ഇവിടെത്തന്നെ അഡീഷണലായി ഒരു ഫ്ലോർ ഉണ്ടാക്കിയതിലാണ് സ്വാശ്രയ കുട്ടികളെ പ്രവേശിപ്പിക്കാൻ തീരുമാനിച്ചത്. അതിനെയാണ് ഇവർ എതിർത്തത്. നേരത്തെ അവർ ഒഴിഞ്ഞുകിടന്ന ക്വാർട്ടേഴ്സുകളിലാണ് താമസിച്ചുകൊണ്ടിരുന്നത്. എന്നാൽ

ക്വാർട്ടേഴ്സ് ഉപയോഗശൂന്യമായപ്പോൾ അത് റിപ്പയർ ചെയ്യാൻ വേണ്ടിയാണ് അവരെ ഇങ്ങോട്ട് മാറ്റിയത്. അവർക്ക് അവിടെനിന്നും ഭക്ഷണം കൊടുക്കാൻ പാടില്ല, അവർ അവിടെ താമസിക്കാൻ പാടില്ലെന്നു വന്നപ്പോഴാണ് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി പഴയ ഗസ്റ്റ് ഹൗസിലേയ്ക്ക് അവരെ മാറ്റാനും അവർക്ക് മെസ്സ് ഉണ്ടാക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതുവരെ നിലവിലുള്ള ഹോസ്റ്റലിൽനിന്ന് ഭക്ഷണം കൊടുക്കാനും തീരുമാനിച്ചത്. അതാണ് സമ്മതിക്കാതെ പോയത്. 120 ആളുകളൊന്നും അവിടെ കൃവിലില്ല. നിലവിലുള്ള ആളുകൾക്കുള്ള അക്കോമഡേഷനുണ്ട്. അർഹതയില്ലാത്ത കുട്ടികൾ അവിടെ താമസിക്കുന്നുണ്ട്. കുറേ പേരെ ഒഴിപ്പിച്ചിട്ടുണ്ട്. കണക്ക് ഞാൻ കൊണ്ടുവരാം. മറ്റന്നാൾ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ സബ്മിഷനുണ്ടല്ലോ. ഞാൻ അതിന്റെ ഡീറ്റെയിൽസ് കൊണ്ടുവരാം. എല്ലാ സ്റ്റാറ്റിസ്റ്റിക്സും കൊണ്ടുവരാം. വാക്കിന്റെ അർത്ഥമെല്ലാം എനിക്കും നിങ്ങൾക്കും അറിയാം, പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. താൽക്കാലികമായി നിലവിലുള്ള പഴയ ഗസ്റ്റ് ഹൗസിലേയ്ക്ക് ഇവരുടെ താമസം മാറ്റുകയും അവിടെ ഭക്ഷണം ഉണ്ടാക്കുന്നതിനുള്ള സൗകര്യം ഉണ്ടാകുന്നതുവരെ നിലവിലുള്ള ഹോസ്റ്റലിൽ നിന്ന് ഭക്ഷണം കൊടുക്കാനുമാണ് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തീരുമാനിച്ചത്. അതിനുപോലും സമ്മതിക്കാതെ, അവർ നിർബന്ധമായും പുറത്തുനിന്ന് ഭക്ഷണം കഴിക്കുന്ന അവസ്ഥയാണ്. അതാണ് പ്രശ്നം.

മി. ചെയർമാൻ: ചർച്ച വല്ലാതെ വഴിമാറി, മറ്റൊരു വിഷയത്തിലേയ്ക്ക് പോയി.

ഡോ. കെ. ടി. ജലീൽ: സർ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സെൽഫ് ഫിനാൻസിംഗ് കോഴ്സ് ഇപ്പോൾ തുടങ്ങിയതല്ല. സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കാമ്പസിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. ഇന്നുവരെ ഒരു വി.സി.യും ബലാത്ക്കാരമായി മെൻസ് ഹോസ്റ്റലിൽ അവിടുത്തെ എഞ്ചിനീയറിംഗ് കോളേജിലെ കുട്ടികളെ പാർപ്പിക്കണമെന്ന് പറഞ്ഞിട്ടില്ല. അവർക്ക് പ്രത്യേകമായ സംവിധാനം യൂണിവേഴ്സിറ്റി ഒരുക്കിക്കൊടുക്കുകയാണ് ചെയ്തത്. സ്വാശ്രയ കായിക വിദ്യാർത്ഥികളെയാണ് ഇവിടെ താമസിപ്പിക്കണമെന്ന് പറഞ്ഞത്. കളി പഠിപ്പിക്കാനുള്ള അദ്ധ്യാപകർ, അവർക്ക് അവരുടേതായ അന്തരീക്ഷമുണ്ടാകും. സാധാരണ ഗൗരവമായ ഗവേഷണങ്ങളിലേർപ്പെടുന്നവർ, വിഷയങ്ങൾ പഠിക്കുന്നവർ, അങ്ങനെയുള്ള ആളുകൾ താമസിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്ന സ്ഥലങ്ങളിൽ ഒരു അക്കാദമിക് അന്തരീക്ഷം അതിന്റെ സമ്പൂർണ്ണതയിലുണ്ടാകണം. അതിന് ഭംഗം വരുന്ന രീതിയിലാണ് കായിക സ്വാശ്രയ വിദ്യാർത്ഥികളെ റെഗുലർ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലിൽ താമസിപ്പിക്കുവാനുള്ള നീക്കം വി. സി നടത്തിയത്. ഇത് എന്തിന്റെ പേരിലാണെങ്കിലും ശരി, കാലാന്തരത്തിൽ യൂണിവേഴ്സിറ്റിയിൽ സ്വാശ്രയ വിദ്യാർത്ഥികൾക്ക് മേൽക്കൈ ലഭിക്കുന്ന സാഹചര്യം ഉണ്ടാക്കുക, പണം കൊടുത്ത് പഠിപ്പിക്കുന്ന സ്ഥാപനമാണ് സർവ്വകലാശാലയുടെ കാമ്പസ് എന്ന്

വരുത്തിത്തീർക്കുക, അതിനുവേണ്ടിയുള്ള ശ്രമമാണ് നടക്കുന്നത് എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ശ്രീ. കെ. എൻ. എ. ഖാദറും ഡോ. കെ. ടി. ജലീലും ശ്രീ. പി. ശ്രീരാമകൃഷ്ണനുമെല്ലാം അഭിപ്രായം പറഞ്ഞു. അതിൽ വസ്തുതാപരമായ പിശകുണ്ട്. അവിടെ നിലവിലുള്ള ഹോസ്റ്റലിൽ പാർപ്പിക്കുന്നില്ല, ഭക്ഷണം കൊടുക്കുന്നില്ല. അവർ സമരം ചെയ്ത് എന്തോ ക്രൂരത കാണിക്കുന്നു എന്ന ധ്വനിയിലാണ് അപ്പുറത്തുനിന്ന് വിഷയം അവതരിപ്പിച്ചത്. യഥാർത്ഥത്തിൽ നിലവിലുള്ള ഹോസ്റ്റലിന്റെ സ്ഥിതി ഞാൻ നേരത്തെ പറഞ്ഞു. 600 ആളുകൾക്ക് താമസിക്കാവുന്നിടത്ത് 1300 പേരെയാണ് വനിതാ ഹോസ്റ്റലിൽ ഇപ്പോൾ താമസിപ്പിച്ചിട്ടുള്ളത്. 289 പേരെ താമസിപ്പിക്കാനുള്ള സ്ഥലവും സ്പെസിഫിക്കേഷനുമുള്ളിടത്താണ് 400 പേരെ ഇപ്പോൾ താമസിപ്പിക്കുന്നത്. അതിനുപുറമെയാണ് ഇവർ വരുന്നത്. സെൽഫ് ഫിനാൻസിംഗ് എന്നുപറയുമ്പോൾ, അതിൽ നിന്നുതന്നെ സമാഹരിക്കുന്ന പണംകൊണ്ട് അവർക്കാവശ്യമായ ഇൻഫ്രാസ്ട്രക്ച്ചറും ഹോസ്റ്റലും മറ്റും നിർമ്മിക്കണമെന്നു തന്നെയാണ്. അതിനു സമയമെടുക്കുമായിരിക്കും. യൂണിവേഴ്സിറ്റി അംഗീകരിച്ച കോഴ്സ തന്നെയാണതും. നമ്മുടെ കുട്ടികൾ പറയുന്നത് ഇവരെ അടുപ്പിക്കാനേ പാടില്ലെന്നല്ല. അവിടെ ഗസ്റ്റ്ഹൗസ് ഹോസ്റ്റലുണ്ട്, ഫോറിൻ സ്റ്റുഡൻസ് ഹോസ്റ്റലുണ്ട്, കായിക വിദ്യാർത്ഥികളുടെ പഴയ ഹോസ്റ്റലുണ്ട്. ഇതിലേതെങ്കിലുമൊന്നിൽ ഇവർക്ക് സ്ഥലം കൊടുക്കാനുള്ള സാഹചര്യമുണ്ടായിരിക്കെ ഇങ്ങനെ തിങ്ങിപ്പാർക്കുന്നിടത്തുതന്നെ എന്തിനു നിർബന്ധപൂർവ്വം കൊണ്ടുവരുന്നു. പ്രത്യേകിച്ച് ഒരു അഭിപ്രായ വ്യത്യാസം കൂടി ഉണ്ടായിരിക്കെ അതും സ്ഥിരമായി അവിടെ കൊടുക്കാൻ പാടില്ല. അവർക്ക് സ്വന്തമായി കാമ്പസ് ഉണ്ടാകണം. ഇവർക്ക് ഭക്ഷണം കൊടുക്കുന്നില്ല. യൂണിവേഴ്സിറ്റി ഇവിടെ ഭക്ഷണം വച്ച് വിളമ്പുന്നുണ്ടോ, യൂണിവേഴ്സിറ്റി വച്ച് വിളമ്പുന്ന ഭക്ഷണം കഴിക്കാൻ സമ്മതിക്കാത്തതാണെങ്കിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് ശരിതന്നെ. സ്വാശ്രയ കോളേജാണെങ്കിലും ഭക്ഷണം കൊടുക്കണം, കൊടുക്കണ്ടാ എന്ന് ആരും പറയില്ല. ഈ ഹോസ്റ്റലിൽ കുട്ടികൾ പരസ്പരം പണം ഷെയർ ചെയ്ത് ഒരു കമ്മിറ്റി ഉണ്ടാക്കി അവർ ഭക്ഷണം പാകം ചെയ്ത് കഴിക്കുന്നതാണ്. ഇത് പല ഹോസ്റ്റലിലും നടക്കുന്നതാണ്. നമ്മുടെ ഡിപ്പാർട്ടുമെന്റും വിദ്യാഭ്യാസ വകുപ്പും ഹോസ്റ്റലുകളിലൊന്നും ശരിയായ നിലയിൽ ഭക്ഷണം കൊടുക്കുന്ന സിസ്റ്റം ഉണ്ടാക്കാത്തതു കൊണ്ടുതന്നെ കുട്ടികൾ പരസ്പരം ഷെയർ ചെയ്ത് കഴിക്കുകയാണ്. റെഗുലർ ഹോസ്റ്റലിലെ കുട്ടികൾ പണം ഷെയർ ചെയ്ത് ഭക്ഷണം പാകം ചെയ്യുന്നത് അവർക്കുംകൂടി വച്ച് വിളമ്പണമെന്നുപറയുന്നത് എന്ത് ന്യായമാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഞാൻ കോളേജിൽ നിന്ന് പഠിച്ചിറങ്ങിയിട്ട് 30 വർഷമായി. അന്നുമുതൽ മെസ് എന്നുപറയുന്നത് അവിടത്തെ ഇൻമേറ്റ്സ് ഷെയർ ചെയ്തെടുക്കുന്നതാണ്, അത് ഇപ്പോൾ തുടങ്ങിയതൊന്നുമല്ല. എല്ലാ കാലഘട്ടങ്ങളിലും അവിടെ കുക്ക് ഉണ്ടാകും, ബാക്കി സ്റ്റാഫുകളെ യൂണിവേഴ്സിറ്റിയും കോളേജുകളും നൽകും. മെസ്സിലേയ്ക്കുള്ള സാധനങ്ങൾ വാങ്ങി അതിന്റെ മുഴുവൻ ചെലവും കണക്കാക്കി എത്ര കുട്ടികളാണോ ഉള്ളത് അതനുസരിച്ച് ഡിവൈഡ് ചെയ്ത് കൊടുക്കുന്ന സമ്പ്രദായമാണ് എല്ലാ കോളേജുകളിലുമുള്ളത്.

ശ്രീ. എ. പ്രദീപ് കുമാർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞതുൾപ്പെടെ രണ്ട് രീതികളുമുണ്ട്. ഒന്ന്, കോളേജ് മാനേജ്മെന്റ് അല്ലെങ്കിൽ അതോറിറ്റി തന്നെ മെസ് നടത്തി കുട്ടികളിൽ നിന്ന് പണം ഈടാക്കും. മറ്റൊന്ന്, കുട്ടികൾ തന്നെ കമ്മിറ്റിയുണ്ടാക്കി സാധനങ്ങൾ പർച്ചേസ് ചെയ്ത് അവർ തന്നെ പാചകം ചെയ്ത് അവർ തന്നെ ഷെയർ ചെയ്യും. ആദ്യത്തേതിൽ കോളേജ് അധികാരികളാണ് പർച്ചേസ് ചെയ്യുന്നത്. ഇപ്പോഴും ഈ രണ്ട് രീതികളുണ്ട്.

മി. ചെയർമാൻ: ആ വിഷയമല്ല ചർച്ച ചെയ്യുന്നത്. ബില്ലിന്റെ ചർച്ചയിലേയ്ക്ക് വരൂ.

ശ്രീ. എ. പ്രദീപ് കുമാർ: എന്തായാലും ഈ ഹോസ്റ്റലുകളിൽ താമസിക്കുന്ന 500 കുട്ടികൾ ഷെയർ ചെയ്ത് കഴിക്കുന്നതിൽനിന്ന് കൊടുക്കണമെന്ന് നിർബന്ധിക്കണ്ട. ഈ കായിക വിദ്യാർത്ഥികൾക്ക് വേണമെങ്കിൽ അപ്പുറത്തുള്ള ഹോസ്റ്റലിൽ തനിയെ ഉണ്ടാക്കാം. അവിടെ ഭക്ഷണം സപ്ലൈ ചെയ്യാൻ സന്നദ്ധരായിട്ടുള്ള യൂണിവേഴ്സിറ്റിയുടെ റേറ്റ് കോൺട്രാക്ടുള്ള കോൺട്രാക്ടേഴ്സുണ്ട്. അവർ ഈ കുട്ടികൾക്ക് അതേ റേറ്റിൽ ഭക്ഷണം കൊടുക്കാൻ തയ്യാറാണ്. അങ്ങനെ ഒരു തീരുമാനം എടുത്താൽ അവിടെയുള്ള സംഘർഷാവസ്ഥ, സമരാന്തരീക്ഷം ഒഴിവാക്കാൻ അങ്ങേയ്ക്ക് കഴിയില്ലേ? പ്രോ വൈസ്ചാൻസലർ എന്ന നിലയിലുള്ള അധികാരമുപയോഗിച്ചുകൊണ്ട് അങ്ങ് ഇടപെട്ടുകഴിഞ്ഞാൽ അതിന്റെ സൽപ്പേര് അങ്ങേയ്ക്ക് ലഭിക്കില്ലേ?

മി. ചെയർമാൻ: അങ്ങയുടെ അഭിപ്രായം പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. എ. പ്രദീപ് കുമാർ: അവിടെയുള്ള പ്രശ്നം എന്നുപറയുന്നത് കായിക വിദ്യാർത്ഥികൾക്കുള്ള ഭക്ഷണംകൂടി ഇവർ തന്നെ വച്ചുവിളമ്പണം എന്നുള്ളതാണ്. അതിനുപകരം നമ്മളെല്ലാവരുംകൂടി അവർക്ക് ഭക്ഷണം കൊടുക്കാമെന്നുള്ള ഒരു സമീപനമെടുത്ത് ആ സമരം അവസാനിപ്പിക്കുകയാണെങ്കിൽ അതിന്റെ സൽപ്പേര് അങ്ങേയ്ക്ക് ഉണ്ടാകില്ലേ; അങ്ങയെക്കുറിച്ച് ഞങ്ങളും നല്ല വാക്ക് പറയില്ലേ; ഈ ഒറ്റ കാര്യത്തിൽ അങ്ങ് ഇടപെടുമോ? ഭക്ഷണത്തിന്റെ ഇഷ്യൂ സോൾവ് ചെയ്യാൻ ഞങ്ങളും കൂടെ സഹായിക്കാം.

ശ്രീ. കെ. എൻ. എ. ഖാദർ: താമസം അനുവദിക്കുകയും ഭക്ഷണം വേറെ സ്ഥലത്തു നിന്നു കഴിക്കുകയും ചെയ്താൽ പ്രശ്നം തീരുമോ? പുതിയ കുട്ടികളെ അവിടെ അക്കോമഡേറ്റ് ചെയ്തിട്ട് ഭക്ഷണം മാത്രം പുറത്തു നിന്നുമാക്കിയാൽ പ്രശ്നം തീരുമോ?

ശ്രീ. എ. പ്രദീപ് കുമാർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും വൈസ് ചാൻസലറുടെയും സിൻഡിക്കേറ്റ് അംഗങ്ങളുടെയും സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ഇവരെ ഗസ്റ്റ് ഹൗസിനോട് ചേർന്ന ഹോസ്റ്റലിൽ താമസിപ്പിക്കാമെന്ന് ധാരണയുണ്ടാക്കിയതാണ്. ഭക്ഷണത്തിന്റെ ഇഷ്യൂ മാത്രമേ അവശേഷിക്കുന്നുള്ളൂ. അതിനാൽ ഭക്ഷണത്തിന്റെ ഇഷ്യൂ പരിഹരിക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ മുമ്പാകെ ഞാൻ വിനയപൂർവ്വം വയ്ക്കുന്ന നിർദ്ദേശം, ആ യൂണിവേഴ്സിറ്റിയിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ ഭക്ഷണം സപ്ലൈ ചെയ്യാൻ റേറ്റ് കോൺട്രാക്ടർമാർ സന്നദ്ധമാണ്. ഭക്ഷണ വിതരണം അവരെ ഏൽപ്പിച്ച് ഈ പ്രശ്നം സമാധാനമായി പരിഹരിക്കാൻ അങ്ങ് തയ്യാറാകണം. കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ ഈ സമരം ലോകശ്രദ്ധ പിടിച്ചുപറ്റിയിരിക്കുകയാണ്, സോഷ്യൽ നെറ്റ് വർക്ക് വഴി എല്ലായിടത്തും ചർച്ച ചെയ്യുന്നു. അങ്ങയുടെ നേതൃത്വത്തിൽ അത് പരിഹരിച്ചുകഴിഞ്ഞാൽ നമുക്കെല്ലാവർക്കും സന്തോഷമുണ്ടാകുന്ന കാര്യമാണ്. അതിനെക്കുറിച്ച് പ്രതികരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): വൈസ് ചാൻസലർ വിളിച്ച ചർച്ചയ്ക്കൊന്നും എസ്.എഫ്.ഐ.-യുടെ കുട്ടികൾ വരുന്നില്ല എന്നതാണ് അദ്ദേഹത്തിന്റെ ആക്ഷേപം. ശ്രീ. എ. പ്രദീപ് കുമാർ പറഞ്ഞ പ്രൊപ്പോസൽ വൈസ് ചാൻസലറുടെ പക്കൽ വയ്ക്കട്ടെ, അവിടെനിന്നും തീരുമാനമുണ്ടാകുമോ എന്ന് നോക്കാം. അല്ലാതെ ഞാൻ ഇടപെടേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനംപോലും നടപ്പിലാകുന്നില്ല. അത് എന്തുകൊണ്ടാണെന്ന് എനിക്കും ശ്രീ. എ. പ്രദീപ്കുമാറിനുമറിയാം. അതേയവസരത്തിൽ, ശ്രീ. കെ.എൻ.എ. ഖാദർ പറഞ്ഞതുപോലെ താമസിക്കാൻ സമ്മതിക്കുമോ ഇല്ലയോ എന്നുള്ള കാര്യം വ്യക്തമായി പറയാൻ സാധിക്കുന്നില്ല. അതാണ് ഒരു പ്രശ്നം. രണ്ടാമത്തേത്, നിങ്ങൾ വച്ച പ്രൊപ്പോസൽ സമരനേതാക്കൾ വൈസ് ചാൻസലറുമായി സംസാരിക്കട്ടെ, അവരല്ലേ സംസാരിക്കേണ്ടത്. നമ്മൾ ഇടപെടേണ്ട കാര്യമില്ലല്ലോ.

ശ്രീ. എളമരം കരീം; ഇവിടെ ശ്രീ. എ. പ്രദീപ് കുമാർ പറഞ്ഞ കാര്യത്തിൽ അവസാനം വന്ന തർക്കവിഷയം വൈസ് ചാൻസലറുടെ മുമ്പിൽ ഉന്നയിക്കട്ടെ, അവിടെ പരിഹരിക്കട്ടെ എന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി

പറഞ്ഞതിനെ ശരിയായ സ്പിരിറ്റിൽ എടുക്കുകയാണ്. അതൊരു ഇൻഡിക്കേഷനാണ്. ആ നിലയിൽ പ്രശ്നം അവിടെ ഉന്നയിക്കാൻ സമരസമിതിക്കാരോട് ആവശ്യപ്പെടുകയും പരിഹാരമുണ്ടാക്കാനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നല്ല നിലയിലെടുക്കണം. ആ ഒറ്റ തർക്കവിഷയമല്ലേയുള്ളൂ. ഇവിടെ വച്ച നിർദ്ദേശം വൈസ് ചാൻസലർ മുമ്പാകെ വയ്ക്കാൻ സമരസമിതിക്കാരോട് പറയുക. ബഹുമാനപ്പെട്ട മന്ത്രി ഫ്രാങ്കായി പറഞ്ഞത് ആ നിലയിൽ അവർ എടുക്കട്ടെ.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി പ്രോ വൈസ് ചാൻസലർ എന്ന നിലയിൽ സഭയ്ക്കകത്ത് ആശയവിനിമയം നടന്നു, വളരെ പോസിറ്റീവായാണ് ചർച്ച നടന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനമനുസരിച്ച് കാര്യങ്ങൾ പോകാനും അവശേഷിക്കുന്ന പ്രശ്നം പരിഹരിക്കാനുള്ള ശ്രമം ബഹുമാനപ്പെട്ട പ്രോ വൈസ് ചാൻസലർ എന്ന നിലയിൽ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം എന്നഭ്യർത്ഥിക്കുകയാണ്. നേരത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞതു പോലെ, സ്വയംഭരണ കോളേജും സ്വാശ്രയകോളേജുമൊക്കെ ഒന്നിച്ചു കാണുന്നു എന്ന ആപത്തുള്ളതുകൊണ്ടാണ് ഈ ബില്ലിനെ നിരാകരിക്കുന്നത് എന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. ശിവൻകുട്ടി</u>: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ രാജ്യത്താകെ നടക്കുന്ന വിദ്യാഭ്യാസ പരിഷ്കാരങ്ങൾ കേരളത്തിലും ആവശ്യമാണ്. ഓട്ടോണമസ് കോളേജിന്റെ വിഷയത്തിലും മറ്റേതെങ്കിലും പുതിയ വിദ്യാഭ്യാസ പരിഷ്കാരങ്ങളായിരുന്നാലും കേരളത്തിൽ കൊണ്ടുവരുന്ന അവസരത്തിൽ അതിനെ സംശയത്തോടുകൂടിയാണ് നമ്മുടെ സമൂഹം കാണുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു കാര്യം മനസ്സിലാക്കണം, അങ്ങ് വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്ഥാനം ഏറ്റെടുത്തതിനു ശേഷം വിദ്യാഭ്യാസ രംഗം വിവാദങ്ങളിലാണ്. അന്തിച്ചന്തയിൽ സാധനങ്ങൾ ലേലം വിളിക്കുന്നതുപോലുള്ള ഒരു പ്രസ്ഥാനമായി വിദ്യാഭ്യാസരംഗം മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. വലിയ രാഷ്ട്രീയ പാരമ്പര്യമുള്ള കുടുംബത്തിലെ അംഗമാണ് അങ്ങ്. അങ്ങേയ്ക്ക് കൈക്കൂലി വാങ്ങേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല, ധാരാളം ഭൂസ്വത്തുക്കളൊക്കെയുള്ളതാണ്. അങ്ങ് ഒരു കാര്യം മനസ്സിലാക്കേണ്ടത്, അങ്ങയുടെ പേരുപറഞ്ഞ് കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ധാരാളം ഇടനിലക്കാർ ഒരുപാട് വിഷയങ്ങളിൽ ലക്ഷക്കണക്കിനുരൂപ കൈക്കൂലി വാങ്ങുന്നുവെന്ന വസ്തുത ഈ വൈകിയ വേളയിലെങ്കിലും തിരിച്ചറിഞ്ഞില്ലെങ്കിൽ അങ്ങയുടെ ഇമേജ് വളരെ

മോശമായിത്തീരും എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അങ്ങയുടെ പേരാണ് ഇവരെല്ലാം പറയുന്നത്. വ്യക്തിപരമായി സംസാരിക്കുമ്പോൾ ചില പേരുകൾ ഞാൻ പറഞ്ഞുതരാം. അങ്ങയുടെ കാലഘട്ടത്തിൽ കേരളത്തിലെ വിദ്യാഭ്യാസരംഗം അഴിമതിക്കതീതമായിരുന്നു എന്ന് വരുത്തിതീർക്കേണ്ടതായിട്ടുണ്ട്. അവശേഷിക്കുന്ന ഒന്നരക്കൊല്ലമെങ്കിലും അത്തരത്തിലുള്ള കൈക്കൂലിക്കാരെ പുറത്താക്കുവാനും മേലിൽ അങ്ങയുടെ പേരിൽ കൈക്കൂലി വാങ്ങരുത് എന്ന് പറയാനുമുള്ള അവകാശമുണ്ടല്ലോ; അക്കാര്യം അങ്ങ് ഇടപെട്ട് ചെയ്യണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഏത് പുതിയ വിദ്യാഭ്യാസ നയങ്ങൾ കേരളത്തിൽ കൊണ്ടുവന്നാലും ഇത് കച്ചവടമെന്നാണ് ചിന്തിക്കുന്നത്. ഈ സഭയിലിരിക്കുന്ന 140 അംഗങ്ങളും പാവപ്പെട്ടവനും സാധാരണക്കാരനും വേണ്ടിയുള്ള പൊതുവിദ്യാഭ്യാസത്തെ അനുകൂലിക്കുന്നവരാണ്. ഇവിടെ ഇരിക്കുന്ന എല്ലാവരും പൊതുവിദ്യാഭ്യാസ സ്കൂളുകളിൽ പഠിച്ച് വന്നിട്ടുള്ളവരാണ്. അതുകൊണ്ട് ഒരു ദോഷവും സംഭവിച്ചിട്ടുള്ളവരല്ല. വിദ്യാഭ്യാസ രംഗത്ത് ഇന്നുകാണുന്ന എല്ലാ നിലയിലുമുള്ള അഴിമതിയും ഗൗരവത്തോടെ ചർച്ച ചെയ്യുകയും സമൂഹത്തിലുള്ള സംശയങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനെക്കുറിച്ച് ഒരു അന്വേഷണം നടത്തി കറക്ഷന് വിധേയമാക്കുന്നതിനു വേണ്ടിയുള്ള ഒരു പരിശ്രമം നടത്തുകയും ചെയ്യണമെന്നാണ് എനിക്ക് വിനീതമായി സൂചിപ്പിക്കുവാനുള്ളത്. 2013 മേയ് മാസം 10-ാം തീയതിയിലെ ഒരു സർക്കാർ ഉത്തരവിലാണ് സർക്കാർ കോളേജുകൾക്കും എയ്ഡഡ് കോളേജുകൾക്കും സ്വയംഭരണ അവകാശം നൽകാൻ തത്വത്തിൽ അംഗീകാരം നൽകുന്നുവെന്ന് സൂചിപ്പിക്കുന്നത്. 2013-14 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തെ തുടർന്ന് 2013 ഏപ്രിൽ 21-ന് ഇത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും മേയ് മാസം 10-ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഈ അനാവശ്യധൃതിതന്നെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ യു.ഡി.എഫ്. സർക്കാർ കാണിക്കുന്ന ലാഘവത്തേയും കെടുകാര്യസ്ഥതയെയുമാണ് സൂചിപ്പിക്കുന്നത്. അക്കാദമിക സ്വയംഭരണം എന്ന പേരുപറഞ്ഞ് ഉന്നതവിദ്യാഭ്യാസ മേഖലയാകെ കച്ചവടച്ചരക്കാക്കി മാറ്റുകയാണ് എന്നതാണ് ഇതിലെ പ്രധാനപ്പെട്ട പ്രശ്നം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ നിലവാരമാണോ സ്വകാര്യ വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ളത്? എസ്.എൻ.ഡി.പി.യും എൻ.എസ്.എസ്സും ക്രിസ്ത്യൻ മാനേജുമെന്റും മുസ്ലീം മാനേജുമെന്റും ചില വ്യക്തിഗത മാനേജുമെന്റുകളുമെല്ലാം വളരെ അന്തസ്സായി കേരളത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളോട് പരിപൂർണ്ണമായ എതിർപ്പ് പ്രകടിപ്പിച്ച പ്രസ്ഥാനമൊന്നുമല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണി. പക്ഷെ, വർത്തമാന കാലഘട്ടത്തിൽ കേരളത്തിൽ അബ്കാരി കച്ചവടത്തെക്കാൾ ലാഭം വിദ്യാഭ്യാസ കച്ചവടമാണെന്ന കാര്യത്തിലേയ്ക്ക് കാര്യങ്ങൾ വന്നെത്തിയിരിക്കുന്നു. അതിലൊരു പ്രധാനപ്പെട്ട പങ്ക് അങ്ങേയ്ക്കും ഉണ്ടെന്നുള്ളതാണ് എന്റെ അഭിപ്രായം, അതാണ്

ഞാൻ ഇവിടെ സൂചിപ്പിക്കാനുള്ള കാരണം. ഈ നിയമനിർമ്മാണത്തോടൊപ്പം യു.ഡി.എഫ്. സർക്കാർ ലക്ഷ്യമിടുന്നത് ഇത്തരം അഴിമതിയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കോളേജുകൾക്ക് സ്വയംഭരണാധികാരം മാത്രം അനുവദിച്ചാൽ മതിയെന്ന് പറയുമ്പോൾ, അവിടെ ഫീസ് നിശ്ചയിക്കുന്നത് ആരാണ്? ജനാധിപത്യ സംവിധാനം നിലനിൽക്കുന്ന കേരളത്തിൽ, അംഗീകൃത രജിസ്റ്റേർഡ് രാഷ്ട്രീയ പാർട്ടികളാണ് തെരഞ്ഞെടുക്കപ്പെട്ട് അധികാരത്തിലിരിക്കുന്നത്. വിദ്യാഭ്യാസ വകുപ്പുമന്ത്രി മുസ്ലീം ലീഗിന്റെ നേതാവാണ്. ലീഗിന് വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ച് ഒരു നയമുണ്ടാകും. കോൺഗ്രസ്സിനും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും യു.ഡി.എഫിനും വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ച് നയമുണ്ടാകും. നമ്മുടെയെല്ലാം പരിപാടികളിലും ഭരണഘടനയിലുമെല്ലാം അത് പറഞ്ഞിട്ടുണ്ട്. സ്വാശ്രയ കോളേജിൽ ഫീസ് നിശ്ചയിക്കുന്നത് ആരാണ്; രാജ്യത്ത് പഠിക്കുന്ന വിദ്യാർത്ഥികളുടെ ഫീസ് നിശ്ചയിക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിനല്ലേ കൊടുക്കേണ്ടത്? എന്നാൽ ഫീസും മറ്റെല്ലാ ചെലവുകളും നിശ്ചയിക്കുന്നത് അവരാണ്. സർക്കാരിന്റെ സമ്മതത്തോടെ തീരുമാനിക്കാൻ വേണ്ടി ഒരു ഗവേണിംഗ് കൗൺസിലിന് അധികാരം ഉണ്ടായിരിക്കുമെന്നാണ് പറയുന്നത്. ഒരു അധികാരവും ഇക്കാര്യത്തിലില്ല. എയ്ഡഡ് കോളേജിന്റെ ഫീസിന്റെ കാര്യത്തിൽ ഈ വ്യവസ്ഥയാണ് തുടർന്നുകൊണ്ടിരിക്കുന്നത്. കോഴ്സുകളുടെ കാര്യത്തിൽ സർക്കാരിന് യാതൊരു പങ്കുമില്ലെന്ന് ഈ ബില്ലിൽ വ്യക്തമാക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഒരു കോഴ്സ് നടന്നാൽ ഈ വിദ്യാഭ്യാസ മന്ത്രിക്കും സർവ്വകലാശാലയ്ക്കും എന്ത് അഭിപ്രായമാണുള്ളത്; അവിടെ അക്കാദമിക് കൗൺസിൽ വേണ്ടേ; കുട്ടികളെ എന്ത് പഠിപ്പിക്കണം; കുട്ടികൾ എന്ത് പഠിക്കണം; തുടങ്ങിയ കാര്യങ്ങൾ സാമ്പത്തിക ശേഷിയുള്ള ഏതെങ്കിലും മാനേജ്മെന്റാണോ തീരുമാനിക്കേണ്ടത്? ഗവൺമെന്റാണ് അക്കാര്യം തീരുമാനിക്കേണ്ടതെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. വിദ്യാഭ്യാസ കച്ചവടക്കാർ സർക്കാരിന്റെ ആസ്തി ഉപയോഗിച്ചാണ് ഇത്തരം കാര്യങ്ങൾ ചെയ്യാൻ പോകുന്നത്. ഇതെല്ലാം ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ ചരിത്രത്തിൽത്തന്നെ കേട്ടുകേൾവിയില്ലാത്ത കാര്യങ്ങളാണ്. 2013-14 ബഡ്ജറ്റിൽ പറയുന്നത്, ഉയർന്ന നിലവാരമുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളെയും എഞ്ചിനീയറിംഗ് കോളേജുകളെയും യു.ജി.സി.യിൽനിന്ന് അക്കാദമിക സ്വയംഭരണാനുമതി നേടാൻ സർക്കാർ പ്രോത്സാഹിപ്പിക്കുമെന്നാണ്. എന്നാൽ ഈ നയത്തിന് കടകവിരുദ്ധമായാണ് ബില്ലിന്റെ പരിധിയിൽനിന്ന് എഞ്ചിനീയറിംഗ് കോളേജുകളെ പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നത്. ഇതിൽനിന്നും അക്കാദമിക് സ്വാതന്ത്ര്യമല്ല ഈ ബില്ലിന്റെ ഉദ്ദേശ്യം എന്നുള്ളത് ഏവർക്കും ബോധ്യപ്പെടുന്ന കാര്യമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് രാഷ്ട്രീയ ഇടപെടലുകൾ ഒഴിവാക്കണമെന്നുള്ള കാര്യം പറയുന്നുണ്ട്. യൂണിവേഴ്സിറ്റികളിൽ വൈസ് ചാൻസലർക്ക് സമ്പൂർണ്ണ ഭരണാധികാരം കൊടുക്കുന്നതിൽ കുഴപ്പമില്ല. കേരളം

പോലുള്ള സംസ്ഥാനത്ത് സിൻഡിക്കേറ്റ് പോലുള്ള സംവിധാനമുണ്ട്. വൈസ് ചാൻസലർമാരെ തെരഞ്ഞെടുക്കുന്നത് ഒരു പാനലാണ്, സെർച്ചിംഗ് കമ്മിറ്റിയാണ്. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിൽ വരുന്നവർക്ക് ഒരു അഭിപ്രായമുണ്ട്. അക്കാദമിക് കൗൺസിലിൽ വരുന്നവർക്ക് ഒരു അഭിപ്രായമുണ്ട്. രാഷ്ട്രീയത്തോട് ഇത്തരം കടുത്ത എതിർപ്പ് പ്രകടിപ്പിക്കേണ്ട കാര്യം എന്താണ്; രാഷ്ട്രീയക്കാർ സർവ്വകലാശാലയിൽ ചെന്നിരുന്നാൽ എന്താണ് കുഴപ്പം; അവർ എഴുത്തും വായനയും അറിഞ്ഞുകൂടാത്തവരാണോ? രാഷ്ട്രീയക്കാർ സർവ്വകലാശാലയിൽ ചെന്നിരിക്കേണ്ടതില്ല എന്നുള്ള ഒരു വാദം, അരാഷ്ട്രീയവാദത്തിന്റെ മറപിടിച്ചുകൊണ്ട് വിദ്യാഭ്യാസ കച്ചവടം നടത്തുന്നതിനുവേണ്ടിയുള്ള വാദമാണെന്ന കാര്യത്തിൽ തർക്കമില്ല. എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും ഒരു നയമുണ്ടാകും. ആ നയത്തിന്റെ അടിസ്ഥാനത്തിൽ അവിടെ സംസാരിക്കും. ഏതെങ്കിലും അക്കാഡമീഷ്യന്/പ്രൊഫസർക്ക് മാത്രം വിട്ടുകൊടുക്കേണ്ട സംഗതിയല്ല കേരളത്തിന്റെ ഉന്നത വിദ്യഭ്യാസ രംഗം എന്നുള്ള കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. 2012 നവംബർ മാസം 27-ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നൽകിയ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശയിൽ പറയുന്നത് കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകണമെന്നാണ്. ജനാധിപത്യ സമൂഹത്തിൽ ഇത്തരമൊരു ശിപാർശ സംസ്ഥാന ഭരണകൂടത്തെയും ജനാധിപത്യത്തെയും അവഹേളിക്കുന്നതാണ്. അതിലാണ് രാഷ്ട്രീയക്കാരെ ഒഴിവാക്കണമെന്ന ശിപാർശ പറയുന്നത്. ഈ ജനവിരുദ്ധമായിട്ടുള്ള റിപ്പോർട്ട് തയ്യാറാക്കിത്തന്ന കൗൺസിലിനെയാണ് ആദ്യം പിരിച്ചുവിടേണ്ടത്. അങ്ങ് രാഷ്ട്രീയക്കാരനല്ലേ; സർവ്വകലാശാലയുടെ പ്രൊ-വൈസ് ചാൻസലർ എന്നത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ്. അങ്ങ് അടക്കമുള്ളവരെ പുച്ഛിച്ചുകൊണ്ടാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ റിപ്പോർട്ട് നൽകിയിരിക്കുന്നത്. ആദ്യം അവരുടെ റിപ്പോർട്ട് വലിച്ചുകീറി കളഞ്ഞതിനുശേഷം പുതിയ ഒരു കമ്മീഷനെ നിയമിച്ചുകൊണ്ട് പുതിയ റിപ്പോർട്ട് തയ്യാറാക്കാൻ പറയണം. കേരളത്തിലെ രാഷ്ട്രീയക്കാരെക്കുറിച്ച് സരിത പറയുന്നതുപോലെ പറയാൻ പറ്റുമോ; സരിത കേരളത്തിലുള്ളവരെ എല്ലാംപറ്റി പറഞ്ഞുകൊണ്ടിരിക്കുകയല്ലേ.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: അവിടെ അക്കാഡമീഷ്യൻസും വിദ്യാഭ്യാസ വിചക്ഷണന്മാരുമാണ് വേണ്ടത്, രാഷ്ട്രീയക്കാരല്ല.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അക്കാഡമീഷ്യൻസ് വരുന്നതിന് ഒരു എതിർപ്പുമില്ല. അക്കാഡമീഷ്യൻസ് വരണം, എഴുത്തും വായനയും അറിയാവുന്നവർ വരണം. വൈസ് ചാൻസലർമാരുടെ കാര്യമൊക്കെ ഞാൻ പറയാം. അതിലൊന്നും ഒരു പ്രശ്നവുമില്ല. രാഷ്ട്രീയക്കാരോട് ഇങ്ങനെയൊരു അസംതൃപ്തി രേഖപ്പെടുത്തേണ്ട കാര്യവുമില്ലായെന്നുള്ളതാണ് ഞാൻ സൂചിപ്പിച്ചത്. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും വൈസ് ചാൻസലർമാരുടെ നിയമനം യോഗ്യതാ

മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണോയെന്നുള്ളത് സംബന്ധിച്ച് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ? മറിച്ച് മതത്തിന്റെയും ജാതിയുടെയും യു.ഡി.എഫ്. ഘടക കക്ഷികളുടെ വീതംവയ്പ്പിന്റെയും അടിസ്ഥാനത്തിലല്ലേ കേരളത്തിൽ വൈസ് ചാൻസലർമാരെ നിയമിച്ചിരിക്കുന്നത്. വൈസ് ചാൻസലർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട വിലപേശലിനെത്തുടർന്ന് എട്ട് മാസക്കാലം കേരള സർവ്വകലാശാലയിൽ വൈസ് ചാൻസലറില്ലായിരുന്നു. ആരായിരുന്നു അതിനുത്തരവാദി? ഉന്നത വിദ്യാഭ്യാസത്തെ നന്നാക്കാൻവേണ്ടി നിങ്ങൾ ഇറങ്ങിയിരിക്കുകയല്ലേ; അവിടെ ഡിഗ്രി സർട്ടിഫിക്കറ്റ് കൊടുക്കാൻവേണ്ടി ആരാണ് ഒപ്പിടുന്നത്; കഴിഞ്ഞ എട്ട് മാസക്കാലത്തിനിടയിൽ അവിടെ എന്തെങ്കിലും കാര്യങ്ങൾ നടന്നോ? മതിയായ യോഗ്യതയില്ലാത്തയാളെ കോടതിയിടപെട്ട് വൈസ് ചാൻസലർ സ്ഥാനത്തുനിന്ന് മാറ്റിയില്ലേ; ആരാണ് അങ്ങനെയുള്ള ആളെ വൈസ് ചാൻസലറാക്കിയത്? അങ്ങ് പറഞ്ഞല്ലോ രാഷ്ട്രീയക്കാരല്ല അക്കാഡമീഷ്യരാണ് വേണ്ടതെന്ന്. ഇത്തരത്തിലുള്ള വൈസ് ചാൻസലർമാരാണെങ്കിൽ എന്തായിരിക്കും കേരളത്തിലെ വിദ്യാർത്ഥികളുടെ ഭാവി? ഈ വൈസ് ചാൻസലറെ പിരിച്ചുവിടാൻ കോടതിപോലും പറഞ്ഞു. കേരളത്തിലെ മിക്കവാറും എല്ലാ സർവ്വകലാശാലകളുടെയും വൈസ് ചാൻസലർമാരുടെ വിദ്യാഭ്യാസ യോഗ്യത വിവാദങ്ങളിൽപ്പെട്ടിരിക്കുകയാണ്. ഇന്ത്യയിലെ ഏതെങ്കിലുമൊരു സംസ്ഥാനത്ത് എല്ലാ വൈസ് ചാൻസലർമാർക്കെതിരെയും ഇത്രയും ആക്ഷേപങ്ങളും ആരോപണങ്ങളും ഉണ്ടായിട്ടുള്ള കാലഘട്ടം വേറെ ഉണ്ടായിട്ടില്ല. അതുമാത്രമല്ല ഐക്യ കേരളം രൂപീകരിച്ചതിനുശേഷം, 1957-ൽ ഒരു സർവ്വകലാശാല മാത്രമാണ് കേരളത്തിൽ ഉണ്ടായിരുന്നത്. ഇപ്പോൾ പത്ത് സർവ്വകലാശാലകൾ കേരളത്തിലുണ്ട്. ആ പത്ത് സർവ്വകലാശാലകളിലെയും 99 ശതമാനം വൈസ് ചാൻസലർമാരുടെയും യോഗ്യതയുടെ കാര്യത്തിലും നിയമനത്തിലും അഴിമതി ആരോപണം പുറത്തുവന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണ്. ഈ കാലഘട്ടത്തിലാണ് ഓട്ടോണമസ് കോളേജിനെ സംബന്ധിച്ച് നമ്മൾ ചിന്തിക്കുന്നത്. എം.ജി. യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറെ പുറത്താക്കാൻ ഗവർണ്ണർ ഉത്തരവിട്ടു. ബി.ജെ.പി. നിയമിച്ച ഗവർണ്ണറല്ല യു.പി.എ. ഗവൺമെന്റ് നിയമിച്ച ബഹുമാന്യയായ ഷീലാദീക്ഷിതാണ് സഹികെട്ട് വൈസ് ചാൻസലറെ പുറത്താക്കിയത്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറെ ഗവർണ്ണർ പുറത്താക്കിയത് സംബന്ധിച്ച് അങ്ങ് ഈ സഭയിൽ മറുപടി പറയണം. കേരളത്തിൽ അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ലേ?

ശ്രീ. ബാബു. എം. പാലിശ്ശേരി: സർ, കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ നായരാണ് എന്നുള്ളതാണ് ഏക യോഗ്യത. അതല്ലാതെ വൈസ് ചാൻസലറാകാനുള്ള യാതൊരു യോഗ്യതയുമില്ലായെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉന്നത സ്ഥാനത്ത് അദ്ദേഹത്തെ നിയമിച്ചിട്ടുണ്ടായിരുന്നു. അന്നും നായരാണ് എന്നുള്ളതായിരുന്നു യോഗ്യതയെന്നും കൂടി പറഞ്ഞാൽ കൊള്ളാമായിരുന്നു. അന്ന് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയെ വൈസ് ചാൻസലറാക്കിയിട്ടുണ്ടായിരുന്നു. അതിനുള്ള യോഗ്യത എന്തായിരുന്നു; വിദ്യഭ്യാസ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സറ്റാഫിനെ വൈസ് ചാൻസലറാക്കിയിരുന്നു, എന്തായിരുന്നു യോഗ്യത?

<u>ശ്രീ. പി. സി. ജോർജ്</u>: സർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലറെ പിരിച്ചുവിട്ട നടപടിയെയൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല, അത് തീരുമാനമാണ്. പക്ഷേ, അദ്ദേഹത്തെ പിരിച്ചുവിട്ട ആ മാനദണ്ഡം വച്ചാണെങ്കിൽ, നിങ്ങൾ നിയമിച്ചതുൾപ്പെടെ കേരള സംസ്ഥാനത്ത് എത്ര യൂണിവേഴ്സിറ്റികളിൽ വൈസ് ചാൻസലർമാർ ഉണ്ടാകുമായിരുന്നു എന്ന് ചർച്ച ചെയ്യണം. വൈസ് ചാൻസലറെ പിരിച്ചുവിട്ടതിന്റെ കാരണമെന്താണെന്നുള്ളത് എനിക്ക് ബോദ്ധ്യമുണ്ട്. ഞാൻ അതിന്റെ രാഷ്ട്രീയ വശത്തിലേയ്ക്കൊന്നും കടക്കുന്നില്ല. സഭയിൽ ഇല്ലാത്ത ഒരാളെക്കുറിച്ച് എന്തും പറയുന്നത് ശരിയാണോ? അദ്ദേഹത്തെ പിരിച്ചുവിട്ട മാനദണ്ഡം വച്ചാണെങ്കിൽ കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ എത്ര വൈസ് ചാൻസലർമാർ ഉണ്ടാകുമെന്ന് മാത്രം ചർച്ച ചെയ്താൽ മതിയെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഞാൻ വേറെയൊന്നും പറഞ്ഞില്ല. എം. ജി. യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറെ ഗവർണർ പിരിച്ചുവിട്ടു എന്നുമാത്രമെ പറഞ്ഞുള്ളൂ. 1957-നുശേഷം കേരളത്തിൽ നിയമിക്കപ്പെട്ട വൈസ് ചാൻസലർമാരെല്ലാം സർവ്വവിജ്ഞാനകോശം കയറിയവരാണെന്ന് ഞാൻ പറയുന്നില്ല. ഇപ്പോൾ നടന്ന ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ സൂചിപ്പിച്ചു എന്നേയുള്ളൂ. കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ പുതിയ വൈസ് ചാൻസലർ എല്ലാ ദിവസവും വാർത്ത സൃഷ്ടിക്കുകയാണ്. വി.സി. എന്ന ഉന്നത പദവിയുടെ മഹത്വം തന്നെ ഇതുമൂലം കളഞ്ഞുകുളിച്ചിരിക്കുകയാണ്. കേരളത്തിലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നല്ലൊരു ശതമാനവും പൂട്ടേണ്ടതാണെന്ന് കേരള ഹൈക്കോടതി വിധിച്ചില്ലേ. എന്തെങ്കിലും നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറായിട്ടുണ്ടോ? ഈ കോളേജുകൾക്ക് സ്വയംഭരണംകൂടി കിട്ടിയിരുന്നെങ്കിൽ സ്ഥിതി എന്താകുമായിരുന്നു എന്നുള്ള കാര്യം വളരെ ഗൗരവത്തോടുകൂടിത്തന്നെ ആലോചിക്കണം. ഇവയെ നിയന്ത്രിക്കുവാനുള്ള അധികാരംപോലും ഇതുവരെ സർക്കാരിനില്ലെന്നുള്ള കാര്യം ഇവിടെയുണ്ട്. വിദ്യാഭ്യാസ രംഗത്ത് ഉന്നതനിലവാരം പുലർത്തുന്ന കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഏറെ പഠനങ്ങൾ നടത്തിയതിനുശേഷം മാത്രമെ ഈ സ്വാശ്രയ കോളേജുകൾക്ക് ഓട്ടോണമസ് പദവി നൽകുന്നതു

സംബന്ധിച്ച് തീരുമാനമെടുക്കാൻ പാടുള്ളൂ. ഇക്കാര്യത്തിൽ വിദ്യാഭ്യാസ രംഗത്തുള്ള വിദഗ്ദ്ധൻമാരുടെയും ജനപ്രതിനിധികളുടെയും അദ്ധ്യാപക/വിദ്യാർത്ഥി പ്രതിനിധികളുടെയും രാഷ്ട്രീയ/അക്കാദമി പ്രതിനിധികളുടെയും അഭിപ്രായങ്ങൾ തേടേണ്ടതായിട്ടുണ്ട്. അതല്ലെങ്കിൽ ഇത് വളരെ ദൂരവ്യാപകമായ പ്രത്യാഘാത മുണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. അവർക്ക് സെനറ്റും സിൻഡിക്കേറ്റുമില്ല, വിദ്യാർത്ഥി പ്രതിനിധിയോ അദ്ധ്യാപക പ്രതിനിധിയോ ഇല്ല. ഇതെല്ലാം ഒരു കേന്ദ്രത്തിൽ നിന്നാണ് തീരുമാനിക്കുന്നത്. അദ്ധ്യാപകരോ വിദ്യാഭ്യാസ പണ്ഡിതൻമാരോ അല്ല, വ്യവസായികളും വ്യാപാരികളും ഉദ്യോഗസ്ഥൻമാരും ധനകാര്യ മേഖലയിലുള്ളവരുമാണ് സ്വാശ്രയ കോളേജുകളിൽ കോഴ്സും മറ്റ് കാര്യങ്ങളും തീരുമാനിക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖല ഇത്തരത്തിൽ താറുമാറാക്കുന്നതിനും നിലവാരം കുറയുന്നതിനും ഇതിൽ കൂടുതൽ എന്തുവേണം? ഇവരൊക്കെ പറയുന്ന ന്യായം, നല്ല വിദ്യാഭ്യാസം വേണമെങ്കിൽ നല്ല ചെലവും കൊടുക്കേണ്ടിവരുമെന്നുള്ളതാണ്, പാവപ്പെട്ടവർ പഠിക്കേണ്ട എന്നുള്ളതാണ്. പാവപ്പെട്ടവന്റേയും സാധാരണക്കാരന്റേയും കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം അന്യമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (Rashtriya Uchchatar Shiksha Abhiyan) എന്ന കേന്ദ്ര പദ്ധതിയിൽ നിന്നും അർഹമായ ധനസഹായം വാങ്ങിയെടുക്കുന്നതിൽ അങ്ങ് പരാജയ പ്പെട്ടിരിക്കുകയാണ്. ഇതുവരെ ഒരു പൈസപോലും വാങ്ങിയെടുക്കുന്നതിന് അങ്ങേയ്ക്ക് കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിലാണ് യു.ജി.സി. നൽകുന്ന ഗ്രാന്റ് നേടിയെടുക്കുന്നതിനുവേണ്ടി ഓട്ടോണമസ് കോളേജ് ആരംഭിക്കാൻ പോകുന്നു എന്നുള്ള വാദംപറഞ്ഞ് നാട്ടുകാരെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുന്നത്. ഇത് സംസ്ഥാനത്തെ സർവ്വകലാശാലാ വിദ്യാർത്ഥികളെയാകെ വിഡ്ഢികളാക്കുന്നതാണ്. വിദ്യാഭ്യാസ സമൂഹത്തെയാകെ കബളിപ്പിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന ഈ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ആഗസ്റ്റ് മാസം 19-ാം തീയതി കാലിക്കട്ട് സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗത്തിൽ ഒരു സ്റ്റണ്ട് നടന്നു. ഇന്നുവരെ മലയാളത്തിലെ ഒരു സ്റ്റണ്ട് സിനിമയിലും കാണാത്തതുപോലെയുള്ള സ്റ്റണ്ടാണ് കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ സിന്റിക്കേറ്റ് യോഗത്തിൽ നടന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, വൈസ് ചാൻസലറും സിൻഡിക്കേറ്റ് മെമ്പറും തമ്മിലാണ് സ്റ്റണ്ട് നടന്നത്.

ശ്രീ. വി. ശിവൻകുട്ടി: സർ, അതുതന്നെയാണ് ഞാൻ പറയുന്നത്. കഥ മുഴുവൻ കേട്ടാലല്ലേ ആ സിനിമയുടെ കാര്യങ്ങളെല്ലാം മനസ്സിലാകൂ. ഡോ. അബ്ദുൾ സലാം, പ്രോ-വൈസ് ചാൻസലർ രവീന്ദ്രനാഥ്, സിൻഡിക്കേറ്റ് അംഗങ്ങൾ, സലാഹുദ്ദീൻ എന്നിവർ ആശുപത്രിയിലായി. കേരളത്തിൽ ഇന്നുവരെ ഇങ്ങനെ ഒരു സംഭവം

ഉണ്ടായിട്ടുണ്ടോ? കത്തിക്കുത്ത് ഒഴികെ ബാക്കിയെല്ലാം ആ സിൻഡിക്കേറ്റ് യോഗത്തിൽ നടന്നു. അത്രമാത്രം അധഃപതിച്ച ഒരു സർവ്വകലാശാലയായി കാലിക്കട്ട് സർവ്വകലാശാല മാറിയിരിക്കുകയാണ്. വൈസ് ചാൻസലറും പ്രോ വൈസ് ചാൻസലറും ഒരു ടീമായി നിന്നു. സിൻഡിക്കേറ്റ് മെമ്പർമാർ മറുചേരിയിലാണ് നിന്നത്.

മി. ചെയർമാൻ: ശ്രീ. വി. ശിവൻകുട്ടി, ഇപ്പോൾ 21 മിനിട്ടായി. അങ്ങേയ്ക്കുശേഷം ഈ ബില്ലിൽ അഞ്ച് പേർ കൂടി സംസാരിക്കാനുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ പെട്ടെന്ന് നിർത്താം. വൈസ് ചാൻസലർ ഒരു മിനിട്ട്സ് തിരുത്തിയെന്നാണ് പറയുന്നത്. ഇവിടെ നേരത്തെ ചീഫ് വിപ്പ് സൂചിപ്പിച്ച ഒരു കാര്യം, കെ.പി.സി.സി.യുടെ സെക്രട്ടറിയോ ആരുമാകട്ടെ, ഞാനിപ്പോൾ കെ.പി.സി.സി.യുടെ സെക്രട്ടറിയെന്നുപറഞ്ഞ് കോൺഗ്രസ്സുകാർക്ക് ഒരു ബുദ്ധിമുട്ടുണ്ടാക്കാൻ പോകുന്നില്ല. അയാളുടെ പേര് ജ്യോതികുമാർ ചാമക്കാലയെന്നാണ്. അയാളുടെ വീരശൂരപരാക്രമങ്ങൾ കൊണ്ട് കേരള യൂണിവേഴ്സിറ്റിയുടെ ഭരണം സ്തംഭിച്ചിരിക്കുകയാണ്. അങ്ങേയ്ക്ക് ഇതിൽ ഇടപെടാൻ കഴിയുമോ? ഇല്ലാത്ത ഭൂമിയുടെ പേരിൽ ബി.എഡ്. കോളേജിന് അംഗീകാരം നേടി സർവ്വകലാശാലയെ കബളിപ്പിച്ച ഇദ്ദേഹത്തിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും ഗവർണറും അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുന്നു. ഹിയറിംഗ് നടത്തി സെനറ്റ് അംഗവും മുൻ സിൻഡിക്കേറ്റ് അംഗവുമായ ചാമക്കാലയ്ക്കെതിരെ നടപടി സ്വീകരിക്കാൻപോലും വിധിയുണ്ടായിരിക്കുന്നു. കൊല്ലം അഞ്ചലിൽ ചാമക്കാല എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ പേരിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന്റെ മറവിലാണ് ഇദ്ദേഹം ഈ തട്ടിപ്പുകൾ നടത്തിയിരിക്കുന്നത്. സ്വന്തമായി ഒരു സെന്റ് ഭൂമിപോലുമില്ലാത്ത ഈ ട്രസ്റ്റിന്റെ പേരിലുള്ള കോളേജിന്റെ അംഗീകാരം റദ്ദാക്കണമെന്ന് കേരള സർവ്വകലാശാല തന്നെ ആവശ്യപ്പെട്ടിരിക്കുന്നു. ഇതെല്ലാം കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഈ കോളേജിന്റെ പേരിലാണ് ജ്യോതികുമാർ സെനറ്റിലും സിൻഡിക്കേറ്റിലും വന്നിരിക്കുന്നത്. ഇതുസംബന്ധിച്ച് ഗവർണർ ചുമതലപ്പെടുത്തിയതനുസരിച്ച് പി.വി.സി. ഒരു റിപ്പോർട്ട് തയ്യാറാക്കി നൽകി. ആ റിപ്പോർട്ടിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് ജ്യോതികുമാർ ചാമക്കാല ഒരു ഫ്രോഡാണെന്നാണ്. അദ്ദേഹം ഒരു സിൻഡിക്കേറ്റ് മെമ്പറാണ്. ഒരു പ്രധാന ദേശീയ രാഷ്ട്രീയ പാർട്ടിയുടെ സംസ്ഥാന നേതൃത്വത്തിലുള്ള വ്യക്തിയെ ഫ്രോഡ് ആണെന്ന് എഴുതിവച്ചിരിക്കുകയാണ്. മാത്രമല്ല അദ്ദേഹത്തെ എത്രയും പെട്ടെന്ന് പുറത്താക്കണമെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. നേരത്തെ ശ്രീ. പി. സി. ജോർജ് വീരമണികണ്ഠനെക്കുറിച്ച് പറഞ്ഞു, അദ്ദേഹം എസ്. സി.

വിഭാഗത്തിൽപ്പെട്ട ആളാണ്. 75 വർഷത്തിനുശേഷം ആദ്യമായിട്ടാണ് കേരള സർവ്വകലാശാലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാൾ പ്രോ വൈസ് ചാൻസലർ ആകുന്നത്. റിപ്പോർട്ട് ഇങ്ങനെ എഴുതിയതിന്റെ പേരിൽ സിൻഡിക്കേറ്റ് യോഗത്തിൽ വച്ച് ഈ പി.വി.സി.യെ ജ്യോതികുമാർ തന്തയ്ക്കുവിളിച്ചു. ഈ സഭ അറിയാൻവേണ്ടി പറയുകയാണ്. എല്ലാ ടെലിവിഷനിലും വാർത്ത വന്നു. ഈ പ്രോ-വൈസ് ചാൻസലറുടെ വട്ടിയൂർക്കാവിലുള്ള വീട് ആക്രമിച്ചു. ആ വീട്ടിൽ അദ്ദേഹത്തിന്റെ ഭാര്യയും രണ്ട് കുഞ്ഞുങ്ങളും മാത്രമാണുള്ളത്. വൈസ് ചാൻസലർ കൊടുത്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇദ്ദേഹത്തിന്റെ പേരിൽ കേസ് എടുക്കണമെന്ന് ഇപ്പോൾ ഗവർണർ ആവശ്യപ്പെട്ടിരിക്കുന്നു. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല ഇവിടെ ഇല്ല. അദ്ദേഹം വെജിറ്റേറിയൻ ജാഥക്കു പോയെന്ന് ആരോ പറയുന്നത് കേട്ടു. മുൻ ആഭ്യന്തര വകുപ്പുമന്ത്രിക്ക് എത്രമാത്രം ഇക്കാര്യത്തിൽ ഇടപെടാൻ കഴിയുമെന്ന് എനിക്കറിയില്ല. ഡി.ജി.പി.-ക്ക് ഇപ്പോൾ പരാതി കൊടുത്തു. തന്തയ്ക്കുവിളിച്ചു, മർദ്ദിച്ചു, വീട് ആക്രമിച്ചു, കാർ അടിച്ചുപൊളിച്ചു, ജാതിപ്പേര് വിളിച്ചു, യൂണിവേഴ്സിറ്റിയിലെ കെട്ടിടങ്ങളെല്ലാം തകർത്തു, അവിടത്തെ ആഫീസ് തകർത്തു, പൊതുമുതൽ നശിപ്പിച്ചു. എന്നിട്ടും യാതൊരു നടപടിയും സ്വീകരിച്ചില്ല. ഞങ്ങൾ ഒരു ബസിന് ചെറിയൊരു കല്ലെറിഞ്ഞാൽ 20 ദിവസം ജയിലിൽ കിടക്കണം, ഒരു ലക്ഷം രൂപ പിഴയും അടയ്ക്കണം. കേരളത്തിൽ ഇങ്ങനെ രണ്ടുതരം സമീപനം സ്വീകരിക്കുന്നത് ശരിയാണോ? അതുകൊണ്ട് കോൺഗ്രസ്സ് പാർട്ടിയെങ്കിലും ഇക്കാര്യത്തിൽ നടപടി എടുക്കുന്നതിന് തയ്യാറാകണമെന്ന് ഞാൻ വളരെ വിനയത്തോടുകൂടി അപേക്ഷിക്കുകയാണ്.

[2.00 PM]

ശ്രീ. പി. സി. ജോർജ് : സർ, ഇതൊരു നിസ്സാര കാര്യമായി കരുതാൻ കഴിയില്ലെന്നുള്ള അഭിപ്രായം രേഖപ്പെടുത്തുകയാണ്. കേരളചരിത്രത്തിൽ 75 വർഷത്തിനുശേഷം ഒരു പട്ടികജാതിക്കാരനായ പ്രോ-വൈസ്ചാൻസലർ, വീരമണികണ്ഠൻ പേരുകേട്ട വീരനാണ്, മണിയുണ്ട്, കണ്ഠനുമുണ്ട്. ഇദ്ദേഹം മര്യാദക്കാരനും ശുദ്ധനും അയ്യൻകാളിയുടെ കൊച്ചുമകനുമാണ്. ആ മനുഷ്യനുനേരെ ഭീകരമായ ആക്രമണം നടത്തിയത് ഏതു പാർട്ടിക്കാരനായാലും സിൻഡിക്കേറ്റിൽ വച്ച് അദ്ദേഹത്തെ തന്തയ്ക്ക് വിളിക്കുകയും അദ്ദേഹത്തിന്റെ കാർ തകർക്കുകയും വീട് തകർക്കുകയും ചെയ്തപ്പോൾ ചോദിക്കാനും പറയാനും ആളില്ല. ഒരു വൈസ് ചാൻസലർ പ്രോ-വൈസ് ചാൻസലറെ സിൻഡിക്കേറ്റിൽ വച്ച് തന്തയ്ക്ക് വിളിച്ചാൽ അവനെ ചെവിക്കുറ്റിക്ക് അടിയ്ക്കാനുള്ള ആംപിയർ കാണിക്കണ്ടേ; തിരുവനന്തപുരം മേയറായിട്ടിരുന്ന ആളല്ലേ നിങ്ങൾ; ഇവിടെ വന്ന് പ്രസംഗിച്ചാൽ മാത്രം മതിയോ; എന്തുകൊണ്ട് അദ്ദേഹത്തിന് പ്രൊട്ടക്ഷൻ കൊടുക്കാൻ തയ്യാറായില്ല. നിങ്ങൾ

ഇവിടെ പ്രസംഗിക്കുന്നുണ്ടല്ലോ; ഞാനാണെങ്കിൽ പ്രൊട്ടക്ഷൻ കൊടുക്കാൻ തയ്യാറാകും. നിങ്ങൾ ആ മര്യാദ കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിനെതിരെ കേസെടുക്കണം. പാവപ്പെട്ട പട്ടികജാതിക്കാരനായിപ്പോയി എന്നതിന്റെ പേരിൽ ജാതിയുടെ പേരിൽ മതത്തിന്റെ പേരിൽ ഒരു പ്രോ-വൈസ് ചാൻസലറുടെ പേരിൽ ഇത്രയും ഹീനമായ നടപടി സ്വീകരിച്ച ഈ ജ്യോതികുമാർ ഏത് പാർട്ടിക്കാരനാണെങ്കിലും നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം എന്നാവശ്യപ്പെടുകയാണ്.

<u>ശ്രീ. കെ. രാജു:</u> കേരള യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണല്ലോ ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. കേരളാ യൂണിവേഴ്സിറ്റിയിൽ ഏതാണ്ട് 25-30 വർഷക്കാലമായി പ്രവർത്തിച്ചുവരുന്ന 10 സ്വാശ്രയ ബി.എഡ്. സെന്ററുകൾ അടച്ചുപൂട്ടിയിരിക്കുന്നു. സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമന്ത്രിയോ സംസ്ഥാന ഗവൺമെന്റോ അതുമായി ബന്ധപ്പെട്ട് ടി വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ യാതൊരുവിധ നടപടിയും സ്വീകരിക്കുന്നില്ല എന്ന വിവരം അങ്ങേയ്ക്കറിയാമല്ലോ. അവിടെ പണിയെടുക്കുന്ന ഏതാണ്ട് 120-ഓളം വരുന്ന അദ്ധ്യാപകരുടെ ജോലിസ്ഥിരത ഉറപ്പാക്കണമെന്നാവശ്യപ്പെട്ട് സമരം നടത്തുന്നതിന്റെ നേതാവായി നില്ക്കുന്നത് അങ്ങുതന്നെയാണല്ലോ. യഥാർത്ഥത്തിൽ വിദ്യാഭ്യാസവകുപ്പ് ഇടപെട്ടുകൊണ്ട് കേരള യൂണിവേഴ്സിറ്റി നടത്തുന്ന സ്വാശ്രയ ബി.എഡ്. സെന്ററുകൾ നിലനിർത്തേണ്ടതല്ലേ. എന്താണ് ഈ ഗവൺമെന്റ് ഇതിനെടുക്കുന്ന നയം. പ്രൈവറ്റ് മേഖലയിലെ സ്വാശ്രയ ബി.എഡ്. സെന്ററുകളിൽ പലപ്പോഴും സീറ്റുകൾ തികയാറില്ല. അത് കണക്കിലെടുത്ത് കൂടുതൽ കുട്ടികളെ കൊടുക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ മേഖലയിൽ കുറഞ്ഞ ഫീസിൽ ഏറ്റവും നല്ല മെറിറ്റുള്ള കുട്ടികൾക്ക് പഠിക്കാൻ അവസരം കിട്ടുന്ന സ്വാശ്രയ ബി.എഡ്. സെന്ററുകൾ അടച്ചുപൂട്ടുന്ന നയമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്.

<u>ശ്രീ. കെ. അജിത്:</u> സർ, ബഹുമാന്യനായ ശിവൻകുട്ടി ഉന്നയിച്ചത് വളരെ ഗൗരവമുള്ള വിഷയമാണ്. ചീഫ് വിപ്പും അതിൽ ഇടപെടുകയുണ്ടായി. നമ്മുടെ നാട്ടിലെ പട്ടികജാതിക്കാരുടെ സംരക്ഷണത്തിനായി നിയമം നിലനിൽക്കെ വളരെ നിർണ്ണായകമായ ഒരു വിഷയമാണ് ഉന്നയിക്കപ്പെട്ടത്. ഈ പ്രോ-വൈസ്ചാൻസലറെ ആക്ഷേപിച്ചിരിക്കുകയാണ്. പ്രത്യേകിച്ച് പട്ടികജാതിക്കാരുടെ സംരക്ഷണ നിയമം അനുസരിച്ച് കേസെടുക്കുകയാണ് ചെയ്യേണ്ടത്. മന്ത്രി അതനുസരിച്ച് കേസിന് ശിപാർശ ചെയ്യുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് അറിയണം. അങ്ങ് പാവപ്പെട്ടവർക്കും ന്യൂനപക്ഷത്തിനുംവേണ്ടി പോരാടുന്നവരാണ്. ശ്രീ. പി. സി. ജോർജ് പറഞ്ഞ വീരമണികണ്ഠൻ മുൻകോൺഗ്രസ്സ് എം.എൽ.എ. മനോഹരൻ മാസ്റ്ററുടെ മകനാണ്. ആ മനോഹരൻമാസ്റ്ററുടെ മകനായ വീരമണികണ്ഠനെ കെ.പി.സി.സി. സെക്രട്ടറി തന്തയ്ക്ക് വിളിച്ചു, അയാളുടെ വീട് ആക്രമിച്ചു, വീട്ടിലുള്ള കൊച്ചു കുട്ടികളെ ആക്രമിച്ചു ഇതെല്ലാം ചെയ്തിട്ട് ഇപ്പോൾ ശ്രീ. പി. സി. ജോർജ് പറയുകയാണ് അയാളുടെ കരണത്ത് ഞാൻ അടിയ്ക്കണമെന്ന്. വീരമണികണ്ഠന്റെ വീട്ടിൽ ശ്രീ. പി. സി. ജോർജ് പോയില്ലല്ലോ. ഞാൻ പോയി.

ശ്രീ. പി. സി. ജോർജ്: ഞാൻ കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട സ്വദേശിയാണ്. ഇദ്ദേഹം തിരുവനന്തപുരത്താണ് താമസം. നിങ്ങൾ തിരുവനന്തപുരത്തുകാരനാണ്. അവിടെ പോകാൻ എളുപ്പമുണ്ട്. വേഗമങ്ങ് പോയാൽ മതി.

മി. ചെയർമാൻ: മെരിറ്റിലുള്ള ചർച്ചയാണ്. അരമണിക്കൂർ കഴിഞ്ഞു.

ശ്രീ. കെ. അജിത്: സർ, ഞാൻ പറയുന്നത് ഒരു പട്ടികജാതിക്കാരനായ ഒരാളുടെ പേരിൽ അക്രമണമുണ്ടായാൽ ഇവിടെ നിയമമുണ്ട്. ഇദ്ദേഹം മന്ത്രിയുടെ കീഴിലുള്ള ഉദ്യോഗസ്ഥനാണ്. മന്ത്രിക്ക് പട്ടികജാതി അതിക്രമനിയമമനുസരിച്ച് കേസെടുക്കാൻ ഗവൺമെന്റിനോട് ശിപാർശ ചെയ്യാൻ കഴിയുമല്ലോ; അത് നടത്തുമോയെന്നാണ് അറിയേണ്ടത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): എനിക്കൊരു പരാതിയും കിട്ടിയിട്ടില്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, പരാതി വേണ്ടല്ലോ.

ശ്രീ. പി. കെ. അബ്ദു റബ്ബ്: യൂണിവേഴ്സിറ്റിക്കുതന്നെ അതിനുള്ള അധികാരമുണ്ട്.

ശ്രീ. വി. ശിവൻകുട്ടി : സർ, പരാതി കിട്ടിയില്ലെന്നു പറഞ്ഞാൽ സങ്കടമാണ്. അങ്ങയെപ്പോലുള്ള ഒരാൾ അങ്ങനെ പറയരുത്. പരാതി കിട്ടിയോ ഇല്ലയോ എന്നെനിക്കറിയില്ല. അവസാനം ആ പാവപ്പെട്ട മനുഷ്യൻ ഡി.ജി.പി.-ക്ക് പരാതി കൊടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട വൈസ് ചാൻസലർ ഗവർണ്ണർക്ക് എഴുതിക്കൊടുത്ത റിപ്പോർട്ടിൽ പറയുന്നത് അവിടെ നടന്ന അക്രമസംഭവങ്ങൾക്കു മുഴുവൻ നേതൃത്വം കൊടുത്തത് ഈ വ്യക്തിയാണെന്നാണ്. ഞാൻ പറയുന്നത് ഉന്നത വിദ്യാഭ്യാസരംഗത്ത് കേരളത്തിലെ സർവ്വകലാശാലകളിൽ നടന്നുകൊണ്ടി രിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ചില ഉദാഹരണങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ്. വി.സി. പറയുകയാണ്. I strongly

believe that.... ഇദ്ദേഹത്തിനെപ്പോലുള്ള ആൾക്കാർ കാരണം ഈ സർവ്വകലാശാല നടത്താൻ പറ്റില്ലായെന്ന്........ ഈ ചാമക്കാലന്റെ പേരു പറഞ്ഞുവെന്നുവച്ച് എനിക്കൊരു പ്രശ്നവുമില്ല. ഇതുവരെ എന്തുകൊണ്ട് ഒരു പ്രതിയേയും അറസ്റ്റ് ചെയ്തില്ല; കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഇതിൽനിന്ന് ഒഴിഞ്ഞുമാറാൻ പറ്റുമോ; ഇത്രയും വലിയ അതിക്രമം നടത്തിയിട്ട് പരാതി ഡി.ജി.പി.ക്കും ഗവൺമെന്റിനും കൊടുത്തിട്ട് പട്ടികജാതിക്കാരനായ പി.വി.സി.-ക്ക് സംരക്ഷണം കൊടുക്കാനുള്ള ഉത്തരവാദിത്വം അങ്ങേയ്ക്കില്ലേ; എന്താണ് സംഭവിച്ചതെന്ന് അങ്ങ് ടെലിഫോണിൽക്കൂടിയെങ്കിലും അന്വേഷിച്ചോ? വീടാക്രമിച്ചതിനെ സംബന്ധിച്ചും തന്തയ്ക്ക് വിളിച്ചതിനെ സംബന്ധിച്ചും എന്താണെന്ന് ചോദിക്കാനുള്ള ഉത്തരവാദിത്വം കേരളത്തിലെ ചാൻസലർ എന്നുള്ള നിലയിലും വിദ്യാഭ്യാസ മന്ത്രിയെന്നുള്ള നിലയിലും അങ്ങേയ്ക്കില്ലേ; അങ്ങ് പോകണം, അങ്ങേയ്ക്ക് പോകാനുള്ള അധികാരമുണ്ട്. അങ്ങയുടെ അധികാരം അവിടെ കാണിക്കുന്നതിനുവേണ്ടി തയ്യാറാകണം. അതാണ് സാമൂഹ്യനീതി ഉറപ്പാക്കുന്നതിനുവേണ്ടി ചെയ്യാൻ കഴിയുന്നത്. അല്ലാതെ പരാതി കിട്ടിയില്ലായെന്ന് പോലീസ് സ്റ്റേഷനിൽ പറയുന്നതുപോലെ നിയമസഭയിൽ പറയുന്നത് ശരിയല്ല. അത് ഞാൻ ശ്രദ്ധാപൂർവ്വം പറയുകയാണ്. ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയിൽ (കുസാറ്റ്) രജിസ്ട്രാർ ആയി ഇഷ്ടക്കാരനെ നിയമിക്കാനുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശിപാർശ മുഖ്യമന്ത്രി തള്ളി. അവസാനം ഇഷ്ടക്കാരന് താല്ക്കാലികമായിട്ടെങ്കിലും നിയമനം തരണമെന്ന് അങ്ങ് പറഞ്ഞതായിട്ടാണ് ഞാൻ മനസ്സിലാക്കിയത്. കാലടി ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ചട്ടവിരുദ്ധമായിട്ടാണെങ്കിലും രജിസ്ട്രാറെയും ജീവനക്കാരെയും നിയമിച്ചതിൽ അപേക്ഷപോലും നല്കാത്ത സ്ഥാപനത്തിൽ കൺസൾട്ടൻസി കരാർ നല്കിയതടക്കമുള്ള ക്രമക്കേടുകൾ വിജിലൻസ് അന്വേഷിക്കുവാൻ തൃശ്ശൂർ വിജിലൻസ് കോടതി ശിപാർശ ചെയ്തിരിക്കുകയാണ്. നമ്മുടെ സർവ്വകലാശാലയിൽ നടക്കുന്ന കാര്യങ്ങളാണിതൊക്കെ. അന്ന് രജിസ്ട്രാർ നിയമനത്തിലുള്ള സമിതിയിലെ കണ്ണൂർ സർവ്വകലാശാല വി.സി. ഡോ.അബ്ദുൾ ഖാദർ ഇന്ന് വിജിലൻസ് അന്വേഷണത്തെ അഭിമുഖീകരിക്കുകയാണ്. അഴിമതിക്കും ക്രമക്കേടിനുമെതിരെ അന്വേഷണം നേരിടാത്ത ഏതെങ്കിലും വൈസ്ചാൻസലർമാർ കേരളത്തിലുണ്ടോ? കേരളത്തിൽ 10 ട്രെയിനിംഗ് കോളേജുകൾ റിപ്പോർട്ട് ചെയ്തു. അങ്ങ് അതിൽ കാര്യമായി ഇടപെടുകയും അത് പുനഃസ്ഥാപിക്കുന്നതിനുവേണ്ടി 2000 വിദ്യാർത്ഥികൾക്ക് മെരിറ്റിൽ അഡ്മിഷൻ കൊടുക്കുകയും ചെയ്തു. ക്വാളിഫൈഡായിട്ടുള്ള 123 ടീച്ചർമാർ ഉണ്ടായിരുന്നു. ഇതിൽ കേരളത്തിലെ മുഖ്യമന്ത്രിയും കാര്യമായി ഇടപെട്ടു.

<u>മി. ചെയർമാൻ:</u> ബഹുമാനപ്പെട്ട അംഗം 35 മിനിട്ട് കഴിഞ്ഞു.

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിലെ മുഖ്യമന്ത്രിയും അതുപോലെ അങ്ങും ബി.എഡ്. ട്രെയിനിംഗ് കോളേജുകൾ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ഇടപെടുകയും ഡൽഹിയിൽപോയി എൻ.സി.റ്റി.ഇ. ചെയർമാനായ ശ്രീ. പാണ്ഡെയുമായി സംസാരിക്കുകയും ചെയ്തു. കൂടാതെ കേന്ദ്രവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായും സംസാരിച്ചു. പക്ഷേ ബി.ജെ.പി. സർക്കാരായതിനാൽ അവരോട് എന്ത് തീരുമാനിക്കണമെന്ന് പറയാൻ നമുക്ക് കഴിയില്ല. അൺ എയ്ഡഡ് ലോബി ഇതിൽ ഇടപെടുന്നുണ്ട് എന്നുമാത്രമല്ല ഈ 2000 വിദ്യാർത്ഥികളുള്ളതിൽ ഏറ്റവും കൂടുതൽ റാങ്ക് വാങ്ങുന്നതും ഈ വിദ്യാർത്ഥികളാണ്. മാത്രവുമല്ല കൈക്കൂലി കൊടുക്കാതെ അഡ്മിഷൻ കിട്ടുന്നത് ഈ സെന്ററുകളിലാണ്. ആ സെന്ററുകൾ നിലനിർത്തുന്നതിനുവേണ്ടി നമ്മൾ ഇടപെടണം. അതുപോലെ മുഖ്യമന്ത്രി വിസിറ്ററായും ആഭ്യന്തരവകുപ്പുമന്ത്രി ചെയർമാനായും ഒരു പോലീസ് സർവകലാശാല രൂപീകരിക്കണമെന്ന് എൻ. ആർ. മാധവ മേനോൻ കമ്മിറ്റി റിപ്പോർട്ട് ചെയ്തിരിക്കുന്നു. വൈസ് ചാൻസലർമാരുടെയൊക്കെ അഴിമതി കണ്ടുപിടിക്കുന്നതിനുവേണ്ടി ഇത്തരത്തിൽ ഒരു സർവകലാശാല വളരെ അത്യാവശ്യമാണ്. അതിൽ മുഖ്യമന്ത്രി വിസിറ്ററായി പങ്കെടുക്കേണ്ട ആളാണെന്ന കാര്യത്തിലും സംശയമില്ല എന്ന് ഞാൻ സൂചിപ്പിക്കുകയാണ്. കേരളത്തിലെ വി.സി.-മാരെക്കുറിച്ച് പഠനം നടത്തുവാനും അന്വേഷണം നടത്തുവാനുമുള്ള ഒരു എളുപ്പവഴിയായി അത് മാറുകയാണ്. കാലിക്കട്ട് വൈസ് ചാൻസലർ രാജിവച്ച് ഒഴിഞ്ഞില്ലെങ്കിൽ ചവിട്ടിപ്പുറത്താക്കണമെന്ന് പറഞ്ഞത് പ്രദീപ് കുമാറല്ല മറിച്ച് സെപ്റ്റംബർ മാസം 3-ാം തീയതി കെ.പി.സി.സി. ജനറൽ സെക്രട്ടറി ശ്രീ. സുബ്രഹ്മണ്യൻ പ്രസ്താവിച്ചതാണ്. എന്തുമാത്രം ഭയാനകമായ പീഡനമായിരിക്കും കെ.പി.സി.സി. ജനറൽ സെക്രട്ടറി ശ്രീ. സുബ്രഹ്മണ്യന് വൈസ് ചാൻസലറുടെ ഭാഗത്തുനിന്നും അനുഭവിക്കേണ്ടി വന്നിട്ടുള്ളത്. അതുകൊണ്ടല്ലേ അദ്ദേഹം ചവിട്ടിപ്പുറത്താക്കണം എന്ന നിലപാട് സ്വീകരിക്കുന്നതിന് തയ്യാറായത്. അക്കാഡമി സിറ്റി കോടികൾ കൊള്ളയടിക്കാനുള്ളതാണോ എന്ന കാര്യത്തിൽ സംശയമുണ്ട്. അതുപോലെ കൊച്ചിയിലെ സ്മാർട്ട് സിറ്റിയെത്തന്നെ വഴിയാധാരമാക്കിയ ടീ-കോമിനാണ് ഈ അക്കാഡമി സിറ്റി രൂപീകരിക്കുന്നതിനെ സംബന്ധിക്കുന്ന കരാർ കൊടുത്തിരിക്കുന്നത്. അവിടെയാണ് അഴിമതിയുടെ ചില സംശയങ്ങൾ വരുന്നത്. കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിന് ഗവേഷണങ്ങൾക്കായി പൾസ് പദ്ധതിയനുസരിച്ച് ലഭിച്ച മൂന്ന് കോടി രൂപയാണ് കേരള യൂണിവേഴ്സിറ്റി പാഴാക്കിയത്. സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിൽ ചട്ടങ്ങളെ സംബന്ധിച്ചിടത്തോളം ഉമ്മൻചാണ്ടി സർക്കാർ അത് അട്ടിമറിച്ചിരിക്കുകയാണ്. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിനെത്തന്നെ അട്ടിമറിച്ചുകൊണ്ട്

മാനേജ്മെന്റിന്റെ ആവശ്യംകൂടി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പുതുക്കിയ ഉത്തരവ് ഇപ്പോൾ അങ്ങ് ഇറക്കിയിരിക്കുകയാണ്. മാനേജ്മെന്റ് ഇതെല്ലാം വച്ചുകൊണ്ടുള്ള ലേലം വിളിയാണ് നടത്തുന്നത്. ഇരട്ടവേതനം കൈപ്പറ്റിയ കാലിക്കട്ട് വൈസ് ചാൻസലർക്ക് അവാർഡ് കൊടുക്കണ്ടേ? ഇരട്ടവേതനം കൈപ്പറ്റിയ വി.സി. 18 ലക്ഷം രൂപ തിരിച്ചടയ്ക്കണമെന്നാണ് ഗവർണർ ഉത്തരവിട്ടിരിക്കുന്നത്. ഇങ്ങനെ വൈസ്ചാൻസലർമാരായി കള്ളൻമാരും കൊള്ളക്കാരുമൊക്കെ ഇത്തരം സ്ഥാപനങ്ങളിൽവന്ന് സ്ഥാനം പിടിക്കുന്ന ഒരു സ്ഥിതിയായാൽ വിദ്യാഭ്യാസ രംഗത്ത്എന്താണ് സംഭവിക്കുക.

<u>മി. ചെയർമാൻ</u> : പ്ലീസ് കൺക്ലൂഡ്. 40 മിനിട്ടായി.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഞങ്ങളിന്ന് ഇറങ്ങിപ്പോകാതിരുന്നതുതന്നെ ഇക്കാര്യങ്ങൾ പറയാൻ വേണ്ടിയാണ്. കാലിക്കട്ട് സർവ്വകലാശാലയിൽ ഭൂമിദാനം, കോളേജ് ദാനം, മാർക്ക് ദാനം തുടങ്ങി ദാനങ്ങളുടെ ഒരു ഘോഷയാത്ര തന്നെയാണ്. കാർഷിക സർവ്വകലാശാലയിൽ ഒരു വൈസ് ചാൻസലറുടെ പരാതി ഒരു എം.എൽ.എ. സ്ഥിരമായി അദ്ദേഹത്തെ ഫോണിലൂടെ ചീത്തവിളിക്കുന്നു എന്നാണ്. അത് ഏത് എം.എൽ.എ.യാണെന്നറിയില്ല. ഉന്നത വിദ്യാഭ്യാസരംഗത്ത് വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കുവാൻ പര്യാപ്തമായ ഹൃദയകുമാരി കമ്മീഷൻ റിപ്പോർട്ട് യു.ഡി.എഫ്. സർക്കാർ മാറ്റിവയ്ക്കുകയാണ്. 1957-ൽ ഒരു സർവ്വകലാശാല മാത്രമുണ്ടായിരുന്നത് ഇപ്പോൾ 15 സർവ്വകലാശാലകളുണ്ട്. കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജിയിലെ മൂന്നാം സെമസ്റ്റർ വിദ്യാർത്ഥിയായ നിർമൽ മാധവിന് നാലാം സെമസ്റ്റർ പഠിക്കാതെ അഞ്ചാം സെമസ്റ്ററിലേക്ക് പ്രവേശനം നൽകിയിരിക്കുന്നു. ലോകത്ത് എവിടെയെങ്കിലും ഇങ്ങനെയൊരു രീതിയെക്കുറിച്ച് കേട്ടിട്ടുണ്ടോ.

<u>മി. ചെയർമാൻ</u>: 40 മിനിട്ട് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, കേരള സർവകലാശാലയുടെ കീഴിലെ സ്വാശ്രയ കോളേജുകളിലെ വഴിവിട്ട നടപടിയെ ഹൈക്കോടതി ചോദ്യം ചെയ്തപ്പോൾ ഇതേ സ്റ്റാൻഡിംഗ് കൗൺസിലിനെയാണ് കേരള യൂണിവേഴ്സിറ്റി സ്റ്റാന്റിംഗ് കൗൺസിലായി നിയമിച്ചിരിക്കുന്നത്. 30 ശതമാനം വിജയമില്ലാത്ത സ്വാശ്രയ സ്ഥാപനങ്ങൾ അടച്ചുപൂട്ടണമെന്നുള്ള ഹൈക്കോടതി വിധി നടപ്പിലാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ 10 കോളേജുകൾക്കാണ് ഇപ്പോൾ സ്വയംഭരണാവകാശം കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നത്.

ജി.വി. രാജ സ്കൂളിന്റെ ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. വിദ്യാഭ്യാസ വകുപ്പുമന്ത്രി കേൾക്കേണ്ടതാണ്. മൈലം - കാച്ചാണിയിലുള്ള ജി.വി. രാജ സ്കൂളിൽ 116 പെൺകുട്ടികളുണ്ട്. ഇവിടെയിരിക്കുന്ന സ്പോർട്സ്മാൻമാരെല്ലാം ശ്രദ്ധിച്ച് കേൾക്കണം. ശ്രീ. പാലോട് രവി, എം.എൽ.എ.-യുടെ നാട്ടുകൂടിയാണ്. ഒരു ദിവസം ഞാൻ ആ സ്കൂളിൽ പോയിരുന്നു. അവിടത്തെ വാർഡൻ ടെമ്പററി ആയതിനാൽ 5 മണിക്ക് ശേഷവും അവിടെയുണ്ടാവും. ഈ ഗവൺമെന്റ് നിയമിച്ചതാണ്. ഈ ഹോസ്റ്റലിന്റെ തൊട്ടടുത്ത് ആൺകുട്ടികളുടെ ഹോസ്റ്റലുണ്ട്. അവിടത്തെ വാർഡൻ 5 മണി കഴിഞ്ഞാൽ വീട്ടിൽപോകും. ഈ 116 പെൺകുട്ടികൾക്ക് കഴിഞ്ഞ ഒരു മാസമായി വെള്ളം കിട്ടുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: 43 മിനിട്ടായി.

ശ്രീ. വി. ശിവൻകുട്ടി : ഇന്ത്യയ്ക്കും കേരളത്തിനും അഭിമാനമായി മാറേണ്ടവരും പാവപ്പെട്ടവന്റെ വീട്ടിൽനിന്ന് വരുന്നവരുമായ ജി.വി. രാജ സ്കൂളിലെ ഈ കായികതാരങ്ങൾക്ക് ഒരു മാസക്കാലമായി വെള്ളവും വെളിച്ചവുമില്ല. ഈ സംഭവങ്ങൾക്ക് എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി തയ്യാറായിട്ടുണ്ടോ? മൈലം സ്കൂളിന്റെ ചുറ്റുപാടും കാടാണ്. സ്കൂളിന് വാതിലും ജനലുമില്ല. ഞാൻ ഒരു ദിവസം അവിടെ പോയപ്പോൾ കുട്ടികൾ പറഞ്ഞ ഒരു കാര്യം അങ്ങ് അറിയണം. കഴിഞ്ഞ ആഴ്ചയിൽ ഒരു പെൺകുട്ടി കിടന്നുറങ്ങിയ അവസരത്തിൽ ശരീരത്തൊരു തണുപ്പടിച്ചു. പെട്ടെന്ന് ചാടി എഴുന്നേറ്റപ്പോൾ ഒരു അണലി കിടക്കുന്നതാണ് കണ്ടതെന്നാണ്. അവർ പറയുന്നത് എല്ലാദിവസവും ബാസ്കറ്റ്ബാൾ കോർട്ടിൽ മൂർഖൻ പാമ്പ് വരാറുണ്ടെന്നാണ്. അതുപോലെ ഈ കുട്ടികൾക്ക് ഒരു മെനു പറഞ്ഞിട്ടുണ്ട്. 120 രൂപയാണ് കുട്ടികൾക്ക് കൊടുക്കേണ്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ: 45 മിനിട്ടായി.

ശ്രീ. ശിവൻകുട്ടി: എന്നാൽ ഇറച്ചിയും ഫ്രൂട്ട്സും വാങ്ങി വാർഡൻ വീട്ടിൽ കൊണ്ടുപോകുന്നു. ഔട്ടിംഗിന് കൊണ്ടുപോകുമ്പോൾ വാർഡൻ വാങ്ങുന്ന സാധനങ്ങൾക്ക് കുട്ടികളാണ് പണം നൽകുന്നത്. പാവപ്പെട്ട കുട്ടികൾക്കുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തയ്യാറാകുന്നുണ്ടോ? കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തും കായിക വിദ്യാഭ്യാസ രംഗത്തും മറ്റെല്ലാ വിദ്യാഭ്യാസ രംഗത്തും ഇത്രയധികം അഴിമതിയും സ്വജനപക്ഷപാതവും ലീഗ്വൽക്കരണവും നടന്ന ഒരു കാലഘട്ടം ഐക്യ കേരള രൂപീകരണത്തിനുശേഷം ഉണ്ടായിട്ടില്ല. ഈ ഓട്ടോണമസ് കോളേജും ലേലം വിളിയിലൂടെ കോളേജായി മാറും എന്നുള്ളതുകൊണ്ടുതന്നെഈ ബില്ലിനെ ഞാൻ എതിർക്കുകയാണ്.

## പ്രത്യേക പരാമർശം

ശ്രീ. എ. കെ. ബാലൻ: സർ, ഒന്നേകാൽ മണിക്ക് നിയമസഭാ ക്യാന്റീനിൽ ഞാൻ പോയപ്പോൾ ഭക്ഷണവും വെള്ളവുമില്ല. എല്ലാം തീർന്നു. ആർക്കുവേണ്ടിയാണ് അത് നടത്തുന്നത് ?

മി. ഡെപ്യൂട്ടി സ്പീക്കർ: അസംബ്ലി ക്യാന്റീനിലാണോ ?

ശ്രീ. എ. കെ. ബാലൻ: സർ, അതെ. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ ചേമ്പറിൽ ഞാൻ വന്നു നോക്കിയപ്പോൾ അങ്ങയെ കാണുന്നില്ല. അങ്ങ് അപ്പോൾ അവിടെ ഉണ്ടായിരുന്നുവെങ്കിൽ ഞാൻ പ്രകോപിതനാകുമായിരുന്നു. സെക്രട്ടറിയെ കണ്ട് വിവരം പറഞ്ഞു. എന്താണ് ഇവിടെ നടക്കുന്നത്? ഹോസ്റ്റലിലെ സ്ഥിതി എന്താണെന്ന് എം.എൽ.എ.മാരോട് ചോദിക്കണം. എത്രപ്രാവശ്യമാണ് ഇത് പറയുന്നത്? ഞാൻ ഇപ്പോൾ ഭക്ഷണം കഴിക്കാതെയാണ് ഇവിടെ വന്നിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് ഏർപ്പാട് ചെയ്യാം. അവിടെ എന്തു സംഭവിച്ചുവെന്ന് പരിശോധിക്കാം. ഇനി ഇത് സംഭവിക്കാതെ ചെയർ ശ്രദ്ധിക്കാം. നാളെ മുതൽ ഇത് സംഭവിക്കാതെ പ്രത്യേകം ശ്രദ്ധിക്കാം.

ശ്രീ. എ. കെ. ബാലൻ : ....... (മൈക്ക് ഓഫ്).......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇപ്പോൾ പരിഹരിക്കുന്നതിനു വേണ്ടിയാണ് ബഹുമാനപ്പെട്ട ചെയറിന് മുൻപിൽ ഈ പ്രശ്നം അവതരിപ്പിച്ചത്. നാളെ ഭക്ഷണം തരാമെന്ന് പറഞ്ഞിട്ട് എന്താണ് കാര്യം ? ഇപ്പോഴല്ലേ ഭക്ഷണം വേണ്ടത്. എന്തെങ്കിലും അറേഞ്ചുമെന്റ് ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭക്ഷണം ഇപ്പോൾ എത്തിക്കാം.

ശ്രീ. സി. പി. മുഹമ്മദ്: സർ, എം.എൽ.എ. ഹോസ്റ്റലിൽ ആളുകൾക്ക് പ്രവേശനം അനുവദിക്കാത്തതുകൊണ്ട് കച്ചവടം ഇല്ലായെന്നുപറഞ്ഞ് ക്യാന്റീൻകാർ പൂട്ടിപോകുകയാണ്. എം.എൽ.എ.-മാർ ഇവിടെ വന്നാൽ വായു ഭക്ഷണം കഴിക്കണം.

ശ്രീ. ഇ. പി. ജയരാജൻ: സർ, എം.എൽ.എ. ഹോസ്റ്റലിൽ എം.എൽ.എ. മാരെ കാണാൻ വരാൻ ആർക്കും നിർവ്വാഹമില്ല. അവിടെയുള്ള ക്യാന്റീൻ പൂട്ടി അവർ പോകുകയാണ്. എം.എൽ.എ.മാർ താമസിക്കുന്ന സ്ഥലത്ത് അവർ സ്വന്തമായി ഭക്ഷണം ഉണ്ടാക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ പ്രശ്നം നേരത്തെയും ഇവിടെ ഉണ്ടായിരുന്നു. കഴിഞ്ഞയാഴ്ച ഇക്കാര്യം എല്ലാ കക്ഷിനേതാക്കളും കൂടിയിരുന്ന് ആലോചിച്ചു. അതിൻപ്രകാരം എം.എൽ.എ.മാരെ കാണാൻ വരുന്നവരുടെ നിയന്ത്രണം

പൂർണ്ണമായും മാറ്റിയിട്ടുണ്ട്. വരുന്നവർ ഏത് എം.എൽ.എ.യെ കാണാൻ പോകുന്നുവെന്ന് പറഞ്ഞാൽ മതി. എം.എൽ.എ.യെ കാണാനാണെങ്കിൽ ആര് വന്നാലും അകത്തേക്ക് കയറ്റിവിടും. ഇപ്പോൾ ആ നിയന്ത്രണം ഇല്ല. ഇതിൽ ചർച്ച പാടില്ല. ഇത് ചർച്ച ആക്കേണ്ട.

ഡോ. കെ. ടി. ജലീൽ: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. വളരെ പ്രധാനപ്പെട്ട ഒരു ബിൽ ആണ് വളരെ ലാഘവത്തോടുകൂടി സഭയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. നിരവധി വിപ്ലവകരമായ നിയമനിർമ്മാണങ്ങൾക്ക് സാക്ഷ്യം വഹിച്ച നിയമ നിർമ്മാണ സഭയാണ് നമ്മുടേത്. ആ നിയമനിർമ്മാണസഭയിലാണ് തീർത്തും പ്രതിലോമപരവും പിന്തിരപ്പനുമായ ഒരു നിയമ നിർമ്മാണത്തിന് ഇന്ന് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരണാനുമതി തേടി അവതരിപ്പിച്ചിരിക്കുന്നത്. കേരള നിയമസഭാ ചരിത്രത്തിലെ ഒരു ദുർദിനമാണ് ഇന്ന്. ഓട്ടോണമസ് കോളേജുകൾ എന്ന ദുർഭൂതത്തിനുമുൻപിൽ നമ്മുടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗം പകച്ചുനിൽക്കുകയാണ്. ഓട്ടോണമസ് കോളേജുകൾ ആരംഭിക്കാൻ സർവ്വകലാശാലാ നിയമം ഭേദഗതി ചെയ്യാനുള്ള ബിൽ സഭയിൽ വരുകയും അത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി പോകുകയും ചെയ്തു. സഭയിലേയ്ക്ക് ഇനി അത് മടങ്ങി വരാതിരിക്കട്ടെയെന്ന് സാമൂഹ്യബോധമുള്ള ഓരോ ജനപ്രതിനിധിയും ആഗ്രഹിച്ചിരുന്നു. ഈ ബിൽ കഴിഞ്ഞ നിയമസഭാ സമ്മേളന കാലത്ത് സഭയ്ക്കകത്ത് വരേണ്ടതായിരുന്നു. പക്ഷെ മുസ്ലീം ലീഗിലെ ഉത്തരവാദപ്പെട്ട സാമൂഹ്യപ്രതിബദ്ധതയുള്ള പല അംഗങ്ങളുടെയും ഇടപെടലുകളെ തുടർന്നാണ് തൽക്കാലത്തേയ്ക്കെങ്കിലും നീട്ടിവയ്ക്കാനുള്ള സ്ഥിതി ഉണ്ടായത്. ഈ ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെയാണ് ഞാൻ ആദ്യംതന്നെ ചോദ്യം ചെയ്യുന്നത്. ഓട്ടോണമസ് കോളേജുകൾ അനിവാര്യമാണെന്നാണ് സർക്കാർ കരുതുന്നതെങ്കിൽ ആദ്യം ആ പരിഷ്കാരം ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽ നടപ്പിലാക്കി വിജയകരമാണെന്ന് ബോദ്ധ്യപ്പെട്ടാൽ വ്യാപകമാക്കുന്ന സമീപനമാണ് സ്വീകരിക്കേണ്ടിയിരുന്നത്. കേരളത്തിലെ മൂന്ന് മേഖലകളിലെ മൂന്ന് സർക്കാർ കോളേജുകളിൽ ഓട്ടോണമസ് കോളേജ് ആരംഭിക്കാൻ തത്വത്തിൽ തീരുമാനിക്കുക. മൂന്ന് റീജിയണുകളിൽനിന്നും മൂന്ന് ഗവൺമെന്റ് കോളേജുകൾ തെരഞ്ഞെടുക്കുക. യൂണിവേഴ്സിറ്റി കോളേജ്, മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ് അല്ലെങ്കിൽ മീൻചന്ത ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്. ഈ മൂന്നു മേഖലകളിൽനിന്നും മൂന്ന് ഗവൺമെന്റ് കോളേജുകളെ തെരഞ്ഞെടുത്ത് സ്വയംഭരണാവകാശ കോളേജുകൾ ആരംഭിക്കുകയും അതിന്റെ വരുംവരായ്കകൾ എന്താണെന്ന് മനസ്സിലാക്കിയതിനുശേഷം മറ്റ് കോളേജുകളിലേയ്ക്കും വ്യാപിപ്പിക്കുന്ന രീതിയാണ് ഉണ്ടാകേണ്ടിയിരുന്നത്. അവയുടെ നേട്ടകോട്ടങ്ങളുടെ അടിസ്ഥാനത്തിലാകണം വ്യാപകമായി സ്വയംഭരണാവകാശ കോളേജുകൾ ആരംഭിക്കാനുള്ള നീക്കം. ഈ സർക്കാർ

എന്താണ് ചെയ്തത്? ആദ്യം തന്നെ ഓട്ടോണമസ് കോളേജുകളെ യു.ജി.സി.യുടെ ശിപാർശയോടെ കണ്ടെത്തി പട്ടിക തയ്യാറാക്കി. അതിൽ രണ്ട് സർക്കാർ കോളേജുകളും പതിനൊന്ന് എയ്ഡഡ് കോളേജുകളുമാണ് ഇപ്പോഴുള്ളത്. ഇതിൽ നിന്നുതന്നെ ഈ സഭ മനസ്സിലാക്കേണ്ടത് എന്താണ്? ചെരുപ്പിന് അനുസരിച്ച് കാൽ മുറിക്കാനാണ് സർക്കാർ ഈ ബില്ലിലൂടെ ശ്രമിക്കുന്നത് എന്നല്ലേ? കേരളത്തിൽ ഇന്നുവരെ ഒരു സർക്കാർ കോളേജിലും സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ തുടങ്ങിയിട്ടില്ല. ഈ ബിൽ പാസ്സാകുന്നതോടെ നമ്മുടെ സംസ്ഥാനത്ത് അനാരോഗ്യകരമായ ഒരു പ്രവണതയ്ക്ക് തുടക്കം കുറിക്കപ്പെടുകയാണ് ചെയ്യുന്നത്. ഒരു ക്യാമ്പസിൽ പണം കൊടുത്ത് പഠിക്കുന്നവരും പണം കൊടുക്കാതെ പഠിക്കുന്നവരുമുണ്ടാകുമ്പോൾ ചില സാമൂഹ്യപ്രശ്നങ്ങൾ സ്വാഭാവികമായും ഉയർന്നുവരും. ഒരു ബോർഡിംഗ് സ്കൂളും ഒരു ഓർഫനേജും അതിർത്തികൾ നിർണ്ണയിക്കാതെ ഒരേ കോമ്പൗണ്ടിൽ പ്രവർത്തിക്കുമ്പോൾ ഉണ്ടാകാവുന്ന എല്ലാ പ്രശ്നങ്ങളും ഇത്തരം ഒരു സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തുള്ള വിവിധ ക്യാമ്പസുകളിൽ ഉയർന്നുവരും എന്ന കാര്യത്തിൽ തർക്കം വേണ്ട. 5 വർഷം പഠിക്കുകയും 11 വർഷം അധ്യാപകനായി ജോലി ചെയ്യുകയും ചെയ്ത, ഞാൻ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന കോളേജാണ് തിരൂരങ്ങാടി പി.എസ്.എം.ഒ. എയ്ഡഡ് കോളേജ്. ആ എയ്ഡഡ് കോളേജിൽ ഇന്നുവരെ ഒരു അൺ-എയ്ഡഡ് കോഴ്സ് ആരംഭിച്ചിട്ടില്ല. മഹാ സാത്വികനായിരുന്ന കോളേജിന്റെ മാനേജർ, സി.എച്ച്. കുഞ്ഞാദു ഹാജിയുടെ കർക്കശമായ നിലപാട് കൊണ്ടാണ് അത്തരമൊരു സമീപനം മാനേജുമെന്റ് കമ്മിറ്റി കൈക്കൊണ്ടത്. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആ കോളേജിന്റെ മാനേജിംഗ് കമ്മിറ്റി മെമ്പറാണ്. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബ് പി.എസ്.എം.ഒ. എയ്ഡഡ് കോളേജിന്റെ ക്യാമ്പസിൽ ഒരു അൺ-എയ്ഡഡ് കോഴ്സ് ആരംഭിക്കാൻ റെക്കമെന്റ് ചെയ്യുകയോ തുനിയുകയോ ചെയ്തിട്ടില്ല. താൻ മാനേജിംഗ് കമ്മിറ്റി മെമ്പറായ ഒരു സ്ഥാപനത്തിന് അത് വേണ്ട എന്ന് നിശ്ചയിച്ച ഒരു സംവിധാനം, ഈ സംസ്ഥാനത്തെ മറ്റ് കോളജുകളിൽ വ്യാപിപ്പിക്കുകയും ഉണ്ടാക്കുകയും ചെയ്യണമെന്ന് എന്ത് അടിസ്ഥാനത്തിലാണ് അങ്ങ് പറയുന്നത്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജും എറണാകുളം മഹാരാജാസ് കോളേജും മാറ്റി നിർത്തിയാൽ ബാക്കി സ്വയംഭരണാവകാശം നൽകുന്ന കോളേജുകളിൽ 11 എണ്ണവും എയിഡഡ് കോളേജുകളാണ്. വിദ്യാഭ്യാസരംഗത്ത് കുറച്ചുകാലമായി നാം കാർക്കശ്യതയോടെ പാലിച്ചുപോരുന്ന പ്രാദേശിക സാമുദായിക സന്തുലിതത്വമുണ്ട്. ആ സന്തുലിതത്വം ഈ ബിൽ പാസ്സാകുന്നതോടുകൂടി ഇല്ലാതാവുകയാണ്. ഓട്ടോണമസ് കോളേജുകൾ ആരംഭിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ എത്ര ജില്ലകൾ അവഗണിക്കപ്പെടും. ഭൂരിപക്ഷ സമുദായ മാനേജുമെന്റുകൾക്കുകീഴിൽ പ്രവർത്തിക്കുന്ന ഒരൊറ്റ എയിഡഡ് കോളേജും

ഓട്ടോണമസ് പദവിക്കായി ഇന്നുവരെ അപേക്ഷപോലും നൽകിയിട്ടില്ല. കേരളത്തിന്റെ മതസാമുദായികാന്തരീക്ഷത്തിൽ വീണ്ടും സാമുദായികപരമായ ധ്രുവീകരണവും ജാതിപരമായിട്ടുള്ള വലിയ തർക്കവിതർക്കങ്ങളും നടക്കാൻ പോകുകയാണ്. മത-ജാതി-സമുദായ വിചാരങ്ങളിലൂടെ എല്ലാം നോക്കിക്കാണുന്ന പുതിയകാലത്ത് കേരളത്തിന്റെ സാമൂഹ്യാന്തരീക്ഷത്തെ മലീമസമാക്കാൻ പോകുന്നത് ഓട്ടോണമസ് കോളേജുമായി ബന്ധപ്പെട്ട പുതിയ വിവാദങ്ങളായിരിക്കും. അഞ്ചാം മന്ത്രിവിവാദ വുമായി ബന്ധപ്പട്ട് നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുള്ള തർക്കവിതർക്കങ്ങളും വാദപ്രതിവാദങ്ങളും നമ്മൾ കേട്ടതാണ്. അനാരോഗ്യപരമായ ഒരു മാനസികാവസ്ഥ യിലേയ്ക്ക് കേരളത്തിന്റെ പൊതുബോധത്തെ അത് കൊണ്ടുപോകുകയുണ്ടായി. അന്ന് പ്രതിക്കൂട്ടിലാക്കപ്പെട്ടത് മുസ്ലീംലീഗ് മാത്രമായിരുന്നു. എന്നാൽ സ്വയംഭരണാവകാശ കോളേജുമായി ബന്ധപ്പെട്ട ഈ ബില്ലിന്റെ അവതരണം നടക്കുന്നതിലൂടെയും അത് പാസാകുന്നതിലൂടെയും പ്രതിസ്ഥാനത്ത് നിർത്തപ്പെടാൻ പോകുന്നത് കോൺഗ്രസ്സാണെന്നുള്ള ബോദ്ധ്യം കോൺഗ്രസ്സിനുണ്ടാകണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: ഓട്ടോണമസ് കോളേജിന്റെ പദവി തീരുമാനിക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങളുണ്ട്. മെറിറ്റോറിയസ്സായിട്ടുള്ള മാനദണ്ഡങ്ങൾ ഒരു സമിതി പരിശോധിച്ചിട്ടാണ് ആ പദവി കൊടുക്കുന്നത് അങ്ങനെ തന്നെ വേണമെന്ന് ഇടതുപക്ഷ ചിന്താഗതിക്കാരനായ എം.എൽ.എ. പറയുമെന്ന് ഞങ്ങളൊക്കെ ആഗ്രഹിക്കുമ്പോൾ ഇതിൽ സമുദായപ്രാതിനിധ്യ മുണ്ടായില്ലെന്ന് വാദിക്കുന്നത് ഒരു ഇടതുപക്ഷ മനസ്സിന് ചേർന്നതാണോ; കേരളത്തിൽ അത്തരമൊരു വിവാദമുണ്ടായിട്ടില്ല. ....(മൈക്ക് ഓഫ്)...... അത്തരം പ്രതിലോമകരമായ ചിന്തയിലേയ്ക്ക് അങ്ങയെപ്പോലെ പുരോഗമനവാദിയെന്ന് നമ്മളൊക്കെ കരുതിയിരുന്ന ഒരാളുടെ മനസ്സ് സഞ്ചരിക്കുന്നത് ശരിയാണോ?

ഡോ. കെ. ടി. ജലീൽ: കേരളത്തിൽ സമീപകാലത്തായി എല്ലാ വിഷയങ്ങളും മതത്തിന്റേയും സമുദായത്തിന്റേയും ജാതിയുടേയും അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കപ്പെടുകയും വിശകലനം ചെയ്യപ്പെടുകയും ചെയ്യുന്ന ഒരു സാഹചര്യം നിലനിൽക്കുന്നുണ്ട്. ആ സാഹചര്യം അഞ്ചാം മന്ത്രി വിവാദത്തിൽ സംസ്ഥാനത്ത് നമ്മൾ കണ്ടല്ലോ, അതേ വിവാദം കൊടുമ്പിരികൊണ്ടപ്പോഴുണ്ടായ സാമുദായിക പശ്ചാത്തലം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. അത്തരത്തിലുള്ള ആക്ഷേപം ഓട്ടോണമസ് കോളേജുകൾ സംബന്ധിച്ച് ഉയർന്നുവരില്ലായെന്ന് നിങ്ങൾക്കുറപ്പുപറയാൻ സാധിക്കുമോ. കോൺഗ്രസ്സിന്റെ കൂട്ടത്തിലും മുസ്ലീം ലീഗിന്റെ കൂട്ടത്തിലും പെടുന്ന പല പ്രതിനിധികളും ഈ ബിൽ അവതരിപ്പിക്കരുതെന്ന് ബന്ധപ്പെട്ടവരോട് ശക്തമായി ആവശ്യപ്പെട്ടിരുന്നുവെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. എന്നോട് പല അംഗങ്ങളും വ്യക്തിപരമായി അക്കാര്യം പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: കഴിഞ്ഞപ്രാവശ്യം ഈ ബില്ല് ഇവിടെ ചർച്ച ചെയ്യാതെ മാറ്റിവച്ചത് സമയം കഴിഞ്ഞുപോയതുകൊണ്ടും സഭയുടെ അവസാന ദിവസമായിരുന്നതുകൊണ്ടുമാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ട ബില്ലായതുകൊണ്ടാണ് സഭ സമ്മേളിച്ച ആദ്യത്തെ ദിവസം തന്നെ ഈ ബില്ലെടുത്തത്.

<u>ഡോ. കെ. ടി. ജലീൽ</u>: ഒരിക്കലുമല്ല. ഈ സഭാസമ്മേളനം തുടങ്ങിയ ദിവസം തന്നെ ഈ ബില്ലെടുക്കാൻ പ്രത്യേക കാരണമുണ്ട്. ഇന്ന് സത്യത്തിൽ കരുതിയത്, പുതിയ വിവാദങ്ങളുടെ പശ്ചാത്തലത്തിൽ നിയമസഭയിൽ പ്രശ്നങ്ങളുണ്ടാക്കി പ്രതിപക്ഷം ഇറങ്ങിപ്പോകുമെന്നാണ്. അങ്ങനെ ഇറങ്ങിപ്പോകുന്ന സാഹചര്യത്തിൽ പാസ്സാക്കാൻ വേണ്ടിയിട്ടാണ് ഇന്നത്തെ ദിവസം തന്നെ ഈ വിവാദ ബില്ല് കൊണ്ടുവന്നത്. അക്കാര്യത്തിൽ ഒരു തർക്കവുമില്ല. ഡീംഡ് യൂണിവേഴ്സിറ്റികൾ അഥവാ കൽപ്പിത സർവ്വകലാശാലകൾ യഥേഷ്ടം നാട്ടിൽ മുളച്ചുപൊങ്ങിയപ്പോൾ വിദ്യാഭ്യാസ നിലവാരം സ്വപ്നതുല്യമാംവിധം ഉയരുമെന്നാണ് അതിന് തുടക്കം കുറിച്ചവർ ന്യായീകരണം പറഞ്ഞിരുന്നത്. അവസാനം വിദ്യാഭ്യാസ കടകളാണ് കൽപ്പിത സർവ്വകലാശാലകൾ എന്ന് നീതിന്യായ പീഠത്തിനുപോലും പരിഹാസത്തോടെ പറയേണ്ടിവന്നില്ലേ? 11-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ യു.ജി.സി. പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശരേഖയെ മാത്രം മുൻനിർത്തിയാണ് കോളേജുകളുടെ സ്വയംഭരണ പദവിപ്രഖ്യാപനം സർക്കാർ നടത്തിയത്. ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ. ഭരണകാലത്താണ് കൽപ്പിത സർവ്വകലാശാലകൾ 50-ൽ നിന്ന് 150 ആയി നമ്മുടെ രാജ്യത്ത് വർദ്ധിച്ചതെന്ന കാര്യം മറക്കരുത്. ഇന്ത്യയിലെ 21 സംസ്ഥാനങ്ങളിൽ 84 സർവ്വകലാശാലകൾക്കുകീഴിൽ 33023 കോളേജുകളുണ്ട്. അവയിൽ 441 കോളേജുകൾ മാത്രമാണ് സ്വയംഭരണ കോളേജുകളായി മാറിയിരിക്കുന്നത്. ഇവയിൽ 78 എണ്ണം ആന്ധ്രാപ്രദേശിലും 155 എണ്ണം തമിഴ്നാട്ടിലും 49 എണ്ണം കർണ്ണാടകയിലുമാണ്. 1986 മുതൽതന്നെ രാജവ്യാപകമായി സ്വയംഭരണ കോളേജുകൾ തുടങ്ങാനുള്ള ശ്രമം യു.ജി.സി. നടത്തിവരുന്നുണ്ട്. ഇന്ത്യയിലെ പതിനഞ്ച് ശതമാനത്തോളം കോളേജുകളെ സ്വയംഭരണ കോളേജുകളാക്കാൻവേണ്ടി എത്ര വർഷമായി യു.ജി.സി. ശ്രമിക്കുന്നു. എന്നിട്ടുപ്പോലും ആ 15 ശതമാനത്തിന്റെ 10 ശതമാനം കോളേജുകളെപോലും സ്വയംഭരണ കോളേജുകളാക്കാൻ യു.ജി.സി.-ക്ക് കഴിഞ്ഞില്ല. കഴിഞ്ഞ 28 വർഷമായി പരിശ്രമിച്ചിട്ടും യു.ജി.സി.-ക്ക് തങ്ങളുടെ ഉദ്ദേശ്യലക്ഷ്യത്തിന്റെ നാലയലത്തുപോലും എത്താൻ സാധിക്കാത്ത സ്ഥിതി നമ്മുടെ നാട്ടിലുണ്ടായത് സ്വയംഭരണ കോളേജുകളുടെ അപകടം ഇന്ത്യയിലെ ജനങ്ങളും സർവ്വകലാശാലാധികൃതരും മനസ്സിലാക്കിയതുകൊണ്ടാണ്. യു.ജി.സി.യുടെ മൂക്കിനുതാഴെയുള്ള, 2014-ലെ റാങ്കിംഗിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സർവ്വകലാശാലയാണ് ഡൽഹി യൂണിവേഴ്സിറ്റി. മദ്രാസ് ക്രിസ്ത്യൻ കോളേജിനെ കുറിച്ചിവിടെ പറഞ്ഞല്ലോ,

യു.ജി.സി.യുടെ മൂക്കിനു താഴെയുള്ള ഡൽഹി യൂണിവേഴ്സിറ്റിയുടെ കീഴിൽ 77 കോളേജുകളുണ്ട്. യു.ജി.സി. കൊമ്പും കുമ്പയും കുലുക്കിവന്നിട്ടും ആ കോളേജുകളിൽ ഒരു കോളേജുപോലും സ്വയംഭരണാവകാശ കോളേജുകളായി മാറാനുള്ള നീക്കം നടത്തിയിട്ടില്ല. അവയിലൊന്ന് വളരെ പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്ന സെന്റ് സ്റ്റീഫൻസ് കോളേജാണ്. ഇന്ത്യയിൽ ഒരു സ്വയംഭരണ കോളേജുണ്ടാവുകയാണെങ്കിൽ ആദ്യത്തെ കോളേജ് ഡൽഹി യൂണിവേഴ്സിറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന സെന്റ് സ്റ്റീഫൻസ് കോളേജാകണം. സ്വയംഭരണാവകാശ പദവി വേണ്ടെന്നുവച്ച ആ കോളേജിന്റെ നാലയലത്തുപ്പോലും വരാത്ത കോളേജുകൾക്ക് എന്തിന്റെ അടിസ്ഥാനത്തിലാണ് നാം സ്വയംഭരണാവകാശ പദവി പതിച്ചുകൊടുക്കുന്നത്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഇൻസ്പെക്ഷൻ നടത്തി സെന്റ് സ്റ്റീഫൻസ് കോളേജിന് സൗകര്യങ്ങളില്ലെന്നുപറഞ്ഞ് മാറ്റി നിർത്തിയതാണോ? സെന്റ് സ്റ്റീഫൻസ് കോളേജിന് സൗകര്യങ്ങളുണ്ടെന്ന് ആയിരം തവണ സർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ട്. എന്നിട്ടും എന്താണ് ആ കോളേജ് സ്വയംഭരണത്തിന്റെ കിരീടം സ്വയം ധരിക്കാതെ മാറി നിന്നത്?

ഡോ. എൻ. ജയരാജ്: അങ്ങ് സംസാരിച്ചപ്പോൾ അതിനകത്ത് സ്വയംഭരണത്തിന്റെ സ്വഭാവം അക്കാഡമിക് തലങ്ങളിൽ മാത്രമേയുള്ളൂ. മറ്റൊരു ഭാഗങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ കഴിയില്ലായെന്ന കാര്യത്തിൽ ശക്തമായ ഇടപെടൽ സബ്ജക്റ്റ് കമ്മിറ്റിയിൽ ഈ ബില്ല് കടന്നുവന്ന സമയത്ത് ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ആളുകളുടെ ഭാഗത്തുനിന്നുമുണ്ടായതാണ്. പക്ഷേ അക്കാഡമിക് ഓട്ടോണമി എന്നുപറയുമ്പോൾ, പ്രത്യേകിച്ച് കേരളം വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ പരീക്ഷണങ്ങളും നേട്ടങ്ങളുമുണ്ടാക്കിയിട്ടുണ്ട്. കാലത്തിന്റെ മാറ്റമനുസരിച്ച് കരിക്കുലത്തിൽ മാറ്റമുണ്ടായിക്കൊണ്ടുള്ള ഒരു സംവിധാനത്തിലേയ്ക്ക് കടന്നുപോകാതിരിക്കുമ്പോൾ വിദ്യാഭ്യാസരംഗത്ത് പിന്നോക്കം പോകുന്ന കാഴ്ചപ്പാടാണ് യഥാർത്ഥത്തിൽ ഓട്ടോണമി എന്ന കൺസെപ്റ്റിലേയ്ക്ക് കൊണ്ടുവരാൻ കാരണം. അവിടെ അക്കാഡമിക് ഓട്ടോണമിക്കപ്പുറം മറ്റൊരു ഓട്ടോണമിക്കുള്ള സാദ്ധ്യതകൾ വളരെ കുറവാണ് എന്നുള്ളതാണ് ഈ ബില്ലിനകത്ത് ഞാൻ കണ്ടത്. അങ്ങയുടെ അഭിപ്രായം അങ്ങനെയാണെന്ന തന്നെയാണ് എന്റെയും വിശ്വാസം.

ഡോ. കെ. ടി. ജലീൽ: ഇന്ത്യയിൽ റാങ്കിംഗിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സർവ്വകലാശാലയാണല്ലോ ഡൽഹി യൂണിവേഴ്സിറ്റി. ആ യൂണിവേഴ്സിറ്റിയുടെ കീഴിൽ 77 കോളേജുകളുണ്ട്. യു.ജി.സി. നാട് മുഴുവൻ നടന്ന് കോളേജുകളെ സ്വയംഭരണ കോളേജുകളാക്കാൻ ശ്രമിക്കുമ്പോൾ അവരുടെ ഒരു വിളിപ്പാടകലെ മാത്രമുള്ള സെന്റ് സ്റ്റീഫൻസ് കോളേജിനെയോ ഡൽഹി യൂണിവേഴ്സിറ്റിക്ക് കീഴിലെ ഏതെങ്കിലും ഒന്നിനെയോ സ്വയംഭരണാവകാശ കോളേജാക്കാനോ അക്കാഡമിക് ഫ്രീഡം ആ രംഗത്ത് നൽകാനോ യു.ജി.സി.-ക്ക്

കഴിഞ്ഞിട്ടുണ്ടോ; അവരൊക്കെ യു.ജി.സി.യുടെ വേദവാക്യം സ്വീകരിച്ചിട്ടുണ്ടോ; ഇന്ത്യയിൽ അക്കാഡമിക് ഫ്രീഡം അനുഭവിക്കാൻ അർഹതയുള്ള ഏതെങ്കിലും കോളേജുകളുണ്ടെങ്കിൽ ആ കോളേജുകളുടെ പ്രഥമ നിരയിൽ വരുന്ന കോളേജല്ലേ സെന്റ് സ്റ്റീഫൻസ് കോളേജ്. അവർ സ്വീകരിക്കാത്ത ആ സ്വാതന്ത്ര്യം നമ്മളെന്തിനാണ് നമ്മുടെ നാട്ടിലെ കോളേജുകൾക്ക് നിർലോഭം കൊടുക്കുന്നത്. അല്ലെങ്കിൽ അവർ ഉദ്ദേശിച്ച രൂപത്തിലേയ്ക്ക് കൊണ്ടുപോകുന്നത്. യു.ജി.സി. പറയുന്ന എല്ലാം വള്ളിപുള്ളി തെറ്റാതെ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പറഞ്ഞതുകൊണ്ട് സ്വയംഭരണ കോളേജുകൾ തുടങ്ങാൻ സർക്കാർ തീരുമാനിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അതിനുമുമ്പ് മറ്റുചില കാര്യങ്ങളും കൂടി പറഞ്ഞിട്ടുണ്ടല്ലോ. സർവ്വകലാശാലകളുടെ വൈസ്ചാൻസിലർമാരുടെ യോഗ്യതയെക്കുറിച്ച് യു.ജി.സി. പറഞ്ഞ നിർദ്ദേശം എന്തിനാണ് കാറ്റിൽപറത്തിയത് ?

വി.സി.മാരുടെ യോഗ്യതയുടെ കാര്യത്തിലുള്ള യു.ജി.സി.യുടെ നിബന്ധനകൾ പാലിക്കണമെങ്കിൽ നിലവിലുള്ള സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ചെയ്യണമെന്നാണ് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ ഒരു ചോദ്യം ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി നൽകിയത്. സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് യു.ജി.സി.യുടെ നിബന്ധനകൾ പാലിക്കാൻ തൽക്കാലം ഞങ്ങൾക്ക് ഉദ്ദേശമില്ല എന്നാണ് അതിന്റെ മലയാളത്തിലുള്ള അർത്ഥം. വി.സി.മാരുടെ യോഗ്യതയെ സംബന്ധിച്ചുള്ള യു.ജി.സി. നിർദ്ദേശങ്ങൾ നമുക്ക് ബാധമകല്ല. അതിനുവേണ്ടി യൂണിവേഴ്സിറ്റിയുടെ നിലവിലുള്ള നിയമങ്ങൾ മാറ്റാൻ സർക്കാർ ഒരുക്കമല്ല. എന്നാൽ സ്വയംഭരണാവകാശമുള്ള കോളേജുകളുടെ കാര്യത്തിൽ യു.ജി.സി.യുടെ നിഷ്കർഷതയ്ക്ക് വഴങ്ങി യൂണിവേഴ്സിറ്റിയുടെ നിയമം ഭേദഗതി ചെയ്യാൻ ഗവൺമെന്റ് ഒരുങ്ങാനുള്ള താൽപ്പര്യം ദുരൂഹമാണ്. ഓട്ടോണമസ് കോളേജുകൾ തുടങ്ങാൻ അനാവശ്യമായ ഈ ധൃതി എന്തിനാണ്; ആർക്കുവേണ്ടിയാണ്?

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: അങ്ങ് യു.ജി.സി.യുടെ നിബന്ധനകളെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. അദ്ധ്യാപകർ യു.ജി.സി. ശമ്പള സ്കെയിലാണ് കേരളത്തിൽ വാങ്ങുന്നത്. പക്ഷേ യു.ജി.സി. നിബന്ധന പ്രകാരമുള്ള അക്കാദമികമായ മറ്റ് കാര്യങ്ങൾ കേരളത്തിലെ അദ്ധ്യാപകർക്ക് സ്വീകാര്യമല്ലെന്ന തരത്തിൽ അദ്ധ്യാപക സംഘടനകൾ പ്രമേയം പാസ്സാക്കുകയും സമരം നടത്തുകയും ചെയ്യുന്നു. ഒരുതരത്തിലും യു.ജി.സി.യുടെ അക്കാദമിക മാനദണ്ഡങ്ങൾ കേരളത്തിൽ പാലിക്കപ്പെടേണ്ടതില്ല എന്ന് ഗവൺമെന്റുകളെക്കൊണ്ട് കാലാകാലങ്ങളിൽ തീരുമാനമെടുപ്പിക്കുകയും ചെയ്യുന്നു. അങ്ങേയ്ക്ക് അക്കാര്യത്തെ സംബന്ധിച്ച് വ്യക്തമായ ധാരണ കാണുമെന്ന് എനിക്കറിയാം. ഡോ. കെ. ടി. ജലീലും അദ്ധ്യാപകനാണല്ലോ; യു.ജി.സി.യുടെ അക്കാദമിക മാനദണ്ഡങ്ങൾ നടപ്പാക്കേണ്ടതില്ലെന്ന

കേരളത്തിലെ അദ്ധ്യാപക സംഘടനകളുടെ തീരുമാനം എൽ.ഡി.എഫ്. ഗവൺമെന്റാണെങ്കിലും യു.ഡി.എഫ്. ഗവൺമെന്റാണെങ്കിലും ഇപ്പോഴും അംഗീകരിച്ചു കൊടുത്തുകൊണ്ടിരിക്കുന്നു. ഒരു മാറ്റവുമില്ല. യു.ജി.സി. സ്കീം അംഗീകരിച്ചിട്ടില്ല. അതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്; രണ്ടാമതായി അങ്ങ് സെന്റ് സ്റ്റീഫൻസ് കോളേജിന്റെ ഉദാഹരണം പറഞ്ഞു. തമിഴ്നാട്ടിലെ മദ്രാസ് ക്രിസ്ത്യൻ കോളേജ്, സ്റ്റെല്ലാ മേരീസ് കോളേജ് തുടങ്ങി നിരവധി കോളേജുകൾ ഓട്ടോണമസ് കോളേജുകളാണ്. ആ ഓട്ടോണമസ് കോളേജുകളുടെ നിലവാരം നല്ലതാണെന്നുള്ളതുകൊണ്ട് ആ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ 50 ശതമാനത്തിലധികവും മലയാളികളാണ്. പിന്നെ എന്തുകൊണ്ട് ആ കോളേജുകളെ മാതൃകയാക്കിക്കൊണ്ട് നമുക്ക് ഇത് സ്വീകരിച്ചുകൂടാ?

ഡോ. കെ. ടി. ജലീൽ: യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഒരു പുതിയ പരിഷ്കാരം കൊണ്ടുവരുമ്പോൾ നിലവിലുള്ള അദ്ധ്യാപകരെ അതിൽനിന്നും ഒഴിവാക്കണമെന്നത് സാധാരണ ന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ കാണാൻ കഴിയുകയുള്ളൂ. നിലവിലുള്ള ആളുകളെ ഒഴിവാക്കണമെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. പുതിയ ആളുകളെ നിയമിക്കുമ്പോൾ എല്ലാ യോഗ്യതയും വേണം. 25-30 വർഷമായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന ആളുകൾക്കുമേൽ അടിച്ചേൽപ്പിക്കുന്ന പുത്തൻ യോഗ്യതാനിയമങ്ങൾ എങ്ങനെയാണ് അംഗീകരിക്കുവാൻ കഴിയുന്നത്; ഏത് നിയമം കൊണ്ടുവരുമ്പോഴും സ്റ്റാറ്റസ്-കോ മെയിന്റെയ്ൻ ചെയ്യണമെന്ന് പറയാറുണ്ടല്ലോ; അവർക്ക് യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യത സാങ്കേതികമായിട്ടി ല്ലെങ്കിലും സാങ്കേതികമായുള്ളവരെക്കാളും മികവുറ്റവരാണ് പ്രാമാണികന്മാരായ പഴയ അദ്ധ്യാപകർ എന്നുള്ള കാര്യം മറക്കരുത്. ഉദാഹരണമായി ശ്രീ. കെ. ശിവദാസൻ നായർ കേരള നിയമസഭയിൽ വളരെ പരിണതപ്രജ്ഞനായ ഒരു അംഗമാണ്. അങ്ങയുടെ യോഗ്യത ഒരിക്കലും ഞാൻ ആരോടും ചോദിക്കില്ല. You are the most qualified man എന്ന് വിശ്വസിക്കുന്നയാളാണ് ഞാൻ.

ശ്രീ. കെ. ശിവദാസൻ നായർ: അങ്ങ് പറഞ്ഞ കാര്യം വളരെ ശരിയാണ്. അതായത് അക്കാദമിക യോഗ്യത ഇല്ലെങ്കിൽപ്പോലും അദ്ധ്യാപകൻ എന്ന യോഗ്യത ചിലയാളുകൾക്കുണ്ടെന്നത് സംശയലേശമെന്യേ അംഗീകരിക്കാൻ കഴിയും. കാരണം ശ്രീ. ഒ.എൻ.വി. കുറുപ്പ്, ശ്രീ. തിരുനെല്ലൂർ കരുണാകരൻ, ശ്രീ. വിഷ്ണുനാരായണൻ നമ്പൂതിരി, പ്രൊഫ. ബി. ഹൃദയകുമാരി, പ്രൊഫ. ജി. കുമാരപിള്ള തുടങ്ങിയ ആരുടെയെങ്കിലും യോഗ്യത ഒരു ഡിഗ്രിയോ ഡോക്ടറേറ്റോ കൊണ്ട് അളക്കാവുന്നതല്ല. പക്ഷേ യു.ജി.സി. ഒരു മാനദണ്ഡം വച്ചുകഴിഞ്ഞാൽ ആ അക്കാദമിക മാനദണ്ഡം ഇത്തരം ചില exceptional കേസ്സുകൾ മാത്രം ഉയർത്തിക്കൊണ്ട് അതിൽ വെള്ളം ചേർക്കുന്നത് ശരിയാണോ?

ഡോ. കെ. ടി. ജലീൽ: ഗവൺമെന്റ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും നിലവിൽ അദ്ധ്യാപകരായിട്ടുള്ള, 20-25 വർഷം അദ്ധ്യാപന ജോലിയിൽ വ്യാപൃതരായിട്ടുള്ള ആളുകളെ ഒഴിച്ചുനിർത്തണമെന്നാണ് പറഞ്ഞത്. സാധാരണരീതിയിൽ ഇത്തരത്തിലുള്ള പരിഷ്കാരങ്ങൾ കൊണ്ടുവരുമ്പോൾ അതുവരെ ജോലി ചെയ്തുകൊണ്ടിരിക്കുന്നവരെ exempt ചെയ്യുക എന്ന ഒരു പൊതുരീതി നമ്മുടെ രാജ്യത്ത് എല്ലാകാര്യങ്ങളിലും സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ആ കാര്യമേ കോളേജ് അദ്ധ്യാപകരുടെ കാര്യത്തിലും സ്വീകരിക്കപ്പെട്ടിട്ടുള്ളൂ. ഞാനടക്കമുള്ള അദ്ധ്യാപകർ വന്നപ്പോൾ യു.ജി.സി.യുടെ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് ഞങ്ങളെയൊക്കെ നിയമിച്ചത്. അല്ലാതെ യു.ജി.സി.യുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിട്ടല്ല. അതുപോലെ തന്നെ ഡോ. എൻ. ജയരാജ് ഉൾപ്പെടെയുള്ളവരെ യു.ജി.സി.യുടെ എല്ലാ മാനദണ്ഡങ്ങൾക്കും അനുസൃതമായിട്ടാകും നിയമിച്ചിട്ടുണ്ടാവുക. നമ്മുടെ സംസ്ഥാനത്ത് ഒരുപാട് സെൽഫ് ഫിനാൻസിംഗ് കോളേജുകൾ, മെഡിക്കൽ കോളജുകൾ, എഞ്ചിനീയറിംഗ് കോളജുകൾ എന്നിവ വേണ്ടിടത്തും വേണ്ടാത്തിടുത്തുമൊക്കെ വാരിക്കോരി നൽകി. അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്ന മലയാളി വിദ്യാർത്ഥികളെ തടുത്തുനിർത്തുക, അവർക്ക് കേരളത്തിൽ തന്നെ പഠിക്കാനുള്ള അവസരം ഉണ്ടാക്കുക എന്നതായിരുന്നില്ലേ നമ്മൾ അതിന് ന്യായം പറഞ്ഞിരുന്നത്; അതിന്റെ പേരിൽ നമ്മുടെ സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത എത്ര കോളേജുകൾ തുടങ്ങി; കേരളത്തിലെ സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകളിലെ റിസൽട്ടുകൾ ഒന്ന് പരിശോധിക്കണം. 50 ശതമാനത്തിനുമേൽ റിസൽട്ടുള്ള എത്ര സെൽഫ് ഫിനാൻസിംഗ് കോളേജുകളുണ്ട്; വിരലിലെണ്ണാവുന്ന സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകൾ മാത്രമേ നല്ല നിലവാരത്തിൽ പ്രവർത്തിക്കുന്നുള്ളൂ. ഇന്നും വേണ്ടത്ര ഇൻഫ്രാസ്ട്രക്ചറുകൾ ഇല്ലാത്ത കോളേജുകളിൽ എഞ്ചിനീയർമാർ ആക്കാൻ മോഹിച്ച് കുട്ടികളെ കൊണ്ടുപോയി ചേർക്കുന്നു. കുട്ടികൾ അഞ്ചുവർഷമല്ല, പത്തുവർഷം കഴിഞ്ഞിട്ടും എഞ്ചിനീയറിംഗ് ബിരുദം നേടാതെ നടക്കുന്ന കാഴ്ച നമ്മൾ കാണേണ്ടിവരുന്നു. ഒരു സെൽഫ് ഫിനാൻസിംഗ് കോളേജിൽ ഒരിക്കൽ ചേർന്നുകഴിഞ്ഞാൽ അവിടെനിന്ന് ഊരിപ്പോരാൻ ആ വിദ്യാർത്ഥിക്ക് മുഴുവൻ ഫീസും കൊടുക്കണം. മുഴുവൻ ഫീസും കൊടുത്താൽ മാത്രമേ അവിടെ നൽകിയ സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കൂ.

ശ്രീ. കെ. ശിവദാസൻ നായർ: വളരെ ഗൗരവമുള്ള വിഷയമാണിത്. ഒരു വർഷം അല്ലെങ്കിൽ മൂന്നുമാസം പഠിച്ചു, ഇനി ആ കുട്ടിക്ക് പോകാൻ നിവൃത്തിയില്ല, സർട്ടിഫിക്കറ്റുകൾ തിരിച്ചുവേണമെന്ന ആവശ്യവുമായി ജനപ്രതിനിധികളായ നമ്മൾ ഓരോരുത്തരുടെയും അടുക്കൽ നിരവധി കുട്ടികൾ വരാറുണ്ട്. പക്ഷേ

അങ്ങനെ പിരിഞ്ഞുപോകുന്ന കുട്ടികൾ മുഴുവൻ ഫീസും കൊടുക്കണമെന്ന വ്യവസ്ഥ ശ്രീ. എം. എ. ബേബി വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരുന്ന കാലത്താണ് കൊണ്ടുവന്നത് എന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ?

ഡോ. കെ. ടി. ജലീൽ: ശരിയാണ്. പക്ഷേ അങ്ങനെ ഒരു നിയമം ശ്രീ. എം. എ. ബേബി കൊണ്ടുവന്നിട്ടുണ്ടെങ്കിൽ ശ്രീ. കെ. ശിവദാസൻ നായരെപ്പോലെയുള്ള ആളുകൾക്ക് സ്വാധീനമുള്ള ഒരു സർക്കാർ വന്നിട്ട് ആ വ്യവസ്ഥ എന്തുകൊണ്ട് മാറ്റിയില്ല; തീർച്ചയായും മാറ്റണം. അങ്ങ് മാറ്റണമെന്ന് പറഞ്ഞു. ഞാനും മാറ്റണമെന്ന് പറയുന്നു. പക്ഷേ നടക്കുന്നില്ലല്ലോ; തത്വത്തിൽ നമ്മുടെ നാട്ടിൽ സെൽഫ് ഫിനാൻസിംഗ് കോളേജിൽ ചേരുന്ന ഒരു കുട്ടിക്ക് രോഗം മൂലം കോളേജിൽ കോഴ്സ് പഠിക്കാൻ സാധിക്കാത്ത സാഹചര്യം വന്നാലും അഞ്ചോ പത്തോ ലക്ഷം കെട്ടിവയ്ക്കണം. എനിക്കറിയാം ഞങ്ങളുടെ നാട്ടിലെ ഒരു ഡെന്റൽ കോളേജിൽ മൂന്ന് വർഷം ഒരു കുട്ടി പഠിച്ചു. നാലാമത്തെ വർഷം ആ കുട്ടിക്ക് പഠിക്കാൻ കഴിയാത്തവിധം കുട്ടിയുടെ കൈകാലുകൾ തളർന്നു. കോളേജിൽ പോകാൻ കഴിഞ്ഞില്ല. 18 ലക്ഷം രൂപ കെട്ടിവച്ചതിനുശേഷമാണ് ആ കുട്ടിയുടെ സർട്ടിഫിക്കറ്റുകൾ കൊടുത്തത്. എനിക്കറിയാവുന്ന ഒരു കേസ്സാണിത്. ജനപ്രതിനിധികൾ എന്നുള്ള നിലയിൽ നമ്മളുടെയൊക്കെ നിയോജകമണ്ഡലങ്ങളിൽ, നമ്മുടെയൊക്ക വ്യക്തിപരമായ അനുഭവങ്ങളിൽ ഇങ്ങനെ ഒരുപാട് കാണാൻ കഴിയുന്നു. ഇതിന്റെ ഒരു തനിയാവർത്തനമാകും സ്വയംഭരണ കോളേജുകളിലും നടക്കാൻ പോകുന്നത്. സ്വയംഭരണ കോളജുകൾ സെൽഫ് ഫിനാൻസിംഗ് മോഡലിലാണ് പ്രവർത്തിക്കുക. ഗവൺമെന്റ് കോളജുകളിൽപോലും റെഗുലർ കോഴ്സാണോ അല്ലയോ എന്നതിനെ സംബന്ധിച്ച് ഈ ബില്ലിൽ വ്യക്തമായ വ്യവസ്ഥയില്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, നിലവിലുള്ള എയ്ഡഡ് കോളേജുകൾക്ക് കൊടുക്കുന്ന പദവിയാണ് ഓട്ടോണമസ് പദവി. ഫീസ് സ്ട്രക്ചറിൽ മാറ്റമില്ല. അത് വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് അങ്ങ് അങ്ങനെ distort ചെയ്തത് ശരിയല്ല.

ഡോ. കെ. ടി. ജലീൽ: എയ്ഡഡ് കോളജുകളിൽ ആരംഭിക്കുന്ന പുതിയ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ അതായത് ഓട്ടോണമസ് കോളജുകളിൽ ആരംഭിക്കുന്ന പുതിയ കോഴ്സുകൾ സെൽഫ് ഫിനാൻസിംഗ് മോഡലിലാകുമോ അതല്ല എയ്ഡഡ് മോഡലിലാകുമോ പ്രവർത്തിക്കുക?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കെ. ടി. ജലീൽ.... 25 മിനിട്ടായി.

ശ്രീ. പി. സി. വിഷ്ണുനാഥ്: നിലവിൽ എയ്ഡഡ് കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ് കോഴ്സുകളുണ്ട്. ഓട്ടോണമസ് കോളേജ് വരുന്നതോടുകൂടി എല്ലാം അട്ടിമറിക്കപ്പെടുമെന്ന് പറഞ്ഞല്ലോ; നിലവിലുള്ള എയ്ഡഡ് കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ ആരംഭിക്കുമ്പോഴും വ്യത്യസ്തമായ ഫീസാണുള്ളത്. എയ്ഡഡ് ഫീസല്ല. അത് മാത്രമേ ഇവിടെയും വരുന്നുള്ളൂ. അതിന് വ്യത്യസ്തമായി അങ്ങ് എന്താണ് ഈ ബില്ലിൽ കണ്ടിരിക്കുന്നത്. നമ്മൾ രണ്ടുപേരും ഒരുമിച്ച് സബ്ജക്റ്റ് കമ്മിറ്റിയിൽ ഉണ്ടായിരുന്നല്ലോ ?

ഡോ. കെ. ടി. ജലീൽ: എയ്ഡഡ് കോളേജിലും ഗവൺമെന്റ് കോളേജിലും സെൽഫ് ഫിനാൻസിംഗ് മോഡലിലുള്ള ഒരു കോഴ്സും ആരംഭിക്കാൻ പാടില്ലെന്ന അഭിപ്രായക്കാരാണ് ഞങ്ങൾ. രണ്ടുതരം വിദ്യാർത്ഥികളാണ് അവിടങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കാലിക്കറ്റ് സർവ്വകലാശാല കാമ്പസിൽ ഉണ്ടായ പ്രശ്നങ്ങൾ കേരളത്തിലെ എല്ലാ കോളേജുകളിലേയ്ക്കും, പ്രത്യേകിച്ച് ഓട്ടോണമസ് കോളേജുകളിലേക്ക് വ്യാപിക്കാൻ പോകുകയാണ്. സെൽഫ് ഫിനാൻസിംഗ് സ്റ്റുഡന്റ്സിന്റെ ഒരു സംഘം, റഗുലർ സ്റ്റുഡന്റ്സിന്റെ മറ്റൊരു സംഘം. ഈ വലിയ തർക്കത്തിലേയ്ക്ക് നമ്മുടെ ഓട്ടോണമസ് കോളേജുകൾ പോകാൻ പോകുന്നു. കേരളത്തിലെ സർക്കാർ കോളേജിൽ എവിടെയെങ്കിലും ഒരു അൺ-എയ്ഡഡ് കോഴ്സ് ഇതിനകം നിലവിലുണ്ടോ; ഉണ്ടെന്ന് ശ്രീ. പി. സി. വിഷ്ണുനാഥിന് പറയാൻ പറ്റുമോ? ഇല്ല. ഈ ഓട്ടോണമസ് കോഴ്സ് വരുന്നതോടുകൂടി അതിന് ആരംഭം കുറിക്കാൻ പോകുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി തന്നെ സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷൻസ് നടത്തുകയാണ്.

ഡോ. കെ. ടി. ജലീൽ: ഗവൺമെന്റ് കോളേജും സർവ്വകലാശാലയും തമ്മിൽ വ്യത്യാസമുണ്ട്. സർവ്വകലാശാല ഓട്ടോണമസ് ബോഡിയല്ലേ; ഓട്ടോണമസ് ബോഡിയായ സർവ്വകലാശാലയ്ക്ക് സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ നടത്താം. അതിനുള്ള പ്രത്യേക സൗകര്യം അവർ ചെയ്ത് കൊടുക്കും. എന്നാൽ ഓട്ടോണമസ് കോളേജുകളിൽ ആരംഭിക്കുന്ന അൺ-എയ്ഡഡ് കോഴ്സുകൾക്ക് പ്രത്യേകമായ സൗകര്യം അവർ ഒരുക്കിക്കൊടുക്കുമോ? എയ്ഡഡ് കോഴ്സിന്റെ അതേ സൗകര്യമാണ് അവർ ഉപയോഗിക്കാൻ പോകുന്നത്. ഉച്ചവരെ എയ്ഡഡ് കോളേജും ഉച്ചയ്ക്ക് ശേഷം അൺ-എയ്ഡഡ് കോളേജും എന്നിങ്ങനെ സ്വാശ്രയ കോഴ്സുകൾക്കാവശ്യമായ സൗകര്യം കാലിക്കറ്റ് സർവ്വകലാശാലയുൾപ്പടെയുള്ള സർവ്വകലാശാലകൾ അത്തരം കോഴ്സുകൾ തുടങ്ങിയപ്പോൾ ഒരുക്കിക്കൊടുത്തിട്ടുണ്ട്. അല്ലാതെ അവിടങ്ങളിലുള്ള റഗുലർ സ്വാശ്രയ വിദ്യാർത്ഥികളുടെ അവകാശങ്ങൾ

കവർന്നെടുത്തല്ല സ്വാശ്രയ കോഴ്സുകൾ ആരംഭിച്ചത്. ഓരോ വിഭാഗങ്ങൾക്കും പ്രത്യേകം പ്രത്യേകം സൗകര്യങ്ങൾ ഒരുക്കിയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: അങ്ങ് ഈ സഭയെ ഒന്നാകെ തെറ്റിദ്ധരിപ്പിക്കേണ്ട. വെറുതെ ഇല്ലാത്ത ആശങ്ക പറഞ്ഞുണ്ടാക്കേണ്ട. ഉച്ചവരെ എയ്ഡഡും ഉച്ചയ്ക്കുശേഷം സെൽഫ് ഫിനാൻസിംഗുമാണെന്ന് ഈ ബില്ലിൽ എവിടെയാണ് പറഞ്ഞിരിക്കുന്നത് ?

ഡോ. കെ. ടി. ജലീൽ: ഇല്ലാത്ത കാര്യം പറയുകയല്ല. യാതൊരു വ്യക്തതയും ഈ ബില്ലിലില്ല. എയ്ഡഡ് ഓട്ടോണമസ് കോളേജുകളിൽ ആരംഭിക്കാൻ പോകുന്ന പുതിയ കോഴ്സുകൾ എയ്ഡഡ് ആകുമോ; അൺ-എയ്ഡഡ് ആകുമോ? ഗവൺമെന്റ് ഓട്ടോണമസ് കോളേജുകളിൽ ആരംഭിക്കാൻ പോകുന്ന പുതിയ കോഴ്സുകൾ ഗവൺമെന്റ് കോളേജുകളിലുള്ള മറ്റ് കോഴ്സുകളെപ്പോലെ ആകുമോ; സെൽഫ് ഫിനാൻസിംഗ് കോഴ്സാകുമോ എന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി വിശദീകരിക്കട്ടെ; എന്താ മന്ത്രി ഒന്നും മിണ്ടാത്തത്? ഈ ബില്ലിൽ അതിന് വ്യവസ്ഥയില്ല. സെൽഫ് ഫിനാൻസിംഗ് മോഡലിലാണ് ഗവൺമെന്റ് ഓട്ടോണമസ് കോളേജിലായാലും എയ്ഡഡ് ഓട്ടോണമസ് കോളേജിലായാലും പുതിയ കോഴ്സുകൾ ആരംഭിക്കുക. തീർച്ചയായും അങ്ങനെയാണ് ഉണ്ടാകാൻ പോകുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ: യൂണിവേഴ്സിറ്റി ഒരു കോഴ്സ് തുടങ്ങാൻ ഒരു കോളേജിനെ ഏത് തലത്തിലാണ് അംഗീകരിക്കുകയെന്നുള്ളതാണ് പ്രശ്നം. സെൽഫ് ഫിനാൻസിംഗായിട്ടാണ് യൂണിവേഴ്സിറ്റി അംഗീകാരം കൊടുക്കുന്നതെങ്കിൽ സെൽഫ് ഫിനാൻസിംഗ് ആയിരിക്കും. എയ്ഡഡായിട്ടാണ് യൂണിവേഴ്സിറ്റി കൊടുക്കുന്നതെങ്കിൽ അങ്ങനെ ആയിരിക്കും. അല്ലാതെ സ്വകാര്യ മേഖല നടത്തുന്നതുപോലെ പുതുതായി സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ ഒരു കോളേജിനും അനുവദിക്കാൻ പറ്റില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. ജലീൽ, 30 മിനിട്ടായി. ശ്രീ. കെ. ശിവദാസൻ നായർ അദ്ദേഹം അവസാനിപ്പിച്ചോട്ടെ.

ഡോ. കെ. ടി. ജലീൽ: ഏതൊക്കെ കോഴ്സുകളാണ് ആരംഭിക്കേണ്ടതെന്ന് ഓരോ കോളേജിലേയും അക്കാഡമിക് കൗൺസിലാണ് തീരുമാനിക്കുന്നത്.

ഡോ. എൻ. ജയരാജ്: ഓട്ടോണമസ് അപ്രൂവൽ കമ്മിറ്റിയുടെ മുമ്പാകെ വന്നതിനുശേഷമേ ഇത് വരുകയുള്ളൂ. ഓട്ടോണമസ് അപ്രൂവൽ കമ്മറ്റിയിലുള്ളവർ അതുമായി ബന്ധപ്പെട്ട ആളുകളും എക്സ്പേർട്ട്സുമാണ്. മാത്രമല്ല, ഇതുമായി എന്തെങ്കിലും തർക്കമുണ്ടെങ്കിൽ ഗവൺമെന്റിലേയ്ക്ക് വരുമെന്ന് വളരെ കൃത്യമായി പറയുന്നുണ്ട്. ഓട്ടോണമസ് കോളേജുകൾക്ക് അങ്ങനെ നിയന്ത്രണമില്ലാതെ കാര്യങ്ങൾ ചെയ്യാൻ പറ്റുമെന്ന് തോന്നുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. ജയരാജ് അദ്ദേഹം അവസാനിപ്പിച്ചോട്ടെ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): കോഴ്സുകളും അതിന്റെ ഫീസും കാര്യങ്ങളുമെല്ലാം യൂണിവേഴ്സിറ്റിയും യു.ജി.സി.യുമൊക്കെ അംഗീകരിച്ച രീതിയിൽ മാത്രമേ ഓട്ടോണമസ് കോളേജുകൾക്ക് വാങ്ങാൻ പറ്റുകയുള്ളൂ.

ഡോ. കെ. ടി. ജലീൽ: ഈ പുതിയ ഓട്ടോണമസ് കോളേജുകളിൽ ആരംഭിക്കുന്നത് എയ്ഡഡ് കോഴ്സാകുമോ, സെൽഫ് ഫിനാൻസിംഗ് കോഴ്സാകുമോ? ഗവൺമെന്റ് കോളേജുകളിൽ മറ്റ് കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളിൽനിന്നും ഈടാക്കുന്ന ഫീസും മെറിറ്റും അടിസ്ഥാനപ്പെടുത്തി മാത്രമേ ഗവൺമെന്റ് ഓട്ടോണമസ് കോളേജുകളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയുള്ളോ എന്നാണ് സഭയ്ക്ക് അറിയേണ്ടത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: അങ്ങയുടെ കഴിവിനെ ദുരുപയോഗം ചെയ്തുകൊണ്ടിരിക്കുകയാണെന്ന് വേണമെങ്കിൽ പറയാം. കാരണം, സെൽഫ് ഫിനാൻസിംഗ് കോഴ്സാണ് തുടങ്ങുന്നതെങ്കിൽ സെൽഫ് ഫിനാൻസിംഗ് ഫീസ്. എയ്ഡഡ് കോഴ്സാണ് തുടങ്ങുന്നതെങ്കിൽ എയ്ഡഡ് ഫീസ്. അത് ഈ ഓട്ടോണമസ് ബില്ല് വരുന്നതിനുമുമ്പും, അങ്ങ് ഭരണപക്ഷത്തായിരുന്നപ്പോൾ കേരളത്തിലുണ്ടായിരുന്നതാണ്. ഈ ഗവൺമെന്റ് കൊണ്ടുവന്നതല്ല. ഇത്ര വലിയ ശാഠ്യം സെൽഫ് ഫിനാൻസിംഗ് കോഴ്സുകളോടുണ്ടായിരുന്നെങ്കിൽ ഭരണപക്ഷത്തെ എം.എൽ.എ. ആയിരുന്നപ്പോൾ അങ്ങ് പറഞ്ഞിട്ടുണ്ടോ; ഇപ്പോൾ ഈ പറയുന്നതിൽ എന്താണ് കാര്യം ?

ഡോ. കെ. ടി. ജലീൽ: ഇതിന്റെ ആരംഭത്തിൽത്തന്നെ എയ്ഡഡ് കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ തുടങ്ങുന്നതിനെ ശക്തമായി ഇടതുപക്ഷ അദ്ധ്യാപക സംഘടനകളും ഇടതുപക്ഷവും എതിർത്തിട്ടുള്ളതാണെന്ന് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം. അദ്ധ്യാപകൻ എന്ന നിലയിൽ ഞാൻ എതിർത്തിട്ടുള്ളതാണ്. ഞാൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത കോളേജിൽ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മാനേജിംഗ് കമ്മിറ്റി മെമ്പറായിട്ടുള്ള എയ്ഡഡ് കോളേജിൽ ഇന്നുവരെ ഒരു സെൽഫ് ഫിനാൻസിംഗ് കോഴ്സിനും പ്രവേശനം അനുവദിച്ചിട്ടില്ല. കാരണം, ഒരു കാമ്പസിൽ രണ്ടുതരം വിദ്യാർത്ഥികളും അദ്ധ്യാപകരുമുണ്ടാകും. അത് ഒരു കാമ്പസിന്റെ നിലവിലുള്ള സമാധാനാന്തരീക്ഷത്തെ തകർക്കും. സിംഹഭാഗം ചെലവുകളും പൊതു ഖജനാവിൽനിന്നും നടത്തിപ്പോരുന്ന ഓട്ടോണമസ് പദവിക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന എയ്ഡഡ് കോളേജുകൾ ഇക്കാലമത്രയും തങ്ങൾ ഒരു മൾട്ടി റിലീജിയസ് സൊസൈറ്റിയിലാണ് പ്രവർത്തിക്കുന്നതെന്ന് ചിന്തിച്ചിട്ടുണ്ടോ; യു.ജി.സി. മാനദണ്ഡങ്ങൾ നിശ്ചയിച്ചപ്പോൾ

ഒരു കോളേജിന്റെ സാമൂഹ്യ പ്രതിബദ്ധത അളക്കാൻ എന്തെങ്കിലും മാനദണ്ഡം മുന്നോട്ടുവച്ചിരുന്നോ; നാം ഓട്ടോണമസ് പദവി നൽകാൻ പോകുന്ന കോളേജുകളിൽ എന്തെങ്കിലും ഒരു എയ്ഡഡ് കോളേജിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്ന അദ്ധ്യാപകരുണ്ടോ? എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്ന അദ്ധ്യാപകൻ ജോലി ചെയ്യുന്ന ഒരു എയ്ഡഡ് കോളേജിനാണ് ഓട്ടോണമസ് പദവി നൽകാൻ പോകുന്നതെന്ന് പറയുവാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കഴിയുമോ? ഒ.ബി.സി., ഒ.ഇ.സി. വിഭാഗത്തിൽപ്പെടുന്ന ആളുകൾ എത്ര അദ്ധ്യാപകരായിട്ടുണ്ട്? പൊതു ഖജനാവിൽനിന്ന് ശമ്പളം പറ്റുന്ന അദ്ധ്യാപകരെ നിയമിക്കുന്ന ഈ മാനേജുമെന്റുകൾ സ്വന്തം സമുദായക്കാരെയും ജാതിക്കാരെയും 60 ശതമാനം വേണമെങ്കിൽ നിയമിച്ചോട്ടെ. 40 ശതമാനമെങ്കിലും മറ്റ് മതസമുദായത്തിൽപ്പെടുന്നവരെയും താഴ്ന്ന ജാതിയിൽപ്പെടുന്നതോ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നതോ ആയ വിഭാഗങ്ങളിൽനിന്ന് ഒരാളെയെങ്കിലും അദ്ധ്യാപകനായോ അനദ്ധ്യാപകനായോ നിയമിക്കാനുള്ള സാമൂഹിക പ്രതിബദ്ധത കാണിക്കാത്ത ഇവരുടെ കയ്യിൽ ഈ അധികാരം മുഴുവനും കൊടുത്താലുണ്ടാകുന്ന ഭവിഷ്യത്തിനെക്കുറിച്ച് അങ്ങ് എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ ?

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> അങ്ങ് സ്വകാര്യ മേഖലയിലെ കോളേജുകളിൽ സംവരണം നടപ്പാക്കണം, അത്തരത്തിലുള്ള സോഷ്യൽ കമ്മിറ്റ്മെന്റ് നടപ്പാക്കണമെന്ന തരത്തിലേയ്ക്ക് ഓട്ടോണമസ് കോളേജുകളെ കുറിച്ചുള്ള ചർച്ചയെ കൊണ്ടുപോകുകയാണ്. സ്വകാര്യ മേഖലയിൽ അദ്ധ്യാപക നിയമനത്തിൽ സംവരണമില്ലെന്നതാണോ ഓട്ടോണമസ് കോളേജിനെ എതിർക്കുന്നതിന്റെ കാരണം; അതല്ലെങ്കിൽ, സ്വകാര്യ മേഖലയിൽ സംവരണം ഏർപ്പെടുത്തുന്നതിനുവേണ്ടി അങ്ങുകൂടി ഉൾപ്പെടുന്ന ഒരു ഭരണം ഇവിടെ നിലനിന്നിരുന്നപ്പോൾ എന്താണ് ഒരു നടപടിയുമെടുക്കാതിരുന്നത് ?

<u>ഡോ. കെ. ടി. ജലീൽ:</u> ഓട്ടോണമസ് കോളേജുകളെന്നുപറയുന്നത് കേരളത്തിലെ എല്ലാ എയ്ഡഡ് കോളേജുകൾക്കും കൊടുക്കുന്ന പദവി അല്ലല്ലോ? ഇപ്പോൾത്തന്നെ 11 എയ്ഡഡ് കോളേജുകളാണ് ഈ സംസ്ഥാനത്ത് ഓട്ടോണമസ് പദവിക്കായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. അങ്ങനെ നിർദ്ദേശിക്കപ്പെടുന്ന കോളേജുകളിലെങ്കിലും ഇത്തരത്തിലുള്ള വ്യവസ്ഥകൾ മുഴുവനുമല്ലെങ്കിലും ഒരു ശതമാനമെങ്കിലും പാലിക്കാൻ തയ്യാറായിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സർക്കാരിന് ബാദ്ധ്യതയില്ലേ; സർക്കാർ അതിന് ശ്രമിക്കണ്ടേ? ഷൈലോക്ക് മനഃസ്ഥിതിയുള്ള അവരുടെ കയ്യിൽ കഴുത്തും കത്തിയുംകൂടി കൊടുത്താലുണ്ടാകുന്ന അവസ്ഥ എന്താണ്? അതുതന്നെയാണ് ഓട്ടോണമസ് കോളേജിന്റെ കാര്യത്തിലും

നമ്മളുടെ സംസ്ഥാനത്ത് സംഭവിക്കാൻ പോകുന്നത്. പൊതു വിദ്യാഭ്യാസ വസന്തത്തിൽ കിളിർത്ത കേരളത്തിന്റെ സാമൂഹിക സാംസ്കാരിക ബോധത്തെ ഓട്ടോണമിയാകുന്ന ശവപ്പറമ്പിൽ ബഹുമാന്യനായ റബ്ബിന്റെ അടിമെ, അങ്ങ് കുഴിച്ചുമൂടരുതെന്നാണ് എനിക്ക് പറയാനുള്ളത്.

[3.00 PM]

ഡൽഹിയിലെ സെന്റ് സ്റ്റീഫൻസ് കോളേജ് കഴിഞ്ഞാൽ തൊട്ടടുത്ത് നിൽക്കുന്ന ലേഡി ശ്രീറാം കോളേജും, ശ്രീറാം കോളേജ് ഓഫ് കൊമേഴ്സും ഓട്ടോണമസ് കോളേജുകളാക്കാൻ കഴിഞ്ഞ രണ്ട് വർഷമായി കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം കൈക്കൊണ്ട തീരുമാനത്തിനെതിരെ ഈ സ്ഥാപനങ്ങളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ഒറ്റക്കെട്ടായിനിന്ന് സമരം ചെയ്യുകയാണ്. അവിടെ ഒരു രാഷ്ട്രീയവും അദ്ധ്യാപകർക്കിടയിലും വിദ്യാർത്ഥി കൾക്കിടയിലും ചേരിതിരിവുകളുണ്ടാക്കിയിട്ടില്ല. ഓട്ടോണമസ് പദവി ദുർവിനിയോഗം ചെയ്തതിന്റെ പേരിൽ ബാംഗ്ലൂർ യൂണിവേഴ്സിറ്റി 55 കോളേജുകളെയാണ് ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓട്ടോണമസ് കോളേജ് എന്നുപറയുന്നത് ഒരു മിനിസർവ്വകലാശാല തന്നെയാണ്. നിലവിൽ നമ്മുടെ സർവ്വകലാശാലകൾ നടത്തുന്ന എല്ലാ കാര്യങ്ങളും ഓട്ടോണമസ് കോളേജുകൾ സ്വയം ചെയ്യും എന്നുള്ളതാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഒരു സർവ്വകലാശാലയിൽ പരീക്ഷാ നടത്തിപ്പ്, ചോദ്യപേപ്പർ ഉണ്ടാക്കൽ, റിസൾട്ട് പ്രസിദ്ധീകരിക്കൽ എന്നിങ്ങനെയുള്ള എല്ലാ കാര്യങ്ങളും വൈസ്ചാൻസലർ, പി.വി.സി. ഉൾപ്പെടെയുള്ള ഒരുപാട് ഭരണ സംവിധാനങ്ങളുടെ നേതൃത്വത്തിൽ നടക്കുമ്പോൾത്തന്നെ എന്തുമാത്രം വിമർശനങ്ങളാണ് പലപ്പോഴും ഉയർന്നു വരാറുള്ളത്. എത്രയോ മാർക്ക്ദാന കേസുകളും, സ്വന്തക്കാർക്ക് വേണ്ടിയുള്ള ഇടപെടലുകളും ഒരു സർവ്വകലാശാലയ്ക്കു കീഴിൽ ആയിട്ടുപോലും ഉണ്ടാകുന്നു. അത്തരമൊരു സാഹചര്യത്തിൽ ഒരു കോളേജിന്/മാനേജുമെന്റിന് മാത്രമായി പരീക്ഷാ നടത്തിപ്പ്, ചോദ്യപേപ്പർ തയ്യാറാക്കൽ, വിഷയങ്ങൾ നിർണ്ണയിക്കാനുള്ള അവകാശം നൽകൽ, പേപ്പർ അവർതന്നെ നോക്കുക, അവർതന്നെ റിസൾട്ട് പ്രസിദ്ധീകരിക്കുക തുടങ്ങിയ അധികാരങ്ങളെല്ലാം നൽകിയാൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രത്യേകിച്ച് സ്വയംഭരണ കോളേജുകളുടെ അവസ്ഥയെന്താകുമെന്ന് ഒരുനിമിഷം ആലോചിക്കുന്നത് നല്ലതാണ്.

ഓട്ടോണമസ് കോളേജുകളിൽ മാനേജർമാരുടെയും അതുപോലെതന്നെ പ്രിൻസിപ്പാളിന്റെയും നേതൃത്വത്തിലാണ് വൈസ് ചാൻസലറുടെയും പി.വി.സി.യുടെയും കൺട്രോളർ ഓഫ് എക്സാമിനേഷന്റെയുമെല്ലാം നേതൃത്വത്തിൽ നടന്നുകൊണ്ടിരുന്ന

പ്രവർത്തനങ്ങൾ നടക്കാൻ പോകുന്നത്. വി.സി.യുടെ സ്ഥാനത്ത് മാനേജർ, അവിടുത്തെ പ്രിൻസിപ്പാൾ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്ന യൂണിവേഴ്സിറ്റിയുടെ മഹോന്നതമായിട്ടുള്ള പദവി അലങ്കരിക്കുന്ന ആളുടെ സ്ഥാനത്ത് ആ കോളേജിലെ പ്രിൻസിപ്പാൾ നിശ്ചയിക്കുന്ന ഒരു അദ്ധ്യാപകൻ, ഇവരുടെയൊക്കെ നേതൃത്വത്തിലാണ് ഒരു സർവ്വകലാശാലയിൽ നടക്കുന്ന എല്ലാ കാര്യങ്ങളും നടക്കാൻ പോകുന്നത്. ഒരു എയ്ഡഡ് കോളേജ് ഉച്ചവരെ എയ്ഡഡ് കോളേജും ഉച്ചകഴിഞ്ഞാൽ സ്വാശ്രയ കോളേജുമാകുന്ന വിചിത്രമായ കാഴ്ച ഉന്നതവിദ്യാഭ്യാസ രംഗത്ത് ഈ ബിൽ പാസ്സാകുന്നതോടെ സംജാതമാകുമെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നത് ഞങ്ങളൊന്നുമല്ല. ഉന്നതവിദ്യാഭ്യാസ രംഗത്ത് പരിണതപ്രജ്ഞരായിട്ടുള്ള നിരവധി പ്രഗൽഭരാണ്. 2014-ലെ ഓൾ ഇന്ത്യാ റാങ്കിംഗിൽ 23-ാം സ്ഥാനത്തുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റി, 26-ാം സ്ഥാനത്തുള്ള കേരളാ യൂണിവേഴ്സിറ്റി, 35-ാം സ്ഥാനത്തുനിൽക്കുന്ന മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി തുടങ്ങിയ മഹത് സ്ഥാപനങ്ങൾ സ്വയം ക്വസ്റ്റ്യൻ പേപ്പർ ഉണ്ടാക്കുകയും, പരീക്ഷ നടത്തുകയും, സ്വന്തമായി മൂല്യനിർണ്ണയം നടത്തുകയും ചെയ്യുന്ന സ്വയംഭരണ കോളേജുകളുടെ സർട്ടിഫിക്കറ്റ് വിതരണം ചെയ്യാനുള്ള കേവല അക്ഷയ കേന്ദ്രങ്ങൾ മാത്രമായി അധഃപതിക്കാൻ പോകുകയാണ്.

വിചിത്രമായിട്ടുള്ളൊരു നിയമവ്യവസ്ഥ ഈ സർവ്വകലാശാലാ നിയമത്തിൽ വന്നുപെട്ടിട്ടുണ്ട്. The University shall issue the degree, diploma, title or certificates within forty five working days of the receipt of recommendations from an Autonomous College. ഓട്ടോണമസ് കോളേജിലെ വിദ്യാർത്ഥികളുടെ ഡിഗ്രി സർട്ടിഫിക്കറ്റ്, മാർക്ക് ഷീറ്റ് എന്നിവയൊക്കെ ബന്ധപ്പെട്ട ഓട്ടോണമസ് കോളേജ് അപേക്ഷ നൽകി 45 ദിവസത്തിനകം അവർക്ക് നൽകിയിരിക്കണം. കേരളത്തിലെ ഓട്ടോണമസ് കോളേജല്ലാത്ത എത്ര കോളേജുകളുണ്ട്. പതിനായിരക്കണക്കിന് വിദ്യാർത്ഥികളില്ലേ? ഒന്നും രണ്ടും മൂന്നും വർഷമാണ് സർവ്വകലാശാലകൾ ഡിഗ്രി സർട്ടിഫിക്കറ്റ് കൊടുക്കാൻവേണ്ടി എടുക്കുന്നത്. എന്നാൽ ഓട്ടോണമസ് കോളേജിലെ വിദ്യാർത്ഥികളുടെ ഡിഗ്രി സർട്ടിഫിക്കറ്റ്, മാർക്ക്ഷീറ്റ് എന്നിവയൊക്കെ ബന്ധപ്പെട്ട കോളേജിന്റെ പ്രിൻസിപ്പാൾ അപേക്ഷ നൽകി 45 ദിവസത്തിനകം കൊടുക്കണമെന്ന് തീരുമാനിക്കുമ്പോൾ ഈ നാട്ടിലെ റെഗുലർ കോളേജുകളിൽ പഠിക്കുന്ന പതിനായിരക്കണക്കിന് വിദ്യാർത്ഥികളോട് നിങ്ങൾ അന്യായം പ്രവർത്തിക്കുകയല്ലേ. ഓട്ടോണമസ് കോളേജിലെ വിദ്യാർത്ഥികൾ സവർണ്ണരും മറ്റുള്ള കോളേജിലെ വിദ്യാർത്ഥികൾ അവർണ്ണരുമായി നിങ്ങൾതന്നെ ചിത്രീകരിക്കുകയല്ലേ ചെയ്യുന്നത്. ഇത് ന്യായമാണോ? ഇത്തരം ഒരു നിയമവ്യവസ്ഥയുടെ പരിരക്ഷ സ്വയംഭരണ കോളേജുകളിലെ വിദ്യാർത്ഥികൾക്കുമാത്രം ലഭിക്കേണ്ടതാണോ? കേരളത്തിലെ

യൂണിവേഴ്സിറ്റികൾക്ക് കീഴിലുള്ള ഏതു കോളേജിലും ഇതുപോലെ വിദ്യാർത്ഥികളുടെ ഡിഗ്രി സർട്ടിഫിക്കറ്റ്, മാർക്ക് ഷീറ്റ് എന്നിവ ആവശ്യപ്പെട്ടാൽ 45 ദിവസത്തിനുള്ളിൽ നൽകാൻ യൂണിവേഴ്സിറ്റിക്ക് ബാധ്യതയുണ്ടെന്ന ഭേദഗതികൂടി ഇതിന്റെ കൂടെ അങ്ങ് കൊണ്ടുവന്നില്ലെങ്കിൽ ഓട്ടോണമസ് കോളേജുകളിലേയ്ക്ക് വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യാനുള്ള ഏജന്റാണ് അങ്ങെന്ന് ഞങ്ങൾക്ക് പറയേണ്ടി വരും. വളരെ പ്രധാനപ്പെട്ടൊരു കാര്യമാണത്. അങ്ങത് ഒരിക്കലും വിട്ടുപോകരുത്. ഇവിടെയിരിക്കുന്ന സഭയിലെ മുഴുവൻ അംഗങ്ങളോടും ഈ വ്യവസ്ഥ എല്ലാ വിദ്യാർത്ഥികൾക്കും ബാധകമാക്കിക്കൊണ്ടുള്ള അമെന്റ്മെന്റോടു കൂടി മാത്രമേ പാസ്സാക്കാവൂ എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഓട്ടോണമസ് കോളേജിലെ വിദ്യാർത്ഥികളുടെ കാര്യത്തിൽ മാത്രമല്ല സർവ്വകലാശാലയ്ക്കുകീഴിൽ പ്രവർത്തിക്കുന്ന ഓരോ വിദ്യാർത്ഥിയുടെയും കാര്യത്തിൽ ഇത് ബാധകമാകണം. ഇല്ലെങ്കിൽ വലിയ അപകടമാണ് അതിലൂടെ നമ്മുടെ സംസ്ഥാനത്ത് വരാൻ പോകുന്നത്.

ഡോ. എൻ. ജയരാജ്: സർ, ഓട്ടോണമസ് കോളേജുകൾക്ക് തൽക്കാലം 45 ദിവസമെന്നും ഭാവിയിൽ എല്ലാ യൂണിവേഴ്സിറ്റികൾക്കും ഇത് ബാധകമാകുമെന്നുമുള്ള നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, നോ.. നോ... ഈ നിയമം പാസ്സാക്കുന്നതിന്റെ കൂടെത്തന്നെ അതുംകൊണ്ടുവരണം. മന്ത്രിയുടെ തത്സംബന്ധമായ ഉറപ്പ് എന്ന് പാലിക്കപ്പെടുമെന്നാണ് കരുതേണ്ടത്?

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. കെ. ടി. ജലീൽ. ഇപ്പോൾ 43 മിനിട്ടായി.

ഡോ. കെ. ടി. ജലീൽ: സർ, ഇവിടെയിരിക്കുന്ന, ഇത് കേൾക്കുന്ന നമ്മുടെ എല്ലാവരുടെയും മക്കൾക്ക് ഈ 13 ഓട്ടോണമസ് കോളേജുകളിൽ പഠിക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. ഓട്ടോണമസ് കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 45 ദിവസംകൊണ്ട് അവരുടെ സർട്ടിഫിക്കറ്റും മാർക്ക്ഷീറ്റും കിട്ടുന്നു. അവർ എല്ലാ കാര്യത്തിലും ഭദ്രം. മറ്റുള്ള കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് കിട്ടാൻ രണ്ടും മൂന്നും വർഷങ്ങൾ എടുക്കുന്ന സ്ഥിതിയും. യൂണിവേഴ്സിറ്റികൾ ഡിഗ്രി സർട്ടിഫിക്കറ്റ് സമയബന്ധിതമായി കൊടുക്കാത്തതു കൊണ്ട് ജോലികൾ നഷ്ടപ്പെട്ട എത്രയോ ആളുകളുണ്ട്. അതുകൊണ്ട് ഈ വ്യവസ്ഥ ഓട്ടോണമസ് കോളേജുകൾക്ക് മാത്രമല്ല എല്ലാ കോളേജുകൾക്കും ബാധകമാക്കുന്നതിന് സർക്കാർ മുന്നോട്ടുവരണം. ഓട്ടോണമസ് കോളേജുകളെന്ന യു.ജി.സി. നിർദ്ദേശവും ആ ചെരുപ്പിനനുസരിച്ചുള്ള കാലുമുറിക്കലിന് സമാനമായ ഈ ബില്ലും വിദേശ സർവ്വകലാശാലകൾക്ക് നമ്മുടെ സംസ്ഥാനത്തേക്ക് കടന്നുവരാനുള്ള സാഹചര്യം ഭാവിയിൽ ഒരുക്കും. ഓട്ടോണമസ് കോളേജുകൾ

അധികരിച്ചാൽ സ്വാഭാവികമായും വിദ്യാഭ്യാസ നിലവാരം ഉയരുന്നതിനുപകരം താഴാനാണ് പോകുന്നത്. മെച്ചപ്പെട്ട സർവ്വകലാശാലകൾക്കുകീഴിൽ ഒരു കോളേജ് പ്രവർത്തിക്കുമ്പോൾ ആ കോളേജിൽ ആ സർവ്വകലാശാല ഇഷ്യൂ ചെയ്യുന്ന ഡിഗ്രി സർട്ടിഫിക്കറ്റിന് ഒരു വിലയുണ്ട്. എന്നാൽ ഇങ്ങനെ തോന്നിയപോലെ വേണ്ടിടത്തും വേണ്ടാത്തിടത്തുമൊക്കെ സ്വയംഭരണ കോളേജുകൾ നൽകി വിദ്യാഭ്യാസത്തിന്റെ നിലവാരം തകർന്നുകഴിയുമ്പോൾ വിദ്യാഭ്യാസത്തിന്റെ നിലവാരം തകർന്നിരിക്കുന്നു, അതുകൊണ്ട് അക്കാദമിക് നിലവാരം സംരക്ഷിക്കാൻ വിദേശ സർവ്വകലാശാലകൾ നമ്മുടെ സംസ്ഥാനത്തേക്ക് കടന്നു വരേണ്ടതുണ്ട് എന്ന് നമ്മൾ തന്നെ പറയും. അനതിവിദൂരമായ ഭാവിയിൽ ഈ സ്വയംഭരണാവകാശ കോളേജുകളിലെ അക്കാദമിക് നിലവാരത്താഴ്ച ചൂണ്ടിക്കാണിച്ച് നാലാംകിട വിദേശ സർവ്വകലാശാലകളെ, നമ്മുടെ സംസ്ഥാനത്തേക്ക് കെട്ടി എഴുന്നള്ളിക്കുന്നതിനുള്ള പുറപ്പാടിന്റെ സമാരംഭമായി ഈ ബില്ലിന്റെ അവതരണത്തെ ആരെങ്കിലും കണ്ടാൽ അവരെ എങ്ങനെയാണ് കുറ്റപ്പെടുത്താൻ കഴിയുക ?

<u>ശ്രീ. പി. സി. ജോർജ്</u>: ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീൽ ഇവിടെ പറഞ്ഞത് ഡിഗ്രി സർട്ടിഫിക്കറ്റിന്റെ കാര്യമാണ്. ഓട്ടോണമസ് കോളേജുകളിൽ 45 ദിവസംകൊണ്ട് ഡിഗ്രി സർട്ടിഫിക്കറ്റ് കൊടുക്കുമെന്നും നമ്മുടെ യൂണിവേഴ്സിറ്റികളിൽ അതില്ല എന്നുമാണ് പരാതി. എന്റെ ചോദ്യം, അങ്ങ് നിൽക്കുന്ന മുന്നണിയിലെ നേതാക്കൻമാരെക്കൊണ്ട് അത് സമ്മതിപ്പിക്കാൻ സാധിക്കുമോ? 45 എന്നത് 60 ദിവസമാക്കാം. അങ്ങയുടെ യൂണിയൻകാരെ കൊണ്ട് സമ്മതിപ്പിക്കുമോ? അതിനൊരു പരിഹാരം ഉണ്ടാക്കാൻ നിങ്ങൾ തയ്യാറാകൂ. അപ്പോൾ മന്ത്രിയും തയ്യാറാകും.

<u>ഡോ. കെ. ടി. ജലീൽ</u> : സർ, നിയമം പാസ്സാക്കുമ്പോൾതന്നെ നമുക്ക് ഭേദഗതി വരുത്താം. ഓട്ടോണമസ് കോളേജുകൾക്കായി പാസ്സാക്കുന്ന ഈ നിയമത്തിൽ ഓട്ടോണമസ് കോളേജുകളെപ്പോലെ തന്നെ മറ്റു വിദ്യാർത്ഥികൾക്കും അവരുടെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ടാൽ 45 ദിവസത്തിനകം നൽകും എന്ന വ്യവസ്ഥ ഉൾക്കൊള്ളിക്കണം.

<u>ശ്രീ. പി. സി. ജോർജ്</u>: ബഹുമാനപ്പെട്ട ഡോ. കെ. ടി. ജലീൽ രണ്ട് യൂണിവേഴ്സിറ്റി നിയമം അനുസരിച്ച് രണ്ട് നിയമങ്ങളാണ്. അങ്ങ് പ്രതിനിധാനം ചെയ്യുന്ന മുന്നണിയിലുള്ള സ്റ്റാഫിൻെറ യൂണിയൻ നേതാക്കളെക്കൊണ്ട് ഇത് അംഗീകരിപ്പിച്ചാൽ മറ്റ് യൂണിവേഴ്സിറ്റി നിയമങ്ങളിലും 45-ൻെറ സ്ഥാനത്ത് 60-70 വച്ച് പാസ്സാക്കാമെന്ന കാര്യം ആലോചിക്കാം എന്നാണ് ഞാൻ പറഞ്ഞത്.

<u>ഡോ. കെ. ടി. ജലീൽ:</u> ഇത് തീർത്തും മാനുഷികമായിട്ടുള്ള കാര്യമാണ്. അങ്ങ് ഈ സർവ്വകലാശാലാ നിയമം ഭേദഗതി ചെയ്യാൻ തീരുമാനിച്ചപ്പോൾ മറ്റ് കോളേജുകളിൽ പഠിക്കുന്ന റെഗുലർ വിദ്യാർത്ഥികൾക്കും ഇത് ആപ്ലിക്കബിൾ ആക്കികൊണ്ടുള്ള ഒരു നിയമഭേദഗതി കൂടി വേണം എന്ന കാര്യം അങ്ങേക്ക് എന്തേ തോന്നാതിരുന്നു. അങ്ങ് എന്തുകൊണ്ട് അതിന് മുൻകൈ എടുത്തില്ല? ഈ നിയമം പാസ്സായാൽ ഫലത്തിൽ ഓട്ടോണമസ് കോളേജുകളിൽ ചേരാൻ കുട്ടികൾ താൽപ്പര്യം കാണിക്കും, കാരണം പരീക്ഷ കഴിഞ്ഞ് പെട്ടെന്നുതന്നെ മൂല്യനിർണ്ണയം നടത്തി 45 ദിവസത്തിനകം അവർക്ക് സർട്ടിഫിക്കറ്റുകൾ കിട്ടുന്ന ഒരു അവസ്ഥ ഉണ്ടാകും. അതുകൊണ്ടുതന്നെ കുട്ടികൾ കൂടുതലായി പോകും. അപ്പോൾ സ്വയംഭരണ കോളേജുകളിലേക്ക് വിദ്യാർത്ഥികളെ ഉണ്ടാക്കിക്കൊടുക്കാനുള്ള ഒരു ഏജൻസിയായി ഈ സർക്കാരും, ഒരു ഏജന്റായി വിദ്യാഭ്യാസമന്ത്രിയും മാറരുത് എന്ന് വിനീതമായി ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. ഈ രക്തത്തിൽ ഞങ്ങൾക്ക് പങ്കില്ല. ഭാവി തലമുറയോടും അവരുടെ വിദ്യാഭ്യാസഭാവിയോടും സർക്കാർ ചെയ്യുന്ന മഹാ അപരാധമാണിത്. ഗവൺമെന്റ് അൺ എയിഡഡ് ഓട്ടോണമസ് കോളേജുകളിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപക, അനദ്ധ്യാപകരുടെ നിയമനങ്ങളെക്കുറിച്ച്, സേവന വേതന വ്യവസ്ഥകളെക്കുറിച്ച് ഈ ബിൽ മൗനം അവലംബിക്കുന്നു. അങ്ങേയ്ക്ക് എന്താണ് ആ കാര്യത്തെക്കുറിച്ച് പറയുവാനുള്ളത്. അതേക്കുറിച്ച് വ്യക്തതയൊന്നും ഈ ബില്ലിലില്ല. പുതിയ കോഴ്സുകൾ, എയ്ഡഡ് കോഴ്സുകൾ ആണോ, സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ ആണോ, എന്നുള്ള കാര്യത്തിലും ഈ ബിൽ മൗനം പാലിക്കുന്നു. ഇതേക്കുറിച്ചും ബില്ലിൽ അവ്യക്തത തുടരുകയാണ്. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി, ഞങ്ങൾ കൊണ്ടുവന്ന പല നിർദ്ദേശങ്ങളും അംഗീകരിച്ച് ഭേദഗതിയായിട്ട് കൊണ്ടുവന്നു. പക്ഷെ കാക്കയെ എത്ര കുളിപ്പിച്ചാലും അതിനെ കൊക്കാക്കാൻ നമുക്ക് കഴിയുകയില്ലല്ലോ? കാലം നാളെ പ്രതിക്കൂട്ടിൽ നിർത്തി അങ്ങയെ വിചാരണ ചെയ്യാതിരിക്കാൻ അങ്ങ് ഈ ബിൽ പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ശ്രീ. അബ്ദു റബ്ബിനെ "അബദ്ധ റബ്ബ്" എന്ന് കാലം അങ്ങയെ വിളിക്കാതിരിക്കാൻ ഈ കരിനിയമം പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വിയോജിപ്പ് ഇവിടെ രേഖപ്പെടുത്തുകയാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, കോളേജുകൾക്ക് ഓട്ടോണമി നൽകുന്ന യൂണിവേഴ്സിറ്റി ഭേദഗതി ബില്ലിനെ ഞാൻ ശക്തമായി എതിർക്കുകയാണ്. വളരെ പ്രസക്തമായ നിരീക്ഷണങ്ങളും ആധികാരികമായ വാദഗതികളുമാണ് ബഹുമാന്യനായ വിദ്യാഭ്യാസ വിചക്ഷണനും കോളേജ് അദ്ധ്യാപകനുമായ, ഡോക്ടർ കെ. ടി. ജലീൽ ഈ ബില്ലിനെ സംബന്ധിച്ച് സൂചിപ്പിച്ചിട്ടുള്ളത്. എന്തുകൊണ്ട് കോളേജുകൾക്ക് ഓട്ടോണമി നൽകുന്ന ഈ ബിൽ എതിർക്കപ്പെടണം എന്നതുസംബന്ധിച്ച് കാര്യകാരണ സഹിതം ഇവിടെ പ്രതിപാദിച്ചിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ സംസാരിക്കുന്നതിനിടയിൽ കോളേജുകളിലെ അൺ എയ്ഡഡ് കോഴ്സുകളെക്കുറിച്ച് പറഞ്ഞു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ, ശ്രീ. സി.പി. മുഹമ്മദ്]

അതുപോലെതന്നെ നിലവിലുള്ളഓഫീസിൻെറ കാര്യത്തിൽ യാതൊരു മാറ്റവും ഉണ്ടാകുകയില്ല എന്ന് ബഹുമാന്യനായ ശ്രീ. കെ. ശിവദാസൻ നായരും പറഞ്ഞു. ഞാൻ ഈ ബില്ലിന്റെ 69 (L) Powers and Function of Governing Council അതിൽ അഞ്ചാമതായി പറയുന്ന കാര്യം ഞാൻ ബഹുമാന്യനായ അങ്ങയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരികയാണ്. (v) to fix the fees and other charges payable by the students of the Autonomous College with the concurrence of the Government എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഗവൺമെന്റ് കോളേജിൽ കേരളത്തിൽ എവിടെയെങ്കിലും അൺഎയ്ഡഡ് കോഴ്സുകൾ ഉണ്ടോ? എയ്ഡഡ് കോളേജുകളിൽ അൺഎയ്ഡഡ് കോഴ്സുകൾ ഉണ്ട്. പക്ഷെ കേരളത്തിലെ ഗവൺമെൻറ് കോളേജുകളിൽ അത് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളാകട്ടെ, പ്രൊഫഷണൽ കോളേജുകളാകട്ടെ, ഒരു ഗവൺമെൻറ് കോളേജുകളിലും ഒരു അൺഎയ്ഡഡ് കോഴ്സുകളില്ല. ഇതിൽ പറയുന്നതു പ്രകാരമാണെങ്കിൽ രണ്ട് ഗവൺമെൻറ് കോളേജുകൾക്കാണ് ഈ പതിമൂന്ന് കോളേജുകളിൽ ഇപ്പോൾ ഓട്ടോണമി നൽകാൻ തീരുമാനിച്ചിരിക്കുന്നത്. ഈ കോളേജുകളിൽ നാളെ അൺഎയ്ഡഡ് കോഴ്സുകൾ തുടങ്ങും എന്നാണ് ഇത് വ്യക്തമാക്കുന്നത്. അല്ലെങ്കിൽ ഇങ്ങനെയല്ലേ വേണ്ടത് to fix the fees and other charges payable by the students of the Autonomous College as decided by the Government from time to time. ഇതാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. നിലവിലുള്ള എയ്ഡഡ് കോളേജുകളായ ഗവൺമെൻറ് കോളേജുകൾ അൺഎയ്ഡഡ് കോളേജുകളായി, അഥവാ സ്വാശ്രയ കോളേജുകളായി മാറുന്ന അപകടകരമായ വ്യവസ്ഥയാണ് ഈ ബില്ലിനകത്ത് ഉള്ളത്. അതുകൊണ്ട് ഈ ബിൽ പിൻവലിക്കാൻ സർക്കാർ തയ്യാറാകണം എന്നാണ് ആവശ്യപ്പെടുന്നത്. ഓട്ടോണമി എന്ന ആശയം 1960 കളിൽ നമ്മുടെ രാജ്യത്ത് ചർച്ച ചെയ്തതാണ്. എന്നാൽ എന്തുകൊണ്ട് സ്വയംഭരണം എന്ന ആശയത്തിന് കേരളത്തിൽ പൊതു സ്വീകാര്യത ലഭിച്ചില്ലെന്നതാണ് നാം ചിന്തിക്കേണ്ട പ്രധാനപ്പെട്ട ഒരു കാര്യം. ഞാൻ അതിൻെറ കണക്കുകളിലേക്ക് പോകുന്നില്ല. നമ്മുടെ രാജ്യത്ത് 36,000 ത്തോളം വരുന്ന കോളേജുകളിൽ ഒരു ശതമാനത്തിൽ താഴെയുള്ള കോളേജുകളിൽ മാത്രമാണ് നിലവിൽ ഓട്ടോണമി കൊടുത്തിട്ടുള്ളത്. എന്തുകൊണ്ട് മഹാഭൂരിപക്ഷം വരുന്ന കോളേജുകളിൽ ഓട്ടോണമി സ്വീകരിക്കുവാൻ അവർ തയ്യാറായില്ല എന്ന കാര്യം കൂടി നാം ഈ

ഘട്ടത്തിൽ പരിശോധിക്കേണ്ടതാണ്. യഥാർത്ഥത്തിൽ ഗുണനിലവാരം വർദ്ധിപ്പിക്കുവാൻ കൊണ്ടുവരുന്ന ഈ പരിഷ്കാരം ഉന്നതവിദ്യാഭ്യാസ രംഗത്ത് ലക്ഷ്യമാക്കുന്ന പ്രാപ്യതയ്ക്കും തുല്യതയ്ക്കും ഏറ്റവും കടകവിരുദ്ധമായ ഒന്നാണ് എന്നത് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. വിദ്യാർത്ഥി പ്രവേശനം, കോഴ്സ്, പരീക്ഷ തുടങ്ങിയ കാര്യങ്ങളിൽ ഇതുവരെ ചെയ്തിരുന്ന സർവ്വകലാശാലകളെ ആ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കി ഈ ജോലികൾ മുഴുവൻ കോളേജുകൾക്ക് ഏൽപ്പിച്ച് കൊടുക്കുകയാണ്. സർവ്വകലാശാലകൾക്കുള്ള അമിതഭാരം കൊണ്ടാണ് ഇത്തരത്തിൽ ഒരു നടപടി സർക്കാർ സ്വീകരിക്കുന്നതെങ്കിൽ ചില കോളേജുകളെ മാത്രം സ്വതന്ത്രമാക്കിക്കൊണ്ട് ഇതിന് പരിഹാരം കാണാൻ സാധിക്കുമോ? ഓട്ടോണമി പരിഷ്കാരത്തെ അനുകൂലിക്കുന്ന വക്താക്കൾ പറയുന്ന കാര്യം ഇതാണ്. ഇന്നത്തെ നമ്മുടെ ഉന്നതവിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുന്ന വളരെ ക്രിയാത്മകമായ ബദൽ നിർദ്ദേശങ്ങൾ കേരളത്തിൽ മുമ്പ് നിർദ്ദേശിക്കപ്പെട്ടവയാണ്. കുസാറ്റ്, കൊച്ചി സർവ്വകലാശാലയിൽ വി. സി. ആയിരുന്ന ഡോക്ടർ.കെ. ബാബുജോസഫ്, കമ്മിറ്റി ഇതുസംബന്ധിച്ച് ഒരു പദ്ധതി തയ്യാറാക്കി ഗവൺമെൻറിന് നൽകിയിരുന്നു. നമ്മുടെ നിലവിലുള്ള നാലോ അഞ്ചോ കോളേജുകൾ ഒരു ക്ലസ്റ്ററായി മാറ്റി ഈ വിഷയം പരിഹരിക്കുവാൻ കഴിയും എന്നുള്ളതാണ് ആ റിപ്പോർട്ടിൽ വളരെ വിശദമായി സൂചിപ്പിക്കുന്നത്. ഇവിടെ കോളേജിൻെറ മതിൽ കെട്ടി ഉയർത്തിയതുകൊണ്ടോ, അവയെ പുറംലോകവുമായി ബന്ധമില്ലാത്ത ഒരു സ്വയംഭരണ സ്ഥാപനമാക്കി മാറ്റിയതുകൊണ്ടോ ഇന്ന് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയില്ല.

ഇപ്പോൾ ഓട്ടോണമി കൊടുക്കുന്ന കോളേജുകളിലൊന്നാണ് കളമശ്ശേരി രാജഗിരി കോളേജ്. ഈ കോളേജിൻെറ ഒരു അനുഭവം എറണാകുളത്തുള്ള എം.എൽ.എ.മാർക്ക് അറിയാവുന്നതാണ്. ഗവൺമെൻറ് കളമശ്ശേരി രാജഗിരി കോളേജിന് എം.ബി.എ. എയ്ഡഡ് കോഴ്സ് അനുവദിച്ചുകൊടുത്തു. അവർ ആ എയ്ഡഡ് കോഴ്സ് അൺഎയിഡഡ് കോഴ്സാക്കി മാറ്റിയ അനുഭവം നമ്മുടെ മുൻപിൽ ഉണ്ട്. ഇവിടെ ഓട്ടോണമി കൂടി വന്നാൽ എന്തായിരിക്കും സംഭവിക്കുക? അത് കോളേജുകൾക്ക് വലിയ കൊയ്ത്തായിരിക്കും നൽകുക. വലിയ ആവശ്യക്കാർ ഇല്ലാതിരുന്നിട്ടും ബി.എ. കോഴ്സിനുപോലും പതിനായിരക്കണക്കിന് രൂപയാണ് ഇപ്പോൾ കോഴയായി വാങ്ങുന്നത്. അങ്ങനെ കോഴ വാങ്ങുന്ന എയ്ഡഡ് കോളേജുകൾ ഉള്ള കേരളത്തിൽ, ഈ കോളേജുകൾക്ക് ഓട്ടോണമിപദവി കൂടി വന്നാൽ സംഭവിക്കാൻ പോകുന്നത് എന്തായിരിക്കും? യഥാർത്ഥത്തിൽ തങ്ങൾക്ക് ഇഷ്ടമുള്ള വിധത്തിൽ ഫീസ് ചുമത്തി കൂടുതൽ ലാഭമുണ്ടാക്കാൻ കഴിയുന്ന വെറും കച്ചവട സ്ഥാപനമാക്കി മാറ്റി നമ്മുടെ കേരളത്തിലെ എയ്ഡഡ് കോളേജുകൾ

മാറും. എയ്ഡഡ് കോളേജുകൾ സെൽഫ് ഫിനാൻസിംഗ് കോളേജുകളായി മാറ്റപ്പെടും. നാം ഇത്തരം കോളേജുകൾക്ക് അമിതമായി അനിയന്ത്രിതമായ അവകാശങ്ങൾ കൊടുക്കുമ്പോൾ നമ്മുടെ കേരളത്തിലെ വിവിധ സ്ഥാപനങ്ങളിൽ ഇന്ന് അരങ്ങേറുന്ന അധാർമ്മികമായ പ്രവർത്തികൾ കൂടി നാം ആലോചിക്കേണ്ടതായിട്ടുണ്ട്. ഒരു ചോദ്യത്തിന് മറുപടിയായി 21-1-2014-ൽ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്, "ദുർബല വിഭാഗങ്ങൾക്ക് അവകാശ തുല്യതയും വിവേചനത്തിനെതിരെ ശക്തമായ നിലപാടും സ്വീകരിക്കുന്ന കോളേജുകൾക്കായിരിക്കും സ്വയംഭരണം" എന്നാണ്. എന്നാൽ നിലവിൽ സ്വയംഭരണം ശിപാർശ ചെയ്ത 11 എയ്ഡഡ് കോളേജുകളിൽ ഒരു കോളേജ് എറണാകുളം സെന്റ് തെരേസാസ് കോളേജാണ്. ആ കോളേജിൽ വർഷങ്ങൾക്ക് മുമ്പ് എസ്.സി./എസ്.ടി. വിദ്യാർത്ഥികളെ ഹോസ്റ്റലിൽ പ്രത്യേക മുറികളിൽ താമസിപ്പിച്ചത് വലിയ വിവാദത്തിനിടയാക്കിയിരുന്നു. അങ്ങനെ കോളേജ് മാനേജുമെന്റ്തന്നെ ജാതിവിവേചനം നടത്തിയതിന്റെ പേരിൽ ആ കോളേജിനെതിരായി കേസ് രജിസ്റ്റർ ചെയ്ത ഒരു സാഹചര്യമുണ്ടായി. ഇത്തരം അനുഭവങ്ങൾ നാം പരിഗണിക്കേണ്ടതാണ്. തിരുവനന്തപുരത്തെ ലാ കോളേജിൽ ഒരു അദ്ധ്യാപകൻ ഒരു വിദ്യാർത്ഥിനിയെ ലൈംഗികമായി ചൂഷണം ചെയ്ത വാർത്ത പുറത്തുവന്നിട്ട് ഏറെ നാളായിട്ടില്ല, അതുമാത്രമല്ല ഒരു കേരളപ്പിറവി ദിനത്തിൽ മുണ്ടുടുത്തുവന്ന ഒരു വിദ്യാർത്ഥിയെ പുറത്താക്കിയ കോളേജ്, മലയാളം സംസാരിച്ചതിന് ഫൈൻ ഈടാക്കുന്ന മാനേജുമെന്റുകളുടെ കൈകളിലേയ്ക്കാണ് ആ കോളേജിന്റെ പരമാധികാരം സർക്കാർ നൽകാൻ ഒരുങ്ങുന്നത്. മാത്രമല്ല അൺഎയ്ഡഡ് പ്രൊഫഷണൽ കോളേജുകളിൽ കോപ്പിയടിക്കുന്നതിനുള്ള സൗകര്യം മാനേജുമെന്റുതന്നെ ഏർപ്പാടാക്കിക്കൊടുത്ത നിരവധി അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. പുഷ്പഗിരി കോളേജിൽ പരാജയപ്പെട്ട വിദ്യാർത്ഥികളെ വിജയിപ്പിക്കാൻവേണ്ടി അവിടത്തെ പ്രിൻസിപ്പാളും അദ്ധ്യാപകരും നടത്തിയ ശ്രമങ്ങൾ, ശക്തമായ പ്രതിഷേധത്തെത്തുടർന്നാണ് യൂണിവേഴ്സിറ്റി ഇടപെട്ട് ആ ശ്രമത്തിന് തടയിടാൻ കഴിഞ്ഞതെന്ന അനുഭവം നമ്മുടെ മുന്നിലുണ്ട്. അതുപോലെതന്നെ കൊല്ലത്ത് ഒരു കോളേജുമായി ബന്ധപ്പെട്ട് വന്ന വാർത്തയെന്താണ്? അവിടെ വിദ്യാർത്ഥികൾക്ക് അമിതമായ സ്കോർ നൽകി വിജയിപ്പിക്കാനുള്ള ശ്രമം, അവിടത്തെ മാനേജുമെന്റ് നടത്തിയ അനുഭവം നമ്മുടെ മുന്നിലുണ്ട്. അപ്പോൾ ഇത്തരത്തിൽ ഗവൺമെന്റിന്റെ സർവ്വകലാശാലകളുടെ പരിമിതമായ നിയന്ത്രണങ്ങൾപോലും കാറ്റിൽ പറത്തിക്കൊണ്ട് ഇത്തരത്തിലുള്ള അധാർമ്മികമായ പ്രവർത്തികൾ നടന്നുവരികയാണ്. അപ്പോൾ സ്വാഭാവികമായും ഇത്തരത്തിൽ ഓട്ടോണമി കൂടി കൊടുത്താൽ അതുണ്ടാക്കുന്ന അപകടം എന്താണെന്ന് നാം ആലോചിക്കേണ്ടതായിട്ടുണ്ട്. മാത്രമല്ല ഇവിടെയിപ്പോൾ അക്കാഡമിക് നിലവാരം ഉയർത്താൻ വേണ്ടിയിട്ടാണ് ഈ ബിൽ കൊണ്ടുവരുന്നത് എന്നുള്ളതാണ് ഗവൺമെന്റിന്റെ അവകാശവാദം. നമ്മുടെ ഈ അക്കാഡമിക് ഓട്ടോണമി കൊടുക്കുന്ന കോളേജുകളുടെ എക്സിക്യൂട്ടീവ്

ബോഡിയായ ഗവേണിംഗ് കൗൺസിലിന്റെ സ്വഭാവം, അവിടെ ജനാധിപത്യം തീരെ ഇല്ല. ജനാധിപത്യം തൊട്ടുതീണ്ടാത്ത വിധത്തിലാണ് ഇതിന്റെ ഘടന. ഗവേണിംഗ് കൗൺസിൽ അഥവാ ഈ കോളേജിന്റെ ചീഫ് എക്സിക്യൂട്ടീവ് കമ്മിറ്റി എന്നു പറയുന്നത് ഭൂരിഭാഗവും മാനേജ്മെന്റ് നോമിനികളാണ്. ഗവേണിംഗ് കൗൺസിൽ ചെയർമാനുണ്ടായിരിക്കേണ്ട യോഗ്യതകൾ സംബന്ധിച്ച്, ഏതെങ്കിലും അംഗീകൃത ഉന്നത വിദ്യാഭ്യാസ ഗവേഷണ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നുള്ള ഉയർന്ന യോഗ്യത അല്ലെങ്കിൽ അവിടെ പഠിപ്പിച്ച ഉയർന്ന അനുഭവ പരിജ്ഞാനം ഇതൊന്നുംതന്നെ ഈ പറയുന്ന ഗവേണിംഗ് കൗൺസിലിന്റെ ചെയർമാൻ സ്ഥാനത്തേയ്ക്ക് വരുന്ന ആളുകൾക്ക് ഈ ബില്ലിൽ നിഷ്കർഷിക്കുന്നില്ല. അതുകൊണ്ട് തന്നെ ഇത് പൂർണ്ണമായും മാനേജ്മെന്റിന്റെ ഇംഗിതത്തിനും മാനേജ്മെന്റിന്റെ താൽപ്പര്യത്തിനുമനുസരിച്ച് ആ കോളേജ് പോകുമെന്ന കാര്യത്തിൽ യാതൊരുവിധ സംശയവുമില്ല. മാത്രമല്ല ഗവേണിംഗ് കൗൺസിലും അക്കാഡമിക് കൗൺസിൽ ഉൾപ്പെടെയുള്ള സ്വയംഭരണ കോളേജുകളുടെ ഭരണ സംവിധാനത്തിൽ വിദ്യാർത്ഥി പ്രാതിനിധ്യം ശിപാർശ ചെയ്തിട്ടില്ലായെന്നുള്ളതാണ് ഈ ബില്ലിലെ വിമർശനാത്മകമായ മറ്റൊരു കാര്യം. നിലവിലുള്ള നമ്മുടെ സർവ്വകലാശാലകളുടെ സിൻഡിക്കേറ്റിലും സെനറ്റിലും അക്കാഡമിക് കൗൺസിലിലും എല്ലാ ഭരണതലത്തിലും എല്ലാ അക്കാഡമിക് ബോഡികളിലും വിദ്യാർത്ഥി പ്രാതിനിധ്യമുണ്ട്. അഫിലിയേറ്റഡ് കോളേജുകളിൽ വിദ്യാർത്ഥി യൂണിയൻ പ്രവർത്തനം, സർവ്വകലാശാല നിയമങ്ങൾ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ സ്വയംഭരണ കോളേജുകളുടെ ഭരണരംഗം ഏകപക്ഷീയമായി മാനേജ്മെന്റുകളിൽ കേന്ദ്രീകരിക്കുന്ന നിർദ്ദേശമാണ് ഇതുസംബന്ധിച്ച് ഇവിടെ അവതരിപ്പിച്ച ഈ നിയമ ഭേദഗതിയിലുള്ളത്. ഇത് ജനാധിപത്യവിരുദ്ധവും വിദ്യാർത്ഥിവിരുദ്ധവുമായ ഒരു കാര്യമാണ്. ഈ ഗവൺമെന്റിന് ജനാധിപത്യത്തോട് ഒരലർജിയാണ്. നമുക്കോർമ്മയുണ്ടാകും, നേരത്തെ സംസ്കൃത സർവ്വകലാശാലയുടെ സിൻഡിക്കേറ്റിൽ സർവ്വകലാശാലാ യൂണിയൻ ചെയർമാനായിരുന്നു സിൻഡിക്കേറ്റിലെ വിദ്യാർത്ഥി പ്രതിനിധി. എന്നാൽ അതൊഴിവാക്കാൻ വാശിപിടിച്ച് ഈ സഭയിൽ ഭേദഗതികൊണ്ടുവന്ന് വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ കവർന്നെടുത്ത സർക്കാരാണ് ഇവിടെയുള്ളത്.

ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെയില്ല. അപ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രി കൊണ്ടുവന്ന ബില്ലിൽ ഒരു പി.ജി. വിദ്യാർത്ഥി എന്നാണ് പറഞ്ഞത്. ഒരു സർവ്വകലാശാല യൂണിയൻ ചെയർമാൻ ആ സിൻഡിക്കേറ്റിലുണ്ടായാൽ എന്താണ് പ്രശ്നം എന്ന് ഞങ്ങളിവിടെ എഴുന്നേറ്റുനിന്ന് ചോദിച്ച എന്താണ് അപാകത എന്നുചോദിച്ചതിന് അന്ന് മറുപടി പറയാതെ അതിനോട് നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്ന ഒരു നിലപാടാണ് സ്വീകരിച്ചത്. ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, ആഭ്യന്തര മന്ത്രി ശ്രീ. രമേശ് ചെന്നിത്തല, മന്ത്രിമാരിൽ മഹാഭൂരിപക്ഷവും എം.എൽ.എ.മാരിൽ

ഭൂരിഭാഗവും വിദ്യാർത്ഥി സംഘടനകളിലൂടെ കടന്നുവന്നവരാണ്. സർവ്വകലാശാല ചെർമാൻമാരായിരുന്നവർ, സിൻഡിക്കേറ്റ് മെമ്പർമാർ ആയിരുന്നവർ, സെനറ്റ് അംഗങ്ങൾ ആയിരുന്നവർ വിദ്യാർത്ഥി സംഘടനകളുടെ സംസ്ഥാന നേതൃനിരയിൽ തലപ്പത്തും അതുപോലെതന്നെ ഉന്നത സ്ഥാനങ്ങളിൽ ഏറെക്കാലം പ്രവർത്തിച്ചവരാണ് ഇന്ന് ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ളവർ മാത്രമല്ല ഇന്ന് കേരളത്തിലെ രാഷ്ട്രീയ രംഗത്തെ മഹാഭൂരിപക്ഷം വരുന്ന നേതാക്കന്മാരും വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങളിലൂടെ, സർവ്വകലാശാലാ യൂണിയനുകളിലെ വിലപ്പെട്ട അനുഭവങ്ങളിലൂടെയാണ് അവർക്ക് രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കാനുള്ള ഇത്രയും നല്ല ആത്മവിശ്വാസവും കരുത്തുമുണ്ടാക്കിക്കൊടുത്തതെന്ന കാര്യം നമുക്കെല്ലാപേർക്കും അറിയാവുന്നതാണ്. എന്തുകൊണ്ട് ഈ പറയുന്ന ബോർഡുകളിൽ വിദ്യാർത്ഥി പ്രതിനിധികൾക്ക് അംഗത്വം നൽകാൻ തയ്യാറാകുന്നില്ല? ആകെ ബോർഡ് ഓഫ് സ്റ്റഡീസിലാണ് ഒരു പൂർവ്വ വിദ്യാർത്ഥിയെപ്പറ്റി പറയുന്നത്. അതിന്റെ അർത്ഥമെന്താണ്? അതിനകത്ത് കുറെപ്പേരെ നോമിനേറ്റ് ചെയ്യാം, കോർപ്പറേറ്റ് സെക്ടറിൽനിന്നും ഇൻഡസ്ട്രിയൽ സെക്ടറിൽനിന്നും നോമിനേറ്റ് ചെയ്യാമെന്ന് ഇതിനകത്ത് പറയുന്നുണ്ട്. അഞ്ചുപേരിൽ ആകെ ഒരു പൂർവ്വ വിദ്യാർത്ഥിയെന്നാണ് പറയുന്നത്. അപ്പോൾ യഥാർത്ഥത്തിൽ ഇവിടെ വിദ്യാർത്ഥികളുടെ പ്രാതിനിധ്യംപോലും ഭയക്കുകയാണ് ചെയ്യുന്നത്. എന്നുപറഞ്ഞാൽ ആജ്ഞാനുവർത്തികളായ മാനേജ്മെന്റുകളുടെ കച്ചവടത്തിന്റെ ലാഭക്കണ്ണുകളുമായി പ്രവർത്തിക്കുന്ന വെറും താങ്ങികളായ ആജ്ഞാനുവർത്തികളെ മാത്രമെ ഇതിനകത്ത് കൊണ്ടുവരുകയുള്ളൂവെന്ന പിടിവാശിയല്ലേ സർക്കാരിനുള്ളത്. യഥാർത്ഥത്തിൽ ഈ പറയുന്ന ഓട്ടോണമിക്കുവേണ്ടി ഇവിടെ അവതരിപ്പിക്കുന്ന ഈ ഭേദഗതി ബിൽ എന്നുപറയുന്നത് സ്വകാര്യ മാനേജ്മെന്റിനും കച്ചവട മാനേജ്മെന്റിനും വേണ്ടിയിട്ടാണ് പരിമിതമായ സർവ്വകലാശാലാ നിയമങ്ങൾ പോലും കാറ്റിൽ പറത്തിക്കൊണ്ട് തങ്ങൾക്കിഷ്ടമുള്ള രൂപത്തിൽ കോളേജുകൾ നിയന്ത്രിക്കാനും മുന്നോട്ടുകൊണ്ടുപോകാനുമുള്ള എക്സ്ക്ലൂസീവായ അധികാരം നൽകുന്ന ഒരു ബില്ലാണ് ഈ ബില്ല് എന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇവിടെ ഗവേണിംഗ് ബോഡിയിലും അക്കാഡമിക് ബോഡിയിലും വിദ്യാർത്ഥി പ്രാതിനിധ്യമുണ്ടാകണം. സർവ്വകലാശാലാ ബിൽ കൊണ്ടുവന്നത് പഴയകാലത്താണ്. അന്ന് വിദ്യാർത്ഥി പ്രാതിനിധ്യം അക്കാഡമിക് കൗൺസിലിൽ കൊണ്ടുവരാൻ തീരുമാനിച്ചവർ പരിണതപ്രജ്ഞരായ നേതാക്കന്മാർ ആയിരുന്നു. അവരിൽ അക്കാഡമിഷ്യൻമാർ ഉണ്ടായിരുന്നു, എഴുത്തുകാരുണ്ടായിരുന്നു, ഉന്നതശീർഷരായ രാഷ്ട്രീയ നേതാക്കന്മാർ ഉണ്ടായിരുന്നു. 1967-ൽ ആരായിരുന്നു വിദ്യാഭ്യാസ മന്ത്രി? നമുക്കറിയില്ലേ ജനാബ് സി. എച്ച്. മുഹമ്മദ് കോയ ആയിരുന്നു. ആ ജനാബ് സി. എച്ച്. മുഹമ്മദ് കോയ വിദ്യാഭ്യാസ മന്ത്രിയായ ആരാധ്യനായ യശഃശരീരനായ സഖാവ് ഇം.എം.എസ്. ഗവൺമെന്റ് കൊണ്ടുവന്ന വിദ്യാഭ്യാസ ബിൽ - 1967-ലെ വിദ്യാഭ്യാസ ബില്ലിലെ ഏറ്റവും പ്രധാനപ്പെട്ടതും ശ്രദ്ധേയമായതുമായ ഒരു കാര്യമാണ് കാമ്പസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക്

അക്കാഡമികമായ കാര്യങ്ങളിൽ, ആ സ്ഥാപനത്തിന്റെ ഭരണപരമായ കാര്യങ്ങളിൽ അവർക്ക് സക്രിയമായ പങ്കാളിത്തം കൊടുക്കുന്ന ജനാധിപത്യപരമായ ഈ വ്യവസ്ഥ എഴുതിച്ചേർത്തത് ബഹുമാന്യനായ ജനാബ് സി. എച്ച്. മുഹമ്മദ് കോയയുടെ കാലത്ത് കൊണ്ടുവന്ന വിദ്യാഭ്യാസ നിയമം ഇവിടെ തിരുത്തിയെഴുതുമ്പോൾ അദ്ദേഹത്തിന്റെ അനുയായി ആയ വിദ്യാഭ്യാസ മന്ത്രി എന്താണ് ചെയ്യുന്നത്? ഇവിടെ വിദ്യാഭ്യാസ രംഗത്തുനിന്ന് വിദ്യാർത്ഥി പ്രതിനിധികളെ പൂർണ്ണമായും ഒഴിവാക്കുകയാണ് ചെയ്തത്. എനിക്കുശേഷം സംസാരിക്കാൻ പോകുന്നത് മുൻവിദ്യാർത്ഥി നേതാവും കോൺഗ്രസ്സ് നേതാവു കൂടിയായ ശ്രീ. പി. സി. വിഷ്ണുനാഥാണ്. ഈ കാര്യത്തിൽ നിങ്ങൾ എന്ത് നിലപാടാണ് സ്വീകരിക്കാൻ പോകുന്നതെന്ന് ഞാൻ ശ്രീ. പി. സി. വിഷ്ണുനാഥിനോട് ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ജനാധിപത്യത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുന്ന ആളുകളല്ലേ അപ്പുറത്തിരിക്കുന്നവർ. എന്തുകൊണ്ടാണ് വിദ്യാർത്ഥി പ്രതിനിധികളെ ഇത്രമാത്രം നിങ്ങൾക്ക് ചതുർത്ഥിയായി തീരുന്നത്? ആ കാര്യം വിശദീകരിക്കാൻ തയ്യാറാകണം.

കഴിഞ്ഞ 12-11-2014-ാം തീയതി കേരള കൗമുദി പത്രത്തിൽ ഒരു വാർത്ത വന്നു. സ്വയംഭരണ കോളേജ് അട്ടിമറി, ഗവർണ്ണർ വിശദീകരണം തേടി. ആ വാർത്തയുടെ പ്രസക്തമായ ഭാഗങ്ങൾ ഞാൻ വായിക്കാം, "ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ മൂല്യനിർണ്ണയത്തിൽ താഴ്ന്ന റാങ്ക് നേടിയ എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകിയതിന് ചാൻസലർ കൂടിയായ ഗവർണ്ണർ ശ്രീ. പി. സദാശിവം സർക്കാരിനോട് വിശദീകരണം തേടി". ഗ്രേഡ് തിരുത്താൻ നിർദ്ദേശിച്ചത് വിദ്യാഭ്യാസ വകുപ്പുമന്ത്രി, തിരിമറി താഴ്ന്ന റാങ്കുള്ള കോളേജുകൾക്കു വേണ്ടി ഇതാണ് വാർത്ത. ആ വാർത്ത തുടരുകയാണ്. "13 കോളേജുകളിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എയ്ഡഡ് മേഖലയിൽ ഫറൂഖ് കോളേജ്, തിരുവനന്തപുരത്ത് മാർ ഇവാനിയോസ് കോളേജ്, ചങ്ങനാശ്ശേരി എസ്.ബി. കോളേജ് എന്നിവ മാത്രമാണ് ഈ മാനദണ്ഡങ്ങൾ നേടിയതെന്ന്" ഇതിനകത്ത് വളരെ വ്യക്തമായി പറയുന്നു. അങ്ങനെ വരുമ്പോൾ കൊല്ലം ഫാത്തിമാ മാതാ, എറണാകുളം സെന്റ് തെരേസസ്, തേവര സേക്രട്ട് ഹാർട്ട്, കളമശ്ശേരി രാജഗിരി, തൃശ്ശൂർ സെന്റ് തോമസ് എന്നീ കോളേജുകളൊന്നും ഈ പറയുന്നതിനകത്ത് വരുന്നില്ല. അപ്പോൾ ഇത്തരം യോഗ്യതയില്ലാത്ത താഴ്ന്ന റാങ്കുള്ള കോളേജുകളെ, ഇതിനകത്ത് തിരുകിക്കയറ്റാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇടപെട്ടുവെന്നാണ് പത്രത്തിൽ വന്നിട്ടുള്ള വാർത്ത. എന്താണ് ഇതിന്റെ നിജസ്ഥിതി? ഇതിനെക്കുറിച്ചറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. യോഗ്യതാ മാർക്ക് 50-ലേയ്ക്ക് താഴ്ത്താനും 'നാക്ക്'-ന്റെ സ്കോർ 3.5-ലേയ്ക്ക് താഴ്ത്താനും വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബാണ് നിർദ്ദേശിച്ചതെന്നും ഇതിനകത്ത് പറയുന്നുണ്ട്. ഇത് ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. കെ. എം. എബ്രഹാമിന്റെ എതിർപ്പ് മറികടന്നായിരുന്നു ചെയ്തത്.

54 മാർക്കും 'നാക്ക്'-ന്റെ 3.5 സ്കോറുമുള്ള മമ്പാട് എം.ഇ.എസ്. കോളേജ്, 52 മാർക്കും 3.7 സ്കോറുമുള്ള കളമശ്ശേരി രാജഗിരി കോളേജുമടക്കം 8 എയ്ഡഡ് കോളേജുകളെക്കൂടി പട്ടികയിൽ തിരുകിക്കയറ്റാനായിരുന്നു സർക്കാരിന്റെ നീക്കം. 62 മാർക്കും 'നാക്ക്'-ന്റെ 3.5 സ്കോറുമില്ലെന്ന കാരണത്താൽ തങ്ങൾ ഒഴിവായിപ്പോയിയെന്ന് സെന്റ് ആൽബർട്ട്സ് കോളേജ് പരാതി നൽകിയിട്ടുണ്ട്. ഈ പരാതി ഗവർണ്ണർക്ക് കൊടുത്തു. അതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാന്യനായ ഗവർണ്ണർ പി. സദാശിവം സർക്കാരിനോട് വിശദീകരണം ആവശ്യപ്പെട്ടതെന്നാണ് വാർത്ത. മാത്രമല്ല, അതിനുശേഷം വേറൊരു വാർത്തകൂടി വന്നിരിക്കുകയാണ്. പരീക്ഷാ കൺട്രോളർ ആരായിരിക്കണമെന്ന് ഈ ബില്ലിൽ പറയുന്നുണ്ട്. രണ്ടുവർഷത്തെ യോഗ്യതയുള്ള അസിസ്റ്റന്റ് പ്രൊഫസറായിരിക്കണം ഈ പറയുന്ന കോളേജുകളിലെ പരീക്ഷാ കൺട്രോളർ. എന്നാൽ, അതിനകത്തും മാറ്റം വരുത്താൻ മാനേജുമെന്റുകൾ ഗവൺമെന്റിൽ ശ്രമം ആരംഭിച്ചിരിക്കുന്നു. പരീക്ഷാ കൺട്രോളറുടെ യോഗ്യതയിൽ ഇളവ് വരുത്താനാവില്ലായെന്ന നിലപാടാണ് സർക്കാരിന്റേതെങ്കിൽ ആ നിലപാടിൽ മാറ്റം വരുത്താൻ മാനേജുമെന്റുകൾ സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ ആരംഭിച്ചിരിക്കുന്നുവെന്നാണ് ഇതിനകത്ത് പറയുന്നത്. ഈ കാര്യത്തിൽ എന്താണ് ഗവൺമെന്റിന് വ്യക്തമാക്കാനുള്ളത്? ഈ നിലയിൽ നിലവിലുള്ള മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തിക്കൊണ്ട് തങ്ങൾക്ക് ഇഷ്ടമുള്ള കോളേജുകളെ ഈ ലിസ്റ്റിൽ തിരുകിക്കയറ്റാൻ ശ്രമിച്ചിട്ടുണ്ടോ; എന്തിനാണ് ഗവർണ്ണർ വിശദീകരണം ആവശ്യപ്പെട്ടത്? ഇതുസംബന്ധിച്ച് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ നേരത്തെ പറഞ്ഞ ഒരു പ്രധാനപ്പെട്ട പോയിന്റ്, എയ്ഡഡ് കോഴ്സുകൾ നേരത്തെയുമുണ്ടെന്നുള്ളതാണ്. ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് ഇവിടെയുണ്ട്. കേരളത്തിലെ ഏത് ഗവൺമെന്റ് കോളേജിലാണ് എയ്ഡഡ് കോഴ്സുള്ളതെന്ന് ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് പറയണം. ഏതെങ്കിലുമൊരു ഗവൺമെന്റ് കോളേജിൽ എയ്ഡഡ് കോഴ്സുണ്ടോ? ഒരൊറ്റ ഗവൺമെന്റ് കോളേജിലും എയ്ഡഡ് കോഴ്സില്ല. ഓട്ടോണമി കൊടുക്കുന്ന ഗവൺമെന്റ് കോളേജിന് പുതിയ കോഴ്സ് തുടങ്ങാൻ അവകാശമുണ്ട്. അങ്ങനെ വന്നാൽ ആ കോഴ്സിന്റെ ഫീസ് എന്തായിരിക്കും; ആ ഫീസ് നമ്മുടെ ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസായിരിക്കുമോ? ഇതാണ് ചോദ്യം. ഇതിലാണ് ആശങ്ക. ഈ പറയുന്ന ഓട്ടോണമി വിദ്യാഭ്യാസ കച്ചവടത്തിനുള്ള പഴുതായി മാറും. ഇതാണ് ഞങ്ങളുടെ കടുത്ത ആശങ്ക. ഞാൻ ഇത് ശ്രീ. പി. സി. വിഷ്ണുനാഥിന്റെ ശ്രദ്ധയിൽ പെടുത്തുകയാണ്. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി വന്നതുകൊണ്ട് ഒന്നുകൂടി ഞാൻ ഇത് വായിക്കുകയാണ്. "Powers and functions of the Governing Council' എന്നതിൽ പറയുന്നത് '...to fix the fees and other charges payable by the student of the Autonomous College with the concurrence of

the Government' എന്നാണ്. സബ്ജക്ട് കമ്മിറ്റിയിൽ ഈ പറയുന്ന വ്യവസ്ഥയ്ക്ക് വലിയ തർക്കം നടന്നതാണ്. Concurrence of the Government എന്നുപറഞ്ഞാൽ ഗവൺമെന്റ് കോളേജിൽ അൺഎയ്ഡഡ് കോഴ്സുകളുണ്ടാകുമെന്നാണ്. "With the concurrence of the Government" എന്നുള്ളത് "as decided by the Government from time to time" എന്നാക്കി മാറ്റേണ്ടതാണ്. അത് മാറ്റാത്തിടത്തോളംകാലം നല്ലൊരു ലൂപ്ഹോളാണ്. ഇതൊരു പഴുതാണ്. ഈ പഴുതുപയോഗിച്ചുകൊണ്ട് നമ്മുടെ ഗവൺമെന്റ് കോളേജിൽ അൺഎയ്ഡഡ് കോഴ്സുകൾ ആരംഭിക്കും. കേരളത്തിൽ പരിമിതമായ ഗവൺമെന്റ് കോളേജുകൾ മാത്രമാണുള്ളത്. ഫലത്തിൽ ആ കോളേജുകളിൽ പോലും സാമൂഹ്യനീതി ഇല്ലാതായിത്തീരും. ഇതാണ് പ്രധാന വിഷയം. ഇതാണ് പ്രധാന ആശങ്ക. ഈ ആശങ്കയ്ക്ക് എന്ത് മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രിയും യു.ഡി.എഫ്. അംഗങ്ങളും ഈ സഭയിൽ നൽകാൻ പോകുന്നതെന്നറിയാൻ താൽപ്പര്യമുണ്ട്. ലോകത്തിലെ യൂണിവേഴ്സിറ്റികളെക്കുറിച്ചും ലോകത്താകെ നടക്കുന്ന മാറ്റങ്ങളെക്കുറിച്ചുമാണ് ഇവിടെ വാചാലരാകുന്നത്. അമേരിക്കയിൽ അല്ലെങ്കിൽ യൂറോപ്പിൽ എവിടെയെങ്കിലും അക്കാഡമിക് കമ്മിറ്റികളിൽ നോൺ അക്കാഡമിഷ്യൻസ് ആരെങ്കിലുമുണ്ടോ; അത് ചൂണ്ടിക്കാണിക്കാൻ നിങ്ങൾക്ക് പറ്റുമോ? ഞങ്ങളുടെ അറിവിൽപ്പെട്ടിടത്തോളം, ഞങ്ങൾ റഫർ ചെയ്തിടത്തോളം അങ്ങനെ ഒരാളേയും കാണാനില്ല. അക്കാഡമിക് കൗൺസിലിലേയ്ക്ക് കോർപ്പറേറ്റ് ഫീൽഡിൽനിന്നും ഇൻഡസ്ട്രിയൽ ഫീൽഡിൽനിന്നും ആളുകൾ വരികയാണ്. അപ്പോൾ യഥാർത്ഥത്തിൽ ഇവിടെയുണ്ടാക്കാൻ പോകുന്ന സിലബസ് അവർ തീരുമാനിക്കുന്ന സിലബസായിരിക്കും. അപ്പോൾ കാര്യങ്ങൾ വളരെ വ്യക്തമാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാന പ്രശ്നം, അൺഎംപ്ലോയ്മെന്റിനേക്കാൾ ഉപരിയായി എംപ്ലോയബിലിറ്റിയുടെ പ്രശ്നം വരികയാണ്. ജോബ് മാർക്കറ്റിനനുസരിച്ച് നമ്മുടെ സ്കീമും സിലബസും മാറുന്നില്ലായെന്നുള്ളത് വലിയൊരു ക്രിട്ടിസിസമാണ്. അതിന് പ്രാപ്തമാകുന്ന തരത്തിലേയ്ക്ക് നമ്മുടെ കോഴ്സുകൾ റീ-ഡിസൈൻ ചെയ്യപ്പെടുമ്പോൾ ആ സെക്ടറിൽനിന്നുള്ള ആളുകളില്ലെങ്കിൽ അതുമായി യാതൊരു ബന്ധവുമില്ലാത്ത ആളുകൾക്ക് എങ്ങനെയാണ് കോൺട്രിബ്യൂട്ട് ചെയ്യാൻ കഴിയുന്നത്? ആ മാറ്റങ്ങളെ ഇനി സ്വാഗതം ചെയ്യാതെ പിറകോട്ട് നടന്നിട്ടുകാര്യമില്ല. ഞങ്ങൾക്ക് ഇതിനകത്ത് കൃത്യമായ വ്യക്തതയുമുണ്ട്. ആ വ്യക്തത നിങ്ങളൊരു 10 വർഷം കഴിഞ്ഞിട്ട് അംഗീകരിക്കും. പക്ഷേ ഞങ്ങൾക്ക് അതുവരെ കാത്തിരിക്കാൻ കഴിയില്ല.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, നിങ്ങൾ പറയുന്ന ലോകോത്തരമായ സർവ്വകലാശാലകളിൽ എവിടെയെങ്കിലും നോൺ അക്കാഡമിഷ്യൻസുകൾ അക്കാഡമിക് കൗൺസിലിലുണ്ടോയെന്നുള്ളതാണ് എന്റെ ചോദ്യം. ആ ചോദ്യത്തിനാണ് മറുപടി പറയേണ്ടത്. നേരത്തെ ഇവിടെ പറഞ്ഞുകൊണ്ടിരുന്നത്

സർവ്വകലാശാലകളുടെ അമിതഭാരമാണല്ലോ. അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് ക്ലസ്റ്റർ കോളേജ് പാടില്ല? ഒരു കോളേജെന്നുപറയുമ്പോൾ ഒരഞ്ച് കോളേജുകളുള്ള ക്ലസ്റ്ററാണെങ്കിൽ, അവിടെ ഒരു കോളേജിൽ 100 അദ്ധ്യാപകരുണ്ടെങ്കിൽ 500 അദ്ധ്യാപകരുടെ എക്സ്പെർട്ടൈസ് നമുക്ക് ഉപയോഗപ്പെടുത്താൻ പറ്റുമല്ലോ. ഒരു കോളേജിൽ 50 കോഴ്സാണുള്ളതെങ്കിൽ ഈ പറയുന്ന അഞ്ച് കോളേജുകളുടെ ക്ലസ്റ്ററുണ്ടെങ്കിൽ നമുക്ക് 250 കോഴ്സ്, യഥാർത്ഥത്തിൽ വൈദഗ്ദ്ധ്യത്തിന്റെ കാര്യത്തിലും കോഴ്സിന്റെ വൈവിധ്യവൽക്കരണത്തിന്റെ കാര്യത്തിലും ഓട്ടോണമിയേക്കാൾ അനുപേക്ഷണീയമായ ഒരു കാര്യമെന്നുപറയുന്നത് ക്ലസ്റ്റർ കോളേജാണ്. ക്ലസ്റ്റർ കോളേജെന്ന സംവിധാനം ഇവിടെ കൊണ്ടുവരുന്നതിന് നിങ്ങൾ എതിരാണ്. കാരണം, മാനേജുമെന്റുകളുടെ താൽപ്പര്യമാണ് നിങ്ങളെ നയിക്കുന്നത്. അതുകൊണ്ടാണ് ഞങ്ങൾ ഈ ബില്ലിനെ വളരെ ശക്തമായി എതിർക്കുന്നതെന്നുള്ള കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കച്ചവട മനസ്സുള്ള മാനേജുമെന്റുകളുടെ കയ്യിലെ കളിപ്പാവയായി ഈ സർക്കാർ മാറരുത്. അതുകൊണ്ട് ഈ ബിൽ പിൻവലിക്കാൻ സർക്കാർ തയ്യാറാകണം. ഈ കാര്യത്തിൽ എന്തിനാണ് ധൃതി കാണിക്കുന്നത്? വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് കടുത്ത ആശങ്കയുണ്ടല്ലോ. ഞങ്ങൾക്ക് മാത്രമല്ല, അപ്പുറത്തിരിക്കുന്നവർക്കും ആശങ്കയുണ്ട്. ഈ ആശങ്ക പരിഹരിക്കുന്നതിന് വിദ്യാർത്ഥി സംഘടനകളുമായും അദ്ധ്യാപക സംഘടനകളുമായും ഒന്നും ചർച്ച ചെയ്യാൻപോലും തയ്യാറാകാതെ എന്തിനാണ് ഈ കാര്യത്തിൽ ഇത്ര തിടുക്കം കാണിക്കുന്നത്? ഇതിനെയാണ് ഞങ്ങൾ ചോദ്യം ചെയ്യുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു കോളേജിന് ഇത് കൊടുക്കണം. അതു സംബന്ധിച്ച് ഒരു സമവായമുണ്ടാക്കണം. ഈ ധൃതി കാണിക്കുന്നത് കേരളത്തിലെ സ്വകാര്യലോബിക്കുവേണ്ടിയാണ്. ഇതാണ് ഏറ്റവും വലിയ അപകടമെന്ന് ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ട് കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലെ പരിമിതമായ സാമൂഹ്യനീതിപോലും ഇല്ലാതാക്കുകയും തുല്യത കുഴിച്ചുമൂടുകയും ചെയ്യുന്ന ഈ ഓട്ടോണമിയെന്നുപറയുന്ന ഉന്നതവിദ്യാഭ്യാസ മേഖലയിലെ മാരണമായ ഈ ബിൽ തള്ളിക്കളയണമെന്ന് ആവശ്യപ്പെടുകയാണ്. ഞാൻ ഈ ബില്ലിനെ ശക്തമായി എതിർക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ ഈ ബില്ലിനെ ശക്തിയായി എതിർക്കുകയാണ്. ഈ ബില്ലിന്റെ അവതരണവേളയിൽ വികസിത രാജ്യങ്ങളിലൊക്കെ സ്വയംഭരണ കോളേജുകൾ വരുന്ന സാഹചര്യത്തെക്കുറിച്ചും ആ രാജ്യങ്ങളിലുള്ള അതിന്റെ സാധ്യതയെ സംബന്ധിച്ചുമെല്ലാം അങ്ങ് പരാമർശിക്കുകയുണ്ടായി. അതുകൊണ്ട് അതിനെക്കുറിച്ച് ഞാൻ ആവർത്തിക്കുന്നില്ല. ലോകത്ത് എവിടെയും അല്ലെങ്കിൽ രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ സ്വയംഭരണ കോളേജുകൾ ഉണ്ടെന്നതിന്റെ പേരിൽ വളരെ പെട്ടെന്ന് നമ്മുടെ സംസ്ഥാനത്ത്

സ്വയംഭരണ കോളേജുകൾ പരീക്ഷണാർത്ഥം നടപ്പാക്കണമെന്ന് തീരുമാനിക്കുകയാണെങ്കിൽ ഇവിടെ നേരത്തെ സംസാരിച്ച മെമ്പർമാർ ചൂണ്ടിക്കാണിച്ചതുപോലെ സർക്കാർ കോളേജുകളിൽ എന്തുകൊണ്ട് അങ്ങനെ പരീക്ഷണാടിസ്ഥാനത്തിൽ ഇത് തുടക്കം കുറിച്ചു എന്നുള്ളതാണ്. ഇവിടെ ആരംഭിക്കാൻ പോകുന്നതുതന്നെ മഹാഭൂരിപക്ഷം എയ്ഡഡ് കോളേജുകളെ ലക്ഷ്യംവച്ചുകൊണ്ടാണ്. ഇതിൽ നാമമാത്രമായ രണ്ടു കോളേജുകളാണ് സർക്കാർ മേഖലയിലുള്ള കോളേജുകളായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന ആളുകൾക്കെല്ലാം വളരെ വ്യക്തമായി ബോധ്യമാകുന്ന കാര്യമാണ്. സ്വകാര്യമേഖലയോടുള്ള അവരുടെ താല്പര്യ സംരക്ഷണത്തിനുവേണ്ടി സ്വീകരിക്കുന്ന ഒരു ബില്ലാണിത്. അങ്ങനെ ലോകോത്തര നിലവാരത്തിലേയ്ക്ക് ലോകത്താകമാനം ഉള്ളതുപോലെ വികസ്വര രാജ്യങ്ങൾക്ക് സമാനമായ വിധത്തിൽ നമ്മുടെ സംസ്ഥാനത്ത് ഏതെങ്കിലും കോളേജുകൾ ഉയർന്നുവന്നു എന്നുപറയുന്നതിൽ ഒരർത്ഥവും ഇല്ലെന്ന് തോന്നുകയാണ്. ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയുടെ പരിധിയിൽ പെടുന്ന കോളേജുകൾപോലും യു.ജി.സി.-യുടെ നിർദ്ദേശം ഉണ്ടായിട്ടും ഇത് നടപ്പാക്കാൻ തയ്യാറായിട്ടില്ല എന്നു പറയുമ്പോൾ യു.ജി.സി. നിർദ്ദേശമാണോ നമ്മുടെ ഗവൺമെന്റിനെ പ്രേരിപ്പിക്കുന്നത്, മറിച്ച് സ്വകാര്യമേഖലയിലെ വിദ്യാഭ്യാസ കച്ചവടക്കാരുടെ താല്പര്യമാണോ എന്നതിനെക്കുറിച്ച് വളരെ വ്യക്തമായി ആർക്കും ബോധ്യമാകും. ഇവിടെ ഇത് നടപ്പാക്കാൻ പോകുന്ന കാര്യത്തെക്കുറിച്ച് പറയുമ്പോൾ ചൂഷണ വിമുക്തവും സമത്വാധിഷ്ഠിതവും മാതൃകാപരവുമായ ഒരു സമൂഹത്തിൽ പരീക്ഷണാർത്ഥം താല്ക്കാലികമായി നടപ്പാക്കാൻ കഴിയുന്നതാണ് സ്വയംഭരണ കോളേജുകളെന്ന ആശയം എന്നാണ് വളരെ വിദഗ്ദ്ധരായ കമ്മീഷനുകൾ നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. നമ്മുടെ സമൂഹത്തെ, പ്രത്യേകിച്ച് കേരളത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ രണ്ട് ദശാബ്ദകാലമായി വന്നുചേർന്നിട്ടുള്ള പുതിയ സംഭവവികാസങ്ങൾ നമുക്കറിയാം. ഇവിടെ സെൽഫ് ഫൈനാൻസിംഗ് കോളേജ് ആരംഭിച്ചതിനെത്തുടർന്ന് വന്നിട്ടുള്ള വിദ്യാഭ്യാസ നിലവാരത്തകർച്ചയെക്കുറിച്ച് ഒരുപാട് തവണ സഭാവേദിയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഇന്നും അക്കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം നേടി വിദ്യാഭ്യാസം പൂർത്തിയാക്കി പരീക്ഷ നടത്തിക്കഴിയുമ്പോൾ അവിടെ പ്രവേശനം ലഭിച്ചിട്ടുള്ള ആളുകളിൽ 50 ശതമാനംപോലും യോഗ്യത നേടി പുറത്തുവരുന്നില്ല എന്ന അനുഭവമാണ് കാണുന്നത്. അങ്ങനെയുള്ള സെൽഫ് ഫൈനാൻസിംഗ് കോളേജുകളുടെ വരവോടുകൂടി കേരളത്തിന്റെ വിദ്യാഭ്യാസ

രംഗത്ത് ഒരു പുറകോട്ടടി ഉണ്ടായിരിക്കുന്നു. ആ സാഹചര്യത്തിലാണ് ഇവിടെ സ്വയംഭരണാധികാരമുള്ള കോളേജുകൾ, എന്നുപറഞ്ഞാൽ ആർക്കും നിയന്ത്രണാധികാര മില്ലാത്ത നാമമാത്രമായ സർവ്വകലാശാലകളുടെ നിയന്ത്രണങ്ങളെക്കുറിച്ചൊക്കെ ബില്ലിൽ പറയുന്നുണ്ടെങ്കിലും അവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യാനുള്ള അല്ലെങ്കിൽ ബിരുദം നൽകാനുള്ള വളരെ ചുരുങ്ങിയ അധികാരത്തിൽ ഒതുങ്ങുകയാണ് സർവ്വകലാശാലകൾ. എല്ലാ അധികാരങ്ങളും കോളേജുകളുടെ മാനേജ്മെന്റിൽ നിക്ഷിപ്തമാകുകയാണ്. സർക്കാർ കോളേജുകളിലല്ല അത് നടപ്പാക്കുന്നത് എന്നതുകൊണ്ട് അതിന്റെ അപകടം വളരെ വലുതായിരി ക്കുമെന്നതിൽ സംശയമില്ല. ഒട്ടേറെ കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കു കയുണ്ടായി. ദീർഘകാലത്തെ പ്രവർത്തനപരിചയവും അനുഭവവുംകൊണ്ട് സമൂഹത്തിൽ പ്രതിഷ്ഠ നേടിയ ഗുണമേന്മയുള്ള സ്ഥാപനങ്ങളെയാണ് ഓട്ടോണമസ് കോളേജുകൾക്കായി തെരഞ്ഞെടുക്കേണ്ടത്. അങ്ങനെ തെരഞ്ഞെടു ക്കുകയാണെങ്കിൽ കേരളത്തിൽ ഒന്നോ രണ്ടോ മൂന്നോ സർക്കാർ കോളേജുകളെ കണ്ടെത്തി പരീക്ഷണാടിസ്ഥാനത്തിൽ അത് നടപ്പാക്കി സാവകാശം മറ്റ് മേഖലയിലേയ്ക്ക് കടക്കുന്നതിനെക്കുറിച്ച് ചിന്തിച്ചാൽ എന്താണ് കുഴപ്പം? അപ്പോൾ ഈ ഗവൺമെന്റ് നിലനിൽക്കുമ്പോൾത്തന്നെ ഈ നിയമം കൊണ്ടുവരണമെന്നും ഈ ഗവൺമെന്റിന്റെ ലക്ഷ്യം നടപ്പിലാക്കണമെന്നും ഗവൺമെന്റിന്റെയും സ്വകാര്യമേഖലയുടെയും ലക്ഷ്യം പരസ്പര പൂരകമാണെന്നും അത് നടപ്പാക്കാനുള്ള അവകാശം തങ്ങൾക്കുതന്നെ വേണമെന്നുമുള്ള നിർബന്ധബുദ്ധിയാണ് ഇപ്പോൾ ഈ ബിൽ അവതരിപ്പിക്കുകയും പാസ്സാക്കിയെടുക്കാൻ ധൃതി കാണിക്കുകയും ചെയ്യുന്നതിന്റെ ഉദ്ദേശ്യം. അല്ലെങ്കിൽ ഇവിടെ മുമ്പുണ്ടായതുപോലെ ഈ ബില്ലിന്റെ ചർച്ച അവസാനിപ്പിക്കാനും തീർച്ചയായും ഈ ബിൽ മാറ്റിവയ്ക്കാനും കഴിയണമെന്നാണ് ഈ സന്ദരഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. 50 വർഷമെങ്കിലും പ്രവർത്തന പരിചയമുള്ള പ്രശസ്തമായ സ്ഥാപനങ്ങളെ മാത്രമേ ഇത്തരം കാര്യങ്ങൾക്ക് പരിഗണിക്കാവൂ എന്നുള്ളത് സർക്കാർ സ്ഥപാനങ്ങളാ ണെങ്കിലും സർക്കാർ കോളേജുകളാണെങ്കിലും തീർച്ചയായും ആലോചിക്കേണ്ട കാര്യങ്ങളാണ്. ഇപ്പോൾ പറയുന്നത് പത്തുവർഷത്തെ പരിചയം ഉണ്ടായാൽ അതിനെക്കൂടി നമുക്ക് പരിഗണിക്കാമെന്നുള്ളതാണ്. ഇത്തരമൊരു സാഹചര്യത്തിൽ അങ്ങനെ ഒരു നിലപാട് സ്വീകരിക്കുന്നത് സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയെ പുറകോട്ടടിക്കും. ഇന്ന് എത്തിനിൽക്കുന്ന അവസ്ഥയിൽ സെൽഫ് ഫൈനാൻസിംഗ് കോളേജുകളുടെ വരവോടുകൂടി ഉണ്ടായിരുന്നതിൽനിന്നും പുറകോട്ടുപോയ നമ്മുടെ വിദ്യാഭ്യാസ നിലവാരത്തകർച്ച കുറേക്കൂടി ശക്തിപ്പെടുത്താൻ ഇത് വഴിവയ്ക്കുമെന്നതിൽ സംശയമില്ല. വിദ്യാഭ്യാസക്കച്ചവടമാണെങ്കിൽ വളരെ ശക്തിയായി കുതിച്ചുകയറുകയും

ചെയ്യും. സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ആകെ 19 യൂണിവേഴ്സിറ്റികളും അഞ്ഞൂറോളം കോളേജുകളുമുള്ള നമ്മുടെ രാജ്യത്ത് 635-ഓളം വരുന്ന യൂണിവേഴ്സിറ്റികളും 36000-ത്തോളം കോളേജുകളുമുണ്ടെന്നാണ് പറയുന്നത്. അങ്ങനെയുള്ള കോളേജുകളുടെയും യൂണിവേഴ്സിറ്റികളുടെയും ഇടയിൽ നാമമാത്രമായ കോളേജുകൾ മാത്രമാണ് രാജ്യത്താകെ സ്വയംപര്യാപ്തതയുള്ള, സ്വയംഭരണാധികാരമുള്ള കോളേജുകളുടെ പട്ടികയിലേയ്ക്ക് ഇപ്പോൾ വന്നിരിക്കുന്നത്. അതിനുപുറമേ അവിടെ 427-ഓളം സ്വയംഭരണ കോളേജുകളെയും കാണാൻ സാധിക്കും. വളരെ ഉത്തരവാദിത്വത്തോടു കൂടി ഗവൺമെന്റ് ഇതിനെ സമീപിക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ഒരു ബിൽ അവതരിപ്പിച്ചു. അത് എങ്ങനെയെങ്കിലും പാസ്സാക്കി എടുക്കണമെന്നുള്ളതാണ് ലക്ഷ്യമെങ്കിൽ നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അതിനുവേണ്ടി ആദ്യദിവസംതന്നെ തെരഞ്ഞെടുത്തതും ആ ലക്ഷ്യത്തോടുകൂടിതന്നെയാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. സർക്കാരിന് വിദ്യാഭ്യാസ മേഖലയിൽനിന്ന് പിന്മാറണം എന്ന ലക്ഷ്യമുണ്ടെങ്കിൽ അല്ലെങ്കിൽ സർക്കാർതലത്തിലായാലും സംസ്ഥാനതലത്തിലായാലും വിദ്യാഭ്യാസരംഗത്തുനിന്നും സാവധാനം പിന്മാറുന്നതിനു വേണ്ടി സർക്കാർ ബോധപൂർവ്വം നടത്തുന്ന ശ്രമത്തിന്റെ ഭാഗമായിട്ടുവേണം ഇതിനെ കാണാൻ. സർക്കാർ കോളേജുകൾ ആരംഭിക്കേണ്ടതില്ല. വിദ്യാഭ്യാസ ത്തിനുവേണ്ടി സർക്കാർ പണം ചെലവഴിക്കേണ്ട കാര്യമില്ല. പുതിയ കോളേജുകൾ അനുവദിക്കേണ്ട കാര്യമില്ല. എവിടെയും സ്വയംഭരണ കോളേജുകളും കോളേജുകൾക്കാവശ്യമായ കോഴ്സുകളും സർക്കാർ കോളേജുകളിൽപോലും സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ ആരംഭിക്കാനുള്ള സംവിധാനവും എല്ലാം ലക്ഷ്യം വയ്ക്കുന്നത് തീർച്ചയായും ഉത്തരവാദിത്വമുള്ള ഒരു ഗവൺമെന്റ് എന്ന നിലയിൽ, കേന്ദ്രത്തിലായാലും സംസ്ഥാനത്തായാലും വിദ്യാഭ്യാസ മേഖലയിൽനിന്ന് പിന്മാറാൻ പാടില്ലാത്ത നമ്മുടെ രാജ്യത്തെ ഗവൺമെന്റുകൾ അതിൽനിന്ന് പിൻവാങ്ങുകയും അത് സ്വകാര്യമേഖലയെ ഏൽപ്പിക്കുകയും ചെയ്യുന്ന അല്ലെങ്കിൽ പൂർണ്ണമായും അവരുടെ നിയന്ത്രണത്തിൽ വിടുന്നു എന്നതിന്റെ ചുരുക്കമാണ്. കോളേജ് യൂണിയൻ പോലുള്ള ജനാധിപത്യ വേദികൾ സ്വതന്ത്രമായ തെരഞ്ഞെടുപ്പും രാഷ്ട്രീയവും സാംസ്കാരികവുമായ സംവാദങ്ങളും വിമർശനങ്ങളും സമത്വബോധവും സർവ്വോപരി മാനവീയ ചിന്തയും മലയാളിക്ക് പ്രദാനം ചെയ്തത് നമ്മുടെ കോളേജ് ക്യാമ്പസുകളല്ലേ? അതിനെയെല്ലാം പൂർണ്ണമായി നിരാകരിക്കാൻ, അത്തരം പ്രാതിനിധ്യം വിദ്യാർത്ഥികൾക്ക് ലഭ്യമാകാതിരിക്കാൻ, അത്തരം വേദികൾ ഇല്ലാതിരിക്കാൻ, വിദ്യാർത്ഥി പ്രവേശനത്തിന് നടത്തേണ്ട അദ്ധ്യാപക അനദ്ധ്യാപക നിയമനങ്ങൾക്ക്,

പരീക്ഷ നടത്തിപ്പിന്, അവരുടെ വാല്യൂവേഷൻ ഉൾപ്പെടെയുള്ള പരീക്ഷയുടെ എല്ലാ കാര്യങ്ങളും പരിശോധിക്കാൻ സർവ്വാധികാരങ്ങളും നിക്ഷിപ്തമാകുന്ന ഒരു മാനേജ്മെന്റ്, തങ്ങൾ തീരുമാനിക്കുന്നത് മാത്രം കോളേജുകൾ നടപ്പാക്കണമെന്നു പറയുന്ന അവസ്ഥ, അവരുടെ കയ്യിൽ ഈ അവസ്ഥ വന്നാൽ എങ്ങനെയായിരിക്കും? ഈ വിദ്യാർത്ഥികളെ സംബന്ധിച്ച് എന്ത് സുരക്ഷിതത്വമാണ് ഉണ്ടാകുക?

പല കോളേജുകളുടെയും മാനേജ്മെന്റുകൾ വിദ്യാർത്ഥികളോടു സ്വീകരിക്കുന്ന സമീപനങ്ങൾ, പരീക്ഷാനടത്തിപ്പിൽ കാണിക്കുന്ന കാര്യങ്ങൾ തുടങ്ങിയവ ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടു. പ്രതികാര ബുദ്ധിയോടെ അവർ പെരുമാറുന്ന കാര്യങ്ങൾ ഉൾപ്പെടെയുള്ള ഒട്ടേറെ വിഷയങ്ങൾ ചൂണ്ടിക്കാണിച്ചതു കൊണ്ട് അതൊന്നും ഞാൻ ഇവിടെ വീണ്ടും ഉന്നയിക്കാൻ താത്പര്യം കാണിക്കുന്നില്ല. നമ്മുടെ കോളേജ് ക്യാമ്പസ്സുകൾ രണ്ടുപതിറ്റാണ്ട് മുമ്പുണ്ടായിരുന്ന അവസ്ഥയിൽനിന്നും പുറകോട്ട് പോകുവാനുള്ള കാര്യം ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച സെൽഫ് ഫൈനാൻസിംഗ് മേഖല ശക്തിപ്പെട്ടതിന്റെ ഭാഗമായിട്ടാണ്. സ്വയംഭരണ പദവി നേരിടുന്ന സർക്കാർ കോളേജുകളും എയ്ഡഡ് കോളേജുകളും ജനാധിപത്യത്തിനും മതനിരപേക്ഷതയ്ക്കും മാനവികതയ്ക്കും ഇനിയും വലിയ ആഘാതം ഏൽപ്പിക്കും എന്നുള്ളത് ഉറപ്പാണ്. ഇപ്പോഴത്തെ അവസ്ഥയിലാണ് ഇത് നടപ്പാക്കാൻ പോകുന്നതെങ്കിൽ ഈ പറയുന്ന ഏറ്റവും മഹത്തരമായ ആശയങ്ങളെയും ചിന്താഗതികളെയും നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും കോളേജുകളിൽനിന്നും വിദ്യാർത്ഥികളുടെ കൂട്ടായ്മകളിൽനിന്നും വിദ്യാർത്ഥികളെ അകറ്റിനിർത്തുന്ന സമീപനമാണുണ്ടാകാൻ പോകുന്നത്. രാജ്യംതന്നെ അപകടകാരികളുടെ നിയന്ത്രണത്തിലേയ്ക്ക് പോയിരിക്കുന്ന ഒരു പ്രത്യേക സാഹചര്യം നമ്മുടെ മുൻപിലുണ്ട്. അപകടകാരികളായ ശക്തികൾ രാജ്യത്തിന്റെ ഭരണാധികാരം കയ്യേൽക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ രംഗത്തുൾപ്പെടെ അവരുടേതായ താൽപ്പര്യങ്ങൾ നടപ്പാക്കാൻ ശ്രമിക്കുകയും പ്രത്യേകിച്ച് നമ്മുടെ രാജ്യത്തിന്റെ പാരമ്പര്യത്തെയും പൈതൃകത്തെയും ചരിത്രത്തെയും സംസ്കാര ത്തെയുമെല്ലാം വളച്ചൊടിക്കാനും ദുർവ്യാഖ്യാനം ചെയ്യാനും തങ്ങളുടേതായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെ കടന്നുപോകുന്ന നമ്മൾ ഒരു കാര്യം ആലോചിക്കണം, സ്വയംഭരണാധികാരമുള്ള കോളേജുകൾ എന്ന സങ്കൽപ്പം നടപ്പാക്കാൻ ശ്രമിക്കുമ്പോൾ ഏതെല്ലാം ശക്തികൾക്ക് എങ്ങനെയും കടന്നുവരാനുള്ള സാഹചര്യം ഇവിടെ വളർന്നുവരുമെന്ന കാര്യത്തിൽ സംശയമില്ല. ഇന്നത്തെ സാഹചര്യത്തിൽ ഫാസിസ്റ്റുകളുടെയും തീവ്രവാദികളുടെയും കയ്യിൽ രാജ്യം അമരാതിരിക്കാനാവശ്യമായ ജാഗ്രത അനിവാര്യമായിരിക്കുന്ന ഒരു ഘട്ടമാണ്. അത്തരമൊരു ഘട്ടത്തിൽ സ്വതന്ത്രമായൊരു തെരഞ്ഞെടുപ്പും രാഷ്ട്രീയമായ

ചർച്ചയും സാംസ്കാരികമായ ചർച്ചകളുമെല്ലാം നടക്കാനുള്ള വേദികൾതന്നെ ഇല്ലായ്മ ചെയ്യുക എന്ന ഏറ്റവും അപകടകരമായ ഒരവസ്ഥയെക്കുറിച്ചുള്ള ചിന്ത ഇത്തരമൊരു ബിൽ അവതരണവേളയിൽ ബന്ധപ്പെട്ട വകുപ്പിനും ബഹുമാന്യനായ മന്ത്രിക്കും ഉണ്ടാകണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ജനാധിപത്യ ബോധവും മതനിരപേക്ഷതാചിന്തയും മാനവികതയും ശക്തിപ്പെടുത്തുകയാണ് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യം. സ്വയംഭരണ കോളേജുകൾക്ക് ആ നിലയിലേയ്ക്ക് ഉയരാനുള്ള വളർച്ച നമ്മുടെ രാജ്യത്തും നമ്മുടെ സംസ്ഥാനത്തും എത്തിയിട്ടില്ല എന്നുള്ള യാഥാർത്ഥ്യം അംഗീകരിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് കേരളത്തിൽ ഇപ്പോൾ സ്വയംഭരണ കോളേജുകൾക്കുവേണ്ടി തുടക്കം കുറിക്കാൻ, അല്ലെങ്കിൽ സ്വയംഭരണ കോളേജുകൾ നടപ്പാക്കാൻ വേണ്ടിയുള്ള ഗവൺമെന്റിന്റെ നീക്കം അപക്വവും അനവസരത്തിലുള്ളതുമാണെന്ന് ചൂണ്ടിക്കാണിക്കാതിരിക്കാൻ നിർവ്വാഹമില്ല. ഈ സാഹചര്യത്തിൽ തീർച്ചയായും ഗവൺമെന്റിന് അതിൽനിന്നും പുറകോട്ടുപോകുവാനുള്ള സാഹചര്യവും അവസരവുമുണ്ട്. ഇപ്പോഴും അതിനുവേണ്ടി തയ്യാറാകണമെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. വിദ്യാഭ്യാസപരം, ഭരണപരം, സാമ്പത്തികം ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് അക്കാഡമിക് സ്വയംഭരണാവകാശം തന്നെയാണ്. പാഠ്യപദ്ധതി, സിലബസ്, കോഴ്സുകളുടെ ഘടന എന്നീ വിഷയങ്ങളിൽ അന്തിമമായി തീരുമാനങ്ങൾ കൈക്കൊള്ളാനുള്ള അധികാരവും അത്യാവശ്യമാണ്. അക്കാര്യങ്ങളിലൊക്കെത്തന്നെ വളരെ വ്യക്തമായ ഒരു ധാരണ ഉണ്ടാകേണ്ടിയിരിക്കുന്നുവെന്നാണ് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. ഇവിടെ ചൂണ്ടിക്കാണിച്ച ഒരുകാര്യം, ഇത്തരം കോളേജുകളിൽമാത്രം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാർക്ക് ഷീറ്റ് വളരെ പെട്ടെന്ന് ലഭിക്കുന്നു. അവരുടെ സർട്ടിഫിക്കറ്റ് കിട്ടുന്നു. കഴിഞ്ഞ സന്ദർഭത്തിൽ ചർച്ച ചെയ്യപ്പെട്ട കാര്യമാണ്. നമ്മുടെ നിലവിലുള്ള സർവ്വകലാശാലകളിൽ പരീക്ഷ നടത്തി വർഷങ്ങൾ കഴിഞ്ഞാലും സർട്ടിഫിക്കറ്റുകൾ ലഭ്യമല്ലാത്ത സാഹചര്യമുണ്ട്. ഇവിടെനിന്ന് ഡിഗ്രി നേടിയ വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിൽപോയി പി.ജി. എടുത്ത് അവിടെനിന്നും സർട്ടിഫിക്കറ്റ് വാങ്ങിവരുമ്പോഴും അവരോടൊപ്പം പഠിച്ച വിദ്യാർത്ഥികൾ പരീക്ഷ കഴിഞ്ഞ് മാസങ്ങളായി, വർഷങ്ങളായി സർട്ടിഫിക്കറ്റിനു വേണ്ടി കാത്തുനിൽക്കുന്ന ദുരവസ്ഥ ഇവിടെ തുടരുകയാണ്. അത്തരമൊരു സാഹചര്യത്തിൽ കേരളത്തിലെ മറ്റ് സർവ്വകാലശാലകൾക്കുംകൂടി ബാധകമാകുന്ന വിധത്തിൽ, പരീക്ഷ എഴുതിക്കഴിഞ്ഞാൽ, ഉത്തരക്കടലാസുകളുടെ valuation-നു വേണ്ടി നിശ്ചയിക്കുന്ന സമയ പരിധിക്കകത്ത് വിദ്യാർത്ഥികൾക്ക് അവരുടെ മാർക്ക്ലിസ്റ്റ് സർട്ടിഫിക്കറ്റുൾപ്പെടെ ലഭ്യമാക്കാനാവശ്യമായ സംവിധാനമുണ്ടാക്കുമെന്ന് ഉറപ്പുവരുത്താൻകൂടി നമ്മുടെ ഗവൺമെന്റിന് കഴിയണം. നാമമാത്രമായി വരാൻ പോകുന്ന സ്വയംഭരണാധികാരമുള്ള കേളേജുകളിലെ വിദ്യാർത്ഥികൾക്ക് ഇത്തരമൊരു

പ്രത്യേക പരിഗണന ഈ ബില്ലിലൂടെ നിർദ്ദേശിക്കുമ്പോൾ നമ്മുടെ വിദ്യാർത്ഥികളെ മുഴുവനും അങ്ങോട്ടാകർഷിക്കുക എന്നുള്ളതല്ലാതെ മറ്റെന്താണ് അതുകൊണ്ടുദ്ദേശിക്കുന്നത് എന്നുപറയാൻ ബഹുമാനപ്പെട്ട മന്ത്രി തീർച്ചയായും തയ്യാറാകുമെന്ന് കരുതുകയാണ്. അതല്ലെങ്കിൽ അവിടെമാത്രം 45 ദിവസംകൊണ്ട് സർട്ടിഫിക്കറ്റ് നൽകുമെന്ന് പറയേണ്ട കാര്യമില്ല. ഇതിനെല്ലാമുള്ള ഉത്തരവാദിത്വം സർക്കാരിൽ നിക്ഷിപ്ത മാണെങ്കിൽ നമ്മുടെ ഗവൺമെന്റ് മുഴുവൻ വിദ്യാർത്ഥികളുടെ കാര്യത്തിലും ഈ തീരുമാനമുണ്ടാക്കണം എന്നതാണ് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. ചുരുക്കിപ്പറഞ്ഞാൽ സ്വയംഭരണാധികാരമുള്ള കോളേജുകൾ നടപ്പാക്കാൻ കേരള സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യം അനുയോജ്യമല്ല. അതുകൊണ്ടാണ് ചൂണ്ടിക്കാണിച്ചത്. അപക്വവും അനവസരത്തിലുമുള്ള തീരുമാനമാണ്. ലോകത്തെവിടെയോ, വികസിത രാജ്യങ്ങൾ നടപ്പാക്കുന്നു എന്നുപറയുന്ന പരിഷ്കാരം അതേപടി ഇവിടെ കെട്ടിയേൽപ്പിക്കാൻ തീരുമാനിക്കുന്നു എന്നുള്ളത് ഇവിടത്തെ വിദ്യാഭ്യാസ കച്ചവടക്കാരോടുള്ള ഗവൺമെന്റിന്റെ താൽപ്പര്യം ഒന്നുകൊണ്ടല്ലാതെ വിദ്യാഭ്യാസ മേഖലയോടോ, വിദ്യാർത്ഥി സമൂഹത്തോടോ, രക്ഷകർത്താക്കളോടോ, കേരളീയ സമൂഹത്തോടോ ഉള്ള താൽപ്പര്യംകൊണ്ടല്ല എന്ന ഉത്തമബോദ്ധ്യമാണ് എനിക്കുള്ളത്. ഈ സാഹചര്യത്തിൽ ഇത്തരമൊരു ബില്ല് അവതരിപ്പിച്ച് പാസ്സാക്കിയെടുക്കാൻ ശ്രമിക്കുന്നതിൽനിന്നും പിന്തിരിയണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനെതിരെയുള്ള ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ സർവ്വകലാശാലാ നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇത് ചരിത്രപരമായ ഒരു നിയമനിർമ്മാണമാണ്. ഒരുപാട് നല്ല നിയമനിർമ്മാണങ്ങൾക്ക് സാക്ഷ്യംവഹിച്ച ഈ നിയമസഭയിൽ ഈ നിയമത്തെ പിന്തുണച്ചുകൊണ്ട് സംസാരിക്കാൻ കഴിഞ്ഞതിൽ ഒരു സാമാജികൻ എന്നുള്ള നിലയിൽ വളരെ സന്തോഷമുണ്ട്. ഇരട്ടത്താപ്പുകൾക്കപ്പുറത്ത് ഒരു ക്ലാരിറ്റി ഉണ്ടാകേണ്ടത് ആവശ്യമാണ്. ഞാൻ നേരത്തെ ഇടപെട്ട് പറഞ്ഞപ്പോൾ സൂചിപ്പിച്ചു. നിങ്ങൾ ഇപ്പോൾ ഇതിനെ എതിർക്കുമെങ്കിലും പ്രീ-ഡിഗ്രി ബോർഡിനെ എതിർത്ത് പ്ലസ് ടു കൊണ്ടുവന്നതുപോലെ നിങ്ങൾ സ്വാശ്രയ കോളേജുകളെ എതിർത്ത് പിന്നീട് സ്വാശ്രയ കോളേജ് മുതലാളിമാരെ സ്ഥാനാർത്ഥികളാക്കുന്നവരുമൊക്കെയായി മാറിയതുപോലെ 25 കൊല്ലം കഴിഞ്ഞ് ആട്ടോണമസ് കോളേജിന്റെ അപ്പോസ്തലന്മാരായി മാറുന്നതുവരെ കാത്തിരിക്കാൻ ഞങ്ങൾക്ക് കഴിയില്ല എന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ഇപ്പോൾത്തന്നെ

കൃത്യമായി, വ്യക്തതയോടുകൂടി ഈ നിയമം സഭയിൽ കൊണ്ടുവരുന്നത്. പൊതുവിദ്യാഭ്യാസ രംഗത്ത് ഒരുപാട് മുന്നിൽപോയ സംസ്ഥാനമാണ് നമ്മുടേത്, സാക്ഷരതയിലും ഒരുപാട് മുന്നിൽപോയ സംസ്ഥാനമാണ്. ക്രൈസ്തവ മിഷനറിമാരുടെ പാരമ്പര്യം, തിരുവിതാംകൂർ രാജാക്കന്മാർ നടത്തിയ പ്രവർത്തനങ്ങൾ, ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സടക്കമുള്ള പാർട്ടികൾ വഹിച്ച പങ്ക്, കേരളത്തിലെ സി.പി.ഐ (എം) അടക്കമുള്ള കമ്മ്യൂണിസ്റ്റ് പാർട്ടികൾ, പുരോഗമന പ്രസ്ഥാനങ്ങൾ, നവോത്ഥാന നായകർ നടത്തിയ സാമൂഹിക മുന്നേറ്റങ്ങൾ എല്ലാംതന്നെ കേരളത്തിൽ വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന് കാരണമായിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. അത് ആരും നിരാകരിക്കുന്നില്ല, നിഷേധിക്കുന്നില്ല. പക്ഷെ ഉന്നത വിദ്യാഭ്യാസ ഗുണനിലവാരത്തിന്റെ കാര്യത്തിൽ നമ്മൾ സത്യസന്ധമായ വിലയിരുത്തലിനും പരിശോധനയ്ക്കും തയ്യാറായിട്ടുണ്ടോ? ഇന്ത്യയിൽ ഏറ്റവും മികച്ച 10 കോളേജുകളുടെ ലിസ്റ്റ് എല്ലാവർഷവും പുറത്തുവിടാറുണ്ട്. കേരളത്തിൽനിന്ന് ഒരു കോളേജുപോലും ആ ലിസ്റ്റിൽ ഇല്ല. നമ്മൾ രണ്ടുകൂട്ടരും അഞ്ചുവർഷം കൂടുമ്പോൾ ഇവിടെ അധികാരത്തിലിരുന്നവരാണ്. ഉന്നതവിദ്യാഭ്യാസ ഗുണനിലവാരത്തിന്റെ കാര്യത്തിൽ, നമ്മുടെ സർവ്വകലാശാലകളുടെ R & D മെച്ചപ്പെടുത്തുന്ന കാര്യത്തിൽ നമുക്ക് കാര്യമായ ഒരു സംഭാവനയും വരുത്താൻ കഴിഞ്ഞിട്ടില്ല. നമ്മുടെ R & D പരിശോധിക്കൂ. കേരള സർവ്വകലാശാലയ്ക്ക് എത്ര പേറ്റന്റ് ഉണ്ട്, എം.ജി. സർവ്വകലാശാലയ്ക്ക് എത്ര പേറ്റന്റ് ഉണ്ട്, കോഴിക്കോട് സർവ്വകലാശാലയ്ക്ക് എത്ര പേറ്റന്റ് ഉണ്ട്? ഒരു സർവ്വകലാശാലയുടെ R & D വിലയിരുത്തപ്പെടേണ്ടത് ആ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുള്ള പേറ്റന്റുകളുടെ അടിസ്ഥാനത്തിൽ കൂടിയാണെങ്കിൽ പരമദയനീയമാണ് നമ്മുടെ സ്ഥിതി. വൈസ് ചാൻസലർമാരുടെ കാര്യം പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. വൈസ് ചാൻസലർമാരുടെ കാര്യത്തിലും മുൻപുണ്ടായിരുന്ന നിലവാരം ഇപ്പോൾ ഇല്ല. ആൽബർട്ട് ഐൻസ്റ്റീനോട് സർ. സി. പി. രാമസ്വാമി അയ്യർ ചോദിച്ചു, കേരള സർവ്വകാലാശാലയിലെ വി.സി. ആകാമോ എന്ന്. സർ. സി.പി. രാമസ്വാമി അയ്യരുടെ അതിബുദ്ധികൂടിയായിരുന്നു അത്. കാരണം ആൽബർട്ട് ഐൻസ്റ്റീൻ വന്ന് വി.സി. ആകും എന്നുകരുതിയിട്ടല്ല. ആൽബർട്ട് ഐൻസ്റ്റീന്റെ നിലവാരത്തിലുള്ള ഒരാളെയാണ് ഞാൻ വി.സി. ആക്കാൻ ആഗ്രഹിക്കുന്നത്, അതുകൊണ്ട് അല്ലാത്തവർ എന്റടുത്തേയ്ക്ക് വരണ്ട എന്നുള്ളൊരു മെസേജ് കൊടുക്കുകയായിരുന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ മന്ത്രിസഭയിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ജോൺ മത്തായി ഇവിടെ വൈസ്ചാൻസലറായി. ഞങ്ങളെ മാത്രം അധിക്ഷേപിക്കേണ്ട കാര്യമൊന്നുമില്ല. ഞാൻ പറഞ്ഞല്ലോ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുണ്ടായിരുന്ന ഒരാൾ കേരളത്തിലെ ഒരു

സർവ്വകലാശാലയുടെ വൈസ്ചാൻസലറായി മാറി. പേഴ്സണൽ സ്റ്റാഫിനെ വി.സി. ആക്കിയത് ശരിയാണോ എന്നുചോദിച്ചപ്പോൾ യോഗ്യതയുണ്ടായി പ്പോയതിന് എന്താണ് കുഴപ്പം എന്നാണ് അന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നോട് ചോദിച്ചത്. കാര്യവട്ടം യൂണിവേഴ്സിറ്റിയിൽ ഒരു ഇന്റർനാഷണൽ സെമിനാർ നടന്നു. അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. എം. എ. ബേബി സംഘടിപ്പിച്ചതാണ്. അത് കേൾക്കാൻവേണ്ടി വിദ്യാഭ്യാസ താൽപ്പര്യമുള്ളൊരാൾ എന്ന നിലയിൽ അവിടെ ചെല്ലുമ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പി.എസ്. ഇന്റർനാഷണൽ കോൺഫറൻസിൽ പ്രബന്ധം അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ നിയമസഭയിൽവന്ന് എന്റെ ഒരു സഹപ്രവർത്തകനോട് ഇക്കാര്യം പറഞ്ഞപ്പോൾ ഗൺമാൻ സുരക്ഷയെക്കുറിച്ച് പ്രബന്ധം അവതരിപ്പിക്കാതിരുന്നത് ഭാഗ്യമായി എന്നാണ് അദ്ദേഹം പറഞ്ഞത്. മന്ത്രിയുടെ ഗൺമാൻ സുരക്ഷയെക്കുറിച്ച് ഒരു പ്രബന്ധം അവതരിപ്പിക്കുന്ന സമീപനം സ്വീകരിച്ചിട്ടുണ്ട്. അപ്പുറത്തും ഇപ്പുറത്തുമുള്ളവർ അക്കാര്യങ്ങളിൽ കുറ്റകരമായ അനാസ്ഥ സ്വീകരിച്ചിട്ടുണ്ട്. പക്ഷെ ഇനി അതുമാത്രം പറഞ്ഞിരുന്നിട്ട് കാര്യമില്ല.

[4.00 PM]

ഓട്ടോണമി കേരളത്തിലും രാജ്യത്ത് മൊത്തത്തിൽ ചർച്ചയായത് ഒരുപാട് കാലങ്ങൾക്കുമുമ്പാണ്. ഡോ. എൻ. ആർ. മാധവമേനോനെ അദ്ധ്യക്ഷനാക്കിക്കൊണ്ട് ഈ ഗവൺമെന്റ് ഒരു പഠനം നടത്തി. ആ പഠനം വെറുതെ നടത്തിയതല്ല, ഒരു കൊല്ലക്കാലം അക്കാഡമിക് സെക്ടറിലുള്ള ആളുകളുമായി സെമിനാറുകളും ചർച്ചകളും കൂടിക്കാഴ്ചകളും നടത്തുകയുണ്ടായി. ഡോ. എൻ. ആർ. മാധവമേനോന്റെ അഭിപ്രായത്തിൽ it is a carefully crafted, properly supervised and responsibly administered process to offer chances to individual colleges to show their potential for academic excellence." അതിന്റെ രത്നച്ചുരുക്കം ഇത്രയേയുള്ളൂ. "സർവ്വകലാശാലകളുടെ അഫിലിയേറ്റഡ് സംവിധാനത്തിൽ ഞെരുങ്ങിയമർന്ന് ഇൻഡിവിഡ്വൽ പൊട്ടൻഷ്യലുള്ള കോളേജുകൾക്ക് പെർഫോം ചെയ്യാനുള്ള അവസരമില്ല. അവർക്ക് അതിനുള്ള അവസരം കൊടുക്കുന്നതാണ് ഈ അക്കാഡമിക് ഓട്ടോണമി (സ്വയംഭരണം)" എന്നുപറയുന്നത്. അക്കാര്യത്തിൽ ഞങ്ങൾക്ക് കൃത്യതയുണ്ട്. ഇത് കേരളത്തിൽ മാത്രമാണോ ഉള്ളത്? 19 സംസ്ഥാനങ്ങളിലായി 420 കോളേജുകൾ ഇന്ന് ഓട്ടോണമസ് കോളേജുകളാണ്. ഈ കോളേജുകൾ തുടങ്ങിയ ഒരു സംസ്ഥാനത്തും അഭിപ്രായവ്യത്യാസ ങ്ങളില്ലല്ലോ? ഇന്ന് 79 യൂണിവേഴ്സിറ്റികളിൽ ഓട്ടോണമസ് കോളേജുകൾ പ്രവർത്തിക്കുന്നു. അപ്പോൾ കൂടുതൽ സ്വാതന്ത്ര്യത്തോടുകൂടി ലോകത്ത് വിദ്യാഭ്യാസത്തിനുണ്ടാകുന്ന മാറ്റങ്ങളെ ഉൾക്കൊള്ളുവാൻ കലാലയങ്ങൾക്ക് അക്കാഡമിക് ഓട്ടോണമി അനുവാദം കൊടുക്കുന്നു. ഉന്നത വിദ്യാഭ്യാസത്തെ

സംബന്ധിച്ച 11th Plan-ൽ profile of U.G.C. document-ൽ ഇങ്ങനെ പറയുന്നു, 'The only safe and better way to improve the quality of under graduate education is to delink most of the colleges with Academic and Operative freedom are doing better and have more credibility'. കോത്താരി കമ്മീഷനെ നമ്മൾ എല്ലായിടത്തും ഉദ്ധരിക്കാറുണ്ട്. പക്ഷെ ഓട്ടോണമസ് കോളേജിന്റെ കാര്യം പറയുമ്പോൾ കോത്താരി കമ്മീഷൻ പറയുന്നത് അംഗീകരിക്കണ്ടേ? Kothari Commission - 1964-66 - പേജ് 286-ൽ പറയുന്നു "We should like to refer to the question of autonomous colleges which has been under discussion for many years where there is an outstanding college within a large University, which has shown the capacity to improve itself markedly, consideration should be given to granting it an autonomous status." അങ്ങനെയുള്ള കോളേജിന് അതിനുള്ള അംഗീകാരവും പദവിയും കൊടുക്കണമെന്ന് 1966-ൽ കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടെങ്കിലും 1978-ലാണ് അത് യാഥാർത്ഥ്യമായത്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: വൈസ് ചാൻസലറുടെ നിയമനത്തെക്കുറിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറഞ്ഞു. ഈ വിഷയത്തെ സംബന്ധിച്ചല്ല, അങ്ങ് പറഞ്ഞ കാര്യം ഞാൻ കേട്ടുകൊണ്ടുവന്നതാണ്. വൈസ് ചാൻസലറായി നിയമിച്ചയാൾ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നത് കുറ്റമാണോ എന്ന് ചോദിച്ചുവെന്ന്. ഗാന്ധി യൂണിവേഴ്സിറ്റിയിൽ ഫോട്ടോസ്റ്റാറ്റ് എടുത്തുകൊണ്ടിരുന്ന ഒരാൾ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ആയിട്ടുണ്ട്. അദ്ദേഹം വൈസ് ചാൻസലറായാൽ അത്ഭുതപ്പെടാനുണ്ടോ? ബഹുമാനപ്പെട്ട അംഗം ഇക്കാര്യത്തെ സംബന്ധിച്ച് എന്തുപറയുന്നു?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: ഒരു മൃതശരീരത്തിനും ഒരിക്കൽ രക്ഷയില്ലായിരുന്നു. കാരണം പ്രധാനപ്പെട്ട ഒരാൾ മരിച്ചുകഴിഞ്ഞാൽ ആ ആളുടെ മക്കൾക്ക്പോലും ആ മൃതശരീരത്തിന് അടുത്തുനിൽക്കാൻ കഴിയില്ലായിരുന്നു. കാരണം ആ മന്ത്രിക്ക് സാംസ്കാരിക വകുപ്പിന്റെ കൂടി ചുമതലയുണ്ടായിരുന്നതുകാരണം. കടമ്മനിട്ട രാമകൃഷ്ണൻ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ മകന് മൃതശരീരം വിട്ടുകിട്ടാൻവേണ്ടി വളരെ പ്രയാസപ്പെടേണ്ടിവന്നു. ഉദ്ദേശിച്ച ആളിനെ മനസ്സിലായതുകൊണ്ടാണ് ഞാൻ കാര്യം പറഞ്ഞത്. അത്തരം പ്രവർത്തനങ്ങളൊക്കെ ഇവിടെ ഉണ്ടായിട്ടുണ്ട്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: ഞാൻ ഉദ്ദേശിച്ചത്, ഗാന്ധി യൂണിവേഴ്സിറ്റിയിൽ ഫോട്ടോസ്റ്റാറ്റ് എടുത്തിരുന്ന ഒരാൾ ഇപ്പോൾ ഒരു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയാണ്. അദ്ദേഹം ഒരു വൈസ് ചാൻസലറായാൽ അതിൽ അത്ഭുതമുണ്ടോയെന്നാണ് ഞാൻ ചോദിച്ചത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: ഗാന്ധി യൂണിവേഴ്സിറ്റിയിൽ ഇതുപോലെയുള്ള ജോലി ചെയ്തിരുന്ന ഒരാൾ, ഒരു മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്നതായി അറിയാവുന്ന ഓർമ്മയിലാണ് ഞാൻ പറഞ്ഞത്. അങ്ങ് പറഞ്ഞ ആളെ എനിക്ക് ഓർമ്മയും പരിചയവും ഇല്ല. പേഴ്സണലായി കാണുമ്പോൾ പറഞ്ഞുതന്നാൽ മതിയാകും.

1978-79 കാലഘട്ടത്തിൽ University of Madras-ൽ അഫിലിയേറ്റ് ചെയ്ത എട്ട് കോളേജുകൾക്ക് അന്ന് ഓട്ടോണമസ് പദവി ലഭിക്കുകയുണ്ടായി. ഞാൻ ഒരു കാര്യം ചോദിക്കട്ടെ; ഓട്ടോണമി എന്നുപറയുന്ന വിഷയത്തിൽ ഇടതുപക്ഷത്തിനൊരു നയം വേണ്ടേ? ശ്രീ. എ. പ്രദീപ് കുമാർ, ശ്രീ. റ്റി. വി. രാജേഷ് മുതലായ പ്രസംഗിച്ച ആളുകളെല്ലാം വിമർശിച്ചു. ഓട്ടോണമസ് കോളേജ് എന്നുപറഞ്ഞാൽ തൊട്ടുകൂടാത്ത, അവർണ്ണരേയും സവർണ്ണരേയും പോലെ സമൂഹത്തെ മാറ്റുന്ന ഒന്നാണെന്നാണ് ഡോ. കെ. ടി. ജലീൽ പറഞ്ഞത്. പശ്ചിമ ബംഗാളിൽ എട്ട് കോളേജുകൾ ഓട്ടോണമസ് കോളേജുകളാണ്. കൊൽക്കത്താ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള മൂന്നു കോളേജുകൾ ഓട്ടോണമസ് കോളേജുകളാണ്. അങ്ങനെയാണെങ്കിൽ ഇവർക്കൊരു നയം വേണ്ടേ? കമ്മ്യൂണിസ്റ്റ് പാർട്ടി എന്നുപറഞ്ഞാൽ ഇന്റർനാഷണൽ അല്ലേ? ദേശീയംപോലും അല്ലല്ലോ? ഞങ്ങൾ ദേശീയമാണ്. നിങ്ങൾ ഇന്റർനാഷണലാണ്. ഇന്റർനാഷണൽ കാഴ്ചപ്പാടുള്ള അന്തർദ്ദേശീയ രാഷ്ട്രീയം ഉൾക്കൊള്ളുന്ന ഒരു പാർട്ടി പശ്ചിമ ബംഗാളിൽ ഓട്ടോണമസ് കോളേജുകൾ തുടങ്ങുകയും അംഗീകരിക്കുകയും ചെയ്യും. കേരളത്തിൽ വരുമ്പോൾ അത് അവർണ്ണരെ സൃഷ്ടിക്കുന്നതാണെന്ന് പറയുമ്പോൾ അക്കാര്യത്തിൽ ഞങ്ങൾക്ക് ഒരു ക്ലാരിറ്റി പറഞ്ഞുതന്നാൽ നന്നായിരിക്കും. എതിർക്കുകയാണെങ്കിൽ നിങ്ങൾ എല്ലായിടത്തും എതിർക്കണം. പശ്ചിമബംഗാളിൽ അനുവദിക്കുകയും കേരളത്തിൽ എതിർക്കുകയും ചെയ്യുന്ന രാഷ്ട്രീയം വ്യക്തമാകുന്നില്ല. ഇവിടെ അഫിലിയേഷൻ സിസ്റ്റം നിലവിൽവന്ന കാലത്ത് വളരെക്കുറച്ച് കോളേജുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. വളരെക്കുറച്ച് കോളേജുകൾ മാത്രം ഉണ്ടായിരുന്ന യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റഡ് സിസ്റ്റം അന്ന് കുഴപ്പമില്ലാതെ പോയി. ഇന്ന് സ്വാശ്രയ കോളേജുകളും എയ്ഡഡ് കോളേജുകളും എല്ലാമായി ഇത്രയധികം കോളേജുകളുള്ള ഒരു കാലത്ത് അഫിലിയേറ്റഡ് സിസ്റ്റത്തിന് സർവ്വകലാശാലയിൽ അക്കാഡമിക്ക് തലത്തിൽ കാര്യമായ ഒരു മാറ്റവും മുന്നേറ്റവും ഉണ്ടാക്കാൻ കഴിയുന്നില്ല. Committee on Standards of University Education, 1965 - Prof. S. K. Sidhanantha, ഈ അഫിലിയേറ്റഡ് സിസ്റ്റത്തിന്റെ പോരായ്മകളെ ഇങ്ങനെ നിരീക്ഷിക്കുകയുണ്ടായി. “In an affiliating system, the weak colleges tend to determine the policy of the University with regard to the Course of study, teaching requirements, examination etc. The good

colleges which are capable of rising too much higher standards are consequently not allowed to do so. Unless these colleges which can do better than the rest are permitted to go ahead with their plans were more raising and more improving their academic programmes. They will not be in a position to hold on to their superior standards infinitely." ഇതാണ് ഞാൻ അത് ആവർത്തിച്ച പറയുന്നത് കഴിവുള്ള കോളേജുകൾക്ക് ഈ അഫിലിയേറ്റഡ് സിസ്റ്റം മികവ് പ്രകടിപ്പിക്കാനുള്ള അവസരം നൽകുന്നില്ല. അതുകൊണ്ടാണ് അഫിലിയേറ്റ് സിസ്റ്റത്തിൽനിന്ന് മാറി കുറച്ച കോളേജുകൾക്ക് പെർഫോം ചെയ്യാനുള്ള അവസരം നമ്മൾ കൊടുക്കുന്നത്. അവർക്ക് അക്കാഡമിക് ഇന്നവേഷൻസും എക്സ്പെരിമെന്റ്സും നടത്താനുള്ള സ്വാതന്ത്ര്യം നമ്മൾ കൊടുക്കുകയാണ്. ഞാൻ ഒന്നുകൂടി ക്വാട്ട് ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് ഗൗരവമായ ഒരു ചർച്ച, ഒരു റിപ്പോർട്ട് വന്നത് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ്, ഞങ്ങളുടെ കാലത്തല്ല. എന്റെ ഓർമ്മ ശരിയാണെങ്കിൽ 1987-ൽ, ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ഡോ. കെ. എം. ഗോപാലൻ അദ്ധ്യക്ഷനായ ഒരു സമിതിയാണ് കേരളത്തിൽ ഓട്ടോണമസ് കോളേജ് വേണമെന്ന് ആദ്യമായി സർക്കാരിന് ഒരു റിപ്പോർട്ട് കൊടുത്തത്. അതിനുശേഷം 1999-ൽ, അന്നും എൽ.ഡി.എഫ്. ഗവൺമെന്റാണ്. അന്ന് നിങ്ങളുടെ പ്രഗത്ഭനായ വിദ്യാഭ്യാസ വിചക്ഷണൻ ഡോ. കെ. കെ. എൻ. കുറുപ്പ് അദ്ധ്യക്ഷനായ ഒരു സമിതിയും കേരളത്തിൽ ഓട്ടോണമസ് കോളേജുകൾ വേണമെന്നുപറഞ്ഞു. ഡോ. കെ. കെ. എൻ. കുറുപ്പും ഡോ. കെ. എം. ഗോപാലനും കേരളത്തിൽ ഓട്ടോണമസ് കോളേജുകൾ ആരംഭിക്കണമെന്ന് പറഞ്ഞു. നിങ്ങളുടെ ആളുകൾതന്നെ കൊടുത്ത റിപ്പോർട്ടുകൾ ഈ ഗവൺമെന്റിന്റെ കയ്യിലും നിയമസഭയിലുമുണ്ട്. ഗവൺമെന്റ് ഒരു കണ്ടിന്യുവസ് പ്രോസസ്സ് ആണ്. അതിന്റെയടിസ്ഥാനത്തിൽ ഓട്ടോണമസ് കോളേജുകൾ വരുന്നതിനെ ഒരു സുപ്രഭാതത്തിൽ നിങ്ങളെങ്ങനെയാണ് എതിർക്കുന്നത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഞാൻ ഡോ. കെ. കെ. എൻ. കുറുപ്പിനേയും ഡോ. കെ. എം. ഗോപാലനേയും കുറിച്ച് പറഞ്ഞു. ഇവരൊക്കെ പഴയ ആളുകളാണ്. ചങ്ങനാശ്ശേരിയിൽ ശ്രീ. സി. എഫ്. തോമസിനെതിരെ മത്സരിച്ച ഡോ. ബി. ഇക്ബാൽ, അറിയപ്പെടുന്ന ഇടതുപക്ഷ വിദ്യാഭ്യാസ വിചക്ഷണനും ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ നേതാവുമായിരുന്ന അദ്ദേഹം ഓട്ടോണമിയെക്കുറിച്ച് പറഞ്ഞതെന്താണ്; അദ്ദേഹത്തിന്റെ ലേഖനം മുഴുവൻ വായിക്കാൻ സമയമില്ല. എന്നാലും സമയം എനിക്ക് ആവശ്യമാണ്. ആറേഴ് പേർ ഈ ബില്ലിനെ എതിർത്ത് സംസാരിച്ചപ്പോൾ ഞാൻ ഒരാൾ മാത്രമാണ് ഭരണപക്ഷത്ത് ഇതിനെ അനുകൂലിക്കാനും ഈ ആശയക്കുഴപ്പങ്ങൾ ശരിയല്ലായെന്ന് പറയാനുമുള്ളത്. അതുകൊണ്ട് അതിനുള്ള സമയം മാത്രം എനിക്ക് മതി. ഈ വിഷയത്തിൽ

നിന്നുമാത്രമേ ഞാൻ സംസാരിക്കുകയുള്ളൂ. ഈ വിഷയം വിട്ട് വേറെയൊന്നും ഞാൻ സംസാരിക്കില്ല.

അദ്ദേഹം പറഞ്ഞു, "Even while we consider the limited success or failure of the autonomous college experiment still a strong case can be made for the concept of academic autonomy to teachers and institutions for the following reason" എന്നുപറഞ്ഞുകൊണ്ട് ഡോ. ബി. ഇക്ബാൽ ഓട്ടോണമസ് കോളേജ് തുടങ്ങേണ്ട ആവശ്യകതയെക്കുറിച്ച് വളരെ വിശദമായി പ്രതിപാദിക്കുകയാണ്. സമയക്കുറവുകൊണ്ടാണ് എനിക്ക് അത് പറയാൻ കഴിയാത്തത്. അദ്ദേഹം തന്നെ പറയുകയാണ്, " It is generally agreed that in Kerala, there is an academic stagnation within the University system and the affiliated colleges with the result that the academic standards and employability of our graduates are coming down day by day." കേരള യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായിരുന്നതിന്റെ അനുഭവത്തിൽ നിന്നുകൊണ്ടാണ് അദ്ദേഹം പറയുന്നത്. ഇടതുപക്ഷ പ്രത്യയശാസ്ത്രത്തെ ഉൾക്കൊള്ളുന്ന ഡോ. ബി. ഇക്ബാൽ പറയുകയാണ്, ഈ അഫിലിയേറ്റഡ് സിസ്റ്റം നമ്മുടെ കോളേജുകളിലെ അക്കാഡമിക് സ്റ്റാൻഡേർഡ്സ് അനുദിനം ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ് എന്നാണ്. അതുകൊണ്ടാണ് ഞാൻ അക്കാഡമിക് ഓട്ടോണമിയെ ഓരോ കാര്യങ്ങൾ ഒന്ന്,രണ്ട്,മൂന്ന്,നാല് എന്ന് അക്കമിട്ട് പറഞ്ഞുകൊണ്ട് അനുകൂലിക്കുന്നതെന്ന് ശ്രീ.പി. സി. വിഷ്ണുനാഥ് പറഞ്ഞാലും ശ്രീ. പി. കെ. അബ്ദു റബ്ബ് പറഞ്ഞാലും മനസ്സിലായില്ലെങ്കിൽ ഡോ. ബി. ഇക്ബാൽ പറയുന്നതിനെയെങ്കിലും നിങ്ങൾ ഉൾക്കൊള്ളുണ്ടേ; അദ്ദേഹം പറഞ്ഞിനെ ഉൾക്കൊണ്ടാൽ മതി, എന്നെ ഉൾക്കൊള്ളണ്ട, മുഖ്യമന്ത്രിയെ ഉൾക്കൊള്ളണ്ട. അതുകൊണ്ട് ഞാൻ പറയുന്നു; നിങ്ങൾക്ക് ഇക്കാര്യത്തിൽ ഇരട്ടത്താപ്പുണ്ട്. ആ ഇരട്ടത്താപ്പ് മനസ്സിലാകണമെങ്കിൽ നിങ്ങൾ ഇവിടെ പറഞ്ഞ ചില കാര്യങ്ങൾ ഞാൻ ആവർത്തിക്കുകയാണ്. ഓട്ടോണമസ് കോളേജ് വന്നാൽ കോപ്പിയടി ഉണ്ടാകുമെന്നാണ് നിങ്ങൾ പറയുന്നത്. അതിന് ഉദാഹരണമായി ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞത് തിരുവനന്തപുരത്ത് ഒരു കോളേജിൽ കൂട്ടകോപ്പിയടി നടന്നു എന്നാണ്. ആ കോളേജ് ഓട്ടോണമസ് കോളേജല്ല. അപ്പോൾ നിങ്ങളുടെ വാദം പൊളിയുകയല്ലേ? അഫിലിയേറ്റിംഗ് സിസ്റ്റത്തിലുള്ള തിരുവനന്തപുരത്തെ ശ്രീ.എ.റ്റി. ജോർജിന്റെ നിയോജക മണ്ഡലത്തിലെ ഒരു കോളേജിൽ കൂട്ടകോപ്പിയടി നടന്നു. കേരള യൂണിവേഴ്സിറ്റി അത് കണ്ടുപിടിച്ചു. കോളേജിന്റെ പേരുപറഞ്ഞ് ആ സ്ഥാപനത്തെ അപമാനിക്കുന്നില്ല. അക്കാഡമിക് ഓട്ടോണമി കൊടുക്കാത്ത കോളേജിലാണ് കോപ്പിയടി നടന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ശ്രീ. എ. പ്രദീപ്കുമാറിനോട് അക്കാഡമിക് ഓട്ടോണമി

കൊടുത്ത കോളേജുകളിൽ കോപ്പിയടി നടക്കുന്നു എന്ന അഭിപ്രായമുണ്ടോയെന്ന് ചോദിച്ചു. ഞാൻ ആ ചോദ്യം ആവർത്തിക്കുകയാണ്. ഞങ്ങൾ അക്കാഡമിക് ഓട്ടോണമി കൊടുത്ത മാർ ഇവാനിയോസ് കോളേജ്, മഹാരാജാസ് കോളേജ്, കോഴിക്കോട് ദേവഗിരി കോളേജ് എന്നിവ കോപ്പിയടി പ്രോത്സാഹിപ്പിക്കുന്ന കോളേജുകളാണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ? ഫറൂഖ് കോളേജ്, തേവര എസ്.എച്ച്. കോളേജ്, സെന്റ് തെരാസാസ് കോളേജ്, മമ്പാട് എം.ഇ.എസ്. തുടങ്ങിയ കോളേജുകളൊക്കെ വർഷങ്ങളായുള്ള അവരുടെ പ്രവർത്തനങ്ങളിലൂടെ, അക്കാഡമിക് ഓട്ടോണമി നൽകുന്നതിനുമുമ്പ്, അംഗീകാരമുള്ള കോളേജുകളായി NAAC-ന്റെ അക്രഡിറ്റേഷന് എ-യും എ പ്ലസും കിട്ടിയ കോളേജുകളാണ്. സർക്കാരിനെ വിമർശിക്കാൻവേണ്ടി ഈ കോളേജുകളെ കോപ്പിയടി കോളേജുകൾ എന്ന് അധിക്ഷേപിക്കുമ്പോൾ ആ കോളേജുകളുടെ സംഭാവനകളെ വിസ്മരിക്കാൻ പാടില്ല. ദേവഗിരി, ഫറൂഖ്, രാജഗിരി കോളേജുകൾ ഓട്ടോണമിയാകണമെന്ന് യു.ജി.സി.യോ കേരള ഗവൺമെന്റോ നിർബന്ധിച്ചില്ല. നമ്മൾ ഓർഡിനൻസ് കൊണ്ടുവന്നപ്പോൾ അപേക്ഷ സമർപ്പിച്ച കോളേജുകളിൽ നിയമത്തിലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഓട്ടോണമി നൽകിയത്. ഓട്ടോണമിക്കായി അപേക്ഷ നൽകുമ്പോൾ യു.ജി.സി.യും സ്വയംഭരണ അംഗീകാര സമിതിയും പരിശോധന നടത്തുകയും എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്ന കോളേജുകൾക്ക് ഓട്ടോണമി നൽകുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ ഒരു കോളേജിനെയും ഗവൺമെന്റോ യു.ജി.സി.യോ നിർബന്ധിക്കുന്നില്ല. മറ്റൊന്ന്, ഫീസിന്റെ കാര്യത്തെക്കുറിച്ച് ഇവിടെ എല്ലാവരും പറഞ്ഞു. ഈ നിയമത്തിൻെറ 74(1) -ൽ പറയുന്നത് എയ്ഡഡ് കോഴ്സുകളുടെയും എയ്ഡഡ് കോഴ്സുകളിൽനിന്നും പുനരാവിഷ്കരിച്ച കോഴ്സുകളുടെയും കാര്യത്തിൽ ഫീസ് സർക്കാർ തീരുമാനിക്കുന്ന പ്രകാരമായിരിക്കും എന്നാണ്. സെൽഫ് ഫിനാൻസിംഗ് കോഴ്സുകളാണെങ്കിൽപോലും ഫീസ് സർക്കാരിന്റെ നിയന്ത്രണത്തിലാണ്, സർക്കാരിന്റെ അനുവാദത്തോടുകൂടി മാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ.

<u>ശ്രീ. റ്റി. വി. രാജേഷ് </u>: സർ, അൺഎയ്ഡഡ് കോഴ്സുകളുടെ കാര്യത്തിൽ ഫീസ് ഫിക്സ് ചെയ്യുന്നത് concurrence of the Government, പക്ഷേ ഇതിൽ അങ്ങനെ കൃത്യമായി പറയുന്നില്ല. Powers and functions of the Governing Council പറയുന്നത് “to fix the fees and other charges payable by the students of the Autonomous College with the concurrence of Government” ഇതിൽ എയ്ഡഡ് ആണോ ഗവൺമെന്റാണോ അൺഎയ്ഡഡ് കോഴ്സാണോ എന്ന് കൃത്യമായി പറയുന്നില്ല. അങ്ങനെയാണെങ്കിൽ കൃത്യമായി പറയാമായിരുന്നു. ഗവൺമെന്റ് തന്നെ ഫീസ് തീരുമാനിച്ചാൽ മതിയല്ലോ. ഗവൺമെന്റ് കോളേജിൽ അൺഎയ്ഡഡ് കോഴ്സുകൾ ഉണ്ടാകാൻ പോകുന്നു എന്നതാണ് ഞങ്ങളുടെ സംശയം. ഈ സംശയത്തിനാണ് നിങ്ങൾ മറുപടി പറയേണ്ടത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എയ്ഡഡ് കോഴ്സുകളുടെയും എയ്ഡഡ് കോഴ്സുകളിൽനിന്ന് പുനരാവിഷ്കരിച്ച കോഴ്സുകളുടെയും കാര്യത്തിൽ ഫീസ് സർക്കാർ തീരുമാനിക്കുന്നതായിരിക്കുമെന്ന് ഈ നിയമത്തിലുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇതിൽ അങ്ങനെ പറയുന്നില്ല. Powers and functions of the Governing Council അതിൽ അഞ്ചാമതായി പറയുന്ന കാര്യം "to fix the fees and other charges payable by the students of the Autonomous College with the concurrence of Government" അതിനുപകരം 'Autonomous College as directed by the Government from time to time' എന്നായാൽ മതി. ഈ ആശങ്ക തീരും. ഇതാണ് സംശയം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അതുസംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞതാണ്. ആദ്യം concurrence of the Government എന്നുപറയുന്നുണ്ട്. അതിനുതാഴെ എയ്ഡഡും സർക്കാർ കോഴ്സുമാണെങ്കിൽ സർക്കാർ തന്നെയാണ് ഫിക്സ് ചെയ്യുന്നതെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. ഞാൻ ഈ നിയമംതന്നെ ഉദ്ധരിച്ചാണ് വായിച്ചത്. കോളേജുകൾക്ക് ഓട്ടോണമി കൊടുത്തുകഴിഞ്ഞാൽ പിന്നെ സർവ്വകലാശാലയ്ക്ക് ഈ കോളേജുകളിന്മേൽ യാതൊരു തരത്തിലുള്ള അധികാരവുമില്ല, അവർക്ക് വിദ്യാഭ്യാസ കച്ചവടം നടത്താം, അവർക്ക് എന്തും ചെയ്യാം എന്നുപറയുന്നത് ശരിയല്ല. സ്വയംഭരണ കോളേജുകളിന്മേൽ സർവ്വകലാശാലയ്ക്കുള്ള അധികാരങ്ങൾ കൃത്യമായി 74(p) പറയുന്നു. ഈ അദ്ധ്യായത്തിലുള്ള വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും വിധേയമായി സർവ്വകലാശാലയ്ക്ക് ഈ ആക്ടിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ എന്നിവ പ്രകാരം സർവ്വകലാശാലയിലെ ഏതെങ്കിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് ബാധകമാകുന്ന മറ്റെല്ലാ അധികാരങ്ങളും സ്വയംഭരണ കോളേജുകളുടെ മേലും ഉണ്ടായിരിക്കുന്നതാണ്. സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ ഏതെങ്കിലും പദ്ധതി അംഗീകരിക്കുകയോ സർവ്വകലാശാലയ്ക്ക് ശിപാർശ ചെയ്യുകയോ ചെയ്യുമ്പോൾ വൈസ് ചാൻസലർ ആ നിർദ്ദേശം സർവ്വകലാശാലയുടേതുമായി ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസിന്റെ മുമ്പാകെ വയ്ക്കണം. ഫീസും കണ്ടന്റും സംബന്ധിച്ച് നമ്മൾ ഒരുമിച്ച് ചർച്ച ചെയ്തിരുന്നല്ലോ. സെക്കുലർ ക്രിഡൻഷ്യലിനെ ബാധിക്കുന്ന തരത്തിലുള്ള സിലബസ് പോലും ഉണ്ടാക്കിയാൽ സർവ്വകലാശാലയ്ക്ക് ആ തീരുമാനം റദ്ദാക്കാൻ കഴിയും. അങ്ങനെ റദ്ദാക്കുന്നതിനുള്ള കാരണം കാണിച്ചുകൊണ്ട് അവർക്ക് എഴുതുകയും അവർ അതിന്റെ വിശദീകരണം സർവ്വകലാശാലയ്ക്ക് നൽകുകയും വേണം. അതിനുശേഷം മാത്രമേ സർവ്വകലാശാല അന്തിമമായി ഇതിന്

അംഗീകാരം കൊടുക്കുകയുള്ളൂ എന്ന് നമ്മൾ ഒരുമിച്ചിരുന്ന് ഭേദഗതി വരുത്തി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതിനുശേഷം മടങ്ങിവന്ന ബില്ലിൽ ഉണ്ട്. അതുകൊണ്ട് സർവ്വകലാശാലയുടെ അധികാരങ്ങൾ അതുപോലെ നിലനിൽക്കുന്നുണ്ട്. ഫീസിന്റെയും കോഴ്സ് കണ്ടന്റിന്റെയും കാര്യത്തിൽ വർഷങ്ങളായി പൊതുസമൂഹം ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളുണ്ട്. അതിനെതിരായി വന്നാൽ അത് റദ്ദാക്കാൻ കഴിയുമെന്ന് വളരെ കൃത്യമായി നിയമം വ്യവസ്ഥ ചെയ്തിരിക്കുന്നു. മാത്രമല്ല, വ്യവസ്ഥയ്ക്ക് വിരുദ്ധമായാണ് സ്വയംഭരണ കോളേജ് പ്രവർത്തിക്കുന്നതെന്ന് കണ്ടുകഴിഞ്ഞാൽ സ്വയംഭരണ അധികാര അംഗീകാര കമ്മിറ്റിക്ക് ആ തീരുമാനം റദ്ദാക്കാനുള്ള അവകാശവും അധികാരവും ഈ ബില്ലിൽ തന്നെ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ ബിൽ പാസാക്കിക്കഴിഞ്ഞാൽ ഓട്ടോണമസ് കോളേജിന്റെ കാര്യങ്ങളിൽ ഇടപെടാൻ കഴിയില്ല, അവരുടെമേൽ യാതൊരു അധികാരവുമില്ല എന്നാണ് പ്രചരിപ്പിക്കുന്നത്. അധികാരങ്ങൾ മുഴുവൻ നിലനിർത്തിക്കൊണ്ടാണ് അക്കാഡമിക് ഓട്ടോണമി കൊടുത്തിരിക്കുന്നത്. പരീക്ഷ നടത്തിപ്പിന്റെ കാര്യത്തെക്കുറിച്ച് ഡോ. കെ.ടി. ജലീൽ സബ്ജക്ട് കമ്മിറ്റിയിലും ശക്തമായി വാദിച്ചിരുന്നു. അങ്ങ് സിൻഡിക്കേറ്റ് മെമ്പർ ആയിരുന്നു. ഞാനിപ്പോഴും കേരള യൂണിവേഴ്സിറ്റിയിലെ സെനറ്റ് മെമ്പറും ശ്രീ. ബെന്നി ബെഹനാൻ എം.ജി. യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റ് മെമ്പറുമാണ്. ശ്രീ. കെ. സി. ജോസഫ് കേരള സർവ്വകലാശാലയിൽ വളരെക്കാലം സിൻഡിക്കേറ്റ് മെമ്പറായിരുന്നു. ശ്രീ. ഹൈബി ഈഡൻ കുസാറ്റിലെ സിൻഡിക്കേറ്റ് മെമ്പറായിരുന്നു. അങ്ങനെ നിരവധിപേർ അപ്പുറത്തുമിപ്പുറത്തും ഉണ്ട്. സർവ്വകലാശാലയുടെ നിലവിലുള്ള നിയമത്തിന്റെ അമെന്റ്മെന്റ് ആക്ടാണിത്. സർവ്വകലാശാലയുടെ മൂലനിയമത്തിന്റെ അധികാരങ്ങൾ അതുപോലെ നിലനിൽക്കുകയാണ്. സർവ്വകലാശാലയിൽ പരീക്ഷാ നടത്തിപ്പിലോ സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിലോ വേഗത കൂട്ടുന്നതിന് നിയമസഭയിൽ ഇനി നിയമം കൊണ്ടുവരേണ്ട കാര്യമില്ല. അത് സർവ്വകലാശാലയുടെ ഭരണപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവരാൻ കഴിയും. അങ്ങ് അംഗമായിരിക്കുന്ന സിൻഡിക്കേറ്റിനോ ഞാൻ അംഗമായിരിക്കുന്ന സെനറ്റിനോ ആ കാര്യത്തിൽ ഭരണപരമായ തീരുമാനമെടുക്കാം. ഇവിടെ ഓട്ടോണമസ് കോളേജിനുവേണ്ടി ഒരു അമെന്റ്മെന്റ് ആക്ട് കൊണ്ടുവരുമ്പോൾ അതിൽ 45 ദിവസംകൊണ്ട് സർട്ടിഫിക്കറ്റ് ലഭിക്കുന്നു എന്നുപറയുമ്പോൾ ഇതിൽ കോമ്പറ്റീഷനുണ്ടാകും. ഞങ്ങൾക്ക് ഇക്കാര്യത്തിൽ ക്ലാരിറ്റിയുണ്ട്. ഒരു കോളേജിൽ 45 ദിവസംകൊണ്ട് സർട്ടിഫിക്കറ്റ് കിട്ടുന്ന സാഹചര്യമുണ്ടെങ്കിൽ ഇപ്പോൾ 30 ദിവസംകൊണ്ട് സർട്ടിഫിക്കറ്റ് കൊടുക്കുന്ന യൂണിവേഴ്സിറ്റികൾ കേരളത്തിലുണ്ട്. 3 വർഷമായിട്ടേ സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് സർവ്വകലാശാല ആക്ടിൽ പറയുന്നില്ല. 3 വർഷം കൊണ്ടും 2 വർഷം കൊണ്ടും 6 മാസം കൊണ്ടും 3 മാസം കൊണ്ടും സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. ഈ

കോളേജുകളിൽ 45 ദിവസം കൊണ്ട് സർട്ടിഫിക്കറ്റ് കിട്ടുന്നവെങ്കിൽ സർവ്വകലാശാലയിലുംകൂടി 45 ദിവസംകൊണ്ട് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ശ്രമിക്കുന്നതിന് പകരം സർവ്വകലാശാലയിൽ മൂന്ന് വർഷമായതുകൊണ്ട് നിയമത്തിൽ 45 ദിവസം എന്നുപറയുന്നത് ശരിയല്ല എന്ന വാദം വിദ്യാർത്ഥിവിരുദ്ധമാണ്, അനുകൂലമല്ല.

ഡോ. കെ. ടി. ജലീൽ : സർ, ഞാൻ അങ്ങനെയല്ല പറഞ്ഞത്. നിലവിലുള്ള യൂണിവേഴ്സിറ്റിയുടെ നിയമത്തിൽ എവിടെയെങ്കിലും നിശ്ചിത ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് കൊടുക്കണമെന്ന് ഇതുപോലെ സ്പെസിഫൈ ചെയ്ത് പറഞ്ഞിട്ടുണ്ടോ; 45 ദിവസമാക്കിയത് നല്ലതാണ്. 14 ഓട്ടോണമസ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമല്ല, നൂറുകണക്കിന് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം കിട്ടണം. 30 ദിവസം കൊണ്ട് ഡിഗ്രി സർട്ടിഫിക്കറ്റ് കൊടുക്കുന്ന സർവ്വകലാശാലകളുണ്ടെന്ന് ശ്രീ. പി.സി. വിഷ്ണുനാഥ് പറഞ്ഞു. നിലവിൽ യൂണിവേഴ്സിറ്റി ആക്ടിൽ നിശ്ചിത ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് കൊടുക്കണമെന്ന് പറയുന്നില്ല. അങ്ങനെ അമെന്റ്മെന്റ് വേണമെങ്കിൽ അതും ഇതിന്റെ കൂടെ മൂവ് ചെയ്യണം. 65 ദിവസവും ഒരു കൊല്ലവും ആക്കണമെന്നല്ല ഞാൻ പറയുന്നത്. സർട്ടിഫിക്കറ്റ് കിട്ടുന്നതിന് 45 ദിവസം എന്നുള്ള നിബന്ധന എല്ലാ വിദ്യാർത്ഥികൾക്കും ആപ്ലിക്കബിൾ ആകണമെന്നാണ് ഞാൻ പറഞ്ഞതിന്റെ സ്പിരിറ്റ്.

ഡോ. എൻ. ജയരാജ്: സർ, ഓട്ടോണമസ് കോളേജുകൾക്ക് മാത്രമായി സർട്ടിഫിക്കറ്റ് നൽകുന്നതിന് 45 ദിവസം എന്നുപറയുമ്പോൾ മറ്റുള്ള കോളേജുകൾ കോമ്പറ്റീറ്റീവ് ലെവലിൽ വേഗത്തിൽ സർട്ടിഫിക്കറ്റ് കൊടുക്കുമെന്ന ശ്രീ. പി.സി. വിഷ്ണുനാഥിന്റെ അഭിപ്രായം ശരിയാണ്. ആ ലെവലിലേയ്ക്ക് വരുമോ എന്നുള്ള പ്രശ്നമുണ്ട്. ഈ ബിൽ പാസ്സായിക്കഴിഞ്ഞാൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഓട്ടോണമസ് കോളേജുകൾക്ക് 45 ദിവസമാകുകയും മറ്റുള്ളവരുടെ കാര്യത്തിൽ നിബന്ധന ഇല്ലാതെയുംവരും. ആ സാഹചര്യത്തിൽ സ്വാഭാവികമായും ഇപ്പോഴത്തെ പ്രക്രിയ തുടരുമ്പോൾ ആവശ്യമില്ലാത്ത പ്രിവിലേജ് കൊടുക്കുമെന്ന ധാരണയെക്കുറിച്ചാണ് നമ്മൾ മുമ്പും സംസാരിച്ചത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഡോ. കെ.ടി. ജലീൽ ഉൾക്കൊള്ളുന്ന സദുദ്ദേശ്യത്തെ ഉൾക്കൊണ്ടുകൊണ്ട്, 11 കോളേജുകളുടെ പരീക്ഷാ നടത്തിപ്പും സർട്ടിഫിക്കറ്റ് കൊടുക്കുന്നതിന് 45 ദിവസം എന്നുള്ളതും നിയമത്തിൽ കൊണ്ടുവരാം. സർവ്വകലാശാലകളിൽ വേഗത വർദ്ധിപ്പിക്കാനുള്ള നടപടികൾ അടിയന്തരമായി ആരംഭിച്ച്, അവരെ സജ്ജരാക്കിയതിനുശേഷം അതിവേഗത്തിൽ ആ നടപടിയിലേയ്ക്ക് പോയി ഒരു അമെന്റ്മെന്റ് കൊണ്ടുവന്ന് സർട്ടിഫിക്കറ്റ്

നൽകുന്നതിന് 45-50 ദിവസം എന്നാക്കണം. നിയമം ഇവിടെ നടപ്പിലാക്കാം. സർവ്വകലാശാലകൾക്ക് അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ നിയമം നടപ്പിലാക്കുന്നതിൽ അർത്ഥമില്ല. ഈ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടുതന്നെ സർവ്വകലാശാലകളുടെ പരീക്ഷാ നടത്തിപ്പും സർട്ടിഫിക്കറ്റ് കൊടുക്കലും വേഗത്തിലാക്കാനുള്ള നടപടികൾ ആവിഷ്കരിച്ചുകൊണ്ട് അമെന്റ്മെന്റ് കൊണ്ടുവരണമെന്ന അങ്ങയുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, യൂണിവേഴ്സിറ്റിയും ഓട്ടോണമസ് കോളേജുകളും തമ്മിൽ ഭരണപരമായി മത്സരം ഉണ്ടാകുന്ന തരത്തിലേയ്ക്ക് പോകാൻ പാടില്ല. കാരണം സാധാരണഗതിയിൽ യൂണിവേഴ്സിറ്റിക്ക് ഓട്ടോണമസ് കോളേജുകളുടെ സർട്ടിഫിക്കറ്റും മറ്റ് കാര്യങ്ങളും തടഞ്ഞുവയ്ക്കാനോ, താമസിപ്പിക്കാനോ ഉള്ള ടെന്റൻസി ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. യാതൊരു കാരണവശാലും അതുണ്ടാകാൻ പാടില്ലെന്നുള്ളതുകൊണ്ടാണ് 45 ദിവസമെന്ന് സ്റ്റിപ്പുലേറ്റ് ചെയ്തിരിക്കുന്നത്. എന്നാൽ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം ടൈം ലിമിറ്റില്ല. അവിടെ ഒരുമാസം കൊണ്ടോ ആറുമാസം കൊണ്ടോ സർട്ടിഫിക്കറ്റ് കൊടുക്കാം. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഡിഗ്രി സർട്ടിഫിക്കറ്റ് മൂന്ന് മാസത്തിനകം കൊടുക്കുന്നുണ്ടെന്ന കാര്യത്തിൽ സംശയമുണ്ടോ; 45 ദിവസം പറഞ്ഞിരിക്കുന്നുവെങ്കിൽപ്പോലും ആവശ്യമില്ലാതെ ഓട്ടോണമസ് കോളേജുകളുടെ കാര്യത്തിൽ ഡിലെ ഉണ്ടാകുന്ന സാഹചര്യത്തിലേയ്ക്ക് പോകാതിരിക്കാനുള്ള പ്രിക്കോഷൻ എന്നുള്ള നിലയിലാണ് ഇത് വന്നിട്ടുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>) : യൂണിവേഴ്സിറ്റികളെ സംബന്ധിച്ച് നിയമങ്ങൾ ഇല്ലാത്തതുകൊണ്ടല്ല. യൂണിവേഴ്സിറ്റികളിലെ അഡ്മിഷനും പരീക്ഷകളും പലപ്പോഴും വൈകുന്നു. അതിന്റെ ഫലമായി റിസൾട്ടും ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണവും വൈകുന്നു. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ വളരെ കൃത്യമായി നടക്കുകയും കൃത്യമായി റിസൾട്ട് വരികയും ചെയ്യുന്നു. കോളേജിലേയ്ക്ക് കടക്കുമ്പോൾ നേരെ തിരിച്ചാകുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഡ്മിഷൻ, പരീക്ഷ, റിസൾട്ട് എന്നിവയുടെ ടൈം ഷെഡ്യൂൾ എല്ലാ യൂണിവേഴ്സിറ്റികളിലും ഒരുപോലെയാക്കാൻ ഇതിനകം എല്ലാ വൈസ് ചാൻസലർമാർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റി അതിന്റെ പ്രവർത്തനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുമുണ്ട്. അതുവന്നുകഴിയുമ്പോൾ 45 ദിവസത്തിന്റെ പ്രശ്നം വരില്ല. എല്ലാ സ്ഥലത്തും കൃത്യസമയത്ത് ഡിഗ്രി സർട്ടിഫിക്കറ്റ് അവാർഡ് ചെയ്യാൻ സാധിക്കും.

ഡോ. കെ. ടി. ജലീൽ: സർ, സിൻഡിക്കേറ്റ്, സെനറ്റ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ശ്രീ. പി.സി. വിഷ്ണുനാഥ് പറഞ്ഞു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും അതിൽ ഉണ്ടായിരുന്നതാണ്. യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മറ്റ് കോളേജുകളുടെ കാര്യത്തിൽ സിൻഡിക്കേറ്റിനോ സെനറ്റിനോ ഉള്ള എന്തെങ്കിലും അധികാരവും പവറും ഓട്ടോണമസ് കോളേജുകളുടെ കാര്യത്തിലുണ്ടോ? അക്കാദമിക ഓട്ടോണമി മാത്രമാണ് നൽകിയിട്ടുള്ളതെന്നാണല്ലോ പറയുന്നത്. എന്നാൽ നിലവിലുള്ള യൂണിവേഴ്സിറ്റി ഭരണസമിതിയായ സിൻഡിക്കേറ്റിനും സെനറ്റിനും മറ്റുള്ള ഗവൺമെന്റ്, എയ്ഡഡ് കോളേജുകളുടെമേലുള്ള അധികാരം എത്രകണ്ട് ഓട്ടോണമസ് പദവി ലഭിക്കുന്ന കോളേജുകളുടെ കാര്യത്തിലുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇതെന്റെ അഭിപ്രായമല്ല, വിശുദ്ധ പശുവാണ് അതിനെ കൊല്ലണമെന്ന ഡോ. ബി. ഇക്ബാലിന്റെ അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല. കാരണം, അക്കാദമികമായ ഗുണനിലവാരത്തിന്റെ ചർച്ചകൾ സർവ്വകലാശാല സിൻഡിക്കേറ്റിലും സെനറ്റിലും അവസാനിച്ചിട്ട് എത്രകാലമായെന്ന് അവിടെ പോകുന്ന നമുക്കെല്ലാവർക്കും അറിയാം. ഇവിടെ ഡോ. സിദ്ധാന്ത കോത്താരി മുതലുള്ള വിദഗ്ദ്ധന്മാർ പറഞ്ഞതെന്താണ്; ഈ സർവ്വകലാശാലകളുടെ അഫിലിയേറ്റഡ് സിസ്റ്റത്തിന്റെ ദൂഷിപ്പുകളിലേയ്ക്ക് കൊണ്ടുചെന്ന് പൊട്ടൻഷ്യൽ ആയിട്ടുള്ള കോളേജുകൾക്ക് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഹനിക്കുന്നത് ഒഴിവാക്കാൻ അവർക്ക് സ്വയംഭരണം കൊടുക്കണമെന്നാണ്. അങ്ങനെപറയുമ്പോൾ, ആ തൊഴുത്തിൽതന്നെ വീണ്ടും ഈ പശുവിനെ കെട്ടാനാണെങ്കിൽ ഈ എക്സർസൈസിന്റെ ആവശ്യമില്ലല്ലോ; ഓട്ടോണമി എന്നുപറയുമ്പോൾ തന്നെ സ്വാതന്ത്ര്യം കൊടുക്കലാണ്.

മി. ചെയർമാൻ: ശ്രീ. പി.സി. വിഷ്ണുനാഥ്, 30 മിനിട്ടായി.

ഡോ. കെ. ടി. ജലീൽ : സർ, മറ്റുള്ള ഗവൺമെന്റ്/എയ്ഡഡ് കോളേജുകളുടെ മേൽ സിൻഡിക്കേറ്റുകൾക്ക് അധികാരമാകാമെങ്കിൽ ശ്രീ. പി. സി. വിഷ്ണുനാഥിന്റെ ഈ വാദത്തെ ഞാൻ അംഗീകരിക്കാം. അല്ലെങ്കിൽ ആ അധികാരവും എടുത്തുകളയണം. സിൻഡിക്കേറ്റും സെനറ്റും യൂണിവേഴ്സിറ്റികളിൽ വേണ്ട. വിശുദ്ധ പശുവാണെന്ന പരാമർശം വന്നതിന്റെ പശ്ചാത്തലത്തിൽ ഓട്ടോണമസ് കോളേജുകൾ അല്ലാത്ത ഗവൺമെന്റ്/എയ്ഡഡ് കോളേജുകളുടെ കാര്യത്തിലും സിൻഡിക്കേറ്റും സെനറ്റും ഇടപെടേണ്ടെന്ന് തീരുമാനിക്കാൻ പറ്റുമോ; അതിന് ശ്രീ. പി.സി. വിഷ്ണുനാഥ് റെക്കമെന്റ് ചെയ്യുമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: നമ്മുടെ രണ്ടുപേരുടേയും മൈൻഡ്സെറ്റ് രണ്ടാണ്. ഞാൻ വളരെ വ്യക്തതയോടും കൃത്യതയോടും കൂടി പറയുകയാണ്. 25 വർഷം കഴിഞ്ഞാലും ഓട്ടോണമസ് കോളേജ് ശരിയാണെന്ന ബോദ്ധ്യത്തോടുകൂടി

തന്നെയാണ് ഞാൻ ഓട്ടോണമസ് കോളേജിനെ അനുകൂലിക്കുന്നത്. എനിക്ക് അക്കാര്യത്തിൽ ക്ലാരിറ്റിയുണ്ട്. കൽക്കത്ത യൂണിവേഴ്സിറ്റി 3 കോളേജുകൾക്കും വെസ്റ്റ് ബംഗാളിലെ യൂണിവേഴ്സിറ്റികളിൽ 6 കോളേജുകൾക്കും ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ കൊടുത്തതുപോലെ കുറച്ച് കോളേജുകൾക്ക് അക്കാദമിക് ഓട്ടോണമി കൊടുക്കുക, അടുത്തവർഷം വീണ്ടും അപേക്ഷ ക്ഷണിച്ച് മാനദണ്ഡങ്ങൾ പരിശോധിച്ച് അക്കാദമിക ഓട്ടോണമി കൊടുത്ത് കോളേജുകളുടെ നിലവാരം ഉയർത്തണം. കോളേജുകളിൽ റിസർച്ച് നടക്കണം. ഡോ. കെ. ടി. ജലീൽ വിദ്യാഭ്യാസ വിചക്ഷണനാണ്. യൂണിവേഴ്സിറ്റിയിലോ റിസർച്ചില്ല, പിന്നെ എന്നാണ് കോളേജുകളിൽ റിസർച്ച് ആരംഭിക്കാൻ പോകുന്നത്; നമ്മുടെ കോളേജുകളിൽ റിസർച്ച് ആന്റ് ഡെവലപ്മെന്റ്സ് കൂടി നടത്തുന്നതിനുള്ള സ്വാതന്ത്ര്യം കൊടുക്കണം.

ഡോ. കെ. ടി. ജലീൽ : സർ, സെനറ്റും സിൻഡിക്കേറ്റും അധികപ്പറ്റാണ്. അവയുടെ ഇടപെടലുകളാണ് നിലവിലുള്ള കോളേജുകളുടെ അക്കാദമിക നിലവാരം തകർക്കുന്നത്. അതുകൊണ്ട് ഓട്ടോണമസ് കോളേജുകളുടെ കാര്യത്തിൽ സിൻഡിക്കേറ്റിനോ സെനറ്റിനോ ഒരു തരത്തിലുള്ള അധികാരവും നൽകേണ്ടതില്ല എന്നതുപോലെ ഓട്ടോണമസ് കോളേജുകളുടെ നിലവാരത്തിലേയ്ക്ക് മറ്റ് കോളേജുകളെയും കൊണ്ടുവരാൻ ആ കോളേജുകളുടെ കാര്യത്തിൽ സെനറ്റിനും സിൻഡിക്കേറ്റിനുമുള്ള അധികാരങ്ങൾ എടുത്തുകളയണമെന്ന് അഭിപ്രായപ്പെടാൻ അങ്ങേയ്ക്ക് കഴിയുമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: ഒരിക്കലുമില്ല. ഡോ. ബി. ഇക്ബാലിന്റെ എല്ലാ അഭിപ്രായങ്ങളോടും യോജിച്ച ഞാൻ ഈ അഭിപ്രായത്തോട് അങ്ങയോടൊപ്പം നിന്നുകൊണ്ട് അതിശക്തമായി വിയോജിക്കുകയാണ്. ഓട്ടോണമസ് കോളേജിന്റെ കാര്യത്തിൽ ഭരണപരമായ തീരുമാനം എടുക്കാനുള്ള വേഗത ഉണ്ടാകാനുള്ള നടപടികളെക്കുറിച്ചാണ് ചർച്ച ചെയ്തത്. ടീച്ചർമാരെ സംബന്ധിച്ചിടത്തോളം കുറച്ച് ബുദ്ധിമുട്ടുകളുണ്ട്. കുസാറ്റിന് ഐ.എസ്.ജി.-യുടെ പദവി കൊടുക്കാൻ തുടങ്ങിയപ്പോൾ ഒരു വിഭാഗം അദ്ധ്യാപകർ വലിയ സമരമായിരുന്നു. ശ്രീ. കെ. ശിവദാസൻ നായർ നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. സ്കീം അംഗീകരിക്കാതെ വേതനത്തെ അംഗീകരിക്കുന്ന സംവിധാനം ഇവിടെയുണ്ട്. അവിടെയും ഡോ. ബി. ഇക്ബാൽ ഒരു പരാമർശം നടത്തിയത് വലിയ വിവാദമായിരുന്നു. അതായത് ധൈഷണികമായി യാതൊന്നുമില്ലാത്ത അദ്ധ്യാപക സമൂഹത്തിലുള്ളവർ സാംസ്കാരിക നായകന്മാരായി അവരുടെ ധൈഷണിക പാപ്പരത്തം മറച്ചുവയ്ക്കാൻ ശ്രമിക്കുന്നുവെന്നാണ് അടുത്ത കാലത്ത് അദ്ദേഹം നടത്തിയ വിവാദ പരാമർശം. അതിനപ്പുറം ഓട്ടോണമസ് കോളേജുകളുടെ അദ്ധ്യാപകന്മാർക്ക് കൂടുതൽ

ഉത്തരവാദിത്തമാണ്. അഫിലിയേറ്റഡ് സിസ്റ്റത്തിലെ അദ്ധ്യാപകർക്ക് വലിയ അധികാരങ്ങൾ ഉണ്ടായിരുന്നില്ല. കാരണം യൂണിവേഴ്സിറ്റിയുടെ ബോർഡ് ഓഫ് സ്റ്റഡീസ് കാര്യങ്ങൾ തീരുമാനിക്കും. സിലബസ്, ടീച്ചിംഗ് മെത്തേഡ്, ലേണിംഗ് മെറ്റീരിയൽസ് തുടങ്ങിയ കാര്യങ്ങളിൽ ഓട്ടോണമസ് കോളേജിലെ അദ്ധ്യാപകന് കൂടുതൽ ഉത്തരവാദിത്തവും അധികാരങ്ങളും ഇൻവോൾമെന്റും വരികയാണ്. അപ്പോൾ ടീച്ചർമാരെ സംബന്ധിച്ചിടത്തോളം അവർക്ക് അക്കാദമികമായ കാര്യങ്ങളിൽ ഇടപെടാനുള്ള അവകാശവും സ്വാതന്ത്ര്യവും കിട്ടുകയാണ്. കോളേജുകളിൽ റിസർച്ച് നടക്കാൻ പോകുകയാണ്. ഇത് സ്വപ്നമല്ല, നാളെ യാഥാർത്ഥ്യമാകും, ഞാൻ ഈ നിയമസഭയിൽ പറഞ്ഞത് എന്തായാലും രേഖയിലു ണ്ടാകുമല്ലോ; 10 കൊല്ലം കഴിയുമ്പോൾ കേരള യൂണിവേഴ്സിറ്റിക്ക് ലഭിച്ചില്ലെങ്കിലും തിരുവനന്തപുരം മാർ ഇവാനിയസ് കോളേജിന് ഒരു പേറ്റന്റ് ലഭിക്കും. അതാണ് ഈ സർക്കാർ അക്കാദമിക് ഓട്ടോണമികൊണ്ട് വിഭാവന ചെയ്യുന്നത്. രാജഗിരി കോളേജിന് ഒരു പേറ്റന്റ് ലഭിക്കും, അവിടെ റിസർച്ച് നടക്കണം, R & D ഉണ്ടാകണം കൂടാതെ അവിടെനിന്ന് ശാസ്ത്രജ്ഞന്മാരുണ്ടാകണം ആ ലെവലിലേയ്ക്ക് നമ്മൾ ചിന്തിക്കണം. ഒരു മാസത്തിനുമുമ്പ് സി.പി.എ.യുടെ ഭാഗമായി ലണ്ടനിൽ പോകാൻ കഴിഞ്ഞപ്പോൾ അവിടത്തെ കിങ്സ് കോളേജ് സന്ദർശിക്കാനവസരമുണ്ടായി. അതിനുശേഷം അമേരിക്കയിൽ വേറൊരു മലയാളി സംഘടനയുടെ പരിപാടിയിൽ പങ്കെടുക്കുന്നതിനുവേണ്ടി പോയി. അവിടെച്ചെന്നപ്പോൾ ഇവിടെ ഈ രീതിയെ എതിർക്കുന്ന പല നേതാക്കന്മാരുടെ മക്കൾ അമേരിക്കയിലെ കോളേജുകളിൽ പഠിക്കുകയാണ്. അവർ രണ്ടുംമൂന്നും മാസം കൂടുമ്പോൾ അവിടെച്ചെന്ന് മക്കളെ കാണുന്നുമുണ്ട്. നമ്മുടെ ഇരട്ടത്താപ്പും കാപട്യവും ഇതാണ്. എല്ലാവർക്കും അവരുടെ മക്കളെ വിദേശത്തും ബെർമിംഗ്ഹാം പോലുള്ള വലിയ സർവ്വകലാശാലകളിലും അയച്ച് പഠിപ്പിക്കാൻ സാധിക്കില്ല. അങ്ങനെ കഴിയാത്തവർക്ക് അതേ നിലവാരത്തിലുള്ള പഠനം കേരളത്തിലെ സർവ്വകലാശാലകളിലും കോളേജുകളിലും ലഭ്യമാക്കുന്ന തരത്തിൽ ഒരു ഉന്നതമായ ലക്ഷ്യം വച്ചുകൊണ്ടാണ് ഇങ്ങനെയൊരു പദവി നൽകുന്നതിനെപ്പറ്റി ആലോചിക്കുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ബഹുമാന്യനായ പി. സി. വിഷ്ണുനാഥിനോട് എനിക്ക് ചോദിക്കാനുള്ള ഒരു ചോദ്യമുണ്ട്, സബ്ജക്ട് കമ്മിറ്റിയിൽ ഈ വിഷയം ഉന്നയിച്ചതാണ്. ഗവേണിംഗ് കൗൺസിലിലോ അക്കാദമിക് കൗൺസിലിലോ വിദ്യാർത്ഥി പ്രാതിനിധ്യം വന്നാൽ അത് കോളേജിന്റെ വിദ്യാഭ്യാസ നിലവാരത്തെ ബാധിക്കുമെന്ന് അങ്ങ് കരുതുന്നുണ്ടോ; എന്തുകൊണ്ടാണ് ഈ ബില്ലിൽ ഈ പറയുന്ന ഒരു കൗൺസിലിലും വിദ്യാർത്ഥികളെ ഉൾപ്പെടുത്താത്തത്; ഈ ഓട്ടോണമസ് കോളേജുകളിൽ വിദ്യാർത്ഥികളുടെ ജനാധിപത്യപരമായ

അവകാശങ്ങൾ ഉണ്ടാകുമോ ഇല്ലയോ ജനാധിപത്യവേദിയുണ്ടാകുമോ എന്ന വിഷയം ഞങ്ങളവിടെ ചോദിച്ചിരുന്നു. അതിന് അന്ന് ബഹുമാന്യനായ മന്ത്രിയോ ശ്രീ. കെ. എം. എബ്രഹാമോ കൃത്യമായ മറുപടി പറഞ്ഞിരുന്നില്ല. എന്തുകൊണ്ടാണ് വിദ്യാർത്ഥി പ്രാതിനിധ്യത്തെ നിങ്ങൾ എതിർക്കുന്നത്?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, വിദ്യാർത്ഥികളുടെ ജനാധിപത്യ വേദികളുണ്ടാകണം, അതോടൊപ്പംതന്നെ ഏതെങ്കിലും തരത്തിൽ അദ്ധ്യാപകർ പ്രതികാര ബുദ്ധിയോടുകൂടി വിദ്യാർത്ഥികളോട് പെരുമാറുന്ന സാഹചര്യം ഏതെങ്കിലും ഘട്ടത്തിലുണ്ടായാൽ അത് പരിഹരിക്കാനുതകുന്ന വിദ്യാർത്ഥി പ്രാതിനിധ്യമുള്ള സംവിധാനമുണ്ടാകണമെന്ന ആവശ്യം വളരെ പ്രസക്തമാണ്. അതിനോട് ഞാൻ യോജിക്കുകയുമാണ്. ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഇവിടെ നേരത്തെ സൂചിപ്പിച്ചപോലെ നമ്മുടെ കോളേജുകളിൽ ഗവേഷണങ്ങളുണ്ടാകുകയും നമ്മുടെ കോളേജുകളുടെ അക്കാഡമിക് നിലവാരം ഉയരുകയും ചെയ്യുകയെന്ന ലക്ഷ്യമാണ് ഇതിനുപിന്നിലുള്ളത്. ശ്രീ. ഇ. ചന്ദ്രശേഖരൻ എം.എൽ.എ. അടക്കമുള്ളവർ ചോദിച്ചത്, അങ്ങനെയാണെങ്കിൽ നിങ്ങൾക്കിതൊരു 3 കോളേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയാൽപ്പോരേ എന്നാണ്. ചിലർ ചോദിച്ചത് സർക്കാർ കോളേജുകളിൽ മാത്രം ആരംഭിച്ചിട്ട് പിന്നീട് സ്വാശ്രയ കോളേജുകളിൽ ആരംഭിച്ചാൽ പോരേ എന്നാണ്. ഇതിനകത്ത് ആകെ രണ്ട് സർക്കാർ കോളേജാണ് ഉണ്ടായിരുന്നത് - മഹാരാജാസ് കോളേജും യൂണിവേഴ്സിറ്റി കോളേജും. അവിടെ രണ്ടു സ്ഥലത്തും യു.ജി.സി.യുടെ പരിശോധനാ സമിതിയെ അകത്ത് കയറ്റാതെ എസ്.എഫ്.ഐ. പ്രവർത്തകർ അവരെ തടഞ്ഞുകൊണ്ട് സമരമായിരുന്നു. നിങ്ങൾ സർക്കാർ കോളേജുകളിലേയ്ക്ക് പരിശോധിക്കാൻപോലും ആളുകളെ കയറ്റുന്നില്ല, എന്നിട്ട് കൂടുതൽ സർക്കാർ കോളേജുകളിൽ എന്താണ് തുടങ്ങാത്തതെന്ന് ചോദിക്കുകയും ചെയ്യുകയാണ്. കാലഘട്ടം മാറുകയാണ്. നമുക്ക് കാര്യങ്ങൾക്കുമേൽ കൃത്യതയും വ്യക്തതയു മുണ്ടെങ്കിൽ മാത്രമെ സമൂഹം നമ്മളെ അംഗീകരിക്കുകയുള്ളൂ. ഓട്ടോണമസ് കോളേജുകളുടെ കാര്യത്തിൽ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിനൊരു പൊളിറ്റിക്കൽ ഡിസിഷനുണ്ട്. അതുപോലെതന്നെ എന്റെ പാർട്ടിക്കുമുണ്ട്. നമുക്കുള്ള വ്യത്യസ്തമായ അഭിപ്രായങ്ങൾ സ്വീകരിച്ചുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഗവൺമെന്റിനൊരു ക്ലാരിറ്റിയുണ്ട്. ആ ക്ലാരിറ്റിയോടുകൂടി കൊണ്ടുവന്ന ഈ നിയമത്തെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ സർവ്വകലാശാലാ നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിൽ വിദ്യാഭ്യാസ കൊള്ളയ്ക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു മാർഗ്ഗമായി സ്വയംഭരണ കോളേജുകളെ മാറ്റുകയാണ്. സ്വയംഭരണ കോളേജുകൾ ആരംഭിക്കുമ്പോഴുണ്ടാകുന്ന അപകടത്തെ സംബന്ധിച്ച് പ്രതിപക്ഷത്തുനിന്നും 6 അംഗങ്ങൾ വളരെ വിശദമായി സംസാരിച്ചുകഴിഞ്ഞു. കേരളീയ വിദ്യാഭ്യാസത്തെ വിറ്റുതുലയ്ക്കുന്ന സമീപനം ഈ സ്വയംഭരണ കോളേജുകൾ ആരംഭിക്കുന്നതോടുകൂടി വരികയാണ്. ശ്രീ. എ. കെ. ആന്റണിയുടെ കാലത്താണ് കേരളത്തിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചത്. ഈ സ്വയംഭരണ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനാവശ്യമായ എല്ലാ അധികാരവും സർക്കാരിനും സർവ്വകലാശാലയ്ക്കും ഉണ്ടാകില്ലേ, പിന്നെ എന്തിനാണ് ഭയപ്പെടുന്നത് എന്ന് ഇവിടെ ചെങ്ങന്നൂർ എം.എൽ.എ. ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് ചോദിച്ചു. സ്വാശ്രയ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ ഉണ്ടായിരുന്ന സ്ഥിതിയാണോ കേരളത്തിലെ സ്വാശ്രയ സ്ഥാപനങ്ങൾക്ക് ഇന്നുള്ളത്? ഗവൺമെന്റിന് പിടിമുറുക്കാൻ കഴിയാത്ത വിധത്തിൽ കോടതി വിധികളിലൂടെ അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന നിലയിലേയ്ക്ക് കേരളത്തിലെ സ്വാശ്രയ സ്ഥാപനങ്ങൾ മാറുകയാണ്. ആ സ്വാശ്രയ സ്ഥാപനങ്ങളെ നിയന്ത്രിക്കാനോ അവയെ സർക്കാരിന്റെയോ പൊതുസമൂഹത്തിന്റെയോ നിയന്ത്രണത്തിലേയ്ക്ക് കൊണ്ടുവരാനോ നമുക്ക് കഴിയുന്നില്ല. അങ്ങനെ ആരംഭിച്ച സ്വാശ്രയ സ്ഥാപനങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ്, ഒരു അക്കാദമിക് യോഗ്യതയുമില്ലാത്ത കേരളത്തിലെ 40 എഞ്ചിനീയറിംഗ് കോളേജുകൾ പൂട്ടേണ്ടതല്ലേയെന്ന് കേരളത്തിലെ കോടതി ചോദിച്ചത്. അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ നമുക്ക് കഴിയുന്നില്ല.

ഇവിടെ ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് ഇടതുപക്ഷത്തിന്റെ ഇരട്ടത്താപ്പ് എന്നുപറഞ്ഞു. നിങ്ങൾ ഏറ്റവും അവസാനംകൊണ്ടുവന്ന മദ്യനിരോധനമുണ്ടല്ലോ അക്കാര്യത്തിലുള്ള ഇരട്ടത്താപ്പ് എന്താണ്? നിങ്ങൾ കേരളത്തിൽ മദ്യം നിരോധിച്ചവരാണ്, മദ്യം വിറ്റഴിക്കുന്നവരെയോ വിൽപ്പനയ്ക്ക് വയ്ക്കുന്നവരെയോ ഒന്നും നിങ്ങൾ അധികാരസ്ഥാനത്തേയ്ക്ക് കൊണ്ടുവരില്ലായെന്നും ഈ നിയമസഭയിലെ അംഗങ്ങളോ ജനപ്രതിനിധികളോ ആക്കുകയില്ലെന്നുമുള്ള നിലപാട് സ്വീകരിക്കാൻ കോൺഗ്രസ് പാർട്ടിക്കോ, ഭരണപക്ഷത്തിനോ ധൈര്യമുണ്ടോ? അപ്പോൾ ഇരട്ടത്താപ്പ് അക്ഷരാർത്ഥത്തിൽ സ്വീകരിച്ചിരിക്കുന്നത് കോൺഗ്രസ്സ് പാർട്ടിയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് കോത്താരി കമ്മീഷന്റെ പരാമർശത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു, ചൂഷണവിമുക്തമായ സമത്വാധിഷ്ഠിതമായ ഒരു ഐഡിയൽ സൊസൈറ്റിയിൽ മാത്രമെ സ്വയംഭരണ കോളേജുകൾ ആരംഭിക്കാവൂ എന്നാണ് കോത്താരി കമ്മീഷൻ പറഞ്ഞത്. അങ്ങനെയൊരു സമൂഹമാണോ ഇന്ന് കേരളത്തിലുള്ളത്? ചൂഷണമില്ലാത്ത വിദ്യാഭ്യാസ മേഖലയിൽ സമത്വമുള്ള ഒരു നാടെന്ന നിലയിൽ പരിപൂർണ്ണമായി വളർന്ന നാടാണോ കേരളം; അല്ല.

അത്തരമൊരു നാട്ടിലല്ല ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നത് എന്നതിന്റെ അർത്ഥം കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഈ ഓട്ടേണമിയുടെ ഭാഗമായി കേരളീയ വിദ്യാഭ്യാസത്തെ വിൽപ്പനച്ചരക്കാക്കാനും മാനേജ്മെന്റുകൾക്ക് ലാഭമുണ്ടാക്കാനും കഴിയുന്ന നിലയിലേയ്ക്ക് ഇത് മാറുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യത്തിൽ വ്യക്തത നൽകേണ്ടതായിട്ടുണ്ട്. സ്വാശ്രയ സ്വയംഭരണ കോളേജുകൾ ആരംഭിക്കുന്നതിനുമുമ്പുതന്നെ ഇതിന്റെ നിയമങ്ങൾ ലഘൂകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മന്ത്രി ഇടപെട്ടതായി കേരളത്തിൽ വാർത്തകളുണ്ടായി. അത് ബഹുമാന്യനായ റ്റി. വി. രാജേഷ് എം.എൽ.എ. ഇവിടെ സൂചിപ്പിക്കുമ്പോൾ അങ്ങ് ഈ സഭയിലുണ്ടായിരുന്നില്ല. സ്വയംഭരണാധികാരം ലഭ്യമാകുന്ന കോളേജുകളുടെ മാനേജുമെന്റുകൾ സൂചിപ്പിക്കുന്നത്, ഈ ബില്ലിൽ പറയുന്ന നിയമങ്ങൾ അംഗീകരിക്കാൻ കഴിയുന്ന നിലയിലല്ല, അത് അംഗീകരിക്കില്ല എന്നാണ്. ആ നിലയിലേയ്ക്ക് ഇവിടത്തെ മാനേജുമെന്റുകൾ മാറുകയാണ്. കേരള കൗമുദി ദിനപത്രത്തിൽ വിശദമായി ഒരു വാർത്തവന്നു. അങ്ങ് ആഗ്രഹിക്കുന്ന ചില കോളേജുകൾക്ക് ഈ സ്വയംഭരണ പദവി ലഭ്യമാക്കാൻ സുപ്രധാനമായ National Assessment and Accreditation Council (NAAC)-ന്റെ സ്കോർ കുറയ്ക്കാനാവശ്യമായ നിർദ്ദേശം അങ്ങ് കൊടുത്തിരിക്കുന്നു. അങ്ങനെ നിർദ്ദേശം കൊടുത്തതിന്റെ ഭാഗമായി അങ്ങേയ്ക്ക് താൽപ്പര്യമുള്ള ചില കോളേജുകൾക്ക് സ്വയംഭരണ കോളേജുകളുടെ പദവി ലഭ്യമാക്കാനാവശ്യമായ നടപടി അങ്ങ് സ്വീകരിച്ചിട്ടുണ്ടെന്നും അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട ഗവർണ്ണർ അങ്ങയോട് വിശദീകരണം ചോദിച്ചിരിക്കുന്നുവെന്നുമാണ് പത്രമാധ്യമത്തിൽ വന്നിരിക്കുന്ന വാർത്ത. ഈ സ്വയംഭരണ കോളേജിന് യോഗ്യതയുള്ളതും എന്നാൽ NAAC-ന്റെ 3.5 സ്കോർ ഇല്ലാത്ത സെന്റ് ആൽബർട്ട്സ് കോളേജ് കൊടുത്ത ഒരു പരാതിയാണ് ഇതിനാധാരം. അങ്ങനെയൊരു വിശദീകരണം കേരളത്തിന്റെ ഗവർണ്ണർ അങ്ങയോട് ചോദിച്ചിട്ടുണ്ടോയെന്ന് ഈ നിയമസഭമുമ്പാകെ വെളിപ്പെടുത്താൻ അങ്ങ് തയ്യാറാകണം. അങ്ങനെയൊരു ഇടപെടൽ അങ്ങ് നടത്തിയിട്ടുണ്ടോ? എങ്കിൽ ഈ സ്വയംഭരണ കോളേജുകൾ ആരംഭിക്കുന്നതിന്റെ ആദ്യ ഘട്ടത്തിൽത്തന്നെ ഈ സ്വയംഭരണ സ്ഥാപനങ്ങളെ കൊള്ളയടിക്കാനും വിൽപ്പനചരക്കാക്കാനും വിദ്യാഭ്യാസ മേഖലയെ വിൽപ്പനയ്ക്ക് വയ്ക്കാനുമാവശ്യമായ പ്രാഥമികമായ തീരുമാനമെടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് പോകുന്നതെന്ന് ഞങ്ങൾക്ക് പറയേണ്ടിവരും. ഈ ബിൽ പ്രകാരം സ്വയംഭരണ കോളേജുകളുടെമേൽ മാനേജ്മെന്റുകൾക്ക് പരിപൂർണ്ണമായ അധികാരമുണ്ടായിരിക്കും. ഇതിന്റെ അക്കാഡമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് എന്നിവയിലെ അംഗങ്ങൾ പൂർണ്ണമായും മാനേജ്മെന്റ് നോമിനേഷനാണ്. മാനേജ്മെന്റ് നോമിനേറ്റ് ചെയ്യുന്ന സമിതിയാണ് ഇതിന്റെ പരിപൂർണ്ണമായ നിയന്ത്രണമുള്ള ഗവേണിംഗ് കൗൺസിലായി വരുന്നത്. ആ അക്കാദമിക് കൗൺസിലിന്റെ സെക്രട്ടറിയായി വരുന്നത് മാനേജ്മെന്റ് നോമിനേറ്റ് ചെയ്യുന്ന ഒരു വ്യക്തിയാണ്. മാനേജ്മെന്റ് നോമിനേറ്റ് ചെയ്യുന്ന സുപ്രധാന വ്യക്തി ഇതിന്റെ കീപോസ്റ്റിലേയ്ക്ക് വന്നാൽ എന്താവും ഈ സ്വയംഭരണ സ്ഥാപനത്തിന്റെ സ്ഥിതി? യോഗ്യതയില്ലാത്ത വി.സി.മാരെക്കുറിച്ച് നമ്മൾ പറയാറുണ്ട്. ഒരു സർവ്വകലാശാലയുടെ പ്രധാനപ്പെട്ട

ഒരു പോസ്റ്റിലേയ്ക്ക് യോഗ്യതയുള്ള ഒരാളെ നിയമിക്കാൻ നമുക്ക് കഴിയാത്ത സാഹചര്യത്തിൽ, മാനേജ്മെന്റ് തീരുമാനിക്കുന്ന ഒരാളാണ് അതിന്റെ അക്കാദമിക് കൗൺസിലിലേയ്ക്കോ സെക്രട്ടറി സ്ഥാനത്തേയ്ക്കോ വരുന്നതെങ്കിൽ എന്താവും ഈ സ്വയംഭരണ കോളേജിന്റെ സ്ഥിതി? ഞാൻ ഈ ഒരാളെമാത്രം സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. കാലിക്കറ്റ് സർവ്വകലാശാലയുടെയും കേരള സർവ്വകലാശാലയുടെയും എം.ജി. സർവ്വകലാശാലയുടെയും വി.സി.മാരെക്കുറിച്ച് ഒരുപാട് ആക്ഷേപങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ആദ്യത്തെ ഇ.എം.എസ്. ഗവൺമെന്റ് കേന്ദ്ര മന്ത്രിയായിരുന്ന ജോൺ മത്തായിയെ കേരളത്തിലേയ്ക്ക് കൊണ്ടുവന്ന് സർവ്വകലാശാലയുടെ വി.സി.യാക്കി മാറ്റിയത് ഇവിടെ ശ്രീ. പി.സി. വിഷ്ണുനാഥ് സൂചിപ്പിച്ചു. വി.സി.യെന്നുപറയുന്നത് കേന്ദ്ര ക്യാബിനറ്റ് മന്ത്രിയെക്കാൾ സുപ്രധാനമായ പദവിയാണ് എന്ന ധാരണയാണുള്ളത്. അത്രയും സുപ്രധാനമായ പോസ്റ്റാണ് വി.സി. പദവി. കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരുന്ന ജോസഫ് മുണ്ടശ്ശേരി സർവ്വകലാശാലയുടെ വി.സി.യായി പിന്നീട് വന്നിട്ടുണ്ട്. മന്ത്രി സ്ഥാനത്തെക്കാൾ പ്രധാനപ്പെട്ട ഒന്നാണ് വി.സി. പദവി എന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് അങ്ങനെ വി.സി.യായി മാറുന്നത്. സ്വയംഭരണ കോളേജിനെക്കുറിച്ച് പറയുന്നതിനുമുമ്പ് ഞാൻ ചോദിക്കുന്നു, നിങ്ങൾ നിയമിച്ച കണ്ണൂർ സർവ്വകലാശാലയുടെ വി.സി.-ക്ക് എന്ത് യോഗ്യതയാണുള്ളത്? ഉള്ളത് ഇരട്ട യോഗ്യതയാണ്, മുമ്പ് ഒരു സർവ്വകലാശാലയുടെ പരിപാടിയിൽ പങ്കെടുത്ത് ഞാൻ സംസാരിച്ചപ്പോൾ ഡി.സി.സി. സെക്രട്ടറി ആയതുകൊണ്ട് ഒരാൾക്ക് സർവ്വകലാശാലയുടെ വി.സി. ആകാൻ കഴിയില്ലേയെന്ന് ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ. എന്നോടുചോദിച്ചു. ഡി.സി.സി. സെക്രട്ടറി ആയതുകൊണ്ട് ഒരാൾ വി.സി. പദവിയിലേക്ക് വരുന്നതിൽ തെറ്റില്ല. ഒരു മന്ത്രിയുടെ പി.എസ്. ആയിരുന്നു എന്നുള്ളതുകൊണ്ട് വി.സി. പദവിയിലേക്ക് വരുന്നതിൽ പ്രശ്നമില്ലായെന്ന് ഇപ്പോൾ ശ്രീ. പി.സി. വിഷ്ണുനാഥ് ചൂണ്ടിക്കാണിച്ചു, യോഗ്യതയുണ്ടെങ്കിൽ ആവാം. അങ്ങനെയാണെങ്കിൽ ഒരു മന്ത്രിയുടെ ഗൺമാൻ ഇനിയൊരു സുപ്രധാനമായ പോസ്റ്റിലേക്ക് വന്നാൽ എന്താകും സ്ഥിതി എന്ന് വിഷ്ണുനാഥ് ചോദിച്ചു. ഇടതുപക്ഷ മന്ത്രിമാരുടെയോ എം.എൽ.എ.മാരുടെയോ ഗൺമാന്മാർക്ക് അത്രയും സുപ്രധാനമായ പോസ്റ്റിലേക്ക് വരാൻ ഒരുപക്ഷെ യോഗ്യതയുണ്ടാകാം. അങ്ങനെ യോഗ്യതയുള്ളവരെയാണ് ഞങ്ങൾ ഗൺമാൻമാരായും പി.എസ്.മാരായും വയ്ക്കുക. പക്ഷെ കേരളത്തിലെ മുഖ്യമന്ത്രിയുടെ ഗൺമാന് അങ്ങനെയൊരു യോഗ്യതയുണ്ടോ? മന്ത്രിമാരുടെ ഗൺമാൻമാർക്ക് അങ്ങനെയൊരു യോഗ്യതയുണ്ടോയെന്ന് ഞങ്ങളല്ല ചർച്ച ചെയ്യേണ്ടത്. ഇവിടത്തെ പൊതുസമൂഹം അതിനെക്കുറിച്ച് ചർച്ച ചെയ്യട്ടെ. കണ്ണൂർ സർവ്വകലാശാലയുടെ വി.സി.-ക്ക് ഏതു വിഷയത്തിലാണ് പി.എച്ച്.ഡി. ഉള്ളത്? അദ്ദേഹം മാൻഡ്രേക്കിനെപ്പോലെ മഹാനായ ഒരു മാന്ത്രികനാണ്. രണ്ടു കോളേജിൽ ഒരേസമയം ഹാജരുള്ള സുപ്രധാന വ്യക്തിയാണ്. കേരളത്തിൽ മുതുകാടിനെക്കാൾ, സാമ്രാജിനെക്കാൾ വലിയ മാന്ത്രികൻ ആരാണെന്നു ചോദിച്ചാൽ ഞാൻ പറയും അത് കണ്ണൂർ സർവ്വകലാശാലയുടെ വി.സി. ശ്രീ. ഖാദർ മങ്ങാടാണെന്ന്. എന്റെ നാട്ടിലെ പ്രധാനപ്പെട്ട ഒരു മജീഷ്യനായ സാമ്രാജിന് മാജിക് രംഗത്തെ ഓസ്കറായ മെർലിൻ

അവാർഡ് കൊടുത്തു. ഞാൻ പറയുന്ന ആ സാമ്രാജിനെക്കാൾ മെർലിൻ അവാർഡിന് ഏറ്റവും യോഗ്യൻ കണ്ണൂർ സർവ്വകലാശാലയുടെ വി.സി. ശ്രീ. ഖാദർ മങ്ങാടാണ് എന്ന്. അദ്ദേഹത്തിന് പി.എച്ച്.ഡി. കിട്ടിയിരിക്കുന്നത് Patterns of Intimacy in Madhavikutty's Work എന്നതിനാണ്. അവിടെ ഒരു നിയമമുണ്ട്. എം.ഫിൽ ഉള്ളവർക്ക് 48 മാസക്കാലമാണ് പി.ജി. ഗവേഷണത്തിന് നിഷ്കർഷിക്കപ്പെട്ടിട്ടുള്ള സമയം. എന്നാൽ ശ്രീ. ഖാദർ മങ്ങാടിന് എം.ഫിൽ ഇല്ല. പക്ഷെ അദ്ദേഹം 32 മാസംകൊണ്ട് പി.എച്ച്.ഡി. പൂർത്തിയാക്കി. നിശ്ചിത സമയത്തിനുമുമ്പ് പി.എച്ച്.ഡി. നേടുന്നത് കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ചട്ടങ്ങൾക്ക് പാടേ വിരുദ്ധമാണ്. അങ്ങനെ ബിരുദം നേടാൻ അദ്ദേഹം തന്റെ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ആ സർട്ടിഫിക്കറ്റിനകത്ത് അസിസ്റ്റന്റ് രജിസ്ട്രാറുടെ പേരോ ഒപ്പോ ഒന്നുമില്ല. അങ്ങനെ കാലാവധിക്കുമുമ്പ് പ്രബന്ധം സമർപ്പിക്കുന്നത് ചട്ടവിരുദ്ധമാണെന്ന് പറയുകയും ആ വിവരം രജിസ്ട്രാർ ഡോ. ബി. അനന്തബാബു നോട്ട് ചെയ്തിട്ടും പി.വി.സി. ആയിരുന്ന ഭരണപക്ഷത്തെ ഉന്നതനായ ശ്രീ. കെ. കുഞ്ഞികൃഷ്ണന്റെ സമ്മർദ്ദത്തിന്റെ ഭാഗമായി വി.സി. ആയ ഡോ. ചന്ദ്രമോഹനാണ് ആ പ്രബന്ധം സമർപ്പിക്കാൻ ശ്രീ. ഖാദർ മങ്ങാടിന് അനുവാദം കൊടുത്തത്. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം അതല്ല, ഒരേ ദിവസം ഒരേ സമയം എങ്ങനെയാണ് ഒരാൾക്ക് രണ്ട് കോളേജിൽ പഠിക്കാൻ കഴിയുക. ബഹുമാന്യനായ വിദ്യാഭ്യാസ മന്ത്രിക്കോ, മജീഷ്യൻ സാമ്രാജിനോ, മജീഷ്യൻ മുതുകാടിനോ അല്ലെങ്കിൽ ലോകത്തെ ഏതൊരു മാന്ത്രികനാണെങ്കിലും ഒരേ സമയം രണ്ട് കോളേജിൽ പഠിപ്പിക്കാൻ കഴിയുമോ? അദ്ദേഹത്തിന്റെ പി.എച്ച്.ഡി. ഗവേഷണ കാലത്ത് അദ്ദേഹം കാഞ്ഞങ്ങാട് നെഹ്റു കോളേജിലെ ഇംഗ്ലീഷ് സീനിയർ ലക്ചററായിരുന്നു. 2003 ജൂൺ മാസം 6-ാം തീയതി അദ്ദേഹം നെഹ്റു കോളേജിലും ബ്രണ്ണൻ കോളേജിലും ഒരേ ദിവസം ഒരേ സമയം ഹാജരാണ്. അത് എങ്ങനെയാണ് സംഭവിക്കുന്നത്; ഇതിനൊക്കെ വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയണ്ടേ; ഇങ്ങനെയുള്ളൊരു ആളെയാണോ സുപ്രധാനമായ വി.സി. പോസ്റ്റിലേക്ക് ഗവൺമെന്റ് നിയമിക്കുക; ആഗസ്റ്റ് മാസം 15-ാം തീയതിയുടെ പ്രത്യേകത ഈ വി. സി. അറിയണ്ടേ? ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയ ദിനമാണ്. ആ സ്വാതന്ത്ര്യ ദിനത്തിൽ അദ്ദേഹം നെഹ്റു കോളേജിലും ബ്രണ്ണൻ കോളേജിലും ഒരേ സമയം ഹാജരാകുന്നു. കൂടാതെ, 2003 സെപ്റ്റംബർ മാസം 31-ാം തീയതി നെഹ്റു കോളേജിലും ബ്രണ്ണൻ കോളേജിലും അദ്ദേഹം ഹാജരായിരിക്കുന്നു. സെപ്റ്റംബർ മാസത്തിൽ 31 എന്നൊരു തീയതിയില്ല, 30-ാം തീയതി വരെയേയുള്ളൂ. സെപ്റ്റംബർ മാസം 30 വരെയുള്ളപ്പോൾ 31-ാം തീയതി ഹാജരായി എന്നുപറഞ്ഞുകൊണ്ട് ഒരു കള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്നു. ഇത് പരിശോധിക്കണം. 2003 ഡിസംബർ മാസം 10, 11, 12, 15 എന്നീ തീയതികളിൽ രണ്ട് കോളേജിലും ഇദ്ദേഹത്തിന് അറ്റൻഡൻസുണ്ട്. 2003 ഏപ്രിൽ മാസം 6, 13, 20, 27, മേയ് മാസം 4, 11, 18, 25, 27 എന്നീ തീയതികളിൽ രണ്ട് കോളേജിലും ഹാജരായിട്ടുണ്ടെന്ന് സർട്ടിഫിക്കറ്റിൽ കാണുന്നു. ഈ തീയതികളെല്ലാം ഞായറാഴ്ചയാണ്. ഞായറാഴ്ചകളിൽ രണ്ട് കോളേജുകളിലും ഒരേ സമയത്ത് ഹാജരാകാൻ എന്ത് മാന്ത്രികവിദ്യയാണ് ശ്രീ. ഖാദർ മങ്ങാടിനുള്ളത്?

അദ്ദേഹത്തിന്റെ ഗവേഷണ സർട്ടിഫിക്കറ്റുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന സുപ്രധാന കാര്യമാണിത്. ഒരു സർവ്വകലാശാലയുടെ കീപോസ്റ്റായ വൈസ് ചാൻസലർ സ്ഥാനത്തേക്ക് മതിയായ യോഗ്യതയില്ലാത്ത ആളുകൾ കടന്നുവരുമ്പോൾ, സർക്കാർ കൊടുക്കുന്ന സ്വയംഭരണാവകാശത്തിന്റെ ഭാഗമായി മാനേജ്മെന്റ് തീരുമാനിക്കുന്ന ഗവേണിംഗ് കൗൺസിലിന്റെ സെക്രട്ടറി, പ്രിൻസിപ്പാൾ നോമിനേറ്റ് ചെയ്യുന്ന ആളാണെന്നിരിക്കെ എങ്ങനെയാണ് അവിടത്തെ കോളേജുകളിൽ പ്രിൻസിപ്പാളിന് സുതാര്യമായി ഒരു ഗവേണിംഗ് ബോഡിയെ നിയന്ത്രിക്കാൻ കഴിയുക? അങ്ങനെ നിയന്ത്രിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഞങ്ങൾ ഈ ബില്ലിനെ എതിർക്കുന്നത്. മാനേജ്മെന്റ് തീരുമാനിക്കുന്ന ഒരു ഗവേണിംഗ് ബോഡിയും അതിന്റെ സെക്രട്ടറിയും വരുമ്പോൾ കാര്യങ്ങൾ സുതാര്യമായിരിക്കില്ല എന്നതുകൊണ്ടാണ് ഞങ്ങൾ എതിർക്കുന്നത്. സ്വയംഭരണ കോളേജുകൾക്ക് ആ കോളേജുകളിലെ ബിരുദ പരീക്ഷ നടത്താനുള്ള അധികാരമുണ്ടെന്ന് ഈ ബില്ലിൽ പറഞ്ഞിരിക്കുന്നു. ചോദ്യപേപ്പർ തയ്യാറാക്കാനും മൂല്യനിർണ്ണയം നടത്താനും മാർക്കിടാനുമൊക്കെയുള്ള അവകാശം ഈ സ്വയംഭരണ കോളേജുകൾക്കാണ്. കോളേജുകൾ മാർക്കിട്ടതിനുശേഷം ആ മാർക്ക് സർവ്വകലാശാലയിലേയ്ക്ക് അയച്ചുകൊടുക്കുമ്പോൾ ബിരുദം കൊടുക്കുന്ന കടമ മാത്രമാണ് സർവ്വകലാശാലയ്ക്കുള്ളത്. ഒരു സർവ്വകലാശാലയെ ഇങ്ങനെ അധഃപതിപ്പിക്കണോ? ഒരു സ്വയംഭരണ കോളേജിന്റെ സർട്ടിഫിക്കറ്റിന് ഒരിക്കലും കേരളത്തിലോ വിദേശത്തോ വിലയുണ്ടാവില്ല. അതിന് വിലയുണ്ടാകണമെങ്കിൽ ഇതെല്ലാം ഒരു സർവ്വകലാശാലയുടെ കീഴിലാവണം. അതുകൊണ്ടുമാത്രമാണ് ബിരുദം കൊടുക്കുന്ന കടമ സർവ്വകലാശാലയെ ഏൽപ്പിച്ചിരിക്കുന്നത്. സ്വയംഭരണ കോളേജുകളെ നിയന്ത്രിക്കാതെ ബിരുദദാനത്തിനാവശ്യമായ സർട്ടിഫിക്കറ്റ് കൊടുക്കുകയെന്ന പ്രാഥമികമായ കടമമാത്രമാണ് സർവ്വകലാശാലയ്ക്കുള്ളത്. ഇങ്ങനെ ആരുടെയെങ്കിലും കുഞ്ഞിന്റെ പിതൃത്വം ഏറ്റെടുക്കുന്ന നിലയിലേക്ക് കേരളത്തിലെ മഹത്തായ സർവ്വകലാശാലകളെ എന്തിനാണ് അധഃപതിപ്പിക്കുന്നത്? ഈ നിലയിൽ വിദ്യാഭ്യാസക്കച്ചവടമാണ് ഇവിടെ നടക്കുന്നത്. കോഴ്സുകളുടെ കാര്യം പറയുകയാണെങ്കിൽ, ചില കോഴ്സുകൾ പുനർനാമകരണം ചെയ്താൽ സ്വയംഭരണ കോളേജുകൾക്ക് മാത്രമായി സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യാമെന്നൊരു നിയമവ്യവസ്ഥ ഇതിനകത്തുണ്ട്. കരിക്കുലത്തിൽ ചെറിയൊരു മാറ്റം വരുത്തിയാൽ മതി. ഉദാഹരണത്തിന് ബി.എ. എക്കണോമിക് കോഴ്സിന്റെ കാര്യമെടുക്കാം. ബി.എ. എക്കണോമിക്സ് ഒരു ഡിഗ്രി കോഴ്സാണ്. ആ ഡിഗ്രികോഴ്സിന്റെ ഭാഗമായി പരീക്ഷ എഴുതി പാസ്സായി ബിരുദത്തിനാവശ്യമായ സർട്ടിഫിക്കറ്റ് സർവ്വകലാശാലയിൽ കൊടുത്താൽ ബിരുദ സർട്ടിഫിക്കറ്റ് സർവ്വകലാശാല കൊടുക്കും. പക്ഷെ ആ കോഴ്സ് പുനർനാമകരണം ചെയ്താൽ, അത് ഡിപ്ലോമയാക്കി മാറ്റിയാൽ അതിനാവശ്യമായ സർട്ടിഫിക്കറ്റ് ആ കോളേജിന് തന്നെ കൊടുക്കാം. പരീക്ഷ നടത്തുകയും മൂല്യനിർണ്ണയം നടത്തുകയും മാർക്കിടുകയും സർട്ടിഫിക്കറ്റ് കൊടുക്കുകയും ചെയ്യുന്നത് ഒരു കോളേജ് മാത്രമാണെങ്കിൽ എന്താകും സ്ഥിതി; വിദ്യാർത്ഥികളുടെ മെരിറ്റ് അടിസ്ഥാനത്തിലായിരിക്കുമോ കാര്യങ്ങൾ പരിശോധിക്കുന്നത്; മാനേജ്മെന്റുകൾക്ക് താല്പര്യമുള്ള വിദ്യാർത്ഥികളെ സഹായിക്കുന്ന നിലപാടിലേക്ക്

മാറില്ലേ? ഉദാഹരണത്തിന് ബി.എ. എക്കണോമിക്സ് കോഴ്സ് എടുക്കാം. ബി.എ. എക്കണോമിക്സ് കോഴ്സ് ബി.എ. അപ്ലൈഡ് എക്കണോമിക്സ് എന്ന് പുനർനാമകരണം ചെയ്താൽ ആ കോഴ്സിന് ഡിപ്ലോമ സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള അധികാരം സ്വയംഭരണ കോളേജിനുണ്ട്. എം.എ., എം.എസ്.സി. തുടങ്ങിയ പി.ജി. കോഴ്സുകളെ ഡിപ്ലോമയാക്കി മാറ്റി ബിരുദ വ്യാപാരം നടത്താനുള്ള അധികാരം ഈ സ്വയംഭരണ കോളേജുകൾക്കുണ്ട്. 15 വർഷം ഓട്ടോണമിയിലേക്ക് പോയാൽ എല്ലാ ഡിഗ്രി/പി.ജി. കോഴ്സുകൾക്കും സർട്ടിഫിക്കറ്റ് കൊടുക്കാനാവശ്യമായ അധികാരം ഈ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. ആത്യന്തികമായി വിദ്യാഭ്യാസ നിലവാരം ഉയർത്താനെന്ന പേരിൽ കേരളത്തിലെ ചില കോളേജുകൾക്ക് സ്വയംഭരണാവകാശം കൊടുത്ത് പരീക്ഷ നടത്താനും വിദ്യാർത്ഥി പ്രവേശനം നടത്താനും തോന്നുന്ന നിലയിൽ അദ്ധ്യാപകരെ നിയമിക്കാനും ആവശ്യമായവർക്ക് സർട്ടിഫിക്കറ്റ് കൊടുക്കാനും മാനേജുമെന്റുകൾക്ക് അധികാരം കൊടുക്കുന്നതിനാൽ അക്ഷരാർത്ഥത്തിൽ ഇതൊരു മാനേജുമെന്റ് ഓട്ടോണമിയാണ്. ഇത് മാനേജ്മെന്റിന് പരിപൂർണ്ണ അധികാരം കൊടുക്കുന്ന ഒരു പ്രശ്നമാണ്. ഇത്തരം സ്ഥാപനങ്ങളിൽ പെൺകുട്ടികൾക്ക് സ്വതന്ത്രമായി പഠിക്കാൻ കഴിയുമോ? നമ്മുടെ നാട്ടിലെ ചില സ്ഥാപനങ്ങളിൽ ഇത്തരം പ്രശ്നമുണ്ട്. ഇന്റേണൽ മാർക്കിന്റെ ഭാഗമായി പെൺകുട്ടികളെ പീഡിപ്പിക്കുന്ന സ്ഥിതിയുണ്ട്. പെൺകുട്ടികൾക്കെതിരായി പീഡനം ഉണ്ടായാൽ അത് പരിശോധിച്ച് ആവശ്യമായ നടപടി എടുക്കാൻ അത്തരം സ്ഥാപനങ്ങളിൽ ആവശ്യമായ കമ്മിറ്റി ഉണ്ടാകണമെന്ന് യു.ജി.സി. പറഞ്ഞിട്ടുണ്ട്. ഈ സ്വയംഭരണ സ്ഥാപനങ്ങളിൽ അത്തരം കമ്മിറ്റികളുണ്ടോ? ഒരു സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ, അറ്റന്റൻസ് ഒഴികെ ഒരു അദ്ധ്യാപകന് ആത്മനിഷ്ഠമായി ചെയ്യാൻ കഴിയുന്ന മറ്റു പല കാര്യങ്ങൾക്കും മാർക്ക് കൊടുക്കുന്ന സംവിധാനം ഉൾപ്പെടെ ആ കോളേജിലെ പെൺകുട്ടികളെ പല രീതിയിൽ ഹരാസ് ചെയ്യാൻ കഴിയും. ഒരു സർവ്വകലാശാലയ്ക്കോ സർക്കാരിനോ കീഴിലല്ലാതെ വന്നാൽ ആ പെൺകുട്ടിക്ക് അഭിപ്രായം പറയാനോ പെൺകുട്ടിക്കെതിരെ പരാതി ഉണ്ടായാൽ അതിലാവശ്യമായ നടപടി സ്വീകരിക്കാനോ ഇത്തരം സ്വയംഭരണ കോളേജിന് കഴിയുമോ?

ശ്രീ. എ. കെ. ബാലൻ: സർ, അക്കാദമിക് ആട്ടോണമി ലഭ്യമാകുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മാനേജ്മെന്റ് പാഠ്യപുസ്തകത്തിൽ ജ്യോതിഷം ഉൾപ്പെടുത്തണമെന്ന് തീരുമാനിച്ചാൽ അതിനെ എതിർക്കാൻ കഴിയുമോ?

ശ്രീ. ആർ. രാജേഷ്: സർ, അവിടെയാണ് പ്രശ്നം. കോഴ്സ് തീരുമാനിക്കാനുള്ള അധികാരം ഈ സ്വയംഭരണ കോളേജിനാണ്. ഭരണപക്ഷവും പ്രതിപക്ഷവും ഇക്കാര്യത്തിൽ ഒരു നിലപാട് കർക്കശമായി സ്വീകരിക്കണം. കേന്ദ്ര മാനവവിഭശേഷി വകുപ്പുമന്ത്രി ശ്രീമതി സ്മൃതി ഇറാനി, അന്ധവിശ്വാസത്തിന്റെയും അനാചാരത്തിന്റെയും കൂടാരങ്ങളിൽനിന്നും രാജ്യത്തെ ജനങ്ങളെപുറത്തേയ്ക്ക് കൊണ്ടുവരേണ്ട ഒരു മന്ത്രി, ഒരു ജ്യോതിഷിയുടെ അടുത്തെത്തുമ്പോൾ, ജ്യോതിഷി പറയുകയാണ് നിങ്ങൾ ഇന്ത്യയുടെ പ്രസിഡന്റായി മാറും.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ശ്രീ. എ. കെ. ബാലൻ ചോദിച്ച ചോദ്യത്തിനുള്ള മറുപടിയാണ്. നമ്മുടെ എഡ്യൂക്കേഷൻ സിസ്റ്റത്തിൽ വരാൻ പാടില്ലാത്ത കാര്യങ്ങൾ കോഴ്സിൽ ഉൾപ്പെടുത്തിയാൽ അത് നിരാകരിക്കുന്നതിനുള്ള അധികാരം യൂണിവേഴ്സിറ്റിക്കുണ്ട്. അത് ഈ ബില്ലിൽ പറഞ്ഞിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, ഇതിൽ ഏറ്റവും വലിയ പ്രശ്നം വരാൻ പോകുന്നത് മാനവിക വിഷയങ്ങളിലാണ്. ഞാൻ ഇക്കാര്യം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നപ്പോൾ ചൂണ്ടിക്കാണിച്ചു. നാഷണൽ ഇന്ററസ്റ്റിന് വിരുദ്ധമായ സിലബസുകൾ പ്രിഫർ ചെയ്താൽ തള്ളിക്കളയാമെന്ന ഭേദഗതി ഇതിൽ വന്നിട്ടുണ്ട്. പക്ഷെ നാഷണൽ ഇന്ററസ്റ്റ് എന്നുമാത്രം പോര. നാഷണൽ ആന്റ് സെക്കുലർ ഇന്ററസ്റ്റ് എന്ന് സ്പെസിഫൈ ചെയ്ത് പറയണം. ഇത് ബി.ജെ.പി. ഭരിക്കുന്ന സമയമാണ്. നാഷണൽ ഇന്ററസ്റ്റ് എന്താണ് എന്നതുസംബന്ധിച്ച് ഡിബേറ്റ് നടന്നുകൊണ്ടിരിക്കുകയാണ്. സെക്കുലർ പാർട്ടികൾ നാഷണൽ ഇന്ററസ്റ്റ് കൊണ്ട് അർത്ഥമാക്കുന്നത് അതല്ല ബി.ജെ.പി. അർത്ഥമാക്കുന്നത്. അതുകൊണ്ടുതന്നെ നാഷണൽ ആന്റ് സെക്കുലർ ഇന്ററസ്റ്റ് എന്നുതന്നെ പ്രത്യേകം പറയണം.

ശ്രീ. കെ. എൻ. എ. ഖാദർ: അത് ഭരണഘടനയിൽ പറയുന്നുണ്ടല്ലോ?

ഡോ. കെ. ടി. ജലീൽ: എന്നാൽ പിന്നെ എന്തിനാണ് നാഷണൽ ഇന്ററസ്റ്റ് എന്ന് ഇതിൽ എഴുതിച്ചേർത്തത്; നാഷണൽ ഇന്ററസ്റ്റിന് വിരുദ്ധമായ എന്ന പരാമർശം വച്ച സ്ഥിതിക്ക് നാഷണൽ ആന്റ് സെക്കുലർ ഇന്ററസ്റ്റ് എന്ന് വയ്ക്കുന്നതിൽ എന്താണ് തെറ്റ്?

ശ്രീ. പി. കെ. അബ്ദു റബ്ബ്: നമ്മുടെ രാജ്യത്തിന്റെ ഇന്ററസ്റ്റ് സെക്കുലർ ആണ്. അത് പ്രത്യേകം പറയേണ്ട ആവശ്യമില്ല.

ഡോ. കെ. ടി. ജലീൽ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, അക്കാര്യത്തിൽ ഒരു തരത്തിലുമുള്ള പിടിവാശിയുടെയും ആവശ്യമില്ല.

ശ്രീ. പി. കെ. അബ്ദു റബ്ബ്: നമ്മുടെ രാജ്യത്താണെങ്കിലും സംസ്ഥാനത്താണെങ്കിലും ഭരണം മാറുന്നതുകൊണ്ടോ ഭരണകക്ഷി മാറുന്നതുകൊണ്ടോ ദേശീയ താത്പര്യം മാറുന്നില്ല.

ശ്രീ. കെ. ടി. ജലീൽ: ബി. ജെ. പി. അധികാരത്തിൽ വന്നത് കോൺഗ്രസ്സ് അധികാരത്തിൽ വരുന്നതുപോലെ മറ്റൊരു പാർട്ടി നമ്മുടെ രാജ്യത്ത് അധികാരത്തിൽ വന്ന എന്നുമാത്രം കരുതിയാൽ മതിയെന്നാണല്ലോ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അഭിപ്രായം. അങ്ങനെയാണെന്ന് ഞങ്ങൾ കരുതുന്നില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സെക്കുലറിസം ഭരണഘടനയിൽ എഴുതിവച്ചിട്ടുള്ളപ്പോൾത്തന്നെ, ഗുജറാത്തിലെ പാഠപുസ്തകങ്ങൾ ഏതുരൂപത്തിലാണ് മാറ്റി എഴുതുന്നതെന്ന് നിങ്ങൾ പരിശോധിച്ചിട്ടുണ്ടോ? ഇവിടെ രണ്ട് മതങ്ങൾ തമ്മിലടിക്കും, യാതൊരു സംശയവും വേണ്ട.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്. സെക്കുലറിസത്തിന് കടുത്ത വെല്ലുവിളിയുയർത്തുന്ന ഒരു പ്രസ്ഥാനം നിയന്ത്രിക്കുന്ന ഭരണകൂടമാണ് രാജ്യത്തിൽ അധികാരത്തിലുള്ളത്. അധികാരത്തിലുള്ള പാർട്ടിയുടെ മന്ത്രിയാണ് ഒരു ജ്യോതിഷിയുടെ അടുത്തേയ്ക്ക് പോയി താൻ മന്ത്രിയാകും, പ്രസിഡന്റാകും എന്ന് പ്രവചിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നത്. ഐ.സി.എച്ച്.ആർ.-ന്റെ ചെയർമാൻ ശ്രീ. സുദർശൻ റാവു പറയുകയാണ് അയ്യായിരം വർഷങ്ങൾക്കുമുമ്പ് ഈ രാജ്യത്ത് വിമാനയാത്ര ഉണ്ടായിരുന്നുവെന്ന്. അങ്ങനെ അന്ധവിശ്വാസങ്ങളും അനാചാരവും കാവിവത്ക്കരണവും ഈ രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാൻ വല്ലാതെ വെമ്പൽകൊള്ളുന്ന ഒരു ഗവൺമെന്റ് ഈ രാജ്യത്ത് അധികാരത്തിലുള്ളപ്പോൾ, സ്വയംഭരണ കോളേജുകളിലെ മനേജ്മെന്റുകൾ നോമിനേറ്റ് ചെയ്യുന്ന അംഗങ്ങൾ ഗവേണിംഗ് ബോഡിയിലേയ്ക്ക് വരുമ്പോൾ അവരുടെ താത്പര്യത്തിന്റെ ഭാഗമായ കോഴ്സുകളാകും ഉണ്ടാവുക. അത് നാടിന്റെ മതേതരത്വത്തിന് വിഘാതമാകുന്ന തരത്തിലേയ്ക്ക് മാറാൻ പാടില്ല എന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. ബഹുമാന്യനായ ആറൻമുള അംഗം വിദേശ സർവ്വകലാശാലകൾ ഇങ്ങോട്ടേയ്ക്ക് വരില്ലേയെന്ന് ചോദിച്ചു. വിദേശത്ത് സർവ്വകലാശാലകളിൽ മതവും ജാതിയും സമുദായവുമല്ല ഒരു കോളേജിനെ നിയന്ത്രിക്കുന്നത്. അവിടെ മെറിറ്റാണ് നിയന്ത്രിക്കുന്നത്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, മാനവിക വിഷയങ്ങളുടെ സിലബസ് തീരുമാനിക്കുമ്പോൾ, സർവ്വകലാശാലയിൽ എല്ലാ മതവിഭാഗങ്ങളിലുള്ളവരും ചരിത്ര പണ്ഡിതൻമാരും ഒക്കെ ഉണ്ടായിട്ടും ഹിസ്റ്ററി പോലുള്ള വിഷയങ്ങളുടെ സിലബസുകൾ തീരുമാനിക്കുമ്പോൾ നമ്മുടെ നാട്ടിൽ വിവാദങ്ങളുണ്ടാകുന്നുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ ഒരു സർവ്വകലാശാലയിൽ തീരുമാനമെടുക്കുമ്പോൾ ഉണ്ടാകുന്ന ആ ഒരു സാർവ്വലൗകികത കോളേജിൽ തീരുമാനമെടുക്കുമ്പോൾ ഉണ്ടാകുമോ; നമ്മുടെ നാട്ടിലെ ജനവിഭാഗങ്ങൾ തമ്മിൽ വളരെ വലിയ പ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യമുണ്ടാകും, അത് തള്ളിക്കളയാൻ വയ്യ. നമ്മൾ തന്നെ കേട്ടിട്ടുണ്ടല്ലോ കേരള സർവ്വകലാശാലയിൽ ഹിസ്റ്ററിക്ക് സിലബസ് തീരുമാനിച്ചപ്പോൾ ഇന്ന പുസ്തകം അല്ലെങ്കിൽ ചില ആളുകളെ മോശമായോ വർഗ്ഗീയവാദിയായോ ചിത്രീകരിച്ചുകൊണ്ടുള്ള പുസ്തകങ്ങൾ റഫർ ചെയ്യപ്പെടാൻ സർവ്വകലാശാലയിൽ നിർദ്ദേശിക്കപ്പെടാറുണ്ട്. അത്തരം സന്ദർഭങ്ങൾ ഇത്തരം ഘട്ടത്തിൽ കൂടുതലായി ഉണ്ടാകും. അത് നമ്മുടെ നാട്ടിലുള്ള മതവിഭാഗങ്ങൾ

തമ്മിലുള്ള സൗഹാർദ്ദത്തെവരെ പ്രതികൂലമായി ബാധിക്കും. അങ്ങനെ അങ്ങേയ്ക്ക് അഭിപ്രായമില്ലേ?

ശ്രീ. ആർ. രാജേഷ്: സർ, അത്തരം മതപരമായ വിവേചനത്തിന് അവസരം നൽകുന്ന വിധത്തിൽ നമ്മുടെ നാട്ടിലേയ്ക്ക് ഇത്തരം സ്ഥാപനങ്ങളുടെ കടന്നുവരവ് ഉണ്ടാകാൻ പാടില്ല. അത്തരത്തിലുള്ള കോഴ്സുകൾ, പാഠ്യപദ്ധതി, ചിന്താധാര ഇവ വിദ്യാർത്ഥികൾക്കിടയിലേക്ക് കടന്നുവരാൻ പാടില്ലെന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. വിദേശ സർവ്വകലാശാലയിൽ സ്വയംഭരണ പദവിയുണ്ടെങ്കിലും അവയെ ഒരു സമുദായമല്ല നിയന്ത്രിക്കുന്നത്. കേരള, എം.ജി., കണ്ണൂർ, കാലിക്കട്ട് യൂണിവേഴ്സിറ്റികൾ ഓരോ സമുദായത്തിന് വീതം വയ്ക്കുന്നതുപോലെ വിദേശത്ത് ഏതെങ്കിലും മതത്തിനോ സമുദായത്തിനോ വീതം വയ്ക്കുന്ന നിലയല്ല ഉള്ളത്. അതുകൊണ്ടാണ് അവയ്ക്ക് സ്വയംഭരണ സ്ഥാപനങ്ങളെന്ന മെറിറ്റോടുകൂടി നിൽക്കാൻ കഴിയുന്നത്. സ്വയംഭരണ കോളേജുകളുടെ ഭാഗമായി ഒരു ഗവൺമെന്റ് കോളേജ് (യൂണിവേഴ്സിറ്റി കോളേജ്) തെരഞ്ഞെടുത്തപ്പോൾ എന്തുകൊണ്ട് പ്രതിരോധിച്ചു എന്നാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ചോദിച്ചത്. വിദ്യാഭ്യാസ മേഖലയെ കച്ചവടവത്ക്കരിക്കാൻ, കുഴിച്ചുമൂടാൻ നിങ്ങളുടെ ഗവൺമെന്റ് തീരുമാനിക്കുമ്പോൾ, ഒരു മലീമസമായ വിദ്യാഭ്യാസ സംസ്കാരത്തിന്റെ തടാകത്തിലേയ്ക്ക് കേരളീയ പൊതുവിദ്യാഭ്യാസത്തിന്റെ നല്ല വെള്ളത്തെ വലിച്ചുകൊണ്ടുപോകാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും അങ്ങയുടെ പാർട്ടിയും തീരുമാനിക്കുമ്പോൾ ഞങ്ങൾക്ക് പ്രതിരോധിക്കാതിരിക്കാൻ കഴിയില്ല. അതുകൊണ്ടാണ് തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജിൽ വിദ്യാർത്ഥി പ്രസ്ഥാനമെന്ന നിലയിൽ ഞങ്ങളുടെ പ്രവർത്തകർ ശക്തമായ പ്രതിരോധം തീർത്തത്. അത് നാളെയുമുണ്ടാകും. വിദ്യാഭ്യാസ മേഖലയെ നിങ്ങൾ കച്ചവടവത്ക്കരിക്കുമ്പോൾ ഞങ്ങൾ പറയുന്നു, ഞങ്ങളുടെ വിദ്യാർത്ഥി പ്രസ്ഥാനത്തിലെ കുട്ടികളുടെ അമ്മമാർ അവർക്കുവേണ്ടി അത്താഴം വിളമ്പി പായ വിരിച്ച് കാത്തിരിക്കുന്നവരല്ല. മഹാപ്രതിരോധം തീർത്തുകൊണ്ട് ഞങ്ങൾ ഉണ്ടാകും. വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന സ്വയംഭരണ കോളേജുകളെ, മെറിറ്റ് അട്ടിമറിച്ചുകൊണ്ട് മാനേജുമെന്റുകൾക്ക് താത്പര്യമുള്ള സംവിധാനമുണ്ടാക്കാനുള്ള ഈ ശ്രമത്തെ എല്ലാ നിലയിലും എതിർക്കുന്നു.

[5.00 PM]

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): അക്കാദമിക് ഓട്ടോണമി മാത്രമാണ് കോളേജുകൾക്ക് നൽകിയത്. യു.ജി.സി.-യുടെ ശിപാർശയനുസരിച്ച് കോളേജുകളെയെല്ലാം ഓട്ടോണമസ് ആക്കണമെന്നാണ്.

പക്ഷേ അക്കാദമിക് ഓട്ടോണമി മാത്രമാണ് ഗവൺമെന്റ് നൽകാൻ തീരുമാനിച്ചത്. അത് തന്നെ ബില്ലിൽ പറഞ്ഞിട്ടുള്ളതുപോലെ 'എ' ഗ്രേഡ് അടക്കമുള്ള പത്തോളം കണ്ടീഷൻസ് വച്ചിട്ടാണ് കോളേജുകളെ സെലക്ട് ചെയ്തത്. 'എ' ഗ്രേഡ് കുറഞ്ഞ യോഗ്യതയായി നിശ്ചയിച്ചു. ഉന്നതവിദ്യാഭ്യാസ വകുപ്പിലെയും ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെയും അതാത് സർവ്വകലാശാലയിലെ പ്രതിനിധികൾ ഉൾപ്പെട്ട ഒരു ഇൻസ്പെക്ഷൻ കമ്മിറ്റിയെ സർക്കാർ നിശ്ചയിച്ചു. സർവ്വകലാശാലകളിലെയും ഉന്നതവിദ്യാഭ്യാസ വകുപ്പിലെയും ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കി പ്രസ്തുത കമ്മിറ്റി പ്രാഥമിക പരിശോധന നടത്തി. ഒന്നാംഘട്ട നിരീക്ഷണത്തിനുശേഷം സ്വയംഭരണ അംഗീകാര സമിതി നിശ്ചയിച്ച വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കമ്മിറ്റി നേരിട്ട് കോളേജുകൾ സന്ദർശിക്കുകയും അവയ്ക്ക് റാങ്ക് നൽകുകയും ചെയ്തു. ഇതിനുശേഷമാണ് കോളേജുകളെ തെരഞ്ഞെടുത്തത്. അതിനുവേണ്ടി അക്കാദമിക് എക്സലൻസ് സംബന്ധിച്ച് ഓട്ടോണമിക്കായി ശിപാർശ ചെയ്ത കോളേജുകളുടെ ഇൻഫ്രാസ്ട്രക്ചർ ഫാക്കൽറ്റികളുടെ എക്സലൻസ്, സ്റ്റുഡന്റ്സ് പെർഫോമൻസ് എന്നിവ സംബന്ധിച്ച് പരിശോധന നടത്തി നൽകിയ മാർക്കിൽ 100-ൽ 70-നു മുകളിൽ മാർക്ക് ലഭിച്ച കോളേജുകൾക്കാണ് കൊടുത്തത്. ഉയർന്ന മാർക്ക് 100-ൽ 82-ആണ്. NAAC അക്രഡിറ്റേഷനിൽ 'എ' ഗ്രേഡ് ലഭിച്ചിട്ടുള്ള 10 വർഷത്തിൽ കൂടുതൽ പ്രവർത്തനമുള്ള കോളേജുകളെയാണ് സെലക്ട് ചെയ്തത്. 100-ൽ 50 മാർക്ക് ലഭിച്ചതും NAAC അക്രഡിറ്റേഷനിൽ 5-ൽ 3.5-ൽ കൂടുതൽ പോയിന്റ് ലഭിച്ച കോളേജുകളെയുമാണ് സെലക്ട് ചെയ്തത്. അങ്ങനെയുള്ള 13 കോളേജുകളെയാണ് സെലക്ട് ചെയ്തത്. ശ്രീ. ആർ. രാജേഷ് പറഞ്ഞ കോളേജ് അനുവദിച്ച കാര്യത്തിൽ ഞാൻ ഇടപെട്ടിട്ടില്ല. വിദഗ്ദ്ധ സമിതി അന്വേഷിച്ച് തീരുമാനിച്ച കോളേജുകളിലെല്ലാം യു.ജി.സി.-യുടെ ടീം പരിശോധിച്ച് അവർക്ക് 100 ശതമാനം സംതൃപ്തി രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഒരു കോളേജിന്റെയും കാര്യത്തിൽ ഞാൻ ഇടപെട്ടിട്ടില്ല എന്ന് വ്യക്തമാക്കുകയാണ്.

ഒരു കോളേജിന്റെ ആളുകൾ ഗവർണർക്ക് പരാതി കൊടുത്തുവെന്നും ഗവർണർ എന്നോട് വിശദീകരണം ചോദിച്ചുവെന്നുമാണ് ഇവിടെ പറഞ്ഞത്. സെന്റ് ആൽബർട്സ് കോളേജിന് സ്വയംഭരണാവകാശത്തിന് ശിപാർശ ചെയ്യാത്തതിനാൽ അതിനെതിരെ ചാൻസലറായ ഗവർണർക്ക് അപ്പീൽ നൽകി. അപ്പീലിൽ തീരുമാനമെടുക്കണമെന്ന് ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ചാൻസലർ ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയിൽനിന്ന് മൊഴിയെടുത്തിരുന്നു. അപ്രകാരമുള്ള അപ്പീൽ തള്ളി ബഹുമാനപ്പെട്ട ചാൻസലർ തന്നെ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

യു.ജി.സി. നിർബന്ധിച്ചതുകൊണ്ടുമാത്രം എല്ലാ കോളേജുകൾക്കും ഓട്ടോണമി കൊടുക്കുകയില്ല. ഓട്ടോണമിക്ക് വേണ്ടി അപ്ലൈ ചെയ്ത കോളേജുകളിൽ ബില്ലിൽ പറഞ്ഞിട്ടുള്ള എല്ലാ യോഗ്യതകളുമുള്ള കോളേജുകളെ രണ്ട് മൂന്ന് തലത്തിൽ ഇൻസ്പെക്ഷൻ നടത്തിയതിനുശേഷം അക്കാദമിക് അപ്രൂവൽ കമ്മിറ്റി സെലക്ട് ചെയ്തിട്ടുള്ള കോളേജുകൾക്കാണ് കൊടുത്തിട്ടുള്ളത്. അല്ലാതെ ഏതെങ്കിലും കോളേജിനുമേൽ അക്കാദമിക് ഓട്ടോണമി കെട്ടിവയ്ക്കാൻ ആരും ശ്രമിച്ചിട്ടില്ല. അങ്ങനെ ഒരു തെറ്റിദ്ധാരണയും വേണ്ട, യു.ജി.സി.-യും നിർബന്ധിച്ചിട്ടില്ല, സർക്കാരും നിർബന്ധിച്ചിട്ടില്ല.

ഗവർണറുടെ നയപ്രഖ്യാപനത്തിലുണ്ടായിരുന്നുവെങ്കിലും എഞ്ചിനീയറിംഗ് കോളേജുകളെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നുകാണിച്ച് ചില അംഗങ്ങൾ വിയോജനക്കുറിപ്പ് നൽകിയിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകൾക്ക് വേണ്ടിയുള്ള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ ബിൽ വരാൻ പോകുകയാണ്. ആ ബില്ലിൽ ഈ ക്ലോസ് ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടാണ് എഞ്ചിനീയറിംഗ് കോളേജുകൾ ഇതിൽ വരാതെ പോയത്.

അക്കാദമിക് ഓട്ടോണമി നൽകുമ്പോൾ കോളേജുകൾ യൂണിവേഴ്സിറ്റിയുടെ സിസ്റ്റത്തിൽനിന്ന് വിട്ടുപോകുമെന്ന് ശ്രീ. ആർ. രാജേഷ് ഉൾപ്പെടെയുള്ളവർ പറഞ്ഞു. അവയെല്ലാം യൂണിവേഴ്സിറ്റി നിയമത്തിന്റെ ഫ്രെയിം വർക്കിനുള്ളിൽ നിന്നുതന്നെയാണ് പ്രവർത്തിക്കുന്നത്. കോഴ്സുകൾ ഡിസൈൻ ചെയ്യാനും നടത്താനുമുള്ള അധികാരം മാത്രമേ കൊടുക്കുന്നുള്ളൂ.

<u>ശ്രീ. സി. കെ. നാണു:</u> നമ്മുടെ നാട്ടിലെ പിന്നോക്കവിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും വിദ്യാഭ്യാസ മേഖലയിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ ഓട്ടോണമി ലഭിച്ച കോളേജുകളിൽ നിലനിൽക്കുമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> ഗവൺമെന്റ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും ഗവൺമെന്റ് കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണോ അത് ഇവിടെയും നിലനിൽക്കും. ഓട്ടോണമസ് കോഴ്സുകളെ കുറിച്ചുള്ള കാര്യങ്ങളിൽ മാത്രമേ വ്യത്യാസമുണ്ടാവുകയുള്ളൂ. അവിടെ എയ്ഡഡ് കോഴ്സുകളുമുണ്ടാവും, അൺ എയ്ഡഡ് കോഴ്സുകളുമുണ്ടാകും. ഇപ്പോഴും എയ്ഡഡ് കോളേജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ നടത്തുന്നുണ്ട്.

<u>ഡോ. കെ. ടി. ജലീൽ:</u> യു.ജി.സി. നിർദ്ദേശിച്ചതുകൊണ്ട് ഇത്ര കോളേജുകൾ ഓട്ടോണമസ് കോളേജാക്കണം എന്ന നിർബന്ധം വല്ലതുമുണ്ടോ; യു.ജി.സി.-യുടെ ആസ്ഥാനമായ ഡൽഹിയിൽ, ഡൽഹി യൂണിവേഴ്സിറ്റിയുടെ കീഴിലെ ഒരൊറ്റ

കോളേജും ഓട്ടോണമസ് കോളേജ് ആക്കിയിട്ടില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടല്ലോ.

ശ്രീ. പി. കെ. അബ്ദു റബ്ബ്: ഇത്ര കോളേജുകളിൽ വേണമെന്ന് യു.ജി.സി. നിർബന്ധം പിടിച്ചുവെന്ന രീതിയിലാണ് നേരത്തെ അവിടെനിന്ന് സംസാരിച്ചത്. യു.ജി.സി.-യുടെ ഗൈഡ്‌ലൈൻ അനുസരിച്ച് അതിന്റെ പരിധിയിൽ വരുന്ന എല്ലാ കോളേജിനും കൊടുക്കണമെന്നതാണ്. അത് റെസ്ട്രിക്റ്റ് ചെയ്യാൻ വേണ്ടിയാണ് കടുത്ത നിബന്ധനകൾ വച്ച് 13 കോളേജുകൾക്ക് നൽകിയത്. അടുത്ത ഘട്ടത്തിൽ ഇതിലേയ്ക്ക് വരുന്ന കോളേജുകളെ രണ്ടാമത് അപേക്ഷ ക്ഷണിച്ച് പരിഗണിക്കും. ഡോ. കെ. ടി. ജലീൽ സംസാരിച്ചപ്പോൾ കോളേജ് മാനേജ്മെന്റുകളുടെ സാമുദായിക സ്വഭാവത്തെക്കുറിച്ച് പറഞ്ഞു. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. അപ്ലൈ ചെയ്ത കോളേജുകൾ മാത്രമാണ് പരിശോധിച്ചത്. പരിശോധിച്ച കോളേജുകളിൽ ഈ പത്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന കോളേജുകൾക്കാണ് നൽകിയത്. അതിൽ രണ്ട് ഗവൺമെന്റ് കോളേജുകൾ മാത്രമാണ് വന്നത്. അവർക്കും പതിനൊന്ന് എയ്ഡഡ് കോളേജുകൾക്കും കൊടുത്തു.

ശ്രീ. വി. ശിവൻകുട്ടി: 75 വർഷത്തിനുശേഷം കേരള യൂണിവേഴ്സിറ്റിയിൽ നിയമിതനായ സമൂഹം അംഗീകരിക്കപ്പെട്ട പട്ടികജാതിക്കാരനായ ഒരു പ്രൊ വി.സി.-യുടെ ദുഃസ്ഥിതിയെ സംബന്ധിച്ച് ഞാൻ ഈ സഭയിൽ വളരെ ഗൗരവത്തോടെ അവതരിപ്പിക്കുകയും ചീഫ് വിപ്പ് അടക്കമുള്ളവർ അതിനെ സപ്പോർട്ട് ചെയ്യുകയും ചെയ്തു. അങ്ങ് അതിനെപ്പറ്റി ഒരു കമന്റും നടത്തിയില്ല. അങ്ങ് മറുപടി പറയുമെന്നാണ് പ്രതീക്ഷിച്ചത്. അങ്ങും മുഖ്യമന്ത്രിയും അറിയാതെ ബഹുമാനപ്പെട്ട ഗവർണർ കേരളത്തിലെ വൈസ് ചാൻസലർമാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടി. അങ്ങ് അവിടെ ചെന്ന് മിണ്ടാതിരിക്കുന്നത് പത്രത്തിൽ കണ്ടു. അതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

(അദ്ധ്യക്ഷ വേദിയിൽ മി.ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. പി. കെ. അബ്ദു റബ്ബ്: കേരള യൂണിവേഴ്സിറ്റി പ്രൊ-വൈസ് ചാൻസലർമാരെ സംബന്ധിച്ച കാര്യങ്ങൾ എനിക്കറിയാം. യൂണിവേഴ്സിറ്റിക്കും ഒരു വ്യക്തി എന്ന നിലയിലും, അദ്ദേഹത്തിനെതിരെ അക്രമം ഉണ്ടാകുമ്പോൾ അതിനെതിരായി പ്രതിഷേധം അറിയിക്കുവാനും പരാതി കൊടുക്കുവാനും അദ്ദേഹത്തിന് അധികാരമുണ്ട്. ബാക്കി കാര്യങ്ങൾ എന്തുചെയ്യണമെന്നുള്ള യൂണിവേഴ്സിറ്റിയുടെ ..... (ബഹളം)...... കേസെടുക്കേണ്ടത് മന്ത്രിയല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ശിവൻകുട്ടി, മന്ത്രി സംസാരിക്കട്ടെ.

ശ്രീ. പി. കെ. അബ്ദു റബ്ബ്: എനിക്ക് പറയാനുള്ളത് പറയട്ടെ. യൂണിവേഴ്സിറ്റിയിൽ നടന്ന കാര്യങ്ങൾക്ക് അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാനും വേണ്ട തലങ്ങളിൽ റിപ്പോർട്ട് ചെയ്യുവാനും വൈസ് ചാൻസലർക്ക് അധികാരമുണ്ട്. ഗവൺമെന്റ് ഇടപെടേണ്ട വിഷയങ്ങളിൽ ഗവൺമെന്റ് ഇടപെടും. ഗവൺമെന്റിനെ സംബന്ധിച്ച് അത്രയേ സാധിക്കൂ. ഇവിടെ പറഞ്ഞതുകൊണ്ട് ഇതിനെക്കുറിച്ച് അന്വേഷിക്കാം. നിയമസഭയിൽ ഈ വിഷയം ഉന്നയിച്ചതുകൊണ്ട് അന്വേഷണത്തിന് ഉത്തരവിടേണ്ട കാര്യമില്ല. യൂണിവേഴ്സിറ്റിയിൽ പ്രൊ-വൈസ് ചാൻസലറുടെ മേലെ വൈസ് ചാൻസലറുണ്ട്, സിൻഡിക്കേറ്റുണ്ട്, മറ്റു സമിതികളുണ്ട്. അവരാണ് നടപടികൾ സ്വീകരിക്കേണ്ടത്. അതാണ് അതുമായി സംബന്ധിച്ച് എനിക്ക് പറയുവാനുള്ളത്.

ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം, RUSA ഫണ്ട് 12-ാം പദ്ധതിയിൽ 1245.75 കോടി രൂപയുടെ പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട്. ഡിസംബറിൽ അതിന്റെ മീറ്റിംഗ് വരികയാണ്. അത് അംഗീകരിച്ചുകിട്ടുമെന്ന വിശ്വാസത്തിലാണ് മുന്നോട്ടുപോകുന്നത്. നേരത്തെ ശ്രീ. പി. സി. വിഷ്ണുനാഥ് സംസാരിച്ചപ്പോൾ കുറേ കാര്യങ്ങളിൽ വിശദീകരണം പറഞ്ഞതുകൊണ്ട് കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഏതായാലും ഒരു ആശങ്കയ്ക്കും അവകാശമില്ല. ഇവിടെ പറഞ്ഞതുപോലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് വളരെ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുവാൻവേണ്ടി പുതിയ പദ്ധതികളും കാര്യങ്ങളും കൊണ്ടുവരുമ്പോൾ അതിനെ കണ്ണടച്ച് എതിർക്കുന്നത് ശരിയല്ല. കോളേജുകൾക്ക് കൊടുക്കുന്ന അക്കാദമിക് ഓട്ടോണമി പിൻവലിക്കാനും സർക്കാരിനും യൂണിവേഴ്സിറ്റിക്കും അധികാരമുണ്ട്. ഗവൺമെന്റിന്റെയും യൂണിവേഴ്സിറ്റിയുടെയും യു.ജി.സി.-യുടെയും നിബന്ധനകൾക്ക് വിരുദ്ധമായി അക്കാദമിക് ഓട്ടോണമി ലഭിച്ച ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ ആ അക്കാദമിക് ഓട്ടോണമി പിൻവലിക്കുന്നതിനുള്ള അധികാരവും സർക്കാരിനും യൂണിവേഴ്സിറ്റിക്കും യു.ജി.സി.-ക്കുമുണ്ട്. അതുകൊണ്ട് അങ്ങനെയൊരു ആശങ്കയുടെ ആവശ്യമില്ല.

ഡിഗ്രി സർട്ടിഫിക്കറ്റിന്റെ കാര്യത്തിൽ നമുക്കൊരു സ്ട്രീംലൈനിംഗ് വേണം. എല്ലാ യൂണിവേഴ്സിറ്റികളിലും ഒരേ സമയത്ത് അഡ്മിഷൻ നടക്കണം. ഒരേ സമയത്ത് പരീക്ഷ നടത്തി റിസൾട്ട് പ്രഖ്യാപിക്കണം, ഒരേ സമയത്ത് ഡിഗ്രി സർട്ടിഫിക്കറ്റ് കൊടുക്കണം. അതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ട്.

ബഹുമാനപ്പെട്ട ഗവർണർ മീറ്റിംഗ് വിളിച്ചതിനെപ്പറ്റിപ്പറഞ്ഞു. നേരത്തെ ഉണ്ടായിരുന്ന ഗവർണറും മീറ്റിംഗ് വിളിച്ചിരുന്നു. കണ്ണൂർ സർവ്വകലാശാലയിൽ എല്ലാ വൈസ് ചാൻസലർമാരുടെയും മീറ്റിംഗ് വിളിച്ചിരുന്നു, അതിൽ ഞാൻ പങ്കെടുത്തിരുന്നു. ഗവർണർ മീറ്റിംഗ് വിളിക്കുമ്പോൾ ഗവർണറാണ് സംസാരിക്കുന്നത്.

ഗവർണർ സംസാരിക്കുന്നതാണ് ടി.വി.-യിലും മറ്റും കാണിക്കുന്നത്. എന്താണ് ഞാൻ മിണ്ടാതിരുന്നതെന്നാണ് ശ്രീ. വി. ശിവൻകുട്ടി ചോദിച്ചത്? അങ്ങനെ ചോദിച്ചതുകൊണ്ട് കാര്യമില്ല. ഈ ഗവർണർ വന്നപ്പോഴും മീറ്റിംഗ് വിളിച്ചു. ആ യോഗത്തിൽ എല്ലാവരും പങ്കെടുത്തു. ഇതുപോലുള്ള കാര്യങ്ങളൊക്കെ ചർച്ച ചെയ്തു. അതിനനുസരിച്ചുള്ള കാര്യങ്ങളുമായി മുമ്പോട്ടുപോകുന്നുണ്ട്. യൂണിവേഴ്സിറ്റികളുടെ ചാൻസലറായ ഗവർണർക്ക് ഒരു ചാൻസലേഴ്സ് കൗൺസിൽ ഉണ്ടാക്കാൻ പാടില്ല എന്നുപറയാൻ കഴിയില്ല. യൂണിവേഴ്സിറ്റികളുടെ നല്ല നടത്തിപ്പിനുവേണ്ടി ഗവർണർ മുൻകൈയെടുത്താൽ അതിനെ തെറ്റായി കാണേണ്ട കാര്യമില്ല.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ റീ ഓർഗനൈസേഷൻ സംബന്ധമായ പ്രധാന നിയമ നടപടികളാണ് അങ്ങ് മറുപടി പറയുമ്പോൾ അവസാനിക്കുന്നത്. നമ്മുടെ സാക്ഷര കേരളത്തിന്, സാംസ്കാരിക കേരളത്തിന്, അപമാനകരമായ സംഭവമാണ് ഇവിടെ നടന്നത്. 75 വർഷത്തിനുശേഷം യൂണിവേഴ്സിറ്റി രംഗത്തുനിന്നുവന്ന പാവപ്പെട്ട ആദിവാസി വർഗ്ഗത്തിൽപ്പെട്ട ആളെ ഇത്രയും ക്രൂരമായി പീഡിപ്പിച്ചിട്ട് അക്കാര്യത്തിൽ ഗവൺമെന്റിന് ഒരു അഭിപ്രായവുമില്ല, ഒരു നയവുമില്ല, ഒരു നടപടിയുമില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തെ സംബന്ധിച്ച് ഒരു അന്വേഷണമെങ്കിലും നടത്തണ്ടേ; എന്താണ് അവിടെ സംഭവിച്ചത്; അവിടെ നടന്നത് സത്യമാണോ? അദ്ദേഹത്തിന്റെ ഡോക്ടറേറ്റ് ഡിഗ്രി വരെ ബ്ലാക്ക്മെയിൽ ചെയ്തിരിക്കുന്നു. ഇത് ഞെട്ടിപ്പിക്കുന്ന സംഭവമല്ലേ; അപമാനകരമല്ലേ; ഇക്കാര്യങ്ങളെല്ലാം അന്വേഷിക്കണം.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ചാൻസലേഴ്സ് കൗൺസിൽ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തതുമായി ബന്ധപ്പെട്ട് കെ.പി.സി.സി. വൈസ് പ്രസിഡന്റ് എം.എം. ഹസൻ പറഞ്ഞത് അത് നിയമവിരുദ്ധമാണെന്നാണ്. അത് ഗവൺമെന്റിന്റെ ഒരു ഉത്തരവായി കൊടുക്കണ്ട, ഉത്തരവ് എന്നുപറയുന്നത് ഏതെങ്കിലും വകുപ്പിൽ നിന്നുതന്നെ പോകണമോ; യഥാർത്ഥത്തിൽ ചാൻസലേഴ്സ് കൗൺസിലിന്റെ കോൺസ്റ്റിറ്റ്യൂഷന് before the law existence ഇല്ല. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എന്താണ് പറയാനുള്ളത് ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : സർ, ഞാൻ അതിന്റെ നിയമവശമല്ല പറഞ്ഞത്. നമ്മുടെ സംസ്ഥാന ഗവർണർ യൂണിവേഴ്സിറ്റികളുടെ ചാൻസലർ എന്ന രീതിയിൽ വൈസ് ചാൻസലർമാരുടെയും വിദ്യാഭ്യാസ മന്ത്രിയുടെയും യോഗം വിളിച്ച് ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തതിൽ യാതൊരു തെറ്റുമില്ലാ എന്നുമാത്രമാണ് ഞാൻ പറഞ്ഞത്. അതിന്റെ നിയമപരമായ കാര്യങ്ങളെക്കുറിച്ച് ഞാൻ പറയേണ്ട കാര്യമില്ല. പറയാൻ എനിക്ക് അറിയില്ല.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഇങ്ങനെയൊക്കെ സംഭവിച്ചത് വിദ്യാഭ്യാസ വകുപ്പുമന്ത്രി തക്ക സമയത്ത് സർവ്വകലാശാലകളുടെ കാര്യത്തിൽ ഇടപെടാത്തതു കൊണ്ടാണ്. ഒരു ഗവർണറും നടത്തിയിട്ടില്ലാത്ത കാര്യമാണ് ഇവിടെ ചെയ്തത്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: അങ്ങനെ പറയേണ്ട കാര്യമില്ല. ശ്രീ. നിഖിൽ കുമാർ ഗവർണ്ണറായിരിക്കുമ്പോൾ കണ്ണൂർ സർവ്വകലാശാലയുടെ വിഷയത്തിൽ ഇടപെടൽ നടത്തിയിട്ടുണ്ട്. ഞാൻ പറയുന്നത്, കഴിഞ്ഞ ഗവർണ്ണറുടെ കാലത്തും കണ്ണൂർ യൂണിവേഴ്സിറ്റിയിൽ യോഗം വിളിച്ചിട്ടുണ്ട്. പുതിയ ഗവർണർ വന്നിട്ട് മൂന്നുനാല് മാസമായതേയുള്ളൂ. അദ്ദേഹവും ഒരു യോഗം വിളിച്ചതിൽ എന്താണ് ഇത്ര തെറ്റ് പറയാനുള്ളത്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, കേരളത്തിലെ സർവ്വകലാശാലയുടെ ഭരണം നിയന്ത്രിക്കുന്നതിനുവേണ്ടി ചാൻസലേഴ്സ് കൗൺസിൽ രൂപീകരിച്ചതു സംബന്ധിച്ച് അദ്ദേഹം അഭിപ്രായപ്പെട്ടതാണ്. ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ ചാൻസലേഴ്സ് കൗൺസിൽ യോഗം കൂടിയത് സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ് ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ചാൻസലേഴ്സ് കൗൺസിൽ എന്ന പേരിൽ ഒരു സംഘടന ഉണ്ടാക്കിയാൽ അതിനെ എനിക്ക് എതിർക്കാൻ കഴിയില്ല. അങ്ങനെയൊരു കൗൺസിൽ ഉണ്ടാക്കാൻ നിയമമുണ്ടോ ഇല്ലയോയെന്നുള്ളത് തലനാരിഴകീറി പരിശോധിക്കേണ്ട കാര്യമില്ല. അതിന്റെ ഭാവികാര്യങ്ങൾ വരുമ്പോൾ ആ സമയത്ത് പ്രതികരിക്കാമെന്നുമാത്രമെ ഇപ്പോൾ പറയാൻ സാധിക്കൂ.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഇന്ത്യയിലെ മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് ചാൻസലേഴ്സ് കൗൺസിൽ ഉണ്ടോ; അതുസംബന്ധിച്ച് എന്തെങ്കിലും പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, അതുസംബന്ധിച്ച് ഒരു പരിശോധനയും നടത്തിയിട്ടില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ്, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 2 (ബി) ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ......

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ...........................

ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>2-ാം വകുപ്പ്</u>

Minister for Education (*Shri. P. K. Abdu Rabb*) : Sir, I move the following amendments:

1063. In clause 2, Which proposed to amend the Kerala University Act, 1974,-

   In section 69(B) (ii) proposed to be inserted by clause 2(c) after the word "preserving" the words "and ensuring" shall be inserted;

1064. In section 69E (2) (f) proposed to be inserted by clause 2 (c) after the words "One member from among the teachers of the college" the words "not below the rank of an Associate Professor" shall be inserted;

1065. In section 69E(2) (f) proposed to be inserted by clause 2(c), the words "with the approval of the Director of Collegiate Education" shall be added at the end;

1066. In section 69E(4) proposed to be inserted by clause 2(c), for the words "a year" the words "six months" shall be substituted;

1067. In the proviso to section 69G(3) proposed to be inserted by clause 2(c), after the word "four" the word "academic" shall be Inserted;

1068. In section 69G(5) proposed to be inserted by clause 2(c), for the words "one such meeting" the words "two such meetings" shall be substituted;

1069. In section 69 I(4) (a) proposed to be inserted by clause 2 (c) before the words "one nominee of the Manager" the words "Manager or" shall be inserted;

1070. In section 69L(i), proposed to be inserted by clause 2(c), for the words "to approve and submit to the University" the words "to submit to the University the proposal for" shall be inserted;

1071. In section 69M(2) proposed to be inserted by clause 2 (c), for the word "foms" the word "forms" shall be inserted;

1072. In the proviso to section 69N(1) proposed to be inserted by clause 2(c), the words "in the State" shall be deleted;

1073. In section 69P(2) proposed to be inserted by clause 2(c), after the words "Board of Studies of the University" the words "for approval" shall be inserted;

1074. In section 69P(5), proposed to be inserted by clause 2(c), after the words "Governing Council of the College" the words "through the Principal of that College" shall be inserted.

ഡോ. എൻ. ജയരാജ്: സർ, മന്ത്രി അവതരിപ്പിച്ച ഒഫീഷ്യൽ ഭേദഗതിയിൽ ഞാൻ തന്ന ഭേദഗതികൾ വരുന്നുണ്ട്. മിനിസ്റ്റർ അവതരിപ്പിച്ച 1063, 1064, 1067 എന്നീ ഭേദഗതികൾ ഞാൻ നേരത്തെ എന്റെ അമെന്റ്മെന്റായി കൊടുത്തിട്ടുള്ളതാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ആ അമെന്റ്മെന്റുകൾ ഒഫീഷ്യൽ ഭേദഗതിയാക്കി മാറ്റി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

“ (d) one Syndicate member each from the University of Kerala, the University of Calicut, the Mahatma Gandhi University and the Kannur University” .

890. In section 74A(1) proposed to be inserted in the Kannur University Act, 1996 by clause 5(c), item (g) shall be inserted as item (c) and the remaining items shall be relettered.

910. The proviso to Section 74B(vi) proposed to be inserted in the Kannur University Act, 1996 by clause 5 (c) shall recast as follows:

“ provided that no such decision shall be taken without giving the Principal, an opportunity of being heard” .

928. In Section 74E(2)(c) proposed to be inserted in the Kannur University Act, 1996 by clause 5(c) the words “ in the case of Government College and the Principal in the case of a College other than a Government College” .shall be deleted.

941. Section 74E(2)(f), proposed to be inserted in the Kannur University Act, 1996 by clause 5(c) shall be recast as follows:

“ (f) One member from among the teachers of the college, to be nominated by the Academic Council” .

943. Section 74E(2)(f), proposed to be inserted in the Kannur University Act, 1996 by clause 5(c), after item (f), insert the following item, namely:-

“ (g) One representative of the M.Phil students of the Autonomous college to be nominated by the Academic Council” .

947. In Section 74 E (4) proposed to be inserted in the Kannur University Act, 1996 by clause 5(c) for the words " at least once in a year" the words " at least once in every three months" shall be substituted.

958. In the first proviso to section 74G(2)(a) proposed to be inserted in the Kannur University Act, 1996 by clause 5(c), the words " in the case of Government Colleges and the Principal in the case of other colleges" shall be deleted.

962. In section 74G(2)(b) proposed to be inserted in the Kannur University Act, 1996 by clause 5(c), for the words " by the Principal" the words " by the Academic Council" shall be substituted.

964. Section 74G(2)(e) proposed to be inserted in the Kannur University Act, 1996 by clause 5(c), shall be deleted.

967. In Section 74G(2)(f) proposed to be inserted in the Kannur University Act, 1996 by clause 5(c), for the words " by the Principal" the words " by the Academic Council shall be substituted.

978. In section 74 I (2) (a) proposed to be inserted in the Kannur University Act, 1996 by clause 5 (c) for the words "having significant experience in academic related matters" the words "having teaching experience for more than ten years in the field of higher education" shall be substituted.

986. In section 74 I 4(a) proposed to be inserted in the Kannur University Act, 1996 by clause 5(c), for the words " having sufficient experience in academic related matters" the words " having teaching experience for more than ten years in the field of higher education" shall be substituted.

995. In Section 74K(1) proposed to be inserted in the Kannur University Act, 1996 by clause 5(c) for the words " three times a year" the words " four times a year" shall be substituted.

996. In Section 74K(2) proposed to be inserted in the Kannur University Act, 1996 by clause 5(c) for the words "four months" the words "three months" shall be substituted.

1017. Section 74 N (1) proposed to be inserted in the Kannur University Act, 1996 by clause 5(c) shall be recast as follows:

"(1) The Government shall appoint a person not below the rank of an Associate Professor, with experience of not less than two years in a department offering Post Graduate courses of study in a Government College, as the Controller of Examinations for the Autonomous College".

*Shri K. Suresh Kurup* : Sir, I move the following amendments.

888. Section 74A(1)(d) proposed to be inserted in the Kannur University Act, 1996 by clause 5(c) shall be recast as follows: "(d) The Vice Chancellor of the University concerned".

891. In section 74A(1) proposed to be inserted in the Kannur University Act, 1996 by clause 5(c), after item (g) add the following items, namely:-

"(h) Member of the Syndicate of the University concerned representing the teachers.

(i) Chairman of the University Union of the University concerned".

895. In section 74A(4) proposed to be inserted in the Kannur University Act, 1996 by clause 5(c) shall be recast as follows:

"(4) The recommendations of the Autonomy Approval Committee shall be placed before the Syndicate of the University concerned for ratification".

904. Section 74 B (iv) proposed to be inserted in the Kannur University Act, 1996 by clause 5(c) shall be recast as follows:

"(iv) to forward any complaint or petition to the University concerned regarding the violation of the terms and conditions under which autonomy has been granted to a college".

906. Section 74B(v) proposed to be inserted in the Kannur University Act, 1996 by clause 5(c) shall be deleted.

912. Section 74B(vi) proposed to be inserted in the Kannur University Act, 1996, by clause 5(c), shall be recast as follows:

" To rescind or delete the terms and conditions of academic autonomy granted to any college and to report the same to University concerned for submitting to the University Grants Commission after ratification".

913. In the proviso to Section 74B(vi) proposed to be inserted in the Kannur University Act, 1996 by clause 5(c), shall be recast as follows:

" Provided that no such decisions shall be taken without giving the Principal of the college concerned an opportunity of being heard".

914. In section 74 B (vii) proposed to be inserted in the Kannur University Act, 1996 by clause 5(c), substitute the word " direct" by words " request to consider".

930. In Section 74E(2)(c) proposed to be inserted in the Kannur University Act, 1996 by clause 5(c) add the following at the end:

" with the approval of the Director of Collegiate Education".

945. In Section 74E(3) proposed to be inserted in the Kannur University Act, 1996 by clause 5(c), the words " whichever is later, and shall be eligible for re-nomination" shall be deleted.

973. In section 74 H (i) proposed to be inserted in the Kannur University Act, 1996 by clause 5(c), for the words " stake holders" the word " students" shall be substitute.

982. In section 74 I (2) proposed to be inserted in the Kannur University Act, 1996 by clause 5 (c), the following item shall be added at the end.

"(g) A post graduate student of the College elected by the students of the College concerned".

988. The Section 74 I(4)(a) proposed to be inserted in the Kannur University Act, 1996 by clause 5(c) shall be recast as follows:

" (a) One nominee of the Manager, " an eminent Academic person having significant experience in teaching, who shall be the Chairman of the Governing Council" ;

991. In section 74 I 4(f) proposed to be inserted in the Kannur University Act, 1996 by clause 5(c) add the following:

" (g) A post graduate student of the college elected by the students of the college concerned" .

1010. In section 74M (8), proposed to be inserted in the Kannur University Act, 1996 by clause 5(c), after the words " to be forwarded" insert the words " with the approval of the syndicate" .

1012. After section 74M proposed to be inserted in the Kannur University Act, 1996 by clause 5(c) the following sections shall be added, namely:-

" 74 MA. *Admission of students.*-Regarding admission of students in Government Autonomous Colleges rules for Admission in the Government Colleges shall be followed mutatis mutandis nd regarding admission in other autonomous colleges rules foradmission in the aided colleges shall be followed mutantis mutandis.

74MB. *Appointment of Teachers.*- 70% of the vacancies in the aided Autonomous Colleges shall be filled from the list prepared by Kerala Public Service Commission for the purpose of recruitment of teachers in aided Autonomous Colleges" .

1019. In Section 74 N proposed to be inserted in the Kannur University Act, 1996 by clause 5(c),-

(i) sub-clause (3) shall be recast as follows:

" (3) The Examination manner of the university cancelled shall be adopted mutatis mutandis for the conduct of examination in the Autonomous College"

(ii) Sub-clause (4) shall be deleted.

1029. In the second proviso to Section 74O(1) proposed to be inserted in the Kannur University Act, 1996 by clause 5(c), for the words " if such college requests for the same" shall be deleted.

1037. In the first proviso to section 74P(3) proposed to be inserted in the Kannur University Act, 1996 by clause 5(c), for the words " or it is against national interest" the words " or against the unity and integrity of the Nation" shall be substituted."

1040. The second proviso to section 74P(3) proposed to be inserted in the Kannur University Act, 1996, by clause 5(c), shall be recast as follows:

" Provided further that when the Autonomous college has submitted the proposal, the University concerned shall inform the decision within thirty working days from the date of submission of the proposal" .

1043. The proviso to section 74P(5) proposed to be inserted in the Kannur University Act, 1996 by clause 5(c) shall be recast as follows:

" Provided that when the Autonomous College has re-submitted the proposal to the University concerned, the University shall intimate the decision within thirty days from the date of re-submission of the proposal to the University" .

1045. The proviso to section 74P(7) proposed to be inserted in the Kannur University Act, 1996 by clause 5(c) shall be recast as follows:

" Provided that the Academic Council of the Autonomous College may, if it differs with the decision address the Vice-Chancellor for a review of the same by the Syndicate of the University" .

1046. Section 74P(8) proposed to be inserted in the Kannur University Act, 1996 by clause 5(c) shall be deleted and the remaining sub-clause shall be renumbered accordingly.

1057. In section 74S proposed to be inserted in the Kannur University Act, 1996 by clause 5(c) add the following proviso, namely:-

" Provided that if any vacancy arises in such committee it shall be filled within a period of two months" .

*Shri. N. Samsudheen* : Sir, I move the following amendments.

892. In section 74A(1), proposed to be inserted in the Kannur University Act, 1996 by clause 5(c) after the sub section (g) the following shall be inserted:

" (h) Three eminent scholars in different subjects nominated by the Chancellor.

(i) Director in charge of Collegiate Education Department" .

953. The Section 74 F (vii) proposed to be inserted in the Kannur University Act, 1996 by clause 5(c), shall be recast as follows :

" (vii) to perform such other academic functions in consonance with the academic interest of the autonomous college" .

993. Section 74J proposed to be inserted in the Kannur University Act, 1996, by clause 5(c), shall be placed as 74F and renumbered accordingly.

1013. In Section 74 N (1) proposed to be inserted in the Kannur University Act, 1996 by clause 5(c), delete the words " Government, in the case of Government Autonomous College and the" and " which are not Government Colleges" .

*Shri. Kodiyeri Balakrishnan* : Sir, I move the following amendments.

893. Section 74A(2) proposed to be inserted by clause 5(c) in the Kannur University Act, 1996 shall be recast as follows:

“ (2) The elected Members of the Kerala Legislative Assembly shall be Vice Chairman of the Autonomy Approval Committee and shall chair the meeting of the committee in the absence of the Chairman” .

1001. In Section 74L(ii) proposed to be inserted in the Kannur University Act, 1996 by clause 5(c), after the words “ each course” add the following words “ in accordance with the orders, directions and guidelines of the Controller of Examination of the University” .

1008. In section 74M (7) proposed to be inserted in the Kannur University Act, 1996 by clause 5(c):

(i) for the word “ Where” substitute the words “ On examination of verification report of the senate of the university where” (ii) delete the words “ that has submitted application” in the second line.

*Shri P. K. Basheer* : Sir, I move the following amendments.

897. In section 74A(5) proposed to be inserted in Kannur University Act, 1996 by clause 5(c) the words “ duly signed by Chairman and Members Secretary” shall be added at the end.

966. In Section 74G(2)(f) proposed to be inserted in the Kannur University Act, 1996 by clause 5(c), after the words “ who has” insert the words “ a Research Degree, M.Phil Degree or at-least” .

*Shri A.K. Balan* :Sir, I move the following amendments.

899. Section 74A(6) proposed to be inserted in the Kannur University Act, 1996 by clause 5(c) shall be recast as follows:

“ (6) The powers and functions of the Autonomy Approval Committee shall be absolute and shall not be delegated to any authorities” .

903. In Section 74 B (iv) proposed to be inserted in the Kannur University Act, 1996 by clause 5(c) shall be recast as follows:

“ (iv) direct the Senate/Syndicate of University to enquire into any complaint or petition regarding the violation of the terms and conditions under which autonomy has been granted to a college and to take decision considering the report thereof” .

സർ, 903-ൽ കോളേജുകളെക്കുറിച്ചുള്ള പരാതികൾ അന്വേഷിക്കാൻ യൂണിവേഴ്സിറ്റി സെനറ്റിനെയോ സിൻഡിക്കേറ്റിനേയോ ചുമതലപ്പെടുത്തണം. ഓട്ടോണമസ് അപ്രൂവൽ കമ്മിറ്റിക്ക് പരാതികൾ പരിശോധിക്കാനുള്ള സംവിധാനം ഈ ആക്ട് പ്രകാരമില്ല. അവർ ചെയ്യാൻ പോകുന്നത് ഒരു ഉപസമിതിയെ delegate ചെയ്യുക എന്നതായിരിക്കും. സ്വാഭാവികമായിട്ടും അവർക്കുവേണ്ടുന്ന ആളുകളായിരിക്കും ഈ ഉപസമിതിയിൽ ഉണ്ടായിരിക്കുന്നത്. ഫലത്തിൽ ഒരു പരാതിയും മാനേജ്മെന്റിന് എതിരായി വരില്ല. ഓട്ടോണമസ് കോളേജുകൾക്ക് എതിരായി വരികയില്ല.

968. Section 74G(2)(f) proposed to be inserted in the Kannur University Act, 1996 by clause 5(c) shall be recast as follows:

“ (f) one meritorious post graduate student or research scholar of the Autonomous College to be nominated by the Principal;”

ബോർഡ് ഓഫ് സ്റ്റഡീസിൽ പൂർവ്വ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയത് ഒഴിവാക്കി പോസ്റ്റ് ഗ്രാജുവേറ്റിനേയോ റിസർച്ച് സ്കോളറിനേയോ ഉൾപ്പെടുത്തണം എന്നുള്ളതാണ് എന്റെ 968-ാം നമ്പർ ഭേദഗതി.

969. In Section 74G(6), proposed to be in the Kannur University Act, 1996 by clause 5(c) for the words “ One-third” substitute the word “ half” .

ക്വാറം നിലവിൽ One/third എന്നാണ് പറയുന്നത്. 50 ശതമാനം ഉണ്ടാകണമെന്നതാണ് എന്റെ ഭേദഗതി.

972. In section 74 H (i) proposed to be inserted in the Kannur University Act, 1996 by clause 5(c), shall be deleted and other sub clauses shall be re-numbered accordingly.

സർ, സിലബസ് നിശ്ചയിക്കാനുള്ള കരിക്കുലം യൂണിവേഴ്സിറ്റിക്ക് നൽകണം. നേരത്തെ സഖാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ഓട്ടോണമസ് കോളേജുകൾക്കാണ് കൊടുക്കുന്നതെങ്കിൽ അതിന്റെ മതേതര സ്വഭാവം നഷ്ടപ്പെടും. ഇപ്പോൾ ഒരു അനുഭവം നമ്മുടെ മുമ്പിലുണ്ട്. ഇൻഡ്യാരാജ്യത്തിന്റെ വളർച്ചയുടെ പ്രധാനപ്പെട്ട, നിർണ്ണായക ഘടകമെന്നുപറയുന്നത് ചാതുർവർണ്ണ്യ വ്യവസ്ഥയാണെന്ന് റിസർച്ച് നടത്തിയിട്ടുള്ള ഒരു വ്യക്തിയാണ് ഐ.സി.എച്ച്.ആർ.-ന്റെ ചെയർമാൻ ശ്രീ. സുദർശനറാവു. അദ്ദേഹത്തെയാണ് ഇതിന്റെ ചെയർമാൻ ആക്കിയിരിക്കുന്നത്. ഇങ്ങനെ വിവിധമതങ്ങളിൽ വിവിധ രൂപത്തിൽ പഠനം നടത്തിയ ആൾക്കാരുണ്ട്. അവരുടെ പുസ്തകങ്ങളാണ് വരുന്നത്. ഹിന്ദുവിന് ഒരു രൂപത്തിലും മുസ്ലീമിന് വേറൊരു രൂപത്തിലും ക്രിസ്ത്യാനികൾക്ക് വേറൊരു രൂപത്തിലും വരുന്നു. അപ്പോൾ നമ്മുടെ മതേതര സ്വഭാവം എന്നുപറയുന്നത് ജനാധിപത്യപരമായിട്ടുള്ള, മതനിരപേക്ഷ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന, ഗുണമേന്മയുള്ള, ശാസ്ത്രീയ ബോധമുള്ള വിദ്യാർത്ഥികളെ വളർത്തിയെടുക്കുന്നതിനോ അവരുടെ ഇൻഡിവിഡ്വാലിറ്റി വളർത്തിയെടുക്കുന്നതിനോ ഒരിക്കലും സഹായകരമല്ലാത്ത രൂപത്തിൽ ഇത് പതിനഞ്ചാം നൂറ്റാണ്ടിലെയും പതിനാറാം നൂറ്റാണ്ടിലെയും നാടുവാഴിത്ത കാലഘട്ടത്തിലേയ്ക്കായിരിക്കും നമ്മുടെ സമൂഹത്തെ കൊണ്ടുപോകുന്നത്. അവിടെ മതമേലദ്ധ്യക്ഷന്മാരുടെ വിളയാട്ടമായിരിക്കും. അതുകൊണ്ട് എന്റെ 972-ാം ഭേദഗതി ഞാൻ പ്രസ് ചെയ്യുന്നു, അത് വോട്ടിനിടണം, ഞാൻ ഹാളിനുപുറത്തു പോകുന്നില്ല. നേരത്തെ ഞാൻ പ്രസ് ചെയ്യുന്നു എന്നുപറഞ്ഞിട്ട് ആ സമയം നോക്കി വോട്ടിന് വിളിച്ചു. ഇനിയും അങ്ങനെയുള്ള അബദ്ധം വരാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട അംഗം സമയത്ത് ഇവിടെ ഉണ്ടാവണം.

*Shri N.A. Nellikkunnu*: Sir, I move the following amendments.

908. In the proviso to Section 74B(vi) proposed to be inserted in the Kannur University Act, 1996 by clause 5(c), for the words.

" In the case of a Government College for which autonomy has been granted and to the representation of the Manager of the College, in the case of Autonomous College that is not a Government College" , substitute the words " of the College for which autonomy has been granted" .

1009. In section 74M (7) proposed to be inserted in the Kannur University Act, 1996 by clause 5(c), after the words " satisfied itself" insert the words " on the recommendation of the committee constituted under sub-section (4)" .

1039. In the second proviso to section 74P(3) proposed to be inserted in the Kannur University Act, 1996, by clause 5(c);-

(1) for the word " thirty" substitute the word " forty five".

(2) At the end after the words " proposal is" insert the words " mentioned to be" and after the words " national interest" insert the words " by any reliable source by a petition or report".

*Shri Babu M. Palissery*: Sir, I move the following amendments.

909. In the proviso to Section 74B(vi) proposed to be inserted in the Kannur University Act, 1996 by clause 5 (c): for the words " representative of the Manager of the College" substitute the words " representative of the Principal of the College".

911. In Section 74B(vi) proposed to be inserted in the Kannur University Act, 1996, by clause 5(c) shall be recast as follows:

" (vi) Provided that no such decision shall be taken without giving the Principal, an opportunity of being heard".

915. In section 74 B (ix) proposed to be inserted by clause 5(c) in the Kannur University Act, 1996 shall be recast as follows:

" (ix) cause to inspect by the Senate of the University the records and the premises of any autonomous college or any college that has applied for grant of academic autonomy for ascertaining any fact, or for any other purpose, relevant under this chapter".

919. Section 74 C, proposed to be inserted in the Kannur University Act, 1996 by clause 5 (c), shall be deleted.

922. Sub-sections (2) and (3) of section 74 D proposed to be inserted in the Kannur University Act, 1996 by clause 5 (c) shall be deleted.

*Smt. K. K. Lathika:* Sir, I move the following amendments.

925. After Section 74 D (iii) proposed to be inserted in the Kannur University Act, 1996 by clause 5 (c) 74 I shall be placed as 74 F, 74 L shall be placed as 74 F, 74 J as 74 G, 74 K as 74 H and the remaining clauses shall be renumbered accordingly.

959. In the first proviso to section 74G(2)(a) proposed to be inserted in the Kannur University Act, 1996 for the words " in the case of Government Colleges and the principal in the case of other colleges" substitute the words " Government Colleges and the Principal with the prior approval of the Syndicate of the University in the case of other colleges".

1036. In the first proviso to section 74P(3), proposed to be inserted in the Kannur University Act, 1996, delete the words " where the Board of Studies of Expert Committee feels, for reasons to be recorded in writing".

*Shri P. Ubaidulla*: Sir, I move the following amendment.

936. In section 74E(2)(d) proposed to be inserted in the Kannur University Act, 1996 by clause 5(c),

(i) After the word " Commerce" insert the words " Environment, History".

(ii) the word " six" shall be substituted by " a minimum of eight".

*Shri Joseph Vazhackan*: Sir, I move the following amendment.

938. After section 74E(2)(f) proposed to be inserted in the Kannur University Act, 1996 add the following, namely:-

" (g) One student representative elected from students".

981. After section 74 I (2) (f), proposed to be inserted in the Kannur University Act, 1996 by clause 5 (c), add the following namely:-

"(g) One student representative elected from students"

*Shri K. Kunhammad Master*: Sir, I move the following amendments.

944. In Section 74E(2) proposed to be inserted in the Kannur University Act, 1996 by clause 5(c), after sub-section (f), add the following namely:-

" (g) The Secretary and The Chairperson/President of the College Students' Union" .

950. In Section 74 F (iii) proposed to be inserted in the Kannur University Act, 1996 by clause 5(c), insert the words " as per the orders, directions and guidelines issued by the Controller of Examinations of the University" after the words " to make regulations for the conduct of examinations" .

963. In section 74G(2)(c) proposed to be inserted in Kannur University Act, 1996 by clause 5(c) shall be recast as follows:

" (c) two experts in the subject from outside the college nominated by the syndicate of the University" .

965. Section 74G(2)(e) proposed to be inserted in the Kannur University Act, 1996 by clause 5(c) shall be recast as follows:

" (e) one representation from the industry or allied are relating to placement;"

*Shri K. N. A. Khader*: Sir, I move the following amendment.

957. In section 74G(2)(a) proposed to be inserted in the Kannur University Act, 1996 by clause 5(c);

(i) In the first proviso the words " Government in the case of Government Colleges and" and " in the case of other colleges" shall be deleted.

(ii) In the second proviso the words " Governement or the" and " as the case may be" shall be deleted.

(iii) In the first and second proviso after the word " Principal" wherever it occurs, insert the words " of the College" .

*Shri Elamaram Kareem*: Sir, I move the following amendment.

970. In Section 74G(7) proposed to be inserted in the Kannur University Act, 1996 in clause 5(c), after the words, " Seniority shall" . Add the following, " preside over the meeting but the power to convene the meeting shall used with the Chairman."

*Shri P. B. Abdul Razak*: Sir, I move the following amendment.

979. In section 74 I (2) (c) proposed to be inserted in the Kannur University Act, 1996 by clause 5 (c) before the word "seniority" insert the words "merit and".

1052. In the proviso to section 74 P (13) proposed to be inserted in the Kannur University Act, 1996 by clause 5 (c), after the word "lower" insert the word "the".

*Shri Abdurahiman Randathani* : Sir, I move the following amendments.

989. In section 74 I 4(b) proposed to be inserted in the Kannur University Act, 1996 by clause 5(c) after the words " on rotation" insert the words " for a period of two years" .

1048. In the second proviso to section 74P(10), proposed to be inserted in the Kannur University Act, 1996 by clause 5(c), after the word " lower" insert the word " the" .

സർ, ഇവിടെ ഒരു വാക്ക് എനിക്ക് പറയാനുള്ളത്, three senior teachers of that college from different departments not below the rank of an Associate Professor, to be nominated on rotation, എന്നുപറയുന്നിടത്ത് പിരീഡ് വേണമെന്നുള്ള അഭിപ്രായമാണുള്ളത്.

*Shri K. Muhammedunni Haji* : Sir, I move the following amendment.

1000. In Section 74L(i), proposed to be inserted in the Kannur University Act, 1996 by clause 5(c), for the word " diplomas" the words " diplomas, titles and certificates" shall be substituted.

1044. The proviso to section 74P(7) proposed to be inserted in the Kannur University Act, 1996 by clause 5(c) shall be deleted.

*Shri P. Sreeramakrishnan* :Sir, I move the following amendment.

1004. After Section 74L(v), proposed to be inserted in the Kannur University Act, 1996 by clause 5(c), the following proviso shall be recast added after the existing proviso:-

" Provided further that there shall not be any power to restructure aided course to unaided course" .

*Shri V. M. Ummer Master* : Sir, I move the following amendments.

1007. In section 74M (5) proposed to be inserted in the Kannur University Act, 1996 by clause 5(c), for the word " building" the words " buildings, hostels, laboratories, etc." shall be substituted.

1055. In section 74Q(2) proposed to be inserted in the Kannur University Act, 1996 by clause 5(c) after the words " binding on the" insert words " Autonomy Approval Committee, the"

*Shri K. Kunhiraman (Trikkaripur)* :Sir, I move the following amendments.

1020. In Section 74 N (4) (a) proposed to be inserted in the Kannur University Act, 1996 by clause 5(c), add the following at the end.

" These shall be with the concurrence of the Controller of Examination of University" .

1021. In Section 74 N (4) (b) proposed to be inserted in the Kannur University Act, 1996 by clause 5(c), add the following at the end.

" under the supervision of the Controller of Examination of the University" .

*Shri Purushan Kadalundy* : Sir, I move the following amendment.

1050. In section 74P(13), proposed to be inserted in the Kannur University Act, 1996 by clause 5(c) for the words " the Government may, after due consideration of the contents of the complaint and the importance of the same, refer it to the Autonomous Approval Committee" the words, " the Government shall referred to the Autonomous Approval Committee" shall be substituted.

1053. In section 74P(14), proposed to be inserted in the Kannur University Act, 1996 by clause 5(c) for the word " consider" substitute the words, " take follow up action on" .

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : മറ്റു ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കാമോ എന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ .....................

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദു റബ്ബ്)</u> : സർ, ശ്രീ. എ. പ്രദീപ്കുമാറിന്റെ - In section 74E(3) proposed to be inserted in the Kannur University Act, 1996 by clause 5(c), for the words " whichever is later" substitute the words, " whichever is earlier" എന്ന 946-ാം നമ്പർ ഭേദഗതി അദ്ദേഹം അവതരിപ്പിക്കാത്തതിനാൽ ഓറൽ അമന്റ്മെന്റായി മൂവ് ചെയ്യുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 999, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 1048 എന്നീ ഭേദഗതികൾ അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

<u>മി.ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഓറൽ ഭേദഗതി അംഗീകരിക്കാമോ എന്ന പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഓറൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: ഇത് പാസ്സായാൽ യൂണിവേഴ്സിറ്റിക്ക് എന്ത് അധികാരമാണ് നിങ്ങൾ കൊടുക്കുന്നത്? സിലബസ്സോലും ഓട്ടോണമസ് കോളേജുകളാണ് നിശ്ചയിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് ഭേദഗതി അവതരിപ്പിച്ച് സംസാരിച്ചുകഴിഞ്ഞു.

ശ്രീ. എ. കെ. ബാലൻ: ഓരോ കോളേജുകളിലും ഓരോ വിഷയങ്ങളാണ് പഠിപ്പിക്കുന്നത്. കേരളത്തിൽ ജാതി-മത ശക്തികളുടെ വിളയാട്ടത്തിനുള്ള സാഹചര്യമാണ് നിങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നത്. അവർക്ക് ഇഷ്ടപ്പെട്ട വിഷയമാണ് പഠിപ്പിക്കുന്നത്. മതേതര കേരളത്തിന്റെ കഴുത്തിനാണ് നിങ്ങൾ കോടാലി വയ്ക്കാൻ പോകുന്നത്. ഓരോ കോളേജിലും അവർക്ക് ഇഷ്ടപ്പെട്ടത് പഠിപ്പിക്കും. അതാണ് ഉണ്ടാകാൻ പോകുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ അവസാന നിമിഷം ഇത് വേണോ ശ്രീ. എ.കെ. ബാലൻ?

ശ്രീ. എ. കെ. ബാലൻ: യൂണിവേഴ്സിറ്റികൾക്ക് കൊടുത്താൽ എന്താണ് തകരാർ?

ശ്രീ. ഇ. പി. ജയരാജൻ : ....... ( മൈക്ക് ഓഫ്)

ശ്രീ. കെ. ശിവദാസൻ നായർ: ......... ( മൈക്ക് ഓഫ്)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ശിവദാസൻ നായർ, അങ്ങുതന്നെ പ്രശ്നം ഉണ്ടാക്കിയാൽ എങ്ങനെയാണ്? പ്ലീസ്........

ബഹുമാനപ്പെട്ട മിനിസ്റ്റർ ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 972-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഭേദഗതി അംഗീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ.കെ. ബാലൻ, ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. കെ. അജിത്
2. ശ്രീ. എ.എം. ആരിഫ്
3. ശ്രീ. ബാബു എം. പാലിശ്ശേരി
4. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
5. ശ്രീ. എ.കെ. ബാലൻ
6. ശ്രീമതി ഇ.എസ്. ബിജിമോൾ
7. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
8. ശ്രീ. എ. പ്രദീപ്കുമാർ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. എളമരം കരീം
11. ശ്രീ. കെ. ദാസൻ
12. ശ്രീ. എ. കെ. ശശീന്ദ്രൻ
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ചിറ്റയം ഗോപകുമാർ
15. ശ്രീ. സി. ദിവാകരൻ
16. ശ്രീ. ജെയിംസ് മാത്യു
17. ഡോ. കെ.ടി. ജലീൽ
18. ശ്രീ. ഇ.പി. ജയരാജൻ
19. ശ്രീ. ജോസ് തെറ്റയിൽ
20. ശ്രീ. ബി. സത്യൻ
21. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
22. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
23. ശ്രീ. കെ കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
24. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

25. ശ്രീമതി കെ. കെ. ലതിക

26. ശ്രീ. മാത്യു റ്റി. തോമസ്

27. ശ്രീ. സി.കെ. നാണു

28. ശ്രീ. കെ.കെ. നാരായണൻ

29. ശ്രീ. പുരുഷൻ കടലുണ്ടി

30. ശ്രീ. പി.റ്റി.എ. റഹീം

31. ശ്രീ. ആർ. രാജേഷ്

32. ശ്രീ. റ്റി.വി. രാജേഷ്

33. ശ്രീ. മുല്ലക്കര രത്നാകരൻ

34. ശ്രീ. കെ. രാജു

35. ശ്രീ. സാജു പോൾ

36. ശ്രീമതി കെ.എസ്. സലീഖ

37. ശ്രീ. വി. ശശി

38. ശ്രീ. വി. ശിവൻകുട്ടി

39. ശ്രീ. കെ. സുരേഷ് കുറുപ്പ്

40. ശ്രീ. പി. തിലോത്തമൻ

41. ശ്രീ. ബി. ഡി. ദേവസ്സി

42. ശ്രീ. കെ.വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

2. ശ്രീ. പി.കെ. അബ്ദു റബ്ബ്

3. ശ്രീ. പി.ബി. അബ്ദുൾ റസാക്

4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

5. ശ്രീ. കെ. അച്ചുതൻ

6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. എ. എ. അസീസ്
10. ശ്രീ. കെ. ബാബു
11. ശ്രീ. സി.എൻ. ബാലകൃഷ്ണൻ
12. ശ്രീ. വി.ടി. ബൽറാം
13. ശ്രീ. പി.കെ. ബഷീർ
14. ശ്രീ. ബെന്നി ബെഹനാൻ
15. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
16. ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്
17. ശ്രീ. എ.റ്റി. ജോർജ്
18. ശ്രീ. പി.സി. ജോർജ്
19. ശ്രീ. ഹൈബി ഈഡൻ
20. കുമാരി പി.കെ. ജയലക്ഷ്മി
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ.സി. ജോസഫ്
23. ശ്രീ. പി.ജെ. ജോസഫ്
24. ശ്രീ. ജോസഫ് വാഴക്കൻ
25. ശ്രീ. കെ.എൻ.എ. ഖാദർ
26. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. ലൂഡി ലൂയിസ്
29. ശ്രീ. പി.എ. മാധവൻ
30. ശ്രീ. കെ. എം. മാണി
31. ശ്രീ. സി. പി. മുഹമ്മദ്

32. ശ്രീ. സി. മോയിൻകുട്ടി

33. ശ്രീ. മോൻസ് ജോസഫ്

34. ശ്രീ. ആര്യാടൻ മുഹമ്മദ്

35. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

36. ഡോ. എം.കെ. മുനീർ

37. ശ്രീ. കെ. മുരളീധരൻ

38. ശ്രീ. എൻ.എ. നെല്ലിക്കുന്ന്

39. ശ്രീ. അടൂർ പ്രകാശ്

40. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

41. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

42. ശ്രീ. പാലോട് രവി

43. ശ്രീ. റോഷി അഗസ്റ്റിൻ

44. ശ്രീ. കെ. സദാശിവൻ

45. ശ്രീ. വി.പി. സജീന്ദ്രൻ

46. ശ്രീ. വി.ഡി. സതീശൻ

47. ശ്രീ. ഷാഫി പറമ്പിൽ

48. ശ്രീ. കെ.എം. ഷാജി

49. ശ്രീ. എൻ. ഷംസുദ്ദീൻ

50. ശ്രീ. ഷിബു ബേബി ജോൺ

51. ശ്രീ. സണ്ണി ജോസഫ്

52. ശ്രീ. തോമസ് ഉണ്ണിയാടൻ

53. ശ്രീ. പി. ഉബൈദുള്ള

54. ശ്രീ. എം. ഉമ്മർ

55. ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

56. ശ്രീ. എം.എ. വാഹീദ്

57. ശ്രീ. എം.പി. വിൻസെന്റ്

58. ശ്രീ. പി.സി. വിഷ്ണുനാഥ്

59. ശ്രീ.ഐ.സി. ബാലകൃഷ്ണൻ

60. ശ്രീ. റ്റി. യു. കുരുവിള

61. ശ്രീ. കെ. ബി. ഗണേഷ് കുമാർ

62. ശ്രീ. എം. വി. ശ്രേയാംസ് കുമാർ

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 972-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ -42

പ്രതികൂലിക്കുന്നവർ -62

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 972-ാം നമ്പർ ഭേദഗതി 42-നെതിരെ 62 വോട്ടുകളോടെ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ശ്രീ. ബെന്നി ബെഹനാന്റെ ഭേദഗതിയുടെ നമ്പർ പറഞ്ഞതിൽ ചെറിയൊരു വ്യത്യാസം ഉണ്ട്. 999 അല്ല 992 ആണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വകുപ്പ് പാസ്സാക്കിക്കഴിഞ്ഞ സ്ഥിതിക്ക് ഇനി വേണമെങ്കിൽ വേറൊരു ഭേദഗതി ബിൽ കൊണ്ടുവരണം. അല്ലാതെ പറ്റില്ല.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, അഞ്ചാം വകുപ്പ് പാസ്സാക്കാൻ പോകുന്നതേയുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ഞാൻ പറയട്ടെ. വകുപ്പ് പാസ്സായിട്ടില്ല. പാസ്സാക്കാൻ പോകുന്നതേയുള്ളൂ. ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞകാര്യം വ്യക്തമായി ഒന്നുകൂടി പറയൂ.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 992-ാം നമ്പർ ഭേദഗതിയാണ് ഞാൻ അംഗീകരിച്ചു എന്ന് പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. കെ.ടി ജലീൽ അവതരിപ്പിച്ച 876, 879, 1002 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 878-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബി. ഡി. ദേവസ്സി അവതരിപ്പിച്ച 881,896,927,931,933,935 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 882-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ.റ്റി. വി. രാജേഷ് അവതരിപ്പിച്ച 883, 894, 900, 901, 907, 926, 929, 942, 951, 952, 961, 980, 981, 990, 1003, 1006, 1015, 1027, 1033, 1058 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 884, 885, 898, 949, 956, 960, 984, 985, 1023, 1047, 1049 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 887, 890, 910, 928, 941, 943, 947, 958, 962, 964, 967, 978, 986, 995, 996, 1017 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 888, 891, 895, 904, 906, 912, 913, 914, 930, 945, 973, 982, 988, 991, 1010, 1012, 1019, 1029, 1037, 1040, 1043, 1045, 1046, 1057 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 892, 958, 993,1013 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 893, 1001, 1008 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 897, 966 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 899, 903, 968, 969 എന്നീ ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 908, 1009, 1039 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 909, 911, 915, 919, 922 എന്നീ ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ലതിക അവതരിപ്പിച്ച 925, 959, 1036 എന്നീ ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 936-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 938, 981 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ അവതരിപ്പിച്ച 944, 950, 963, 965 എന്നീ ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 957-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എളമരം കരീം അവതരിപ്പിച്ച 970-ാം നമ്പർ ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 979, 1058 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 989, 1048 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 1000, 1044 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 1004-ാം നമ്പർ ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 1007, 1055 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച 1020, 1021 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 1050,1053 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ ...................

ബഹുമാനപ്പെട്ട മിനിസ്റ്റർ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ അംഗീകരിച്ചിരിക്കുന്നു. മറ്റ് ഭേദഗതികളിൽ ഏതെങ്കിലും വോട്ടിനിടുന്നുണ്ടോ?

ശ്രീ. പി. കെ . അബ്ദു റബ്ബ്: സർ, 946 -ാം നമ്പർ ഭേദഗതി ശ്രീ. എ. പ്രദീപ്കുമാറിന്റേതാണ്. അദ്ദേഹം സീറ്റിൽ ഇല്ല. അത് ഓറൽ അമെന്റ്മെന്റായി അവതരിപ്പിക്കുന്നു.

946. In section 74E(3) proposed to be inserted in the Kannur University Act, 1996 by clause 5(c) for the words "whichever is later" substitute the wotds " whichever is earlier" . ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 992, 1028 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 1048 എന്നീ ഭേദഗതികൾ അംഗീകരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ അവതരിപ്പിച്ച ഓറൽ ഭേദഗതി അംഗീകരിച്ചിരിക്കുന്നു. ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങേയ്ക്ക് 1108-ാം നമ്പർ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

Shri. P.K. Abdu Rabb : Sir I move the following official amendment;

1108. In sub-clause (1) of clause 6, for the figures, word and brackets " (4 of 2014)" the figures, word and brackets " (18 of 2014)" shall be substituted.

*Shri Benny Behanan*: Sir I move the following amendments:

1062. In clause 6(2), for the words and figures "the Kerala University Act, 1974, the Calicut University Act, 1975, the Mahatma Gandhi University Act, 1985 and the Kannur University Act, 1996", the following words, brackets and figures shall be substituted, namely:-

"The Kerala University Act, 1974 (17 of 1974), The Calicut University Act, 1975 (5 of 1975), The Mahatma Gandhi University Act, 1985 (12 of 1985) and The Kannur University Act, 1996 (22 of 1996)".

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

മിനിസ്റ്റർ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ സഭ അംഗീകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 1062-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

*Shri Benny Behanan* : Sir, I move the following amendment:

110. In the preamble, for the words and figures " the Kerala University Act, 1974, the Calicut University Act, 1975, the Mahatma Gandhi University Act, 1985 and the Kannur University Act, 1996" the following words, brackets and figures shall be substituted, namely:-

" The Kerala University Act, 1974 (17 of 1974), The Calicut University Act, 1975 (5 of 1975), The Mahatma Gandhi University Act, 1985 (12 of 1985) and The Kannur University Act, 1996 (22 of 1996)."

*Shri A. K. Balan* : Sir, I move the following amendments.

111. Delete Clause 1(1)

112. Delete Clause 1(2)

സർ, ഈ ബില്ലിനെ അംഗീകരിക്കുന്നില്ല. അതുകൊണ്ട് ഈ പേരുതന്നെ ഒഴിവാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

*Shri Jose Thettayil* : Sir, I move the following amendment:

113. Clause 1(2) shall be recast as follows:

" (2) It shall come into force on such date as the Government may by notification in the Gazette, appoint."

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, ഭേദഗതികൾ ഒന്നും അംഗീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: ഇല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ.എ. കെ. ബാലൻ, ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എ. കെ. ബാലൻ</u> : ഇല്ല.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 111, 112 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ജോസ് തെറ്റയിൽ, ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ജോസ് തെറ്റയിൽ</u>: ഇല്ല.

ശ്രീ. ജോസ് തെറ്റയിൽ അവതരിപ്പിച്ച 113 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ .........................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വായന</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): സർ, 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഈ ബിൽ നിയമം ആകുന്നത് നമ്മുടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ചില ഗുരുതരമായ പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കാൻ പോകുന്നത്. അക്കാഡമിക് സ്വയംഭരണത്തിന്റെ പേരിൽ ഇവിടെ വാണിജ്യവത്ക്കരണം നടപ്പാക്കുകയാണ് ഗവൺമെന്റ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. കോഴ്സുകളുടെ ഫീസ്, പാഠ്യപദ്ധതി, അദ്ധ്യയനം, പഠനം, മൂല്യനിർണ്ണയം എന്നിവ തീരുമാനിക്കാൻ ഇനിമുതൽ ഗവേണിംഗ് കൗൺസിലിനു

തന്നെ കഴിയും. അതോടൊപ്പംതന്നെ ബിരുദം കൊടുക്കൽ, ഡിപ്ലോമ സർട്ടിഫിക്കറ്റ് കൊടുക്കൽ, മറ്റ് പദവികൾ കൊടുക്കൽ, ബഹുമതി നൽകൽ, പരീക്ഷ നടത്താൻ സിലബസ്സ് നിശ്ചയിക്കൽ ഉൾപ്പെടെയുള്ള എല്ലാ അധികാരങ്ങളും ഗവേണിംഗ് കൗൺസിലിന് നൽകുന്ന വിധത്തിലാണ് ഇതിന്റെ ഭേദഗതി വകുപ്പുകൾ ഓരോന്നായി ഇവിടെ പാസ്സാക്കിയിട്ടുള്ളത്. കേരളത്തിലെ ഇപ്പോഴുള്ള ഭൂരിപക്ഷം സ്വകാര്യ കോളേജുകളും മത-ജാതി സംഘടനകളുടെ നേതൃത്വത്തിലാണ്. ഇത്തരം കോളേജുകൾക്കാണ് ഈ അധികാരങ്ങൾ ലഭിക്കുന്നത് എന്നുള്ളതാണ് ഇവിടെയുണ്ടാകുന്ന ഏറ്റവും അപകടകരമായ പ്രശ്നം. കെ.എസ്.യു. പോലും ഇതിനെതിരായി സമരരംഗത്തേയ്ക്കുവന്ന അനുഭവം ഈ ഘട്ടത്തിലുണ്ടായി. ഭരണ-പ്രതിപക്ഷാംഗങ്ങൾ സമർപ്പിച്ച ആയിരത്തിലധികം ഭേദഗതികൾ പരിശോധിച്ചാൽ ഈ ബിൽ എത്ര ഗൗരവമുള്ളതാണെന്ന് വ്യക്തമാകും. പക്ഷെ അതിൽ അടിസ്ഥാനപരമായിട്ടുള്ള ഒരു ഭേദഗതിയും അംഗീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധനായിട്ടില്ല. അദ്ധ്യാപക സമൂഹത്തിൽനിന്നും വിദ്യാഭ്യാസ മേഖലയിൽ നിന്നും ഈ ബില്ലിനെതിരായി കടുത്ത വിമർശനം ഉയർന്നുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായി രൂപീകരിക്കപ്പെടാൻ പോകുന്ന ഒരു സ്വയംഭരണ അംഗീകാര സമിതിയാണ് ഏത് കോളേജിനാണ് സ്വയംഭരണാധികാരം നൽകേണ്ടത് എന്ന് തീരുമാനിക്കുന്നത്. സെനറ്റ്, സിൻഡിക്കേറ്റ്, അക്കാഡമിക് കൗൺസിൽ ഇവയെല്ലാം നിർണ്ണയിക്കുന്നതിനുള്ള സർവ്വകലാശാലകൾക്കുള്ള അധികാരം ഉന്നത വിദ്യാഭ്യാസ കൗൺസിലിനെയാണ് ഏൽപ്പിച്ചുകൊടുക്കുന്നത്. ഫലത്തിൽ നോമിനേറ്റഡ് സമിതിയായിട്ടുള്ള ഉന്നത വിദ്യാഭ്യാസ കൗൺസിലിന് സർവ്വകലാശാലയുടെ അധികാരം കൈമാറുന്ന അവസ്ഥയാണ് ഇവിടെ വരാൻ പോകുന്നത്. സർവ്വകലാശാലകൾക്ക് സ്വയംഭരണ കോളേജുകളുടെമേൽ യാതൊരു നിയന്ത്രണവും ഉണ്ടാകാൻ പോകുന്നില്ല. സർവ്വകലാശാലകൾ വെറും നോക്കുകുത്തികളായി മാറുന്ന അവസ്ഥയാണ് ഇവിടെ രൂപാന്തരപ്പെടാൻ പോകുന്നത്. സ്വയംഭരണ കോളേജിന്റെ പഠന ബോർഡിൽ കോളേജിലെ അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു വകുപ്പുതലവൻ ചെയർമാനായിട്ട് വരാൻ പോകുകയാണ്. ഫലത്തിൽ, സ്വകാര്യ കോളേജ് മാനേജർക്ക് താൽപ്പര്യമുള്ള ഒരാളെ ഇതിന്റെ ചെയർമാനാക്കാൻ ഇതുവഴി അനുവദിച്ചുകൊടുത്തിരിക്കുകയാണ്. ഇദ്ദേഹത്തെ കൂടാതെ പ്രിൻസിപ്പൽ നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധികൾ, മറ്റു പ്രതിനിധികൾ എന്നിവർ ഉൾപ്പെടെ ആകെയുള്ള 13 അംഗങ്ങളിൽ 12 പേരും കോളേജ് മാനേജ്മെന്റിന്റെ ആളുകളാണ് ഈ സമിതിയിൽ ഉണ്ടാകുക. ഫലത്തിൽ ഡോക്ടറേറ്റ് കൊടുക്കുന്നതുൾപ്പെടെ മാനേജർമാർക്ക് എന്തും ചെയ്യാൻ സാധിക്കുന്നൊരു അവസ്ഥ വന്നുചേരും. ഇപ്പോൾ കേരളത്തിലെ പല ആളുകളും ഡോക്ടറേറ്റ് വാങ്ങുന്നത് മറ്റുരാജ്യങ്ങളിൽ പോയിട്ടാണ്.

ഇനി ഇവിടുന്നതന്നെ ഡോക്ടറേറ്റും ലഭിക്കും. അപ്പുറത്തിരിക്കുന്ന ആർക്കുവേണമെങ്കിലും ഡോക്ടർമാരാകാം. നമ്മുടെ നാട്ടിൽ ആ പതിവ് ഇല്ല, മറ്റു സംസ്ഥാനങ്ങളിലൊക്കെയുണ്ട്. അവിടെയുള്ള രാഷ്ട്രീയനേതാക്കന്മാരൊക്കെ ഡോക്ടർ പദവി നേടിയവരാണ്. ഇവിടെ ഇനി ശ്രീ. ആര്യാടൻ മുഹമ്മദിന് ഡോ. ആര്യാടൻ മുഹമ്മദ് ആകാനുള്ള അവസരം ഇതുവഴി ലഭിക്കും.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ, കൂടുതൽ യോജിക്കുന്നത് ഡോ. കോടിയേരി ബാലകൃഷ്ണൻ എന്നുപറയുന്നതാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഏതായാലും നമുക്ക് രണ്ടാൾക്കും അപ്രകാരം ഡോക്ടർ ആവേണ്ട. ആർക്കുവേണമെങ്കിലും ഡോക്ടറേറ്റ് കിട്ടുന്നൊരു അവസ്ഥ സ്വയംഭരണ കോളേജുകൾ വരുന്നതോടെ ഇവിടെയുണ്ടാകാൻ പോവുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): സർ, 'ഡോക്ടർ' എന്നുള്ളതിന്റെ ഡിക്ഷണറി മീനിംഗ് 'കഴിവുള്ളവൻ' എന്നാണ്. വേണമെങ്കിൽ ഡിക്ഷണറി എടുത്ത് പരിശോധിച്ചുകൊള്ളുക.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങനെയാണെങ്കിൽ ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് അത് ഏറ്റവും കൂടുതൽ യോജിക്കുന്നത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഇങ്ങനെയുള്ള കോളേജുകളിൽനിന്ന് ഈ പദവി തരുന്നതോടുകൂടി നമ്മുടെ ഇപ്പോഴുള്ള യോഗ്യതയും നഷ്ടപ്പെടും. ശ്രീ. കെ. എം. മാണി ഡോക്ടർ പദവിക്ക് അർഹതയുള്ള ഒരാളാണ്. ഏതായാലും ഇങ്ങനെയുള്ള കോളേജുകളിൽ പോയി ഡോക്ടർ പദവി വാങ്ങരുത് എന്നാണ് എനിക്ക് അങ്ങയോട് പറയുവാനുള്ളത്. അപകടകരമായൊരു സ്ഥിതിയാണ് ഇതിന്റെ ഫലമായി ഇവിടെ വരാൻ പോകുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ ഗവൺമെന്റ് കോളേജുകൾക്ക് വേണമെങ്കിൽ സ്വാശ്രയ കോഴ്സുകൾ നടത്താം. അങ്ങനെ ഗവൺമെന്റ് കോളേജുകളെയും എയ്ഡഡ് കോളേജുകളെയും സ്വാശ്രയ കോളേജുകളാക്കി മാറ്റുമെന്നതാണ് ഇതിന്റെ ഫലമായി വരാൻ പോകുന്ന അപകടകരമായൊരു സ്ഥിതി. മാധവമേനോൻ കമ്മിറ്റി റിപ്പോർട്ടിൽ ഇക്കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. അതാണ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സ്വയംഭരണം ലഭിക്കുന്ന കോളേജുകൾക്ക് സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ആരംഭിക്കാൻ അനുമതി നൽകുന്നൊരു അവസ്ഥ ഉണ്ടായാൽ ഇവിടെ എന്താണ് സംഭവിക്കാൻ പോകുന്നതെന്നുള്ള കാര്യം വ്യക്തമാണ്. സ്വകാര്യ മാനേജ്മെന്റുകൾക്ക് എന്തും ചെയ്യാൻ സാധിക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ പോകുമ്പോൾ ഇവിടെ വിദ്യാഭ്യാസ മേഖലയുടെ വാണിജ്യവൽക്കരണം പൂർണ്ണമാകും. യഥാർത്ഥത്തിൽ ആഗോളവൽക്കരണത്തിന്റെ ലക്ഷ്യംതന്നെ; ഗവൺമെന്റ് ഒരു കാര്യത്തിലും ഇടപെടാൻ പാടില്ല എന്നതാണ്. അതായത് സർക്കാരിന്റെ നിയന്ത്രണം

ഇല്ലാതാക്കുക എന്നുള്ളതാണ്. ഇപ്പോൾ മരുന്നിന്റെയും പെട്രോളിന്റെയും ഡീസലിന്റെയും വില നിശ്ചയിക്കാനുള്ള അധികാരം ഗവൺമെന്റ് വേണ്ടെന്ന് വച്ചു. ഇതേ രീതിയിൽത്തന്നെയാണ് വിദ്യാഭ്യാസ മേഖലയിലും വരാൻ പോകുന്നത്. സർക്കാർ ഒന്നിലും ഇടപെടാതിരിക്കുകയും എല്ലാം കമ്പോളശക്തികൾക്ക് വിട്ടുകൊടുക്കുകയും ചെയ്യുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. മൂലധനശക്തികൾ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല നിയന്ത്രിക്കാൻ പോകുകയാണ്. ഇപ്പോൾ നമുക്ക് ഇതിന്റെ അപകടം മനസ്സിലാകില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചു, കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നതിന്റെ ഫലമായി വളരെ അപകടകരമായൊരു സ്ഥിതി വിദ്യാഭ്യാസ രംഗത്ത് ഉണ്ടാകുന്നുണ്ട്. പാഠപുസ്തകങ്ങൾ മാറ്റാനും ചരിത്രം തിരുത്തിയെഴുതാനും അവർ തീരുമാനിച്ചു. ഇതൊക്കെത്തന്നെ ഈ കോളേജുകളെ ഉപയോഗിച്ചുകൊണ്ട് സ്വകാര്യ മാനേജുമെന്റുകൾ ചെയ്താൽ നമുക്ക് എന്തുചെയ്യാൻ സാധിക്കും? സൈന്യത്തിൽ മാറ്റം വരുത്താൻ പോകുന്നു. ആർ.എസ്.എസ്. രണ്ട് സൈനിക സ്കൂളുകൾ സ്ഥാപിച്ചുകഴിഞ്ഞു. മതേതര സൈന്യത്തിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽനിന്നും പുറത്തുവരുന്നവരെ കുത്തിനിറച്ചാൽ ഇവിടെ എന്തുസംഭവിക്കും; ആപത്കരമായ ഈ സ്ഥിതി ഈ ഗവൺമെന്റ് കണ്ടിട്ടുണ്ടോ? സ്വയംഭരണ കോളേജുകൾ വന്നാൽ ഇവിടെ മെരിറ്റും റിസർവേഷൻ തത്വങ്ങളും അട്ടിമറിക്കപ്പെടും, സാമൂഹ്യനീതി ഇല്ലാതാകും. അതുകൊണ്ട് എങ്ങനെയാണ് ഇതിന് കൂട്ടുനിൽക്കാൻ നമുക്ക് സാധിക്കുക? ഉയർന്ന ഫീസ് വരുന്നതോടുകൂടി സമൂഹത്തിൽ വലിയൊരു വിഭാഗം വിദ്യാർത്ഥികൾക്ക് പഠനത്തിനുള്ള അവസരമാണ് നിഷേധിക്കപ്പെടുന്നത്. നിലവിലുള്ള കോഴ്സുകൾ ഇല്ലാതായാൽ കൂടുതൽ പണം കൊയ്യാൻ കഴിയുന്ന തരത്തിലുള്ള കോഴ്സുകൾ മാത്രമേ ഇവിടെ ആരംഭിക്കാൻ പോകുന്നുള്ളൂ എന്നതാണ് നാളെ വരാൻ പോകുന്ന അപകടകരമായ ഒരവസ്ഥ. അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള പാരസ്പര്യം നഷ്ടമാകുന്നൊരു സ്ഥിതി വന്നുചേരും. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സംഘടനാ സ്വാതന്ത്ര്യമില്ലാതാകും. ഗവേണിംഗ് കൗൺസിലിൽ കോളേജ് യൂണിയൻ ചെയർമാൻ കൂടി വേണമെന്ന് ഞാൻ പറഞ്ഞിരുന്നു. യഥാർത്ഥത്തിൽ കോളേജ് യൂണിയൻപോലും ഇവിടെ ഉണ്ടാകാൻ പോകുന്നില്ല. അങ്ങനെ വിദ്യാർത്ഥികൾക്ക് യാതൊരുവിധ അവകാശവുമില്ലാത്ത, അദ്ധ്യാപകരെ അടിമകളാക്കി മാറ്റുന്ന ഒരു സ്ഥാപനം കേരളത്തിൽ വരാൻ നമ്മൾ കൂട്ടുനിൽക്കേണ്ട കാര്യമുണ്ടോ? വിദേശ സർവ്വകലാശാലകൾക്ക് ഇത് വിലയ്ക്കെടുക്കാം. അങ്ങനെവന്നാൽ ഈ ഓട്ടോണമസ് കോളേജുകൾ നാളെ വിദേശ സർവ്വകലാശാലകളുടെ കീഴിലാകും. ഇതുവഴി വിദേശ ബഹുരാഷ്ട്ര കുത്തകകൾക്ക് കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് കാലുറപ്പിക്കാൻ അവസരമുണ്ടാക്കിക്കൊടുക്കുകയാണ്. കോർപ്പറേറ്റുകളുടെ പ്രതിനിധിയെ ഗവേണിംഗ് കൗൺസിലിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. യു.ഡി.എഫ്. എന്താണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്; നിങ്ങളുടെ സമീപനമെന്താണ്; ഈ രാജ്യത്ത് വന്നുകൊണ്ടിരിക്കുന്ന മാറ്റം കാണാതെ നിങ്ങൾ ഇത്തരമൊരു

തീരുമാനമെടുത്തതുകൊണ്ട് നാളെയുണ്ടാകാൻ പോകുന്ന പ്രത്യാഘാതമെന്താണ്? പി.എസ്.സി. വഴിയുള്ള അദ്ധ്യാപക നിയമനം നിങ്ങൾ അട്ടിമറിച്ചില്ലേ; ഈ നിയമം നാളെ അതിനല്ലേ വഴിവയ്ക്കാൻ പോകുന്നത്? തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജ്, എറണാകുളത്തെ മഹാരാജാസ് കോളേജ്, തലശ്ശേരിയിലെ ബ്രണ്ണൻ കോളേജ് എന്നീ കോളേജുകൾ ഫണ്ട് സ്വയം കണ്ടെത്തണമെന്ന് പറഞ്ഞാൽ ഇവിടെ എന്താണ് സംഭവിക്കാൻ പോകുന്നത്; ഗവൺമെന്റ് കോളേജുകൾ സ്വാശ്രയ കോളേജുകളായി മാറുന്ന ഗുരുതരമായ സ്ഥിതിവിശേഷമല്ലേ ഈ നിയമം പാസ്സാക്കുന്നതുവഴി ഇവിടെ വരാൻ പോകുന്നത്? പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളം ഇന്ന് ഒന്നാം സ്ഥാനത്ത് നിൽക്കുകയാണ്. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നൊരു അവസ്ഥയുണ്ടാകും, പണം ഉള്ളവർക്ക് മാത്രമേ പഠിക്കാൻ കഴിയുകയുള്ളൂ എന്നാകും. പാവപ്പെട്ട വീട്ടിലെ കുട്ടികൾക്ക് ഈ കോളേജുകളിൽ പ്രവേശനം ലഭിക്കുമോ; പട്ടികജാതി വിഭാഗത്തിലും പിന്നോക്ക വിഭാഗത്തിലുംപെട്ട കുട്ടികൾക്ക് പ്രവേശനം ലഭിക്കുമോ; സാമൂഹ്യനീതി ഇല്ലാതാക്കുന്നതിന് എന്തിനാണ് നിങ്ങൾ കൂട്ടുനിൽക്കുന്നത്? ജനാധിപത്യ സ്വഭാവമില്ലാത്ത ഗവേണിംഗ് കൗൺസിലിനെ ഏൽപ്പിച്ച് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം വാണിജ്യവൽക്കരിക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ട് മാത്രമാണ് ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നിട്ടുള്ളത്. സാമൂഹ്യപ്രതിബദ്ധതയുള്ള ഒരു പ്രസ്ഥാനമെന്ന നിലയിൽ ഇതിന് കൂട്ടുനിൽക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് സാധിക്കില്ല, ഞാൻ ഈ ബില്ലിനെ ശക്തമായി എതിർക്കുകയാണ്. കേരളത്തിലെ ജനാധിപത്യസമൂഹത്തിന്റെ സൂചന പ്രകടിപ്പിക്കാൻ ഈ ബില്ലിന്റെ കോപ്പി നശിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രതിഷേധം പ്രകടിപ്പിക്കുന്നു. ഇത് പാസ്സാക്കുന്നതിനുള്ള നടപടിയിൽ കൂട്ടുനിൽക്കാൻ ഞങ്ങൾക്ക് സാധ്യമല്ല. ഈ ബിൽ പാസ്സാക്കുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ സഭയിൽനിന്നും ഇറങ്ങിപ്പോവുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബില്ലിന്റെ കോപ്പി വലിച്ചുകീറിയതിനുശേഷം സഭയിൽനിന്ന് ഇറങ്ങിപ്പോയി.)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. അബ്ദു റബ്ബ്</u>): സർ, സ്വയം ഭരണാവകാശമെന്നത് ഈ സർക്കാരിന്റെ സൃഷ്ടിയല്ല. 1964-ൽ കേന്ദ്ര സർക്കാർ, കോത്താരി കമ്മീഷനെ നിയമിച്ചതിന്റെ ഫലമായി വന്നതാണ്. മാത്രമല്ല, 1986-ൽ ദേശീയ വിദ്യാഭ്യസ നയം പ്രഖ്യാപിച്ചതിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണ പദവി നൽകണമെന്നുപറഞ്ഞിട്ടുണ്ട്. രാജ്യത്ത് ഏകദേശം 21 സംസ്ഥാനങ്ങളിലായി 84 സർവ്വകലാശാലകൾക്കുകീഴിൽ 441 കോളേജുകൾ സ്വയംഭരണപദവി നേടിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസത്തെ

തകർക്കാൻവേണ്ടി കേരളത്തിൽമാത്രം കൊണ്ടുവന്ന ഒരു പുതിയ കാര്യമല്ല. മറ്റുള്ള രാജ്യങ്ങളിലും സംസ്ഥാനങ്ങളിലും നടപ്പാക്കുന്ന കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് വേണ്ട എന്ന് വാശിപിടിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. സബ്ജക്ട് കമ്മിറ്റിയിലും സഭയിലും കൊണ്ടുവന്ന, ഈ ബില്ലിന്റെ സ്പിരിറ്റിനെ ഹനിക്കാത്ത, പ്രതിപക്ഷത്തുനിന്നുവന്ന എല്ലാ ഭേദഗതികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ സ്പിരിറ്റിന് എതിരായിട്ടുള്ള ഭേദഗതി സ്വീകരിക്കാൻ കഴിയില്ല. ഈ സാഹചര്യത്തിൽ ഈ ബില്ലിനെ എതിർക്കുന്നത് രാഷ്ട്രീയമായ ലക്ഷ്യങ്ങൾ വച്ചുകൊണ്ടുമാത്രമാണ്. നമ്മുടെ സംസ്ഥാനത്ത് ഇദംപ്രഥമമായി അക്കാഡമിക് ഓട്ടോണമിയുള്ള കോളേജുകൾ എന്ന പുതിയ കൺസെപ്റ്റ് വരുന്നതിനോടുള്ള എതിർപ്പ് മാത്രമാണ് പ്രതിപക്ഷം പ്രകടിപ്പിക്കുന്നത്. അല്ലാതെ ഇതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടല്ല എന്നതുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഈ ബിൽ പാസാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസായിരിക്കുന്നു.

## X അറിയിപ്പ്

### ഭേദഗതികളും നിരാകരണപ്രമേയങ്ങളും നൽകുന്നതിനുള്ള സമയം

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു പ്രധാനപ്പെട്ട കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുണ്ട്. ഇന്ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗത്തിലുണ്ടായ തീരുമാനമനുസരിച്ച് കേരള മത്സ്യ വിത്ത് ബിൽ, 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ എന്നീ രണ്ട് ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയമാണ് ഡിസംബർ 3-ാം തീയതി സഭയിൽ വരുന്നത്. അതിനുള്ള ഭേദഗതികൾ (നിരാകരണ പ്രമേയങ്ങളും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തിനുള്ള ഭേദഗതിയും) നൽകുന്നതിന് നാളെ മൂന്ന് മണിവരെ സമയം ഉണ്ട്. അത് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

2. 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനുമുമ്പ് വളരെ വിശദമായി സംസാരിച്ചിട്ടുള്ളതാണ്. അതുകൊണ്ട് ഇതുസംബന്ധിച്ച് കൂടുതലായി ഇപ്പോൾ സംസാരിക്കുന്നില്ല.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ നിരാകരണപ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. കെ. ശിവദാസൻ നായർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇതിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ അതിർത്തികൾ പുനർനിർണ്ണയിക്കുന്ന ഒരു ഭേദഗതി കൂടിയുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളെ പുനഃസംഘടിപ്പിക്കുന്നു എന്ന പ്രസ്താവന കണ്ടു. അത് തികച്ചും അപ്രായോഗികമായ കാര്യമാണ്. എന്റെ നിയോജകമണ്ഡലം മൂന്ന് ബ്ലോക്ക് പഞ്ചായത്തുകളുടെ അതിർത്തിയിലാണ്. ഓരോ ബ്ലോക്ക് പഞ്ചായത്തിനും സ്വന്തമായ ഓഫീസും മറ്റ് സംവിധാനങ്ങളുമെല്ലാമുണ്ട്. ഇതെല്ലാംകൂടി സംയോജിപ്പിച്ച് ഒരു ബ്ലോക്ക് പഞ്ചായത്താക്കുക എന്നത് തികച്ചും അപ്രായോഗികമായ കാര്യമാണ്. അത്തരം സജഷൻസ് ഉണ്ടെങ്കിൽ അത് ഉപേക്ഷിക്കണമെന്ന് ഞാൻ സൂചിപ്പിക്കുന്നു. 12 പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയും ഉൾപ്പെട്ടതാണ് എന്റെ നിയോജകമണ്ഡലം. അവിടെ, 182 നിയോജകമണ്ഡലങ്ങളിലെടുക്കുന്ന അതേ യാർഡ്സ്റ്റിക്കുതന്നെയെടുത്ത് ബ്ലോക്ക് പഞ്ചായത്തുകളെ പുനഃസംഘടിപ്പിക്കുക എന്നത് വികസനരംഗത്ത് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഞങ്ങളുടെ പ്രദേശത്തെ പഞ്ചായത്തുകൾക്ക്

നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും. യാതൊരു കാരണവശാലും അത്തരമൊരു പുനർനിർണ്ണയത്തിന് തയ്യാറാകരുതെന്ന് ഞാൻ ഈയവസരത്തിൽ സൂചിപ്പിക്കുന്നു. പഞ്ചായത്തുകൾ നേരിടുന്ന പ്രധാനപ്പെട്ട ഒരു പ്രശ്നം, തെരുവുവിളക്കുകളുടെ കാര്യമാണ്. പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ ആവശ്യപ്പെട്ടതനുസരിച്ച് തെരുവുവിളക്കുകൾ കത്തിക്കുന്നതിനുള്ള അനുമതി പഞ്ചായത്തുകൾക്ക് ലഭ്യമാക്കി. അതോടെ കെ.എസ്.ഇ.ബി. ഇതിൽനിന്നും പിൻമാറി. പക്ഷേ പഞ്ചായത്തുകൾക്ക് ഇത് ചെയ്യാൻ പ്രായോഗികമായി ചില ബുദ്ധിമുട്ടുകളുമുണ്ട്, പലപ്പോഴും ഇതിനായി യോഗ്യരായ ആളുകളെ കിട്ടുന്നില്ല.

ഡോ. എൻ. ജയരാജ്: സർ, പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷന്റെ തീരുമാനപ്രകാരമാണ് പഞ്ചായത്ത് തന്നെ നേരിട്ട് തെരുവ് വിളക്ക് കത്തിക്കുന്ന കാര്യത്തിൽ സമ്മതിച്ചത്. എന്റെ മണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട ഒരു യോഗത്തിലാണ് പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ തെരുവുവിളക്കുകൾ അവർ തന്നെ കത്തിച്ചുകൊള്ളാം എന്ന തീരുമാനമെടുത്തത് എന്നാണ് ഞാൻ മനസിലാക്കുന്നത്. അങ്ങേയ്ക്ക് ഇതുസംബന്ധിച്ച് പ്രത്യേകമായി എന്തെങ്കിലും അറിയാമോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ അതുതന്നെയാണ് പറഞ്ഞത്. പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷന്റെ ആവശ്യപ്രകാരമാണ് ഇക്കാര്യം അവർ ഏറ്റെടുത്തത്. ഇത് പ്രായോഗിക തലത്തിൽ പഞ്ചായത്തുകൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു. പോസ്റ്റിൽ കയറി ബൾബ് ഇടുന്നതിന് യോഗ്യരായ ആളുകളെ കിട്ടുന്നില്ല. അതിനുള്ള വേതനം കൊടുക്കാനും നിവൃത്തിയില്ല. ഇപ്പോൾ സി.എഫ്.എൽ. ലാമ്പായിട്ടും പഴയ റേറ്റിലുള്ള തുക പഞ്ചായത്തുകൾക്ക് കൊടുക്കേണ്ടിവരുന്നു. ജോയിന്റ് വെരിഫിക്കേഷൻ നടക്കുന്നില്ല, മീറ്റർ വയ്ക്കാൻ പണം അടച്ചിട്ടും മീറ്ററുകൾ വയ്ക്കുന്നില്ല. ഇപ്പോഴും ഭീമമായ തുക ഇലക്ട്രിസിറ്റി ചാർജിനത്തിൽ കൊടുക്കേണ്ട ഗതികേട് എല്ലാ പഞ്ചായത്തുകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. പബ്ലിക് ടാപ്പുകളുടെ കാര്യത്തിലും ഈ അവസ്ഥതന്നെയാണ്. ടാപ്പുകൾ പലതും ഫങ്ഷൻ ചെയ്യുന്നില്ല. ജോയിന്റ് വെരിഫിക്കേഷൻ നടക്കുന്നില്ല, ടാപ്പുകളുടെ എണ്ണമനുസരിച്ച് വെള്ളത്തിന് കരം കൊടുത്തുകൊണ്ടിരിക്കുകയാണ്. പബ്ലിക് ടാപ്പ് സാധാരണക്കാരന് വേണ്ടിയുള്ളതാണ്. അതിന് കൊമേഴ്സ്യൽ റേറ്റാണ് ഈടാക്കുന്നത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അക്കാര്യം ടേക്കപ് ചെയ്യണം. കൊമേഴ്സ്യൽ ട്രാൻസാക്ഷന് കൊടുക്കുന്ന റേറ്റനുസരിച്ച് പബ്ലിക് ടാപ്പിന് എങ്ങനെ ചാർജ്ജ് ഫിക്സ് ചെയ്യാൻ കഴിയും? അതുകൊണ്ട് അക്കാര്യം ഗൗരവമായി കാണണം. മറ്റൊന്ന്, എല്ലാ കാര്യത്തിലും ഗ്രാമസഭകൾ വിളിച്ചുകൂട്ടണമെന്ന നിർബന്ധമുണ്ട്. ഗ്രാമസഭ വിളിച്ചുകൂട്ടുന്നു എന്ന്

ടെക്നിക്കലായി പറയുന്നതല്ലാതെ കാര്യമായി ഒരു സ്ഥലത്തും കൂടുന്നില്ല. അവിടെ പദ്ധതികൾക്ക് എങ്ങനെയാണ് അംഗീകാരം കൊടുക്കുന്നത്? ഈ ഗവൺമെന്റ് വന്നതിനുശേഷം കുറച്ചുമാറ്റങ്ങൾ വന്നിട്ടുണ്ട്, ചില കാര്യങ്ങളിൽ നിബന്ധനകൾ ലഘൂകരിച്ചിട്ടുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഗ്രാമസഭകൾക്ക് ആളുകൾ വരുന്നില്ല. പല പഞ്ചായത്ത് മെമ്പർമാരെയും തെറ്റായ സ്റ്റേറ്റ്മെന്റ് കൊടുക്കാൻ പ്രേരിപ്പിക്കുകയാണ്. അതുകൊണ്ട് എല്ലാ കാര്യങ്ങളിലും ഗ്രാമസഭ കൂടണമെന്ന നിബന്ധന വയ്ക്കുന്നത് ശരിയാണോ?

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി.പി. മുഹമ്മദ്)

ശ്രീ. കെ. ശിവദാസൻ നായർ: സർ, എല്ലാ കാര്യങ്ങൾക്കും ഗ്രാമസഭ കൂടണമെന്നുപറഞ്ഞാൽ, ഗ്രാമസഭകൾ വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യമല്ലാതെ കൂടാൻ സാധ്യമല്ല. അതിൽ കൂടുതലായി ഗ്രാമസഭകൾ കൂടണമെന്ന് നിഷ്കർഷിച്ചാൽ അത് പ്രായോഗികമല്ല. ഗ്രാമസഭകൾ കൂടുന്നു എന്ന് അവിടെ രേഖപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. പദ്ധതി അംഗീകാരത്തിന് ആദ്യം കർമ്മസമിതി കൂടണം. പിന്നീട് ഗ്രാമസഭയിൽ വയ്ക്കണം. അതിനുശേഷം പഞ്ചായത്തിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വരണം, സ്റ്റാൻഡിംഗ് കമ്മിറ്റി അപ്രൂവ് ചെയ്തതിനുശേഷം പഞ്ചായത്ത് കമ്മിറ്റിയിൽ വരണം. അതിന്റെ അംഗീകാരം കഴിഞ്ഞാൽ വികസന സെമിനാർ നടത്തണം. അതിനുശേഷം വീണ്ടും സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വരണം. പിന്നെയും പഞ്ചായത്ത് കമ്മിറ്റിയിൽ വരണം. അതിനുശേഷമാണ് പദ്ധതിയുടെ അംഗീകാരത്തിനായി അയയ്ക്കുന്നത്. ഗവൺമെന്റ് എത്രയോ ഫണ്ടുകൾ ചെലവഴിക്കുന്നു. ഗ്രാമപഞ്ചായത്തുകൾ ചെലവഴിക്കുന്ന കാര്യത്തിൽ മാത്രം ഇത്രയേറെ പ്രൊസീഡ്യുവർ ആവശ്യമുണ്ടോ? നമ്മൾ വ്യക്തമായ മാർഗ്ഗനിർദ്ദേശം കൊടുത്തുകഴിഞ്ഞാൽ ആ പണം ചെലവഴിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം. ഗ്രാമസഭകളുടെ അംഗീകാരം വാങ്ങി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പദ്ധതിയുടെ അംഗീകാരം ജില്ലാ പ്ലാനിംഗ് കമ്മിറ്റിയിൽനിന്ന് വാങ്ങിയാൽ മതി. അതിനുപകരം ഇപ്പോഴുള്ളത് ജനകീയാസൂത്രണമെന്നുപറഞ്ഞ് ചില ആളുകൾക്ക് പഞ്ചായത്തിന്റെ അധികാരം കവർന്നെടുക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഒരു പ്രൊസീഡ്യുവറാണ്. പഞ്ചായത്തുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു എന്നത് ബോധ്യപ്പെട്ട് ഇനിയെങ്കിലും അത് മാറ്റാൻ ശ്രമിക്കണം. അതുപോലെതന്നെ, വീടിന് നമ്പർ ഇടുന്നതിനുള്ള അപ്പലേറ്റ് അധികാരം പഞ്ചായത്ത് കമ്മിറ്റിക്കില്ല. പഞ്ചായത്ത് സെക്രട്ടറിമാർ പല കാര്യങ്ങളിലും രാജാക്കന്മാരെപ്പോലെയാണ് പെരുമാറുന്നത്. പഞ്ചായത്ത് കമ്മിറ്റി പറഞ്ഞാൽപോലും അവർ കേൾക്കില്ല. ഈ നിലയിൽ

വീടിന് നമ്പർ ഇടുന്ന കാര്യത്തിലും ടാക്സിന്റെ കാര്യത്തിലും പഞ്ചായത്ത് കമ്മിറ്റിയെ വിശ്വാസത്തിൽ എടുക്കാതെയുള്ള ഇത്തരം നിയമങ്ങൾ ശരിയല്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മാലിന്യനിർമ്മാർജ്ജനം ഏറ്റവും പ്രധാനപ്പെട്ട ജോലിയായി പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണ്. പക്ഷേ, ദൗർഭാഗ്യവശാൽ മാലിന്യ നിർമ്മാർജ്ജനത്തിനായി ശുചിത്വമിഷനെ ഏൽപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ചില കമ്പനികൾ വരികയും പഞ്ചായത്തിന്റെ പണം മുടക്കി എല്ലാ സ്ഥലങ്ങളിലും പ്ലാന്റുകൾ സ്ഥാപിക്കുകയും ചെയ്തു. അതിൽ ആറ് മാസത്തിലധികം പ്രവർത്തിച്ച ഒരെണ്ണം പോലുമില്ല. എല്ലാം പ്രവർത്തന രഹിതമായി. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, ശുചിത്വമിഷനെ ഏൽപ്പിക്കുകയാണെങ്കിൽപോലും മാലിന്യ നിർമ്മാർജ്ജനത്തിൽ വ്യക്തമായ ഒരു മാർഗ്ഗനിർദ്ദേശം ഉണ്ടാകണമെന്നാണ്. പഞ്ചായത്തിന്റെ പ്രഥമ പരിഗണനയിൽ വരേണ്ട ഏറ്റവും പ്രധാനപ്പെട്ട ജോലി എന്ന നിലയിൽ മാലിന്യനിർമ്മാർജ്ജനത്തെ കാണണമെന്നാണ് എനിക്ക് ഈയവസരത്തിൽ സൂചിപ്പിക്കാനുള്ളത്. പ്രവാസികൾക്ക് വോട്ടവകാശം കൊടുക്കുന്ന ഭേദഗതി തീർച്ചയായും നല്ല ഭേദഗതിയായതുകൊണ്ട് ഞാൻ അതിനെ അംഗീകരിക്കുന്നു. അംഗൻവാടി/ആശാ വർക്കേഴ്സിന് സ്ഥാനാർത്ഥികളാകാൻ കഴിയുന്ന ഭേദഗതിയും സ്വാഗതാർഹമായ ഭേദഗതിയാണെന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃക്രമീകരണത്തെക്കുറിച്ച് ശ്രീ. കെ. ശിവദാസൻ നായർ ചൂണ്ടിക്കാട്ടി. ചില സ്ഥലങ്ങളിൽ ഭേദഗതി ആവശ്യമാണ്. അതിർത്തികൾ അശാസ്ത്രീയമായി നിർണ്ണയിച്ചിട്ടുണ്ട്. അതുകൊണ്ട്, ഒരു നിയോജകമണ്ഡലത്തിൽ ഒരു ബ്ലോക്ക് പഞ്ചായത്ത് എന്ന രീതിയിലല്ലാതെ ശാസ്ത്രീയമായി അതിർത്തികൾ നിർണ്ണയിക്കണം. എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് ബ്ലോക്ക് പഞ്ചായത്തുകളുടെ രണ്ട് ബി.ഡി.ഒ. ഓഫീസുകൾ ഉൾപ്പെടെയുള്ള ഹെഡ് ക്വാർട്ടേഴ്സുകളുമുണ്ട്. ആ ഹെഡ്ക്വാർട്ടേഴ്സുകൾ മറ്റൊരു സ്ഥലത്ത് മാറ്റുന്നത് അവിടത്തെ ജനങ്ങൾ അംഗീകരിക്കുന്ന കാര്യമല്ല. എന്നാൽ ഹെഡ്ക്വാർട്ടേഴ്സ് ഇല്ലാത്ത ബ്ലോക്ക് പഞ്ചായത്തുകളുടെ അതിർത്തികൾ പുനഃസംവിധാനം ചെയ്യുന്നത് ശാസ്ത്രീയമായിരിക്കണം. കഴിഞ്ഞകാലത്ത് ബ്ലോക്കുകൾ രൂപീകരിച്ചിട്ടുള്ളത് രാഷ്ട്രീയ ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് അതിർത്തികളുടെ ശാസ്ത്രീയമായ പുനഃസംഘടനയിൽ ബ്ലോക്ക് പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നത് നല്ലതായിരിക്കും. ഗ്രാമപഞ്ചായത്ത് വാർഡുകൾ പലസ്ഥലത്തും അശാസ്ത്രീയമായി തന്നെയാണ് ഡെലിമിറ്റേഷൻ (delimitation) നടത്തിയിട്ടുള്ളത്. ജനസംഖ്യയിൽത്തന്നെ വലിയ അന്തരമുണ്ട്. ഒരു വാർഡിൽ 800 ആളുകൾ മാത്രമാണെങ്കിൽ തൊട്ടടുത്ത വാർഡിൽ 1400 ആളുകൾ ഉണ്ടാകും. കാലിനൊപ്പിച്ച് ചെരുപ്പ് മുറിക്കുന്നതിനുപകരം ചെരുപ്പിനൊപ്പിച്ച് കാൽമുറിക്കുന്ന രീതിയിൽ, സിഗ്സാഗ് രീതിയിൽ വാർഡുകൾ

വെട്ടിമുറിച്ച ധാരാളം അനുഭവങ്ങളുണ്ട്. അക്കാര്യത്തിലും ഭേദഗതികൾ വരുത്തണം. അതിർത്തി നിർണ്ണയത്തിന് കമ്മീഷനെ നിയോഗിക്കുമ്പോൾത്തന്നെ ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം. അതിന് ഭൂപടം പഠിക്കുകയും ജനസംഖ്യ ഒരു ഘടകമാക്കുകയും ചെയ്യാം. പ്രകടമായിട്ടുള്ള അശാസ്ത്രീയത ചൂണ്ടിക്കാണിച്ചാൽ മറുപടി റിജക്റ്റഡ് എന്നല്ലാതെ എന്തുകൊണ്ട് നിരസിക്കപ്പെടുന്നുവെന്നതുസംബന്ധിച്ച സ്പീക്കിംഗ് ഓർഡർ ഡെലിമിറ്റേഷൻ കമ്മീഷന്റെ യാതൊരു പ്രൊസീഡിംഗ്സിലും കാണാറില്ല. ഏകപക്ഷീയമായ പല ഘടകങ്ങളുടെയും സ്വാധീനങ്ങളുടെയും അടിസ്ഥാനത്തിലാണ് പലപ്പോഴും ഡെലിമിറ്റേഷൻ രീതികൾ പോകുന്നത്.

മറ്റൊരു കാര്യം പറയാനുള്ളത്, നിയമസഭ/പാർലമെന്റ് അംഗങ്ങൾക്ക് നിവേദനം നൽകുകയെന്നതുമാത്രമായി പഞ്ചായത്ത് മെമ്പർമാരുടെ ചുമതല പലപ്പോഴും ചുരുങ്ങിപ്പോകുന്നു എന്നതാണ്. കാരണം, അധികാര വികേന്ദ്രീകരണത്തിലൂടെ ആവശ്യമായ അധികാരം നൽകാൻ പഞ്ചായത്തീരാജ് നിയമ ഭേദഗതി ലക്ഷ്യമിട്ടിരുന്നെങ്കിൽപ്പോലും പലപ്പോഴും അവർക്കുള്ള അധികാരം ലഭിക്കുന്നില്ല. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പല സാങ്കേതിക നൂലാമാലകളും കടന്നാണ് പഞ്ചായത്തുകളുടെ പദ്ധതിരേഖയ്ക്ക് അംഗീകാരം ലഭിക്കുന്നത്. ഏതായാലും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അക്കാര്യത്തിൽ ഫലപ്രദമായിട്ടുള്ള പല നടപടികളും സ്വീകരിച്ചു, പ്രൊസീഡിംഗ്സ് ലഘൂകരിച്ചു. പദ്ധതികൾക്ക് ഡി.പി.സി.യുടെ അംഗീകാരം കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ കമ്പ്യൂട്ടർവൽക്കരണവും ആധുനിക സൗകര്യങ്ങളും ഏർപ്പെടുത്തി. പഞ്ചായത്ത് ഓഫീസിൽ ഇരുന്നുതന്നെ ഓൺലൈനിൽ അവരുടെ പദ്ധതികൾ സമർപ്പിക്കാനും ഭേദഗതികളും തിരുത്തലും വരുത്തിക്കൊണ്ട് വേഗത്തിൽ ഇംപ്ലിമെന്റ് ചെയ്യാനും സാധിക്കുന്നു. സാധാരണഗതിയിൽ മാർച്ച് 31 എന്നുപറഞ്ഞാൽ ഫണ്ട് യൂട്ടിലൈസേഷനുവേണ്ടിയുള്ള തിരക്കാണ്. പഞ്ചായത്ത് പ്രസിഡന്റുമാർ നെട്ടോട്ടമോടി, എഞ്ചിനീയർമാരെ മുറിയിൽ പൂട്ടിയിട്ടുവരെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് വാങ്ങാൻ നിർബന്ധിതരാകാറുണ്ട്. പദ്ധതികൾ ഒരിക്കലും സമയത്ത് ആരംഭിക്കാൻ സാധിക്കാറില്ല.

മറ്റൊരു പ്രധാനപ്പെട്ട വിഷയം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്, പഞ്ചായത്തീരാജ് നിയമത്തിന്റെ ഭാഗമായി കുറുമാറ്റ നിരോധനത്തിനുള്ള നടപടികൾ സ്വീകരിച്ചതാണ്. അതിന് പ്രത്യേക കമ്മീഷനും നിയമവ്യവസ്ഥകളുമുണ്ട്. എങ്കിൽപോലും അക്കാര്യത്തിലുള്ള തീരുമാനം പലപ്പോഴും അനന്തമായി നീണ്ടുപോവുകയാണ്. ഉദാഹണത്തിന് 4 വർഷം മുമ്പ് തെരഞ്ഞെടുപ്പ് നടന്ന അതേഘട്ടത്തിൽ, പ്രസിഡന്റ് ഇലക്ഷനിൽ വിപ്പ് ലംഘിച്ചതിന്റെ പേരിൽ ഒരു വ്യക്തി ഡിസ്ക്വാളിഫിഫൈഡ് ആണെന്ന് പ്രഖ്യാപിച്ചെങ്കിൽപ്പോലും അതുസംബന്ധിച്ച്

അന്തിമ തീർപ്പുണ്ടാകാത്തതുകൊണ്ട് ഇതുവരെ ആ വാർഡിൽ തെരഞ്ഞെടുപ്പ് നടത്താൻ സാധിച്ചിട്ടില്ല. ജനപ്രതിനിധികളുടെ പ്രാതനിധ്യമില്ലാത്ത വാർഡുകളുണ്ട്. അതുകൊണ്ട് ഡിസ്ക്വാളിഫിക്കേഷൻ നിയമത്തിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ട്, സമയബന്ധിതമായി തീർപ്പുണ്ടാക്കാനുള്ള കമ്മീഷന്റെ ചുമതല വ്യക്തമാക്കുന്ന തീരുമാനങ്ങളും ഉണ്ടാകണം. നിയമത്തിൽ ഭേദഗതികൾ കൊണ്ടുവന്നും നടപടിക്രമങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്തിയും പഞ്ചായത്തീരാജ് സംവിധാനം കുറച്ചൊക്കെ ഫലപ്രദമാക്കിയിട്ടുണ്ട്. ഇനിയും അത്തരത്തിലുള്ള നീക്കങ്ങൾക്ക് ഈ ഭേദഗതികൾ ഉപകരിക്കണം. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഇവിടെ പറഞ്ഞ കാര്യങ്ങൾ പലതും നമ്മുടെ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ വന്നതോടുകൂടി പരിഹരിക്കപ്പെട്ടിട്ടുള്ളതാണ്. ബ്ലോക്ക് പഞ്ചായത്തുകളുടെ അതിർത്തിനിർണ്ണയവുമായി ബന്ധപ്പെട്ട ഭേദഗതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് ഓർഡിനൻസായി കൊണ്ടുവന്നത്. അന്ന് തിരുവനന്തപുരം റൂറൽ, കരുനാഗപ്പള്ളി, അഞ്ചാലുംമൂട്, കുളനട, വൈറ്റില, കൊടുങ്ങല്ലൂർ എന്നീ 6 ബ്ലോക്ക് പഞ്ചായത്തുകൾ ഇല്ലാതെയായി. അതിനുപകരം പുതിയതായി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തതാണ് കാളികാവ്, പനമരം, കല്ല്യാശ്ശേരി, പാനൂർ, കാറഡ്ക, പരപ്പ തുടങ്ങിയ പുതിയ ബ്ലോക്കുകൾ. പുതിയ മുനിസിപ്പാലിറ്റികൾ ഉണ്ടാവുമ്പോഴും കോർപ്പറേഷൻ ഏരിയ വികസിക്കുമ്പോഴും ചില ബ്ലോക്ക് പഞ്ചായത്തുകൾ ഇല്ലാതായിപ്പോകാനുള്ള സാദ്ധ്യതയുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം കുറയ്ക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടുകൾ ഉണ്ടാക്കും. അതുകൊണ്ട് ഇവിടെ പറഞ്ഞ ആശങ്കകൾ നിലനിൽക്കുന്നതല്ല. കോൺസ്റ്റിറ്റ്യുവൻസികളെ ബാധിക്കാത്ത രീതിയിലുള്ള പുനർനിർണ്ണയം ആവശ്യമാണ്. ശ്രീ. സണ്ണി ജോസഫ് സൂചിപ്പിച്ചതുപോലെ ചില സ്ഥലത്ത് അശാസ്ത്രീയമായി വിഭജനം നടത്തിയിട്ടുണ്ട്. ഈ വകുപ്പ് ഭേദഗതി ചെയ്യുന്നതിലൂടെ അതെല്ലാം റെക്ടിഫൈ ചെയ്യാൻ സാധിക്കും. അത് എല്ലായ്പോഴും പ്രയോഗിക്കണമെന്നില്ല, പ്രയോഗിക്കേണ്ടിവന്നാൽ അതിനുപറ്റുന്ന രീതിയിൽ ഭേദഗതി ചെയ്യുന്നുവെന്നുള്ളത് മാത്രമാണ്.

[08.00 PM]

സർ, നിയോജകമണ്ഡലാടിസ്ഥാനത്തിൽ എന്നുപറയുമ്പോൾ ഒരു നിയോജക മണ്ഡലം എന്ന അർത്ഥത്തിലല്ല, ഇവിടെ പറഞ്ഞതുപോലെ ചില സ്ഥലത്ത് രണ്ട് ബ്ലോക്ക് പഞ്ചായത്തുകൾ വരുന്നുണ്ട്, അത് വരാത്ത രീതിയിൽ തന്നെയാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇന്നു നിലനിൽക്കുന്ന 152 ബ്ലോക്കുകൾ അതുപോലെ നിലനിർത്തുന്നതാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിലാണ് വിഭജിക്കുന്നതെന്നാണ് നിയമത്തിൽ പറയുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 152 ബ്ലോക്കുകളുമുണ്ടാകും. ജില്ലയിലെ ബ്ലോക്കുകൾ കുറയ്ക്കുകയില്ല.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ജില്ലകളിലെ ബ്ലോക്കുകളുടെ എണ്ണം കുറയ്ക്കുകയില്ലെങ്കിൽ അത് പറയണം.

ശ്രീ. കെ. സി. ജോസഫ്: 152 ബ്ലോക്കുകളിൽ ഒന്നുപോലും കുറയ്ക്കുകയില്ല. റീ-ഓർഗനൈസേഷൻ മാത്രമെ വരുന്നുള്ളൂ.

ഡോ. എം. കെ. മുനീർ: അതുതന്നെയാണ് പറഞ്ഞത്. 152 ബ്ലോക്ക് പഞ്ചായത്തുകളിൽ മാറ്റം വരുന്നില്ല. അതിർത്തി നിർണ്ണയിക്കുന്നതിനു വേണ്ടിയിട്ടുള്ള ഒരു വകുപ്പുമാത്രമെ ഇതിൽ വച്ചിട്ടുള്ളൂ. അതിർത്തി നിർണ്ണയം മാത്രമെ ഇവിടെ പറയുന്നുള്ളൂ. അല്ലാതെ ബ്ലോക്കുകൾ മാറ്റണമെന്നുള്ള ഒരു തീരുമാനവും ഇല്ല. ആ രീതിയിൽ നടപ്പാക്കുകയുമില്ല. പിന്നെയുള്ളത് ഗ്രാമസഭകളാണ്. ഗ്രാമസഭകൾ 2 എണ്ണത്തിലൊതുക്കണമെന്നുപറയുന്നത് ശരിയല്ല. കാരണം ഗ്രാമസഭകൾ കൂടുതൽ ചേരണം. ഇപ്പോൾത്തന്നെ സെൻട്രൽ ഗവൺമെന്റിൽനിന്ന് ന്യൂട്രീഷ്യനുമായി ബന്ധപ്പെട്ടും വാക്സിനേഷനുമായി ബന്ധപ്പെട്ടും സ്പെഷ്യൽ ഗ്രാമസഭകൾ ഉണ്ടാകണമെന്ന് പറയുന്നു. അതുകൊണ്ട് ഗ്രാമസഭകൾ ചേരുന്നത് നാലിലേയ്ക്ക് തിരിച്ചുകൊണ്ടുപോകണമെന്നുള്ളതാണ് നമ്മുടെ നയം. സ്ത്രീകൾ, കുട്ടികൾ, വൈകല്യമുള്ളവർ എന്നീ വിഭാഗങ്ങളുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ഗ്രാമസഭകൾകൂടി പ്രത്യേകമായ ആളുകളെ നിയോഗിച്ച് ഗ്രാമസഭകളിലേയ്ക്ക് ആളുകളെ കൊണ്ടുവരുന്നതിനുള്ള നടപടിയെടുക്കുന്നു. ഇതിനുപുറമെ ഗ്രാമകേന്ദ്രങ്ങളുണ്ടാകുകയാണ്. അങ്ങനെ ഗ്രാമകേന്ദ്രങ്ങളുണ്ടാകുമ്പോൾ ഗ്രാമസഭകളിലേയ്ക്ക് കൂടുതൽ ആളുകളെ കൊണ്ടുവരാൻ സാധിക്കും. ഗ്രാമസഭകൾ അടിസ്ഥാനപരമായി നിലനിർത്തിക്കൊണ്ട് ഗ്രാമസഭകളുടെ അഭിപ്രായത്തിനനുസരിച്ചുമാത്രമേ വികസനങ്ങളുണ്ടാകാൻ പാടുള്ളൂവെന്ന കോൺസ്റ്റിറ്റ്യൂഷനടക്കം വിഭാവന ചെയ്യുന്ന രീതിയിൽ പഞ്ചായത്ത് രാജ് അമെന്റ്മെന്റിൽ വന്നിട്ടുള്ള കാര്യങ്ങളടക്കമെടുത്തുകൊണ്ട് ഗ്രാമസഭകൾക്ക് പ്രാധാന്യം നൽകാനാണുദ്ദേശിക്കുന്നത്. കൂടുതൽ തട്ടുകളുണ്ടായിട്ടല്ല, തട്ടുകൾ കുറച്ചുകൊണ്ടാണ് ഇപ്പോൾ നമ്മൾ പുതിയ മാർഗ്ഗനിർദ്ദേശമുണ്ടാക്കിയിട്ടുള്ളത്. പണ്ട് ടാഗ് എന്നുപറയുന്ന മറ്റൊരു തട്ട് കൂടിയുണ്ടായിരുന്നു. ആ തട്ടുകളൊക്കെ കുറച്ച്, പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണം സാദ്ധ്യമാക്കുന്ന രീതിയിൽ വളരെ എളുപ്പമാക്കിയിരിക്കുകയാണ്. അതേസമയം ഇത് ചില തട്ടുകളിൽ, പ്രത്യേകിച്ച്

ഡി.പി.സി. എന്നുപറയുന്നത് കോൺസ്റ്റിറ്റ്യൂഷണൽ ബോഡിയാണ്. കോൺസ്റ്റിറ്റ്യൂഷൻ പറയുന്നതനുസരിച്ചുള്ള ഡി.പി.സി.യെ അപ്രസക്തമാക്കാൻ സാധിക്കില്ല. എന്നാൽ മുമ്പ് ഡി.പി.സി. ചേരുമ്പോൾ ചെറിയ പെട്ടിഓട്ടോയിൽ വലിയ പ്രോജക്ടുകൾ കയറ്റി ഡി.പി.സി.യുടെ ലാസ്റ്റ് ദിവസം കൊണ്ടുവരുമായിരുന്ന സ്ഥിതിവിശേഷം മാറ്റി പകരം കമ്പ്യൂട്ടറിൽ ഒരു ക്ലിക്ക് കൊണ്ട് പാസ്സാക്കിയെടുക്കാൻ പറ്റുന്ന സ്ഥിതിവിശേഷമുണ്ടാകുകയും ചെയ്തു. പക്ഷെ ഇപ്പോഴും ചില സ്ഥലങ്ങളിൽ പൂർണ്ണമായും ഇത് നടപ്പിലാക്കാൻ സാധിക്കാതെ പോകുന്നത് കൺസ്ട്രക്ഷൻ പോലുള്ള ചില മേഖലകളിൽ പ്രതിസന്ധിയുണ്ടാക്കുന്നു. ഇപ്രാവശ്യം ഏറ്റവും കൂടുതൽ മഴയുണ്ടായിരുന്നതുകൊണ്ട് സിവിൽ വർക്കും മറ്റ് വർക്കുകളുമൊക്കെ നടക്കുന്നതേയുള്ളൂ. അതുകൊണ്ട് അതിന്റെ ചെലവുവരുന്നത് ജനുവരി-ഫെബ്രുവരി മാസത്തിലായിരിക്കും. അങ്ങനെ വരുമ്പോൾ നമ്മൾ ചെലവഴിച്ചതിന്റെ ശതമാനം കൂടുമെങ്കിലും വർഷാവസാനമാകുമ്പോഴേയ്ക്കുമാത്രം നമ്മൾ വിചാരിച്ച രീതിയിലേയ്ക്ക് ശതമാനത്തോത് വരികയും ചെയ്യുമെന്നുതന്നെയാണ് കണക്കാക്കുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ടാഗ് ഒഴിവാക്കിയത് നല്ലതുതന്നെയാണ്. പക്ഷെ ഇപ്പോഴും ഒരു പദ്ധതി അംഗീകാരത്തിന് ഗ്രാമസഭയിൽനിന്നു തുടങ്ങി സ്റ്റാൻഡിംഗ് കമ്മിറ്റിയിൽവന്ന് വികസന സെമിനാർ നടത്തി ഈ പ്രോസസ്സ് പിന്നെയും തുടരണം. ഇതിന്റെ ആവശ്യമുണ്ടോ, ഇതൊന്നുകൂടി ലഘൂകരിക്കണ്ടേ; നമ്മൾ ടാഗ് കുറച്ചതുപോലെതന്നെ രണ്ടുംമൂന്നും പ്രാവശ്യം ഒരേ സമിതി തന്നെ ഇത് ഡിസ്കസ് ചെയ്യണമെന്ന വ്യവസ്ഥ വേണോ?

ഡോ. എം. കെ. മുനീർ: സർ, നമ്മൾ സാധാരണ പ്രോജക്ട് തയ്യാറാക്കുന്നതുതന്നെ ഡിസംബർ മാസത്തിലാണ്. അടുത്ത വർഷത്തെ പ്രോജക്ട് തയ്യാറാക്കുന്നത് ഈ ഡിസംബറിലാരംഭിച്ച് അടുത്ത മാർച്ച് മാസമാകുമ്പോഴേയ്ക്കും പൂർത്തീകരിക്കുകയാണ്. മാർച്ച് മാസത്തിനുശേഷം പുതിയ പ്രോജക്ട് ഏറ്റെടുത്ത് പ്രവർത്തി നടത്തുകയാണ്. ഇതിലും വേഗതയാക്കുകയെന്നുപറയുന്നത്, അതായത് അടുത്ത കൊല്ലത്തേയ്ക്കുള്ള പ്രോജക്ട് ഈ വർഷം മാർച്ച് ആകുമ്പോഴേയ്ക്കും തീർക്കുന്ന രീതിയിലുള്ള ഷെഡ്യൂളാണ് നമ്മൾ കൊടുത്തിരിക്കുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, പഞ്ചായത്തുകളെ എന്തുകൊണ്ട് പ്രിഫറൻസിലെടുക്കുന്നില്ല?

ഡോ. എം. കെ. മുനീർ: സർ, ഈ മാർഗ്ഗനിർദ്ദേശത്തിന്റെ രൂപരേഖ തയ്യാറാക്കിത്തന്നത് പഞ്ചായത്ത് അസോസിയേഷനാണ്. ഇപ്പോഴും പഞ്ചായത്തുകൾ പറയുന്നത് അവർക്ക് അത് മതിയെന്നാണ്. മാത്രമല്ല, പോസ്റ്റിൽ കയറുന്നതിന് ഒരു വാഹനം ലഭിച്ചാൽ നല്ല രീതിയിൽ ചെയ്യാൻ സാധിക്കുമെന്ന്

പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ എല്ലാപേർക്കും അത്തരത്തിലുള്ള വാഹനം വാങ്ങുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഇത് നമ്മൾ തമ്മിൽ തർക്കിക്കേണ്ട വിഷയമല്ല. പഞ്ചായത്തുകൾ ആഗ്രഹിക്കുന്നതെന്താണോ അതു ചെയ്യുക എന്നുള്ളതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ. ശിവദാസൻ നായർ: സർ, തർക്കിക്കുകയല്ല. ഞാൻ പഞ്ചായത്ത് പ്രസിഡന്റുമാരുമായും പഞ്ചായത്ത് കമ്മിറ്റിയുമായിട്ടും ഇക്കാര്യത്തെ സംബന്ധിച്ച് ബന്ധപ്പെടുന്ന ഒരാളാണ്. അവരുടെ അഭിപ്രായമാണ് ഞാൻ പറഞ്ഞത്. അതല്ലാതെ എം.എൽ.എ. എന്നുള്ള നിലയിൽ എന്റെ സ്വന്തം അഭിപ്രായം പറഞ്ഞതല്ല. എന്നുമാത്രമല്ല, പദ്ധതിയെ സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കണം. പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുന്നതിനുമുമ്പ് ഗ്രാമസഭകൾ വേണം, സ്റ്റാൻഡിംഗ് കമ്മിറ്റി വേണം എന്നീ കാര്യങ്ങളിൽ സംശയമില്ല. പക്ഷേ ഇത് പിന്നെയും റിവോൾവ് ചെയ്ത് വീണ്ടും ഈ കമ്മിറ്റികളിൽക്കൂടിത്തന്നെ വരണമെന്നുപറയുന്നതിലെന്താണ് അർത്ഥം?

ഡോ. എം. കെ. മുനീർ: അങ്ങനെ തിരിച്ച് കമ്മിറ്റിക്ക് പോകേണ്ട ആവശ്യമില്ല. ഡി.പി.സി. അംഗീകരിച്ചുകഴിഞ്ഞാൽ പിന്നെ ഒരു പ്രോസസും ഇല്ല. പിന്നെ അവർ നേരിട്ട് പ്രവൃത്തി നടത്തുകയാണ്.

ശ്രീ. സി. പി. മുഹമ്മദ്: കൂറുമാറ്റ നിരോധന നിയമം ഫലപ്രദമായി നടപ്പിലാകണമെന്നുണ്ടെങ്കിൽ, നിയമസഭയിലും പാർലമെന്റിലും കൂറുമാറിയോയെന്ന് തീരുമാനിക്കുന്നത് സ്പീക്കറാണ്. ഇത് തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുമ്പിൽ പോയി വർഷങ്ങളോളം വക്കീലിനെവച്ച് കേസും നടത്തി പിന്നെ ആ വിധിക്കെതിരെ ഹൈക്കോടതിയിൽ അപ്പീലും നൽകി തുടർന്നുപോകുകയാണ്. ഫലത്തിൽ കാലുമാറിയവൻ ആ സ്ഥാനവും വഹിച്ച് ഒരു അയോഗ്യതയുമില്ലാതെ സ്ഥാനം വഹിച്ചുകൊണ്ടുപോകുകയാണ്. അതുകൊണ്ട് ഒരാളെ ഒരു പാർട്ടി ടിക്കറ്റിലോ അല്ലെങ്കിൽ ജയിച്ചുകഴിഞ്ഞ് ഞാൻ ഇന്ന പാർട്ടിയാണെന്ന് എഴുതിക്കൊടുത്തതിൽനിന്നോ അയാൾ വിപ്പ് ലംഘിച്ച് വോട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആ നിമിഷത്തിൽ അയാളുടെ സ്ഥാനം പോകാനുള്ള ഭേദഗതി വരുത്തുമോ? അല്ലെങ്കിൽ അതിനൊരു കമ്മിറ്റിയെ നിയോഗിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): പഞ്ചായത്തിലെ ഒരാളെ ഏൽപ്പിച്ചാൽ ഇത് ചെയ്യാൻ സാധിക്കുമോ, അയാൾ ചെയ്യുകയില്ല. അതിനാണ് ഇലക്ഷൻ കമ്മീഷനുള്ളത്. ഇലക്ഷൻ കമ്മീഷന്റെ അധികാരമാണിത്. നമുക്ക് അങ്ങനെയുള്ള മാറ്റം വരുത്താൻ സാധിക്കുകയില്ല. കമ്മീഷന്റെ അധികാരമെടുത്ത് കളയാനും സാധിക്കുകയില്ല.

ഡോ. എം. കെ. മുനീർ: നമ്മുടെ ആഗ്രഹത്തിനനുസരിച്ച് കോൺസ്റ്റിറ്റ്യൂഷണൽ ബോഡികളെ അപ്രസക്തമാക്കാൻ സാധിക്കുകയില്ല.

ശ്രീ. സി. മമ്മൂട്ടി: ഇക്കാര്യത്തിൽ ഒരു പാർട്ടിയുടെ സ്ഥാനാർത്ഥിയെ തീരുമാനിക്കുന്നത് ആ പാർട്ടിയുടെ ഉത്തരവാദപ്പെട്ട പ്രസിഡന്റോ സെക്രട്ടറിയോ ആണ്. അങ്ങനെ നിയോഗിക്കുന്ന ആളുതന്നെ കൂറുമാറിയെന്ന് ഇലക്ഷൻ കമ്മീഷന് റിപ്പോർട്ട് ചെയ്താൽ അത് മാനിച്ചുകൊണ്ട് പുറത്താക്കുന്ന സമീപനം സ്വീകരിച്ചാൽ മതി.

ഡോ. എം. കെ. മുനീർ: സർ, ഇവിടെ വളരെയധികം ഡിസ്കസ് ചെയ്തിട്ടാണ് ആ ഭേദഗതി ഇവിടെ കൊണ്ടുവന്നത്. സബ്ജക്ട് കമ്മിറ്റിയിൽ ഡിസ്കസ് ചെയ്ത് നിയമമാക്കിയ ഒരു കാര്യം പിന്നെയും കൊണ്ടുവരേണ്ട ആവശ്യമില്ലല്ലോ. ഇതൊന്നും ഇന്നത്തെ ഭേദഗതിയിൽ വരുന്ന കാര്യമല്ല. ദയവായി ഭേദഗതിയിൽ നിന്നുകൊണ്ട് സംസാരിക്കണം. ഇതൊക്കെ റീ-ഓപ്പൺ ചെയ്യേണ്ട കാര്യമാണ്.

ശ്രീ. കെ. ശിവദാസൻ നായർ: ഈ ഭേദഗതിയുമായി ബന്ധപ്പെട്ടതല്ലാത്ത ഒരു കാര്യം എനിക്ക് സൂചിപ്പിക്കാനുണ്ട്. പഞ്ചായത്തുകൾ നേരിടുന്ന മറ്റൊരു പ്രധാനപ്പെട്ട ബുദ്ധിമുട്ടാണ് തെരുവുനായകളുടെ കാര്യം. തെരുവു നായകളുടെ കാര്യത്തിൽ ഒരു സർക്കുലർ വന്നിട്ടുണ്ട്. തെരുവുനായകളെ പിടിച്ച് വന്ധ്യംകരണം നടത്തി അവയെ പ്രത്യേകം പരിപാലിക്കണമെന്നാണ് ആ സർക്കുലറിൽ പറയുന്നത്. എവിടെയെങ്കിലും ഇത് നടക്കുമോ?

ഡോ. എം. കെ. മുനീർ : സർ, ഇവിടെ ചർച്ച ചെയ്യാൻ കഴിയാത്ത കാര്യങ്ങളും കോടതിയിൽ ഇരിക്കുന്ന വിഷയങ്ങളുമൊക്കെ ഈ ഡിസ്കഷനിൽ കൊണ്ടുവന്നുകഴിഞ്ഞാൽ നമ്മൾ ഉദ്ദേശിക്കുന്ന ഭേദഗതിയോടുകൂടിയുള്ള ഒരു ബിൽ പാസ്സാക്കാൻ കഴിയില്ല. ഇവിടെ വന്നിട്ടുള്ള ക്ലോസ്സുകളിലുള്ള ഭേദഗതിയുമായി സംസാരിക്കുകയല്ലാതെ ഇവിടെ ഇപ്പോൾ ഒന്നും മാറ്റാൻ കഴിയില്ല. അതൊക്കെ ഭേദഗതിയായി കൊണ്ടുവന്ന് പിന്നീട് പരിഗണിക്കണം. മാത്രവുമല്ല, പഞ്ചായത്ത് രാജ് ബിൽ ഇതോടുകൂടി ക്ലോസ് ആകുന്നില്ല. എന്നും എപ്പോഴും ചർച്ചകൾക്ക് വിധേയമായി പുതിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന ബില്ലാണ് പഞ്ചായത്ത് രാജ് ബിൽ. അതുകൊണ്ട് ഇനിയും ആശങ്കകളുണ്ടെങ്കിൽ പിന്നീട് തീർക്കാം. പഞ്ചായത്തുകളുമൊക്കെയായി സംസാരിച്ച് എന്തെങ്കിലും പ്രയാസമുണ്ടെങ്കിൽ കുറെയൊക്കെ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽത്തന്നെ തീർക്കാവുന്നതാണ്. അതുകൊണ്ട് ഇപ്പോൾ പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങളൊക്കെ ഇവിടെ ഭേദഗതികളായി വരേണ്ട ആവശ്യമില്ല. അത് പുറത്തുനിന്നുകൊണ്ട് ഭേദഗതി ചെയ്യാവുന്നതാണ്. ഇവിടെ ആക്ടിലെ പ്രധാനപ്പെട്ട കാര്യങ്ങളാണ് ഞാൻ സൂചിപ്പിച്ചത്. അതിൽ

പറഞ്ഞിട്ടുള്ള മുഴുവൻ കാര്യങ്ങളും അംഗീകരിച്ചുതരണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. ശിവദാസൻ നായർ, അങ്ങയുടെ 1(എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 1(എ) ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്, അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 2 (ബി) ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പു തിരിച്ചുള്ള പരിഗണന

### 2-ാം വകുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങേക്ക് അങ്ങയുടെ 271-ാം നമ്പർ ഒഫിഷ്യൽ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

271. ബില്ലിന്റെ 2-ാം ഖണ്ഡ പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിന്റെ (1-ാം ) വകുപ്പ് (2-ാം ) ഉപവകുപ്പിൽ,-

(എ) പ്രസ്തുത ഉപവകുപ്പിൽ "കൂട്ടിച്ചേർക്കുവാൻ ഉദ്ദേശിക്കുന്ന “ ........... വിനിർദ്ദേശിച്ചിട്ടുള്ള പ്രദേശങ്ങളുടെയും" എന്ന വാക്കുകൾക്കുശേഷം“ 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര

പ്രദേശ വികസനവും ആക്ട് (2000-ലെ 5) പ്രകാരം വ്യവസായ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങളുടെയും" എന്നീ വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

(ബി) പ്രസ്തുത ഉപവകുപ്പിന്റെ നിലവിലുള്ള ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്. അതായത്:-

"എന്നുമാത്രമല്ല, 1999-ലെ കേരള വ്യവസായ ഏക ജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ് പ്രകാരം വ്യവസായ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങളിൽ ഈ ആക്ടിലെ XIX-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് വ്യാപ്തിയുണ്ടായിരിക്കുന്നതാണ്". ഇതാണ് എന്റെ ഒഫീഷ്യൽ ഭേദഗതി.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

4-ാം വകുപ്പ്

ശ്രീ. സി. മോയിൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

119. പ്രധാന ആക്ടിലെ വകുപ്പ് 10(2) (എ) താഴെപ്പറയുംപ്രകാരം മാറ്റുക:

" (1)-ാം ഉപവകുപ്പിന്റെ (എ) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട സംഗതികളെ സംബന്ധിച്ച് ഡീലിമിറ്റേഷൻ കമ്മീഷന്റെ നിർദ്ദേശങ്ങളും, അവ എപ്പോഴാണ് കമ്മീഷൻ പരിഗണനയ്ക്കെടുക്കുന്നതെന്നും, പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച ആക്ഷേപങ്ങളോ, അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ ആയത് ഏതു തീയതിക്കുമുമ്പ് കമ്മീഷനു സമർപ്പിക്കണമെന്നും വിശദമാക്കിക്കൊണ്ടുള്ള ഒരു നോട്ടീസും ബന്ധപ്പെട്ട പഞ്ചായത്തിലെ നോട്ടീസ് ബോർഡിലും, അങ്ങിനെയുള്ള പഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിലെ പ്രമുഖസ്ഥലത്തും പതിച്ചുകൊണ്ട് പ്രസിദ്ധീകരിക്കേണ്ടതും "

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

121. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 10 (3 എ) താഴെപ്പറയുംപ്രകാരം മാറ്റുക:

" (3 എ) നിയോജകമണ്ഡലങ്ങളുടെ അതിർത്തിനിർണ്ണയം സംബന്ധിച്ച് ഈ വകുപ്പിൻകീഴിൽ ഡീലിമിറ്റേഷൻ കമ്മീഷൻ പുറപ്പെടുവിച്ച ഏതൊരു ഉത്തരവും അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും, അതിനു നിയമപ്രാബല്യമുണ്ടായിരിക്കുന്നതുമാണ്."

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

122. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 10 (3 എ) താഴെപ്പറയുംപ്രകാരം മാറ്റുക:

" (3 എ) ഈ വകുപ്പിൻകീഴിൽ നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയം സംബന്ധിച്ച് ഡീലിമിറ്റേഷൻ കമ്മീഷൻ പുറപ്പെടുവിച്ച ഏതൊരു ഉത്തരവും ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും, അതിനു നിയമ പ്രാബല്യമുണ്ടായിരിക്കുന്നതുമാണ്."

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

124. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 (3 എ)-യിൽ "ഗസറ്റിൽ" എന്ന വാക്കിനു മുമ്പായി "അസാധാരണ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

126. പ്രധാന ആക്ടിലെ വകുപ്പ് 10(4)-ൽ "നിയമസഭയിൽ " എന്ന വാക്കിന് പകരം "പഞ്ചായത്തിൽ " എന്ന വാക്ക് ചേർക്കുക.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ഡോ. എം. കെ. മുനീർ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 119, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 121, ശ്രീ. എം. വി. ശ്രേയാംസ് കുമാർ അവതരിപ്പിച്ച 122, ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 124, ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 126, എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>5-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

6-ാം വകുപ്പ്

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

140. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 30 (1)-ാം വകുപ്പിന്റെ വിശദീകരണം 2-ൽ "ആശാവർക്കർമാരും" എന്നീ വാക്കുകൾക്കുശേഷം " സാക്ഷരതാ പ്രേരക്മാരും" എന്നീ വാക്കുകൾ ചേർക്കുക.

"സാക്ഷരതാ പ്രേരക്മാരും" എന്ന വാക്കുകൂടി ചേർക്കണമെന്നതാണ് എന്റെ ഭേദഗതി. കാരണം ഓണറേറിയം കൈപ്പറ്റുന്ന അങ്കണവാടി ജീവനക്കാർക്കും ആശാവർക്കർമാർക്കുമൊപ്പം അവരേയുംകൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ശ്രീ. എം. വി. ശ്രേയാംസ് കുമാർ അവതരിപ്പിച്ച 140 - ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. വി. ശ്രേയാംസ് കുമാർ അവതരിപ്പിച്ച 140 - ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

7-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

146. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 149 (2) -ന്റെ ക്ലിപ്ത നിബന്ധനയിൽ "സന്ദർഭം" എന്നതിനു ശേഷം "മറ്റു വിധത്തിൽ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

147. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 149 (2)-ന്റെ ക്ലിപ്ത നിബന്ധനയിൽ "വിവിധ തലങ്ങളിലെ" എന്നീ വാക്കുകൾക്കുപകരം "ത്രിതല" എന്ന വാക്കു ചേർക്കുക.

150. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 149 (2)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ഒഴിവുകളുണ്ടാകുന്നതിനുമുമ്പുള്ള" എന്നീ വാക്കുകൾക്കുപകരം "കാലാവധി കഴിയുന്നതിനുമുമ്പുള്ള" എന്നീ വാക്കുകൾ ചേർക്കുക.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ഡോ. എം. കെ. മുനീർ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ശിവദാസൻ നായർ അതരിപ്പിച്ച 147, 150 എന്നീ നമ്പർ ഭേദഗതികളും സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .....

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>8-ാം വകുപ്പ്</u>

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

153. ഖണ്ഡം 8 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 154ൽ മാർജിനൽ ശീർഷകത്തിൽ "ഉദ്യോഗത്തിൽ നിന്നും പിരിയുന്ന പ്രസിഡന്റ്" എന്നീ വാക്കുകൾക്ക് പകരം "സ്ഥാനം ഒഴിയുന്ന പ്രസിഡന്റ്, വൈസ് പ്രസിഡന്റ്" എന്നീ വാക്കുകൾ ചേർക്കുക.

154. ഖണ്ഡം 8 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 154-ൽ (1)- ാം ഉപവകുപ്പിൽ "ഉദ്യോഗത്തിൽനിന്നും പിരിയുന്ന"

എന്നീ വാക്കുകൾക്ക് പകരം "തൽസ്ഥാനത്തുനിന്നും ഒഴിയേണ്ടിവരുന്ന" എന്ന വാക്കും "വസ്തുക്കളും" എന്ന വാക്കിനുശേഷം "പണമുണ്ടെങ്കിൽ അതും" എന്നീ വാക്കുകളും ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

155. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 154 (3) -ൽ "പഞ്ചായത്തിന്റെ" എന്ന വാക്കിനു പകരം "പഞ്ചായത്ത്" എന്ന വാക്ക് ചേർക്കുക.

163. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 154 (3) -ൽ " രേഖകളോ" എന്ന വാക്കിനുശേഷം വരുന്ന "ഏതെങ്കിലും" എന്ന വാക്ക് നീക്കം ചെയ്യുകയും "," ചിഹ്നം ചേർക്കുകയും ചെയ്യുക.

167. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 154 (3) -ൽ "ഉദ്യോഗ കാലാവധി" എന്നീ വാക്കുകൾക്കു പകരം "ഔദ്യോഗിക കാലാവധി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

158. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 154 (3) -ൽ "പ്രസിഡന്റോ വൈസ് പ്രസിഡന്റോ" എന്നീ വാക്കുകൾക്കുപകരം "പ്രസിഡന്റോ, വൈസ് പ്രസിഡന്റോ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

160. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 154 (3) -ൽ "ഉദ്യോഗത്തിന്റെ ചാർജോ" എന്നീ വാക്കുകൾക്കുപകരം "ഔദ്യോഗിക ചുമതല" എന്നീ വാക്കുകൾ ചേർക്കുക.

165. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 154 (3) -ൽ "ഏതെങ്കിലും പണമോ" എന്നീ വാക്കുകൾക്ക് പകരം "പണമോ" എന്ന വാക്ക് ചേർക്കുക.

168. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 154 (3) -ൽ "ഉദ്യോഗ കാലാവധി" എന്നീ വാക്കുകൾക്കുപകരം "സേവന കാലാവധി" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

159. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 154 (3) -ൽ "തന്റെ ഉദ്യോഗത്തിന്റെ ചാർജോ" എന്നീ വാക്കുകൾക്കുപകരം "തൽസ്ഥാനത്തിന്റെ ചുമതലയോ" എന്നീ വാക്കുകളും "ഉദ്യോഗത്തിൽ വരുന്ന" എന്നീ വാക്കുകൾക്കുപകരം "ചുമതല ഏല്ക്കാൻ വരുന്ന" എന്നീ വാക്കുകളും ചേർക്കുക.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ഡോ. എം. കെ. മുനീർ</u>): സർ, ശ്രീ. കെ.ശിവദാസൻ നായർ അവതരിപ്പിച്ച 165, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 167, എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കാവുന്നതാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. കെ.ശിവദാസൻ നായർ അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 155, 163 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 158, 160, 168 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

9-ാം വകുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങേയ്ക്ക് 270-ാം നമ്പർ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

270. ബില്ലിന്റെ 9-ാം ഖണ്ഡം പ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 219 വി വകുപ്പിന്റെ (1-)ാം ഉപ വകുപ്പിൽ "1020 സ്ക്വയർ ഫീറ്റിൽ"എന്ന അക്കത്തിനും വാക്കുകൾക്കും പകരം "100 സ്ക്വയർ മീറ്ററിൽ" എന്ന അക്കവും വാക്കുകളും ചേർക്കേണ്ടതാണ്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

173. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1)-ൽ "വ്യാപാരകേന്ദ്രങ്ങൾ " എന്ന വാക്കിനു ശേഷം "ഇലക്ട്രോണിക്സ് സർവ്വീസ് സെന്ററുകൾ " എന്നീ വാക്കുകൾ ചേർക്കുക.

199. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1) (എ)-യിൽ " ഉറവിട സ്ഥലത്തുതന്നെ " എന്നതിനു ശേഷം "രാസ- " എന്ന വാക്കും ചിഹ്നവും ചേർക്കുക.

209. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1) (സി)-യിൽ, " തരംതിരിച്ച" എന്ന വാക്കിനു ശേഷം "രാസ-" എന്ന വാക്കും ചിഹ്നവും ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

176. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1)-ൽ, "ചന്തകൾ" എന്നതിനു പകരം "കമ്പോളങ്ങൾ" എന്ന വാക്ക് ചേർക്കുക.

194. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1) - ൽ "സ്ക്വയർ ഫീറ്റിൽ" എന്നതിനു പകരം "ചതുരശ്ര അടിയിൽ" എന്ന് ചേർക്കുക.

198. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1) (എ)-യിൽ " ബൈലാകളിൽ " എന്നതിനു പകരം "ഉപനിയമങ്ങളിൽ " എന്ന് ചേർക്കുക.

207. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1) (ബി)-യിൽ "ഗ്രാമപഞ്ചായത്തിൽ അടയ്ക്കേണ്ടതും" എന്നതിനുപകരം "ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ടതും; " എന്നു ചേർക്കുക.

208. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1) (സി)-യിൽ " ഖണ്ഡപ്രകാരം " എന്നതിനുശേഷം "അനുശാസിക്കുന്ന " എന്ന വാക്കുചേർക്കുക.

211. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1) (സി)-യിൽ "കൈകാര്യം " എന്ന വാക്കിനുപകരം "നിർമ്മാർജ്ജനം " എന്ന വാക്കുചേർക്കുക.

212. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1) (സി)-യിൽ "മാലിന്യങ്ങൾ തിരിച്ചെടുക്കുന്നതിനുള്ള" എന്നീ വാക്കുകൾക്കുശേഷം "വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന" എന്നീ വാക്കുകൾ ചേർക്കുക.

215. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1) (സി)-യിൽ "ഗ്രാമപഞ്ചായത്തിൽ അടയ്ക്കേണ്ടതും" എന്നതിനുപകരം "ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ടതും " എന്നു ചേർക്കുക.

216. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1) (ഡി)-യിൽ "കരാറിലേർപ്പെടേണ്ടതും" എന്നതിനുശേഷം "മലിനജലം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും " എന്നു ചേർക്കുക.

236. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (3)-ൽ "അൻപതിനായിരം രൂപവരെ ആകാവുന്നതുമായ" എന്ന വാക്കിനു പകരം "അൻപതിനായിരം രൂപയിൽ കവിയാത്ത" എന്ന് ചേർക്കുക.

243. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡബ്ല്യു. (1) (എ)-യിൽ "യാതൊരു സ്ഥാപനമോ ആളോ" എന്നതിനു പകരം "ഏതൊരു സ്ഥാപനമോ വ്യക്തിയോ " എന്ന് ചേർക്കുക.

246. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡബ്ല്യു. (1) (ബി)-യിൽ "ഒരു അപേക്ഷകൻ" എന്നതിനു പകരം "ഒരു സ്ഥാപന ഉടമ " എന്നു ചേർക്കുക.

248. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡബ്ല്യൂ. (1) (ബി)-യിൽ "വിൽക്കാനുദ്ദേശിക്കുന്ന പ്ലാസ്റ്റിക് സഞ്ചികളുടെയും പ്ലാസ്റ്റിക് കവറുകളുടെയും ഏകദേശ എണ്ണത്തിനോ അളവിനോ അനുസരിച്ച് അങ്ങനെയുള്ള" എന്നീ വാക്കുകൾ ഒഴിവാക്കുക.

250. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡബ്ല്യൂ. (1) (സി)-യിൽ "പാഴ് പ്ലാസ്റ്റിക് " എന്നതിന് പകരം "ഉപയോഗശ്ശൂന്യമായ പ്ലാസ്റ്റിക്" എന്നു ചേർക്കുക.

സർ, 180 -ൽ "ചിക്കൻ സ്റ്റാളുകൾ, മത്സ്യ സ്റ്റാളുകൾ" എന്നീ വാക്കുകൾക്ക് പകരം "മത്സ്യ-മാംസ വിപണന കേന്ദ്രങ്ങൾ" എന്നാക്കണം

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ആ ഭേദഗതി അവതരിപ്പിക്കാൻ കഴിയില്ല. 180-ാം നമ്പർ ഭേദഗതി 179 -ാം നമ്പർ ഭേദഗതിക്ക് തുല്യമാണ്.

<u>ശ്രീ. എം. ഉമ്മർ</u>: ഏഴാം വകുപ്പിൽ ഇത്തരത്തിൽ പറയാത്തതുകാരണം ആരും മൂവ് ചെയ്തില്ല. ആ ഭേദഗതി വന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 179-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നുണ്ട്.

<u>ശ്രീ. എം. ഉമ്മർ</u>: "സ്ക്വയർ ഫീറ്റിൽ" എന്നത് "ചതുരശ്ര അടിയിൽ" എന്നാക്കണം എന്നതാണ് 194-ാം നമ്പർ ഭേദഗതി.

"ബൈലാകളിൽ" എന്നത് "ഉപനിയമങ്ങളിൽ" എന്നാക്കണം എന്നതാണ് 198-ാം നമ്പർ ഭേദഗതി. അല്ലെങ്കിൽ ബൈലോ എന്നാക്കണം. ബൈലാ മലയാളവുമല്ല, ഇംഗ്ലീഷുമല്ല.

"ഗ്രാമപഞ്ചായത്തിൽ അടയ്ക്കണ്ടത്" എന്നുള്ളത് "ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ടത്" എന്നതാണ് ശരിയായ പ്രയോഗം എന്നുള്ളതാണ് 207, 215 എന്നീ നമ്പർ ഭേദഗതികളിൽ പറയുന്നത്.

"ഖണ്ഡപ്രകാരം" എന്നതിനുശേഷം "അനുശാസിക്കുന്ന" എന്ന വാക്ക് ചേർക്കണം എന്നതാണ് 208-ാം നമ്പർ ഭേദഗതി.

"കൈകാര്യം" എന്ന വാക്കിനുപകരം "നിർമ്മാർജ്ജനം" എന്ന വാക്ക് ചേർക്കണം എന്നതാണ് 211-ാം നമ്പർ ഭേദഗതി.

"മാലിന്യങ്ങൾ തിരിച്ചെടുക്കുന്നതിനുള്ള" എന്ന വാക്കുകൾക്കുശേഷം "വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന" എന്നീ വാക്കുകൾ കൂടി ചേർക്കണം എന്നതാണ് 212-ാം നമ്പർ ഭേദഗതി.

"കരാറിലേർപ്പെടേണ്ടതും" എന്നതിനുശേഷം "മലിനജലം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും" എന്നതാണ് 216-ാം നമ്പർ ഭേദഗതി.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

179. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1)-ൽ "ചിക്കൻ സ്റ്റാളുകൾ, മത്സ്യ സ്റ്റാളുകൾ " എന്നീ വാക്കുകൾക്ക് പകരം "മത്സ്യ-മാംസ വിപണന കേന്ദ്രങ്ങൾ " എന്നീ വാക്കുകൾ ചേർക്കുക.

183. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1) -ൽ "ഫ്ലാറ്റുകൾ " എന്നവാക്കിനു പകരം "ബഹുനില കെട്ടിടങ്ങൾ " എന്നീ വാക്കുകൾ ചേർക്കുക.

224. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (2)-ൽ "സെക്രട്ടറിക്ക്" എന്ന വാക്കിന് മുമ്പായി "പഞ്ചായത്ത് " എന്ന വാക്ക് ചേർക്കുക.

225. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (2)-ൽ "അവസരം നൽകിയതിനുശേഷം " എന്നീ വാക്കുകൾക്ക് പകരം "അവസരം നൽകിയതിനുശേഷവും, പോരായ്മകൾ പരിഹരിച്ചില്ലെന്ന് ബോധ്യമായാൽ, " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

186. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1) -ൽ "ഫ്ലാറ്റുകൾ " എന്ന വാക്കിനു പകരം "ഫ്ളാറ്റുകളും ബഹുനില കെട്ടിടങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

192. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1)-ൽ "1020 സ്ക്വയർ ഫീറ്റിൽ " എന്നതിനു പകരം "150 സ്ക്വയർ മീറ്ററിൽ," എന്ന് ചേർക്കുക.

205. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1) (ബി)-ൽ "സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദത്തോടുകൂടി" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

196. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1) -ൽ "ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്ഥാപനങ്ങൾ " എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

197. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1) -ൽ "അവരുടെ" എന്ന വാക്കിനു പകരം "അവയുടെ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

203. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1) (ബി) -ൽ "സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദത്തോടുകൂടി " എന്ന ഭാഗം നീക്കം ചെയ്യുകയും "ഗ്രാമപഞ്ചായത്തു മുഖേനയോ" എന്നതിനുശേഷം "അല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുള്ള" എന്ന് ചേർക്കുകയും ചെയ്യുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

219 എ. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (1) (ഡി) താഴെപ്പറയും പ്രകാരം മാറ്റുക:

" (ഡി) അത്തരം കെട്ടിടങ്ങളിലും സ്ഥാപനങ്ങളിലും സ്ഥലങ്ങളിലും ഉണ്ടാകുന്ന മലിനജലം ഉറവിടസ്ഥലത്തുതന്നെ ഗ്രാമപഞ്ചായത്ത് പ്രസിദ്ധപ്പെടുത്തുന്ന വിധത്തിലെ മാർഗ്ഗങ്ങളുപയോഗിച്ച് ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും അപ്രകാരം ശാസ്ത്രീയമായി സംസ്കരിക്കാൻ കഴിയാത്തപക്ഷം ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുള്ളതും മലിനജലം ശാസ്ത്രീയമായി സംസ്കരിക്കുന്നതുമായ സർക്കാർ അംഗീകൃത ഏജൻസി മുഖേന നിശ്ചിത ഫീസടച്ച് മലിനജല സംസ്കരണം നടത്തേണ്ടതും ഒരുവിധ മലിനജലവും, ജലാശയങ്ങളിലേക്കോ, ഓടകളിലേക്കോ, പൊതുവഴിയിലേക്കോ പൊതുസ്ഥലങ്ങളിലേക്കോ, മറ്റൊരാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തേക്കോ ഒഴുകുവാൻ അനുവദിക്കാൻ പാടില്ലാത്തതും".

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

226. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി. (2) -ൽ, "റദ്ദാക്കാവുന്നതാണ്" എന്ന വാക്കിനുപകരം "റദ്ദാക്കാവുന്നതും ഇത്തരത്തിൽ റദ്ദാക്കപ്പെട്ട ലൈസൻസുകളിന്മേൽ മേലധികാരികൾക്ക് അപ്പിൽ നൽകാവുന്നതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

230. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി.-ൽ ഉപഖണ്ഡം (2) താഴെപ്പറയും പ്രകാരം മാറ്റുക:

" (2) (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവയ്ക്കുള്ള അനുമതി അപേക്ഷയോടൊപ്പം പ്രസ്തുത, ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം മാലിന്യസംസ്കരണത്തിനുള്ള സംവിധാനം ഉറവിടത്തിൽത്തന്നെ ഏർപ്പെടുത്തുവാൻ സാധിക്കുമെന്നുള്ള സംഗതിയിൽ അതിനുള്ള പ്ലാനോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്ത് നേരിട്ട് ഏർപ്പെടുത്തുന്ന സംവിധാനമോ, കരാർ മുഖേന നിയോഗിക്കപ്പെടുന്ന അംഗീകൃത ഏജൻസിയേയോ ഉപയോഗപ്പെടുത്തി മാലിന്യനിർമ്മാർജ്ജനം നടത്തിക്കൊള്ളാമെന്ന് സമ്മതപത്രം കൂടി സമർപ്പിക്കേണ്ടതും അങ്ങനെയുള്ളതല്ലാത്ത അപേക്ഷ പരിഗണിക്കാൻ പാടില്ലാത്തതും അനുമതി വ്യവസ്ഥകൾ പാലിക്കാതെ ആരംഭിക്കുന്നതോ, നിർമ്മാണം പൂർത്തിയാക്കുന്നതോ ആയവയ്ക്ക് പ്രവർത്തനാനുമതിയോ ലൈസൻസോ കെട്ടിടനമ്പറോ നൽകുവാൻ പാടില്ലാത്തതും ആകുന്നു. നിലവിൽ ഉള്ള അത്തരം കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവയുടെ കാര്യത്തിൽ അത്തരം സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനോ, സംവിധാനത്തിലുള്ള പോരായ്മകൾ ഹരിക്കുന്നതിനോ ഗ്രാമപഞ്ചായത്ത് ഒരു കരാർ മുഖേന നിയോഗിക്കുന്ന അംഗീകൃത ഏജൻസി വഴി മാലിന്യനിർമ്മാർജ്ജന സംവിധാനം ഒരുക്കുന്നതിനോ പരമാവധി ഒരു വർഷം വരെയുള്ള കാലയളവ് സെക്രട്ടറിക്ക് അനുവദിക്കാവുന്നതും, അതിനുശേഷവും സംവിധാനം ഒരുക്കാത്തവയുടെ ലൈസൻസും കെട്ടിടനമ്പറും പ്രവർത്തനാനുമതിയും ബന്ധപ്പെട്ട കക്ഷിക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയശേഷം റദ്ദാക്കാവുന്നതുമാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

238. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 വി.- (3) താഴെപ്പറയുന്ന പ്രകാരം മാറ്റുക:

" (3) (1)-ാം ഉപ വകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ, (2)-ാം ഉപവകുപ്പു പ്രകാരം അനുമതിയോ, ലൈസൻസോ നിഷേധിക്കുകയോ, കെട്ടിട നമ്പർ നൽകാതിരിക്കുകയോ ചെയ്തിട്ടും അതവഗണിച്ച് നിർമ്മാണം നടത്തുകയോ, പ്രവർത്തനം നടത്തുകയോ ചെയ്യുന്ന സ്ഥലം, സ്ഥാപനം, കെട്ടിടം എന്നിവയുടെ ഉടമയെയോ അല്ലെങ്കിൽ കൈകാര്യാവകാശമുള്ള ആളെയോ ആരോപിത കുറ്റ സ്ഥാപനത്തിന്മേൽ ആറുമാസം തടവോ പതിനായിരം രൂപ പിഴയോ നൽകി ശിക്ഷിക്കാവുന്നതാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 243, 250 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 243, 250 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 173, 199, 209 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 176, 198, 207, 208, 211, 212, 215, 216, 236, 246, 248 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 179, 183, 224, 225 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 192, 205 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 219 എ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 238-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പത്താം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിച്ചില്ല.)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .....

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

262. ഖണ്ഡം 11(1)(ബി)-യിൽ "അംഗനവാടി" എന്ന വാക്കിനുപകരം "അങ്കണവാടി" എന്ന വാക്ക് ചേർക്കുക.

'അങ്കണവാടി' എന്നാണ് വേണ്ടത്. മലയാളത്തിൽ 'അംഗനവാടി' എന്നുള്ളത് തെറ്റാണ്. മലയാളത്തിൽ നമ്മൾ ഉദ്ദേശിക്കുന്ന രീതിയിലുള്ള അർത്ഥത്തിൽ വരിക 'അങ്കണവാടി' എന്നാണ്.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

265. ഖണ്ഡം 11(2)-ൽ "അംഗനവാടി" എന്ന വാക്കിനുപകരം "അങ്കണവാടി" എന്ന വാക്ക് ചേർക്കുക.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ഇവിടെ ശ്രീ. കെ. എം. ഷാജി പറഞ്ഞത് ശരിയാണ്. വേറൊരു വകുപ്പിൽ വന്നപ്പോൾ ശ്രദ്ധിക്കാതെ പോയതുകൊണ്ടാണ്. മൊത്തത്തിൽ 'അംഗനവാടി' എന്നുള്ളത് ശരിയായ പ്രയോഗമല്ല. 'അങ്കണവാടി'യാണ് ശരിയായ പ്രയോഗം. ഏതായാലും ഈ വകുപ്പിൽ ഈ ഭേദഗതി സ്വീകരിക്കാം. അടുത്ത ഭേദഗതി വരുമ്പോൾ എല്ലാം അംഗനവാടികളും മാറ്റി 'അങ്കണവാടി' എന്നാക്കാം. ഇവർ അവതരിപ്പിച്ച ഭേദഗതി ഒന്നുതന്നെയാണ്. ഭേദഗതി സ്വീകരിക്കാവുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 262-ാം ഭേദഗതിയും ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പന്ത്രണ്ടാം വകുപ്പ്</u>

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ഡോ. എം. കെ. മുനീർ</u>): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

268. ഖണ്ഡം 12(1)-ൽ "6" എന്ന അക്കത്തിനു പകരം "15" എന്ന അക്കം ചേർക്കുക.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 268-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

110. പീഠികയിൽ "താഴെപ്പറയുന്ന" എന്നീ വാക്കുകൾക്ക് പകരം "ഇതിനുശേഷം കാണുന്ന" എന്നീ വാക്കുകൾ ചേർക്കുക.

മൂലനിയമത്തിൽ 'താഴെപ്പറയുന്ന' എന്നീ വാക്കുകൾക്ക് പകരം 'ഇതിനുശേഷം കാണുന്ന' എന്നീ വാക്കുകളാണ് കാണുന്നത്. അതിനാൽ ഞാൻ മൂവ് ചെയ്യുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ഡോ. എം. കെ. മുനീർ</u>): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ അങ്ങയുടെ 110-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എം. ഉമ്മർ:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സർ, 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ, ഓർഡർ..........സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഡിസംബർ മാസം 2-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാത്രി 8.37-ന് പിരിഞ്ഞു.)